Digitized by Arya Samaj Foundation Chennai and eGangotri

ഋഗ്വേദം

ഭാഷാഭാഷ്യം

3-ാം വാല്യം

ഒ. എം. സി. നാരായണൻ നമ്പൂതിരിപ്പാട്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

RIGVEDA

Bhasha Bhashyam

BY

O. M. C. NARAYANAN NAMBUDIRIPAD

VOL. III

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

7974

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഋഗ്വേദം

'ദേവീപ്രസാദം' ഭാഷാഭാഷ്യം

DONATION

വാല്യം — 3

पुस्तकालय
पुस्तकालय
गुरुकुल कांगड़ी विश्वविद्यालय

രചയിതാവ്

ഒ. എം. സി. നാരായണൻ നമ്പൂതിരിപ്പാട്

7974

പ്രസാധകർ

വടക്കേമഠം ബ്രഹ്മസ്വം

തൃശ്ശൂർ—1

വിതരണം

കൈരളി പ്രസ് & ബുക്സ്

എം. ജി. റോഡ്, തൃശ്ശൂർ – 1

വില 60 ക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

RIGVEDAM

Bhasha Bhashyam

Vol : 3

By
O. M. C. Narayanan Nambudiripad
Vellinali (Palghat Dt.)

Publishers :
Vadakke Madham Brahmaswom
M. G. Road, Trichur-1

First Published January 1983

Distributors :
Kairali Press & Books
M. G. Road, Trichur-1

Printed at
Kairali Press
M. G. Road, Trichur-1

Copyright to the Author

Price Rs. 60

Printed with the paper supplied by the Government of India at concession rate and printed with the financial assistance from the Ministry of Education & Social Welfare, Govt. of India.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രസ്താവന

വേദം അനാദിയും അപൌരുഷേയവുമായ ശബ്ദരാശിയാണ്. വേദമന്ത്രങ്ങളെ ഓരോ കല്പാരംഭത്തിലും സർവ്വേശ്വരൻ നിശ്വാസരൂപമായി, പ്രപഞ്ചത്തിനായി പുറത്തിറക്കുന്നു; കല്പാന്തത്തിൽ തന്നുള്ളിലൊതുക്കി വെയ്ക്കുന്നു. അങ്ങിനെ നിശ്വാസരൂപമായി പുറത്തിറങ്ങിയ വേദമന്ത്രങ്ങളെ ഋഷീശ്വരന്മാർ പ്രത്യക്ഷമായിക്കണ്ടു് വൈഖരീരൂപത്തിൽ പ്രകാശപ്പെടുത്തുകയാണു് ചെയ്യുന്നതു്. ബ്രഹ്മതത്വത്തെപ്പോലെ ഉൽപ്പത്തിവിനാശങ്ങളില്ലാത്ത നിത്യതത്വമാണു് വേദം.

വേദശബ്ദങ്ങൾക്കു അർത്ഥം മനസ്സിലാക്കാതെ പ്രയോഗിച്ചാൽപോലും ഫലംകൊടുപ്പാൻ ശക്തിയുണ്ടു്. അർത്ഥബോധത്തോടുകൂടി പ്രയോഗിച്ചാൽ തൽപ്രയുക്തങ്ങളായ കർമ്മങ്ങൾ കുറച്ചുകൂടി വിവരമായു് ചെയ്യപ്പെടുകകൊണ്ടു് ഫലവത്തരങ്ങളായു് ഭവിക്കുന്നു. *"യദേവ ശ്രദ്ധയാ കരോതി തദ് വീര്യവത്തരം ഭവതി"* എന്നു പറഞ്ഞപ്രകാരം ശ്രദ്ധയെന്നതു് ബുദ്ധിധർമ്മമായതുകൊണ്ടു് ആ ബുദ്ധിയിൽ അർത്ഥബോധമുണ്ടായാൽ ശ്രദ്ധയും കൂടുമെന്നാണു് താൽപര്യം. ആ ശ്രദ്ധയുടെ മഹത്വത്തെ ഉറപ്പിക്കുവാനാണു് *"സ്ഥാണുരയം ഭാരഹാരഃ കിലാഭൂൽ അധീത്യവേദം നവിജാനാതിയോർത്ഥം"* എന്നൊക്കെ പറഞ്ഞിരിക്കുന്നതു്. *"അധീത്യവേദം നവിജാനാതിയോർത്ഥം"* എന്നതിൽതന്നെ അദ്ധ്യയനം ആദ്യം വേണം, പിന്നയേ അർത്ഥജ്ഞാനത്തിനു പ്രസക്തിയുള്ളു എന്നതു് സൂചിപ്പിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഗുരുമുഖേന ഉച്ചാരണാനുച്ചാരണക്രമേണ ശബ്ദരാശിയെ ഹൃദിസ്ഥമാക്കുക എന്ന അദ്ധ്യയനക്രിയ അനിവാര്യമാണെന്നും തദനന്തരം കർമ്മാനുഷ്ഠാനങ്ങളിൽ ശ്രദ്ധ വർദ്ധിക്കുവാൻ അർത്ഥബോധം വളരെ ഉപകരിക്കുമെന്നും തെളിയുന്നു.

മററു ശബ്ദങ്ങൾ പുരുഷപ്രയുക്തങ്ങൾ, കാവ്യനാടകാദികളിൽ പ്രയോഗിക്കപ്പെടുന്നവ, വേദശബ്ദങ്ങളിൽനിന്നും എത്രയും വ്യത്യസ്തങ്ങളാണു്. അതാതു ഭാഷകളറിഞ്ഞു അർത്ഥം മനസ്സിലാക്കിയാൽ മാത്രമേ അവയുടെ ഫലസ്വരൂപമായ രസാസ്വാദനം ലഭിക്കുകയുള്ളു. അതായതു് അർത്ഥബോധമില്ലാതെ പൌരുഷേയങ്ങളായ വാക്യങ്ങൾക്കു യാതൊരു പ്രയോജനവു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മില്ല. വേദവാക്യങ്ങൾക്ക മററിച്ച്, അർത്ഥബോധം കൂടാതെ പ്രയോഗിച്ചാലും ഫലമുണ്ട്. സംഗീതത്തിൻെറയും നിലയ തു തന്നെ. നാമറിയാത്ത ഒരു ഭാഷയിൽ രചിക്കപ്പെട്ട ഒരു കീർത്തനം നല്ലൊരു ഗായകൻ കൈകാര്യം ചെയ്യുമ്പോൾ, അതിലെ ഒരക്ഷരംപോലും മനസ്സിലാക്കുവാൻ കഴിഞ്ഞില്ലെങ്കിലും സംഗീതരസാനുഭവം ഉണ്ടാകുന്നു.

വേദോച്ചാരണം കേട്ടാൽതന്നെ സമസ്തചേതനവസ്തുക്കളിലും പലതരത്തിലുള്ള ഉത്തേജനങ്ങളുളവാകുമെന്നാണ് പണ്ടുള്ളവർ വിശ്വസിച്ചിരുന്നതു്. അതുകൊണ്ടാണല്ലോ മുറജപം, വാരം ചൊല്ലുക മുതലായ പരിപാടികൾ അമ്പലങ്ങളിൽ പതിവായി നടത്തിവന്നതു്. ഈ യഥാർത്ഥത ഇന്നത്തെ വൈജ്ഞാനികളും സമ്മതിച്ച നിലയിലാണ്. ഈ കാര്യത്തിൽ നിഷ്പക്ഷയായ് ചില ഗവേഷണങ്ങൾ നടത്തുവാനുള്ള സമയം വൈകിയിരിക്കുകയാണ്.

അധിഭൂതം, അധിദൈവം, അദ്ധ്യാത്മം എന്ന മൂന്ന് നിലപാടുകളിലും വേദത്തിനു മാത്രമേ പ്രസക്തിയുള്ളു. അധിഭൂതമെന്ന നിലയിൽ വേദത്തിൻെറ ശബ്ദം മാത്രം പര്യാപ്തമാണ്. അധിദൈവസ്ഥിതിയിൽ ശബ്ദവുമർത്ഥവും രണ്ടും സമപ്രധാനങ്ങളാണ്. അദ്ധ്യാത്മാവസ്ഥയിൽ അർത്ഥം ശബ്ദത്തേക്കാൾ പ്രധാനമാവുകയും, അധിദൈവനിലയിൽ കർമ്മപരങ്ങളായ് തോന്നിയിരുന്ന അതേ വാക്യങ്ങൾക്ക ജ്ഞാനപരമായുള്ള അർത്ഥങ്ങൾ സ്വയം സ്ഫുരിച്ചു തുടങ്ങുകയും ചെയ്യും. അദ്ധ്യാത്മത്തിൻെറ ഉച്ചനിലയിൽ *'യതോ വാചോനിവർത്തന്തേ അപ്രാപ്യ മനസാസഹ'* എന്ന സ്ഥിതിയിൽ, കേവലം പ്രണവത്തിൽ ശബ്ദാർത്ഥങ്ങൾ രണ്ടും ലയിക്കുകയും ചെയ്യും; രണ്ടിൻെറയും പൃഥക്കായ ആവശ്യം തന്നേയുണ്ടാവുന്നതല്ല.

അധിദൈവനിലയിലാണ് ശബ്ദാർത്ഥങ്ങൾക്ക രണ്ടിന്നും സമാനമായ സ്ഥാനമെന്നു പറഞ്ഞുവല്ലോ. ആ അവസ്ഥയിലാണ് സായണാചാര്യൻ വേദങ്ങൾക്ക ഭാഷ്യം രചിച്ചതു്. ആ ഭാഷ്യങ്ങളിൽ മററു രണ്ടു നിലകൾക്കുമുതകുന്ന ഭാവാർത്ഥങ്ങളെ അവിടവിടെയായി ലേശം ചൂണ്ടിക്കാണിച്ചതേയുള്ളു. അതിലധികം അവയെപ്പററി പറഞ്ഞു് അറിയിക്കുക എന്നതു് ആ നിലകളിൽ വർത്തിക്കുന്നവർക്കു ആവശ്യമില്ലെന്നു ഉദ്ദേശിച്ചായിരിക്കാം സായണനങ്ങിനെ ചെയ്തതു്. ഏകദേശമതേ രീതിയിലാണ് സായണാചാര്യനു മുമ്പ് സ്കന്ദസ്വാമിയും വേദാർത്ഥവിചാരം ചെയ്തിട്ടുള്ളതു് അദ്ധ്യാത്മികരീതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യിൽ മാത്രം വേദഭാഷ്യമുണ്ടാക്കുവാൻ തുനിഞ്ഞതു് സ്വാമീ അരവിന്ദൻ മാത്രമാണു്. ഈ നൂററാണ്ടിൻെറ മുൻപകുതി യിൽ മധുസൂദൻ ഓഝാ എന്ന വിദ്വാൻ ആധിഭൌതികമായും ആദ്ധ്യാത്മികമായും വിവേചനം ചെയ്യുവാൻ കുറെയൊക്കെ ശ്രമിച്ചു.

എല്ലാ വേദഭാഷ്യങ്ങളിലും വെച്ചു് സായണാചാര്യൻെറ ഭാഷ്യത്തിനാണു് സാധാരണ മനുഷ്യനോടും, അവനാൽ ചെയ്യപ്പെടേണ്ട നിത്യനൈമിത്തിക കർമ്മങ്ങളോടും, അവൻെറ ഐഹികങ്ങളുമാമുഷ്മികങ്ങളുമായ കാമനകളോടും ഏററവുമടുപ്പമുള്ളതു്. അതുകൊണ്ടാണു് അതിന്നു മററു ഭാഷ്യങ്ങളേക്കാൾ പ്രചാരവും പ്രശസ്തിയും ലഭിച്ചതു്. ഋഗ്വേദത്തിൻെറ ശാകലശാഖ, യജുർവ്വേദത്തിൻെറ മാദ്ധ്യന്ദിനം തൈത്തിരീയമെന്ന ശാഖകൾ സാമവേദത്തിൻെറ കൌഥുമശാഖ, അഥർവ്വവേദത്തിൻെറ ശൌനകശാഖ എന്നിവയ്ക്കെല്ലാം സായണാചാര്യൻ ഭാഷ്യം എഴുതീട്ടുണ്ടു്. എല്ലാററിലും വെച്ചു് വലുപ്പംകൊണ്ടു് മുഖ്യമായിട്ടുള്ളതു് ഋഗ്വേദഭാഷ്യമാണു്. സാഹിത്യപരമായ ഗൌരവവും, ഋഗ്വേദത്തിനെന്നപോലെ മററു വേദങ്ങൾക്കില്ല. അതിൻെറ പ്രാചീനതയും സർവ്വസമ്മതമാണു്. അതിലെ പല ഋക്കുകളും സാമവേദത്തിൽ ഗാനരൂപത്തിൽ ഉൾപ്പെടുന്നുണ്ടു്. ബ്രാഹ്മണഗ്രന്ഥങ്ങളിൽ ഏററവും വലുപ്പവും വിഷയബാഹുല്യവും ഉള്ളതാണു് ശുക്ലയജുർവ്വേദത്തിലെ ശതപഥബ്രാഹ്മണം. അതിന്നും സായണാചാര്യൻ വളരെ വിസ്തരിച്ചു് ഭാഷ്യം എഴുതീട്ടുണ്ടു്.

കേരളത്തിൽ പണ്ടുതൊട്ടേ ഋഗ്വേദത്തിനാണു് വളരെയധികം പ്രചാരമുണ്ടായിട്ടുള്ളതു്. മഹാരാഷ്ട്രത്തിലും കേരളത്തിലും ഇന്നും ഋഗ്വേദപഠനം നിലവിലുണ്ടു്. കർണ്ണാടകത്തിലും തമിഴ്നാട്ടിലും ഏതാണ്ടു് രക്ഷിക്കപ്പെട്ടു വരുന്നുണ്ടു്. പക്ഷെ മററു രാജ്യങ്ങളിൽ തീരെ ഇല്ലെന്നു തന്നെ പറയാം. കേരളത്തിൽ പ്രത്യേകിച്ചും നമ്പൂതിരി ദ്വിജന്മാരും മഹാരാഷ്ട്രത്തിൽ പൂനാ സാംഗ്ളി എന്നീ പ്രാന്തങ്ങളിലെ ചിത്പാവൻ ബ്രാഹ്മണരും ഈ വേദശാഖയെ സാംഗോപാംഗം രക്ഷിച്ചുവന്നിട്ടുള്ളതിന്നു ലോകം മുഴുവൻ അവർക്കു കടപ്പെട്ടവരാണു്.

കേരളീയർക്കു ഔത്തരാഹന്മാരുടെ ഉച്ചാരണത്തിലൂടേ ശബ്ദരൂപത്തിൽ മാത്രമായ്വർത്തിച്ചിരുന്ന ഋഗ്വേദനിധിയെ ഇന്നു് എല്ലാവരും മനസ്സിലാക്കാവുന്ന രീതിയിൽ ഭാഷാഭാഷ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തോട്ടുകൂടി പ്രകാശിപ്പിക്കാൻ എൻെറ ബഹുമാന്യസുഹൃത്തും ആജന്മശ്രദ്ധരായ ഒളപ്പമണ്ണ ഇല്ലക്കാരുടെ പാരമ്പര്യത്തിൽ ജനിച്ചവനുമായ ശ്രീ ഓ. എം. സി. മുൻവന്നതു് ഏററവും സ്വാഗതാർഹമാണു്. വളരെയധികം സംശയങ്ങളോടും ധൈര്യക്കുറവോടും കൂടിയാണു് അദ്ദേഹം പ്രസ്തുത ഭാഷാവിവർത്തനം തുടങ്ങിയതു്. എങ്കിലും കുറച്ചു കഴിയുമ്പോഴയ്ക്കും നല്ല ധൈര്യവും ആത്മവിശ്വാസവും അദ്ദേഹത്തിൽ ഞാൻ കണ്ടു തുടങ്ങി. *"ധർമ്മോ രക്ഷതി രക്ഷിതഃ"* എന്ന വചനം സാർത്ഥകമായി എന്നേ പറയേണ്ടു.

ഈ ഭാഷാ വിവർത്തനത്തിൽ തെളിഞ്ഞു കാണുന്ന ഒരു വിശേഷത, വിവർത്തകൻ അണു പോലും സായണഭാഷ്യത്തിൽ നിന്നു വ്യതിചലിക്കുവാൻ ശ്രമിച്ചിട്ടില്ലെന്നതാണു്. ഇതിൻെറ രണ്ടു വാല്യങ്ങളും വളരെ നല്ലനിലയിൻ പുറത്തിറങ്ങിക്കഴിഞ്ഞു. അതു കണ്ടു് വല്ലവരുടെയും കണ്ണു തട്ടിയിട്ടുണ്ടെങ്കിൽ അതു തീർന്നോട്ടേ എന്നു വിചാരിച്ചായിരിക്കണം പ്രസ്തുത മൂന്നാം വോല്യത്തിനു ഈയുള്ളവനെക്കൊണ്ടു് ഒരു മുഖവുര എഴുതിച്ചതു്. എന്തായാലും മഹത്തായ ഈ കാര്യത്തിൽ അല്പജ്ഞനായ എനിക്കും ഒരു പങ്കു തന്നതിനു എൻെറ കൃതജ്ഞതയെ രേഖപ്പെടുത്തുകയും, തുടങ്ങിയ പ്രവൃത്തി നിർവ്വിഘ്നമായ് പൂർത്തിയാക്കുവാൻ ശ്രീ ഓ. എം. സി ക്കു ആയുരാരോഗ്യധനസ്ഥിതികൾ നല്കുവാനായ് തിരുമാന്ധാംകുന്നിലമ്മയനുഗ്രഹിക്കണേ എന്നു പ്രാർത്ഥിക്കുകയും മാത്രമാണു് ഈ പ്രസ്താവനയുടെ ഉദ്ദേശം.

എന്നു്

ഡോ. സി. ആർ. സ്വാമിനാഥൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നന്ദിക്കുറിപ്പ്

ഋഗ്വേദഭാഷാഭാഷ്യത്തിൻെറ 3–ാം വാല്യവും ബഹുജന ദൈവത്തിൻെറ മുമ്പിൽ കാഴ്ചവെയ്ക്കുന്നു. ഈ വേദഭാഷ്യപരമ്പരയ്ക്കു വായനക്കാരിൽനിന്നും, പത്രങ്ങളിൽ നിന്നും ലഭിച്ചുകൊണ്ടിരിയ്ക്കുന്ന അംഗീകാരത്തിൽ ഞാൻ കൃതജ്ഞനാണ്. വിശേഷിച്ച് ഈ വാല്യത്തിന്ന് എൻെറ ഉത്തമസുഹൃത്തും, സംസ്കൃത–മലയാള–ഹിന്ദി–തമിഴ ഭാഷകളിൽ മഹാപണ്ഡിതനുമായ, ഡാക്ടർ സി. ആർ. സ്വാമിനാഥൻ എന്നെ ആശീർവ്വദിച്ചുകൊണ്ടെഴുതി അയച്ച പ്രസ്താവനയ്ക്കു എൻെറ നമസ്കാരപൂർവ്വമായ നന്ദി രേഖപ്പെടുത്തുന്നു.

എന്ന്

ഒ. എം. സി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശുദ്ധിപത്രം

പേജ്	വരി	അബദ്ധം	സുബദ്ധം
5	11	ദ്യാപൃഥിവ്യൌ	ദ്യാവാപൃഥിവ്യൌ
6	7	മാഹിതാ	മാഹിനാ
7	9	പൃഥിവീകം	പൃഥിവികം
11	15	യാഗാഹൂതിഷ്ഠു	യാഗാഹൂതിഷ്ഠു
,,	26	സ്യാംന്നസ്സുന	സ്യാന്നസ്സുന
12	1	സൂ 7	സൂ 8
,,	10	അധ്വരപാദയഃ	അധ്വര്യാദയഃ
14	1	സൂ 7	സൂ 8
,,	9	ച്ഛിദ്യമാനപസ്ഥം	ച്ഛിദ്യമാനസ്ഥം
,,	19	കവയഃഉ	കവയഉ
,,	27	ഏവയപഃ	ഏവയൂപഃ
15	4	അധ്വര്യാദയഃ	അധ്വര്യാദയഃ
,,	17	ഉദീയത്തി	ഉദീയത്തി
16	1	സൂ 7	സൂ 8
,,	27	പ്രചിക്ഷ്വപുഃ	പ്രചിക്ഷിപുഃ
17	21	അവതേഷു	അവടേഷു
18	13	തദീമാനി	തദീമാനീ
19	22	ലാവരാൽ	ലായവരാൽ
28	7	കൂദിയ	കൂടിയ
31	10	രാണ്ണാമഗ്നി	രാണ്ണാമഗ്നി
38	28	തിമർത്ത്യഃ	തിമർത്ത്യഃ
47	19	ഹമിഷ്ഠാ	ഹവിഷ്ഠാ
49	20	പതിംഃവിശാം	പതിംവിശാം
54	34	ത്രാദികമ്മ	ത്രാദികമ്മ
55	17	ശോചീഷാ	ശോചിഷാ
59	28	ഹോതുഭൃത	ഹേതുഭൃത
66	1	സൂ 15	സൂ 16
70	17	നിന്ദയാ	നിന്ദായാ
72	3	സ്തൌതീ	സ്തൌതി
76	25	ധമ്മാനുലക്ഷ്യ	ധമ്മാനുപലക്ഷ്യ
79	21	തരസേ	തരസേ
80	20	സ്തുതിയെ	സ്തുതിയെ
84	26	വിഷതീക്ഷ്ണ	വിഷയതീക്ഷ്ണ
89	23	ജാദവേദോ	ജാതവേദോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

[ശേഷം 1012-ാം പേജിൽ]

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായപീഠിക

അഷ്ടകം–3 അധ്യായം–1

വർഗ്ഗം-1–2-അഗ്നിദേവത 3-ഉം 4–ഉം യൂപം ദേവത. യാഗപശുവിനെ കെട്ടുന്ന മരക്കുററിയാണ് യൂപം, അതിൻെറ അഭിമാനി ദേവനെ സ്തുതിക്കുന്നു. 5 മുതൽ 10 കൂടി ദേവത അഗ്നിതന്നെ. 11-12 ഇന്ദ്രാഗ്നികൾ. 13 മുതൽ 19 കൂടി വീണ്ടും അഗ്നി തന്നെ. ഇവയിലെല്ലാം യാഗാഗ്നിയാണ് വർണ്ണിക്കപ്പെടുന്നതു്. 20 അഗ്നിയും വിശ്വദേവകളും. 21 വീണ്ടും അഗ്നി. യാഗാഗ്നിയിൽ വപാഹോമം ഇതിൽ പ്രതിപാദിക്കുന്നു. 22 23 24 ഉം അഗ്നിദേവതാകം തന്നെ. 25 അഗ്നിയുമിന്ദ്രാഗ്നികളും. 26-27ൽ വൈശ്വാനരാഗ്നി, മരുത്തുക്കൾ, ആത്മാവ്, വിശ്വാമിത്രോപാധ്യായൻ എന്നിങ്ങനെ ദേവതകളാകുന്നു. ഇതിൽ അഗ്നിയെ സർവ്വാത്മകനായി പ്രത്യേകിച്ചും സൂര്യവായ്വാത്മകനായി വർണ്ണിക്കുന്നു. അഗ്നിയുടെ വാക്യമായിത്തന്നെ ആ സർവ്വാതിശായിത്വം വരുന്നു. പിന്നെ 9–ാം മന്ത്രം ഋഗ്വേദികൾക്ക് സർവ്വപ്രധാനമാണ്. അവർ ഏതു കർമ്മത്തിന്നും ഓമ്പലത്തിൽ പോയി തൊഴുന്നതു മുതൽ എല്ലാററിന്നും ആദ്യം ഗുരുവന്ദനമായി ചൊല്ലുന്ന മന്ത്രമാണതു്. 28–29–30 വർഗ്ഗങ്ങൾ അഗ്നിയോ ഋതുക്കളോ ദേവതയാണ്. 31-32 33 അഗ്നിയും ഋത്വിക്കുകളും ദേവത.

അഷ്ടകം–3 അധ്യായം–1 വർഗ്ഗം–1, 2 വിശ്വാമിത്രഃ ഋഷിഃ ത്രിഷ്ടുപ്ഛന്ദഃ അഗ്നിർദ്ദേവതാ

1 പ്രയന്തുരുശ്ശിതിപ്പഷസ്യധാസേ
രാമാതരാവിവിശ്ശുസ്സപ്തവാണീഃ
പരിക്ഷിതാപിതരാസംചരേതേ
പ്രസർസ്രാതേദീർഘമായുഃ പ്രയക്ഷേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

ശിതി-പൃഷ്ഠസ്യ	— നീലപൃഷ്ഠസ്യ
ധാസേഃ	— സർവ്വസ്യധാരയിതുരഗ്നേഃ
യേ രശ്മയഃ പ്ര ആരുഃ	— പ്രകർഷേണോൽഗച്ഛന്തി, തേ രശ്മയഃ
മാതരാ ആ വിവിശുഃ	— ദ്യാവാപൃഥിവ്യൌസർവ്വതഃ പ്രവിഷ്ടാഃ
സപ്ത വാണീഃ	— സപ്തണസ്വഭാവാനദീഃ (ച ആവിവിശുഃ)
പരി-ക്ഷിതാ പിതരാ	— പരിതോവർത്തമാനേ പിതരൌ ദ്യാവാപൃഥിവ്യൌ
(തേനാഗ്നിനാ) സം ചരേതേ	— സമ്യക്വ്യവഹരതഃ
(തഥാ) പ്ര-യക്ഷേ	— പ്രകർഷേണ യഷ്ടും
ദീർഘം ആയുഃ പ്ര സർസ്രാതേ	— ചിരംജീവനം പ്രസാരയതഃ, സമ്പാദയതഃ

അർത്ഥം-നീലനിറത്തിൽ പിൻപുറമുററവനും എല്ലാം ധരിയ്ക്കുന്നവനുമായ അഗ്നിയുടെ രശ്മികളേവയോ ഉയർന്നുപോകുന്നതു്, ആ രശ്മികൾ അച്ഛനമ്മമാരായ ദ്യാവാപൃഥിവികളിൽ പ്രവേശിച്ചു. ഒഴുകുന്ന ഏഴു നദികളേയും പ്രവേശിച്ചു. എമ്പാടും നിറഞ്ഞ അച്ഛനമ്മമാരായ ദ്യാവാപൃഥിവികൾ ആ അഗ്നിയാലാണു് വേണ്ടപോലെ ചരിയ്ക്കുന്നതു്. നന്നായി യാഗംചെയ്യാനായി അവർ (കർമ്മേച്ഛുവിന്നു്) നീണ്ട ആയുസ്സുനേടികൊടുക്കുന്നു. (മഹർഷിമാർക്കു് ആയുസ്സുമാരോഗ്യവും ധനവും സുഖഭോഗത്തിന്നല്ല, സൽകർമ്മാനുഷ്ഠാനത്തിന്നാണു്.)

2 ദിവക്ഷസോധേനവോവൃഷ്ണോഅശ്വാ
ദേവീരാതസ്ഥൌമധുമദ്വഹന്തീഃ
ഋതസ്യത്വാസദസിക്ഷേമയന്തം
പര്യേകാചരതിവർത്തനിംഗൌഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

വൃഷ്ണഃ അശ്വാഃ — കാമവർഷിത്തുരഗ്നേഃ
വാഹനരൂപാ രോഹിതഃ
ദിവക്ഷസഃ — ദിവം വ്യാപ്യ വർത്തമാനാഃ
ധേനവഃ — അഗ്നേഃ പ്രീണയിത്ര്യോഭവന്തി
(സോയമഗ്നിഃ) മധു-മൽ — മാധുര്യോപേതമുദകം
വഹന്തീഃ ദേവീഃ — ദ്യോതന ശീലാനദീഃ
ആ തസ്ഥൗ — ആതിഷ്ഠതി, പ്രാപ്നോതി
ഏകാ ഗൗഃ — കാചിദുക്ത വിധാവാക്
ഋതസ്യ സദസി — ഉദകസ്യസ്ഥാനേ, അന്തരിക്ഷേ
ക്ഷേമ-യന്തം — ക്ഷേമമാവാസമിച്ഛന്തം
വർത്തനിം — ജ്വാലാഃ പ്രവർത്തയന്തം
ത്വാ പരി ചരതി — ത്വാം സേവതേ

അർത്ഥം-കാമവർഷകനായ അഗ്നിയുടെ വാഹനങ്ങളായ രോഹിത്തുക്കളെന്ന കുതിരകൾ ദ്യോവിൽ വർത്തിച്ചുകൊണ്ടു് അഗ്നിക്കു പ്രിയപ്പെട്ടവയായി ഭവിക്കുന്നു. ആ അഗ്നി മധുരമായ ജലം വഹിച്ചുകൊണ്ടു് തെളിവുററ നദികളെ വ്യാപിക്കുന്നു. ഒരു വിധം പറയപ്പെട്ട, ശബ്ദരൂപത്തിൽ പുറപ്പെട്ട, മാധ്യമികയായ വാക്കു് ജലസ്ഥാനമായ അന്തരിക്ഷത്തിൽ ക്ഷേമകരമായ സ്ഥാനത്തെ ഇച്ഛിക്കുന്ന ജ്വാലകളെ പ്രസരിപ്പിക്കുന്ന അവിടുത്തെ സേവിക്കുന്നു, പരിചരിക്കുന്നു. (ജ്ഞാനാത്മികയായ മാധ്യമികവാക്കു്, സരസ്വതി അവിടുത്തെ ഉപാസിക്കുന്നു.)

3 ആ സീമരോഹൽസുയമാഭവന്തീഃ
പതിശ്ചികിത്വാന്ത്രയിവിദ്രയീണാം
പ്രനീലപൃഷ്ഠോഅതസസ്യധാസേ
സ്താഅവസ്യൽപുരുധപ്രതീകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

രയീണാം രയി-വിൽ	— ധനാനാം മധ്യേ വിശിഷ്ട ധനസ്യ ലംഭയിതാ
ചികിത്വാൻ, പതിഃ	— ജ്ഞാനവാൻ, അശ്വാനാം പതിരഗ്നിഃ
സീം സു-യമാഃ	— സർവ്വതസ്സുഖേനനിയന്തും ശക്യാഃ
ഭവന്തീഃ ആ അരോഹൽ	— യാബഡവാഃ ആരോഹതിസ്മ
നീല-പൃഷ്ഠഃ, പുരുധ-പ്രതീകഃ	— ബഹുധാ വിക്ഷിപ്താങ്ഗസ്സോഗ്നിഃ
അതസസ്യ ധാസേഃ	— സതതഗമനസ്യപോഷണാർത്ഥം
താഃ പ്ര അവാസയൽ	— പ്രകർഷേണവാസയതിസ്മ നിവാസേനശ്രമേപനീതേ, സതതഗമനം പോഷയിതുംശക്യം

അർത്ഥം-ധനങ്ങളിൽവെച്ച് ഉത്തമധനം നേടിത്തരുന്നവനും ജ്ഞാനവാനും കുതിരകൾക്ക് ഉടയവനുമായ അഗ്നി എങ്ങും സുഖമായി ഓടിയ്ക്കാൻ പററിയവയായ പെൺകുതിരകളേവയെ ആരോഹണം ചെയ്തുവോ, നീലനിറമുററ പിൻപുറമൊത്തവനും അങ്ങുമിങ്ങും ചിതറിവിട്ട അംഗങ്ങളോടു കൂടിയവനുമായ അഗ്നി, അവയെ (കുതിരകളെ) കൂടുതൽ ഗതിവേഗം കിട്ടുന്നതിന്നുവേണ്ടി. ക്ഷീണം മാററാൻവേണ്ടി നിർത്തി.

4 മഹിത്വാഷ്ട്രമൂർജ്ജയന്തീരജൂര്യം
സ്തഭൂയമാനം വഹതോവഹന്തി
വ്യങ്ഗേഭിർദ്ദിദ്യുതാനസ്സധസ്ഥ
ഏകാമിവരോദസീ ആവിവേശ

അന്വയം:-

ഊർജ്ജയന്തീഃ	— അബലം ബലിനം കുർവ്വത്യഃ
വഹതഃ	— വഹനപരാനദ്യഃ
മഹി, ത്വാഷ്ട്രം	— മഹാന്തം ത്വഷ്ടുസ്സുതം
അജൂര്യം	— ജരയിതുമനർഹം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്കഭ—യമാനം — ലോകാനാം സ്കംഭനം, ധാരണ മിച്ഛന്തമഗ്നിം
വഹന്തി — ധാരയന്തി
സധ-സ്ഥേ — അപാംസമീപേ
അങ്ഗേഭിഃ ദിദ്യുതാനഃ — അവയവൈഃ ദീപ്യമാനസ്സൻ അഗ്നിഃ
ഏകാം—ഇവ — യഥാപുമാൻ ഏകാംസ്ത്രീയം പ്രവിശതി തദ്വൽ
രോദസീ വി ആ
വിവേശ — ദ്യാവാപൃഥിവ്യൌ വിവിധം പ്രവിഷ്ടവാൻ

അർത്ഥം-ബലമില്ലാത്തവനെ ബലവാനാക്കുന്നവരും എന്തിനെയും വഹിക്കാൻ പോന്നവരുമായ നദികൾ ത്വഷ്ടാവിൻെറ മഹാനായ പുത്രനും (പന്ത്രണ്ടാദിത്യന്മാരിൽ ഒരുവനാണ് ത്വഷ്ടാവ്, അവിടത്തെ പുത്രൻ ആദിത്യ തേജസ്സിൽ നിന്നുൽപന്നൻ, അപ്പോൾ അഗ്നി തന്നെ) തളർത്താൻ പററാത്തവനും ലോകങ്ങളെ സ്തംഭിപ്പിയ്ക്കാനും സ്വയം ധരിക്കാനിച്ഛിക്കുന്നവനുമായ അഗ്നിയെ വഹിക്കുന്നു. ജലങ്ങളുടെ (നദികളുടെ) സമീപത്തിൽ അംഗങ്ങളാൽ, ജ്വാലകളാൽ പ്രകാശിയ്ക്കുന്നവനായി അഗ്നി, പുരുഷൻ ഒററസ്ത്രീയെ പ്രാപിക്കുന്നപോലെ ദ്യാവാപൃഥിവികളിൽ പല വിധത്തിൽ പ്രവേശിച്ചു.

5 ജാനന്തിവൃഷ്ണോഅരുഷസ്യശേവ
മുതബ്രധ്നസ്യശാസനേരണന്തി
ദിവോരുചസ്സുരുചോരോചമാനാ
ഇളായേഷാംഗണ്യാമാഹിനാഗീഃ വ 1

അന്വയം:—

വൃഷ്ണഃ, അരുഷസ്യ — കാമാനാം വർഷിതുഃ, അഹിംസകസ്യ (ശത്രുരാഹിത്യേന)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(അഗ്നേഃ) ശേവം ജാനന്തി — ആശ്രയവിഷയം സുഖം ജനാ ജാനന്തി
ഉത ബ്രധ്നസ്യ — അപിചമഹതോഗ്നേഃ
ശാസനേ രണന്തി — ആജ്ഞായാം സർവ്വേജനാഃ രമന്തേ
യേഷാം — മനുഷ്യാണാമഗ്നിവിഷയാ
മാഹിതാ ഇളാ ഗീഃ — മഹതീ സ്തുതിരൂപാവാക്
ഗണ്യാ — ഗണനീയാ, പൂജ്യാ, തേ
(തേ)ദിവഃ–രുചഃ — ദ്യുലോകസ്യരോചകാഃ
സു–രുചഃ, രോചമാനാഃ — ശോഭനദീപ്തയഃ, ദീപ്യമാനാ ഭവന്തി

അർത്ഥം–കാമവർഷകനും ആരെയും ദ്രോഹിക്കാത്തവനും (ശത്രുക്കളില്ലാത്തതിനാൽ) ആയ അഗ്നിയെ ആശ്രയിച്ചാല ത്തെ സുഖം ജനങ്ങളറിയുന്നു. മഹാനായ അഗ്നിയുടെ ശാസന ത്തിൽ ജനങ്ങൾ സന്തോഷിച്ചു മേവുന്നു. അഗ്നിയെക്കുറിച്ച് ഏവരുടെ മികവുററ സ്തുതിവാക്ക് പൂജനീയമാകുന്നുവോ, അ വർ സ്വർഗ്ഗത്തെ പ്രകാശിപ്പിക്കുന്നവരും, ഭാസ്വത്തുക്കളും ശോഭ നന്മാരുമാകുന്നു.

6 ഉതോപിതൃഭ്യാംപ്രവിദാനുഘോഷം
മഹോമഹദ്ഭ്യാമനയന്തശൂഷം
ഉക്ഷാഹയത്രപരിധാനമക്തോ
രനുസ്വംധാമജരിതുർവ്വവക്ഷ

അന്വയം:–

ഉതോ മഹഃ മഹൽ–ഭ്യാം — അപിച മഹതഃ മഹൽഭ്യാം
പിതൃ–ഭ്യാം പ്ര–വിദാ — ദ്യാവാപൃഥിവീഭ്യാം പ്രവേദനേന
ഘോഷം അനു ശൂഷം അനയന്ത — അനുഘുഷ്യമാണം, സ്തോത്ര മനുലക്ഷ്യ സുഖം യജമാനാഃ അഗ്നിം പ്രാപിതവന്തഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(സോഗ്നിഃ) യത്ര ഉക്ഷാ — യജമാനേഷ്വവൃഷ്ട്യുൽപാദനേന ഉദകസ്യസേക്താ
അക്തോഃ പരി ധാനം — രാത്രേഃ പരിതോധാരകം
സ്വം ധാമ — ആത്മീയംതേജഃ
ജരിതുഃ അനു വവക്ഷ ഹ — സ്തോതുഃ സ്തുതിശ്രവണാൽ സമീപേവഹതിഖലു

അർത്ഥം–മാത്രമല്ല, മഹത്തിൽവെച്ച് മഹത്തുക്കളും അച്ഛനമ്മമാരുമായ ദ്യാവാപൃഥിവീകൾക്കായി അർത്ഥം വെളിപ്പെടുത്തിക്കൊണ്ടുള്ള സ്തോത്രഘോഷത്തെത്തുടന്ന്, യജമാനന്മാർ അഗ്നിക്കു സുഖമെത്തിച്ചു. ആ അഗ്നി യജമാനന്മാരിൽ (അവക്കുവേണ്ടി) മഴപെയ്യിക്കുന്നവനായി രാത്രിയിൽ എമ്പാടും പരത്തിധരിച്ച സ്വന്തം പ്രകാശത്തെ, സ്തോതാവിൻെറ സ്തോത്രം കേൾക്കാനായി സമീപത്തിൽ ചെന്നു് വഹിക്കുന്നു. അതായതു് സ്തോത്ര ശ്രവണത്തോടൊപ്പം അവിടുന്നു് തൻെറ വെളിച്ചം പരത്തുന്നു.

7 അധ്വര്യുഭിഃപഞ്ചഭിസ്സപ്തവിപ്രാഃ
പ്രിയംരക്ഷന്തേനിഹിതംപദംവേഃ
പ്രാഞ്ചോമദന്ത്യുക്ഷണോഅജൂര്യാ
ദേവാദേവാനാമനുഹിവ്രതാഗുഃ

അന്വയം:–

പഞ്ച–ഭിഃ അധ്വര്യു–ഭിഃ — തൈസ്സഹ
സപ്ത വിപ്രാഃ — മേധാവിനോഹോത്രകാഃ
വേഃ പ്രിയം — ഗമനസ്വഭാവസ്യാഗ്നേഃ പ്രിയം
നി–ഹിതം പദം രക്ഷന്തേ — ആഹവനീയാഖ്യം സ്ഥാനം പാലയന്തി
പ്രാഞ്ചഃ — സോമപാനാർത്ഥം പ്രാങ്മുഖം ഗച്ഛന്തഃ
അജൂര്യാഃ, ഉക്ഷണഃ — ജരയിതുമശക്യാഃ, സോമരസസ്യസേക്താരഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവാഃ മദന്തി — സ്തോതാരഃ ഹൃഷ്യന്തി
(കിംചതേ ദേവാഃ,
ഋത്വിജഃ) ദേവാനാം
വ്രതാ — വ്രതാനി, യജ്ഞാൻ
അനു ഗ്മഃ ഹി — അനുഗച്ഛൻ ഖലു

അർത്ഥം-(ഉൽഗാതാവിനെയും സഹായികളെയും കൂടാതെ യാഗത്തിന്ന് പന്ത്രണ്ട് ഋത്വിക്കുകളാണ്. അവരിൽ ഏഴ പേർ വഷട്കർത്താക്കൾ, അഞ്ചുപേർ അധ്വരം നയിക്കുന്നു) അഞ്ച് അധ്വര്യുക്കളോടുകൂടി ഏഴ മേധാവികളായ, പണ്ഡിതന്മാരായ ഹോതൃകന്മാർ ഗമനശീലനായ അഗ്നിക്ക പ്രിയമായി ഉണ്ടാക്കിയ ആഹവനീയമെന്ന സ്ഥാനം രക്ഷിക്കുന്നു. സോമപാനത്തിന്നായി കിഴക്കോട്ടു തിരിഞ്ഞിരിക്കുന്നവരും തളർത്താൻ കഴിയാത്തവരും സോമമച്ചാർ വർഷിക്കുന്നവരുമായ സ്തോതാക്കൾ (അവിടത്തെ) ഹർഷിപ്പിക്കുന്നു. പിന്നെ ഋത്വിക്കുകൾ ദേവന്മാർക്ക ചേന്ന കർമ്മങ്ങളെ അനുഗമിച്ചു. (തുടന്നു ചെയ്യുന്നു.)

8 ദൈവ്യാഹോതാരാപ്രഥമാന്ന്യൃഞ്ജേ
സപ്തപൃക്ഷാസസ്സ്വധയാമദന്തി
ഋതംശംസന്തഋതമിത്തആഹുഃ
രനുവ്രതംവ്രതപാദീധ്യാനാഃ

അന്വയം:-

ദൈവ്യാ ഹോതാരാ — ദേവതാരൂപൌ ഹോമ നിഷ്പാദകൌ
പ്രഥമാ — പ്രഥമൌ, മുഖ്യൌ, ഇമംച അമുംച അഗ്നിം
നി ഋഞ്ജേ — മന്ത്രദ്രഷ്ടാ വിശ്വാമിത്രോഹം പ്രസാധയാമി
സപ്ത പൃക്ഷാസഃ — സപ്തഹോതൃകാഃ
സ്വധയാ മദന്തി — സോമേന ഹൃഷ്യന്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഋതം ശംസന്തഃ വ്രത-പാഃ	—	സ്തോത്രം കുർവ്വന്തഃ, വ്രതസ്യ, യജ്ഞകർമ്മണഃ രക്ഷിതാരഃ
ദീധ്യാനാഃ തേ	—	ദീപ്യമാനാഹോത്രകാഃ
അനു വ്രതം	—	യജ്ഞേകർമ്മണി
ഋതം ഇൽ ആഹുഃ	—	സത്യമേവാഗ്നിം വദന്തി

അർത്ഥം - ദേവതാശ്രു പന്മാരും ഹോമനിർവ്വാഹകന്മാരും മുഖ്യന്മാരുമായ ഈ അഗ്നിയെയും, ആ അഗ്നിയെയും (വിവിധാകൃതിയായ അഗ്നിയെ) മന്ത്രദ്രഷ്ടാവായ, വിശ്വാമിത്രനായ ഞാൻ കൊണ്ടാടുന്നു. ഏഴു ഹോത്രകന്മാർ സോമത്താൽ അവിടുത്തെ സന്തോഷിപ്പിക്കുന്നു. സ്തോത്രം ചെയ്യുന്നവരും യജ്ഞകർമ്മത്തിന്റെ രക്ഷിതാക്കളും തെളിവുററവരുമായ ഹോത്രകന്മാർ യജ്ഞകർമ്മത്തിൽ അഗ്നിയെ സത്യമായിത്തന്നെ പറയുന്നു. (അഗ്നി പ്രത്യക്ഷനാണല്ലൊ.)

9 വൃഷായന്തേമഹേ അത്യായപൂർവ്വീ

വൃഷ്ണേപിത്രായരശ്മയസ്സുയാമാഃ

ദേവഹോതർമ്മന്ദ്രതരശ്ചികിത്വാൻ

മഹോദേവാന്രോദസീഏഹവക്ഷി

അന്വയം:—

ഹേ ദേവ, ഹോതഃ,	—	ദീപ്യമാന, ദേവാനാമാഹ്വാതഃ അഗ്നേ
മഹേ, അത്യായ	—	മഹതേ, സർവ്വാനതിക്രമ്യ വർത്തമാനായ
ചിത്രായ, വൃഷ്ണേ	—	നാനാവർണ്ണായ, കാമാനാം വർഷിത്രേ തുഭ്യം, തദർത്ഥം
പൂർവ്വീഃ, സു-യാമാഃ	—	പ്രഭൂതാഃ, അതിശയേന വിസ്തൃതാഃ
രശ്മയഃ വൃഷ-യന്തേ	—	സർവ്വതഃ വ്യാപ്താജ്വാലാഃ വൃഷേവാചരന്തി, സേചകാ ഭവന്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(അപിച) മന്ദ്ര-തരഃ — യജമാനസ്യ മാദയിതൃതമഃ
ചികിത്വാൻ — ജ്ഞാനോപേതസ്ത്വം
മഹഃ ദേവാൻ രോദസീ — മഹതഃ യഷ്ടവ്യാൻ ദേവാൻ, ദ്യാവാപൃഥിവ്യൌച
ഇഹ ആ വക്ഷി — അസ്മിൻ കർമ്മണി ആവഹ

അർത്ഥം-പ്രകാശമാനനും ദേവന്മാരെ വിളിക്കുന്നവനുമായ അഗ്നേ, മഹാനും എല്ലാററിനെയും കടന്നു വർത്തിക്കുന്നവനും പല നിറങ്ങളിയന്നവനും അഭീഷ്ടവർഷകനുമായ അവിടേയ്ക്കായി പ്രവൃദ്ധങ്ങളും ഏററവും പടന്നവയും എങ്ങും വ്യാപിച്ചവയുമായ ജ്വാലകൾ, കാളക്കൂററനെന്നപോലെ പെരുമാറുന്നു. (അഗ്നിയുടെ ഭൌതിക ജ്വാലകൾ ദേവരൂപനായ അഗ്നിക്കു വേണ്ടി കത്തിക്കാളുന്നതായി പറഞ്ഞിരിക്കുകയാണ്.) യജമാനനെ ഏററവും ഹർഷിപ്പിക്കുന്നവനും ജ്ഞാനവാനുമായ ആ അവിടുന്ന് മഹാന്മാരായ, യജനീയന്മാരായ ദേവന്മാരെയും ദ്യാവാപൃഥിവികളെയും ഈ കർമ്മത്തിലാനയിച്ചാലും.

10 പൃക്ഷപ്രയജോദ്രവിണസ്സുവാച്
സ്സുകേതവഉഷസോരേവദൂഷുഃ
ഉതോചിദഗ്നേമഹിനാപൃഥിവ്യാഃ
കൃതംചിദേനസ്സംമഹേദശസ്യ

അന്വയം:-

ദ്രവിണഃ, — ദ്രവതി, സതതം ഗച്ഛതീതി ദ്രവിണഃ അഗ്നിഃ, സതതഗമന സ്വഭാവ ഹേ അഗ്നേ
പൃക്ഷ-പ്രയജഃ — പൃക്ഷാണി, ഹവിരന്നാനി യാസൂഷസ്സു യഷ്ടും പ്രക്രമ്യതേ, താഃ പൃക്ഷപ്രയജഃ
സു-വാചഃ — പ്രാതരനുവാകാദിശോഭനവാചഃ യാസാം താഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സു-കേതവഃ	—	വയസാം മനുഷ്യാണാം ച ശബ്ദൈഃ സുപ്രജ്ഞാനാഃ
ഉഷസഃ രേവൽ ഊഷുഃ	—	അസ്മാകം ധനയുക്തം യഥാ ഭവതി തഥാ വ്യുച്ഛന്തി
ഉതോ ചിൽ ഹേ അഗ്നേ,	—	അപിചാഗ്നേ
പൃഥിവ്യാഃ മഹിനാ	—	വിസ്തീർണ്ണായാ ജ്വാലായാഃ മഹത്വേന
കൃതം ചിൽ ഏനഃ	—	സമ്പാദിതം യൽകിം ചിൽ പ്രാണ്യുപഘാതാദിലക്ഷണം പാപം
മഹേ സം ദശസ്യ	—	മഹതേ യജമാനായ മഹ്യം സംക്ഷപയ

അർത്ഥം—അല്ലയോ ശീഘ്രഗാമിയായ അഗ്നേ, എപ്പോഴം ഹവിസ്സൊരുക്കി യാഗാഹ്നതിക്കു കടത്തുന്നവോ, പ്രാതരനുവാകം മുതലായ ശോഭനമന്ത്രം എപ്പോഴം മുഴങ്ങുന്നവോ, പക്ഷികളുടേയും മനുഷ്യരുടേയും ശബ്ദങ്ങളാൽ എപ്പോഴം ദിവസപ്പുറവി നന്നായറിയിക്കപ്പെടുന്നവോ, ആ ഉഷസ്സുകൾ എപ്പോഴം ധനയുക്തമാവുന്ന വിധം തെളിയുന്നു. കൂടാതെ, അല്ലയോ അഗ്നേ, അവിടുത്തെ പടന്ന ജ്വാലകളുടെ മഹത്വത്താൽ, പ്രാണിഹിംസകമായി വല്ല പാപവുമുണ്ടെങ്കിൽ അതു് അവിടുത്തെ ഉപാസനകൊണ്ടു് മഹാനായ യജമാനനായ എനിക്കു്, എന്നെ സംബന്ധിച്ചു്, നശിപ്പിച്ചാലും.

11 ഇളാമഗ്നേപുരുദംസംസനിംഗോ
ശ്ശശ്വത്തമംഹവമാനായസാധ
സ്യാംന്നസ്സൂനുസ്തനയോവിജാവാ
ഗ്നേസാതേസുമതിർഭ്രുത്വസ്മേ (വ 2)

അന്വയം:–

ഇതു് കഴിഞ്ഞ അദ്ധ്യായത്തിൽ (2–8–16ൽ) വ്യാഖ്യാനിച്ചിട്ടുണ്ടു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വർഗ്ഗം 3–4 ത്രിഷ്ടുബനുഷ്ടുഭൗച്ഛന്ദസീ യൂപോദേവതാ

1 അഞ്ജന്തിത്വാമധ്വരേദേവയന്തോ
വനസ്പതേമധുനാദൈവ്യേന
യദ്ദൂർധ്വസ്തിഷ്ഠാദ്രവിണേഹധത്താ
ദ്യദ്വാക്ഷയോമാതുരസ്യാഉപസ്ഥേ

അന്വയം:–

ഹേ വനസ്പതേ — ഖദിരപലാശാദി ലക്ഷണ, യൂപ
അധ്വരേ ദേവ–യന്തഃ — യജ്ഞേ ദേവാൻ കാമയമാനാഃ അധ്വര്യ്വാദയഃ
ദൈവ്യേന മധുനാ — ഘൃതേന
ത്വാം അഞ്ജന്തി — ത്വയിഘൃതംസിഞ്ചന്തി
യൽ ഊർധ്വഃ തിഷ്ഠാഃ — യദി ത്വം ഉന്നതസ്തിഷ്ഠസി
യൽ വാ മാതുഃ അസ്യാഃ — മാതൃഭൂതായാഃ പൃഥിവ്യാഃ
ഉപ–സ്ഥേ ക്ഷയഃ — ഉത്സങ്ഗേതേനിവാസഃ
(യദ്യൂർധ്വസ്തിഷ്ഠസി, യദിവാഭൂമൌശയാനോവത്തസേ, ഉഭയഥാപിത്വം)
ഇഹ ദ്രവിണാ ധത്താൽ — അസ്മാസു ധനാനി ധേഹി

അർത്ഥം–കരിഞ്ഞാലി, പിലാശ് മുതലായ മരങ്ങൾകൊണ്ടുണ്ടാക്കിയ യൂപമേ, യജ്ഞത്തിൽ ദേവന്മാരെ (അവരുടെ അനുഗ്രഹം) കാമിക്കുന്ന അധ്വര്യു മുതലായവർ ദൈവികമായ, മന്ത്രപൂതമായ നെയ്യിനാൽ അവിടത്തെ നനയ്ക്കുന്നു, അവിടുന്നിൽ നെയ്യ് ഒഴിക്കുന്നു. അവിടുന്ന് വളർന്നുയർന്നു നിന്നാലും. മാതാവായ ഭൂമിയുടെ മടിയിൽ വസിച്ചാലും, (കിടന്നാലും) രണ്ടു വിധത്തിലായാലും ഞങ്ങളിൽ ധനങ്ങളുണ്ടാക്കിയാലും, ഞങ്ങൾക്ക് ധനങ്ങളരുളിയാലും. (യൂപം, യാഗപശുവിനെ കൊണ്ടുവന്നു കെട്ടിയിടുന്ന കുററി. അതിനെയല്ല, അതിൻെറ അഭിമാനിദേവനെയാണ് സ്തുതിക്കുന്നത്.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

2 സമിദ്ധസ്യശ്രയമാണഃ പുരസ്താ

ദ്ബ്രഹ്മവന്വാനോ അജരം സുവീരം

ആരേ അസ്മദമതിം ബാധമാന

ഉച്ഛ്രയസ്വമഹതേസൌഭഗായ

അന്വയം:—

(ഹേ യൂപ) സം–ഇദ്ധസ്യ	—	ദീപ്യമാനസ്യാഹവനീയസ്യാഗ്നേഃ
പുരസ്താൽ ശ്രയമാണഃ	—	പ്രാച്യാംദിശി വർത്തമാനഃ
അജരം, സു–വീരം	—	ജരാരഹിതം, ശോഭനാപത്യയുക്തം
ബ്രഹ്മ വന്വാനഃ	—	അന്നം പ്രയച്ഛൻ
അസ്മൽ അമതിം	—	അസ്മാകം ശത്രുഭൂതാമശനായാം
ആരേ ബാധമാനഃ	—	ദൂരേ അപനുദംസ്ത്വം
മഹതേ സൌഭഗായ	—	ധനാദിസമ്പത്ത്യർത്ഥം
ഉൽ ശ്രയസ്വ	—	ഉച്ഛ്രിതോഭവ

അർത്ഥം—അല്ലയോ യൂപമേ, തെളിഞ്ഞുകത്തുന്ന ആഹവനീയാഗ്നിയുടെ കിഴക്കുഭാഗത്തു വർത്തിക്കുന്നവനായി കേടേല്ക്കാത്തതും സൽസന്താനകരവുമായ അന്നത്തെ തന്നുകൊണ്ടു് എനിക്കു ശത്രുഭൂതയായ പാപബുദ്ധിയെ ദൂരേനിന്നുതന്നെ അകററുന്ന അവിടുന്നു് എനിക്കു മഹത്തായ ഐശ്വര്യത്തിന്നായിക്കൊണ്ടു് ഉയർന്നുനിന്നാലും.—അതായതു് എൻെറ പാപവാസനയെ അകററി ഐശ്വര്യമുണ്ടാക്കിയാലും.

3 ഉച്ഛ്രയസ്വവനസ്പതേവർഷ്മൻപൃഥിവ്യാഅധി

സുമിതീമീയമാനോവർച്ചോധായജ്ഞവാഹസേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

ഹേ വനസ്പതേ,
പൃഥിവ്യാഃ അധി — ഹേ യൂപ, പൃഥിവ്യാം
വർഷ്മൻ — ഉൽകൃഷ്ടേ ദേവയജനദേശേ
ഉൽ ശ്രയസ്വ — ഉച്ഛ്രിതോഭവ
സു-മിതീ — ശോഭമാനയാബുധ്യാ,
ശോഭനേന പരിമാണേന
മീയമാനഃ — ഇയത്തയാ പരിച്ഛിദ്യമാനസ്ത്വം
യജ്ഞ-വാഹസേ — യജ്ഞനിർവ്വാഹകായ യജമാനായ
വർച്ചഃ ധാഃ — അന്നംധേഹി

അർത്ഥം—അല്ലയോ യൂപമേ, ഭൂമിയിൽ ഉത്തമമായ ദേവയജ്ഞ സ്ഥാനത്തു് ഉയർന്നു വന്നാലും. തെളിഞ്ഞ അളവുകൊണ്ടു് (അല്ലങ്കിൽ ബുദ്ധികൊണ്ടു്) ഇത്രയിത്രയെന്നു് വക തിരിയ്ക്കപ്പെട്ട അവിടുന്നു് യജ്ഞനിർവ്വാഹകനായ യജമാനന്നു് അന്നമുണ്ടാക്കിയാലും.

4 യുവാസുവാസാഃപരിവീതആഗാൽ
സഉശ്രേയാൻഭവതിജായമാനഃ
തംധീരാസഃകവയഃഉന്നയന്തി
സ്വാധ്യോ ʃ ʃ മനസാദേവയന്തഃ

അന്വയം:—

യുവാ, സു-വാസാഃ — ദൃഢാങ്ഗഃ, ശോഭനേന
വസനേനയുക്തഃ
(രശനയാ) പരി-വീതഃ — വേഷ്ടിതഃ യൂപഃ
ആ അഗാൽ — ആഗച്ഛതി
സഃ ഉ ശ്രേയാൻ
ജായമാനഃ ഭവതി — സ ഏവയൂപഃ സർവ്വേഭ്യോ
വനസ്പതിഭ്യഃ ഉൽകൃഷ്ടതയാ
സമ്പദ്യമാനഃ ഭവതി
തം ധീരാസഃ — ഏവം വിധം യൂപം പ്രാജ്ഞാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മനസാ ദേവ–യന്തഃ — ദേവാൻ കാമയമാനാഃ
സു–ആധ്യഃ — സുഷ്ഠു, സർവ്വതോധ്യാനയുക്താഃ
കവയഃ — ക്രാന്തദർശിനഃ, അധ്വര്യാദയഃ
ഉൽ നയന്തി — ഉന്നതം കുർവ്വന്തി

അർത്ഥം—മെയ്യുറപ്പുള്ളതും നല്ല വസ്ത്രമണിഞ്ഞതും അരഞ്ഞാൺകൊണ്ട് ചുററപ്പെട്ടതുമായ യൂപം വരുന്നു. ആ യൂപം തന്നെയാണ് എല്ലാ വൃക്ഷങ്ങളിലും വെച്ച് ഉൽകൃഷ്ടതയാൽ കൊണ്ടുവരപ്പെട്ടത്. അപ്രകാരമുള്ള യൂപത്തെ, ജ്ഞാനികളും മനസ്സുകൊണ്ട് ദേവന്മാരെ കാമിക്കുന്നവരും എല്ലാ നിലയ്ക്കും നല്ല ധ്യാനത്തോടുകൂടിയവരും, എല്ലാററിന്റേയും അപ്പുറം കാണുന്നവരുമായ അധ്വര്യു മുതലായവർ ഉയർത്തിനിർത്തുന്നു, നാട്ടുന്നു.

5 ജാതോജായതേസുദിനത്വേ അഹ്നാം
സമര്യആവിദഥേവർദ്ധമാനഃ
പുനന്തിധീരാഅപസോമനീഷാ
ദേവയാവിപ്രഉദീയർത്തിവാചം (വ. 3)

അന്വയം:—

ജാതഃ — പൃഥിവ്യാം പ്രഥമമുല്പന്നോയൂപഃ
സ–മര്യേ, വിദഥേ — സമനുഷ്യേയജ്ഞേ
ആ വർദ്ധമാനഃ — ഘൃതാഞ്ജനരശനാപരിവ്യയണാദിനാസംവൃതശ്ശോഭമാനസ്സൻ
അഹ്നാം സുദിന–ത്വേ
ജായതേ — പശുനിയോജനാദിദ്വാരേണ യജ്ഞനിർവ്വാഹകതയാ അഹാനി സുദിനാനികരോതി
അപസഃ ധീരാഃ — കർമ്മവന്തഃ, സുപ്രജ്ഞാഃ അധ്വര്യ്വാദയഃ
മനീഷാ പുനന്തി — ബുദ്ധ്യാ തം യൂപം പ്രക്ഷാളനാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദിഭിഃ ശോധയന്തി

ദേവ–യാഃ — ദേവാനാം യഷ്ടാ

വിപ്രഃ വാചം — മേധാവീ ഹോതാ യൂപവിഷയാം സ്തുതിലക്ഷണാം വാചം

ഉൽ ഇയർത്തി — പ്രേരയതി, ഉച്ചാരയതി

അൎത്ഥം–ഭൂമിയിൽ ആദ്യമുൽപന്നമായ യൂപം മനുഷ്യർ നടത്തുന്ന യജ്ഞത്തിൽ നെയ്, അഞ്ജനം മേഖല മുതലായവ യാൽ എമ്പാടും ശോഭിച്ചുകൊണ്ടു്, ദിവസങ്ങൾക്കു് സുദിനത്വമുണ്ടാക്കിക്കൊണ്ടു് (പശുവിനെക്കെട്ടി, യജ്ഞനിൎവ്വഹണം കൊണ്ടു് ദിവസങ്ങളെ സുദിനങ്ങളാക്കിക്കൊണ്ടു്) വീണ്ടും ജനിക്കുന്നു. അതായതു്–കാട്ടിൽ മരമായി ജനിച്ചതു് യാഗശാലയിൽ യൂപമായി വീണ്ടും ജനിക്കുന്നു. കൎമ്മികളും ജ്ഞാനികളുമായ അധ്വര്യു മുതലായവർ ബുദ്ധികൊണ്ടു്, സ്തുതികൊണ്ടു്, ആ യൂപത്തെ കഴകി വെടപ്പാക്കുന്നു. ദേവന്മാരെ യജിക്കുന്ന മേധാവിയായ ഹോതാവു് യൂപത്തെക്കുറിച്ച സ്തോത്രം ഉച്ചത്തിലുച്ചരിക്കുന്നു.

6 യാൻവോനരോദേവയന്തോ നിമിമ്യു
ൎവ്വനസ്പതേസ്വധിതിൎവ്വാതതക്ഷ
തേദേവാസസ്വരവസ്തസ്ഥിവാംസഃ
പ്രജാവദസ്മേദിധിഷന്തുരത്നം

അന്വയം:–

(ഹേ യൂപാഃ) ദേവ–യന്തഃ — ദേവാൻ കാമയമാനാഃ

നരഃ — കൎമ്മണാം നേതാരഃ, അധ്വര്യ്വാദയഃ

യാൻ വഃ നി–മിമ്യുഃ — യാൻയുഷ്മാൻ അവടേഷു പ്രചിക്ഷിപുഃ

വാ വനസ്പതേ, — അപിച ഹേവനസ്പതേ

സ്വ–ധിതിഃ തതക്ഷ — പരശുഃ ത്വദീയാൻ യൂപാൻ ചിച്ഛേദ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവാസഃ സ്വരവഃ	—	ദീപ്യമാനാഃ ഋത്വിജഃ സ്വരുഃ ശകലവാചീ, തദ്വന്തഃ
തസ്ഥി-വാംസഃ	—	തിഷ്ഠന്തഃ
തേ അസ്മേ പ്രജാ-വൽ	—	താദൃശായൂപാഃ അസ്മൈ യജമാനായ അപത്യസഹിതം
രത്നം ദിധിഷന്തു	—	ഉത്തമംധനം ധാരയന്തു

അത്ഥം—അല്ലയോ യൂപങ്ങളേ, ദേവന്മാരെ (അവരുടെ അനുഗ്രഹം) കാമിയ്ക്കുന്ന കമ്മനേതാക്കളായ അധ്വര്യുമുതലായവർ നിങ്ങഠം യാവരെ കാടുകളിൽ വെട്ടിയിട്ടുവോ, അല്ലയോ വനസ്പതേ, മഴ അവിടുത്തെ യൂപങ്ങളായി മുറിച്ചു. തെളിവേന്തിയ ഋത്വിക്കുകഠം അവിടുത്തെ ശകലങ്ങളോടുകൂടി നിന്നു. ആ വിധമുള്ള യൂപങ്ങഠം ഈ യജമാനന്നുവേണ്ടി സന്തതിയോടു കൂടിയ ഉത്തമധനം ധരിയ്ക്കട്ടെ, കൊടുക്കട്ടെ.

7 യേവൃക്ണാസോഅധിക്ഷമിനിമിതാസോയതസ്രുചഃ

തേനോവ്യന്തുവാര്യംദേവത്രാക്ഷേത്രസാധസഃ

അന്വയം:—

അധി ക്ഷമി	—	ക്ഷമായാം, ഭൂമൌ
വൃക്ണാസഃ യേ	—	പരശുനാച്ഛിന്നാഃ യേയൂപാഃ
യത-സ്രുചഃ	—	ഋത്വിജഃ, തൈഃ
നി-മിതാസഃ	—	അവതേഷ്വനിതരാം പ്രക്ഷിപ്താഃ
ക്ഷേത്ര-സാധസഃ	—	ക്ഷേത്രസ്യ, യജ്ഞസ്യസാധകാഃ
തേ നഃ വാര്യം	—	തേ യൂപാഃ അസ്മദീയം വരണീയം ഹവിഃ
ദേവ-ത്രാ വ്യന്തു	—	ദേവേഷ്വമധ്യേ ഗമയന്തു

അത്ഥം—ഭൂമിയിൽ മഴകൊണ്ടു വെട്ടി വീഴ്ത്തപ്പെട്ട യൂപങ്ങളേവ ഋത്വിക്കുകളാൽ കുഴികളിൽ ഇടപ്പെട്ടുവോ, യജ്ഞസാധകങ്ങളായ അവ നമ്മുടെ ശ്രേഷ്ഠമായ ഹവിസ്സിനെ ദേവന്മാരുടെ മധ്യത്തിലെത്തിയ്ക്കട്ടെ. (യൂപത്തിന്നായി വെട്ടി വീഴ്ത്തിയ മരക്കൊമ്പുകഠംക്കുകൂടി ദൈവികബലം ആരോപിക്കുന്നു.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

8 ആദിത്യാരുദ്രാവസവസ്സുനീഥാ
ദ്യാവാക്ഷാമാപൃഥിവീഅന്തരിക്ഷം
സജോഷസോയജ്ഞമവന്തുദേവാ
ഊർധ്വംകൃണ്വന്ത്വധ്വരസ്യകേതും

അന്വയം:-

സു-നീഥാഃ	—	യജ്ഞസ്യ സുഷ്ഠുനേതാരഃ
ആദിത്യാഃ രുദ്രാഃ,		
വസവഃ	—	ദ്വാദശാദിത്യാഃ, ഏകാദശരുദ്രാഃ, അഷ്ടൌവസവഃ
ദ്യാവാക്ഷാമാ	—	ദ്യാവാപൃഥിവ്യൌ
പൃഥിവീ അന്തരിക്ഷം	—	പൃഥു, വിസ്തീർണ്ണമന്തരിക്ഷം ച (തദഭിമാനി ദേവഃ)
സ-ജോഷസഃ ദേവാഃ	—	ഏതേസർവ്വേ ഐകമത്യേന പരസ്പരം സങ്ഗതാഃ
(അസ്മദീയം) യജ്ഞം		
അവന്തു	—	രക്ഷന്തു
(കിംച) അധ്വരസ്യ		
കേതും	—	ധ്വജഭൂതമിമം യൂപം
ഊർധ്വം കൃണ്വന്തു	—	ഉച്ഛ്രിതം കുർവ്വന്തു

അർത്ഥം-യജ്ഞത്തെ നന്നായി നയിക്കുന്ന പന്ത്രണ്ടാദിത്യന്മാരും, പതിനൊന്നു രുദ്രന്മാരും, എട്ടു വസുക്കളും ദ്യാവാപൃഥിവികളും പരന്ന അന്തരിക്ഷവും (അതിൻെറ അഭിമാനദേവനും) ഈ ദേവജനങ്ങൾ യോജിച്ച്, അന്യോന്യം കൂടിച്ചേർന്ന് നമ്മുടെ യാഗത്തെ രക്ഷിയ്ക്കട്ടെ. പിന്നെ, യജ്ഞത്തിൻെറ കൊടിമരമായ ഈ യൂപത്തെ ഉയർത്തട്ടെ.

9 ഹംസാഇവശ്രേണിശോയതാനാ
ശ്ശുക്രാവസാനാസ്വരവോന ആഗുഃ
ഉന്നീയമാനാഃ കവിഭിഃ പുരസ്താ
ദ്ദേവാദേവാനാമപിയന്തിപാഥഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം;—

ശുക്രാ വസാനാഃ — ശുക്രാണി, ദീപ്താനിവാസാം സ്യാഹരാദയന്തഃ
സ്വരവഃ — സ്വരുമന്തഃ
ഹംസാഃ—ഇവ
ശ്രേണി-ശഃ യതാനാഃ — യഥാ നഭസി പങ്ക്തിശഃ പതന്തോഹംസാഃ ശോഭന്തേ, തദ്വൽ ശോഭമാനായൂപാഃ
നഃ ആ അഗുഃ — അസ്മാൻ പ്രാപുഃ
(അപിച) കവി-ഭിഃ — മേധാവിഭിരധ്വര്യ്വാദിഭിഃ
പുരസ്താൽ — ആഹവനീയപൂർവ്വഭാഗേ
ഉൽ-നീയമാനാഃ — ഉച്ഛ്രീയമാണാഃ
ദേവാഃ — ദീപ്യമാനായൂപാഃ
ദേവാനാം പാഥഃ — സ്ഥാനം, അന്തരിക്ഷം
അപി യന്തി — പ്രാപ്നുവന്തി
(യൂപസ്യ അതിദൈർഘ്യാൽ അന്തരിക്ഷം വ്യാപ്യ വർത്തതേ)

അർത്ഥം—തിളങ്ങുന്ന വസ്ത്രങ്ങളുടുത്തവയും യാഗപശുവിനെ കെട്ടാനുള്ള കവിളിക്കമ്പുള്ളവയും പന്തിയായി പറക്കുന്ന അരയന്നങ്ങൾപോലെ ശോഭയേന്തിയവയുമായ യൂപങ്ങൾ നമ്മളെ പ്രാപിച്ചു കഴിഞ്ഞു. കൂടാതെ, മേധാവികളായ അധ്വര്യു മുതലാവരാൽ ആഹവനീയാഗ്നിയുടെ കിഴക്കു് ഉയർത്തപ്പെടുന്ന തെളിവുററ യൂപങ്ങൾ ദേവന്മാരുടെ സ്ഥാനമായ അന്തരിക്ഷത്തോളമെത്തുന്നു. (യൂപത്തിന്റെ നീളംകൊണ്ടു് അതാകാശത്തിൽ ഉയർന്നു നില്ക്കുന്നു.)

10 ശൃങ്ഗാണീവേച്ഛൃങ്ഗിണാംസംദൃശ്രേ
ചഷാലവന്തസ്വരവഃ പൃഥിവ്യാം
വാഘദ്ഭിർവ്വാവിഹവേ ശ്രോഷമാണാ
അസ്മാँഅവന്തുപൃതനാജ്യേഷു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

സ്വരവഃ	— സ്വരുമന്തഃ
ചഷാല-വന്തഃ	— പ്രതിമുക്തകണ്ഠകാര്യൂപാഃ
പൃഥിവ്യാം ശൃങ്ഗിണാം ശൃങ്ഗാണി–ഇവ സം	— മഹിഷാദീനാം
ദദൃശ്രേ ഇൽ വാ വി–ഹവേ	— വിഷാണാനീവദൃശ്യന്തേ ഏവ
വാഘലൽ–ഭിഃ	— അപിച യജ്ഞേ ഋത്വിഗ്ഭിഃ
ശ്രോഷമാണാഃ	— തൈഃ ക്രിയമാണം ശബ്ദം ശൃണ്വന്തഃ യൂപാഃ
പൃതനാജ്യേഷു	— സങ്ഗ്രാമേഷു, വധസ്ഥലേഷു
അസ്മാൻ അവന്തു	— യജമാനാൻ രക്ഷന്തു

അർത്ഥം—യാഗപശുവിനെ കെട്ടാനുള്ള കവിളിക്കമ്പുകളോടുകൂടിയവയും മുള്ളുകളും ചെത്തിക്കളഞ്ഞവയുമായ യൂപങ്ങളും, ഭൂമിയിൽ കൊമ്പുള്ള പോത്തുകൾ മുതലായവയുടെ കൊമ്പുകൾ പോലെത്തന്നെ കാണപ്പെട്ടു. കൂടാതെ, ഋത്വിക്കുകളാൽ യജ്ഞത്തിൽ ചൊല്ലപ്പെടുന്ന ശബ്ദം കേൾക്കുന്ന യൂപങ്ങൾ യജമാനന്മാരായ നമ്മളെ യുദ്ധങ്ങളിൽ, വധസ്ഥലങ്ങളിൽ രക്ഷിക്കട്ടെ.

11 വനസ്പതേശതവല്ശോവിരോഹ
സഹസ്രവല്ശാവിവയംരുഹേമ
യന്ത്വാമയംസ്വധിതിസ്തേജമാനഃ
പ്രാണിനായമഹതേസൌഭഗായ
വ 4

അന്വയം:—

ഹേ വനസ്പതേ,	— ഛിന്നമൂല, സ്ഥാണോ,
തേജമാനഃ അയം	
സ്വ–ധിതിഃ	— നിശിതധാരഃ പരശുഃ
യം ത്വാം മഹതേ	
സൌഭഗായ	— മഹൽ സൌഭാഗ്യം ബഹുശാഖാലക്ഷണം; തദർത്ഥം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്ര-നിനായ	—	പ്രകഷേണ പ്രാപയാമാസ
ശത-വല്ശഃ	—	ശതശാഖസ്സൻ
വി രോഹ	—	വിശേഷേണ പ്രാദുർഭൂതോഭവ
വയം (അപി)		
സഹസ്ര-വല്ശാഃ	—	പുത്രപൌത്രാദിസന്താനപരമ്പര യാസഹസ്രശാഖാസ്സന്തഃ
വി രുഹേമ	—	വിശേഷേണ പ്രാദുർഭൂതാഭവേമ

അർത്ഥം—അല്ലയോ കടമുറിച്ച വൃക്ഷമേ, തൂണേ, ചാണയ്ക്കു വെച്ച് മൂച്ചുകൂട്ടിയ ഈ മഴു യാതൊരു നിന്നെ മഹത്തായ സൌഭാഗ്യത്തിലെത്തിച്ചുവോ, ആ നീ നൂറു ശാഖകളൊത്തു് മുളച്ചു വരുക—അതായതു്, സൽകമ്മത്തിൽ പങ്കാളിയായി നിൻെറ വംശം വദ്ധിപ്പിക്കുക. ഞങ്ങളും പുത്രപൌത്രാദി സന്താന പരമ്പരയാൽ ആയിരം ശാഖകളോടുകൂടിയവരായിത്തീരാവൂ.

വർഗ്ഗം 5–6 ബൃഹതീത്രിഷ്ടുഭൌച്ഛന്ദസീ, അഗ്നിർദ്ദേവതാ

1 സഖായസ്ത്വാവവൃമഹേ ദേവംമത്താസ ഊതയേ
അപാംനപാതംസുഭഗം സുദീദിതിം
സുപ്രതൂത്തിമനേഹസം

7974

അന്വയം:—

(ഹേ അഗ്നേ), സഖായഃ	—	സോമാജ്യാദിഹവിഷ്പ്രദാനാദിഭിഃ മിത്രാണി
മത്താസഃ	—	മനുഷ്യാഃ, ഋത്വിജോവയം
അപാം നപാതം	—	അപാംനപ്താരം
സു-ഭഗം, സു-ദീദിതിം	—	ശോഭനധനയുക്തം, ശോഭനദീപ്തിം
സു-പ്രതൂത്തിം	—	ശോഭനപ്രതരണം, കമ്മാനുഷ്ഠാതൃഭിസ്സുഖേനഗന്തവ്യം
അനേഹസം	—	ഉപദ്രവരഹിതം
ദേവം ത്വാ ഊതയേ വവൃമഹേ	—	ത്വാം രക്ഷണായ വൃണീമഹേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം—അല്ലയോ അഗ്നേ, സോമം, നെയ് മുതലായ ഹവിസ്സുകൾ തരുന്നതുകൊണ്ടു് ചങ്ങാതികളായ മനുഷ്യർ, ഋത്വിക്കുകളായ ഞങ്ങൾ, ജലങ്ങളുടെ പൌത്രനും (ജലങ്ങളിൽ നിന്നു് വൃക്ഷാദികൾ, വൃക്ഷങ്ങളിൽ നിന്നഗ്നിയുടെ ഉല്പത്തി, അങ്ങിനെ പൌത്രത്വം) ശോഭനധനനും സുപ്രകാശനും കമ്മാനുഷ്ഠാതാക്കൾക്കു് നിഷ്പ്രയാസം അടുത്തണയാവുന്നവനും ഒരിക്കലും ഉപദ്രവിക്കാത്തവനുമായ ദേവനായ അവിടുത്തെ രക്ഷണത്തിന്നായി വരിക്കുന്നു.

2 കായമാനോവനാത്വംയന്മാതൄരജഗന്നപഃ

നതത്തേ അഗ്നേപ്രമൃഷേനിവത്തനം

യദ്ദൂരേസന്നിഹാഭവഃ

അന്വയം:—

ഹേ അഗ്നേ, വനാ	— കാനനാനി
കായമാനഃ ത്വം	— കാമയമാനസ്ത്വം
യൽ മാതൄഃ അപഃ	— യസ്മാൽ കാരണാൽ മാതൃഭൂതാ അപഃ
അജഗൻ	— അഗമഃ, ഗതവാനസി, അപ്സു പ്രവിഷ്ടത്വാൽ ശാന്തോവത്തസേ
തൽ തേ നി–വത്തനം	— തസ്മാൽ തവനിതരാം തത്രൈവ വത്തനംതേനൈവവിനാശഃ
(സഃ വിനാശഃ) ന	
പ്ര–മൃഷേ	— ന പ്രമൃഷ്യതേ നസഹ്യതേ
യൽ ദൂരേ സൻ	— അദൃശ്യതയാ വത്തമാനസ്ത്വം
ഇഹ അഭവഃ	— അസ്മൽസംബന്ധിഷു അരണിരൂപേഷു കാഷ്ഠേഷുമന്ഥനാൽ ക്ഷണമാത്രേണാസ്മാകം സമീപേ ഭവസി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം—അല്ലയോ അഗ്നേ, കാട്ടകളിഷ്ടപ്പെട്ടുന്ന അവിട്ട ന്നു് യാതൊരു കാരണത്താൽ അമ്മമാരായ അപ്പുകളെ (ജലങ്ങ ളെ) പൂകി, അവിയിൽ കെട്ടുകിടന്നുവോ, അക്കാരണത്താൽ അവിടെത്തന്നെയുള്ള കെട്ട കിടപ്പു്, നാശം അവിടേയ്ക്കു പൊറു ക്കാതായി. ദൂരെയായിരുന്നിട്ടും കാണാനൊക്കാതെ വർത്തി ച്ചിട്ടും, അവിടുന്നു് ഞങ്ങളുടെ അരണികളിൽ കടച്ചിൽകൊ ണ്ടു് വളരെ വേഗത്തിൽ അടുക്കൽ വരുന്നുവല്ലൊ (ദേവന്മാരെ കബളിപ്പിയ്ക്കാൻ അഗ്നിജലങ്ങളിൽ പോയി ഒളിച്ചുവെങ്കിലും അതിലെ കെട്ട കിടപ്പു് അവിടേയ്ക്കസഹ്യമായി. അതുകൊ ണ്ടാണു് അരണികൾ കടഞ്ഞപ്പോൾ വേഗം പുറത്തു വന്നതു്)

3 അതിതൃഷ്ടംവവക്ഷിഥാഥൈവസുമനാഅസി

പ്രപ്രാന്യേയന്തിപര്യന്യആസതേ

യേഷാംസഖ്യേഅസിശ്രിതഃ

അന്വയം:—

(ഹേ അഗ്നേ,) തൃഷ്ടം — സ്തോതുസ്തൃഷ്ണാഭിലാഷം, തദുചിതഫലപ്രദാനേന സഫലംകർത്തും

അതി വവക്ഷിഥ — അതിശയേന വോഢുമിച്ഛസി

അഥ ഏവ സു-മനാഃ

അസി — അഥാപി ത്വം സന്തൃപ്തമനസ്സോ വർത്തസേ

(കിംചത്വം) യേഷാം — ഷോഡശാനാമൃത്വിജാം

സഖ്യേ ശ്രിതഃ അസി — മിത്രത്വേ വർത്തസേ

(തേഷാം മധ്യേ) അന്യേ — അധ്വര്യുപ്രഭൃതയോദ്വാ ദശർത്വിജഃ

പ്ര-പ്ര യന്തി — പ്രകർഷേണഹോതും ഗച്ഛന്തി

അന്യേ — ഉൽഗാതൃപ്രഭൃതയശ്ചത്വാരഃ

പരി ആസതേ — പരിത ആസീനാ വർത്തന്തേ

അർത്ഥം—അല്ലയോ അഗ്നേ, അവിടുന്നു് സ്തോതാവിന്റെ വിയർത്തൊലിച്ച സ്തോത്രാലാപത്തെ, അതിന്നുതക്ക ഫലം കൊടുത്തു് കൈക്കൊള്ളാനിച്ഛിക്കുന്നു. കൈക്കൊണ്ടിട്ടു്, അവി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ടുന്നു് വളരെ സന്തൃപ്തമനസ്സനായിരിക്കുന്നു. കൂടാതെ അവിടു ന്നു് പതിനാറു് ഋത്വിക്കുകാക്കും ചങ്ങാതത്തിൽ വർത്തിക്കുന്നു. അവരിൽ അധ്വര്യു മുതലായ പന്ത്രണ്ടു് ഋത്വിക്കുകാം വേണ്ടപോലെ ഹോമിക്കാനായി മുതിരുന്നു. ഉൽഗാതാവു മുതലായി നാലുപേർ ചുററും ഇരിക്കുന്നു.

4 ഈയിവാംസമതിസ്രിധ ശ്ശശ്വതീരതിസശ്ചതഃ

അന്വീമവിന്ദന്നിചിരാസോ അദ്രുഹോ

പ്സുസിംഹമിവശ്രിതം

അന്വയം:–

(ഹേ അഗ്നേ) അദ്രുഹഃ — അദ്രോഗ്ധാരഃ

നി–ചിരാസഃ — നിതരാം ചിരാഃ, ചിരന്തനാദേവാഃ

സ്രിധഃ അതി — ശോഷകാഞ്ഛത്രൂൻ ബലേനാതിക്രമ്യ

ഈയി–വാംസം — ഗച്ഛന്തം

ശശ്വതീഃ സശ്ചതഃ — ബഹ്വീഃ സങ്ഗതികാരിണീസ്സേനാശ്ച

അതി — അതിക്രമ്യഗച്ഛന്തം

അപ്–സു ശ്രിതം — ഉദകേഷ്വതിരോഹിതം

(അത ഏവ)

സിംഹം–ഇവ — ഗുഹാപ്രവിഷ്ടം സിംഹമിവ ഭീമം

ഈം അനു അവിന്ദൻ — ഏനം ത്വാം അനുഗമ്യാലഭന്ത

അത്ഥം–(ദേവന്മാരെ കബളിപ്പിച്ചു് അഗ്നി ഒരിയ്ക്കൽ ജലത്തിൽപോയി ഒളിച്ച കഥ സൂചിപ്പിക്കുന്നു.) അല്ലയോ അഗ്നേ, ദ്രോഹിയ്ക്കാത്തവരായ (സ്നേഹിക്കുന്നവരായ) ചിരം ജീവികാം, (ദേവന്മാർ) തോല്പിക്കാൻ കരുത്തുററ ശത്രുക്കളെ ഊക്കിനാൽ തള്ളിത്തകത്തുപോകുന്നവനും, പിന്നാലെവന്ന അനേക സേനകളെ അതിക്രമിച്ച പോകുന്നവനും ജലങ്ങളിൽ മറഞ്ഞവനും അതുകൊണ്ടുതന്നെ ഗുഹയിൽ കടന്ന സിംഹത്തെപ്പോലെ ഭയങ്കരനുമായ ഈ അവിടുത്തെ പിന്തുടന്നു വീണ്ടു നേടിയല്ലൊ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

5 സസ്സവാംസ്മിവത്മനാഗ്നിമിത്ഥാതിരോഹിതം

ഐനം നയന്മാതരിശ്വാപരാവതോ

ദേവേഭ്യോമഥിതംപരി വ. 5

അന്വയം:–

മാതരിശ്വാ	— വായുഃ
ഇത്ഥാ ത്മനാ തിരഃ–	
ഹിതം	— ഇത്ഥം സ്വേച്ഛയാപ്പുനിലീനം
പരി മഥിതം	— പരിതഃ മന്ഥനേന നിഷ്പാദിതം
ഏനം അഗ്നിം ദേവേഭ്യഃ	— ദേവാർത്ഥം
പരാ–വതഃ	— ദൂരദേശാൽ
സസ്സവാംസം–ഇവ	
ആനയൽ	— യഥാസ്വാചരന്ദ്യേനസരന്തം പുത്രം പിതാ ബലാദാനയതി, തദ്വൽ ആനയൽ

അർത്ഥം—ഇപ്രകാരം തന്നിഷ്ടമനുസരിച്ച് ജലങ്ങളിൽ ഒളിച്ച് കടച്ചിലിൽനിന്ന് എമ്പാടുമുളവായ അഗ്നിയെ, വായു ദേവന്മാൎക്കുവേണ്ടി ദൂരദേശത്തുനിന്ന്, ഇഷ്ടചാരിയായ മകനെ അച്ഛൻ പിടിച്ചുകൊണ്ടുവരുന്നപോലെ, ആനയിച്ചു, കൊണ്ടുവന്നു.

6 തംത്വാമത്താ അഗ്നഭ്ണതദേവേഭ്യോഹവ്യവാഹന

വിശ്വാൻയദ്യജ്ഞാംഅഭിപാസിമാനുഷ

തവക്രത്വായവിഷ്ഠ്യ

അന്വയം:–

ഹേ ഹവ്യ–വാഹന	— ഹവിഷാംവോഢഃ, അഗ്നേ,
ഹേ മാനുഷ, യവിഷ്ഠ്യ	— മനുഷ്യാണാം ഹിതകാരിൻ യുവതമ
തവ ക്രത്വാ	— തവകൎമ്മണാ, മാഹാത്മ്യേന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിശ്വാൻ യജ്ഞാൻ — സർവ്വാനസ്മാഭിഃ ക്രിയമാണാൻ യാഗാൻ
യൽ അഭി–പാസി — യസ്മാൽ കാരണാൽ സർവ്വതഃ പാലയസി
(തസ്മാൽ) മർത്താഃ — മനുഷ്യാഃ അധ്വര്യുപ്രഭൃതയഃ
തം ത്വാ — താദൃശം അപ്സുതിരോഹിതം ത്വാം
ദേവേഭ്യഃ അഗൃഭ്ണത — ദേവാർത്ഥം അഗൃഹ്ണത

അർത്ഥം—ദേവന്മാക്ക് ഹവിസ്സേന്തുന്ന അഗ്നേ, മനുഷ്യക്ക് ക്ഷേമകര, നിത്യയുവാവേ, അവിടുത്തെ കർമ്മത്താൽ, മാഹാത്മ്യത്താൽ ഞങ്ങളനുഷ്ഠിക്കുന്ന എല്ലാ യാഗങ്ങളെയും അവിടുന്ന് സർവ്വ വിധത്തിലും രക്ഷിക്കുന്നതുകൊണ്ട്, മനുഷ്യരായ അധ്വര്യു പ്രഭൃതികൾ ജലങ്ങളിൽ മറഞ്ഞ അവിടുത്തെ ദേവന്മാക്കുവേണ്ടി (അരണി കടഞ്ഞ്) ഗ്രഹിച്ചു. (ദേവന്മാക്കും എളുപ്പം സാധിക്കാത്ത കർമ്മം മന്ത്രശുദ്ധിബലത്താലും ഭക്തിപൂർവ്വമായ കർമ്മത്താലും മനുഷ്യർ നേടി. സത്വശുദ്ധരും സൽകർമ്മവാന്മാരുമായ മനുഷ്യർ ദേവാധിക പ്രഭാവന്മാരാണെന്ന സൂചന.)

7 തദ്ഭദ്രംതവദംസനാപാകായചിച്ഛദയതി
ത്വാംയദഗ്നേപശവസ്സമാസതേ
സമിദ്ധമപിശർവ്വരേ

അന്വയം:—

ഹേ അഗ്നേ, യൽ
അപി–ശർവ്വരേ — യസ്മാൽ കാരണാൽ ശർവ്വരീമുഖേ, അഗ്നിവിഹരണകാലേ
സം–ഇദ്ധം ത്വാം — ദീപ്യമാനം ത്വാം
പശവഃ — ദ്വിപദാശ്ചതുഷ്പാദാശ്ചോഭയേ പശവഃ
സം–ആസതേ — സമ്യഗാസതേ. പര്യുപാസതേ,
തൽ തവ ഭദ്രം — തസ്മാൽ തവസംബന്ധിശോഭനം
ദംസനാ — അഗ്നിഹോത്രാദികം കർമ്മ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാകായ ചിൽ — പാകം, അഭ്കം, തദ്വദജ്ഞമപി (കമ്മണി ചതുത്ഥീ)

ഛദയതി — സ്വഫലപ്രദാനേന പൂജയതി, പശുപുത്രാദിഭിഃ പരിവൃതം കരോതി

അത്ഥം—അല്ലയോ അഗ്നേ, യാതൊരു കാരണത്താൽ രാത്ര്യാരംഭത്തിൽ, അഗ്നിയുടെ വിഹരണ കാലത്തു് പ്രകാശമാനനായ അവിടുത്തെ ഇരുകാലികളും നാല്ക്കാലികളുമായ ജീവികറം സമീപിക്കുന്നുവോ, ഉപാസിക്കുന്നുവോ, അക്കാരണത്താൽ അവിടുത്തെ ഉദ്ദേശിച്ച അഗ്നിഹോത്രാദി ശോഭനേ കമ്മം അതു ചെയ്യുന്ന അറിവില്ലാത്തവനെക്കൂടി ഫലപ്രദാനംകൊണ്ടു് പോഷിപ്പിക്കുന്നു, പശു പുത്രാദികളാൽ പരിവൃതനാക്കുന്നു. (അത്ഥമറിയാതെ, അറിവില്ലാതെപോലും അഗ്നിഹോത്രാദി കമ്മങ്ങറം ചെയ്യുന്നവക്കും അഭീഷ്ടസിദ്ധി ലഭിക്കുമെന്നു് സൂചന. പിന്നെ തജ്ഞാനത്തോടുകൂടി അനുഷ്ഠിക്കുന്നവരുടെഫലസിദ്ധി പറയാനുണ്ടോ?)

8 ആജുഹോതാസ്വധ്വരംശീരംപാവകശോചിഷം
ആശുംദൂതമജിരം പ്രത്നമീഡ്യം
ശ്രുഷ്ടീദേവംസപര്യത

അന്വയം:—
(യജമാനഃ ഋത്വിജഃ പ്രേരയതി)
(ഹേ ഋത്വിജഃ) പാവക—

ശോചിഷം — ശോധകദീപ്തിം

ശീരം — കാഷ്ഠേഷ്വോഷധീഷുചാനുശായിനം

സു—അധ്വരം — ശോഭനയജ്ഞോപേതമഗ്നിം

ആ ജുഹോത — ആഹുതിഭിഃ ആസമന്താൽ തപ്പയത

(അപിച) ആശും ദൂതം — കമ്മണിവ്യാപ്തം ദേവാനാം ദൂതം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അജിരം, പ്രത്നം, ഈഡ്യം — ക്ഷിപ്രം ഗന്താരം, പുരാതനം, സ്തോതവ്യം
ദേവം ശ്രുഷ്ടീ സപര്യത — ക്ഷിപ്രം പൂജയത

അൎത്ഥം—(യജമാനൻ ഋത്വിക്കുകളെ പ്രേരിപ്പിക്കുന്നു) അല്ലയോ ഋത്വിക്കുകളേ, ശുദ്ധീകരിയ്ക്കുന്ന തേജസ്സററവനും വിറകുമുട്ടികളിൽ കിടക്കുന്നവനും ശോഭനയജ്ഞത്തോടു കൂടിയവനുമായ അഗ്നിയെ ആഹുതികളാൽ തികച്ചും തൃപ്തിപ്പെടുത്തുക. കൂടാതെ, കൎമ്മത്തിൽ വ്യാപിച്ചവനും ദേവന്മാരുടെ ദൂതനും ശീഘ്രഗാമിയും പുരാതനനും സ്തുത്യനുമായ ആ ദേവനെ വിളംബം കൂടാതെ പൂജിയ്ക്കുക.

9 ത്രീണിശതാത്രീസഹസ്രാണ്യഗ്നിം
ത്രിംശച്ചദേവാനവചാസപര്യൻ
ഔക്ഷൻഘൃതൈരസ്തൃണൻബൎഹിരസ്മാ
ആദിദ്ധോതാരന്ന്യസാദയന്ത — വ 6

അന്വയം:—

ത്രീണി ശതാ ത്രീ സഹസ്രാണി — ത്രീണിശതാനി ത്രീണി സഹസ്രാണി
ത്രിംശൽ ച നവ ച — ഏകോനചത്വാരിംശദധികശതത്രയോപേതത്രിസഹസ്രസംഖ്യാകാഃ
ദേവാഃ (ഇമം) അഗ്നിം
അസപര്യൻ — അപൂജയൻ
(കിംചതേ ദേവാഃ).
ഘൃതൈഃ ഔക്ഷൻ — അസിഞ്ചൻ
(തഥാ) അസ്മൈ — അഗ്നയേ, തദൎത്ഥം
ബൎഹിഃ അസ്തൃണൻ — ബൎഹിഷാസ്തരണം, വേദ്യാഛാദനമകുൎവ്വൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആൽ ഇൽ — അനന്തരമേവ തേദേവാഃ തസ്മിൻ ബഹിഷി ഏനമഗ്നിം

ഹോതാരം നി
അസാദയന്ത — ഹോതാരംകൃത്വാ ഉപാവേശയൻ (താദൃശമഗ്നിംസപര്യത)

അത്ഥം–മൂവ്വായിരത്തി മുന്നൂററി മുപ്പത്തൊമ്പതു ദേവന്മാർ ഈ അഗ്നിയെ ആരാധിച്ചു. ആ ദേവന്മാർ നെയ്യാൽ അഗ്നിയെ നനച്ചു. (അഗ്നിയിൽ നെയ്യ് ഹോമിച്ചു) അഗ്നിക്കുവേണ്ടി ദർപ്പൽ വിരിച്ച് വേദി മറച്ചു. അനന്തരം അവർ ആ ദർപ്പൽ വിരിപ്പിൽ അഗ്നിയെ ഇരുത്തി. അപ്രകാരമുള്ള അഗ്നിയെ പൂജിക്കുക. (പന്ത്രണ്ടാദിത്യന്മാർ, പതിനൊന്നു രുദ്രന്മാർ, എട്ടു വസുക്കൾ, ഇന്ദ്രൻ, പ്രജാപതി എന്നിവരാണ് മുപ്പത്തിമൂന്നു ദേവന്മാർ. അവരുടെ അംശഭൂതന്മാരോ പെരുക്കങ്ങളോ ആണ് മററെല്ലാ ദേവന്മാരും)

വഗ്ഗം–7–8–ഉഷ്ണിക്ഛന്ദഃ

1 ത്വാമഗ്നേ മനീഷിണസ്സമ്രാജംചഷ്ണീനാം

ദേവംമത്താസഇന്ധതേസമധ്വരേ

അന്വയം:–

ഹേ അഗ്നേ, മനീഷിണഃ — ധീമന്തഃ, അധര്യുപ്രഭൃതയഃ
മത്താസഃ — മനുഷ്യാഃ
ചഷ്ണീനാം സം–രാജം — പ്രജാനാമധിപതിം
ദേവം ത്വാം അധ്വരേ — യജ്ഞേ
സം ഇന്ധതേ — സോമാജ്യപയഃ പ്രഭൃതിഭി രാഹൂതിഭിഃ സമ്യക്ദീപയന്തി

അത്ഥം–അല്ലയോ അഗ്നേ, ജ്ഞാനികളായ അധ്വര്യുപ്രഭൃതികൾ ജനങ്ങളുടെ അധിപതിയായ, ദേവനായ അവിടുത്തെ സോമം, നെയ്യ്, പാൽ മുതലായ ഹവിസ്സുകൾ ഹോമിച്ച് വേണ്ടപോലെ തെളിയിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

2 ത്വാംയജ്ഞേഷ്വൃത്വിജ മഗ്നേഹോതാരമീളതേ

ഗോപാഋതസ്യദീദിഹിസ്വേദമേ

അന്വയം:–

ഹേ അഗ്നേ, യജ്ഞേഷു

ത്വാം — ത്വാം അധ്വര്യ്വാദയഃ

ഹോതാരം ഋത്വിജം

ഈളതേ — ഹോതൃനാമകമൃത്വിജം സ്തുവന്തി

(താദൃശസ്ത്വം) ഋതസ്യ

ഗോപാഃ — സത്യസ്യയജ്ഞസ്യ
പാലയിതാ സൻ

സ്വേ ദമേ — സ്വകീയേഗൃഹേ,
യാഗശാലായാം

ദീദിഹി — ദീപ്യസ്വ

അർത്ഥം–അല്ലയോ അഗ്നേ, യജ്ഞങ്ങളിൽ അവിടുത്തെ, അധ്വര്യു മുതലായവർ ഹോതാവെന്ന ഋത്വിക്കായി സ്തുതിക്കുന്നു. അപ്രകാരമുള്ള അവിടുന്ന് സത്യമായ യജ്ഞത്തിൻെറ രക്ഷകനായി സ്വഗൃഹമായ യാഗശാലയിൽ കത്തിജ്ജ്വലിഞ്ഞാലും.

3 സംഘായയസ്തേദദാശതി സമിധാജാതവേദസേ

സോഅഗ്നേധത്തേസുവീര്യംസപുഷ്യതി

അന്വയം:–

ഹേ അഗ്നേ, യഃ — യഃ യജമാനഃ

ജാത–വേദസേ തേ — ജാതപ്രജ്ഞായ തുഭ്യം

സം–ഇധാ ദദാശതി — സമിന്ധനകാരിണ്യാജ്യ
പുരോഡാശാദി ഹവീംഷി
ദദാതി

സഃ ഘ സു–വീര്യം — സഖലു ശോഭനേ സാമർത്ഥ്യ
യുക്തം പുത്രം

ധത്തേ — ധാരയതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(അപിച) സഃ സഃ
പുഷ്യതി — സ ഏവ പശുപുത്രാദിഭിഃ
സമൃദ്ധോ ഭവതി

അത്ഥം—അല്ലയോ അഗ്നേ, എല്ലാമറിയുന്ന അവിടുത്തേ യ്ക്കായി, ഉരുക്കിയ നെയ്, പുരോഡാശം മുതലായ ഹവിസ്സുകരം ഏതു യജമാനൻ നല്കുന്നുവോ, അവൻ സൽകമ്മ കുശലനായ പുത്രനെ ധരിക്കുന്നു, നേടുന്നു: അവൻ തന്നെ പശു പുത്രാദി ലാഭത്താൽ സമൃദ്ധനായി ഭവിക്കുന്നു.

4 സകേതുരധ്വരാണാമഗ്നിർദ്ദേവേഭിരാഗമൽ
അഞ്ജാനസ്സപ്തഹോതൃഭിർഹവിഷ്മതേ

അന്വയം:—
അധ്വരാണാം, കേതുഃ
സഃ അഗ്നിഃ — യജ്ഞാനാം പ്രജ്ഞാപകോഗ്നിഃ
സപ്ത ഹോതൃ—ഭിഃ — സപ്തഭിർവ്വഷട്കർതൃഭിഃ
അഞ്ജാനഃ — സോമാജ്യാഹുതിഭിരജ്യമാന സ്സൻ
ഹവിഷ്മതേ — യജമാനായ
ദേവേഭിഃ ആ ഗമൽ — ദേവൈസ്സഹാഗച്ഛതു

അത്ഥം—യജ്ഞത്തിൻെറ കൊടിയായ ആ അഗ്നി, ഏഴു വഷട് കത്താക്കളാൽ സോമം, നെയ് മുതലായവയുടെ ആഹുതികൊണ്ടു്, സ്നിഗ്ധനായി. (മെഴുക്കാന്നവനായി) ഹവിസ്സേ ന്നുന്ന യജമാനന്നുവേണ്ടി ദേവന്മാരോടുകൂടി വന്നുചേരട്ടെ.

5 പ്രഹോത്രേപൂർവ്വ്യംവചോഗ്നയേഭരതാബൃഹൽ
വിപാംജ്യോതീംഷിബിഭ്രതേനവേധസേ (വ. 7)

അന്വയം:—
(യജമാനോ ഹോത്രാദീൻ പ്രതിബ്രൂതേ)
(ഹേ ഹോത്രാദയഃ)
വിപാം — വിപ്രാണാം, മേധാവിനാ
മധ്വര്യ്വാദീനാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജ്യോതീംഷി — സൽകർമ്മാനുഷ്ഠാനസമ്പാദ്യാനിതേജാംസി
ബിഭ്രതേ — നിമിത്തതയാ കർത്താണായ
വേധസേ ഹോത്രേ
അഗ്നയേ — ജഗതോവിധാത്രേ, ദേവാനാമാഹ്വാത്രേ അഗ്നയേ
ബൃഹൽ പൂർവ്യം ന വചഃ — മഹൽ യഥാപൂർവ്വൈഃ കൃതം സ്തോത്രശസ്ത്രാദികം വാക്യം തഥാ
പ്ര ഭരത — സമ്പാദയത

അർത്ഥം–(യജമാനൻ ഹോതാവു മുതലായവരോടു പറയുന്നു). അല്ലയോ ഹോതാവു മുതലായ ഋത്വിക്കുകളേ, വിദ്വാന്മാരായ അധ്വര്യു മുതലായവരുടെ സൽകർമ്മാനുഷ്ഠാനം കൊണ്ടു് തേജസ്സുകളുണ്ടാക്കി ഏന്തുന്നവനും ഭുവനത്തിന്റെ സ്രഷ്ടീകർത്താവും ദേവന്മാരെ വിളിയ്ക്കുന്നവനുമായ അഗ്നിയ്ക്കായി, മഹനീയവും പൂർവ്വന്മാരാൽ ചൊല്ലപ്പെട്ടതുപോലെയുള്ളതുമായ സ്തോത്രശസ്ത്രവാക്യം ഒരുക്കുക, ചൊല്ലുക.

6 അഗ്നിംവർദ്ധന്തുനോഗിരോയതോജായതഉക്ഥ്യഃ
മഹേവാജായദ്രവിണായ ദർശതഃ

അന്വയം:–

(യോയമഗ്നിഃ) യതഃ — യാഭിസ്തുതിരുപാഭിർവ്വാക്ഭിഃ
ഉക്ഥ്യഃ ജായതേ — അതിശയേന പ്രശസ്യഃ, സ്തുത്യഃ ഭവതി
(യശ്ചായമഗ്നിഃ) മഹേ
വാജായ — മഹതേ അന്നായ
ദ്രവിണായ ദർശതഃ — ധനായച ദർശനീയോഭവതി
(തമിമം) അഗ്നിം നഃ
ഗിരഃ വർദ്ധന്തു — അസ്മാകം സ്തുതിരൂപാവാചഃ വർദ്ധയന്തു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം---യാതൊരു ഈ അഗ്നി ഏതേതു സ്തോത്രരൂപ വാക്കുകളാൽ സ്തുത്യനാണോ, യാതൊരഗ്നി മഹത്തായ അന്ന ത്തിന്നും ധനത്തിന്നും വേണ്ടി സമീപിയ്ക്കപ്പെടേണ്ടവനാണോ, കാണപ്പെടേണ്ടവനാണോ, ആ ഈ അഗ്നിയെ നമ്മുടെ സ്തുതി വാക്കുകറം വളത്തട്ടെ.

7 അഗ്നേയജിഷ്ഠോഅധ്വരേദേവാന്ദേവയതേയജ
ഹോതാമന്ദ്രോവിരാജസ്യതിസ്രിധഃ

അന്വയം:—

ഹേ അഗ്നേ, യജിഷ്ഠഃ — യഷ്ടൃതമസ്ത്വം
അധ്വരേ ദേവ–യതേ — യജ്ഞേ ദേവാൻ കാമയതേ യജമാനായ
ദേവാൻ യജ — പൂജയ
(കിംച) ഹോതാ, മന്ദ്രഃ — ദേവാനാമാഹ്വാതാ, യജമാനസ്യ മാദയിതാ ത്വം
സ്രിധഃ അതി വി
രാജസി — ക്ഷപയിതൄൻ ശത്രൂൻ അതിക്രമ്യ വിശേഷേണ ശോഭസേ

അത്ഥം—അല്ലയോ അഗ്നേ, ഏററവും യജിയ്ക്കപ്പെടേണ്ട അവിടുന്നു് യജ്ഞത്തിൽ ദേവന്മാരെ (അവരുടെ അനുഗ്രഹം) കാമിയ്ക്കുന്ന യജമാനനുവേണ്ടി, അവരെ പൂജിയ്ക്കുക. കൂടാതെ, ദേവന്മാരെ വിളിയ്ക്കുന്നവനും യജമാനനെ ഹഷിപ്പിയ്ക്കുന്നവനു മായ അവിടുന്നു് നശിപ്പിയ്ക്കാൻ വരുന്ന ശത്രുക്കളെ അതിക്രമി ച്ച്, നന്നായിശ്ശോഭിക്കുന്നു.

8 സനഃപാവകദീദിഹിദ്യുമദസ്മേസുവീര്യം
വോസ്തോതൃഭ്യോഅന്തമസ്വസ്ഥയേ

*3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

നഃ പാവക, — അസ്മൽ സംബന്ധിനഃ പാപസ്യ ശോധക, ഹേ അഗ്നേ,

സഃ (ത്വം) ദ്യു—മൽ,

സു—വീര്യം — കാന്തിയുക്തം, ശോഭനസാമർത്ഥ്യോപേതം, ദാനഭോഗാർഹംധനം

അസ്മേ ദീദിഹി — അസ്മഭ്യം ദീപ്യസ്വ

(കിംച) സ്തോതൃ—ഭ്യഃ — ത്വദ്വിഷയസ്തുതികാരിണാം ഹോത്രാദീനാം (ഷഷ്ട്യർത്ഥേ ചതുർത്ഥീ)

സ്വസ്തയേ — അവിനാശനായ, ക്ഷേമായ

അന്തമഃ ഭവ — തേഷാം അതിശയേന അന്തിക (സമീപ) വർത്തീഭവ

അർത്ഥം-ഞങ്ങളുടെ പാപത്തെ കഴുകിക്കളഞ്ഞു ശുദ്ധിവരുത്തുന്ന അഗ്നേ, (മുൻപറഞ്ഞ ഗുണങ്ങളോടുകൂടിയ) ആ അവിടുന്ന് ദാനത്തിന്നും ഭോഗത്തിന്നുമായി (ദാനംകൊണ്ടു മാത്രമേ ഭോഗം നിലനിൽക്കൂ) കാന്തിമത്തും നല്ല കഴിവിയററുന്നതുമായ ധനം ഞങ്ങൾക്കു് തെളിയിച്ചാലും. പിന്നെ, അവിടുത്തെ സ്തുതിക്കുന്ന ഹോതാവു മുതലായവക്കു് ഏററവും സമീപവർത്തിയായി, ഗൃഹവർത്തിയായി ഭവിച്ചാലും.

9 തംത്വാവിപ്രാവിപന്യവോ
ജാഗൃവാംസസ്സമിന്ധതേ
ഹവ്യവാഹമമർത്യം സഹോവൃധം വ 8

അന്വയം:—

ജാഗൃ—വാംസഃ — അഗ്നിഹോത്രാദി കർമ്മണ്യ പ്രമത്തതയാ പ്രബുദ്ധാഃ

വിപ്രാഃ, വിപന്യവഃ — മേധാവിനഃ സ്തോതാരഃ

ഹവ്യ—വാഹം — ഹവിഷാം വോഢാരം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അമർത്യം, സഹഃ–വൃധം
തം ത്വാ — മരണധർമ്മരഹിതം, സഹസാ, മഥനരൂപേണ ബലേന വർദ്ധമാനം ത്വാം
സം ഇന്ധതേ — സോമാജ്യാദ്യാഹുതിഭിസ്സമ്യഗ്ദീപയന്തി

അർത്ഥം–അല്ലയോ അഗ്നേ, അഗ്നിഹോത്രാദി കർമ്മങ്ങളിൽ പിഴവരുത്താതെ ഉണർവ്വുററവരും വിദ്വാന്മാരുമായ സ്തോതാക്കരം, ഹവിസ്സേന്തുന്നവനും മരണധർമ്മം ബാധിയ്ക്കാത്തവനും കടച്ചിലിൻെറ ബലത്താൽ വളരുന്നവനുമായ ആ അങ്ങയെത്തന്നെ സോമം, നെയ് മുതലായവ ഹോമിച്ച നന്നായി ജ്വലിപ്പിയ്ക്കുന്നു.

വർഗ്ഗം—9—10 – ഗായത്രീച്ഛന്ദഃ

1 അഗ്നിർഹോതാപുരോഹിതോധ്വരസ്യവിചർഷണിഃ
സവേദയജ്ഞമാനുഷക്

അന്വയം:–
(വിശ്വാമിത്രസ്സ്തൗതി)
ഹോതാ, പുരഃ–ഹിതഃ — ദേവാനാമാഹ്വാതാ, പുരത ഏവാഭിമതഫല സമ്പാദകത്വേന ഹിതകാരീ
അധ്വരസ്യ
വി–ചർഷണിഃ — യജ്ഞസ്യ വിശേഷേണ ദ്രഷ്ടാ
സഃ അഗ്നിഃ ആനുഷക് — ആനുപൂർവ്യേണ സക്തം
യജ്ഞം വേദ — അഗ്നിഷ്ടോമാദികം ജാനാതി

അർത്ഥം–(വിശ്വാമിത്രൻ സ്തുതിക്കുന്നു.) –ദേവന്മാരെ വിളിക്കുന്നവനും അഭിമതഫലം കൊടുപ്പാൻ മുമ്പിൽ തന്നെയിരിക്കുന്ന ക്ഷേമകാരിയും യജ്ഞത്തെ നന്നായി കാണുന്നവനുമായ ആ അഗ്നി, മുമ്പുപിമ്പ് ഇന്നിന്നതനുഷ്ഠിയ്ക്കണമെന്ന നിയമത്താൽ ബദ്ധമായ, അഗ്നിഷ്ടോമം മുതലായ യജ്ഞത്തെ അറിയുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

2 സഹവ്യവാളമർത്യഉശിഗ്ദൂതശ്ചനോഹിതഃ
അഗ്നിർധിയാസമൃണ്വതി

അന്വയം:–

ഹവ്യ–വാട് അമർത്യഃ	— ഹവിഷാം വോഢാ, മരണ ധർമ്മരഹിതഃ
ഉശിക്, ദൂതഃ	— ഹവിഃ കാമയമാനഃ, ദേവാനാം ദൂതഃ
ചനഃ–ഹിതഃ	— ചനസേ, ഹവിരന്നായ ഹിതഃ, നിഹിതഃ
സഃ അഗ്നിഃ ധിയാ	— പ്രജ്ഞയാ
സം ഋണ്വതി	— സങ്ഗച്ഛതേ, കർമ്മവിഷയ പ്രജ്ഞാനവിതോഗ്നിഃ അസ്മാൻ അപിതാദൃക്പ്രജ്ഞാനവിതാൻ കരോതു

അർത്ഥം–ദേവന്മാർക്ക് ഹവിസ്സുവഹിക്കുന്നവനും മരണമില്ലാത്തവനും സ്വയം ഹവിസ്സിഷ്ടപ്പെടുന്നവനും ഹവിരന്നത്തിനുവേണ്ടി സ്ഥാപിതനുമായ ആ അഗ്നി സ്വപ്രജ്ഞയാൽ വന്നു ചേരുന്നു. (കർമ്മവിഷയകമായ ജ്ഞാനത്തോടുകൂടിയ അവിടുന്ന് നമ്മളെയും കർമ്മജ്ഞന്മാരാക്കട്ടെ.)

3 അഗ്നിർധിയാസചേതതികേതുര്യജ്ഞസ്യപൂർവ്വ്യഃ
അർത്ഥംഹ്യസ്യതരണി

അന്വയം:–

യജ്ഞസ്യ കേതുഃ	— പ്രജ്ഞാപകഃ
പൂർവ്യഃ സഃ അഗ്നിഃ	— പൂർവ്വം ഭവഃ, പുരാതനസ്സോഗ്നിഃ
ധിയാ ചേതതി	— പ്രജ്ഞയാ സർവ്വം ജാനീതേ
(അസ്യാഗ്നേഃ) അർത്ഥം	— ഗമനസ്വഭാവം തേജഃ
അസ്യ തരണി ഹി	— ആകാശേ ദൃശ്യമാനസ്യ തമസഃ താരകം ഖലു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം—യജ്ഞത്തിൻെറ കൊടിയും (യാഗം നടക്കുന്നതറിയിക്കുന്നവനും) പണ്ടുപണ്ടുമുതല്ക്കേ ഉള്ളവനുമായ ആ അഗ്നി സ്വന്തം പ്രജ്ഞകൊണ്ട് എല്ലാമറിയുന്നു. ആ അഗ്നിയുടെ ഗമനശീലമായ തേജസ്സ് ആകാശത്തിൽ കാണപ്പെടുന്ന (ഹൃദയാകാശത്തിലുള്ള) ഇരുട്ടിനെ അകററുന്നതാണല്ലൊ.

4 അഗ്നിംസൂനും സനശ്രുതംസഹസോജാതവേദസം
വഹ്നിംദേവാ അകൃണ്വത

അന്വയം:—

സഹസഃ സൂനും — (മഥനരൂപേണ) ബലസ്യപുത്രം
സന-ശ്രുതം — സനാതനത്വേനപ്രസിദ്ധം
ജാത—വേദസം അഗ്നിം — ജാതപ്രജ്ഞം തം
ദേവാഃ വഹ്നിം അകൃണ്വത — ഹവിർഭുജോദേവാഃ ഹവിഷാം വോഢാരമകുർവ്വത

അർത്ഥം—കടച്ചിൽകൊണ്ടുള്ള ബലത്തിൻെറ പുത്രനും എന്നെന്നുമുള്ളവനെന്ന് പ്രസിദ്ധനും എല്ലാമറിയുന്നവനുമായ അഗ്നിയെ ഹവിർഭുക്കുകളായ ദേവന്മാർ ഹവിസ്സു വഹിയ്ക്കുന്നവനാക്കിച്ചെയ്തു.

5 അദാഭ്യഃ പുരഏതാവിശാമഗ്നിർമ്മാനുഷീണാം
തൂർണ്ണീരഥസ്സദാനവഃ

അന്വയം:—

മാനുഷീണാം വിശാം — മനോർജ്ജാതാനാം പ്രജാനാം
പുരഃ—ഏതാ — സന്മാർഗ്ഗപ്രദർശനേനാഗ്രതോഗന്താ
(അത ഏവ) തൂർണ്ണിഃ — താഃ പ്രജാഃ വൈദികകർമ്മ പ്രവർത്തകത്വേന അനുഗ്രഹീതും ത്വരായുക്തഃ
രഥഃ — ഹവിഷാം വഹനാദ്രഥസദൃശഃ
സദാ നവഃ — സർവ്വദാ നൂതനഃ
അഗ്നിഃ അദാഭ്യഃ — അഹിംസ്യഃ നകേനാപി തിരസ്കാര്യഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം–മനുജാതരായ (മനുഷ്യരായ) പ്രജകൾക്ക് സന്മാർഗ്ഗദർശകനായി മുമ്പിൽ നടക്കുന്നവനും, അതുകൊണ്ടുതന്നെ സൽകർമ്മപ്രവർത്തകത്വം കൊണ്ട് അവരെ അനുഗ്രഹിപ്പാൻ വെമ്പുന്നവനും, ഹവിസ്സു വഹിക്കുന്നതുകൊണ്ട് തേരിനൊത്തവനും, എന്നും പുതിയവനുമായ അഗ്നി ആരാലും ഹിംസിക്കപ്പെടാൻ, തിരസ്ക്കരിക്കപ്പെടാൻ വയ്യാത്തവനത്രേ.

6 സാഹ്വാൻവിശ്വാഅഭിയുജഃക്രതുർദ്ദേവാനാമമൃക്തഃ
അഗ്നിസ്തുവിശ്രവസ്തമഃ

അന്വയം:–

അഭി–യുജഃ വിശ്വാഃ	— അഭിയോക്ത്രീഃ സർവ്വാസ്സേനാഃ
സഹ്വാൻ	— സഹമാനഃ, സ്വബലേന തിരസ്കുർവ്വാണഃ
(അത ഏവ) അമൃക്തഃ	— ശത്രുഭിരഹിംസിതഃ
ദേവാനാം ക്രതുഃ	— കർത്താ, ഹവിഷ്പ്രദാനേന പോഷകഃ
അഗ്നിഃ തുവിശ്രവഃ–തമഃ	— അതിശയേന ബഹുവിധാന്നോപേതഃ വർത്തതേ (അസ്മാനപി ബഹുവിധാന്നോപേതാൻ കരോതു)

അർത്ഥം–നേരിട്ടു പടകൂട്ടി വരുന്ന എല്ലാ സേനകളെയും സ്വബലംകൊണ്ടു പിന്തിരിപ്പിക്കുന്നവനും, അതുകൊണ്ടുതന്നെ ശത്രുക്കൾക്ക് അനതിക്രമ്യനും, ഹവിസ്സേകുന്നതുവഴി ദേവന്മാരുടെ കർത്താവും പോഷകനുമായ അഗ്നി പലവിധം അന്നങ്ങളോടു കൂടിയവനാകുന്നു. (നമ്മളെയും പലവിധം അന്നങ്ങളോടു കൂടിയവരാക്കട്ടെ.)

7 അഭിപ്രയാംസിവാഹസാ ദാശ്വാ്അശ്നോതിമർത്ത്യഃ
ക്ഷയംപാവകശോചിഷഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

ദാശ്വാൻ മർത്ത്യഃ — ഹവിഷാം ദാതാ മനുഷ്യഃ, യജമാനഃ
വാഹസാ — ഹവിഷാം വാഹകേനാഗ്നിനാ
പ്രയാംസി അഭി
അശ്നോതി — അന്നാനി അഭിതഃ, സവ്വതഃ പ്രാപ്നോതി
(കിംച)
പാവക-ശോചിഷഃ — ശോധകദീപ്തേരഗ്നേഃ സകാശാൽ
ക്ഷയം — ഗൃഹം ച അഭ്യശ്നോതി

അത്ഥം-ഹവിസ്സേകുന്ന യജമാനൻ ദേവന്മാക്കു് ഹവിസ്സു വഹിക്കുന്ന അഗ്നിയാലാണു് (അവിടുത്തെ അനുഗ്രഹത്താലാണു്) അന്നങ്ങളെല്ലാം പ്രാപിക്കുന്നതു്. പിന്നെ, ശുദ്ധീകരിക്കുന്ന തേജസ്സുററ അഗ്നിയിൽ നിന്നാണു് ഗൃഹവും നേടുന്നതു്. (ഉണ്ണുന്ന ചോറും ഇരിക്കുന്ന വീടും അഗ്ന്യനുഗ്രഹത്താലാണെന്നു്.)

8 പരിവിശ്വാനിസുധിതാഗ്നേരശ്യാമമന്മഭിഃ
വിപ്രാസോജാതവേദസഃ

അന്വയം:-

വിപ്രാസഃ — മേധാവിനഃ ഹോത്രാദയോ വയം
ജാത-വേദസഃ അഗ്നേഃ — ജാതപ്രജ്ഞസ്യാഗ്നേഃ സംബന്ധിഭിഃ
മന്മ-ഭിഃ — മനനീയൈസ്തോത്രൈഃ
വിശ്വാനി സു-ധിതാ — സവ്വാണിസുഹിതാന്യഭിലഷിതാനിവസൂനി
പരി അശ്യാമ — സവ്വതഃ പ്രാപ്നുയാമ

അത്ഥം-മേധാവികളായ ഹോതാവു മുതലായ ഞങ്ങൾ സവ്വജ്ഞനായ അഗ്നിയെസ്സംബന്ധിച്ച മനോഹരങ്ങളായ സ്തോത്രങ്ങളാൽ, ആഗ്രഹിക്കപ്പെട്ട സുഹിതങ്ങളായ ധനങ്ങളെ എങ്ങും പ്രാപിക്കാവൂ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

9 അഗ്നേവിശ്വാനിവാര്യാവാജേഷുസനിഷാമഹേ

ത്വേദേവാസഏരിരേ വ. 10

അന്വയം:-

ഹേ അഗ്നേ, വാര്യാ	—	വരണീയാനി
വിശ്വാനി	—	സർവ്വാണി ധനാനി
വാജേഷു സനിഷാമഹേ	—	യുദ്ധേഷു സംഭജാമഹേ
ദേവാസ:	—	പൂർവ്വമസ്മാഭിരിഷ്ടാദേവാഃ അസ്മദഭിമതഫലപ്രദാനായ
ത്വേ ആ ഈരിരേ	—	ത്വയി ആസമന്താദഗമൻ, ത്വയി പ്രവിഷ്ടാഃ

(സർവ്വഥാപിത്വത്സകാശാൽ ഫലം ലഭേമഹി)

അർത്ഥം—അല്ലയോ അഗ്നേ, വരണീയങ്ങളായ, പ്രാപിക്കേണ്ടവയായ, എല്ലാ ധനങ്ങളെയും ഞങ്ങൾ നേടാവൂ. മുമ്പു ഞങ്ങളാൽ യജിക്കപ്പെട്ട ദേവന്മാർ അഭീഷ്ടം തന്നരുളുവാൻ അവിടുന്നിലാണ് എത്തുന്നതു്, പ്രവേശിക്കുന്നതു്. (എന്തുകൊണ്ടും അവിടുത്തെ അടുക്കൽ നിന്നാണ് കർമ്മങ്ങൾക്ക് ഫലസിദ്ധി.)

വർഗ്ഗം—11–12 ഇന്ദ്രാഗ്നീദേവതാ

1 ഇന്ദ്രാഗ്നീആഗതംസുതംഗീർഭിർന്നഭോവരേണ്യം

അസ്യപാതംധിയേഷിതാ

അന്വയം:-

ഹേ ഇന്ദ്രാഗ്നീ, സുതം	—	അഭിഷവസംസ്കൃതം (അത ഏവ)
വരേണ്യം	—	വരണീയമിമം സോമം പ്രതി
ഗീഃ-ഭിഃ	—	അസ്മദീയാഭിസ്തുതിരൂപാഭിഃ വാഗ്ഭിരാഹൂതൌ സന്തൌ
നഭഃ ആ ഗതം	—	നഭസഃ സ്വർഗ്ഗസ്ഥാനാദാ ഗച്ഛതം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(ആഗത്യച) ധിയാ
ഇഷിതാ — അസ്മാഭിഃ ക്രിയമാണേന
കർമ്മണാ പ്രേരിതൌയുവാം
അസ്യ പാതം — ഇമം സോമം പിബതം
(കർമ്മണ്യത്ഥേഷഷ്ഠീ)

അർത്ഥം—അല്ലയോ ഇന്ദ്രാഗ്നികളേ, ചതച്ചു സംസ്കരിച്ചതും അതുകൊണ്ടുതന്നെ ശ്രേഷ്ഠവുമായ ഈ സോമത്തെ ഉദ്ദേശിച്ച് ഞങ്ങളുടെ സ്തുതിരൂപങ്ങളായ വചനങ്ങളാൽ വിളിയ്ക്കപ്പെട്ടവരായി, സ്വർഗ്ഗസ്ഥാനത്തുനിന്ന് വന്നുചേർന്നാലും. വന്നിട്ട് ഞങ്ങളാലനുഷ്ഠിയ്ക്കപ്പെടുന്ന കർമ്മത്താൽ പ്രേരിതരായി ഈ സോമം കുടിച്ചാലും.

2 ഇന്ദ്രാഗ്നീജരിതുസ്സചായജ്ഞോജിഗാതിചേതനഃ
അയാപാതമിമംസുതം

അന്വയം:—

ഹേ ഇന്ദ്രാഗ്നീ, ജരിതുഃ
സചാ — സ്തോതുഃ സ്വർഗ്ഗാദിലക്ഷണ
ഫലപ്രാപ്തൌ സഹായഭൂതഃ
യജ്ഞഃ — ജ്യോതിഷ്ടോമാദിയജ്ഞ
സാധനഭൂതഃ
ചേതനഃ — ഇന്ദ്രിയാണാം ചേതയിതാ
ആപ്യായനകാരീസൻ,
അസൌസോമഃ
(യുവാം) ജിഗാതി — യുവാം അഭിഗച്ഛതി
അയാ — അസ്മദീയ സ്തുതിലക്ഷണയാ
അനയാവാചാഹൂതൌ സന്തൌ
സുതം ഇമം പാതം — അഭിഷുതമിമം സോമം
പിബതം

അർത്ഥം—അല്ലയോ ഇന്ദ്രാഗ്നികളേ, സ്തോതാവിന്ന് സ്വർഗ്ഗാദിഫലപ്രാപ്തിയിൽ സഹായഭൂതമായി, ഇന്ദ്രിയങ്ങൾക്ക് ഉത്തേജകമായി, പ്രവർദ്ധകമായ ഈ സോമം നിങ്ങളുടെ അടു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കലേക്ക ഇതാ വരുന്നു. ഞങ്ങളുടെ സ്തുതിരൂപമായ വചനത്താൽ വിളിക്കപ്പെട്ടവരായി, ചതച്ച സംസ്കരിച്ച ഈ സോമം കുടിച്ചാലും.

3 ഇന്ദ്രമഗ്നിംകവിച്ഛദാ യജ്ഞസ്യജൂത്യാവൃണേ
താസോമസ്യേഹതൃമ്പതാം

അന്വയം:–

യജ്ഞസ്യ ജൂത്യാ	— യജ്ഞസാധനഭൂതസ്യസോമസ്യ പ്രേരണയാ (സാധനമുപലഭ്യ തൽസാദ്ധ്യക്രതൌ യജമാനഃ പ്രവർത്തതേ ഇതിതസ്യ പ്രേരകത്വം)
(തയാപ്രേരിതോഹം)	
കവി-ഛദാ	— കവീനാം, സ്തോതൄണാം ഉചിതഫലപ്രദാനേനോപച്ഛന്ദകൌ
ഇന്ദ്രം അഗ്നിം (ഉഭയുവാം)	
വൃണേ	— സോമപാനാർത്ഥമിഹകർമ്മണ്യാഗച്ഛതമിതി സംഭജേ
താ ഇഹ	— താവിന്ദ്രാഗ്നീ അസ്മദീയേ കർമ്മണി
സോമസ്യ തൃമ്പതാം	— സോമപാനേനതൃപ്യതാം

അർത്ഥം—യജ്ഞസാധനമായ സോമത്തിന്റെ പ്രേരണയാൽ (സാധനലബ്ധികൊണ്ടു് സാദ്ധ്യമായ യജ്ഞത്തിൽ പ്രവർത്തിക്കുന്നു എന്നതു് സാധനത്തിന്റെ പ്രേരകത്വം) ഞാൻ, സ്തോതാക്കൾക്കു് കർമ്മഫലം കൊടുത്തരുളുന്ന ഇന്ദ്രനുമഗ്നിയുമായ നിങ്ങളെ, സോമപാനത്തിന്നായി ഭജിക്കുന്നു. ആ ഇന്ദ്രാഗ്നികൾ നമ്മുടെ കർമ്മത്തിൽ സോമപാനംകൊണ്ടു തൃപ്തരാവട്ടെ.

4 തോശാവൃത്രഹണാഹുവേ സജിത്വാനാപരാജിതാ
ഇന്ദ്രാഗ്നീവാജസാതമാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

തോശാ, വൃത്ര-ഹനാ — ശത്രൂണാംബാധകൌ, വൃത്രസ്യ, പാപസ്യഹന്താരൌ

സ-ജിത്വാനാ,

അപരാ-ജിതാ — സമാനജേതാരൌ, കേനാപ്യ തിരസ്കൃതൌ

വാജ-സാതമാ — അന്നസ്യാതിശയേന ദാതാരൌ

ഇന്ദ്രാഗ്നീ (യുവാം) ഹുവേ — ഇഹകർമ്മണി ആഹ്വയാമി

അർത്ഥം—ശത്രുഞ്ജയന്മാരും വൃത്രന്റെ—അല്ലെങ്കിൽ പാപത്തിന്റെ—ഹന്താക്കളും ഒരുപോലെ ജയശീലന്മാരും ഒരിയ്ക്കലുമാരാലും തോല്പിക്കപ്പെടാത്തവരും, മികച്ച അന്നദാതാക്കളുമായ ഇന്ദ്രാഗ്നികളായ നിങ്ങളെ ഈ കർമ്മത്തിൽ ഞാൻ വിളിയ്ക്കുന്നു.

5 പ്രവാമർച്ചന്ത്യുക്ഥിനോനീഥാവിദോജരിതാരഃ

ഇന്ദ്രാഗ്നീഇഷആവൃണേ വ. 11

അന്വയം:—

ഹേ ഇന്ദ്രാഗ്നീ, ഉക്ഥിനഃ — ശസ്ത്രവന്തഃ, ഹോത്രാദയഃ

വാം പ്ര അർച്ചന്തി — ഇഹകർമ്മണി സ്തുതിരൂപാഭിർവ്വാഗ്ഭിഃ പൂജയന്തി

(തഥാ) നീഥ-വിദഃ — സ്തോത്രാഭിജ്ഞാഃ സാമ ഗാനകുശലാഃ

ജരിതാരഃ — ഉൽഗാത്രാദയഃ, അഭിലഷിത ഫലപ്രാപ്തയേ യുവാമർച്ചന്തി

(അഹമപി) ഇഷഃ — അന്നസ്യലാഭാർത്ഥം

(യുവാം) ആ വൃണേ — സർവ്വതസ്സംഭജേ

അർത്ഥം—അല്പയോ ഇന്ദ്രാഗ്നികളേ, ശസ്ത്രത്തോടുകൂടിയ ഹോതാവു മുതലായവർ നിങ്ങളെ സ്തുതിവാക്കുകളാൽ പൂജിക്കുന്നു. അതുപോലെ സാമഗാനകുശലന്മാരായ ഉൽഗാതാവു മുതലായവർ, ആഗ്രഹിക്കപ്പെട്ട ഫലസിദ്ധിക്കായി, പൂജിക്കുന്നു. ഞാനും അന്നലാഭത്തിന്നുവേണ്ടി അവിടുത്തെ സർവ്വവിധത്തിലും പ്രാപിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

6 ഇന്ദ്രാഗ്നീനവതിംപുരോദാസപത്നീരധൂനുതം

സാകമേകേനകർമ്മണാ

അന്വയം:—

ഹേ ഇന്ദ്രാഗ്നീ, ദാസ-
പത്നീഃ — ദാസയന്തി, ഉപക്ഷയന്തീതി ദാസാഃ ശത്രവഃ തേപതയഃ, പാലകാഃ യാസാം താഃ

നവതിം പുരഃ — നവതിസംഖ്യാകാഃ പുരീഃ

ഏകേന കർമ്മണാ — ഏകേനേവോദ്യോഗേനയുവാം

സാകം അധൂനുതം — സഹ, യുഗപൽ അകമ്പയതം (താവിന്ദ്രാഗ്നീ ആഹ്വയാമി)

അർത്ഥം—അല്ലയോ ഇന്ദ്രാഗ്നികളേ, ശത്രുക്കരം രക്ഷിച്ചു കാത്തുപോന്ന തൊണ്ണൂറ് നഗരങ്ങളെ നിങ്ങരം ഒത്തുകൂടി, ഒരേ സമയത്തു്, ഒററ ആക്രമണം കൊണ്ടു്, വിറപ്പിച്ചു. ആ ഇന്ദ്രാഗ്നികളെ വിളിക്കുന്നു.

7 ഇന്ദ്രാഗ്നീഅപസസ്പര്യുപപ്രയന്തിധീതയഃ

ഋതസ്യപത്ഥ്യാ ꣡ ꣡ അനു

അന്വയം:—

ഹേ ഇന്ദ്രാഗ്നീ, ധീതയഃ — സോമസ്യധാതാരഃ, പാതാരഃ, ഹോത്രാദയഃ

ഋതസ്യ പത്ഥ്യാഃ അനു — കർമ്മഫലസ്യമാർഗ്ഗാൻ ലക്ഷീകൃത്യ

അപസഃ — അസ്മാഭിഃ ക്രിയമാണസ്യ കർമ്മണഃ

പരി ഉപ പ്ര യന്തി — സർവ്വതസ്സമീപേ പ്രകർഷേണ വർത്തന്തേ

(അതഃ യുവാമാഗച്ഛതം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം—അല്പയോ ഇന്ദ്രാഗ്നികളേ, സോമമുണ്ടാക്കുന്നവരും പാലിയ്ക്കുന്നവരുമായ ഹോതാവു മുതലായവർ കർമ്മഫലത്തിന്റെ വഴി ഉന്നംവെച്ച് (നിങ്ങളെ ഉദ്ദേശിച്ച്) ഞങ്ങളാൽ ചെയ്യപ്പെടുന്ന കർമ്മത്തിന്റെ സമീപത്തുതന്നെ വേണ്ടപോലെ വർത്തിക്കുന്നു. അതിനാൽ നിങ്ങൾ വന്നുചേർന്നാലും.

8 ഇന്ദ്രാഗ്നീതവിഷാണിവാംസധസ്ഥാനിപ്രയാംസിച
യുവോരപ്തൂര്യംഹിതം

അന്വയം:—

ഹേ ഇന്ദ്രഗ്നീ, വാം
തവിഷാണി — യുവയോർബ്ബലാനി
പ്രയാംസി ച — അന്നാനിച
സധ—സ്ഥാനി — പരസ്പരമവിയുജ്യ വർത്തന്തേ
(തഥാ) അപ്—തൂര്യം — വൃഷ്ടിദ്വാരാ അപാം പ്രേരകത്വം
യുവോഃ ഹിതം — യുവയോരേവനിഹിതം വർത്തതേ (തസ്മാൽ സർവ്വകർമ്മസു ഇന്ദ്രാഗ്നേ്യാഃ സഹൈവ വർത്തമാനത്വം)

അർത്ഥം—അല്പയോ ഇന്ദ്രാഗ്നികളേ, നിങ്ങളുടെ ബലങ്ങളും അന്നങ്ങളും അന്യോന്യമൊത്തുനില്ക്കുന്നു. മഴവഴി ജലങ്ങളുടെ പ്രേരകത്വം നിങ്ങളിൽ തന്നെ ഉറച്ചു നില്ക്കുന്നു. അതുകൊണ്ടാണ് എല്ലാ കർമ്മങ്ങളിലും ഇന്ദ്രാഗ്നികളുടെ യോജിച്ച നിൽപ്പ്.

9 ഇന്ദ്രാഗ്നീരോചനാദിവഃ പരിവാജേഷുഭൂഷഥഃ
തദ്വാംചേതിപ്രവീര്യം
വ 12

അന്വയം—

ഹേ ഇന്ദ്രാഗ്നീ, ദിവഃ
രോചനാ — സ്വർഗ്ഗസ്യരോചകൌ, പ്രകാശകൌയുവാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാജേഷു പരി ഭൂഷഥഃ — സങ്ഗ്രാമേഷു സർവ്വതോലം കൃതൌഭവഥഃ
(ശത്രൂൻ പരാജിത്യവിജയമാനൌ വർത്തേഥേ)
വാം വീര്യം — യുവയോസ്സാമർത്ഥ്യമേവ
തൽ പ്ര ചേതതി — താദൃശം സങ്ഗ്രാമവിജയം പ്രകർഷേണജ്ഞാപയതി

അർത്ഥം—അല്ലയോ ഇന്ദ്രാഗ്നികളേ, സ്വർഗ്ഗത്തെ പ്രകാശിപ്പിക്കുന്ന നിങ്ങൾ യുദ്ധങ്ങളിൽ എല്ലാ വിധത്തിലും അലങ്കൃതന്മാരായി (വിജയശ്രീലാളിതരായി) ഭവിക്കുന്നു. നിങ്ങളുടെ കരുത്തു തന്നെയാണ് അപ്രകാരമുള്ള യുദ്ധവിജയമറിയിക്കുന്നതു്.

വർഗ്ഗം–13 വൈശ്വാമിത്രഃ ഋഷഭഃ ഋഷിഃ അനുഷ്ടുപ്ഛന്ദഃ അഗ്നിർദ്ദേവതാ

1 പ്രവോദേവായാഗ്നയേ ബർഹിഷ്ഠമർച്ചാസ്മൈ
ഗമദ്ദേവേഭിരാസനോ യജിഷ്ഠോബർഹിരാസദൽ

അന്വയം:-

(യജമാനോഹോത്രാദീൻ പ്രതിബ്രൂതേ)
(ഹേ ഹോത്രാദയഃ) വഃ — യുഷ്മൽസംബന്ധിനേ
ദേവായ അസ്മൈ അഗ്നയേ — ദ്യോതമാനായ, അസ്മിൻ കർമ്മണിസ്തുത്യായാഗ്നയേ
ബർഹിഷ്ഠം — വൃദ്ധതമം, പ്രവൃദ്ധമിദം സ്തുതിരൂപം സ്തോത്രശസ്ത്രാദി
പ്ര അർച്ച — ഉച്ചാരയത
(ഏവം സ്തുതഃ) സഃ
ദേവേഭിഃ — യഷ്ടവ്യദേവൈസ്സഹിതസ്സൻ
നഃ ആ ഗമൽ — അസ്മാൻ പ്രത്യാഗച്ഛതു
(ആഗത്യച) യജിഷ്ഠഃ — യഷ്ടൃതമസ്സോഗ്നിഃ
ബർഹിഃ ആ സദൽ — അസ്മാഭിസ്തീർണ്ണേബർഹിഷി ആസീദതു, ഉപവിശതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം–(യജമാനൻ ഹോതാവു മുതലായവരോടു പറയു ന്നു) അല്ലയോ ഹോതാവു മുതലായവരേ, നിങ്ങരംക്കുവേണ്ടി പ്ര കാശമാനനും ഈ കമ്മത്തിൽ സ്തുത്യനമായ അഗ്നിയ്ക്കായി ഏററ വും മഹത്തും സ്തുതിരൂപവുമായ സ്തോത്രശസ്ത്രാദിയെ ചൊല്ലുക. അപ്രകാരം സ്തുതനായ അവിടുന്നു് യജിയ്ക്കപ്പെടേണ്ടും ദേവന്മാ രോടുകൂടി, നമ്മരംക്കടുത്തു വന്നുചേരട്ടെ. വന്നിട്ടു്, യജ്വാക്ക ളിൽ ശ്രേഷ്ഠനായ അവിടുന്നു് വേദിയിൽ നമ്മളാൽ വിരിക്ക പ്പെട്ട ദർഭപ്പുല്ലിലിരിക്കട്ടെ.

2 ഋതാവായസ്യരോദസീ ദക്ഷംസചന്തഊതയഃ

ഹവിഷ്മന്തസ്തമീളതേ തംസനിഷ്യന്തോവസേ

അന്വയം:–

യസ്യ (അഗ്നേഃ) രോദസീ — ദ്യാവപൃഥിവ്യൌ വശേഭവതഃ
(കിംച) ഊതയഃ — ഫലപ്രദാനേന രക്ഷിതാരോ ദേവാഃ
ദക്ഷം സചന്തേ — യസ്യാഗ്നേബ്ബലം സേവന്തേ
(ഏവം ഭൂതസ്സോഗ്നിഃ)
ഋത–വാ — സത്യകമ്മാ
(കിംച) ഹവിഷ്മന്തഃ — സംഭൃതഹവിഷ്കാ യജമാനാഃ ഹവിവ്വഹനാത്ഥം
തം ഈളതേ — അഗ്നിം സ്തുതിരൂപാഭിവ്വാഗ്ഭിഃ പൂജയന്തി
(കിംച) സനിഷ്യന്തഃ — ധനാദിലാഭമിച്ഛന്തഃ
തം അവസേ — രക്ഷണായ തമേവാശ്രയന്തേ

അത്ഥം–യാതൊരഗ്നിയ്ക്കു് ദ്യാവാപൃഥിവികരം കീഴ്പെട്ട വരാണോ, കമ്മഫലമേകി രക്ഷിക്കുന്ന ദേവന്മാർ യാതൊര ഗ്നിയുടെ ബലത്തെ സേവിക്കുന്നുവോ, അപ്രകാരമുള്ള അഗ്നി സത്യകമ്മാവാകുന്നു. പിന്നെ, ഹവിസ്സേന്തുന്ന യജമാനന്മാർ ദേവന്മാക്കു് ഹവിസ്സുകൊണ്ടുപോകുന്നതിന്നു് ആ അഗ്നിയെ സ്തുതിരൂപവാക്കുകളാൽ പൂജിക്കുന്നു. കൂടാതെ ധനാദിലാഭമി ച്ഛിച്ചുകൊണ്ടു് രക്ഷണത്തിന്നായി അവിടുത്തെ അവരാശ്രയി ക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

3 സയന്താവിപ്രഏഷാം സയജ്ഞാനാമഥാഹിഷഃ

അഗ്നിംതവോദുവസ്യതദാതായോവനിതാമഘം

അന്വയം:–

സഃ വിപ്രഃ — അഗ്നിഃ മേധാവീ, കർമ്മാഭിജ്ഞഃ
സഃ ഏഷാം യന്താ — യജമാനാനാം നിയന്താ
അഥ യജ്ഞാനാം സഃ ഹി— അഗ്നിഃ നിയന്താ, ഫലപ്രദാനേന നിയാമകഃ ഹി
(കിംച) യഃ ദാതാ — കർമ്മഫലദാതാ
മഘം വനിതാ — മംഹനീയം ധനം പ്രയച്ഛംശ്ച (ഭവതി)
വഃ തം അഗ്നിം — യുഷ്മൽ സംബന്ധിനം തമഗ്നിം
(ഹേ ഋത്വിജഃ), ദുവസ്യത— ആഹുതിപ്രദാനേന പരിചരത

അർത്ഥം–അവിടുന്ന് (അഗ്നി) മേധാവിയാണ്, കർമ്മാഭിജ്ഞനാണ്. അവിടുന്ന് യജമാനന്മാരുടെ നിയന്താവാണ്. പിന്നെ അവിടുന്ന് ഫലപ്രദാനം കൊണ്ട് യജ്ഞങ്ങളുടെ നിയാമകനാകുന്നു. കൂടാതെ യാതൊരഗ്നി കർമ്മഫലദാതാവാണോ, മഹനീയമായ ധനം നല്കുന്നവനാണോ, നിങ്ങൾക്കു ചേർന്ന ആ അഗ്നിയെ, ഋത്വിക്കുകളേ, നെയ്യ് മുതലായവയുടെ ഹോമത്താൽ പരിചരിയ്ക്കുക.

4 സനശ്ശർമ്മാണിവീതയേഗ്നിര്യച്ഛതുശന്തമാ

യതോനഃപ്രുഷ്ണവദസ്സുദിവിക്ഷിതിഭ്യോഅപ്സ്വാ

അന്വയം:–

സഃ അഗ്നിഃ നഃ — ഹവിഷ്പ്രദാതൃഭ്യഃ അസ്മഭ്യം
ശം–തമാ — പശുപുത്രാദിസമൃദ്ധ്യാ അതിശയേന സുഖകരാണി
ശർമ്മാണി വീതയേ
യച്ഛതു — ഗൃഹാണി സംഭജനായ, അഗ്നിഹോത്രാദി കർമ്മപ്രാപ്ത്യർത്ഥം ദദാതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

യതഃ നഃ പ്രുഷ്ണവൽ — യസ്മാദഗ്നേസ്സകാശാൽ
സമൃദ്ധിമൽ, ദാനഭോഗാദി
നാ വ്യയേ സത്യപി
അതിശയേന വദ്ധമാനം
ദിവി, ക്ഷിതി–ഭ്യഃ — ദ്യുലോകേ ഭൂലോകാൽ
അപ്–സു — അന്തരിക്ഷേ ച സമുല്പന്നം
വസു ആ — തത്തല്ലോകേ അസാധാരണ്യേ
ന വത്തമാനം ധനം സമന്താൽ
ഉപനമതി, അസ്മാനാഗച്ഛതി

അത്ഥം–ആ അഗ്നി, ഹവിസ്സേകുന്ന നമുക്ക് പശുപുത്രാദി സമൃദ്ധികൊണ്ടു് ഏററവും സുഖകരങ്ങളായ ഗൃഹങ്ങരം, അഗ്നി ഹോത്രാദി കമ്മങ്ങരംക്കവേണ്ടി, തന്നരുളട്ടെ. അഗ്നിയിൽ നിന്നാണല്ലോ എട്ടത്താലും കൊടുത്താലും വദ്ധിയ്ക്കുന്നതും ദ്യോവിലുണ്ടായതും ഭൂമിയിൽനിന്നുള്ളതും അന്തരിക്ഷത്തിലുള്ളതുമായ ധനം, അതാതു ലോകങ്ങളിൽ അസാധാരണമായ ധനം, നമ്മളെ നിറഞ്ഞു പ്രാപിക്കുന്നതു്.

5 ദീദിവാംസമപൂർവ്വ്യംവസ്വീഭിരസ്യധീതിഭിഃ
ഋക്വാണോഅഗ്നിമിന്ധതേ
ഹോതാരംവിശ്പതിംഃവിശാം

അന്വയം:–

ഋക്വാണഃ — സ്തുതിം കുർവ്വാണാഃ ശസ്ത്രിണഃ,
ഹോത്രാദയഃ
ദീദി–വാസം, അപൂർവ്യം — ദീപ്യമാനം, തേജസ്വിതയാ
പ്രതീക്ഷണമഭിനവം
ഹോതാരം — ദേവാനാമാഹ്വാതാരം
വിശാം വിശ്പതിം — പ്രജാനാമതിശയേനപാലകം
(തം) അഗ്നിം വസ്വീഭിഃ — പ്രശസ്താഭിഃ
അസ്യ ധീതി–ഭിഃ — അഗ്നിവിഷയസ്തുതി
രൂപാഭിർവ്വാഗ്ഭിഃ
ഇന്ധതേ — ദീപയന്തി.

*4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം—സ്തുതിചൊല്ലുന്ന ശസ്ത്രകാരന്മാരായ ഹോതാവു മുതലായവർ, ഭാസമാനനും, തേജസ്വിത്വംകൊണ്ടു് ക്ഷണം തോറും അഭിനവനും, ദേവന്മാരെ വിളിയ്ക്കുന്നവനും പ്രജകളെ നന്നായി ഭരിയ്ക്കുന്നവനുമായ അഗ്നിയെ സ്തുതിവചനങ്ങളാൽ തെളിയിയ്ക്കുന്നു, പ്രസാദിപ്പിയ്ക്കുന്നു.

6 ഉതനോബ്രഹ്മന്നവിഷഉക്‌ഥേഷുദേവഹൂതമഃ

ശംനശ്ശോചാമരുദ്വൃധോഗ്നേസഹസ്രസാതമഃ

അന്വയം:—

ഉത അഗ്നേ, നഃ	—	അപിച അഗ്നേ, യജ്ഞകാരിണോസ്മാൻ
ബ്രഹ്മൻ	—	ബ്രഹ്മണി, അസ്മാഭിഃ ക്രിയമാണേ സ്തോത്രേ
അവിഷഃ	—	സ്തോത്രവിഷയന്ന്യൂനാതിരേകോ ദോഷഃ യഥാ ന ഭവതി തഥാ പാലയ
(കിംച) ദേവ–ഹൂതമഃ	—	ദേവാനാമാഹ്വാതൃതമസ്ത്വം
ഉക്‌ഥേഷു	—	അസ്മാഭിഃ ക്രിയമാണേഷു ശസ്ത്രേഷു അവിഷഃ
(കിംച) മരുൽ–വൃധഃ	—	മരുത്ഭിവ്വർദ്ധമാനഃ
സഹസ്ര–സാതമഃ	—	സഹസ്രസംഖ്യാകസ്യ ധനസ്യ അതിശയേന ദാതാ ത്വം
നഃ ശം ശോച	—	അസ്മാകം ഐഹികമാമുഷ്മികം ച സുഖം ദീപയ, വദ്ധയ

അത്ഥം—മുൻപറഞ്ഞതു കൂടാതെ അല്ലയോ അഗ്നേ, യജ്ഞാനുഷ്ഠാതാക്കളായ ഞങ്ങളെ, ഞങ്ങളാൽ ചൊല്ലപ്പെടുന്ന സ്തോത്രങ്ങളിൽ ഏററക്കുറച്ചിലുകൾ വരാത്തവിധം പാലിച്ചാലും. പിന്നെ ദേവന്മാരെ വിളിക്കുന്നതിൽ ശ്രേഷ്ഠനായ അവിടുന്നു് ഞങ്ങളാൽ ചൊല്ലപ്പെടുന്ന ശസ്ത്രങ്ങളിലും ഏററക്കുറച്ചിൽ വരാതെ കാത്താലും. മരുത്തുക്കളാൽ വളരുന്നവനും ആയിരക്കണക്കിൽ ധനത്തിന്റെ മികച്ച ദാതാവുമായ അവിടുന്നു് ഞങ്ങൾക്കു് ഐഹികവും പാരത്രികവുമായ സുഖം തെളിയിച്ചാലും, വദ്ധിപ്പിച്ചാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

7 നൂനോരാസ്വസഹസ്രവത്തോകവൽപുഷ്ടിമദ്വസു

ദ്യുമദഗ്നേസുവീര്യം വർഷിഷ്ഠമനുപക്ഷിതം വ 13

അന്വയം:—

ഹേ അഗ്നേ,

സഹസ്ര—വൽ	—	സഹസ്രസംഖ്യോപേതം
തോക—വൽ	—	പുത്രപൌത്രാദിസഹിതം
പുഷ്ടി—മൽ	—	പോഷകൃൽ, ശരീരബലാരോഗ്യപ്രദം
ദ്യു—മൽ	—	ദീപ്തിമൽ, രത്നകനകാദികം
സു—വീര്യം	—	ശോഭനസാമർത്ഥ്യോപേതം
വർഷിഷ്ഠം	—	വൃദ്ധം, പ്രഭൂതം, അതഏവ
അനുപ—ക്ഷിതം	—	വ്യയേക്രിയമാണേപ്യനുപക്ഷീണം
വസു	—	രത്നകനകപശ്വാദിലക്ഷണം ധനം
നഃ നു രാസ്വ	—	അസ്മഭ്യം ക്ഷിപ്രംദൽസ്വ

അർത്ഥം—അല്ലയോ അഗ്നേ, ആയിരക്കണക്കിലുള്ളതും പുത്രപൌത്രാദികളൊത്തതും ശരീരബലവുമാരോഗ്യവുമേകുന്നതും രത്നം സ്വർണ്ണം എന്നിവയാൽ തിളങ്ങുന്നതും ലോകവ്യവഹാരത്തിന്നു് കഴിവുററതും വർദ്ധിച്ചതും ചിലവിട്ടാലും ചുരുങ്ങാത്തതുമായ ഐശ്വര്യം ഞങ്ങൾക്കു് വേഗത്തിൽ തന്നരുളിയാലും.

വർഗ്ഗം—14 ത്രിഷ്ടുപ്ഛന്ദഃ

1 ആഹോതാമന്ദ്രോവിദഥാന്യസ്ഥാൽ

സത്യോയജ്വാകവിതമസ്സവേധാഃ

വിദ്യുദ്രഥസ്സഹസസ്പുത്രോഅഗ്നി

ശ്ശോചിഷ്കേശഃ പൃഥിവ്യാംപാജോ അശ്രേൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

(ഋഷഭോഗ്നിംസ്തൌതി)

ഹോതാ, മന്ദ്രഃ	—	ദേവാനാമാഹ്വാതാ, സ്തോതൃണാം ദയിതാ
സത്യഃ. യജ്വാ,		
കവി–തമഃ	—	സത്യകർമ്മാ, ദേവാനാംയഷ്ടാ, അതിശയേനക്രാന്തദർശീ
വേധാഃ സഃ	—	സർവ്വസ്യജഗതോവിധാതാ അഗ്നിഃ
വിദഥാനി ആ അസ്ഥാൽ	—	അസ്മാഭിഃ ക്രിയമാണാൻ യജ്ഞാൻ ആതിഷ്ഠതി, പ്രാപ്നോതി
(കിംച) വിദ്യുൽ–രഥഃ	—	വിദ്യോതമാനയാനോപേതഃ
ശോചിഃ–കേശഃ	—	ജ്വാലാമയകേശോപേതഃ
സഹസഃ പുത്രഃ അഗ്നിഃ	—	ബലസ്യസൂനരഗ്നിഃ
പൃഥിവ്യാം	—	വിസ്തീർണ്ണേന്തരിക്ഷേ
പാജഃ അശ്രേൽ	—	തേജഃ, സ്വകീയാംപ്രഭാം ശ്രയതേ, പ്രാപയതി

അർത്ഥം—(ഋഷഭൻ അഗ്നിയെ സ്തുതിക്കുന്നു.) ദേവന്മാരെ വിളിക്കുന്നവനും സ്തോതാക്കളെ ഹർഷിപ്പിക്കുന്നവനും സത്യകർമ്മാവും ദേവന്മാരെ യജിക്കുന്നവനും എല്ലാററിന്നും അപ്പുറം കാണുന്നവരിൽ ശ്രേഷ്ഠനും എല്ലാ ജഗത്തിൻേറയും വിധാതാവുമായ അവിടുന്നു് (അഗ്നി) ഞങ്ങളാലനുഷ്ഠിയ്ക്കപ്പെടുന്ന യജ്ഞങ്ങളെ ആസ്ഥാനം ചെയ്യുന്നു, പ്രാപിക്കുന്നു. പ്രകാശമാനമായ വാഹനത്തോടു് (അല്ലെങ്കിൽ ഇടിമിന്നലാകുന്ന തേരോടു്) കൂടിയവനും ജ്വാലകളാകുന്ന തലമുടിയോടുത്തവനും ബലത്തിൻെറ മകനുമായ അഗ്നി അന്തരിക്ഷത്തിൽ സ്വതേജസ്സെത്തിക്കുന്നു.

2 അയാമിതേനമഉക്തിംജുഷസ്വ

ഋതാവസ്തുഭ്യംചേതതേസഹസ്വഃ

വിദ്വാആവക്ഷിവിദുഷോനിഷത്സി

മധ്യആബർഹിരൂതയേയജത്ര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

ഹേ ഋത-വഃ തേ	— ഋത (സത്യ) ഭൃതയജ്ഞവൻ, അഗ്നേ, ത്വദ്വിഷയാം
നമഃ-ഉക്തിം അയാമി	— നമസ്കാരവാക്യമുച്ചാരയാമി
ഹേ സഹസ്വഃ, ചേതതേ	
തുഭ്യം	— ബലവൻ, കമ്മണശ്ചേതയിത്രേ നമ ഉക്തിം ക്രിയതേ
(താം) ജുഷസ്വ	— സേവസ്വ
(കിംച) വിദ്വാൻ	— ആനുപൂവ്യേണദേവാഹ്വാനാഭിജ്ഞഃ
വിദുഷഃ ആ വക്ഷി	— കമ്മാഭിജ്ഞാനാവഹ
(കിംച) ഹേ യജത്ര,	
ഊതയേ	— യഷ്ടവ്യ, രക്ഷണായ
മധ്യേ ബർഹിഃ	— സ്തീണ്ണസ്യ ബർഹിഷോമധ്യേ
ആ നി സത്സി	— ആസമന്താൽ നിഷീദ

അത്ഥം-സത്യസ്വരൂമായ യജ്ഞത്തോടുകൂടിയ അഗ്നേ, അവിടുത്തെ വിഷയീകരിച്ച നമസ്കാരമന്ത്രം ഞാൻ ചൊല്ലുന്നു. അല്ലയോ ബലവൻ, കമ്മത്തെ ബോധിപ്പിക്കുന്ന അവിടേയ്ക്കു നമസ്കാരമന്ത്രം ഉച്ചരിയ്ക്കപ്പെടുന്നു. അതു് സ്വീകരിച്ചാലും. പിന്നെ ദേവന്മാരെ ഇന്നിന്നവക്കശേഷമിന്നിന്നവർ എന്ന ക്രമത്തിൽ വിളിക്കുന്നതിൽ വിദഗ്ധനായ അവിടുന്നു് ഇവിടെ കമ്മാഭിജ്ഞന്മാരായ ശ്രോതാക്കളെ ആനയിച്ചാലും. അല്ലയോ യജിയ്ക്കപ്പെടേണ്ട അഗ്നേ, രക്ഷയ്ക്കായി അവിടുന്നു്, വിരിച്ച ദർപ്പുല്ലിന്റെ നടുവിൽ നിറഞ്ഞിരുന്നാലും.

3 ദ്രവ്താന്തഉഷസാവാജയന്തീ
അഗ്നേവാതസ്യപത്ഥ്യാഭിരച്ഛ
യൽസീമഞ്ജന്തിപൂവ്യംഹവിർഭി
രാവന്ധുരേവതസ്ഥതുട്ടുരോണേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ അഗ്നേ, വാജയന്തീ	— വാജം, അന്നം കുർവ്വാണേ,
ഉഷസാ	— ഉഷസാനക്തേ അഹോരാത്രൌ
തേ ദ്രവതാം	— ത്വാമഭിഗച്ഛതാം
(ത്വമപി) വാതസ്യ,	
പത്ഥ്യാഭിഃ അച്ഛ	— വായോമ്മാർഗ്ഗൈഃ അഹോ രാത്രൌ അഭിഗച്ഛ,
യൽ	— യസ്മാദഹോരാത്രാഗ്നേ്യാഃ പരസ്പരാഭിഗമനേന അന്യോന്യ സംബന്ധഃ തസ്മാദഹോരത്രയോഃ, പ്രാതസ്സായങ്കാലയോഃ
പൂർവ്വ്യം	— പുരാതനം ത്വാം ഋത്വിജഃ
ഹവിഃ—ഭിഃ സീം	
അഞ്ജന്തി	— ആജ്യാദിഭിസ്സർവ്വതസ്സിഞ്ചന്തി,
(കിംച) വന്ധുരാ–ഇവ	— യഥാ കൂവരസ്ഥാനം പരസ്പരം സംസക്തേഷാദ്വയോപേതം തദ്വൽ സംസക്തൌ താവഹോരാത്രൌ
ദുരോണേ	— അസ്മാകംഗൃഹേ അഗ്നിഹോത്രാദി സിദ്ധ്യർത്ഥം
ആ തസ്ഥതുഃ	— ആവൃത്യ, പുനഃപുനരാ വർത്തമാനൌസന്തൌ തിഷ്ഠതാം

അർത്ഥം—അല്ലയോ അഗ്നേ, അന്നം നിർമ്മിക്കുന്ന പകലിരവുകൾ അവിടുത്തെ പ്രാപിക്കട്ടെ. അവിടുന്നും വായുമാർഗ്ഗമായി പകലിരവുകളെ നേരെ പ്രാപിച്ചാലും. യാതൊരു കാരണത്താൽ പകലിരവുകൾക്കും അഗ്നിയ്ക്കും തമ്മിൽ ബന്ധമുണ്ടോ, അതുകൊണ്ടാണല്ലൊ പകലിരവുകളുടെ ആരംഭ (പ്രാതസ്സായം) സന്ധ്യകളിൽ പുരാതനനായ അവിടുത്തെ ഋത്വിക്കുകൾ നെയ് മുതലായ ഹവിസ്സുകളാൽ അഭിഷേകം ചെയ്യുന്നതു്. തേരിൽ, ഓട്ടുന്നവനിരിക്കുന്ന സ്ഥാനം രണ്ടു നുകത്തണ്ടുകളാൽ തമ്മിൽ ബന്ധിച്ചു നില്ക്കുന്നതുപോലെ, അങ്ങോട്ടുമിങ്ങോട്ടും ചേർന്നു നില്ക്കുന്ന പകലിരവുകൾ, ഞങ്ങളുടെ ഗൃഹത്തിൽ അഗ്നിഹോത്രാദികർമ്മങ്ങളുടെ സിദ്ധിയ്ക്കായി വീണ്ടും വീണ്ടും വന്നുകൊണ്ടു നില്ക്കട്ടെ. (കർമ്മാവസരങ്ങളായ പ്രഭാതവും പ്രദോഷവും ആവർത്തിച്ചാവർത്തിച്ചു വന്നുകൊണ്ടിരിയ്ക്കട്ടെ.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

4 മിത്രശ്ച തുഭ്യംവരുണസ്സഹസോ

ഗ്നേവിശ്വേമരുതസ്സുമ്നമർച്ചൻ

യച്ഛോചിഷാസഹസസ്പുത്രതിഷ്ഠാ

അഭിക്ഷിതീഃപ്രഥയന്ഥ്സൂര്യോനൄൻ

അന്വയം:—

സഹസ്വഃ, ഹേ അഗ്നേ,	— ബലവൻ അഗ്നേ,
മിത്രഃ വരുണഃ ച	— മിത്രാവരുണൌ
വിശ്വേ മരുതഃ	— സർവ്വേ ദേവാഃ
തുഭ്യം സുമ്നം അർച്ചൻ	— ത്വദർത്ഥം സ്തോത്രം വഹന്തി
ഹേ സഹസഃ പുത്ര, യൽ	— ബലസ്യ പുത്ര, യസ്മാൽ കാരണാൽ
സൂര്യഃ	— സുഷ്ഠു അര്യഃ, സ്വാമീ (ത്വം)
അഭി ക്ഷിതീഃ	— മനുഷ്യാനഭിലക്ഷ്യ
നൄൻ	— മാർഗ്ഗപ്രദർശകത്വേന നേതൄൻ ആത്മനഃ രശ്മീൻ
പ്രഥയൻ	— സർവ്വതോ വിസ്താരയൻ
ശോചിഷാ തിഷ്ഠാഃ	— ദീപ്ത്യാസമാനസ്സൻ തിഷ്ഠസി

(തസ്മാദേതേ ദേവാഃ പൂജയന്തി)

അർത്ഥം—ബലവാനായ അഗ്നേ, മിത്രനും വരുണനും മററെല്ലാദേവന്മാരും അവിടേയ്ക്കു വേണ്ടി സ്തോത്രങ്ങളേന്തുന്നു, സ്തുതിക്കുന്നു. അല്ലയോ ബലപുത്ര, യാതൊരു കാരണത്താൽ സ്വാമിയായ അവിടുന്നു് മനുഷ്യരെ ഉദ്ദേശിച്ച് നേർവഴി കാണിക്കാനായി സ്വന്തം രശ്മികളെ എങ്ങും പരത്തി പ്രകാശംകൊണ്ടു (സൂര്യന്നു്) സമാനനായി നില്ക്കുന്നുവോ, അതുകൊണ്ടാണു് ദേവന്മാർ പൂജിക്കുന്നതു്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

5 വയംതേഅദ്യരരിമാഹികാമ

മുത്താനഹസ്താനമസോപസദ്യ

യജിഷ്ഠേനമനസായക്ഷിദേവാ

നസ്രേധതാമന്മനാവിപ്രോഅഗ്നേ

അന്വയം:-

ഹേ അഗ്നേ,

ഉത്താന-ഹസ്താഃ	— ഹവിസ്വീകരണാദുത്താന പാണയഃ
വയം കാമം	— കമനീയം പുരോഡാശാദി ഹവിഃ
തേ ഹി അദ്യ രരിമ	— തുഭ്യമേവാസ്മിൻ കർമ്മണിദദ്മഃ
നമസാ ഉപ-സദ്യ	— നമസ്കാരേണ പ്രസന്നോഭൂത്വാ
യജിഷ്ഠേന മനസാ	— യഷ്ടൃതമേന, യാഗേച്ഛാവതാ അന്തഃകരണേന
ദേവാൻ യക്ഷി	— ദേവാൻയജ, പൂജയ
(കിംച) വിപ്രഃ	— മേധാവീ, കർമ്മാഭിജ്ഞസ്ത്വം
അസ്രേധതാ	— അക്ഷീണേന, പ്രഭൂതേന
മന്മനാ	— മന്തവ്യേനസ്തോത്രേണ ദേവാൻ പൂജയ

അർത്ഥം—അല്ലയോ അഗ്നേ, ഹവിസ്സേന്തി കൈകളുയർത്തി നില്ക്കുന്ന ഞങ്ങൾ മനോഹരമായ പുരോഡാശാദി ഹവിസ്സ് അവിടേയ്ക്കു തന്നെ ഈ കർമ്മത്തിൽ തന്നുകൊള്ളുന്നു. നമസ്കാരം കൊണ്ടു പ്രസന്നനായി, യാഗമിഷ്ടപ്പെടുന്ന മനസ്സാൽ അവിടുന്ന് ദേവന്മാരെ യജിച്ചാലും, പൂജിച്ചാലും. കൂടാതെ, മേധാവിയും കർമ്മവേദിയുമായ അവിടുന്ന് മികവുററ, അർത്ഥപുഷ്ടമായ സ്തോത്രത്താൽ ദേവന്മാരെ പൂജിച്ചാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

6 ത്വദ്ധിപ്ത്രസഹസോവിപൂർവ്വീ

ർദ്ദേവസ്യയന്ത്യൂതയോവിവാജാഃ

ത്വംദേഹിസഹസ്രിണംരയിംനോ

ദ്രോഘേണവചസാസത്യമഗ്നേ

അന്വയം:--

സഹസഃ പുത്ര, ഹേ

അഗ്നേ — ബലസ്യപുത്രാഗ്നേ

ദേവസ്യ — ദേവനശീലസ്യ, കർമ്മകരണേ പ്രവൃത്തസ്യ യജമാനസ്യ

ത്വൽ പൂർവ്വീഃ ഊതയഃ — ത്വത്തസ്സകാശാൽ പ്രഭൂതാഃ വിഘ്നപരിഹാരേണകർമ്മ പരിപാലനരൂപാരക്ഷാഃ

വി യന്തി ഹി — വിവിധംഗച്ഛന്തിഖലു

(തമിമംയജമാനം പ്രാപ്നുവന്തി)

(തഥാ) വാജാഃ വി — വിയന്തി

(കിംച) ത്വം

സഹസ്രിണം — സഹസ്രസംഖ്യാകം

രയിം നഃ ദേഹി — ധനമസ്മഭ്യം പ്രയച്ഛ

(തഥാ) അദ്രോഘേണ — ദ്രോഹരഹിതേന, പാപശൂന്യേന

വചസാ — വാക്യേനയുക്തം

സത്യം — സന്മാർഗ്ഗേ പ്രവർത്തമാനം പുത്രം ച ദേഹി

അർത്ഥം--ബലത്തിൻെറ മകനായ അഗ്നേ, കർമ്മാനുഷ്ഠാനം കൊണ്ടു് തെളിവിയന്നവനും കർമ്മത്തിലേർപ്പെട്ടവനുമായ യജമാനന്നു് അവിടുത്തെ അടുക്കൽനിന്നു് വിഘ്നനിവാരകങ്ങളും കർമ്മപാലനരൂപങ്ങളുമായി മികച്ച രക്ഷകരം പലവിധത്തിലും വന്നുചേരുന്നുവല്ലൊ. (ആ രക്ഷകരം ഈ യജമാനനെ ഇങ്ങോട്ടു പ്രാപിയ്ക്കുകയാണു്.) അതുപോലെ അന്നങ്ങളും വന്നുചേരുന്നു. അവിടുന്നു് ആയിരക്കണക്കിൽ ധനം ഞങ്ങൾക്കു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തന്നരുളിയാലും. പിന്നെ ആരേയും ദ്രോഹിക്കാത്തവനും പാപമററ വാക്കോടുകൂടിയവനും സത്യമായ മാർഗ്ഗത്തിൽ ചരിക്കുന്നവനുമായ പുത്രനെ തന്നരുളിയാലും.

7 തുഭ്യം ദക്ഷകവിക്രതോയാനീമാ
ദേവമർത്താസോഅധ്വരേഅകർമ്മ
ത്വംവിശ്വസ്യസുരഥസ്യബോധി
സർവ്വംതദഗ്നേഅമൃതസ്വദേഹ വ 14

അന്വയം:-

ഹേ ദക്ഷ,	— സമൃദ്ധതയാ സാമർത്ഥ്യാപേത,
കവി-ക്രതോ, ദേവ,	— അതീന്ദ്രിയവിഷയപ്രജ്ഞോപേത, സർവ്വജ്ഞ, ദീപ്യമാന,
മർത്താസഃ തുഭ്യം	— യജമാനാവയം ത്വദർത്ഥം
യാനി ഇമാ	— ഇമാനി ഹവീംഷി
അധ്വരേ അകർമ്മ	— യജ്ഞേ ഹവിസ്ത്യാഗമകാർഷ്മ
ത്വം (ച) സു-രഥസ്യ	— ശോഭനയാനോപേതസ്യ
വിശ്വസ്യ	— സർവ്വസ്യ യജമാനസ്യ
ബോധി	— ഗോപയിതാ ഭവാമീതി ബുധ്യസ്വ
ഹേ അമൃത, അഗ്നേ,	— മരണധർമ്മരഹിതാഗ്നേ
ഇഹ തൽ സർവ്വം സ്വദ	— അസ്മിൻ കർമ്മണ്യസ്മാഭിർദത്തം ഹവിഃ ആസ്വാദയ

അർത്ഥം—വളർച്ചമുററിയ, കഴിവൊത്ത അഗ്നേ, അതീന്ദ്രിയജ്ഞാനവൻ, പ്രകാശമാന, മനുഷ്യരായ, യജമാനന്മാരായ ഞങ്ങൾ അവിടേയ്ക്കായി ഈ ഹവിസ്സുകളിതാ യാഗത്തിൽ ത്യജിക്കുന്നു. അവിടുന്നു് നല്ലവഴിക്കു നടക്കുന്ന എല്ലാ യജമാനന്മാർക്കും ''ഞാൻ രക്ഷിതാവാകുന്നു'' എന്നു് വിചാരിച്ചാലും. അല്ലയോ മരണരഹിത, അഗ്നേ, ഈ കർമ്മത്തിൽ ഞങ്ങളാൽ നല്കപ്പെട്ട ഹവിസ്സു മുഴുവൻ ആസ്വദിച്ചാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വഗ്ഗം–15 കാത്യഃ ഉൽകിലഃ ഋഷിഃ

1 വിപാജസാപൃഥുനാശോശുചാനോ

ബാധസ്വദ്വിഷോരക്ഷസോഅമീവാഃ

സുശമ്മണോബൃഹതശ്ശമ്മണിസ്യാ

മഗ്നേരഹം സുഹവസ്യപ്രണീതൌ

അന്വയം:–

(ഉൽകിലഃ സ്തൌതി)

(ഹേ അഗ്നേ), പൃഥുനാ

പാജസാ — വിസ്തീണ്ണേന തേജസാ

ശോശുചാനഃ — അത്യത്ഥം ദീപ്യമാനസ്ത്വം

ദ്വിഷഃ വി ബാധസ്വ — കമ്മാനുഷ്ഠാനവിഘ്നകാരിണഃ ശ്ശത്രൂൻ വിശേഷേണനാശയ

(തഥാ) അമീവാഃ രക്ഷസഃ — രോഗകാരീണി രക്ഷാംസി വിബാധസ്വ

സു-ശമ്മണഃ — സ്വഗ്ഗാദിസുഖഹേതോഃ

ബൃഹതഃ സു-ഹവസ്യ

അഗ്നേഃ — മഹതഃ സുഷ്ഠ്വാഹ്വാനോപേതസ്യാഗ്നേഃ

ശമ്മണി പ്ര–നീതൌ — അസ്മാകം സുഖഹേതൌ, ഉത്തരവേദ്യാദി സ്ഥാനേഷു പ്രണയനേ

അഹം സ്യാം — അഗ്നിപ്രണയനപൂവ്വകേ കൃതവനുഷ്ഠാനേഭവേയം

അത്ഥം–അല്ലയോ അഗ്നേ, പടന്ന തേജസ്സിനാൽ ഏററവും വിളങ്ങുന്ന അവിടുന്നു് കമ്മത്തെ മുടക്കുന്ന ശത്രുക്കളെ ബാധിച്ചാലും, നശിപ്പിച്ചാലും. അതുപോലെ രോഗകാരികളായ രക്ഷസ്സുകളെ ബാധിച്ചാലും. സ്വർഗ്ഗാദിസുഖങ്ങൾക്കു് ഹേതുഭൂതനും ഉപാസകരാൽ നന്നായി വിളിക്കപ്പെടുന്നവനുമായ അഗ്നിയെ ഞങ്ങൾക്കു് സുഖമേകുന്ന വിധം ഉത്തരവേദിസ്ഥാനത്തേയ്ക്കു് എഴുന്നള്ളിപ്പോടുകൂടിയ യാഗാനുഷ്ഠാനത്തിൽ ഞാൻ എത്തിച്ചേരാവൂ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

2 ത്വന്നോഅസ്യാഉഷസോവ്യുഷ്ടൗ

ത്വം സൂരഉദിതേബോധിഗോപാഃ

ജന്മേവനിത്യംതനയംജുഷസ്വ

സ്തോമംമേ അഗ്നേതന്വാസുജാത

അന്വയം:–

ഹേ അഗ്നേ, ത്വം

അസ്യാഃ	—	അദ്യവർത്തമാനായാഃ
ഉഷസഃ വി–ഉഷ്ടൗ	—	വ്യുച്ഛനേ, പ്രകാശനേ
സൂരേ ഉൽ–ഇതേ		
(ചസതി)	—	അഗ്നിഹോത്രാദി കർമ്മണി പ്രവർത്തമാനാൻ
നഃ ഗോപാഃ ബോധി	—	അസ്മാകം ഗോപയിതാഭവാമീതിബോധി
തന്വാ സു–ജാത, ത്വം	—	ആത്മനൈവസുജാത, സ്വയം ഭൂസ്ത്വം
മേ സ്തോമം ജന്മ–ഇവ		
തനയം	—	മദീയം സ്തോത്രംയഥാജനകഃ പുത്രം പരിഷ്വങ്ഗാദിഭിഃ സേവതേ തദ്വൽ
നിത്യം ജുഷസ്വ	—	സേവസ്വ

അർത്ഥം–അല്ലയോ അഗ്നേ, അവിടുന്ന് ഈ ഉഷസ്സ് തെളിയുമ്പോഴും, സൂര്യൻ ഉദിച്ചുപൊങ്ങുമ്പോഴും അഗ്നിഹോത്രാദി കർമ്മങ്ങളിലേർപ്പെട്ട ഞങ്ങൾക്ക് ''ഞാൻ രക്ഷിതാവാകുന്നു'' എന്ന് വിചാരിച്ചാലും. തങ്കൽ നിന്നു തന്നെ സ്വയം ജനിച്ച അഗ്നേ, അവിടുന്ന് എന്റെ സ്തോത്രത്തെ അച്ഛൻ മകനെ ആലിംഗനാദികളാൽ ലാളിക്കുന്നപോലെ നിത്യവും (സ്നേഹിച്ച്) കൈക്കൊണ്ടാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

3 ത്വംനൃചക്ഷാവൃഷഭാനുപൂർവ്വീഃ

കൃഷ്ണാസ്വഗ്നേഅരുഷോവിഭാഹി

വസോനേഷിചപർഷിചാത്യംഹഃ

കൃധീനോരായഉശിജോയവിഷ്ഠ

അന്വയം:—

വൃഷഭ, ഹേ അഗ്നേ,	— കാമവർഷകാഗ്നേ,
നൃ—ചക്ഷാഃ	— മനുഷ്യാണാം ശുഭാശുഭകർമ്മണോ ദ്രഷ്ടാ
കൃഷ്ണാസു അരുഷഃ	— രാത്രിഷു ആരോചമാനഃ
ത്വം അനു പൂർവ്വീഃ	— അനുക്രമേണ ബഹ്വീർജ്വാലാഃ
വി ഭാഹി	— വിശേഷേണ പ്രകാശയ
ഹേ വസോ,	— സർവ്വസ്യ പ്രകാശപ്രദാനേന സ്വസ്വസ്ഥാനേഷു വാസയിതഃ, അഗ്നേ,
(ത്വം അസ്മാൻ) നേഷി ച	— കർമ്മാനുരൂപ ഫലാനി പ്രാപയ ച
അംഹഃ അതി പർഷി ച	— അസ്മാകം ദാരിദ്ര്യലക്ഷണം പാപം അതിപാരയ ച, നിവാരയ
(കിംച) ഹേ യവിഷ്ഠ,	
നഃ രായേ	— അസ്മാൻ ധനായ
ഉശിജഃ കൃധീ	— അസ്മാൻ കാമയമാനാൻ കുരു

(അഭിലഷിതഫലപ്രദാനേന പ്രാപ്തകാമാൻ കുരു)

അർത്ഥം_അല്ലയോ അഭീഷ്ടവർഷകനായ അഗ്നേ, മനുഷ്യരുടെ ശുഭാശുഭങ്ങളായ എല്ലാ കർമ്മങ്ങളെയും കാണുന്നവനും രാത്രികളിൽ പ്രശോഭിക്കുന്നവനുമായ. അവിടുന്നു് ക്രമത്തിൽ ധാരാളം ജ്വാലകളെ നന്നായി പ്രകാശിപ്പിച്ചാലും, വെളിച്ചമേകി ഏവരേയും അവരവരുടെ ഇടങ്ങളിൽ വസിപ്പിക്കുന്ന അഗ്നേ, അവിടുന്നു് ഞങ്ങൾക്കു് കർമ്മാനുസൃതമായ ഫലം പ്രാപിപ്പിച്ചാലും. ഞങ്ങളുടെ ദാരിദ്ര്യരൂപമായ പാപത്തിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിന്നു് (പാപഫലമായ ദാരിദ്ര്യത്തിൽ നിന്നു്) കരകയററിയാലും, അതു നിവാരണം ചെയ്താലും. പിന്നെ യുവതമനായ അഗ്നേ, ധനത്തിന്നായി ഞങ്ങളെ അഭിലാഷികളാക്കിയാലും—അതായതു് ആഗ്രഹിക്കപ്പെട്ട ഫലം തന്നു് സാധിത കാമന്മാരാക്കിയാലും.

4 അഷാള്ഹോ അഗ്നേ വൃഷഭോദിദീഹി
പുരോവിശ്വാസ്സൌഭഗാസംജിഗീവാൻ
യജ്ഞസ്യനേതാപ്രഥമസ്യപായോ
ജ്ജാതവേദോബൃഹതസ്സുപ്രണീതേ

അന്വയം;—

ഹേ അഗ്നേ, അഷാള്ഹഃ — ശത്രുഭിരസോഢഃ, അപരാജിതഃ
വൃഷഭഃ — കാമാനാം വർഷയിതാ
വിശ്വാഃ പുരഃ — സർവ്വാശ്ശത്രൂണാംപുരീഃ
സൌഭഗാ — തത്രത്യാനിശോഭനാനി ധനാനി ച
സം—ജിഗീവാൻ — സമ്യക്ജയൻ
ദിദീഹി — സർവ്വതോജ്വാലാഭിർദ്ദീപ്യസ്വ
ഹേ ജാത—വേദഃ,
സു—പ്രനീതേ — ജാതപ്രജ്ഞാഗ്നേ, ശോഭനപ്രണയനേ
ബൃഹതഃ പായോഃ — മഹതോ രക്ഷകസ്യ
പ്രഥമസ്യ — മുഖ്യതയാ പ്രഥമം ക്രിയമാണസ്യ, ജ്യോതിഷ്ടോമാഖ്യസ്യ
യജ്ഞസ്യ നേതാ — ദേവാഹ്വാനഹവിർവ്വഹനാദിനാ നിർവ്വാഹകഃ ഭവ

അർത്ഥം—അല്ലയോ അഗ്നേ, ശത്രുക്കൾക്കു് അസഹ്യനും ആരാലും ഒരിക്കലും തോല്പിക്കപ്പെടാത്തവനും അഭീഷ്ടവർഷകനുമായ അവിടുന്നു് എല്ലാ ശത്രുനഗരങ്ങളേയും അവിടങ്ങളിലുള്ള

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

സൌഭാഗ്യങ്ങളെയും ജയിസ്സുന്നവനായി എമ്പാടും തെളിഞ്ഞാലും. അല്ലയോ സർവ്വജ്ഞനായ അഗ്നേ, വേണ്ടപോലെ അവിടത്തെ വേദിയിലേക്കു് നയിസ്സുമ്പോഠം, മഹാനായ രക്ഷകനായും, മുഖ്യതകൊണ്ടു് ഒന്നാമതനുഷ്ഠിക്കേണ്ടും ജ്യോതിഷ്ടോമമെന്ന യാഗത്തിൻെറ നേതാവായും (ദേവന്മാരെ വിളിച്ചും അവക്കുവേണ്ടി ഹവിസ്സേന്തിയും, അതിൻെറ നിർവ്വാഹകനായും) ഭവിച്ചാലും.

5 അച്ഛിദ്രാശർമ്മജരിതഃപുരൂണി
ദേവാംഅച്ഛാദീദ്യാനസ്സുമേധാഃ
രഥോനസസ്സിരഭിവക്ഷിവാജ
മഗ്നേത്വം രോദസീനസ്സുമേകേ

അന്വയം:–

ഹേ ജരിതഃ,	— സർവ്വസ്യ ജഗതോന്തകാലേ ജരയിതഃ അഗ്നേ,
സു–മേധാഃ, ദീദ്യാനഃ	— ശോഭനപ്രജ്ഞഃ, സ്വതേജസാ പ്രകാശമാനസ്ത്വം
ദേവാൻ അച്ഛ	— യഷ്ടവ്യാൻ ദേവാൻ തദുദ്ദേശേന ക്രിയമാണാനി
പുരൂണി ശർമ്മ	— സ്വർഗ്ഗാദി സുഖഹേതുകാനി, അഗ്നിഹോത്രാദീനി കർമ്മാണി
അച്ഛിദ്രാ	— അച്ഛിദ്രാണി, അവികലാനി സമ്പൂർണ്ണാനി കുരു
(കിം ച ഹേ അഗ്നേ,)	
ത്വം സസ്നിഃ	— സന്നിരുദ്ധഃ, സ്വകീയം സതതഗമനം സന്നിരുധ്യ
രഥഃ ന	— രഥ ഇവ, യഥാരഥോ ധാന്യാദികം ഊഢ്വാ തൽസ്വാമിനം പ്രാപയതി തദ്വൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നഃ വാജം — അസ്മാഭിർദ്ദീയമാനം ഹവിരന്നം
അഭി വക്ഷി — ദേവാനഭിലക്ഷ്യ, വഹ, പ്രാപയ
(കിം ച ത്വം) അഗ്നേ,
രോദസീ — ദ്യാവാപൃഥിവ്യൌ
സു-മേകേ — ശോഭനേരൂപേ, സ്വകീയപ്രഭാഭിഃ ഭാസമാനേ കുരു

അർത്ഥം—ജഗത്തിനെ മുഴുവൻ അന്ത്യകാലത്തു് ജരിപ്പിക്കുന്ന, ദഹിപ്പിച്ചു നശിപ്പിക്കുന്ന അഗ്നേ, സുവിജ്ഞാനയുക്തനും സ്വതേജസ്സുകൊണ്ടു സുപ്രകാശനുമായ അവിടുന്നു്, യജിക്കപ്പെടേണ്ടും ദേവന്മാരെ ഉദ്ദേശിച്ചു് ചെയ്യപ്പെടുന്ന, സ്വർഗ്ഗാദി സുഖസാധകങ്ങളായ, അഗ്നിഹോത്രാദി കർമ്മങ്ങളെ, കർത്താവിനും കർമ്മത്തിനും സാധനങ്ങൾക്കും കേടുവരാതെ സമ്പൂർണ്ണങ്ങളാക്കി ചെയ്താലും. കൂടാതെ, അഗ്നേ, അവിടുന്നു് സ്വന്തം അഭീഷ്ടഗമനം സ്വയം നിയന്ത്രിച്ചു്, തേർ, ധാന്യങ്ങളും മററും ഏററി ഉടമസ്ഥനെത്തിക്കുന്നപോലെ, ഞങ്ങളാൽ നല്കപ്പെടുന്ന ഹവിരന്നം ദേവന്മാർക്കായി വഹിച്ചാലും, എത്തിച്ചാലും. പിന്നെ അഗ്നേ, ദ്യാവാപൃഥിവികളെ അവിടുന്നു് സ്വന്തം പ്രകാശങ്ങളാൽ തെളിയിച്ചാലും.

6 പ്രപീപയവൃഷഭജിന്വവാജാ
നഗ്നേ ത്വംരോദസീനസ്സുദോഘേ
ദേവേഭിർദ്ദേവസുരുചാരുചാനോ
മാനോമർത്തസ്യദുർമ്മതിഃ പരിഷ്ഠാൽ

അന്വയം:—
ഹേ വൃഷഭ, അഗ്നേ,
ത്വം നഃ — കാമവർഷകാഗ്നേ, അസ്മാകം
പ്ര പീപയ — അഭിലഷിതഫലാനിവർദ്ധയ
വാജാൻ ജിന്വ — അന്നാനിചപ്രയച്ഛ
(കിംച) ദേവ, സു-രുചാ
രുചാനഃ — ശോഭനേദീപ്ത്യാഭാസമാനസ്ത്വം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവേഭിഃ	— യജനീയദേവൈസ്സഹിതോ സ്മാകം
രോദസീ സു–ദോഘേ	— ദ്യാവാപൃഥിവ്യൌ, വൃഷ്ടിദ്വാരാ ഭിമതഫലപ്രദാനേന സുഷ്ഠു ദോഗ്ധ്ര്യൌ കുരു
(തഥാ) മർത്ത്യസ്യ	
ദുഃ–മതിഃ	— ശത്രോഃ ദുഷ്ടബുദ്ധിപ്രയുക്തോ ഭിഭവഃ
നഃ മാ പരി സ്ഥാൽ	— അസ്മാൻ പരിതോ മാ ഗച്ഛതു

അർത്ഥം–അല്ലയോ കാമവർഷകനായ അഗ്നേ, അവിടുന്ന് ആഗ്രഹിക്കപ്പെട്ട കർമ്മഫലങ്ങൾ ഞങ്ങൾക്ക് വർദ്ധിപ്പിച്ചാലും. അന്നങ്ങളും തന്നരുളിയാലും. കൂടാതെ, ദേവനായ അഗ്നേ, സുപ്രകാശത്താൽ ശോഭനനായ അവിടുന്ന് യജിക്കപ്പെടേണ്ടും ദേവന്മാരോടുകൂടി ദ്യാവാപൃഥിവികളെ ഞങ്ങൾക്ക് മഴവഴിയായി അഭിമതങ്ങളെ കറന്നു തരുന്നവരാക്കിയാലും. പിന്നെ, ശത്രുവിന്റെ ദുഷ്ടബുദ്ധിപ്രയോഗംകൊണ്ടുള്ള തോല്മ ഞങ്ങൾക്ക് ഒരിടത്തും വരരുതേ.

7 ഇളാമഗ്നേപുരുദംസംസനിംഗ്ഗോഃ
ശ്ശശ്വത്തമംഹവമാനായസാധ
സ്യാന്നസ്സൂനുസ്തനയോവിജാവാ
ഗ്നേസാതേസുമതിർഭൂത്വസ്മേ വ. 15

അന്വയം:–
ഇതു്–2–8–16–ൽ വ്യാഖ്യാനിച്ചിട്ടുണ്ടു്.
വർഗ്ഗം–16–ബൃഹതീ സതോബൃഹത്യൗച്ഛന്ദസീ

1 അയമഗ്നിസ്സുവീര്യസ്യേശേമഹസ്സൌഭഗസ്യ
രായഈശേസ്വപത്യസ്യഗോമത
ഈശേവൃത്രഹഥാനാം

*5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

(ഉൽകിലഃ സ്തൌതി,)

അയം അഗ്നിഃ

സു—വീര്യസ്യ — ശോഭനസാമർത്ഥ്യോപേതസ്യ

മഹഃ സൌഭഗസ്യ ഈശേ — മഹതഃ സൌഭഗസ്യ ഈഷ്ടേ, ഈശ്വരോഭവതി (ബലാരോഗ്യ ഹേതുകതയാ സൌഭാഗ്യ കാരിത്വാൽ)

ഗോ—മതഃ — ഗവാദി പശുയുക്തസ്യ

സു—അപത്യസ്യ — ശോഭനാപത്യസ്യ

രായഃ ഈശേ — ധനസ്യ ഇശ്വരോ ഭവതി

(പുത്രപശ്വാദ്യുദ്ദേശേന ക്രിയമാണ കർമ്മഫലസമ്പാദകത്വേന തൽ സ്വാമിത്വാൽ)

(സോഗ്നിഃ)

വൃത്ര—ഹഥാനാം ഈശേ — ശത്രുഭൂത പാപനാശാനാം, അപി ഈശ്വരോ ഭവതി

(ത്വയി സമർപ്പിത കർമ്മണാമസ്മാകം തൽ പ്രസാദാൽ പാപക്ഷയോ ഭവതീതി തസ്യാപിസ്വാമിത്വം)

അർത്ഥം—(ഉൽകിലൻ സ്തുതിക്കുന്നു.) (ഈ ചൂണ്ടിക്കാണിക്കുന്ന) അഗ്നി ശോഭനസാമർത്ഥ്യമൊത്ത മഹത്തായ ശരീരസൌഭാഗ്യത്തിന്നു്, ഈശ്വരനാകുന്നു. (ബലവുമാരോഗ്യവും അഗ്നി നല്കുന്നതുകൊണ്ടു് സൌഭാഗ്യസ്വാമിത്വം) പശുക്കരം മുതലായവയോടും നല്ല സന്തതിയോടും ചേർന്ന ധനത്തിന്റെ ഈശനാകുന്നു. (പശുപുത്രാദിസമ്പത്തിയ്ക്കുവേണ്ടിയ കർമ്മങ്ങളുടെ ഫലം നേടിക്കൊടുക്കുന്നതുകൊണ്ടു് ധനസ്വാമിത്വം) ആ അഗ്നി ശത്രുഭൂതങ്ങളായ പാപങ്ങളുടെ നാശത്തിന്നും നാഥനാകുന്നു. (അവിടേയ്ക്കു സമർപ്പിച്ച നമ്മുടെ കർമ്മങ്ങരം കൊണ്ടു് പ്രസാദിച്ചു്, പാപക്ഷയം വരുത്തുന്നതുകൊണ്ടു് പാപനാശനസ്വാമിത്വം)

2 ഇമംനരോമരുതസ്സശ്ചതാവൃധം
യസ്മിന്നായശ്ശേവൃധാസഃ
അഭിയേസന്തിപൃതനാസുദൂഢ്യോ
വിശ്വാഹാശത്രുമാദഭഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ നരഃ, മരുതഃ,	— കമ്മണാം നേതാരഃ ദേവാഃ, യൂയം
യസ്മിൻ രായഃ	
ശേ–വൃധാസഃ	— ധനാനി ദാനഭോഗാദ്യുപ യോഗേന സുഖസ്യ വദ്ധകാനി
അഭി സന്തി	— അഭിതോഭവതി
വൃധം ഇമം സശ്ചത	— പശുപുത്രാദിവദ്ധകമഗ്നിം ഹവിരാനയനാത്ഥം സേവധ്വം
യേ (ദേവാഃ) പൃതനാസു	— സേനാസു, തദുപലക്ഷിതേഷു സംഗ്രാമേഷു
ദൂഃ–ധ്യഃ	— ദുഷ്ടധ്യാനോപേതാൻ, ആത്മനഃ ഹിംസകാൻ ശത്രൂൻ അഭിസന്തി
(യേ ച) വിശ്വാഹാ	— വിശ്വാന്യഹാനി, യസ്മിന്ന ഖണ്ഡകാലേ തസ്മിൻ സവ്വദാ
ശത്രും ആ–ദഭഃ	— ആത്മനോദ്വേഷ്ടാരം ആദഭ്നുവന്തിഹിംസന്തി

(ഏവം ഭൂതാസ്തേസവ്വേമരുതഃ യൂയം തമിമമഗ്നിംസേവധ്വം)

അത്ഥം—കമ്മനേതാക്കളായ് മരുത്തുക്കളേ, ദേവന്മാരേ, ഏവനിൽ ധനങ്ങരം ദാനത്തിന്നും ഭോഗത്തിന്നും ഉപയുക്തമായി, സുഖവദ്ധകമായി എപ്പോഴുമിരിക്കുന്നുവോ, പശുപുത്രാദിവദ്ധകനായ ആ അഗ്നിയെ ഹവിസ്സുകൊണ്ടുവരാൻവേണ്ടി സേവിച്ചാലും. ദേവന്മാരേവർ, യുദ്ധങ്ങളിൽ, ദുരാലോചനക്കാരായി ഹിംസകരായ ശത്രുക്കളെ ജയിക്കുന്നുവോ, ഏവർ അഖണ്ഡമായ കാലത്തിൽ എന്നും തങ്ങളുടെ ശത്രുക്കളെ ജയിക്കുന്നുവോ, അപ്രകാരമുള്ള മരുത്തുക്കളായ നിങ്ങരം അഗ്നിയെ സേവിച്ചാലും. (നിങ്ങളുടെ ആ ജയങ്ങരംക്കു് കാരണഭൂതൻ നിങ്ങരംക്കു് ഹവിസ്സേത്തുന്ന അഗ്നിയാണെന്നു ഭാവം.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

3 സത്വന്നോരായശ്ശിശീഹി

മീഢ്വോഅഗ്നേസുവീര്യസ്യ

തുവിദ്യുമ്നവർഷിഷ്ഠസ്യപ്രജാവതോ

നമീവസ്യശ്ശുഷ്മിണഃ

അന്വയം:—

ഹേ അഗ്നേ, സഃ ത്വം — തഥാവിധസ്ത്വം

നഃ രായഃ — അസ്മാൻ ധനേന (തൃതീയാർത്ഥേ ഷഷ്ഠീ)

ശിശീഹി — തീക്ഷ്ണീകുരു, ധനസമൃദ്ധാൻ കുരു

(കിം ച) ഹേ തുവി–ദ്യുമ്ന — ബഹുധനോപേത

(അത ഏവ) മീഢ്വഃ — മീഢ്വൻ, കാമാനാം സേക്തഃ ഹേ അഗ്നേ, ത്വം

വർഷിഷ്ഠസ്യ

പ്രജാ–വതഃ — വൃദ്ധതമസ്യ, പ്രവൃദ്ധസ്യ അപത്യയുക്തസ്യ

അനമീവസ്യ ശുഷ്മിണഃ — ആരോഗ്യഹേതോഃ, അത ഏവ ബലഹേതോഃ

സു–വീര്യസ്യ — ശോഭനവീര്യയുക്തസ്യാന്നസ്യ സംബന്ധിനോസ്മാൻകുരു

(ധനേന, അപത്യാരോഗ്യബലോപേതേനാന്നേനച അസ്മാൻ സമൃദ്ധാൻകുരു)

അർത്ഥം-അല്ലയോ അഗ്നേ, അപ്രകാരമുള്ള അവിടുന്നു് ഞങ്ങളെ ധനംകൊണ്ടു് വീര്യശാലികളാക്കിയാലും, സമൃദ്ധരാക്കിയാലും. ബഹുവിധ ധനത്തോടുകൂടിയവനും അതുകൊണ്ടുതന്നെ കാമവർഷകനുമായ അഗ്നേ, ഞങ്ങളെ മികവുററതും സന്തതിയോടുകൂടിയതും ആരോഗ്യഹേതുകവും അതുകൊണ്ടു തന്നെ ബലവത്തും ശോഭനവീര്യയുക്തവുമായ അന്നത്തോടു ചേർന്നവരാക്കിയാലും. (ധനംകൊണ്ടും സന്താനാരോഗ്യബല യുക്തമായ അന്നത്താലും സമൃദ്ധരാക്കിയാലും.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

4 ചക്രിര്യോവിശ്വാഭുവനാഭിസ്സാസഹി

ശ്ചക്രിർദ്ദേവേഷ്വാദുവഃ

ആദേവേഷ്വയതതആസ്വവീര്യ

ആശംസഉതനൄണാം

അന്വയം:–

യഃ ചക്രിഃ	— യഃ സർവ്വസ്യ ജഗതഃ കർത്താ അഗ്നിഃ
(സച) വിശ്വാ ഭുവനാ	— സർവ്വാണി ഭുവനാനി
അഭി	— അഭിവിശതി, തൽസൃഷ്ട്വാ തദേവാനുപ്രവിശതി
ചക്രിഃ സസഹിഃ	— കർത്താസഃ പുരോഡാശാദി ഹവിർഭാര സഹനശീലസ്സൻ
ദുവഃ	— അസ്മാഭിർദ്ദത്തം ഹവിഃ
ദേവേഷു ആ	— യജനീയേഷു ദേവേഷു ആനയതി
(സചാഗ്നിഃ) ദേവേഷു	— ദേവനശീലേഷു സ്തോതൃഷു
ആ യതതേ	— ആഭിമുഖ്യേന ഗച്ഛതി
ഉത നൄണാം ശംസേ ആ	— അപിച യജ്ഞേ നേതൄണാം, ശസ്ത്രേ ആഗച്ഛതി
(തഥാ നൄണാം) സു–വീര്യേ ആ	— ശോഭനവീര്യോപേതേയുദ്ധേ തദ്രക്ഷാർത്ഥമാഗച്ഛതി

അർത്ഥം–ജഗത്തിൻെറ മുഴുവൻ കർത്താവായ അഗ്നി എല്ലാ ഭുവനങ്ങളെയും അഭിവേശിക്കുന്നു, അവയെ സൃഷ്ടിച്ച് ഉള്ളിൽ പ്രവേശിക്കുന്നു. കർത്താവായ അവിടുന്ന് ദേവന്മാൎക്ക് പുരോഡാശാദി ഹവിസ്സുകളേററുന്ന ഭാരം സഹിക്കുന്നവനായി, നമ്മളാൽ നല്കപ്പെടുന്ന ഹവിസ്സ് ദേവന്മാരിലെത്തിയ്ക്കുന്നു. ആ അഗ്നി സ്വകർമ്മം കൊണ്ടു് പ്രകാശവാന്മാരായ സ്തോതാക്കളിൽ നേരെ എത്തുന്നു. കൂടാതെ, യജ്ഞനേതാക്കളുടെ ശസ്ത്ര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തിൽ ചെല്ലുന്നു. അതുപോലെ വീര്യവത്തായ യുദ്ധത്തിൽ അവരുടെ രക്ഷസ്ഥായെത്തുന്നു.

5 മാനോഅഗ്നേമതയേമാവീരതായൈരീരധഃ
മാഗോതായൈസഹസസ്പുത്രമാനിദേ
പദ്വേഷാംസ്യാകൃധി

അന്വയം:-

സഹസഃ പുത്ര, അഗ്നേ, — ബലസ്യ പുത്രാഗ്നേ,
നഃ അമതയേ — അസ്മാൻ ശത്രുഭൂതായ ദാരിദ്ര്യായ
മാ രീരധഃ — സം സിദ്ധാൻ, വിഷയഭൂതാൻ മാ കുരു,
(തഥാ)
അവീരതായൈ മാ — അപുത്രതായൈ മാ കുരു
(തഥാ) അഗോതായൈ
മാ — ഗവാദി പശുസമ്പത്യഭാവസ്യ വിഷയഭൂതാൻ മാ കുരു
(കിംചാസ്മാൻ) നിദേ മാ — നിന്ദയാ വിഷയഭൂതാൻ മാ കുരു
(തഥാ ത്വം) ദ്വേഷാംസി — കർമ്മാപരാധ നിമിത്താൻ ദ്വേഷാംശ്ച
അപ ആ കൃധി — അപാകുരു,

അർത്ഥം—അല്ലയോ ബലപുത്രനായ അഗ്നേ, ഞങ്ങളെ ശത്രുഭൂതമായ ദാരിദ്ര്യത്തിന്നു് ഇരകളാക്കരുതു്. അതുപോലെ സന്തതിയില്ലായ്മയ്ക്കു് പാത്രങ്ങളാക്കരുതു്. പശു മുതലായ സമ്പത്തിന്റെ ശൂന്യതയ്ക്കു വിഷയഭൂതന്മാരാക്കരുതു്. കൂടാതെ, ഞങ്ങളെ (ആക്ഷേപം) നിന്ദാവിഷയന്മാരാക്കരുതു്. ഞങ്ങളുടെ കർമ്മംകൊണ്ടുളവായ (അതിൽ അനിഷ്ടന്മാരോ, അസൂയാലുക്കളോ ആയ) ശത്രുക്കളെ ഇല്ലാതാക്കണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

6 ശഗ്ധിവാജസ്യസുഭഗപ്രജാവതോ

ഗ്നേബൃഹതോ അധ്വരേ

സംരായാഭൂയസാസൃജമയോഭുനാ

തുവിദ്യുമ്നയശസ്വതാ

വ–16

അന്വയം:—

സു–ഭഗ, ഹേ അഗ്നേ, — ശോഭനധനാഗ്നേ, ത്വം

അധ്വരേ — അസ്മാഭിഃ ക്രിയമാണേ അഗ്നിഷ്ടോമാദികർമ്മണി

ബൃഹതഃ പ്രജാ–വതഃ — മഹതഃ, അപത്യോപേതസ്യ

വാജസ്യ ശഗ്ധി — അന്നസ്യ ഈശിഷേ

(താദൃശമന്നമസ്മഭ്യമസ്മിൻ കർമ്മണി ദേഹി)

(കിംച) തുവി–ദ്യുമ്ന — ബഹുധനയുക്താഗ്നേ,

മയഃ–ഭുനാ യശസ്വതാ — സുഖസ്യ ഭാവകേന, അത ഏവ കീർത്തിമതാ

ഭൂയസാ രായാ സം സൃജ — അതിപ്രഭൂതേന ധനേനാസ്മാൻ സംയോജയ

അർത്ഥം.-അല്ലയോ ശോഭനധനനായ അഗ്നേ, ഞങ്ങളനുഷ്ഠിക്കുന്ന അഗ്നിഷ്ടോമാദികർമ്മത്തിൽ മഹത്തായ സന്താനസമ്പത്തിയോടുകൂടിയ അന്നത്തിന്നു് (പുഷ്ടിക്കു്) അവിടുന്നു് ഈശനാകുന്നു. (ഈ കർമ്മത്തിൽ ഞങ്ങൾക്കു് അപ്രകാരമുള്ള അന്നം തന്നരുളിയാലും.) കൂടാതെ, ബഹുധനയുക്തനായ അഗ്നേ, സുഖമുണ്ടാക്കുന്നതും അതുകൊണ്ടുതന്നെ കീർത്തിയുളവാക്കുന്നതുമായ ധനത്തോടു് ഞങ്ങളെ യോജിപ്പിച്ചാലും.

വർഗ്ഗം–17 വൈശ്വാമിത്രഃ കതഃ ഋഷിഃ ത്രിഷ്ടുപ്ഛന്ദഃ

1 സമിദ്ധ്യമാനഃ പ്രഥമാനുധർമ്മാ

സമക്തുഭിരജ്യതേ വിശ്വവാരഃ

ശോചിഷ്കേശോഘൃതനിർണ്ണിക്പാവക

സ്സുയജ്ഞോഅഗ്നിര്യജഥായദേവാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

(കതഃ സ്ത്വൌതീ)

ധർമ്മ	— യജ്ഞനിർവ്വാഹകത്വാൽ, തദ്ധാരണാൽ ധർമ്മാഗ്നിഃ
പ്രഥമാ അനു	— യജ്ഞോപക്രമേഷ്വനുക്രമേണ
സം—ഇധ്യമാനഃ	— സമ്യക് പ്രജ്വാല്യമാനഃ
വിശ്വ—വാരഃ	— സർവ്വൈര്യജമാനൈഃ യഷ്ടവ്യതയാ വരണീയഃ
ശോചിഃ—കേശഃ	— ശോചീംഷി, ജ്വാലാഃ, കേശായസ്യ സഃ
ഘൃത—നിർന്നിക്	— ഘൃതസ്യ താപന ദ്വാരാ വിലയനേന ശോധകഃ
പാവകഃ	— അസ്മദീയ പാപശോധകഃ
സു—യജ്ഞഃ അഗ്നിഃ	— ശോഭനയജ്ഞോപേതോഗ്നിഃ
ദേവാൻ യജഥായ	— അസ്മാഭിര്യജനീയാൻ ദേവാൻ യഷ്ടും
അക്തു—ഭിഃ	— അഞ്ജന സാധനൈഃ ഘൃതാദിഭിഃ
സം അജ്യതേ	— സമ്യക് ദൃശ്യതേ

അർത്ഥം—യജ്ഞനിർവ്വഹണം കൊണ്ടു് അതു ധരിക്കുന്ന അഗ്നി കർമ്മോപക്രമങ്ങളിൽ ക്രമേണ കത്തിപ്പിടിച്ചു്, നന്നായി ജ്വലിക്കുന്നവനായി, യജിക്കപ്പെടേണ്ടവനാകയാൽ എല്ലാ യജമാനന്മാരാലും വരണീയനായി, ജ്വാലകളാകുന്ന കേശങ്ങളോടുകൂടിയവനായി, ഉരുക്കിയ നെയ്യിൽ ലയിച്ചു ശുദ്ധികരനായി, നമ്മുടെ പാപങ്ങളെ കഴുകിക്കളയുന്നവനായി, ഉൽകൃഷ്ട യജ്ഞത്തോടുകൂടിയവനായി, നമ്മളാൽ യജിക്കപ്പെടേണ്ടും ദേവന്മാരെ യജിക്കാനായി നെയ്യ് മുതലായ സാധനങ്ങളോടുകൂടി വേണ്ടപോലെ കാണപ്പെടുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

2 യഥായജോഹോത്രമഗ്നേപൃഥിവ്യാ

യഥാദിവോജാതവേദശ്ചികിത്വാൻ

ഏവാനേന ഹവിഷായക്ഷിദേവാൻ

മനുഷ്വദ്യജ്ഞംപ്രതിരേമമദ്യ

അന്വയം:–

ഹേ അഗ്നേ, (ത്വം)

യഥാ പൃഥിവ്യാഃ	— യജ്ഞഭൃതായാഃ പൃഥിവീ ഭൃതായാഃ പൂൎവ്വം ഹോതാസൻ
ഹോത്രം അയജഃ	— ഹോമസാധനം ഹവിരയാജീഃ
ഹേ ജാത–വേദഃ	— ജാതപ്രജ്ഞാഗ്നേ,
ചികിത്വാൻ	— കൎമ്മവിഷയജ്ഞാനവാൻ ത്വം
യഥാ (ച) ദിവഃ	— യജമാനഭൃതായാഃ ദ്യുദേവതായാഃ ഹോതാഭൃത്വാഹവിരയജഃ
ഏവ	— അസ്മിൻ കൎമ്മണിഹോതാസൻ
അനേന ഹവിഷാ	
ദേവാൻ യക്ഷി	— അസ്മാഭിൎദ്ദീയമാനേന ഹവിഷാ യജ
(കിംച ത്വം) അദ്യ	
ഇമം യജ്ഞം	— ഇദാനീമസ്മാഭിഃ ക്രിയമാണം യജ്ഞം
മനുഷ്വൽ പ്ര തിര	— യഥാമനോഃ യജ്ഞം അനുഷ്ഠാനസംപൂൎത്ത്യാ പാരമനൈഷീഃ തദ്വദിമംയജ്ഞം സംപൂൎത്ത്യാ പാരംഗമയ

അൎത്ഥം–അല്ലയോ അഗ്നേ, അവിടുന്നു് യജ്ഞത്വം പൂണ്ട ഭൂവിൻെറ ഹോതാവായി, ഹോമസാധനമായ ഹവിസ്സുകൊണ്ടു് യജിച്ചുവല്ലൊ. അല്ലയോ സൎവ്വജ്ഞനായ അഗ്നേ, കൎമ്മവിഷയജ്ഞാനിയായ അവിടുന്നു്, ദ്യോവു്, യജമാനത്വം പൂണ്ടു് സ്വയം യാഗമനുഷ്ഠിച്ചപ്പോഴും ഹോതാവായി യജിച്ചുവല്ലൊ. ഞങ്ങളാൽ നല്കപ്പെടുന്ന ഹവിസ്സാലും ദേവന്മാരെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യജിച്ചാലും. അതു കൂടാതെ, ഇപ്പോൾ ഞങ്ങളനുഷ്ഠിക്കുന്ന യജ്ഞം മനുവിൻേറതുപോലെ സംപൂർത്തിയുടെ കരമ്ഞ്ഞുത്തി ച്ചാലും.

3 ത്രീണ്യായൂംഷിതവജാതവേദ

സ്തിസ്ര ആജാനീരുഷസസ്തേ അഗ്നേ

താഭിർദ്ദേവാനാമവോയക്ഷിവിദ്വാ

നഥാഭവയജമാനായശംയോഃ

അന്വയം:-

ഹേ ജാത-വേദഃ, അഗ്നേ — ജാതപ്രജ്ഞാഗ്നേ
തവ ത്രീണി ആയൂംഷി — ത്രിവിധാനി, ആജ്യൌഷധി സോമാത്മകാന്യാഹാരതയാ കല്പിതാനി
തിസ്രഃ ഉഷസഃ — ഏകാഹാഹീന സത്രഗതാഃ ഉഷസഃ ഉഷോഭിമാനിന്യ സ്തിസ്രോ ദേവതാഃ
തേ ആ-ജാനീഃ — തവജനയിത്ര്യഃ, മാതരഃ
താഭിഃ — ഉഷോഭിമാനിനീഭിർദ്ദേവതാഭി സ്സഹിതസ്ത്വം
അവഃ — അസ്മാഭിർദ്ദീയമാനം ഹവിരന്നം രക്ഷ
ദേവാനാം യക്ഷി — യഷ്ടവ്യദേവാനാം പ്രയച്ഛ
അഥ വിദ്വാൻ — ജാനംസ്ത്വം
യജമാനായ ശം യോഃ ഭവ — സുഖസ്യഹേതുഃ, സുഖസ്യ മിശ്രയിതാച ഭവ

അർത്ഥം-അല്പയോ ജ്ഞാനിയായ അഗ്നേ, അവിടേയ്ക്കു നെയ്, ഓഷധി, (ചമത മുതലായവ) സോമം എന്നിങ്ങനെ മൂന്നു രൂപങ്ങളിലുള്ള ഹവിസ്സുകൾ കല്പിതങ്ങളായിരിക്കുന്നു. ഏകാഹാഹീന സത്രങ്ങളിൽ (യാഗവിശേഷങ്ങളിൽ) എത്തുന്ന ഉഷസ്സുകളുടെ മൂന്നു അഭിമാനദേവതകൾ അവിടേയ്ക്കുമ്മമാരാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കുന്നു. (യജ്ഞങ്ങളിൽനിന്നുല്പന്നനാകയാൽ യജ്ഞകാരിണികളായ ഉഷോദേവതകൾ അമ്മമാർ) ആ ഉഷോദേവതകളോടു കൂടിയ അവിടുന്നു് ഞങ്ങളാൽ നല്കപ്പെടുന്ന ഹവിരന്നം രക്ഷിച്ച്, യജനീയന്മാരായ ദേവന്മാർക്കു് കൊടുത്താലും. പിന്നെ, എല്ലാമറിയുന്ന അവിടുന്നു് യജമാനന്നു് സുഖകാരിയായി ഭവിച്ചാലും, സുഖം ചേർക്കുന്നവനായി ഭവിച്ചാലും.

4 അഗ്നിംസുദീതിംസുദൃശംഗൃണന്തോ
നമസ്യാമസ്ത്വേഡ്യംജാതവേദഃ
ത്വാംദൂതമരതിംഹവ്യവാഹം
ദേവാഅകൃണ്വന്നമൃതസ്യനാഭിം

അന്വയം:—

ഹേ ജാത–വേദഃ,	— ജാതപ്രജ്ഞാഗ്നേ,
ഗൃണന്തഃ	— ത്വദ്വിഷയാം സ്തുതിം കുർവ്വാണാവയം
സു–ദീതിം, സു–ദൃശം	— ശോഭനദീപ്തിം സുദർശനം
ഈഡ്യം അഗ്നിം ത്വാ	— സ്തുത്യമഗ്നിം ത്വാം
നമസ്യാമഃ	— ഹവിർഭിഃ പൂജയാമഃ
(കിംച) ദേവാഃ	— യജനീയാഃ ഇന്ദ്രാദയഃ
അരതിം	— വിഷയേഷ്വസക്തം
(അത ഏവ) അമൃതസ്യ	
നാഭിം ത്വാം	— ദേവാന്നഭൂതായാഃ സുധായാഃ നാഭിസ്ഥാനം ത്വാം
ഹവ്യ–വാഹം, ദൂതം	
അകൃണ്വൻ	— ഹവിഷഃ വോഢാരം. കാര്യകാരിണം ദൂതം അകാർഷുഃ

അർത്ഥം—അല്ലയോ സർവ്വമറിയുന്ന അഗ്നേ, അവിടുത്തെക്കുറിച്ച സ്തുതികൾ ചൊല്ലുന്ന ഞങ്ങൾ ശോഭന പ്രകാശനും നന്നായി കാണപ്പെടുന്നവനും സ്തുത്യനുമായ അഗ്നിയായ അവിടുത്തെ ഹവിസ്സുകളാൽ പൂജിക്കുന്നു, നമസ്കരിക്കുന്നു,. യജനീയ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രായ ഇന്ദ്രാദി ദേവന്മാർ, സ്വതവേ വിഷയങ്ങളിൽ ഉദാസീനനും അതുകൊണ്ടു തന്നെ ദേവാന്നമായ അമൃതത്തിൻെറ മുഖ്യസ്ഥാനത്തിരിക്കുന്നവനുമായ അവിടുത്തെ, ഹവിസ്സേന്തുന്നവനും കാര്യനിർവ്വാഹകനായ ദൂതനുമാക്കിച്ചെയ്തു. (അസക്തനാകകൊണ്ടാണ് അമൃതത്തിൻെറ മുഖ്യസ്ഥാനസ്ഥനായത്. ദൂതന്മാർ രണ്ടു വിധം! വാർത്താഹാരിയും കാര്യകാരിയും. അഗ്നി കാര്യകാരിയായ ദൂതൻ.)

5 യസ്ത്വദ്ധോതാപൂർവ്വോഅഗ്നേയജീയാ
ന്ദ്വിതാചസത്താസ്വധയാചശംഭുഃ
തസ്യാനുധർമ്മപ്രയജാചികിത്വോ
ഥാനോധാഅധ്വരംദേവവീതൌ
വ. 17

അന്വയം:—

ഹേ അഗ്നേ, ത്വത് പൂർവ്വഃ	—	ത്വത്തോപി പ്രഥമഭാവീ
യജീയാൻ യഃ ഹോതാ	—	അതിശയേന യഷ്ടാ യഃ കശ്ചിദ്ധോമനിഷ്പാദകഃ
ദ്വിതാ ച	—	ദ്വൈധം, മധ്യമേചോത്തമേ സ്ഥാനേ
സ്വധയാ	—	സോമാഖ്യേനാന്നേന സഹ
സത്താ ച ശം-ഭുഃ	—	നിഷണ്ണഃ ച യഷ്ടൄണാം സുഖഭുഃ അഭുത്
ഹേ ചികിത്വഃ	—	ധർമ്മവിഷയചേതനാവന്നഗ്നേ,
തസ്യ	—	ത്വത്തോപി പൂർവ്വഭാവിനഃ ഹോതുസ്തസ്യ
അനു ധർമ്മ	—	തേനാനുഷ്ഠിതധർമ്മാനുലക്ഷ്യ
പ്ര യജ	—	പ്രകർഷേണദേവാൻയജ, പൂജയ
അഥ (ത്വം) നഃ അധ്വരം	—	അസ്മാകമിമം യജ്ഞം
ദേവ-വീതൌ ധാഃ	—	ദേവാനാം പ്രീത്യർത്ഥം വിധേഹി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം—അല്ലയോ അഗ്നേ, അവിടേയ്ക്കും മുമ്പ് നന്നായി യജമാനായ ഏതെങ്കിലും ഹോമനിവ്വാഹകൻ മധ്യമത്തിലും ഉത്തമത്തിലുമുള്ളസ്ഥാനത്തു സോമത്തോടുകൂടി വത്തിച്ച്, യഷ്ടാക്കാംക്ക് സുഖകാരിയായി ഭവിച്ചുവോ, അല്ലയോ ധമ്മവിഷയജ്ഞനായ അഗ്നേ, അവിടുത്തേയ്ക്കു മുമ്പുണ്ടായ ആ ഹോതാവനുഷ്ഠിച്ച ധമ്മത്തെ ഉന്നംവെച്ച്, ദേവന്മാരെ വേണ്ടപോലെ യജിച്ചാലും, പൂജിച്ചാലും. പിന്നെ, ഞങ്ങളുടെ ഈ യജ്ഞത്തെ ദേവന്മാക്ക് പ്രീതികരമാക്കിയാലും.

വർഗ്ഗം 18.

1 ഭവാനോ അഗ്നേസുമനാഉപേതൌ
സഖേവ സഖ്യേപിതരേവസാധുഃ
പുരുദ്രുഹോഹിക്ഷിതയോജനാനാം
പ്രതിപ്രതീചീർദ്ദഹതാദരാതീഃ

അന്വയം:—

ഹേ അഗ്നേ, (ത്വം)

ഉപ—ഇതൌ — അസ്മാഭിഃ ക്രിയമാണസ്യ പ്രവർഗ്ഗ്യാഖ്യ കമ്മണഃ ആഭിമുഖ്യേനാഗമനേ

സു—മനാഃ — തൽകമ്മസിദ്ധ്യത്ഥമനുകൂലമനസ്സോഭൂത്വാ

സഖാ—ഇവ സഖ്യേ — യഥാസുഹൃൽ മിത്രായ ഹിതോപദേശേ സാധുർഭവതിതഥാ

പിതരാ—ഇവ — യഥാചമാതാപിതരൌപുത്രായ സന്മാർഗ്ഗോപദേശേന സാധകൌ ഭവതഃ തഥാച

നഃ സാധുഃ ഭവ — അസ്മാൻ സംബന്ധികമ്മ സാധകോഭവ

(കിംച) ജനാനാം

ക്ഷിതയഃ — മനുഷ്യാണാം മനുഷ്യാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹി പുരു-ദ്രുഹഃ — യസ്മാൽ ലോകേ പരസ്പരമാത്സ
ര്യാദിനാ അന്യോന്യമസഹ
മാനാ ജനാഃ വർത്തന്തേ,
തസ്മാൽ ത്വം

പ്രതീചീഃ — പ്രതീചഃ അസ്മദാഭിമുഖ്യേനാ
ഗച്ഛതഃ

അരാതീഃ പ്രതി ദഹതാൽ — ശത്രൂൻ പ്രതികൂലസ്സൻ
ഭസ്മസാൽകുരു

അർത്ഥം—അല്ലയോ അഗ്നേ, അവിടന്ന് ഞങ്ങളനുഷ്ഠിക്കുന്ന പ്രവർഗ്ഗ്യമെന്ന കർമ്മത്തിന്ന് നേരേ വന്നുചേരവേ, ആ കർമ്മ സിദ്ധിയ്ക്കനുകൂലമായ മനസ്സോടു കൂടിയവനായി, ഒരു സ്നേഹി തൻ തന്റെ ചങ്ങാതിയെ ഹിതമുപദേശിച്ച് നന്നാക്കുന്നപോലെയും, അമ്മയച്ഛന്മാർ മകനെ സന്മാർഗ്ഗോപദേശം ചെയ്ത് നേർവഴിയ്ക്കാക്കുന്നപോലെയും, ഞങ്ങളുടെ കർമ്മം വേണ്ടപോലെ സാധിപ്പിയ്ക്കുന്നവനായി ഭവിച്ചാലും. ലോകത്തിൽ മനുഷ്യരിൽ ചിലർ പരസ്പരമാത്സര്യംകൊണ്ട് അന്യോന്യം പൊറുപ്പില്ലാത്തവരാണല്ലോ. അതുകൊണ്ട് ഞങ്ങൾക്ക് നേരെ വരുന്ന ശത്രുക്കളെ എതിർത്ത് ഭസ്മീകരിച്ചാലും.

2 തപോഷ്വഗ്നേഅന്തരാംഅമിത്രാ
ന്തപാശംസമരരുഷഃ പരസ്യ
തപോവസോചികിതാനോഅചിത്താൻ
വിതേതിഷ്ഠന്താമജരാഅയാസഃ

അന്വയം:—

ഹേ അഗ്നേ. അന്തരാൻ

അമിത്രാൻ — അഭിഭാവകാൻ ശത്രൂൻ

സു തപോ — സുഷ്ഠു യഥാഭവതി തഥാ
തപൈവ, ബാധസ്വ

(കിംച) അരരുഷഃ — തുഭ്യം ഹവിരപ്രയച്ഛന്തഃ

(അത ഏവ) പരസ്യ — ശത്രുഭൂതസ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശംസം തപ — അഭിലാഷം ക്ഷപയ
ഹേ വസോ, ചികിതാനഃ — സർവ്വസ്യ വാസയിതഃ, കർമ്മാഭിജ്ഞസ്ത്വം
അചിത്താൻ തപോ — അസ്മൽകർമ്മണ്യനാസക്തമനസ്കാൻ പുരുഷാൻ സംതപ
(യസ്മാദേവം തസ്മാൽ)
തേ — തവരശ്മയഃ
അജരാഃ, അയാസഃ — ജരാരഹിതാഃ, സർവ്വത്രഗമനസ്വഭാവാസ്സന്തഃ
വി തിഷ്ഠന്താം — വിശേഷേണ തിഷ്ഠന്തു

അർത്ഥം-അല്ലയോ അഗ്നേ, കീഴടക്കുന്ന ശത്രുക്കളെ തികച്ചും ബാധിച്ചാലും, ചുട്ടെരിച്ചാലും. അവിടേയ്ക്കു ഹവിസ്സേകാത്ത ശത്രുവിൻെറ അഭീഷ്ടം ക്ഷയിപ്പിച്ചാലും. എല്ലാവരെയും വസിപ്പിയ്ക്കുന്ന അഗ്നേ, കർമ്മാഭിജ്ഞനായ അവിടുന്നു ഞങ്ങളുടെ കർമ്മത്തിൽ താല്പര്യമില്ലാത്തവരെ, വിരോധികളെ ചുട്ടെരിച്ചാലും. ഇപ്രകാരമിരിക്കേ, അവിടുത്തെ രശ്മികൾ ക്ഷീണിക്കാത്തവയും എങ്ങും പടരുന്നവയുമായി നന്നായി നില്ക്കട്ടെ.

3 ഇധ്മേനാഗ്ന ഇച്ഛമാനോ ഘൃതേന
ജുഹോമി ഹവ്യം തരസേ ബലായ
യാവദീശേ ബ്രഹ്മണാ വന്ദമാന
ഇമാം ധിയം ശതസേയായ ദേവീം

അന്വയം:-

ഹേ അഗ്നേ, ഇച്ഛമാനഃ — ധനം കാമയമനോഹം യജമാനഃ
തരസേ ബലായ — വേഗായ തവസതതഗമനസിദ്ധ്യർത്ഥം സാമർത്ഥ്യായ
ഇധ്മേന, ഘൃതേന — സമിന്ധനകാരിസമിൽസമൂഹേനാജ്യേന ച സഹ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹവ്യം ജുഹോമി — പുരോഡാശാദികം ഹവിർജ്ജുഹോമി, ത്വയിപ്രക്ഷിപാമി

(കിംച) ബ്രഹ്മണാ
വന്ദമാനഃ — സ്തോത്രേണ ത്വാം സ്തുവന്നഹം

യാവൽ ഈശേ — യാവദ്ധനം വോഢും ശക്നോമി, താവദ്ദേഹി

(ത്വം ച) ഇമാം ധിയം — അസ്മാഭിഃ ക്രിയമാണാം സ്തുതിം

ശത–സേയായ — അപരിമിതധനപര്യവസാനായ

ദേവീം — ദീപ്താം, അതിപ്രഭൃതാം കുരു

അർത്ഥം—അല്ലയോ അഗ്നേ, ധനം (ക്ഷേമം) ഇച്ഛിക്കുന്ന യജമാനനായ ഞാൻ അവിടുത്തെ ത്വരിതവും സതതവുമായ ഗമനത്തിന്നു വേണ്ടി (അവിടുന്നു് ജ്വലിച്ചുവരാൻ വേണ്ടി) ഇധ്മത്തോടും (ചമതക്കൂട്ടത്തോടും) നെയ്യോടും കൂടി പുരോഡാശാദി ഹവിസ്സു് അവിടേയ്ക്കുവേണ്ടി ഹോമിക്കുന്നു. കൂടാതെ, സ്തോത്രത്താലവിടുത്തെ വന്ദിക്കുന്ന ഞാൻ, എത്ര ധനം എനിക്കേററാമോ (അല്ലങ്കിൽ കർമ്മഗതിയനുസരിച്ചു് എത്ര ക്ഷേമം എനിക്കു സിദ്ധിക്കാൻ അർഹനാണോ,) അത്ര തന്നരുളിയാലും. അവിടുന്നു് എൻെറ സ്തുതിയെ ഒടുങ്ങാത്ത ധന (ക്ഷേമ)ത്തിന്നായി തെളിവുററതു് മഹത്താക്കിയാലും.

4 ഉച്ഛോചിഷാസഹസസ്പുത്രസ്തുതോ
ബൃഹദ്വയശ്ശശമാനേഷുധേഹി
രേവദഗ്നേവിശ്വാമിത്രേഷുശംയോ
ർമ്മർമൃജ്മാതേതന്വം ഭൂരികൃത്വഃ

അന്വയം:—

സഹസഃ പുത്ര, ഹേ അഗ്നേ,

ശോചിഷാ ഉൽ — സ്വകീയ ദീപ്ത്യാ ഉദ്ദീപ്യസ്വ

സ്തുതഃ — സ്തോത്ര ശസ്ത്രാദിഭിഃ സ്തുത്യസ്ത്വം

ശശമാനേഷു — ത്വദ്വിഷയശംസനം കുർവ്വാണേഷു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിശ്വാമിത്രേഷു — വിശ്വാമിത്രഗോത്രോൽപന്നേഷു
രേവൽ ബൃഹൽ വയഃ
ധേഹി — ധനയുക്തം പ്രഭൂതമന്നം വിധേഹി
(കിംച) ശം യോഃ — രോഗാണാം ശമനം ഭയാനാം യാവനം ച ധേഹി
ഹേ കൃതപഃ, തേ — കമ്മണഃ കത്തഃ, അഗ്നേ, തവ
തന്വം ഭൂരി മമ്മൃജ്മ — തനും ബഹുവാരം പുനഃപുന സ്സോമാജ്യപയഃ പ്രഭൃതിഭിഃ വയം സിഞ്ചാമഃ

അത്ഥം—ബലത്തിൻെറ മകനായ അഗ്നേ, സ്വതേജസ്സു കൊണ്ടു കത്തിയുയന്നാലും. സ്തോത്രശസ്ത്രാദികളാൽ പുകഴ്ത്തപ്പെട്ട അവിടുന്ന്, അവിടേയ്ക്കു സ്തുതിചൊല്ലുന്ന വിശ്വാമിത്രഗോത്രക്കാരിൽ ധനയുക്തവും ധാരാളവുമായ അന്നമുണ്ടാക്കിയാലും. രോഗശമനവും ഭയദൂരീകരണവും ഏപ്പെടുത്തിയാലും. കമ്മകത്താവായ അഗ്നേ, അവിടുത്തെ ശരീരത്തെ ഞങ്ങൾ സോമം, നെയ്, പാൽ മുതലായവയാൽ നനസ്സുന്നു.

5 കൃധിരത്നംസുസനിതദ്ധനാനാം
സഘേദഗ്നേഭവസിയൽസമിദ്ധഃ
സ്തോതുദ്ദുരോണേസുഭഗസ്യരേവൽ
സൃപ്രാകരസ്നാദധിഷേവപൂംഷി
വ 18

അന്വയം:—

സു—സനിതഃ, ഹേ അഗ്നേ — അഭിലഷിതാനാംസുഷ്ഠുദാതഃ, അഗ്നേ
ധനാനാം രത്നം കൃധി — കനകപശ്വാദീനാം ധനാനാം മധ്യേഉത്തമംധനംമഹ്യം വിധേഹി, ദൽസ്വ

*6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യൽ സം—ഇദ്ധഃ — യദാസോമാജ്യാദിഭിസ്സമ്യക് ദീപ്തഃ വർത്തസേ

(തദാ) സഃ ഘ ഇൽ ഭവസി — സഃ താദൃശഐശ്വര്യവത്വം ധനസ്യ ദാതാഖല്വുഭവസി

(കിംച) സു—ഭഗസ്യ — ത്വദ്വിഷയസ്തുത്യാശോഭനധന യുക്തസ്യ

സ്തോതുഃ ദുരോണേ — യജമാനസ്യഗൃഹേ

സ്വപ്രാ — സർപ്പണശീലൌ, കർമ്മകരണാർത്ഥം പ്രസൃതൌ

കരസ്നാ — കർമ്മണാം പ്രസ്നാതാരൌബാഹൂ

വപൂംഷി — രൂപാണി, ഭാസ്വരാണിജ്യോതീംഷിച

രേവൽ ദധിഷേ — ധനയുക്തം യഥാ തഥാ ധാരയസി

അർത്ഥം—അഭീഷ്ടങ്ങളെ നന്നായി കൊടുക്കുന്ന അഗ്നേ, സ്വർണ്ണം, പശു മുതലായ ധനങ്ങളിൽ ഉത്തമധനം എനിക്കു തന്നരുളിയാലും. എപ്പോഴം അവിടുന്നു് സോമം, നെയ്, മുതലായവയാൽ നന്നായി ജ്വലിച്ചു് വർത്തിക്കുന്നുവോ, അപ്പോഴം അവിടുന്നു് ധനദാതാവായിത്തന്നെ ഭവിക്കുന്നു. കൂടാതെ, അവിടുത്തെ സ്തുതികൊണ്ടു് സംപന്നനായ യജമാനൻെറ ഗൃഹത്തിൽ കർമ്മം ചെയ്‌വാൻ ഉദ്യതങ്ങളും കർമ്മങ്ങളെ പരത്തുന്നവയുമായ കൈകളെയും ഭാസ്വരങ്ങളായ ജ്യോതിസ്സുകളെയും ധനയുക്തമാംവണ്ണം അവിടുന്നു് ധരിക്കുന്നു.

വർഗ്ഗം—19—ഗാഥിഃ ഋഷിഃ

1 അഗ്നിംഹോതാരംപ്രവൃണേമിയേധേ
ഗൃത്സംകവിംവിശ്വവിദമമൂരം
സനോയക്ഷദ്ദേവതാതായജീയാ
ന്രായേവാജായവനതേമഘാനി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

(ഗാഥീസ്തൌതി)

(ഹേ അഗ്നേ,) ഗൃഥ്സം	—	ഗൃണന്തം. ദേവാനാം സ്തുതിം കുർവ്വന്തം
കവിം, വിശ്വ—വിദം	—	മേധാവിനം, സർവ്വവിഷയ ജ്ഞാനോപേതം
അമൂരം അഗ്നിം	—	അമൂഢമഗ്നിം ത്വാം
മിയേധേ	—	അസ്മാഭിഃ ക്രിയമാണേസ്മിൻ യജ്ഞേ
ഹോതാരം പ്ര വൃണേ	—	ദേവാനാമാഹ്വാതാരം പ്രകർഷേണാഹം സംഭജേ
സഃ യജീയാൻ	—	തഥാവിധോഗ്നിഃ യഷ്ടൃതമസ്സൻ
നഃ ദേവ—താതാ യക്ഷൽ	—	അസ്മാകം യഷ്ടവ്യതയാ സംബന്ധിനോ ദേവാൻ യജതു
(കിംചസോഗ്നിഃ) രായേ, വാജായ	—	ധനായാന്നായ ച
മഘാനി വനതേ	—	മംഹനീയാന്യസ്മാഭിർദ്ദീയമാനാ നിഹവീംഷി സംഭജതാം

അർത്ഥം—(ഗാഥി സ്തുതിക്കുന്നു) അല്ലയോ അഗ്നേ, ദേവന്മാരെ സ്തുതിക്കുന്നവനും മേധാവിയും എല്ലാമറിയുന്നവനും വിദ്വാനമായ അഗ്നിയായ അവിടത്തെ ഞങ്ങൾ ചെയ്യുന്ന ഈ യജ്ഞത്തിൽ ദേവന്മാരെ വിളിക്കുന്നവനായി ഞാൻ വേണ്ടപോലെ വരിക്കുന്നു. (പരോക്ഷം) അപ്രകാരമുള്ള അഗ്നി, യജ്വാക്കളിൽ വെച്ച് ശ്രേഷ്ഠനായി, നമുക്ക് പൂജാർഹതയാൽ, ബന്ധപ്പെട്ട ദേവന്മാരെ യജിക്കട്ടെ. പിന്നെ ആ അഗ്നി നമുക്ക് ധനത്തിന്നും അന്നത്തിന്നും വേണ്ടി നമ്മളാൽ നല്കപ്പെടുന്ന ഹവിസ്സ് സ്വീകരിക്കട്ടെ.

2 പ്രതേ അഗ്നേഹവിഷ്മതീമിയ

ർമ്യച്ഛാസുദ്യുമ്നാം രാതിനീംഘൃതാചീം

പ്രദക്ഷിണിദ്ദേവതാതിമുരാണ

സ്സംരാതിഭിർവ്വസുഭിര്യജ്ഞമശ്രേൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ അഗ്നേ, സു-ദ്യുമ്നാം — സുതേജസ്സാം
ഹവിഷ്മതീം രാതിനീം,
ഘൃതാചീം — ഹവിര്യുക്താം, ഹവിർദ്ദാത്രീം
ഘൃതാന്വിതാംജൂഹൂം
തേ അച്ഛ പ്ര ഇയർമ്മി — ത്വദാഭിമുഖ്യേനപ്രേരയാമി
ദേവ–താതിം ഉരാണഃ — ദേവാൻ ഉരുകുർവ്വാണഃ ഭവാൻ
രാതി–ഭിഃ വസു–ഭിഃ — അസ്മഭ്യംദേയതയാപ്രാപ്തൈഃ
ധനൈഃ
പ്ര–ദക്ഷിണിൽ — പ്രാദക്ഷിണ്യേന
യജ്ഞം സം അശ്രേൽ — ഇമം യജ്ഞം സമ്യക്സേവതാം

അർത്ഥം--അല്ലയോ അഗ്നേ; നല്ല തേജസ്സുററതും പുരോഡാശാദി ഹവിസ്സോടു കൂടിയതും, ഹവിസ്സേകുന്നതും, നെയ്പുരണ്ടതുമായ ജൂഹൂവിനെ (ഹോമോപകരണത്തെ) അവിടുത്തെ നേരെ ഇതാ ഉയർത്തുന്നു. ദേവന്മാർക്കു് മഹത്തായ കർമ്മം ചെയ്യുന്ന അവിടുന്നു് ഞങ്ങൾക്കു് തരാനായിക്കൊണ്ടുവന്ന ധനങ്ങളോടു കൂടി, പ്രദക്ഷിണമായി ഈ യജ്ഞത്തെ പ്രാപിച്ചാലും.

3 സതേജീയസാമനസാത്വോത
ഉതശിക്ഷസ്വപത്യസ്യശിക്ഷോഃ
അഗ്നേരായോനൃതമസ്യപ്രഭൂതൌ
ഭൂയാമതേസുഷ്ടുതയശ്ചവസ്വഃ

അന്വയം:—

(ഹേ അഗ്നേ,) ത്വാ–ഊതഃ — യഃ ത്വയാരക്ഷ്യമാണഃ
സഃ തേജീയസാ — അതിശയേനതീക്ഷ്ണേന
സൽകർമ്മവിഷതീക്ഷ്ണ
ബുദ്ധിയുക്തേന
മനസാ — അന്തഃകരണേന യുക്തോഭവതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉത സു-അപത്യസ്യ — അപിചതസ്മൈ ശോഭനാപത്യ യുക്തം ധനം (ദ്വിതീയാർത്ഥേ ഷഷ്ഠീ)
ശിക്ഷ — പ്രയച്ഛ
ഹേ അഗ്നേ, ശിക്ഷോഃ — അഭിമത ഫലപ്രദാനേ ശക്തിതുമിച്ഛോഃ
രായഃ നൃ-തമസ്യ — ധനസ്യാതിശയേനനേതുഃ ദാതുഃ
തേ പ്ര-ഭൃതൌ ച — തവപ്രഭാവേ, മഹിമ്നി ച വയം സ്യാമ
(കിംച) സു-സ്തുതയഃ — ത്വദ്വിഷയ ശോഭനസ്തുതി മന്ത്രോവയം
വസ്വഃ ഭൂയാമ — വസുനോ ഭാജനം ഭൂയാസ്മ

അർത്ഥം-അല്ലയോ അഗ്നേ, ഏവൻ അവിടുന്നാൽ രക്ഷിയ്ക്കപ്പെടുന്നവനാണോ, അവൻ ഏററവും തേജസ്സേററ, കർമ്മവിഷയത്തിൽ തീക്ഷ്ണതയോടുകൂടിയ അന്തഃകരണമുള്ളവനായി ഭവിയ്ക്കുന്നു. അവന്നു് നല്ല സന്തതിയോടുകൂടിയ ധനം കൊടുത്തരുളിയാലും. അല്ലയോ അഗ്നേ, അഭിമതഫലം നൽകാനിച്ഛിയ്ക്കുന്നവനും ധനത്തിൻെറ ഏററവുമധികം നേതാവും ദാതാവുമായ അവിടുത്തെ പ്രഭാവത്തിലും മഹിമയിലും ഞങ്ങൾ ഭവിയ്ക്കാവൂ, വർത്തിയ്ക്കുവൂ. കൂടാതെ, അവിടുത്തെക്കുറിച്ച സൽസ്തുതികൾ ചൊല്ലുന്ന ഞങ്ങൾ ധനങ്ങൾക്കു് പാത്രമായി (പാത്രഭൂതരായി) ഭവിയ്ക്കാവൂ.

4 ഭൂരീണിഹിതേദധിരേഅനീകാ
ഗ്നേദേവസ്യയജ്യവോജനാസഃ
സആവഹദേവതാതിംയവിഷ്ഠ
ശർദ്ധോയദദ്യദിവ്യംയജാസി

അന്വയം:—

ഹേ അഗ്നേ, ദേവസ്യ — ദ്യോതമാനസ്യ തവ സംബന്ധിനഃ
യജ്യവഃ ജനാസഃ — യഷ്ടാരഃ അധ്വര്യുപ്രമുഖാജനാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭൂരീണി അനീകാ — ബഹൂനി, സേനാരൂപതയാ പ്രവൃത്താനി ജ്വാലാരൂപാണി തേജാംസി ആഹുതി പ്രക്ഷേപണേ

ത്വേ ദധിരേ ഹി — ത്വയി വിദധിരേ, ചക്രുഃ ഖലു

സഃ (ത്വം) ദേവ–താതിം

ആ വഹ — യഷ്ടവ്യദേവാനാഹ്വയ, ആനയ

ഹേ യവിഷ്ഠ, യൽ അദ്യ — യുവതമ, യസ്മാദസ്മിൻ കർമ്മണി

ദിവ്യം ശർദ്ധഃ യജാസി — ദിവിഭവം തേജഃ ത്വംയജസി (തസ്മാദ്ദേവാനാഹ്വയ)

അർത്ഥം—അല്ലയോ അഗ്നേ, ശോഭമാനനായ അവിടുത്തെ സ്സംബന്ധികളായ യഷ്ടാക്കരം, അധ്വര്യുപ്രമുഖരായ ജനങ്ങരം, ഒരു സേനയെപ്പോലെ പടന്ന് ജ്വാലാരൂപങ്ങളായ തേജസ്സുക ളെ ഹവിസ്സു ഹോമിച്ച് അവിടുന്നിലുളവാക്കുന്നുവല്ലൊ. ആ അവിടുന്ന് യജനീയരായ ദേവന്മാരെ വിളിച്ചാലും. ആനയി ച്ചാലും. അല്ലയോ യുവത്വം മുററിയ അഗ്നേ, യാതൊന്നുകൊ ണ്ടു് ഈ കർമ്മത്തിൽ ദിവ്യമായ തേജസ്സിനെ അവിടുന്ന് യജി ക്കുന്നുവോ അതുകൊണ്ടു ദേവന്മാരെ വിളിച്ചാലും.

5 യത്വാഹോതാരമനജൻമിയേധേ
നിഷാദയന്തോയജഥായദേവാഃ
സത്വംനോഅഗ്നേവിതേഹബോദ്ധ്യ
ധിശ്രുവാംസിധേഹിനസ്തനൃഷ്ഠ വ 19

അന്വയം:—

ഹേ അഗ്നേ, യജഥായ — യജനാർത്ഥം

നി–സാദയന്തഃ ദേവാഃ — നിവസന്തഃ ദീപ്യമാനാ ഋത്വിജഃ

മിയേധേ ഹോതാരം ത്വാ — മേധേ, യജ്ഞേ, ദേവാനാ മാഹ്വാതാരം ത്വാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യൽ അനജൻ	—	യസ്മാൽ ഘൃതാഹുതിഭിരൌക്ഷൻ
സഃ ത്വം ഇഹ നഃ	—	അസ്മാകമസ്മിൻ കർമ്മണി
അവിതാ ബോധി	—	പാലയിതാ ഭവാമീതി ബുദ്ധ്യസ്വ
(കിംച) നഃ തനൂഷു	—	അസ്മാകം തനൂജേഷു, അപത്യേഷു
ശ്രവാംസി അധി ധേഹി	—	അന്നാനി അധികം നിധേഹി

അർത്ഥം-അല്പയോ അഗ്നേ, യജനത്തിന്നുവേണ്ടി വർത്തിയ്ക്കുന്ന ശോഭനന്മാരായ ഋത്വിക്കുകരം യജ്ഞത്തിൽ ദേവന്മാരെ വിളിക്കുന്ന അവിടത്തെ നെയ്മുതലായവ ഹോമിച്ച്, നനക്കുന്ന എന്നതുകൊണ്ട്, അപ്രകാരമുള്ള അവിടുന്ന് ഞങ്ങളുടെ ഈ കർമ്മത്തിൽ ''ഞാനാണ് രക്ഷകൻ'' എന്ന് സ്വയം ബോധിച്ചാലും. പിന്നെ ഞങ്ങളുടെ കിടാങ്ങളിൽ അന്നങ്ങരം അധികമായി നിലനിർത്തിയാലും.

വർഗ്ഗം–20 അഗ്നിശ്ചവിശേവദേവാദേവതാ

1 അഗ്നിമുഷസമശ്വിനാദധിക്രാം
വ്യുഷ്ടിഷുഹവതേവഹ്നിരുക്ഥൈഃ
സുജ്യോതിഷോനശ്ശൃണ്വന്തുദേവാ
സ്സജോഷസോഅധ്വരംവാവശാനാഃ

അന്വയം:–

(ഗാഥീബ്രൂതേ)

വഹ്നിഃ വി–ഉഷ്ടിഷു	—	ഹവിഷാം പ്രാപയിതാഗ്നിഃ ഉഷസാംവ്യുച്ഛനേഷു
അഗ്നിം, ഉഷസം	—	യജനീയംദേവം, ഉഷോഭിമാനിനീം ദേവതാം
അശ്വിനാ, ദധി–ക്രാം	—	അശ്വിനൌ, ദധിക്രാവാനാമ ദേവം
ഉക്ഥൈഃ ഹവതേ	—	ശസ്ത്രൈഃ, സൂക്തൈഃ ആഹ്വയതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സു–ജ്യോതിഷഃ — സുഷ്ഠുദ്യോതമാനാഃ
നഃ അധ്വരം വാവശാനാഃ — അസ്മൽ സംബന്ധിനമിമം യജ്ഞം കാമയമാനാഃ
സ–ജോഷസഃ — പരസ്പരം സങ്ഗതാഭൂത്വാ
ദേവാഃ ശൃണ്വന്തു — സർവ്വേദേവാഃ തദാഹ്വാനം ശൃണ്വന്തു

അർത്ഥം–(ഗാഥിപറയുന്നു. ഇവിടെ ദേവന്മാക്കു് ഹവിസ്സു വഹിക്കുന്ന അഗ്നിയെയും യജനീയ ദേവനായ അഗ്നിയെയും വേർതിരിച്ചു പറയുന്നു. വഹ്നിക്കു് ഹോതാവെന്നും അർത്ഥം പറയാം. എന്നാൽ ഈ വൈഷമ്യമില്ല.)

ദേവന്മാക്കു് ഹവിസ്സു വഹിക്കുന്ന അഗ്നി യജനീയ ദേവനായ അഗ്നിയെയും, ഉഷസ്സിൻെറ അഭിമാന ദേവതയെയും അശ്വികളെയും ദധിക്രാവെന്ന ദേവനെയും പ്രഭാതം തെളിഞ്ഞു വരുമ്പോൾ ശസ്ത്രമന്ത്രങ്ങളാൽ യജമാനൻ വിളിക്കുന്നു. നന്നായി ശോഭിക്കുന്നവരും നമ്മളുടെ യജ്ഞത്തെ ഇഷ്ടപ്പെടുന്നവരുമായ എല്ലാ ദേവന്മാരും അന്യോന്യം കൂടിച്ചേർന്നു് ആ വിളി കേൾക്കട്ടെ.

2 അഗ്നേത്രീതേവാജിനാത്രീഷധസ്ഥാ
തിസ്രസ്തേജിഹ്വാഋതജാതപൂർവ്വീഃ
തിസ്രഉതേതന്വോദേവവാതാ
സ്താഭിർന്നഃപാഹിഗിരോഅപ്രയുച്ഛൻ

അന്വയം:–

ഹേ അഗ്നേ, തേ — തവ
ത്രീ വാജിനാ — ആജ്യൗഷധി സോമാത്മകാനി ത്രീണ്യന്നാനി
ത്രീ സധ–സ്ഥാ — ത്രയോ ലോകാഃ, ത്രീണി സ്ഥാനാനി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ ഋത-ജാത,	— സത്യഭൃതേഷു യജ്ഞേഷു ജാതാഗ്നേ
തേ പൂർവ്വീഃ	— തവദേവാനാമുദരപൂരയിത്ര്യഃ
തിസ്രഃ ഉ ജിഹ്വാഃ	— ഗാർഹപത്യാഹവനീയ ദാക്ഷിണാഖ്യാ ജിഹ്വാഃ ഹി
തേ ദേവ–വാതാഃ	— ദേവൈരഭിലഷിതാഃ
തിസ്രഃ തന്വഃ	— പവമാന പാവക ശുച്യാത്മകാനി ത്രീണി ശരീരാണി,
(ഏവം ഭൂതസ്ത്വം)	
അപ്ര–യുച്ഛൻ	— അപ്രമാദ്യൻ, സാവധാനഃ ഭൂത്വാ
താഭിഃ നഃ ഗിരഃ പാഹി	— തനൂഭിഃ അസ്മാകം സ്തോതൄണാം വാക്യാനി പാലയ

അർത്ഥം-അല്ലയോ അഗ്നേ, അവിടേയ്ക്കു് മൂന്നുവിധം അന്നങ്ങളാകുന്നു. നൈ, ഓഷധി (ചമതകം മുതലായവയും മേലേരിനുറുങ്ങുകളും) സോമം എന്നീ രൂപങ്ങളിൽ. അവിടത്തെ വാസസ്ഥാനങ്ങളും മൂന്നത്രെ: ദ്യോവുമന്തരിക്ഷവും ഭൂവും. ദേവന്മാരുടെ വയറ്റ്നിറച്ചു കൊടുക്കുന്ന നാവുകളും മൂന്നത്രെ: ഗാർഹപത്യം, ആഹവനീയം, ദാക്ഷിണം. അല്ലെങ്കിൽ സാത്വികം, രാജസം, താമസം. അപ്രകാരമെല്ലാമുള്ള അവിടുന്നു് പിഴപററാതെ, ശ്രദ്ധയോടുകൂടി, ആ ശരീരങ്ങളാൽ ഞങ്ങളുടെ സ്തുതിവാക്യങ്ങളെ പാലിച്ചാലും.

3 അഗ്നേഭൂരീണിതവജാതവേദോ
ദേവസ്വധാവോമൃതസ്യനാമ
യാശ്ചമായാമായിനാംവിശ്വമിന്വ
ത്വേപൂർവ്വീസ്സംദധുഃപൃഷ്ടബന്ധോ

അന്വയം:–

ദേവ, ജാത–വേദഃ,	
സ്വധാ–വഃ, അഗ്നേ,	— ദ്യോതമാന, ജാതപ്രജ്ഞ, അന്നവൻ, അഗ്നേ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അമൃതസ്യ തവ — അമരണധർമ്മസ്യ തവ സംബന്ധിനോ ദേവാഃ
ഭൂരീണി നാമ — ബഹൂനി നാമാനി തേജാംസി
ത്വേ സം-ദധുഃ — ത്വയി സംദധിരേ
(കിംച) ഹേ വിശ്വം-
ഇന്വ, പൃഷ്ഠ-ബന്ധോ, — വിശ്വസ്യ സംതർപ്പക, അപേക്ഷിതഫല പ്രശ്നവിഷയാണാം സ്തോതൄണാം ബന്ധോ,
മായിനാം പൂർവ്വീഃ — യാ മായാഃ ച അസുരാണാം ഭൂയസീഃ യാ മായാഃ ദേവാഃ ത്വയി സംദധുഃ താസ്ത്വയി സന്തി

(താഃ പരിഹൃത്യ അസ്മദീയം യജ്ഞം പാലയ)

അർത്ഥം—പ്രകാശിയ്ക്കുന്നവനും എല്ലാമറിയുന്നവനും അന്നവാനുമായ അഗ്നേ, അനശ്വരനായ അവിടുത്തോടുചേർന്ന് ദേവന്മാർ വളരെ വളരെ തേജസ്സുകൾ അവിടുന്നിൽ ചേർത്തിരിക്കുന്നു. പിന്നെ, ലോകത്തെ മുഴുവൻ തൃപ്തിപ്പെടുത്തുന്നവനും അപേക്ഷിച്ചഫലം നേടിയ സ്തോതാക്കൾക്ക് ബന്ധുവുമായ അഗ്നേ, അസുരന്മാരുടെ കണക്കററ മായകൾ ഏവയെ അവിടുന്നിൽ അടക്കിയോ, ആ മായകൾ അവിടുന്നിൽ സ്ഥിതി ചെയ്യുന്നു. ആ മായകളെ അകററി ഞങ്ങളുടെ യജ്ഞം പാലിച്ചാലും.

4 അഗ്നിർന്നേതാഭഗഇവക്ഷിതീനാം
ദൈവീനാംദേവഋതുപാഋതാവാ
സവൃത്രഹാസനയോവിശ്വവേദാഃ
പർഷദ്വിശ്വാതിദുരിതാഗൃണന്തം

അന്വയം:—
(യോയം) അഗ്നിഃ
ക്ഷിതീനാം — മനുഷ്യാണാം
ദൈവീനാം — ദേവസംബന്ധിനാം വിശാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഋതു-പാഃ ഭഗഃ-ഇവ — വസന്താദ്യൃതൂനാം പാലകഃ, സൂര്യ ഇവ സവ്വസ്യപ്രകാശദാനേ ന പ്രവത്തകഃ തദ്വൽ
നേതാ, ഋത-വാ — അന്തര്യാമിതയാ നിയാമകഃ, സത്യകമ്മാ
വൃത്ര-ഹാ — വൃത്രസ്യ, പാപസ്യ ഹന്താ
സനയഃ — സനാതനഃ, പുരാണഃ
വിശ്വ-വേദാഃ — സവ്വവിഷയജ്ഞാനവാൻ, സവ്വജ്ഞഃ
ദേവഃ സഃ — ദ്യോതമാനഃ അഗ്നിഃ
ഗൃണന്തം — തദ്വിഷയാംസ്തുതിം കുവ്വന്തം സ്തോതാരം
വിശ്വാ ദുഃ-ഇതാ — സവ്വാണി ദുരിതാനി
അതി പർഷൽ — അതിക്രമ്യ പാരം നയതു

അത്ഥം-യാതൊരു ഈ അഗ്നി മനുഷ്യക്കും ദേവജന ങ്ങൾക്കും, വസന്താദി ഋതുക്കളെ പാലിയ്ക്കുന്ന (ഉണ്ടാക്കി രക്ഷി യ്ക്കുന്ന) സൂര്യൻ എല്ലാവക്കും പ്രകാശം കൊടുത്തു് പ്രവർത്തിയ്ക്കു ന്ന പോലെ, ഉള്ളിൽ വർത്തിച്ചു് (ജഠരാഗ്നിരൂപത്തിൽ) നിയന്താവാണോ, സത്യകമ്മാവും പാപഹന്താവുമായ അവിടു ന്നു് സവ്വജ്ഞനാകുന്നു. ഭാസമാനനായ അവിടുന്നു് അവിടു ത്തെ സ്തുതിയ്ക്കുന്ന സ്തോതാവിനെ. ഉപാസകനെ, എല്ലാ ദുരി തങ്ങളെയും തട്ടിനീക്കി, മറുകരയെത്തിയ്ക്കട്ടെ.

5 ദധിക്രാമഗ്നിമുഷസംചദേവീം
ബൃഹസ്പതിംസവിതാരം ച ദേവം
അശ്വിനാമിത്രാവരുണാഭഗം ച
വസൂന്രുദ്രാ ആദിത്യാഇഹഹ്വേ വ 20

അന്വയം:-

(ഹേ ദേവാഃ ഹോതാഹം)
ദധി-ക്രാം — ദധിക്രാവാണം
അഗ്നിം ദേവീം ഉഷസം ച — ഉഷോഭിമാനിനീം ദേവതാം ച

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബൃഹസ്പതിം ദേവം
സവിതാരം ച — ദ്യോതമാനം സർവ്വസ്യജഗതഃ പ്രേരകം
അശ്വിനാ, മിത്രാവരുണാ,
ഭഗം, ച — അശ്വിനൌ മിത്രാവരുണൌ സൂര്യം ച
വസൂൻ, രുദ്രാൻ — അഷ്ടൌവസൂൻ, ഏകാദശരുദ്രാൻ
ആദിത്യാൻ — ദ്വാദശാദിത്യാൻ, ഏതാൻ സർവ്വാൻഹവിർഭുജോയുഷ്മാൻ
ഇഹ ഹ്വവേ — അസ്മിൻ കർമ്മണി ഹവി സ്വീകരണാത്ഥമാഹ്വയാമി

അത്ഥം–അല്ലയോ ദേവന്മാരേ, ഹോതാവായ ഞാൻ ദധിക്രാവും, ഉഷോദേവതയും അഗ്നിയും ബൃഹസ്പതിയും, പ്രകാശമാനനും സർവ്വജഗത്തിൻേറയും പ്രേരകനുമായ സവിതാവും അശ്വികളും മിത്രവരുണന്മാരും, ഭഗനെന്ന ആദിത്യനും, ആപൻ, ധ്രുവൻ, സോമൻ, അധ്വരൻ, അനിലൻ, പ്രത്യൂഷൻ, അനലൻ, പ്രഭാസൻ എന്നീ എട്ടു വസുക്കളും, അഹിബ്ബുധ്ന്യൻ, വിരൂപാക്ഷൻ, അജൈകപാൽ, സുരേശ്വരൻ, ജയന്തൻ, ബഹുരൂപൻ, ത്ര്യംബകൻ, അരാജിതൻ, വൈവസ്വതൻ, സാവിത്രൻ, ഹരൻ എന്നീ പതിനൊന്നു് രുദ്രന്മാരും, ഇന്ദ്രൻ, ധാതാവു്, പജ്ജന്യൻ, ത്വഷ്ടാവു്, പൂഷാവു്, അര്യമാവു്, ഭഗൻ, വിവസ്വാൻ, വിഷ്ണു, അംശുമാൻ, വരുണൻ, മിത്രൻ എന്നീ പന്ത്രണ്ടു് ആദിത്യന്മാരുമായ ഹവിർഭുക്കുകളായ നിങ്ങളെയെല്ലാം ഈ യജ്ഞത്തിൽ വിളിക്കുന്നു.

വർഗ്ഗം–21—കൌശികഃ ഗാഥീ ഋഷിഃ ത്രിഷ്ടുബനുഷ്ടുബ് വിരാഡ്രൂപാസതോ ബൃഹത്യശ്ഛന്ദാംസി. അഗ്നിർദ്ദേവതാ.

1 ഇമന്നോയജ്ഞമമൃതേഷുധേഹീ
മാഹവ്യാജാതവേദോജുഷസ്വ
സ്തോകാനാമഗ്നേമേദസോഘൃതസ്യ
ഹോതഃപ്രാശാനപ്രഥമോനിഷദ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

(ഗാഥീപ്രാൎത്ഥയതേ)

ഹേ ജാത–വേദഃ,	— ജാതപ്രജ്ഞാഗ്നേ
നഃ ഇമം യജ്ഞം	— അസ്മാകം സംബന്ധിനം പശുയാഗം
അമൃതേഷു	— മരണധൎമ്മ രഹിതേഷു യഷ്ടവ്യ ദേവേഷു
ധേഹി	— തദധീനതയാ സമർപ്പയ
(ത്വം ച) ഇമാ ഹവ്യാ	
ജുഷസ്വ	— അസ്മാഭിൎദ്ദീയമാനാനി ഹവീംഷി സേവസ്വ
(കിംച) ഹോതഃ, അഗ്നേ	— ദേവാനാമാഹ്വാതഃ, അഗ്നേ,
നി–സദ്യ	— വേദ്യാമുപവിശ്യ
പ്രഥമഃ	— സൎവ്വേഷാമൃത്വിജാനാമാദി മസ്സൻ
മേദസഃ ഘൃതസ്യ	
സ്തോകാനാം	— വപാഖ്യസ്യ ഹവിഷഃ ആജ്യസ്യ ച ബിന്ദവഃ (ദ്വിതീയാൎത്ഥേ ഷഷ്ഠീ)
പ്ര അശാന	— പ്രകർഷേണ ഭക്ഷയ

അൎത്ഥം–അല്ലയോ എല്ലാമറിയുന്ന അഗ്നേ, ഞങ്ങളുടെ ഈ പശുയാഗത്തെ അമരന്മാരും യജനീയരുമായ ദേവന്മാരിൽ, അവൎക്കധീനമായി സമൎപ്പിച്ചാലും. ഞങ്ങളാൽ നല്കപ്പെടുന്ന ഈ ഹവിസ്സുകൾ അവിടുന്നു് കൈക്കൊണ്ടാലും. ദേവന്മാരെ വിളിക്കുന്ന അഗ്നേ, വേദിയിൽ ഇരുന്നരുളി, എല്ലാ ഋത്വിക്കുകൾക്കും മുമ്പനായി, ഈ വപ (യാഗ പശുവിൻെറ ഹോമിക്കുന്ന അവയവത്തിലെ മാംസം) യെന്ന ഹവിസ്സിൻെറയും നെയ്യിൻെറയും തുള്ളികൾ വേണ്ടപോലെ ഉൾക്കൊണ്ടാലും.

2 ഘൃതവന്തഃ പാവകതേസ്തോകാശ്ചോതന്തിമേദസഃ

സ്വധൎമ്മന്ദേവവീതയേശ്രേഷ്ഠംനോധേഹിവാൎയ്യം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ പാവക, — പാപശോധകാഗ്നേ,
സ്വ-ധർമ്മൻ — സ്വായത്തധർമ്മകേ സാങ്ഗകേ സ്മിൻ യജ്ഞേ
തേ ദേവ-വീതയേ — തവ ദേവാനാം ച ഭക്ഷണാർത്ഥം
ഘൃത-വന്തഃ, മേദസഃ — ഘൃതോപേതസ്യ മേദോരൂപസ്യ ഹവിഷഃ
സ്തോകാഃ ശ്ചോതന്തി — ബിന്ദവഃ ക്ഷരന്തി
(തസ്മാൽ) വാര്യം — വരണീയം, സംഭജനീയം
ശ്രേഷ്ഠം നഃ ധേഹി — ഉത്തമം ധനമസ്മഭ്യം പ്രയച്ഛ

അർത്ഥം—അല്ലയോ പാപം കഴുകിക്കളയുന്ന അഗ്നേ, അതിന്റേതായ ധർമ്മത്തിൽ എല്ലാ അംഗങ്ങളോടും കൂടിയ ഈ യജ്ഞത്തിൽ അവിടേയ്ക്കും ദേവന്മാർക്കും ഭക്ഷിയ്ക്കാനായി നെയ് ചേർത്തതും വപാരൂപവുമായ ഹവിസ്സിന്റെ തുള്ളികൾ ഇതാ ഒലിയ്ക്കുന്നു. അതുകൊണ്ടു വരണീയവും ഉൽകൃഷ്ടവുമായ ധനം ഞങ്ങൾക്ക് തന്നരുളിയാലും.

3 തുഭ്യംസ്തോകാഘൃതശ്ചുതോഗ്നേവിപ്രായസന്ത്യ
ഋഷിശ്രേഷ്ഠസ്സമിധ്യസേയജ്ഞസ്യപ്രാവിതാഭവ

അന്വയം:—

(യഷ്ടൃഭിഃ) സന്ത്യ, ഹേ
അഗ്നേ — സംഭജനീയാഗ്നേ,
വിപ്രായ തുഭ്യം — മേധാവിനേ ത്വദർത്ഥം
ഘൃത-ശ്ചുതഃ — ഘൃതക്ഷരണയുക്താഃ
സ്തോകാഃ — ബിന്ദവസ്സന്തി
ഋഷിഃ ശ്രേഷ്ഠഃ — അതീന്ദ്രിയാർത്ഥദർശീ, അത ഏവസർവ്വാതിശായീ ത്വം
സം ഇധ്യസേ — ഘൃതയുക്തമേദോ ബിന്ദുഭിഃ പ്രജ്വാല്യസേ
(സഃ ത്വം) യജ്ഞസ്യ — അസ്മാഭിഃ ക്രിയമാണസ്യ പശുയജ്ഞസ്യ
പ്ര-അവിതാ ഭവ — പ്രകർഷേണ പാലകോ ഭവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം–യജിസ്സുന്നവരാൽ ഭജനീയനായ അഗ്നേ, മേധാവിയായ അവിടേയ്ക്കുവേണ്ടി നെയ്യൊലിക്കുന്ന തുള്ളികൾ ഒരുക്കിയിരിക്കുന്നു. ഇന്ദ്രിയങ്ങൾക്കപ്പുറം കാണുന്നവനും, അതുകൊണ്ടുതന്നെ എല്ലാവരിലുംവെച്ച് മഹാനുമായ അവിടുന്നു നൈ ചേന്ന വപാഹവിസ്സിൻെറ തുള്ളികളാൽ കത്തി ജ്വലിക്കുന്നു. അപ്രകാരമുള്ള അവിടുന്ന് ഞങ്ങളാൽ അനുഷ്ഠിയ്ക്കപ്പെടുന്ന ഈ പശു യജ്ഞത്തിന്ന് വേണ്ടപോലെയുള്ള രക്ഷകനായി ഭവിച്ചാലും.

4 തുഭ്യംശ്ചോതന്ത്യധ്രിഗോശചീവ
സ്തോകാസോഅഗ്നേമേദസോഘൃതസ്യ
കവിശസ്തോബൃഹതാഭാനുനാഗാ
ഹവ്യാജുഷസ്വമേധിര

അന്വയം:–

ഹേ അധ്രി–ഗോ, — അധൃതഗമന, (സതതഗമനസ്യ ഭാവഃ)
(അത ഏവ) ശചീ–വഃ,
ഹേ അഗ്നേ, — ശക്തിമന്നഗ്നേ,
തുഭ്യം മേദസഃ — ത്വദത്ഥം മേദോരൂപസ്യ ഹവിഷഃ
ഘൃതസ്യ സ്തോകാസഃ
ശ്ചോതന്തി — ബിന്ദവഃ സ്രവന്തി
(ത്വസ്മൽ) കവി–ശസ്തഃ— കവിഭിഃ കമ്മാഭിജ്ഞൈഃ ഹോത്രാദിഭി സ്തുതസ്ത്വം
ബൃഹതാ ഭാനുനാ — പ്രഭൂതേന തേജസാ സഹിതസ്സൻ
ആ അഗാഃ — അസ്മദീയം പശുയാഗം അഭ്യാഗച്ഛ
(ആഗത്യച) ഹേ മേധിര,— പ്രജ്ഞാവന്നഗ്നേ,
ഹവ്യാ ജുഷസ്വ — അസ്മാഭിദ്ദീയമാനാനി ഹവീംഷി സേവസ്വ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം—എപ്പോഴും ഗമനശീലനും അതുകൊണ്ടുതന്നെ ശക്തിമാനുമായ അഗ്നേ, അവിടേയ്ക്കുവേണ്ടി വപാരൂപമായ ഹവിസ്സിൻെറ നൈത്തുള്ളികഠം ഒഴുകിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടു് കമ്മജ്ഞന്മാരായ ഹോതാക്കളാൽ പുകഴ്ത്തപ്പെട്ട അവിടുന്നു് വദ്ധിച്ച തേജസ്സോടുകൂടി ഞങ്ങളുടെ ഈ പശുയാഗത്തെ അഭ്യാഗമിച്ചാലും. വന്നിട്ടു്, അല്ലയോ പ്രജ്ഞാതാവായ അഗ്നേ, ഞങ്ങളാൽ നല്കപ്പെടുന്ന വപാദിഹവിസ്സുകഠം സ്വീകരിച്ചാലും.

5 ഓജിഷ്ഠംതേമധ്യതോമേദഉദ്ഭൃതം
പ്രതേവയംദദാമഹേ
ശ്ചോതന്തിതേവസോസ്തോകാഅധിത്വചി
പ്രതിതാന്ദേവശോവിഹി
വ 21

അന്വയം:—

(ഹേ അഗ്നേ) ഓജിഷ്ഠം	— അതിശയേന സാരഭൃതം
മേദഃ മധ്യതഃ	— വപാഖ്യം ഹവിഃ പശോർമ്മധ്യഭാഗാൽ
തേ ഉൽ–ഭൃതം	— ത്വദത്ഥമുദ്ധൃതം
(അധ്വര്യാദയഃ) വയം	— (അസ്മിൻപശൌ)
തേ പ്ര ദദാമഹേ	— ഉദ്ധൃതം തദ്വപാഖ്യംഹവിഃ പ്രയച്ഛാമഃ
ഹേ വസോ,	— സവ്വസ്യജഗതോവാസയിതഃ
ത്വചി അധി	— വപായാം ഉപരി യേ
സ്തോകാഃ	— ഘൃതമിശ്രാബിന്ദവഃ
തേ ശ്ചോതന്തി	— ത്വദത്ഥംസ്രവന്തി
താൻ ദേവ–ശഃ	— താൻ സ്തോകാൻ ദേവേഷു
പ്രതി വിഹി	— പ്രത്യേകം വിഭജസ്വ

അത്ഥം—അല്ലയോ അഗ്നേ, ഏററവും സാരഭൂതമായ വപ പശുവിൻെറ മദ്ധ്യഭാഗത്തുനിന്നു് അവിടേയ്ക്കുവേണ്ടി കീറിയെടുത്തതത്രെ. അധ്വര്യു മുതലായവരായ ഞങ്ങഠം ഈ പശുവിൽ നിന്നു് പുറത്തെടുത്ത വപാഹവിസ്സു് അവിടേയ്ക്കു സമപ്പിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജഗത്തിനെ മുഴുവൻ വസിപ്പിക്കുന്ന അഗ്നേ, വപയുടെ മുകളിൽ നൈപുരണ്ട തുള്ളികളേവ അവിടേയ്ക്കുവേണ്ടി ഒലിപ്പിക്കുന്നുവോ, ആ തുള്ളികളെ ദേവന്മാർ ഓരോരുത്തക്കും വിഭജിച്ചു കൊടുത്താലും.

വർഗ്ഗം – 22 –ത്രിഷ്ടുബനുഷ്ടുഭൗച്ഛന്ദസീ അഗ്നിഃ പുരീഷ്യാ അഗ്നയശ്ച ദേവതാ

1 അയംസോഅഗ്നിര്യസ്മിൻത്സോമമിന്ദ്ര

സ്സുതംദധേജഠരേവാവശാനഃ

സഹസ്രിണംവാജമത്യംനസപ്തിം

സസവാൻത്സൻത്സ്തൂയസേജാതവേദഃ

അന്വയം:–

(ഗാഥീബ്രൂതേ)

അയം — ഉത്തരവേദ്യാം ആഹൃത്യധികരണതയാ ആഹവനീയ രൂപതയാ ദൃശ്യമാനഃ

അഗ്നിഃ സഃ

വാവശാനഃ — തഥാവിധഃ സോമം കാമയമാനഃ

ഇന്ദ്രഃ യസ്മിൻ സുതം

സോമം — യസ്മിന്നഗ്നൌ അഭിഷവാദി സംസ്കാരോപേതം സോമം

ജഠരേ ദധേ — സ്വോദരേ ദധാര

(തസ്മാൽ താദൃശമഹിമോപേതഃ അഗ്നിഃ)

(കിംച) ഹേ ജാത–വേദഃ — ജാതപ്രജ്ഞാഗ്നേ,

സഹസ്രിണം — നാനാരൂപതാം യുദ്ധേ യോജേതി സസഹസ്രീ, തം

അത്യം സപ്തിം ന — വേഗവശാൽ അതനശീലം അശ്വമിവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാജം	—	ആജ്യസോമാദി ഹവിർല്ലക്ഷണ മന്നം,
സസ–വാൻ സൻ	—	ഭജിവാൻ ത്വം
സ്തൂയസേ	—	അസ്മാഭിസ്തൂയമാനോ വർത്തസേ

അർത്ഥം—(ഗാഥി പറയുന്നു) ഉത്തരവേദിയിൽ ഹോമമേല്ലാൻ ആഹവനീയ രൂപത്തിൽ കാണപ്പെടുന്ന ഈ അഗ്നി (അപ്രകാരമുള്ളവനായി) സോമം ഇച്ഛിക്കുന്നവനാകുന്നു. ഇന്ദ്രൻ യാതൊരഗ്നിയിലാണോ ചതച്ചുസംസ്കരിച്ച സോമത്തെ സ്വന്തം വയററിൽ ധരിക്കുന്നതു് ആ അഗ്നി മഹാനാകുന്നു. പിന്നെ, അല്ലയോ സർവ്വജ്ഞനായ അഗ്നേ, വിവിധ രൂപം പൂണ്ടു് യുദ്ധത്തെ പ്രാപിക്കുന്നതും വേഗതകൊണ്ടു ഗമനശീലമുററതുമായ കുതിര, തീററയെ എന്നപോലെ, സോമം, നെയ്യ് മുതലായ ഹവിസ്സുകളെ പ്രാപിക്കുന്ന അവിടുന്നു് ഞങ്ങളാൽ സ്തുതിക്കപ്പെടുന്നവനായി വർത്തിക്കുന്നു.

2 അഗ്നേയത്തേദിവിവർച്ചഃപൃഥിവ്യാം
യദോഷധീഷ്വപ്സ്വായജത്ര
യേനാന്തരിക്ഷമുർവ്വാതതന്ഥ
ത്വേഷസ്സഭാനുരർണ്ണവോനൃചക്ഷാഃ

അന്വയം:—

യജത്ര, ഹേ അഗ്നേ,	—	യജനീയാഗ്നേ
ദിവി യൽ വർച്ചഃ	—	ദ്യുലോകേ യൽ ആദിത്യാഖ്യം തേജഃ
(തൽ) തേ	—	തവൈവജ്യോതിഃ
പൃഥിവ്യാം	—	ആഹവനീയാദി രൂപതയാ വർത്തമാനം യൽതേജഃ തൽ ത്വദീയമേവ
യൽ ഓഷധീഷു	—	അരണി പ്രഭൃതിഷുകാഷ്ഠേഷു യൽ തേജഃ തൽ തവൈവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അപ്-സു ആ	— ജലേഷ്വ യൽ ഔവ്വാഖ്യം തേജഃ തൽ സവ്വത്രവത്തമാനം താവകമേവ
(കിംച) യേന	— വായുരൂപേണ തേജസാ
അന്തരിക്ഷം ഉരു ആ-	
തതന്ഥ	— ആകാശം ആതേനിഥ, വിസ്തീണ്ണം കൃതവാനസി
ത്വേഷഃ ഭാനുഃ	— ദീപ്തഃ ഭാസമാനഃ
നൃ-ചക്ഷാഃ	— നൃണാം സാക്ഷിതയാ ദ്രഷ്ടാ
അണ്ണവഃ സഃ	— സമുദ്രവന്മഹാൻ ത്വം അന്തരിക്ഷം ആതേനിഥ

അത്ഥം—അല്ലയോ യജനീയനായ അഗ്നേ, ദ്യുലോകത്തിൽ ആദിത്യരൂപമായി യാതൊരു തേജസ്സുണ്ടോ അതു് അവിടുത്തെത്തന്നെ ജ്യോതിസ്സാകുന്നു. ഭൂമിയിൽ ആഹവനീയാദി രൂപങ്ങളിൽ വർത്തിയ്ക്കുന്ന യാതൊരു തേജസ്സുണ്ടോ, അതും അവിടുത്തെയാകുന്നു. ഓഷധികളിൽ (അരണി മുതലായവയിൽ) യാതൊരു തേജസ്സുണ്ടോ, അതും അവിടുത്തെയാകുന്നു. ജലങ്ങളിൽ ഔവ്വൻ എന്നു പേരായ യാതൊരു തേജസ്സുണ്ടോ, അതും അവിടുത്തെയാകുന്നു. വായുരൂപമായ യാതൊരു തേജസ്സിനാൽ ആകാശത്തെ അവിടുന്നു് വിസ്തീണ്ണമാക്കുന്നുവോ, ദീപ്തനും അതുകൊണ്ടുതന്നെ ഭാസമാനനുമായി മനുഷ്യരെ കമ്മസാക്ഷിയായി കാണുന്നവനും സമുദ്രംപോലെ മഹാനുമായ ആ അവിടുന്നു് അന്തരിക്ഷത്തെ മുഴുവൻ വ്യാപിക്കുന്നു.

3 അഗ്നേദിവോഅണ്ണമച്ഛാജിഗാസ്യ
ച്ഛാദേവാംഊചിഷേധിഷ്ണ്യായേ
യാരോചനേപരസ്താൽസൂര്യസ്യ
യാശ്ചാവസ്താദുപതിഷ്ഠന്തആപഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

ഹേ അഗ്നേ, (ത്വം)

ദിവഃ അർണ്ണം	—	ദ്യുലോകവർത്തമാനമർണ്ണഃ, അംഭഃ
അച്ഛ ജിഗാസി	—	അഭിലക്ഷ്യ ധൂമദ്വാരാ പ്രാപ്നോഷി
(കിംച) ധിഷ്ണ്യാഃ	—	ധിയം, ബുദ്ധ്യുപഹിതം ദേഹം ഉഷ്ണന്തി, ഉഷ്ണീകുർവ്വന്തി ഇതി ധിഷ്ണ്യാഃ പ്രാണാഭിമാനിനോ ദേവാഃ താൻ
ദേവാൻ അച്ഛ ഊചിഷേ	—	അനുക്രമേണ സമവേതാൻ കരോഷി, സമവേതാ ഭവതേത്യുക്തവാനസി
സൂര്യസ്യ പരസ്താൽ	—	ഉപരി
രോചനേ	—	രോചനോനാമായം ലോകഃ യത്രാഗ്നേയം ജ്യോതിഃ തപതി
യാഃ	—	യാശ്ച ആപോ വിദ്യന്തേ
അവസ്താൽ യാഃ		
ച ആപഃ	—	അധസ്താൽ ആപഃ
ഉപ-തിഷ്ഠന്തേ	—	വർത്തന്തേ, താ ഉഭയീരപസ്ത്വം പ്രേരയസി

അർത്ഥം—അല്ലയോ അഗ്നേ, അവിടുന്നു് ദ്യുലോകത്തിലുള്ള ജലത്തെ പുകയാൽ നേരെ പ്രാപിക്കുന്നു. കൂടാതെ ബുദ്ധിയോടുകൂടിയ ദേഹത്തെ ചൂടുപിടിപ്പിക്കുന്ന ധിഷ്ണ്യന്മാരായ, പ്രാണാഭിമാനി ദേവന്മാർ ഏവരുണ്ടോ, അവരെ ക്രമത്തിൽ കൂട്ടുകൂട്ടുന്നു, ''നിങ്ങളും കൂടിച്ചേരുവിൻ'' എന്നു് പറയുന്നു. സൂര്യന്റെ മുകളിൽ ആഗ്നേയ തേജസ്സുതപിക്കുന്ന രോചനമെന്ന ലോകത്തിലുള്ള ജലങ്ങളെയും താഴെയുള്ള ജലങ്ങളെയും അവിടുന്നാണു് പ്രേരിപ്പിക്കുന്നതു്, ഒഴുക്കുന്നതു്.

4 പുരീഷ്യാസോ അഗ്നയഃപ്രാവണേഭിസ്സജോഷസഃ

ജുഷന്താംയജ്ഞമദ്രുഹോനമീവാഇഷോമഹീഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

പുരിഷ്യാസഃ	— പുരീഷ്യാഃ പാലനാഹ്രാഃ
അഗ്നയഃ പ്രവണേഭിഃ	— മൃൽഖനന സാധനഭൂതൈഃ അഭ്ര്യാദിഭിസ്സഹിതാഃ
സ-ജോഷസഃ	— പരസ്പരം സങ്ഗതാസ്സന്തഃ
യജ്ഞം ജുഷന്താം	— അസ്മാഭിഃ ക്രിയമാണം ഇമമഗ്നി ചയനപൂർവ്വകം സോമയാഗം സേവന്താം
(കിം ച) അദ്രുഹഃ	— അദ്രോഗ്ധാരസ്സേ
അനമീവാഃ	— രോഗവർജ്ജിതാഃ
മഹീഃ ഇഷഃ	— മഹാന്തി അന്നാനി പ്രയച്ഛന്തു

അൎത്ഥം-പാലനാഹരായ അഗ്നികരം മണ്ണിൽ കുഴിക്കാനുള്ള ആയുധങ്ങളോടുകൂടി അന്യോന്യം യോജിച്ചവരായി, ഞങ്ങളാൽ ചെയ്യപ്പെടുന്ന അഗ്നിചയനത്തോടു കൂടിയ സോമയാഗത്തെ സ്വീകരിക്കട്ടെ, പിന്നെ ദ്രോഹിക്കാത്തവരായ അവർ ആരോഗ്യകരങ്ങളായ നല്ല അന്നങ്ങരം തന്നരുളട്ടെ.

5 ഇളാമഗ്നേപുരുദംസംസനിങ്ഗോ
ശ്ശശ്വത്തമംഹവമാനായസാധ
സ്യാന്നസ്സൂനുസ്തനയോവിജാവാ
ഗ്നേസാതേസുമതിർഭൂത്വസ്മേ

വ. 22

അന്വയം:-ഇതിനെ കഴിഞ്ഞ അദ്ധ്യായത്തിൽ 16-ാം വർഗ്ഗത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ട്.

വൎഗ്ഗം-23 ഭാരതൌദേവശ്രവാഃ ദേവവാതഃ ഋഷീ, ത്രിഷ്ടുപ് സതോബൃഹത്യൌച്ഛന്ദസീ

1 നിർമ്മഥിതസ്സുധിതആസധസ്ഥേ
യുവാകവിരധ്വരസ്യപ്രണേതാ
ജൂര്യൽസ്വഗ്നിരജരോവനേഷ്വ
ത്രാദധേഅമൃതംജാതവേദാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

(ഭാരതാവൃഷീസ്തോത്രം കുർവ്വാതേ)
(യോഗ്നിഃ) നിഃ–മഥിതഃ — അഗ്നിഷ്ടോമാദികർമ്മസു അര ണ്യോർന്നിതരാം മഥിതഃ
സധ–സ്ഥേ സു–ധിതഃ — യജമാനഗൃഹേ ഗാർഹപത്യാ ദിഷു ത്രിഷു കുണ്ഡേഷു സുഷ്ഠുനിഹിതഃ
(നിധായ ച കാഷ്ഠപ്രക്ഷേപേണ പ്രജ്വാല്ല്യമാനഃ)
യുവാ — പ്രബുദ്ധഃ അത ഏവ
അധ്വരസ്യ പ്ര–നേതാ — നിർവ്വാഹകഃ
കവിഃ, ജാത–വേദാഃ — ക്രാന്തദശീ, സർവ്വജ്ഞഃ
(സഃ) അഗ്നിഃ വനേഷു — മഹാരണ്യേഷു
ജൂര്യൽ–സു — ദാവാഗ്നിസംബന്ധാൽ ജൂര്യ മാണേഷു, നാശംഗതേഷ്വപി
അജരഃ — ജരാരഹിതഃ, പ്രത്യുത ദീപ്യമാനസ്സൻ
അത്ര — ഏവം സ്തുതിംകുർവ്വാണേഷു യജമാനേഷു
അമൃതം ആ ദധേ — പ്രഭൂതമന്നം നിദധാതി

അർത്ഥം–(ഭരതപുത്രന്മാരായ ദേവശ്രവസ്സും ദേവവാതനും സ്തുതിക്കുന്നു.) യാതൊരഗ്നി അഗ്നിഷ്ടോമം മുതലായ കർമ്മങ്ങളിൽ അരണികൾ കടയപ്പെട്ട യജമാനഗൃഹത്തിൽ, ഗാർഹപത്യം, ആഹവനീയം, ദാക്ഷിണം എന്നീ കുണ്ഡങ്ങളിൽ സ്ഥാപിതനായി, മേലേരിനുറുങ്ങുകൾകൂട്ടി കത്തിക്കപ്പെട്ടു്, ഉണർവ്വേന്തി, അതുകൊണ്ടുതന്നെ യജ്ഞനിർവ്വാഹകനായി, ക്രാന്തദശി യായി സർവ്വജ്ഞനാണോ, ആ അഗ്ნി കൊടുംകാടുകളിൽ കാട്ടുതീവന്നു നഷ്ടപ്പെട്ടിട്ടും കെടാതെ, ദീപ്യമാനനായി സ്തോതാവായ യജമാനന്മാരിൽ മികവുററ അന്നമുണ്ടാക്കുന്നു. (കാട്ടിലുള്ള ആശ്രമങ്ങളിൽ കാട്ടുതീയ്യിൽപെട്ടു് അഗ്നിഹോത്രസ്ഥാനങ്ങൾ കത്തിപ്പോയാലും അവ കേടുകൂടാതെ, കെടാതെ നിന്നു് യജമാനന്മാരെ അനുഗ്രഹിക്കുന്നു).

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

2 അമന്ഥിഷ്ടാംഭാരതാരേവദഗ്നിം

ദേവശ്രവാദേവവാതസ്സുദക്ഷം

അഗ്നേവിപശ്യബൃഹതാഭിരായേ

ഷാന്നോനേതാഭവതാദനുദ്യൂൻ

അന്വയം:—

ഹേ അഗ്നേ, ഭാരതാ — ഭരതപുത്രൌ
ദേവ–ശ്രവാഃ,
ദേവ–വാതഃ — ചേത്യഭൌ
സു–ദക്ഷം, രേവൽ
അഗ്നിം — ശോഭനസാമർത്ഥ്യാപേതം
രയിമന്തം അഗ്നിംത്വാം
അമന്ഥിഷ്ടാം — മഥനേന ഉൽപാദിതവന്തൌ
(താദൃശസ്ത്വം) ബൃഹതാ,
രായാ — പ്രഭൂതേന ധനേന സഹിതസ്സൻ
അഭി വി പശ്യ — അഭിമുഖോഭൂത്വാ അസ്മാൻ
വിശേഷേണാനുഗ്രഹദൃഷ്ട്യാ
വീക്ഷസ്വ
(കിംച) അനു ദ്യൂൻ — സർവ്വേഷു ദിവസേഷു
നഃ ഇഷാം നേതാ
ഭവതാൽ — അസ്മാകമന്നാനാം ആനേതാഭവ

അർത്ഥം—അല്ലയോ അഗ്നേ, ഭരതപുത്രന്മാരായ ദേവശ്രവസ്സും ദേവവാതനുമെന്ന രണ്ടുപേരും, തെളിഞ്ഞ കഴിവുററവനും ധനവാനുമായ അഗ്നിയായ അവിടുത്തെ കടച്ചിലാൽ ഉൽപ്പാദിപ്പിച്ചു. അപ്രകാരമുള്ള അവിടുന്നു് ധാരാളമായ ധനത്തോടു കൂടി ഞങ്ങാംക്കഭിമുഖനായി, ഞങ്ങളിൽ അനുഗ്രഹദൃഷ്ടിയോടു കൂടി നോക്കിയാലും. കൂടാതെ, എല്ലാ ദിവസങ്ങളിലും ഞങ്ങാംക്കു് അന്നം ആനയിക്കുന്നവനായി ഭവിച്ചാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

3 ദശക്ഷിപഃപൂർവ്വ്യംസീമജീജന
ന്ത്സുജാതംമാതൃഷുപ്രിയം
അഗ്നിംസ്തുഹിദൈവവാതംദേവശ്രവോ
യോജനാനാമസദ്വശീ

അന്വയം;–

(ഹേ അഗ്നേ, ദേവ വാതസ്യ) ദശ ക്ഷിപഃ	—	ദശാങ്ഗുലയഃ
പൂർവ്വ്യം സീം	—	പുരാതനമേനം ത്വാം
അജീജനൻ	—	ഉദപീപദൻ
ഹേ ദേവ–ശ്രവഃ മാതൃഷു	—	മാതൃഭൂതാരണ്യോഃ
സു–ജാതം, പ്രിയം	—	സുഷ്ഠുജാതം അതഏവപ്രിയം, കമനീയം
ദൈവ–വാതം	—	ദേവവാതേനമഥിതം
അഗ്നിം സ്തുഹി	—	സ്തുതിം കുരു
യഃ ജനാനാം	—	സ്തോതൄണാം യജമാനാനാം
വശീ അസൽ	—	വശവർത്തീ ഭവതി തം സ്തുഹി

അർത്ഥം–അല്ലയോ അഗ്നേ, ദേവവാതൻെറ പത്തു വിരലുകൾ (കടയാൻ ഉപയോഗിച്ച്) പുരാതനനായ ഈ അവിടുത്തെ ഉൽപാദിപ്പിച്ചു. അല്ലയോ ദേവശ്രവസ്സേ, അമ്മകളായ അരണികളിൽ നിന്നു് ജനിച്ച് കമനീയനായി, ദേവവാതനാൽ കടയപ്പെട്ടവനായ അഗ്നിയെ സ്തുതിക്കുക. ഏവൻ സ്തോതാക്കളായ യജമാനന്മാക്കു് വശവർത്തി, കീഴിൽ നില്ക്കുന്നവനാണോ, ആ അഗ്നിയെ സ്തുതിക്കുക.

4 നിത്വാദധേവരആപൃഥിവ്യാ
ഇളായാസ്പദേസുദിനത്വേഅഹ്നാം
ദൃഷദ്വത്യാംമാനുഷആപയായാം
സരസ്വത്യാംരേവദഗ്നേദിദീഹി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ അഗ്നേ, ഇളായാഃ	—	ഗോരൂപധാരിണ്യാഃ
പൃഥിവ്യാഃ വരേ പദേ	—	ഭൂമേഃ വരിഷ്ഠേസ്ഥാനേ, ഉത്തരവേദ്യാം
അഹ്നാം സുദിന–ത്വേ	—	യജനീയദിവസാനാം ശോഭനദിനത്വാർത്ഥം
മാനുഷേ	—	മനുഷ്യസഞ്ചരണവിഷയേ തീരേ
ആപയായാം	—	അപയാനാമ കാചിന്നദീ, തസ്യാം
ദൃഷൽ–വത്യാം	—	ദൃഷദ്വതീനാമ കാചിന്നദീ, തസ്യാം
സരസ്വത്യാം	—	നദ്യാം, ഏതേഷൂത്തമേഷു സ്ഥാനേഷു
ത്വാ ആ നി ദധേ	—	ആസമന്താൽ നിദധാമി
രേവൽ ദിദീഹി	—	ധനയുക്തം യഥാതഥാദീപ്യസ്വ

അർത്ഥം—അല്ലയോ അഗ്നേ, പശുസ്വരൂപയായ ഭൂമിയുടെ ഉത്തമസ്ഥാനത്തു്, ഉത്തരവേദിയിൽ, യാഗങ്ങളുടെ ശുഭദിവസങ്ങളത്തിന്നായി, അവിടത്തെ പൂർണ്ണമായി നിധാനം ചെയ്യുന്നു, സ്ഥാപിക്കുന്നു. മനുഷ്യസഞ്ചാരത്തിന്നു പററിയ ആപയ എന്ന നദിയിലും ദൃഷദ്വതി എന്ന നദിയിലും സരസ്വതീ നദിയിലും ഉത്തമസ്ഥാനങ്ങളിൽ, അവിടന്നു് ഐശ്വര്യയുക്തനാം വണ്ണം പ്രകാശിച്ചാലും. (''ദൃഷദ്വത്യാംവൈസരസ്വത്യാം സത്രമാസത'' എന്ന ശ്രുതികൊണ്ടു് യജ്ഞാദികർമ്മങ്ങൾക്കു് സരസ്വതീതീരം മുഖ്യം)

5 ഇളാമഗ്നേപുരുദംസംസനിംഗോഃ
ശശ്വത്തമംഹവമാനായസാധ
സ്യാന്നസ്സൂനുസ്തനയോവിജാവാ
ഗ്നേസാതേസുമതിർഭൂത്വസ്മേ

വ. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-
ഇതു് കഴിഞ്ഞ അധ്യായത്തിൽ 16-ാം വർഗ്ഗത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ടു്.

വർഗ്ഗം 24—ഗാഥിനോ വിശ്വാമിത്രഃ ഋഷിഃ അനുഷ്ടുബ് ഗായത്ര്യൗ ഛന്ദസീ.

1 അഗ്നേസഹസ്വപൃതനാഅഭിമാതീരപാസ്യ
ദുഷ്ടരസ്തരന്നരാതീർവ്വർച്ചോധായജ്ഞവാഹസേ

അന്വയം:-
(വിശ്വാമിത്രസ്തൌതി)
ഹേ അഗ്നേ, പൃതനാഃ
സഹസ്വ — അഭിയോക്ത്രീസ്സേനാഃ അഭിഭവ
അഭി-മാതീഃ അപ അസ്യ — അഭിമാതിനഃ
കർമ്മവിഘ്നകാരിണശ്ശത്രൂൻ
അപനുദ
(കിംച) ദുസ്തരഃ — കേനാപിതരിതും ന ശക്യഃ
(അത ഏവ) അരാതീഃ — അരാതീൻ, ശത്രൂൻ
തരൻ — സ്വതേജസാ തിരസ്കുർവ്വംസ്ത്വം
യജ്ഞ-വാഹസേ — യജ്ഞനിർവ്വാഹകായ
യജമാനായ
വർച്ചഃ ധാഃ — അന്നം ധേഹി, കുരു

അർത്ഥം-(വിശ്വാമിത്രൻ സ്തുതിക്കുന്നു.) അല്ലയോ അഗ്നേ, ഞങ്ങൾക്കു് നേരെ വരുന്ന പടകളെ ജയിച്ചാലും, കർമ്മവിഘ്നം വരുത്തുന്ന ശത്രുക്കളെ അകററിയാലും. കൂടാതെ, ആരാലും ജയിക്കാൻ പററാത്തവനായി, ശത്രുക്കളെ സ്വതേജസ്സാൽ തിരസ്കരിച്ചു്, അവിടുന്നു് യജ്ഞനിർവ്വാഹകനായ യജമാനനു് അന്നം (രക്ഷ, പുഷ്ടി, ക്ഷേമം) ഉണ്ടാക്കിയാലും.

2 അഗ്നഇളാസമിധ്യസേവീതിഹോത്രോഅമർത്ത്യഃ
ജുഷസ്വസൂനോഅധ്വരം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:–

ഹേ അഗ്നേ, വീതി–

ഹോത്രഃ — യജ്ഞാദികമ്മസു പ്രീതിമാൻ

അമർത്യഃ — മരണധമ്മരഹിതസ്ത്വം

ഇളാ — ഇളായാം, ഈഡ്യായാ മുത്തരവേദ്യാം

സം ഇധ്യസേ — ആജ്യാഹുതി പ്രക്ഷേപേണ സമ്യക് പ്രജ്വാല്ല്യസേ

(താദൃശസ്ത്വം) നഃ

അധ്വരം — അസ്മാകം യജ്ഞം

സു ജുഷസ്വ — സുഷ്ഠു ആഹുതിസ്വീകരണേന സേവസ്വ

അത്ഥം–അല്ലയോ അഗ്നേ, യജ്ഞാദികമ്മങ്ങളിൽ,, (അഗ്നിഹോത്രാദികളിൽ) സന്തുഷ്ടനും അവിനാശനുമായ അവിടുന്നു് ഭൂമിയിൽ, ആരാധ്യമായ ഉത്തരവേദിയിൽ നൈ മുതലായവ ഹോമിയ്ക്കപ്പെട്ടു് കത്തിജ്വലിക്കുന്നു. അപ്രകാരമുള്ള അവിടുന്നു് ഞങ്ങളുടെ യജ്ഞത്തെ ആഹുതിസ്വീകരണംകൊണ്ടു് കൈക്കൊണ്ടാലും.

3 അഗ്നേദ്യുമ്നേനജാഗൃവേസഹസസ്സൂനവാഹുത

ഏദംബഹിസ്സദോമമ

അന്വയം:–

ഹേ ദ്യുമ്നേന ജാഗൃവേ — സ്വതേജസാ ജാഗൃവേ, ലോകരക്ഷാത്ഥം ജാഗരണോപേത

ആ–ഹുത, — ദേവാനാമാഹ്വാനാത്ഥമസ്മാഭി രാഹുത

സഹസഃ സൂനോ, അഗ്നേ — ബലസ്യ പുത്രാഗ്നേ

മമ (യജ്ഞേ) ഇദം

ബഹിഃ — വേദ്യാമാസ്തീണ്ണം ബർഹിഃ

ആ സദഃ — ആസീദ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം—സ്വതേജസ്സുകൊണ്ട് എന്നും ലോകരക്ഷാർത്ഥമുണർറ്റവനും ദേവന്മാരെ വിളിക്കാൻ ഞങ്ങളാൽ വിളിക്കപ്പെടുന്നവനും ബലത്തിൻെറ മകനുമായ അഗ്നേ, എൻെറ യജ്ഞത്തിൽ വേദിയിൽ വിരിച്ച ഈ ദർഭവിരിപ്പിൽ ഇരുന്നരുളിയാലും.

4 അഗ്നേവിശ്വേഭിരഗ്നിഭിർദ്ദേവേഭിർമ്മഹയാഗിരഃ

യജ്ഞേഷുയഉചായവഃ

അന്വയം:—

ഹേ അഗ്നേ, ദേവേഭിഃ — ദ്യോതമാനൈഃ

വിശേഭിഃ അഗ്നി-ഭിഃ — സർവ്വൈഃ യഷ്ടവ്യതയാസ്ഥിതൈരഗ്നിഭിസ്സഹിതസ്ത്വം

ചായവഃ ഉ യേ — അനന്യമനസ്സാഃ ഹി പൂജകാഃ യേ വിദ്യന്തേ തേഷാം

യജ്ഞേഷു — ജ്യോതിഷ്ടോമാദിഷു

ഗിരഃ മഹയ — സ്തോത്രശസ്ത്രാദീനി വാക്യാനി പൂജയ

അർത്ഥം—അല്ലയോ അഗ്നേ, പ്രകാശിക്കുന്ന യജനീയരായ എല്ലാ അഗ്നികളോടും കൂടിയ അവിടുന്ന് (അഗ്നിയുടെ അഭിമാനദേവനെയാണ് സംബോധന ചെയ്യുന്നത്. കൂടാതെ വിശിഷ്ടാഗ്നികളും) ഏകാഗ്രമനസ്സർ തന്നെയായ ഉപാസകരേവരോ, അവരുടെ ജ്യോതിഷ്ടോമാദിയാഗങ്ങളിൽ സ്തോത്രശസ്ത്രാദി വാക്യങ്ങളെ കൊണ്ടാടിയാലും.

5 അഗ്നേദാദാശുഷേരയിംവീരവന്തംപരീണസം

ശിശീഹിനസ്സൂനുമതഃ

വ. 24

അന്വയം:—

ഹേ അഗ്നേ, ദാശുഷേ — തുഭ്യം ഹവിർദ്ദാത്രേ യജമാനായ

വീര—വന്തം പരീണസം

രയിം ദാഃ — പുത്രയുക്തം പ്രഭൂതം ധനം ദേഹി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൂനു–മതഃ നഃ — പുത്രപൌത്രാദിസഹിതാ നസ്മാൻ

ശിശീഹി — ധനപ്രദാനേന തീക്ഷ്ണീകുരു

അത്ഥം–അല്ലയോ അഗ്നേ, അവിടേയ്ക്കു ഹവിസ്സേകുന്ന യജമാനനന്ന് സൽസന്താനത്തോടുകൂടിയ ധനം തന്നരുളിയാലും. പുത്രപൌത്രാദികളോടുകൂടിയ ഞങ്ങളെ ധനപ്രദാനത്താൽ ശക്തിയുക്തരാക്കിയാലും.

വഗ്ഗം–25–വിരാട് ഛന്ദഃ അഗ്നിഃ, ഇന്ദ്രാഗ്നീ ച ദേവതാ

1 അഗ്നേദിവസ്സൂനുരസിപ്രചേതാ

സ്തനാപൃഥിവ്യാഉതവിശ്വവേദാഃ

പൃഥഗ്ദേവാംഇഹയജാചികിത്വഃ

അന്വയം:–

(വിശ്വാമിത്രസ്സ്തൌതി)

ഹേ അഗ്നേ,

വിശ്വ–വേദാഃ — സർവ്വജ്ഞഃ

പ്ര–ചേതാഃ — കമ്മവിഷയജ്ഞാനവാംസ്ത്വം

ദിവഃ സൂനുഃ അസി — ദ്യുലോകാഭിമാനിദേവതായാഃ പുത്രഃ ഭവസി

ഉത പൃഥിവ്യാഃ തനാ — പൃഥിവ്യാഭിമാനി ദേവതായാഃ തനയഃ അസി

(കിംച) ഹേ ചികിത്വഃ, — ചേതനാവന്നഗ്നേ,

ഇഹ ദേവാൻ — അസ്മാഭിഃ ക്രിയമാണേസ്മിൻ കമ്മണി യജനീയാൻ ഇന്ദ്രാദിദേവാൻ

പൃഥക് യജ — പൃഥക് ക്രമേണ യജ ഹവിഷ്പ്രദാനേന പൂജയ

അത്ഥം–(വിശ്വാമിത്രൻ സ്തുതിക്കുന്നു.) അല്ലയോ അഗ്നേ, സർവ്വജ്ഞനും, കമ്മവിഷയങ്ങൾ മുഴുവൻ അറിയുന്നവനുമായ അവിടുന്ന് ദ്യുലോകദേവതയുടെ മകനാകുന്നു. ഭൂമിയുടെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അധിദേവതയുടെയും മകനാകുന്നു. അല്ലയോ ചൈതന്യമൂർത്തേ, അഗ്നേ, ഞങ്ങളാൽ ചെയ്യപ്പെടുന്ന കർമ്മത്തിൽ യജനീയന്മാരായ ഇന്ദ്രാദിദേവന്മാരെ ക്രമമനുസരിച്ച് വെവ്വേറെ ഹവിസ്സേകി പൂജിച്ചാലും.

2 അഗ്നിസ്സനോതിവീര്യാണിവിദ്വാ
ന്ത്സനോതിവാജമമൃതായഭൂഷൻ
സനോദേവാഏഹവഹാപുരുക്ഷോ

അന്വയം:—

വിദ്വാൻ അഗ്നിഃ	— കർമ്മാഭിജ്ഞഃ യഃ അഗ്നിഃ
വീര്യാണി	— പശുപുത്രാദിസമ്പദ്രൂപാണി സാമർത്ഥ്യാനി
സനോതി	— യജമാനായ ദദാതി
(യശ്ചാഗ്നിഃ) ഭൂഷൻ	— സ്വതേജസാ സർവ്വം ജഗൽഭൂഷയൻ
അമൃതായ	— മരണധർമ്മരഹിതായ ഇന്ദ്രാദിദേവായ
വാജം സനോതി	— ഹവിരന്നം പ്രയച്ഛതി
ഹേ പുരു-ക്ഷോ,	— പുരോഡാശാദി ബഹുവിധാന്നോപേത, ഹേ അഗ്നേ,
സഃ (ത്വം) നഃ ഇഹ	— അസ്മാകം സംബന്ധിനി അസ്മിൻ യജ്ഞേ
ദേവാൻ ആ വഹ	— യജനീയാൻ ദേവാൻ ആഹ്വയ

അർത്ഥം—കർമ്മജ്ഞനായ യാതൊരഗ്നി, പശുപുത്രാദി സമ്പത്തികളെ യജമാനന്ന് കൊടുക്കുന്നുവോ, യാതൊരഗ്നി, സ്വതേജസ്സുകൊണ്ട് ലോകം മുഴുവൻ അലങ്കരിച്ച് അമരനായ ഇന്ദ്രാദിദേവന് ഹവിരന്നം കൊടുക്കുന്നുവോ, അല്ലയോ പുരോഡാശാദി ഹവിസ്സോടുകൂടിയ അഗ്നേ, അപ്രകാരമുള്ള അവിടുന്ന് ഞങ്ങളുടെ ഈ യജ്ഞത്തിൽ ദേവന്മാരെ വിളിച്ചാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

3 അഗ്നിർദ്യാവാപൃഥിവീവിശ്വജന്യേ

ആ ഭാതിദേവീഅമൃതേഅമൂരഃ

ക്ഷയൻവാജൈഃ പുരുശ്ചന്ദ്രോനമോഭിഃ

അന്വയം:—

അമൂരഃ	— അമൂഢഃ, സർവ്വജ്ഞഃ
ക്ഷയൻ	— സർവ്വസ്യജഗതഃ ഈശാനഃ
(അത ഏവ) പുരു–ചന്ദ്രഃ	— ബഹുദീപ്തിസ്വരൂപഃ
വാജൈഃ നമഃ–ഭിഃ	— ബലൈഃ അന്നൈശ്ച സഹിതസ്സഃ
അഗ്നിഃ വിശ്വ–ജന്യേ	— വിശ്വസ്യജനയിത്ര്യൌ
ദേവീ, അമൃതേ	— ദീപ്യമാനേ, മരണധർമ്മരഹിതേ
ദ്യാവാപൃഥിവീ ആ ഭാതി	— ദ്യാവാപൃഥിവ്യൌ ആസമന്താൽ പ്രകാശയതി

അർത്ഥം–മൂഢതയേശാത്ത, സർവ്വജ്ഞനായ, എല്ലാ ജഗത്തിന്റേയും, ഈശ്വരനായ, മികച്ച പ്രകാശസ്വരൂപനായ, ബലങ്ങളോടും അന്നങ്ങളോടും കൂടിയ ആ അഗ്നി, ഭുവനമാതാക്കളും പ്രകാശവതികളും അനശ്വരകളുമായ ദ്യാവാപൃഥിവികളെ പൂർണ്ണമായി പ്രകാശിപ്പിക്കുന്നു.

4 അഗ്നഇന്ദ്രശ്ചദാശുഷോദുരോണേ

സുതാവതോയജ്ഞമിഹോപയാതം

അമർദ്ധന്താസോമപേയായദേവാ

അന്വയം:—

ഹേ അഗ്നേ, (ത്വം)	
ഇന്ദ്രഃ ച ദേവാ	— ദേവൌയുവാം
അമർദ്ധന്താ	— അനാഗമനേന യജ്ഞഹിംസാ മകുർവ്വന്തൌ സന്തൌ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സുത-വതഃ ദാശുഷഃ — സോമാഭിഷവം കുർവതഃ ഹവിർ ദത്തവതോയജമാനസ്യ
ഇഹ ദുരോണേ — ഗൃഹേ ക്രിയമാണമിമം
യജ്ഞം (അഭിലക്ഷ്യ)
സോമ-പേയായ — സോമപാനാർത്ഥം
ഉപ യാതം — സമീപമാഗച്ഛതം

അർത്ഥം-അല്ലയോ അഗ്നേ, അവിടുന്നും ഇന്ദ്രനുമായ ദേവന്മാരായ നിങ്ങൾ അസാന്നിധ്യം കൊണ്ട് ഈ യജ്ഞത്തെ കെടുക്കാതെ, സോമം സംസ്കരിക്കുന്നവനും ഹവിസ്സേകുന്നവനുമായ യജമാനന്റെ ഗൃഹത്തിൽ നടക്കുന്ന ഈ യജ്ഞത്തെ മുൻനിർത്തി, സോമപാനത്തിന്നായി അടുക്കൽ വന്നരുളിയാലും.

5 അഗ്നേഅപാംസമിധ്യസേദുരോണേ
നിത്യസ്സൂനോസഹസോജാതവേദഃ
സധസ്ഥാനിമഹയമാനഊതീ വ. 25

അന്വയം:-

സഹസഃ സൂനോ, ജാത-
വേദഃ, ഹേ അഗ്നേ, — ബലപുത്ര, സർവ്വജ്ഞ, അഗ്നേ,
നിത്യഃ ഊതീ — ഊത്യാ, രക്ഷണേന
സധ-സ്ഥാനി — പ്രാണിനാം നിവാസഭൂതാൻ ലോകാൻ
മഹയമാനഃ — പരിചരംസ്ത്വം
അപാം ദുരോണേ — അപാംസ്ഥാനേ അന്തരിക്ഷേ
സം ഇധ്യസേ — സമ്യക് ദീപ്യസേ

അർത്ഥം-ബലത്തിന്റെ മകനും, സർവ്വജ്ഞനുമായ അഗ്നേ, ശാശ്വതനായി രക്ഷണത്താൽ പ്രാണികളുടെ നിവാസസ്ഥാനങ്ങളായ ലോകങ്ങളെ പരിചരിക്കുന്ന, ഹിതമാചരിക്കുന്ന അവിടുന്ന്, ജലങ്ങളുടെ സ്ഥാനമായ അന്തരിക്ഷത്തിൽ നന്നായിശ്ശോഭിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വർഗ്ഗം—26—27—ജഗതീത്രിഷ്ടുഭൌച്ഛന്ദസീ വൈശ്വാനരോഗ്നിഃ, മരുതഃ, വിശ്വാമിത്രോപാധ്യായശ്ച ദേവതാ.

1 വൈശ്വാനരംമനസാഗ്നിംനിചായ്യാ
ഹവിഷ്മന്തോഅനുഷത്യംസ്വർവിദം
സുദാനുംദേവംരഥിരംവസൂയവോ
ഗീർഭീരണ്വംകുശികാസോഹവാമഹേ

അന്വയം:—

(വിശ്വാമിത്രസ്സ്തൌതി)
(ഹേ അഗ്നേ,)

ഹവിഷ്മന്തഃ	— സംഭൃത ഹവിഷ്കാഃ
വസു–യവഃ	— ധനമാത്മന ഇച്ഛന്തഃ
കുശികാസഃ	— കുശികഗോത്രോല്പന്നാവയം
വൈശ്വാനരം	— വിശേഷാംനരാണാം സംബന്ധിനം
അനു–സത്യം	— സത്യേനാനുഗതം കർമ്മാനുകൂല ഫലപ്രദാനേ സത്യപ്രതിജ്ഞം
സ്വഃ–വിദം	— സ്വർഗ്ഗാദിലക്ഷണ ഫലസ്യ ജ്ഞാതാരം
സു–ദാനും	— സുഷ്ഠുഫലസ്യദാതാരം
രഥിരം, രണ്വം	— രഥവന്തം, യജ്ഞാൻ ഗച്ഛന്തം
ദേവം അഗ്നിം	— ദ്യോതമാനമഗ്നിം
മനസാ നി–ചായ്യ	— അന്തഃകരണേന, ഏവം ഗുണവിശിഷ്ടസ്ത്വ മിതി ജ്ഞാത്വാ
ഗീഃ–ഭിഃ ഹവാമഹേ	— സ്തുതിവാഗ്ഭിഃ ത്വാമാഹ്വയാമഃ

അർത്ഥം—അല്ലയോ അഗ്നേ, ഹവിസ്സൊരുക്കിയവരും, സ്വന്തമായി ഐശ്വര്യമിച്ഛിക്കുന്നവരും കുശികഗോത്രക്കാരുമായ ഞങ്ങൾ, എല്ലാ നരന്മാരെയും സംബന്ധിക്കുന്ന വൈശ്വാനരനും (എന്ന അഗ്നിയും) സത്യത്താൽ പിൻതുടരപ്പെടുന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വരും (കർമ്മാനുകൂല ഫലപ്രദാനത്തിൽ സത്യവ്രതനും) സ്വർഗ്ഗാദി സിദ്ധികൾ ഇന്നിന്ന കർമ്മങ്ങൾ കൊണ്ടെന്നു് അറിയുന്നവനും അതുകൊണ്ടുതന്നെ കർമ്മഫലം നന്നായിക്കൊടുക്കുന്നവനും തേരൊത്തവനും യജ്ഞങ്ങൾക്കെത്തുന്നവനും പ്രകാശമാനനമായ അഗ്നിയായ അവിടുത്തെ ഇപ്രകാരമെല്ലാ ഗുണങ്ങളോടു കൂടിയവനെന്നറിഞ്ഞു് സ്തുതിവചനങ്ങളാൽ വിളിക്കുന്നു.

2 തം ശുഭ്രമഗ്നിമവസേ ഹവാമഹേ
വൈശ്വാനരം മാതരിശ്വാനമുക്ഥ്യം
ബൃഹസ്പതിം മനുഷോ ദേവതാതയേ
വിപ്രം ശ്രോതാരമതിഥിം രഘുഷ്യദം

അന്വയം:—

ശുഭ്രം വൈശ്വാനരം	— ദീപ്യമാനം വൈശ്വാനരാഖ്യം
മാതരിശ്വാനം	— മാതരി, അന്തരിക്ഷേ വിദ്യുദാദി രൂപതയാ ചേഷ്ടന്തം
ഉക്ഥ്യം	— ശസ്ത്രൈശ്ശംസനീയം
ബൃഹസ്പതിം	— ബൃഹതോ യജ്ഞസ്യ പാലകതയാ സ്വാമിനം
വിപ്രം, ശ്രോതാരം	— മേധാവിനം, സ്തോത്രശസ്ത്രാദി മന്ത്ര വാക്യം ശൃണ്വന്തം
അതിഥിം	— ആതിഥേയ പൂജാർഹതയാ യദൃച്ഛയാ പ്രാപ്തം
രഘു-സ്യദം	— ലഘുവേഗം, ക്ഷിപ്രഗന്താരം
തം അഗ്നിം അവസേ ഹവാമഹേ	— അസ്മാകം രക്ഷണായാഹ്വയാമഃ
(കിംച) മനുഷഃ ദേവ-താതയേ	— മനുഷ്യസ്യ യജ്ഞാർത്ഥമാഹ്വയാമഃ

അർത്ഥം—പ്രകാശമാനനും വൈശ്വാനരനും അന്തരിക്ഷത്തിൽ ഇടിമിന്നൽ മുതലായവയാൽ ചേഷ്ടിക്കുന്നവനും ശസ്ത്ര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ങ്ങളാൽ സ്തുത്യനം മഹത്തായ യജ്ഞത്തിന്നു് രക്ഷകത്വംകൊണ്ടു സ്വാമിയും മേധാവിയും സ്തോത്രശസ്ത്രമന്ത്രങ്ങൾ കേൾക്കുന്നവനം ഗൃഹസ്ഥന്നു് പൂജാർഹനായ അതിഥിയും ഗതിവേഗമുററവനുമായ ആ അഗ്നിയെ നമ്മളുടെ രക്ഷയ്ക്കായി വിളിക്കുന്നു. മനുഷ്യൻെറ യജ്ഞത്തിന്നായി വിളിക്കുന്നു.

3 അശ്വോനക്രന്ദഞ്ജനിഭിസ്സമിധ്യതേ
വൈശ്വാനരഃകുശികേഭിര്യുഗേയുഗേ
സനോഅഗ്നിസ്സുവീര്യംസ്വശ്വ്യം
ദധാതുരത്നമമൃതേഷുജാഗൃവിഃ

അന്വയം:-

(യഃ) വൈശ്വാനരഃ

കുശികേഭിഃ	— സ്തോത്രം കുർവ്വാണൈർ ഹോത്രാദിഭിഃ
അശ്വഃ ന	— യഥാ ജാതോശ്വഃ
ക്രന്ദൻ	— ഹേഷാരവം കുർവ്വൻ
ജനി-ഭിഃ	— ജനയിത്രീഭിഃ, ബഡവാഭിഃ സ്തന്യപ്രദാനേന സമ്യക് പോഷ്യതേ തഥാ
യുഗേ-യുഗേ സം ഇധ്യതേ	— പ്രതിദിനം ആജ്യാഹുതി പ്രക്ഷേപേണസമ്യക് ദീപ്യതേ
അമൃതേഷു	— മരണധർമ്മരഹിതേഷു ദേവേഷു
ജാഗൃവിഃ സഃ അഗ്നിഃ	— ജ്വാലയാ ജാഗ്രൽ, ദീപ്യമാനഃ അഗ്നിഃ
സു-വീര്യം, സു-അശ്വ്യം	— ശോഭനാപത്യയുക്തം, ശോഭനാശ്വാദിപശുയുക്തം
രത്നം നഃ ദധാതു	— ഉത്തമംധനമസ്മാകം വിദധാതു, പ്രയച്ഛതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം–യാതൊരു വൈശ്വാനരാഗ്നി സ്തോത്രകാരന്മാരായ ഹോതാക്കം മുതലായവരാൽ, പെററുവീണ കുതിരക്കുട്ടി ഹേഷാശബ്ദമുണ്ടാക്കി തള്ളക്കുതിരകളാൽ മുലപ്പാൽ കൊടുക്കപ്പെട്ടു വളത്തപ്പെടുന്നപോലെ, ദിവസംതോറും നെയ്മുതലായവയൊഴിച്ച് നന്നായി പ്രകാശിപ്പിക്കപ്പെടുന്നുവോ, അമരന്മാരായ ദേവന്മാരുടെ ഇടയിൽ ജ്വാലയാൽ ഉണൎച്ചയോടുകൂടിയിരിക്കുന്ന ആ അഗ്നി, സൽസന്തതിയോടും നല്ല കുതിര മുതലായ മൃഗങ്ങളോടും കൂടിയ ഉൽകൃഷ്ടധനം നമുക്കുണ്ടാക്കട്ടെ, തന്നരുളട്ടെ.

4 പ്രയന്തുവാജാസ്തവിഷീഭിരഗ്നയ
ശ്ശുഭേസമ്മിശ്ലാഃ പൃഷതീരയുക്ഷത
ബൃഹദുക്ഷോമരുതോവിശ്വവേദസഃ
പ്രവേപയന്തിപവ്വതാഅദാഭ്യാഃ

അന്വയം:–

വാജാഃ അഗ്നയഃ പ്ര യന്തു — വേഗവന്തോഗ്നയഃ ജലമഭിലക്ഷ്യഗച്ഛന്തു
(ഗതാശ്ചതേ) തവിഷീഭിഃ – ബലയുക്തൈമ്മരുത്ഭിഃ
ശുഭേ സം-മിശ്ലാഃ — ജലേപരസ്പരം സങ്ഗതാസ്സന്തഃ
പൃഷതീഃ അയുക്ഷത — ബിന്ദൂൻ അകുവ്വൻ, ജലേ ബിന്ദൂനകുവ്വൻ
വിശ്വ–വേദസഃ — പ്രാണികൃതകമ്മാഭിജ്ഞാനയുക്താഃ
അദാഭ്യാഃ — കേനാപ്യതിരസ്കാര്യാഃ
മരുതഃ ബൃഹൽ-ഉക്ഷഃ — പ്രഭൂതസേക്താൻ
പവ്വതാൻ പ്ര വേപയന്തി — യഥാ പ്രഭൂതോ വൃഷ്ടിർഭവതി തഥാ മേഘാൻ ചാലയന്തി

അത്ഥം–ശീഘ്രഗതികളായ അഗ്നികരം ജലത്തെ ഉന്നം വച്ച് പോകട്ടെ. പോയിട്ട്, ബലവാന്മാരായ മരുത്തുക്കളൊത്ത് ജലത്തിലന്യോന്യം ചേന്ന് വെള്ളത്തുള്ളികരം ചെയ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ട്ടെ. പ്രാണികളുടെ കമ്മങ്ങളറിയുന്നവരും ആരാലും തള്ളപ്പെടാൻ കഴിയാത്തവരുമായ മരുത്തുക്കറം ധാരാളം വഷിക്കുന്ന മേഘങ്ങളെ ഇളക്കിവിടുന്നു.

5 അഗ്നിശ്രിയോ മരുതോ വിശ്വകൃഷ്ടയ

ആത്വേഷമുഗ്രമവഈമഹേവയം

തേസ്വാനിനോരുദ്രിയാവഷ്നിണ്ണിജ

സ്സിംഹാനഹേഷക്രതവസ്സുദാനവഃ

വ 26

അന്വയം:-

അഗ്നി--ശ്രിയഃ — വൈദ്യുതമഗ്നിം ശ്രയന്തഃ
വിശ്വ--കൃഷ്ടയഃ — വിശ്വസ്യ വൃക്ഷാദേഃ നമനോന്നമന ലക്ഷണം കൃഷ്ടിഃ ആകഷ്ണം കമ്മ ഏഭ്യോ ഭവതിതേ
(യേ) മരുതഃ — (വിദ്യുന്തേതേഷാം)
ത്വേഷം ഉഗ്രം അവഃ — ദീപ്തമുൽഗൂണ്ണം രക്ഷണം
(കുശികാഃ) വയം ആ
ഈമഹേ — ആസമന്താൽ യാചാമഹേ
തേ രുദ്രിയാഃ — രുദ്രപുത്രാഃ
വഷ്-നിന്നിജഃ — വഷ്ണം രൂപം സ്വഭാവോ യേഷാം തേ, വർഷകാഃ
ഹേഷ--ക്രതവഃ — ഹേഷാരവസ്യ ക്രതും, കരണം യേഷാം തേ
സിംഹാഃ ന സ്വാനിനഃ — സിംഹാ ഇവ ശബ്ദയന്തഃ, തഥാവിധാ മരുതഃ
സു--ദാനവഃ — സുഷ്ഠ ജലസ്യ ദാതാരോ ഭവന്തി

അത്ഥം-വൈദ്യുതാഗ്നിയെ ആശ്രയിച്ചവരും വൃക്ഷങ്ങളെ പിടിച്ചുയത്തിയും താഴ്ത്തിയും കുഴക്കുന്നവരുമായ മരുത്തുക്കളേവരുണ്ടോ, അവരുടെ ദീപ്തവും ദൃഢവുമായ രക്ഷണത്തെ കുശികന്മാരായ നാം തികച്ചും യാചിക്കുന്നു. ആ രുദ്രപുത്രന്മാർ വഷ്ണ സ്വഭാവന്മാരായി ഹേഷാ ശബ്ദം മുഴക്കുന്നവരായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സിംഹങ്ങളെന്നപോലെ ഗജ്ജിക്കുന്നവരായി, ജലത്തെ നന്നായി ദാനം ചെയ്യുന്നവരായി ഭവിക്കുന്നു.

6 വ്രാതംവ്രാതംഗണംഗണംസുശസ്തിഭി
രഗ്നേർഭാമംമരുതാമോജഈമഹേ
പൃഷദശ്വാസോഅനവഭ്രരാധസോ
ഗന്താരോയജ്ഞംവിദഥേഷുധീരാഃ

അന്വയം:—

(കുശികാവയം) അഗ്നേഃ

ഭാമം	— ഭാസകം
മരുതാം ഓജഃ	— തേജഃ
വ്രാതം—വ്രാതം	— വ്രാതേവ്രാതേ, പ്രതി സമൂഹേ
ഗണം—ഗണം	— ഗണേഗണേ, മഹിതസമൂഹേ ക്രിയമാണാഭിഃ
സുശസ്തി—ഭിഃ	— ശോഭനൈ സ്തുതിമന്ത്രൈഃ
ഈമഹേ	— താദൃശം മാരുതം തേജോ യാചാമഹേ
പൃഷൽ—അശ്വാസഃ	— ചിത്രവർണ്ണാ അശ്വാഃ യേഷാം തേ
അനവഭ്ര—രാധസഃ	— അനവഭ്രം, അനവഭ്രഷ്ടം രാധഃ യേഷാം തേ, സമ്പൂർണ്ണ ധനാഃ
ധീരാഃ	— കർമ്മാഭിജ്ഞാ മരുതഃ
വിദഥേഷു യജ്ഞം	— യജ്ഞേഷു യജനീയം ഹവിരഭിലക്ഷ്യ
ഗന്താരഃ	— ഗമനശീലാ ഭവന്തി

അർത്ഥം—കുശികന്മാരായ നമ്മൾ അഗ്നിയെ പ്രകാശിപ്പിക്കുന്ന മരുത്തുക്കളുടെ തേജസ്സിനെ നമ്മുടെ സമൂഹങ്ങളിൽ തോറും ചൊല്ലപ്പെടുന്ന (ചെറിയ സമൂഹങ്ങളിലും വലിയ സമൂഹങ്ങളിലും ചൊല്ലപ്പെടുന്ന) ശോഭനസ്തുതി മന്ത്രങ്ങളാൽ യാചിക്കുന്നു. വിവിധ നിറങ്ങളുള്ള കുതിരകളോടു കൂടിയവരും ഒരി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കലും തെറിച്ചു പോകാത്ത ധനങ്ങളൊത്തവരും കർമ്മജ്ഞന്മാരുമായ ആ മരുത്തുക്കരം യജ്ഞങ്ങളിൽ ഹോമാർഹമായ ഹവിസ്സിനെ ഉദ്ദേശിച്ച് പോകുന്നവരാകുന്നു.

7 അഗ്നിരസ്മിജന്മനാജാതവേദാ
ഘൃതംമേചക്ഷുരമൃതംമആസൻ
അർക്കസ്ത്രിധാതുരജസോവിമാനോ
ജസ്രോഘർമ്മോഹവിരസ്മിനാമ

അന്വയം:–

(സാക്ഷാൽകൃത പരതത്വസ്വരൂപഃ അഗ്നിഃ സ്വാത്മനഃ സർവ്വാത്മകത്വാനുഭവമാവിഷ്കരോതി, ഹേ കുശികാഃ, ഭോക്തൃഭോഗ്യഭാവേന ദ്വിവിധം ഹീദംസർവ്വം ജഗൽ — അന്നം അന്നാദശ്ച, സോമമേവാന്നം, അഗ്നിരന്നാദഃ സച അഗ്നിവായ്വാദിത്യ ഭേദേന ത്രേധാഭൂത്വാ പൃഥിവ്യന്തരിക്ഷദ്യുലോകാനധിതിഷ്ഠതി)

(സഃ) അഗ്നിഃ (അഹം)

ജന്മനാ	—	ജന്മനൈവ
ജാത–വേദാഃ അസ്മി	—	ശ്രവണമനനാദി സാധന നിരപേക്ഷേണ, സ്വഭാവതഃ ഏവ സാക്ഷാൽ കൃതപരതത്വ സ്വരൂപോസ്മി
ഘൃതം മേ ചക്ഷുഃ	—	യദേതൽ വിശ്വസ്യ വിഭാസകം, മമ സ്വഭാവ പ്രഭൃത പ്രകാശാത്മകം ചക്ഷുസ്തൽഘൃതം
അമൃതം	—	കർമ്മഫലം, ദിവ്യാദിവ്യ വിവിധ വിഷയോപ ഭോഗാത്മകം തൽ
മേ ആസൻ	—	മേ ആസ്യേ വർത്തതേ, സകല ഭോക്തൃവർഗ്ഗാത്മനാ സ്വയമേവാവസ്ഥാനാൽ (ഏവമാത്മനഃ പൃഥിവ്യധിഷ്ഠാതൃരൂപതാം അഭിധായ വായ്വാത്മനാന്തരിക്ഷാധിഷ്ഠാതൃതാമാഹ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അക്ഃ — ജഗൽസ്രഷ്ടാ, പ്രാണഃ അഹം
ത്രി-ധാതുഃ — ത്രേധാത്മനാ വിഭജ്യ, തത്ര വായ്വാത്മനാ, പ്രാണാപാന വ്യാനാത്മനാ ത്രിധാ വത്തമാനഃ
രജസഃ വി-മാനഃ — അന്തരിക്ഷസ്യ വിമാതാ, അധിഷ്ഠാതാസ്മി
(തഥാദിത്യരൂപേണ ദ്യുലോകാധിഷ്ഠാതൃതാമാഹ)
അജസ്രഃ ഘമ്മഃ — അനപക്ഷീണോ ഘമ്മഃ നൈരന്തര്യേണ താപകാരീ, പ്രകാശാത്മാ ദ്യുലോകാധിഷ്ഠാതാ ആദിത്യഃ അഹമസ്മി
(ഏവമാത്മനഃ ഭോക്തൃരൂപമനസന്ധായ ഭോഗ്യരൂപതാമപി അനസന്ധത്തേ.)
(യൽ) ഹവിഃ നാമ — ഭോഗ്യം പ്രസിദ്ധമസ്തിതദപി
(അഹമേവ) അസ്മി — ഭവാമി

അത്ഥം—(സാക്ഷാൽകരിക്കപ്പെട്ട പരതത്വസ്വരൂപത്തോടു കൂടിയ അഗ്നി തൻെറ ആത്മാവിൻെറ സച്ചാത്മകത്വം വെളിപ്പെടുത്തുന്നു: അല്ലയോ കുശികന്മാരേ, ഭോക്താവ്, ഭോഗം എന്നിങ്ങനെ ഇക്കണ്ട ജഗത്തു് മുഴുവൻ രണ്ടുവിധത്തിലാണ്— അന്നവും അന്നാദനും (അന്നഭക്ഷകനും) സോമം അന്നം, അഗ്നി അന്നാദൻ. അവിടുന്നാകട്ടെ, അഗ്നി, വായു, ആദിത്യൻ എന്നീ ഭേദങ്ങളോടുകൂടി മൂന്നായി വേർ പിരിഞ്ഞു്, ഭൂമി, അന്തരിക്ഷം, ദ്യോവ് എന്നീ ലോകങ്ങളിൽ വത്തിക്കുന്നു.)

ആ അഗ്നിയായ ഞാൻ ജനനത്താൽ തന്നെ കേൾക്കുക, ധ്യാനിക്കുക മുതലായ ജ്ഞാനസാധനകളൊന്നും കൂടാതെ തന്നെ, സ്വഭാവം കൊണ്ടുതന്നെ, പരതത്വ സ്വരൂപത്തെ, പരബ്രഹ്മത്തെ സാക്ഷാൽകരിച്ചവനാകുന്നു. വിശ്വം ശോഭിപ്പിക്കുന്ന എൻെറ സ്വന്തം പ്രഭാവ പ്രകാശാത്മകമായ നെയ് എൻെറ കണ്ണാകുന്നു. (നെയ് വീഴുമ്പോഴാണ് തീ ജ്വലിക്കുന്നതല്ലൊ.) ദിവ്യവും ഭൗമവുമായ വിവിധ വിഷയ ഭോഗസുഖങ്ങളുടെ രൂപത്തിലുള്ള കമ്മഫലം എൻെറ മുഖത്തിൽ വത്തിക്കുന്നു. (സകല ഭോക്താവായി ഞാൻ സ്വയം സ്ഥിതിചെയ്യുന്നതുകൊണ്ടു്.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(ഇപ്രകാരം ഭൂമിയിലെ അധിഷ്ഠാനം പറഞ്ഞശേഷം വായ്വാത്മാവായി അന്തരിക്ഷത്തിലുള്ള നില്പിനെ പറയുന്നു). ജഗൽസ്രഷ്ടാവായ, പ്രാണനായ ഞാൻ മൂന്നായി പിരിഞ്ഞ പ്രാണൻ, അപാനൻ, വ്യാനൻ എന്നിങ്ങനെ മൂന്നു രൂപങ്ങളിൽ വായ്വാത്മാവായി അന്തരിക്ഷത്തിൽ അധിഷ്ഠാനം ചെയ്യുന്നു. (എനി ആദിത്യരൂപനായി ദ്യോവിൽ വർത്തിയ്ക്കുന്നതു് പറയുന്നു.) ഒരിക്കലും ക്ഷയിയ്ക്കാത്ത, ക്ഷീണിക്കാത്ത, ഇടവിടാതെ ചൂടിയററുന്ന പ്രകാശാത്മാവായി ദ്യുലോകത്തിൽ വർത്തിക്കുന്ന ആദിത്യൻ ഞാനാകുന്നു. അങ്ങിനെ ഭോക്തൃരൂപം പൂണ്ട ഞാൻ ഭോഗ്യരൂപത്തേയും പ്രാപിയ്ക്കുന്നു. യാതൊരു ഹവിസ്സാണോ ഭോഗ്യമെന്നു് കേൾവിപ്പെട്ടതു്, ആ ഹവിസ്സും ഞാനാകുന്നു. (ഹവിസ്സ് എന്നതു് ഭോഗ്യങ്ങളുടെ ഉപലക്ഷണം—എല്ലാ ഭോഗ്യവസ്തുക്കളും എന്നു് ഗ്രഹിയ്ക്കണം.)

8 ത്രിഭിഃപവിത്രൈരപുപോദ്ധ്യ൪ക്കം
ഹൃദാമതിംജ്യോതിരനുപ്രജാനൻ
വർഷിഷ്ഠംരത്നമകൃതസ്വധാഭി
രാദിദ്യാവാപൃഥിവീപര്യപശ്യൽ

അന്വയം:—

(സർവ്വാത്മകഃ അഗ്നിഃ)

ഹൃദാ	— അന്തഃകരണവൃത്യാ
മതിം ജ്യോതിഃ	— മനനീയം, സ്വപ്രകാശരൂപം പരബ്രഹ്മാഖ്യം തേജഃ
അനു പ്ര-ജാനൻ	— ശ്രവണമനനാദിക്രമേണ പ്രകർഷേണ, സംശയവിപര്യാസഭാവനാബുദ്ധിനിരാസേന, സ്വാത്മരൂപതയാ ജാനൻസൻ
പവിത്രൈഃ ത്രി-ഭിഃ	— പാവനൈഃ അഗ്നിവായു സൂര്യൈഃ
അക്കം	— അച്ചനീയം സ്വാത്മാനം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അപുപോൽ ഹി	—	തേഭ്യോപിനിർമ്മലതയാ പാവനം പരിചിച്ഛേദ ഖലു (യഥാദശാപവിത്രേണസോമം പാവയതി തഥാ)
(ഏവം ജാനാനോഗ്നിഃ)		
വർഷിഷ്ഠം	—	ഉത്തമം സ്വാത്മാനം
സ്വധാഭിഃ	—	സ്വേന ലോകാൻ ദധാതീതി സ്വധാ,
രത്നം അകൃത	—	രമണീയമകാർഷീൽ
ആൽ ഇൽ	—	അനന്തരമേവാത്മനി ജ്ഞാതേ സതി
ദ്യാവാപൃഥിവീ	—	തത്ര പരികല്പിതേ ദ്യാവാപൃഥിവ്യൗ, തദുപലക്ഷിതം സർവ്വംജഗൽ
പരി അപശ്യൽ	—	പരിതഃ, സർവ്വതഃ സ്വാത്മതയാ അദർശൽ

അർത്ഥം—സർവ്വാത്മകനായ അഗ്നി, അന്തഃകരണവൃത്തി കൊണ്ടു്, ധ്യാനിക്കേണ്ടുന്ന സ്വപ്രകാശരൂപമായ പരബ്രഹ്മ തേജസ്സിനെ, ശ്രവണം, ചിന്തനം മുതലായ ക്രമത്തിൽ, സംശയം, വിപരീതാർത്ഥബോധം, ഭാവന, ബുദ്ധി എന്നിവ യെക്കടന്നു്, സ്വാത്മരൂപതകൊണ്ടു് അറിഞ്ഞവനായി, പാവ നങ്ങളായ അഗ്നിവായുസൂര്യരൂപങ്ങളോടുകൂടി അർച്ചനീയ നായ തന്നെ ആ മൂന്നുപേരേക്കാളും നിർമ്മലതയോടുകൂടി പവി ത്രീകരിച്ചു് (ദശാപവിത്രംകൊണ്ടു് സോമം ശുദ്ധീകരിക്കുന്ന പോലെ) ജ്ഞാനവാനായി, ഉത്തമനായി സ്വാത്മാവിനെ സ്വധകളെക്കൊണ്ടു് (ലോകങ്ങളെ സ്വയം ധരിക്കുന്ന ഹവിസ്സു കളെക്കൊണ്ടു്) രമണീയമാക്കി. അനന്തരം ആത്മാവിനെ അറിയവേ, ദ്യാവാപൃഥികളടക്കമുള്ള സർവ്വഭുവനത്തെയും ആത്മാവിനാൽ എമ്പാടും കാണുന്നു. (ആത്മനിവിജ്ഞാതേ സർവ്വമിദം വിജ്ഞാതം—ആത്മാവിനെ അറിഞ്ഞാൽ ജഗത്തു് മുഴുവൻ അറിഞ്ഞു എന്നു ശ്രുതി. ഇവിടെ അഗ്നി വായുസൂര്യ ന്മാരേക്കാരം നിർമ്മലതയോടുകൂടി സ്വയം പവിത്രീകരിച്ചു എന്നു പറയുന്നിടത്തു് ഭൌമാഗ്നിയെ ഉദ്ദേശിച്ചിരിക്കുന്നു. സർവ്വാത്മാവായ അഗ്നിയിൽ നിന്നു് ഭൌമാഗ്നി ഭിന്നനത്രേ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

9 ശതധാരമുത്സ്സമക്ഷീയമാണം
വിപശ്ചിതം പിതരം വക്ത്വാനാം
മേളിംമദന്തംപിത്രോരുപസ്ഥേ
തംരോദസീപിപൃതം സത്യവാചം വ 27

അന്വയം:–

ഹേ രോദസീ	— ദ്യാവാപൃഥിവ്യൌ
ശത–ധാരം	— അപരിമിതജലധാരായുക്തം
അക്ഷീയമാണം	— അവിച്ഛിന്നപ്രവാഹം
ഉത്സം	— സതതപ്രവാഹോപേതം, സ്രോതഇവ അവിച്ഛിന്നവാക് സരണീസമേതം
വിപഃ–ചിതം	— സകലശാസ്ത്രാഭിജ്ഞം
പിതരം	— വിദ്യോപദേശേനപാലകം
വക്ത്വാനാം	— വക്തവ്യാനാം, വേദവാക്യാനാം
മേളിം	— മേളകം; നാനാശാഖാഗതാ നാം വാക്യാനാം ഏകസ്മിന്നേവ സങ്കലയ്യ വക്താരം
പിത്രോഃ ഉപ–സ്ഥേ	
മദന്തം	— ദ്യാവാപൃഥിവ്യോസ്സമീപേ ജ്ഞാനാതിശയേനഹൃഷ്യന്തം
സത്യ–വാചം	— അജ്ഞാതാർത്ഥാഭാവാൽ, പരപ്രതാരണേച്ഛ കാരണാ ഭാവാൽ സത്യവാദിനം
തം പിപൃതം	— ഉപാധ്യായം, അപേക്ഷിത ഫലപ്രദാനേനസമ്പൂർണ്ണം കുരുതം പാലയതം വാ

അർത്ഥം–വിശ്വാമിത്രമഹർഷി വൈശ്വാനരാഖ്യമായ ബ്രഹ്മതത്വം പഠിച്ചത് യാതൊരുപാധ്യായനിൽ നിന്നാണോ, ആ ഉപാധ്യായനുവേണ്ടി പ്രാർത്ഥനയും സ്തുതിയുമാണ് ഈ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഋക്. ഋഗ്വേദികരം ഏതു് ദൈവിക കമ്മത്തിന്നും പ്രാരംഭത്തിൽ ഈ മന്ത്രം ജപിച്ച് ഗുരുവന്ദനം കഴിക്കുന്നു. അഭിവാദ്യം ചെയ്ത ശതധാരം ജപിക്കകയാണ് എന്തിന്നും ആദ്യത്തെ ക്രിയ.

അല്ലയോ ദ്യാവാപൃഥിവികളേ, വലുതായ വെള്ളച്ചാട്ടം പോലെയും മുറിയാത്ത ഒഴുക്കപോലെയും ഒഴുകിവരുന്ന വാക് സരണിയോടുകൂടിയവനും സകല ശാസ്ത്രാഭിജ്ഞനും വിദ്യോപദേശം കൊണ്ടു അച്ഛനെപ്പോലെയുള്ളവനും നാനാ ശാഖകളോടു കൂടിയ വേദവാക്യങ്ങളെ അന്യോന്യവിരുദ്ധതയില്ലാതെ സമന്വയിച്ച് വെളിപ്പെടുത്തുന്നവനും ജഗൽപിതാക്കളായ നിങ്ങളുടെ അടുക്കൽ ജ്ഞാനാതിശയം കൊണ്ടു് പരമാനന്ദലീനനും, അറിവില്ലാത്തതോ അറിയപ്പെടേണ്ടതോ മററാരാളെ പറഞ്ഞു പഠിപ്പിക്കേണ്ടതോ ആയി ഒന്നുമില്ലാത്തതിനാൽ, പൂണ്ണസത്യവാദിയുമായ (എൻെറ ഈ) ഉപാധ്യായനെ അത്ഥിതഫലപ്രദാനം കൊണ്ടു സംപൂണ്ണനാക്കിയാലും, രക്ഷിച്ചാലും. (ഇവിടെ ഉപാധ്യായൻെം സവ്വാധികമഹത്വം വിശേഷണങ്ങരം കൊണ്ടു് വ്യക്തമാക്കിയശേഷം വീണ്ടും അദ്ദേഹത്തെ പൂണ്ണനാക്കാനപേക്ഷിക്കുന്നു. ഉപാധ്യായൻെറ പരിപൂണ്ണതയാണല്ലൊ ശിഷ്യൻെറ പൂണ്ണതയ്ക്കുള്ള മാഗ്ഗം).

വർഗ്ഗം—28–29–30 ഗായത്രീച്ഛന്ദഃ അഗ്നിഃ ഋതവോവാ ദേവതാ

1 പ്രവോവാജാഅഭിദ്യവോഹവിഷ്മന്തോഘൃതാച്യാ
ദേവാഞ്ജിഗാതിസുമ്നയുഃ

അന്വയം:—

(ഹേ ഋതവഃ) വാജാഃ
അഭി—ദ്യവഃ — മാസാഃ അദ്ധമാസാശ്ച
ഹവിഷ്മന്തഃ — ഹവിർഭാജോദേവാഃ
ഘൃതാച്യാ — ധേനവാസഹിതാഃ
വഃ പ്ര — യുഷ്മാകം യജനാത്ഥം പ്രഭവതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(തേഷു പ്രഭവൽ സുസൽസു)

സുമ്ന–യുഃ — സുഖമാത്മന ഇച്ഛൻ യജമാനഃ
ദേവാൻ ജിഗാതി — യജ്ഞദ്വാരാ ദേവാൻ പ്രാപ്നോതി

അർത്ഥം—അല്ലയോ ഋതുക്കളേ, മാസങ്ങളും പക്ഷങ്ങളും, പശുവോടുകൂടി ഹവിർഭോക്കുകളായ ദേവന്മാരും നിങ്ങളിൽ യജ്ഞത്തിന്നായി ഭവിയ്ക്കുമ്പോൾ, ആത്മാവിന്നു് ക്ഷേമമിച്ഛിക്കുന്ന യജമാനൻ യജ്ഞമാർഗ്ഗത്തിലൂടെ ദേവന്മാരെ പ്രാപിക്കുന്നു.

2 ഈളേഅഗ്നിംവിപശ്ചിതംഗിരായജ്ഞസ്യസാധനം
ശ്രുഷ്ടീവാനംധിതാവാനം

അന്വയം:–

വിപഃ–ചിതം — മേധാവിനം
യജ്ഞസ്യ സാധനം — നിർവ്വാഹകം
ശ്രുഷ്ടീ–വാനം,
ധിത–വാനം — സുഖവന്തം, വനനീയം ധനംനിഹിതം യസ്യ തം
അഗ്നിം ഗിരാ ഈളേ — സ്തുതിലക്ഷണയാ വാചാ വിശ്വാമിത്രോഹം സ്തൌമി

അർത്ഥം—മേധാവിയും യജ്ഞനിർവ്വാഹകനും സുഖവാനും കാമ്യമായ ധനം സൂക്ഷിയ്ക്കുന്നവനുമായ അഗ്നിയെ സ്തുതിവചനത്താൽ വിശ്വാമിത്രനായ ഞാൻ പുകഴ്ത്തുന്നു.

3 അഗ്നേശകേമതേവയംയമംദേവസ്യവാജിനഃ
അതിദ്വേഷാംസിതരേമ

അന്വയം:–

ഹേ അഗ്നേ, വാജിനഃ
വയം — സംഭൃത ഹവിഷ്കാവയം
ദേവസ്യ തേ — ദ്യോതമാനസ്യ തവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യമം	— യമനം, ആയജ്ഞസമാപ്തേഃ അത്രാവസ്ഥാനം കർത്തും
ശകേമ	— ശക്യാസ്മ
ദ്വേഷാംസി	— അസ്മദീയാനി പാപാനി
അതി തരേമ	— (പാപേഭ്യഃ) ഉത്തീർണ്ണാഭവേമ

അർത്ഥം—അല്ലയോ അഗ്നേ, ഹവിസ്സൊരുക്കിയ ഞങ്ങൾ പ്രകാശമാനനായ അവിടുന്ന് യാഗസമാപ്തിവരെ ഇവിടെ ഇരുന്നു കാണാൻ ശക്തരാകാവൂ. പിന്നെ എൻെറ പാപങ്ങളിൽ നിന്ന് എന്നെ കരകയററിയാലും. (ഇവിടെ ദ്വേഷാംസി എന്ന പദത്തിന്ന് ശത്രുക്കളെന്നു പറയാതെ പാപങ്ങളെന്ന് അവികല്പമായി സായണാചാര്യൻ പ്രസ്താവിച്ചിരിക്കുന്നു. പ്രധാനശത്രു നമ്മളുടെ പാപങ്ങൾ തന്നെ. ദ്വേഷ്ടാ, ശത്രു എന്നീ പദങ്ങൾ ഉപയോഗിക്കുന്നിടത്തെല്ലാം അവയെ പാപമായോ, പാപവാസനകളായോ എടുത്താൽ അർത്ഥഗാംഭീര്യംകൂട്ടും.)

4 സമിധ്യമാനോ അധ്വരേ൨ഗ്നിഃ പാവകഈഡ്യഃ
ശോചിഷ്കേശസ്തമീമഹേ

അന്വയം:—

(യഃ) അഗ്നിഃ അധ്വരേ	— യജ്ഞേ
സം–ഇധ്യമാനഃ	— ആജ്യാദ്യാഹുതിഭിഃ സമ്യക് പ്രജ്വാല്ല്യമാനഃ അതഏവ
ശോചിഃ–കേശഃ	— ജ്വാലാകേശഃ
പാവകഃ, ഈഡ്യഃ	— ശോധകഃ, സ്തോതൃഭിഃ പ്രശസ്യഃ
തം ഈമഹേ	— അഭിമതഫലാർത്ഥം യാചാമഹേ

അർത്ഥം—യാതൊരഗ്നി യജ്ഞത്തിൽ നൈ മുതലായവയാൽ കത്തിജ്വലിച്ച്, അതുകൊണ്ടുതന്നെ തലമുടിയ്യൊത്ത ജ്വാലകളൊത്തവനായി, എല്ലാം ശുദ്ധീകരിക്കുന്നവനായി സ്തോതാക്കളാൽ സ്തുത്യനാണോ, അവിടുത്തോട്ട് അഭിമതഫലം യാചിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

5 പൃഥുപാജാഅമർത്ത്യോ ഘൃതനിർണ്ണിക്സ്വാഹുതഃ

അഗ്നിര്യജ്ഞസ്യഹവ്യവാട് വ 28

അന്വയം:—

പൃഥു—പാജാഃ — പ്രഭൃതതേജോരൂപഃ
അമർത്ത്യഃ — മരണധർമ്മരഹിതഃ
ഘൃത—നിർണിക് — ഘൃതസ്യവിലയനദ്വാരാ
ശോധനംയേനസഃ
സു—ആഹുതഃ — സുഷ്ഠഹോത്രാദിഭിഃ സമ്യഗിഷ്ടഃ
അഗ്നിഃ യജ്ഞസ്യ — അഗ്നിഷ്ടോമാദേഃ
ഹവ്യ—വാട്ട് — ഹവ്യാനാം വോഢാ ഭവതി

അർത്ഥം—മുന്തിയ തേജസ്സററവനും അനശ്വരനും നൈ തന്നിൽ ചേർന്ന് ആരാലാണോ ശുദ്ധി ഭവിയ്ക്കുന്നതു്, അപ്ര കാരമുള്ളവനും ഹോതാവു മുതലായവരാൽ നന്നായി യജിയ്ക്ക പ്പെട്ടവനുമായ അഗ്നി, അഗ്നിഷ്ടോമാദി യജ്ഞത്തിൻെറ ഹവി സ്സുകളം വഹിക്കുന്നവനാകുന്നു.

6 തംസബാധോയതസ്രുചഇത്ഥാധിയായജ്ഞവന്തഃ

ആചക്രുരഗ്നിമൂതയേ

അന്വയം:—

സ—ബാധഃ — രക്ഷോഘ്നമന്ത്രോച്ചാരണേന
തദ്വിഷയബാധാ
സഹവർത്തതേ ഇതിസബാധഃ
യജ്ഞ—വന്തഃ — യജനീയ ഹവിര്യുക്തഃ
യത—സ്രുചഃ — സംയതാസ്രുചഃ, സംയതാഃ
ജുഹ്വാദ്യാഃ യൈസ്തേ, ഋത്വിജഃ
ഇത്ഥാ ധിയാ — ഇത്ഥം, അനേനപ്രകാരേണ
ക്രിയമാണയാ സ്തുത്യാ
തം അഗ്നിം ഊതയേ — രാക്ഷസബാധാൽ രക്ഷണായ
ആ ചക്രുഃ — അഭിമുഖം കർവ്വന്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം—രക്ഷസ്സുകളെ അകററാനുള്ള മന്ത്രമുച്ചരിച്ച് ആബാധയെ ഉരംക്കൊണ്ടവരും (നശിപ്പിച്ചവരും) യജനീയമായ ഹവിസ്സേന്തിയവരും ജുഹു മുതലായ ഹോമോപകരണങ്ങൾ എടുത്തുപിടിച്ചവരുമായ ഋത്വിക്കുകൾ ഇതാ ചൊല്ലപ്പെടുന്ന സ്തുതിയാൽ രാക്ഷസബാധയിൽ നിന്ന് രക്ഷിയ്ക്കാനായി അഗ്നിയെ നേരെ വരുത്തുന്നു, അഭിമുഖനാക്കിച്ചെയ്യുന്നു.

7 ഹോതാദേവോഅമർത്ത്യഃപുരസ്താദേതിമായയാ

വിദഥാനിപ്രചോദയൻ

അന്വയം:—

ഹോതാ, അമർത്ത്യഃ — ഹോമനിഷ്പാദകഃ, മരണധർമ്മരഹിതഃ

ദേവഃ വിദഥാനി — വേദിതവ്യാനി കർമ്മാണി

പ്ര—ചോദയൻ — പ്രകർഷേണ പ്രേരയന്നഗ്നിഃ

മായയാ — കർമ്മവിഷയാഭിജ്ഞാനേന യുക്തസ്സൻ

പുരസ്താൽ ഏതി — കർമ്മപ്രാരംഭകാല ഏവ അസ്മാനാഗച്ഛതി

അർത്ഥം—ഹോമനിർവ്വാഹകനും അനശ്വരനും പ്രകാശമാനനും അറിയപ്പെടേണ്ടും കർമ്മങ്ങളെ (യജ്ഞങ്ങളെ) നന്നായി പ്രേരിപ്പിക്കുന്നവനുമായ അഗ്നി കർമ്മാരംഭ കാലത്തിൽ തന്നെ നമ്മളെ പ്രാപിക്കുന്നു.

8 വാജീവാജേഷുധീയതേധ്വരേഷുപ്രണീയതേ

വിപ്രോയജ്ഞസ്യസാധനഃ

അന്വയം:—

വാജീ വാജേഷു — ബലവാനഗ്നിഃ യജ്ഞേഷു

ധീയതേ — ദേവൈഃ ശത്രുഹനനാർത്ഥം നിധീയതേ

Digitized by Arya Samaj Foundation Chennai and eGangotri

(കിംച) അധ്വരേഷു — അഗ്നിഹോത്രാദിഷു
പ്ര നീയതേ — അധ്വര്യ്വാദിഭിഃ പ്രകർഷേണ ആഹവനീയാദിസ്ഥാനേഷു പ്രക്ഷിപ്യതേ
(അത ഏവ) വിപ്രഃ — മേധാവീസൻ
യജ്ഞസ്യ സാധനഃ — അഗ്നിഹോത്രാദേഃ സാധകോ ഭവതി

അർത്ഥം—ബലവാനായ അഗ്നി ദേവന്മാരാൽ യാഗത്തിൽ നിർത്തപ്പെടുന്നു. പിന്നെ അഗ്നിഹോത്രാദികളിൽ അധ്വര്യു മുതലായവരാൽ ആഹവനീയാദിസ്ഥാനങ്ങളിൽ സ്ഥാപിയ്ക്കപ്പെടുന്നു. അതുകൊണ്ടത്രേ മേധാവിയായി അവിടുന്ന് യജ്ഞം സാധിപ്പിക്കുന്നവനാകുന്നതു്.

9 ധിയാചക്രേവരേണ്യോഭൂതാനാംഗർഭമാദധേ
ദക്ഷസ്യപിതരംതനാ

അന്വയം:—

(യോഗ്നിഃ) ധിയാ — ആധാനപവമാനേഷ്ടി രൂപേണ കർമ്മണാ
ചക്രേ — ആഹവനീയരൂപതയാ കൃതോഭൂൽ
(അതഏവ) വരേണ്യഃ — സർവ്വൈഃ യജമാനൈഃ കർമ്മാങ്ഗതേന വരണീയഃ
(യശ്ചാഗ്നിഃ) ഭൂതാനാം — സ്ഥാവരജങ്ഗമാത്മകാനാം ഭൂതജാതാനാമന്തഃ
ഗർഭം ആ ദധേ — സ്വാത്മാനം ഏവഗർഭരൂപതയാ സർവ്വത്ര ദധാര
പിതരം — സർവ്വസ്യ പാലകം തം അഗ്നിം
ദക്ഷസ്യ തനാ — ദക്ഷപ്രജാപതേസ്സുതയാ വേദി രൂപാ ഭൂമിഃ ധാരയതി

അർത്ഥം—യാതൊരഗ്നി ആധാനപാവമാനേഷ്ടിരൂപയായ കർമ്മത്താൽ ആഹവനീയ രൂപനാക്കി ചെയ്യപ്പെടുന്നുവോ, അതു

*9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൊണ്ടുതന്നെ എല്ലാ യജമാനന്മാരാലും കർമ്മാങ്ഗമായി വരിക്കപ്പെടേണ്ടവനാണോ യാതൊരഗ്നി സ്ഥാവരജംഗമങ്ങളായ സകലഭൂതജാതങ്ങളുടെയും ഉള്ളിൽ ഗർഭരൂപത്തിൽ എങ്ങും വർത്തിക്കുന്നുവോ, എല്ലാററിന്റെയും പാലകനായ ആ അഗ്നിയെ ദക്ഷന്റെ മകളായ, വേദിരൂപയായ ഭൂമി ധരിക്കുന്നു. (ഭൂമി ദക്ഷപുത്രിയെന്ന് ശ്രുതി.)

10 നിത്വാദധേവരേണ്യംദക്ഷസ്യേളാസഹസ്കൃത
അഗ്നേസുദീതിമുശിജം വ. 29

അന്വയം:—

സഹഃ-കൃത ഹേ അഗ്നേ,	— മഥനാഖ്യേന ബലേന ഉൽപന്നാഗ്നേ,
സു-ദീതിം, ഉശിജം	— ശോഭനദീപ്തിം, പുരോഡാശാദി ഹവിഃ കാമയമാനം
(അത ഏവ) വരേണ്യം ത്വാ	— വരണീയം ത്വാം
ദക്ഷസ്യ ഇളാ	— ദുഹിതാ ഇളാ, വേദ്യാദി ലക്ഷണഭൂതാ
നി ദധേ	— അഗ്നിഹോത്രാദി കർമ്മ സമൃദ്ധ്യർത്ഥം നിതരാം ദധാര

അർത്ഥം-കടച്ചിലിന്റെ ശക്തിയാൽ ഉല്പന്നനായ അഗ്നേ, ശോഭനപ്രകാശനും പുരോഡാശാദി ഹവിസ്സിഷ്ടപ്പെടുന്നവനും അതുകൊണ്ടുതന്നെ കർമ്മത്തിൽ വരിക്കത്തക്കവനുമായ അവിടത്തെ, ദക്ഷന്റെ പുത്രിയും വേദിരൂപയുമായ ഭൂമി അഗ്നിഹോത്രാദി കർമ്മങ്ങളുടെ വളർച്ചയ്ക്കായി നന്നായി ധരിച്ചിരിക്കുന്നു.

11 അഗ്നിംയന്തുരമപ്തുരമൃതസ്യയോഗേവനുഷഃ
വിപ്രാവാജൈസ്സമിന്ധതേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:–

വനുഷഃ	— കർമ്മസിധ്യർത്ഥം സംഭജമാനാഃ
വിപ്രാഃ	— മേധാവിനഃ, അധ്വര്യ്വാദയഃ
യന്തുരം	— സർവ്വസ്യ നിയന്താരം
അപ്–തുരം	— അപാം പ്രേരകം തമിമം
അഗ്നിം ഋതസ്യ യോഗേ	— സത്യഭൃതസ്യ ജ്യോതിഷ്ടോമാദേഃ പ്രയോഗാർത്ഥം
വാജൈഃ സം ഇന്ധതേ	— ഹവിരന്നൈഃ സമ്യക്ദീപയന്തി

അർത്ഥം–കർമ്മസിദ്ധിയ്ക്കുവേണ്ടി അവിടത്തെ ഭജിയ്ക്കുന്ന മേധാവികളായ അധ്വര്യു മുതലായവർ എല്ലാററിൻെറയും നിയന്താവും ജലത്തിൻെറ പ്രേരകനുമായ ഈ അഗ്നിയെ, അഗ്നിഷ്ടോമാദി യാഗപ്രയോഗത്തിന്നായി, ഹവിസ്സുകളാൽ നന്നായി കത്തിച്ചു തെളിയിയ്ക്കുന്നു.

12 ഊർജ്ജോനപാതമധ്വരേദീദിവാംസമുപദ്യവി
അഗ്നിമീളേകവിക്രതും

അന്വയം:–

ഊർജ്ജഃ നപാതം	— ഹവിരന്നൈസ്സമിധ്യമാനത്വേന അന്നസ്യപുത്രം
ഉപ ദ്യവി	— അന്തരിക്ഷസ്യ സമീപേ
ദീദി–വാംസം	— അതിശയേന ദീപ്യമാനം
കവി–ക്രതും	— കവയഃ, മേധാവിനഃ, അധ്വര്യ്വാദയഃ മഥനേന ക്രതവഃ കർത്താരഃ യസ്യതം
അഗ്നിം അധ്വരേ ഈളേ	— അസ്മിൻ യജ്ഞേ സ്തുതി ലക്ഷണാഭിർഗ്ഗീർഭിഃ സ്തൗമി

അർത്ഥം–ഹവിരന്നത്താൽ നന്നായി കത്തി വളരുന്നതുകൊണ്ട് അന്നപുത്രനും, അന്തരിക്ഷത്തിന്നടുക്കൽ നന്നായി പ്രകാശിയ്ക്കുന്നവനും, മേധാവികളായ ഋത്വിക്കുകളാകുന്ന കർത്താക്കളോട് (സ്രഷ്ടാക്കളോട്) കൂടിയവനുമായ അഗ്നിയെ സ്തുതിവചനങ്ങളാൽ വന്ദിയ്ക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

13 ഈളേന്യോനമസ്യസ്തിരസ്തമാംസിദർശതഃ

സമഗ്നിരിധ്യതേവൃഷാ

അന്വയം:—

ഇളേന്യഃ — സ്തോതൃഭിരീഡ്യഃ
നമസ്യഃ — സർവ്വൈർന്നമസ്കാര്യഃ
തമാംസി തിരഃ — ധ്വാന്താനി സ്വപ്രഭാഭിസ്തിര സ്കുർവ്വൻ
ദർശതഃ — കമനീയതയാ ദർശനീയഃ
അഗ്നിഃ വൃഷാ — യജമാനസ്യ കാമാനാം വർഷിതാ
സം ഇധ്യതേ — ആഹുതിപ്രക്ഷേപേണ പ്രജ്വാല്ല്യതേ

അർത്ഥം—സ്തോതാക്കളാൽ പുകഴ്ത്തപ്പെടേണ്ടവനും ഏവരാലും നമസ്കരിക്കപ്പെടേണ്ടവനും സ്വന്തം പ്രഭകളാൽ ഇരുട്ടകററുന്നവനും കമനീയത കൊണ്ടു് കാണേണ്ടവനുമായ അഗ്നി യജമാനന്നു് കാമം വർഷിച്ചുകൊണ്ടു്, ഹോമിയ്ക്കപ്പെട്ട ഹവിസ്സുകളാൽ കത്തിജ്വലിയ്ക്കുന്നു.

14 വൃഷോഅഗ്നിസ്സമിധ്യതേശ്വോനദേവവാഹനഃ

തംഹവിഷ്മന്തഈളതേ

അന്വയം:—

അശ്വഃ ന — യഥാശ്വഃ സ്വാമിനം ഉദ്ദിഷ്ട സ്ഥാനം പ്രാപയതി തദ്വൽ
ദേവ—വാഹനഃ — ദേവാനാം ഹവിഷാം പ്രാപയിതാ
വൃഷോ (യഃ) അഗ്നിഃ
സം ഇധ്യതേ — കാമാനാം വർഷിതാ യഃ ആജ്യാദ്യാഹുതിപ്രദാനേന സമ്യക് ദീപ്യതേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തം ഹവിഷ്മന്തഃ	— അഗ്നിം സംഭൃത ഹവിഷ്കാ യജമാനാഃ
ഈളതേ	— കർമ്മസിധ്യർത്ഥം സ്തുവന്തി

അർത്ഥം—കുതിര, തന്റെ സ്വാമിയെ ഉദ്ദിഷ്ട സ്ഥാനത്തെത്തിക്കുന്നതു പോലെ കാമവർഷകനായ യാതൊരഗ്നി നെയ് മുതലായ ആഹുതിയാൽ നന്നായി പ്രകാശിക്കുന്നുവോ, ആ അഗ്നിയെ ഹവിസ്സേന്തിയ യജമാനന്മാർ യജ്ഞസിദ്ധിക്കായി സ്തുതിക്കുന്നു.

15 വൃഷണംത്വാവയംവൃഷന്നവൃഷ്ണസ്സമിധീമഹി
അഗ്നേദീദ്യതംബൃഹൽ വ. 30

അന്വയം:—

വൃഷൻ, ഹേ അഗ്നേ,	— കാമാനാം വർഷിതഹേഗ്നേ,
വൃഷണഃ വയം	— വൃഷാണഃ, ഘൃതാദ്യാഹുതീനാം സേക്താരഃ വയം
വൃഷണം	— ആഹുതിദ്വാരാ ഉദകസ്യ സേക്താരം
ദീദ്യതം	— ദീപ്യമാനം, അത ഏവ
ബൃഹൽ ത്വാ സം ഇധീമഹി	— മഹാന്തം ത്വാം സമ്യക് ദീപയാമഃ

അർത്ഥം—അല്ലയോ കാമവർഷകനായ അഗ്നേ, നെയ് മുതലായവ കൊണ്ടു് അവിടുത്തെ നനയ്ക്കുന്ന ഞങ്ങൾ, ആഹുതി കൊണ്ടു് ജലം (മഴ) പെയ്യിക്കുന്നവനും പ്രകാശമാനനുമായ അവിടുത്തെ നന്നായി ജ്വലിപ്പിക്കുന്നു. (''അഗ്നൌ പ്രാസ്താഹുതിസ്സമ്യഗാദിത്യമുപതിഷ്ഠതി, ആദിത്യാജ്ജായതേ വൃഷ്ടിഃ വൃഷ്ടേരന്നം തതഃ പ്രജാഃ''—അഗ്നിയിൽ ഹോമിച്ചതു് ആദിത്യനെ പ്രാപിക്കുന്നു. ആദിത്യകൽ നിന്നു് മഴയുണ്ടാവുന്നു. മഴയിൽ നിന്നു് പ്രജകൾ ജീവിക്കുന്നു എന്നു് മനു.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വർഗ്ഗം - 31 - ഗായത്രീ ത്രിഷ്ടുബുഷ്ണിഗ് ജഗത്യശ്ഛന്ദാംസി.

1 അഗ്നേജുഷസ്വനോഹവിഃപുരോളാശംജാതവേദഃ

പ്രാതസ്സാവേധിയാവസോ

അന്വയം:—

(വിശ്വാമിത്ര സ്തൗതി)

ജാത—വേദഃ, — സർവ്വജ്ഞ,

ധിയാ—വസോ — ധിയാ, സ്തോത്രേണ വസു, ധനം യസ്മാൽ ഭവതി സഃ തസ്യ സംബുദ്ധിഃ, കർമ്മാനുരൂപ ധനപ്രദ,

ഹേ അഗ്നേ,

പ്രാതഃ—സാവെ — അഗ്നിഷ്ടോമേ പ്രാതസ്സവനേ

നഃ പുരോളാശം ഹവിഃ

ജുഷസ്വ — അസ്മൽ സംബന്ധി പുരോഡാശാഖ്യം ഹവിഃ സേവസ്വ

അർത്ഥം—സർവ്വജ്ഞനും കർമ്മത്താൽ അതിന്നു തക്ക ധനം കൊടുക്കുന്നവനുമായ അഗ്നേ, അഗ്നിഷ്ടോമത്തിലെ പ്രാതസ്സവനത്തിൽ ഞങ്ങളുടെ പുരോഡാശമെന്ന ഹവിസ്സ് കൈക്കൊണ്ടാലും.

2 പുരോളാഅഗ്നേപചതസ്തുഭ്യംവാഘപരിഷ്കൃതഃ

തംജുഷസ്വയവിഷ്ഠ്യ

അന്വയം:—

യവിഷ്ഠ്യ, ഹേ അഗ്നേ, — യുവതമാഗ്നേ,

(യഃ) പുരോളാഃ — പുരോഡാശഃ

പചതഃ — കപാലയോഃ പക്വോസ്തി

(സച) തുഭ്യം വാ ഘ — ത്വദർത്ഥമേവ ഖലു

പരി—കൃതഃ — പര്യഗ്നികരണാദിഭി രലങ്കൃതഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തം (പുരോഡാശം)
ജുഷസ്വ — സേവസ്വ

അർത്ഥം—അല്ലയോ അഗ്നേ, അധ്വര്യു മുതലായവർ അവിടുത്തെ മുമ്പിൽ സമർപ്പിക്കുന്ന യാതൊരു പുരോഡാശം വറവു കലങ്ങളിൽ വേവു ചെന്നതാണോ, അതു് അവിടേക്കു തന്നെ വേണ്ടിയാണല്ലൊ പര്യഗ്നി (പുൽ തീ കൊളുത്തി ഹവിസ്സിന്നു് ചുററും കാണിച്ച് മലിനതകളകററുന്നതും ചൂടിയററുന്നതുമായ കർമ്മം) മുതലായ ചടങ്ങുകളാൽ സംസ്കരിച്ചതു്. ആ പുരോഡാശം കൈക്കൊണ്ടാലും.

3 അഗ്നേവീഹിപുരോളാശ മാഹുതം തിരോഅഹ്ന്യം
സഹസസ്സൂനരസ്യധ്വരേഹിതഃ

അന്വയം:—
ഹേ അഗ്നേ,
തിരഃ—അഹ്ന്യം — അഹനിതിരോഹിതേസതി
ആ—ഹുതം — ആസമന്താൽഹുതം
പുരോളാശം വീഹി — പുരോഡാശാഖ്യം ഹവിഃ ഭക്ഷയ
അധ്വരേ, സഹസഃ സൂനുഃ — അസ്മിൻ യജ്ഞേ ബലസ്യ പുത്രസ്ത്വം
ഹിതഃ അസി — ആഹവനീയാദിസ്ഥാനേഷ്വസ്മാഭിർന്നിഹിതോസി

അർത്ഥം—അല്ലയോ അഗ്നേ, പകലൊടുങ്ങി രാവിൽ നിറച്ചും ഹോമിയ്ക്കപ്പെട്ട പുരോഡാശമെന്ന ഹവിസ്സു ഉംക്കൊണ്ടാലും. ഈ യജ്ഞത്തിൽ ആഹവനീയാദിസ്ഥാനങ്ങളിൽ അവിടുന്നു് ഞങ്ങളാൽ സ്ഥാപിക്കപ്പെട്ടവനാകുന്നു.

4 മാധ്യന്ദിനേസവനേജാതവേദഃ
പുരോളാശമിഹകവേജുഷസ്വ
അഗ്നേയഹ്വസ്യതവഭാഗധേയം
നപ്രമിനന്തിവിദഥേഷുധീരാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:–

കവേ, ജാത–വേദഃ,

അഗ്നേ, — മേധാവിൻ, സർവ്വജ്ഞ, അഗ്നേ

ഇഹ — അഗ്നിഷ്ടോമാഖ്യേ അസ്മിൻ കർമ്മണി

മാധ്യന്ദിനേ സവനേ — മാധ്യന്ദിനസംബന്ധിനി സവനേ

പുരോളാശം ജുഷസ്വ — മാധ്യന്ദിനസവനീയ പുരോഡാശം സേവസ്വ

വിദഥേഷു ധീരാഃ — യജ്ഞേഷുകർമ്മകശലാഃ അധ്വര്യ്വാദയഃ

മഹസ്യ തവ — മഹതസ്തവ

ഭാഗ–ധേയം — ഭാഗതയാ പരികല്പിതമിമം പുരോഡാശം

ന പ്ര മിനന്തി — ന ഹിംസന്തി, കിംതു തുഭ്യം പ്രയച്ഛന്തി

അർത്ഥം–മേധാവിയും സർവ്വജ്ഞനുമായ അഗ്നേ, അഗ്നിഷ്ടോമമെന്ന ഈ കർമ്മത്തിൽ ഉച്ചയ്ക്കുള്ള സവനത്തിൽ (മധ്യാഹ്നസവനത്തിന്റെ) പുരോഡാശം കൈക്കൊണ്ടാലും. യജ്ഞങ്ങളിൽ കർമ്മപ്രവീണരായ അധ്വര്യു മുതലായവർ അവിടേയ്ക്കുള്ള ഭാഗമായി കല്പിതമായ ഈ പുരോഡാശത്തെ കേടുവരുത്തുന്നില്ല. പിന്നെയോ, അവിടേയ്ക്കു തരുന്നു.

5 അഗ്നേതൃതീയേസവനേഹികാനിഷഃ
പുരോളാശംസഹസസ്സൂനവാഹുതം
അഥാദേവഷ്വധ്വരം വിപന്യയാ
ധാരത്നവന്തമമൃതേഷുജാഗൃവിം

അന്വയം—

സഹസഃ സൂനോ, ഹേ അഗ്നേ — ബലസ്യപുത്രാഗ്നേ, ത്വം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തൃതീയേ സവനേ

ആ–ഹുതം — ഹൂയമാനം

പുരോളാശം കാനിഷഃ — കാമയസേ

അഥ അധ്വരം — അവിനാശിനം

രത്ന–വന്തം — രത്നശബ്ദേന സ്വർഗ്ഗാദിലക്ഷണം ഉത്തമം ഫലമഭിധീയതേ തൽഫലപ്രദം

ജാഗൃവിം — ജാഗരണകാരിണം, പ്രാതസ്സോമോ ജാഗൃവിർഭവതി, സ്വപ്ന നിവാരകഃ, തമിമം സോമം

വിപന്യയാ — സ്തുതിലക്ഷണയാ വാചാ സ്തുതസ്ത്വം

അമൃതേഷു — മരണധർമ്മരഹിതേഷു

ദേവേഷു ഹി ധാഃ — ഇന്ദ്രാദിഷ്വേവധേഹി

അർത്ഥം–അല്ലയോ ബലപുത്രനായ അഗ്നേ, മൂന്നാം സവനത്തിൽ ഹോമിക്കപ്പെടുന്ന പുരോഡാശത്തെ അവിടുന്നിഷ്ടപ്പെടുന്നു. നശിക്കാത്തതും സ്വർഗ്ഗാദ്യുത്തമ ഫലങ്ങളെ നല്കുന്നതും ഉണർവ്വുണ്ടാക്കുന്നതും (രാവിലെ ഉറക്കമകററി ഉണർത്തുന്നതും) ആയ സോമം സ്തുതിവചനത്താൽ പുകഴ്ത്തപ്പെട്ട അവിടുന്ന് അമരന്മാരായ ഇന്ദ്രാദി ദേവന്മാരിൽ തന്നെ സമർപ്പിച്ചാലും.

6 അഗ്നേവൃധാനആഹുതിംപുരോളാശംജാതവേദഃ

ജുഷസ്വതിരോഅഹ്ന്യം വ. 31

അന്വയം:–

ജാത–വേദഃ ഹേ അഗ്നേ, — ജാതപ്രജ്ഞാഗ്നേ

വൃധാനഃ — ആഹുതിഭിർവ്വർദ്ധമാനസ്ത്വം

തിരഃ–അഹ്ന്യം — രാത്രികാലേ

ആ–ഹുതിം പുരോളാശം — ആഹുതം പുരോഡാശം

ജുഷസ്വ — സേവസ്വ

അർത്ഥം–സർവ്വജ്ഞനായ അഗ്നേ, ആഹുതികളാൽ വർദ്ധിച്ച അവിടുന്ന് രാത്രികാലത്തിൽ ഹോമിക്കപ്പെട്ട പുരോഡാശത്തെ കൈക്കൊണ്ടാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വർഗ്ഗം—32-33-34 അനുഷ്ടുപ് ത്രിഷ്ടുബ് ജഗത്യശ്ഛന്ദാംസി അഗ്നിഃ ഋത്വിജോ ദേവതാ.

1 അസ്തീദമധിമന്ഥനമസ്തിപ്രജനനംകൃതം
ഏതാംവിശ്പത്നീമാഭരാഗ്നിംമന്ഥാമപൂർവ്വഥാ

അന്വയം:—

(യജമാനഃ അധ്വര്യ്വാദീൻ പ്രതി ബ്രൂതേ)

ഇദം അസ്തി	— അഗ്ന്യർത്ഥം യൂപശകലമസ്തി
അധി-മന്ഥനം അസ്തി	— അരണ്യാഃ ഉപരിനിധേയം മന്ഥനസാധനഭൂതം ബന്ധരജ്വാദികമസ്തി,
പ്ര-ജനനം കൃതം	— അഗ്നിജനനസാധനഭൂതം ദർപിഞ്ജൂലം സംപാദിതമസ്തി
(തസ്മാൽ) വിശ്പത്നീം	— വിശാം, പ്രജാനാം അഗ്നിസാധ്യാഗ്നിഹോത്രദ്വാരാ സ്വർഗ്ഗാദിഫലസമ്പാദനേന പാലയിത്രീം
ഏതാം (ഹേ അധ്വര്യോ, അരണീം) ആ ഭര	— ആഹര
(തസ്യാമാഹൃതായാം)	
പൂർവ്വ-ഥാ	— യഥാ പൂർവ്വേ മഹർഷയഃ അഗ്നിമമന്ഥിഷുഃ, തദ്വദയം
അഗ്നിം മന്ഥാമ	— അസ്മിൻ കർമ്മണി മന്ഥനേന നിഷ്പന്നഃ കരവാമ

അർത്ഥം—(യജമാനൻ അധ്വര്യു മുതലായവരോടു പറയുന്നു) ഇതു് അഗ്നിക്കുവേണ്ടിയ യൂപത്തിന്നുള്ള കൊമ്പാണു്. (ഇവ) അരണിയുടെ മുകളിൽ വെയ്ക്കേണ്ടും കടച്ചിൽകരുക്കളായ കോൽ, കയർ മുതലായവയാണു്. തീയുണ്ടാക്കാൻ പിടിപ്പിക്കേണ്ടും പുൽത്തിരിയാണിതു്. അതുകൊണ്ടു് ജനങ്ങൾക്കു് അഗ്നിഹോത്രമാർഗ്ഗത്തിലൂടെ സ്വർഗ്ഗാദിഫലം സമ്പാദിച്ചു് രക്ഷിക്കുന്ന ഈ അരണിയെ, അല്ലയോ അധ്വര്യോ, കൊണ്ടുവന്നാലും. അതൊരുക്കിയാൽ പണ്ടു് മഹർഷിമാർ എപ്രകാരം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കടഞ്ഞുവോ, അപ്രകാരം നമ്മളും ഈ കമ്മത്തിൽ തീ കടയുക, കടഞ്ഞു തീയുണ്ടാക്കാം

2 അരണ്യോന്നിഹിതോജാതവേദാ
ഗർഭഇവസുധിതോഗർഭിണീഷു
ദിവേദിവഈഡ്യോജാഗൃവദ്ഭി
ഹവിഷ്മദ്ഭിർമനുഷ്യേഭിരഗ്നിഃ

അന്വയം:—

ജാത—വേദാഃ — സർവ്വജ്ഞോഗ്നിഃ
ഗർഭിണീഷു ഗർഭഃ—ഇവ
സു—ധിതഃ — യഥാ ഗർഭഃ സ്ത്രീഷു സുഷ്ഠു നിഹിതോവർത്തതേതദ്വൽ
അരണ്യോഃ നി—ഹിതഃ — ദേവൈര്യജ്ഞാർത്ഥം സ്ഥാപിതഃ
(സഃ) അഗ്നിഃ
ഹവിഷ്മൽ—ഭിഃ — സംഭൃതഹവിർഭിഃ
ജാഗൃവൽ—ഭിഃ — കർമ്മണി ജാഗരൂകൈഃ
മനുഷ്യേഭിഃ ദിവേ—ദിവേ
ഈഡ്യഃ — മനുഷ്യൈരസ്മാഭിഃ പ്രത്യഹംസ്തോതവ്യഃ

അർത്ഥം—സർവ്വജ്ഞനായ അഗ്നി, ഗർഭിണികളായ സ്ത്രീകളിൽ ഗർഭം വേണ്ടപോലെ ആധാനം ചെയ്യപ്പെടുന്നതുപോലെ അരണിയിൽ യജ്ഞത്തിന്നുവേണ്ടി സ്ഥാപിതനാകുന്നു. ആ അഗ്നി, ഹവിസ്സേന്തിയവരും കർമ്മത്തിൽ ഉണർവ്വുററവരുമായ മനുഷ്യരായ നമ്മളാൽ ദിവസംപ്രതി സ്തുതിക്കപ്പെട്ടേണ്ടവനാകുന്നു. (ദിവസവും തീതെളിയിച്ച് അഗ്നിഹോത്രോപാസനാദികർമ്മംകൊണ്ട് പ്രീതിപ്പെടുത്തേണ്ടതാകുന്നു.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

3 ഉത്താനായാമവഭരാചികിത്വാ

ന്ഥ്സദ്യഃപ്രവീതാവൃഷണംജജാന

അരുഷസ്തൂപോരുശദസ്യപാജ

ഇളായാസ്പുത്രോവയുനേജനിഷ്ട

അന്വയം:—

ചികിത്വാൻ

ഉത്താനായാം — ജ്ഞാനവാനധ്വര്യുസ്ത്വം അരണ്യാം ഉത്താനശയായാം, ഉത്തരാരണിം

അവ ഭര — അധോമുഖം ധാരയ

(അനന്തരം സാ അധരാരണിഃ)

സദ്യഃ പ്ര–വീതാ — തദാനീമേവ നിഷിക്തരേത സ്ക്കാസതീ

വൃഷണം — കാമാനാം വർഷകമഗ്നിം

ജജാന — ജനയതു

(അഥ) അസ്യ രുശൽ

പാജഃ — അഗ്നേഃ തമോവിനാശയൽ തേജോമാത്രം തത്രാഭൂൽ

(അനന്തരം) അരുഷ–

സ്തൂപഃ — ആരോചമാന തേജസ്സംങ്ഘോപേതഃ

ഇളായാഃ പുത്രഃ — ഉത്തരവേദ്യാഃ ഉൽപന്നഃ അഗ്നിഃ

വയുനേ — അരണ്യാം യോനിസ്ഥാനേ

അജനിഷ്ട — അജനി

അർത്ഥം—ജ്ഞാനവാനായ അധ്വര്യുവായ അങ്ങ് മുകളിലെ അരണിയെ തലകീഴ്പോട്ടായി ധരിയ്ക്കുക. പിന്നെ ആ കീഴരണി രേതസ്സേററ്, (പുരുഷൻ സ്ത്രീയെ സംഗമിച്ച് രേതസ്സേകം ചെയ്യുന്നപോലെ) കാമവർഷകനായ അഗ്നിയെ ജനിപ്പിക്കട്ടെ. അതിന്നുശേഷം അഗ്നിയുടെ ഇരുട്ടകററുന്ന തേജസ്സ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാത്രം ഭവിക്കുന്നു. പ്രകാശമാനമായ തേജസ്സോടുകൂടിയ ഇളയുടെ പുത്രനായ (ഉത്തരവേദിയിൽ നിന്നുൽപന്നനായ) അഗ്നി അരണിയുടെ യോനിസ്ഥാനത്തിൽ ജനിച്ചു.

4 ഇളായാസ്ത്വാപദേവയംനാഭാപൃഥിവ്യാഅധി
ജാതവേദോനീധീമഹ്യഗ്നേഹവ്യായവോള്ഹവേ

അന്വയം:—

ജാത—വേദഃ, ഹേ അഗ്നേ, — സർവ്വജ്ഞാഗ്നേ,
വയം പൃഥിവ്യാഃ അധി — ഭൂമേരുപരി
നാഭാ — തസ്യാ നാഭൌ, മധ്യസ്ഥാനേ
ഇളായാഃ പദേ — മാനവ്യാഇഡായാഃ ഗോഃ പദേ ഇഡാപദരൂപേ ഉത്തരവേദ്യാഖ്യ കേസ്ഥാനേ
ത്വാ ഹവ്യായ
വോള്ഹവേ — ത്വാം പുരോഡാശാദിലക്ഷണം ഹവിഃ വോഢും
നി ധീമഹി — നിദധീമഹി

അർത്ഥം—അല്ലയോ സർവ്വജ്ഞനായ അഗ്നേ, ഞങ്ങൾ ഭൂമിയ്ക്കു മുകളിൽ അതിന്റെ മധ്യസ്ഥാനത്തു്, പശുപാദരൂപമായ ഉത്തരവേദി എന്ന സ്ഥാനത്തു്, അവിടുത്തെ, പുരോഡാശാദി ഹവിസ്സുവഹിപ്പാനായി നിധാനം ചെയ്യുന്നു, സ്ഥാപിക്കുന്നു.

5 മന്ഥതാനരഃകവിമദ്വയന്തം
പ്രചേതസമമൃതംസുപ്രതീകം
യജ്ഞസ്യകേതുംപ്രഥമംപുരസ്താ
ദഗ്നിന്നരോജനയതാസുശേവം വ. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: –

ഹേ നരഃ,	—	കർമ്മണാം നേതാരഃ, അധ്വര്യ്വാദയഃ
കവിം പ്ര–ചേതസം	—	ക്രാന്തദർശിനം, പ്രകൃഷ്ട ജ്ഞാനോപേതം
(അത ഏവ) അദ്വയന്തം	—	ദ്വയമനാചരന്തം, മനസാവാചാ ച ഏകവിധം കർമ്മ കുർവ്വാണം
അമൃതം. സു–പ്രതീകം	—	മരണധർമ്മരഹിതം, ശോഭന ജ്വാലാസമേതം
(ഇമം) അഗ്നിം മന്ഥത	—	മന്ഥനേന നിഷ്പാദയത
(കിംച) ഹേ നരഃ	—	കർമ്മണാം നേതാരഃ, യൂയം
യജ്ഞസ്യ കേതും	—	പ്രജ്ഞാപകം
പ്രഥമം	—	മുഖ്യാങ്ഗഭൂതം, (സർവ്വേഷാം ക്രതൂനാമഗ്നി പൂർവ്വകത്വാൽ)
സു–ശേവം	—	ശോഭനസുഖോപേതമഗ്നിം
പുരസ്താൽ ജനയത	—	കർമ്മണഃ പ്രാരംഭേ ഏവംവിധ ഗുണയുക്തം കുരുത

അർത്ഥം—അധ്വര്യുമുതലായ കർമ്മനേതാക്കളേ, എല്ലാററിനേറയും അപ്പുറം കാണുന്നവനും മഹാജ്ഞാനിയും രണ്ടെന്നില്ലാത്തവനും, അതായത് മനസ്സുകൊണ്ടും വാക്കുകൊണ്ടും ഒരേ വിധം പ്രവർത്തിക്കുന്നവനും, അനശ്വരനും, ശോഭനജ്വാലകളൊത്തവനുമായ ഈ അഗ്നിയെ കടഞ്ഞുണ്ടാക്കുക. പിന്നെ അല്ലയോ കർമ്മനേതാക്കളേ, നിങ്ങൾ യജ്ഞത്തെ അറിയിക്കുന്നവനും, എല്ലാ യാഗങ്ങൾക്കും അഗ്നി മുമ്പാകയാൽ പ്രധാനാംഗഭൂതനും, ശോഭന സുഖയുക്തനുമായ അഗ്നിയെ കർമ്മത്തിന്റെ തുടക്കത്തിൽ ഉൽപാദിപ്പിക്കുക. (ആ അഗ്നിയെ മേൽപറഞ്ഞ ഗുണങ്ങളൊത്തവനാക്കുക.)

6 യദീമന്ഥന്തിബാഹുഭിർവ്വിരോചതേ

ശ്വോനവാജ്യരുഷോവനേഷ്വാ

ചിത്രോനയാമന്നശ്വിനോരനിവൃതഃ

പരിവൃണക്ത്യശ്മനസ്തൃണാദഹൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

യദി (അധ്വര്യാദയഃ)	
ബാഹു-ഭിഃ	— യദാ സ്വകീയൈഹ്സ്തൈരഗ്നിം
മന്ഥന്തി	— മത്ഥ്നാതി, തദാ സജാതോഗ്നിഃ
വനേഷു വാജീ	— കാഷ്ഠേഷുശീഘ്രഗമനവാൻ
അരുഷഃ	— ആരോചമാനഃ സവ്വേഷാം പ്രീതികരസ്സൻ
അശ്വഃ ന	— യഥാശ്വഃ വനേഷുവാഹ്യസ്യ സ്ഥാനേഷുവേഗവാൻ വത്തതേ തദ്വൽ
യാമൻ	— യാമനി, വേഗഗമനേ
അശ്വിനോഃ ചിത്രഃ	
(രഥഃ) ന	— ദേവഭിഷജോഃ രഥഃ യഥാ ആരോചമാനോവത്തതേ തദ്വച്ച
ആ വി രോചതേ	— ആസമന്താൽ വിശേഷേണ ദീപ്യതേ
അനി-വൃതഃ	— കേനാപ്യപ്രതിബദ്ധഗമനഃ സഃ അഗ്നിഃ
അശ്മനഃ തൃണാ	— ഉപലാൻ തൃണാനിച
ദഹൻ പരി വൃണക്തി	— ഭസ്മസാൽകുവ്വൻ ദഗ്ദ്ധഭാഗാനി പരിതോവജ്ജയതി

അത്ഥം-അധ്വര്യു മുതലായവർ സ്വന്തം കൈകളാൽ തീ കടയുമ്പോൾ ഉൽപന്നനായ അഗ്നി, വിറകുകളിൽ ചാടികയറി പ്രകാശമാനനായി, കുതിര വനങ്ങളിൽ വഹിയ്ക്കപ്പെടുന്നവന്റെ സ്ഥാനങ്ങളിൽ വേഗവാനായി ശോഭിക്കുന്ന പോലെയും (അഗ്നി കത്തിപ്പടരുന്നതു് കുതിര ഓടുന്ന വേഗത്തിലാണെന്ന കല്പന) അശ്വികളുടെ വിചിത്രമായ രഥം ശോഭനമായിരിക്കുന്ന പോലെയും (രഥത്തോളം വേഗം തീപ്പടച്ചിക്കും ഉണ്ടെന്നു് സൂചന) ദീപ്യമാനനായി ഏവക്കും പ്രീതികരനായി നിറഞ്ഞു കത്തുന്നു. ആരാലും തടുക്കപ്പെടാത്ത ആ അഗ്നി കല്ലുകളെയും പുല്ലുകളെയും കരിച്ചുകൊണ്ടു് കത്തിത്തീൎന്ന ഭാഗങ്ങൾ പിന്നിട്ടു് പോകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

7 ജാതോഅഗ്നീരോചതേചേകിതാനോ

വാജീവിപ്രഃകവിശസ്തസ്സുദാനുഃ

യംദേവാസഈഡ്യംവിശ്വവിദം

ഹവ്യവാഹമദധുരധ്വരേഷു

അന്വയം:—

ദേവാസഃ	—	ദേവാഃ, ഇന്ദ്രാദയഃ
ഈഡ്യം, വിശ്വ–വിദം	—	ഹോത്രാദിഭിസ്തുത്യം, സർവ്വസ്യ ജഗതോവേദിതാരം
യം അധ്വരേഷു	—	യമഗ്നിം ജ്യോതിഷ്ടോമാദി യജ്ഞേഷു
ഹവ്യ–വാഹം അദധുഃ	—	ഹവ്യാനാം വോഢാരം വ്യദധുഃ
ജാതഃ, ചേകിതാനഃ	—	മന്ഥനാദുൽപന്നഃ, സർവ്വം ജാനാനഃ
വാജീ, വിപ്രഃ	—	സതതഗമനസ്വഭാവഃ കാര്യാഭിജ്ഞഃ
(അത ഏവ) കവി–ശസ്തഃ	—	കവിഭിഃ, മേധാവിഭിഃ, ഹോതൃഭിഃ സ്തുതഃ
സു–ദാനുഃ	—	സുഷ്ഠുകർമ്മ ഫലസ്യദാതാ
(സഃ) അഗ്നിഃ രോചതേ	—	ദീപ്യതേ

അർത്ഥം–ഹോതാവു മുതലായവരാൽ സ്തുത്യനും ജഗത്തിനെ മുഴുവൻ അറിയുന്നവനുമായ യാതൊരഗ്നിയെ ഇന്ദ്രാദിദേവന്മാർ ജ്യോതിഷ്ടോമാദി യജ്ഞങ്ങളിൽ ഹവിസ്സുകളെ വഹിക്കുന്നവനായി വെച്ചുവോ, കടഞ്ഞുണ്ടായവനും സർവ്വജ്ഞനും എപ്പോഴും ഗമനശീലനും കർമ്മജ്ഞനും അതുകൊണ്ടുതന്നെ മേധാവികളായ ഹോതാക്കളാൽ പുകഴ്ത്തപ്പെട്ടവനും കർമ്മഫലത്തെ നന്നായി കൊടുക്കുന്നവനുമായ **ആ അഗ്നിയാണ്** ശോഭിക്കുന്നതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

8 സീദഹോതസ്വഉലോകേചികിത്വാ
ന്ഥ്സാദയായജ്ഞംസുകൃതസ്യയോനൌ
ദേവാവീദ്ദേവാന്ഹവിഷായജാ
സ്യഗ്നേബൃഹദ്യജമാനേവയോധാഃ

അന്വയം:–

(യജമാനോബ്രൂതേ)

ഹോതഃ, ഹേ അഗ്നേ,	—	ഹോമനിഷ്പാദകാഗ്നേ,
സ്വേ ലോകേ സീദ ഉ	—	സ്വകീയേ ഉത്തരവേദ്യാം നാഭൌ ത്വം ഹോമാത്ഥം ഉപവിശൈവ
(തഥാ) ചികിത്വാൻ	—	ജ്ഞാനവാംസ്ത്വം
സു–കൃതസ്യ യോനൌ	—	സുകൃതജന്യോപഭോഗസ്ഥാനേ, ഉത്തമലോകേ
യജ്ഞം സാദയ	—	യജ്ഞസ്യകത്താരം യജമാനം സ്ഥാപയ
(കിംച) ദേവ–അവീഃ	—	ദേവാൻ ഹവിഷ്പ്രദാനേന അവതീതിദേവാവീഃ, താദൃശസ്ത്വം
ഹവിഷാ ദേവാൻ യജാസി	—	പുരോഡാശാദി ഹവ്യേന യജ
(അഥ ത്വം) യജമാനേ	—	യാഗം കുവ്വാണേ
ബൃഹൽ വയഃ ധാഃ	—	പശുപുത്രാദി സമേതം പ്രഭൂതമന്നം വിധേഹി

അത്ഥം–ഹോമനിവ്വാഹകനായ അഗ്നേ, സ്വന്തമായ ഉത്തരവേദിയുടെ മധ്യത്തിൽ അവിടുന്നു് ഹോമത്തിന്നായി വന്നിരുന്നാലും. പിന്നെ ജ്ഞാനവാനായ അവിടുന്നു് സുകൃതം (പുണ്യം) കൊണ്ടു നേടാവുന്ന ഉപഭോഗത്തിൻെറ സ്ഥാനമായ ഉത്തമലോകത്തിൽ (സ്വൎഗ്ഗത്തിൽ) യജ്ഞകത്താവായ യജമാനനെ ഇരുത്തിയാലും. കൂടാതെ ഹവിസ്സേകി ദേവന്മാരെ രക്ഷി

*10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കുന്ന അവിടുന്ന് പുരോഡാശാദി ഹവിസ്സാൽ ദേവന്മാരെ യജിച്ചാലും. അനന്തരം യജമാനങ്കൽ പശുപുത്രാദിയോടു കൂടിയ അന്നം (സമ്പദ്വിഭൂതി) ഉണ്ടാക്കിയാലും.

9 കൃണോതധൂമംവൃഷണംസഖായോ

സ്രേധന്തഇതനവാജമച്ഛ

അയമഗ്നിഃപൃതനാഷാട്‌ത്‌സുവീരോ

യേനദേവാസോഅസഹന്തദസ്യൂൻ

അന്വയം:—

(യജമാനഃ അധ്വര്യ്വാദീൻ പ്രതിബ്രൂതേ)

ഹേ സഖായഃ,	— കർമ്മസഹകാരിണഃ, യൂയം
വൃഷണം	— കാമാനാം വർഷിതാരം
ധൂമം കൃണോത	— ദാഹ്യാനി കമ്പയന്തമഗ്നിം കുരുത, മഥനേനോൽപാദയത

(യദ്യഗ്നിർന്നജായതേ തദാനീമപി)

അസ്രേധന്തഃ	— അക്ഷീണാഃ അനുപരത സാമർത്ഥ്യാസ്സന്തോയൂയം
വാജം	— മഥനലക്ഷണം യുദ്ധം
അച്ഛ ഇതന	— അഗ്ന്യാഭിമുഖ്യേന പ്രാപ്നുത
സു—വീരഃ അയം അഗ്നിഃ	
പൃതനാഷാട്	— പൃതനോപലക്ഷിതം യുദ്ധം സഹമാനോഭവതി
യേന	— യുദ്ധം സഹമാനേനാഗ്നിനാ
ദേവാസഃ ദസ്യൂൻ	
അസഹന്ത	— ദേവാഃ ഉപക്ഷയിതൄന സുരാൻ അഭ്യഭവൻ

(തസ്മാദക്ഷീണബലാ യൂയം മഥനം കുരുത)

അർത്ഥം—(യജമാനൻ അധ്വര്യു മുതലായവരോടു പറയുന്നു) അല്ലയോ ചങ്ങാതികളേ, കർമ്മസഹകാരികളേ, നിങ്ങൾ കാമവർഷകനും ദഹിപ്പിക്കേണ്ടവയെ വിറപ്പിക്കുന്നവനുമായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഗ്നിയെ കടഞ്ഞുൽപാദിപ്പിക്കുക. അഗ്നി, കടച്ചിലിൽ നിന്നുണ്ടായില്ലെങ്കിൽ അക്ഷീണന്മാരായി നിർത്താത്ത യത്നത്തോടുകൂടി കടയലാകുന്ന യുദ്ധമായി അഗ്നിക്കു നേരെ ചെല്ലുക. നല്ല കഴിവുററ ഈ അഗ്നി പോരിമയുള്ളവനത്രെ. ഈ പോർവീരനായ അഗ്നിയാലാണ് ദേവന്മാർ ദ്രോഹികളായ അസുരന്മാരെ ജയിച്ചതു്. അതുകൊണ്ടു നിങ്ങൾ അക്ഷീണബലന്മാരായി കടയുക.

10 അയന്തേയോനിരൃത്വിയോയതോജാതോഅരോചഥാഃ
തംജാനന്നഗ്നആസീദാഥാനോവർദ്ധയാഗിരഃ വ. 33

അന്വയം:—

ഹേ അഗ്നേ, (ത്വം)

യതഃ ജാതഃ	—	അരണേരുൽപന്നസ്സൻ
അരോചഥാഃ	—	അശോഭഥാഃ
ഋത്വിയഃ	—	വസന്താദ്യൃതൌഭവഃ
അയം	—	ജങ്ഗുല്ല്യാ നിർദ്ദിശ്യമാനഃ പാലാശാശ്വത്ഥാദിമയഃ കാഷ്ഠവിശേഷാരണിഃ
തേ യോനിഃ	—	തവോൽപത്തിസ്ഥാനം
ജാനൻ (ത്വം) തം	—	അരണീരൂപം കാഷ്ഠവിശേഷം
ആ സീദ	—	തസ്യാമരണ്യാം ആരോപിതസ്സൻ നൈരന്തര്യേണ തിഷ്ഠ
അഥ നഃ ഗിരഃ	—	അനന്തരമസ്മാകം സ്തുതിലക്ഷണാ വാചഃ
വർദ്ധയ	—	സമൃദ്ധാഃ കുരു

അർത്ഥം—അല്ലയോ അഗ്നേ, അവിടുന്നു് എവിടെ നിന്നുൽപന്നനായിശ്ശോഭിക്കുന്നുവോ, വസന്താദി ഋതുവിലുണ്ടായതും പിലാശ്, ആൽ മുതലായവയുടെ മുട്ടികൾ കൊണ്ടുള്ളതുമായ ഈ അരണിയാകുന്ന അവിടുത്തെ ഉല്പത്തിസ്ഥാനം അതറിയുന്ന അവിടുന്നു് അരണി രൂപമായ ആ മരമുട്ടിയിൽ സ്ഥിരമായി സ്ഥിതിചെയ്താലും. (ഇവിടെ കുണ്ഡത്തിലുള്ള അഗ്നിയെ അരണിയിലേയ്ക്കുപ്രത്യാവാഹിക്കുകയാണ്.) പിന്നെ ഞങ്ങളുടെ സ്തുതിവചനങ്ങളെ സമൃദ്ധങ്ങളാക്കിയാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

11 തനൂനപാദുച്യതേഗർഭആസുരോ

നരാശംസോഭവതിയദ്വിജായതേ

മാതരിശ്വായദമിമീതമാതരി

വാതസ്യസർഗ്ഗോഅഭവൽസരീമണി

അന്വയം:—

(യോഗ്നിര്യദാ) ഗർഭ: — അരണീഷുഗർഭരൂപതയാ വർത്തതേ തദാസോഗ്നി:

തനൂ–നപാൽ ഉച്യതേ — യഷ്ടൄണാം തനൂഃ, ശരീരാണി ന പാതയിതാ ഇത്യുച്യതേ

യൽ വി–ജായതേ — യദാ വിശേഷേണ പ്രത്യക്ഷതയാ ജായതേ തദാ

ആസുരഃ — കർമ്മവിഘ്നകാരിണാമസുരാണാം ഹന്താ

(അത ഏവ) നരാശംസഃ ഭവതി — നരൈഃ, കർമ്മണാം നേതൃഭിഃ, അധ്വര്യ്വാദിഭിശ്ശംസനീയഃ ഭവതി

യൽ മാതരി അമിമീത — യദാന്തരിക്ഷേ സ്വംതേജഃ നിർമ്മിമീതേ തദാ

മാതരിശ്വാ (ഭവതി) — മാതരി അന്തരിക്ഷേശ്വസതി, ചേഷ്ടതി

(ഏവംവിധസ്യാഗ്നേഃ) സരീമണി — സരണേ, ശീഘ്രഗമനേ

വാതസ്യ സർഗ്ഗഃ അഭവൽ — വായോസ്സൃഷ്ടിർഭവതി

അർത്ഥം–യാതൊരഗ്നി എപ്പോഴാം അരണികളിൽ ഗർഭരൂപത്തിൽ വർത്തിക്കുന്നുവോ, അപ്പോഴാം ആ അഗ്നി തനൂനപാത്തെന്നു് (യഷ്ടാക്കളുടെ ശരീരങ്ങളെ വീഴ്ത്താത്തവനെന്നു്) പറയപ്പെടുന്നു. എപ്പോഴാം പ്രത്യക്ഷനായി ഉൽപന്നനാകുന്നുവോ, അപ്പോഴാം കർമ്മവിഘ്നകാരികളായ അസുരന്മാരുടെ ഹന്താവും, അതുകൊണ്ടു തന്നെ നരാശംസനും (കർമ്മനേതാക്കളായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അധ്വര്യു മുതലായവരാൽ പ്രശംസനീയനും) ആയി ഭവിയ്ക്കുന്നു. എപ്പോഠം അന്തരിക്ഷത്തിൽ സ്വന്തം തേജസ്സുണ്ടാകുന്നുവോ അപ്പോഠം മാതരിശ്വാവായി, (മാതാവായ അന്തരിക്ഷത്തിൽ ശ്വസിക്കുന്ന, ചേഷ്ടിക്കുന്നവനായി) ഭവിക്കുന്നു. ഇപ്രകാരമുള്ള അഗ്നിയുടെ ശീഘ്രഗമനത്തിൽ വായുവിൻെറ സൃഷ്ടി ഭവിക്കുന്നു.

12 സുനിർമ്മഥാനിർമ്മഥിതസ്സുനിധാനിഹിതഃകവിഃ

അഗ്നേസ്വധ്വരാകൃണുദേവാൻദേവയതേയജ

അന്വയം:—

ഹേ അഗ്നേ, കവിഃ

സുനിഃ–മഥാ — മേധാവീ ത്വം ശോഭനേന മഥനേന

നിഃ–മഥിതഃ — നിതരാം മഥിതോസി

(തഥാ) സു–നിധാ

നി–ഹിതഃ — ശോഭനനിധാനേന ഉത്തര വേദ്യാദി സ്ഥാനേഷു നിതരാം പ്രക്ഷിപ്തോസി

സു–അധ്വരാ കൃണു — അസ്മാഭിഃ ക്രിയമാണാനി കർമ്മാണി ഹിംസാരഹിതാനി കുരു

(തഥാ) ദേവ–യതേ — ദേവാൻ കാമയമാനായ യജമാനായ

ദേവാൻ യജ — ഇന്ദ്രാദീൻ പൂജയ

അർത്ഥം—അല്ലയോ അഗ്നേ, മേധാവിയായ അവിടുന്ന് നല്ല കടച്ചിൽ കൊണ്ടു് വേണ്ടപോലെ കടയപ്പെട്ടവനാകുന്നു. അതുപോലെ നന്നായി ഇരുത്തൽകൊണ്ടു് ഉത്തരവേദ്യാദി സ്ഥാനങ്ങളിൽ മുറപോലെ ഇരുത്തപ്പെട്ടവനാകുന്നു. കൂടാതെ, ഞങ്ങളാൽ ചെയ്യപ്പെടുന്ന കർമ്മങ്ങളെ ഹിംസാരഹിതങ്ങളാക്കിയാലും. ദേവന്മാരെ (അവരുടെ അനുഗ്രഹം) കാമിയ്ക്കുന്ന യജമാനനുവേണ്ടി ഇന്ദ്രാദിദേവന്മാരെ യജിച്ചാലും, പൂജിച്ചാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

13 അജീജനന്നമൃതംമർത്യാസോ
സ്രേമാണംതരണിംവീളുജംഭം
ദശസ്വസാരോഅഗ്രുവസ്സമീചീഃ
പുമാംസംജാതമഭിസംരഭന്തേ

അന്വയം:—

മർത്യാസഃ	— മനുഷ്യാഃ, ഋത്വിജഃ
അമൃതം അസ്രേമാണം	— മരണധർമ്മരഹിതം, അത ഏവ ക്ഷയരഹിതം
വീളു-ജംഭം	— ഹവിർഭക്ഷണാർത്ഥം ദൃഢദന്തം
തരണിം	— യജമാനാൻ പാപാൽ തരന്തം തം
അജീജനൻ	— മന്ഥനേന ഉദപീപദൻ
(അഥ) ജാതം	
(തമഭിലക്ഷ്യ) സ്വസാരഃ	— സരന്ത്യഃ
ദശ അഗ്രുവഃ	— ദശസംഖ്യാകാ അങ്ഗുലയഃ
സം-ഈചീഃ	— പരസ്പരംസങ്ഗതാസ്സത്യഃ
പുമാംസം (ഇതി)	— യഥാപുത്രമുപലഭ്യ തത്രത്യാഃ പിത്രാദയോഹർഷാ ദുൽഘോഷതി തദ്വൽ
അഭി സം രഭന്തേ	— ശബ്ദം കുർവ്വന്തി, ജാതമഗ്നിം ദൃഷ്ട്വാ അധ്വര്യ്വാദയഃ ഹർഷാൽ ഹസ്തദ്വയസംപുടേന ശബ്ദം കുർവ്വന്തി

അർത്ഥം-മരണധർമ്മികളായ, മനുഷ്യരായ ഋത്വിക്കുകൾ മരണരഹിതനും അതുകൊണ്ടുതന്നെ ക്ഷയിക്കാത്തവനും ഹവിസ്സുകൾക്കൊള്ളാൻ ബലമുള്ള പല്ലോടുകൂടിയവനും യജമാനന്മാരെ പാപത്തിൽ നിന്നു് കരകയററുന്നവനുമായ അഗ്നിയെ കടച്ചിലിൽ നിന്നുൽപാദിപ്പിച്ചു. പിന്നെ ഉൽപന്നനായ അഗ്നിയെ (കണ്ടു്) സരിക്കുന്ന, ഇളകുന്ന (അവരുടെ) പത്തു വിരലുകൾ പരസ്പരം ചേർന്നു്, ഉണ്ണിയുണ്ടായതിൽ അച്ഛൻ മുതലായവർ ഹർഷഘോഷം മുഴക്കുന്നപോലെ, അധ്വര്യുമുതലായവർ സന്തോഷംകൊണ്ടു് കൈകൊട്ടി ശബ്ദമുണ്ടാക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

14 പ്രസപ്തഹോതാസനകാദരോചത

മാതുരുപസ്ഥേയദശോചദൂധനി

നനിമിഷതിസുരണോദിവേദിവേ

യദസുരസ്യജാരാദജായത

അന്വയം:—

യൽ അസുരസ്യ — യസ്മാൽ അഗ്നേഃ പ്രേരകസ്യ അരണിരൂപസ്യകാഷ്ഠസ്യ

ജഠരാൽ അജായത — ഉദരാൽ കർമ്മാത്ഥമുദപദ്യത, തസ്മാൽ

യൽ മാതുഃ ഉപ–സ്ഥേ — യദാ പൃഥിവ്യാഃ ഉൽസങ്ഗേ

(തത്രാപി) ഊധനി — ഊധസ്ഥാനേ, ഉത്തരവേദ്യാം

അശോചൽ — അശോഭത, തദാ

സനകാൽ — സനാതനോഗ്നിഃ

സപ്ത–ഹോതാ — സപ്തഹോതാരോ യസ്യ അസൌസൻ

പ്ര അരോചത — ഗാർഹപത്യ സ്ഥാനേ ദീപ്യത

(തദാഗ്നിഃ) സു–രണഃ — സുഷ്ഠരണയതി, ശബ്ദയതീതി സുരണഃ

(സർവ്വൈഃ കമനീയതയാ ദൃശ്യമാനസ്സൻ)

ദിവേ–ദിവേ ന

നി മിഷതി — ന നിദ്രാതി, കിന്തു സർവ്വദാ യജ്ഞാത്ഥം ജാഗർത്തി

അത്ഥം—യാതൊരു കാരണത്താൽ അഗ്നിയുടെ പ്രേരകനായ (പുറത്തേക്കു തള്ളുന്ന) മരമുട്ടിയുടെ വയററിൽ നിന്നു് കർമ്മത്തിന്നുവേണ്ടി ജനിച്ചുവോ, ആ കാരണത്താൽ എപ്പോഴം ഭൂമിയുടെ മടിയിൽ, അവിടെ അകിടിൻെറ സ്ഥാനമായ ഉത്തരവേദിയിൽ, ശോഭിച്ചുവോ, അപ്പോഴം സനാതനനായ അഗ്നി ഏഴ ഹോതാക്കളോടുകൂടി ഗാർഹപത്യ സ്ഥാനത്തു് ശോഭിച്ചു. അപ്പോഴം മുതൽ അഗ്നി നല്ല ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു്, കമനീയതയാൽ കാണത്തക്കവനായി, ഒരു ദിവസവും ഉറങ്ങുന്നില്ല, എപ്പോഴം ഉണർന്നിരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

15 അമിത്രായുധോ മരുതാമിവപ്രയാഃ

പ്രഥമജാബ്രഹ്മണോവിശ്വമിദ്വിദുഃ

ദ്യുമ്നവദ്ബ്രഹ്മകുശികാസഏരിര

ഏകഏകോദമേഅഗ്നിംസമീധിരേ

അന്വയം:–

മരുതാം–ഇവ പ്ര–യാഃ	— യഥാ മരുതാം ദേവാനാം പ്രയാഃ, പ്രകഷേണ ശത്രൂൻ അഭിഭവന്തി തദ്വൽ
അമിത്ര–യുധഃ	— അമിത്രൈഃ കമ്മവിഘ്നകാരിഭിരസുരൈസ്സഹ യോദ്ധാരഃ
ബ്രഹ്മണഃ	— സവ്വസ്യജഗതസ്സ്രഷ്ടുഃ
പ്രഥമ–ജാഃ	— പ്രഥമമുൽപന്നാഃ
കുശികാസഃ	— കുശികഗോത്രോൽപന്നാ ഋഷയഃ
വിശ്വം വിദുഃ ഇൽ	— സ്ഥാവരജങ്ഗമാത്മകം ജഗൽജാനന്ത്യേവ
(അമീ കുശികാഃ)	
ദ്യുമ്ന–വൽ	— ഹവിര്യുക്തം
ബ്രഹ്മ ആ ഈരിരേ	— അഗ്നയേ ആസമന്താൽ പ്രേരയതി
(തേച) ദമേ ഏകഃ–ഏകഃ	— സ്വേസ്വേ ഗൃഹേ ഏകൈകോ ഭൂത്വാ
അഗ്നിം സം ഈധിരേ	— ആജ്യാദ്യാഹുതിഭിസ്സമ്യക് ദീപയന്തി

അത്ഥം–ദേവന്മാർ, അവരുടെ ശത്രുക്കളെ കീഴടക്കുന്നപോലെ, കമ്മവിഘ്നകാരികളായ അസുരന്മാരോട് പൊരുതുന്നവരും, സ്രഷ്ടാവായ ബ്രഹ്മാവിങ്കൽനിന്നു് ആദ്യമുൽപന്നന്മാരുമായ കുശിക ഗോത്രക്കാരായ ഋഷികൾ സ്ഥാവരജങ്ഗമാത്മകമായ ജഗത്തിനെ തികച്ചു, അറിയുന്നു. ഈ കുശികന്മാരാണ് ഹവിസ്സോടുകൂടി അഗ്നിയ്ക്കായി സ്തോത്രം സമപ്പിക്കുന്നതു്. അവരിൽ ഓരോരുത്തനും, താൻെറ താൻെറ ഗൃഹത്തിൽ ഒററയ്ക്കൊററയ്ക്ക് അഗ്നിയെ നെയ് മുതലായവ ഹോമിച്ച് വേണ്ടപോലെ പ്രകാശിപ്പിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

16 യദദ്യത്വാപ്രയതിയജ്ഞേ അസ്മി

നേ്ഹാതശ്ചികിതോവൃണീമഹീഹ

ധ്രുവമയാധ്രുവമുതാശമിഷ്ഠാഃ

പ്രജാനൻവിദ്വാംഉപയാഹിസോമം

അന്വയം:-

ഹേ ഹോതഃ, ചികിത്വഃ, — ഹോമനിർവ്വാഹക, കർമ്മാഭി ജ്ഞാഗ്നേ,

അദ്യ പ്ര-യതി — ഇദാനീം പ്രവർത്തമാനേ

അസ്മിൻ യജ്ഞേ ത്വാ — ജ്യോതിഷ്ടോമാദൌ ത്വാം

യൽ അവൃണീമഹി — യസ്മാൽ വരണമകുർമ്മ തസ്മാൽ ത്വം

ഇഹ ധ്രുവം അയാഃ ധ്രുവം — കർമ്മാണി ദേവാൻ യഥാധ്രുവം ഭവതി തഥാസ്മാഭിർദ്ദത്താനി ഹവീംഷി പ്രാപയ

ഉത അശമിഷ്ഠാഃ — അപിച ഹവിസ്വീകരണാൽ തുഷ്ടൈർദ്ദേവൈഃ ശാന്തസ്ത്വം അകാരിഷ്ഠാഃ

(അഥ) പ്ര-ജാനൻ — ഇമം യജ്ഞം സമ്യക് ജാനൻ

വിദ്വാൻ — യൽ കിഞ്ചിൽ സർവ്വം ജാനാനസ്ത്വം

സോമം — അസ്മാഭിരഭിഷുതം സോമമഭിലക്ഷ്യ

ഉപ യാഹി — സമീപേ ആഗച്ഛ

അർത്ഥം—അല്ലയോ ഹോമനിർവ്വാഹക, കർമ്മജ്ഞ, അഗ്നേ, ഇപ്പോഴും നടക്കുന്ന ഈ ജ്യോതിഷ്ടോമയജ്ഞത്തിൽ എന്തു കാരണത്താൽ അവിടുത്തെ വരിക്കുന്നുവോ, അക്കാരണത്താൽ എപ്രകാരമായാൽ തീർച്ചയുണ്ടോ അപ്രകാരം ദേവന്മാർക്ക്, ഈ കർമ്മത്തിൽ ഹവിസ്സുകളെത്തിച്ചാലും. കൂടാതെ ഹവിസ്വീകരണത്താൽ തുഷ്ടരായ ദേവന്മാരാൽ അവിടുന്ന് ശാന്തനാക്കപ്പെടട്ടെ. പിന്നെ, ഈ യജ്ഞത്തെ നന്നായറിയുന്നവനും ജഗത്തിലുള്ളതെല്ലാമറിയുന്നവനുമായ അവിടുന്ന് ഞങ്ങളാൽ സംസ്കരിക്കപ്പെട്ട സോമത്തെ ഉദ്ദേശിച്ച് അടുത്തണഞ്ഞാലും.

ഒന്നാമധ്യായം സമാപ്തം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായപീഠിക

അഷ്ടകം–3 അധ്യായം–2

1 മുതൽ 11 കൂടി വർഗ്ഗങ്ങളിൽ ഇന്ദ്രൻ ദേവത. 12–13–14 വർഗ്ഗങ്ങളിൽ വിശ്വാമിത്രൻ, വിപാട്, ശുതുദ്രി എന്നീ നദികളോട് നീങ്ങി നില്ക്കാനാവശ്യപ്പെടുന്നു. അതിന്ന് നിവൃത്തിയില്ലെന്ന് പറഞ്ഞപ്പോൾ ഇറങ്ങി കടക്കത്തക്കവിധം താഴ്വാനാവശ്യപ്പെടുന്നു. നദികളതനുസരിക്കുന്നു. പ്രകൃതിപ്രസ്ഥിതികളെക്കൂടി കീഴടക്കിയ മഹർഷിമാരുടെ പ്രഭാവം ഇവിടെ ദൃശ്യമാണ്. 15 മുതൽ 26 കൂടി ഇന്ദ്രനാണ് ദേവത. 25–26ൽ അന്യാപദേശമായി ആത്മതത്വം സൂചിപ്പിച്ചിരിക്കുന്നു.

അഷ്ടകം–3 അധ്യായം-2 വർഗ്ഗം 1–2–3–4

വിശ്വാമിത്രഃ ഋഷിഃ ത്രിഷ്ടുപ് ഛന്ദഃ ഇന്ദ്രോ ദേവതാ

1 ഇച്ഛന്തിത്വാസോമ്യാസസ്സഖായ
സ്സുന്വന്തിസോമംദധതിപ്രയാംസി
തിതിക്ഷന്തേഅഭിശസ്തിംജനാനാ
മിന്ദ്രത്വദാകശ്ചനഹിപ്രകേതഃ

അന്വയം:–

(വിശ്വാമിത്രസ്സ്തൗതി)

ഹേ ഇന്ദ്ര, സോമ്യാസഃ	— സോമാർഹാഃ ബ്രാഹ്മണാഃ
ത്വാ ഇച്ഛന്തി	— ത്വാം ശംസിതുമിച്ഛന്തി
(അത ഏവ) സഖായഃ	
സോമം സുന്വന്തി	— ബ്രാഹ്മണാഃ സോമം ത്വദർത്ഥം അഭിഷുണ്വന്തി
പ്രയാംസി ദധതി	— ഇതരാണ്യപി ഹവീംഷി ധാരയന്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(ത്വയാപ്രേരിതാസ്സന്തഃ)

ജനാനാം	— സപത്നാനാം.
അഭി–ശസ്തിം ആ	
തിതിക്ഷന്തേ	— ആഭിമുഖ്യേന ഹിംസാം സഹന്തേ
ത്വൽ കഃ ചന ഹി	— ത്വത്തോന്യഃ കോനാമപുരുഷഃ ഖലു
പ്ര–കേതഃ	— സർവ്വതഃ ജഗതി പ്രകേത്യതേ, ജ്ഞാപ്യതേ, വിദ്യതേ

അർത്ഥം–(വിശ്വാമിത്രൻ സ്തുതിക്കുന്നു.) സോമാർഹന്മാരായ ബ്രാഹ്മണർ അവിടുത്തെ സ്തുതിപ്പാനിച്ഛിക്കുന്നു. അതുകൊണ്ടുതന്നെ ചണ്ഡാതികളായ അവർ അവിടേയ്ക്കുവേണ്ടി സോമം ചതച്ച് സംസ്കരിക്കുന്നു. മററു ഹവിസ്സുകളും കയ്യിലേന്തുന്നു. അവിടുന്നാൽ പ്രേരിതരായി, അവിടുന്നേകുന്ന ശക്തിയാൽ ചോദിതരായി, ശത്രുക്കളെ നേരെ എതിർത്തുനില്ക്കുന്നു. അവിടുന്നല്ലാതെ അന്യനാർ ലോകത്തിൽ മുഴവൻ അറിയപ്പെടുന്നു?

2 നതേദൂരേപരമാചിദ്രജാം

സ്യാതുപ്രയാഹിഹരിവോഹരിഭ്യാം

സ്ഥിരായവൃഷ്ണേസവനാകൃതേമാ

യുക്താഗ്രാവാണസ്സമിധാനേ അഗ്നൌ

അന്വയം:–

ഹേ ഹരി–വഃ	— ഹരിവന്നിന്ദ്ര
പരമാ ചിൽ	— പരമാണി, ദൂരേവർത്തമാനാന്യപി
രജാംസി തേ ദൂരേ ന	— സ്ഥാനാനി തവദൂരേ നഭവതി
(തസ്മാൽ) ഹരി–ഭ്യാം	— അശ്വാഭ്യാം ഉപേതസ്ത്വം
തു ആ പ്ര യാഹി	— ക്ഷിപ്രമസ്മദീയം യജ്ഞമഭിലക്ഷ്യാഗച്ഛ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്ഥിരായ — ഫലപ്രദാനേന ദൃഢചിത്തായ
വൃഷ്ണേ — അതഏവകാമാനാം വർഷിത്രേ തുഭ്യം
ഇമാ സവനാ കൃതാ — ഇമാനി സവനാനി കൃതാനി
(കിംച) അഗ്നൌ
സം–ഇധാനേ — ആഹവനീയേ ആഹുത്യധികരണതയാ സമ്യക്ദീപ്യമാനേ സതി
ഗ്രാവാണഃ യുക്താഃ — ഉപലാഃ സോമാഭിഷവാർത്ഥമുദ്യുക്താഃ
(അതസ്ത്വം ക്ഷിപ്രമാഗച്ഛ)

അർത്ഥം—അല്ലയോ ഹരികളെന്ന കുതിരകളോടുകൂടിയ ഇന്ദ്ര, അങ്ങേ അററം അകലേയുള്ള ഇടങ്ങളും അവിടേയ്ക്കുകലെയല്ല. അതിനാൽ ഹരികളോടുകൂടിയ അവിടുന്ന് വേഗത്തിൽ ഞങ്ങളുടെ യജ്ഞത്തെ ഉദ്ദേശിച്ച് വന്നരുളിയാലും. ഫലപ്രദാനത്തിൽ ഉറച്ച ഉള്ളോടുകൂടിയവനും, അതുകൊണ്ടുതന്നെ അഭീഷ്ടവർഷകനുമായ അവിടേയ്ക്കുവേണ്ടിയാണ് ഈ സവനങ്ങൾ ഒരുക്കിയിട്ടുള്ളതു്. കൂടാതെ, അഗ്നി ആഹുതികളാൽ നന്നായി പ്രകാശിക്കവേ, സോമം സംസ്കരിയ്ക്കാൻ പിടിക്കല്ലുകളും ഒരുക്കിയിരിക്കുന്നു. അതുകൊണ്ടു വേഗം വന്നരുളിയാലും.

3 ഇന്ദ്രസ്സുശിപ്രോമഘവാതരുത്രോ
മഹാവ്രാതസ്തുവികൂർമ്മിരൃഘാവാൻ
യദുഗ്രോധാബാധിതോമർത്യേഷു
ക്വ൧ത്യാതേവൃഷഭവീര്യാണി

അന്വയം:—

ഹേ വൃഷഭ, (ത്വം) ഇന്ദ്രഃ — കാമവർഷകസ്ത്വം പരമൈശ്വര്യസമ്പന്നഃ
സു–ശിപ്രഃ — ശോഭനശിരസ്ത്രാണോപേതഃ ശോഭനഹനുമാൻ വാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മഘ–വാ, തരുത്രഃ	— ധനവാൻ, തരന്ത്യനേന ദേവാഃ ശത്രൂൻ ഇതിതരുത്രഃ
മഹാ–വ്രാതഃ	— മരുൽഭിഃ, മഹാൻ വ്രാതഃ, സമൂഹോയസ്യസഃ
തുവി-കൂർമ്മിഃ	— സങ്ഗ്രാമേ നാനാവിധ കർമ്മണാം കർത്താ
ഋഘാവാൻ	— ശത്രുവിഷയഹിംസാവാൻ
(അത ഏവ) ഉഗ്രഃ	— ശത്രൂണാം ഭയങ്കരഃ
(താദൃശസ്സൻ) ബാധിതഃ	— അസുരൈസ്സങ്ഗ്രാമേ ബാധിതസ്സൻ
മർത്യേഷു	— മാരയിതൃഷ്വസുരേഷു
യൽ ധാഃ	— യാനി വീര്യാണി വ്യധാഃ
തേ ത്യാ വീര്യാണി	— തവ താനി വീര്യാണി
ക്വ?	— ക്വാസതേ? വദ

അർത്ഥം—അല്ലയോ കാമവർഷക, അവിടുന്ന് പരമൈശ്വര്യസമ്പന്നനാകുന്നു. ഭംഗിയുള്ള തലപ്പാവോട് (അല്ലെങ്കിൽ താടിയെല്ലോട്) കൂടിയവനാകുന്നു. ധനവാനും ദേവന്മാരെ ശത്രുക്കളിൽ നിന്ന് രക്ഷിയ്ക്കുന്നവനുമാകുന്നു. മരുത്തുക്കളുടെ പെരുത്ത കൂട്ടത്തോടു കൂടിയവനാകുന്നു. യുദ്ധത്തിൽ പലവിധ കർമ്മങ്ങളും ചെയ്യുന്നവനാകുന്നു. ശത്രുവിഷയത്തിൽ ഹിംസാശീലനും അതുകൊണ്ടുതന്നെ ശത്രുക്കൾക്ക് ഭയങ്കരനുമാകുന്നു. അപ്രകാരമെല്ലാമുള്ള അവിടുന്ന് യുദ്ധത്തിൽ അസുരന്മാരാൽ ബാധിയ്ക്കപ്പെട്ട്, കൊലയാളരായ ആ അസുരന്മാരിൽ എപ്രകാരമുള്ള വീര്യങ്ങൾ പ്രയോഗിച്ചുവോ, അവിടുത്തെ ആ വീര്യങ്ങൾ (ഇപ്പോൾ) എവിടെയാകുന്നു പറയൂ.

4 ത്വംഹിഷ്മാച്യാവയന്നച്യുതാ
ന്യേകോവൃത്രാചരസിജിഘ്നമാനഃ
തവദ്യാവാപൃഥിവീപർവ്വതാസോ
നുവ്രതായനിമിതേവതസ്ഥുഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

(ഹേ ഇന്ദ്ര,) ത്വം ഏകഃ — അസഹായ ഏവ
അച്യുതാനി — ച്യുതിരഹിതാനി,
തവപ്രതിപക്ഷഭൂതാനി
രക്ഷാംസി
ച്യവയൻ — സ്വസ്വസ്ഥാനാൽ പാതയൻ
(തഥാ) വൃത്രാ ജിഘ്നമാനഃ — വൃത്രാണി, പാപാനിഹിംസൻ
ചരസി ഹി സ്മ — വർത്തസേഖലു
(കിംചൈവം വിധസ്യ)
തവ വ്രതായ — കർമ്മണേ, ആജ്ഞായൈ
ദ്യാവാപൃഥിവീ,
പർവ്വതാസഃ — ദ്യാവാപൃഥിവ്യൌ, പർവ്വതാശ്ച
നിമിതാ-ഇവ — നിഖാതാഃ, നിശ്ചലാ ഇവ
അനു തസ്ഥുഃ — അനുകൂലാസ്തിഷ്ഠന്തി

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്നു് ഒററക്കുതന്നെ, വീഴാത്ത ശത്രുരക്ഷസ്സുകളെ, അവരുടെ സ്ഥാനത്തുനിന്നു് വീഴ്ത്തുന്നവനായി, പാപങ്ങളെ ഒടുക്കുന്നവനായി വർത്തിക്കുന്നുവല്ലൊ. അപ്രകാരമുള്ള അവിടുത്തെ ആജ്ഞക്കു് വിധേയരായി ദ്യാവാപൃഥിവികളും പർവ്വതങ്ങളും കുഴിച്ചിട്ടപോലെ ഇളകാതെ നില്ക്കുന്നു.

5 ഉതാഭയേപുരുഹൂതശ്രവോഭി
രേകോദൃള്ഹമവദോവൃത്രഹാസൻ
ഇമേചിദിന്ദ്രരോദസീഅപാരേ
യൽസംഗൃഭ്ണാമഘവൻകാശിരിത്തേ
വ 1

അന്വയം:—

ഉത ഹേ ഇന്ദ്ര, പുരു-ഹൂത, — പുരുഭിഃ, ബഹുഭിഃ യജമാനൈ രാഹൂത,
ശ്രവഃ-ഭിഃ ഏകഃ — വീര്യൈരുപേതഃ,
അസഹായസ്ത്വം

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

വൃത്ര–ഹാ സൻ	— വൃത്രഹന്താസൻ
അഭയേ അവദഃ	— അസുരേഭ്യസ്സകാശാൽ ''മാബി ഭീത'' ഇതിദേവാൻ പ്രതി യദ്വാക്യമവോചഃ തദ്വാക്യം
ഋള്ഹം	— സത്യമേവ
(കിംച) ഹേ മഘ–വൻ	
(ത്വം) അപാരേ ചിൽ	— ദൂരേപാരേപി
ഇമേ രോദസീ	— ദ്യാവാപൃഥിവ്യൌ
യൽ സം–ഗൃഭ്ണാഃ	— യസ്മാൽ കാരണാൽ സങ്ഗൃഹ്ണാസി, പരസ്പരമധരോത്തരഭാവേന സംയോജിതേ കരോഷി
(ഏഷഃ) തേ കാശിഃ ഇൽ	— തവമുഷ്ടിഃ മഹാനേവ

അത്ഥം–അല്ലയോ ഇന്ദ്ര, എത്രയോ യജ്വാക്കളാൽ വിളിക്കപ്പെടുന്നവനേ, വീര്യത്തോടുകൂടി ഒററയ്ക്ക്, അവിടുന്ന് വൃത്രഹന്താവായി, ''അസുരന്മാരിൽ നിന്ന് ഭയപ്പെടേണ്ട'' എന്ന് ദേവന്മാരോട് പറഞ്ഞവാക്ക് സത്യംതന്നെയത്രെ. പിന്നെ മഘവാവേ, അകന്ന അററങ്ങളോടുകൂടിയ ദ്യാവാപൃഥിഹകളെ, മുകളിലും താഴത്തുമായി യോജിപ്പിച്ചുനിർത്തിയ അവിടുത്തെ മുഷ്ടി (കൈത്തണ്ട) പെരിമയുററതു തന്നെ.

6. പ്രസൂതഇന്ദ്രപ്രവതാഹരിഭ്യാം
പ്രതേവജ്രഃ പ്രമൃണന്നേതുശത്രൂൻ
ജഹിപ്രതീചോഅനൂചഃ പരാചോ
വിശ്വംസത്യംകൃണുഹിവിഷ്ടമസ്തു

അന്വയം:–

ഹേ ഇന്ദ്ര, തേ ഹരി–ഭ്യാം	— അശ്വാഭ്യാംയുക്തഃ രഥഃ
പ്ര–വതാ സു പ്ര ഏതു	— പ്രവണേനമാർഗ്ഗേണസുഷ്ഠുശീഘ്രം ഗച്ഛതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(തഥാ) തേ വജ്രഃ
ശത്രൂൻ പ്ര–മൃണൻ പ്ര — അശനിഃ ഹിംസൻപ്രൈതു
(ത്വം ച) പ്രതീചഃ ജഹി — ത്വദാഭിമുഖ്യേനാഗച്ഛതശ്ശത്രൂൻ മാരയ
(തഥാ) അനൂചഃ — അനുഗച്ഛതഃ, പാർഷ്ണിഗ്രാഹാനസുരാൻ
പരാചഃ — പലായന പരാംശ്ച ജഹി
(ഏവം ശത്രുഷു ബാധി
തേഷു സൽസു) വിശ്വം — ജഗൽ
സത്യം കൃണുഹി — സത്യഭൃതം, അഗ്നിഹോത്രാദി കർമ്മപരം കുരു
(ഏവം വിധം സാമർത്ഥ്യം
ത്വയി) വിഷ്ടം അസ്തു — നിവിഷ്ടമസ്തു

അർത്ഥം–അല്ലയോ ഇന്ദ്ര, അവിടത്തെ ഹരികളെന്ന കുതിരകളാൽ പൂട്ടപ്പെട്ട തേർ, ഇറക്കത്തിൽ കൂടെ നന്നായി വേഗം വരട്ടെ. അതുപോലെ അവിടത്തെ വജ്രം (ഇടിമിന്നൽ) ശത്രുക്കളെ തുരത്തിക്കൊണ്ട് എത്തട്ടെ. അവിടുന്നാകട്ടെ, നേരെ വരുന്ന ശത്രുക്കളെയും പിന്നാലെ വരുന്ന അസുരന്മാരെയും പേടിച്ചോടുന്നവരാക്കിക്കൊന്നാലും, അപ്രകാരം ശത്രുക്കൾ അടങ്ങുമ്പോൾ ലോകം സത്യഭൃതമായി അഗ്നിഹോത്രാദി കർമ്മപരമാക്കിയാലും. അതിനു തക്ക ശക്തി, സാമർത്ഥ്യം അവിടുന്നിൽ അധിഷ്ഠിതമായി ഭവിക്കട്ടെ.

7 യസ്മൈ ധായുരദധാ മർത്യായാ
ഭക്തം ചിദ് ഭജതേ ഗേഹ്യം സഃ
ഭദ്രാ ത ഇന്ദ്ര സുമതിർഘൃതാചീ
സഹസ്രദാനാ പുരുഹൂത രാതിഃ

അന്വയം:–

ഹേ ഇന്ദ്ര, ധായുഃ — നിരന്തരമൈശ്വര്യം ദധാനസ്ത്വം
യസ്മൈ മർത്യായ അദധാഃ — മനുഷ്യായ യദ്വീര്യം ദധാസി
സഃ അഭക്തം ചിൽ — പൂർവ്വമപ്രാപ്തമപി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗേഹ്യം ഭജതേ — ഗൃഹേ ഭവം കനകപശ്വാദികം പ്രാപ്നോതി
(കിംച) ഹേ പുരു–ഹൂത, — ബഹുഭിരാഹൂതേന്ദ്ര,
ഘൃതാചീ — സോമാജ്യപുരോഡാശാദി ലക്ഷണം ഹവിഃ പ്രാപ്നവതീ
തേ സു–മതിഃ — തവശോഭനാ ബുദ്ധിഃ
ഭദ്രാ — കല്ല്യാണകരീ
(തഥാ തവ) രാതിഃ
സഹസ്ര–ദാനാ — ദാനശക്തിഃ, അപരിമിത ദാനസമേതാ

അർത്ഥം—അല്ലയോ ഇന്ദ്ര, ഇടമുറിയാത്ത ഐശ്വര്യമേന്തുന്ന അവിടുന്ന് യാതൊരു മനുഷ്യന്നുവേണ്ടി യാതൊരു വീര്യം ധരിയ്ക്കുന്നുവോ അവൻ, മുമ്പ് കിട്ടാത്തതെങ്കിലും കനകം, പശു മുതലായ ധനങ്ങളും ഗേഹ്യമായി (ഗൃഹത്തിൽ സമ്പന്നമായി) നേടുന്നു. കൂടാതെ എത്രയോ പേരാൽ വിളിയ്ക്കപ്പെടുന്ന ഇന്ദ്ര, സോമം, നെയ്, പുരോഡാശം മുതലായ ഹവിസ്സുകളെ പ്രാപിക്കുന്ന അവിടുത്തെ ശോഭനബുദ്ധി മംഗളകരിയാകുന്നു. അതുപോലെ അവിടുത്തെ ദാതൃത്വം അളവററ ദാനങ്ങളോടുകൂടിയതാകുന്നു.

8 സഹദാനംപുരുഹൂതക്ഷിയന്ത
മഹസ്തമിന്ദ്രസംപിണക്കുണാരും
അഭിവൃത്രംവദ്ധമാനംപിയാരു
മപാദമിന്ദ്രതവസാജഘന്ഥ

അന്വയം:—

ഹേ പുരു–ഹൂത, ഇന്ദ്ര,
സഹ–ദാനും — വൃത്രമാത്രാ ദാനവ്യാസഹ വർത്തമാനം
ക്ഷിയന്തം കുണാരും — ബാധമാനം കഞ്ചിദസുരം

*11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഹസ്തം സം പിണക് — ഹസ്തഹീനം കൃത്വാ സമ്യക് പൂർണ്ണീകരു
(കിംച) ഹേ ഇന്ദ്ര,
വർദ്ധമാനം — ഇഷുമാത്രം വർദ്ധമാനം
പിയാരും വൃത്രം — ഹിംസ്രം വൃത്രാസുരം
അപാദം — പാദഹീനം കൃത്വാ
തവസാ അഭി ജഘന്ഥ — ബലേന ഹതവാനസി

അർത്ഥം-ഏവരാലും വിളിയ്ക്കപ്പെടുന്ന ഇന്ദ്ര. അവിടുന്ന്, വൃത്രന്റെ അമ്മയായ ദാനവിയോടൊത്തിരിക്കുന്ന ദ്രോഹിയായ കുണാരു എന്ന അസുരനെ, കയ്യില്ലാത്തവനാക്കി പൊടിയാക്കിയാലും. അല്ലയോ ഇന്ദ്ര, അമ്പുപോലെ മാത്രം വളന്നവനും ഹിംസാശീലനുമായ വൃത്രാസുരനെ കാലില്ലാത്തവനാക്കിയാണല്ലൊ അവിടുന്ന് ബലത്താൽ ഹനിച്ചത്. (വൃത്രഹന്താവായ അവിടേക്ക് കുണാരുവധം നിഷ്പ്രയാസമെന്ന് സൂചന).

9 നിസാമനാമിഷിരാമിന്ദ്രഭൂമീം
മഹീമപാരാംസദനേസസത്ഥ
അസ്തഭ്നാദ്യാംവൃഷഭോഅന്തരിക്ഷ
മർഷന്ത്വാപസ്ത്വയേഹപ്രസൂതാഃ

അന്വയം

ഹേ ഇന്ദ്ര, മഹീം
അപാരാം — മഹതീം അത ഏവ അനന്താം
ഇഷിരാം ഭൂമീം — സ്ഥാനാഭാവേന ചലന്തീം പൃഥിവീം
സാമനാം — സമാനാം, സാമ്യവതീം കൃത്വാ
സദനേ നി സസത്ഥ — സ്വേസ്ഥാനേ നിവേശയാമാസിഥ
(തഥാ) വൃഷഭഃ — അഭിമതഫലാനാം വർഷകഃ
ദ്യാം അസ്തഭ്നാൽ — യഥാ നപതതി തഥാധാരയൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(തഥാ) അന്തരിക്ഷം — ഏവം ദ്യാവാപൃഥിവ്യോ രവസ്ഥിതൌ സത്യാം
ത്വയാ പ്ര–സൂതാഃ ആപഃ — മേഘഭേദേന പ്രേരിതാനി ജലാനി
ഇഹ അർഷന്തു — ആഗച്ഛന്തു

അർത്ഥം–അല്ലയോ ഇന്ദ്ര, വലിപ്പമുററതും അതുകൊണ്ടു തന്നെ അതിരററതും നില്പുറപ്പില്ലായ്മയാൽ ഇളകുന്നതുമായ ഭൂമിയെ അവിടുന്നു് സാമ്യവതി (Balanced) ആക്കി, സൌര യൂഥത്തിൽ ഉറപ്പിച്ചു നിർത്തി. പിന്നെ അഭിമതവർഷകനായ അവിടുന്നു് ദ്യോവിനെ വീഴാതെ നിലക്കുനിർത്തി. ഇപ്രകാരം ദ്യാവാപൃഥിവികൾ ഉറച്ചുനിൽക്കേ, അന്തരിക്ഷം, അവിടുന്നാൽ മേഘം പിളൎന്നു വിടപ്പെടുന്ന ജലങ്ങളെ ഇങ്ങെത്തിയ്ക്കട്ടെ.

10 അലാതൃണോവലഇന്ദ്രവ്രജോഗോഃ
പുരാഹന്തോൎഭയമാനോവ്യാര
സുഗാൻപഥോഅകൃണോന്നിരജേഗാഃ
പ്രാവൻവാണീഃപുരുഹൂതംധമന്തീഃ വ 2

അന്വയം:–
ഹേ ഇന്ദ്ര, അലാതൃണഃ — ബഹൂദകഃ മേഘഃ
ഗോഃ വ്രജഃ വലഃ — മാധ്യമികായാവാചഃ ഗോഷ്ഠരൂപഃ മേഘഃ
പുരാ ഹന്തോഃ — തവവജ്രപ്രഹാരാൽ പ്രാക്
ഭയമാനഃ വി ആര — ബിഭ്യൽ വിശ്ലിഷ്ടോ ബഭൂവ
(അനന്തരം സഃ ത്വം) ഗാഃ
നിഃ–അജേ — ആപഃ നിൎഗ്ഗമയതു
സു–ഗാൻ പഥഃ
അകൃണോൽ — സുഗമാൻ മാൎഗ്ഗാനകരോൽ
(അതഃ) വാണീഃ ധമന്തീഃ — വനനീയാഃ, ശബ്ദായമാനാസ്സാഃ ആപഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുരു-ഹൂതം — ബഹുഭിരാഹൂതം പാർത്ഥിവമുദകം പ്രതി
പ്ര ആവൻ — അഭ്യാഗച്ഛൻ

അർത്ഥം—അല്ലയോ ഇന്ദ്ര, ബഹൂദകമായി, മാധ്യമികവാക്കാകുന്ന പശുവിൻെറ തൊഴുത്തായ മേഘം അവിടുന്നു വജ്രപ്രഹാരംകൊണ്ടു പിളർക്കുന്നതിന്നു മുമ്പു (തന്നെ) പേടിച്ച് പിളർന്നു. പിന്നെ അവിടുന്ന് വെള്ളങ്ങൾ പുറത്തുവരുവാൻ എളുപ്പമുററ വഴികളുണ്ടാക്കി. അതുകൊണ്ടാണ് ഏവരാലും വിളിക്കപ്പെട്ട, ആഗ്രഹിച്ച പ്രാർത്ഥിക്കപ്പെട്ട, ജലങ്ങൾ മനോഹരങ്ങളായി, ശബ്ദായമാനങ്ങളായി ഭൂമിയിലേയ്ക്കു വന്നുചേർന്നത്.

11 ഏകോദ്വേവസുമതീസമീചീ
ഇന്ദ്രആപപ്രൌപൃഥിവീമുതദ്യാം
ഉതാന്തരിക്ഷാദഭിനസ്സമീക
ഇഷോരഥീസ്സയുജശ്ശൂരവാജാൻ

അന്വയം:—

(യോയം) ഇന്ദ്രഃ ഏകഃ — അസഹായ ഏവ സൻ
പൃഥിവീം ഉത ദ്യാം ദ്വേ — അപിച ദ്യാവാപൃഥിവ്യൌ
സം-ഈചീ, വസു-മതീ — പരസ്പരം സങ്ഗതേ, ധനയുക്തേസത്യൌ
ആ പപ്രൌ — സമന്താൽ പൂരയാമാസ
ഉത ഹേ ശൂര — അപിച സാമർത്ഥ്യാപേത, ത്വം
രഥീഃ നഃ സം-ഈകേ — രഥവാൻ അസ്മാകംസമീപേ
ഇഷഃ സ-യുജഃ വാജാൻ — സ്ഥാതുമിച്ഛൻ, സങ്ഗതാൻ അശ്വാൻ
അന്തരിക്ഷാൽ അഭി — അന്തരിക്ഷസകാശാൽ അഭിപ്രേരയ

അർത്ഥം-യാതൊരു ഈ ഇന്ദ്രൻ ഒററയ്ക്കുതന്നെ ഭൂവും ദ്യോവുമാകുന്ന രണ്ടുപേരെ, ദ്യാവാപൃഥിവികളെ, പരസ്പരം ഇണക്കി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധനവതികളാക്കി, പൂണ്ണതചേത്തുവോ (അക്കാരണത്താൽ) അല്ലയോ ശൂര, അവിടുന്ന് തേരിലേറി ഞങ്ങളുടെ അടുക്കൽ സ്ഥിതിചെയ്യാനായി പൂട്ടിയ കുതിരകളെ അന്തരിക്ഷത്തിൽ നിന്ന് ആട്ടിയാലും. (തേരിലേറി ഞങ്ങളുടെ അടുക്കൽ വേഗത്തിൽ വന്നാലും.)

12 ദിശസ്സൂര്യോനമിനാതിപ്രദിഷ്ടാ

ദിവേദിവേഹര്യശപ്രസൂതാഃ

സംയദാനളധ്വനആദിദശ്വൈ

വ്വിമോചനംകൃണുതേ തത്വസ്യ

അന്വയം:—

ഹര്യശ-പ്രസൂതാഃ — ഹര്യശ്വേന, ഇന്ദ്രേണ പ്രേരിതാഃ
ദിശഃ ദിവേ-ദിവേ — പ്രാഗാദയഃ പ്രതിദിവസം
പ്ര-ദിഷ്ടാഃ — സൂര്യസ്യാഗമനാത്ഥം യാ ദിശോ വിദ്യന്തേ താഃ
സൂര്യഃ ന മിനാതി — നഹിനസ്തി, കിന്തുതാഭിരേവവ്രജതി
യൽ അധ്വനഃ — യദാസൂര്യഃ ഗന്തവ്യാൻ പ്രദേശാൻ
അശ്വൈഃ സം ആനട് — സമ്യഗശ്നുതേ
ആൽ ഇൽ വി-മോചനം
കൃണുതേ — അശ്വാനാം വിമോചനം കുരുതേ
തൽ ത്ഥ അസ്യ — എതൽ സവ്വം കമ്മ അസ്യ ഖലു (തു പ്രസിദ്ധൌ)

അത്ഥം—ഹരികളെന്ന കുതിരകളോടുകൂടിയ ഇന്ദ്രനാൽ സ്ഥാപിതങ്ങളായ കിഴക്കു മുതലായ ദിക്കുകൾ ദിവസം തോറും സൂര്യൻെറ ഗതിക്ക് നിദ്ദിഷ്ടങ്ങളായുണ്ടല്ലൊ; അവയെ സൂര്യൻ ഹനിക്കാറില്ല, വഴിമാറി നടക്കാറില്ല. പോകേണ്ടും വഴി താണ്ടിയാൽ സൂര്യൻ പിന്നെ (തൻെറ) കുതിരകൾക്ക്, വിടുതി കൊടുക്കുന്നു. അവിടുത്തെ ഈ കമ്മമെല്ലാം പ്രസിദ്ധമത്രേ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

13 ദിദൃക്ഷന്തഉഷസോയാമന്നക്തോ

വ്വിവസ്വത്യാമഹിചിത്രമനീകം

വിശ്വേജാനന്തിമഹിനായദാഗാ

ദിന്ദ്രസ്യകമ്മസുകൃതാപുരൂണി

അന്വയം:—

വിശ്വേ	— സർവ്വേ ജനാഃ
വിവസ്വത്യാഃ അക്തോഃ	— വിവാസവത്യാഃ നിർഗ്ഗമന പരായാഃ രാത്രേസ്സംബന്ധിനഃ
ഉഷസഃ യാമൻ	— യാമനി, നിർഗ്ഗമനേ സതി
മഹി, ചിത്രം, അനീകം	— മഹൽ, പൂജനീയം, സൌരം തേജഃ
ദിദൃക്ഷന്തേ	— ദ്രഷ്ടുമിച്ഛന്തി
യൽ ആ അഗാൽ	— യദാ ഉഷഃ കാലഃ സമന്താ ദാഗതഃ, തദാതേജോദിദൃക്ഷ മാണാസ്സർവ്വേജനാഃ
മഹിനാ	— മഹനീയാന്യഗ്നിഹോത്രാദീ നികമ്മാണി
ജാനന്തി	— കത്തവ്യതയാ ബുധ്യന്തേ
പുരൂണി സു—കൃതാ കമ്മ	— ബഹൂനി സുഷ്ഠുകൃതാനി കമ്മാണി
ഇന്ദ്രസ്യ	— (തവൈവഭവന്തി)

അത്ഥം- എല്ലാ ജനങ്ങളും രാവുപോയിത്തെളിയുന്ന, ഉഷസ്സിൻെറ പുറത്തു വരവിൽ മഹത്തും പൂജനീയവുമായ സൂര്യതേജസ്സു കാണാനിച്ഛിക്കുന്നു. പ്രഭാതം സമാഗതമാവുമ്പോരം തേജസ്സു കാണാനിച്ഛിക്കുന്ന എല്ലാ ജനങ്ങളും മഹനീയങ്ങളായ അഗ്നിഹോത്രാദി കമ്മങ്ങളെ അനുഷ്ഠിക്കേണ്ടതായറിയുന്നു. നന്നായിച്ചെയ്യപ്പെടുന്ന അസംഖ്യേയങ്ങളായ (ആ) കമ്മങ്ങരം ഇന്ദ്രനായ അവിടുത്തേയ്ക്കു ചേൻ്നതാകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

14 മഹിജ്യോതിന്നിഹിതംവക്ഷണാ

സ്വാമാപകാം ചരതിബിഭ്രതീഗൌഃ

വിശ്വം സ്വാദ്മസംഭൃതമുസ്രിയായാം

യൽസീമിന്ദ്രോഅദധാദ്ഭോജനായ

അന്വയം:—

വക്ഷണാസു	— നദീഷു
മഹി ജ്യോതിഃ	— മഹൽ, ജ്യോതിഷ്മദുദകം
നി—ഹിതം	— ഇന്ദ്രേണനിഹിതം
ആമാ ഗൌഃ	— നവസൂതികാഗൌഃ
(വിശ്വം) പകാം ബിഭ്രതീ	
ചരതി	— ക്ഷീരാദികം ദധാനാസതീ വർത്തതേ
യൽ സ്വാദ്മ	— യദസ്വാദുദകാൽ സ്വാദുതരം
സം—ഭൃതം	— ക്ഷീരദധിഘൃതാദികം സേചനസമ്പാദിതം
സീം വിശ്വം	— ഏതൽ സർവ്വം
ഭോജനായ ഉസ്രിയായാം	— ഗവി
ഇന്ദ്രഃ അദധാൽ	— ദധാര

അർത്ഥം—നദികളിൽ മഹത്തും തേജസ്സുററതുമായ വെള്ളം (മഴ വഴി) ഇന്ദ്രനാൽ ഉണ്ടാക്കി വെയ്ക്കപ്പെട്ടു. പുതുതായി പെററ പശു പാൽ ധരിച്ചുകൊണ്ടു് ചരിക്കുന്നുവല്ലൊ. എപ്രകാരം വെള്ളത്തിൽ നിന്നു് പാൽ, തൈർ, നൈ മുതലായവ തന്നാൽ സമ്പാദിക്കപ്പെട്ടുവോ, (ഇന്ദ്രൻ മഴ പെയ്യിച്ച ആ വെള്ളവും വെള്ളം മൂലമുണ്ടാകുന്ന പുല്ലു് മുതലായവയും തിന്നിട്ടാണല്ലൊ പശുവിൽ നിന്നു് പാലും, പാലിൽ നിന്നു് തയിരും, നെയ്യും ലഭിക്കുന്നതു്.) അതെല്ലാം ഭക്ഷണാർത്ഥമായി പശുവിൽ ഇന്ദ്രൻ ധരിക്കുന്നതത്രേ, ഉണ്ടാക്കിയതത്രേ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

15 ഇന്ദ്രദുഹ്യയാമകോശാഅഭുവൻ

യജ്ഞായശിക്ഷഗൃണതേസഖിഭ്യഃ

ദുമ്മായവോദുരേവാമർത്ത്യാസോ

നിഷങ്ഗിണോരിപവോഹന്ത്വാസഃ വ 3

അന്വയം:—

യാമ-കോശാഃ — യാമഃ മാർഗ്ഗഃ, തസ്യകോശാഃ, കോശവദാച്ഛാദകാഃ മാർഗ്ഗപ്രതിബന്ധകാ രാക്ഷസാഃ

അഭുവൻ — ആഗതാഃ

ഹേ ഇന്ദ്ര, ദുഹ്യ — ദൃഢോഭവ

(ത്വം) യജ്ഞായ, ഗൃണതേ — യജ്ഞകർത്രേ സ്തോത്രേ യജമാനായ

സഖി-ഭ്യഃ ശിക്ഷ — പുത്രാദിഭ്യശ്ച അപേക്ഷിതം ഫലം ദൽസ്വ

ദുഃ-മായവഃ — ദുഷ്ടമായുധാനി മിനന്തി, പ്രക്ഷിപന്തീതി ദുമ്മായവഃ

ദുഃ-ഏവാഃ മർത്ത്യാസഃ — ദുഷ്ടം ഗച്ഛന്തഃ മാരയിതാരഃ

നിഷങ്ഗിണഃ രിപവഃ — ഇഷുധിയുക്താശ്ശത്രവഃ

ഹന്ത്വാസഃ — ത്വയാ ഹനനീയാഃ

അർത്ഥം—തിരശ്ശീല കൊണ്ടെന്നപോലെ വഴിമറയ്ക്കുന്ന (വഴിമുടക്കുന്ന) രാക്ഷസന്മാർ എത്തിയിരിക്കുന്നു. അല്ലയോ ഇന്ദ്ര, ഉറച്ചുനിന്നാലും. അവിടുന്ന് യജ്ഞകർത്താവും സ്തോതാവുമായ യജമാനന്ന് മിത്രങ്ങളോടും പുത്രാദികളോടും കൂടി അപേക്ഷിക്കപ്പെട്ട ഫലം നല്കിയാലും. ദുഷ്ടതയോടുകൂടി ആയുധങ്ങളെറിയുന്നവരും ക്രൂരതയോടുകൂടി നടക്കുന്നവരും കൊലയാളരും (അമ്പുകൾ നിറച്ച) ആവനാഴികളോടുകൂടിയവരുമായ ശത്രുക്കൾ, രാക്ഷസന്മാർ അവിടുന്നാൽ കൊല്ലപ്പെടേണ്ടവരാകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

16 സങ്ഘോഷശ്ശൃണ്വേ വമൈരമിത്രൈ

ജ്ജഹീന്യേഷ്വശനിം തപിഷ്ഠാം

വൃശ്ചേമധസ്താദ്വിരുജാസഹസ്വ

ജഹിരക്ഷോമഘവന്രന്ധയസ്വ

അന്വയം:—

(ഹേ ഇന്ദ്ര) അവമൈഃ — സമീപേ വർത്തമാനൈഃ
അമിത്രൈഃ — ശത്രുഭിരസുരൈഃ ഉൽസൃഷ്ടഃ
ഘോഷഃ സം ശൃണ്വേ — അശനിഘോഷഃ സമൃഗസ്മാഭി ശ്രൂയതേ
തപിഷ്ഠാം അശനിം — അതിശയേന താപികാം താം
ഏഷു നി ജഹി, (മാരയ) — ശത്രുഷ്വേവനിധായ തൈഃ പ്രയുക്താമശനിം താനേവ പ്രാപയ
ഈം അധസ്താൽ വൃശ്ച — മൂലതഃ ഛിന്ധി
വി രുജ, സഹസ്വ — താൻവിശേഷേണ ബാധസ്വ, അഭിഭവ ച
ഹേ മഘ-വൻ രക്ഷഃ
ജഹി — കർമ്മവിഘ്നകാരീണി രക്ഷാംസി മാരയ
(അനന്തരമിമംയജ്ഞം)
രന്ധയസ്വ — പാരംനയ

അർത്ഥം—അല്ലയോഇന്ദ്ര, സമീപവർത്തികളായ ശത്രുക്കളാൽ, അസുരന്മാരാൽ ഉണ്ടാക്കപ്പെട്ട ഇടിവെട്ടൊച്ച ഞങ്ങളാൽ നന്നായി കേഠക്കപ്പെടുന്നു. ചുട്ടുപഴപ്പിക്കുന്ന ആ ഇടിമിന്നലിനെ അവരെത്തന്നെ പ്രാപിപ്പിച്ചാലും. അവർ പ്രയോഗിച്ച ഇടിമിന്നൽ അവരിൽ തന്നെ ചേർത്താലും, അവ വേരറുത്താലും അവരെ നന്നായിബാധിച്ചാലും, കീഴടക്കിയാലും. അല്ലയോ മഘവൻ, കർമ്മവിഘ്നകാരികളായ രക്ഷസ്സുകളെ കൊന്നൊടുക്കിയാലും. എന്നിട്ട്, ഈ യജ്ഞം മുഴമിപ്പിച്ചാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

17 ഉദ്വൃഹരക്ഷസ്സഹമൂലമിന്ദ്ര

വൃശ്ചാമധ്യംപ്രത്യഗ്രംശൃണീഹി

ആകീവതസ്സലലൂകംചകൎത്ഥ

ബ്രഹ്മദ്വിഷേതപുഷിംഹേതിമസ്യ

അന്വയം:—

ഹേ ഇന്ദ്ര, രക്ഷഃ	—	കൎമ്മ വിഘ്നകാരി രക്ഷഃ കുലം
സഹ–മൂലം ഉൽ വൃഹ	—	മൂലസഹിതം യഥാഭവതി തഥാ മോചനാൽ, മോഷണാൽ, മോഹനാദ്വാഛിന്ധി
(കിംച) മധ്യം വൃശ്ച	—	സമധ്യം ഛിന്ധി
പ്രതി അഗ്രം ശൃണീഹി	—	അഗ്രമഗ്രം ജഹി
(തസ്യ രക്ഷഃകുലസ്യ മധ്യേ) സലലൂകം	—	സരണശീലം പാപകം രക്ഷഃ
ആ കീവതഃ ചകൎത്ഥ (കൃത്വാ ച)	—	അനിർജ്ഞായമാന പരിമാണാൽ അതിദൂരദേശാൽ കുരു
ബ്രഹ്മ–ദ്വിഷേ	—	ബ്രാഹ്മണ (കൎമ്മ) ദ്വേഷകാരിണേ തസ്മൈരക്ഷസേ
തപുഷിം ഹേതിം അസ്യ	—	താപകം, ഘാതകമായുധം ക്ഷിപ

അൎത്ഥം–അല്ലയോ ഇന്ദ്ര, കൎമ്മവിഘ്നം വരുത്തുന്ന രക്ഷസ്സുകളുടെ കുലത്തെ വേരറുത്ത വിധം (വേരുപറിച്ചോ, മുറിച്ചോ, ഉയിർ വിടുത്തിയോ) ഛേദിച്ചാലും. പിന്നെ നടുവോടുകൂടി അതിനെ മുറിച്ചാലും. കൊമ്പുകൊമ്പായി വെട്ടിയാലും. ആ രക്ഷഃകുലത്തിലുള്ള സഞ്ചാരശീലനായ പാപിയെ അളവററ അകലത്തിൽ, അതിദൂരദേശത്താക്കിയാലും, അപ്രകാരം ചെയ്തിട്ടു് ബ്രാഹ്മണരെ (വൈദികകൎമ്മങ്ങളെ) ദ്വേഷിക്കുന്ന അവന്റെ മേൽ ചൂടിയററുന്നതും കൊല്ലുന്നതുമായ ആയുധമെറിഞ്ഞാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

18 സ്വസ്തയേവാജിഭിശ്ചപ്രണേത

സ്സംയന്മഹീരിഷആസത്ഥ്സിപൂൎവ്വീഃ

രായോവന്താരോബൃഹതസ്യാമാ

സ്മേഅസ്തുഭഗഇന്ദ്രപ്രജാവാൻ

അന്വയം:—

പ്ര–ണേതഃ ഹേ ഇന്ദ്ര	— പ്രകർഷേണജഗതോ നിൎവ്വാഹകേന്ദ്ര, അസ്മാൻ
വാജി–ഭിഃ സ്വസ്തയേ ച	— അശ്വൈസ്സഹിതാഃ, അവിനാശായ കുരു
യൽ (ത്വം) സം	
ആ–സത്ഥ്സി	— യദാ അസ്മാകം സമീപേയജ്ഞനിൎവ്വാഹാൎത്ഥമാസീദസി, തദാവയം
മഹീഃ ഇഷഃ	— മഹാന്ത്യന്നാനി
പൂൎവ്വീഃ രായഃ	— പ്രഭൂതാനിധനാനിച
വന്താരഃ ബൃഹതഃ സ്യാമ	— സംഭക്താരസ്സന്തഃ മഹാന്തോഭവേമ
(കിംച) പ്രജാ–വാൻ	
ഭഗഃ	— അപത്യോപേതം ധനം
അസ്മേ അസ്തു	— അസ്മാസുഭവതു

അൎത്ഥം–നന്നായി യാഗം നിൎവ്വഹിക്കുന്ന (യാഗം നയിച്ചു നടത്തിത്തരുന്ന) ഇന്ദ്ര, ഞങ്ങളെ കുതിരകളോടുകൂടിയവരും അവിനാശന്മാരുമാക്കിയാലും. എപ്പോഠം അവിടുന്നു് ഞങ്ങളുടെ അടുക്കൽ യാഗനിൎവ്വാഹാൎത്ഥമിരിക്കുന്നുവോ, അപ്പോഠം പെരുത്ത അന്നങ്ങളും മികച്ച ധനങ്ങളും നേടുന്നവരായി ഞങ്ങഠം മഹാന്മാരായി ഭവിച്ചാവൂ. സന്തതിസഹിതമായ ധനം (ഭാഗ്യം) ഞങ്ങളിലുണ്ടാവട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

19 ആനോഭരഭഗമിന്ദ്രദ്യുമന്തം

നിതേദേഷ്ണസ്യധീമഹിപ്രരേകേ

ഊവ്വ്ഇവപപ്രഥേകാമോഅസ്മേ

തമാപൃണവസുപതേവസൂനാം

അന്വയം:-

ഹേ ഇന്ദ്ര, നഃ ദ്യു-മന്തം

ഭഗം	— അസ്മദത്ഥം ദീപ്തിയുക്തം ധനം
ആ ഭര	— ആസമന്താൽ സംഭര
ദേഷ്ണസ്യ തേ	— ദാനശീലസ്യതവസംബന്ധിനേ
(ധനസ്യ) പ്ര-രേകേ	— പ്രരേചനേ, ദാനേ
നി ധീമഹി	— ധനദാനസ്യ വയം പാത്രഭൂതാസ്മ
അസ്മേ കാമഃ	— അസ്മാകമഭിലാഷഃ
ഊവ്വഃ-ഇവ	— അനവാപ്തകാമോ ബഡവാനല ഇവ
പപ്രഥേ	— പ്രഭൃതോ വത്തതേ
വസൂനാം വസു-പതേ,	— ധനാനാംമദ്ധ്യേ ഉത്തമധനാനാമധിപതേ, ഇന്ദ്ര,
തം ആ പൃണ	— മഹാന്തം കാമം ബഹുധനപ്രദാനേനാപൂരയ

അത്ഥം-അല്ലയോ ഇന്ദ്ര, ഞങ്ങഠംക്കുവേണ്ടി പ്രകാശമാനമായ ധനം നിറച്ചും ഒരുക്കിയാലും. ദാനശീലനായ അവിടുത്തെ ധനത്തിൻെറ വിതരണത്തിന്നു് ഞങ്ങഠം പാത്രഭൂതരാകാവൂ. ഞങ്ങളുടെ ആഗ്രഹം, എന്തുഠംക്കൊണ്ടാലും മതിവരാത്ത ബഡവാഗ്നി പോലെ വദ്ധിച്ചു വത്തിക്കുന്നു. ധനങ്ങളിൽ വെച്ചു് ഉത്തമധനങ്ങളുടെ അധിപതിയായ ഇന്ദ്ര, ആ മഹത്തായ അഭിലാഷം ബഹുവിധധനദാനത്താൽ പൂരിപ്പിച്ചാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

20 ഇമംകാമംമന്ദയാഗോഭിരശ്വൈ

ശ്ചന്ദ്രവതാരാധസാപപ്രഥശ്ച

സ്വര്യവോമതിഭിസ്തുഭ്യംവിപ്രാ

ഇന്ദ്രായവാഹഃകുശികാസോഅക്രൻ

അന്വയം:—

(ഹേ ഇന്ദ്ര,) ഇമം കാമം — ധനാദിവിഷയ മസ്മദീയമഭിലാഷം
ഗോഭിഃ — അഗ്നിഹോത്രാദി കർമ്മസാധനഭൂതൈഃ ഗവാദിഭിഃ
അശ്വൈഃ — വാഹനസാധനഭൂതൈഃ
ചന്ദ്ര—വതാ രാധസാ ച — ദീപ്തിയുക്തേന ധനേനച
മന്ദയ — (ഏതാനിദത്വാ) ഇമമഭിലാഷം പൂരയ
(കിംച) പപ്രഥഃ — ഏതൈരസ്മാൻ പ്രഥിതാംശ്ചകുരു
(പശ്ചാൽ) സ്വഃ—യവഃ — സ്വർഗ്ഗാദിസുഖമാത്മന ഇച്ഛന്തഃ
വിപ്രാഃ കുശികാസഃ
മതി—ഭിഃ — കർമ്മകുശലാഃ കുശികാഃ മനനീയൈർമ്മന്ത്രൈഃ
വാഹഃ ഇന്ദ്രായ തുഭ്യം
അക്രൻ — സ്തോത്രമിന്ദ്രായ തേ അകാർഷുഃ

അർത്ഥം—അല്ലയോ ഇന്ദ്ര, ധനാദി വിഷയത്തിലുള്ള ഞങ്ങളുടെ ഈ അഭിലാഷം, അഗ്നിഹോത്രാദി കർമ്മങ്ങൾ കഴിച്ചുകൂട്ടാൻ വേണ്ടും പൈക്കളെക്കൊണ്ടും, വാഹനസാധനങ്ങളായ കുതിരകളെകൊണ്ടും തെളിഞ്ഞ ധനത്താൽ തന്നരുളി പൂരിപ്പിച്ചാലും. അവയാൽ ഞങ്ങളെ പ്രസിദ്ധരാക്കിയാലും. പിന്നെ സ്വർഗ്ഗാദി സുഖം തങ്ങൾക്കിച്ഛിയ്ക്കുന്ന കുശികന്മാർ ധ്യാനയോഗ്യങ്ങളായ മന്ത്രങ്ങളാൽ ഇന്ദ്രനായ അവിടുത്തേയ്ക്കു സ്തോത്രം ചൊല്ലുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

21 ആനോഗോത്രാദർദ്ദഹിഗോപതേഗാ

സ്സമസ്മഭ്യംസനയോയന്തുവാജാഃ

ദിവക്ഷാഅസിവൃഷഭസത്യശ്ശുഷ്മോ

സ്മഭ്യംസുമഘവൻബോധിഗോദാഃ

അന്വയം:—

ഗോ–പതേ — സ്വർഗ്ഗാധിപതേ, ഇന്ദ്ര
നഃ ഗോത്രാ — അസ്മദത്ഥം ഗോത്രാണി, അഭ്രാണി
ഗാഃ ആ ദർദ്ദഹി — അപഃ പ്രതി ആദ്രിയസ്വ അഭ്രാണി വിദാര്യ ജലാനി പ്രാപയ
(തതഃ) സനയഃ വാജാഃ — സംഭജനീയാന്യന്നാനി
അസ്മഭ്യം സം യന്തു — അസ്മദത്ഥം സമാഗച്ഛന്തു
ഹേ വൃഷഭ. — കാമാനാം വഷിതരിന്ദ്ര, ത്വം
ദിവക്ഷാഃ അസി — ദിവം വ്യാപ്യവത്തമാനേന, മഹാനസി
(അത ഏവ) സത്യ–ശുഷ്മഃ — സത്യസാമത്ഥ്യഃ
ഹേ മഘ–വൻ, അസ്മഭ്യം
ഗോ–ദാഃ — ധനവന്നിന്ദ്ര, ''ഗവാം പ്രദാതാ ഭവാമീ'' തി
സു–ബോധി — സുഷ്ഠബുധ്യസ്വ

അത്ഥം—അല്ലയോ സ്വർഗ്ഗനാഥ, ഇന്ദ്ര, ഞങ്ങൾക്ക് വേണ്ടി മേഘങ്ങളെ വെള്ളത്തിന്നായി അലിയിച്ചാലും, അവയെ പിളന്ന് വെള്ളമെത്തിച്ചാലും. പിന്നെ, ഭക്ഷിക്കേണ്ടും അന്നങ്ങൾ ഞങ്ങൾക്കവേണ്ടി വന്നെത്തട്ടെ. അല്ലയോ കാമവഷകനായ ഇന്ദ്ര, അവിടുന്ന് ദ്യോവിൽ വ്യാപിച്ച് വത്തിക്കുന്നതുകൊണ്ട്, മഹാനത്രെ. അതുകൊണ്ടുതന്നെ യഥാത്ഥ വീര്യമുററവനുമാകുന്നു. അല്ലയോ ധനവൻ, ഇന്ദ്ര, ''ഞാൻ പശുക്കളുടെ ദാതാവാകുന്നു'' എന്ന് സ്വയം ബോധിച്ചാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

22 ശൃനംഹുവേമമഘവാനമിന്ദ്ര

മസ്മിൻഭരേനൃതമംവാജസാതൌ

ശൃണ്വന്തമുഗ്രമൂതയേസമൽസു

ഘ്നന്തംവൃത്രാണിസംജിതംധനാനാം വ 4

അന്വയം:–

(ഹേ ഇന്ദ്ര,)

വാജ–സാതൌ	— വാജസ്യ, അന്നസ്യ സാതിഃ ലാഭഃ യസ്മിൻ തസ്മിൻ
അസ്മിൻ ഭരേ	— സങ്ഗ്രാമേ
ശുനം	— സുഖകരം, ഉത്സാഹേനപ്രവൃദ്ധം
മഘ–വാനം, ഇന്ദ്രം	— ധനവന്തം, നിരതിശയൈശ്വര്യ സമ്പന്നം
നൃ–തമം	— സർവ്വസ്യജഗതഃ അതിശയേന നേതാരം ത്വാം
(കുശികാവയം) ഹുവേമ	— ആഹ്വയേമ
(തഥാ) ശൃണ്വന്തം	— അസ്മാഭിഃ ക്രിയമാണാം സ്തുതിമാകർണ്ണയന്തം
ഉഗ്രം	— ശത്രൂണാം ഭയങ്കരം
സമൽ–സു വൃത്രാണി ഘ്നന്തം	— സങ്ഗ്രാമേഷു വൃത്രോപ ലക്ഷിതാനി സർവ്വാണി രക്ഷാം സിഹിംസന്തം
ധനാനാം സം–ജിതം	— ശത്രുസംബന്ധിനാം ധനാനാം സമ്യക്ജേതാരം ത്വാം
ഊതയേ	— രക്ഷണായവയമാഹ്വയേമ

അർത്ഥം—അല്ലയോ ഇന്ദ്ര, അന്നലാഭകരമായ ഈ യുദ്ധത്തിൽ സുഖകരനും ഉത്സാഹത്താൽ വർദ്ധിച്ചവനും സർവ്വൈശ്വര്യവാനും ജഗത്തിനെ മുഴുവൻ അങ്ങേ അററം നയിക്കുന്നവനുമായ അവിടുത്തെ, കുശികന്മാരായ ഞങ്ങൾ (എപ്പോഴും) വിളിക്കാവൂ. ഞങ്ങളാൽ ചൊല്ലപ്പെടുന്ന സ്തോത്രങ്ങൾ കേൾക്കുന്നവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നും ശത്രുക്കൾക്ക് ഭീകരനും യുദ്ധങ്ങളിൽ വൃത്രനൾപ്പെടെ രക്ഷസ്സുകളെ ഹനിക്കുന്നവനും ശത്രുക്കളുടെ ധനങ്ങൾ നേടുന്നവനുമായ അവിടുത്തെ രക്ഷണത്തിന്നായി ഞങ്ങൾ വിളിക്കുവൂ.

വർഗ്ഗം 5–6–7–8

1 ശാസദ്വഹ്നിർദ്ദുഹിതുർന്നപ്ത്യംഗ്ഗാ

വിദ്വാംഋതസ്യദീധിതിംസപര്യൻ

പിതായത്രദുഹിതുസ്സേകമൃഞ്ജ

ന്ത്സംശഗ്മ്യേനമനസാദധന്വേ

അന്വയം:–

(കുശികഃ പ്രസംഗ്ഗാൽ കഞ്ചിൽ ശാസ്ത്രാർത്ഥം ബ്രൂതേ)

വഹ്നിഃ — അപുത്രോയഃ പിതാ കന്യാം അന്യകുലം പ്രാപയതി സവഹ്നിഃ

വിദ്വാൻ — അസ്യാംദുഹിതരിജാതഃ പുത്രോ മമ സ്വധാകരോഭവിഷ്യതീതിജാനൻ

ശാസൽ — അനുശാസനം കുർവ്വൻ

ദുഹിതുഃ നപ്ത്യം ഗാൽ — പുത്രികായാഃ നപ്തൃഭവം പിണ്ഡദാനാദികം കർത്തവ്യതയാഗച്ഛതി

ഋതസ്യ ദീധിതിം — പുത്രോല്പാദനസമർത്ഥസ്യ രേതസഃ ധർത്താരം, ജാമാതാരം

സപര്യൻ — വസ്ത്രാലങ്കാരാദിനാ പൂജയൻ (നപ്തൃഭവംഗച്ഛതി)

പിതാ യത്ര ദുഹിതുഃ — യസ്യാഃ ദുഹിതുഃ പിതാ, പാലകഃ, പതിഃ, ജാമാതാ

സേകം ഋഞ്ജൻ — തസ്യാം രേതസ്സേകം പ്രസാധയൻ യഃ

ശഗ്മ്യേന മനസാ — കേവലം സുഖനിമിത്തേന മനസാ തസ്യാം സ്വശരീരം

സം ദധന്വേ — സംധത്തേ, നതു പുത്രനിമിത്തേന മനസാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അൎത്ഥം—(വിശ്വാമിത്രൻ സംഗതിവശാൽ ഒരു ശാസ്ത്രാൎത്ഥം പറയുന്നു.) മകനില്ലാത്ത അച്ഛൻ, മകളെ മറുകുലത്തിലേയ്ക്കയക്കുന്നവൻ വഹ്നി എന്നു് പറയപ്പെടുന്നു. അപ്രകാരമുള്ള വഹ്നി (വോഢാവു് എന്നും പറയും) മകൾക്കു് പിറക്കുന്ന മകൻ തനിക്കു് (മരിച്ചുപോയാൽ) സ്വധാകരനായി, പിണ്ഡദാതാവായി ഭവിക്കുമെന്നറിഞ്ഞു്, അനുശാസിച്ചുകൊണ്ടു (കരാറുണ്ടാക്കിക്കൊണ്ടു്) മകളുടെ ജനിക്കാൻപോകുന്ന മകൻ (ദൌഹിത്രൻ) കൎത്തവ്യതകൊണ്ടു് പിണ്ഡദാനാധികാരിയായിത്തീരുന്നു. പുത്രോൽപാദനശക്തമായ ശുക്ലത്തെ ധരിക്കുന്ന ജാമാതാവിനെ വസ്ത്രാലങ്കാരാദികളാൽ കൊണ്ടാടി, അച്ഛൻ മകൾക്കു് മകനുണ്ടായ ഭാവത്തെ (താൻ മുത്തച്ഛനായെന്ന ഭാവത്തെ) പ്രാപിക്കുന്നു. എന്നാൽ മകളുടെ രക്ഷകനും ഭൎത്താവുമായ ജാമാതാവാകട്ടെ, പുത്രോൽപാദനം സങ്കൽപിച്ച മനസ്സാലല്ല, കേവലം സുഖഭോഗത്തിന്നു മാത്രമായി അവളിൽ ശുക്ലസേകം ചെയ്തു് സ്വശരീരം യോജിപ്പിക്കുന്നു. (‘അപുത്രസ്യ പിതുഃ പുത്രീ ദായാദാ പുത്രികാസതീ യതസ്സന്താനകൃത്തസ്യാഃ പുത്രഇത്യനയോച്യതേ’ എന്നും ‘അഭ്രാതൃകാം പ്രദാസ്യാമി തുഭ്യം കന്യാമലങ്കൃതാം അസ്യാംയോ ജായതേപുത്രഃ സമേ പുത്രോഭവേദിതി’ എന്നും സ്മൃതികൾ)

2 നജാമയേതാന്വോരിക്ഥമാരൈക്
ചകാരഗൎഭംസനിതുൎന്നിധാനം
യദീമാതരോജനയന്തവഹ്നി
മന്യഃകൎത്താസുകൃതോരന്യൠന്ധൻ

അന്വയം:—
(അഭ്രാതൃകായാഃ ദുഹിതുഃ പുത്രികാകാരണാൽ സാ രിക്ഥഭാക് ഇത്യുക്തം. ഭ്രാതൃമത്യാസ്ത്വസ്യാഃ രിക്ഥഭാക്ത്വം നാസ്തീതി ബ്രൂതേ)

താന്വഃ ജാമയേ — തനൂജഃ, ഔരസഃ പുത്രഃ ഭഗിന്യൈ

രിക്ഥം ന അരൈക് — പിത്ര്യം ധനം ന പ്രരേചയതി, പ്രദദാതി

*12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(കിം തർഹി) സനിതുഃ — ഏനാം സംഭജമാനസ്യഭർത്തുഃ
ഗർഭം നി–ധാനം — ഗർഭസ്യനിധാനം (ഷഷ്ഠ്യർത്ഥേ ദ്വിതീയാ)
ചകാര — ഏനാംരേതസ്സേകനിധാനീം പാണിഗ്രഹണേന സംസ്കൃതാം കരോതി നതു തസ്യൈരിക്ഥം ദദാതി
യദി മാതരഃ — യദ്യപിമാതാപിതരൌ
വഹ്നിം ജനയന്ത — വഹ്നിഃ പുമാൻ, അവഹ്നിഃ സ്ത്രീ; പുമാംസമുൽപാദിതവന്തൌ
(തയോർമ്മധ്യേ) അന്യഃ — പുംലക്ഷണഃ
സു–കൃതോഃ കർത്താ — ശോഭനസ്യ പിണ്ഡദാനസ്യ കർമ്മണഃ അധികാരീഭവതി
അന്യഃ — അവഹ്നിഃ, സ്ത്രീലക്ഷണഃ
ഋന്ധൻ — വസ്ത്രാലങ്കാരാദിനാ ഋധ്യമാന ഏവ ഭവതി
(പിണ്ഡദാനാദികർത്തൃത്വാൽ പുത്രോദായാർഹഃ ദുഹിതുസ്തഥാ നേതി, സാ പരസ്മൈദീയതേ)

അർത്ഥം—(സഹോദരനില്ലാത്ത മകൾ പുത്രികയാക്കപ്പെട്ടതിനാൽ അച്ഛൻെറ മുതലിന്നവകാശിയെന്നും സഹോദരനുള്ള മകൾക്ക് അതിന്നവകാശമില്ലെന്നും പറയുന്നു.)

മകൻ, ഔരസപുത്രൻ സഹോദരിയ്ക്കു് അച്ഛൻെറ മുതൽ കൊടുക്കുന്നില്ല. അവളെ പ്രാപിയ്ക്കുന്നവൻ, ഭർത്താവു് ഗർഭാധാനത്തിന്നു് ശുക്ലം സ്രവിക്കാനായിട്ടാണു് പാണിഗ്രഹണം ചെയ്യുന്നതു്. മാതാപിതാക്കൾ സ്ത്രീപുരുഷസന്തതികളെ ജനിപ്പിയ്ക്കുന്നുവെങ്കിൽ (വഹ്നി എന്നാൽ പുരുഷനും, അവഹ്നി എന്നാൽ സ്ത്രീയും) അവരിൽ പുരുഷസന്തതി പുണ്യമായ പിണ്ഡദാനാദികർമ്മത്തിൻെറ കർത്താവായി ഭവിക്കുന്നു. സ്ത്രീസന്തതി വസ്ത്രാലങ്കാരാദികളാൽ സമൃദ്ധയായി മാത്രം ഭവിക്കുന്നു. (പിണ്ഡകർത്തൃത്വത്താൽ പുത്രൻ അച്ഛൻെറ മുതലിന്നവകാശി. മകൾക്കു് പിണ്ഡകർത്തൃത്വമില്ലാത്തതിനാൽ അവൾ മററൊരാൾക്കു് കൊടുക്കപ്പെടുന്നു. (സ്ത്രീകൾക്കും പിണ്ഡകർത്തൃത്വം നമ്പൂതിരിമാരുടെ ഇടയിലുണ്ടു്. സുമംഗലികൾക്കു് ബലിതുകലേ ഉള്ളു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്നാൽ വിധവകൾക്കു് പിണ്ഡദാനാധികാരമുണ്ടു്. തറവാട്ടു മുതലിൽ സമമായ ഓഹരിക്കവകാശവുമുണ്ടു്).

3 അഗ്നിർജ്ജജ്ഞേജ്ജുഹ്വാ രേജമാനോ

മഹസ്പുത്രാം അരുഷസ്യപ്രയക്ഷേ

മഹാൻഗർഭോമഹ്യാജാതമേഷാം

മഹീപ്രവൃദ്ധര്യശ്വസ്യയജ്ഞൈഃ

അന്വയം:—

(ഹേ ഇന്ദ്ര,) അരുഷസ്യ

പ്ര—യക്ഷേ	— രോചമാനസ്യ തവ യജ്ഞാർത്ഥം
ജുഹ്വാ രേജമാനഃ	— ജ്വാലാഭിഃ കമ്പമാനഃ
അഗ്നിഃ മഹഃ പുത്രാൻ	
ജജ്ഞേ	— പ്രഭൂതാൻ രശ്മീനുല്പാദയാമാസ
ഏഷാം ഗർഭഃ മഹാൻ	— രശ്മീനാം ജ്വാലാത്മനാ ക്രോഡീകാരഃ മഹാനാസീൽ
(കിംച ഏഷാം രശ്മീനാം	
മേളനം) ആ ജാതം മഹീ	— സർവ്വതഃ ഓഷധ്യാത്മനാ ജാതം മഹദഭൂൽ
(കിംച ഏഷാം രശ്മീനാം)	
പ്ര—വൃൽ	— അനേന പ്രകാരേണ പ്രവൃത്തിഃ
ഹരി—അശ്വസ്യ	— ഇന്ദ്രസ്യ
യജ്ഞൈഃ മഹീ	— യജനാദൈഃ സോമാജ്യാഹുതിഭിഃ മഹതീ ഭവതി

അർത്ഥം—അല്ലയോ ഇന്ദ്ര, പ്രകാശമാനനായ അവിടുത്തെ യജ്ഞത്തിന്നായി ജ്വാലകളാൽ ഇളകുന്ന അഗ്നി കണക്കറ്റ രശ്മികളാകുന്ന പുത്രന്മാരെ ഉൽപാദിപ്പിച്ചിരിക്കുന്നു. ഈ രശ്മികളുടെ ജ്വാലാരൂപത്തിലുള്ള കൂടിച്ചേർച്ച പെരുതായിരിക്കുന്നു, ആ കൂടിച്ചേർച്ച് നറുങ്ങുകൾ കൂട്ടി പെരുതായിരിക്കുന്നു. ഈ രശ്മികളുടെ പ്രവൃത്തി ഹരികളാകുന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കതിരകളോടുകൂടിയ ഇന്ദ്രന്ന് നൈ, സോമം മുതലായ യാഗാഹ്ഹവിസ്സുകളുടെ ആഹുതികളാൽ മഹതിയായിരിക്കുന്നു.

4 അഭിജൈത്രീരസചന്തസ്പൃധാനം
മഹിജ്യോതിസ്തമസോനിരജാനൻ
തംജാനതീഃപ്രത്യുദായന്നുഷാസഃ
പതിർഗ്ഗവാമഭവദേകഇന്ദ്രഃ

അന്വയം:—

ജൈത്രീഃ	— മരുതഃ
സ്പൃധാനം	— വൃത്രേണസ്പർദ്ധമാനമിന്ദ്രം
അഭി അസചന്ത	— സർവ്വതഃ സമഗച്ഛൻ
(തേ) മഹി ജ്യോതിഃ	— മഹൽ സൂര്യസ്യതേജഃ
തമസഃ നിഃ അജാനൻ	— തമോരൂപാൽ വൃത്രാൽ നിർഗ്ഗതമജ്ഞാസിഷുഃ
(ഉദിതം സൂര്യം) ജാനതീഃ	— ജാനാനാഃ
ഉഷസഃ തം പ്രതി	
ഉൽ ആയൻ	— അഭിലക്ഷ്യ പ്രാപ്നുവൻ
(അഥ തത്രോൽഭൂതാനാം)	
ഗവാം	— രശ്മീനാം
ഏകഃ ഇന്ദ്രഃ പതിഃ	
അഭവൽ	— അദ്വിതീയഏവേന്ദ്രഃ ഈശോഭൂൽ

അർത്ഥം—മരുത്തുക്കൾ വൃത്രനുമായി മല്ലിടുന്ന ഇന്ദ്രനെ നാലുപുറത്തു നിന്നും വ്യാപിച്ചു. ഇരുട്ടിൻെറ ഉടൽപൂണ്ട വൃത്രനെ രാവിരുട്ടിനെ (അജ്ഞാനത്തെ) മഹത്തായ സൂര്യതേജസ്സ് (ജ്ഞാനം) പുറത്താക്കിയെന്നറിഞ്ഞു. ഉദയവാനായ സൂര്യനെ അറിഞ്ഞ ഉഷസ്സുകൾ അവിടുത്തെ അഭിലക്ഷിച്ചു പ്രാപിച്ചു. (ദീപ്തിപൂണ്ട ജ്ഞാനേച്ഛുകൾ ദീപ്തിമത്തായ ജ്ഞാനത്തെ പ്രാപിച്ചു.) അവിടെ ഉളവായ രശ്മികളുടെ ഏകനായ അദ്വിതീയനായ നാഥൻ ഇന്ദ്രനായി ഭവിച്ചു. (ജ്ഞാനരൂപനായ ഇന്ദ്രൻ ജ്ഞാനേച്ഛുകൾക്ക് സമ്പ്രാപ്യനായ നാഥനായി ഭവിച്ചു.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

5 വീളൌസതീരഭിധീരാഅതൃന്ദൻ
പ്രാചാഹിന്വൻമനസാസപ്തവിപ്രാഃ
വിശ്വാമവിന്ദൻപത്ഥ്യാമൃതസ്യ
പ്രജാനന്നിത്താനമസാവിവേശ വ 5

അന്വയം:—

ധീരാഃ സപ്ത വിപ്രാഃ — ധീമന്തഃ സപ്തസംഖ്യാകാ മേധാവിനഃ അങ്ഗിരസഃ
വീളൌ സതീഃ — ദൃഢേ പർവ്വതേ നിഗൂഢാഃ സതീർഗ്ഗാഃ
അഭി അതൃന്ദൻ — അഭിലക്ഷ്യ ഉപേക്ഷാമകുർവ്വൻ
(തതസ്തേങ്ഗിരസഃ പർവ്വതബിലേഗാസ്സന്തീതി)
മനസാ (നിശ്ചിത്യ)
പ്രാചാ — യേനമാർഗ്ഗേണ പ്രാചീനേന പ്രവിഷ്ടാഃ തേനൈവ മാർഗ്ഗേണ താഗാഃ, ഇന്ദ്രവിഷയേണ മനസാ സ്തോത്രേണച
അഹിന്വൻ — നിരഗമയൻ
(സ്തുത്വാച) ഋതസ്യ
പത്ഥ്യാം — യജ്ഞമാർഗ്ഗേണ സംഭൃതാം
വിശ്വാം അവിന്ദൻ — സർവ്വാം അപഹൃതാംഗാം അലഭന്ത
(തതഃ സഃ ഇന്ദ്രഃ) താ — താന്യങ്ഗിരസാം കർമ്മാണി
പ്ര—ജാനൻ ഇൽ — പ്രകർഷേണ ജാനന്നേവ
നമസാ ആ വിവേശ — നമസ്കാരേണ, അങ്ഗിരസഃ സംഭാവയൻ തൈരധിഷ്ഠിതം പർവ്വതം പ്രവിഷ്ടവാൻ

അർത്ഥം—(അങ്ഗിരസ്സുകളുടെ പശുക്കരം പണികളെന്ന അസുരന്മാരാൽ ഒരു പർവ്വതഗുഹയിൽ ഒളിപ്പിയ്ക്കപ്പെട്ടു. ഇന്ദ്രന്റെ സഹായത്താൽ അവയെ വീണ്ടുകിട്ടിയ കഥ ഇതിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൂചിപ്പിയ്ക്കുന്നു.) ധീമാന്മാരും മേധാവികളുമായ ഏഴങ്ഗിരസ്സുകൾ ഉറപ്പുററ പാറക്കൂട്ടത്തിന്നുള്ളിൽ ഗൂഢമായി ഒളിപ്പിയ്ക്കപ്പെട്ട പശുക്കളെ നഷ്ടപ്പെട്ടവയെന്നുപേക്ഷിക്കാതെ, ആ പശുക്കൾ പർവ്വതഗുഹയിലുണ്ടെന്നറിഞ്ഞ്, ഇന്ദ്രവിഷയമായ മനസ്സാൽ, സ്തോത്രത്തോടുകൂടി പഴയ മാർഗ്ഗത്തിലൂടെ പോയി. ഇന്ദ്രനെ സ്തുതിച്ച് യജ്ഞമാർഗ്ഗത്തിലൂടെ പശുക്കളെ മുഴുവൻ, വീണ്ടുനേടി. അപ്പോൾ ഇന്ദ്രൻ ആ അങ്ഗിരസ്സുകളുടെ കർമ്മങ്ങൾ വേണ്ടപോലെ അറിഞ്ഞ്, നമസ്കാരത്തോടുകൂടി അങ്ഗിരസ്സുകളെ വണങ്ങിക്കൊണ്ടാടി, ആ പശുക്കൾ സ്ഥിതി ചെയ്യുന്ന പർവ്വതത്തിൽ പ്രവേശിച്ചു. (ഇന്ദ്രാദിദേവന്മാർ അവരുടെ ഉപാസകരെ അങ്ങോട്ടും ബഹുമാനിച്ച് പെരുമാറിയിരുന്നു.)

6 വിദദ്യദീസരമാരുഗ്ണമദ്രേ
ർമ്മഹിപാഥഃപൂർവ്യംസധ്ര്യക്കഃ
അഗ്രന്നയൽസുപദ്യക്ഷരാണാ
മച്ഛാരവംപ്രഥമാജാനതീഗാൽ

അന്വയം:—

യദി സരമാ	— യദാ സരമാനാമ ദേവശുനീ ഗവാമന്വേഷണാർത്ഥം ഇന്ദ്രേണ പ്രേഷിതാ
അദ്രേഃ രുഗ്ണം വിദൽ	— ഭഗ്നം ദ്വാരം അലഭത, തദാനീമിന്ദ്രഃ
മഹി, പൂർവ്യം	— മഹൽ പൂർവ്വം, പ്രേഷണകാലേ അന്നാദിനീം തേ പ്രജാം കരിഷ്യതീതി പ്രതിജ്ഞാതം
സധ്ര്യക്	— ഇതരൈരപി ഭോജ്യൈഃ സധ്രീചീനം
പാഥഃ കഃ	— ഗവ്യാദിലക്ഷണമന്നം അകാർഷീൽ തസ്യൈദത്തവാൻ
(യതഃ) രവം	— തേഷാം ഹംഭാരവം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രഥമാ	— പ്രഥമം, ജാനതീസതി
അച്ഛ ഗാൽ	— ശബ്ദാഭിമുഖ്യേന ജഗാമ
(തതഃ)സു–പദീ	— ശോഭനപാദയുക്താ സാ സരമാ
അക്ഷരാണാം	— ക്ഷയരഹിതാനാം ഗവാം
അഗ്രം നയൽ	— പ്രാന്തം പ്രാപ്പോൽ

അർത്ഥം–ഇന്ദ്രനാൽ പശുക്കളുടെ അന്വേഷണത്തിന്നയയ്ക്കപ്പെട്ട ദേവന്മാരുടെ പെൺനായ, സരമ, പവ്വതത്തിലെ പിളപ്പ്, കണ്ടെത്തിയപ്പോഠം സരമയെ അയയ്ക്കുന്ന സമയത്ത് 'നിൻെറ കുട്ടികഠംക്ക് ചോറ് മുതലായവ തരാം' എന്നു പറഞ്ഞിരുന്ന ഇന്ദ്രൻ മററു ഭക്ഷണസാധനങ്ങളോടുകൂടി പാൽ മുതലായ ഭക്ഷ്യവും അതിന്നു് കൊടുത്തു. ആ പശുക്കളുടെ ഇമ്പാശബ്ദം ആദ്യമറിഞ്ഞുകൊണ്ടു് ആ സരമ ആ ശബ്ദത്തെ ഉന്നംവെച്ച് പോയതുകൊണ്ടു്, നല്ല കാൽവേഗത്തോടുകൂടിയ അതു് ക്ഷയം പററാത്ത ആ പശുക്കളുടെ സമീപമെത്തി.

7 അഗച്ഛദ്വിപ്രതമസ്സഖീയ
ന്നസൂദയൽസുകൃതേഗർമദ്രിഃ
സസാനമര്യോയുവഭിമ്മഖസ്യ
ന്നഥാഭവദങ്ഗിരാസ്സദ്യോഅച്ച്ൻ

അന്വയം:–

വിപ്ര–തമഃ	— അതിശയേന മേധാവീ
സഖി–യൻ	— അങ്ഗിരോഭിസ്സാകമാത്മനഃ സഖിത്വമിച്ഛന്നിന്ദ്രഃ
അഗച്ഛൽ ഉ	— ഗോഭിരധിഷ്ഠിതം പവ്വതം അഗമദേവ
(സഃ) അദ്രിഃ സു–കൃതേ	— ഇന്ദ്രസ്യസഖ്യമിച്ഛൻസുഷ്ഠു യുദ്ധകർത്രേത്തസ്മൈ
ഗർഭം അസൂദയൽ	— ഗവാത്മകം ഗർഭംനിരഗമയൽ
യുവ–ഭിഃ	— നിത്യതരുണൈമ്മരുത്ഭിസ്സഹ
മഖസ്യൻ	— ഗോധനമങ്ഗിരസാമിച്ഛൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മര്യഃ സസാന — അസുരാണാം മാരയിതേന്ദ്രഃ
തൈരപഹൃതാഃ ഗാഃ ഭേജേ
അധ അങ്ഗിരാഃ — സപ്താനാമാങ്ഗിരസാംമധ്യേ
വരിഷ്ഠഃ അങ്ഗിരാഃ ഋഷിഃ
ഇന്ദ്രാൽ താ ഗാഃ ലബ്ധ്വാ
സദ്യഃ അച്ചൻ അഭവൽ — തദാനീമേവഇന്ദ്രംപൂജയന്നഭവൽ

അർത്ഥം-ഏററവും മേധാവിയും അംഗിരസ്സുകളുടെ ചങ്ങാത മിച്ഛിക്കുന്നവനുമായ ഇന്ദ്രൻ പശുക്കൾനിൽക്കുന്ന സ്ഥലത്തേയ്ക്കു പോവുകതന്നെ ചെയ്തു. ആ പർവ്വതം ഇന്ദ്രൻെറ സഖ്യമിച്ഛിച്ച് തൻെറ ഗർഭത്തിൽ (വയററിൽ, ഉള്ളിൽ, ഗുഹയിൽ) ഉണ്ടായിരുന്ന പശുക്കളെ യുദ്ധവീരനായ അവിടേയ്ക്കായി പുറത്തുവിട്ടു. നിത്യയുവാക്കളായ മരുത്തുക്കളൊത്ത്, അംഗിരസ്സുകൾക്കു പശുധനം വീണ്ടുകൊടുക്കാനിച്ഛിച്ചുകൊണ്ട്, അസുരഹന്താവായ ഇന്ദ്രൻ അവരാൽ അപഹരിയ്ക്കപ്പെട്ട പശുക്കളെ വീണ്ടുനേടി. പിന്നെ ഏഴംഗിരസ്സുകളിൽ പ്രമുഖനായ ഋഷി, അംഗിരസ്സ്, ആ പശുക്കളെ ലഭിച്ച് ഉടനെത്തന്നെ ഇന്ദ്രനെ പൂജിക്കുന്നവനായി.

8 സതസ്സതഃപ്രതിമാനംപുരോഭൂ
ർവ്വിശ്വാവേദജനിമാഹന്തി ശുഷ്ണം
പ്രണോദിവഃപദവീർഗ്ഗവ്യുരച്ച
ന്ത്സഖാസഖീംരമുഞ്ചന്നിരവദ്യാൽ

അന്വയം:-

(യോയമിന്ദ്രഃ)
സതഃ-സതഃ — ഉത്തമസ്യ വസുനഃ
പ്രതി-മാനം — ഉപമാനം, പ്രതിനിധിം
പുരഃ-ഭൂഃ — പുരതശ്ശത്രൂനവാപ്നോതീതി
പുരോഭൂഃ
വിശ്വാ ജനിമ വേദ — സർവ്വാണി ജാതാനി ജാനാതി
ശുഷ്ണം ഹന്തി — തന്നാമകമസുരം ഹിനസ്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പട_വീഃ ഗവ്യഃ — കവിതമഃ ഗോധനമങ്ഗിരസാ മിച്ഛന്നസ്മാകം
സഖാ സഖീൻ നഃ — ഇന്ദ്രഃ സഖീനസ്മാൻ
ദിവഃ പ്ര അച്ച്ൻ — ദ്യുലോകാദാഗത്യ പ്രകർഷേണ പൂജയൻ
അവദ്യാൽ നിഃ അമുഞ്ചൽ — ദോഷാൽ നിതരാം മുഞ്ചതു

അർത്ഥം—ഈ ഇന്ദ്രൻ സത്തിൽ വെച്ച സത്തിൻെറ, ഉത്തമ ധനത്തിൻെറ പ്രതിനിധിയും ശത്രുക്കളുടെ മുമ്പിലെത്തുന്നവനുമായി, ലോകത്തിലുണ്ടായതെല്ലാമറിയുന്നു. അവിടുന്ന് ശുഷ്ണനെന്ന അസുരനെ കൊന്നിരിക്കുന്നു. (എല്ലാവരെയും ശോഷിപ്പിക്കുന്ന അവനെക്കൊന്നു. അവിടേയ്ക്ക് പണികരം നിസ്സാരമത്രേ.) അതിമേധാവിയും പശുധനം അംഗിരസ്സുകൾക്ക് ഇച്ഛിക്കുന്നവനുമായ നമ്മുടെ ചങ്ങാതിയായ ഇന്ദ്രൻ ചങ്ങാതികളായ നമ്മെ ദ്യുലോകത്തിൽ നിന്ന് ആദരവോടെ വന്ന് ദോഷത്തിൽ നിന്ന് (ആപത്തിൽ നിന്ന്) മോചിപ്പിക്കട്ടെ. (ഇത് അംഗിരോവരിഷ്ഠൻെറ വാക്കാണ്.)

9 നിഗവ്യതാമനസാസേദുരർക്കൈഃ
കൃണ്വാനാസോഅമൃതത്വായഗാതും
ഇദംചിന്നുസദനംഭൂര്യേഷാം
യേനമാസാഅസിഷാസന്നൃതേന

അന്വയം:—

ഗവ്യതാ മനസാ — ഗാഇച്ഛതാ മനസാ യുക്താഃ
അർക്കൈഃ അമൃത—ത്വായ — സ്തോത്രൈഃ ദേവത്വപ്രാപ്ത്യർത്ഥം
ഗാതും — മാർഗ്ഗം, ദേവത്വപ്രാപ്ത്യുപായ ഭൂതം മാർഗ്ഗം
കൃണ്വാനാസഃ — കുർവ്വാണാസ്സങ്ഗിരസഃ
നി സേദുഃ — സത്രാഖ്യേ കർമ്മണ്യാസീദൻ
ഏഷാം ഇദം ചിൽ സദനം — ഇദമേവകർമ്മണി ആസദനം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭൂരി ന — പ്രഭൃതം, അമൃതത്വപ്രാപ്ത്യർത്ഥം മഹാനപായഃ ഖലു

ഋതേന യേന — സത്യഭൃതേന സത്രകർമ്മണാ തേങ്ഗിരസഃ

മാസാൻ — അഭിപ്ലവപൃഷ്ട്യഷഡഹൈഃ കൽപിതാൻ മാസാൻ

അസിസാസൻ — സംഭക്തുമൈച്ഛൻ

അർത്ഥം—പശുക്കളെ മടക്കിക്കിട്ടാനുള്ള ആഗ്രഹത്തോടു കൂടി ദേവത്വസിദ്ധിക്കുള്ള സ്തോത്രങ്ങളാൽ, സ്വർഗ്ഗപ്രാപ്തി മാർഗ്ഗാന്വേഷികളായ അംഗിരസ്സുകൾ സത്രമെന്ന കർമ്മത്തിലേർപ്പെട്ട്, ഇരുന്നു. ആ കർമ്മത്തിൽത്തന്നെയുള്ള അവരുടെ ഇരിപ്പ് അമൃതത്വപ്രാപ്തിക്കു മഹത്തായി മാർഗ്ഗഭൃതമായി. സത്യഭൃതമായ സത്രാനുഷ്ഠാനത്താൽ അഭിപ്ലവം, പൃഷ്ടി, അഷഡഹം എന്നിങ്ങനെ കൽപിതങ്ങളായ മാസങ്ങളിൽ യജ്ഞത്തിന്നു വിധിച്ച ശുഭാവസരങ്ങൾ വരാൻ കാത്തിരുന്നു.

10 സംപശ്യമാനാ അമദന്നഭിസ്വം
പയഃ പ്രത്നസ്യ രേതസോ ദുഘാനാഃ
വിരോദസീ അതപദ്ഘോഷ ഏഷാം
ജാതേ നിഷ്ഠാമദധുർഗോഷു വീരാൻ വ 6

അന്വയം:—

സ്വം അഭി സംപശ്യമാനാഃ — സ്വകീയം ഗോധനമഭിലക്ഷ്യ 'മദീയാ ഏതാഗാവഃ' ഇത്യാത്മീയതയാജാനാനാഃ തേങ്ഗിരസഃ

പ്രത്നസ്യ രേതസഃ — പുരാജാതസ്യ പുത്രസ്യ ധാരണാർത്ഥം

പയഃ ദുഘാനാഃ — താഗാഃ പയോദുഹന്തസ്സന്തഃ

അമദൻ — ഹൃഷ്ടാ അഭ്രവൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏഷാം ഘോഷഃ	—	ഹർഷാദുൽപന്നോമഹാശബ്ദഃ
രോദസീ വി അതപൽ	—	ദ്യാവാപൃഥിവ്യൌ വ്യാപ്യ അതപിഷ്ട
(തതസ്തേങ്ഗിരസഃ)		
ജാതേ	—	ആത്മീയതയാ സമ്പന്നേ ചരാചരാത്മകേവസ്തുനി
നിഃ—സ്ഥാം	—	പൂർവ്വം യഥാസ്ഥിതിമകാർഷുഃ തഥാ
ഗോഷു വീരാൻ	—	രക്ഷാകർമ്മണ്യതിശൂരാൻ പുരുഷാൻ
അദധുഃ	—	സ്ഥാപയാമാസുഃ

അർത്ഥം- സ്വന്തം പശുധനത്തെക്കണ്ട് 'ഇവ നമ്മുടെ പൈക്കൾ തന്നെ' എന്ന് സ്വയമറിഞ്ഞ അംഗിരസ്സുകൾ തങ്ങൾക്ക് മുമ്പ് പിറന്ന പുത്രന്റെ രക്ഷയ്ക്കായി ആ പശുക്കളെ കറക്കുന്നവരായി സന്തുഷ്ടരായി ഭവിച്ചു. അവരുടെ സന്തോഷത്തിൽ നിന്നുളവായ ശബ്ദഘോഷം ദ്യാവാപൃഥിവികളെ നടുക്കി. പിന്നെ ആ അംഗിരസ്സുകൾ ആത്മീയതയാൽ പുഷ്ടമായി ചരാചരാത്മകമായ ജഗത്തിൽ മുമ്പുണ്ടായിരുന്ന സ്ഥിതി, ശാന്തത പ്രാപിച്ചപോലെ, പശുക്കളെ രക്ഷിക്കുന്നതിൽ ഉശിരുററ ആളുകളെ നിയമിച്ചു.

11 സജാതേഭിർവൃത്രഹാസേദുഹവ്യൈ
രുദുസ്രിയാഅസൃജദിന്ദ്രോഅർക്കൈഃ
ഉരുച്യസ്മൈഘൃതവദ്ഭരന്തീ
മധുസ്വാദ്മദുദുഹേജേന്യാഗൌഃ

അന്വയം:—

സഃ ഇന്ദ്രഃ ജാതേഭിഃ	—	സഹായതയാസമ്പന്നൈർമ്മരുത്ഭിസ്സഹിതസ്സൻ
വൃത്ര-ഹാ	—	വൃത്രസ്യാസുരസ്യഹന്താഭവതി
സഃ ഇൽ ഉ	—	സ ഏവ ഇന്ദ്രഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അക്കൈഃ ഹവൈ്യഃ — അച്ച്നീയൈഃ അത ഏവ ഹോതവ്യൈഃ മരുത്ഭി സ്സഹിതസ്സൻ

ഉസ്രിയാഃ ഉൽ അസൃജൽ — താഗാഃ യജ്ഞാത്ഥം സമ്യക് സസജ്ജ

(യസ്മാദേവം തസ്മാൽ)

ഘൃത–വൽ — ഘൃതോപേതം ഹവിഃ

ഭരന്തീ, ഉരുചീ — ബിഭ്രാണാ, അതഏവപ്രഭൃതമ ഗ്നിഹോത്രാദികം ഹവിഃ പ്രദാതും പ്രാപ്നോതീത്യുരുചീ

ജേന്യാ ഗൌഃ — ജേതവ്യാ, പ്രശസ്താ ഗൌഃ

അസ്മൈ സ്വാദ്മ മധു ദുദുഹേ — യജമാനായ സ്വാദുതരംക്ഷീരാദി ദുഹ്യതേസ്മ

അത്ഥം–ഇന്ദ്രൻ സഹായഭൂതരായ മരുത്തുക്കളോടുകൂടിയവ നായി, വൃത്രാസുരനെ കൊന്നവനാണ്. ആ ഇന്ദ്രൻ തന്നെയാ ണ് പൂജ്യന്മാരും അതുകൊണ്ടുതന്നെ ഹോമാഹ്രുമായ മരുത്തു ക്കളോടുകൂടി ആ പശുക്കളെ യജ്ഞനിവ്വഹണത്തിന്നുവേണ്ടി മോചിപ്പിച്ചതു്. അതുകൊണ്ടു് നെയ്യ് മുതലായവയോടു കൂടിയ ഹവിസ്സേന്തി ധാരാളമായി അഗ്നിഹോത്രാദികൾ ഹ വിസ്സെത്തിക്കുന്ന ആ പശുവിൽനിന്നു് സ്വാദേറിയ പാൽ മുത ലായവ യജ്ഞാനുഷ്ഠാതാവിന്നുവേണ്ടി കറക്കപ്പെട്ടു.

12 പിത്രേച്ചിച്ചക്രുസ്സദനംസമസ്മൈ

മഹിത്വിഷീമൽസുകൃതോവിഹിഖ്യൻ

വിഷ്കഭ്നന്തസ്കംഭനേനാജനിത്രീ

ആസീനാഊർധ്വംരഭസംവിമിന്വൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

(സത്രമനുതിഷ്ഠന്തോങ്ഗിരസഃ)

പിത്രേ ചിൽ അസ്മൈ	—	പാലകായേന്ദ്രായ
മഹി, ത്വിഷി-മൽ	—	മഹൽ, ദീപ്തിമൽ
സദനം സം ചക്രുഃ	—	ഉന്നതം സ്ഥാനം ചക്രുഃ
(യതഃ) സു-കൃതഃ	—	സമുപാജ്ജിതസുകൃതകമ്മാണഃ തേങ്ഗിരസഃ ഇന്ദ്രസ്യ താദൃശം ഉചിതം സ്ഥാനം
വി ഹി ഖ്യൻ	—	വിശേഷേണാദശ്യൻ ഖലു
ആസീനാഃ	—	സത്രമുപതിഷ്ഠന്തഃ തേങ്ഗിരസഃ
ജനിത്രീ	—	സവ്വസ്യജഗതോജനിത്ര്യൌ, ദ്യാവാപൃഥിവ്യൌ
സ്കംഭനേന	—	സ്കംഭനസാധനേനാന്തരിക്ഷേ
വി-സ്കഭ്നന്തഃ	—	യഥാതേരോദസ്യൌ അധോനപ തതഃ തഥാവിഷ്ടബ്ധേ കുവ്വന്തസ്സന്തഃ
രഭസം	—	വേഗവന്തം തമിന്ദ്രം
ഊർധ്വം വി മിന്വൻ	—	ഹവിസ്വീകരണാത്ഥം വിശേഷേണാസ്ഥാപയൻ

അത്ഥം—സത്രാനുഷ്ഠാതാക്കളായ അംഗിരസ്സുകൾ രക്ഷിതാവായ ഇന്ദ്രന്നായി മഹത്തും പ്രകാശമാനവും ഉയന്നുമായ ഉചിതസ്ഥാനമുണ്ടാക്കി. സത്രത്തെ ഉപാസിക്കുന്ന, സുകൃതകമ്മങ്ങൾ നേടിയ അംഗിരസ്സുകൾ ജഗത്തിന്നു മുഴുവൻ അമ്മമാരായ ദ്യാവാപൃഥിവികളെ അന്തരിക്ഷത്തിൽ സ്കംഭനോപായം കൊണ്ടു് വീഴാത്ത വിധം നിത്തി വേഗവാനായ ഇന്ദ്രനെ ഹവിസ്വീകാരത്തിന്നു വേണ്ടി മുകളിൽ ഇരുത്തി.

13 മഹീയദിധിഷണാശിശ്നഥേധാൽ

സദ്യോവൃധംവിഭ്വം രോദസ്യോഃ

ഗിരോയസ്മിന്നനവദ്യാസ്സമീചീ

വ്വിശ്വാഇന്ദ്രായതവിഷീരനുത്താഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

മഹീ ധിഷണാ	—	മഹതീ, അസ്മാഭിഃ ക്രിയമാണാ ഇന്ദ്രവിഷയാസ്തുതിഃ
രോദസ്യോഃ ശിശ്നഥേ	—	ദ്യാവാപൃഥിവ്യോഃ അന്യോന്യ വിശ്ലേഷായ
സദ്യഃ_വൃധം	—	തദാനീമേവ വർദ്ധമാനം
വി-ഭ്വം	—	വിഭൂ, തയോർദ്ധാരണസമർത്ഥം
യദി ധാൽ	—	യദാ അകരോൽ, തതസ്തത്ര വർത്തമാനേ
യസ്മിൻ അനവദ്യാഃ ഗിരഃ	—	യസ്മിന്നിന്ദ്രേ ദോഷരഹിതാഃ സ്തുതിലക്ഷണാവാചഃ
സം-ഈചീഃ	—	സങ്ഗതാ ഭവന്തി
ഇന്ദ്രായ വിശ്വാഃ തവിഷീഃ	—	താദൃശസ്യേന്ദ്രസ്യ സർവ്വാണി ബലാനി
അനത്താഃ	—	അപരപ്രേരിതാനി, സ്വഭാവസിദ്ധാന്യേവ

അർത്ഥം—നമ്മളാൽ ഇന്ദ്രവിഷയമായി ചൊല്ലപ്പെടുന്ന മാഹാത്മ്യമുററ സ്തുതി, ദ്യാവാപൃഥിവികളുടെ വേർപിരിയലിന്നായി, അവയെ താങ്ങാൻ ശക്തിയുററതാക്കി എപ്പോഠം ചെയ്യുവോ, അവിടെ വർത്തിച്ച്, ആ ദോഷരഹിതങ്ങളായ സ്തുതിവചനങ്ങഠം ഇന്ദ്രനിൽ ചെന്നുചേരുന്നു. അപ്രകാരമുള്ള ഇന്ദ്രൻെറ എല്ലാബലങ്ങളും അനന്യദത്തങ്ങഠം, തന്നിൽ നിന്നു് സ്വയമുണ്ടായവയത്രേ.

14 മഹ്യാതേസഖ്യംവശ്മിശക്തീ
രാവൃത്രഘ്നേനിയുതോയന്തിപൂർവ്വീഃ
മഹിസ്തോത്രമവആഗന്മസൂരേ
രസ്മാകംസുമഘവൻബോധിഗോപാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

(ഹേ ഇന്ദ്ര,) തേ മഹി
സഖ്യം ആ വശ്മി — മഹൽ സഖിത്വം ആകാമയേ
ശക്തീഃ — തൽസംബന്ധീനി ദാനാനി ച ആകാമയേ
വൃത്ര–ഘ്നേ — വൃത്രസ്യാസുരസ്യ ഹന്ത്രേ തുഭ്യം
പൂർവ്വീഃ നി–യുതഃ — ബഹ്വ്യഃ ബഡവാഃ
ആ യന്തി — വാഹനാർത്ഥമാഗച്ഛന്തി
സൂരേഃ മഹി സ്തോത്രം — വിദുഷസ്തവമഹൽ സ്തോത്രം
അവഃ ആ അഗന്മ — ഹവിർല്ലക്ഷണമന്നം ച പ്രാപയാമഃ
ഹേ മഘ–വൻ, അസ്മാകം
സു ഗോപാഃ — സുഷ്ഠുപാലയിതാ ഭവാമീതി
ബോധി — ബുദ്ധ്യസ്വ

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടത്തെ മഹത്തായ ചങ്ങാതം ഞാൻപൂർണ്ണമായും കാംക്ഷിക്കുന്നു. അവിടത്തെസ്സംബന്ധിച്ച ദാനങ്ങളെയും ആഗ്രഹിക്കുന്നു. വൃത്രഹന്താവായ അവിടേയ്ക്കു് വാഹനത്തിന്നുവേണ്ടി കണക്കററ പെൺകുതിരകൾ ഇതാ വരുന്നു. വിദ്വാനായ അവിടത്തേയ്ക്കുള്ള മഹത്തായ സ്തോത്രവും ഹവിരന്നവും എത്തിക്കുന്നു. അല്ലയോ മഘവാവേ, അവിടുന്നു് നന്നായി ഞങ്ങളുടെ പാലകനെന്നു് അറിഞ്ഞാലും.

15 മഹിക്ഷേത്രംപുരുശ്ചന്ദ്രംവിവിദ്വാ
നാദിൽസഖിഭ്യശ്ചരഥംസമൈരൽ
ഇന്ദ്രോനൃഭിരജനദ്ദീദ്യാന
സ്സാകംസൂര്യമുഷസംഗാതുമഗ്നിം

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

(യോയമിന്ദ്രഃ) മഹി

ക്ഷേത്രം	— മഹൽകേദാരാദി
പുരു ചന്ദ്രം	— പ്രഭൂതം ഹിരണ്യം
വിവിദ്വാൻ സഖി—ഭ്യഃ	— അഭിജ്ഞഃ, അസ്മഭ്യംലംഭയൻ
ആൽ ഇൽ ചരഥം	— അനന്തരം ചരാത്മകം, ഗവാദികം ച
സം ഐരൽ	— സമ്യക് പ്രൈരയൽ, ദത്തവാൻ
ദീദ്യാനഃ ഇന്ദ്രഃ	— ദീപ്യമാനസ്സ ഇന്ദ്രഃ
നൃ—ഭിഃ സാകം	— കർമ്മസഹായഭൂതൈർ മരുത്ഭിസ്സഹിതസ്സൻ
സൂര്യം, ഉഷസം	— കാലസ്യ നിർവ്വാഹകമാദിത്യം ഉഷഃകാലം
ഗാതും	— ഗായന്തി സ്തുവന്ത്യസ്യാം ഇന്ദ്രാദിദേവാൻ ഇതിഗാതുഃ പൃഥിവീ, താം
അഗ്നിം	— അഗ്നിഹോത്രാദി സാധനഭൂത മാഹവനീയാഗ്നിംച
അജനൽ	— അജനയൽ

അർത്ഥം—യാതൊരു ഈ ഇന്ദ്രൻ അഭിജ്ഞനായി നമ്മുടെ ആവശ്യങ്ങളറിയുന്നവനായി, മഹത്തായ വയൽ (മഴ പെയ്യിച്ച് വിളകളെക്കൊണ്ട്) പ്രവൃദ്ധമായി നേടിത്തന്നുവോ, പിന്നെ ചരമായ പശു മുതലായ ധനം തന്നരുളിയോ, പ്രകാശമാനനായ ആ ഇന്ദ്രൻ കർമ്മസഹായികളായ മരുത്തുക്കളൊത്തവനായി, കാലസ്രഷ്ടാവായ ആദിത്യനെയും പ്രഭാതത്തെയും, തന്നെക്കുറിച്ച സ്തുതി നടക്കുന്ന ഭൂമിയെയും, അഗ്നിഹോത്രാദിക്കുള്ള ആഹവനീയാഗ്നിയെയും ജനിപ്പിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

16 അപശ്ചിദേഷവിഭ്വോऽऽദമൂനാഃ

പ്രസധ്രീചീരസൃജദ്വിശശ്ചന്ദ്രാഃ

മധ്വഃപുനാനാഃകവിഭിഃപവിത്രൈ

ർദ്യുഭിഹിന്വന്ത്യക്തുഭിർധന്ത്രീഃ

അന്വയം:—

ദമൂനാഃ — ദാന്തമനാഃ, ഉപരതഃ
ഏഷഃ വി–ഭ്വഃ — ഇന്ദ്രഃ വ്യാപ്തഃ
സധ്രീചീഃ — പരസ്പരം സങ്ഗതാഃ
വിശ്വ–ചന്ദ്രാഃ — വിശ്വസ്യാഹ്ലാദയിത്രീഃ
അപഃ പ്ര അസൃജൽ — ഉദകാനി സൃഷ്ടവാൻ
(സൃഷ്ടാശ്ചതാആപഃ)
മധ്വഃ — മാധുര്യോപേതാൻ സോമാൻ
കവി–ഭിഃ പവിത്രൈഃ — അഗ്നിവായുസൂര്യൈഃ
പുനാനാഃ — ശോധയിത്ര്യഃ
ധന്ത്രീഃ — സർവ്വസ്യജഗതഃ
പ്രീണയിത്ര്യസ്സത്യഃ
ദ്യു–ഭിഃ അക്തു–ഭിഃ ചിൽ — ദിവസൈഃ രാത്രിഭിശ്ച
ഹിന്വന്തി — (രാത്രിം ദിവം ച) സ്വസ്വ
വ്യാപാരപ്രവണം കുർവ്വന്തി

അർത്ഥം—മനസ്സിന്നടക്കമുള്ള ഈ ഇന്ദ്രൻ എങ്ങും വ്യാപിച്ച് അന്യോന്യമിണക്കമാന്ന, സർവ്വാഹ്ലാദമിയററുന്ന അപ്പുകളെ (ജലങ്ങളെ) സൃഷ്ടിച്ചു. അപ്രകാരം സൃഷ്ടിക്കപ്പെട്ട ജലങ്ങൾ മധുരരസമുററ സോമങ്ങളെ, അഗ്നിവായുസൂര്യന്മാരെക്കൊണ്ടു് ശുദ്ധീകരിച്ച് ജഗത്തിന്നു മുഴുവൻ സന്തോഷമുളവാക്കിക്കൊണ്ടു്, പകലുകളാലും രാത്രികളാലും സ്വസ്വകൃത്യങ്ങളിൽ പ്രാണികളെ സമർത്ഥങ്ങളാക്കുന്നു.

*13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

17 അൻകൃഷ്ണേവസുധിതീജിഹാതേ

ഉഭേസൂര്യസ്യമംഹനായജത്രേ

പരിയത്തേമഹിമാനംവൃജധ്യൈ

സഖായഇന്ദ്രകാമ്മ്യാഋജിപ്യാഃ

അന്വയം:–

ഹേ ഇന്ദ്ര, യൽ തേ
മഹിമാനം — യസ്യ തവ സാമത്ഥ്യമനുസൃത്യ
ഋജിപ്യാഃ സഖായഃ
കാമ്യാഃ — ഋജുഗതയഃ തേ മിത്രഭൂതാഃ കമനീയാമരുതഃ
വൃജധ്യൈ — കമ്മവിഘ്നകാരിണാം അസുരാണാം വജ്ജനായ, പരിഭവായ
പരി — പരിതോഭവന്തി
സൂര്യസ്യ മംഹനാ — സൎവ്വജഗതഃ പ്രേരകസ്യതസ്യ തവ മഹത്വേന, സാമത്ഥ്യേന
വസു–ധിതീ — വസ്തുവ്യപദാത്ഥധാരണോപേതേ
യജത്രേ ഉഭേ കൃഷ്ണേ — യജ്ഞാർഹേ അഹോരാത്രേ
അനു ജിഹാതേ — പുനഃ പുനരാവൃത്യ വത്തേതേ

അത്ഥം–അല്പയോ ഇന്ദ്ര, യാതൊരവിടുത്തെ മഹത്വം, സാമത്ഥ്യം അനുസരിച്ച് നേർവഴിക്കാരും അവിടേയ്ക്കു ചങ്ങാതികളുമായ നന്മയുററ മരുത്തുക്കരം, കമ്മവിഘ്നകാരികളായ അസുരന്മാരെ അകററാൻ, കീഴമത്താൻ മുററുമെത്തുന്നുവോ, ജഗത്തിൻെറ മുഴുവൻ പ്രേരകനായ ആ അവിടുത്തെ മാഹാത്മ്യത്താലാണ്, വാസയോഗ്യപദാത്ഥങ്ങളെ (തണുപ്പു ചൂട് മുതലായവയെ) ധരിക്കുന്ന പൂജനീയകളായ പകലിരവുകരം വീണ്ടും വീണ്ടും ചുററിവത്തിക്കുന്നതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

18 പതിർഭവവൃത്രഹന്മ്സൂനൃതാനാം

ഗിരാംവിശ്വായുർവൃഷഭോവയോധാഃ

ആനോഗഹിസഖ്യേഭിശ്ശിവേഭി

ർമ്മഹാൻമഹീഭിരൂതിഭിസ്സരണ്യൻ

അന്വയം:-

ഹേ വൃത്ര-ഹൻ,

വിശ്വ-ആയുഃ	—	ഹേ ഇന്ദ്ര, വിശ്വം, സംപൂർണ്ണ മായുര്യസ്യാസൌ, അവിനാശീ
വൃഷഭഃ വയഃ-ധാഃ	—	കാമവർഷകഃ, അന്നദാതാ ത്വം
സൂനൃതാനാം ഗിരാം	—	അസ്മാഭിഃ ക്രിയമാണാനാം വാചാം
പതിഃ ഭവ	—	സ്വാമീഭവ
സരണ്യൻ	—	യജ്ഞാർത്ഥം സരണം, ഗമന മിച്ഛൻ
മഹാൻ, മഹീഭിഃ		
ഊതി-ഭിഃ	—	മഹതീഭീരക്ഷാഭിഃ
ശിവേഭിഃ സഖ്യേഭിഃ	—	കല്ല്യാണൈഃ, ഫലപ്രദാന രൂപൈഃ സഖൈ്യശ്ചസഹി തസ്ത്വം
നഃ ആ ഗഹി	—	അസ്മാൻ പ്രതി യജ്ഞാർത്ഥമാഗച്ഛ

അർത്ഥം-അല്ലായാ വൃത്രഹന്താവേ, ഇന്ദ്ര, നിത്യായുസ്സും (അവിനാശിയും) കാമവർഷകനും അന്നദാതാവുമായ അവിടുന്നു് ഞങ്ങളാൽ ചൊല്ലപ്പെടുന്ന പ്രിയസത്യവാക്കുകളുടെ സ്വാമിയാകുന്നു. യജ്ഞത്തിന്നുവേണ്ടി പോകാനിച്ഛിക്കുന്നവനും മഹാനുഭാവനുമായ അവിടുന്നു് മഹത്തുക്കളായ രക്ഷണങ്ങളോടും, മംഗളങ്ങളായ ഫലപ്രദാന രൂപങ്ങളായ സഖ്യങ്ങളോടും കൂടി യജ്ഞത്തിന്നു് വേണ്ടി ഞങ്ങടുക്കടുത്തു വന്നാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

19 തമംഗിരസ്വന്നമസാസപര്യ
ന്നവ്യംകൃണോമിസന്യസേപുരാജാം
ദ്രുഹോവിയാഹിബഹുലാഅദേവീ
സ്സ്വശ്ചനോമഘവന്ത്സാതയേധാഃ

അന്വയം:—

(ഹേ ഇന്ദ്ര,)

അംഗിരസ്വത് — അംഗിരസ ഇവ
നമസാ സപര്യൻ തം — സ്തോത്രേണ പൂജയൻ വിശ്വാമിത്രോഹം താദൃശ മഹിമോപേതം തം
പുരാ–ജാം — പുരാതനം ത്വാം
സന്യസേ നവ്യം
കൃണോമി — സംഭജനായ സ്തോതവ്യത യാഭിനവം കരോമി
അദേവീഃ — തമോരൂപത്വേന അദ്യോതമാനാൻ
ബഹുലാഃ ദ്രുഹഃ — ബഹൂൻ ദ്രോഗ്ധൄൻ, ശത്രുരൂപാൻ രാക്ഷസാൻ
വി യാഹി — വിശേഷേണ മൃതിം പ്രാപയ
ഹേ മഘ–വൻ, നഃ
സ്വഃ ച — സ്വം, ധനം ച
സാതയേ ധാഃ — സംഭജനാർത്ഥം ധേഹി

അർത്ഥം—അല്ലയോ ഇന്ദ്ര, അംഗിരസന്മാരെപ്പോലെ സ്തോത്രത്താൽ വന്ദിച്ച്, വിശ്വാമിത്രനായ ഞാൻ അത്ര മഹാനും പുരാതനനുമായ ആ അവിടത്തെ പ്രാപിക്കാനായി, സ്തുത്യരൂപനായി, അഭിനവനാക്കിച്ചെയ്യുന്നു. (പുരാതനത്വം കൊണ്ട് അരൂപനെപ്പോലെയുള്ള അവിടേയ്ക്ക് സ്തുതിയാൽ രൂപം കൊടുത്ത് പുതുക്കുന്നു.) തമോരൂപരായ ദ്രോഹികളെ, ശത്രുരൂപരായ രാക്ഷസരെ, കൊന്നകററിയാലും. അല്ലയോ മഘവാവേ, ഞങ്ങൾക്ക് പ്രാപിക്കാനായി ധനവും തന്നരുളിയാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

20 മിഹഃപാവകാഃപ്രതതാഅഭ്രുവ

ന്ഥ്സ്വസ്തിനഃപിപൃഹിപാരമാസാം

ഇന്ദ്രത്വംരഥിരഃപാഹിനോരിഷോ

മക്ഷൂമക്ഷൂകൃണുഹിഗോജിതോനഃ

അന്വയം:–

ഹേ ഇന്ദ്ര, (തേ) പാവകാഃ — പാപാനാം ശോധയിത്ര്യഃ
മിഹഃ പ്ര–തതാഃ
അഭ്രുവൻ — സേചനസാധനാ ആപഃ
ലോകേ പ്രകർഷേണ
വിസ്തൃതാ അഭ്രുവൻ
ആസാം സ്വസ്തി — അപാം വിനാശരഹിതം
പാരം നഃ പിപൃഹി — തീരം അസ്മദത്ഥം ജലൈഃ
സമ്പൂർണ്ണം കുരു
രഥിരഃ ത്വം രിഷഃ — രഥാവാംസ്ത്വം ഹിംസകാൽ,
ശത്രോസ്സകാശാൽ
നഃ പാഹി — അസ്മാൻ പാലയ
(അനന്തരം) നഃ
മക്ഷു–മക്ഷു — അതിശീഘ്രം
ഗോ–ജിതഃ കൃണുഹി — ഗവാദീനാം ജേതൄൻ കുരു
(വൃഷ്ടിപ്രദാനേന തടാകാദി ജലാശയാൻ സമ്പൂർണ്ണാൻ കൃത്വാ
അസ്മാൻ ഗവാദിധനയുക്താൻ കുരു)

അത്ഥം–അല്ലയോ ഇന്ദ്ര, പാപങ്ങളെ കഴുകിക്കളയുന്ന, നനവിയററുന്ന ജലങ്ങരം ലോകത്തിൽ വേണ്ടപോലെ പരന്നിരിക്കുന്നു. ആ ജലങ്ങളെക്കൊണ്ടു ക്ഷേമത്തോടുകൂടി ഞങ്ങരംക്കുവേണ്ടി കര നിറച്ചാലും. തേരോടുകൂടിയ അവിടുന്ന് ദ്രോഹികളായ ശത്രുക്കളിൽ നിന്നു് ഞങ്ങളെ രക്ഷിച്ചാലും. വളരെ വേഗത്തിൽ ഞങ്ങളെ പശു മുതലായ ധനങ്ങരം നേടുന്നവരാക്കിയാലും (മഴ പെയ്യിച്ച് ഏരികളും മററു ജലാശയങ്ങളും നിറച്ച് ഞങ്ങളെ പശുധനയുക്തന്മാരാക്കിയാലും.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

21 അദേദിഷ്ട വൃത്രഹാ ഗോപതിർഗ്ഗാ

അന്തഃ കൃഷ്ണാം അരുഷൈർധാമഭിർഗ്ഗാത്

പ്രസൂനൃതാ ദിശമാന ഋതേന

ദുരശ്ച വിശ്വാ അവൃണോദപ സ്വാഃ

അന്വയം:—

വൃത്ര—ഹാ, ഗോ-പതിഃ — വൃത്രഹന്താ, ഗാവാം സ്വാമീ സന്നിന്ദ്രഃ
ഗാഃ അദേദിഷ്ട — അസ്മഭ്യം ദിശതു
(തഥാ) കൃഷ്ണാൻ — കർമ്മ വിഘ്നകാരിണോസുരാൻ
അരുഷൈഃ ധാമ-ഭിഃ — ആരോചമാനൈ സ്വതേജോഭിഃ
അന്തഃ ഗാത് — അന്തർദ്ധാനം, വിനാശം ഗമയതു
(തഥാ) സൂനൃതാഃ — പ്രിയതമാ ഗാഃ
ഋതേന പ്ര ദിശമാനഃ — പ്രതാരണ വർജ്ജിതേന സത്യേന അംഗിരോഭ്യഃ പ്രദിശന്നിന്ദ്രഃ
വിശ്വാഃ ദുരഃ — സർവ്വാണി നിർഗ്ഗമനദ്വാരാണി
സ്വാഃ ച അപ
അവൃണോത് — സ്വകീയാ ഗാഃ അപാവൃണോത്
(വ്രജേ ഗാഃ സ്ഥാപയിത്വാ താനി ദ്വാരാണി ആച്ഛാദിതവാൻ)

അർത്ഥം—വൃത്രഹന്താവും പശുക്കളുടെ നാഥനുമായ ഇന്ദ്രൻ നമുക്ക് പശുക്കളെ തന്നരുളട്ടെ. പിന്നെ കർമ്മവിഘ്നകാരികളായ അസുരന്മാരെ തിളക്കമേറിയ തേജസ്സുകളാൽ അന്തർദ്ധാനം ചെയ്യിക്കട്ടെ, നാശം പൂകിക്കട്ടെ. അംഗിരസ്സുകൾക്ക് കളങ്കമററ സത്യത്താൽ പ്രിയമേറിയ ഗോക്കളെക്കൊടുത്ത ഇന്ദ്രൻ അവയെ അതാതിന്റെ തൊഴുത്തിൽ നിർത്തി വാതിലടച്ചുവല്ലൊ.

22 ശുനം ഹുവേമ മഘവാനമിന്ദ്ര

മസ്മിൻ ഭരേ നൃതമം വാജസാതൌ

ശൃണ്വന്തമുഗ്രമൂതയേ സമത്സു

ഘ്നന്തം വൃത്രാണി സംജിതം ധനാനാം

വ.8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:–
(ഇതു് ഈ അധ്യായത്തിൽ നാലാം വഗ്ഗത്തിൽ വ്യാഖ്യാനി ച്ചിട്ടുണ്ടു്.)

വഗ്ഗം–9–10–11

1 ഇന്ദ്രസോമംസോമപതേപിബേമം
മാധ്യന്ദിനംസവനംചാരുയത്തേ
പ്രപ്രുത്ഥ്യാശിപ്രേമഘവന്നൃജീഷിൻ
വിമുച്യാഹരീഇഹമാദയസ്വ

അന്വയം:–

(വിശ്വാമിത്രോബ്രൂതേ)

സോമ–പതേ, ഇന്ദ്ര,	— സോമസ്യസ്വാമിന്നിന്ദ്ര
ഇമം സോമം പിബ	— അസ്മാഭിർമ്മാധ്യന്ദിനേസവനേ ക്രിയമാണം സോമരസം പിബ
യൽ തേ മാധ്യന്ദിനം	— യസ്മാൽ തേ ക്രിയമാണം മാധ്യന്ദിനസംബന്ധി
സവനം ചാരു	— നിഷ്കേവല്ല്യാഖ്യം ശസ്ത്രം രമണീയം വത്തതേ
മഘ–വൻ, ഋജീഷിൻ	— ഋജീഷം ഗതസാരം സോമദ്രവ്യം തദ്വന്നിന്ദ്ര
ഹരീ വി–മുച്യ	— രഥേയോജിതാവശ്വൌ മോചയിത്വാ
ശിപ്രേ പ്ര–പ്രുത്ഥ്യ	— ഹന്വൌ അത്രത്യേനഗ്രാസേന പൂരയിത്വാ
ഇഹ മാദയസ്വ	— ദേവയജനദേശേഹർഷയ

അത്ഥം–(വിശ്വാമിത്രൻ പറയുന്നു). സോമത്തിൻെറ അധിപതിയായ ഇന്ദ്ര, ഞങ്ങളാൽ മാദ്ധ്യന്ദിനസവനത്തിൽ ഉണ്ടാക്കപ്പെടുന്ന സോമച്ചാർ കുടിച്ചാലും. അവിടേയ്ക്കു വേണ്ടി യ മാദ്ധ്യന്ദിനസവനത്തെസ്സംബന്ധിച്ച നിഷ്കേവല്ല്യമെന്നു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പേരായ ശസ്ത്രം ഭംഗിയുള്ളതാണല്ലൊ. അല്ലയോ മഘവാവേ, സോമച്ചണ്ടിയോടുകൂടിയവനെ, (സോമത്തിൻെറ ചാർ പിഴിഞ്ഞെടുത്തു് ബാക്കി ചണ്ടികൂടി ഇന്ദ്രന്നു പ്രിയമാണെന്നു് സൂചന.) തേരിൽ പൂട്ടിയ കുതിരകളെ വിട്ടു് ഇവിടെയുള്ള പുൽകട്ട തൊണ്ണുകളിൽ തിരുകി ഈ യാഗദേശത്തിൽ അവയെ സന്തോഷിപ്പിച്ചാലും. ('ത്വം സദ്യോ അപിബഃ' എന്നു തുടങ്ങുന്ന ശസ്ത്രമാണു് നിഷ്കേവല്യം.)

2 ഗവാശിരംമന്ഥിനമിന്ദ്രശുക്രം
പിബാസോമംരരിമാതേമദായ
ബ്രഹ്മകൃതാമാരുതേനാഗണേന
സജോഷാരുദ്രൈസ്തൃപദാവൃഷസ്വ

അന്വയം:—

ഹേ ഇന്ദ്ര, ഗോ—ആശിരം സോമം	—	ഗവ്യസ്യ, പയസഃ ആശീഃ മിശ്രണം യസ്മിൻതം സോമം
(അപിച) മന്ഥിനം ശുക്രം പിബ	—	മന്ഥനയുക്തം അഭിനവമിമം സോമംപിബ
തേ മദായ രരിമ	—	തവ ഹർഷായ വയം പ്രയച്ഛാമഃ
ബ്രഹ്മ—കൃതാ മാരുതേന ഗണേന	—	ഇന്ദ്രസ്യസ്തോത്രം കുർവ്വാണേന മരുതാംഗണേന
രുദ്രൈഃ സ—ജോഷാഃ	—	ഏകാദശസംഖ്യാകൈഃ രുദ്രൈശ്ചസങ്ഗതസ്ത്വം
തൃപൽ ആ വൃഷസ്വ	—	സോമപാനേതൃപ്യൽ തം സർവ്വതോജഠരേസിഞ്ച, ധാരയ

അർത്ഥം—അല്ലയോ ഇന്ദ്ര, പാൽ ചേർത്തതും കടഞ്ഞതും പുതുതുമായസോമം കുടിച്ചാലും. അവിടുത്തെ ഹർഷത്തിന്നായി ഞങ്ങളിതാ തരുന്നു. അവിടുത്തെ സ്തുതിയ്ക്കുന്ന മരുത്തുക്കളുടെ സമൂ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹത്തോടും പതിനൊന്നു് രുദ്രന്മാരോടുംകൂടിച്ചേൎന്ന അവിടുന്നു്, സോമപാനത്താൽ മതിവന്നു്, അതിനെ വയററിലാകെ നിറ ച്ചാലും, ധരിച്ചാലും.

3 യേതേശുഷ്മംയേതവിഷീമവൎദ്ധ
ന്നൎച്ചന്തഇന്ദ്രമരുതസ്തഓജഃ
മാധ്യന്ദിനേസവനേവജ്രഹസ്ത
പിബാരുദ്രേഭിസ്സഗണസ്സുശിപ്ര

അന്വയം:–

ഹേ ഇന്ദ്ര, യേ മരുതഃ		
തേ ശുഷ്മം	—	ശത്രൂണാം ശോഷകം തേജഃ
യേ തവിഷീം അവൎദ്ധൻ	—	ബലംച തേജഃ യുദ്ധസഹകാരിതയാവൎദ്ധയൻ
അൎച്ചന്തഃ തേ ഓജഃ	—	ത്വാം സ്തുവന്തഃ തവയുദ്ധസാമൎത്ഥ്യം അവൎദ്ധയൻ
(തേ) രുദ്രേഭിഃ സ–ഗണഃ	—	തൈസ്സഗണൈഃ മരുത്ഭിസ്ത്വം
ഹേ വജ്ര–ഹസ്ത,		
സു–ശിപ്ര,	—	വജ്രായുധ ഹസ്ത, ശോഭനഹനോ, ഇന്ദ്ര,
മാധ്യന്ദിനേ സവനേ		
പിബ	—	സോമം പിബ

അൎത്ഥം–അല്ലയോ ഇന്ദ്ര, യാവരായ മരുത്തുക്കൾ അവിട ത്തെ ശത്രുശോഷകമായ തേജസ്സും, യാവർ അവിടുത്തെ ബല വും യുദ്ധത്തിൽ സഹകരിച്ചു് വൎദ്ധിപ്പിച്ചുവോ, അവിടുത്തെ സ്തുതിച്ചു കൊണ്ടു യുദ്ധസാമൎത്ഥ്യം വൎദ്ധിപ്പിച്ചുവോ, സമൂഹം ചേൎന്ന ആ മരുത്തുക്കളോടുകൂടി, അല്ലയോ വജ്രായുധനും നല്ല താടിയെല്ലോടുകൂടിയവനുമായ ഇന്ദ്ര, മാദ്ധ്യന്ദിനസവനത്തി ലെ സോമം കുടിച്ചാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

4 തഇന്ന്വസ്യമധുമദ്വിവിപ്ര

ഇന്ദ്രസ്യശദ്ധോമരുതോയആസൻ

യേഭിർവൃത്രസ്യേഷിതോവിവേദാ

മമ്മണോമന്യമാനസ്യമമ്മ

അന്വയം:—

യേഭിഃ ഇഷിതഃ	— യൈഃ യുദ്ധസഹായൈർമ്മരുത്ഭിഃ പ്രേരിത ഇന്ദ്രഃ
അമമ്മണഃ	— പരൈരവിദിത മമ്മസ്ഥാനസ്യ അത ഏവ
മന്യമാനസ്യ	— നകോപി മമ ഹന്തേത്യഭിമന്യ മാനസ്യ
വൃത്രസ്യ മമ്മ	— അസുരസ്യ, യസ്മിൻ സ്ഥാനേ പ്രഹതൌ സത്യാം സ മരിഷ്യതി താദൃശം സ്ഥാനം
വിവേദ	— അജ്ഞാസീൽ, ജ്ഞാതവാൻ
യേ മരുതഃ ഇന്ദ്രസ്യ	
ശദ്ധഃ ആസൻ	— ഇന്ദ്രസ്യ ബലഭൃതാ ആസൻ
തേ ഇൽ അസ്യ	— (ദ്വിതീയാത്ഥേ ഷഷ്ഠീ) ഇമ മിന്ദ്രം
മധു—മൽ	— ''വയം തവസഹായാഃ, ത്വം യുദ്ധമഭിഗച്ഛ'' ഇതി മാധുര്യോ പേതം വാക്യം, യഥാ ഭവതി തഥാ
വിവിപ്രേ ന	— ക്ഷിപ്രം പ്രൈരയൻ

അത്ഥം—യുദ്ധസഹായികളായ മരുത്തുക്കളേവരാൽ പ്രേരിതനായി ഇന്ദ്രൻ, അന്യരാൽ അറിയപ്പെടാത്ത മമ്മസ്ഥാനങ്ങളോടുകൂടിയവനും, അതുകൊണ്ടുതന്നെ തനിക്കു ഹന്താവായി ആരുമില്ലെന്നു വിചാരിക്കുന്നവനുമായ വൃത്രാസുരൻെറ മർമ്മസ്ഥാനം, പ്രഹരത്താൽ മരിക്കുന്ന സ്ഥാനം, അറിഞ്ഞുവോ, യാവരായ മരുത്തുക്കൾ ഇന്ദ്രന്നു് ബലഭൃതരായി ഭവി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ച്ചുവോ, ആ മരുത്തുക്കരം ''ഞങ്ങരം അവിടുത്തെ സഹായികളായുണ്ട്, യുദ്ധം ചെയ്തോളു'' എന്നു് മധുര (പ്രോത്സാഹന) വാക്കാൽ ഇന്ദ്രനെ വേഗത്തിൽ പ്രേരിപ്പിച്ചു, യുദ്ധസജ്ജനാക്കി.

5 മനുഷ്വദിന്ദ്രസവനംജുഷാണഃ
പിബാസോമംശശ്വതേവീര്യായ
സആവവൃത്സ്വഹര്യശ്വയജ്ഞൈ
സ്സരണ്യുഭിരപോഅർണ്ണാസിസർഷി വ. 9

അന്വയം:—

ഹേ ഇന്ദ്ര, മനുഷ്വൽ — മനോര്യജ്ഞമിവമമേദം
സവനം ജുഷാണഃ — യജ്ഞം സേവമാനസ്ത്വം
ശശ്വതേ വീര്യായ
സോമം പിബ — ശാശ്വതായ പരപരിഭവ സാമത്ഥ്യായ ഇമം പിബ
ഹേ ഹരി—അശ്വ, സഃ — ഹരിതവർണ്ണാശ്വോപേത, താദൃശസ്ത്വം
യജ്ഞൈഃ ആ വവൃത്സ്വ — യജനീയൈർമ്മരുത്ഭിസ്സാകമാഗച്ഛ
(കിംച) സരണ്യു—ഭിഃ — ഏകശ്രുതിമന്ത്രാനാത്മന ഇച്ഛത്ഭിഃ, മരുത്ഭിഃ
അപഃ അർണ്ണാ — അപോവ്യാപ്താദന്തരിക്ഷാൽ സകാശാൽ അർണ്ണാംസി, പാത്ഥിവാന്യുദകാനി
സിസർഷി — പ്രാപയ

അത്ഥം—അല്ലയോ ഇന്ദ്ര, മനുവിൻെറ യജ്ഞംപോലെ എൻെറ ഈ യജ്ഞത്തെ കൈക്കൊള്ളുന്നവനായി അവിടുന്നു് എന്നെന്നും ശത്രുഞ്ജയസാമത്ഥ്യത്തിന്നായി, ഈ സോമം കുടിച്ചാലും. അല്ലയോ ഹരികളെന്ന പച്ചക്കുതിരകളോടുകൂടിയ ഇന്ദ്ര, അവിടുന്നു് യജനാഹ്‌രായ മരുത്തുക്കളോടൊത്തു വന്നുചേന്നാലും. ഒരേ ശ്രുതിയിലുള്ള മന്ത്രങ്ങളുടെ ഉച്ചാരണമിഷ്ട

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്പെട്ടന്ന മരുത്തുക്കളെക്കൊണ്ടു് ജലമയമായ അന്തരിക്ഷത്തിൽ നിന്നു് ഭൂമിയിൽ ജലങ്ങളെത്തിച്ചാലും.

6 ത്വമപോയദ്ധവൃത്രംജഘന്വാ൯
അത്യാംഇവപ്രാസൃജസ്സർത്തവാജൌ
ശയാനമിന്ദ്രചരതാവധേന
വവ്രിവാംസംപരിദേവീരദേവം

അന്വയം:—

ഹേ ഇന്ദ്ര, ത്വം ദേവീഃ	—	ദേവനശീലാഃ
അപഃ പരി		
വവ്രി-വാംസം	—	പരിതഃ ആവൃത്യവർത്തമാനം
(അത ഏവ) അദേവം	—	ബഹുദകതയാ സ്വച്ഛതേനാ പ്രതിഭാസമാനം
ശയാനം വൃത്രം	—	ഏകത്ര നിശ്ചലതയാ വർത്തമാനം മേഘം
യൽ ചരതാ വധേന	—	യദാ വർത്തമാനേന വജ്രായുധേന
ജഘന്വാൻ	—	ഹതവാനസി, തദാത്വം
ആജൌ സർത്തവൈ	—	യുദ്ധേ അതിവേഗഗമനായ
അത്യാൻ-ഇവ	—	യഥാശ്വാൻ പ്രേരയതി തഥാ ത്വമപഃ. ഉദകാന്യന്തരിക്ഷാദാകാശാൽ
പ്ര അസൃജഃ ഹ	—	പ്രകർഷേണ മേഘഭേദനം കൃത്വാസൃജഃ (തം യജാമഃ)

അർത്ഥം-അല്ലയോ ഇന്ദ്ര, അവിടുന്നു് തിളക്കമുററ വെള്ളങ്ങൾ ചുററി നില്ക്കുന്നതും അതുകൊണ്ടു തന്നെ തെളിഞ്ഞു കാണപ്പെടാത്തതും ഒരിടത്തു് ഇളകാതെ കിടക്കുന്നതുമായ മേഘത്തെ, ചരിക്കുന്ന വജ്രായുധത്താൽ എപ്പോൾ പിളർന്നുവോ, അപ്പോൾ യുദ്ധത്തിൽ ശീഘ്രയാത്രക്കു് കുതിരകളെ ഓട്ടുന്നപോലെ, അന്തരിക്ഷത്തിൽ നിന്നു് വെള്ളങ്ങളെ (ഭൂമിയിലേക്കു) വിട്ടു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(ആ അവിടത്തെ യജിക്കുന്നു എന്നു് അടുത്ത ഋക്കോടു കൂടി അന്വയം.)

7 യജാമഇന്നമസാവ്വദ്ധമിന്ദ്രം
ബൃഹന്തമൃഷ്ടമജരംയുവാനം
യസ്യപ്രിയേമമത്തുര്യജ്ഞിയസ്യ
നരോദസീമഹിമാനംമമാതേ

അന്വയം:—

വൃദ്ധം, ബൃഹന്തം	—	പ്രവൃദ്ധം, അത ഏവ മഹാന്തം
ഋഷ്ടം, അജരം	—	സ്തോതവ്യം, ജരാരഹിതം, അത ഏവ
യുവാനം ഇന്ദ്രം	—	നിത്യതരുണം തം
നമസാ യജാമഃ ഇൽ	—	കുശികാവയം യജ്ഞസിദ്ധ്യർത്ഥം ഹവിരന്നേന പൂജയാമഃ
പ്രിയേ രോദസീ	—	പ്രിയതമേ അപരിമിതേ ദ്യാവാപൃഥിവ്യൌ
യജ്ഞിയസ്യ യസ്യ	—	യജ്ഞാഹ്സ്യ യസ്യ ഇന്ദ്രസ്യ തവ
മഹിമാനം ന മമത്തുഃ	—	ന പരിച്ഛേത്തും ശക്നുതഃ
(ന) മമാതേ	—	ന പരിച്ഛേത്തും ശക്നുതഃ (പുനരാവൃത്തിരാദരാർത്ഥ)

അർത്ഥം—വർദ്ധിച്ചവനും അതുകൊണ്ടുതന്നെ മഹാനും സ്തുതിക്കപ്പെടേണ്ടവനും (സ്തുതിയാൽ അടുത്തെത്തുന്നവനും) എന്നും ജര ബാധിക്കാത്തവനും, അതുകൊണ്ടുതന്നെ നിത്യയുവാവുമായ ഇന്ദ്രനെ, കുശികന്മാരായ ഞങ്ങൾ യജ്ഞസിദ്ധിക്കുവേണ്ടി ഹവിസ്സാൽ പൂജിയ്ക്കുന്നു. പ്രിയതമകളായ, പരിമിതികളില്ലാത്ത ദ്യാവാപൃഥിവികൾ യജ്ഞാഹ്നായ അവിടത്തെ വൈഭവത്തെ അളന്നു കണക്കാക്കാൻ ശക്തകളല്ല, തീരേ ശക്തകളല്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

8 ഇന്ദ്രസ്യകർമ്മസുകൃതാപുരൂണി
വ്രതാനിദേവാനമിനന്തിവിശ്വേ
ദാധാരയഃപൃഥിവീംദ്യാമുതേമാം
ജജാനസൂര്യമുഷസംസുദംസാഃ

അന്വയം:—

വിശ്വേ ദേവാഃ	— സർവ്വേദേവാഃ
ഇന്ദ്രസ്യ (തവ) കർമ്മ	— കർമ്മാണി
സു–കൃതാ	— സുഷ്ഠുകൃതാനി, നിർമ്മിതാനി പൃഥിവ്യാദീനി
പുരൂണി വ്രതാനി	— ബഹൂനി യജ്ഞാദീനി
ന മിനന്തി	— നഹിംസന്തി, കിന്തു ആദ്രിയന്തേ
(കിംച) യഃ പൃഥിവീം,	
ദ്യാം	— ഭൂലോകം ദ്യുലോകം
ഉത ഇമാം ദാധാര	— അപിച ഇമമന്തരിക്ഷലോകം ച, ത്രീൻലോകാൻ ധൃതവാൻ
സു–ദംസാഃ	— സുകർമ്മാ, ശോഭനകർമ്മാസ ഇന്ദ്രഃ
സൂര്യം, ഉഷസം	— ലോകപ്രകാശകമാദിത്യം, അഗ്നിഹോത്രാദികർമ്മ നിർവ്വാഹകമുഷഃ കാലം ച
ജജാന	— ഉൽപാദയാമാസ

അർത്ഥം—ദേവന്മാരിലാരും ഇന്ദ്രനായ അവിടത്തെ കർമ്മങ്ങളെയും അവിടുന്നാൽ നന്നായി നിർമ്മിക്കപ്പെട്ട ഭൂമി മുതലായവയെയും അവിടത്തെ സംബന്ധിച്ച നിരവധികങ്ങളായ യജ്ഞങ്ങളെയും മുടക്കുന്നില്ല, ആദരിക്കുന്നു. യാതൊരു ഇന്ദ്രനാണോ ഭുവിനെയും ദ്യോവിനെയും അന്തരിക്ഷത്തെയും (മൂന്നു ലോകങ്ങളെയും) ധരിച്ചിട്ടുള്ളതു്; സൽകർമ്മവാനായ ആ ഇന്ദ്രൻ തന്നെയാണു് ലോകപ്രകാശകനായ ആദിത്യനെയും അഗ്നിഹോത്രാദി കർമ്മങ്ങൾ നിർവ്വഹിക്കുന്ന ഉഷസ്സിനെയും ഉണ്ടാക്കിയതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

9 അദ്രോഘസത്യംതവതന്മഹിത്വം

സദ്യോയജ്ജാതോഅപിബോഹസോമം

നദ്യാവഇന്ദ്രതവസസ്തഓജോ

നാഹാനമാസാശ്ശരദോവരന്ത

അന്വയം:—

അദ്രോഘ, ഹേ ഇന്ദ്ര തവ	— ദ്രോഹവജ്ജിത, ഇന്ദ്ര, തേ
തൽ മഹി—ത്വം സത്യം	— താദൃശം മാഹാത്മ്യം യഥാത്ഥം
യൽ ജാതഃ സദ്യഃ	— യസ്മാൽ ഉൽപന്നഃ തദാനീമേവ
സോമം അപിബഃ ഹ	— സോമരസം പീതവാൻ ഖലു
(കിംച) തവസഃ തേ	
ഓജഃ	— ബലവതസ്തവ സാമത്ഥ്യം
ദ്യാവഃ ന വരന്ത	— ദിവോപലക്ഷിതാഃ സവ്വേലോകാഃ നവാരയന്തി
(കിംച) അഹാ ന	— പ്രതിപദാദീന്യഹാനി നവാരയന്തി
മാസാഃ, ശരദഃ ന	— ചൈത്രാദ്യാഃ സംവത്സരാശ്ച നവാരയന്തി

(കിംതുതവസാമത്ഥ്യമനുസൃത്യസവ്വേവത്തന്തി)

അത്ഥം—ദ്രോഹശീലമില്ലാത്ത (അനുഗ്രഹമനസ്സനായ) ഇന്ദ്ര, മുൻപറഞ്ഞ പ്രകാരമെല്ലാമുള്ള അവിടുത്തെ മാഹാത്മ്യം യഥാത്ഥമാകുന്നു. യാതൊരു കാരണത്താൽ അവിടുന്ന് ജനിച്ച ഉടനെ സോമച്ചാർ കുടിച്ചു എന്നു് പ്രസിദ്ധമാണോ അക്കാരണത്താലാകുന്നു അവിടുത്തെ മഹത്വം. പിന്നെ ബലവാനായ അവിടുത്തെ കഴിവിനെ ദ്യോവടക്കമുള്ള ലോകങ്ങൾ തടുക്കുന്നില്ല; പ്രതിപദം മുതൽക്കുള്ള പക്കങ്ങൾ മുടക്കുന്നില്ല. ചൈത്രാദിമാസങ്ങളും പ്രഭവാദി സംവത്സരങ്ങളും തടസ്ഥപ്പെടുത്തുന്നില്ല. (ലോകങ്ങളും കാലങ്ങളും അവിടുത്തെ അനുസരിച്ച് വത്തിക്കുന്നു,)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

10 ത്വം സദ്യോഅപിബോജാതഇന്ദ്ര

മദായസോമംപരമേവ്യോമൻ

യദ്ധദ്യാവാപൃഥിവീ ആവിവേശീ

രഥാഭവഃ പൂർവ്യഃ കാരുധായഃ വ 10

അന്വയം:—

ഹേ ഇന്ദ്ര, യൽ

ദ്യാവാപൃഥിവീ	— യദാ ത്വാ ദ്യാവാപൃഥിവ്യൌ
ആ അവിവേശീഃ ഹ	— ആസമന്താൽ പ്രവിഷ്ടോസി ഖലു
സദ്യഃ ജാതഃ	— യദാഉൽപന്നസ്തദാനീമേവ
പരമേ വി—ഓമൻ	— ഉത്തമേസ്ഥാനേസ്ഥിതഃ
ത്വം മദായ സോമം	
അപിബഃ	— ഹർഷായസോമംപീതവാൻ
അഥ പൂർവ്യഃ	— അനന്തരം പുരാതനസ്സൻ
കാരു—ധായാഃ അഭവഃ	— കർമ്മണാം വിധാതാഭവഃ

അർത്ഥം—അല്ലയോ ഇന്ദ്ര, എപ്പോൾ അവിടുന്ന് ദ്യാവാപൃഥിവികളെ തികച്ചും പ്രവേശിച്ചുവോ, എപ്പോൾ ഉൽപന്നനായൊ, അപ്പോൾ തന്നെ ഉത്തമസ്ഥാനത്തു് വർത്തിച്ച് ഹർഷത്തിന്നായി സോമം കുടിച്ചു. പിന്നീട് പുരാതനനായി കർമ്മങ്ങളുടെ വിധായകനായി ഭവിച്ചു.

11 അഹന്നഹിംപരിശയാനമർണ്ണ

ഓജായമാനംതുവിജാതതവ്യാൻ

നതേമഹിത്വമനുഭൂദധദ്യൌ

ര്യദന്യയാസ്ഫിഗ്യാ ൧ ക്ഷാമവസ്ഥാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ തുവി—ജാത, — ബഹൂനി ജാതാനി പൃഥിവ്യാ
ദീനി യസ്മാൽ സഃ താദൃശേന്ദ്ര,
തവ്യാൻ — അതിശയേന പ്രവൃദ്ധസ്ത്വം
അപ്പുഃ പരി—ശയാനം — ഉദകമന്തഃ കൃത്വാ പരിതോ
വത്തമാനം
(അതഏവ) ഓജായമാനം — ബലമാചരന്തം
അഹിം അഹൻ — മേഘമുദകപ്രേരണാ
യ ഹതവാനസി
അധ തേ മഹി—ത്വം — അഥതവ മഹിമാനം
ദ്യൌഃ ന അനു ഭൂൽ — ന അനുഭവതി, നജാനാതി
യൽ അന്യയാ — യസ്മാൽ ത്വം ഏകതരയാ
സ്ഫിഗ്യാ ക്ഷാം
അവസ്ഥാഃ — കട്യാ ഭൂമിം അവച്ഛാദ്യ തിഷ്ഠസി

അത്ഥം—ഭൂമി മുതലായ ലോകങ്ങരം ആരിൽ നിന്നുണ്ടായോ, ആ വിധമുള്ള ഇന്ദ്ര, ഏററവും വർദ്ധിച്ച അവിടുന്ന്, ഉള്ളിൽ വെള്ളമൊതുക്കിനില്ക്കുന്നതും, അതുകൊണ്ടുതന്നെ ശക്തി കാട്ടുന്നതുമായ മേഘത്തെ വെള്ളം പുറത്തുവിടാൻ വേണ്ടി പിളന്നു. അവിടുത്തെ മഹിമ ദ്യോവു് അറിയുന്നില്ല. കാരണം അവിടുന്നു് അരക്കെട്ടുകൊണ്ടു മറച്ചാണു് നില്ക്കുന്നതു്.

12 യജ്ഞോഹിതഇന്ദ്രവദ്ധനോഭൂ
ദുതപ്രിയസ്സുതസോമോമിയേധഃ
യജ്ഞേനയജ്ഞമവയജ്ഞിയസ്സൻ
യജ്ഞസ്തേവജ്രമഹിഹത്യആവൽ

അന്വയം:—

ഹേ ഇന്ദ്ര, യജ്ഞഃ — അസ്മദീയോയം യജ്ഞം
തേ വർധനഃ ഭൂൽ ഹി — ഹവിഷ്പ്രദാനേ വർദ്ധയിതാ
ഖലു
ഉത സുത—സോമഃ — അപിച അഭിഷുത സോമവാൻ
*14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മിയേധഃ പ്രിയഃ — സാരഭൃതോയം യജ്ഞഃ
തവപ്രിയഃ
(സഃ ത്വം) യജ്ഞിയഃ
സൻ — യജ്ഞാർഹസ്സൻ
യജ്ഞം യജ്ഞേന അവ — യജ്ഞസ്യകർത്താരം യജമാനം
അനുഷ്ഠീയമാനേനാനേന
ഫലപ്രദാനേന രക്ഷ
(കിംചായം) യജ്ഞഃ തേ
വജ്രം — തവ ആയുധം
അഹി–ഹത്യേ ആവൽ — വൃത്രഹനനേ കർമ്മണി രക്ഷതു

അർത്ഥം--അല്ലയോ ഇന്ദ്ര, ഞങ്ങളുടെ ഈ യജ്ഞം അവിടേക്കു് ഹവിർദ്ദാനത്താൽ വൃദ്ധികരമായിത്തന്നെ ഭവിക്കട്ടെ. ഇടിച്ചുസംസ്കരിച്ച സോമത്തോടുകൂടി സാരവത്തായ ഈ യജ്ഞം അവിടേയ്ക്കു് പ്രിയമാണല്ലൊ. അപ്രകാരമുള്ള അവിടുന്നു് യജ്ഞാർഹനായി, യജ്ഞകർത്താവായ യജമാനനെ, അനുഷ്ഠിക്കപ്പെടുന്ന യജ്ഞത്താൽ ഫലാഭിസിദ്ധിയോടുകൂടി രക്ഷിച്ചാലും. കൂടാതെ ഈ യജ്ഞം അവിടുത്തെ വജ്രായുധത്തെ വൃത്രവധകർമ്മത്തിൽ (മേഘം പിളക്കുന്നതിൽ) രക്ഷിക്കട്ടെ.

13 യജ്ഞേനേന്ദ്രമവസാച്ക്രേഅർവ്വാ
ഗൈനംസുമ്നായനവ്യസേവവൃത്യാം
യസ്തോമേഭിർവ്വാവൃധേപൂർവ്വ്യേഭി
ര്യോമധ്യമേഭിരുതനൂതനേഭിഃ

അന്വയം:—

(ഹേ ഇന്ദ്ര, സർവ്വോയജമാനഃ)
അവസാ — സ്വരക്ഷകേണ
യജ്ഞേന ഇന്ദ്രം (ത്വാം)
അർവ്വാക് ആ ചക്രേ — ഹവിഷ്പ്രദാനേനാഭിമുഖം
കരോതി
യഃ പൂർവ്വ്യേഭിഃ സ്തോമേഭിഃ — പുരാതനൈ സ്തോത്രൈഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(തഥാ) യഃ മധ്യമേഭിഃ — മധ്യേ ഭവൈവെസ്തോത്രൈഃ
ഉത നൂതനേഭിഃ വവൃധേ — അധുനാതനൈഃ അസ്മാഭിഃ ക്രിയമാണൈഃ സ്തോത്രൈഃ വദ്ധതേ
നവ്യസേ സൂമ്നായ — നവതരായ ധനായ
ഏനം ആ വവൃത്യാം — അഹം തം ത്വാം യജ്ഞേനാ വൃത്തം മദഭിമുഖം കുര്യാം

അത്ഥം—അല്ലയോ ഇന്ദ്ര, ഓരോ യജമാനനും ആത്മരക്ഷക മായ യജ്ഞത്താൽ ഇന്ദ്രനായ അവിടത്തെ ഹവിസ്സേകി അഭി മുഖനാക്കുന്നു. യാതൊരിന്ദ്രൻ പുരാതനങ്ങളായ സ്തോത്രങ്ങ ളാലും മദ്ധ്യകാലകൃതങ്ങളായ സ്തവങ്ങളാലും ആധുനികങ്ങളാ യി ഞങ്ങളാൽ ചൊല്ലപ്പെടുന്ന സ്തുതികളാലും വദ്ധിക്കുന്നുവോ, ആ അവിടത്തെ പുതിയ ഐശ്വര്യസിദ്ധിയ്ക്കായി ഞാൻ യജ്ഞ ത്താൽ വരുത്തി അഭിമുഖനാക്കട്ടെ.

14 വിവേഷയന്മാധിഷണാജജാന
സ്തവൈപുരാപാര്യാദിന്ദ്രമഹ്നഃ
അംഹസോയത്രപീപരദ്യഥാനോ
നാവേവയാന്തമുഭയേഹവന്തേ

അന്വയം:—

യൽ ഇന്ദ്രം ധിഷണാ — യദാ ഇന്ദ്രം സ്തവാനീതി മദീയാബുദ്ധിഃ
മാ വിവേഷ — മാം വ്യാപ്നോൽ, തദാഹം സ്തോത്രം
ജജാന — കരോമി
(അഹം) പാര്യാൽ — പാരേഭവാൽ, അതിദൂരവത്തിനഃ വിഘ്നകാരിണഃ
അഹ്നഃ പുരാ സ്തവൈ — പൂർവ്വം സ്തവാനി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യത്ര നഃ അംഹസഃ — യസ്യധിഷണായാമേവ ജാതായാം സത്യാംസഃ ഇന്ദ്രഃ അസ്മാൻ പാപരൂപാൽ ദാരിദ്ര്യാൽ

യഥാ പീപരൽ — യഥാപാരം നയേൽ, തഥാ സ്വദ്വയപാർശ്വവർത്തി ധനാർത്ഥി നോജനാഃ

നാവാ-ഇവ യാന്തം — യഥാനദ്യാദിഷു നൌകയാ യാന്തം, ഗച്ഛന്തം പുരുഷം

ഉഭയേ ഹവന്തേ — ഉഭയേക്കുലവർത്തിനഃ ജനാഃ ആഹ്വയന്തി തദ്വൽ ആഹ്വയന്തി

അർത്ഥം-എപ്പോഴം ഇന്ദ്രനെ സ്തുതിക്കണമെന്ന ബുദ്ധി എന്നെ പ്രാപിപ്പിക്കുന്നുവോ, പ്രേരിപ്പിക്കുന്നുവോ അപ്പോഴം ഞാൻ സ്തോത്രമുണ്ടാക്കുന്നു. അകലെ കിടക്കുന്ന (വിഘ്ന കാരിയായ) പകലിന്നുമുമ്പു സ്തുതിക്കണം (വെളുപ്പാൻ കാല ത്തു് ബ്രാഹ്മമുഹൂർത്തത്തിലാണു് ഇതു് പറയുന്നതു്. പകൽ പിറന്നാൽ പല തടസ്ഥങ്ങളായി. ഏകാഗ്രതക്കും വിഘ്നമായി എന്നാശയം.) ബുദ്ധിയിൽ ഉളവായ പാപരൂപമായ ദാരിദ്ര്യ ത്തിൽ നിന്നു് ഇന്ദ്രൻെറ രണ്ടുപുറത്തും വർത്തിക്കുന്ന ധനാർത്ഥി കളായ ജനങ്ങളെ എപ്രകാരമായാൽ അവിടുന്നു് അക്കരക്കു് നയിക്കുമോ അപ്രകാരം, ഒരു തോണിയിൽ പോകുന്നവനെ ഇരുകരകളിലും നില്ക്കുന്നവർ 'എന്നേ കരകടത്തുക' എന്നു വിളിക്കുന്നപോലെ അവിടുത്തെ വിളിക്കുന്നു.

15 ആപൂർണ്ണോഅസ്യകലശസ്വാഹാ
സേക്തേവകോശംസിസിചേപിബദ്ധ്യൈ
സമുപ്രിയാ ആവവൃത്രന്മദായ
പ്രദക്ഷിണിദഭിസോമാസഇന്ദ്രം

അന്വയം:-

(ഹേ ഇന്ദ്ര) അസ്യ കലശഃ— തവപാനാർത്ഥം ദ്രോണകലശഃ സോമേന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആ–പൂർണ്ണഃ	— ആസമന്താൽപൂർണ്ണഃ
സ്വാഹാ	— സ്വാഹാകൃതഃ, ദത്തഃ സോമ സഹിതഃ കലശഃ
കോശം സേക്താ–ഇവ	— യഥാസേക്താ, സേചകഃ ജലപൂർണ്ണാൽ കോശാൽ, ദൃതേസ്സ കാശാൽ ജലംപാത്രാന്തരേ സിഞ്ചതിതദ്വൽ
പിബദ്ധ്യൈ സിസിചേ	— തംസോമം ചോദിതാധാരേ സിഞ്ചാമി
പ്രിയാഃ സോമാസഃ	— സ്വാദുഭൃതാഃ തുഭ്യംദത്താസ്തേ സോമാഃ
ഇന്ദ്രം (ത്വാം) അഭി	— അഭിലക്ഷ്യൈവ
മദായ പ്ര–ദക്ഷിണിൽ	— ഹർഷായ പ്രാദക്ഷിണ്യേന
സം ആ അവവൃത്രൻ ഉ	— സമ്യഗാവൃത്ത്യവർത്തന്താം ഖലു

അർത്ഥം–അല്ലയോ ഇന്ദ്ര, അവിടേയ്ക്കു കുടിക്കാനായി ദ്രോണകലശം (പാത്രം) സോമത്താൽ തികച്ചും നിറഞ്ഞിരിക്കുന്നു. സ്വാഹാ എന്നു ചൊല്ലി നല്കപ്പെട്ട ഈ സോമത്തോടു കൂടിയ പാത്രം, ഒരു നനക്കാരൻ വെള്ളം നിറച്ച ഒരു തോൽ കുടത്തിൽനിന്നു് മറെറാരു പാത്രത്തിലേയ്ക്കൊഴിക്കുന്നപോലെ, ഞാൻ (ആ സോമത്തെ) അവിടേയ്ക്കുവേണ്ടി നിശ്ചിത പാത്രത്തിൽ ഒഴിച്ചുതരുന്നു. സ്വാദേറിയവയും അവിടേയ്ക്കു നല്കപ്പെട്ടവയുമായ ആ സോമങ്ങൾ ഇന്ദ്രനായ അവിടുത്തെ ഉന്നം വെച്ചു്, ഹർഷത്തിന്നുവേണ്ടി പ്രദക്ഷിണമായി (അനുകൂലമായി) വേണ്ടപോലെ അവിടുത്തെ പ്രാപിക്കട്ടെ.

16 നത്വാഗഭീരഃപുരുഹൂതസിന്ധു

ന്ദ്രാദ്രയഃപരിഷന്തോവരന്ത

ഇത്ഥാസഖിഭ്യഇഷിതോയദിന്ദ്രാ

ദൃള്ഹംചിദരുജോഗവ്യമൂർവ്വം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ പുരു–ഹൂത, ഇന്ദ്ര,	—	ബഹുഭിരാഹൂതേന്ദ്ര
ഗഭീരഃ സിന്ധുഃ ത്വാ ന	—	സമുദ്രഃ ത്വാം ന വാരയന്തി
(തതഃ) പരി സന്തഃ		
അദ്രയഃ	—	പരിതോ വത്തമാനാ ശൈലാസ്ത്വാം
ന വരന്ത	—	നവാരയന്തി, കിന്തു ത്വാ മനുസൃത്യവത്തന്തേ
യൽ ഇത്ഥാ സഖി–ഭ്യഃ	—	യസ്മാൽ ഇതി, അനേന പ്രകാരേണ സഖിഭിദ്ദേവൈഃ
ഇഷിതഃ	—	പ്രാത്ഥിതസ്ത്വം
ദൃള്ഹം ചിൽ	—	അതിപ്രബലമപി
ഗവ്യം	—	ഗവിഭവം, അവടേ വത്തമാനം
ഊവ്വം ആ അരുജഃ	—	ഊവ്വാനലം സമ്യഗഭാങ്ക്ഷീഃ

അത്ഥം–സവ്വരാലും വിളിയ്ക്കപ്പെടുന്ന ഇന്ദ്ര, പെരിമയുററ കടൽ അവിടുത്തെ തടുക്കുന്നില്ല. നാലുപാടും നില്ക്കുന്ന മാമലകരം അവിടുത്തെ തടസ്ഥപ്പെടുത്തുന്നില്ല; നേരേമറിച്ച്, അവിടത്തെ അനുസരിച്ച് വത്തിയ്ക്കുന്നു. ദേവന്മാരാൽ ഇപ്രകാരം പ്രാത്ഥിയ്ക്കപ്പെടുന്ന അവിടുന്ന് അതിബലവാനെങ്കിലും (സമുദ്രത്തിൻെറ) അഗാധതയിൽ കിടക്കുന്ന ഔവ്വാഗ്നിയേയും ഭഞ്ജിക്കുന്നു, അടക്കുന്നു.

17 ശുനംഹുവേമമഘവാനമിന്ദ്ര
മസ്മിൻഭരേനൃതമംവാജസാതൌ
ശൃണ്വന്തമുഗ്രമൂതയേസമൽസു
ഘ്നന്തംവൃത്രാണിസംജിതംധനാനാം വ. 11

അന്വയം:—

(ഇതു് ഈ അധ്യായത്തിൽ നാലാം വഗ്ഗത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ടു്).

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വർഗ്ഗം—12–13–14 വിശ്വാമിത്രഃ ഋഷിഃ, നദ്യഃ ഋഷികാഃ, ത്രിഷ്ടുബനുഷ്ടുഭൌച്ഛന്ദസീ

1 പ്രപർവ്വതാനാമുശതീഉപസ്ഥാ

ദശ്വേഇവവിഷിതേഹാസമാനേ

ഗാവേവശുഭ്രേമാതരാരിഹാണേ

വിപാട്ഛുതുദ്രീപയസാജവേതേ

അന്വയം:—

പർവ്വതാനാം ഉപ–സ്ഥാൽ — ഗിരീണാമുൽസങ്ഗാന്നിർഗ്ഗത്യ
ഉശതീ — സമുദ്രഗമനം കാമയമാനേ
അശ്വേ–ഇവ വി–സിതേ — മന്ദുരാതോവിമുക്തേ ബഡവേ ഇവ
ഹാസമാനേ — അന്യോന്യം ജവേനസ്പർദ്ധമാനേ
(തഥാ) ഗാവാ–ഇവ ശുഭ്രേ — യഥാദ്വേഗാവൌ ശോഭമാനേ ഇവ വർത്തേതേ തദ്വൽ
(കിംച) മാതരാ
രിഹാണേ — മാതരൌ ധേനൂ വത്സം ജിഹ്വയാ ലേഢുമിച്ഛന്ത്യൌ ശീഘ്രം ഗച്ഛതഃ തദ്വൽ സമുദ്രം പ്രതി ജവാൽ ഗച്ഛന്ത്യൌ
പയസാ (സംയുക്തേ)
വി–പാട്, ശുതുദ്രീ — ഏതന്നാമകേ നദ്യൌ
പ്ര ജവേതേ — സമുദ്രം പ്രതിശീഘ്രം ഗച്ഛതഃ

അർത്ഥം—മലകളുടെ മടിയിൽനിന്ന് പുറപ്പെട്ടു് സമുദ്രത്തിലെത്താൻ കൊതിക്കുന്ന വിപാട്, ശുതുദ്രീ എന്ന പേരുകൾ പൂണ്ട രണ്ടു പുഴകൾ പന്തിയിൽനിന്ന് വിട്ട രണ്ടു പെൺകുതിരകൾ പോലെ ഗതിവേഗത്തിൽ സ്പർദ്ധിച്ചുകൊണ്ടും രണ്ടു നല്ല പശുക്കൾ പോലെ ശോഭിച്ചുകൊണ്ടും രണ്ടു തള്ളപ്പശുക്കൾ കുട്ടിയെ നക്കാനിച്ഛിച്ചു കുതിക്കുന്നപോലെയും വേഗത്തിൽ സമുദ്രത്തിന്നു നേരെ ഒഴുകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

2 ഇന്ദ്രേഷിതേപ്രസവംഭിക്ഷമാണേ

അച്ഛാസമുദ്രംരത്ഥ്യേവയാഥഃ

സമാരാണേഊമ്മിഭിഃപിന്വമാനേ

അന്യാവാമന്യാമപ്യേതിശുഭ്രേ

അന്വയം:—

(ഹേ നദ്യൌ,)

ഇന്ദ്ര–ഇഷിതേ	— ഇന്ദ്രേണ പ്രേഷിതേ
പ്ര–സവം ഭിക്ഷമാണേ	— തസ്യ അനുജ്ഞാം പ്രാത്ഥയമാനേ യുവാം
രത്ഥ്യാ–ഇവ	— യഥാരഥിനൌ ലക്ഷ്യം ദേശമഭിഗച്ഛതഃ തദ്വൽ
സം–ആരാണേ	— പരസ്പരം സങ്ഗച്ഛന്ത്യൌ
ഊമ്മി–ഭിഃ പിന്വമാനേ	— പരിസരപ്രദേശം സന്തപ്പയന്ത്യൌ
ശുഭ്രേ സമുദ്രം അച്ഛ യാഥഃ	— ശോഭമാനേ ആഭിമുഖ്യേന സമുദ്രം ഗച്ഛഥഃ
(തഥാ) വാം അന്യാ	— യുവയോമ്മധ്യേ ഏകാ
അന്യാം അപി ഏതി	— അപരാന്നദീമപി ഗച്ഛതി, പരസ്പരമൈക്യമാപദ്യതേ

അത്ഥം—അല്ലയോ നദികളേ, ഇന്ദ്രനാൽ പ്രേമിപ്പിക്കപ്പെട്ട്, അവിടത്തെ അനുജ്ഞയെ പ്രാത്ഥിക്കുന്ന നിങ്ങൾ, രണ്ടു തേരാളികൾ ലക്ഷ്യസ്ഥാനത്തിന്നു നേരേ പോകുന്നപോലെ, പരസ്പരം ചേന്നവരായി അലകളാൽ അടുത്തുള്ള പ്രദേശങ്ങൾക്ക് ഇമ്പമേകിക്കൊണ്ടു ശോഭമാനകളായി, സമുദ്രത്തിന്നു നേരേ കുതിക്കുന്നു. നിങ്ങളിൽ ഒരുവൾ മററവളെ പ്രാപിക്കുന്നു. പരസ്പരം ഐക്യമുണ്ടാക്കിയിരിക്കുന്നു.

3 അച്ഛാസിന്ധുംമാതൃതമാമയാസം

വിപാശമുവ്വീംസുഭഗാമഗന്മ

വത്സമിവമാതരാസംരിഹാണേ

സമാനംയോനിമനുസഞ്ചരന്തീ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:–

(ഹേ നദ്യൌ) മാതൃ–തമാം — അതിശയേനമാതരം
സിന്ധും അച്ഛ അയാസം — ശുതുദ്രീം ത്വാം ആഭിമുഖ്യേന
വിശ്വാമിത്രോഽഹം പ്രാപ്തഃ
ഉർവ്വീം സു–ഭഗാം
വി–പാശം അഗന്മ — ത്വാംവയം പ്രാപ്താസ്മഃ
മാതരാ വത്സം–ഇവ — മാതരൌദേവധേനൂവത്സമിവ
സം–രിഹാണേ — ജിഹ്വയാലേഢുമിച്ഛന്ത്യൌ
യഥാവത്സമുപഗച്ഛതസ്തദ്വൽ
സമാനം യോനിം — ഏകംസ്ഥാനം, സമുദ്രം
അനു സം–ചരന്തീ — സമ്യക്ചരന്ത്യൌയുവാം
അയാസിഷ്ടം

അർത്ഥം–അല്ലയോ നദികളേ, ഏറ്റവും മാതൃഭൂതയായ ശുതുദ്രിയായ നിന്നെ വിശ്വാമിത്രനായ ഞാൻ നേരെ പ്രാപിച്ചിരിക്കുന്നു. മഹതിയും സൌഭാഗ്യവതിയുമായ വിപാട്ടായ നിന്നെ പ്രാപിച്ചിരിക്കുന്നു. രണ്ടു തള്ളപ്പശുക്കൾ കുട്ടിയെ നാവാൽ നക്കാനിച്ഛിച്ച് പിന്നാലെപോകുന്നപോലെ നിങ്ങൾ ഒരേ സ്ഥാനത്തേയ്ക്കു, സമുദ്രത്തിലേയ്ക്ക് വേണ്ടപോലെ ഒഴുകിക്കൊണ്ടെത്തുന്നു.

4 ഏനാവയംപയസാപിന്വമാനാ
അനുയോനിംദേവകൃതംചരന്തീഃ
നവർത്തവേപ്രസവസ്സർഗ്ഗതക്തഃ
കിംയുർവ്വിപ്രോനദ്യോജോഹവീതി

അന്വയം:–

(ഏവം സ്തുതേ നദ്യൌ വിശ്വാമിത്രം പ്രത്യൂചതുഃ)
ഏനാ പയസാ
പിന്വമാനാഃ — സന്തർപ്പയന്ത്യഃ
ദേവ–കൃതം — ദേവേന, ഇന്ദ്രേണസന്ദിഷ്ടം
യോനിം അനു ചരന്തീഃ — സ്ഥാനം, സമുദ്രംഗച്ഛന്ത്യഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വയം (ആസ്മഹേ–ദ്വയോർബ്ബഹുവചനം പൂജാർത്ഥം)
(താസാമസ്മാകം)
സർഗ്ഗ–തക്തഃ — സർഗ്ഗേ, ഗമനേപ്രവൃത്തഃ
പ്ര–സവഃ ന വർത്തവേ — ഉദ്യോഗഃ നിവർത്തനായ ന ഭവതി
കിം–യുഃ വിപ്രഃ — കിമിച്ഛന്നസൌ ബ്രാഹ്മണഃ
നദ്യഃ (അസ്മാൻ)
ജോഹവീതി? — ഭൃശമാഹ്വയതി?

അർത്ഥം–(ഇപ്രകാരം സ്തുതിയ്ക്കപ്പെട്ട നദികൾ മറുപടി പറയുന്നു.) ഈ ജലത്താൽ (എല്ലാവർക്കും) ഇമ്പമിയററിക്കൊണ്ടു് ദേവനായ ഇന്ദ്രനാൽ നിർദ്ദേശിക്കപ്പെട്ട സമുദ്രത്തിലേക്കു് പോകുന്നവരാണു് ഞങ്ങൾ. ഗമിച്ചുകൊണ്ടിരിക്കുന്ന ഞങ്ങൾക്കു് പിന്തിരിയൽ എന്നതില്ല. എന്തിച്ഛിച്ചാണു് ബ്രാഹ്മണൻ (വിശ്വാമിത്രൻ) നദികളായ ഞങ്ങളെ ഉറപ്പിച്ചു് വിളിക്കുന്നതു്?

5 രമധ്വംമേവചസേസോമ്യായ
ഋതാവരീരുപമുഹൂർത്തമേവൈഃ
പ്രസിന്ധുമച്ഛാബൃഹതീമനീഷാ
വസ്യുരഹ്വേകുശികസ്യസൂനുഃ
വ. 12

അന്വയം:–

(വിശ്വാമിത്രോ നദീഃ പ്രതി ബ്രൂതേ)
ഹേ ഋത–വരീഃ, — ഉദകവത്യോനദ്യഃ, യൂയം
സോമ്യായ മേ — സോമസമ്പാദിനഃ വിശ്വാമിത്രസ്യ മമ
വചസേ — തദർത്ഥം
ഏവൈഃ — ശീഘ്രഗമനേഭ്യഃ (പഞ്ചമ്യർത്ഥേ തൃതീയാ)
മുഹൂർത്തം ഉപ രമധ്വം — മുഹൂർത്തമാത്രം ശീഘ്രഗമനാദുപരതാഭവത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(പുരോവത്തിനീം ശുതുദ്രീം ബ്രൂതേ)

കുശികസ്യ സൂനുഃ — രാജഷേഃ പുത്രോ വിശ്വാമിത്രോഹം

ബൃഹതീ മനീഷാ — മഹത്യാമനീഷയാ, സ്തുത്യാ

അവസ്യുഃ — ആത്മനോ രക്ഷണമിച്ഛൻ സൻ

സിന്ധും അച്ഛ പ്ര അഹ്വേ — ശുതുദ്രീം ത്വാം ആഭിമുഖ്യേന പ്രകർഷേണാഹ്വയാമി

അർത്ഥം–(വിശ്വാമിത്രൻ നദികളോട് പ്രതിവദിക്കുന്നു.) ജലവതികളായ നദികളേ, നിങ്ങൾ (യജ്ഞത്തിന്നുവേണ്ടി) സോമമൊരുക്കുന്ന വിശ്വാമിത്രനായ എന്റെ വാക്കിന്നുവേണ്ടി, അതായതു് എന്റെ വാക്ക കേൾക്കാനായി, ഗതിവേഗത്തിൽ നിന്നു് മുഹൂർത്തനേരത്തേയ്ക്കു മാത്രം വിരമിച്ചാലും. (മുമ്പിലൊഴുകുന്ന ശുതുദ്രിയോടായി പറയുന്നു.) കുശികനെന്ന രാജർഷിയുടെ മകൻ വിശ്വാമിത്രനായ ഞാൻ മഹിമയുററ സ്തുതിയാൽ സ്വന്തം രക്ഷണമിച്ഛിക്കുന്നവനായി, ശുതുദ്രിയായ നിന്നെ നേരേ വേണ്ടപോലെ വിളിക്കുന്നു.

6 ഇന്ദ്രോഅസ്മാംഅരദദ്വജ്രബാഹു

രപാഹന്വൃത്രംപരിധിംനദീനാം

ദേവോനയത്സവിതാസുപാണി

സ്തസ്യവയംപ്രസവേയാമഉർവ്വീഃ

അന്വയം:–

(നദ്യഃ പ്രത്യൂചുഃ)

(ഹേ വിശ്വാമിത്ര,)

വജ്ര–ബാഹുഃ ഇന്ദ്രഃ — വജ്രയുക്ത ഹസ്തഃ സഃ നദീഃ

അസ്മാൻ അരദത് — അഖനത്

നദീനാം — ശബ്ദകാരിണീനാമപാം

പരി–ധിം വൃത്രം — പരിതോനിഹിതം ഉദകമന്തഃ കൃത്വാവത്തമാനം മേഘം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അപ അഹൻ — ജഘാന, തസ്മിൻ ഹതേ ആപഃ പതിതാഃ താഭിർവ്വയം ഖാതാഃ

(ന കേവലമഖനൽ, കിന്തർഹി)

സവിതാ — സർവ്വസ്യ ജഗതഃ പ്രേരകഃ

സു-പാണിഃ — ശോഭനഹസ്തഃ, ഉൽപത്തി സ്ഥിതികർത്തൃത്വാൽ താദൃശഃ

ദേവഃ അനയൽ — ഇന്ദ്രഃ അസ്മാൻ അനയൽ, മേഘഭേദനം കൃത്വാ ഉദക പ്രേരണേന സമുദ്രമപൂരയൽ

തസ്യ പ്ര-സവേ — ഇന്ദ്രസ്യാനുജ്ഞായാം വർത്തമാനാഃ

ഉർവ്വീഃ വയം യാമഃ — ഉദകൈഃ പ്രഭൂതാവയംഗച്ഛാമഃ ന തവവചനാദുപരമാമഹേ

അർത്ഥം—(നദികൾ ഉത്തരം പറയുന്നു.) അല്ലയോ വിശ്വാമിത്ര, വജ്രായുധം കയ്യിലേന്തിയ ഇന്ദ്രനാണ് നദികളായ ഞങ്ങളെ കുഴിച്ചുണ്ടാക്കിയത്. ശബ്ദമുണ്ടാക്കുന്ന ജലങ്ങളെ ഉള്ളിലൊതുക്കിയ മേഘത്തെ അവിടുന്ന് പിളർന്നു. മേഘം പിളരപ്പെട്ടപ്പോൾ ജലങ്ങൾ താഴെവീണ് അവയാൽ ഞങ്ങൾ കുഴിക്കപ്പെട്ടു. (അവിടുന്ന് കുഴിക്കുക മാത്രമല്ല ചെയ്തത്.) ജഗത്തിൻെറ മുഴുവൻ പ്രേരകനും ഉൽപത്തിസ്ഥിതികർത്താവായി ശോഭനഹസ്തനും പ്രകാശമാനനുമായ ഇന്ദ്രനാണ് ഞങ്ങളെ നയിക്കുന്നത്; മേഘം പിളർന്നു ഞങ്ങളിലൂടെ വെള്ളം വിട്ട്, സമുദ്രം നിറച്ചു. ഇന്ദ്രൻെറ അനുജ്ഞയിൽ വർത്തിക്കുന്ന ജലപൂർണ്ണകളായ ഞങ്ങൾ അവിടത്തെ വാക്കിനാൽ വിരമിക്കുകയില്ല.

7 പ്രവാച്യം ശശ്വധാവീര്യ൹ന്ത
ദിന്ദ്രസ്യകർമ്മയദഹിംവിവൃശ്ചൽ
വിവജ്രേണപരിഷദോജഘാനാ
യന്നാപോയനമിച്ഛമാനാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

(യോയമിന്ദ്രഃ) അഹിം
വി–വൃശ്ചൽ — ഉദകപ്രേരണാത്ഥം മേഘം ജഘാനേതി
യൽ കമ്മ തൽ — ഇന്ദ്രസ്യവീര്യം
ശശ്വധാ പ്ര–വാച്യം — സവ്വദാപ്രകർഷേണവചനീയം
(തഥാസഃ ഇന്ദ്രഃ)
പരി–സദഃ — പരിതസ്സീദതഃ, ആസീനാൽ പ്രതിബന്ധകാരിണോസുരാൻ
വജ്രേണ വി ജഘാന — സ്വേനായുധേനഹതവാൻ
(അഥ) അയനം
ഇച്ഛമാനാഃ — സ്ഥാനമിച്ഛന്ത്യഃ
ആപഃ ആയൻ — യാന്തി

അത്ഥം—യാതൊരിന്ദ്രൻ ജലം പുറത്തുവിടാൻവേണ്ടി മേഘത്തെ പിളൎന്നു എന്നുള്ള യാതൊരു കമ്മമുണ്ടോ, ഇന്ദ്രൻെറ ആ വീരത എന്നും നന്നായി പുകഴ്ത്തപ്പെടേണ്ടതത്രേ. പിന്നെ ആ ഇന്ദ്രൻ ചുററും കൂടിയ പ്രതിബന്ധകാരികളായ അസുരന്മാരെ വജ്രത്താൽ മുറയ്ക്കു ഹനിച്ചു. തങ്ങൾക്കു ഒരു സ്ഥാനം (എത്തിവിശ്രമിയ്ക്കാനുള്ള ഇടം) ഇച്ഛിച്ചുകൊണ്ടാണ് ജലങ്ങൾ (സമുദ്രത്തിലേയ്ക്കു) ഒഴുകിപ്പോകുന്നതു്.

8 ഏതദ്വചോജരിതമ്മാപിമൃഷ്ഠാ
ആയത്തേഘോഷാനുത്തരായുഗാനി
ഉക്ഥേഷുകാരോപ്രതിനോജുഷസ്വ
മാനോനികഃ പുരുഷത്രാനമസ്തേ

അന്വയം:—

(നദ്യഃ ഇന്ദ്രസ്തോത്രം കൃത്വാ വിശ്വാമിത്രം പ്രത്യൂചുഃ)
ജരിതഃ, തേ — സ്തോതഃ, ഹേ വിശ്വാമിത്ര ത്വദീയം
യൽ വചഃ — സംവാദാത്മകം വചനം ത്വം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(നഃ) ആ ഘോഷാൻ	—	അഭീത്യാഭിമുഖ്യേന ഉൽഘോഷൻ വത്തസേ, തൽവചഃ
ഏതൽ മാ അപി മൃഷ്ഠാഃ	—	മാവിസ്മാഷീഃ
ഉൽ–തരാ യുഗാനി	—	ഉത്തരേഷു യുഗേഷു അഹസ്സു
ഉക്ഥേഷു, ഹേ കാരോ	—	ശസ്ത്രാണാം കത്ത്ഃ, ത്വം
നഃ പ്രതി ജുഷസ്വ	—	അസ്മാൻ സംവാദാത്മകേനതേന വാക്യേന പ്രതിസേവസ്വ
(ഇദാനീം) നഃ		
പുരുഷ–ത്രാ	—	അസ്മാൻ പുരുഷേഷു
മാ നി കഃ	—	ഉക്തിപ്രത്യുക്തിരൂപസംവാദേനേ നിതരാം പുംവൽപ്രഗത്ഭാ മാകാഷീഃ
തേ നമഃ	—	തുഭ്യം നമഃ

അത്ഥം–(നദികരം ഇന്ദ്രസ്തുതിചെയ്ത വിശ്വാമിത്രനോട് മറുപടി പറയുന്നു.) സ്തോതാവേ, വിശ്വാമിത്ര, സൗമ്യതയോടുകൂടിയ യാതൊരു വചനം അവിടുന്ന് ഞങ്ങളോട് പേടിയില്ലാതെ നേരെ ഘോഷിക്കുന്നുവോ, ആ വാക്ക് (ഞങ്ങളെ സ്തുതിച്ച വാക്ക്) വെറുതെയാക്കരുത്. വരാൻ പോകുന്ന കാലങ്ങളിൽ (യാഗങ്ങളിൽ) അല്ലയോ ശസ്ത്രകത്താവേ, അവിടുന്ന് ഉക്ഥങ്ങളിൽ ഞങ്ങളെ പ്രശംസാവാക്യത്താൽ സേവിച്ചാലും. ഇപ്പോരം പറയലും മറുപടിപറയലുമായി ഞങ്ങളെ ആളുകളുടെ കൂട്ടത്തിൽ പെടുത്തരുത്. (ആളുകളെപ്പോലെയാക്കരുത്) അവിടേയ്ക്കു നമസ്കാരം.

9 ഓഷുസ്വസാരഃകാരവേശൃണോത
യയൌവോദൂരാദനസാരഥേന
നിഷൂനമധ്വംഭവതാസുപാരാ
അധോഅക്ഷാസിന്ധവസ്രോത്യാഭിഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

(വിശ്വാമിത്രോനദീഃ പ്രത്യുവാച)

ഹേ സ്വസാരഃ,	
സിന്ധവഃ,	— ഭഗിന്യഃ, നദ്യഃ,
കാരവേ	— സ്തോത്രം കുർവ്വാണസ്യ മമവചനം
സു ഓ ശൃണോത	— സുഷ്ഠു ശൃണുതൈവ
അനസാ രഥേന ദൂരാൽ	— ദൂരാൽ വിപ്രകൃഷ്ടദേശാൽ ശകടേനസഹ
വഃ യയൌ	— യുഷ്മാൻ പ്രാപ്തോസ്മി
(യൂയം) സു നി നമധ്വം	— ആത്മനാസ്വയം പ്രഹ്വാഭവത
സു–പാരാഃ	— രഥാദീനാം തീരാൽസുഖേനാ വരോഹണാരോഹണേ യഥാസ്യാതാം തഥാശോഭനേ രോധസശ്ചഭവത
(കിംച യൂയം)	
സ്രോത്യാഭിഃ	— സ്രവണശീലാഭിരത്ഭിഃ
അധഃ–അക്ഷാഃ	— രഥാങ്ഗസ്യാക്ഷസ്യ അധസ്താൽ ഭവത

അർത്ഥം–(വിശ്വാമിത്രൻ നദികളോടു പറഞ്ഞു.) സഹോദരിമാരേ, നദികളേ, എന്റെ വാക്കു് നന്നായി കേൾക്കുക തന്നെ ചെയ്യാലും. വണ്ടിയിലും തേരിലുമായി ദൂരദിക്കിൽ നിന്നാണു് ഞാൻ നിങ്ങളെ പ്രാപിച്ചതു്. നിങ്ങൾ സ്വയം താഴ്മയുള്ളവരാകുക. തേർ മുതലായവസ്തു് കരയിൽ നിന്നു് ഇറങ്ങാനും കേറാനും പററിയ ഒഴുക്കുകളൊത്തവരാവുക. പിന്നെ നിങ്ങൾ ഒഴുകുന്ന ജലങ്ങളാൽ തേരിന്റെ അച്ചുതണ്ടിന്നു് താഴെ നില്ക്കുക.

10 ആതേകാരോശൃണവാമാവചാംസി

യയാഥദൂരാദനസാരഥേന

നിതേനംസൈപീപ്യാനേവയോഷാ

മര്യായേവകന്യാശശ്വചൈതേ വ 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:–

ഹേ കാരോ — സ്തോത്രം കുർവ്വാണ, വിശ്വാമിത്ര
തേ വചാംസി ആ
ശൃണവാമ — തവവാക്യാനിശൃണുമഃ, തവ സമീഹിതം പ്രയോജനം കുർമ്മഃ
അനസാ രഥേന യയാഥ — ച സഹ യയാഥ
(യതഃ) ദൂരാൽ — (ആഗതോസി, വയം ച)
തേ നി നംസൈ — നീചൈർന്നമാമ, രഥേനഗന്തും ഗാധോദകാഭവാമഃ
പീപ്യാനാ–ഇവ യോഷാ — പുത്രംസ്തനംപായയന്തീമാതാ യഥാപ്രഹ്വീഭവതി തഥാ
(യഥാ) കന്യാ
മര്യായ–ഇവ ശശ്വചൈ — മനുഷ്യായ, പിത്രേ പരിഷ്വജനായ നമ്രീഭവതിതദ്വച്ച
തേ — ത്വദർത്ഥം പ്രഹ്വീഭവാമഃ

അർത്ഥം–അല്ലയോ സ്തോതാവേ, വിശ്വാമിത്ര, അവിടുത്തെ വചനങ്ങൾ ഞങ്ങൾ കേൾക്കുന്നു, അവിടുത്തെ ഉപദേശം നിറവേററുന്നു. വണ്ടിയിലൂടെയും തേരിലൂടെയും അവിടുന്ന് യാത്രചെയ്തു. അവിടുന്ന് അകലേ നിന്നു വരുന്നവനാകയാൽ ഞങ്ങൾ താഴുന്നു, തേർ പോകാൻ തക്കവിധം ആഴം കുറഞ്ഞതായിത്തീരുന്നു. മകന്നു് മുലകൊടുക്കുന്ന അമ്മപോലെയും, അച്ഛന്നു് കെട്ടിപ്പുണരാൻ കന്യക എന്നപോലെയും ഞങ്ങൾ അവിടേയ്ക്കുവേണ്ടി താഴുന്നു.

11 യദംഗ് ത്വാഭരതാഃസന്തരേയു
ർഗ്ഗവ്യൻഗ്രാമഇഷിതഇന്ദ്രജൂതഃ
അർഷാദഹപ്രസവസ്സർഗ്ഗതക്ത
ആവോവൃണേസുമതിംയജ്ഞിയാനാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

(വിശ്വാമിത്രോനദീഃ പ്രത്യുവാച)

അങ്ഗ (ഹേ നദ്യഃ) യൽ—	യസ്മാൽ യുഷ്മാഭിരുത്തിതീഷോഃ മമോത്തരണമഭ്യനുജ്ഞാതം, തസ്മാൽ
ഭരതാഃ	— ഭരതകുലജാ മദീയാസ്സർവ്വേ
ത്വാ	— പരസ്പരമേകതാമാപന്നാം നദീംത്വാം
സം—തരേയുഃ	— സമ്യഗുത്തീർണ്ണാഭവേയുഃ
ഗവ്യൻ	— ഗാഃ, ഉദകാനി തരിതുമിച്ഛൻ
ഇഷിതഃ	— ത്വയാഭ്യനുജ്ഞാതഃ
ഇന്ദ്ര—ജൂതഃ	— യുഷ്മാകം പ്രവർത്തകേനേന്ദ്രേണ ച പ്രേരിതഃ
ഗ്രാമഃ അർഷാൽ	— ഭരതാനാം സങ്ഘസ്സന്തരേൽ
(യതഃ) സർഗ്ഗ—തക്തഃ	— ഗമനായ പ്രവൃത്തഃ
പ്ര—സവഃ അഹ	— തേഷാമുദ്യോഗഃ പൂർവ്വം യുഷ്മാഭിരനുജ്ഞാതഃ
(അഹംതു) യജ്ഞിയാനാം	
വഃ	— യജ്ഞാർഹാണാം യുഷ്മാകം
സു—മതിം ആ വൃണേ	— ശോഭനാം സ്തുതിംസർവ്വതസ്സംഭജേ

അർത്ഥം—(വിശ്വാമിത്രൻ നദികളോടു പറഞ്ഞു.) അല്ലയോ നദികളേ, പുഴകടക്കാനിച്ഛിക്കുന്ന എനിക്കു് അതിന്നനുജ്ഞ തന്നതുകൊണ്ടു് ഭരതകുലജാതന്മാരായ ഞങ്ങളെല്ലാം, അന്യോന്യം ചേർന്നു ഒന്നായ നിങ്ങളെ വേണ്ടപോലെ കടക്കാവൂ. ജലങ്ങൾക്കപ്പുറമെത്താനിച്ഛിച്ച് നിങ്ങളാൽ അനുവദിക്കപ്പെട്ടു്, നിങ്ങളെ പ്രവൃത്തിപ്പിക്കുന്ന ഇന്ദ്രനാലും പ്രേരിപ്പിക്കപ്പെട്ടു, ഭരതന്മാരുടെ (ഞങ്ങളുടെ) സംഘം അക്കരെ പററാവൂ. അവരുടെ പുഴ കടക്കാനുള്ള ഉദ്യമം നിങ്ങളാൽ മുമ്പു സമ്മതിക്കപ്പെട്ടതിനാൽ, യജ്ഞാർഹകളായ നിങ്ങൾക്കു് ഞാൻ ശോഭനസ്തുതി ചൊല്ലുന്നു. (അല്ലങ്കിൽ നിങ്ങളുടെ അനുഗ്രഹാത്മികയായ ബുദ്ധിയെ വരിക്കുന്നു.)

12 അതാരിഷുർഭരതാഗവ്യവസ്സ

മഭക്തവിപ്രസ്സുമതിംനദീനാം

പ്രപിന്വധ്വമിഷയന്തീസ്സുരാധാ

ആവക്ഷണാഃ പൃണധ്വംയാതശീഭം

*15

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:–

ഗവ്യവഃ ഭരതാഃ — ഗാഃ ആത്മന ഇച്ഛന്തഃ ഭരതകുലജാസ്സർവ്വേ
അതാരിഷുഃ — താം നദീം സമതരൻ
വിപ്രഃ നദീനാം
സു–മതിം — വിശ്വാമിത്രഃ നദീനാം സ്തുതിം
സം അഭക്ത — സമഭജത
("യൂയം തു യഥാപൂർവ്വം)
ഇഷയന്തീഃ — കുല്യാദിദ്വാരാ അന്നം കുർവ്വാണാഃ അത ഏവ
സു–രാധാഃ — ശോഭനധനോപേതാഃ
വക്ഷണാഃ പ്ര പിന്വധ്വം — കൃത്രിമസരിതഃ, കുല്യാഃ പ്രകർഷേണ തർപ്പയത
ആ പൃണധ്വം — സർവ്വതഃ, പൂരയത ച
ശീഭം യാത — ശീഘ്രം ഗച്ഛത''

അർത്ഥം–പശുക്കളെ ഇഷ്ടപ്പെടുന്ന (കൂടെ പശുക്കളൊത്ത) ഭരതകുലക്കാരെല്ലാം ആ പുഴ കടന്നു. വിശ്വാമിത്രൻ നദികൾക്ക് സ്തുതിചൊല്ലി. 'നിങ്ങൾ മുമ്പത്തെപ്പോലെ തോടുകളിലൂടെ അററമുണ്ടാക്കി, (ചെറുതോടുകളാകുന്ന അററങ്ങളോടുകൂടി), അതുകൊണ്ടുതന്നെ ഐശ്വര്യവതികളായി, കൈത്തോടുകളെയും നിറച്ച് എങ്ങും നിറവ്വിയററുക. വേഗം പൊയ്ക്കൊള്ളുക.'

13 ഉദ്വ ഊർമ്മിശ്ശമ്മ്യാഹ
ന്ത്വാപോയോക്ത്രാണിമുഞ്ചത
മാദുഷ്കൃതൌവ്യേനസാ
ഘ്ന്യൌശൂനമാരതാം വ. 14

അന്വയം:–

(ഹേ നദ്യഃ,) വഃ ഊർമ്മിഃ
ശമ്മ്യാഃ — യുഷ്മാകം തരംഗഃ യുഗ്യകണ്ഠപാശ്വാദി സംലഗ്നാരജ്ജവഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉൽ ഹന്തു — ഊർധ്വം യഥാ ഭവതി തഥാ ഗച്ഛന്തു, സതരങ്ങ്ഗോരജ്ജു നാമധോഗച്ഛതു

(തഥാ) ഹേ ആപഃ (യൂയം)

യോക്ത്രാണി — താ രജ്ജ്ജുഃ

മുഞ്ചത — യഥാനസ്പൃശന്തിതഥായാന്തു

വി-ഏനസാ — വിഗതപാപേ

അദുഃ-കൃതൌ — കല്ല്യാണകമ്മകാരിണ്യൌ

അഘ്ന്ല്യൌ — അഘ്ല്യ ന കേനാപിതിരസ്ക രണീയേവിപാട്ഛുതുദ്ര്യൌ

ശുനം മാ ആ അരതാം — സമൃദ്ധിം ആഗച്ഛതാം

അത്ഥം-അല്ലയോ നദികളേ, നിങ്ങളുടെ അലകാം പശു ക്കളുടെ കഴുത്തിലും ഇരുപുറങ്ങളിലും കെട്ടിയ കയറുകാം മേലെ നില്ക്കുന്നവിധം പോകട്ടെ. അതായത് കയറുകാംക്ക് താഴെ പോകട്ടെ. പിന്നെ ജലങ്ങളേ, നിങ്ങാം ആ കയറുകളെ തൊ ടാതെപോകട്ടെ. പാപം തീണ്ടാത്ത മംഗളകമ്മകാരിണികളാ യ ആ അഘ്ല്യകാം, അല്ലയോ വിപാട് ശുതുദ്രിക്കളേ, സമൃദ്ധി യെ എനിക്കുണ്ടാക്കട്ടെ. (അഘ്ല്യ, ആരാലും ഹനിക്കപ്പെടരു താത്തവാം, പശുവിന്നു് അഘ്ല്യ എന്ന പേർ വേദത്തിലെങ്ങും കാണാം.)

വർഗ്ഗം 15-16 ത്രിഷ്ടുപ്ഛന്ദഃ

1 ഇന്ദ്രഃ പൂർഭിദാതിരദ്ദാസമക്കൈ

ർവ്വിദദ്വസുർദ്ദയമാനോവിശത്രൂൻ

ബ്രഹ്മജൂതസ്തന്വാവാവൃധാനോ

ഭൂരിദാത്ര ആപൃണദ്രോദസീഉഭേ

അന്വയം:-

(വിശ്വാമിത്രസ്സ്തൌതി)

പൂഃ-ഭിൽ — അസുരപുരാംഭേത്താ, അതഏവ

വിദൽ-വസുഃ — വേദയത്ഭിഃ സ്വമഹിമപ്രഖ്യാപ കൈഃ വസുഭിര്യുക്തഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശത്രൂൻ വി ദയമാനഃ — അസുരാൻ വിശേഷേണ ഹിംസൻ

ഇന്ദ്രഃ ദാസം — വാസരം (ദാസ്യതേ അനേനേതി)

അക്തൈഃ — അച്ഛനീയൈസ്വതേജോഭിഃ

ആ അതിരൽ — സമന്താൽ അവദ്ധയൽ (ഇന്ദ്രസ്യ സൂര്യാത്മകത്വാൽ)

(കിംച) ബ്രഹ്മ—ജൂതഃ — ബ്രഹ്മണാ, ജഗൽ സ്രഷ്ട്രാ പ്രേരിതഃ

തന്വാ വവൃധാനഃ — സ്വശരീരേണ വർദ്ധമാനഃ

ഭൂരി_ദാത്രഃ — ബഹുവിധായുധോപേതഃ ഇന്ദ്രഃ

ഉഭേ രോദസീ ആ അപൃണൽ — ദ്യാവാപൃഥിവ്യൌ സർവ്വതോ തർപ്പയൽ

അർത്ഥം-അസുര നഗരങ്ങളെ പിളക്കുന്നവനും അതുകൊണ്ടു തന്നെ മഹത്വം വിളിച്ചുപറയുന്ന ധനങ്ങളോടുകൂടിയവനും ശത്രുക്കളായ അസുരന്മാരെ ഹിംസിക്കുന്നവനുമായ ഇന്ദ്രൻ പകലിനെ പൂജ്യങ്ങളായ സ്വതേജസ്സുകളാൽ എമ്പാടും വളർത്തി പുഷ്ടിപ്പെടുത്തി. (ഇന്ദ്രൻ സൂര്യരൂപനാകയാൽ ചൈത്രമാസത്തിലെ സൂര്യൻ ഇന്ദ്രനെന്നു് സ്മൃതി. മററു മാസങ്ങൾക്കും മററു പതിനൊന്നാദിത്യന്മാരുണ്ടു്.) പിന്നെ സ്രഷ്ടാവായ ബ്രഹ്മാവിനാൽ പ്രേരിതനും ബഹുവിധായുധങ്ങളൊത്തവനുമായ ഇന്ദ്രൻ ദ്യാവാപൃഥിവികൾ രണ്ടുപേരെയും എല്ലാവിധത്തിലും സന്തോഷിപ്പിച്ചു.

2 മഖസ്യതേതവിഷസ്യപ്രജൂതി

മിയർമ്മിവാചമമൃതായഭൂഷൻ

ഇന്ദ്രക്ഷിതീനാമസിമാനുഷീണാം

വിശാംദൈവീനാമുതപൂർവ്വയാവാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ ഇന്ദ്ര, ഭൂഷൻ	— ത്വാമലങ്കുർവ്വന്നഹം
മഖസ്യ തവിഷസ്യ തേ	— മഹനീയസ്യ ബലവതഃ തവ
ശ്രുതിം വാചം	— മനസാ പ്രേരിതാം സ്തുതി രൂപാം വാചം
അമൃതായ	— അമൃതപാനാർത്ഥം
പ്ര ഇയർമ്മി	— പ്രകർഷേണോച്ചാരയാമി
(ത്വം) മാനുഷീണാം	
ക്ഷിതീനാം	— മനോർജ്ജാതാനാം മനുഷ്യാണാം
ഉത ദൈവീനാം വിശാം	— ദേവസംബന്ധിനീനാം പ്രജാനാം
പൂർവ്വ-യാവാ അസി	— അഗ്രതോഗന്താ ഭവസി

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടത്തെ (സ്തുതികളെ കൊണ്ടു്) അലങ്കരിക്കുന്ന ഞാൻ മഹാനും ബലവാനുമായ അവിടേയ്ക്കു് മനസ്സിലുദിച്ച സ്തുതിരൂപമായ വചനം അമൃത പാനത്തിന്നുവേണ്ടി (അമൃതം പാനം ചെയ്വാനും അതുവഴി അമരത്വ സിദ്ധിക്കും വേണ്ടി) നന്നായി ഉച്ചരിക്കുന്നു. അവി ടുന്നു് മനുസന്തതികളായ മനുഷ്യരുടെയും ദേവസംബന്ധിനി കളായ പ്രജകളുടെയും മുമ്പിൽ നടക്കുന്നവനാകുന്നു.

3 ഇന്ദ്രോവൃത്രമവൃണോച്ഛർദ്ധനീതിഃ
പ്രമായിനാമമിനാദ്വർപ്പണീതിഃ
അഹന്വ്യംസമുശധഗ്വനേ
ഷ്വാവിർദ്ധേനാഅകൃണോദ്രാമ്മ്യാണാം

അന്വയം:—

ശർദ്ധ-നീതിഃ	— ശർദ്ധം പ്രവൃദ്ധം, നീതിഃ കർമ്മയസ്യസഃ
ഇന്ദ്രഃ വൃത്രം അവൃണോൽ	— അസുരം ബലേനാരുധൽ
വർപ്പ-നീതിഃ	— യുദ്ധേ പരപ്രഹാരാണാം നിവാരക കർമ്മാ ഇന്ദ്രഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായിനാം — മായിനോസുരാൻ
(ദ്വിതീയാർത്ഥേ ഷഷ്ഠീ)
പ്ര അമിനാൽ — പ്രകർഷേണാവധീൽ,
ഉശധക് — ശത്രുവധം കാമയമാന ഇന്ദ്രഃ
വനേഷു വി–അംസം
അഹൻ — ഗൂഢചാരിണമസുരം വിഗതാം
സംയഥാ ഭവതി തഥാ ജഘാന
(അഥ തസ്മിൻ രാത്രി ചരേ ഗവാം അപഹർത്തരിഹതേ)
രാമ്മ്യാണാം — സ്ത്രീഭിസ്സഹരമണം, ക്രീഡാം
അഹ്ന്തീതി രാമ്യാഃ രാത്രയഃ
താസാം രാത്രീണാമന്തസ്ഥിതാഃ
ധേനാഃ ആവിഃ
അകൃണോൽ — ഗാഃ പ്രകടാ അകരോൽ

അർത്ഥം–പ്രവൃദ്ധകർമ്മാവായ ഇന്ദ്രൻ വൃത്രാസുരനെ ബല ത്താൽ തടഞ്ഞു. യുദ്ധത്തിൽ ശത്രുക്കളുടെ പ്രഹാരങ്ങളെ തട കുന്ന ഇന്ദ്രൻ മായാവികളായ അസുരന്മാരെ വേണ്ടപോലെ വധിച്ചു. ശത്രുവധമിച്ഛിച്ച ഇന്ദ്രൻ ഗൂഢമായി രാത്രിയിൽ നടന്ന അസുരനെ തോളറുത്തുകൊന്നു. പശുക്കളെ അപഹരിച്ച ആ അസുരൻ കൊല്ലപ്പെട്ടപ്പോൾ, രാത്രികളുടെ നിഗൂഢതക ളിൽ (ഇരുട്ടിൽ) പെട്ട പശുക്കളെ പുറത്തുകൊണ്ടുവന്നു. (സ്തോ താക്കളുടെ സ്തുതികൾ പുറത്തുകൊണ്ടുവന്നു എന്നർത്ഥം)

4 ഇന്ദ്രസ്വർഷാജനയന്നഹാനി
ജിഗായോശിഗ്ഭിഃപൃതനാഅഭിഷ്ടിഃ
പ്രാരോചയന്മനവേകേതുമഹ്നാ
മവിന്ദജ്ജ്യോതിർബൃഹതേരണായ

അന്വയം:–
സ്വഃ–സാഃ ഇന്ദ്രഃ — സ്വർഗ്ഗപ്രദഃ ഇന്ദ്രഃ സ്വതേജോഭിഃ
അഹാനി ജനയൻ — ദിവസാന്യകരോൽ
ഉശിക്–ഭിഃ — യുദ്ധം കാമയമാനൈ
രങ്ഗിരോഭിസ്സഹ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പൃതനാഃ അഭിഷ്ടീഃ — പരകീയാസ്സേനാഃ അഭിഭാവുകസ്സൻ
ജിഗായ (ശത്രുവധാനന്തരം) — ശത്രൂൻ അജൈഷീൽ
മനവേ — മനുഷ്യായ, കമ്മകർത്രേ യജമാനായ
അഹ്നാം കേതും — പ്രജ്ഞാപകം സൂര്യം
പ്ര അരോചയൽ — തമോരൂപാസുരവധാൽ പ്രകർഷേണാദീപയൽ
(തതഃ) ബൃഹതേ രണായ — മഹതേ യുദ്ധപ്രകാശനായ
ജ്യോതിഃ അവിന്ദൽ — പ്രകാശമലഭത

അത്ഥം—സ്വർഗ്ഗദാതാവായ ഇന്ദ്രൻ സ്വതേജസ്സുകളാൽ പകലുകളെ ഉണ്ടാക്കി. (നഷ്ടപ്പെട്ട പശുക്കളെ കിട്ടാനും മററു് ഉപദ്രവനിവൃത്തിക്കും വേണ്ടി) യുദ്ധത്തിന്നുന്നായ അംഗിരസ്സുകളോടുകൂടി ശത്രുസേനകളെ കീഴടക്കി, അവിടുന്നു ജയിച്ചു. ശത്രുജയത്തിന്നുശേഷം കമ്മകത്താവായ യജമാനന്നുവേണ്ടി, പകലിൻെറ കൊടിയായ സൂര്യനെ പ്രകാശിപ്പിച്ചു, തമസ്സാകുന്ന (അജ്ഞാനമാകുന്ന) അസുരബലത്തെ നശിപ്പിച്ചു് തേജസ്സിനെ(ജ്ഞാനത്തെ) പ്രകാശിപ്പിച്ചു. (അസുരരാക്ഷസാദികളെ വധിച്ചു എന്നും മററും വേദത്തിലുടനീളം കാണുന്നതിനു് അജ്ഞാനതമസ്സിനെ ഹനിച്ചു് ജ്ഞാനതേജസ്സു സ്ഥാപിച്ചു എന്നു പറയുന്നതു് ശരിയാവും.) പിന്നെ യുദ്ധപ്രകാശനത്തിന്നായി (ഇരുട്ടു്, തമസ്സു്, അജ്ഞാനം-അതുമായുള്ള യുദ്ധം യമനിയമ തപോരൂപകമ്മത്തെ പ്രകാശിപ്പിക്കാനായി, വളത്തുവാനായി) ജ്യോതിസ്സു്, പ്രകാശം (ആത്മപ്രകാശം) നേടി.

5 ഇന്ദ്രസ്തുജോബഹ്ണാആവിവേശ
നൃവദ്ദധാനോനര്യാപുരൂണി
അചേതയദ്ധിയഇമാജരിത്രേ
പ്രേമംവണ്ണമതിരച്ഛുക്രമാസാം വ. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

(സഃ താദൃശഃ) ഇന്ദ്രഃ തുജഃ

ബർഹണാഃ — (യുദ്ധോത്സാഹേന വർദ്ധമാനാഃ ബാധികാഃ പരകീയാസ്സേനാഃ

പുരൂണി നര്യാ — ബഹൂനി യുദ്ധനയനകാരിണാം ധനാനി

ദധാനഃ — പ്രയച്ഛൻ

നൃ-വൽ ആ വിവേശ — മനുഷ്യവൽ പ്രാവിശൽ

(സഃ ഇന്ദ്രഃ) ജരിത്രേ

ഇമാഃ ധിയഃ — സ്തോത്രേ ഉഷസഃ

അചേതയൽ — അജ്ഞാപയൽ

(അഥ) ആസാം ഇമം

ശുക്രം വർണ്ണം — ഉഷസാം പ്രകാശേന യുക്തം വർണ്ണം

പ്ര അതിരൽ — സ്വതേജസാ പ്രകർഷേണ വർദ്ധയതി

അർത്ഥം—അപ്രകാരമുള്ള ആ ഇന്ദ്രൻ യുദ്ധോത്സാഹത്താൽ വർദ്ധിച്ച്, ബാധിക്കുന്ന ശത്രുസേനകളെ, പടയാളികളെ നയിക്കുന്നവർക്ക് ധാരാളം ധനം നല്കി, മനുഷ്യനെന്നപോലെ അടുത്തു. ആ ഇന്ദ്രൻ സ്തോതാവിന്നു് ധ്യാനിക്കാനുതകിയ ഉഷസ്സുകളെ ഉൽബോധിപ്പിച്ചു. (ഉഷഃകാലത്തു് അവരെ ഉണർത്തി.) ഉഷസ്സുകളുടെ ഈ വെൺമയെ അവിടുന്നു് സ്വതേജസ്സുകൊണ്ടു് നന്നായി വർദ്ധിപ്പിക്കുന്നു. (ഇവിടെയും സൂര്യരൂപനായ ഇന്ദ്രനെ പറയുന്നു.)

6 മഹോമഹാനിപനയന്ത്യസ്യേ
ന്ദ്രസ്യകർമ്മസുകൃതാപുരൂണി
വൃജനേനവൃജിനാന്ത്സംപിപേഷ
മായാഭിർദ്ദസ്യൂരഭിഭൂത്യോജാഃ

അന്വയം:—

മഹഃ അസ്യ ഇന്ദ്രസ്യ — മഹതസ്സസ്യ

മഹാനി, പുരൂണി — മഹനീയാനി ബഹൂനി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സു-കൃതാ കർമ്മ — സുഷ്ഠുകൃതാനി വൃത്രവധാദീനി കർമ്മാണി
(സർവ്വേ) പനയന്തി — സ്തുവന്തി
(സഃ) വൃജനേന
വൃജിനാൻ — ബലേന പാപരൂപാനസുരാൻ
സം പിപേഷ — സമ്യക് ചൂർണ്ണീചകാര,
(തഥാ) അഭിഭൂതി-ഓജാഃ — ശത്രൂണാമഭിഭവസമർത്ഥം ബലം യസ്യസഃ
ദസ്യൂൻ മായാഭിഃ — കപടൈഃ സംപിപേഷ

അർത്ഥം-മഹാനായ ഇന്ദ്രന്റെ വൃത്രവധം മുതലായ മഹനീയങ്ങളും അസംഖ്യങ്ങളും നന്നായി ചെയ്യപ്പെട്ടവയുമായ കർമ്മങ്ങളെ എല്ലാവരും സ്തുതിക്കുന്നു. അവിടുന്ന് സ്വബലത്താൽ പാപരൂപരായ അസുരന്മാരെ വേണ്ടപോലെ പൊടിപൊടിയാക്കി. അതുപോലെ ശത്രുജയത്തിന്നുററ ഓജസ്സോടുകൂടി ദസ്യുക്കളെ കപടങ്ങളാൽ ഒടുക്കി. (ഇവിടെയും പാപരൂപരായ അസുരന്മാർ എന്നു പറഞ്ഞതുകൊണ്ടു് അസുരസങ്കല്പം പാപത്തെസ്സംബന്ധിച്ചാണെന്നും ഉപാസകരുടെ ആ പാപത്തെ, കാമക്രോധാദിജന്യങ്ങളായ വിചാരവാഗ്വൃത്തികളെയാണ നശിപ്പിക്കുന്നതെന്നും വ്യക്തമാണ്. മായാഭിഃ എന്നതിന്ന് അജ്ഞാനങ്ങളാൽ എന്നും അർത്ഥം പറയണം. തമോരൂപരായ, അജ്ഞാനരൂപരായ ശത്രുക്കളെ തേജോരൂപമായ, ജ്ഞാനരൂപമായ ബലത്താൽ നിഹനിച്ചു. തമസ്സും പാപവും ഒന്നുതന്നെ. തമസ്സിന്റെ ഫലമാണ് പാപം എന്നും പറയാം.)

7 യുധേന്ദ്രോമഹ്നാവരിവശ്ചകാര
ദേവേഭ്യസ്സൽപതിശ്ചർഷണിപ്രാഃ
വിവസ്വതസ്സദനേ അസ്യതാനി
വിപ്രാഉക്ഥേഭിഃ കവയോഗൃണന്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

സൽ-പതിഃ	—	സതാം ദേവാനാം പതിഃ
ചഷ്ണി-പ്രാഃ	—	ചർഷണീനാം, മനുഷ്യാണാം അപേക്ഷിത ഫലപ്രദാനേന കാമപൂരകഃ
(സഃ) ഇന്ദ്രഃ മഹനാ യുധാ	—	മഹതായുദ്ധേന
വരിവഃ ദേവേഭ്യഃ		
ചകാര	—	ധനം സ്തോതൃഭ്യഃ ദത്തവാൻ
വിപ്രാഃ കവയഃ	—	മേധാവിനസ്തോതാരഃ
വിവസ്വതഃ സദനേ	—	വിശേഷേണാഗ്നിഹോത്രാദി കർമ്മാർത്ഥേവസതോയജമാനസ്യ ഗൃഹേ
അസ്യ താനി	—	ഇന്ദ്രസ്യവൃത്രഹനനബഹു പ്രദാനാദീനികർമ്മാണി
ഉക്ഥേഭിഃ ഗൃണന്തി	—	സ്തോത്രൈസ്തുവന്തി

അർത്ഥം-സത്തുക്കളായ ദേവന്മാരുടെ നാഥനും മനുഷ്യക്ക് അർത്ഥിച്ച ഫലം കൊടുത്ത് അഭിലാഷം പൂരിപ്പിക്കുന്നവനുമായ ആ ഇന്ദ്രൻ പെരുതായ പോരിനാൽ (നേടിയ) ധനം സ്തോതാക്കൾക്ക് കൊടുത്തു. മേധാവികളായ സ്തോതാക്കൾ, അഗ്നിഹോത്രാദി കർമ്മത്തിന്നുവേണ്ടി വസിക്കുന്ന യജമാനന്റെ ഗൃഹത്തിൽ, ഇന്ദ്രനെ, അവിടുത്തെ വൃത്രഹനനം, അഭീഷ്ടദാനം മുതലായ കർമ്മങ്ങളെ, സ്തോത്രങ്ങളാൽ സ്തുതിച്ചരുളുന്നു.

8 സത്രാസാഹംവരേണ്യം സഹോദാം
സസവാംസം സ്വരപശ്ച ദേവീഃ
സസാനയഃ പൃഥിവീം ദ്യാമുതേമാ
മിന്ദ്രംമദന്ത്യനുധീരണാസഃ

അന്വയം:—

ധീ-രണാസഃ	—	ധിയാ, സ്തുത്യാരണയന്തഃ (രമയന്തഃ), സ്തോതാരഃ രണാവാക്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സത്രാ–സഹം — മഹതോവൃത്രാദേരഭിഭവിതാരം
(അത ഏവ) വരേണ്യം — സവ്വൈവ്വരണീയം
സഹഃ–ദാം — ദുബ്ബലസ്യാത്ഥിനോ ബലപ്രദം
ദേവീഃ അപഃ — ദേവനശീലാഃ അപഃ
സ്വഃ ച സസ–വാംസം — സ്വർല്ലോകം ച സംഭജമാനം
ഇന്ദ്രം അനു മദന്തി — ഹൃഷ്യന്തി
യഃ (ഇന്ദ്രഃ) പൃഥിവീം
ഉത ദ്യാം — ഭുവം ദിവം ച
ഇമാം — ഇമമന്തരിക്ഷ ലോകം ച, ഏതാൻ ത്രീൻ ലോകാൻ
സസാന — തത്തല്ലോകവാസിഭ്യഃ ദദൌ, തമനുമദന്തി

അത്ഥം–സ്തുതികൊണ്ടു് സന്തോഷിപ്പിക്കുന്ന സ്തോതാക്കളെ, വൃത്രാദികളുടെ ജേതാവും അതുകൊണ്ടുതന്നെ ഏവക്കും വരണീയനും ദുർബ്ബലരായ അത്ഥികരംകു് ബലമേകുന്നവനും പ്രകാശിക്കുന്ന ജലങ്ങളെയും സ്വർഗ്ഗലോകത്തെയും പ്രാപിക്കുന്ന വനുമായ ഇന്ദ്രനെ സന്തോഷിപ്പിക്കുന്നു. യാതൊരിന്ദ്രൻ ഭുവിനെയും ദ്യോവിനെയും അന്തരിക്ഷലോകത്തെയും (മൂന്നു ലോകങ്ങളെയും) അതാതിടങ്ങളിൽ വസിക്കുന്നവക്കു് കൊടുത്തുവോ, ആ അവിടുത്തെ സന്തോഷിപ്പിക്കുന്നു.

9 സസാനാത്യാ്ഉതസൂര്യംസസാനേ
ന്ദ്രസ്സസാനപുരുഭോജസംഗാം
ഹിരണ്യയമുതഭോഗംസസാന
ഹത്വീദസ്യൂൻപ്രാര്യംവണ്ണമാവൽ

അന്വയം:–

(സഃ) ഇന്ദ്രഃ അത്യാൻ
സസാന — അശ്വാൻ യുദ്ധാത്ഥം മരുത്ഭ്യോ ദദൌ
(പ്രാണിനാം വ്യവഹാര നിവ്വാഹായ തഥാ അഗ്നിഹോത്രാദി സിദ്ധ്യത്ഥം തേഭ്യഃ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉത സൂര്യം സസാന	—	ജഗൽ പ്രകാശമാദിത്യം ദദൌ
പുരു–ഭോജസം	—	പുരുഭിഃ സർവൈർജ്ജനൈഃ ക്ഷീരാദിദ്വാരേണോപഭുജ്യതേ ഇതി പുരുഭോജാഃ, ക്ഷീരാദി ബഹുവിധാന്നോപേതാം
ഗാം സസാന	—	പശും തേഭ്യഃ ദദൌ
ഉത ഹിരണ്യയം ഭോഗം	—	സുവർണ്ണമയം ധനം
സസാന	—	അർത്ഥിഭ്യോദദൌ
(തതഃ)ദസ്യൂൻ ഹത്വീ	—	ബാധകാനസുരാൻ ഹത്വാ
ആര്യം വർണ്ണം പ്ര ആവൽ	—	ത്രൈവർണ്ണികം യഥാ ന കർമ്മ വിഘ്നോഭവേൽ തഥാ പാലയൽ

അർത്ഥം–ആ ഇന്ദ്രൻ മരുത്തുക്കൾക്കു യുദ്ധത്തിന്നായി കുതിരകളെ കൊടുത്തു. പ്രാണികളുടെ വ്യവഹാരങ്ങൾ നിർവ്വഹിപ്പാനും അഗ്നിഹോത്രാദി കർമ്മങ്ങളുടെ സിദ്ധിയ്ക്കും വേണ്ടി സൂര്യനെ കൊടുത്തു. ജനങ്ങൾക്കു പാൽ മുതലായവ ഭുജിക്കാൻ പലവിധം അന്നങ്ങൾക്കും മൂലമായ പശുവിനെ അവർക്കു കൊടുത്തു. അർത്ഥികൾക്കു സ്വർണ്ണമയമായ ധനം കൊടുത്തു. പിന്നെ ബാധകരായ അസുരന്മാരെ കൊന്നു്, ആര്യവർണ്ണത്തെ (ആര്യന്മാരുടെ വർഗ്ഗത്തെ) കർമ്മവിഘ്നം വരാത്തവിധം ആ വർഗ്ഗത്തിലെ ബ്രാഹ്മണക്ഷത്രിയവൈശ്യന്മാരായ ത്രൈവർണ്ണികന്മാരെ വേണ്ടപോലെ പാലിച്ചു. (ആര്യവർണ്ണം എന്നേ മൂലത്തിലുള്ളു. ത്രൈവർണ്ണികമെന്ന വിശേഷണം സായണാചാര്യരുടെ വ്യാഖ്യാനമാണു്. വൈദിക കാലത്തു് ചാതുർവ്വർണ്യങ്ങൾ ജന്മപ്രഭവങ്ങളായി ഉണ്ടായിരുന്നുവോ എന്നതു് വിവാദവിഷയമാണു്. ആര്യവർഗ്ഗം അല്ലെങ്കിൽ കർമ്മപ്രഭവമായ ത്രൈവർണ്ണികം എന്നു പറയുന്നതാവും കൂടുതൽ യുക്തമെന്നു തോന്നുന്നു.)

10 ഇന്ദ്രഓഷധീരസനോദഹാനി
വനസ്പതീംരസനോദന്തരിക്ഷം
ബിഭേദവലംനുനുദേവിവാചോ
ഥാഭവേദ്ദമിതാഭിക്രതൂനാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

(താദൃശഃ) ഇന്ദ്രഃ ഓഷധീഃ

അസനോൽ	— പക്വഫലസംയുക്താഃ തൃണ ഗുൽമാദികാഃ പ്രാണിനാമുപ ഭോഗാത്ഥം പ്രാദാൽ
(തഥാ) അഹാനി	— ദിവസാംശ്ച, ആയുഷ്പരിക്ല പ്ത്യത്ഥം പ്രായച്ഛൽ
(കിംച) വനസ്പതീൻ	
അസനോൽ	— യജ്ഞാത്ഥം ഖദിരപലാശാദി ലക്ഷണാൻ വൃക്ഷാൻ പ്രാദാൽ
അന്തരിക്ഷം	— സഞ്ചാരാത്ഥം പ്രാദാൽ
(തഥാ) വലം ബിഭേദ	— മേഘം ഉദകപ്രേരണാത്ഥ മഭിദൽ,
വി—വാചഃ	— വിരുദ്ധവാചഃ, പ്രതികൂലാനസുരാൻ
നനുദേ	— പ്രാണിനാം രക്ഷാത്ഥം ബബാധേ
അഥ അഭി—ക്രതൂനാം	— ആഭിമുഖ്യേന യുദ്ധാത്ഥം കമ്മയേഷാം തേഷാം, ബലീയസാം ശത്രൂണാം
ദമിതാ അഭവൽ	— ഉപശമയിതാഭൂൽ

(ഏവം ഹിതകരണാഹിത പരിഹാരാഭ്യാം സവ്വാഃ പ്രജാഃ പാലയതിസ്മ)

അത്ഥം—അപ്രകാരമുള്ള ഇന്ദ്രൻ, പഴുത്ത ഫലങ്ങളോടു കൂടിയ പുൽച്ചെടികരം മുതലായവയെ, സസ്യാദികളെ, ജീവികരംക്ക് അനുഭവത്തിന്നായി കൊടുത്തു. ആയുസ്സിൻെറ അളവറിയാൻ ദിവസങ്ങളെയും കൊടുത്തു. യജ്ഞനിവ്വഹണത്തിന്നായി കരിങ്ങാലി, പിലാശ് മുതലായ വൃക്ഷങ്ങളെ കൊടുത്തു. സഞ്ചരിക്കാനായി അന്തരിക്ഷം കൊടുത്തു. (ഭൂമിക്കു മേലുള്ളതെല്ലാം അന്തരിക്ഷമാണല്ലൊ. അതിൽക്കൂടെ വേണമല്ലൊ എല്ലാ പ്രാണികരംക്കും ചരിക്കാൻ) വെള്ളത്തെ വിടുവാൻ വേണ്ടി മേഘത്തെ പിളന്നു. എതിരുരിയാടുന്ന, പ്രതികൂലരായ അസുരന്മാരെ പ്രാണികളുടെ രക്ഷക്കായി ബാധിച്ചു. നേരെ യുദ്ധത്തിന്നുവന്ന ശത്രുക്കളെ അടക്കുന്നവനായി ഭവിച്ചു. ഇപ്രകാരം ഹിതം ചെയ്തും അഹിതം തടഞ്ഞും എല്ലാവരേയും പാലിച്ചു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

11 ശുനംഹുവേമമഘവാനമിന്ദ്ര
മസ്മിൻഭരേനൃതമംവാജസാതൌ
ശൃണ്വന്തമുഗ്രമൂതയേസമൽസു
ഘ്നന്തംവൃത്രാണിസംജിതംധനാനാം വ 16

അന്വയം:—

(ഇതു് ഈ അധ്യായത്തിൽ നാലാം വർഗ്ഗത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ടു്.)

വർഗ്ഗം 17–18

1 തിഷ്ഠാഹരീരഥആയുജ്യമാനാ
യാഹിവായുർന്നനിയുതോനോഅച്ഛ
പിബാസ്യന്ധോഅഭിസൃഷ്ടോഅസ്മേ
ഇന്ദ്രസ്വാഹാരരിമാതേമദായ

അന്വയം:—

(വിശ്വാമിത്രസ്സ്തൌതി)

ഹേ ഇന്ദ്ര, രഥേ

യുജ്യമാനാ ഹരീ — സംയുജ്യമാനാവശ്വൌ അഭിലക്ഷ്യകഞ്ചിൽ കാലം

വായുഃ ന നി–യുതഃ

ആ തിഷ്ഠ — യഥാ വായുഃ രഥേ നിയുജ്യമാനാഃ നിയുതഃ, ബഡവാഃ അഭിലക്ഷ്യ കഞ്ചിൽ കാലം തിഷ്ഠതി തദ്വൽ അവസ്ഥാനം കുരു

(അഥരഥാരൂഢസ്സൻ)

നഃ അച്ഛ യാഹി — അസ്മാനഭിലക്ഷ്യ ശീഘ്രമാഗച്ഛ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(ആഗത്യ ച) അസ്മേ
അഭി–സൃഷ്ടഃ — അസ്മാഭിരനുജ്ഞാതഃ
(ത്വം) അന്ധഃ പിബാസി — സോമാന്നം പിബ
സ്വാഹാ — ദത്തശ്ചായം സോമഃ
(വയം) തേ മദായ രരിമ — തവഹർഷായ സ്വാഹാകൃതമിമം സോമം ദദാമ

അർത്ഥം–(വിശ്വാമിത്രൻ സ്തുതിക്കുന്നു.) അല്പയോ ഇന്ദ്ര, വായു തേരിൽ പൂട്ടിയ നിയുത്തുക്കളെന്ന പെൺകുതിരകളെ അഭിമുഖീകരിച്ച് കുറച്ചുനേരം നില്ക്കുന്നപോലെ, അവിടുന്ന് ഹരികളെന്ന കുതിരകൾക്ക് നേരെ നോക്കി കുറച്ചു നിന്നാലും– അതായത് ഹരികളെ പൂട്ടി തേരിലേറിവന്നാലും. തേരിലേറിയ അവിടുന്ന് ഞങ്ങൾക്ക് നേരെ വന്നാലും. വന്നിട്ട്, ഞങ്ങളാൽ അനുജ്ഞാതനായി, ക്ഷണിക്കപ്പെട്ടവനായി, സോമാന്നം കുടിച്ചാലും. സ്വാഹാകാര (ശബ്ദ) ത്തോടുകൂടി ഈ സോമത്തെ ഞങ്ങൾ തന്നുകൊള്ളുന്നു.

2 ഉപാജിരാപുരുഹൂതായസപ്തീ
ഹരീരഥസ്യ ധൂർഷ്വായുനജ്മി
ദ്രവദ്യഥാസംഭൃതംവിശ്വതശ്ചി
ദുപേമംയജ്ഞമാവഹാതഇന്ദ്രം

അന്വയം;–

(ഹേ ഇന്ദ്ര,)
പുരു–ഹൂതായ — ബഹുഭിര്യജമാനൈ രാഹൂതായ തുഭ്യം
അജിരാ സപ്തീ ഹരീ — ശീഘ്രഗമനശീലൌ, സർപ്പണ ശീലൌ ഹരിനാമകാശ്വൌ
രഥസ്യ ധൂഃ–സു — യുഗപ്രാന്തേഷു
ദ്രവൽ യഥാ — സരഥഃ യഥാ ഗച്ഛേൽ തഥാ
ഉപ ആ യുനജ്മി — അഹം യോജയാമി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിശ്വതഃ ചിൽ സം–ഭൃതം — സർവ്വതഃ യജ്ഞസംഭാരൈ സ്സമ്പൂർണ്ണം
ഇമം യജ്ഞം (പ്രതി) ഇന്ദ്രം (ത്വാം)
ഉപ ആ വഹാതഃ — താവശ്വൗ സമ്യക് വഹതാം

അർത്ഥം–അല്ലയോ ഇന്ദ്ര, വളരെ യജമാനന്മാരാൽ വിളിക്കപ്പെടുന്ന അവിടേക്കായി വേഗവത്തുക്കളും ഓട്ടമിടുക്കുള്ളവയുമായ ഹരികളെന്ന കുതിരകളെ തേരിൻെറ നുകത്തലകളിൽ (പക്കങ്ങളിൽ) തേർ പോകാൻ പാകത്തിൽ അയവോടുകൂടി ഞാൻ പൂട്ടുന്നു. എല്ലാ വിധത്തിലുമുള്ള യജ്ഞസംഭാരങ്ങളാൽ പൂർണ്ണമായ ഈ യാഗത്തെ ഉദ്ദേശിച്ച് ആ കുതിരകൾ ഇന്ദ്രനായ അവിടുത്തെ വേണ്ടപോലെ നയിക്കട്ടെ.

3 ഉപോ നയസ്വ വൃഷണാ തപുഷ്പോ
തേമവ ത്വം വൃഷഭ സ്വധാവഃ
ഗ്രസേതാമശ്വാ വി മുചേഹ ശോണാ
ദിവേദിവേ സദൃശീരദ്ധി ധാനാഃ

അന്വയം:–

ഹേ വൃഷഭ, സ്വധാ–വഃ — കാമവർഷക, അന്നവൻ,
വൃഷണാ — സേചനസമർത്ഥൗ
തപുഃ–പാ — താപകേഭ്യഃ, ശത്രുഭ്യഃ രക്ഷകാവശ്വൗ
ഉപോ നയസ്വ — അസ്മൽ സമീപം പ്രാപയ
ഉത ത്വം ഈം അവ — അപി ച ഏനം യജമാനം പാലയ
ശോണാ അശ്വാ ഇഹ വി മുച — ശോണവർണ്ണാവശ്വൗ വിമുഞ്ച
(വിമുക്തൗ തൗ)
ഗ്രസേതാം — വിഘസം ഭക്ഷയതാം
(ത്വം തു) സ–ദൃശീഃ ധാനാഃ — ഏകരൂപാൻ ഭൃഷ്ടയവാൻ
ദിവേ–ദിവേ അദ്ധി — ദിവസം പ്രതി ഭക്ഷയ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം—കാമവഷീതാവും അന്നവാനുമായ ഇന്ദ്ര, യുവത്വ മുററവയും ചൂടേല്പിക്കുന്ന, കഷ്ടപ്പെടുത്തുന്ന ശത്രുക്കളിൽ നിന്നു് രക്ഷിയ്ക്കുന്നവയുമായ ഹരികളെന്ന കുതിരകളെ ഞങ്ങൾക്കുടത്ത ണഷ്ലാലും. കൂടാതെ, അവിടുന്നു് ഈ യജമാനനെ പാലിച്ചാലും. (ഓടിത്തളന്ന്) ചുകപ്പുനിറമുററ കുതിരകളെ ഇവിടെ അഴിച്ചുവിട്ടുകൊള്ളുക. വിടപ്പെട്ട അവ പുല്ലുണ്ടകൾ ഭക്ഷിയ്ക്കട്ടെ. അവിടുന്നാകട്ടെ, ഒരേ രൂപത്തിലുള്ള വറുത്ത യവം (അവിൽ) ദിവസം പ്രതി അവയെ തീററിയാലും.

4 ബ്രഹ്മണാതേബ്രഹ്മയുജായുനജ്മി

ഹരീസഖായാസധമാദആശു

സ്ഥിരംരഥംസുഖമിന്ദ്രാധിതിഷ്ഠൻ

പ്രജാനൻവിദ്വാഉപയാഹിസോമം

അന്വയം:—

ഹേ ഇന്ദ്ര, ബ്രഹ്മ—യുജാ	—	ബ്രഹ്മണാ, മന്ത്രേണ യോക്തവ്യൌ
സധ—മാദേ	—	മാദഃ യുദ്ധം, സഹമാദഃ തസ്മിൻ
സഖായാ	—	സമാനപ്രസിദ്ധൌ അത ഏവ
ആശു തേ ഹരീ	—	ക്ഷിപ്രഗമനൌ തവാശ്വൌ
ബ്രഹ്മണാ യുനജ്മി	—	സ്തോത്രേണ രഥേ സംയോജ്യാമി
സ്ഥിരം സു—ഖം രഥം	—	ദൃഢം സുഷ്ഠുദ്വാരം രഥം
അധി—തിഷ്ഠൻ	—	ആരൂഢഃ
പ്ര—ജാനൻ, വിദ്വാൻ	—	അസ്മാൻ പ്രകഷേ്ണജാനൻ, യജ്ഞാനാം വേദിതാത്വം
സോമം ഉപ യാഹി	—	സോമപാനാത്ഥമാഗച്ഛ

അത്ഥം—അല്ലയോ ഇന്ദ്ര, മന്ത്രത്താൽ തേരിൽ പൂട്ടത്തക്കവയും യുദ്ധത്തിൽ തുല്യപ്രസിദ്ധിയാന്നവയും ഗതിവേഗമുററവയുമായ അവിടുത്തെ ഹരികളെന്ന കുതിരകളെ (ഇവിടെ ഇരുന്നു്) സ്തോത്രത്താൽ ഞാൻ തേരിൽ പൂട്ടുന്നു. ഉറപ്പുള്ളതും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചെറുദ്വാരങ്ങളുള്ളതുമായ തേരിൽ കയറി, ഞങ്ങളെ നന്നായറിയുന്നവനും യജ്ഞവിധികളിൽ പണ്ഡിതനുമായ അവിടുന്ന് സോമപാനത്തിന്നായി വന്നുചേർന്നാലും.

5 മാതേഹരീവൃഷണാവീതപൃഷ്ഠാ
നിരീരമൻയജമാനാസോഅന്യേ
അത്യായാഹിശശ്വതോവയംതേ
രംസുതേഭിഃകൃണവാമസോമൈഃ വ 17

അന്വയം:—

(ഹേ ഇന്ദ്ര,) വൃഷണാ	—	കാമാനാം സേചകൌ
വീത– പൃഷ്ഠാ തേ ഹരീ	—	കമനീയപൃഷ്ഠഭാഗൌ തവാശ്വൌ
അന്യേ യജമാനാസഃ	—	അസ്മദന്യേ യജമാനാഃ
മാ നി രീരമൻ	—	മാഹർഷയൻ
വയം (തു) സുതേഭിഃ		
സോമൈഃ	—	അഭിഷുതൈ സ്സോമൈഃ
തേ അരം കൃണവാമ	—	പര്യാപ്തം, യഥാ തവതൃപ്തി ഭ്വതി തഥാകുർമ്മഃ
(ത്വം തു) അതി–		
ആയാഹി ശശ്വതഃ	—	ബഹൂനന്യാനതിക്രമ്യ സോമപാനാർത്ഥം ശീഘ്രമാഗച്ഛ

അർത്ഥം—അല്ലയോ ഇന്ദ്ര, കാമം വർഷിക്കുന്നവയും ഭംഗിയുള്ള മുതുകോടു കൂടിയവയുമായ അവിടുത്തെ ഹരികളെന്ന അശ്വങ്ങളെ ഞങ്ങളിൽനിന്നന്യന്മാരായ യജമാനന്മാർ ഹർഷിപ്പിക്കരുത്. ഞങ്ങൾ സംസ്കരിച്ച സോമങ്ങളാൽ, അവിടേക്കു തൃപ്തിയാവോളം വിഭവമൊരുക്കുന്നു. അവിടുന്നാകട്ടെ മററു വളരെ യജമാനന്മാരെ കവച്ച് സോമപാനത്തിന്നായി ഇവിടെ വേഗം വന്നാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

6 തവായംസോമസ്ത്വമേഹ്യർവ്വാ

ങ്ശശ്വത്തമംസുമനാഅസ്യപാഹി

അസ്മിൻയജ്ഞേബർഹിഷ്യാനിഷദ്യാ

ദധിഷ്വേമംജഠരഇന്ദുമിന്ദ്ര

അന്വയം:-

ഹേ ഇന്ദ്ര, അയം സോമഃ

തവ	— ത്വദർത്ഥമഭിഷുതഃ
ത്വം അർവ്വാങ് ആ ഇഹി	— സോമാഭിമുഖ്യേനായാഹി
(ആഗത്യ ച) സു-മനാഃ	— ശോഭനമനസ്സോഭൂത്വാ
അസ്യ ശശ്വൽ-തമം	
പാഹി	— ഇമംസോമം ബഹുതമംപിബ
ബർഹിഷി അസ്മിൻ	
യജ്ഞേ നി-സദ്യ	— പ്രവൃദ്ധേ അസ്മിൻയജ്ഞേ ഉപവിശ്യ
ഇന്ദും ഇമം ജഠരേ	— ക്ലേദനശീലമിമംസോമമുദരേ
ആ ദധിഷ്വ	— ധാരയ, യഥാനാഭേരധസ്താൽ ന ഗച്ഛതിതഥാ

അർത്ഥം—അല്ലയോ ഇന്ദ്ര, ഈ സോമം അവിടേയ്ക്കുവേണ്ടി സംസ്കരിച്ചതാണ്. അവിടുന്ന് സോമത്തിന്നു നേരെ വന്നാലും. വന്നിട്ട് സന്മനസ്സനായി ഈ സോമത്തെ ധാരാളം കുടിച്ചാലും. സമൃദ്ധമായ ഈ യജ്ഞത്തിൽ ഇരുന്ന് നനവിയററുന്ന ഈ സോമം വയററിൽ, പൊക്കിളിന്റെ താഴെ പോകാത്ത വിധം, ഉറക്കൊണ്ടാലും.

7 സ്തീർണ്ണംതേബർഹിസ്സുതഇന്ദ്രസോമഃ

കൃതാധാനാഅത്തവേതേഹരിഭ്യാം

തദോകസേപുരുശാകായവൃഷ്ണേ

മരുത്വതേതുഭ്യംരാതാഹവീംഷി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:–

ഹേ ഇന്ദ്ര, തേ ബർഹിഃ		
സ്തീർണ്ണം	—	തവോപവേശനാർത്ഥം വിസ്തൃതം
(തഥാ) സോമഃ സുതഃ	—	ത്വദർത്ഥമഭിഷുതഃ
തേ ഹരി–ഭ്യാം അത്തവേ	—	ഭക്ഷണാർത്ഥം
ധാനാഃ കൃതാഃ	—	ഭൃഷ്ടയവാസ്സമ്പാദിതാഃ
തൽ–ഓകസേ	—	തൽ, ബർഹിഃ ഓകഃ, നിലയോ യസ്യ തസ്മൈ
പുരു–ശാകായ	—	ബഹുഭിസ്സത്യായ
വൃഷ്ണേ	—	കാമാനാം വർഷിത്രേ
മരുത്വതേ	—	മരുത്ഭിരുപേതായ (മരുതഃ ദേവ വിശഃ)
തുഭ്യം ഹവീംഷി രാതാ	—	ആജ്യസോമാദീനി അസ്മാഭി ർദ്ദത്താനി, താനി സേവസ്വ

അർത്ഥം–അല്ലയോ ഇന്ദ്ര, അവിടേയ്ക്കിരിക്കാനായി ദർഭപ്പുൽ വിരിച്ചിരിക്കുന്നു. അതുപോലെ അവിടെയ്ക്കുവേണ്ടി സോമം സംസ്കരിച്ചിരിക്കുന്നു. അവിടുത്തെ ഹരികളെന്ന കതിരകൾക്ക് തീററയ്ക്കായി യവത്തിൻെറ അവിൽ ഒരുക്കിയിരിക്കുന്നു. ദർഭപ്പുൽ വിരിപ്പാകുന്ന ഇരിപ്പിടത്തോടുകൂടിയവനും വളരെപ്പേരാൽ പുകഴ്ത്തപ്പെടുന്നവനും കാമവർഷിതാവും ദേവപ്രജകളായ മരുത്തുക്കളൊത്തവനുമായ അവിടെയ്ക്കായി, നെയ്, സോമം മുതലായ ഹവിസ്സുകൾ ഞങ്ങളാൽ നല്കപ്പെട്ടിരിക്കുന്നു. അവയെ സ്വീകരിച്ചാലും.

8 ഇമംനരഃപർവ്വതാസ്തുഭ്യമാപ
സ്സമിന്ദ്രഗോഭിർമ്മധുമന്തമക്രൻ
തസ്യാഗത്യാസുമനാഋഷ്വപാഹി
പ്രജാനൻവിദ്വാൻപഥ്യാ ऽ ऽ അനുസ്വാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ ഇന്ദ്ര, നരഃ	— കർമ്മണാം നേതാരഃ അധ്വര്യ്വാദയഃ
പർവ്വതാഃ, ആപഃ	— ഗ്രാവാണഃ ഉദകാനി ചൈതേ സർവ്വേസംഭൃയ
തുഭ്യം ഇമം ഗോഭിഃ	— ഇമം സോമം പയോഭിഃ
മധു—മന്തം സം അക്രൻ	— മാധുര്യോപേതം സമ്യഗാകർഷുഃ
ഹേ ഋഷ്വ,	— ദർശനീയേന്ദ്ര
സു—മനാഃ, വിദ്വാൻ	— ശോഭനമനസ്കഃ കർമ്മാഭിജ്ഞഃ
സ്വാഃ പഥ്യാഃ	— സ്വകീയാഃ വൈദികേപഥി സാധുഭൂതാഃ സ്തുതീഃ
അനു പ്ര—ജാനൻ	— അനുക്രമേണ പ്രകർഷേണ ജാനംസ്ത്വം
ആ—ഗത്യ തസ്യ പാഹി	— ഇമമഭിഷുതം സോമം പിബ

അർത്ഥം—അല്ലയോ ഇന്ദ്ര, കർമ്മനേതാക്കളായ അധ്വര്യു മുതലായവർ പിടികല്ലും, വെള്ളങ്ങളും മുതലായവ കൂട്ടി അവിടേക്കു ഈ സോമം പാൽ ചേർത്തു വേണ്ടപോലെ മധുരമായി ഉണ്ടാക്കിയിരിക്കുന്നു. അല്ലയോ ദർശനീയ, സുമനസ്സനും കർമ്മാഭിജ്ഞനും വൈദികമാർഗ്ഗത്തിലുള്ള നല്ല സ്തുതികളെ ക്രമമായി നന്നായറിയുന്നവനുമായ അവിടുന്നുവന്നു് ഈ സംസ്കരിച്ച സോമം പാനം ചെയ്താലും.

9 യാഁആഭജോമരുതഇന്ദ്രസോമേ
യേത്വാമവർദ്ധന്നഭവൻഗണസ്തേ
തേഭിരേതംസജോഷാവാവശാനോ൨ ൨
ഗ്നേഃപിബജിഹ്വയാസോമമിന്ദ്ര

അന്വയം:—

ഹേ ഇന്ദ്ര, യാൻ മരുതഃ	
സോമേ	— സോമപാന വിഷയേ
ആ അഭജഃ	— സമഭാവയഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യേ ത്വാം അവർദ്ധൻ — യുദ്ധേ പ്രോത്സാഹോല്ലാദനേന വർദ്ധയൻ
(യേച) തേ ഗണാഃ
അഭവൻ — തവസഹായാ അഭ്രവൻ
തേഭിഃ സ–ജോഷാഃ — തൈമ്മരുത്ഭിസ്സങ്ഗതസ്സൻ
ഏതം വാവശാനഃ — സോമം കാമയമാനസ്ത്വം
ഹേ ഇന്ദ്ര, (ത്വം) സോമം
അഗ്നേഃ ജിഹ്വയാ പിബ — ആഹുത്യധികരണ ഭൂതസ്യാഹവനീയസ്യ ജിഹ്വയാ പിബ

അർത്ഥം–അല്ലയോ ഇന്ദ്ര, മരുത്തുക്കളേവരെ സോമപാന വിഷയത്തിൽ അവിടുന്നു് കൂട്ടിയോ, ഏവർ യുദ്ധത്തിൽ പ്രോത്സാഹനം നൽകി അവിടുത്തെ വർദ്ധിപ്പിച്ചുവോ ഏവർ അവിടുത്തെ സഹായികളായി ഭവിച്ചുവോ. അവരോടു ചേർന്നവനായി, ഈ സോമം ഇഷ്ടപ്പെടുന്നവനായി, ഹോമസ്ഥാന ഭൂതനായ ആഹവനീയാഗ്നിയുടെ നാവിനാൽ കുടിച്ചാലും.

10 ഇന്ദ്രപിബസ്വധയാചിൽസുതസ്യാ
ഗ്നേർവ്വാപാഹിജിഹ്വയായജത്ര
അധ്വര്യോർവ്വാപ്രയതംശക്രഹസ്താ
ദ്ധോതുർവ്വായജ്ഞംഹവിഷോജുഷസ്വ

അന്വയം:–

ഹേ ഇന്ദ്ര, സ്വധയാ ചിൽ — സ്വാത്മാനംദധാതി, പോഷയതീതിസ്വധാബലം, തേന ചിൽ
സുതസ്യ പിബ — അഭിഷുതം സോമം പിബ
ഹേ യജത്ര, അഗ്നേഃ
ജിഹ്വയാ വാ — യഷ്ടവ്യ, ജ്വാലാരൂപയാ ജിഹ്വയാ വാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(ആഹുതം സോമം)
പാഹി — പിബ
ഹേ ശക്ര, അധ്വര്യോഃ
ഹസ്താൽ വാ പ്ര–യതം — ദാതുമുപക്രാന്തംസോമം പിബ
(അഥവാ) ഹോതുഃ വാ
യജ്ഞം — യജനീയം വഷട്കാരോപേതം
ഹവിഷഃ ജുഷസ്വ — ഹവിർഭാഗം സേവസ്വ
(സർവ്വഥാപി ത്വമത്രാഗത്യ അസ്മാഭിർദ്ദീയമാനം സോമം പിബ)

അർത്ഥം–അല്ലയോ ഇന്ദ്ര, ബലംകൊണ്ട് (നേടി) ചതച്ച സംസ്കരിച്ച സോമത്തെ പാനം ചെയ്താലും. അല്ലയോ യജനീയനായ ഇന്ദ്ര, അഗ്നിയുടെ ജ്വാലാരൂപമായ നാവിൽക്കൂടെയോ, അധ്വര്യുവിൻെറ കയ്യിൽ നിന്നോ, സോമം കുടിച്ചാലും. അല്ലങ്കിൽ ഹോതാവിൻെറ വഷൾക്കാരത്തോടുകൂടിയ ഹവിസ്സിൻെറ ഭാഗം സ്വീകരിച്ചാലും. ഏതുവിധവും ഇവിടെ വന്ന് ഞങ്ങളാൽ നല്കപ്പെടുന്ന സോമമുൾക്കൊണ്ടാലും.

11 ശുനംഹുവേമമഘവാനമിന്ദ്ര
മസ്മിൻഭരേനൃതമംവാജസാതൌ
ശൃണ്വന്തമുഗ്രമൂതയേസമൽസു
ഘ്നന്തംവൃത്രാണിസംജിതംധനാനാം വ 18

അന്വയം:–
ഇത് ഈ അധ്യായത്തിൽ നാലാം വർഗ്ഗത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ട്.

വർഗ്ഗം—19—20

1 ഇമാമൂഷുപ്രഭൃതിംസാതയേധാ
ശ്ശശ്വച്ഛശ്വദൂതിഭിര്യാദമാനഃ
സുതേസുതേവാവൃധേവർദ്ധനേഭി
ര്യഃകർമ്മഭിർമ്മഹദ്ഭിസ്സുശ്രുതോഭൂൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

(വിശ്വാമിത്ര ഇന്ദ്രം സ്തൗതി)

യഃ മഹൽ-ഭിഃ കർമ്മ-ഭിഃ	— അസുരവധമേഘഭേദനാദി ലക്ഷണൈഃ വ്യാപാരൈഃ
സു-ശ്രുതഃ ഭൂൽ	— ലോകപ്രസിദ്ധോഭൂൽ
സുതേ-സുതേ	— സോമേ അഭിഷുതേ സതി സഃ ഇന്ദ്രഃ
വർദ്ധനേഭിഃ	— വർദ്ധനകാരിഭിഃ സോമാജ്യാദി ഭിഃ ഹവിർഭിഃ
വവൃധേ	— വർദ്ധതേ
(ഹേ ഇന്ദ്ര) ഊതി-ഭിഃ	— മരുദ്ഭിഃ
ശശ്വൽ-ശശ്വൽ	
യാദമാനഃ	— സർവ്വദാസങ്ഗതിം യാചമാനഃ സഃ ത്വം
പ്ര-ഭൃതിം ഇമാം	— യജ്ഞാർത്ഥമിമം സോമം
സാതയേ സു ധാഃ ഉ	— അസ്മാകം ധനലാഭാർത്ഥം സുഷ്ഠുസമ്പാദയൈവ

അർത്ഥം-ഏവൻ അസുരവധം, മേഘഭേദനം മുതലായ മഹത്തുക്കളായ കർമ്മങ്ങളാൽ ലോകത്തിൽ പ്രസിദ്ധനായോ, ആ ഇന്ദ്രൻ സോമം സംസ്കരിക്കവേ, വൃദ്ധികരങ്ങളായ നൈ, സോമം മുതലായ ഹവിസ്സുകളാൽ വർദ്ധിക്കുന്നു. അല്ലയോ ഇന്ദ്ര, മരുത്തുക്കളോടുകൂടി എപ്പോഴും ചേർച്ചയിച്ഛിക്കുന്ന അവിടുന്നു് യജ്ഞാർത്ഥമായ ഈ സോമം ഞങ്ങൾക്കു് ഐശ്വര്യസിദ്ധിക്കായി വേണ്ടപോലെ എടുത്താലും.

2 ഇന്ദ്രായസോമാഃപ്രദിവോവിദാനാ

ഋഭുരേഭിർവൃഷപർവ്വാവിഹായാഃ

പ്രയമ്യമാനാൻപ്രതിഷൂഗ്ഭായേ

ന്ദ്രപിബവൃഷധൂതസ്യവൃഷ്ണഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഇന്ദ്രായ (തുഭ്യം) സോമാഃ

പ്ര–ദിവഃ വിദാനാഃ	—	പ്രഗതേഷു, പൂർവ്വേഷ്വഹസ്സു അസ്മാഭിർല്ലംഭിതാഃ
വൃഷ–പർവ്വാ	—	പർവ്വേ, വസന്താദ്യൃതുലക്ഷണേ കാലേ ഫലസ്യവർഷകഃ, കാലാത്മകഃ
(അത ഏവ) വി–ഹായാഃ	—	വിജഹാതി, ഉൽസൃജത്യർത്ഥാനർത്ഥിഭ്യഃ ഇതിമഹാനിന്ദ്രഃ
യേഭിഃ ഋദ്ധഃ	—	യൈർത്ഥൈസ്സോമൈഃ ദീപ്തോവർത്തതേ
ഹേ ഇന്ദ്ര, (സഃ ത്വം)		
പ്ര–യമ്മ്യമാനാൻ	—	പ്രകർഷേണമന്ത്രൈരുപയമ്മ്യമാനാൻ സോമാൻ
സു പ്രതി ഗൃഭായ	—	സുഷ്ഠുപ്രതിഗൃഹാണ
(ഗൃഹീത്വാ) വൃഷ-ധൂതസ്യ	—	വൃഷഭിഃ ഗ്രാവഭിഃ അഭിഷുതം
വൃഷ്ണഃ പിബ	—	സ്വർഗ്ഗാദിഫലവർഷകമിമം സോമം പിബ (കർമ്മണിഷഷ്ഠീ)

അർത്ഥം–ഇന്ദ്രനായ അവിടേക്കുവേണ്ടി കഴിഞ്ഞ ദിവസങ്ങളിൽ ഞങ്ങളാൽ സോമങ്ങൾ നേടപ്പെട്ടിരിക്കുന്നു. വസന്തം മുതലായ ഋതുക്കളിൽ, അതാതു് ഋതുവിന്നു് ചേർന്ന ഫലം വർഷിക്കുന്ന കാലാത്മകനും അതുകൊണ്ടുതന്നെ അർത്ഥികൾക്കു് അഭീഷ്ടദാനത്താൽ മഹാനുമായ ഇന്ദ്രൻ ഏവരാൽ കൊടുക്കപ്പെട്ട സോമങ്ങളാലാണോ പ്രകാശവാനായി വർത്തിക്കുന്നതു് അല്ലയോ ഇന്ദ്ര ആ ഞങ്ങളാൽ അവിടുത്തെ അടുക്കലേയ്ക്കു് കൊണ്ടുവരപ്പെടുന്ന സോമങ്ങളെ അവിടുന്നു് വേണ്ടപോലെ സ്വീകരിച്ചാലും. സ്വീകരിച്ചിട്ടു് പിടിക്കല്ലുകളാൽ സംസ്കരിച്ചതും സ്വർഗ്ഗാദിഫലം വർഷിക്കുന്നതുമായ ഈ സോമം കുടിച്ചാലും.

3 പിബാവർദ്ധസ്വതവഘാസുതാസ
ഇന്ദ്രസോമാസഃപ്രഥമാഉതേമേ
യഥാപിബഃപൂർവ്യാഇന്ദ്രസോമാ്
ഏവാപാഹിപന്യോഅദ്യാനവീയാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ ഇന്ദ്ര, പിബ — ഇമം സോമം പിബ
(തതഃ) വർദ്ധസ്വ — ശരീരേണ പുഷ്ടോ ഭവ
തവ പ്രഥമാഃ ഉത ഇമേ — ത്വദർത്ഥം പുരാതനാഃ അപി ചാ
ഭിനവാഃ, ഉഭയവിധാഃ
സോമാസഃ സുതാസഃ ഘ — സോമാഃ ഗ്രാവഭിരഭിഷുതാഃ
ഖലു
ഹേ ഇന്ദ്ര, പൂർവ്യാൻ
സോമാൻ — പുരാതനാൻ സോമാൻ
യഥാ (ത്വം)
അപിബഃ ഏവ — ഏവം
അദ്യ പന്യഃ നവീയാൻ
പാഹി — അധുനാ സ്തുത്യഃ ത്വം ഇമാന
ഭിനവാൻ സോമാൻ പിബ

അർത്ഥം--അല്ലയോ ഇന്ദ്ര, ഈ സോമം കുടിച്ചാലും തൽ ഫലമായി തടിച്ചാലും. അവിടേയ്ക്കുവേണ്ടി പഴയവയും പുതിയവയും, രണ്ടുവിധം സോമങ്ങളും പിടികല്ലുകളാൽ സംസ്കൃതങ്ങളാണല്ലൊ. അല്ലയോ ഇന്ദ്ര, പഴയ സോമങ്ങളെ കുടിച്ചപോലെ സ്തുത്യനായ അവിടുന്ന് ഈ പുതിയ സോമങ്ങളെയും കുടിച്ചാലും.

4 മഹാँഅമത്രോവൃജനേവിരപ്ശ്യു

ഗ്രംശവഃപത്യതേധൃഷ്ണ്വാജഃ

നാഹവിവ്യാചപൃഥിവീചനൈനം

യൽസോമാസോഹര്യശ്വമമന്ദൻ

അന്വയം:—

(യോയമിന്ദ്രഃ) മഹാൻ — അതിശയേന സാമർത്ഥ്യവാൻ
വൃജനേ അമത്രഃ — യുദ്ധേ ശത്രൂണാമഭിഭവിതാ
വി-രപ്ശീ — വിരപണശീലഃ, ഭുജാസ്ഫാല
നേന യുദ്ധാർത്ഥം
ശത്രൂണാമാഹ്വാനകാരീ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉഗ്രം ശവഃ — ഉൽഗൂണ്ണം ബലം
ധൃഷ്ണ ഓജഃ പത്യതേ — ധർഷണശീലം, പരാക്രമ ലക്ഷണം തേജഃ സർവ്വത്ര പ്രസരതി
ഏനം പൃഥിവീ ന
വിവ്യാച അഹ — വിസ്തീർണ്ണാഭൂമിഃ ന വ്യാപ്നോത്യേവ
ചന — അപി, ദ്യൌരപിന വ്യാപ്നോതി
യൽ സോമാസഃ — യദാ സ്വാഹാകൃതാസ്സോമാഃ
ഹരി–അശ്വം അമന്ദൻ — ഇന്ദ്രം അമാദയൻ
(തദാ തമേനം ദ്യാവാപൃഥിവ്യൌ വ്യാപ്തും ന ശക്നുതഃ)

അർത്ഥം—യാതൊരിന്ദ്രൻ മഹാനും യുദ്ധത്തിൽ ശത്രുഞ്ജയനും കയ്യടിച്ച് ശത്രുക്കളെ പോരിനു വിളിക്കുന്നവനുമായി, ഉൽക്കടമായ ബലത്തെയും ക്രൂരമായ പരാക്രമതേജസ്സിനെയും എങ്ങും പരത്തുന്നുവോ, ആ അവിടത്തെ, വിസ്തൃതയായ ഭൂമി വ്യാപിക്കുന്നില്ല, ദ്യോവുപോലും വ്യാപിക്കുന്നില്ല, അടക്കുന്നില്ല. എപ്പോൾ സ്വാഹാകൃതങ്ങളായ (സ്വാഹാ എന്ന മന്ത്രം ചൊല്ലി ഹോമിച്ച) സോമങ്ങൾ ഹരികളെന്ന കുതിരകളോടുകൂടിയ ഇന്ദ്രനെ ഹർഷിപ്പിച്ചുവോ, അപ്പോൾ അവിടത്തെ വ്യാപിക്കാൻ ദ്യാവാപൃഥിവികൾക്ക് കെല്പില്ല.

5 മഹാ്ഉഗ്രോവാവൃധേവീര്യായ
സമാച്ക്രേവൃഷഭഃ കാവ്യേന
ഇന്ദ്രോഭഗോവാജദാഅസ്യഗാവഃ
പ്രജായന്തേദക്ഷിണാ അസ്യപൂർവ്വീഃ വ. 19

അന്വയം:–
മഹാൻ ഉഗ്രഃ ഇന്ദ്രഃ — യുദ്ധകർമ്മണി ബലവാൻ, ശത്രൂണാം ഭയങ്കരസ്സഃ
വീര്യായ വവൃധേ — അവർദ്ധത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൃഷഭഃ, ഭഗഃ — ഫലവർഷകഃ, സർവ്വൈർ ഭജനീയഃ

(ഇന്ദ്രഃ) കാവ്യേന
സം–ആചക്രേ — സ്തോത്രേണ സങ്ഗച്ഛതേ
(താദൃശസ്യ) അസ്യ ഗാവഃ
വാജ–ദാഃ — ക്ഷീരാദിലക്ഷണാന്നപ്രദാഃ
പ്ര ജായന്തേ — പ്രഭവന്തി
(അഥ) അസ്യ പൂർവ്വീഃ
ദക്ഷിണാഃ — ബഹവ്യഃ താഗാവഃ അനുകൂലാഃ പ്രജായന്തേഃ

അർത്ഥം–യുദ്ധകർമ്മത്തിൽ ശക്തനും ശത്രുക്കൾക്ക് ഭീകരനുമായ ഇന്ദ്രൻ വീര്യത്തിന്നായി വർദ്ധിച്ചു. അതായത് വർദ്ധിക്കുംതോറും, വളരുംതോറും വീര്യം കൂടിക്കൂടിവന്നു. കർമ്മഫലദാതാവും ഏവരാലും ഭജനീയനുമായ ഇന്ദ്രൻ സ്തോത്രത്തോടു ചേരുന്നു. അപ്രകാരമുള്ള അവിടത്തെ പശുക്കൾ (അല്ലെങ്കിൽ വാക്കുകൾ) ക്ഷീരാദ്യന്നപ്രദകൾ (അന്നപുഷ്ടികാരിണികൾ) ആയി ഭവിക്കുന്നു. പിന്നെ അവിടത്തെ കണക്കററ പശുക്കൾ (അല്ലെങ്കിൽ വാക്കുകൾ) അനുകൂലകളായി, ചവിട്ടും ചടക്കവും കൂടാതെ കറക്കുന്നവയായി (അല്ലെങ്കിൽ സത്യപ്രിയകളായി) ഭവിക്കുന്നു.

6 പ്രയൽസിന്ധവഃപ്രസവംയഥായ
ന്നാപസ്സമുദ്രംരഥ്യേവജഗ്മുഃ
അതശ്ചിദിന്ദ്രസ്സദസോവരീയാൻ
യദീംസോമഃപൃണതിദുഗ്ധോഅംശുഃ

അന്വയം:–

സിന്ധവഃ യഥാ
പ്ര–സവം — കാമമനുസൃത്യ
യൽ പ്ര ആയൻ — യദാ പ്രകൃഷ്ടമതിദൂരം സമുദ്രം ഗച്ഛന്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(തദാ) ആപഃ സമുദ്രം

രഥ്യാ–ഇവ ജഗ്മുഃ	— രഥിന ഇവ പ്രീണനാർത്ഥം ഗച്ഛന്തി
അതഃ ചിൽ സദസഃ	— അസ്മാദപ്യന്തരിക്ഷാൽ
ഇന്ദ്രഃ വരീയാൻ	— ഉരുതരഃ ഖലു
യൽ ഈം ദുഗ്ധഃ	— യം ഏനമിന്ദ്രമഭിഷുതഃ
അംശുഃ സോമഃ	— ലതാഖണ്ഡരൂപോല്പസ്സോമഃ
പൃണതി	— പ്രീണയതി, യഥാല്പാനദ്യഃ അല്പീയാംസി ച ജലാനി മഹാന്തം സമുദ്രം പ്രീണയന്തി തദ്വൽ അല്പതരോംശുഭൃതഃ സോമഃ വരീയാംസമിന്ദ്രം പ്രീണയതി

അർത്ഥം–നദികൾ ഇഷ്ടംപോലെ എപ്പോഴാണോ അകലത്തിലുള്ള സമുദ്രത്തെ പ്രാപിക്കുന്നത്, അപ്പോൾ ജലങ്ങൾ തേരാളികൾ എന്നപോലെ സമുദ്രത്തെ സന്തോഷിപ്പിക്കാനെത്തുന്നു. ഈ അന്തരിക്ഷത്തേക്കാൾപോലും പെരിമയുററവനാണല്ലൊ ഇന്ദ്രൻ. ചതച്ചു സംസ്കരിച്ച വള്ളിക്കഷണത്തിൽ നിന്നുണ്ടായ അല്പമായ സോമം ഇന്ദ്രനെ സന്തോഷിപ്പിക്കുന്നു. ചെറുതോടുകളിലെ ലഘുജലങ്ങളും പെരിയ സമുദ്രത്തെ സന്തോഷിപ്പിക്കുന്നപോലെ അത്യല്പമായ സോമം ശ്രേഷ്ഠനായ ഇന്ദ്രനെ സന്തോഷിപ്പിക്കുന്നു. (വസ്തുവിൻെറ അളവോ വലുപ്പമോ അല്ല അതു നല്കുന്നതിൻെറ പിന്നിലുള്ള പ്രേമമാണ് പ്രധാനം.)

7 സമുദ്രേണസിന്ധവോയാദമാനാ
ഇന്ദ്രായസോമംസുഷുതംഭരന്തഃ
അംശുംദുഹന്തിഹസ്തിനോഭരിത്രൈ
ർമ്മധ്വഃ പുനന്തിധാരയാപവിത്രൈഃ

അന്വയം:–

സമുദ്രേണ യാദമാനാഃ	— സഹസങ്ഗതിംയാചമാനാഃ
സിന്ധവഃ	— നദ്യഃ യഥാ തംപൂരയന്തിതദ്വൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹസ്തിനഃ — ഹസ്തവന്തഃ അധ്വര്യ്വാദയഃ
ഇന്ദ്രായ (തുഭ്യം) സു–സുതം — സുഷ്വഭിഷുതം
സോമം ഭരന്തഃ — സമ്പാദയന്തഃ
അംശും ദുഹന്തി — ലതാഖണ്ഡമഭിഷുണ്വന്തി
(യഥാതേധ്വര്യ്വാദയഃ സ്രവതോരസസ്യ)
ധാരയാ, പവിത്രൈഃ
ഭരിത്രൈഃ — പാവനൈഃ ബാഹുഭിഃ
മധ്വഃ പുനന്തി — മാധുര്യോപേതാൻ സോമാൻ ശോധയന്തി

അർത്ഥം–സമുദ്രത്തോടുചേരാൻ യാചിക്കുന്ന നദികൾ അതിനെ എപ്രകാരം നിറയ്ക്കുന്നുവോ, അപ്രകാരം (നദികളുടെ സ്ഥാനത്തുള്ള) കൈകളോടുകൂടിയ അധ്വര്യുമുതലായവർ സോമം സമ്പാദിക്കുന്നവരായി വള്ളിക്കഷണത്തെ ചതച്ച് സംസ്കരിക്കുന്നു. പിന്നെ ഒഴുകുന്ന ചാറിന്റെ ധാരയാൽ പരിശുദ്ധങ്ങളായ കൈകൾകൊണ്ട് മാധുര്യമുററ സോമങ്ങളെ ശുദ്ധീകരിക്കുന്നു.

8 ഹ്രദാഇവകുക്ഷയസ്സോമധാനാ
സ്സമീവിവ്യാചസവനാപുരൂണി
അന്നായദിന്ദ്രഃപ്രഥമാവ്യാശ
വൃത്രംജഘന്വാംഅവൃണീതസോമം

അന്വയം:–

(ഇന്ദ്രസ്യ) കുക്ഷയഃ — ഉദരാണി
ഹ്രദാഃ–ഇവ — യഥാ ഹ്രദാ ജലാധാരാ ഭവന്തി തദ്വൽ
സോമ–ധാനാഃ — സോമോനിധീയതേ യേഷു താഃ (ഭവന്തി)
ഈം പുരൂണി സവനാ — ഏനം ത്രീണി സവനാനി
സം വിവ്യാച — സമ്യക് വ്യാപ്നോതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ദ്രഃ പ്രഥമാ അന്നാ — പ്രഥമാനി ഭക്ഷണീയാനി
സോമാദീന്ന്യന്നാനി
യൽ വി ആശ — യസ്മാൽ വിശേഷേണ
ജഘാസ തതഃ
വൃത്രം ജഘ്നവാൻ — വൃത്രസ്യ ഹന്താ
സോമം അവൃണീത — ദേവേഭ്യഃ സമഭജത

അത്ഥം—ഇന്ദ്രൻെറ ഉദരങ്ങൾ (ഉദരത്തിൻെറ എല്ലാ ഭാഗങ്ങളും) തടാകങ്ങൾ നീരൊഴുകി വന്ന് നിറയും പോലെ, സോമത്തിൻെറ ഇരിപ്പിടങ്ങളായിത്തീരുന്നു. അവിടുന്ന് മൂന്നു സവനങ്ങളെയും വേണ്ടപോലെ പ്രാപിക്കുന്നു. ഇന്ദ്രൻ പ്രധാന ഭക്ഷ്യങ്ങളായ സോമാദ്യന്നങ്ങളെ ഉൾക്കൊണ്ടതിന്നുശേഷമാണ് വൃത്രഹന്താവായി മാധ്യന്ദിന സവനത്തിൽ ദേവന്മാൎക്കു വേണ്ടി സോമം പ്രാപിക്കുന്നത്.

9 ആതൂഭരമാകിരേതൽപരിഷ്ഠാ
ദ്വിദ്മാഹിത്വാവസുപതിംവസൂനാം
ഇന്ദ്രയത്തേമാഹിനംദത്രമ
സ്ത്യസ്മഭ്യംതദ്ധര്യശ്വപ്രയന്ധി

അന്വയം:—
ഹേ ഇന്ദ്ര തു ആ ഭര — ക്ഷിപ്രം ധനം ഭര
ഏതൽ മാകിഃ പരി
സ്ഥാൽ — കോവാ പ്രതിബധ്യ
പ്രാതിഷ്ഠേൽ
ത്വാ വസൂനാം
വസു—പതിം — ഉത്തമസ്യധനസ്യസ്വാമിനം
വിദ്മ ഹി — ജാനീമ ഖലു
തേ മാഹിനം യൽ ദത്രം
അസ്തി — മഹനീയം യദ്ധനമസ്തി
ഹേ ഹരി—അശ്വ, തൽ
അസ്മഭ്യം പ്ര യന്ധി — തദ്ധനമസ്മഭ്യംപ്രയച്ഛ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം-അല്ലയോ ഇന്ദ്ര, വേഗത്തിൽ ധനം തന്നാലും. ആരെങ്കിലും അതു് തടഞ്ഞു നിർത്തരുതു്. അവിടത്തെ ഉത്തമ ധനങ്ങളുടെ സ്വാമിയായി ഞാനറിയുന്നുവല്ലോ. മഹനീയമായ ആ ധനം, ഹരികളെന്ന കുതിരകളോത്ത ഇന്ദ്ര, ഞങ്ങൾക്കു് തന്നരുളിയാലും.

10 അസ്മേപ്രയന്ധിമഘവന്നൃജീഷി
ന്നിന്ദ്രരായോവിശ്വവാരസ്യഭൂരേഃ
അസ്മേശതംശരദോജീവസേധാ
അസ്മേവീരാഞ്ഛശ്വതഇന്ദ്രശിപ്രിൻ

അന്വയം:-

മഘ-വൻ, ഋജീഷിൻ,

ഇന്ദ്ര	— ധനവൻ, ഗതസാരസോമവൻ, ഇന്ദ്ര
വിശ്വ-വാരസ്യ	— സർവ്വൈർവ്വരണീയസ്യ
ഭൂരേഃ രായഃ	— ബഹുധനം (കർമ്മണിഷഷ്ഠീ)
അസ്മേ പ്ര യന്ധി	— അസ്മഭ്യം പ്രയച്ഛ
(കിംച) അസ്മേ ജീവസേ	— അസ്മാകം ജീവനായ
ശതം ശരദഃ ധാഃ	— ശതസംഖ്യാകാൻ സംവത്സരാൻ ദേഹി
ഹേ ശിപ്രിൻ, ഇന്ദ്ര	— ശോഭനഹനോ, ഇന്ദ്ര
അസ്മേ ശശ്വതഃ വീരാൻ	— അസ്മാകം ബഹൂൻ പുത്രാൻ ദേഹി

അർത്ഥം-അല്ലയോ മഘവാവേ, ചാറെടുത്ത സോമത്തോടുകൂടിയ ഇന്ദ്ര, ഏവരാലും വരണീയമായ ധനം ധാരാളം ഞങ്ങൾക്കു് തന്നരുളിയാലും. കൂടാതെ ഞങ്ങൾക്കു് ജീവനത്തിന്നു് നൂറുകൊല്ലങ്ങൾ തന്നരുളിയാലും. അല്ലയോ നല്ല താടിയെല്ലോടുകൂടിയ ഇന്ദ്ര, ഞങ്ങൾക്കു് ധാരാളം പുത്രന്മാരെ തന്നരുളിയാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

11 ശ്രുനംഹ്ഹുവേമമഘവാനമിന്ദ്ര

മസ്മിൻഭരേനൃതമംവാജസാതൌ

ശൃണ്വന്തമുഗ്രമൂതയേസമൽസു

ഘ്നന്തംവൃത്രാണിസംജിതംധനാനാം വ 20

അന്വയം:—

(ഇതു് ഈ അധ്യായത്തിൽ നാലാം വർഗ്ഗത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ടു്.)

വർഗ്ഗം-21-22-ഗായത്ര്യനുഷ്ടുബൌച്ഛന്ദസീ

1 വാർത്ത്രഹത്യായശവസേപൃതനാഷാഹ്യായച

ഇന്ദ്രത്വാവർത്തയാമസി

അന്വയം:—

(വിശ്വാമിത്രസ്സ്തൌതി)

ഹേ ഇന്ദ്ര, വാർത്ര—

ഹത്യായ — വൃത്രഹനനനിമിത്തായ

ശവസേ ച പൃതനാ—

സഹ്യായ ത്വാ — ബലായ പരകീയ സേനാഭിഭവായ ച ത്വാം

ആ വർത്തയാമസി — പ്രവർത്തയാമഃ

അർത്ഥം—അല്ലയോ ഇന്ദ്ര, വൃത്രന്റെ വധത്തിന്നു വേണ്ടും ബലത്തിന്നായും ശത്രുസേനാജയത്തിന്നായും അവിടുത്തെ (വിളിച്ചു്) വരുത്തുന്നു.

2 അർവ്വാചീനംസുതേമനഉതചക്ഷുശ്ശതക്രതോ

ഇന്ദ്രകൃണ്വന്തുവാഘതഃ

*17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

ഹേ ശത-ക്രതോ, ഇന്ദ്ര,

വാഘതഃ — സ്തോതാരഃ

തേ സു മനഃ — തവ അഭിമതഫലസമ്പാദനേന ശോഭനം മനഃ

അർവ്വാചീനം കൃണ്വന്തു — അസ്മദഭിമുഖം കുർവ്വന്തു

ഉത ചക്ഷുഃ — അപിച ത്വദീയം ദർശനം അസ്മദനുഗ്രഹദൃഷ്ടിം കുർവ്വന്തു

അർത്ഥം—അല്ലയോ നൂറുയാഗം ചെയ്ത ഇന്ദ്ര, സ്തോതാക്കൾ അവിടത്തെ അഭിമതഫലദാനം കൊണ്ട് ശോഭനമായ മനസ്സിനെ ഞങ്ങൾക്കഭിമുഖമാക്കട്ടെ. അവിടത്തെ കണ്ണിനെ ഞങ്ങളിൽ അനുഗ്രഹദൃഷ്ടിയുള്ളതാക്കട്ടെ.

3 നാമാനിതേശതക്രതോവിശ്വാഭിർഗ്ഗീർഭിരീമഹേ

ഇന്ദ്രാഭിമാതിഷാഹ്യേ

അന്വയം:—

ഹേ ശത-ക്രതോ, ഇന്ദ്ര,

അഭിമാതി—സഹ്യേ — ഗർവ്വിഷ്ഠാനാം ശത്രൂണാം സഹനം, സഹ്യം തസ്മിൻയുദ്ധേ അസ്മാകമുപസ്ഥിതേ സതി

തേ നാമാനി — ശക്രവജ്രഹസ്താദീനി തവ നാമധേയാനി

വിശ്വാഭിഃ ഗീഃ-ഭിഃ — സർവ്വാഭിസ്തുതിലക്ഷണാഭിർവ്വാഗ്ഭിഃ

ഈമഹേ — വയം യാചാമഹേ

അർത്ഥം—അല്ലയോ നൂറുയാഗം ചെയ്ത ഇന്ദ്ര, ഗർവ്വിഷ്ഠന്മാരായ ശത്രുക്കളുടെ സഹനം ഞങ്ങൾക്കുപസ്ഥിതമായിരിക്കെ, ശക്രൻ, വജ്രഹസ്തൻ മുതലായ അവിടത്തെ പേരുകൾ എല്ലാ സ്തുതിവചനങ്ങളോടും കൂടി (ഉച്ചരിച്ച്) ഞങ്ങൾ യാചിക്കുന്നു.

4 പുരുഷ്ടുതസ്യധാമഭിശ്ശതേനമഹയാമസി

ഇന്ദ്രസ്യചർഷണീധൃതഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

(ഹേ ഇന്ദ്ര,) പുരു-
സ്തുതസ്യ — പുരുഭിഃ, ബഹുഭിസ്തുതസ്യ
ശതേന ധാമ-ഭിഃ — അപരിമിതസംഖ്യാകൈഃ തേജോഭിര്യുക്തസ്യ
ചർഷണി-ധൃതഃ — ചർഷണീനാം മനുഷ്യാണാം, കർമ്മാനുഷ്ഠാതൄണാം അഭിമത ഫലസമ്പാദനേന ധാരകസ്യ
ഇന്ദ്രസ്യ (തവ)
മഹയാമസി — സ്തോത്രം കുർമ്മഃ

അർത്ഥം—അല്ലയോ ഇന്ദ്ര, എത്രയോ പേരാൽ പുകഴ്ത്തപ്പെട്ടവനും കണക്കററ തേജസ്സുകളൊത്തവനും കർമ്മമനുഷ്ഠിക്കുന്ന മനുഷ്യരെ ഫലസമ്പാദനത്താൽ ധരിക്കുന്നവനും (രക്ഷിക്കുന്നവനും) ആയ ഇന്ദ്രനായ അവിടുത്തേക്കു സ്തുതിചൊല്ലുന്നു.

5 ഇന്ദ്രംവൃത്രായഹന്തവേപുരുഹൂതമുപബ്രുവേ
ഭരേഷുവാജസാതയേ വ 21

അന്വയം:—

(ഹേ ഇന്ദ്ര) വൃത്രായ
ഹന്തവേ — വൃത്രം ഹന്തും (മേഘം ഭേത്തും)
ഭരേഷു വാജ-സാതയേ — യുദ്ധേഷു അന്നോപലക്ഷിത ധനലാഭായച
പുരു-ഹൂതം — പുരുഭിരാഹൂതം
ഇന്ദ്രം (ത്വാം) ഉപ
ബ്രുവേ — സോമപാനാർത്ഥം വിശ്വാമിത്രോഹമാഹ്വയാമി

അർത്ഥം—അല്ലയോ ഇന്ദ്ര, വൃത്രനെ (ശത്രുവിനെ) കൊല്ലാനും (അല്ലെങ്കിൽ മേഘം പിളക്കാനും) യുദ്ധങ്ങളിൽ അന്നമടക്കമുള്ള ധനത്തിൻെറ ലാഭത്തിന്നുമായി എത്രയോ പേരാൽ വിളിയ്ക്കപ്പെടുന്ന ഇന്ദ്രനായ അവിടുത്തെ സോമപാനത്തിന്നായി വിശ്വാമിത്രനായ ഞാൻ വിളിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

6 വാജേഷുസാസഹിർഭവത്വാമീമഹേശതക്രതോ

ഇന്ദ്രവൃത്രായഹന്തവേ

അന്വയം:—

ശത–ക്രതോ, ഹേ ഇന്ദ്ര,

വാജേഷു	— സങ്ഗ്രാമേഷു
സസഹിഃ ഭവ	— ശത്രൂണാമഭിഭവിതാഭവ
വൃത്രായ ഹന്തവേ	— വൃത്രം ഹന്തും (മേഘം ഭേത്തും)
ത്വാം ഈമഹേ	— പ്രാൎത്ഥയാമഹേ

അൎത്ഥം—അല്ലയോ ശതക്രതുവായ ഇന്ദ്ര, യുദ്ധങ്ങളിൽ ശത്രുക്കളുടെ ജേതാവായാലും. വൃത്രനെ (ശത്രുവിനെ) കൊല്ലാൻ (അല്ലെങ്കിൽ മേഘത്തെ പിളൎക്കാൻ) അവിടത്തോടു പ്രാൎത്ഥിക്കുന്നു.

7 ദ്യുമ്നേഷുപൃതനാജ്യേപൃത്സുതുൎഷുശ്രവസ്സുച

ഇന്ദ്രസാക്ഷ്വാഭിമാതിഷു

അന്വയം:—

ദ്യുമ്നേഷു	— ദ്യോതമാനേഷു ധനേഷു പ്രാപ്തവ്യേഷു യേ സപത്നാഃ
പൃതനാജ്യേ	— സങ്ഗ്രാമേ
പൃത്സു–തുൎഷു	— പൃതനാതരണശീലേഷു ശൂരേഷു
ശ്രവഃ–സു ച	— ബലേഷു ച യേസപത്നാസ്സന്തി താൻ
ഹേ ഇന്ദ്ര, സാക്ഷ്വ	— അഭിഭവ
(തഥാ) അഭി–മാതിഷു	— സൎവ്വതോഗൎവ്വയുക്തേഷുയേസപത്നാഃ താംശ്ചാഭിഭവ

അൎത്ഥം–ഞങ്ങൾക്കു കിട്ടേണ്ടും തിളങ്ങുന്ന ധനങ്ങളിൽ ശത്രുക്കളേവരുണ്ടോ, യുദ്ധവിജയികളായ പരാക്രമികളിലും ബലങ്ങളിലും ശത്രുക്കളേവരുണ്ടോ, അവരെ, അല്ലയോ ഇന്ദ്ര, ജയിച്ചാലും. അതുപോലെ, എമ്പാടും ഗൎവ്വിഷ്ഠരായ ശത്രുക്കളേവരോ, അവരെ കീഴടക്കിയാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

8 ശുഷ്മിന്തമം ന ഊതയേ ദ്യുമ്നിനംപാഹിജാഗൃവിം

ഇന്ദ്രസോമംശതക്രതോ

അന്വയം:–

ശത–ക്രതോ, ഹേ ഇന്ദ്ര,

ശുഷ്മിൻ–തമം — ബലവതാംമധ്യേ അതിശയേന ബലവന്തം

ദ്യുമ്നിനം — ദീപ്തിമന്തം

ജാഗൃവിം — ജാഗരണശീലം. (പീതസ്സോമഃ ജാഗൃവിഃ)

നഃ സോമം ഊതയേ — അസ്മാകം സോമം രക്ഷണായ

പാഹി — അത്രാഗത്യ പിബ

അൎത്ഥം–അല്ലയോ ശതക്രതുവായ ഇന്ദ്ര, ബലവത്തുക്കളിൽ വെച്ച് ബലമേറിയതും തിളക്കമുററതും ഉണൎവ്വിയററുന്നതുമായ ഞങ്ങളുടെ സോമം ഇവിടെവന്ന് അവിടുന്ന് കുടിച്ചാലും. (സോമം കുടിച്ചാൽ ഉണൎവ്വുണ്ടാവും. അതു് ഉറക്കമെകററും).

9 ഇന്ദ്രിയാണിശതക്രതോ യാതേജനേഷുപഞ്ചസു

ഇന്ദ്രതാനിത ആവൃണേ

അന്വയം:–

ശത–ക്രതോ, ഹേ

ഇന്ദ്ര, തേ — തവസംബന്ധിഷു

പഞ്ച–സു ജനേഷു — ഗന്ധൎവ്വാഃ പിതരഃ ദേവാഃ അസുരാഃ രക്ഷാംസി ഇത്യേതേഷു

യാ ഇന്ദ്രിയാണി — യാനി രൂപഗ്രഹണാദിസാമൎത്ഥ്യാനി സ്ഥിതാനി

തേ താനി — തദീയാനീന്ദ്രിയാണി അഹം

ആ വൃണേ — സംഭജേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം:-ശതക്രതുവായ ഇന്ദ്ര, അവിടുത്തെസ്സംബന്ധിച്ച ഗന്ധവ്വന്മാർ, പിതൃക്കഠം, ദേവന്മാർ, അസുരന്മാർ, രക്ഷസ്സുകഠം എന്നീ പഞ്ചജനങ്ങളിൽ രൂപശബ്ദരസഗന്ധസ്പശേന്ദ്രിയങ്ങളായ ചക്ഷുശ്രുവണജിഹ്വാനാസാത്വഗങ്ങ്ഗങ്ങഠം ഏവയുണ്ടൊ അവിടേയ്ക്കുചേന്ന ആ ഇന്ദ്രിയങ്ങളെ ഞാൻ നേടുന്നു. (''ഇന്ദ്രിയമിന്ദ്രലിംഗമിന്ദ്രദൃഷ്ടമിന്ദ്രസൃഷ്ടമിന്ദ്രജുഷ്ടമിന്ദ്രദത്തം'' എന്നു ശ്രുതി)

10 അഗ്നിന്ദ്രശ്രവോബൃഹ ദ്യുമ്നംദധിഷ്വദുഷ്ടരം

ഉത്തേശുഷ്മംതിരാമസി

അന്വയം:—

ഹേ ഇന്ദ്ര, ബൃഹൽ

ശ്രവഃ	— മഹൽ, അസ്മാഭിദ്ദീയമാനം സോമലക്ഷണമന്നം
അഗൻ	— ത്വാംഗച്ഛന്തു
(ത്വം) ദുസ്തരം ഇൽ	— ശത്രുഭിസ്തരിതുമശക്യമേവ
ദ്യുമ്നം ദധിഷ്വ	— ധനമസ്മഭ്യം പ്രയച്ഛ
(വയം തു) തേ ശുഷ്മം	
തിരാമസി	— ത്വദീയം ബലംസോമാജ്യാദിഭിവ്വദ്ധയാമഃ

അത്ഥം—അല്ലയോ ഇന്ദ്ര, ഞങ്ങളാൽ നല്കപ്പെടുന്ന മഹത്തായ സോമാന്നം അവിടുത്തെ പ്രാപിക്കട്ടെ. അവിടുന്ന് ശത്രുക്കഠംക്കെത്താവതല്ലാത്ത ധനം തന്നെ ഞങ്ങഠംക്ക തന്നാലും. (ശത്രുക്കഠംക്കെത്താൻ കഴിയാത്തധനം ജ്ഞാനം തന്നെ.) ഞങ്ങളാവട്ടെ അവിടുത്തെ ബലത്തെ സോമം, നൈ മുതലായവയാൽ വദ്ധിപ്പിക്കുന്നു.

11 അവ്വാവതോനആഗഹ്യഥോശക്രപരാവതഃ

ഉലോകോയസ്തേഅദ്രിവഇന്ദ്രേഹതതആഗഹി വ 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:

ഹേ ശക്ര, അർവ്വാ–വതഃ — അർവ്വാചീനാൽ, സമീപാൽ ദേശാൽ
അഥോ പരാ–വതഃ — അപിച അതിദൂരദേശാൽ
നഃ ആ ഗഹി — അസ്മാനാഗച്ഛ
അദ്രി–വഃ, ഹേ ഇന്ദ്ര, തേ — വജ്രവന്നിന്ദ്ര തവ
യഃ ഉ ലോകഃ — ഉത്തമോലോകോസ്തി
തതഃ ഇഹ ആ ഗഹി — തസ്മാൽ അസ്മിൻ ദേവയജനദേശേ ആഗച്ഛ

അർത്ഥം–അല്ലയോ ശക്ര, (ബലവൻ) സമീപപ്രദേശത്തു നിന്നായാലും അതിദൂരത്തുനിന്നായാലും അവിടുന്ന് ഞങ്ങളെ പ്രാപിച്ചാലും. അല്ലയോ വജ്രവാനായ ഇന്ദ്ര, അവിടുത്തെ ഉത്തമലോകമുണ്ടല്ലൊ, അവിടെനിന്ന് ഈ ദേവയജനദേശം പ്രാപിച്ചാലും.

വർഗ്ഗം–23–24–ത്രിഷ്ടുപ് ഛന്ദഃ

1 അഭിതഷ്ടേവദീധയാമനീഷാ
മത്യോനവാജീസുധുരോജിഹ്വാനഃ
അഭിപ്രിയാണിമർമൃശൽപരാണി
കവീരിച്ഛാമിസംദൃശേസുമേധാഃ

അന്വയം:–

(യജമാനസ്തോതാരം പ്രതിബ്രൂതേ)
(ഹേ സ്തോതഃ) മനീഷാം — ഇന്ദ്രവിഷയാം സ്തുതിം
തഷ്ടാ–ഇവ — യഥാതഷ്ടാ തക്ഷണേന കാഷ്ഠം സംസ്കരോതി തദ്വൽ
അഭി ദീധയ — സർവ്വതോ ദീപ്താം കുരു
സു–ധുരഃ വാജീ അത്യഃ ന — ശോഭനയാ ധുരാന്വിതഃ വേഗവാനശ്വ ഇവ
ജിഹാനഃ — കർമ്മണി പ്രവർത്തമാനഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരാണി പ്രിയാണി — ഉത്തമാനി, ഇന്ദ്രസ്യ പ്രിയതമാനി
അഭി മന്മൃശൽ — അത്യർത്ഥമഭിമൃശൽ
സു–മേധാഃ — ശോഭനമേധാവാനഹം
കവീൻ — അനുഷ്ഠിതയജ്ഞേന ദേവത്വം പ്രാപ്താൻ
സം–ദൃശേ ഇച്ഛാമി — സംദ്രഷ്ടും കാമയേ

അർത്ഥം-(യജമാനൻ സ്തോതാവിനോട് പറയുന്നു). അല്ലയോ സ്തോതാവേ, ഇന്ദ്രവിഷയമായ സ്തുതിയെ, തച്ചൻ മരം ചെത്തിസ്സംസ്കരിക്കുന്ന പോലെ, എമ്പാടും തെളിവുള്ള താക്കുക. നല്ല നുകത്തിൽ പൂട്ടിയ വേഗതയുള്ള കുതിരപോലെ കർമ്മത്തിൽ ഏർപ്പെട്ട്, ഉത്തമങ്ങളും ഇന്ദ്രന്നു പ്രിയംകരങ്ങളും ആയ കൃത്യങ്ങളെ തുടന്നുചെയ്ത്, സൽബുദ്ധിയോടുകൂടിയ ഞാൻ ദേവപദവി നേടിയ കവികളെ (ഋഷീശ്വരന്മാരെ) കാണാനാഗ്രഹിക്കുന്നു.

2 ഇനോതപൃച്ഛജനിമാകവീനാം
മനോധൃതസ്സുകൃതസ്തക്ഷതദ്യാം
ഇമാഉതേപ്രണ്യോ൨ വർദ്ധമാനാ
മനോവാതാഅധനുധർമ്മണിഗ്മൻ

അന്വയംഃ-

ഉത (ഹേ ഇന്ദ്ര)
കവീനാം — സുകൃതകർമ്മണാം, ദേവത്വംഗതാനാം
ജനിമ — ജന്മ കേന കർമ്മണാ കുതോവാ ഇത്യേതമർത്ഥം
ഇനാ പൃച്ഛ — ഈശ്വരാൻ ഗുരൂൻ പൃച്ഛ
(തേ കവയഃ) മനഃ–ധൃതഃ — സംയതമനസ്കാഃ, അത ഏവ
സു–കൃതഃ — ശോഭനകർമ്മാണസ്സന്തഃ
ദ്യാം തക്ഷത ഉ — ദിവമകുർവ്വൻ ഹി
അധ ധർമ്മണി — അഥാസ്മിൻ യജ്ഞേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തേ പ്ര–ന്യഃ — ത്വദർത്ഥം പ്രണീയമാനാഃ
മനഃ–വാതാഃ വർദ്ധമാനാ — മനോവേഗാഃ ത്വാം വർദ്ധയന്തഃ
ഇമാഃ ന ഗ്മൻ — അസ്മാഭിഃ ക്രിയമാണാസ്സ്തുതയഃ ക്ഷിപ്രം ത്വാം ഗച്ഛന്തു

അർത്ഥം–അല്ലയോ ഇന്ദ്ര, സുകൃതകർമ്മാക്കളായി, ദേവപദവിയെ പ്രാപിച്ച കവികളുടെ ഉൽപത്തി ഏതു കർമ്മംകൊണ്ടാണ്, എവിടെ നിന്നാണ് എന്ന കാര്യം ഈശ്വരന്മാരായ ഗുരുക്കളോടു ചോദിക്കുക. ആ കവികളാണ് സംയതമനസ്സരും അതുകൊണ്ടുതന്നെ സൽകർമ്മശീലരുമായി, ദ്യോവിനെ ഉണ്ടാക്കിയതുതന്നെ. പിന്നെ ഈ യജ്ഞത്തിൽ അവിടുത്തെ ഉദ്ദേശിച്ചുള്ളവയും മനോവേഗങ്ങളോടുകൂടിയവയും, അവിടുത്തെ വർദ്ധിപ്പിക്കുന്നവയുമായി ഞങ്ങളാൽ ചൊല്ലപ്പെടുന്ന ഈ സ്തുതികൾ വേഗത്തിലവിടുത്തെ പ്രാപിക്കട്ടെ.

3 നിഷീമിദത്രഗുഹ്യാദധാനാ
ഉതക്ഷത്രായരോദസീസമഞ്ജൻ
സംമാത്രാഭിർമ്മമിരേയേമുരുർവ്വീ
അന്തർമ്മഹീസമൃതേധായസേധുഃ

അന്വയം:–

അത്ര ഗുഹ്യാ — ഭൂലോകേ ഗുഹ്യാനി, ഗൂഢാനി കർമ്മാണി
സീം ഇൽ നി ദധാനാഃ — സർവ്വത ഏവ കുർവ്വാണാഃ ഏതേകവയഃ
ഉത ക്ഷത്രായ — അപി ച ബലായ
രോദസീ സം അഞ്ജൻ — ഓഷധീഭിഃ പൃഥിവീം ദേവൈശ്ചദിവം സംങ്ഗതാമകാർഷുഃ
(കിംചതേ) മാത്രാഭിഃ — ശിലോച്ചയൈഃ
സം മമിരേ — രോദസ്യൌ ഇയത്തയാ പരിച്ഛിന്നേ ചക്രുഃ
സം–ഋതേ — പരസ്പരം സങ്ഗതേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉർവ്വീ മഹീ — വിസ്തീർണ്ണേ മഹത്യൌ ദ്യാവാ പൃഥിവ്യൌ
യേമുഃ — നിയമിതവന്തഃ, വിഷ്ടംഭകേനാന്തരിക്ഷേണ
അന്തഃ ധായസേ ധുഃ — മദ്ധ്യേ തയോദ്ധാരണാത്ഥ മന്തരിക്ഷം വ്യധുഃ

അത്ഥം - ലോകത്തിൽ നിഗൂഢകമ്മങ്ങളും എല്ലാവിധത്തിലും തന്നെ ചെയ്യുന്ന ഈ കവികൾ ബലത്തിന്നായി ഭൂമിയെ സസ്യാദികളോടും ദ്യോവിനെ ദേവന്മാരോടും ചേത്തതാക്കി. മാത്രമല്ല, പവ്വതങ്ങളാൽ ദ്യാവാപൃഥിവികളെ അളന്നതിരിട്ടു നിത്തി. അന്യോന്യമിണങ്ങിയ വിസ്തൃതകളും മഹതികളുമായ ദ്യാവാപൃഥിവികളെ ശാസിച്ചുകൊണ്ടു്, സ്തംഭിച്ചുനില്ക്കുന്ന അന്തരിക്ഷത്തെ അവയെ താങ്ങികൊണ്ടു് മദ്ധ്യത്തിൽ നിത്തി.

4 ആതിഷ്ഠന്തംപരിവിശ്വേ അഭൂഷ
ഞ്ഛ്രിയോവസാനശ്ചരതിസ്വരോചിഃ
മഹത്തദ്വൃഷ്ണോഅസുരസ്യനാമാ
വിശ്വരൂപോഅമൃതാനിതസ്ഥൌ

അന്വയം:-

വിശ്വേ — സവ്വേകവയഃ
(രഥം) ആ-തിഷ്ഠന്തം
(ഇന്ദ്രം) പരി അഭൂഷൻ — പരിതോലങ്കുവ്വൻ
സ്വ-രോചിഃ — സ്വപ്രഭയൈവദീപ്യമാനഃ
(അത ഏവ) ശ്രിയഃ
വസാനഃ — ദീപ്തീഃ ആച്ഛാദയൻ
(ഇന്ദ്രഃ) ചരതി — സവ്വത്രവത്തതേ
വൃഷ്ണഃ, അസുരസ്യ — കാമാനാംവഷിതുഃ, സവ്വസ്യ പ്രേരയിതുഃ തസ്യേന്ദ്രസ്യ
തൽ നാമ — നമ്മ്യതേസവ്വൈഃ ഇതിനാമ ഇന്ദ്രസ്യകമ്മ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മഹൽ — ആശ്ചര്യോപേതംവത്തതേ
(തഥാ) വിശ്വ–രൂപഃ — നാനാരൂപതാം ഭജമാനസ്സ
ഇന്ദ്രഃ വരുണാത്മനാ
അമൃതാനി ആ തസ്ഥൗ — ജലാനി അധിതിഷ്ഠതി

അത്ഥം—എല്ലാ കവികളും (സൽകമ്മംകൊണ്ട് ദേവപദവി നേടിയവർ) തേരിലിരിക്കുന്ന ഇന്ദ്രനെ മുററും അലങ്കരിച്ചു. സ്വന്തം കാന്തിയാൽ ഉജ്വലിക്കുന്നവനും അതുകൊണ്ടുതന്നെ തേജസ്സുകൊണ്ട് മൂടുന്നവനും (തേജസ്സാകുന്ന വസ്ത്രമുടുത്തവനും) ആയ ഇന്ദ്രൻ എങ്ങും വത്തിക്കുന്നു. കാമവഷകനും സവ്വരുടേയും അന്തഃകരണത്തിലിരുന്ന് പ്രേരണകരം ചെലുത്തുന്നവനുമായ ഇന്ദ്രൻെറ വന്ദ്യമായ കമ്മം ആശ്ചര്യകരമത്രേ. പിന്നെ വിവിധ രൂപങ്ങളോടുകൂടിയ ഇന്ദ്രൻ വരുണരൂപനായിട്ടത്രേ ജലങ്ങളിൽ വത്തിക്കുന്നത്.

5 അസൂതപൂവ്വോവൃഷഭോജ്യായാ
നിമാഅസ്യശ്രുരുധസ്സന്തിപൂവ്വീഃ
ദിവോനപാതാവിദഥസ്യധീഭിഃ
ക്ഷത്രംരാജാനാപ്രദിവോദധാഥേ
വ 23

അന്വയം:—

വൃഷഭഃ, പൂവ്വഃ — കാമാനാം വഷിതാ, പുരാതനഃ
(അത ഏവ) ജ്യായാൻ
അസൂത — ജ്യേഷ്ഠഃ ഇന്ദ്രഃ അപഃ സസജ്ജ
പൂവ്വീഃ ഇമാഃ — ബഹ്വ്യഃ തേനസൃഷ്ടാ ആപഃ
അസ്യ ശ്രുരുധഃ സന്തി — ശ്രുചഃ പിപാസായാഃ
രോധയിത്ര്യഃ ഭവന്തി
ഹേ ദിവഃ, നപാതാ
രാജാനാ — ദിവോന പാതയിതാരൌ,
രാജാനൌ, ഇന്ദ്രാ വരുണൌ,
പ്ര–ദിവഃ — പ്രകഷേണ ദ്യോതമാനസ്യ
വിദഥസ്യ — യജ്ഞകാരിണഃ, സ്തോതുഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധീഭിഃ ക്ഷത്രം ദധാഥേ	—	സ്തുതിഭിഃ ധനമസ്മഭ്യംദാതും ധാരയേഥേ

അത്ഥം—കാമവർഷിതാവും പുരാതനനും അതുകൊണ്ട തന്നെ എല്ലാവക്കും ജ്യേഷ്ഠനുമായ ഇന്ദ്രനാണ് ജലങ്ങളെ സൃഷ്ടിച്ചതു്. അവിടുന്ന് സൃഷ്ടിച്ച ജലങ്ങൾ ജഗത്തിൻെറ അസഹ്യമായ ദാഹത്തെ പരിഹരിക്കുന്നവയായി. ദ്യോവ് വീഴാതെ കാക്കുന്ന രാജാക്കളായ ഇന്ദ്രവരുണന്മാരെ, മികച്ച ശോഭിയ്ക്കുന്ന യജ്ഞകാരിയായ സ്തോതാവിൻെറ സ്തുതികളാൽ (പ്രീതനായി) ഞങ്ങൾക്ക തരുവാനായി അവിടുന്ന് ധനം കയ്യിൽ വെച്ചിരിക്കുന്നു.

6 ത്രീണിരാജാനാവിദഥേപുരൂണി
പരിവിശ്വാനിഭൂഷഥസ്സദാംസി
അപശ്യമത്രമനസാജഗന്വാ
വ്രതേഗന്ധർവ്വാഅപിവായുകേശാൻ

അന്വയം:—

ഹേ രാജാനാ	—	രാജാനാവിന്ദ്രാവരുണൌ
വിദഥേ	—	അസ്മിൻ യജ്ഞേ
വിശ്വാനി പുരൂണി	—	വ്യാപ്താനി, യജനീയൈ സ്തോമാദിഭിഃ പൂർണ്ണാനി
ത്രീണി സദാംസി പരി		
ഭൂഷഥഃ	—	സവനാനി സർവ്വതോലങ്കുരുഥഃ
(ഹേ ഇന്ദ്ര, ത്വം)		
ജഗന്വാൻ	—	യജ്ഞം പ്രതിഗതവാനസി
അപി അത്ര വ്രതേ	—	യതോഹം യജ്ഞേ
വായു—കേശാൻ	—	വായുവൽചലനരശ്മീൻ
ഗന്ധർവ്വാൻ	—	സ്വാനഭ്രാജാദീൻ സോമ രക്ഷകാൻ
മനസാ അപശ്യം	—	ദൃഷ്ടവാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം—അല്ലയോ രാജാക്കളായ ഇന്ദ്രവരുണന്മാരേ, ഈ യജ്ഞത്തിൽ വ്യാപ്തങ്ങളും, യാജ്യങ്ങളായ സോമം മുതലായവയാൽ പൂർണ്ണങ്ങളുമായ മൂന്നുസവനങ്ങളെയും നിങ്ങൾ മുററുമലങ്കരിക്കുന്നു—അതായത് സാന്നിധ്യംകൊണ്ട് അലങ്കൃതമാക്കുന്നു. അല്ലയോ ഇന്ദ്ര, അവിടുന്ന് ഓരോ യാഗത്തിന്നും പോകുന്നവനാണ്. ഈ യജ്ഞത്തിൽ വായുപോലെ ഇളകുന്ന രശ്മികളോടുകൂടിയ സോമരക്ഷകരായ ഗന്ധർവ്വന്മാരെ മനസ്സുകൊണ്ടു കാണുന്നു. (സ്വാനൻ, ഭ്രാജൻ, അങ്ഘാരി, ബംഭാരി, ഹസ്തൻ, സുഹസ്തൻ കൃശാനു എന്നിവരത്രേ ഏഴു സോമരക്ഷകർ.)

7 തദിന്ന്വസ്യവൃഷഭസ്യധേനോ

രാനാമഭിർമ്മമിരേസക്മ്യംഗോഃ

അന്യദന്യദസുര്യം വസാനാ

നിമായിനോമമിരേരൂപമസ്മിൻ

അന്വയം:—

(യേ യജമാനാഃ)

വൃഷഭസ്യ — അഭിമതഫലപ്രദസ്യ

അസ്യ ധേനോഃ ഗോഃ — ഇന്ദ്രസ്യഭോഗ്യായാഃ ഗോഃ

നാമ—ഭിഃ — വിശ്വായുഃ വിശ്വവ്യചാ ഇത്യാദിഭിരുപലക്ഷിതാംഗാം

സക്മ്യം തത് — സംഭജനാർഹം തൽക്ഷീരാദികം ഹവിഃ

നു ആ മമിരേ ഇൽ — ക്ഷിപ്രമാദൃഹന്ത്യേവ

(തേന ച ഹവിഷാ യജ്ഞമനുഷ്ഠായ ദേവഭ്രയം പ്രാപ്താസ്തേ കവയഃ)

അന്യൽ—അന്യൽ

അസുര്യം — നൂതനമസുരാണാം ബലം

വസാനാഃ — ആച്ഛാദയന്തഃ, അതഏവ

മായിനഃ — മായയാസ്വീകൃതകാമരൂപാസ്സന്തഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അസ്മിൻ രൂപം നി മമിരേ— ഇന്ദ്രേസ്വംരൂപം ഇയത്തയാ
പരിച്ഛിദ്യനിദധുഃ

അർത്ഥം-യാവരായ യജമാനന്മാർ, അഭീഷ്ടഫലദാതാവായ ഇന്ദ്രന്ന് വിശ്വായു, വിശ്വവ്യചമുതലായ പേരുകളാൽ അറിയപ്പെടുന്ന കറവപ്പശുവിങ്കൽ നിന്നു് കിട്ടാവുന്ന പാൽ മുതലായ ഹവിസ്സ വേഗം കറന്നെടുത്തു്, ഈ ഹവിസ്സുകൊണ്ടു യജ്ഞമനുഷ്ഠിച്ചു്, ദേവപദവിനേടിയോ, ആ കവികരം പുതുതായി അസുരന്മാക്കോത്ത ബലമേന്തി, ഇഷ്ടമുള്ള രൂപം മാറി മാറി ധരിക്കുന്നവരായി, ഇന്ദ്രങ്കൽ സ്വന്തം രൂപം പരിച്ഛേദിച്ചുവെച്ചു. അതായതു്–അവരുടെ വ്യക്തിത്വമുദ്ര ഇന്ദ്രന്റെ ഉള്ളിൽ ഉറപ്പിച്ചു.

8 തദിന്ന്വസ്യസവിതുന്നകിമ്മേ
ഹിരണ്യയീമമതിംയാമശിശ്രേൽ
ആസുഷ്ടുതീരോദസീവിശ്വമിന്വേ
അപീവയോഷാജനിമാനിവവ്രേ

അന്വയം:–

(ഇന്ദ്രഃ ആത്മാനംബ്രൂതേ)

തൽ സവിതുഃ അസ്യ മേ	— തസ്മാൽസവ്വസ്യജഗതഃ അന്തര്യാമിതയാപ്രേരയിതുഃ ഇന്ദ്രസ്യമമ
ഹിരണ്യയീം അമതിം	— സുവണ്ണമയീം ദീപ്തിം
നകിഃ ഇൽ?	— കോവാപരിച്ഛിനത്തിഖലു?
യാം അശിശ്രേൽ	— മദീയാം ദീപ്തിം യഃ ആശ്രയതി
(സഃ) സു-സ്തുതീ	— ശോഭനയാസ്തുത്യാസ്തുതസ്സൻ
വിശ്വം-ഇന്വേ രോദസീ	— സവ്വസ്യസംതപ്പയിത്ര്യൌ ദ്യാവാപൃഥിവ്യൌ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അപി—ഇവ യോഷാ
ജനിമാനി — യഥായോഷാ, സ്ത്രീജാതാന്യ
പത്യാനി വൃണോതി തദ്വൽ
ന ആ വവ്രേ — ക്ഷിപ്രം സ്വകീയതയാ സർവ്വതഃ
വൃണുതേ

അർത്ഥം-(ഇന്ദ്രൻ തന്നോടു തന്നെ പറയുന്നു) ജഗത്തിനെ ഉള്ളിലിരുന്നു് പ്രേരിപ്പിക്കുന്ന ഇന്ദ്രനായ എൻെറ (സൂര്യാത്മാവായ എൻെറ) കനകമയമായ പ്രകാശത്തെ ആർ തന്നെ തിട്ടപ്പെടുത്തുന്നു? ആ പ്രകാശത്തെ ഏവൻ ആശ്രയിക്കുന്നുവോ അവൻ നല്ല സ്തോത്രങ്ങളാൽ പുകഴ്ത്തപ്പെട്ടു്, ഒരു സ്ത്രീ താൻ പെററ കുട്ടികളെ എന്ന പോലെ, എല്ലാററിന്നും സുഖമണയ്ക്കുന്ന ദ്യാവാപൃഥിവികളെ സ്വന്തമെന്ന ബോധത്തോടുകൂടി വരിക്കുന്നു, സ്വീകരിക്കുന്നു. (സവിതാവിൻെറ പ്രകാശം, പ്രസാദമുഖംകൊണ്ടാൽ ഭുവനത്തെ മുഴുവൻ സ്വന്തം കുട്ടികളെ അമ്മയെന്നപോലെ സ്നേഹിക്കുന്നു.)

9 യുവംപ്രത്നസ്യസാധഥോമഹോയ
ദൈവീസ്വസ്തിഃപരിണസ്സ്യാതം
ഗോപാജിഹ്വസ്യതസ്ഥുഷോവിരൂപാ
വിശ്വേപശ്യന്തിമായിനഃകൃതാനി

അന്വയം:—
(ഹേ ഇന്ദ്രാവരുണൌ)
യുവം പ്രത്നസ്യ — യുവാം സ്തോതുഃ
യൽ ദൈവീ സ്വസ്തിഃ — യദ്ദേവസംബന്ധി സ്വാരാജ്യ
ലക്ഷണം ശ്രേയഃ
മഹഃ (തൽ ശ്രേയഃ)
സാധഥഃ — സാധയഥഃ
(കിംച യുവാം) നഃ പരി
സ്യാതം — അസ്മാൻ രക്ഷകൌ ഭവേതം
വിശ്വേ മായിനഃ — സർവ്വേദേവാഃ
ഗോപാജിഹ്വസ്യ — ഗോപ്ത്രീജിഹ്വാ,
മാബിഭീതഇതിവാഗ്യസ്യതസ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്ഥുഷഃ — സ്ഥിരതരസ്യേന്ദ്രസ്യ
വി-ത്രുപാ കൃതാനി
പശ്യന്തി — നാനാവിധാനി വൃത്രഘനനാദീനി കമ്മാണി പശ്യന്തി

അത്ഥം—അല്ലയോ ഇന്ദ്രവരുണന്മാരേ, യാതൊന്നാണൊ ദേവസംബന്ധിയായ, സ്വഗ്ഗീയമായ ശ്രേയസ്സ്, മഹത്തായ അതു് നിങ്ങളെ സ്തുതിക്കുന്നവന്നു് നിങ്ങൾ നേടിക്കൊടുക്കുന്നു. നിങ്ങൾ ഞങ്ങളുടെ രക്ഷകന്മാരായി ഭവിച്ചാലും. 'പേടിക്കേണ്ട' എന്നു പറയുന്ന സവ്വസംരക്ഷകമായ നാവോടുകൂടിയവനും നിത്യനുമായ ഇന്ദ്രൻെറ വൃത്രവധം മുതലായ വിവിധ കമ്മങ്ങൾ എല്ലാ ദേവന്മാരും കാണുന്നു.

10 ശുനംഹുവേമമഘവാനമിന്ദ്ര
മസ്മിൻഭരേനൃതമംവാജസാതൌ
ശൃണ്വന്തമുഗ്രമൂതയേസമൽസു
ഘ്നന്തംവൃത്രാണിസംജിതംധനാനാം വ. 24

അന്വയം:—
(ഇതു് ഈ അധ്യായത്തിൽ നാലാം വഗ്ഗത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ടു്.)

വഗ്ഗം-25-26

1 ഇന്ദ്രംമതിർഹൃദആവച്യമാനാ
ച്ഛാപതിംസ്തോമതഷ്ടാജിഗാതി
യാജാഗൃവിർവിദഥേശസ്യമാനേ
ന്ദ്രയത്തേജായതേവിദ്ധിതസ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

(വിശ്വാമിത്രസ്സ്തൗതി)

ഹേ ഇന്ദ്ര, ഹൃദഃ

വച്യമാനാ — ഹൃദയാൽ ഉച്ച്യമാനാ

സ്തോമ-തഷ്ടാ — സ്തോമകാരിഭിഃ കൃതാ

മതിഃ പതിം ഇന്ദ്രം — സ്തുതിഃ സർവ്വസ്യജഗതസ്സ്വാമിനം ത്വാം

അച്ഛ ആ ജിഗാതി — അഭിലക്ഷ്യസമന്താൽ ഗച്ഛതു

യാ (സ്തുതിഃ) ജാഗൃവിഃ — സ്തുതസ്യ തവജാഗരണം കുർവ്വാണാ

(സാ) വിദഥേ

ശസ്യമാനാ — യജ്ഞേശംസനീയാ ഭവതി

ഹേ ഇന്ദ്ര, തേ യൽ — ത്വദത്ഥം യൽസ്തോത്രം മത്തഃ

ജായതേ തസ്യ വിദ്ധി — തം ജാനീഹി (ദ്വിതീയാത്ഥേ ഷഷ്ഠീ)

അത്ഥം—അല്ലയോ ഇന്ദ്ര, ഹൃദയത്താൽ ഉച്ചരിയ്ക്കപ്പെടുന്നതും സ്തോത്രകർത്താക്കളാൽ ഉണ്ടാക്കപ്പെട്ടതുമായ സ്തുതി, ജഗത്തിന്നു മുഴുവൻ നാഥനായ ഇന്ദ്രനായ അവിടുത്തെ നേരെ നിറഞ്ഞെത്തട്ടെ. യാതൊരു സ്തുതി, സ്തുതിയ്ക്കപ്പെട്ട അവിടേയ്ക്കു് ഉണർവ്വുണ്ടാക്കുമോ അതു് യജ്ഞത്തിൽ ചൊല്ലപ്പെടുന്നതാകുന്നു. അല്ലയോ ഇന്ദ്ര, അവിടുത്തെ ഉദ്ദേശിച്ചു് യാതൊരു സ്തോത്രം എങ്കൽ നിന്നുളവാകുന്നുവോ, അതവിടുന്നറിഞ്ഞാലും.

2 ദിവശ്ചിദാപൂർവ്വ്യാജായമാനാ
വിജാഗൃവിർവ്വിദഥേശസ്യമാനാ
ഭദ്രാവസ്ത്രാണ്യർജ്ജുനാവസാനാ
സേയമസ്മേസനജാപിത്ര്യാധീഃ

അന്വയം:—

(ഹേ ഇന്ദ്ര,) ദിവഃ

ചിൽ പൂർവ്വ്യാ — ദ്യോതമാനാൽ സൂര്യാദപി പൂർവ്വേഭവേ, ഉഷഃ കാലസംബന്ധിനീ

*18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആ ജായമാനാ വി — യാ സ്തുതിലക്ഷണാവാക്
വിഭവതി

സാ ഇയം വിദഥേ
ശസ്യമാനാ — വാക് യജ്ഞേ ശംസനീയാ
ജാഗൃവിഃ — സ്തുത്യസ്യ തവജാഗരണം
കുവ്വാണാ
ഭദ്രാ, അർജ്ജുനാ — ഭദ്രാണി, കല്ല്യാണാനി
അർജ്ജുനാനി ശുക്ലവർണ്ണാനി
വസ്ത്രാണി വസാനാ — തേജാംസ്യാച്ഛാദ്യമാനാ
അസ്മേ പിത്ര്യാ — അസ്മാകം പിതൃക്രമാദാഗതാ,
അത ഏവ
സനു-ജാ ധീഃ — പുരാതനീ സതീതവസ്തുതി
ഭവതി

അർത്ഥം:--അല്ലയോ ഇന്ദ്ര, പ്രകാശമാനനായ സൂര്യന്റെ (ഉദയത്തിന്നു്) മുമ്പുണ്ടായതും (തൽസമയത്തു് ചൊല്ലേണ്ടതും) ഉഷസ്സംബന്ധിയായി ഉളവായതുമായ യാതൊരു സ്തുതിവചനമുണ്ടോ, അതു് യജ്ഞത്തിൽ ചൊല്ലപ്പെടുന്നതും, സ്തുത്യനായ അവിടേക്കു് ഉണർവ്വുണ്ടാക്കുന്നതുമത്രേ. അതു് മങ്ഗളകരങ്ങളും വെൺനിറമുററവയുമായ തേജസ്സുകളാകുന്ന വസ്ത്രങ്ങളുടുത്തു് ഞങ്ങളുടെ പൂർവ്വികന്മാരിൽ നിന്നു് ചൊല്ലിത്തന്നു് ചൊല്ലിവന്ന, അവിടുത്തേയ്ക്കു ചേർന്ന പുരാതന സ്തുതിയാകുന്നു.

3 യമാചിദത്ര്യമസൂർസൂത
ജിഹ്വായാഅഗ്രംപതദാഹ്യസ്ഥാൽ
വപൂംഷിജാതാമിഥുനാസചേതേ
തമോഹനാതപുഷോബുധ്നഏതാ

അന്വയം:—
(പ്രസങ്ഗാദുഷഃ കാലം പ്രശംസതി)
യമ-സൂഃ — യമൌ, യമലൌ സൂതേ ഇതി
യമസൂഃ ഉഷോഭിമാനിനീ
ദേവതാ സാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യമാ അത്ര അസൂത — യമലാവശ്വിനാവസൂത (അശ്വി നോസ്സുത്രശസ്യമാനത്വാൽ)

(അശ്വിനൌ സ്തോത്രം മമ) ജിഹ്വായാഃ അഗ്രം

പതൽ ആ അസ്ഥാൽ ഹി — ചഞ്ചലം തിഷ്ഠതി ഖലു

തമഃ-ഹനാ — തമസോ ഹന്താരൌ

തപുഷഃ ബുധ്നേ — തപത്യസ്മിൻ സൂര്യേ ഇതിതപുഃ ദിവസഃ, തസ്യമൂലേ

ആ-ഇതാ മിഥുനാ — ഏതാവാഗതൌ പരസ്പര സങ്ഗതൌ താവശ്വിനൌ

ജാതാ വപൂംഷി — ഉൽപന്നാനി ശസ്ത്രാദീനി കർമ്മാണി

സചേതേ — സങ്ഗച്ഛതഃ

അർത്ഥം—(പ്രസംഗവശാൽ ഉഷഃകാലത്തെ പ്രശംസിക്കുന്നു). ഇരട്ടപെററ ഉഷസ്സിൻെറ അഭിമാനദേവത ഇരട്ടകളായ അശ്വികളെയാണു പ്രസവിച്ചതു്. (അശ്വികൾ ഉഷസ്സിൽ സ്തുതിക്കപ്പെടേണ്ടവരാകയാൽ അപ്രകാരം കല്പന.) ആ അശ്വികളെ സ്തുതിപ്പാൻ എൻെറ നാവിൻതലപ്പു് ഇളകുന്നു. ഇരുട്ടകററുന്നവരും ദിവസത്തിൻെറ ആരംഭത്തിൽ അന്യോന്യം ചേർന്നവരുമായ ആ അശ്വികൾ അപ്പോഴുളവാകുന്ന ശസ്ത്രാദികർമ്മങ്ങളോടു ചേരുന്നു.

4 നകിരേഷാംനിന്ദിതാമർത്യേഷു

യേഅസ്മാകംപിതരോഗോഷുയോധാഃ

ഇന്ദ്രഏഷാംദൃംഹിതാമാഹിനാവാ

നദ്ഗോത്രാണിസസൃജേദംസനാവാൻ

അന്വയം:—

(ഹേ ഇന്ദ്ര, സത്രേപ്രവൃത്താനാം) അസ്മാകം

യേ പിതരഃ — അങ്ഗിരസഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗോഷ്യ യോധാഃ — പണിഭിരപഹൃതേഷു തേഷു, തന്നിമിത്തം യോദ്ധാരോ വർത്തന്തേ തേഷാം

ഏഷാം മർത്ത്യേഷു നിന്ദിതാ

നകിഃ — ദൂഷകഃ നകശ്ചിദസ്തി

മാഹിന—വാൻ,

ദംസനാ—വാൻ — മഹിമോപേതഃ, വൃത്രവധാദി കർമ്മവാൻ

ഇന്ദ്രഃ ഏഷാം ദൃംഹിതാ — അങ്ഗിരസാംദൃംഹിതാനി, സമൃദ്ധാനി (സംഭൃതാനി)

ഗോത്രാണി ഉൽ സസൃജേ — ഗവാംവൃന്ദാനിതേഭ്യോദദൌ

അർത്ഥം--അല്ലയോ ഇന്ദ്ര, സത്രമെന്ന യാഗവിശേഷത്തി ലേപ്പെട്ട ഞങ്ങളുടെ പൂർവ്വീകരായ അംഗിരസ്സുകളേവർ, പണി കളാൽ പശുക്കളെ അപഹരിക്കപ്പെട്ട കാരണത്താൽ യുദ്ധോദ്യ തരായോ, അവരെ മനുഷ്യരിൽ ദൂഷ്യം പറയുന്നവനാരുമില്ല. (മഹർഷിമാർ യോദ്ധാക്കളായി മാറി എന്ന് നിന്ദിക്കുന്നവനാ രുമില്ല.) മഹിമയുററവനും വൃത്രവധാദി കർമ്മത്തോടുകൂടിയവ നമായ ഇന്ദ്രൻ പശുക്കൂട്ടത്തെ തേടിപ്പിടിച്ച് അവർക്ക് കൊടുത്തു.

5 സഖാഹയത്രസഖിഭിർന്നവഗ്വൈ
രഭിജ്ഞ്വാസത്വഭിർഗ്ഗാ അനുഗ്മൻ
സത്യംതദിന്ദ്രോദശഭിർദ്ദശഗ്വൈ
സൂര്യംവിവേദതമസിക്ഷിയന്തം ‌‌ വ 25

അന്വയം:-

സഖി—ഭിഃ — സമാനഖ്യാനൈഃ

സത്വ—ഭിഃ — ഇന്ദ്രമഭിതസ്സീദത്ഭിഃ

നവ—ഗ്വൈഃ — മേധാതിഥിപ്രഭൃതയഃ അങ്ഗിരസഃ കേചിൽ നവമാസാൻ സത്രമനുഷ്ഠായ ഫലംലേഭിരേ, തൈഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സഖാ	— സമാനഖ്യാനഃ ഇന്ദ്രഃ
യത്ര ഗാഃ	— യസ്മിൻബിലേപണിഭിർനി രുദ്ധാഗാഃ അഭിലക്ഷ്യ
അഭി–ജ്ഞു ആ അനു–ഗ്മൻ	— അഭിഗതജാനകംയഥാ ഭവതി തഥാ അനുഗച്ഛൻ
ഇന്ദ്രഃ തൽ	— തത്രബിലേ
ദശ–ഗ്വൈഃ	— ദശമാസാൻ സത്രമനുഷ്ഠായ ലബ്ധഫലാഃ, തൈഃ
ദശ–ഭിഃ	— ദശസംഖ്യാകൈരങ്ഗിരോഭി സ്സഹിതസ്സൻ
തമസി ക്ഷിയന്തം	— ബിലവർത്തിന്യന്ധകാരേ നിവസന്തം
സത്യം സൂര്യം വിവേദ ഹ	— യഥാർത്ഥപ്രകാശം സൂര്യം ലേഭേ, തതോലബ്ധപ്രകാശഃ സഃ ഇന്ദ്രഃ തദാ ഗാഃ ആനീയ അങ്ഗിരോഭ്യഃ പ്രാദാൽ

അർത്ഥം-തുല്യ സഖാക്കളായ തൻെറ അടുത്തിരിക്കുന്ന മേധാതിഥി മുതലായ നവഗ്വന്മാരോടുകൂടി (ഒമ്പതു മാസം സത്രമനുഷ്ഠിച്ച് ഫലം നേടിയവർ നവഗ്വന്മാർ. അപ്രകാര മുള്ള അംഗിരസ്സുകളോടുകൂടി) സഖാവായ ഇന്ദ്രൻ പണികളാൽ തടഞ്ഞുവെക്കപ്പെട്ട പശുക്കളെ കാൽപ്പാടുകരം നോക്കി പിൻ തുടൎന്നുപോയി ആ ഗുഹയിൽ, ദശഗ്വന്മാരായ (പത്തുമാസം കൊണ്ട് സത്രം അനുഷ്ഠിച്ച ഫലം നേടിയവർ) പത്തംഗിരസ്സു കളുമൊത്ത് ഇരുട്ടിൽ നിന്നിരുന്ന പശുക്കൂട്ടത്തെ, യഥാർത്ഥ സൂര്യപ്രകാശം നേടി വീണ്ടെടുത്ത് അവൎക്കു കൊടുത്തു. (നവഗ്വ ന്മാരോടും ദശഗ്വന്മാരോടുംകൂടിയാണിന്ദ്രൻ തിരച്ചിലിന്നു പോയതു്.)

6 ഇന്ദ്രോമധുസംഭൃതമുസ്രിയായാം

പദ്വദ്വിവേദശഫവന്നമേഗോഃ

ഗുഹാഹിതംഗുഹ്യംഗൂള്ഹമപ്സു

ഹസ്തേദധേദക്ഷിണേദക്ഷിണാവാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

ഇന്ദ്രഃ ഉസ്രിയായാം	—	ക്ഷീരദധ്യാദിക്രമേണോൽ സ്രാവിണ്യാം ഭോഗവത്യാം ഗവി
സം-ഭൃതം മധു വിവേദ	—	ക്ഷീരാദി അജ്ഞാസീൽ
(തതസ്തദർത്ഥം) പൽ-വൽ,		
ശഫ-വൽ	—	പാദയുക്തം ഖുരോപേതം ഗോധനം ലേഭേ
നമേ ഗോഃ	—	പണിനാപഹൃതാം ഗാം നമേ ആനീതാമകരോൽ (ദ്വിതീയാർത്ഥേഷഷ്ഠീ)
(തഥാ) ദക്ഷിണ-വാൻ	—	ഔദാര്യവാൻ, സമർത്ഥഃ ഇന്ദ്രഃ
ഗുഹാ ഹിതം	—	ഗുഹായാം നിഹിതം
ഗുഹ്യം അപ്-സു		
ഗൂള്ഹം	—	പ്രച്ഛന്നം അത ഏവ അന്തരിക്ഷേ ഗൂഢചാരിണമസുരം
ദക്ഷിണേ ഹസ്തേ ദധേ	—	ദധാര, അഗ്രഹീൽ

അർത്ഥം-പാൽ, തൈർ മുതലായവയെ ക്രമേണ ചുരത്തുന്ന ഭോഗകാരിണിയായ ഗോവിൽ (പശുവിൽ) നിറഞ്ഞുനില്ക്കുന്ന മാധുര്യസാരത്തെ ഇന്ദ്രനറിഞ്ഞു. പിന്നെ അതിന്നായി കാലുള്ളവയും കുളമ്പുള്ളവയുമായ പശുധനം നേടി. പണിയാൽ അപഹരിയ്ക്കപ്പെട്ട പശുവിനെ (ജാത്യേകവചനം,-പശുക്കൂട്ടത്തെ) മടക്കിക്കൊണ്ടുവന്നു. ഗുഹയിലൊളിച്ച് അന്തരിക്ഷത്തിൽ മറഞ്ഞുനടക്കുന്ന അസുരനെ ഔദാര്യശീലനും സമർത്ഥനുമായ ഇന്ദ്രൻ വലങ്കയ്യാൽ പിടിച്ചു. (ഇവിടെ ഹൃദയമാകുന്ന ഗുഹയിൽ ഒളിഞ്ഞിരിയ്ക്കുന്ന കാമക്രോധാദികളായ അസുരന്മാർ ശമദമാദികളായ പശുക്കളെ ഒളിപ്പിച്ചതു്, ജീവാത്മാവിന്റെ ബോധജന്യമായ ധ്യാനംകൊണ്ടും, പരമാത്മസ്വരൂപനായ പരമേശ്വരന്റെ അനുഗ്രഹം കൊണ്ടും വീണ്ടുകിട്ടി, കാമക്രോധാദികൾ അകററപ്പെട്ടു എന്ന പ്രതീതിയുണ്ടാക്കുന്നു.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

7 ജ്യോതിർവൃണീതതമസോവിജാന

ന്നാരേസ്യാമദുരിതാഭീകേ

ഇമാഗിർസ്സോമപാസ്സോമവൃദ്ധ

ജുഷസ്വേന്ദ്രപുരുതമസ്യകാരോഃ

അന്വയം:–

തമസഃ വി–ജാനൻ	— രാത്രേസ്സകാശാൽ വിശേഷേണ ജാനൻ, പ്രാദുർഭവൻ, സൂര്യാത്മക ഇന്ദ്രഃ
ജ്യോതിഃ വൃണീത	— ജഗദ്വ്യവഹാരനിർവ്വാഹകം പ്രകാശം സമഭക്ത
(വയം) ദുഃ–ഇതാൽ ആരേ	— പാപാൽ ദൂരേ, പാപ വർജ്ജിതാസ്സന്തഃ
അഭീകേ സ്യാമ	— ഭയരഹിതേസ്ഥാനേ ഭവേമ
ഹേ സോമ–പാഃ, സോമ–വൃദ്ധ, ഇന്ദ്ര,	— സോമസ്യപാതഃ, സോമ പാനേന വൃദ്ധ, ഇന്ദ്ര
പുരു–തമസ്യ	— പുരൂൻ ശത്രൂൻ താമയതഃ, ഗ്ലാപയതഃ തവ
കാരോഃ	— സ്തോത്രം കുർവ്വാണസ്യ ഋത്വിജഃ
ഇമാഃ ഗിരഃ ജുഷസ്വ	— സ്തുതിവാചഃ സേവസ്വ

അർത്ഥം–തമസ്സിങ്കൽ, രാത്രിയിങ്കൽ നിന്നു് വേണ്ടപോലെ ആവിർഭൂതനായ (സൂര്യരൂപനായ) ഇന്ദ്രൻ ജഗത്തിൽ കാര്യങ്ങൾ നിർവ്വഹിപ്പാനുള്ള വെളിച്ചത്തെ ചേർത്തു, ഉൽപാദിപ്പിച്ചു. നമ്മൾ പാപത്തിൽ നിന്നു് ദൂരെ (അപാപരായിതീർന്നു്) അഭയമായസ്ഥാനത്തു് വർത്തിക്കാവൂ. സോമം കുടിക്കുന്നവനും, സോമംകൊണ്ടു പുഷ്ടിപൂണ്ടവനുമായ ഇന്ദ്ര, വളരെ ശത്രുക്കളെ ക്ഷീണിപ്പിച്ച അവിടേയ്ക്കു് സ്തോത്രം ചൊല്ലുന്ന ഋത്വിക്കിൻെറ സ്തുതിവചനങ്ങൾ കൈക്കൊണ്ടാലും. (ഇവിടെയും തമസ്സിങ്കൽ എന്ന പദം അജ്ഞാനത്തെ കുറിക്കുന്നതാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യും പാപത്തിൽ നിന്നു ദൂരെ അകററണമെന്നത്ഥന മുൻമന്ത്രത്തിലെ ആന്തരാത്ഥത്തെ പ്രകടിപ്പിക്കുന്നതായും വിചാരിക്കാം.)

8 ജ്യോതിര്യജ്ഞായരോദസീ അനുഷ്യാ

ദാരേസ്യാമദുരിതസ്യഭൂരേഃ

ഭൂരിചിദ്ധിതുജതോമർത്ത്യസ്യ

സുപാരാസോവസവോബഹ്ണാവൽ

അന്വയം:-

(ഹേ ഇന്ദ്ര) ജ്യോതിഃ	— ജഗൽപ്രകാശകസ്സൂര്യഃ
യജ്ഞായ രോദസീ	— അഗ്നിഹോത്രാദികരണായ ദ്യാവാപൃഥിവ്യൌ
അനു സ്യാൽ	— അനുഭവേതു, പ്രകാശയതു
(വയം) ഭൂരേഃ ദുഃ-ഇതസ്യ	
ആരേ സ്യാമ	— പ്രഭൂതസ്യപാപസ്യദൂരേഭവേമ
ഹേ വസവഃ	— സവ്വസ്യവാസയിതാരഃ ഇന്ദ്രാദയഃ
സു-പാരാസഃ	— സുപാരാഃ, ശോഭനപാരാഃ സ്തുത്യാഭിമുഖീകത്തുംശക്യാ യൂയം
ഭൂരി ചിൽ ഹി	
ബഹ്ണാ-വൽ	— അതിപ്രഭൂതം സമൃദ്ധിയുക്തമേവധനം
തുജതഃ മർതസ്യ	— ഭൂരിപ്രദസ്യമർത്ത്യസ്യ പ്രയച്ഛഥ

അത്ഥം-അല്ലയോ ഇന്ദ്ര, ജ്യോതിസ്സ്, ജഗൽപ്രകാശകനായ സൂര്യൻ അഗ്നിഹോത്രാദി സൽകമ്മങ്ങൾക്കായി ദ്യാവാപൃഥിവികളെ പ്രകാശിപ്പിക്കട്ടെ. ഞങ്ങൾ കൊടുതായ പാപത്തിൽ നിന്നു അകന്നിരിയ്ക്കാവൂ. ഏവരെയും അതാതിടത്ത് വസിപ്പിക്കുന്ന ഇന്ദ്രാദി ദേവന്മാരെ, സ്തുതിയാൽ നേരിടീയ്ക്കുവാൻ പററിയ നിങ്ങൾ മികച്ചതും സമൃദ്ധികരവുമായ ധനം തന്നെ തരുന്നു, തന്നാലും. (ഇവിടെയും ജ്യോതിസ്സ ദ്യാവാപൃഥിവി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കളെ പ്രകാശിപ്പിക്കട്ടെ എന്നതിന്നു് ജ്ഞാനം പ്രകാശിപ്പിക്കട്ടെ എന്നു വിവക്ഷയുള്ളതായി വിചാരിക്കാം. പാപത്തിൽ നിന്നു ദൂരവർത്തിത്വം പ്രാർത്ഥിക്കുന്നതും ആന്തരാർത്ഥം സൂചിപ്പിക്കുന്നു. ധനത്തെയും ആത്മപോഷകമായ ശമദമാദിയെന്നു കാണണം.)

9 ശുനംഹുവേമമഘവാനമിന്ദ്ര

മസ്മിൻഭരേനൃതമംവാജസാതൌ

ശൃണ്വന്തമുഗ്രമൂതയേസമൽസു

ഘ്നന്തംവൃത്രാണിസംജിതംധനാനാം വ 26

അന്വയം:-

(ഇതു് ഈ അധ്യായത്തിൽ നാലാം വർഗ്ഗത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ടു്)

രണ്ടാമധ്യായം സമാപ്തം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായപീഠിക

അഷ്ടകം–3 അധ്യായം–3

1–മുതൽ 18 കൂടി വർഗ്ഗങ്ങളിൽ ഇന്ദ്രനാണ് ദേവത. 19 മുതൽ 23 കൂടി ഇന്ദ്രപർവ്വതന്മാരും സരസ്വതിയും രഥാംഗങ്ങളും അഭിശാപവും ദേവതകൾ. 15–ം 16–ം മന്ത്രങ്ങൾ സാരസ്വതത്തിൽ പെട്ടതാണ്, 21 മുതൽ 24 കൂടി മന്ത്രങ്ങൾ വസിഷ്ഠനെ ശപിയ്ക്കുന്ന വിശ്വാമിത്രവാക്യങ്ങളാണ്. ഈ 4 മന്ത്രങ്ങൾ വസിഷ്ഠഗോത്രക്കാർ പഠിയ്ക്കാറില്ല, ചൊല്ലാറില്ല, കേൾക്കാറില്ല. ഇതുവിട്ടാണവരുടെ സംഹിത. 24 മുതൽ 31 കൂടി വർഗ്ഗങ്ങൾ വിശ്വേദേവകൾ ദേവത.

അഷ്ടകം 3 അധ്യായം 3 വർഗ്ഗം 1–2 വിശ്വാമിത്രഃ ഋഷിഃ ഗായത്രീച്ഛന്ദഃ ഇന്ദ്രോദേവതാ.

1 ഇന്ദ്രത്വാവൃഷഭംവയം സുതേസോമേഹവാമഹേ

സപാഹിമധ്വോഅന്ധസഃ

അന്വയം:–

ഹേ ഇന്ദ്ര, വൃഷഭം ത്വാ	— കാമാനാം വർഷകം ത്വാം
സുതേ സോമേ	— ഗ്രാവഭിരഭിഷുതേ സോമേ
വയം ഹവാമഹേ	— സോമപാനാത്ഥമാഹ്വയാമഃ
സഃ (ത്വം) മധ്വഃ	
അന്ധസഃ പാഹി	— മദകരം സോമം പിബ (കർമ്മണിഷഷ്ഠീ)

അത്ഥം–അല്ലയോ ഇന്ദ്ര, കാമവർഷിതാവായ അവിടത്തെ, പിടിക്കല്ലുകളാൽ സോമം സംസ്കരിയ്ക്കേ, സോമപാനത്തിന്നായി ഞങ്ങൾ വിളിക്കുന്നു. ആ അവിടുന്ന് ഹർഷകരമായ സോമം കുടിയ്ക്കാലും.

2 ഇന്ദ്രക്രതുവിദംസുതം സോമംഹര്യപുരുഷ്ടുത

പിബാവൃഷസ്വതാതൃപിം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ ഇന്ദ്ര, ക്രതു-വിദം	—	ക്രതോഃ, പ്രജ്ഞയാ ലംഭകം
സുതം സോമം ഹര്യ	—	അഭിഷുതം സോമംകാമയസ്വ
ഹേ പുരു-ഷ്ടുത	—	പുരുഭിഃ, ബഹുഭിസ്സ്തുതേന്ദ്ര
തൃമ്പിം	—	തൃപ്തികം, ആപ്യായനകാരിണ മിമം സോമം
പിബ, ആ വൃഷസ്വ	—	ജഠരേസിഞ്ച

(യഥാ നാഭേരധോനപതതിതഥാധാരയ)

അർത്ഥം—അല്ലയോ ഇന്ദ്ര, യജ്ഞപ്രജ്ഞാനംകൊണ്ടു കിട്ടുന്നതും സംസ്കരിച്ചതുമായ സോമത്തെ അവിടുന്നു കാമിച്ചാലും. എത്രയോ പേരാൽ സ്തുതിക്കപ്പെട്ട ഇന്ദ്ര, തൃപ്തിചേർക്കുന്ന വൃദ്ധിയുണ്ടാക്കുന്ന ഈ സോമം കുടിച്ചാലും; വയററിൽ പൊക്കിളിന്നു താഴെ വീഴാതെ ധരിച്ചാലും.

3 ഇന്ദ്രപ്രണോധിതാവാനംയജ്ഞംവിശ്വേഭിർദ്ദേവേഭിഃ

തിരസ്തവാനവിശ്പതേ

അന്വയം:—

ഹേ സ്തവാന, വിശ്പതേ ഇന്ദ്ര,	—	സ്തോതൃഭിസ്സ്തൂയമാന, വിശാം, മരുതാം പതേ, ഇന്ദ്ര
വിശ്വേഭിഃ ദേവേഭിഃ	—	സർവ്വൈഃ യജനീയൈർദ്ദേവൈസ്സഹിതസ്ത്വം
നഃ ധിത-വാനം	—	ധിതം, നിഹിതം ഹവിഃ യസ്യ തം സംഭൃത ഹവിഷ്ക മസ്മദീയമിമം
യജ്ഞം പ്ര തിര	—	പ്രകർഷേണ വർദ്ധയ (ഹവിസ്വീകരണേന സമ്പൂർണ്ണം കുരു)

അർത്ഥം—സ്തോതാക്കളാൽ പുകഴ്ത്തപ്പെടുന്നവനും മരുത്തുക്കളുടെ നാഥനുമായ ഇന്ദ്ര, എല്ലാദേവന്മാരോടും ചേർന്ന് അവിടുന്ന്, സംഭരിച്ച ഹവിസ്സുകളോടുകൂടിയ ഈ യജ്ഞത്തെ ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നായി വളർത്തിയാലും. കർമ്മശ്രദ്ധാവും ഫലപ്രദയിപ്പാവുമാക്കിയാലും, ഹവിസ്സു സ്വീകരിച്ചു സമ്പൂർണ്ണമാക്കിയാലും

4 ഇന്ദ്രസോമാസ്സുതാഇമേതവപ്രയന്തിസൽപതേ

ക്ഷയംചന്ദ്രാസഇന്ദവഃ

അന്വയം:–

ഹേ സൽ–പതേ, ഇന്ദ്ര,	— സതാം പതേ ഇന്ദ്ര,
ചന്ദ്രാസഃ ഇന്ദവഃ	— ആഹ്ലാദയിതാരഃ ദീപ്താഃ
സുതാഃ ഇമേ സോമാഃ	— അഭിഷുതാഃ, ആസ്വാദിത്താസ്സോമാഃ
തവ ക്ഷയം	— അന്നാദീനി അത്രക്ഷയന്തി, നിവസന്തീതി ക്ഷയഃ ജഠരം, തൽ
പ്ര യന്തി	— പ്രകർഷേണ ഗച്ഛന്തി, താൻ ധാരയ

അർത്ഥം–അല്ലയോ സത്തുക്കളുടെ പതിയായ ഇന്ദ്ര, ആഹ്ലാദകാരികളായി ദീപ്തങ്ങളായി സംസ്കരിച്ച് ഞങ്ങളാൽ നല്കപ്പെടുന്ന സോമങ്ങൾ അവിടത്തെ വയറിനെ നന്നായി പ്രാപിക്കുന്നു. അവയുംകൊണ്ടാലും.

5 ദധിഷ്വാജഠരേസുതം സോമമിന്ദ്രവരേണ്യം

തവദ്യുക്ഷാസഇന്ദവഃ

വ 1

അന്വയം:–

ഹേ ഇന്ദ്ര, വരേണ്യം	— സർവ്വൈർവ്വരണീയം
സുതം സോമം ജഠരേ	
ദധിഷ്വ	— ധാരയ
ഇന്ദവഃ	— ദീപ്താഃ ഇമേസോമാഃ
തവ ദ്യുക്ഷാസഃ	— ദിവിക്ഷിയന്തീതിദ്യുക്ഷാസഃ (അതസ്ത്വംസാപ്രതാൻ താൻധാരയ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം—അല്ലയോ ഇന്ദ്ര, എല്ലാവരാലും ആദരണീയമായ, സംസ്കരിച്ച സോമം വയററിൽ ധരിച്ചാലും. തിളക്കമേററ ഈ സോമങ്ങൾ ദ്യോവിലുള്ളവയത്രേ. (അതുകൊണ്ടു അവിടേക്കു സ്വന്തപ്പെട്ടവയാണ്; അവയെ ധരിച്ചാലും,)

6 ഗിർവ്വണഃ പാഹിനസ്സുതം മധോർധാരാഭിരജ്യസേ

ഇന്ദ്രത്വാദാതമിദ്യശഃ

അന്വയം:—

ഹേ ഗിർവ്വണഃ	—	ഗീർഭിർവ്വനനീയേന്ദ്ര
നഃ സുതം പാഹി	—	അസ്മാഭിരഭിഷുതം സോമം പിബ
മധോഃ ധാരാഭിഃ		
അജ്യസേ	—	മദകരസ്യസോമസ്യധാരാഭിഃ സിച്യസേ
ഹേ ഇന്ദ്ര, ത്വാ-ദാതം		
ഇൽ	—	ത്വയാശോധിതമേവ
യശഃ	—	അന്നമസ്മാസുഭവതി

അർത്ഥം—സ്തോത്രങ്ങളാൽ പുകഴ്ത്തപ്പെടേണ്ടും ഇന്ദ്ര, ഞങ്ങളാൽ സംസ്കരിക്കപ്പെട്ട സോമം കുടിച്ചാലും. ഹർഷകരമായ സോമത്തിന്റെ പ്രവാഹങ്ങളാൽ അവിടുന്ന് നനയ്ക്കപ്പെടുന്നു. അല്ലയോ ഇന്ദ്ര, അവിടുന്നാൽ ശുദ്ധീകരിക്കപ്പെട്ട അന്നം തന്നെയാണ് ഞങ്ങളിൽ ഭവിക്കുന്നത്.

7 അഭിദ്യുമ്നാനിവനിനഇന്ദ്രംസചന്തേഅക്ഷിതാ

പീത്വീസോമസ്യവാവൃധേ

അന്വയം:—

വനിനഃ	—	വനം ദേവതാവിഷയം, തസ്യ ദേവാൻ സംഭജമാനസ്യ, യജമാനസ്യ
ദ്യുമ്നാനി അക്ഷിതാ	—	ദ്യോതമാനാനി, ക്ഷയരഹിതാനി ഹവീംഷി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ദ്രം അഭി സചന്തേ — അഭിതഃ സമവയന്തി
(തേഷുമധ്യേ) സോമസ്യ
പീത്വീ — സോമംപീത്വാ
വാവൃധേ — ഇന്ദ്രഃ വർദ്ധതേ

അർത്ഥം—ദേവതാവിഷയത്തെ ഭജിക്കുന്ന യജമാനൻെറ തിളക്കമുററതും ക്ഷയമേൽക്കാത്തതുമായ ഹവിസ്സുകൾ ഇന്ദ്രനു നേരെ ചെന്നുചേരുന്നു. അവയിൽനിന്നു് സോമം കുടിച്ചു് ഇന്ദ്രൻ വൃദ്ധി പൂകുന്നു.

8 അർവ്വാവതോനആഗഹിപരാവതശ്ചവൃത്രഹൻ
ഇമാജ്ജുഷസ്വനോഗിരഃ

അന്വയം:—
ഹേ വൃത്ര-ഹൻ,
അർവ്വാ- വതഃ — അർവ്വാചീനാൽ, സമീപദേശാൽ
പരാ-വതഃ ച — അതിദൂരദേശാദ്വാച
നഃ ആ ഗഹി — അസ്മാനഭിലക്ഷ്യാഗച്ഛ
(ആഗത്യച) നഃ ഇമാഃ — സ്തുതിലക്ഷണാഃ
ഗിരഃ ജുഷസ്വ — വാചഃ സേവസ്വ

അർത്ഥം—അല്ലയോ വൃത്രഹന്താവേ, അടുത്തുനിന്നായാലും അകലെ നിന്നായാലും അവിടുന്നു ഞങ്ങളുടെ അടുക്കൽ വന്നാലും. വന്നിട്ടു് ഞങ്ങളുടെ സ്തുതിവചനങ്ങൾ സ്വീകരിച്ചാലും.

9 യദന്തരാപരാവതമർവ്വാവതംചഹൂയസേ
ഇന്ദ്രേഹതതആഗഹി

വ. 2

അന്വയം:—
ഹേ ഇന്ദ്ര, യൽ
പരാ-വതം — യദി അതിവിപ്രകൃഷ്ടസ്യ ദേശസ്യ
അർവ്വാ-വതം — അതിസന്നികൃഷ്ടസ്യ ദേശസ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

ച അന്തരാ ഹ്ലയസേ — തയോമ്മധ്യദേശേ
സമൃഗിജ്യസേ
തതഃ ഇഹ — തസ്മാദ്ദേശാദസ്മിൻ യജ്ഞേ
ആ ഗഹി — സോമപാനാത്ഥമാഗച്ഛ

അത്ഥം—അല്ലയോ ഇന്ദ്ര, അതിദൂരത്തിൻെറയും അതിസമീപത്തിൻെറയും മധ്യത്തിലാണവിടുന്നു് വേണ്ടപോലെ അച്ചിക്കപ്പെടുന്നതു് എങ്കിൽ അവിടെ നിന്നു് ഈ യജ്ഞത്തിൽ സോമപാനത്തിന്നായി വന്നാലും.

വഗ്ഗം—3—4

1 ആതൂന്നഇന്ദ്രമദ്ര്യഗ്ഘുവാനസ്സോമപീതയേ
ഹരിഭ്യാംയാഹ്യദ്രിവഃ

അന്വയം:—

ഹേ അദ്രി—വഃ ഇന്ദ്ര, — വജ്രവന്നിന്ദ്ര
ഹുവാനഃ മദ്ര്യക് — ഹോതൃഭിസ്സൂയമാനസ്ത്വം
മദഭിമുഖസ്സൻ
നഃ സോമ—പീതയേ — അസ്മദീയേ യജ്ഞേ
സോമപാനാത്ഥം
ഹരി—ഭ്യാം തു ആ യാഹി — അശ്വാഭ്യാം സഹക്ഷിപ്രമാഗച്ഛ

അത്ഥം—അല്ലയോ വജ്രായുധനായ ഇന്ദ്ര, ഹോതാക്കളാൽ വിളിക്കപ്പെടുന്ന അവിടുന്നു് എനിക്കഭിമുഖനായി, ഞങ്ങളുടെ ഈ യജ്ഞത്തിൽ സോമപാനത്തിന്നായി, ഹരികളെന്ന കുതിരകളോടുകൂടി വേഗം വന്നുചേന്നാലും.

2 സത്തോഹോതാനഋത്വിയസ്തിസ്തിരേബഹിരാനുഷക്
അയുജ്രൻപ്രാതരദ്രയഃ

അന്വയം:—

(ഹേ ഇന്ദ്ര) നഃ ഹോതാ — അസ്മദീയയജ്ഞേ ഋത്വിക്
ഋത്വിയഃ സത്തഃ — പ്രാപ്തകാലസ്സൻ നിഷണ്ണഃ
വത്തതേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(തഥാ) ബർഹിഃ ആനുഷക് — അനുഷക്തം, പരസ്പര സംബദ്ധം യഥാ ഭവതി തഥാ
തിസ്തിരേ — സ്തീർണ്ണമഭൂൽ
(തഥാ) പ്രാതഃ — പ്രാതസ്സവനേഷു
അദ്രയഃ അയുജ്രൻ — ഗ്രാവാണഃ പരസ്പരം സങ്ഗതാ അഭൂവൻ
(തസ്മാൽ സോമപാനാർത്ഥമാഗച്ഛ)

അർത്ഥം—അല്ലയോ ഇന്ദ്ര, ഞങ്ങളുടെ യജ്ഞത്തിൽ ഹോതാവായ ഋത്വിക്ക് സമയമായപ്പോഠം വന്നിരിക്കുന്നു. പിന്നെ ദർഭ്ഭൽ അന്യോന്യം തൊട്ടുതൊട്ടു വിരിച്ചിരിക്കുന്നു. പ്രാതസ്സവനങ്ങളിൽ പിടിക്കല്ലുകഠം (സോമം ചതയ്ക്കാൻ) കൂട്ടിമുട്ടിയിരിക്കുന്നു. അതുകൊണ്ടു സോമപാനത്തിന്നായി വന്നാലും.

3 ഇമാബ്രഹ്മബ്രഹ്മവാഹഃക്രിയന്തആബർഹിസ്സീദ
വീഹിശ്ശൂരപുരോളാശം

അന്വയം:—

ഹേ ബ്രഹ്മ-വാഹഃ, — ബ്രഹ്മാണി, സ്തോത്രാണിവഹതീതി ബ്രഹ്മവാഹാഃ, സ്തുത്യ ഇന്ദ്ര, തുഭ്യം
ഇമാ ബ്രഹ്മ ക്രിയന്തേ — ഇമാനി ബ്രഹ്മാണി, സ്തോത്രാണി അസ്മാഭിഃ ക്രിയന്തേ
(അതഃ) ബർഹിഃ ആ സീദ — ബർഹിഷി, യജ്ഞേ ഉപവിശ
ഹേ ശൂര, — സമർത്ഥ, അസ്മാഭിർദ്ദീയമാനമിമം
പുരോളാശം വീഹി — പുരോഡാശാഖ്യം ഹവിഃ ഭക്ഷയ

അർത്ഥം-സ്തോത്രങ്ങഠം സ്വയമേൽക്കുന്ന ഇന്ദ്ര, അവിടേക്കുവേണ്ടിയാണ് ഈ സ്തോത്രങ്ങഠം ഞങ്ങളാൽ ചൊല്ലപ്പെടുന്നതു്. അതുകൊണ്ടു് യജ്ഞത്തിൽ വന്നിരുന്നാലും. അല്ലയോ വീര, ഞങ്ങളാൽ നൽകപ്പെടുന്ന പുരോഡാശമെന്ന ഹവിസ്സ് ഉഠംക്കൊണ്ടാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

4 രാരന്ധിസവനേഷ്വണഏഷ്യ സ്തോമേഷ്യവൃത്രഹൻ

ഉക്ഥേഷ്വിന്ദ്രഗിവ്വണഃ

അന്വയം:–

ഹേ ഗിവ്വണഃ,	— ഗീർഭിഃ, സ്തുതിഭിവ്വനനീയ,
വൃത്ര–ഹൻ, ഇന്ദ്ര, നഃ	
സവനേഷു	— അസ്മാകം സംബന്ധിഷു ത്രിഷു സവനേഷു
ഏഷു ഉക്ഥേഷു	
സ്തോമേഷു	— ക്രിയമാണേഷു ശസ്ത്രേഷു സ്തോത്രേഷു ച
രരന്ധി	— രമസ്വ

അത്ഥം–സ്തുതികളാൽ സേവ്യനും വൃത്രഹന്താവുമായ ഇന്ദ്ര, ഞങ്ങളുടെ മൂന്നു സവനങ്ങളിലും അവയിൽ ചൊല്ലപ്പെടുന്ന ഈ ശസ്ത്രങ്ങളിലും സ്തോത്രങ്ങളിലും അവിടുന്ന് രമിച്ചാലും. പങ്കെടുത്തു സന്തോഷിച്ചാലും.

5 മതയസ്സോമപാമുരുംരിഹന്തിശവസസ്പതിം

ഇന്ദ്രംവത്സംനമാതരഃ വ. 3

അന്വയം:–

(ഹേ ഇന്ദ്ര,) മതയഃ	— അസ്മാഭിഃ ക്രിയമാണാസ്തുതയഃ
ഉരും, സോമ–പാം	— മഹാന്തം, രസാമസ്യപാതാരം
ശവസഃ പതിം ഇന്ദ്രം	— ബലസ്യപതിം ത്വാം
വത്സം ന മാതരഃ	
രിഹന്തി	— ധേനവഃ യഥാവത്സം ലിഹന്തി തദ്വൽ ലിഹന്തി

അത്ഥം–അല്ലയോ ഇന്ദ്ര, ഞങ്ങളാൽ ചൊല്ലപ്പെടുന്ന ഈ സ്തുതികൾ, മഹാനും സോമപായിയും ബലത്തിന്നു സ്വാമിയുമായ ഇന്ദ്രനായ അവിടുത്തെ, തള്ളപ്പശു കുട്ടിയെ എന്നപോലെ നക്കിത്തുടക്കുന്നു. (ആ സ്തുതികൾക്ക് അവിടുന്നിലുള്ള മമത കൊണ്ട്)

*19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

6 സമന്ദസ്വാഹ്യന്ധസോരാധസേതന്വാമഹേ

നസ്ത്തോതാരംനിദേ കരഃ

അന്വയം;-

(ഹേ ഇന്ദ്ര,) സഃ — തഥാവിധസ്ത്വം
മഹേ രാധസേ — മഹതേ ധനായ
അന്ധസഃ — അസ്മാഭിർദ്ദീയമാനസ്യ സോമസ്യ പാനേന
തന്വാ മന്ദസ്വ — ശരീരേണ സഹ ഹൃഷ്ടോഭവ
(കിം ച ത്വം) സ്തോതാരം
നിദേ ന കരഃ ഹി — മാം നിന്ദായൈ വിഷയീഭൂതം മാകാഷീശ്ച (ഹി സമുച്ചയേ)

അത്ഥം-അല്ലയോ ഇന്ദ്ര, അപ്രകാരമുള്ള അവിടുന്ന് (ഞങ്ങൾക്ക്) മഹത്തായ ധനത്തിന്നുവേണ്ടി, ഞങ്ങളാൽ നൽകപ്പെടുന്ന സോമത്തിൻെറ പാനത്താൽ, ശരീരഹർഷം നേടിയാലും. സ്തോതാവായ എന്നെ ഒരിക്കലും നിന്ദാവിഷയനാക്കുകയും അരുത്.

7 വയമിന്ദ്രത്വായവോഹവിഷ്മന്തോജരാമഹേ

ഉതത്വമസ്മയുർവ്വസോ

അന്വയം:-

ഹേ ഇന്ദ്ര, ത്വാ-യവഃ ഹവിഷ്മന്തഃ വയം — യജ്ഞാത്ഥം ത്വാമാത്മനഇച്ഛന്തഃ
ജരാമഹേ — സംഭൃത ഹവിഷ്ഠാസ്ത്വാം സ്തുമഃ,
ഹേ വസോ, ഉത ത്വം — സവ്വസ്യ വാസക, ത്വമപി
അസ്മ-യുഃ — ഹവിസ്വീകരണാത്ഥം അസ്മാനാത്മന ഇച്ഛൻ ഭവ

അത്ഥം-അല്ലയോ ഇന്ദ്ര, യജ്ഞത്തിന്നുവേണ്ടി അവിടുത്തെ ഉള്ളുകൊണ്ടിഷ്ടപ്പെടുന്ന (അവിടുത്തെ അനുഗ്രഹമിച്ഛിക്കുന്ന) ഹവിസ്സേന്തിയ ഞങ്ങൾ അവിടുത്തെ സ്തുതിക്കുന്നു. ഏവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രേയും അതാതിടത്തു് വസിപ്പിയ്ക്കുന്ന ഇന്ദ്ര, അവിടുന്നും ഹവിസ്സു കൈക്കൊള്ളാനായി ഞങ്ങളെ ഉള്ളുകൊണ്ടിഷ്ടപ്പെടുന്നവനായാലും. (ഞങ്ങളിൽ കനിഞ്ഞനുഗ്രഹിച്ചാലും.)

8 മാരേഅസ്മദ്വിമുമുചോഹരിപ്രിയാവ്വാങ്യാഹി

ഇന്ദ്രസ്വധാവോമത്സ്വേഹ

അന്വയം:—

ഹേ ഹരി-പ്രിയ	— പ്രിയൌ അശ്വൌ യസ്യ താദൃശ ഇന്ദ്ര
അസ്മത് ആരേ മാ വി മുമുചഃ	— അസ്മത്തോദൂരേ രഥേയോജിതാവശ്വൌ മാ വി മോചയ
(താഭ്യാമുപേത ഏവ)	
അവ്വാങ് യാഹി	— അസ്മദഭിമുഖമാഗച്ഛ
ഹേ സ്വധാ-വഃ, ഇന്ദ്ര,	— സോമാന്നവന്നിന്ദ്ര,
ഇഹ മത്സ്വ	— അസ്മിൻ യജ്ഞേ സോമം പീത്വാ ഹൃഷ്ടോഭവ

അത്ഥം—ഹരികളെന്ന പ്രിയപ്പെട്ട കുതിരകളോടുകൂടിയ ഇന്ദ്ര, തേരിൽ പൂട്ടിയ കുതിരകളെ ഞങ്ങളിൽ നിന്നകലെ അഴിച്ചുവിടരുതേ. അവയോടുകൂടിത്തന്നെ ഞങ്ങൾക്കഭിമുഖനായി വന്നാലും. സോമാന്നത്തോടു കൂടിയ ഇന്ദ്ര. ഈ യജ്ഞത്തിൽ സോമം കുടിച്ചു ഹൃഷ്ടനായാലും.

9 അവ്വാഞ്ചംത്വാസുഖേരഥേവഹ്താമിന്ദ്രകേശിനാ

ഘൃതസ്നൂബർഹിരാസദേ വ. 4

അന്വയം:—

ഹേ ഇന്ദ്ര, ഘൃത-സ്നൂ	— ശ്രമജനിതജലപ്രസ്രവണയുക്തൌ
കേശിനാ	— കണ്ഠപ്രദേശേലംബമാനകേശയുക്താവശ്വൌ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആ–സദേ ബർഹിഃ — ആസദനീയം ബർഹിഃ
അഭിലക്ഷ്യ
സു–ഖേ രഥേ — സുഖകരേ രഥേ
അർവ്വാഞ്ചം ത്വാ വഹതാം — അസ്മദഭിമുഖം ത്വാം വഹതാം

അർത്ഥം–അല്ലയോ ഇന്ദ്ര, അധ്വാനംകൊണ്ടു് വിയർത്തൊലിച്ചവയും കഴുത്തിൽ കുഞ്ചിരോമങ്ങളോടുകൂടിയവയുമായ കുതിരകൾ, ഇരുന്നരുളേണ്ടും ദർപ്പൽവിരിപ്പിന്നു നേരെ, സുഖകരമായ തേരിൽ, ഞങ്ങൾക്കഭിമുഖനായി അവിടത്തെ വഹിയ്ക്കട്ടെ, എത്തിയ്ക്കട്ടെ.

വർഗ്ഗം–5–6

1 ഉപനഃസുതമാഗഹിസോമമിന്ദ്രഗവാശിരം
ഹരിഭ്യാംയസ്തേഅസ്മയുഃ

അന്വയഃ–

ഹേ ഇന്ദ്ര, നഃ സുതം — അസ്മദീയമഭിഷുതം
ഗോ–ആശിരം സോമം — പയസാമിശ്രിതം സോമം പ്രതി
ഉപ ആ ഗഹി — സമീപമാഗച്ഛ
യഃ ഹരി–ഭ്യാം
(യുക്തഃ) തേ — യസ്ത്വദ്രഥഃ, സഃ
അസ്മ–യുഃ — അസ്മാൻ കാമയമാനോ വർത്തതേ

അർത്ഥം–അല്ലയോ ഇന്ദ്ര, ചതച്ചു സംസ്കരിച്ചതും പാൽ ചേർത്തതുമായ ഞങ്ങളുടെ സോമത്തെ ഉദ്ദേശിച്ചു് അടുക്കലെഴുന്നള്ളിയാലും. ഹരികളെന്ന കുതിരകളെ പൂട്ടിയ അവിടത്തെ തേർ ഞങ്ങളെ ഇഷ്ടപ്പെടുന്നതാണല്ലൊ.

2 തമിന്ദ്രമദമാഗഹിബർഹിഷ്ഠാംഗ്രാവഭിസ്സുതം
കുവിന്ന്വസ്യതൃപ്ണവഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

ഹേ ഇന്ദ്ര, ഗ്രാവ-ഭിഃ
സുതം — അഭിഷുതം
ബർഹിഃ-സ്ഥാം തം മദം — ബർഹിഷിസ്ഥിതം മദകരം
 സോമം പ്രതി
ആ ഗഹി — ആഗച്ഛ
കവിൽ അസ്യ — പ്രഭൃതസ്യ തസ്യപാനേന
ന തൃപ്ണവഃ — ക്ഷിപ്രം തൃപ്തോഭവ

അത്ഥം-അല്ലയോ ഇന്ദ്ര, പിടിക്കല്ലുകളാൽ സംസ്കൃതമായതും ദർഭപ്പുല്ലിലിരിക്കുന്നതുമായ ഈ സോമത്തെ ഉദ്ദേശിച്ച് വന്നാലും. ധാരാളമായ അതിൻെറ പാനത്താൽ തൃപ്തനായാലും.

3 ഇന്ദ്രമിത്ഥാഗിരോമമാച്ഛാഗുരിഷിതാഇതഃ
 ആവൃതേസോമപീതയേ

അന്വയം:-

(ഹേ ഇന്ദ്ര,) ഇഷിതാഃ — പ്രേരിതാഃ
ഇത്ഥാ മമ ഗിരഃ — അനേന പ്രകാരേണനാച്യമാ
 നാമമസ്തുതിവാചഃ
ഇന്ദ്രം (ത്വാം) ഇതഃ — അസ്മാദ്ദേവയജനദേശാൽ
സോമ-പീതയേ
ആ-വൃതേ — സോമപാനായ ത്വാമാ
 വർത്തയിതും
അച്ഛ അഗുഃ — ആഭിമുഖ്യേന ഗച്ഛന്തു

അത്ഥം-അല്ലയോ ഇന്ദ്ര, അവിടുത്തെ നേരെ അയയ്ക്കപ്പെടുന്ന, ഞാൻ ചൊല്ലുന്ന പ്രകാരത്തിലുള്ള സ്തുതിവചനങ്ങൾ, ഈ ദേവയജനദേശത്തിൽ നിന്നു് (പുറപ്പെട്ടു്) സോമപാനത്തിന്നു ഇന്ദ്രനായ അവിടുത്തെ കൊണ്ടുപോരാനായി അവിടുത്തെ നേരെ മുമ്പിലെത്തട്ടെ.

4 ഇന്ദ്രംസോമസ്യപീതയേ സ്തോമൈരിഹഹവാമഹേ
 ഉക്ഥേഭിഃകുവിദാഗമൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

സ്തോമൈഃ, ഉക്ഥേഭിഃ — സ്തോത്രൈശ്ശസ്ത്രൈശ്ച
ഇഹ സോമസ്യ പീതയേ — അസ്മിൻ കർമ്മണി സോമപാനാർത്ഥം
ഇന്ദ്രം ഹവാമഹേ — ആഹ്വയാമഃ
കവിൽ — ബഹുവാരമാഹൂതസ്സ ഇന്ദ്രഃ
ആ-ഗമൽ — യജ്ഞം പ്രത്യാഗച്ഛതു

അർത്ഥം—സ്തോത്രങ്ങളാലും ശസ്ത്രങ്ങളാലും ഈ യജ്ഞത്തിൽ സോമപാനത്തിന്നായി ഇന്ദ്രനെ വിളിയ്ക്കുന്നു. പല പ്രാവശ്യം വിളിയ്ക്കപ്പെട്ട ആ ഇന്ദ്രൻ യജ്ഞത്തെ ഉദ്ദേശിച്ചുവന്നരുളട്ടെ.

5 ഇന്ദ്രസോമാസ്സുതാഇമേതാന്ദധിഷ്വശതക്രതോ
ജഠരേവാജിനീവസോ വ. 5

അന്വയം:-

ഹേ ശത-ക്രതോ, ഇന്ദ്ര, — ബഹുകർമ്മന്നിന്ദ്ര
ഇമേ സോമാഃ സുതാഃ — അഭിഷുതാഃ
ഹേ വാജിനീ-വസോ — അന്നധന, ഇന്ദ്ര
താൻ ജഠരേ ദധിഷ്വ — ധാരയ

അർത്ഥം—അസംഖ്യം കർമ്മങ്ങളോടുകൂടിയ ഇന്ദ്ര, ഈ സോമങ്ങൾ സംസ്കരിച്ചവയാണ്. അന്നമാകുന്ന ധനത്തോടുകൂടിയ ഇന്ദ്ര, അവയെ വയററിൽ ധരിച്ചാലും.

6 വിദ്മാഹിത്വാധനഞ്ജയംവാജേഷുദധൃഷംകവേ
അധാതേസുമ്നമീമഹേ

അന്വയം:—

ഹേ കവേ ത്വാ — ക്രാന്തദർശിന്നിന്ദ്ര ത്വാം
വാജേഷു ദധൃഷം — യുദ്ധേഷു ശത്രൂണാമഭിഭവിതാരം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(അത ഏവ) ധനം--ജയം — ധനഞ്ജയതീതി, താദൃശം
വിദ്മ ഹി — ജാനീമഃ ഖലു
അധ തേ സുമ്നം ഈമഹേ — അഥതവ ധനം യാചാമഹേ

അത്ഥം—എല്ലാററിന്നുമപ്പുറം കാണുന്ന ഇന്ദ്ര, അവിടുത്തെ, യുദ്ധങ്ങളിൽ ശത്രുക്കളെ ജയിക്കുന്നവനായും, അതുകൊണ്ടു തന്നെ ധനഞ്ജയനായും ഞങ്ങളറിയുന്നുവല്ലൊ. അതിനാൽ അവിടുത്തോടു് ധനം യാചിക്കുന്നു.

7 ഇമമിന്ദ്രഗവാശിരംയവാശിരംചനഃപിബ

ആഗത്യാവൃഷഭിസ്സുതം

അന്വയം:—

ഹേ ഇന്ദ്ര, ഗോ–ആശിരം,
യവ–ആശിരം — ഗവ്യമിശ്രണോപേതം,
യവമിശ്രണോപേതം
വൃഷ–ഭിഃ സുതം ച — ഗ്രാവഭിരഭിഷുതം ച
നഃ ഇമം — അസ്മദീയം സോമം
ആ–ഗത്യ പിബ — ദേവയജനം പ്രാപ്യ, പാഹി

അത്ഥം—അല്ലയോ ഇന്ദ്ര, പാൽ ചേത്തും യവം ചേത്തും പിടിക്കല്ലുകളാൽ സംസ്കരിക്കപ്പെട്ടതുമായ ഞങ്ങളുടെ ഈ സോമം യാഗത്തിന്നു് വന്നു കുടിച്ചാലും.

8 തുഭ്യേദിന്ദ്രസ്വഓക്യേ ऽऽ സോമംചോദാമിപീതയേ

ഏഷരാരന്തുതേഹൃദി

അന്വയം:—

ഹേ ഇന്ദ്ര, തുഭ്യ ഇൽ
പീതയേ — തുഭ്യമേവ പാനാത്ഥം
സ്വേ ഓക്യേ — സ്വകീയേസ്ഥാനേ, ജഠരേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(അഭിഷുതമിമം) സോമം
ചോദാമി — പ്രേരയാമി,
ഏഷഃ തേ ഹൃദി രരന്തു — അത്യത്ഥം രമതാം

അത്ഥം–അല്ലയോ ഇന്ദ്ര, അവിടേയ്ക്കുതന്നെ കുടിക്കാനായി സ്വന്തം സ്ഥാനത്തേയ്ക്കു, വയററിലേക്ക് സംസ്കരിച്ച ഈ സോമത്തെ ഞാനെത്തിക്കുന്നു. അതു് അവിടുത്തെ ഏററവും രമിപ്പിക്കട്ടെ.

9 ത്വാംസുതസ്യപീതയേപ്രത്നമിന്ദ്രഹവാമഹേ

കുശികാസോഅവസ്യവഃ വ 6

അന്വയം:–

ഹേ ഇന്ദ്ര, അവസ്യവഃ — ത്വത്തോരക്ഷണമിച്ഛന്തഃ
കുശികാസഃ — കുശിക ഗോത്രോൽപന്നാവയം
സുതസ്യ പീതയേ — അഭിഷുതസ്യ സോമസ്യ പാനാത്ഥം
പ്രത്നം ത്വാം ഹവാമഹേ — പുരാതനം ത്വാം സ്തുതിലക്ഷണാഭിഗ്ഗീഭിഃ ആഹ്വയാമഃ

അത്ഥം_അല്ലയോ ഇന്ദ്ര, അവിടുത്തെ രക്ഷണമിച്ഛിക്കുന്ന കുശികഗോത്രജന്മാരായ ഞങ്ങഠം സംസ്കരിച്ച സോമത്തിൻെറ പാനത്തിന്നാനി പുരാതനനായ അവിടുത്തെ സ്തുതിവചനങ്ങളാൽ വിളിയ്ക്കുന്നു.

വഗ്ഗം —7—ത്രിഷ്ടുപ് ഛന്ദഃ

1 ആയാഹ്യവ്വാങുപവന്ധുരേഷ്ഠാ

സ്തവേദന്പ്രദിവസ്സോമപേയം

പ്രിയാസഖായാവിമുചോപബഹി

സ്ത്വാമിമേഹവ്യവാഹോഹവന്തേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

(ഹേ ഇന്ദ്ര,)
വന്ധുരേ–സ്ഥാഃ — ഈഷാദ്വയ ബന്ധനേ സ്ഥാന വിശിഷ്ടേ രഥേതിഷ്ഠംസ്ത്വം
അർവ്വാങ്ങ് ആ ഉപ യാഹി — അഭിലക്ഷ്യ സമീപമാഗച്ഛ
പ്ര–ദിവഃ — പ്രത്നം, പൂർവ്വക്രമാഗതം
തവ ഇൽ — ത്വവൈവസംബന്ധി
സോമ–പേയം അന്ന — സോമപാനമുദ്ദിശ്യ
പ്രിയാ സഖായാ — തവപ്രിയതമൌ, സമാനഖ്യാനാവശ്വൌ
ബർഹിഃ ഉപ വി മുച — ബർഹിഷസ്സമീപേവിമുഞ്ച
ഹവ്യ–വാഹഃ — ഹവ്യം വഹന്തീതി ഹവ്യവാഹഃ
ഇമേ ത്വാം ഹവന്തേ — ഋത്വിജഃ സോമപാനാർത്ഥമാഹ്വയന്തി (തസ്മാദാഗച്ഛ)

അർത്ഥം—അല്ലയോ ഇന്ദ്ര, രണ്ടുനുകത്തണ്ടുകളോടുകൂടിയ തേരിലിരുന്നരുളുന്ന അവിടുന്ന് ഞങ്ങളുടെ സമീപത്ത് നേരെ വന്നാലും. പണ്ടത്തെ ചട്ടമനുസരിച്ച് അവിടുത്തെത്തന്നെ സംബന്ധിക്കുന്ന സോമപാനത്തെ ഉന്നംവെച്ച് അവിടേയ്ക്ക് പ്രിയപ്പെട്ടവയും ചങ്ങാതമുററവയുമായ കുതിരകളെ ദർഭ്ഭപ്പുൽ വിരിപ്പിന്നരികിൽ അഴിച്ചുവിട്ടാലും. ഹവിസ്സേന്തുന്ന ഈ ഋത്വിക്കുകൾ സോമപാനത്തിന്നായി അവിടുത്തെ വിളിക്കുന്നു. വന്നാലും.

2 ആ യാഹിപൂർവ്വീരതിചർഷണീരാ

അര്യ ആശിഷഉപനോഹരിഭ്യാം

ഇമാഹിത്വാമതയസ്തോമതഷ്ടാ

ഇന്ദ്രഹവന്തേസഖ്യംജൂഷാണാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:–

ഹേ ഇന്ദ്ര, പൂർവ്വീഃ,	
ചർഷണീഃ	— സർവ്വാഃ പ്രജാഃ
അതി ആ യാഹി	— അതിക്രമ്യാഗച്ഛ
അര്യഃ	— അസ്മാകം സ്വാമീ ത്വം
ഹരി–ഭ്യാം ഉപ ആ	— അശ്വാഭ്യാംയുക്തസ്സൻ ഉപാഗച്ഛ ഇതി
നഃ ആ–ശിഷഃ	— അസ്മാകം പ്രാർത്ഥനാഃ
(കിംചതേ) സഖ്യം	
ജുഷാണാഃ	— സേവമാനാഃ
സ്തോമ–തഷ്ടാഃ	— സ്തോതൃഭിഃ കൃതാഃ
ഇമാഃ മതയഃ	— സ്തുതയഃ, സോമപാനാർത്ഥം
ത്വാ ഹവന്തേ ഹി	— ത്വാം ആഹ്വയന്തിഖലു

അർത്ഥം–അല്ലയോ ഇന്ദ്ര, എല്ലാ പ്രജകളെയും (അവിട ത്തെ വിളിക്കുന്ന മററു യജ്വാക്കളെ–അല്ലങ്കിൽ അവിടത്തെ പ്രജകളായ മററു ദേവന്മാരെ) പിന്നിട്ടു അവിടുന്നു വന്നാലും. ഞങ്ങളുടെ സ്വാമിയായ അവിടുന്ന് ഹരികളെന്ന കുതിരകളോ ടുകൂടി അടുക്കൽ വന്നുചേർന്നാലും എന്നിപ്രകാരമാണ് ഞങ്ങളു ടെ പ്രാർത്ഥനകൾ. അവിടത്തെ ചങ്ങാതത്തെ സേവിക്കുന്ന (ആരാധിക്കുന്ന) സ്തോതാക്കളുണ്ടാക്കിയ ഈ സ്തുതികൾ സോമപാനത്തിന്നായി അവിടത്തെ വിളിക്കുന്നുവല്ലൊ. (സ്തോ ത്രങ്ങൾ വിളിക്കുന്നു എന്ന് പറയുന്നതു് വിറക് വേവിക്കുന്നു എന്ന് പറയുന്നപോലെയാണ് സ്തോത്രകാരന്മാർ വിളി ക്കുന്നു എന്നർത്ഥം.)

3 ആനോയജ്ഞംനമോവൃധംസജോഷാ
ഇന്ദ്രദേവഹരിഭിര്യാഹിതൂയം
അഹംഹിത്വാമതിഭിർജ്ജോഹവീമി
ഘൃതപ്രയാസ്സധമാദേമധൂനാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ദേവ, ഹേ ഇന്ദ്ര, നഃ	—	ദ്യോതമാനേന്ദ്ര അസ്മാകം
നമഃ-വൃധം	—	നമസഃ, അന്നസ്യ വർദ്ധകമിമം
യജ്ഞം ഹരി_ഭിഃ		
സ-ജോഷാഃ	—	അശ്വൈസ്സഹപ്രീതസ്ത്വം
തൂയം ആ യാഹി	—	ക്ഷിപ്രമാഗച്ഛ
ഘൃത-പ്രയാഃ	—	ഘൃതയുക്തഹവിഷ്കഃ
അഹം മധൂനാം		
സധ-മാദേ	—	സോമാനാം സ്ഥാനേ
മതി-ഭിഃ ത്വാ		
ജോഹവീമി ഹി	—	സ്തുതിഭിസ്ത്വാം ഭൃശമാഹ്വയാമി ഖലു

അർത്ഥം—അല്ലയോ പ്രകാശശാലിയായ ഇന്ദ്ര, ഞങ്ങളുടെ അന്നവർദ്ധകമായ ഈ യജ്ഞത്തെ ഹരികളെന്ന കുതിരകളോടൊപ്പം അവിടുന്ന് വേഗത്തിലണഞ്ഞാലും. നൈ ചേർത്ത ഹവിസ്സോടുകൂടിയ ഞാൻ സോമം വെച്ചിട്ടുള്ള സ്ഥാനത്തിരുന്ന് അവിടുത്തെ വിളിക്കുകയാണല്ലൊ.

4 ആചത്വാമേതാവൃഷണാവഹാതോ
ഹരീസഖായാസുധുരാസ്വങ്ഗാ
ധാനാവദിന്ദ്രസ്സവനംജുഷാണ
സ്സഖാസഖ്യുശ്ശൃണവദ്വന്ദനാനി

അന്വയം:—

(ഹേ ഇന്ദ്ര) വൃഷണാ	—	സേചന സമർത്ഥൌ
സു-ധുരാ	—	ശോഭനയാധുരാന്വിതൌ
സു അങ്ഗാ	—	ശോഭനാവയവോപേതൌ
സഖായാ	—	ശോഭനഖ്യാനൌ
ഏതാ ഹരീ ത്വാം ആ വഹാതഃ	—	ഏതാവശ്വൌ യജ്ഞം പ്രത്യാഗമനായ രഥേ ത്വാമാവഹതഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(അഥ പരോക്ഷഃ)
ധാനാ–വൽ — ഭൃഷ്ടയവോപേതം
സവനം ജുഷാണഃ — സേവമാനഃ
സഖാ ഇന്ദ്രഃ സഖ്യുഃ — സഖീഭൂത ഇന്ദ്രസ്തോത്രമ്മമ
വന്ദനാനി ശൃണവൽ പ — ശൃണയാച്ച

അത്ഥം:– അല്ലയോ ഇന്ദ്ര, യുവശക്തിയുററവയും നല്ല നുക ത്തോടുകൂടിയവയും ഇണക്കച്ചെങ്ങാതികളുമായ ഈ കുതിരകരം യജ്ഞത്തിന്നു് വരുവാൻ അവിടത്തെ ആവഹിക്കുന്നു, ആന യിക്കുന്നു. (എനി പരോക്ഷം) വറുത്ത ധാന്യ (അവിൽ) ത്തോടു കൂടിയ സവനം കൈക്കൊള്ളുന്ന ചങ്ങാതിയായ ഇന്ദ്രൻ ചങ്ങാ തിയായ എൻെറ സ്തോത്രങ്ങരം കേരംക്കാവൂ.

5 കവിമ്മാഗോപാംകരസേജനസ്യ
കവിഭ്രാജാനംമഘവന്നൃജീഷിൻ
കവിമ്മൃഷിംപപിവാംസംസുതസ്യ
കവിമ്മേവസോഅമൃതസ്യശിക്ഷാഃ

അന്വയം:–

(ഹേ ഇന്ദ്ര,) കുവിൽ മാ — അപിച മാം
ജനസ്യ ഗോപാം കരസേ — ഗോപ്താരം കുരു
(തഥാ) ഹേ മഘ–വൻ
ഋജീഷിൻ — ധനവൻ, സോമവൻ, ഇന്ദ്ര
(മാം) കുവിൽ രാജാനം
(കുരു) — സവ്വസ്യസ്വാമിനം കുരു
കുവിൽ (ച) മാ ഋഷിം — അതീന്ദ്രിയാത്ഥസ്യദ്രഷ്ടാരം കുരു
(തഥാ) സുതസ്യ
പപി–വാംസം — അഭിഷുതസ്യസോമസ്യ പാതാരം കുരു
കുവിൽ മേ അമൃതസ്യ — ക്ഷയരഹിതസ്യ
വസ്വഃ ശിക്ഷാഃ — വസുപ്രയച്ഛ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം–അല്ലയോ ഇന്ദ്ര, എന്നെ ജനത്തിന്റെ (ജനങ്ങളുടെ) പാലയിതാവാക്കിയാലും. അതുപോലെ മഘവാവേ, സോമവാനായ ഇന്ദ്ര, എന്നെ രാജാവാക്കിയാലും. പിന്നെ സംസ്കരിച്ച സോമം പാനം ചെയ്യുന്നവനാക്കിയാലും. (കർമ്മിയാക്കിയാലും). നശ്വരമല്ലാത്ത ശ്രേയസ്സ് എനിക്ക തന്നാലും. (വിശ്വാമിത്രന്റെ നാലർത്ഥനകൾ ഇതിലുണ്ട്. അദ്ദേഹം എന്തൊക്കെയായിരുന്നുവോ അതിന്നെല്ലാമുള്ള അർത്ഥന. ജനങ്ങളെ കാത്തുരക്ഷിയ്ക്കുന്നവൻ, രഞ്ജിപ്പിക്കുന്നവൻ, ജ്ഞാനിയായ ഋഷി, യാഗാദികർമ്മകർത്താവ് എന്നീ നാലു സിദ്ധികളാവശ്യപ്പെടുന്നു. ആ നാലു നിലകൾകൊണ്ട് ശാശ്വതശ്രേയസ്സും.)

6 ആത്വാബൃഹന്തോഹരയോയുജാനാ

അർവ്വാഗിന്ദ്രസധമാദോവഹന്തു

പ്രയേദ്വിതാദിവഋഞ്ജന്ത്യാതാ

സ്സുസംമൃഷ്ടാസോവൃഷഭസ്യമൂരാഃ

അന്വയം:–

ഹേ ഇന്ദ്ര, ത്വാ ബൃഹന്തഃ	—	ത്വാം മഹാന്തഃ
യുജാനാഃ ഹരയഃ	—	രഥേ യുജ്യമാനാ അശ്വാഃ
സധ–മാദഃ	—	സഹമാദയന്തസ്സന്തഃ
അർവ്വാക് ആ വഹന്തു	—	അസ്മദഭിമുഖമാനയന്തു
വൃഷഭസ്യ മൂരാഃ	—	കാമാനാം വർഷിതുരിന്ദ്രസ്യ ശത്രൂണാം മാരകാഃ
സു–സമ്മൃഷ്ടാസഃ	—	ഇന്ദ്രസ്യ ഹസ്താഭ്യാം പൃഷ്ഠേ സുഷ്ഠുസംസ്പൃഷ്ടാഃ
ദിവഃ യേ	—	നഭസസ്സകാശാദാഗച്ഛന്തഃ യേ അശ്വാഃ
(തേ) ആതാഃ	—	ദിശഃ, സർവ്വാദിശഃ
ദ്വിതാ പ്ര ഋഞ്ജതി	—	ദ്വിധാ യഥാഭവതിതഥാ പ്രകർഷേണ സാധയന്തി

അർത്ഥം–അല്ലയോ ഇന്ദ്ര, പെരിമയുററവയും തേരിൽ പൂട്ടപ്പെടുന്നവയുമായ കുതിരകൾ തുല്യമായ ഉത്സാഹത്തോടുകൂടി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവിടത്തെ ഞങ്ങൾക്കു നേരേ ആനയിക്കട്ടെ. കാമവർഷകനായ ഇന്ദ്രന്റെ ശത്രുക്കളെ അകററുന്നവയും, ഇന്ദ്രന്റെ കൈകളാൽ മൂട്തലോടപ്പെട്ടവയും ആകാശത്തിൽ നിന്ന് വരുന്നവയുമായ (ഇന്ദ്രന്റെ) കുതിരകൾ ഏവയോ അവ, ദിക്കുകളെ രണ്ടാക്കിപ്പിരിച്ചുകൊണ്ടാണ് വരുന്നതു്.

7 ഇന്ദ്രപിബവൃഷധൂതസ്യവൃഷ്ണ
ആയന്തേശ്യേനഉശതേജഭാര
യസ്യമദേച്യാവയസിപ്രകൃഷ്ടീ
ര്യസ്യമദേഅപഗോത്രാവവർത്ഥ

അന്വയം:—

ഹേ ഇന്ദ്ര, വൃഷ-ധൂതസ്യ	— ഗ്രാവഭിരഭിഷുതം
വൃഷ്ണഃ പിബ	— അഭിമതഫലസേചകം സോമം പിബ, (കർമ്മണി ഷഷ്ഠീ)
ശ്യേനഃ	— ശംസനീയ ഗതിഃ, ഛന്ദോരൂപഃ സുപർണ്ണഃ
ഉശതേ തേ	— സോമം കാമയമാനായ തുഭ്യം
യം ആ ജഭാര	— യംസോമമാജഹാര
യസ്യ മദേ	— ഹർഷേ സംജാതേ സതി
കൃഷ്ടീഃ	— മനുഷ്യാൻ, സപത്നഭൂതാൻ
പ്ര ച്യവയസി	— പ്രകർഷേണ പാതയസി
യസ്യ മദേ	— ഹർഷേ സംജാതേ സതി
ഗോത്രാ അപ വവർത്ഥ	— ഗോത്രാൻ, മേഘാൻ, അപാവൃണോതി (തം സോമം പിബ)

അർത്ഥം.—അല്ലയോ ഇന്ദ്ര, പിടിക്കല്ലുകളാൽ സംസ്കരിക്കപ്പെട്ടതും അഭിമതഫലം വർഷിക്കുന്നതുമായ സോമം കുടിച്ചാലും. സ്തുത്യമായ ഗതിയോടുകൂടിയ, ഗായത്ര്യാദി ഛന്ദസ്സിന്റെ രൂപത്തിലുള്ള പക്ഷി (ഗരുഡൻ) സോമകാമനായ അവിടേയ്ക്കു് യാതൊന്നു് കൊണ്ടുതന്നുവോ, യാതൊന്നിന്റെ ഹർഷത്തിൽ അവിടുന്ന് ശത്രുഭൂതരായ മനുഷ്യരെ മുറിച്ചു വീഴ്ത്തു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നുവോ, യാതൊന്നിന്റെ ഹർഷമുണ്ടാകുമ്പോൾ മേഘങ്ങളെ തുറന്നു് (വെള്ളം) വിടുന്നുവോ ആ സോമം കുടിച്ചാലും.

8 ശുനംഹുവേമമഘവാനമിന്ദ്ര
മസ്മിൻഭരേനൃതമംവാജസാതൌ
ശൃണ്വന്തമുഗ്രമൂതയേസമൽസു
ഘ്നന്തംവൃത്രാണിസംജിതംധനാനാം വ 7

അന്വയം:-

(ഇതു് കഴിഞ്ഞ അദ്ധ്യായത്തിൽ നാലാം വർഗ്ഗത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ടു്).

വർഗ്ഗം-8 ബൃഹതീച്ഛന്ദഃ

1 അയംതേഅസ്തുഹര്യത സ്സോമ ആ ഹരിഭിസ്സുതഃ
ജുഷാണഇന്ദ്രഹരിഭിർന്ന ആഗ
ഹ്യാതിഷ്ഠഹരിതംരഥം

അന്വയം:-

ഹേ ഇന്ദ്ര, ഹരി-ഭിഃ	— ഹരയോഗ്രാവാണഃ, ഗ്രാവഭിഃ
ആ സുതഃ	— സർവ്വതോഭിഷുതഃ
ഹര്യതഃ, ജുഷാണഃ	— കമനീയഃ പ്രീതിവിഷയഃ
അയം സോമഃ തേ അസ്തു	— തുഭ്യമസ്തു
(ത്വം) ഹരി-ഭിഃ ഹരിതം	— ഹരിദ്വർണ്ണം
രഥം ആ തിഷ്ഠ	— അധിതിഷ്ഠ
(തതഃ) നഃ ആ ഗഹി	— അസ്മാനഭിലക്ഷ്യാഗച്ഛ

അർത്ഥം-അല്ലയോ ഇന്ദ്ര, പിടിക്കല്ലുകളാൽ എല്ലാവിധത്തിലും സംസ്കരിക്കപ്പെട്ടതും മനോഹരവും പ്രിയകരവുമായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ സോമം അവിടേയ്ക്കാവട്ടെ. അവിടുന്ന് ഹരികളെന്ന കുതിരകളോടുകൂടിയ പച്ചത്തേരിലേറി ഞങ്ങൾക്ക നേരെ വന്നാലും.

2 ഹര്യന്നുഷസമർച്ചയ സൂര്യംഹര്യന്നരോചയഃ
വിദ്വാംശ്ചികിത്വാൻ ഹര്യശ്വവർധസ
ഇന്ദ്രവിശ്വാ അഭിശ്രിയഃ

അന്വയം:—

ഹേ ഇന്ദ്ര, ഹര്യൻ	— സോമം കാമയമാനസ്ത്വം
ഉഷസം അർച്ചയഃ	— ഉഷഃകാലം പൂജയസി
(തഥാ) ഹര്യൻ	— ഉദിതേസൂര്യേസോമം കാമയമാനഃ
സൂര്യം അരോചയഃ	— ദീപയസി
ഹേ ഹരി-അശ്വ,	
വിദ്വാൻ	— ഏതൽ സർവ്വം ജാനാനസ്ത്വം
ചികിത്വാൻ	— അസ്മദഭിലഷിതജ്ഞസ്സൻ
വിശ്വാഃ ശ്രിയഃ അഭി	
വർധസേ	— സർവ്വാസ്സമ്പദഃ നഃ അഭിമതഫലദാനേന വർധയസി

അർത്ഥം-അല്ലയോ ഇന്ദ്ര, സോമമിഷ്ടപ്പെടുന്ന അവിടുന്ന് (സോമാഹുതികാലമായ) ഉഷസ്സിനെ പൂജിക്കുന്നു, കൊണ്ടാടുന്നു. അതുപോലെ (സൂര്യോദയത്തിനുശേഷമുള്ള സോമാഹുതിയെ ഉദ്ദേശിച്ച്) സൂര്യനെ പ്രകാശിപ്പിക്കുന്നു. ഹരികളെന്ന കുതിരകളോടുകൂടിയ ഇന്ദ്ര, ഇതെല്ലാമറിയുന്ന അവിടുന്ന് ഞങ്ങളുടെ പ്രാർത്ഥനകളെ അറിഞ്ഞവനായി എല്ലാ സമ്പത്തുകളും ഞങ്ങൾക്ക് അഭീഷ്ടദാനത്താൽ വർദ്ധിപ്പിക്കുന്നു.

3 ദ്യാമിന്ദ്രോഹരിധായസംപൃഥിവീംഹരിവർപ്പസം
അധാരയദ്ധരിതോർഭൂരിഭോജനം
യയോരന്തർഹരിശ്ചരൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

(സോയം) ഇന്ദ്രഃ

ഹരി–ധായസം — ഹരിതവർണ്ണ രശ്മിയുക്താം

ദ്യാം അധാരയൽ — ദിവമധാരയൽ

(തഥാ) ഹരി–വപ്പ്സം

പൃഥിവീം — ഓഷധിഭിഹ്രിതവർണ്ണാം ഭൂമിമധാരയൽ

ഹരിതോഃ യയോഃ — ദ്യാവാപൃഥിവ്യോമ്മധ്യേ ഹരി ദവർണ്ണയോ സ്വകീയോരശ്വയോഃ

ഭൂരി ഭോജനം — പ്രഭൂതം യവസാദിഭക്ഷ്യം ലഭ്യതേ

(തയോശ്ചദ്യാവാ

പൃഥിവ്യോഃ) അന്തഃ — മധ്യേ

ഹരിഃ ചരൽ — ഇന്ദ്രശ്ചരതി

(തേ ദ്യാവാപൃഥിവ്യാവിന്ദ്രഃ അധാരയൽ)

അത്ഥം–ആ ഇന്ദ്രൻ പച്ചക്കതിരുകളുററ ദ്യോവിനെ ധരിച്ചിരിക്കുന്നു. സസ്യാദികരം കൊണ്ടു് പച്ചപിടിച്ച ഭൂമിയെ ധരിച്ചിരിക്കുന്നു. ദ്യാവാപൃഥിവികരം ഏവരുടെ മദ്ധ്യത്തിൽ തൻെറ പച്ചക്കതിരകരംക്കു് തീററ ധാരാളം ലഭിക്കപ്പെടുന്നുവോ ആ ദ്യാവാപൃഥിവികളുടെ മധ്യത്തിലാണു് ഇന്ദ്രൻ ചരിക്കുന്നതു്. (ആ ദ്യാവാപൃഥിവികളേയും അവിടുന്നാണു് ധരിച്ചിട്ടുള്ളതു്.)

4 ജജ്ഞാനോഹരിതോവൃഷാവിശ്വമാഭാതിരോചനം
ഹര്യശ്വോഹരിതംധത്തആയുധ
മാവജ്രംബാഹ്വോർഹരിം

അന്വയം:—

വൃഷാ ഹരിതഃ — കാമാനാം വഷകഃ, ഹരിദ്വർണ്ണഃ

ജജ്ഞാനഃ — ജാത ഇന്ദ്രഃ

വിശ്വം രോചനം ആ ഭാതി — സവ്വംദീപ്യമാനം ലോകം സവ്വതഃ പ്രകാശയതി

*20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(തഥാ) ഹരി—അശ്വഃ
ഹരിതം ആയുധം ധത്തേ — ഹരിദ്വർണ്ണോപേതമായുധം
ബാഹ്വോരാദധത്തേ
(തഥാ) ഹരിം വജ്രം — ശത്രൂണാം പ്രാണാപഹാരകം
വജ്രം
ബാഹ്വോഃ ആ — ആധത്തേ

അർത്ഥം—കാമവർഷിതാവും പച്ചനിറമൊത്തവനുമായി ജനിച്ച ഇന്ദ്രൻ പ്രകാശമാനമായ ലോകത്തെ എമ്പാടും തെളിയിയ്ക്കുന്നു. ഹരികളെന്ന കുതിരകളോടു കൂടിയ അവിടുന്ന് പച്ചനിറത്തിലുള്ള ആയുധം കൈകളിൽ ധരിക്കുന്നു. അതുപോലെ ശത്രുക്കളുടെ പ്രാണങ്ങൾ ഹരിക്കുന്ന വജ്രായുധം കൈകളിൽ ധരിക്കുന്നു.

5 ഇന്ദ്രോഹര്യന്തമർജ്ജുനംവജ്രംശുക്രൈരഭീവൃതം
അപാവൃണോദ്ധരിഭിരദ്രിഭിസ്സുത
മുദ്ഗാഹരിഭിരാജത
വ. 8

അന്വയം:—
(സോയം) ഇന്ദ്രഃ ഹര്യന്തം— കമനീയം
ശുക്രൈഃ അഭി—വൃതം
അർജ്ജുനം — ക്ഷീരാദിഭിർവ്യാപ്തം, ശുഭ്രം
വജ്രം — വേഗവന്തം
ഹരി—ഭിഃ അദ്രി—ഭിഃ
സുതം — ഹരന്ത്യേഭിഃ സോമരസാൻ
ഹരയഃ, തൈഃ ഗ്രാവഭി
രഭിഷുതം സോമം
അപ അവൃണോൽ — ആവരണരഹിതമകരോൽ
(തഥാ) ഗാഃ — പണിഭിരപഹൃതാഗാഃ
ഹരി—ഭിഃ ഉൽ ആജത — അശ്വൈരുപേതസ്സ ഇന്ദ്രഃ
ബിലാൽ നിരഗമയൽ

അർത്ഥം—ആ ഇന്ദ്രൻ കമനീയവും, പാൽ മുതലായവ ചേർന്നു വെൺയുററതും വേഗത്തിലൊഴുകുന്നതും ചതയ്ക്കുന്ന കല്ലുക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ളാൽ സംസ്കരിക്കപ്പെട്ടതുമായ സോമത്തെ അടപ്പനീക്കിത്തുറന്നു. പിന്നെ പണികളെന്ന അസുരരാൽ അപഹരിക്കപ്പെട്ട പശുക്കളെ ഹരികളെന്ന കുതിരകളോടൊത്ത ഇന്ദ്രൻ ഗുഹയിൽ നിന്നു് പുറത്തുകൊണ്ടുവന്നു.

വർഗ്ഗം--9

1 ആമന്ദ്രൈരിന്ദ്രഹരിഭി ര്യാഹിമയൂരരോമഭിഃ

മാത്വാകേചിന്നിയമൻവിംനപാശിനോ

തിധന്വേവതാ്ഇഹി

അന്വയം:-

ഹേ ഇന്ദ്ര, മന്ദ്രൈഃ	— മാദയിതൃഭിഃ
മയൂരരോമ–ഭിഃ	— മയൂരസദൃശരോമയുക്തൈഃ
ഹരി–ഭിഃ ആ യാഹി	— അശ്വൈരുപേതസ്ത്വം യജ്ഞം പ്രത്യാഗച്ഛ
കേ ചിൽ ത്വാ	— കേചിൽ ജനാഃ ത്വാം
വിം ന പാശിനഃ	— യഥാപാശഹസ്താവ്യാധാഃ ഗച്ഛന്തം പക്ഷിണം നിയച്ഛന്തി തദ്വൽ
മാ നി യമൻ	— മാനിയച്ഛന്തു, ഗമനപ്രതിബന്ധം മാകുർവ്വന്തു
(കിംച) ധന്വ–ഇവ	— യഥാപാന്ഥാഃ ധന്വ, മരുദേശം ശീഘ്രം
താൻ അതി	— അതിഗച്ഛന്തിതദ്വൽതാൻഗമന പ്രതിബന്ധകാനതീത്യ
ഇഹി	— ആഗച്ഛ

അർത്ഥം—അല്ലയോ ഇന്ദ്ര, മദമിയററുന്ന മയിൽപീലികം കൊത്ത കുഞ്ചിരോമങ്ങളോടുകൂടിയ ഹരികളെന്ന കുതിരകളോടുകൂടി, യജ്ഞത്തെ ഉദ്ദേശിച്ച് അവിടുന്നു് വന്നാലും. വലക്കാരായ വേടന്മാർ, പോകുന്ന പക്ഷികളെ തടയുന്നപോലെ അവിടുത്തെ ആരും തടയാതിരിയ്ക്കട്ടെ, വരവ് പ്രതിബന്ധി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കാതിരിക്കട്ടെ. പിന്നെ വഴിപോക്കർ മരുഭൂമിയെ വേഗത്തിൽ താണ്ടുന്നപോലെ ആ പ്രതിബന്ധങ്ങളെ മറികടന്നു് വന്നാലും.

2 വൃത്രഖാദോവലംരുജഃപുരാംദർമ്മോഅപാമജഃ

സ്ഥാതാരഥസ്യഹര്യോരഭിസ്വര

ഇന്ദ്രോദൃള്ഹാചിദാരുജഃ

അന്വയം:-

(സോയം) ഇന്ദ്രഃ

വൃത്ര–ഖാദഃ	— വൃത്രഹന്താ
വലം–രുജഃ	— വലഃ മേഘഃ, തസ്യ ഭഞ്ജകഃ
(തതഃ) അപാം അജഃ	— അപാം പ്രേരകഃ
പുരാം ദർമ്മഃ	— ശത്രുപുരാണാം ദാരകഃ
ഹര്യോഃ അഭി–സ്വരേ	— അസ്മദാഭിമുഖ്യേന പ്രേരണേ നിമിത്തഭൂതേ സതി
രഥസ്യ സ്ഥാതാ	— അധിഷ്ഠാതാസഃ
ദൃള്ഹാ ചിൽ	— ദൃഢാനാം, അതിബലവതാം ശത്രൂണാമപി
ആ–രുജഃ	— സമന്താൽ ഭഞ്ജകഃ (ഭവതി)

അർത്ഥം—ആ ഇന്ദ്രൻ വൃത്രഹന്താവാകുന്നു; മുകിൽ പിളക്കുന്നവനാകുന്നു; വെള്ളം വിടുന്നവനാകുന്നു; ശത്രുപുരങ്ങൾ തകർക്കുന്നവനാകുന്നു. ഞങ്ങൾക്കു നേരെ ഹരികളെന്ന കുതിരകളെ തിരിച്ച് തേരിലിരിക്കുന്ന അവിടുന്നു് അതിബലവാന്മാരെങ്കിലും ശത്രുക്കളെ നിശ്ശേഷം ഒടുക്കുന്നവനാകുന്നു.

3 ഗംഭീരാഉദധീരിവക്രതുംപുഷ്യസിഗാഇവ

പ്രസുഗോപായവസംധേനവോയഥാ

ഹ്രദംകുല്യാഇവാശത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

(ഹേ ഇന്ദ്ര, ത്വം) ഗംഭീരാൻ

ഉദധീൻ-ഇവ	— മഹാവകാശാൻ സമുദ്രാൻ ഉദകൈര്യഥാപോഷയസി തദ്വൽ
ക്രത്തും	— യജ്ഞസ്യ കർത്താരമിമം യജമാനം അഭിമതഫലപ്രദാനേന
സു-ഗോപാഃ ഗാഃ-ഇവ	— സമീചീനോ ഗോപാലഃ യവസേന ഗാഃ യഥാ പോഷയതി തദ്വൽ
പുഷ്യസി	— പോഷയസി
യഥാ ധേനവഃ യവസം	— തൃണാദികം പ്രാപ്നുവന്തി തദ്വത്വം സോമാൻ പ്രാപ്നോഷി
(തേ ച സോമാഃ)	
കുല്യാഃ-ഇവ	— കൃത്രിമസരിതഃ
ഹ്രദം	— മഹാജലാശയം യഥാ പ്രാപ്നുവന്തി തദ്വൽ ത്വാം
പ്ര ആശത	— പ്രകർഷേണ പ്രാപ്നുവന്തി

അർത്ഥം—അല്ലയോ ഇന്ദ്ര, ഒഴിഞ്ഞുകിടക്കുന്ന സമുദ്രങ്ങളെ അവിടുന്നു് വെള്ളങ്ങളെക്കൊണ്ടു് നിറയ്ക്കുന്നപോലെ, യജ്ഞകർത്താവായ (ദരിദ്രനായ) യജമാനനെ അഭീഷ്ടദാനത്താൽ, ഒരു നല്ല ഇടയൻ പശുക്കളെ പുല്ലുകൊണ്ടെന്നപോലെ, പോഷിപ്പിക്കുന്നു. പശുക്കൾ പുല്ല് മുതലായവയെയെന്നപോലെ അവിടുന്നു് സോമങ്ങളെ പ്രാപിക്കുന്നു, കഴിച്ച തോടുകൾ പെരിയ ഏരിയിലെത്തുന്നപോലെ ആ സോമങ്ങൾ അവിടത്തെ അടുക്കലെത്തുന്നു.

4 ആനസ്തുജംരയിംഭരാംശംനപ്രതിജാനതേ
വൃക്ഷംപക്വംഫലമങ്കീവധൂനഹീ
ന്ദ്രസംപാരണംവസു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ ഇന്ദ്ര, നഃ തുജം രയിം — ശത്രൂണാം ബാധകം ധനേനോപലക്ഷിതം പുത്രം

അംശം ന

പ്രതി-ജാനതേ — യഥാപിതാവ്യവഹാരജ്ഞായ പുത്രായ സ്വകീയസ്യ ധനസ്യ ഭാഗം ദദാതി തദ്വൽ

ആ ഭര — സമ്പാദയ

(കിംച) പക്വം ഫലം

വൃക്ഷം അങ്കീ-ഇവ — ഫലം പ്രതി അങ്കുശീയഥാ ധുനോതി തഥാത്വം

സം-പാരണം — അസ്മദിച്ഛായാഃ പൂരകം

വസു ധൂനുഹി — ധനം ചാലയ, പ്രയച്ഛ

അർത്ഥം-അല്ലയോ ഇന്ദ്ര, ശത്രുക്കളെ ആക്രമിക്കാൻ മതിയായ കരുത്തുററ പുത്രനുമപ്പെടെയുള്ള സമൃദ്ധി, കാര്യവിവരം ചേർന്ന മകന്നു് അച്ഛൻ സ്വത്തിൻെറ ഭാഗം കൊടുക്കുന്നപോലെ (അർഹതയോടുകൂടിയാലെന്നപോലെ) ഞങ്ങൾക്കുണ്ടാക്കിത്തന്നാലും. പിന്നെ, പഴുത്ത കായക്കുവേണ്ടി തോട്ടിക്കാരൻ മരം കുലുക്കുന്നപോലെ (കുലുക്കി പഴം വീഴ്ത്തുന്നപോലെ) ഞങ്ങളുടെ ആഗ്രഹത്തെ പൂരിപ്പിക്കുന്ന ധനം (മുമ്പിൽ) കുലുക്കി വീഴ്ത്തിത്തന്നാലും.

5 സ്വയുരിന്ദ്രസ്വരാളസിസ്മദ്ദിഷ്ടിസ്വയശസ്തരഃ
സവാവൃധാനഓജസാപുരുഷ്ടുത
ഭവാനസ്സുശ്രവസ്തമഃ
വ 9

അന്വയം:—

ഹേ ഇന്ദ്ര, (ത്വം) സ്വ-യുഃ — സ്വവാൻ, ധനവാനസി

സ്വ-രാട്ട് അസി — സ്വർഗ്ഗസ്യ രാജാസി

സ്മൽ-ദിഷ്ടിഃ — ഭദ്രവാക്യഃ (ഭദ്രഭാഗ്യഃ)

സ്വയശഃ-തരഃ — അതിശയേന പ്രഭൃതകീർത്തിരസി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ പുരു–സ്തുത, — പുരുഭിഃ, ബഹുഭിഃ ആഹൂത, സ്തുത ഇന്ദ്ര,
സഃ (ത്വം) ഓജസാ
വവൃധാനഃ — ബലേന വദ്ധമാനസ്സൻ
നഃ സുശ്രവഃ–തമഃ ഭവ — അസ്മദത്ഥം അതിശയേന ശോഭനാന്നോപേതോ ഭവ

അത്ഥം–അല്ലയോ ഇന്ദ്ര, അവിടുന്ന് ധനവാനാകുന്നു; സ്വഗ്ഗത്തിൻെറ രാജാവാകുന്നു; നല്ല വാക്കോട് (ഭാഗ്യത്തോട്) കൂടിയവനാകുന്നു; ഏററവും മികച്ച കീത്തിയുററവനാകുന്നു. എത്രയോ പേരാൽ വിളിക്ക (സ്തുതിക്ക) പ്പെട്ട ഇന്ദ്ര, അപ്രകാര മെല്ലാമുള്ള അവിടുന്ന് ബലത്താൽ വർദ്ധിക്കുന്നവനായി, ഞങ്ങാംക്കുവേണ്ടി ശോഭനമായ അന്നത്തോടുകൂടിയവനായി (അന്നമേകുന്നവനായി) ഭവിച്ചാലും.

വഗ്ഗം–10 ത്രിഷ്ടുപ്ഛന്ദഃ

1 യുധ്മസ്യതേവൃഷഭസ്യസ്വരാജ്
ഉഗ്രസ്യയൂനസ്ഥവിരസ്യഘൃഷ്വേഃ
അജൂര്യതോവജ്രിണോവീര്യാ ̱ ̱ണീ
ന്ദ്രശ്ശ്രുതസ്യമഹതോമഹാനി

അന്വയം:–

ഹേ ഇന്ദ്ര, യുധ്മസ്യ — യോധനശീലസ്യ
വൃഷഭസ്യ — അഭിമതഫലസേചകസ്യ
സ്വ–രാജഃ — ധനാധിപതേഃ
ഉഗ്രസ്യ, യൂനഃ — സമത്ഥസ്യ, നിത്യതരുണസ്യ
സ്ഥവിരസ്യ, ഘൃഷ്വേഃ — ചിരന്തനസ്യ, ശത്രൂണാം സങ്ഘഷ്കസ്യ
അജൂര്യതഃ — ജരാരഹിതസ്യ
വജ്രിണഃ, ശ്രുതസ്യ — വജ്രായുധസ്യ, ത്രിഷുലോകേഷു പ്രസിദ്ധസ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(അത ഏവ) മഹതഃ തേ
വീര്യാണി മഹാനി — തവവീരകർമ്മാണി മഹാന്തി ഖലു

അർത്ഥം—അല്ലയോ ഇന്ദ്ര, യുദ്ധശീലനും അഭീഷ്ടഫലവർഷകനും ധനാധിപതിയും ഊക്കേറിയവനും നിത്യയുവാവും പുരാതനത്വം കൊണ്ടു് വൃദ്ധനും ശത്രുക്കളെ പിളക്കുന്നവനും ജര ബാധിക്കാത്തവനും വജ്രായുധനും മൂന്നു ലോകങ്ങളിലും പ്രസിദ്ധനും അതുകൊണ്ടുതന്നെ മഹാനുമായ അവിടുത്തെ വീരകർമ്മങ്ങൾ മഹത്തുക്കളാണല്ലൊ.

2 മഹാँഅസിമഹിഷവൃഷ്ണ്യേഭി
ർധനസ്പൃദുഗ്രസഹമാനോഅന്യാൻ
ഏകോവിശ്വസ്യഭുവനസ്യരാജാ
സയോധയാചക്ഷയയാചജനാൻ

അന്വയം:—
ഹേ മഹിഷ, — മഹനീയ,
ഉഗ്ര, (ഇന്ദ്ര, ത്വം) മഹാൻ
അസി — സർവ്വാധികോസി
ധന—സ്പൃൽ — ധനാനി, ദാനഭോഗത്യാഗൈഃ പാരം നയംസ്ത്വം
വൃഷ്ണ്യേഭിഃ അന്യാൻ
സഹമാനഃ — വീര്യൈഃ ശത്രൂനഭിഭവൻ വർത്തസേ
(തഥാ) വിശ്വസ്യ,
ഭുവനസ്യ, ഏകഃ — അസഹായഃ
രാജാ സഃ (ത്വം)
യോധയ ച — സപത്നാൻ പ്രഹര ച
ജനാൻ ക്ഷയയ ച — നിവാസയ ച
(ബാധകാൻ ഹത്വാ സാധുജനാൻ സ്വസ്ഥാനേ സ്ഥാപയ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം–അല്പയോ മഹനീയനും ഊക്കററവനുമായ ഇന്ദ്ര, അവിടുന്ന് പെരിമയുററവനാകുന്നു. ധനങ്ങളും, ദാനംകൊണ്ടും ഭോഗം കൊണ്ടും ത്യാഗം കൊണ്ടും നയിക്കുന്ന അവിടുന്ന് സ്വ വീര്യങ്ങളാൽ ശത്രുക്കളെ ജയിക്കുന്നവനായി വത്തിക്കുന്നു. അതുപോലെ ഭൂതജാതങ്ങൾക്ക് മുഴവൻ ഒററരാജാവായ അവി ടുന്ന് ശത്രുക്കളോട് പൊരുതിയാലും ബാധകരെ അകററി ജനങ്ങളെ, സജ്ജനങ്ങളെ സ്വസ്വസ്ഥാനങ്ങളിൽ വസിപ്പി ച്ചാലും.

3 പ്രമാത്രാഭീരിരിചേരോചമാനഃ

പ്രദേവേഭിവ്വിശ്വതോഅപ്രതീതഃ

പ്രമജ്മനാദിവഇന്ദ്രഃപൃഥിവ്യാഃ

പ്രോരോമ്മഹോഅന്തരിക്ഷാദൃജീഷീ

അന്വയം:–

രോചമാനഃ	— ദീപ്യമാനഃ
വിശ്വതഃ അപ്രതി–ഇതഃ	— സവ്വൈരപരിച്ഛിദ്യമാനഃ
ഋജീഷീ ഇന്ദ്രഃ	— സോമവാനിന്ദ്രഃ
മാത്രാഭിഃ പ്ര രിരിചേ	— ശിലോച്ചയൈഃ പ്രകഷേ്ണ മഹത്തയാതിരിക്തോഭൂൽ
(തഥാ) ദേവേഭിഃ	
മജ്മനാ പ്ര	— ദേവേഭ്യോപി ബലേന പ്രരിരിചേ
(തഥാ) ദിവഃ	
പൃഥിവ്യാഃ പ്ര	— ദ്യാവാപൃഥിവീഭ്യാം ച പ്രരിരിചേ
(തഥാ) ഉരോഃ മഹഃ	
അന്തരിക്ഷാൽ പ്ര	— വിസ്തീണ്ണാൽ മഹതോന്തരിക്ഷാ ദപി പ്രരിരിചേ

അത്ഥം–ശോഭമാനനും അളക്കാൻ വയ്യാത്തവനും സോമ വാനുമായ ഇന്ദ്രൻ (മഹത്വംകൊണ്ടു്) പർവ്വതങ്ങളെ കടന്നു നിന്നു, ബലംകൊണ്ടു് ദേവന്മാരെ കവച്ചു നിന്നു. ദ്യാവാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പൃഥിവികളെയും അതിക്രമിച്ചു നിന്നു. പരപ്പുററ, പെരിയ അന്തരിക്ഷത്തെയും കവിഞ്ഞു നിന്നു.

4 ഉരുംഗ്ഭീരംജനുഷാഭ്യു്ഗ്രം
വിശ്വവ്യചസമവതംമതീനാം
ഇന്ദ്രംസോമാസഃ പ്രദിവിസുതാസ
സ്സമുദ്രം നസ്രവതആവിശന്തി

അന്വയം:—

ഉരും, ഗഭീരം	— മഹാന്തം അതഏവമഹാവകാശം
ജനുഷാ ഉഗ്രം	— ജന്മനാസ്വഭാവേനൈവ ശത്രൂണാം ഭയങ്കരം
വിശ്വ–വ്യചസം	— വിശ്വവ്യാപ്തം
മതീനാം അവതം	— സ്തുതീനാം (സ്തോതൄണാം) രക്ഷകം
ഇന്ദ്രം പ്ര- ദിവി	— പൂർവ്വേഷ്വഹസ്സു
സുതാസഃ സോമാസഃ	— അഭിഷുതാസ്സോമാഃ
സമുദ്രം ന സ്രവതഃ	— സ്രവന്ത്യോനദ്യഃ യഥാസമുദ്രം തദ്വൽ
അഭി ആ വിശന്തി	— ആഭിമുഖ്യേനപ്രവിശന്തി

അർത്ഥം.–പെരിയവനും അതുകൊണ്ടുതന്നെ (വയററിൽ ഒഴിഞ്ഞ ഇടം ധാരാളം ഉള്ളതുകൊണ്ടു്) ഗംഭീരനും ജനനംകൊണ്ടു്, സ്വഭാവംകൊണ്ട തന്നെ ശത്രുക്കൾക്കു് ഭയങ്കരനും എങ്ങും വ്യാപിച്ചവനും സ്തുതികളുടെ (സ്തോതാക്കളുടെ) രക്ഷകനുമായ ഇന്ദ്രനെ, കഴിഞ്ഞ ദിവസങ്ങളിൽ സംസ്കരിച്ച സോമങ്ങൾ, ഒഴുകുന്ന പുഴകൾ സമുദ്രത്തെയെന്നപോലെ നേരെ ചെന്നു പ്രാപിക്കുന്നു.

5 യം സോമമിന്ദ്രപൃഥിവീദ്യാവാ
ഗർഭം നമാതാബിഭൃതസ്ത്വായാ
തംതേഹിന്വന്തിതമുതേമൃജന്ത്യ
ധ്വര്യവോവൃഷഭപാതവാ ഉ

വ 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

ഹേ ഇന്ദ്ര,
പൃഥിവീദ്യാവാ — ദ്യാവാപൃഥിവ്യൌ
യം സോമം ഗർഭം ന മാതാ — മാതാഗർഭമിവ
ത്വാ-യാ ബിഭൃതഃ — ത്വൽകാമനയാ അന്തർധാരയതഃ
ഹേ വൃഷഭ — കാമാനാം വർഷകേന്ദ്ര
അധ്വര്യവഃ — അധ്വരം യജമാനായേച്ഛന്തഃ
തേ തം (സോമം)
ഹിന്വന്തി — തുഭ്യം പ്രേരയന്തി
(കിംച) തേ പാതവൈ ഉ — തവപാനായൈവ
തം മൃജന്തി ഉ — സോമം ശോധയന്തി ഖലു

അർത്ഥം-അല്ലയോ ഇന്ദ്ര, ദ്യാവാപൃഥിവികൾ യാതൊരു സോമത്തെ, അമ്മ ഗർഭമെന്നപോലെ, അവിടത്തെക്കുറിച്ച ഇഷ്ടം കൊണ്ട് ഉള്ളിൽ ധരിക്കുന്നുവോ, അല്ലയോ കാമവർഷി താവേ, അധ്വര്യുക്കൾ ആ സോമം അവിടേക്കെത്തിക്കുന്നു. മാത്രമല്ല, അവിടേക്ക് കുടിക്കാനായിത്തന്നെ അതു് ശുദ്ധീക രിക്കുന്നുവല്ലോ.

വർഗ്ഗം—11

1 മരുത്വാംഇന്ദ്രവൃഷഭോരണായ
പിബാസോമമനുഷ്വധംമദായ
ആസിഞ്ചസ്വജഠരേമധ്വഊർമ്മിം
ത്വംരാജാസിപ്രദിവസ്സുതാനാം

അന്വയം:-

ഹേ ഇന്ദ്ര, (യഃ) വൃഷഭഃ — അപാംവർഷിതാ
മരുത്വാൻ — മരുതഃ ദേവവിശഃ, തദ്വാൻ
(സഃ ത്വം) അനു-സ്വധം — സ്വധാമനുഗമ്യവർത്തമാനം
സോമം രണായ — രമണീയ സങ്ഗ്രാമാർത്ഥം
മദായ പിബ — ഹർഷായ പിബ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(കിംച) മധ്വഃ ഊർമ്മിം — മദകരസ്യ സോമസ്യ
സങ്ഘാതം ബഹുരസം
ജഠരേ ആ സിഞ്ചസ്വ — ഉദരേ ക്ഷാരയ
(യതഃ) ത്വം പ്ര–ദിവഃ — പൂർവ്വേഷ്വഹസ്സു
സുതാനാം രാജാ അസി — അഭിഷുതാനാം സോമാനാം
ഈശിതാസി
(നകേവലമദ്യതനാനാം)

അർത്ഥം–അല്ലയോ ഇന്ദ്ര, ഏവൻ ജലങ്ങളെ വർഷിക്കുന്നവനും, മരുത്തുക്കളെന്ന ദേവപ്രജകളോടു കൂടിയവനുമാണോ, ആ അവിടുന്നു് സ്വധയെ പിൻതുടന്നു് (പുരോഡാശമെന്ന ഹവിസ്സിനെത്തുടന്നുവരുന്ന) സോമത്തെ തൽപ്പോരിന്നുവേണ്ടി, ഹർഷമുണ്ടാവാൻ കുടിച്ചാലും. പിന്നെ മോദകരമായ സോമത്തിൻെറ കൂട്ടായ നാനാവിധമായ രസത്തെ വയററിലൊഴിച്ചാലും. അവിടുന്നു് പുത്തൻ സോമച്ചാറിന്നു മാത്രമല്ല കഴിഞ്ഞ ദിവസങ്ങളിൽ ചതച്ചു സംസ്കരിച്ച സോമങ്ങൾക്കും ഈശനാണല്ലൊ.

2 സജോഷാഇന്ദ്രസഗണോമരുദ്ഭി
സ്സോമംപിബവൃത്രഹാശൂരവിദ്വാൻ
ജഹിശത്രൂരപമൃധോനുദസ്വാ
ഥാഭയം കൃണുഹിവിശ്വതോനഃ

അന്വയം:–

ഹേ ശൂര, ഇന്ദ്ര,
സ–ജോഷാഃ — സങ്ഗതഃ ദേവൈഃ
മരുൽ–ഭിഃ സ–ഗണഃ — മരുദ്ഭിരേവസങ്ഗതഃ
വൃത്ര–ഹാ — വൃത്രഹന്താ
വിദ്വാൻ സോമം പിബ — കർമ്മവിഷയാഭിജ്ഞസ്ത്വം
സോമം പാഹി
(തതോനഃ) ശത്രൂൻ ജഹി — രിപൂൻ മാരയ
മൃധഃ അപ നുദസ്വ — ഹിംസകാൻ ജഹി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥ നഃ വിശ്വതഃ
അഭയം കൃണുഹി — സർവ്വതഃ അസ്മാൻ ഭയരഹിതാൻ കുരു

അർത്ഥം—അല്ലയോ ശൂരനായ ഇന്ദ്ര, ദേവന്മാരായ മരുത്തുക്കളാൽ കൂട്ടത്തോടെ കൂടിച്ചേർന്ന വൃത്രഹന്താവും കർമ്മജ്ഞനുമായ അവിടുന്ന് സോമം കുടിച്ചാലും. ഞങ്ങളുടെ ശത്രുക്കളെ ഒടുക്കിയാലും. ദ്രോഹികളെ അമർത്തിയാലും. പിന്നെ ഞങ്ങളെ എല്ലാ വിധത്തിലും ഭയരഹിതരാക്കിയാലും, ഞങ്ങൾക്കഭയ മുണ്ടാക്കിയാലും.

3 ഉതഋതുഭിരൃതുപാഃപാഹിസോമ
മിന്ദ്രദേവേഭിസ്സഖിഭിസ്സുതംനഃ
യാംആഭജോമരുതോയേത്വാ
നപഹന്നവൃത്രമദധുസ്തുഭ്യമോജഃ

അന്വയം:—

ഉത ഹേ ഋതു-പാഃ, ഇന്ദ്ര — കാലനിർവ്വാഹകതയാ ഋതൂനാം പിതഃ, ഇന്ദ്ര,
സഖി-ഭിഃ ഋതു-ഭിഃ
ദേവേഭിഃ — സമാനഖ്യാനൈർമ്മരുത്ഭിഃ ദേവൈസ്സഹിതസ്ത്വം
നഃ സുതം സോമം പാഹി — അസ്മദീയമഭിഷുതം സോമം പിബ
(കിംച) യാൻ മരുതഃ
ആ അഭജഃ — യുദ്ധസഹായാത്ഥമസേവഥാഃ
യേ ത്വാ അനു — യേ ച മരുതഃ ത്വാം യുദ്ധേ സ്വാമിനം അന്വഭജന്ത
(തേ മരുതഃ) തുഭ്യം ഓജഃ — ശത്രുഹനനരൂപം പരാക്രമം
അദധുഃ — അകുർവ്വൻ
(തതസ്ത്വം) വൃത്രം അഹൻ — ഹതവാനസി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം-കൂടാതെ, കാലനിർവ്വാഹകത്വംകൊണ്ടു് ഋതുപാലകനായ ഇന്ദ്ര, ചങ്ങാതികളായ മരുത്തുക്കളെന്ന ദേവന്മാരോടു കൂടിവന്നു്, ഞങ്ങളുടെ സംസ്കരിച്ച സോമം കുടിച്ചാലും. ഏവരെയാണോ അവിടുന്നു് യുദ്ധസഹായത്തിന്നു് പ്രാപിച്ച കൂട്ടിയതു്, ഏവരാണോ യുദ്ധത്തിൽ അവിടത്തെ സ്വാമിയായി ജേിച്ചതു്, ആ മരുത്തുക്കൾ അവിടേയ്ക്കു് ശത്രുജയരൂപമായ പരാക്രമമുണ്ടാക്കി. അപ്പോഴാണല്ലൊ അവിടുന്നു് വൃത്രനെ കൊന്നതു്.

4 യേ ത്വാഹിഹത്യേമഘവന്നവർദ്ധൻ

യേ ശാംബരേഹരിവോയേഗവിഷ്ടൗ

യേ ത്വാനൂനമനുമദന്തിവിപ്രാഃ

പിബേന്ദ്രസോമംസഗണോമരുദ്ഭിഃ

അന്വയം:—

ഹേ മഘ-വൻ, ഇന്ദ്ര, യേ— (മരുതഃ)
അഹി-ഹത്യേ ത്വാ — വൃത്രഹനനരൂപകർമ്മണിത്വാം
അവർദ്ധൻ — ''പ്രഹര ഭഗവോജഹി വീരയസ്വ'' ഇതിബലദാനേനാവീവൃധൻ
ഹേ ഹരി-വഃ യേ — അശ്വവന്നിന്ദ്ര, യേചമരുതഃ
ശാംബരേ — ശംബരവധസംബന്ധിനിയുദ്ധേ ത്വാം അവീവൃധൻ
(തഥാ) യേ ഗോ-ഇഷ്ടൗ — പണിനാമകൈരസുരൈരപഹൃതഗവാർത്ഥയുദ്ധേ ച അവീവൃധൻ
വിപ്രാഃ യേ (ച) ത്വാ
നൂനം അനു-മദന്തി — മേധാവിനഃ ഇദാനീം ത്വാം മാദയന്തി
(തൈഃ) മരുൽ-ഭിഃ
സ-ഗണഃ — (സൻ)
(ഇമം) സോമം പിബ — പാനം കുരു

അർത്ഥം—അല്ലയോ മഘവാവേ, ഇന്ദ്ര, ഏവർ വൃത്രവധരൂപമായ കർമ്മത്തിൽ അവിടത്തേയ്ക്കു് ''ഭഗവാനേ, അടിക്കുക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വീരനാവുക'' എന്ന് പറഞ്ഞു ബലമേകി വദ്ധിപ്പിച്ചുവോ, അല്ലയോ ഹരികളെന്ന കുതിരകളോടുകൂടിയ ഇന്ദ്ര, ഏവർ ശംബരനുമായുള്ള യുദ്ധത്തിൽ അവിടുത്തെ പ്രോത്സാഹിപ്പിച്ചുവോ, ഏവർ പശുഹരണം കാരണമായി പണികളെന്ന അസുരരുമായുള്ള യുദ്ധത്തിൽ അവിടുത്തെ ഉത്തേജിപ്പിച്ചുവോ, മേധാവികളായ ഏവർ തന്നെ ഇപ്പോഴും അവിടുത്തെ ഹർഷിപ്പിക്കുന്നുവോ, ആ മരുത്തുക്കളോടുകൂടി കൂട്ടമായി വന്ന് ഈ സോമം കുടിച്ചാലും.

5 മരുത്വന്തം വൃഷഭംവാവൃധാന
മകവാരിം ദിവ്യംശാസമിന്ദ്രം
വിശ്വാസാഹമവസേനൂതനായോ
ഗ്രംസഹോദാമിഹതംഹ്വേമ വ 11

അന്വയം:-

(ഹേ ഇന്ദ്ര), മരുത്വന്തം — മരുദ്ഭിര്യുക്തം
വൃഷഭം — മേഘഭേദനദ്വാരാ അപാം വർഷകം
വവൃധാനം — വൃത്രവധാദികർമ്മസു ഉത്സാഹേന വദ്ധമാനം
അകവ-അരിം — പ്രഭൂതശത്രുകം
ദിവ്യം — ദിവി, സ്വർഗ്ഗലോകേ വത്തമാനം
ശാസം — ഹിതോപദേശാഹിതപരിഹാരാഭ്യാം ശാസിതാരം
വിശ്വ-സഹം — വിശ്വസ്യ, സർവ്വസ്യ പ്രതിപക്ഷസ്യ അഭിഭവിതാരം
ഉഗ്രം — ശത്രുഷു ഉൽഗൂർണ്ണം
സഹഃ-ദാം — യുദ്ധസഹകാരിണാം മരുതാം ബലപ്രദം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തം ഇന്ദ്രം (ത്വാം)
നൂതനായ അവസേ — നവതരായ രക്ഷണായ
ഇഹ ഹുവേമ — അസ്മിൻ കമ്മണി ആഹ്വയേമ

അർത്ഥം-അല്ലയോ ഇന്ദ്ര, മരുത്തുക്കളോടുകൂടിയവനും മുകിൽ പിളന്ന് നീർ പൊഴിക്കുന്നവനും വൃത്രവധാദി കമ്മങ്ങളിൽ ഉത്സാഹംകൊണ്ടു് വളരുന്നവനും ധാരാളം ശത്രുക്കളോടുകൂടിയവനും സ്വർഗ്ഗത്തിൽ വത്തിക്കുന്നവനും ഹിതമുപദേശിച്ചും അഹിതം പരിഹരിച്ചും (തന്നെ ഉപാസിക്കുന്നവരെ) ശാസിക്കുന്നവനും എല്ലാ പ്രതിപക്ഷങ്ങളെയും കീഴടക്കുന്നവനും ശത്രുക്കളുടെ നേരെ ഊക്കേററവനും യുദ്ധസഹായികളായ മരുത്തുക്കൾക്കു് ബലം കൊടുക്കുന്നവനുമായ ആ ഇന്ദ്രനായ അവിടുത്തെ പുതിയ രക്ഷസ്സായി ഈ കമ്മത്തിൽ വിളിക്കുന്നു.

വർഗ്ഗം—12—

1 സദ്യോഹജാതോവൃഷഭഃകനീനഃ
പ്രഭത്തു്മാവദന്ധസസ്സുതസ്യ
സാധോഃപിബപ്രതികാമംയഥാതേ
രസാശിരഃപ്രഥമംസോമ്യസ്യ

അന്വയം:—

വൃഷഭഃ — വൃഷ്ടിദ്വാരാ അപാം വഷിതാ
സദ്യഃ ജാതഃ — തദാനീമേവോൽപന്നഃ
കനീനഃ — കമനീയ ഇന്ദ്രഃ
സുതസ്യ അന്ധസഃ — അഭിഷുതസ്യ ഹവിർല്ലക്ഷണസ്യാന്നസ്യ സോമസ്യ
പ്ര-ഭത്തു്ം — പ്രകർഷേണ ഭത്താരം, സങ്ഗ്രഹീതാരം യജമാനം
ആവൽ ഹ — രക്ഷതു ഹ (പ്രസീദെധൗ)
(ഹേ ഇന്ദ്ര താദൃശസ്ത്വം)
പ്രതി കാമം — കാമേ കാമേ സോമപാനേച്ഛായാം സത്യാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തേ യഥാ — തവകാമസ്യ പൂർത്തിർഭവതി തഥാ
സാധോഃ രസ–ആശിരഃ — രസാത്മനാ സംസിദ്ധം ഗോപയോ മിശ്രണോപേതം
സോമ്യസ്യ — സോമമയം രസം (ദ്വിതീയാർത്ഥേ ഷഷ്ഠീ)
പ്രഥമം പിബ — സർവ്വേഭ്യോ ദേവേഭ്യഃ പുരസ്താൽ പിബ

അർത്ഥം—മഴവഴി വെള്ളം വിടുന്നവനും എപ്പോഴും പുത്തനായി ജനിച്ചവനും മോഹനനുമായ ഇന്ദ്രൻ സംസ്കരിച്ച സോമഹവിസ്സൊരുക്കിയ യജമാനനെ പ്രസിദ്ധമായി രക്ഷിക്കട്ടെ. അപ്രകാരമുള്ള അവിടേക്ക് സോമപാനത്തിൽ ഇച്ഛയുദിക്കവേ, എപ്രകാരമായാൽ ഇഷ്ടപൂർത്തിയുണ്ടാവുമോ അപ്രകാരം, ചാറായിപ്പിഴിഞ്ഞു് പശുവിൻപാൽചേർത്ത സോമരസം മററു ദേവന്മാരേക്കാൾ മുമ്പ് അവിടുന്നു് കുടിച്ചാലും.

2 യജ്ജായഥാസ്തദഹരസ്യകാമേം
ശോഃപീയൂഷമപിബോഗിരിഷ്ഠാം
തംതേമാതാപരിയോഷാജനിത്രീ
മഹഃപിതുർദ്ദമആസിഞ്ചദഗ്രേ

അന്വയം:—

(ഹേ ഇന്ദ്ര, ത്വം) യൽ
ജായഥാഃ — യസ്മിന്നഹനി അജായഥാഃ
തൽ അഹഃ — അസ്മിന്നേവാഹനി
അസ്യ കാമേ — സോമസ്യ പിപാസായാം സത്യാം
ഗിരി–സ്ഥാം — പർവ്വതസ്യ ഉച്ചസ്ഥാനേ വർത്തമാനം
അംശോഃ — സോമലതാഖണ്ഡസ്യ വിശിഷ്ടസ്യ ഋജീഷസ്യ
പീയൂഷം അപിബഃ — അഭിനവം രസംപീതവാനസി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തേ ജനിത്രീ മാതാ

യോഷാ — യുവതിരദിതിഃ

മഹഃ പിതുഃ — മഹതഃ ജനകസ്യ കശ്യപസ്യ

ദമേ, അഗ്രേ — സൂതികാഗൃഹേ സ്തനന്ധാനാൽ പ്രാക്

തം പരി ആ അസിഞ്ചൽ — താദൃശം സോമം തവാസ്യേപരിതഃ അക്ഷാരയൽ

അർത്ഥം–അല്ലയോ ഇന്ദ്ര, അവിടുന്ന് ഏതു ദിവസം ജനിച്ചുവോ, ആ ദിവസത്തിൽത്തന്നെ സോമപാനേച്ഛയുണ്ടാകകൊണ്ടു്, മലമുകളിലുള്ള സോമവള്ളി നന്നായി ഇടിച്ച് പുതിയ ചാർ കുടിച്ചു. അവിടുത്തെ പെററമ്മ, യുവതിയായ അദിതി, മഹാനായ അച്ഛൻ കശ്യപൻെറ ഗൃഹത്തിൽ പേററുമുറിയിൽ, മുലപ്പാലേകുന്നതിന്നും മുമ്പു്, അപ്രകാരമുള്ള സോമരസമാണ് വായിൽ വീഴ്ത്തിത്തന്നതു്.

3 ഉപസ്ഥായമാതരമന്നമൈട്ട

തിഗ്മമപശ്യദഭിസോമമൂധഃ

പ്രയാവയന്നചരദ്ഗൃത്സോഅന്യാൻ

മഹാനിചക്രേപുരുധപ്രതീകഃ

അന്വയം:–

(സഃ ഇന്ദ്രഃ) മാതരം

ഉപ–സ്ഥായ — പ്രാർത്ഥയിത്വാ

അന്നം ഐട്ട — താമന്നമയാചത

(തതസ്തസ്യാഃ) ഊധഃ — ഊധസികക്ഷീരരൂപേണ സ്ഥിതം

തിഗ്മം സോമം അഭി

അപശ്യൽ — ദീപ്തം സോമം സർവ്വതോദർശയൽ

ഗൃത്സഃ — അഭികാംക്ഷ്യതേ സർവൈർദ്ദേവൈഃ ശത്രുഹനനാർത്ഥമിതിഗൃത്സഃ, ഇന്ദ്രഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്യാൻ പ്ര-യവയൻ — സപത്നാൻ സ്വസ്വസ്ഥാനാൽ പ്രകർഷേണോച്ചാലയൻ

അചരൽ — സർവ്വത്രചരതി

(കിംച) പുരുധ-പ്രതീകഃ — തേജോയോഗാൽ ബഹുധാ വിക്ഷിപ്താങ്ഗഃ

മഹാനി ചക്രേ — മഹാന്തി, വൃത്രവധാദീനി കർമ്മാണി കൃതവാൻ

അർത്ഥം—ആ ഇന്ദ്രൻ അമ്മയോട് അന്നം കേണയാചിച്ചു. അപ്പോരം അവളുടെ അകിടിൽ (മുലയിൽ) പാലായി നിന്നി രുന്ന പ്രകാശമാനമായ സോമം എമ്പാടും കാണിച്ചുകൊടുത്തു. ശത്രുഹനനത്തിന്ന് എല്ലാ ദേവന്മാരാലും കാംക്ഷിയ്ക്കപ്പെടുന്ന ഇന്ദ്രൻ ശത്രുക്കളെ സ്വസ്ഥാനങ്ങളിൽ നിന്ന് ഇളക്കിക്കൊണ്ട് എങ്ങും ചരിച്ചു. പിന്നെ തേജസ്സുകരം ചേർന്ന തൻെറ വിവി ധാംഗങ്ങരം വിടർത്തി. വൃത്രവധം മുതലായ മഹൽകർമ്മങ്ങരം ചെയ്തു.

4 ഉഗ്രസ്തുരാഷാളഭിഭൂത്യോജാ
യഥാവശംതന്വംചക്രംഏഷഃ
ത്വഷ്ടാരമിന്ദ്രോജനുഷാഭിഭൂയാ
മുഷ്യാസോമമപിബച്ചമൂഷു

അന്വയം:—

ഏഷഃ ഉഗ്രഃ — ശത്രൂണാം ഭയങ്കരഃ

തുരാഷാട് — ത്വരയാ ശത്രൂണാമഭിഭവിതാ, അതഏവ

അഭിഭൂതി—ഓജാഃ — ശത്രൂണാമഭിഭവനപരാക്രമോ പേതസ്സൻ

തന്വം യഥാ—വശം ചക്രേ— ആത്മീയം ശരീരം യഥാകാമം, നാനാവിധരൂപോപേതം കൃതവാൻ

(സഃ) ഇന്ദ്രഃ ജനുഷാ — ജന്മനാ സാമർത്ഥ്യേന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തപഷ്ടാരം അഭി-ഭൂയ — തന്നാമകമസുരം വിജിത്യ
ചമൂഷു — ചമസേഷുസ്ഥിതം
ആ-മുഷ്യ സോമം
അപിബൽ — ചോരയിതപാ സോമം പീതവാൻ

അത്ഥം—ഈ ശത്രുഭയങ്കരനും ശത്രുജയത്തിൽ വേഗതയുള്ള വനും ശത്രുജയപരാക്രമിയുമായ ഇന്ദ്രൻ സ്വന്തം ശരീരത്തെ വിവിധ രൂപങ്ങളിൽ മാററി. ആ ഇന്ദ്രൻ സഹജമായ സാമത്ഥ്യത്താൽ തപഷ്ടാവെന്ന അസുരനെ ജയിച്ച് ചമസങ്ങളിൽ ഇരുന്ന സോമം കട്ടെടുത്തു കുടിച്ചു.

5 ശുനംഹുവേമമഘവാനമിന്ദ്ര
മസ്മിൻഭരേനൃതമംവാജസാതൌ
ശൃണ്വന്തമുഗ്രമൂതയേസമൽസു
ഘ്നന്തംവൃത്രാണിസംജിതംധനാനാം വ 12

അന്വയം:—

(ഇതു് കഴിഞ്ഞ അധ്യായത്തിൽ നാലാം വഗ്ഗത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ടു്.)

വഗ്ഗം—13

1 ശംസാമഹാമിന്ദ്രം യസ്മിൻവിശ്വാ
ആകൃഷ്ടയസ്സോമപാഃ കാമമവ്യൻ
യംസുക്രതുംധിഷണേവിഭ്വതഷ്ടം
ഘനംവൃത്രാണാംജനയന്തദേവാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

യസ്മിൻ	— (ഇന്ദ്രേ രക്ഷിതരിസതി)
വിശ്വാഃ കൃഷ്ടയഃ	— സർവ്വേമനുഷ്യാഃ
സോമ–പാഃ	— യജ്ഞമനുഷ്ഠായ സോമപാസ്സന്തഃ
കാമം ആ അവ്യൻ	— സ്വർഗ്ഗാദികം കാമം പ്രാപ്നുവന്തി
ധിഷണേ	— ദേവമനുഷ്യാദീനാം ധാരയിത്രൌ ദ്യാവാപൃഥിവ്യൌ
ദേവാഃ (ച) സു–ക്രതും	— ശോഭനക്രതുര്യസ്യ തം
വിഭ്വ–തഷ്ടം	— വിഭുനാ, ബ്രഹ്മണാ തഷ്ടം, ജഗദാധിപത്യേ സ്ഥാപിതം
വൃത്രാണാം ഘ്നനം	— പാപരൂപാണാം ഹന്താരം
യം ജനയന്ത	— അജനയൽ
(ഹേ ഹോതഃ,) മഹാം	
(തം) ഇന്ദ്രം ശംസ	— മഹാന്തം തംശസ്ത്രൈഃ സ്തുഹി

അർത്ഥം—ഏവൻ രക്ഷിതാവായിരിക്കവേ, എല്ലാമനുഷ്യരും യജ്ഞമനുഷ്ഠിച്ച് സോമപായികളായി സ്വർഗ്ഗാദി ഫലം പ്രാപിക്കുന്നുവോ, ദേവന്മാരെയും മനുഷ്യരെയും തന്നിലും കൊണ്ടു ദ്യാവാപൃഥിവികളും ദേവന്മാരും, ശോഭനകർമ്മാവും, വിഭുവായ ബ്രഹ്മാവിനാൽ ജഗദാധിപത്യത്തിൽ സ്ഥാപിതനമായി ലോകപാലനകർമ്മാവായി, പാപരൂപരായ അസുരന്മാരുടെ ഹന്താവായി ആരെ ജനിപ്പിച്ചുവോ, അല്ലയോ ഹോതാവേ, മഹാനായ ആ ഇന്ദ്രനെ ശസ്ത്രങ്ങളാൽ സ്തുതിക്കുക.

2 യന്നുനകിഃപൃതനാസുസ്വരാജം
ദ്വിതാതരതിനൃതമംഹരിഷ്ഠാം
ഇനതമസ്സത്വഭിര്യോഹശുഷൈഃ
പൃഥുജ്രയാഅമിനാദായുർദ്ദസ്യോഃ

അന്വയം:—

പൃതനാസു സ്വ–രാജം	— സങ്ഗ്രാമേഷു സ്വപ്രകാശം
ഹരി–സ്ഥാം	— ഹരിയുക്തേ രഥേ വർത്തമാനം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നൃ–തമം — ബലസ്യ യുദ്ധേ നേതൃതമം
ദ്വിതാ — യുദ്ധമാസാദ്യ സേനാം ദ്വിധാ കൃത്വാവർത്തമാനം
യം നകിഃ ന തരതി — നകശ്ചിദപി ഉത്തീര്യഗച്ഛതി (ന പ്രസിദ്ധൌ)
(സഃ ഇന്ദ്രഃ) ഇന–തമഃ — അതിശയേന സേനാസ്വാമീ
സത്വ–ഭിഃ — പരിതസ്സീദത്ഭിർമ്മരുത്ഭിസ്സഹ
യഃ ശുഷ്മൈഃ — ബലൈഃ യം ഗച്ഛൻ
പൃഥു–ജ്രയാഃ — യുദ്ധംപ്രതി തീവ്രവേഗസ്സഃ
ദസ്യോഃ ആയുഃ
അമിനാൽ ഹ — ശത്രോഃ പ്രാണം ഹിനസ്തി (ഹ പ്രസിദ്ധൌ)

അർത്ഥം - യുദ്ധങ്ങളിൽ സ്വപ്രകാശത്തോടുകൂടിയവനും ഹരികളെന്ന കുതിരകളെപ്പൂട്ടിയ തേരിലിരിക്കുന്നവനും കരുത്തുററ പോരിൽ മുന്തിയ നേതാവും യുദ്ധത്തിലിറങ്ങി ശത്രുസേനകളെ രണ്ടാക്കിപ്പിളക്കുന്നവനുമായ ഏവനെ ആരും കവിഞ്ഞു നില്ക്കുന്നില്ലയോ, ആ ഇന്ദ്രൻ മികച്ച സേനാപതിയായി ചുററും കൂടിയ മരുത്തുക്കളോടൊത്തു്, ഏതു ശത്രുവിനെ പ്രാപിച്ചു് കഠിനവേഗവാനാകുന്നുവോ, അവൻെറ പ്രാണനെ (പ്രസിദ്ധമായി) ഹനിക്കുന്നു.

3 സഹാവാപൃൽസുതരണിന്നാർവ്വാ
വ്യാനശീരോദസീമേഹനാവാൻ
ഭഗോനകാരേഹവ്യോമതീനാം
പിതേവചാരുസ്സുഹവോവയോധാഃ

അന്വയം:–
(യഃ ഇന്ദ്രഃ) സഹ–വാ,
പൃൽ–സു — ബലവാൻ, സങ്ഗ്രാമേഷു
അർവ്വാ ന — യഥാബലവാനശ്വഃ ശത്രുബലം തരതി തഥാ
തരണിഃ — ശത്രൂനുത്തീര്യ വർത്തമാനഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

റോദസീ വി–ആനശിഃ — ദ്യാവാപൃഥിവ്യൌ വ്യാപ്നുവൻ

മേഹനാ–വാൻ — മിഹ്യതേ, ദീയതേ അർത്ഥിഭ്യഃ ഇതി മേഹനം ധനം തദ്വാൻ (ഭവതി)

(താദൃശഃ ഇന്ദ്രഃ) കാരേ — യജ്ഞേ (ക്രിയതേ ഇതികാരഃ യജ്ഞാദിഃ)

ഭഗഃ ന ഹവ്യഃ — പൂഷേവ ഹവനീയഃ

മതീനാം പിതാ–ഇവ — സ്തോത്രാണാം, സ്തോതൃണാം വാ പാലയിതേവ

ചാരുഃ, സു–ഹവഃ — കമനീയഃ, സുഷ്ഠ്വാഹ്വാനോപേതഃ

വയഃ–ധാഃ — അന്നസ്യദാതാ (ച ഭവതി)

അർത്ഥം–യാതൊരു ഇന്ദ്രൻ യുദ്ധങ്ങളിൽ കുതിരപോലെ ശത്രുക്കളെ മറികടന്നു് വർത്തിയ്ക്കുന്നുവോ, ദ്യാവാപൃഥിവികളെ വ്യാപിച്ച് അർത്ഥികൾക്കേകൊന്നുള്ള ധനത്തോടുകൂടിയവനാണോ, ആ ഇന്ദ്രൻ യജ്ഞത്തിൽ പൂഷാവെന്നപോലെ വിളിയ്ക്കപ്പെടേണ്ടവനാകുന്നു. സ്തുതികളുടെ-അല്ലെങ്കിൽ സ്തോതാക്കളുടെ രക്ഷിതാവെന്നപോലെ (രക്ഷിതാവായി) കാമ്യരൂപനും നന്നായി വിളിയ്ക്കപ്പെടുന്നവനും അന്നദാതാവുമായി ഭവിയ്ക്കുന്നു.

4 ധർത്താദിവോരജസസ്പൃഷ്ടഊർധ്വോ
രഥോനവായുർവ്വസുഭിർന്നിയുത്വാൻ
ക്ഷപാംവസ്താജനിതാസൂര്യസ്യ
വിഭക്താഭാഗംധിഷണേവവാജം

അന്വയം:–

(സഃ ഇന്ദ്രഃ) ദിവഃ രജസഃ ധർത്താ — ദ്യുലോകസ്യാന്തരിക്ഷസ്യ ച ധാരകഃ

വൃഷ്ടഃ — വ്യാപ്തഃ, സർവ്വത്ര വർത്തമാനഃ

രഥഃ ന ഊർധ്വഃ വായുഃ — തദീയോരഥ ഇവ ഊർധ്വഗന്താ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വസു–ഭിഃ	—	സഹായതയാ നിവസദ്ഭിർമ്മരുത്ഭിഃ
നിയുത്വാൻ	—	സഹായവാൻ
ക്ഷപാം വസ്താ	—	രാത്രിമാച്ഛാദയൻ
സൂര്യസ്യ ജനിതാ	—	ആദിത്യസ്യ ജനയിതാ
ധിഷണാ–ഇവ	—	യഥാദാതുഃ ആഢ്യസ്യ അസ്യേദ മസ്യേദമിതിവാഗിവ
ഭാഗം വാജം വി–ഭക്താ	—	ഭജനീയം കർമ്മഫലരൂപമന്നം സാധുവിഭാഗ കർത്താ ഭവതി

അർത്ഥം–ആ ഇന്ദ്രൻ ദ്യുലോകത്തെയും അന്തരിക്ഷത്തെയും ധരിക്കുന്നവനായി, എങ്ങും നിറഞ്ഞവനും തൻെറ തേർ പോലെ മേൽപ്പോട്ടു പോകുന്നവനുമായി, സഹായത്തിന്നു് കൂടെ നില്ക്കുന്ന മരുത്തുക്കളുടെ സഹായമൊത്തവനായി, രാത്രികളു മറവിയററി ആദിത്യനെ ജനിപ്പിക്കുന്നവനായി, ദാതാവായ ഒരു പ്രഭു ഇതിന്നാരംക്കു്, ഇതിന്നാരംക്കു് എന്നു പറയുന്നപോലെ (അപ്രകാരം പറഞ്ഞു ധനം വിതരണം ചെയ്യുന്നപോലെ) കർമ്മഫലാനുഭവമായി (ഓരോരുത്തർക്കും) പ്രാപ്യമായ അന്നത്തെ നന്നായി ഭാഗിച്ചു കൊടുക്കുന്നവനാകുന്നു.

5 ശുനംഹുവേമമഘവാനമിന്ദ്ര
മസ്മിൻഭരേനൃതമംവാജസാതൌ
ശൃണ്വന്തമുഗ്രമൂതയേസമൽസു
ഘ്നന്തംവൃത്രാണിസംജിതംധനാനാം വ. 13

അന്വയം:–

(ഇതു് കഴിഞ്ഞ അധ്യായത്തിൽ നാലാം വർഗ്ഗത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ടു്.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വർഗ്ഗം —14 —

1 ഇന്ദ്രസ്വാഹാപിബതുയസ്യസോമ

ആഗത്യാതുമ്രോവൃഷഭോമരുത്വാൻ

ഓരുവ്യചാഃപൃണതാമേഭിരന്നൈ

രാസ്യഹവിസ്തന്വഃകാമമൃദ്ധ്യാഃ

അന്വയം :—

(അയം) ഇന്ദ്രഃ സ്വാഹാ

പിബതു	— സ്വാഹാകൃതമിമം സോമം പിബതു
യസ്യ സോമഃ	— ഇന്ദ്രസ്യായം സോമഃ സഃ ഇന്ദ്രഃ യജ്ഞം പ്രതി
ആ-ഗത്യ (പിബതു)	
തുമ്രഃ, വൃഷഭഃ	— കർമ്മവിഘ്നകാരിണാം ഹിംസകഃ, യഷ്ടൄണാമഭിമത വർഷകഃ
മരുത്വാൻ	— മരുത്ഭിര്യുക്തഃ
ഉരു—വ്യചാഃ	— പ്രഭൂത വ്യാപ്തിസ്സൻ
ഏഭിഃ അന്നൈഃ	— അസ്മാഭിർദ്ദത്തൈഃ സോമ ലക്ഷണൈർഹവിർഭിഃ
ആ പൃണതാം	— സമന്താൽ പൂരയതു
അസ്യ തന്വഃ കാമം	— ഇന്ദ്രസ്യ ശരീരസ്യ പുഷ്ട്യാദി വിഷയാഭിലാഷം
ഹവിഃ ആ ഋദ്ധ്യാഃ	— സർവ്വതഃ പൂരയതു

അർത്ഥം—ഈ ഇന്ദ്രൻ സ്വാഹാ എന്ന മന്ത്രത്തോടുകൂടി ഹോമിയ്ക്കപ്പെട്ട സോമം കുടിയ്ക്കട്ടെ. ഈ ഇന്ദ്രന്നു് അർഹതപ്പെട്ട സോമം യജ്ഞംതോറും ചെന്നുകുടിയ്ക്കട്ടെ. കർമ്മവിഘ്നകാരികളെ അകററുന്നവനും യഷ്ടാക്കൾക്കു് അഭിമതം ചെയ്യുന്നവനും മരുത്തുക്കളൊത്തവനുമായ അവിടുന്നു് എങ്ങും നിറഞ്ഞു വ്യാപിച്ചുകൊണ്ടു്, ഞങ്ങളാൽ നല്കപ്പെടുന്ന സോമാന്നങ്ങളാൽ (സംതൃപ്തനാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം–യജ്ഞത്തിൽ സോമം ചതയ്ക്കുന്ന കല്ലുകളെ പ്രയോഗിയ്ക്കുന്ന ഞാൻ സുന്ദരികളായ ദ്യാവാപൃഥിവികളെ സ്തോത്രത്താൽ നേരെ സ്തുതിക്കുന്നു. അല്ലയോ അഗ്നേ, യജമാനന്മാരാൽ പലപാട് വരണീയങ്ങളും കമനീയതകൊണ്ട് ദർശനീയങ്ങളും തന്നെയും പൂജനീയങ്ങളുമായ അവിടുത്തെ ഈ ദീപ്തികൾ മനുഷ്യോപയോഗത്തിന്നായിട്ടത്രേ ഊർധ്വമുഖങ്ങളായി പൊങ്ങുന്നത്.

5 യാതേജിഹ്വാമധുമതീസുമേധാ
അഗ്നേദേവേഷൂച്യതഉരൂചീ
തയേഹവിശ്വാഁഅവസേയജത്രാ
നാസാദയപായയാചാമധൂനി

അന്വയം:–

ഹേ അഗ്നേ, തേ — തവ
മധു–മതീ, സു–മേധാഃ — ഉദകവതീ, ശോഭനയാ മേധയാ, പ്രജ്ഞയോപേതാ
(സർവ്വസ്യ ജ്ഞാപയിത്രീ)
യാ ജിഹ്വാ — ജ്വാലാ
ഉരൂചീ — ബഹുവ്യാപ്തിസ്സതീ
ദേവേഷു ഉച്യതേ — ആഹ്വാനാർത്ഥം പ്രേര്യതേ
തയാ യജത്രാൻ വിശ്വാൻ — യജനീയാൻ സർവ്വാൻ ദേവാൻ
ഇഹ അവസേ — അസ്മാകം കർമ്മണി രക്ഷണായ
ആ സാദയ — ഉപവേശയ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(ക്രിംചതാൻ വിശ്വാൻ
ദേവാൻ) മധുനി
പായയ ച — മദകരാൻ സോമാൻ
പീതവാംശ്ചകരു

അത്ഥം—അല്ലയോ അഗ്നേ, അവിടുത്തെ ജല (മാധുര്യ) വത്തും ശോഭനജ്ഞാനയുക്തവും എല്ലാവരെയും വിളിച്ചറിയിക്കുന്നതുമായ യാതൊരു നാവ് (നാളം, ജ്വാല) എങ്ങും വ്യാപിക്കുന്നതായി, ദേവന്മാരെ വിളിക്കാൻ അയക്കപ്പെട്ടുന്നുവോ, ആ നാവിനാൽ (ജ്വാലയാൽ) യജനീയന്മാരായ എല്ലാ ദേവന്മാരെയുംഞങ്ങളുടെ ഈ കർമ്മത്തിൽ രക്ഷകരായി ഇവിടെ വിളിച്ചു കൊണ്ടു വന്നിരുത്തിയാലും. പിന്നെ ആ ദേവന്മാരെ ഹഷ്കരങ്ങളായ സോമങ്ങൾ കുടിപ്പിക്കുകയും ചെയ്യാലും.

6 യാതേഅഗ്നേപർവ്വതസ്യേവധാരാ
സശ്ചന്തീപീപയദ്ദേവചിത്രാ
താമസ്മഭ്യംപ്രമതിംജാതവേദോ
വസോരാസ്വസുമതിംവിശ്വജന്യാം വ. 2

അന്വയം:–

ഹേ ദേവ, അഗ്നേ, ചിത്രാ — നാനാരൂപാ
അസശ്ചന്തീ — അസ്മാദന്യത്ര സങ്ഗതി മകുർവ്വാണാ
യാ തേ (പ്രമതിഃ) — തവപ്രകൃഷ്ടാബുദ്ധിഃ
പർവ്വതസ്യ–ഇവ ധാരാ — യഥാ പർവ്വതസ്യ, മേഘസ്യ ധാരാ ഓഷധി വനസ്പത്യാദിഷു സങ്ഗതിം കുർവ്വാണാ താൻ വദ്ധയതി തദ്വൽ
പീപയൽ — അപേക്ഷിതഫലപ്രദാനേ നാസ്മാൻ വർധയതി
ഹേ വസോ, ജാത–വേദഃ, — സർവ്വസ്യ വാസയിതഃ, ജാതപ്രജ്ഞാഗ്നേ,
താം പ്ര–മതിം — ഹിതകരണസമത്ഥാം ബുദ്ധിം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അസ്മഭ്യം രാസ്വ — ദൽസ്വ
(തഥാ) വിശ്വ–ജന്യാം — സർവ്വജനഹിതാം
സു–മതിം — ശോഭനാം, അനുഗ്രഹാത്മികാം ബുദ്ധിം ദൽസ്വ

അർത്ഥം—അല്ലയോ പ്രകാശമാനനായ അഗ്നേ, വിവിധ രൂപയും ഞങ്ങളിൽ നിന്ന് അന്യത്ര സംഗമിക്കാത്തതും ആയ അവിടുത്തെ യാതൊരു ഉൽകൃഷ്ടബുദ്ധി, മുകിൽ പൊഴിക്കുന്ന ജലധാര സസ്യവൃക്ഷാദികളെ പ്രാപിച്ച് വളർത്തുന്നതുപോലെ അർത്ഥിതഫലദാനത്താൽ ഞങ്ങളെ സമൃദ്ധരാക്കുന്നുവോ, ഏവരെയും അതാതിടത്തു വസിപ്പിക്കുന്നവനും സർവ്വജ്ഞനുമായ അഗ്നേ, ആ ഹിതകാരിണിയായ ബുദ്ധി ഞങ്ങൾക്ക് തന്നരുളിയാലും. പിന്നെ സർവ്വജനഹിതയും ശോഭനയുമായ ആ അനുഗ്രഹബുദ്ധി ഞങ്ങളിൽ ചൊരിഞ്ഞാലും, ഞങ്ങൾക്ക് തന്നരുളിയാലും.

വർഗ്ഗം–3–4–അശ്വിനൌ ദേവതാ

1 ധേനുഃ പ്രത്നസ്യ കാമ്യം ദുഹാനാ
ന്തഃ പുത്രശ്ചരതി ദക്ഷിണായാഃ
ആ ദ്യോതനിം വഹതി ശുഭ്രയാമോ
ഷസസ്തോമോ അശ്വിനാവജീഗഃ

അന്വയം:—

ധേനുഃ — പ്രീണയിത്ര്യുഷഃ
പ്രത്നസ്യ — പുരാതനസ്യാഗ്നേഃ
കാമ്മ്യം ദുഹാനാ — കമനീയം പയഃ ദോഗ്ധ്രീ ഭവതി
ദക്ഷിണായാഃ പുത്രഃ — ഉഷസഃ പുത്രസ്സൂര്യഃ
(തസ്യാഃ) അന്തഃ ചരതി — മധ്യേ ചരതി
(ഉഷസോനന്തരം)
ശുഭ്ര–യാമാ — സൂര്യകിരണസമ്പർക്കാൽ ശുഭ്രഗമനം യസ്യാസൌ ശുഭ്രയാമാ, ദിവസഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്യോതനിം ആ വഹതി — സർവ്വസ്യപ്രകാശകം സൂര്യം ബിഭർത്തി

(അതഃ) ഉഷസഃ (പുരാ)
അശ്വിനൌ (സ്തോതും)
സ്തോമഃ — സ്തോത്രകാരീ ഹോത്രാദിഃ
അജീഗഃ — ജാഗർത്തി, ഉത്തിഷ്ഠതി

അർത്ഥം-ഏവക്കും പ്രിയകാരിണിയായ ഉഷസ്സ് എന്ന പശു പുരാതനനായ അഗ്നിക്കു കാമ്യമായ പാൽ കറന്നുകൊടുക്കുന്നവളായി ഭവിക്കുന്നു. സർവ്വാനുകൂലയായ ഉഷസ്സിൻെറ മകൻ, സൂര്യൻ അവരുകളും ലോകത്തിന്നുമിടയിൽ വരുന്നു. ഉഷസ്സിന്നു പിൻപെ സൂര്യകിരണത്താൽ തെളിവുററ, സഞ്ചാരമൊത്ത ദിവസം (പകൽ) എല്ലാം പ്രകാശിപ്പിക്കുന്ന സൂര്യനെ ധരിക്കുന്നു. അക്കാരണത്താൽ ഉഷസ്സിന്നുമുമ്പ് അശ്വികളെ സ്തുതിക്കാനായി ഹോതാവുതൊട്ട സ്തോതാക്കരം ഉണരുന്നു. എഴുന്നേല്ക്കുന്നു. (അശ്വികരുക്ക് ശസ്ത്രം പ്രഭാതത്തിലാദ്യം).

2 സുയുഗ്വഹന്തിപ്രതിവാമൃതേനോ
ധ്വാഭവന്തിപിതരേവമേധാഃ
ജരേഥാമസ്മദ്വിപണേർമ്മനീഷാം
യുവോരവശ്ചകൃമായാതമർവ്വാക്

അന്വയം:—

(ഹേ അശ്വിനൌ)
സു-യുക് — സുഷ്ഠുരഥേയോജിതാ അശ്വാഃ
ഋതേന വാം — സത്യഭൂതേന രഥേനയുവാം
പ്രതി വഹന്തി — യജ്ഞം പ്രത്യാഗമനായ ധാരയന്തി
മേധാഃ പിതരാ-ഇവ — യജ്ഞാഃ യഥാപുത്രാഃ പിതരൌ മാതാപിതരാവഭിലക്ഷ്യ ഗച്ഛന്തി തദ്വൽ
ഊർധ്വാഃ ഭവന്തി — യുഷ്മദഭിമുഖം ഊർധ്വാഭവന്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അസ്മൽ പണേഃ മനീഷാം — അസ്മത്തസ്സകാശാൽ ആസുരീം ബുദ്ധിം
വി ജരേഥാം — വിശേഷേണ നാശയതം
(വയംതു) യുവോഃ അവഃ
ചകൃമ — യുവയോഹ്വിർല്ലക്ഷണമന്നം കുർമ്മഃ
(യുവാം) അർവ്വാക്
ആ യാതം — അഭിമുഖമാഗച്ഛതം

അർത്ഥം—അല്ലയോ അശ്വികളേ, നന്നായി തേരിൽ പൂട്ടിയ കുതിരകരം സത്യഭൂതമായ തേരിനാൽ യജ്ഞത്തിന്ന് പോകുന്നതിനായി നിങ്ങളെ വഹിക്കുന്നു, ധരിക്കുന്നു. മക്കരം അച്ഛനമ്മമാരുടെ അടുക്കലേക്ക് പോകുന്നപോലെ, യജ്ഞങ്ങരം നിങ്ങരംക്കഭിമുഖമായി പൊങ്ങിവരുന്നു. (ആ നിങ്ങരം) ഞങ്ങളിൽ നിന്ന് ആസുരബുദ്ധിയെ പിഴുതുകളഞ്ഞാലും. ഞങ്ങരം നിങ്ങരംക്ക് ഹവിരന്നമൊരുക്കുന്നു, ഞങ്ങരംക്ക് നേരെ വന്നാലും

3 സുയുഗ്ഭിരശ്വൈഃസുവൃതാരഥേന
ദസ്രാവിമംശൃണുതംശ്ലോകമദ്രേഃ
കിമംഗ്വാംപ്രത്യവർത്തിംഗമിഷ്ഠാ
ഹുർവ്വിപ്രാസോഅശ്വിനാപുരാജാഃ

അന്വയം:—
ഹേ അശ്വിനാ
സുയുക്—ഭിഃ — അശ്വിനൌ സുഷ്ഠുയോജിതൈഃ
അശ്വൈഃ സു—വൃതാ — പുനഃ പുനരാവർത്തതേ ഇതി സുവൃൽ ചക്രം, ശോഭനചക്രോപേതേന
രഥേന (ആഗത്യ) ദസ്രൌ — ശത്രുഹന്താരൌ യുവാം
അദ്രേഃ — ആദ്രിയതേ സർവ്വൈഃ ഇത്യദ്രിഃ സ്തോതാ, തസ്യ
ഇമം ശ്ലോകം ശൃണുതം — സ്തോത്രം ശൃണുതം
ഹേ അംഗ, വിപ്രാസഃ — മേധാവിനഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുരാ—ജാഃ — പുരാതനാ ഋഷയഃ
വാം അവൎത്തിം പ്രതി — അസ്മാകം വൃത്തിഹാനിം പ്രതി
ഗമിഷ്ടാ — അതിശയേന ഗന്താരാവിതി
കിം ആഹുഃ? — കിം കഥയന്തി? ന കഥയന്തീ
ത്യൎത്ഥഃ,

അൎത്ഥം -അല്ലയോ അശ്വികളേ, നന്നായി പൂട്ടിയ കുതിര കളൊത്തതും ശോഭന ചക്രങ്ങരം ചേൎന്നതുമായ തേരിൽ വന്നു് ശത്രുഹന്താക്കളായ നിങ്ങരം ഏവരാലും ആദരിക്കപ്പെടുന്ന സ്തോതാവിൻെറ സ്തോത്രം കേട്ടാലും. അല്ലയോ അഭി മുഖരേ, മേധാവികളായ പുരാതനൎഷിമാർ, കൎമ്മികളായ ഞങ്ങളുടെ കൎമ്മദോഷം കൊണ്ടു് നിങ്ങരം വിട്ടകലെപ്പോകുന്ന വരാണെന്നു് പറയുന്നുണ്ടോ? ഇല്ല. (കൎമ്മലോപങ്ങളുണ്ടെ ങ്കിലും നിങ്ങളിവിടെ നിന്നു് വിട്ടുപോകരുതെന്നു് സാരം.)

4 ആമന്യേഥാമാഗതംകച്ചിദേവൈ
ൎവിശ്വേജനാസോഅശ്വിനാഹവന്തേ
ഇമാഹിവാംഗോഋജീകാമധൂനി
പ്രമിത്രാസോനദദുരുസ്രോഅഗ്രേ

അന്വയം:—

(ഹേ അശ്വിനൌ,) കൽ
ചിൽ ആ മന്യേഥാം? — ഇമാംമദീയാം സ്തുതിം ജാനീതം?
(കിംച) ഏവൈഃ ആ
ഗതം — ഗമനസാധനൈരശ്വൈഃ യജ്ഞം
പ്രത്യാഗച്ഛതം
വിശ്വേ ജനാസഃ — സൎവ്വേ സ്തോതാരഃ
അശ്വിനാ വാം ഹവന്തേ — അശ്വിനൌ യുവാം
സ്തുതിഭിരാഹ്വയന്തി
(കിംച) ഗോ-ഋജീകാ — ഗവാം പയസാ മിശ്രിതാനി
മധൂനി — മദകരാണി,
സോമരസരൂപാണി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇമാ — ഇമാനി ഹവീംഷിയുവാഭ്യാം അധ്വര്യ്വാദയഃ
മിത്രാസഃ ന — യഥാമിത്രാണി മിത്രേഭ്യോ പേക്ഷിതം ദദതി തദ്വൽ
പ്ര ദദുഃ ഹി — പ്രയച്ഛന്തി ഖലു
ഉസ്രഃ അഗ്രേ — സൂര്യഃ ഉഷസോഗ്രേ ഉദേതി

അർത്ഥം—അല്ലയോ അശ്വികളേ, ഈ ഞങ്ങളുടെ സ്തുതി അവിടുന്നറിയുന്നുണ്ടോ? കേൾക്കുന്നുണ്ടോ? വാഹനങ്ങളായ കുതിരകളാൽ യജ്ഞത്തെ ഉദ്ദേശിച്ചു വന്നാലും. എല്ലാ സ്തോതാക്കളും അശ്വികളായ നിങ്ങളെ, സ്തുതികളാൽ വിളിക്കുന്നു. പശുവിൻപാൽ ചേർത്തവയും ഹർഷകരങ്ങളും സോമരസരൂപങ്ങളുമായ ഈ ഹവിസ്സുകൾ നിങ്ങൾക്കായി അധ്വര്യു മുതലായവർ, ചങ്ങാതികൾ മററു ചങ്ങാതികൾക്ക് ആവശ്യപ്പെട്ടതു കൊടുക്കുംപോലെ, സമർപ്പിച്ചു നല്കുന്നു. സൂര്യനിതാ ഉഷസ്സിന്റെ മുകളിൽ ഉദിക്കുന്നു. (സൂര്യോദയത്തിന്നു് മുമ്പു വേണം അശ്വികൾക്കുള്ള ഹവിർദ്ധാനം)

5 തിരഃ പുരൂചിദശ്വിനാരജാം
സ്യാങ്ഗൂഷോവാംമഘവാനാജനേഷു
ഏഹയാതം പഥിഭിർദ്ദേവയാനൈ
ർദ്ദസ്രാവിമേവാം നിധയോമധൂനാം വ 3

അന്വയം:—

ഹേ അശ്വിനാ പുരു
ചിൽ രജാംസി — ബഹൂന്യപിസ്ഥാനാനി
തിരഃ — സ്വതേജസാതിരസ്കുർവ്വന്തൌ
വാം ഇഹ — യുവാം അസ്മിൻ കർമ്മണി
ദേവ—യാനൈഃ
പഥി—ഭിഃ ആ യാതം — മാർഗൈരാഗച്ഛതം
ഹേ മഘ-വാനാ — ധനവന്താവശ്വിനൌ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജനേഷു വാം — സ്തോതൃഷു യുവയോഃ
ആങ്ഗൂഷഃ — ആസമന്താൽഘോഷണീയം സ്തോത്രം (വത്തതേ)
ഹേ ദസ്രൌ, വാം മധൂനാം — ശത്രുഹന്താരൌ, യുവയോഃ മദകരാണാം സോമാനാം
ഇമേ നി-ധയഃ — ഇമേ പാത്രവിശേഷാഃ (സന്തി)
(തസ്മാദാഗച്ഛതം)

അത്ഥം—അല്ലയോ അശ്വികളേ, വളരെയിടങ്ങളം സ്വതേജസ്സിനാൽ കീഴ്പ്പെടുത്തിയ നിങ്ങരം ഈ കമ്മത്തിൽ ദേവമാഗ്ഗങ്ങളിലൂടെ വന്നുചേരനാലും. അല്ലയോ ധനവാന്മാരായ അശ്വികളേ, സ്തോതാക്കളിൽ നിങ്ങളേക്കുറിച്ച സ്തോത്രഘോഷം മുഴങ്ങുന്നു. അല്ലയോ ശത്രുഹന്താക്കളേ, നിങ്ങരംക്കു ഹഷ്കരങ്ങളായ സോമങ്ങരം നിറച്ച പാത്രങ്ങരം ഇതാ ഇരിക്കുന്നു. അതിനാൽ വന്നുചേരനാലും.

6 പുരാണമോകസ്സഖ്യം ശിവംവാം
യുവോന്നരാദ്രവിണം ജഹ്നാവ്യാം
പുനഃ കൃണ്വാനാസ്സഖ്യാശിവാനി
മധ്വാമദേമസഹനൂസമാനാഃ

അന്വയം:—
(ഹേ അശ്വിനൌ) വാം
പുരാണം സഖ്യം — യുവയോഃ പുരാതനം സഖിത്വം
ഓകഃ ശിവം — സത്യം കല്യാണകരംഭവതി
(കിംച) ഹേ നരാ യുവോഃ
ദ്രവിണം — അസ്മദീയകമ്മനേതാരൌ യുവയോഃ ധനം
ജഹ്നാവ്യാം — ജഹ്നു കുലജാതായാം ഭവതി
ശിവാനി സഖ്യാ — സുഖകരാണി യുവയോസ്സഖ്യാനി
പുനഃ കൃണ്വാനാഃ — കവ്വന്തഃ

*28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സമാനാഃ — ഹവിഷ്പ്രദാനേനോ
പകാരകത്വാൽ മിത്രഭൃതാഃ,
ഏകീഭൃതാസ്സന്തോവയം

മധ്വാ സഹ — മദകരേണ സോമേനയുവാം
യുഗപൽ

ന മദേമ — ക്ഷിപ്രം ഹർഷയേമ

അത്ഥം–അല്ലയോ അശ്വികളേ, നിങ്ങളുമായുള്ള പഴക്കം ചെന്ന വേഴ്ച, സത്യമായും മംഗളകരമായും ഭവിക്കുന്നു. ഞങ്ങൾക്ക് ചേർന്ന കർമ്മനേതാക്കളേ, നിങ്ങളുടെ ധനം ജാഹ്നവിയിൽ, ഗംഗയിൽ ഭവിക്കുന്നു. നിങ്ങളോട്ട് സുഖകരങ്ങളായ വേഴ്ചകൾ പുതുക്കിക്കൊണ്ട് ഹവിസ്സേകുന്ന സേവനത്താൽ ചങ്ങാതികളായി, ഒന്നായിത്തീന്ന ഞങ്ങൾ ഹർഷകരമായ സോമത്താൽ നിങ്ങളെ ഇതാ ഒപ്പം, വേഗം സന്തോഷിപ്പിക്കുന്നു.

7 അശ്വിനാവായുനായുവംസുദക്ഷാ
നിയുദ്ഭിശ്ചസജോഷസായുവാനാ
നാസത്യാതിരോഅഹ്ന്യംജുഷാണാ
സോമംപിബതമസ്രിധാസുദാനൂ

അന്വയം:–

ഹേ സു–ദക്ഷാ, — ഹേ ശോഭനസാമത്ഥ്യോപേതൌ
ഹേ യുവാനാ, നാസത്യാ — നിത്യതരുണൌ സത്യസ്വഭാവൌ
ഹേ സു–ദാനൂ, അശ്വിനാ — ശോഭനഫലസ്യ
ദാതാരാവശ്വിനൌ
വായുനാ, നിയുൽ–ഭിഃ ച — അശൈ്വശ്ച
സ–ജോഷസാ, ജുഷാണാ — സങ്ഗതൌ സോമവിഷയ
പ്രീതിയുക്തൌ
അസ്രിധാ യുവം — അനുപക്ഷീണൌ യുവാം
തിരഃ–അഹ്ന്യം സോമം
പിബതം — തിരോഹിതേ അഹ്നി ഭവമിമം
സോമം പിബതം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം–ശോഭന വീര്യന്മാരും നിത്യയുവാക്കളും സത്യശീലരും കമ്മങ്ങൾക്ക് തെളിഞ്ഞ ഫലമേകുന്നവരുമായ അശ്വികളേ, വായുവിനോടും കുതിരകളോടും കൂടിച്ചേർന്ന് സോമസ്വീകരണത്തിൽ പ്രീതിപൂണ്ട്, ക്ഷീണം ബാധിക്കാത്ത നിങ്ങൾ ഇന്നലെ ഉണ്ടാക്കിയ ഈ സോമം കുടിച്ചാലും.

8 അശ്വിനാപരിവാമിഷഃപുരുചീ
രീയുർഗ്ഗീഭിര്യതമാനാഅമൃധ്രാഃ
രഥോഹവാമൃതജാഅദ്രിജൂതഃ
പരിദ്യാവാപൃഥിവീയാതിസദ്യഃ

അന്വയം:–

ഹേ അശ്വിനാ, പുരുചീഃ	— പുരു അഞ്ചതി, ഗച്ഛതീതി പുരുചീഃ
(ബഹൂനി) ഇഷഃ	— ഹവിർല്ലക്ഷണാന്യന്നാനി
വാം പരി ഈയുഃ	— യുവാം പരിതോ ഗച്ഛന്തി
(തഥാ) അമൃധ്രാഃ	— കേനാപ്യതിരസ്കൃതാഃ
യതമാനാഃ	— കമ്മണി പ്രവത്തമാനാ സ്തോതാരഃ
ഗീഃ–ഭിഃ	— സ്തുതിലക്ഷണാഭിവ്വാഗ്ഭിഃ യുവാം പരിചരന്തി
ഋത–ജാഃ	— ഋതസ്യ, ഉദകസ്യ ജനയിതാ, ഋതേ, യജ്ഞേ ജാതോവാ
അദ്രി_ജൂതഃ	— സ്തോതൃഭിരാകൃഷ്ടഃ
വാം രഥഃ	— യുവയോ രഥഃ
ദ്യാവാപൃഥിവീ സദ്യഃ പരി യാതി ഹ	— ദ്യാവാപൃഥിവ്യൌ തദാനീമേവ പരിതഃ, സവ്വതഃ പ്രാപ്നോതി ഖലു

(തസ്മാൽ അസ്മദീയം യജ്ഞം പ്രത്യാഗച്ഛതം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം—അല്പയോ അശ്വികളേ, പലേടങ്ങളിലും പോകുന്ന നിങ്ങളെ ഉദ്ദേശിച്ച് ധാരാളം ഹവിരന്നം വന്നുചേരുന്നു. ആരാലും തിരസ്കരിക്കപ്പെടാത്തവരും കർമ്മത്തിലേർപ്പെട്ടവരുമായ സ്തോതാക്കൾ സ്തുതിവചനങ്ങളാൽ നിങ്ങളെ സേവിക്കുന്നു. ജലങ്ങളെ ഉണ്ടാക്കുന്നതും (അല്ലങ്കിൽ യജ്ഞത്തിൽ നിന്നുണ്ടായതും) സ്തോതാക്കളാൽ ആകർഷിക്കപ്പെട്ടതുമായ നിങ്ങളുടെ തേർ ദ്യാവാപൃഥിവികളെ എമ്പാടും ചുററുന്നുണ്ടല്ലൊ. അതുകൊണ്ടു ഞങ്ങളുടെ ഈ യജ്ഞത്തിന്ന് വന്നുചേന്നാലും.

9 അശ്വിനാമധുഷുത്തമോയുവാക

സ്സോമസ്തംപാതമാഗതംദുരോണേ

രഥോഹവാംഭൂരിവപ്പഃകരിക്രൽ

സുതാവതോനിഷ്കൃതമാഗമിഷ്ഠഃ വ. 4

അന്വയം:—

ഹേ അശ്വിനാ (യഃ) സോമഃ

മധുസുൽ–തമഃ	— മധുരസമത്യന്തം പ്രേരയൻ
യുവാകുഃ	— യുവാം കാമയമാനോവത്തതേ
തം പാതം	— തം സോമം പിബതം
ദുരോണേ ആ ഗതം	— അസ്മാകം ഗൃഹേ ആഗച്ഛതം
ഭൂരി വപ്പഃ	— പ്രഭൂതം വാരകം തേജഃ
കരിക്രൽ	— പുനഃ പുനഃ കുർവ്വൻ
വാം രഥഃ ഹ	— യുവയോ രഥഃ ഏവ
സുത-വതഃ നിഃ-കൃതം	— സോമമഭിഷുതവതഃ യജമാനസ്യ സംസ്കൃതം ഗൃഹം
ആ–ഗമിഷ്ഠഃ	— അതിശയേനാഗച്ഛൻ ഭവതി

അർത്ഥം—അല്പയോ അശ്വികളേ. യാതൊരു സോമം, തേനിൻമധുരമേററവും പകന്നുകൊണ്ട് നിങ്ങളെ ഇഷ്ടപ്പെട്ട്, (നിങ്ങളുടെ സ്വീകാരത്തിന്നായി) ഇരിക്കുന്നുവോ, ആ സോമം കുടിച്ചാലും. വഴിത്തടസ്ഥങ്ങളെ സ്വയം നീക്കുന്ന മികച്ച തേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജസ്സ് വീണ്ടും വീണ്ടുമീയററുന്ന നിങ്ങളുടെ തേർതന്നെ സോമം സംസ്കരിക്കുന്ന യജമാനന്റെ പരിശുദ്ധ ഗൃഹം പ്രാപിക്കുന്നു.

വർഗ്ഗം—5—6—ത്രിഷ്ടുബ്ഗായത്ര്യൗഷ്ണന്ദസീ, മിത്രോ ദേവതാ.

1 മിത്രോജനാൻയാതയതിബ്രുവാണോ

മിത്രോദാധാരപൃഥിവീമുതദ്യാം

മിത്രഃകൃഷ്ടീരനിമിഷാഭിചഷ്ടേ

മിത്രായഹവ്യംഘൃതവജ്ജുഹോത

അന്വയം:—

ബ്രുവാണഃ മിത്രഃ — സ്തൂയമാനസ്സഃ

ജനാൻ യാതയതി — കൃഷ്കാദി ജനാൻ കൃത്യകർമ്മസു പ്രയത്നം കാരയതി

(തഥാ) മിത്രഃ പൃഥിവീം

ഉത ദ്യാം — അപിച സ ഏവ ഉഭൌ ലോകൌ വൃഷ്ടിദ്വാരാ അന്നം യാഗാംശ്ച ജനയൻ

ദാധാര — ധാരയതി

(തഥാസതി) മിത്രഃ

അനി—മിഷാ — അനിമിഷേണാനുഗ്രഹദൃഷ്ട്യാ

കൃഷ്ടീഃ അഭി ചഷ്ടേ — കർമ്മവതോ മനുഷ്യാൻ സർവ്വതഃ പശ്യതി

(ഏതൽ സർവ്വം ജ്ഞാത്വാ ഹേ ഋത്വിജഃ,) ഘൃത—വൽ — ഉപസ്തരണാഭിഘാരണയുക്തം

ഹവ്യം മിത്രായ ജുഹോത— ഹവനയോഗ്യം പുരോഡാശാദികം തസ്മൈ ജുഹുത, പ്രയച്ഛ

അർത്ഥം—സ്തുതികളാൽ വന്ദിക്കപ്പെടുന്ന മിത്രൻ, കൃഷ്കർ മുതലായ ജനങ്ങളെ കർത്തവ്യകർമ്മങ്ങളിൽ പ്രവർത്തിപ്പിക്കുന്നു. മിത്രൻതന്നെയാണ് ഭൂവും ദ്യോവുമായ രണ്ടു ലോകങ്ങളെ വൃഷ്ടികൊണ്ട്, അന്നവും യാഗങ്ങളുമുണ്ടാക്കിക്കൊണ്ടു, ധരിക്ക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നതു്. പിന്നെ മിത്രൻ ഇമപൂട്ടാത്ത അനുഗ്രഹദൃഷ്ടികൊണ്ടു് കർമ്മവാന്മാരായ മനുഷ്യരെ എമ്പാടും നോക്കുന്നു. (സൂര്യൻ കർമ്മസാക്ഷിയാണല്ലൊ.) ഇതെല്ലാം മനസ്സിലാക്കി അല്ലയോ ഋത്വിക്കുകളേ, നെയ്യ്പകർന്നതും ഹോമാഹ്വമായ പുരോഡാശാദി ഹവിസ്സ് ആ മിത്രന്നായി ഹോമിക്കുക.

2 പ്രസമിത്രമർത്തോ അസ്തുപ്രയസ്വാൻ

യസ്തആദിത്യശിക്ഷതിവ്രതേന

നഹന്യതേനജീയതേത്വോതോ

നൈനമംഹോഅശ്നോത്യന്തിതോനദൂരാൽ

അന്വയം:-

ഹേ ആദിത്യവ്രതേന യജ്ഞേനയുക്തഃ

യഃ തേ ശിക്ഷതി	— തുഭ്യം ഹവിർല്ലക്ഷണമന്നം ദദാതി
ഹേ മിത്ര, സഃ മർത്തഃ	— മനുഷ്യഃ
പ്രയസ്വാൻ പ്ര അസ്തു	— അന്നവാൻ പ്രഭവതു
ത്വാ-ഊതഃ	— ത്വയാരക്ഷിതസ്സമനുഷ്യഃ
ന ഹന്യതേ ന ജീയതേ	— ന ബാധ്യതേ, നാഭിഭൂയതേ ച
ഏനം അംഹഃ	— തം പുരുഷം പാപം
അന്തിതഃ ന ദൂരാൽ	— സമീപാൽ ദൂരാദപി (ന സമുച്ചയേ)
ന അശ്നോതി	— ന പ്രാപ്നോതി

അർത്ഥം-അല്ലയോ ആദിത്യ, യജ്ഞയുക്തനായി, ഉപാസനാനിരതനായി യാതൊരു മനുഷ്യൻ അവിടേയ്ക്കു ഹവിസ്സർപ്പിക്കുന്നുവോ, അല്ലയോ മിത്ര, ആ മനുഷ്യൻ അന്നവാനായി, (ദാരിദ്ര്യവിമുക്തനായി, സമൃദ്ധനായി) പ്രഭവിക്കട്ടെ. അവിടുന്നാൽ രക്ഷിതനായ ആ മനുഷ്യൻ ഒരു വിധത്തിലും ബാധിക്കപ്പെടുകയില്ല, കീഴടക്കപ്പെടുകയില്ല. (നശിപ്പിക്കപ്പെടുകയില്ല.) അവനെ പാപം സമീപത്തുനിന്നും, ദൂരത്തുനിന്നും തീണ്ടുകയില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

3 അനമീവാസഇളയാമദന്തോ

മിതജ്ഞവോവരിമന്നാപൃഥിവ്യാഃ

ആദിത്യസ്യവ്രതമുപക്ഷീയന്തോ

വയംമിത്രസ്യസുമതൌസ്യാമ

അന്വയം:—

(ഹേ മിത്ര) അനമീവാസഃ	— അനമീവാഃ, രോഗവജ്ജിതാഃ
ഇളയാ മദന്തഃ	— അന്നേനമാദ്യന്തഃ
പൃഥിവ്യാഃ വരിമൻ	— വിസ്തീർണ്ണേ പ്രദേശേ
മിത-ജ്ഞവഃ ആ	— മിതജാനുകാഃ യഥാകാമം ഗച്ഛന്തഃ
ആദിത്യസ്യ വ്രതം	— തൽ സംബന്ധികമ്മ
ഉപ-ക്ഷിയന്തഃ	— തസ്യകമ്മണസ്സമീപേ നിവസന്തഃ തദീയം കമ്മ കുവ്വാണാഃ
വയം മിത്രസ്യ	— ആദിത്യസ്യ
സു-മതൌ സ്യാമ	— ശോഭനായാമനുഗ്രഹബുദ്ധ്യാം വത്തേമഹി

അത്ഥം-അല്ലയോ മിത്ര, അരോഗികളും (അവിടുന്നേകുന്ന) അന്നംകൊണ്ടു് സന്തുഷ്ടരുമായ ഞങ്ങൾ ഭൂതലത്തിൻെറ വിസ്തീർണ്ണതയിൽ ചെറിയ കാൽമുട്ടുവെച്ചു് ഇഷ്ടംപോലെ നടക്കുന്നവരാകുന്നു. ആദിത്യൻെറ കമ്മം, കമ്മത്തിന്നടുക്കൽ നിവസിക്കുന്നവരും-അതായതു് ആദിത്യൻെറ പ്രകാശന കമ്മത്തിൽ വത്തിക്കുന്നവരും അവിടുത്തെസ്സംബന്ധിച്ച കമ്മമാചരിക്കുന്നവരുമായ ഞങ്ങൾ അവിടുത്തെ ശോഭമാനമായ അനുഗ്രഹബുദ്ധിയാൽ വത്തിക്കാവൂ.

4 അയം മിത്രോനമസ്യസ്സുശേവോ

രാജാസുക്ഷത്രോ അജനിഷ്ടവേധാഃ

തസ്യവയംസുമതൌ യജ്ഞിയസ്യാ

പിഭദ്രേസൌമനസേസ്യാമ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

അയം മിത്രഃ നമസ്യഃ	— സർവ്വൈർന്നമസ്കരണീയഃ
സു–ശേവഃ	— ശോഭനസുഖഃ, സുഖേന സേവ്യോവാ
രാജാ	— സർവ്വസ്യ ജഗതസ്വാമീ
സു–ക്ഷത്രഃ	— ശോഭന ബലോപേതഃ
വേധാഃ	— സർവ്വസ്യ ജഗതോ വിധാതാ
അജനിഷ്ട	— പ്രാദുരഭൂൽ
തസ്യ യജ്ഞിയസ്യ	— യജ്ഞാർഹസ്യ സൂര്യസ്യ
സു–മതൌ	— ശോഭനായാം ബുദ്ധ്യാം
ഭദ്രേ സൌമനസേ അപി	— കല്ല്യാണകാരിണി സൌമനസ്യേച
(യജമാനാഃ) വയം സ്യാമ	— ഭവേമ

അർത്ഥം–ഈ (മുൻപറഞ്ഞ ഗുണങ്ങളോടുകൂടിയ) മിത്രൻ എല്ലാവരാലും നമസ്കരിക്കപ്പെടേണ്ടവനാകുന്നു. അവിടുന്ന് സുഖവാനാകുന്നു, സുഖമേകുന്നവനാകുന്നു, അല്ലെങ്കിൽ സുഖമായി, അനായാസമായി, ഭയരഹിതമായി സേവിക്കത്തക്കവനാകുന്നു. സർവ്വ ജഗത്തിന്നും ഈശനാകുന്നു. നല്ല ബലമുററ അവിടുന്ന് ഭുവനങ്ങൾക്കു മുഴുവൻ വിധാതാവായിട്ടാണ് പിറന്നതു്. ആ യജ്ഞാർഹനായ സൂര്യൻെറ നല്ല ബുദ്ധിയിൽ, മംഗളകരമായ സൌമനസ്യത്തിൽ, അനുഗ്രഹത്തിൽ യജമാനന്മാരായ ഞങ്ങൾ വർത്തിക്കാവൂ.

5 മഹാ്ആദിത്യോനമസോപസദ്യോ

യാതയജ്ജനോഗൃണതേസുശേവഃ

തസ്മാഏതൽപന്യതമായജുഷ്ട

മഗ്നൌമിത്രായഹവിരാജുഹോത ‌‌ വ. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:–

(യോയം) ആദിത്യഃ	
മഹാൻ	— മഹാനുഭാവഃ
(അത ഏവ) നമസാ	
ഉപ–സദ്യഃ	— നമസ്കാരേണ സർവ്വൈരുപ സദനീയഃ
യാതയൽ–ജനഃ	— യേന ജനാഃ പ്രാതഃ പ്രാതസ്വ സ്വകർമ്മണി പ്രവർത്തനീയാഃ
ഗൃണതേ സു–ശേവഃ	— സ്തോത്രം കുർവ്വതേ ജനായ സുസുഖഃ ഭവതി
തസ്മൈ പന്യ–തമായ	— സ്തുത്യതമായ
മിത്രായ ജുഷ്ടം	— സൂര്യായ പ്രീതിവിഷയം
ഏതൽ ഹവിഃ അഗ്നൌ	
ആ ജുഹാത	— ജുഹുത

അർത്ഥം–യാതൊരു ഈ ആദിത്യൻ മഹാനുഭാവനാണോ, അതുകൊണ്ടുതന്നെ നമസ്കാരത്തോടുകൂടി ക്ഷണിച്ചിരുത്തേണ്ടവ നാണോ, യാതൊരുവനാൽ ജനങ്ങൾ പ്രഭാതം തോറും അവര വരുടെ കർമ്മങ്ങളിൽ പ്രവർത്തിപ്പിക്കപ്പെടുന്നുവോ, സ്തോതാവിന്നു് നൽസുഖമേകുന്നവനാണോ, അത്യന്തം സ്തുത്യനായ ആ മിത്ര ന്നു് പ്രീതികരമായ ഈ ഹവിസ്സ് അഗ്നിയിൽ ഹോമിക്കുക. (യജമാനൻ ഋത്വിക്കുകളോടു പറയുന്നതാണിതു്.)

6 മിത്രസ്യചർഷണീധൃതോവോദേവസ്യസാനസി

ദ്യുമ്നംചിത്രശ്രവസ്തമം

അന്വയം:–

ചർഷണി–ധൃതഃ	— മനുഷ്യാണാം വൃഷ്ടിപ്രദാനേന ധാരകസ്യ
മിത്രസ്യ ദേവസ്യ അവഃ	— അന്നം രക്ഷണം
സാനസി	— സർവ്വൈസ്സംഭജനീയം
ദ്യുമ്നം ചിത്രശ്രവഃ–തമം	— തദീയം ധനംച അതിശയേന കീർത്തിയുക്തം (ഭവതി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അൎത്ഥം—വൃഷ്ടിപ്രദാനംകൊണ്ടു് മനുഷ്യരെ ധരിക്കുന്ന, രക്ഷിക്കുന്ന മിത്രനെന്ന ദേവന്റെ സൂര്യന്റെ അന്നം (രക്ഷണം) എല്ലാവരാലും ഭജനീയമാകുന്നു. അവിടത്തെ പ്രകാശകമായ ധനവും ഏററവും പ്രശസ്തമാകുന്നു.

7 അഭിയോമഹിനാദിവംമിത്രോബഭൂവസപ്രഥാഃ

അഭിശ്രവോഭിഃപൃഥിവീം

അന്വയം:—

യഃ മിത്രഃ മഹിനാ	— സ്വകീയേന മഹിമ്നാ
ദിവം അഭി ബഭൂവ	— അന്തരിക്ഷമഭിഭവതി
(സമിത്രഃ) സ–പ്രഥാഃ	— കീൎത്തിയുക്തഃ
ശ്രവഃ–ഭിഃ	— വൃഷ്ടിദ്വാരോല്പാദിതൈരന്നൈഃ
പൃഥിവീം അഭി	
(അപി അഭിഭവതി)	— ബഹ്വന്നയുക്താം കരോതി

അൎത്ഥം—യാതൊരു മിത്രൻ സ്വമഹിമയാൽ അന്തരിക്ഷത്തെ ജയിക്കുന്നുവോ, കീഴടക്കുന്നുവോ, ആ മിത്രൻ യശസ്വിയായി മഴവഴിക്കുള്ള അന്നത്താൽ ഭൂമിയെയും ജയിക്കുന്നു (അന്നസമൃദ്ധമാക്കുന്നു)

8 മിത്രായപഞ്ചയേമിരേജനാഅഭിഷ്ടിശവസേ

സദേവാൻവിശ്വാൻബിഭൎത്തി

അന്വയം:—

പഞ്ച ജനാഃ	— നിഷാദപഞ്ചമാശ്ചത്വാരോ വൎണ്ണാഃ
അഭിഷ്ടി–ശവസേ	— ശത്രൂണാം അഭിശസ്ത്ര ബലയുക്തായ
മിത്രായ യേമിരേ	— ഹവീംഷ്യുദ്യച്ഛന്തി
സഃ വിശ്വാൻ ദേവാൻ	
ബിഭൎത്തി	— സ്വസ്വരൂപതയാ ധാരയതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം—നിഷാദന്മാരടക്കമുള്ള അഞ്ചുവർണ്ണങ്ങളിൽ പെട്ട ജനങ്ങൾ ശത്രുജയപര്യാപ്തമായ ബലമൊത്ത മിത്രന്നായി ഹവിസ്സുകൾ നിവേദിക്കുന്നു. അവിടുന്നാണു് എല്ലാ ദേവന്മാരെയും അതാതു് രൂപത്തിൽ ധരിക്കുന്നതു്.

9 മിത്രോദേവേഷ്വായുഷുജനായവൃക്തബർഹിഷേ

ഇഷഇഷ്ടവ്രതാഅകഃ — വ. 6

അന്വയം:—

മിത്രഃ ദേവേഷു ആയുഷു — ദേവേഷു ച മനുഷ്യേഷു ച മധ്യേ

വൃക്ത-ബർഹിഷേ ജനായ — ഋത്വിജേ ജനായ

ഇഷ്ട—വ്രതാഃ — യാഗാദീനി ഇഷ്ടാനി വ്രതാനി, കല്ല്യാണാനി കർമ്മാണി സിദ്ധ്യന്തി, താഃ

ഇഷഃ അകഃ — താദൃശ്യാന്യന്നാനി കരോതി, തസ്മൈ ദദാതി

അർത്ഥം—മിത്രൻ, ദേവന്മാർക്കും മനുഷ്യർക്കുമിടയിൽ യജ്ഞകർമ്മത്തിലേർപ്പെട്ട ഋത്വിക്കിന്നു് മംഗളകർമ്മങ്ങളേവ സിദ്ധിക്കുന്നുവോ, അവയെ അന്നങ്ങളാക്കിച്ചെയ്യുന്നു, ആ ഋത്വിക്കിന്നു് അന്നം കൊടുത്തരുളുന്നു.

വർഗ്ഗം—7 ത്രിഷ്ടുപ്ഛന്ദഃ ഋഭവോദേവതാ

1 ഇഹേഹവോമനസാബന്ധുതാനര

ഉശിജോജഗ്മുരഭിതാനിവേദസാ

യാഭിർമ്മായാഭിഃപ്രതിജൂതിവർപ്പസ

സ്സൌധന്വനായജ്ഞിയംഭാഗമാനശ

അന്വയം:—

(ഹേ ഋഭവഃ) വഃ ബന്ധുതാ— ബധ്നന്തിഫലേന സംയോജയന്തീതിബന്ധവഃ, തേഷാം സമൂഹഃ ബന്ധുതാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇഹ–ഇഹ മനസാ — സർവ്വത്രസർവ്വൈജ്ഞായതേ
നരഃ — നേതാരഃ ഋഭവഃ
ഉശിജഃ — യജ്ഞഭാഗം കാമയമാനാ ഭവന്തഃ
വേദസാ — യജ്ഞഭാഗപ്രാപകകർമ്മവിഷയ ജ്ഞാനേന
താനി അഭി ജഗ്മുഃ — താദൃശാനി കർമ്മാണി പ്രാപ്നുവന്തി
(കാനിതാനി?) യാഭിഃ
മായാഭിഃ — മീയന്തേ, ജ്ഞായന്തേ ഇതിമായാഃ കർമ്മാണി, യൈഃ കർമ്മഭിഃ
പ്രതിജൂതി–വർപ്പസഃ — പ്രതിപക്ഷാഭിഭവനതേജോ യുക്താഃ
ഹേ സൌധന്വനാഃ — സുധന്വനഃ പുത്രാഃ ഋഭവോയൂയം
യജ്ഞിയം ഭാഗം — യജ്ഞാർഹം സോമപാനാദി ലക്ഷണം ഭാഗം
ആനശ — പ്രാപ്താസ്ഥ

അർത്ഥം–അല്ലയോ ഋഭുക്കളേ, നിങ്ങളുടെ ബന്ധുത (കർമ്മങ്ങളെയും തദനുഷ്ഠാതാക്കളെയും ഫലത്തോട് ബന്ധിപ്പിക്കുന്ന കഴിവുകൾ) എല്ലാടത്തും എല്ലാവരാലും അറിയപ്പെടുന്നു. നേതാക്കളായ ഋഭുക്കൾ യജ്ഞത്തിലെ ഭാഗം ഇച്ഛിക്കുന്നവരായി അപ്രകാരമുള്ള കർമ്മങ്ങളെ പ്രാപിക്കുന്നു. (അവയേവയെന്നോ?) ഏതേതു കർമ്മങ്ങളാൽ എതിരാളികളെ തളർത്തുന്ന തേജസ്സുററവരായി ഭവിക്കുന്നുവോ, അല്ലയോ സുധന്വപുത്രന്മാരേ, ഋഭുക്കളേ, നിങ്ങൾ (അപ്രകാരമുള്ള കർമ്മങ്ങളിൽ) യജ്ഞാർഹമായ സോമാദി ഹവിർഭാഗം പ്രാപിച്ചിരിക്കുന്നു.

2 യാഭിശ്ശചീഭിശ്ചമസാ് അപിംശത
യയാധിയാഗാമരിണീതചർമ്മണഃ
യേനഹരീമനസാനിരതക്ഷത
തേനദേവത്വമൃഭവസ്സമാനശ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ ഋഭവഃ, യാഭിഃ

ശചീഭിഃ	— ശക്തിഭിഃ
ചമസാൻ അപിംശത	— ചതുരഃ വിഭക്തവന്തഃ
യയാ ധിയാ ഗാം	— പ്രജ്ഞയാ, മൃതാംഗാം
ചർമ്മണഃ അരിണീത	— ചർമ്മണാ യോജനാൽ പ്രാപിത വന്തഃ
യേന മനസാ	— പ്രജ്ഞാനേന
ഹരീ നിഃ-അതക്ഷത	— ഇന്ദ്രാശ്വൌനിതരാം അകുരുതഃ
തേന	— സർവ്വേണാനേന കർമ്മണാ
ദേവ-ത്വം	— യജ്ഞഭാഗാർഹത്വലക്ഷണം ദേവഭാവം
സം ആനശ	— സമ്യക് പ്രാപ്താഃ

അർത്ഥം—അല്ലയോ ഋഭുക്കളേ, ഏതേതു ശക്തികൾകൊണ്ട് നിങ്ങൾ ചമസങ്ങളെ നാലാക്കി വിഭജിച്ചുവോ, ഏതു് ജ്ഞാനവിശേഷത്താൽ ചത്ത പശുവിനെ തോലൊട്ടിച്ച് ജീവിപ്പിച്ചുവോ, ഏതു് പ്രജ്ഞാനത്താൽ ഇന്ദ്രന്റെ ഹരികളെ സൃഷ്ടിച്ചുവോ, ആ എല്ലാവിധ കർമ്മത്താലുമാണ് യജ്ഞഭാഗാർഹതയോടുകൂടിയ ദേവത്വം നിങ്ങൾ വേണ്ടപോലെ പ്രാപിച്ചതു്. (ഋഭുക്കളുടെ ഈ വിക്രമങ്ങൾ മുമ്പു വിവരിച്ചിട്ടുണ്ട്.)

3 ഇന്ദ്രസ്യസഖ്യമൃഭവസ്സമാനശു

ർമ്മനോർന്നപാതോ അപസോദധന്വിരേ

സൌധന്വനാസോഅമൃതത്വമേരിരേ

വിഷ്ട്വീശമീഭിസ്സുകൃതസ്സുകൃത്യയാ

അന്വയം:—

മനോഃ നപാതഃ	— മനുഷ്യസ്യ, അങ്ഗിരസഃ പുത്രാഃ
അപസഃ ഋഭവഃ	— യാഗാദിലക്ഷണ കർമ്മവന്തഃ ഋഭവഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ദ്രസ്യ സഖ്യം സം
ആനശുഃ — സമ്യക് പ്രാപ്നവൻ
(തേ) ദധന്വിരേ — പൂർവ്വം മനുഷ്യത്വേന മരണധർമ്മിണോപി ഇദാനീമിന്ദ്രസ്യ സഖ്യേന പ്രാണാൻ ധാരയന്തി
സൌധന്വനാസഃ — സുധന്വനഃ പുത്രാഃ
സു-കൃതഃ — ശോഭന കർമ്മാണസ്സന്തഃ
ശമീഭിഃ — ദേവത്വപ്രാപ്തിപ്രതിബന്ധ നിവാരണഹേതുഭിഃ കർമ്മഭിഃ
സു-കൃത്യയാ വിഷ്ട്വീ — ശോഭനേന കർമ്മണാച പ്രാപ്യ
അമൃത-ത്വം ആ ഈരിരേ — ദേവത്വം പ്രാപുഃ

അർത്ഥം-മനുഷ്യൻെറ, അംഗിരസ്സിൻെറ പുത്രന്മാരും യാഗാദി കർമ്മമൊത്തവരുമായ ഋഭുക്കൾ ഇന്ദ്രൻെറ ചങ്ങാതം വേണ്ടപോലെ നേടിയിരിക്കുന്നു. അവർ മുമ്പ് മനുഷ്യത്വം കൊണ്ട് മരണധർമ്മികളായിരുന്നുവെങ്കിലും ഇന്ദ്രൻെറ സഖ്യം കൊണ്ട് ഇന്ന് പ്രാണങ്ങളെ ധരിക്കുന്നു, ചിരംജീവിത്വം പ്രാപിച്ചിരിക്കുന്നു. സുധന്വാവിൻെറ പുത്രന്മാർ സൽക്കർമ്മവാന്മാരായി ദേവത്വപ്രാപ്തിക്ക തടസ്ഥങ്ങൾ നീക്കുന്ന കർമ്മങ്ങളാലും മററു സൽകർമ്മത്താലും വളർന്നാണ് അമൃതത്വം, ദേവത്വം പ്രാപിച്ചത്.

4 ഇന്ദ്രേണയാഥസരഥംസുതേസചാ
അഥോവശാനാംഭവഥാസഹശ്രിയാ
നവഃപ്രതിമൈസുകൃതാനിവാഘത
സ്സൌധന്വനാഋഭവോവീര്യാണിച

അന്വയം:-
(ഹേ ഋഭവഃ, യൂയം)
ഇന്ദ്രേണ സചാ — സഹ
സ-രഥം — സമാനമേകം രഥമാരുഹ്യ
സുതേ യാഥ — അഭിഷുത സോമവതിയജ്ഞേ ഗച്ഛഥ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥോ വശാനാം	—	അനന്തരമിന്ദ്രേണസഹ ഏകരഥാരൂഢായൂയം മനുഷ്യാണാം
ശ്രിയാ സഹ ഭവഥ	—	സ്തുതി ഹവിരാദിരൂപയാ ശ്രിയാസഹ ഭവഥ
ഹേ സൌധന്വനാഃ,	—	സുധന്വനഃ പുത്രാഃ
വാഹതഃ	—	അമൃതത്വാദി ലക്ഷണഫലസ്യ വോഢാരഃ
ഹേ ഋഭവഃ, വഃ	—	യുഷ്മാകം
സു-കൃതാനി	—	ദേവത്വ പ്രാപകാണി ശോഭനാനി കർമ്മാണി
ന പ്രതി-മൈ	—	പ്രതിമാതും, ഇയത്തയാ പരിച്ഛേത്തും ന കേനാപി ശക്യാനി
(തഥാ) വീര്യാണി ച	—	യുഷ്മാകം സാമർത്ഥ്യാനിച നൈവപ്രതിമാതും ശക്യാനി

അർത്ഥം—അല്ലയോ ഋഭുക്കളേ, നിങ്ങൾ ഇന്ദ്രനോടൊത്തു് ഒരേ തേരിൽ കയറി സംസ്കരിച്ച സോമമുള്ള യാഗത്തിൽ ചെല്ലുന്നു. പിന്നെ ഇന്ദ്രനോടൊപ്പം (ഒരേ തേരിലിരുന്നുകൊണ്ടു്) മനുഷ്യരുടെ സ്തുതിഹവിസ്സുകളുടെ രൂപത്തിലുള്ള ശ്രീയോടു്, (കാന്തിയോടുകൂടി) മേവുന്നു. അല്ലയോ സുധന്വാവിൻെറ പുത്രന്മാരേ, കർമ്മഫലങ്ങൾ സ്വയം വഹിക്കുന്ന ഋഭുക്കളേ, നിങ്ങളുടെ ദേവത്വപ്രാപ്തിപര്യാപ്തങ്ങളായ സൽകർമ്മങ്ങളെ ഇത്രയെന്നു്, ഇന്ന വിധമെന്നു് കണക്കാക്കാൻ ആരാലും ശക്യമല്ല. അതുപോലെ നിങ്ങളുടെ കഴിവുകളേയും അളന്നു കണക്കാക്കാൻ ശക്യമല്ല.

5 ഇന്ദ്ര ഋഭുഭിർവ്വാജവദ്ഭിസ്സമുക്ഷിതം
സുതംസോമമാവൃഷസ്വാഗഭസ്ത്യോഃ
ധിയേഷിതോമഘവന്ദാശുഷോഗൃഹേ
സൌധന്വനേഭിസ്സഹമത്സ്വാനൃഭിഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ ഇന്ദ്ര, വാജവൽ–ഭിഃ — അന്നസഹിതൈഃ
ഋഭു–ഭിഃ സം–ഉക്ഷിതം — സമ്യഗത്ഭിസ്സിഞ്ചതം
(ഗ്രാവഭിഃ) സുതം സോമം
ഗഭസ്ത്യോഃ — ബാഹ്വോഃ
ആ വൃഷസ്വ — ആ ക്ഷാരയ, ഗ്രഹം ഉഭാഭ്യാം ബാഹുഭ്യാം ഗൃഹീത്വാസോമം പിബ
ഹേ മഘ–വൻ, ധിയാ — സ്തോത്രരൂപേണ കർമ്മണാ
ഇഷിതഃ — പ്രേരിതസ്ത്വം
ദാശുഷഃ — ഹവിർദ്ദത്തവതോ യജമാനസ്യ
ഗൃഹേ സൌധന്വനേഭിഃ — സുധന്വപുത്രൈഃ
നൃ–ഭിഃ സഹ — മനുഷ്യൈരൃഭുഭിസ്സാകം
മത്സ്വ — സോമപാനേ ഹൃഷ്ടോഭവ

അർത്ഥം—അല്ലയോ ഇന്ദ്ര, അന്നവാന്മാരായ ഋഭുക്കളാൽ വെള്ളംകൊണ്ട് നനയ്ക്കപ്പെട്ടതും പിടിക്കല്ലുകളാൽ സംസ്കരിക്കപ്പെട്ടതുമായ സോമം വായിലൊഴിച്ചാലും, രണ്ടു കൈകളാലും മരിക പിടിച്ച് കുടിച്ചാലും. അല്ലയോ മഘവാവേ, സ്തോത്രരൂപമായ കർമ്മത്താൽ പ്രേരിതനായ അവിടുന്ന് ഹവിസ്സേകുന്ന യജമാനന്റെ ഗൃഹത്തിൽ സുധന്വപുത്രന്മാരോടുകൂടി സോമപാനത്താൽ ഹർഷിച്ചാലും.

6 ഇന്ദ്രഋഭുമാൻവാജവാൻമത്സ്വേഹനോ
സ്മിന്ത്സവനേശച്യാപുരുഷ്ടുത
ഇമാനിതുഭ്യംസ്വസരാണിയേമിരേ
വ്രതാദേവാനാംമനുഷശ്ചധർമ്മഭിഃ

അന്വയം:—

പുരു–സ്തുത, ഹേ ഇന്ദ്ര, — ബഹുഭിസ്തുതേന്ദ്ര
ഋഭു–മാൻ, വാജ–വാൻ — ഋഭുണാ വാജേന ച യുക്തഃ
ശച്യാ — ഇന്ദ്രാണ്യാസഹിതസ്സൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നഃ ഇഹ അസ്മിൻ
സവനേ മത്സ്വ — തൃതീയസവനേ ഹൃഷ്ടോഭവ
തുഭ്യം ഇമാനി
സ്വസരാണി യേമിരേ — അഹാനി തവസോമപാനാത്ഥം ത്രിഷു സവനേഷു നിയതാനി
(കിംച) ദേവാനാം
വ്രതാ ച — വ്രതാനി, കമ്മാണി ച
മനുഷഃ ധമ്മ—ഭിഃ — മനുഷ്യസ്യ കമ്മഭിസ്സാകം തവദത്ഥം നിയതാനി

അർത്ഥം—എത്രയോ പേരാൽ സ്തുതിക്കപ്പെട്ട ഇന്ദ്ര, ഋഭു വോടും (അനുജനായ) വാജനോടും കൂടിയവനായും ഇന്ദ്രാണി യോടു ചേന്നവനായും അവിടുന്നു് ഇവിടെ ഞങ്ങളുടെ തൃതീയ സവനത്തിൽ ഹർഷിച്ചാലും. അല്ലയോ ഇന്ദ്ര, അവിടേയ്ക്കു വേണ്ടിയാണു് ഈ ദിവസങ്ങൾ (മൂന്നു സവനങ്ങളിൽ) സോമ പാനത്തിന്നായി നിശ്ചയിക്കപ്പെട്ടിട്ടുള്ളതു്. കൂടാതെ അഗ്ന്യാ ദിദേവന്മാരുടെ കമ്മങ്ങളും മനുഷ്യരുടെ കർമ്മങ്ങളോടൊപ്പം അവിടേയ്ക്കു വേണ്ടിയാണു് ഏപ്പെടുത്തപ്പെട്ടിട്ടുള്ളതു്.

7 ഇന്ദ്രഋഭുഭിർവ്വാജിഭിർവ്വാജയന്നിഹ
സ്തോമംജരിതുരുപയാഹിയജ്ഞിയം
ശതംകേതേഭിരിഷിരേഭിരായവേ
സഹസ്രണീഥോഅധ്വരസ്യഹോമനി വ. 7

അന്വയം:—

ഹേ ഇന്ദ്ര, വാജി—ഭിഃ
ഋഭു—ഭിഃ — വാജ (അന്ന) യുക്തൈരൃഭുഭിര്യുക്തസ്ത്വം
വാജയൻ — സ്തോതുരന്നം കുവ്വാണഃ
ഇഹ ജരിതുഃ — അസ്മിൻ കർമ്മണി സ്തോതുഃ
യജ്ഞിയം സ്തോമം
ഉപ യാഹി — യജ്ഞാർഹം സ്തോത്രമാഗച്ഛ
കേതേഭിഃ — കേതാഃ മരുതഃ, തൈഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശതം ഇഷിരേഭിഃ — ശതസംഖ്യാകൈഃ ഗമനകുശലൈരശ്വൈസ്സഹിതഃ
ആയവേ — മനുഷ്യായ, യജമാനായ
സഹസ്ര-നീഥഃ — ബഹുപ്രകാരനയനോപേതഃ
അധ്വരസ്യ ഹോമനി — സോമസ്യ ഹോമേ ആഗച്ഛ,

അർത്ഥം—അല്ലയോ ഇന്ദ്ര, അന്നയുക്തരായ ഋഭുക്കളോടു കൂടി അവിടുന്നു് സ്തോതാവിന്നു് അന്നമുണ്ടാക്കുന്നവനായി ഈ കർമ്മത്തിൽ സ്തോതാവിൻെറ യജ്ഞാർഹമായ സ്തോത്രത്തിന്നു് (അതു് സ്വീകരിപ്പാൻ) വന്നാലും. മരുത്തുക്കളോടു കൂടി നൂറുകണക്കിൽ കുതിരകളൊത്തു് മനുഷ്യനായ യജമാനന്നു് പലപ്രകാരത്തിൽ സമൃദ്ധികൾ നയിച്ചുകൊണ്ടു്, സോമത്തിൻെറ ഹോമത്തിൽ വന്നു ചേർന്നാലും.

വർഗ്ഗം—8 ഉഷോദേവതാ

1 ഉഷോവാജേനവാജിനിപ്രചേതാ
സ്തോമംജുഷസ്വഗൃണതോമഘോനി
പുരാണീദേവിയുവതിഃ പുരന്ധി
രനുവ്രതംചരസിവിശ്വവാരേ

അന്വയം:—

ഹേ വാജിനി,
മഘോനി, ഉഷഃ — അന്നവതി, ധനവതി, ഉഷഃ
പ്ര-ചേതാഃ — പ്രകൃഷ്ട ജ്ഞാനവതീ സതീ ത്വം
ഗൃണതഃ — സ്തോത്രം കുർവ്വതഃ, സ്തോതുഃ
വാജേന സ്തോമം
ജുഷസ്വ — ഹവിഷാസഹ സ്തുതിം സേവസ്വ
ഹേ വിശ്വ-വാരേ, ദേവി — സർവൈർവ്വരണീയേ, ദേവി
പുരാണീ യുവതിഃ — പുരാതനീ, തരുണീ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുരം–ധിഃ	— പുരു, ബഹുധീഃ സ്തോത്ര ലക്ഷണം കമ്മ യസ്യാഃ സാ, ബഹുസ്തോത്രവതീ ത്വം
അനു വ്രതം ചരസി	— യജ്ഞകമ്മാഭിലക്ഷ്യ യഷ്ടവ്യ തയാ വത്തസേ

അത്ഥം–അല്ലയോ അന്നവതിയും ധനവതിയുമായ ഉഷസ്സേ, ഉൽകൃഷ്ടജ്ഞാനവതിയായ അവിടുന്ന് സ്തോതാവിന്റെ ഹവിസ്സോടുകൂടിയ സ്തുതി സ്വീകരിച്ചാലും. ഏവരാലും വരണീയയായ ദേവി, പുരാതനിയും (അതേ സമയത്തു്) തരുണിയും വളരെ സ്തോത്രങ്ങൾക്ക് പാത്രഭൂതയുമായ അവിടുന്ന് യജ്ഞകമ്മത്തെ ഉന്നംവെച്ച്, യജിക്കത്തക്ക യോഗ്യതയോടുകൂടി വത്തിക്കുന്നു.

2 ഉഷോദേവ്യമർത്ത്യാവിഭാഹി
ചന്ദ്രരഥാസൂനൃതാഈരയന്തീ
ആത്വാവഹന്തുസുയമാസോഅശ്വാ
ഹിരണ്യവണ്ണാംപൃഥുപാജസോയേ

അന്വയം:–

ഹേ ഉഷഃ, ദേവി,	
അമർത്ത്യാ	— മരണധമ്മരഹിതാ
ചന്ദ്ര–രഥാ	— സുവണ്ണമയരഥോപേതാ
സൂനൃതാഃ ഈരയന്തീ	— പ്രിയസത്യരൂപാം വാചമുച്ചാരയന്തീ ത്വം
വി ഭാഹി	— വിശേഷേണദീപ്യസ്വ (സൂര്യ കിരണസംബന്ധാൽ)
പൃഥു–പാജസഃ	— പ്രഭൂതബലയുക്താഃ, അരുണവണ്ണാഃ
യേ അശ്വാഃ	— (വിദ്യന്തേ) തേ
സു–യമാസഃ	— സുഷ്ഠുനിയന്തും ശക്യാഃ, രഥേയോജിതാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹിരണ്യ–വർണ്ണാം ത്വാ — സുവർണ്ണവർണ്ണാം ത്വാം
ആ വഹന്തു — ആനയന്തു

അർത്ഥം–അല്ലയോ ഉഷസ്സേ, ദേവി, അമരയും സ്വർണ്ണത്തേരോടുകൂടിയവളും സത്യവും പ്രിയവുമായ വാക്കുച്ചരിക്കുന്നവളുമായ അവിടുന്ന് സൂര്യരശ്മി സംബന്ധത്താൽ നന്നായി ഭാസിച്ചാലും. നല്ല ശക്തിയുള്ള, ചുകന്ന കുതിരകളേവയുണ്ടോ അവ വേണ്ടപോലെ നിയന്ത്രിക്കാൻ പററിയവയായി തേരിൽ പൂട്ടപ്പെട്ട്, സ്വർണ്ണനിറമൊത്ത അവിടുത്തെ എഴുന്നള്ളിക്കട്ടെ.

3 ഉഷഃപ്രതീചീഭുവനാനിവിശ്വോ
ർധ്വാതിഷ്ഠസ്യമൃതസ്യകേതുഃ
സമാനമർത്ഥംചരണീയമാനാ
ചക്രമിവനവ്യസ്യാവവൃത്സ്വ

അന്വയം:–

ഹേ ഉഷഃ, വിശ്വാ
ഭുവനാനി — സർവ്വാണി ഭൂതജാതാനി
പ്രതീചീ — ആഭിമുഖ്യേന പ്രാപ്നോതീതി പ്രതീചീ
അമൃതസ്യ കേതുഃ — മരണധർമ്മരഹിതസ്യ സൂര്യസ്യ പ്രജ്ഞാപയിത്രീ ത്വം
ഊർധ്വാ തിഷ്ഠസി — നഭസ്യുന്നതാ തിഷ്ഠസി
ഹേ നവ്യസി — പുനഃ പുനർജ്ജായമാനതയാ നവതരേ, ഉഷഃ
ചക്രം–ഇവ — യഥാ നഭസിചരിതുസ്സൂര്യസ്യ രഥാങ്ഗംപുനഃ പുനരാവർത്തതേ തദ്വൽ
സമാനം അർത്ഥം — ഏകമുത്തമം മാർഗ്ഗം
ചരണീയമാനാ — ചരിതുമിച്ഛന്തീ ത്വം
ആ വവൃത്സ്വ — പുനഃ നൂതനസ്മിൻമാർഗ്ഗേ ആവൃതാഭവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അൎത്ഥം—അല്ലയോ ഉഷസ്സേ, എല്ലാ ഭുവനങ്ങളെയും നേരെ പ്രാപിക്കുന്നവളായി, അനശ്വരനായ സൂര്യൻെറ വരവറിയിക്കുന്നവളായ അവിടുന്ന് ആകാശത്തിൽ ഉയൎന്നു നില്ക്കുന്നു. വീണ്ടും വീണ്ടും ജനിക്കുന്നതുകൊണ്ട് (എന്നുമെന്നും) പുതുമയുററവളേ, ആകാശത്തിൽ ചരിക്കുന്ന സൂര്യൻെറ ചക്രം വീണ്ടും വീണ്ടും ഉരുളുന്നപോലെ, ഉത്തമമായ ഒരേ മാൎഗ്ഗത്തിൽ ചരിക്കാനിച്ഛിക്കുന്ന അവിടുന്ന് വീണ്ടും പ്രസൃതപ്രകാശയായാലും.

4 അവസ്യൂമേവചിന്വതീമഘോ
ന്യുഷായാതിസ്വസരസ്യപത്നീ
സ്വ ഽ ൎജ്ജനന്തീസുഭഗാസുദംസാ
ആന്താദ്ദിവഃപപ്രഥആപൃഥിവ്യാഃ

അന്വയം:—

(യേയം) ഉഷാഃ	
സ്യൂമ-ഇവ	— വസ്ത്രമിവ വിസ്തൃതം തമഃ
അവ ചിന്വതീ	— അപചയം, അപക്ഷയം പ്രാപയന്തീ
മഘോനീ	— ധനവതീ
സ്വസരസ്യ പത്നീ യാതി	— ആദിത്യസ്യ, ദിവസസ്യവാ പത്നീസതീ ഗച്ഛതി
സ്വഃ ജനന്തീ	— സ്വകീയം തേജോജനയന്തീ
സു-ഭഗാ	— സുധനാ, സൌഭാഗ്യയുക്താ
സു-ദംസാഃ	— ശോഭനാഗ്നിഹോത്രകൎമ്മാ ഽസേയമുഷാഃ
ദിവഃ ആ അന്താൽ	— ദ്യുലോകസ്യ ആവസാനാൽ
പൃഥിവ്യാഃ ആ	— ഭൂമ്യാശ്ച ആവസാനാൽ
പപ്രഥേ	— പ്രഥതേ പ്രകാശതേ

അൎത്ഥം—യാതൊരു ഈ ഉഷസ്സു, തുണിയാൽ മൂടിയപോലെയുള്ള ഇരുട്ടിനെ അകററുന്നവളായി, ധനവതിയായി ആദിത്യൻെറ (ദിവസത്തിൻെറ) പത്നിയായി വരുന്നുവോ, സ്വന്തം തേജസ്സുണ്ടാക്കുന്നവളും സൌഭാഗ്യവതിയും അഗ്നിഹോത്രാദി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൽകമ്മത്തോടുകൂടിയവളുമായ ഈ ഉഷസ്സ് ദ്യുലോകത്തിൻെറയും ഭൂലോകത്തിൻെറയും അങ്ങേ അററത്തുനിന്നു് പ്രകാശിക്കുന്നു.

5 അച്ഛാവോദേവീമുഷസംവിഭാതീം
പ്രവോഭരധ്വം നമസാസുവൃക്തിം
ഊർധ്വംമധുധാദിവിപാജോ അശ്രേൽ
പ്രരോചനാരുരുചേരണ്വസംദൃക്

അന്വയം:-

(ഹേ സ്തോതാരഃ)

വഃ അച്ഛ	— യുഷ്മാനഭിലക്ഷ്യ
വി-ഭാതീം ഉഷസം	— ശോഭമാനാമുഷസം
ദേവീം (പ്രതി) വഃ	— യുഷ്മാകം സംബന്ധിനാ
നമസാ സു—വൃക്തിം	— നമസ്കാരേണസഹ ശോഭനാം സ്തുതിം
പ്ര ഭരധ്വം	— യൂയം കുരുത
മധുധാ	— മധുഃ സോമഃ, തംധാരയതീതി
ദിവി ഊർധ്വം പാജഃ	
അശ്രേൽ	— നഭസി ഊർധ്വാഭിമുഖം തേജഃ ശ്രയതി
(തഥാ) രോചനാ	— രോചനശീലാ
രണ്വ-സംദൃക്	— രമണീയ ദശ്നാ, ഉഷാഃ
പ്ര രുരുചേ	— പ്രകഷേണ ദീപ്യതേ

അത്ഥം—അല്ലയോ സ്തോതാക്കളേ, നിങ്ങൾക്കഭിമുഖമായി ശോഭിക്കുന്ന ഉഷോദേവിയെ നിങ്ങളുടെ നമസ്കാരത്തോടുകൂടിയ സ്തുതികൊണ്ടു് ഭജിക്കുക, പ്രീതിപ്പെടുത്തുക. സോമധാരിണിയായ അവിടുന്നു് ആകാശത്തിൽ മേൽപോട്ടുയരുന്ന തേജസ്സിനെ പ്രാപിക്കുന്നു. അതുപോലെ പ്രകാശശീലയായ, കാണാനഴകററ ഉഷസ്സ് നന്നായി വിളങ്ങുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

6 ഋതാവരീദിവോഅക്കൈർബോ

ധ്യാരേവതീരോദസീചിത്രമസ്ഥാൽ

ആയതീമഗ്നഉഷസം വിഭാതീം

വാമമേഷിദ്രവിണംഭിക്ഷമാണഃ

അന്വയം:-

ഋത-വരീ — സത്യവതീ യേയമുഷാഃ
ദിവഃ അക്കൈഃ
അബോധി — ദ്യുലോകാൽ തേജോഭി സ്സർവ്വൈർജ്ഞായതേ
(തതഃ) രേവതീ — ധനവതീ യേയം
രോദസീ ചിത്രം ആ
അസ്ഥാൽ — ദ്യാവാപൃഥിവ്യൌ നാനാവിധ രൂപേണ സർവ്വതോ വ്യാപ്യ തിഷ്ഠതി
ഹേ അഗ്നേ, ആ-യതീം — ത്വദഭിമുഖമാഗച്ഛതീം
വി-ഭാതീം ഉഷസം — ഭാസമാനാമുഷോദേവീം
ഭിക്ഷമാണഃ — ഹവീംഷിയാചമാനസ്ത്വം
വാമം ദ്രവിണം ഏഷി — വനനീയമഗ്നിഹോത്രാദി ലക്ഷണം ധനം പ്രാപ്നോഷി

അർത്ഥം-സത്യവതീയായ യാതൊരുഷസ്സ് ദ്യുലോകത്തിൽ നിന്നു് തേജസ്സുകളാൽ എല്ലാവരാലുമറിയപ്പെടുന്നുവോ, പിന്നെ ധനവതിയായ യാതൊരുവരു ദ്യാവാപൃഥിവികളെ നാനാരൂപങ്ങളിൽ എമ്പാടും വ്യാപിച്ചു നില്ക്കുന്നുവോ, അല്ലയോ അഗ്നേ, അവിടത്തെ നേരെ വരുന്നവളും പ്രകാശവതിയുമായ ആ ഉഷോദേവിയോട് ഹവിസ്സു യാചിച്ചിട്ടാണ് അവിടുന്നു് നല്ല അഗ്നിഹോത്രമാകുന്ന ധനം നേടുന്നതു്. (ഉഷസ്സില്ലെങ്കിൽ അഗ്നിഹോത്രമില്ല. അതുകൊണ്ടു് അഗ്നിക്കുള്ള ഹവിർദ്ദാനത്തിൽ ഉഷസ്സിന്നു കർത്രീത്വം.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

7 ഋതസ്യബുധ്നഉഷസാമിഷണ്യ

ന്വൃഷാമഹീരോദസീആവിവേശ

മഹീമിത്രസ്യവരുണസ്യമായാ

ചന്ദ്രേവഭാനുംവിദധേപുരുത്രാ വ 8

അന്വയം:—

വൃഷാ	— വൃഷ്ടിദ്വാരാ അപാം പ്രേരകഃ ആദിത്യഃ
ഋതസ്യ ബുധ്നേ	— അഗ്നിഹോത്രാദി കർമ്മകരണേ സത്യഭൂതസ്യാഹ്നഃ മൂലേ
ഉഷസാം ഇഷണ്യൻ	— പ്രേരണം കുർവ്വൻ
മഹീ രോദസീ	— മഹത്യൌ ദ്യാവാപൃഥിവ്യൌ
ആ വിവേശ	— സർവ്വതഃ പ്രവിഷ്ടവാൻ
(തതഃ ഉഷാഃ) മഹീ	— മഹതീ
മിത്രസ്യ വരുണസ്യ മായാ	— മിത്രാവരുണയോഃ പ്രഭാരൂപാ സതീ
ചന്ദ്രാ-ഇവ	— സുവർണ്ണാനീവ
ഭാനും പുരു-ത്രാ വി ദധേ	— സ്വ പ്രഭാം ബഹുഷു ദേശേഷു വിദധാതി, സർവ്വത്ര പ്രസാരയതി

അർത്ഥം—മഴവഴി ജലങ്ങളെ വിടുന്ന ആദിത്യൻ, അഗ്നിഹോത്രാദി കർമ്മങ്ങരം ചെയ്യുന്നതുകൊണ്ട് സത്യഭൂതമായ ദിവസത്തിൻെറ തുടക്കത്തിൽ ഉഷസ്സിനെ പറഞ്ഞയച്ചുകൊണ്ട്, മഹതികളായ ദ്യാവാപൃഥിവികളെ എമ്പാടും പ്രവേശിച്ചിരിക്കുന്നു. പിന്നെ, ഉഷസ്സ് മിത്രവരുണന്മാരുടെ തേജസ്സിൻെറ രൂപത്തിൽ സ്വർണ്ണങ്ങരം പോലെ സ്വന്തം പ്രഭയെ എല്ലാടങ്ങളിലുമുണ്ടാക്കുന്നു, പരത്തുന്നു. (ഉഷസ്സ് തൻെറ പ്രഭ എങ്ങും ചിതറി മറയുന്നു.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വർഗ്ഗം 9—10—11—ത്രിഷ്ടുബ് ഗായത്ര്യൗച്ഛന്ദസീ ഇന്ദ്രാവരുണൌ, ബൃഹസ്പതിഃ, പൂഷാ, സവിതാ, സോമഃ, മിത്രാവരുണൌ ച ദേവതാ.

1 ഇമാഉവാംഭൂമയോമന്യമാനാ
യുവാവതേനതുജ്യാഅഭ്രുവൻ
ക്വ്യത്യദിന്ദ്രാവരുണായശോവാം
യേനസ്മാസിനംഭരഥസ്സഖിഭ്യഃ

അന്വയം:—

ഹേ ഇന്ദ്രാവരുണാ, വാം — ഇന്ദ്രാവരുണൌ, യുവയോസ്സംബന്ധിന്യഃ അസ്മാഭിഃ ക്രിയമാണാഃ
ഭൂമയഃ ഇമാഃ — യുവാം പ്രാപ്തും ഭ്രമണശീലാഃ പ്രജാഃ
മന്യമാനാഃ — യുവാമച്ഛന്ത്യസ്താസ്സുതയഃ
യുവാ-വതേ — യുവാഭ്യാം സദൃശായാന്യസ്മൈ ദേവായ
ന തുജ്യാഃ ഉ അഭ്രുവൻ — പ്രദേയാ മാഭ്രുവൻ, ഭവന്തു
യേന (യശസാ)
സഖി-ഭ്യഃ — അസ്മഭ്യം
സിനം ഭരഥഃ സ്മ — അന്നം പ്രദാതും സമ്പാദയഥഃ
വാം ത്യൽ യശഃ ക്വ? — തദ്യശഃ കുത്രാസ്തേ?

അർത്ഥം—അല്ലയോ ഇന്ദ്രവരുണന്മാരേ, നിങ്ങളെ സംബന്ധിച്ചവയും ഞങ്ങളാൽ ചൊല്ലപ്പെടുന്നവയും നിങ്ങളെ പ്രാപിക്കാൻ പ്രസരിച്ചുവരുന്നവയും നിങ്ങളെ അച്ഛിക്കുന്നവയുമായ ആ സ്തുതികൾ, നിങ്ങൾക്ക് സദൃശനായ മററൊരു ദേവന്നായി നല്കപ്പെടുന്നതാവാതിരിക്കട്ടെ. യാതൊരു യശസ്സുകൊണ്ട് ചങ്ങാതികളായ ഞങ്ങൾക്ക് തരാനായി നിങ്ങൾ അന്നമൊരുക്കിയോ, നിങ്ങളുടെ ആ അന്നം എവിടെയിരിക്കുന്നു? (ഞങ്ങൾക്ക് കിട്ടുന്നില്ല, തന്നരുളിയാലും.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

2 അയമുവാംപുരുതമോരയീയ
ഞ്ഛശ്വത്തമമവസേജോഹവീതി
സജോഷാവിന്ദ്രാവരുണാമരുദ്ഭി
ർദ്ദിവാപൃഥിവ്യാശൃണുതംഹവംമേ

അന്വയം:—

ഹേ ഇന്ദ്രാവരുണാ, — ഇന്ദ്രാവരുണൌ
രയി-യൻ — രയിമാത്മന ഇച്ഛൻ
അയം ഉ പുരു-തമഃ — വൈദികകർമ്മപ്രവൃത്തതയാ തിശയേന പുരുഃ, മഹാൻ അയം യജമാനഃ
അവസേ വാം — രക്ഷണായ യുവാം.
ശശ്വൽ-തമം ജോഹവീതി — സർവ്വദാ ഭൃശമാഹ്വയതി
മരുൽ-ഭിഃ ദിവാ
പൃഥിവ്യാ (ച) — ദ്യുദേവതയാ ഭൂമ്യാച സഹ
സ-ജോഷൌ — സങ്ഗതൌ യുവാം
മേ ഹവം ശൃണുതം — മമാഹ്വാനം ശൃണുതം

അർത്ഥം—അല്ലയോ ഇന്ദ്രവരുണന്മാരേ, ധനം സ്വയമിച്ഛിക്കുന്നവനും വൈദികകർമ്മനിരതനായി മഹാനുഭാവനുമായ ഈ യജമാനൻ (ഈയുള്ളവൻ) രക്ഷണത്തിന്നായി നിങ്ങളെ എപ്പോഴും ഉറപ്പിച്ചു വിളിക്കുന്നു. മരുത്തുക്കളോടും ദ്യോവിനോടും (ദ്യുദേവതയോടും) ഭൂവിനോടും (ഭൂമിദേവിയോടും) ഒത്തുചേർന്ന് നിങ്ങൾ എന്റെ ഈ വിളി കേട്ടാലും.

3 അസ്മേതദിന്ദ്രാവരുണാവസൂഷ്യാ
ദസ്മേരയിർമ്മരുതസ്സർവ്വവീരഃ
അസ്മാൻവരൂത്രീശ്ശരണൈരവ
ന്ത്വസ്മാൻഹോത്രാഭാരതീദക്ഷിണാഭിഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:–

ഹേ ഇന്ദ്രാവരുണൌ,

അസ്മേ	— ഇന്ദ്രാവരുണാവസ്മാസു
തൽ വസു സ്യാൽ	— അഭിലഷിതം ധനം ഭവതു
ഹേ മരുതഃ, സർവ്വ-വീരഃ	— സർവ്വേഷു കർമ്മസു സമർത്ഥഃ
രയിഃ അസ്മേ	— പുത്രപശുസങ്ഘഃ അസ്മാസു ഭവതു
വരൂത്രീഃ	— സർവ്വൈസ്സംഭജനീയാ ദേവപത്ന്യഃ

ശരണൈഃ അസ്മാൻ

അവന്തു	— ഗൃഹൈരസ്മാൻ രക്ഷന്തു
ഹോത്രാ ഭാരതീ	— വാഗ്രൂപാ സരസ്വതീ
ദക്ഷിണാഭിഃ അസ്മാൻ	— ഉദാരാഭിർവ്വാഗ്ഭിഃ പാലയതു

അർത്ഥം–അല്ലയോ ഇന്ദ്രവരുണന്മാരേ, ഞങ്ങളിൽ ആഗ്രഹിച്ച ധനം, ഐശ്വര്യം ഭവിയ്ക്കട്ടെ. അല്ലയോ മരുത്തുക്കളേ, എല്ലാ കർമ്മങ്ങളിലും സാമർത്ഥ്യമുററ (പര്യാപ്തമായ) സന്തതി പശു സമ്പത്ത് ഞങ്ങൾക്കുണ്ടാകട്ടെ. ഏവരാലും ഭജനീയകളായ ദേവപത്നിമാർ ഗൃഹങ്ങളാൽ ഞങ്ങളെ കാക്കട്ടെ. വാഗ്രൂപയായ സരസ്വതി സുസ്നേഹവാക്കുകളാൽ ഞങ്ങളെ പാലിയ്ക്കട്ടെ.

4 ബൃഹസ്പതേജുഷസ്വനോ ഹവ്യാനിവിശ്വദേവ്യ
രാസ്വരത്നാനിദാശുഷേ

അന്വയം:–

വിശ്വ-ദേവ്യ	— സർവ്വദേവഹിത
ഹേ ബൃഹസ്പതേ, നഃ	— അസ്മൽസംബന്ധീനി
ഹവ്യാനി ജുഷസ്വ	— ഹവനയോഗ്യാനി പുരോഡാശാദീനിസേവസ്വ
(തതസ്ത്വം) ദാശുഷേ	— ഹവിർദ്ദത്തവതേയജമാനായ മഹ്യം
രത്നാനി രാസ്വ	— ഉത്തമാനിധനാനിദേഹി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം—എല്ലാദേവന്മാക്കും ഹിതകാരിയായ ബൃഹസ്പതേ, ഹോമാഹങ്ങളായ ഞങ്ങളുടെ പുരോഡാശാദി ഹവിസ്സുകരം സ്വീകരിച്ചാലും. എന്നിട്ടവിടുന്നു് ഹവിസ്സേകുന്ന യജമാന നായ എനിക്കു ഉൽകൃഷ്ടധനങ്ങരം തന്നരുളിയാലും.

5 ശുചിമക്കൈർബൃഹസ്പതി മധ്വരേഷുനമസ്യത
അനാമ്യോജആചകേ
വ 9

അന്വയം;-

(ഹേ ഋത്വിജഃ, യൂയം)

അധ്വരേഷു — യാഗേഷു
ശുചിം ബൃഹസ്പതിം — ശുദ്ധം തം
അക്കൈഃ നമസ്യത — അച്ച്നീയൈ സ്തോത്രൈഃ പരിചരത
അനാമി — അനമനശീലം, പരൈരനഭി ഭവനീയം
ഓജഃ ആ ചകേ — ബലം സവ്വതോയാചേ

അത്ഥം-അല്ലയോ ഋത്വിക്കുകളേ, നിങ്ങരം യജ്ഞങ്ങളിൽ ശുദ്ധനായ ബൃഹസ്പതിയെ പൂജ്യങ്ങളായ സ്തോത്രങ്ങളാൽ പരി ചരിക്കുക. കുനിയേണ്ടിവരാത്ത, തോല്പിക്കപ്പെടുവാൻ കഴി യാത്ത ബലം അവിടുത്തോടു് ഞാൻ എമ്പാടും യാചിക്കുന്നു.

6 വൃഷഭം ചഷ്ണീനാം വിശ്വരൂപമദാഭ്യം
ബൃഹസ്പതിംവരേണ്യം

അന്വയം:—

ചഷ്ണീനാം വൃഷഭം — മനുഷ്യാണാ മഭിമതഫലവഷ്കം
വിശ്വ—രൂപം — വ്യാപ്തരൂപം, വിശ്വരൂപനാമക ഗോവാഹനോപേതം വാ
അദാഭ്യം — കേനാപ്യതിരസ്കരണീയം
വരേണ്യം ബൃഹസ്പതിം — സവ്വൈർഭജനീയം തം
(അഭിമതഫലം യാചേ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം—മനുഷ്യക്ക് അഭീഷ്ടവർഷകനും എങ്ങും വ്യാപിച്ച രൂപത്തോടുകൂടിയവനും (അല്ലെങ്കിൽ വിശ്വരൂപമെന്ന പേരായ പശുവാഹനമൊത്തവനും) ആരാലും തള്ളപ്പെടാൻ വയ്യാത്തവനും ഏവരാലും ആദരണീയനുമായ ബൃഹസ്പതിയോടു് അഭിമതഫലം യാചിക്കുന്നു.

7 ഇയന്തേപൂഷന്നാഘൃണേസുഷ്ടുതിർദ്ദേവനവ്യസീ

അസ്മാഭിസ്തുഭ്യംശസ്യതേ

അന്വയം:—

ആഘൃണേ, പൂഷൻ, ദേവ, — ദീപ്തിമൻ, ഹേ പൂഷൻ,
നവ്യസീ ഇയം
സു-സ്തുതിഃ — നവതരാ ശോഭനസ്തുതിരൂപാ വാക്
തേ — ത്വൽസംബന്ധിനീ ഭവതി
(സാസ്തുതിഃ) അസ്മാഭിഃ
തുഭ്യം ശസ്യതേ — ത്വദർത്ഥം ക്രിയതേ (താം ജുഷസ്വ)

അത്ഥം—ദീപ്തിമാനായ പൂഷാവേ, ദേവ, പുതുതും ശോഭനവുമായ ഈ സ്തുതിവചനം അവിടത്തെപ്പററിയതാകുന്നു. ആ സ്തുതി അവിടേയ്ക്കുവേണ്ടിയത്രേ ഞങ്ങളാൽ ചൊല്ലപ്പെടുന്നതു്. അതു സ്വീകരിച്ചാലും.

8 താംജുഷസ്വഗിരംമമവാജയന്തീമവാധിയം

വധൂയുരിവയോഷണാം

അന്വയം:—

(ഹേ പൂഷൻ) മമ
താം ഗിരം — സ്തോത്രം കല്യാണസ്യമേ താദൃശീം സ്തുതിലക്ഷണാം വാചം
ജുഷസ്വ — സേവസ്വ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(പ്രീതസ്സൻ) വാജ-
യന്തീം — വാജം, അന്നമിച്ഛന്തീം,
ഹർഷകാരിണീം
ധിയം — ഇമാം സ്തുതിം
വധൂയുഃ-ഇവ യോഷണാം — വധൂകാമഃ സ്ത്രീയം, കാമിനീം
പ്രതീവ
അവ — അഭിഗച്ഛ

അർത്ഥം_അല്ലയോ പൂഷാവേ, സ്തോത്രമുച്ചരിക്കുന്ന എന്റെ ഈ സ്തുതിവചനം സ്വീകരിച്ചാലും. പ്രീതനായി, അന്നമിച്ഛിക്കുന്നതും, ഹർഷം വളർത്തുന്നതുമായ ഈ സ്തുതിവചനത്തെ വധൂകാമനായ പുരുഷൻ കാമിനിയായ സ്ത്രീയെ എന്നപോലെ അഭിഗമിച്ചാലും.

9 യോവിശ്വാഭിവിപശ്യതിഭുവനാസഞ്ചപശ്യതി
സനഃപൂഷാവിതാഭുവൽ

അന്വയം:-

യഃ-(പൂഷാ) വിശ്വാ
ഭുവനാ — സർവ്വാൻ ലോകാൻ
അഭി വി- പശ്യതി — ആഭിമുഖ്യേന വിശേഷേണ
പശ്യതി
(കിംചതാനി) സം
പശ്യതി ച — തത്തദ്വസ്തുയാഥാത്മ്യം സമ്യക്
ജാനാതി ച
സഃ (താദൃശഃ) പൂഷാ
നഃ അവിതാ ഭുവൽ — രക്ഷിതാ ഭവതു

അർത്ഥം-ഏതു പൂഷാവ് എല്ലാ ലോകങ്ങളെയും നേരെ നന്നായി കാണുന്നുവോ, അവയിലടങ്ങിയ ഓരോരോ വസ്തുവിനെയും യഥാർത്ഥം പോലെ, വേണ്ട മട്ടിലറിയുന്നുവോ, അപ്രകാരമുള്ള പൂഷാവ് നമുക്ക് രക്ഷിതാവാകട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

10 തൽസവിതുർവ്വരേണ്യംഭർഗ്ഗോദേവസ്യധീമഹി

ധിയോയോനഃപ്രചോദയാൽ

വ. 10

അന്വയം:–

യഃ നഃ	— സവിതാ ദേവഃ അസ്മാകം
ധിയഃ പ്ര–ചോദയാൽ	— കർമ്മാണി, ധർമ്മാദി വിഷയാ ബുദ്ധീഃ പ്രേരയേൽ
തൽ ദേവസ്യ	— തസ്യ ദേവസ്യ
സവിതുഃ	— സർവ്വാന്തര്യാമിതയാ പ്രേരകസ്യ, ജഗൽ സ്രഷ്ടുഃ പരമേശ്വരസ്യ
വരേണ്യം	— സർവ്വൈഃ ഉപാസ്യതയാ, ജ്ഞേയതയാ ച സംഭജനീയം
ഭർഗ്ഗഃ	— അവിദ്യാം, തൽകാര്യയോഃ ഭർജ്ജനാൽ ഭർഗ്ഗഃ, സ്വയം ജ്യോതിഃ, പരബ്രഹ്മാത്മകം തേജഃ
ധീമഹി	— വയം ധ്യായാമഃ

(അഥവാ) തൽ ഇതി ഭർഗ്ഗോവിശേഷണം, സവിതുഃ ദേവസ്യ ഭർഗ്ഗോധീമഹി.

(അഥവാ) യഃ സവിതാ

ധിയഃ	— കർമ്മാണി
പ്രചോദയാൽ	— പ്രേരയതി
തസ്യ സവിതുഃ ദേവസ്യ	— ദ്യോതമാനസ്യ, സൂര്യസ്യ
വരേണ്യം ഭർഗ്ഗഃ	— സംഭജനീയം, പാപാനാം താപകം തേജോമണ്ഡലം
ധീമഹി	— മനസാധാരയേമ

(അഥവാ) യഃ സവിതാദേവഃ ധിയഃ പ്രചോദയതി തസ്യ പ്രസാദാൽ

ഭർഗ്ഗഃ	— അന്നലക്ഷണം ഫലംധീമഹി

അർത്ഥം–യാതൊരു ദേവൻ നമ്മുടെ ധർമ്മാദിവിഷയകളായ ബുദ്ധികളെയും കർമ്മങ്ങളെയും (ഉള്ളിലിരുന്നുകൊണ്ട്) പ്രേരിപ്പിക്കുന്നുവോ, ആ ദേവനായ സവിതാവിന്റെ ഉപാസ്യവും ജ്ഞേയവും സംഭജനീയവുമായ പരബ്രഹ്മാത്മകതേജസ്സിനെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാം ധ്യാനിക്കുന്നു. തൽ എന്നതു് ഭർഗ്ഗഃ എന്നതിൻെറ വിശേഷണവുമാക്കാം. ഭർഗ്ഗഃ എന്നതിന്നു് പാപങ്ങളെ തപിപ്പിക്കുന്ന തേജോമണ്ഡലമെന്നും അർത്ഥമെടുക്കാം. അതിന്നു് അന്നാദിലക്ഷണമായ ഫലമെന്നും, അപ്പോഴും അതിൻെറ ആധാരഭൂതമായ ഭാവമെന്നും അർത്ഥം പറയുന്നു.

11 ദേവസ്യസവിതുർവ്വയം വാജയന്തഃ പുരന്ധ്യാ
ഭഗസ്യരാതിമീമഹേ

അന്വയം:—

വാജ-യന്തഃ വയം — വാജം, അന്നമാത്മന ഇച്ഛന്തോവയം
ദേവസ്യ സവിതുഃ
പുരം-ധ്യാ — തത്തദ്വിഷയസ്തുത്യാ
ഭഗസ്യ രാതിം — ഭജനീയസ്യധനസ്യ ദാനം
ഈമഹേ — യാചാമഹേ

അർത്ഥം—അന്നമിച്ഛിക്കുന്ന നമ്മൾ ദേവനായ സവിതാവിന്നു് അവിടത്തെ കുറിച്ചു സ്തുതിയർപ്പിച്ചുകൊണ്ടു്, പ്രാപ്യമായ ധനത്തിൻെറ ദാനം യാചിക്കുന്നു.

12 ദേവംനരസ്സവിതാരംവിപ്രായജ്ഞൈസ്സുവൃക്തിഭിഃ
നമസ്യന്തിധിയേഷിതാഃ

അന്വയം:—

നരഃ വിപ്രാഃ — കർമ്മണാം നേതാരഃ, മേധാവിനഃ, അധ്വര്യ്വാദയഃ
ധിയാ ഇഷിതാഃ — ബുദ്ധ്യാ പ്രേര്യമാണാസ്സന്തഃ
സവിതാരം ദേവം
യജ്ഞൈഃ — തം ത്വാം യജനീയൈർഹവിർഭിഃ
സുവൃക്തി-ഭിഃ നമസ്യന്തി — ശോഭനസ്തോത്രൈശ്ച പരിചരന്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം–കമ്മനേതാക്കളും മേധാവികളുമായ അധ്വര്യു മുതലായവർ ബുദ്ധിയാൽ പ്രേരിപ്പിയ്ക്കപ്പെടുന്നവരായി, പ്രചോദിപ്പിക്കപ്പെടുന്നവരായി സവിതാവായ ദേവനായ അവിടുത്തെ യജ്ഞാർഹങ്ങളായ ഹവിസ്സുകളാലും ശോഭനസ്തോത്രങ്ങളാലും പരിചരിക്കുന്നു.

13 സോമോജിഗാതിഗാതുവിദ്ദേവാനാമേതിനിഷ്കൃതം

ഋതസ്യയോനിമാസദം

അന്വയം:–

ഗാതു–വിൽ	— മാർഗ്ഗം ജാനാനഃ
സോമഃ ജിഗാതി	— ഗച്ഛതി
ദേവാനാം നിഃ–കൃതം	— സംസ്കൃതം
ആ–സദം	— സർവ്വൈരാസദനീയം
ഋതസ്യ യോനിം ഏതി	— യജ്ഞസ്യ ഹവിർദ്ധാനാഖ്യം സ്ഥാനം പ്രാപ്നോതി

അത്ഥം–(വേദിയിലേക്ക്) വഴിയറിയുന്ന സോമം (സോമൻ) ഇതാ വരുന്നു. ദേവന്മാരുടെ, സംസ്കരിക്കപ്പെട്ടതും (സംസ്കാരംകൊണ്ടു ശുദ്ധമാക്കപ്പെട്ടതും) അവർക്കേവർക്കും ഇരിക്കാനുള്ളതുമായ യജ്ഞസ്ഥാനത്തെ, ഹവിസ്ഥാനത്തെ (ആ സോമം) പ്രാപിക്കുന്നു.

14 സോമോഅസ്മഭ്യംദ്വിപദേചതുഷ്പദേചപശവേ

അനമീവാഇഷസ്കരൽ

അന്വയം:–

സോമഃ അസ്മഭ്യം	— സ്തോതൃഭ്യഃ തഥാ
ദ്വി–പദേ, ചതുഃ–പദേ	
പശവേ ച	— ദ്വിപാദ്ഭ്യഃ പ്രജാഭ്യഃ, ചതുഷ്പാദ്ഭ്യഃ പശുഭ്യശ്ച (ജാത്യേകവചനം)
അനമീവാഃ ഇഷഃ കരൽ	— രോഗവർജ്ജിതാഃ അന്നാനി കരോതു

*30

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം—സോമൻ (സോമം) സ്തോതാക്കളായ നമ്മളെയും ഇരുക്കാലികളായ (എല്ലാ) ജനങ്ങളെയും നാൽക്കാലികളായ പശുക്കളെയും രോഗമററവരാക്കി അന്നങ്ങരം തന്നരുളട്ടെ.

15 അസ്മാകമായുവ്വ്ദ്ധയന്നഭിമാതീസ്സഹമാനഃ

സോമസ്സധസ്ഥമാസദൽ

അന്വയം:—

(സഃ) സോമഃ അസ്മാകം

ആയുഃ	— ജീവനം
വദ്ധയൻ	— വൃദ്ധിം പ്രാപയൻ
അഭി—മാതീഃ	— കമ്മവിഘ്നകാരിണശ്ശത്രൂൻ
സഹമാനഃ	— അഭിഭവൻ, അസ്മാകം
സധ—സ്ഥം ആ അസദൽ	— ഹവിദ്ധാനാഖ്യം സ്ഥാനം ആസീദതു

അത്ഥം—ആ സോമൻ (സോമം) നമുക്കായുസ്സ് വദ്ധിപ്പിച്ചുകൊണ്ട് കമ്മവിരോധികളായ ശത്രുക്കളെ അടക്കി, നമ്മുടെ ഹവിസ്ഥാനത്ത് വന്നിരുന്നരുളട്ടെ.

16 ആനോമിത്രാവരുണാഘൃതൈർഗ്ഗവ്യൂതിമുക്ഷതം

മധ്വാരജാംസിസുക്രതു

അന്വയം:—

സു—ക്രതു, ഹേ മിത്രാ—

വരുണാ,	— ശോഭന കമ്മാണൌ മിത്രാ വരുണൌ,
നഃ ഗവ്യൂതിം	— ഗോനിവാസസ്ഥാനം
ഘൃതൈഃ ആ ഉക്ഷതം	— ക്ഷരണശീലൈഃ പയോഭിഃ സമന്താൽ സിഞ്ചതം

(അസ്മഭ്യം ഭോഗ്ശ്രീഗ്ഗാഃ പ്രയച്ഛതം)

രജാംസി	— അസ്മദാവാസസ്ഥാനാനി
മധ്വാ	— മധുരേണ രസേന സിഞ്ചതം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം—ശോഭന കർമ്മാക്കളായ മിത്രവരുണന്മാരേ, നിങ്ങൾ ഒഴുകുന്ന പാലുകളാൽ ഞങ്ങളുടെ തൊഴുത്തു് നിറച്ചും നനച്ചാലും. (കറവപ്പശുക്കളെത്തന്നരുളിയാലും) ഞങ്ങളുടെ നിവാസസ്ഥാനങ്ങൾ മധുരരസത്താൽ നനവുററതാക്കിയാലും.

17 ഉരുശംസാനമോവൃധാമഹ്നാദക്ഷസ്യരാജഥഃ

ദ്രാഘിഷ്ഠാഭിശ്ശുചിവ്രതാ

അന്വയം:—

ശുചി-വ്രതാ	— പരിശുദ്ധകർമ്മാണൌ മിത്രാവരുണൌ
ഉരു–ശംസാ	— ഉരുഭിഃ, ബഹുഭിശ്ശംസ്സനീയൌ
നമഃ–വൃധാ	— നമസാ, ഹവിരന്നേന വദ്ധമാനൌ
ദ്രാഘിഷ്ഠാഭിഃ	— അത്യന്തം ദീഘസ്തുതി ലക്ഷണാഭിഃ വാഗ്ഭിര്യുക്തൌ യുവാം
ദക്ഷസ്യ മഹ്നാ രാജഥഃ	— ബലസ്യമഹത്വേന ഈശാഥേ

അത്ഥം—പരിശുദ്ധകർമ്മാക്കളായ മിത്രവരുണന്മാരേ, പലരാലും സ്തുതിക്കപ്പെടുന്നവരും ഹവിസ്സുകളാൽ വദ്ധിക്കുന്നവരും ദീഘിച്ച സ്തുതിവാക്കുകൾക്കു് പാത്രഭൂതരുമായ നിങ്ങൾ ബലത്തിൻെറ വലിപ്പത്താൽ ഈശ്വരന്മാരാകുന്നു.

18 ഗൃണാനാജമദഗ്നിനായോനാവൃതസ്യസീദതം

പാതംസോമമൃതാവൃധാ വ 11

അന്വയം:—

(ഹേ മിത്രാവരുണൌ,)

ജമൽ–അഗ്നിനാ	— ഏതന്നാമകേന മഹർഷിണാ, പ്രജ്വലിതാഗ്നിനാ വിശ്വാമിത്രേണവാ
ഗൃണാനാ	— സ്തൂയമാനൌ യുവാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഋതസ്യ യോനൌ
സീദതം — ദേവയജനാഖ്യേദേശേ ഉപവിശതം
ഋത–വൃധാ സോമം പാതം — ഋതസ്യ, കർമ്മഫലസ്യ വർദ്ധയിതാരൌ യുവാം സോമം പിബതം

അർത്ഥം–അല്ലയോ മിത്രവരുണന്മാരേ, ജമദഗ്നി എന്ന മഹർഷിയാൽ (അല്ലങ്കിൽ ജ്വലിച്ച ഹോമാഗ്നിയോടുകൂടിയ വിശ്വാമിത്രനാൽ) സ്തുതിക്കപ്പെടുന്ന നിങ്ങൾ ഈ യാഗസ്ഥാനത്തു് വന്നിരുന്നാലും. കർമ്മഫലം വളർത്തുന്ന നിങ്ങൾ സോമം കുടിച്ചാലും.

(മൂന്നാംമണ്ഡലം സമാപ്തം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വർഗ്ഗം—12—13—14—15 —ഗൌതമഃ വാമദേവഃ ഋഷിഃ ത്രിഷ്ടുബഷ്ട്യതിജഗതീധൃതയശ്ഛന്ദാംസി അഗ്നിവരുണൌ ദേവതാ.

1 ത്വാംഹ്യഗ്നേസദമിൽസമന്യവോ
ദേവാസോദേവമരതിംന്യേരിര
ഇതിക്രത്വാന്യേരിരേ
അമർത്യംയജതമർത്യേഷ്വാ
ദേവമാദേവം ജനതപ്രചേതസം
വിശ്വമാദേവംജനതപ്രചേതസം

അന്വയം:—

(വാമദേവഃ സ്തൌതി)

ഹേ അഗ്നേ, സ—മന്യവഃ — മന്യുഃ സ്പർദ്ധാ, സ്വസമാനൈ സ്പർദ്ധമാനാഃ
ദേവാസഃ — ദേവനശീലാഃ ഇന്ദ്രാദയഃ
ദേവം അരതിം ത്വാം — ദ്യോതമാനം ശീഘ്രഗന്താരം ത്വാം
സദം ഇൽ നി—ഏരിരേ ഹി — സദൈവ സ്പർദ്ധാനിമിത്തേന യുദ്ധേ പ്രേരയന്തി ഖലു
ഇതി ക്രത്വാ നി—ഏരിരേ — യസ്മാൽ ദേവാസ്ത്വം യുദ്ധാർത്ഥം നിതരാം പ്രാപയന്തി തസ്മാൽ യജമാനാഃ സ്തുതിലക്ഷണേന കർമ്മണാ നിതരാം പ്രേരയന്തി യജ്ഞകർമ്മണി ദേവാനാഹ്വാതും പ്രേരയന്തി
ഹേ യജത, — യജനീയാഗ്നേ,
അമർത്യം ആ ദേവം — മരണധർമ്മരഹിതം സർവ്വതഃ ദ്യോതമാനം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്ര-ചേതസം	—	പ്രകൃഷ്ടം കർമ്മവിഷയജ്ഞാനം യസ്യ, തം ത്വാം
മർത്യേഷു ആ-ദേവം	—	യാഗം കുർവ്വാണേഷു മനുഷ്യേഷു ആഗന്താരം
ജനത	—	ദേവാഃ ഹവിശ്രപണാർത്ഥം അജനയൻ
(തഥാ) പ്ര-ചേതസം		
ആ-ദേവം	—	കർമ്മാഭിജ്ഞം തത്തദ്യജ്ഞേഷ്വാഗന്താരം
വിശ്വം ജനത	—	യുഗപന്നാനാദേശവർത്തിഷു യജ്ഞേഷു ഹവിരാനയനാർത്ഥം വ്യാപ്തം ദേവാ അകുർവ്വൻ

അർത്ഥം—(വാമദേവൻ സ്തുതിക്കുന്നു.)

അല്ലയോ അഗ്നേ, തങ്ങളുടെ തുല്യന്മാരോട് കിടമത്സരമററവരും പ്രകാശവാന്മാരുമായ ഇന്ദ്രാദി ദേവന്മാർ ശോഭമാനനും ശീഘ്രഗാമിയുമായ അവിടുത്തെ എപ്പോഴും സ്വർദ്ധാനിമിത്തമായ കാര്യത്തിന്നു പ്രേരിപ്പിക്കുന്നുവല്ലൊ. ദേവന്മാർ അവിടുത്തെ യുദ്ധത്തിന്നു എപ്പോഴും പുറപ്പെടുവിക്കുന്ന പോലെ യജമാനന്മാർ സ്തുതികർമ്മങ്ങളാൽ ദേവന്മാരെ വിളിക്കാൻ അവിടുത്തെ പ്രേരിപ്പിക്കുന്നു. അല്ലയോ യജനീയനായ അഗ്നേ, അമരനും എമ്പാടും തേജസ്സുററവനും കർമ്മവിഷയ ജ്ഞാനമൊത്തവനും യാഗം ചെയ്യുന്ന മനുഷ്യരുടെ ഇടയിൽ വരുന്നവനുമായ അവിടുത്തെ ഹവിസ്സു വേവിക്കാനത്രേ ജനിപ്പിച്ചതു്. അതുപോലെ കർമ്മാഭിജ്ഞനും അതാതു യാഗങ്ങളിൽ ചെല്ലുന്നവനുമായ അവിടുത്തെ വിവിധ ദേശങ്ങളിൽ നടക്കുന്ന യാഗങ്ങളിൽ നിന്നു് ഒരേ സമയത്തു് ഹവിസ്സുകൊണ്ടുവരുവാനാണു് ദേവന്മാർ വ്യാപിപ്പിച്ചതു്, ഏൎപ്പെടുത്തിയതു്.

2 സഭ്രാതരംവരുണമഗ്ന ആവവൃത്സ്വ
ദേവാँ അച്ഛാസുമതീയജ്ഞവനസം
ജ്യേഷ്ഠംയജ്ഞവനസം
ഋതാവാനമാദിത്യംചർഷണീധൃതം
രാജാനംചർഷണീധൃതം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം :—

ഹേ അഗ്നേ, സഃ	— സഃ ത്വം
യജ്ഞ—വനസം	— യജ്ഞൈഃ, ഹവിർഭിസ്സംഭജനീയം
യജ്ഞ—വനസം	— യജ്ഞസ്യ സംഭക്താരം
ജ്യേഷ്ഠം	— അതിശയേന പ്രശസ്യം
ഋത—വാനം	— അപാം സ്വാമിത്വേയോദകവന്തം
ആദിത്യം	— അദിതേഃ പുത്രം
ചഷ്ണി—ധൃതം	— മനുഷ്യാണാമുദകപ്രദാനേന ധാരകം
സു—മതീ	— ശോഭനബുദ്ധ്യാഹേതുനാ
ചർഷണി-ധൃതം	— ചർഷണിഭിഃ, വിദ്വത്ഭിഃ ധൃതം
ഭ്രാതരം രാജാനം വരുണം	— ഏകസ്ഥാനവാസേന ഭ്രാതരം ഏതാദൃശം വരുണം ദേവം
ദേവാൻ	— ദേവനശീലാൻ സ്തോതൄൻ
അച്ഛ ആ വവൃത്സ്വ	— ആവർത്തയ, അഭിമുഖീകുരു

അത്ഥം—അല്ലയോ അഗ്നേ, അപ്രകാരമുള്ള അവിടുന്നു് യജ്ഞങ്ങളാൽ ഭജനീയനും യജ്ഞം പ്രാപിക്കുന്നവനും ഏററവും പ്രശസ്യനും ജലസ്വാമിത്വംകൊണ്ടു് ജലവാനും അദിതി പുത്രനും മനുഷ്യരെ ജലദാനം കൊണ്ടു് താങ്ങുന്നവനും സൽ ബുദ്ധി കാരണമായി വിദ്വാന്മാരാൽ ധരിക്കപ്പെടുന്നവനും, ഒരേ ഇടത്തു് നിവാസംകൊണ്ടു് അവിടേക്കു ഭ്രാതാവുമായ വരു ണനെ മന്ത്രപ്രകാശന്മാരായ ഞങ്ങളുടെ, സ്തോതാക്കളുടെ നേരെ തിരിച്ചുകൊണ്ടുവന്നാലും.

3 സഖേസഖായമഭ്യാവവൃത്സ്വാ

ശുംനചക്രംരത്ഥ്യേവരംഹ്യാ

സ്മഭ്യംദസ്മരംഹ്യാ

അഗ്നേമൃളീകംവരുണേസചാവിദോ

മരുൽസുവിശ്വഭാനുഷു

തോകായതുജേശുശുചാനശംകൃധ്യ

സ്മഭ്യംദസ്മശംകൃധി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

സഖേ, ദസ്മ,	— സഖീഭൂത, ദശ്നീയാഗ്നേ, തചം തവ
സഖായം അസ്മഭ്യം	— വരുണമസ്മദത്ഥം
രംഹ്യാ	— രംഹണേ, ഗമനേ സാധുഭൂതൌ
രത്ഥ്യാ—ഇവ	— രഥേയോജിതാവിശ്വാവിവ
രംഹ്യാ ആശ്രും ചക്രം ന	— അശ്വൌ ശീഘ്രഗന്തൃചക്രം ലക്ഷ്യദേശംപ്രതി അഭിമുഖീ കുരുതഃ തദ്വൽ
അഭി ആ വവൃത്സ്വ	— അഭിമുഖീകുരു
ഹേ അഗ്നേ, സചാ	
വരുണേ	— തവ സഹായേ വരുണേ
മൃളീകം വിദഃ	— സുഖകരം ഹവിഃ ലബ്ധവാനസി
(തഥാ) വിശ്വ—ഭാനുഷു	— സർവ്വതോ വ്യാപ്തതേജസ്സ്വേഷു
മരുൽ—സു	— (സുഖകരം ഹവിർല്ലബ്ധ വാനസി)
ഹേ ശുശുചാന,	— ദീപ്യമാനാഗ്നേ,
തോകായ, തുജേ ശം കൃധി	— പുത്രായ പൌത്രായ സുഖം കുരു
ഹേ ദസ്മ, അസ്മഭ്യം	
ശം കൃധി	— ദശ്നീയാഗ്നേ, സുഖം കുരു

അത്ഥം—സഖീഭൂതനും ദർശനീയനുമായ അഗ്നേ, അവിടുന്ന് ഓട്ടമിടുക്കററ കുതിരകഠം, തേരിൽപൂട്ടി വേഗത്തിലുരുളുന്ന ചക്രത്തെ ലക്ഷ്യപ്രദേശത്തിന്നു നേരെ കൊണ്ടുപോകുന്ന പോലെ, ചങ്ങാതിയായ വരുണനെ ഞങ്ങഠക്കു നേരെ തിരിച്ചാലും, വരുത്തിയാലും. അല്ലയോ അഗ്നേ, സഹായിയായ വരുണങ്കലും വ്യാപിച്ച തേജസ്സററ മരുത്തുക്കളിലും അവിടുന്ന് സുഖകരമായ ഹവിസ്സ് എത്തിച്ചവനാണല്ലോ. അല്ലയോ ഭാസമാനനായ അഗ്നേ, ഞങ്ങളുടെ പുത്രന്നും പൌത്രന്നും സുഖമുണ്ടാക്കിയാലും. അല്ലയോ ദർശനീയ, ഞങ്ങഠക്കും സുഖമുണ്ടാക്കിയാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

4 ത്വന്നോ അഗ്നേവരുണസ്യവിദ്വാ

ന്ദേവസ്യഹേളോവയാസിസീഷ്ഠാഃ

യജിഷ്ഠോവഹ്നിതമശ്ശോശുചാനോ

വിശ്വാദ്വേഷാംസിപ്രമുമുഗ്ധ്യസ്മൽ

അന്വയം:–

ഹേ അഗ്നേ, വിദ്വാൻ	—	സർവ്വപുരുഷാർത്ഥസാധനോപായജ്ഞഃ
ത്വം ദേവസ്യ വരുണസ്യ		
ഹേളഃ	—	ക്രോധാൻ
നഃ	—	അസ്മൽ സംബന്ധിനഃ വരുണപാശഗ്രഹണാൻ
അവ യാസിസീഷ്ഠാഃ	—	അപനയ
(കിംച) യജിഷ്ഠഃ,		
വഹ്നി–തമഃ	—	യഷ്ടൃതമഃ ഹവിഷാമതിശയേനവോഢാ
ശോശുചാനഃ	—	അതിശയേനദീപ്യമാനസ്ത്വം
വിശ്വാ ദ്വേഷാംസി	—	സർവ്വാണിപാപാനി, രജാംസി, ദ്വേഷ്ടൄണിവാ
അസ്മൽ പ്ര മുമുഗ്ധി	—	അസ്മത്തഃ പ്രകർഷേണമോചയ

അർത്ഥം—അല്ലയോ അഗ്നേ, സർവ്വപുരുഷാർത്ഥ മാർഗ്ഗങ്ങളുമറിയുന്ന അവിടുന്നു് ദേവനായ വരുണൻെറ ക്രോധങ്ങളെ, ഞങ്ങളെസ്സംബന്ധിച്ച വരുണൻെറ കയർക്കെട്ടുകളെ, അകററിയാലും. ഏററവും യാജ്യനും ഏററവും ഹവിസ്സുവഹിക്കുന്നവനും ഏററവും പ്രകാശിക്കുന്നവനുമായ അവിടുന്നു് ഞങ്ങളുടെ എല്ലാ പാപങ്ങളെയും പാപഹേതുക്കളായ രജോഗുണങ്ങളെയും (ശത്രുക്കളെയും) ഞങ്ങളിൽ നിന്നകററിയാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

5 സത്വന്നോ അഗ്നേവമോഭവോതീ
നേദിഷ്ഠോ അസ്യാഉഷസോവ്യുഷ്ടൗ
അവയക്ഷ്വനോവരുണംരരാണോ
വീഹിമൃളീകംസുഹവോന ഏധി വ 12

അന്വയം:-

ഹേ അഗ്നേ, സഃ ത്വം
ഊതീ — ഊത്യാ, രക്ഷണേന
നഃ അവമഃ — അർവ്വാചീനഃ, പ്രത്യാസന്നസ്സൻ
അസ്യാഃ ഉഷസഃ
വി–ഉഷ്ടൗ — വ്യുഷ്ടൗ, പ്രാതഃ കാലേഗ്നി ഹോത്രാദികർമ്മസിദ്ധ്യർത്ഥം
നേദിഷ്ഠഃ ഭവ — അതിശയേനാസ്മദന്തിക സ്ഥോഭവ
(കിംച) നഃ വരുണം — ആവരകം പാപം, വരുണകൃതം ജലോദരാദിരോഗം വാ
അവ യക്ഷ്വ — അവയജ, വിനാശയ
രരാണഃ — അസ്മദ്ദത്തേ ഹവിഷി രമമാണസ്ത്വം
മൃളീകം വീഹി — സുഖകരമിമം ഹവിർഭക്ഷയ
(കിംച) നഃ സു–ഹവഃ
ഏധി — ശോഭനാഹ്വാനോപേതോ ഭവ

അർത്ഥം_അല്ലയോ അഗ്നേ, അപ്രകാരമെല്ലാമുള്ള അവിടുന്നു് രക്ഷണത്താൽ ഞങ്ങൾക്കു് മുമ്പിൽ പ്രത്യക്ഷനായി, ഈ ഉഷസ്സു തെളിയവേ പ്രഭാതാഗ്നി ഹോത്രകർമ്മ സിദ്ധിക്കായി ഏററവും അടുത്തു നില്ക്കുന്നവനായി ഭവിച്ചാലും. പിന്നെ, ഞങ്ങളെ മൂടുന്ന പാപത്തെ (അല്ലെങ്കിൽ വരുണനുണ്ടാക്കുന്ന മഹോദരം മുതലായ രോഗത്തെ) നശിപ്പിച്ചാലും. ഞങ്ങളേകിയ ഹവിസ്സിൽ സന്തുഷ്ടനായ അവിടുന്നു് സുഖകരമായ അതുൾക്കൊണ്ടാലും. ഞങ്ങൾക്കു് നന്നായി വിളികേൾക്കുന്നവനായാലും. (അല്ലെങ്കിൽ എളുപ്പത്തിൽ വിളിക്കാവുന്നവനായാലും)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

6 അസ്യശ്രേഷ്ഠാസുഭഗസ്യസംദൃ

ദേവസ്യചിത്രതമാമർത്യേഷു

ശുചിഘൃതംനതപ്തമഘ്ന്യായാ

സ്വാഹാദേവസ്യമംഹനേവധേനോഃ

അന്വയം:—

സു-ഭഗസ്യ അസ്യ	— സുഷ്ഠുഭജനീയസ്യാഗ്നേഃ
ദേവസ്യ ശ്രേഷ്ഠാ	
സം-ദൃക്	— അതിശയേന പ്രശസ്യാ സംദൃഷ്ടിഃ
മർത്യേഷു ചിത്ര-തമാ	— അതിശയേന ചായനീയാ, പൂജനീയാ ഭവതി
(യഥാ) ദേവസ്യ	
അഘ്ന്യായാഃ ശുചി ഘൃതം	
തപ്തം ന	— തേജോയുക്തം ക്ഷരണയുക്തം തപ്തം ഗോഃ ക്ഷീരം സ്പൃഹണീയം ഭവതി തദ്വൽ
(ഗാം ഭിക്ഷമാണസ്യ	
മർത്യസ്യ) ധേനോഃ	— ദോഗ്ധ്ര്യാഃ
മംഹനാ-ഇവ	— ദാനം യഥാ പ്രിയകരം ഭവതി തദ്വൽ
സ്വാഹാ	— അതിശയേന സ്പൃഹണീയാ ഭവതി

അർത്ഥം—നന്നായി ഭജനീയനായ അഗ്നിദേവൻെറ ഏററവും സ്തുത്യമായ നോട്ടം മനുഷ്യരുടെ ഇടയിൽ അതീവ പൂജനീയമായി ഭവിക്കുന്നു. തേജസ്സുററതും ഒഴുകുന്നതുമായ ഉരുക്കിയ പശുവിൻ നെയ്യ് ദേവന്നു് എപ്രകാരമിഷ്ടമാണോ, പശുവിനെ യാചിക്കുന്ന ഒരുവന്നു് ഒരു കറവപ്പയ്യിൻെറ ദാനം എപ്രകാരം പ്രിയകരമാകുമോ, അപ്രകാരം അവിടുത്തെ നോട്ടം സുഖകരമായി ഭവിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

7 ത്രിരസ്യതാപരമാസന്തിസത്യാ

സ്പാർഹാദേവസ്യജനിമാന്യഗ്നേഃ

അനന്തേഅന്തഃപരിവീതആഗാ

ച്ഛുചിശ്ശുക്രോഅര്യോരോരുചാനഃ

അന്വയം:—

അഗ്നേഃ അസ്യ ദേവസ്യ	— അഗ്ന്യഭിമാനിനഃ ദേവസ്യ
ത്രിഃ	— അഗ്നിവായുസൂര്യാത്മനാത്രീണി
താ പരമാ	— താനി, പ്രസിദ്ധാനി, ഉത്തമാനി
സത്യാ ജനിമാനി	— യഥാർത്ഥഭൂതാനി ജന്മാനി
സ്പാർഹാ സന്തി	— സർവ്വൈസ്സ്പൃഹണീയാനി സന്തി
അനന്തേ അന്തഃ	— അപര്യന്തേ നഭസി മദ്ധ്യേ സ്വതേജസാ
പരി–വീതഃ	— പരിവേഷ്ടിതഃ, പരിവൃതഃ
ശുചിഃ, ശുക്രഃ	— സർവ്വസ്യശോധകഃ, ദീപ്തിയുക്തഃ
(അത ഏവ) രോരുചാനഃ	— ഭൃശം ദീപ്യമാനഃ
അര്യഃ ആ അഗാൽ	— സ്വാമീ, അസ്മദീയം യജ്ഞം പ്രത്യാഗച്ഛതു

അർത്ഥം—അഗ്നിയുടെ ഈ അഭിമാനദേവൻെറ, അഗ്നി, വായു, സൂര്യൻ എന്നിങ്ങനെ മൂന്നു പ്രസിദ്ധങ്ങളും ഉത്തമങ്ങളും യഥാർത്ഥഭൂതങ്ങളുമായ ആവിർഭാവങ്ങൾ, എല്ലാവരാലും ആശാസ്യങ്ങളായി ഭവിക്കുന്നു. അന്തമററ ആകാശത്തിൻെറ മദ്ധ്യത്തിൽ സ്വന്തം തേജസ്സുകൊണ്ടു് ചുററപ്പെട്ട, എല്ലാററിൻെയും ശുദ്ധീകരിക്കുന്നവനും പ്രകാശമുററവനും അതുകൊണ്ടുതന്നെ മിന്നിത്തിളങ്ങുന്നവനുമായ സ്വാമി (അഗ്നി) നമ്മുടെ യജ്ഞത്തിന്നു് വന്നുചേരട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

8 സദ്ദതോവിശോദഭിവഷ്ടിസദ്മാ

ഹോതാഹിരണ്യരഥോരംസുജിഹ്വഃ

രോഹിദശ്വോവപുഷ്യോവിഭാവാ

സദാരണ്വഃ പിതുമതീവസംസൽ

അന്വയം:—

(ദേവാനാം) ദൂതഃ,

ഹോതാ	—	ദേവാനാമാഹ്വാതാ
ഹിരണ്യ–രഥഃ	—	സുവണ്ണമയരഥോപേതഃ
രം–സുജിഹ്വഃ	—	രമണീയ ശോഭനജ്വാലോപേതഃ
രോഹിൽ–അശ്വഃ	—	രോഹിതവണ്ണാശ്വോപേതഃ
വപുഷ്യഃ	—	വപുഷി, രൂപേസാധുഃ
വിഭാ–വാ, സദാ രണ്വഃ	—	കാന്തിയുക്തഃ, സദാരമണീയഃ
വിശ്വാ ഇൽ	—	അഗ്നിസ്സർവ്വാണ്യേവ
സഃ പിതുമതീ–ഇവ		
സം–സൽ	—	യഥാ അന്നാദിമൽ സമൃദ്ധം ഗൃഹമിവരമണീയം
സദ്മ അഭി വഷ്ടി	—	ദേവയജനസ്ഥാനാനി കാമയതേ

അത്ഥം–ദേവന്മാരുടെ ദൂതനും അവരെ വിളിക്കുന്നവനും സ്വണ്ണമയമായ തേരോടുകൂടിയവനും ഭംഗിയുററു തെളിഞ്ഞ ജ്വാലകളോടുകൂടിയവനും കുങ്കുമനിറമാന്ന കുതിരകളോടു ചേന്നവനും നല്ല രൂപഭംഗിയുള്ളവനും ഭാസമാനനും എപ്പോഴും മനോഹരനും ആയ ആ അഗ്നി, അന്നസമൃദ്ധമായ ഗൃഹമെന്നപോലെ സുഖകരങ്ങളായ എല്ലാ ദേവയജനസ്ഥാനങ്ങളെയും തന്നെ ഇഷ്ടപ്പെടുന്നു.

9 സചേതയന്മനുഷോയജ്ഞബന്ധുഃ

പ്രതംമഹ്യാരശനയാനയന്തി

സക്ഷേത്യസ്യദുര്യാസുസാധ

ന്ദേവോമത്തസ്യസധനിത്വമാപ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

യജ്ഞ–ബന്ധുഃ	—	യജ്ഞേ, അഗ്നിഹോത്രേ ബന്ധനം, വിനിയോജനം യസ്യ, സഃ
സഃ മനുഷഃ ചേതയൽ	—	അഗ്നിഃ കർമ്മണിപ്രവൃത്താൻ മനുഷ്യാൻ ജാനാതി
മഹ്യാ രശനയാ	—	മഹത്യാ, സ്തുതിരൂപയാ രജ്വായുക്തം
തം പ്ര നയന്തി	—	അഗ്നിം ഉത്തരവേദിഷ്വധ്വര്യാദയഃ പ്രക്ഷിപന്തി
മർത്യസ്യ അസ്യ	—	മനുഷ്യസ്യ യജമാനസ്യ
ദുര്യാസു സാധൻ	—	ഗൃഹേഷ്വഭീഷ്ടാനി സാധയൻ
സഃ ക്ഷേതി	—	അഗ്നിർവ്വസതി
(സഃ) ദേവഃ സധനി–ത്വം	—	യസ്യഗൃഹേനിവസതി, തേന ധനിനാ സാഹിത്യം
ആപ	—	പ്രാപ്നോതി (പ്രഭൂതംധനം യജമാനായ ദാപയിത്വാ തേന സഹിതോഭവൽ)

അർത്ഥം–അഗ്നിഹോത്രാദി യജ്ഞകർമ്മത്തിൽ വിനിയുക്തനാകുന്ന ആ അഗ്നി കർമ്മത്തിലേർപ്പെട്ട മനുഷ്യരെ, യജമാനന്മാരെ, അറിയുന്നു. മഹത്തായ സ്തുതിക്കയറിനാൽ ബദ്ധനായ അവിടുത്തെ അധ്വര്യു മുതലായവർ ഉത്തരവേദികളിൽ കൊണ്ടിരുത്തുന്നു. മനുഷ്യനായ യജമാനൻെറ ഗൃഹങ്ങളിൽ അഭീഷ്ടങ്ങൾ നിറവേററിക്കൊണ്ടു്, അവിടുന്നു് (അഗ്നി) വസിക്കുന്നു. ആ ദേവൻ യജമാനന്നു് മികച്ച ധനം കൊടുപ്പിച്ചുകൊണ്ടു്, അദ്ദേഹത്തോടുകൂടിയിരിക്കുന്നു.

10 സഋനോഅഗ്നിന്നയതുപ്രജാന
ന്നച്ഛാരത്നംദേവഭക്തംയദസ്യ
ധിയായദ്വിശ്വേഅമൃതാഅകൃണ്വ
ന്ദ്യൗഷ്പിതാജനിതാസത്യമുക്ഷൻ വ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

പ്ര-ജാനൻ സഃ അഗ്നിഃ	— സർവ്വം ജാനാനസ്സോഗ്നിഃ
ദേവ-ഭക്തം	— ദേവനശീലൈസ്തോതൃഭി സ്സംഭജനീയം
യൽ അസ്യ രത്നം	— യദുത്തമം ധനം തസ്യാസ്തി തൽ
അച്ഛ തു നഃ നയതു	— ആഭിമുഖ്യേന ക്ഷിപ്രമസ്മാൻ പ്രാപയതു
അമൃതാഃ വിശ്വേ	— മരണധർമ്മരഹിതാസ്സർവ്വേ ദേവാഃ
ധിയാ	— ഹവിർവ്വഹനലക്ഷണേന കർമ്മണാ ഹേതുനാ
യൽ അകൃണ്വൻ	— യമഗ്നിം ഹവിഷാം പ്രാപയിതാരമകുർവ്വൻ
(യസ്യചാഗ്നേഃ) ദ്യൗഃ	
പിതാ	— പാലയിത്രീ
ജനിതാ	— ജനയിത്രീച
സത്യം ഉക്ഷൻ	— യഥാർത്ഥഭൂതം തമഗ്നിം ഘൃതാ-ദ്യാഹുതിഭിഃ അധ്വര്യ്വാദയഃ സിഞ്ചന്തി

അർത്ഥം--എല്ലാമറിയുന്ന ആ അഗ്നി മന്ത്രപ്രകാശന്മാരായ സ്തോതാക്കളാൽ സേവ്യനായി ഉത്തമധനം യാതൊന്നവിടേയ്ക്കുണ്ടോ അതിനെ നമുക്ക നേരെ വേഗത്തിലെത്തിക്കട്ടെ. അമരന്മാരായ എല്ലാ ദേവന്മാരും ഹവിസ്സേന്തുന്ന കർമ്മം കാരണമായി ഏതഗ്നിയെ ഹവിസ്സെത്തിക്കുന്നവനാക്കിയോ, ഏതഗ്നിക്ക് ദ്യോവ്വ് അച്ഛനമമ്മയുമാണോ, ആ സത്യരൂപനായ അഗ്നിയെ അധ്വര്യു മുതലായവർ നെയ്യ മതലായവയുടെ ഹോമങ്ങളാൽ നനയ്ക്കുന്നു.

11 സജ്ജായതപ്രഥമഃപസ്ത്യാസു

മഹോബുധ്നേരജസോഅസ്യയോനൗ

അപാദശീർഷാഗുഹമാനോഅന്താ

യോയുവാനോവൃഷഭസ്യനീളേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

സഃ പ്രഥമഃ — അഗ്നിഃ ആഹവനീയാദി രൂപതയാ ശ്രേഷ്ഠസ്സൻ

പസ്ത്യാസു — യജമാനാനാം ഗൃഹേഷു

ജായത — ആഹുത്യധികരണതയാ സമ്പദ്യതേ

(തഥാ) മഹഃ അസ്യ

രജസഃ — മഹതഃ അന്തരിക്ഷസ്യ

ബുധ്നേ, യോനൌ — മൂലേ, പൃഥിവ്യാം, ഉത്തരവേദി സ്ഥാനേ സമ്പദ്യതേ

(സോഗ്നിഃ) അപാൽ,

അശീർഷാ — പാദവജ്ജിതഃ ശിരോവജ്ജിതഃ

ഗുഹമാനഃ — ആദ്യന്തേ ഗൂഹമാനഃ, അവിജ്ഞേയ പാദശിരാഃ

വൃഷഭസ്യ നീളേ — വർഷണസമത്ഥസ്യ മേഘസ്യ നിലയേ നഭസി

ആ–യോയുവാനഃ — ധൂമാകാരേണാത്മാനമായോ ജയൻ വത്തതേ

അത്ഥം–അവിടന്നു് (അഗ്നി) ആഹവനീയാദിരൂപത കൊണ്ടു ശ്രേഷ്ഠനായി, യജമാനന്മാരുടെ ഗൃഹങ്ങളിൽ ആഹുത്യാധാരമായി (ഹോമിയ്ക്കപ്പെടുവാൻ പാത്രമായി) ഉണ്ടാക്കപ്പെടുന്നു. പെരുതായ അന്തരിക്ഷത്തിൻെറ മൂലത്തിൽ, ഭൂമിയിൽ ഉത്തരവേദി മുതലായ സ്ഥാനത്തു് ഉളവാക്കപ്പെടുന്നു. ആ അഗ്നി കാലും തലയുമില്ലാത്തവനായി, തുടക്കം മുതൽ ഒടുക്കം വരെ തിരിച്ചറിയാൻ കഴിയാത്ത കാൽത്തലകളോടുകൂടിയവനായി, മഴ പെയ്യുന്ന മുകിലിൻെറ കൂടാരത്തിൽ, ആകാശത്തിൽ, പുകമൂടിയ ഉടലോടുകൂടി വത്തിക്കുന്നു.

12 പ്രശർധആത്തപ്രഥമംവിപന്യാ്
ഋതസ്യയോനാവൃഷഭസ്യനീളേ
സ്പാർഹോയുവാവപുഷ്യോവിഭാവാ
സപ്തപ്രിയാസോജനയന്തവൃഷ്ണേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

(ഹേ അഗ്നേ,) വിപന്യാ — സ്തുത്യായുക്തം
ഋതസ്യ യോനാ — ഉദകസ്യയോനൌ, സ്ഥാനേ
വൃഷഭസ്യ, നീളേ — വർഷകസ്യ മേഘസ്യനിലയേ,
അന്തരിക്ഷേ വൈദ്യുതാഗ്നി
രൂപേണ വർത്തമാനം ത്വാം
ശർധഃ പ്രഥമം പ്ര ആർത്ത — തേജഃ പ്രകർഷേണ ഗച്ഛതി
സ്പാർഹഃ, യുവാ — സർവ്വൈസ്സ്പൃഹണീയഃ,
നിത്യയുവാ
വപുഷ്യഃ, വിഭാ—വാ — കമനീയഃ, ദീപ്തിമാൻ
(തസ്മൈ) വൃഷ്ണേ — വർഷകായ അഗ്നയേ
പ്രിയാസഃ സപ്ത — പ്രിയാസ്സപ്തഹോത്രകാഃ
അജനയന്ത — സ്തോത്രമകുർവ്വൻ

അർത്ഥം—അല്ലയോ അഗ്നേ, സ്തുതിയോടുകൂടിയവനും, ജലസ്ഥാനത്തു്, മഴമുകിലിൻെറ ഇരിപ്പിടത്തിൽ, അന്തരിക്ഷത്തിൽ വൈദ്യുതാഗ്നിയായി വർത്തിക്കുന്നവനുമായ അവിടുത്തെ തേജസ്സ് മുഖ്യമായി പ്രാപിക്കുന്നു. അവിടുന്നു് എവരാലും ഇഷ്ടപ്പെടത്തക്കവനും സുന്ദരശരീരനും ഭാസമാനനുമാകുന്നു. അഭിമതവർഷകനായ ആ അഗ്നിക്കായി പ്രിയന്മാരായ ഏഴു് ഹോത്രകന്മാർ സ്തോത്രം ചെയ്തു, ചൊല്ലി.

13 അസ്മാകമത്രപിതരോമനുഷ്യാ
അഭിപ്രസേദുരൃതമാശുഷാണാഃ
അശ്മവ്രജാസ്സുദുഘാവവ്രേ അന്ത
രുദുസ്രാആജന്നുഷസോഹുവാനാഃ

അന്വയം:—

അത്ര (ലോകേപൂർവ്വേ)
മനുഷ്യാഃ — പൂർവ്വജാതാഃ
അസ്മാകം പിതരഃ — അങ്ഗിരസഃ
ഋതം ആശുഷാണാഃ — യജ്ഞമശ്നുവാനാസ്സന്തഃ
അഭി പ്ര സേദുഃ — അഗ്നിമഭിലക്ഷ്യ പ്രജഗ്മുഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(തേങ്ഗിരസഃ അഗ്നിപരിചര്യാബലാൽ)

അശ്മ–വ്രജാഃ	— പർവ്വതൈഃ പരിവൃതാഃ
വവ്രേ	— വൃണോതി, ആച്ഛാദയതീതി വവ്രം, പർവ്വതാന്തർവ്വർത്തിതമഃ
അന്തഃ	— മധ്യേസ്ഥിതാഃ
സു–ദുഘാഃ ഉസ്രാഃ	— സുഷ്ഠുദോഗ്ധ്രീഃ, പണിഭിരപഹൃതാഗാഃ
ഉഷസഃ ഹുവാനാഃ	— താഃ പ്രകാശാത്ഥമാഹ്വയന്തഃ
ഉൽ ആജൻ	— തസ്മാൽ ബിലാൽ നിർഗ്ഗമയൻ

അത്ഥം–ലോകത്തിൽ മുമ്പുമുമ്പുണ്ടായ നമ്മുടെ കാരണവന്മാരായ അംഗിരസ്സുകൾ യജ്ഞം പ്രാപിക്കുന്നവരായി, അഗ്നിയെ ലക്ഷ്യമാക്കി, തേടിപ്പോയി. അവർ അഗ്നിസേവാബലത്താൽ പർവ്വതങ്ങളാൽ ചുററപ്പെട്ട, പർവ്വതത്തിന്നുള്ളിൽ ഗുഹയുടെ ഇരുട്ടിൽപെട്ട, പണികളെന്ന അസുരന്മാരാൽ അപഹരിക്കപ്പെട്ട, കറവപ്പശുക്കളെ, വെളിച്ചത്തിന്നായി ഉഷസ്സുകളെ വിളിച്ചുകൊണ്ടു്, ഗുഹയിൽ നിന്നു് പുറത്തുകടത്തി.

14 തേമർമ്മൃജതദദൃവാംസോഅദ്രിം
തദേഷാമന്യേ അഭിതോവിവോചൻ
പശ്വയന്ത്രാസോ അഭികാരമർച്ചൻ
വിദന്തജ്യോതിശ്ചകൃപന്തധീഭിഃ

അന്വയം:–

തേ അദ്രിം	— അങ്ഗിരസഃ ഗവാം നിരോധകം പർവ്വതം
ദദൃ–വാംസഃ	— വിദാരയന്തസ്സന്തഃ
മർമ്മൃജത	— അഗ്നിംപര്യചരൻ
ഏഷാം തൽ	— അങ്ഗിരസാം തൽകർമ്മ
അന്യേ അഭിതഃ	— അന്യേഋഷയഃ സർവ്വത്രജഗതി
വി വോചൻ	— വിശേഷേണാകഥയൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പശവ-യന്ത്രാസഃ — പശൂനിഗ്ഗമനാത്ഥാനിയന്ത്രാണി ഉപായാഃ യേഷാംതേങ്ഗിരസഃ

കാരം — അഭിമതസ്യ പ്രയോജനസ്യ കത്താരമഗ്നിം

അഭി അച്ചൻ — അസ്തുവൻ

(തതസ്തമോപഹമാദിത്യാ

ഖ്യം) ജ്യോതിഃ വിദന്ത — അലഭന്ത

(തതഃ) ധീഭിഃ ചകൃപന്ത — ബുദ്ധിഭിഃ യജ്ഞാനകുവ്വൻ

അത്ഥം-ആ അംഗിരസ്സുകരം, പശുക്കളെ പണികരം തടഞ്ഞുവെച്ച പവ്വതത്തെ പിളക്കുന്നവരായി, അഗ്നിയെ സേവിച്ചു. അവരുടെ ആ കമ്മത്തെ മററു മഹഷിമാർ ലോകത്തിൽ മുഴവൻ നന്നായി പ്രശംസിച്ചു. പശുക്കളെ പുറത്തു കടത്താനുള്ള ഉപായങ്ങളോടുകൂടിയ അംഗിരസ്സുകരം അഭിമതകരനായ അഗ്നിയെ സ്തുതിച്ചു. അപ്പോരം ഇരുട്ടകററുന്ന ആദിത്യതേജസ്സ് അവക്കു് ലഭിച്ചു. പിന്നെ അവർ ബുദ്ധികളാൽ യജ്ഞങ്ങളനുഷ്ഠിച്ചു. (മാനസയജ്ഞം ചെയ്‌വാനേ അവക്കപ്പോരം സൌകര്യമുണ്ടായിരുന്നുള്ളു.)

15 തേഗവ്യതാമനസാദൃദ്ധ്രമുബ്ജം
ഗായേമാനംപരിഷന്തമദ്രിം
ദൃളഹംനരോവചസാദൈവ്യേന
വ്രജംഗോമന്തമുശിജോവിവവ്രുഃ വ. 14

അന്വയം:-

നരഃ ഉശിജഃ — കമ്മനേതാരഃ, അഗ്നിം കാമയമാനാഃ

തേ ഗവ്യതാ മനസാ — അങ്ഗിരസഃ ഗാ ഇച്ഛതാ മനസാ

ദൃധ്രം — ഗവാം നിഗ്ഗമനദ്വാര നിരോധകം

ഉബ്ജം — സംഹതം, ഗോഭിഃ പൂണ്ണം വാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗാഃ ശയമാനം	—	നിയച്ഛന്തം
പരി സന്തം	—	സവ്വതോ വത്തമാനം
ദൃള്ഹം ഗോ–മന്തം	—	ഗോഭിര്യുക്തം
വ്രജം അദ്രിം	—	ഗവാം സ്ഥാനം പവ്വതം
ദൈവ്യേന വചസാ	—	അഗ്നിവിഷയേണ വേദാത്മകേന സ്തോത്രേണ
വി വവ്രുഃ	—	ഗോ നിഗ്ഗമനാത്ഥ മുൽഘാടിതവന്തഃ

അത്ഥം–കമ്മനേതാക്കളും അഗ്നിയെ ഇഷ്ടപ്പെടുന്ന, ഉപാസിക്കുന്നവരുമായ ആ അംഗിരസ്സുകരാ, പശുക്കളെ വീണ്ടുകിട്ടാനിച്ഛിക്കുന്ന മനസ്സോടുകൂടി, പശുക്കരാക്ക് പുറത്തു കടക്കാനുള്ള വഴിമുടക്കിനെ, പശുക്കരാ നിറഞ്ഞു് അങ്ങുമിങ്ങും നില്ക്കുന്ന തൊഴുത്തായ മലയെ, അഗ്നിവിഷയമായ വേദമന്ത്രം ചൊല്ലി അവയ്ക്കു പുറത്തു കടക്കാൻവേണ്ടി തുറന്നു.

16 തേമ്നവതപ്രഥമംനാമധേനോ
സ്ത്രിസ്സപ്തമാതുഃപരമാണിവിന്ദൻ
തജ്ജാനതീരഭ്യനൂഷതവ്രാ
ആവിർഭുവദരുണീര്യശസാഗോഃ

അന്വയം:–

(ഹേ അഗ്നേ,) തേ	—	(സ്തോത്രം കുവ്വാണാഃ) അങ്ഗിരസഃ
മാതുഃ ധേനോഃ	—	ജനന്യാ ധേനോഃ വാചസ്സംബന്ധി
നാമ	—	സ്തുതിസാധകം ശബ്ദമാത്രം
പ്രഥമം മനവത	—	പൂവ്വമജാനത
(പശ്ചാത്തസ്യാ വാചഃ സംബന്ധീനി)		
ത്രിഃ സപ്ത	—	ഏകവിംശതി സംഖ്യാകാനി ഛന്ദാംസി, ഗായത്ര്യാദീനി ജഗത്യന്താനി സപ്ത; അതിജഗത്യാദീനി അതിധൃത്യന്താനി സപ്ത; കൃതി പ്രഭൃതീന്യുൽകൃതി പര്യന്താനി സപ്ത. ഏവം ത്രിഃ സപ്ത ഛന്ദാംസി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരമാണി വിന്ദൻ — ഉത്തമാന്യ ലഭന്ത (ഏവം വിധ ച്ഛന്ദോയുക്തൈഃ മന്ത്രൈരഗ്നി മസ്തുവൻ)
തൽ ജാനതീഃ — തതസ്സർവ്വം ജാനാനാഃ
പ്രാഃ അഭി അനൂഷത — ഉഷസഃ അസ്തുവൻ
(തതഃ) ഗോഃ യശസാ — സൂര്യസ്യതേജസാസഹ
അരുണീഃ ആവിഃ ഭുവൽ — അരുണവർണ്ണോഷാഃ ആവിരഭൂൽ

അർത്ഥം–അല്ലയോ അഗ്നേ, അവിടത്തെ സ്തുതിക്കുന്ന അംഗിരസന്മാർ, അമ്മയായ പശുവിൻെറ രവം സംബന്ധിച്ച ശബ്ദമാത്രമായ സ്തുതിയാണാദ്യമറിഞ്ഞിരുന്നത്. പിന്നെ ആ ശബ്ദത്തിൽ നിന്ന് ഇരുപത്തൊന്ന് ഛന്ദസ്സുകൾ ഉത്തമങ്ങളായി നേടി. (ഗായത്രി, ഉഷ്ണിക്, അനുഷ്ടുപ്, ബൃഹതി, പംക്തി, ത്രിഷ്ടുപ്, ജഗതി എന്നിങ്ങനെ ഏഴും; അതിജഗതി, ശക്വരി, അതിശക്വരി, അഷ്ടി, അത്യഷ്ടി, ധൃതി, അതിധൃതി എന്നിങ്ങനെ ഏഴും; കൃതി, പ്രകൃതി, ആകൃതി വികൃതി, സംസ്കൃതി, ഉദ്ധൃതി, ഉൽകൃതി എന്നിങ്ങനെ ഏഴും കൂടി ഇരുപത്തൊന്ന്.) അപ്രകാരമുള്ള ഛന്ദസ്സുകളോടു കൂടിയ മന്ത്രങ്ങളാൽ അഗ്നിയെ സ്തുതിച്ചു. പിന്നെ എല്ലാമറിയുന്ന ഉഷസ്സുകളെയും സ്തുതിച്ചു. അപ്പോഴാണ്, സൂര്യൻെറ തേജസ്സോടുകൂടി ഇളം ചുകപ്പാൻ ഉഷസ്സുകളാവിർഭവിച്ചത്.

17 നേശത്തമോദുധിതംരോചതദ്യൌ
രുദ്ദേവ്യാഉഷസോഭാനരർത്ത
ആ സൂര്യോബൃഹതസ്തിഷ്ഠദജ്രാ
ഋജ്ജുമർത്തേഷുവൃജിനാചപശ്യൻ

അന്വയം:–
തമഃ ദുധിതം — രാത്രികൃതംധ്വാന്തം പ്രാതരഗ്നി വിഹരണകാലേ ഉഷസാ പ്രേരിതം സൽ
നേശൽ — അനശ്യത
(തതഃ) ദ്യൌഃ രോചത — അന്തരിക്ഷമദീപ്യത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവ്യാഃ ഉഷസഃ ഭാനുഃ	— ദേവനശീലായാഃ ഉഷസഃ പ്രഭാ
ഉൽ അർത്ഥ	— ഉൽ ഗച്ഛതി
(അഥ) സൂര്യഃ ബൃഹതഃ	
അജ്രാൻ	— മഹതഃ ഗമനശീലാൻ രശ്മീൻ
മർത്തേഷു ഋജ്ജൂ	— മനുഷ്യേഷ്വവിദ്യമാനം സൽകർമ്മ
വൃജിനാ ച പശ്യൻ	— വൃജിനാനി, അനൃജൂനി, അസൽ കർമ്മാണി ച പശ്യൻ
ആ തിഷ്ഠൽ	— അധ്യതിഷ്ഠൽ

അർത്ഥം-രാവുണ്ടാക്കിയ ഇരുട്ട്, അഗ്നിതെളിഞ്ഞു വില സുന്ന കാലത്തിൽ, പ്രഭാതത്തിൽ, ഉഷസ്സിനാൽ പറഞ്ഞയയ്ക്ക പ്പെട്ടടങ്ങി. അപ്പോൾ അന്തരിക്ഷം പ്രകാശിച്ചു. പ്രകാശ ശീലമുററ ഉഷസ്സിൻെറ പ്രഭ ഉയർന്നുവരുകയായി. പിന്നെ സൂര്യൻ മഹത്തുക്കളായ രശ്മികൾ ചിതറി മനുഷ്യരുടെ ഇടയി ലെ നേർവഴിക്കുള്ള സൽകർമ്മവും നേർവഴിവിട്ട ദുഷ്കർമ്മവും നോക്കിക്കണ്ടുകൊണ്ട്, അധിഷ്ഠാനം ചെയ്തു, നിന്നു. (സൂര്യ ൻെറ കർമ്മസാക്ഷിത്വം വേദശാസ്ത്രപ്രസിദ്ധമാണ്.)

18 ആദിൽപശ്ചാബുബുധാനാവ്യഖ്യ

ന്നാദിദ്രത്നംധാരയന്തദ്യുഭക്തം

വിശ്വേവിശ്വാസുദുര്യാസുദേവാ

മിത്രധിയേവരുണസത്യമസ്തു

അന്വയം:—

ആൽ ഇൽ	— സൂര്യോദയാനന്തരം
ബുബുധാനാഃ	— പണിഭിരപഹൃതാഃ, നിരോധാ ന്നിർഗ്ഗതാഗാജാനാനാഃ
പശ്ചാ വി അഖ്യൻ	— പൃഷ്ഠദേശേഷു അങ്ഗിരസഃ അശേഷേണ താഃ ഗാഃ അപശ്യൻ
(തഥാ) ആൽ ഇൽ	
ദ്യു-ഭക്തം	— അനന്തരം ദീപ്തിയുക്തം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രത്നം	— പണിഭിരപഹൃതം ഗോമയം ധനം
ധാരയന്ത	— അധാരയൻ
(ലബ്ധഗോധനാനാ- മങ്ഗിരസാം) വിശ്വാസു	
ദുര്യാസു	— സർവ്വേഷു ഗൃഹേഷു
വിശ്വേ ദേവാഃ	— സർവ്വേയജനീയാദേവാഃ ആജഗ്മുഃ
ഹേ മിത്ര, വരുണ	— മിത്രഭൂത, ദുരിതനിവാരകാഗ്നേ
ധിയേ സത്യം അസ്തു	— കർമ്മണാം കർത്രേ തവാനുഗ്രഹം യഥാർത്ഥമസ്തു

അർത്ഥം—സൂര്യോദയത്തിന്നുശേഷം, പണികളാൽ അപഹരിക്കപ്പെട്ടു് തടഞ്ഞുവെച്ചിരുന്ന പശുക്കൾ പുറത്തുവന്നതറിഞ്ഞ അംഗിരസന്മാർ, പിൻപുറങ്ങളിൽ ഒന്നൊഴിയാതെ എല്ലാ പശുക്കളെയും കണ്ടു. അനന്തരം അവർ പ്രകാശമാനമായ പശുധനം ധരിച്ചു, നേടി. പശുധനം വീണ്ടുകിട്ടിയ അംഗിരസന്മാരുടെ എല്ലാ ഗൃഹങ്ങളിലും യജനീയരായ എല്ലാ ദേവന്മാരും ചെന്നു. അല്ലയോ ചങ്ങാതിയായവനും പാപമകററുന്നവനുമായ അഗ്നേ, കർമ്മകർത്താവിന്നു് അവിടുത്തെ അനുഗ്രഹം ഫലഭൂതമായി, യഥാർത്ഥമാകട്ടെ.

19 അച്ഛാവോചേയശുശുചാനമഗ്നിം
ഹോതാരംവിശ്വഭരസംയജിഷ്ഠം
ശുച്യൂധോഅതൃണന്നഗവാ
മന്ധോനപൂതംപരിഷിക്തമംശോഃ

അന്വയം:—

(ഹേ അഗ്നേ,) ശുശുചാനം	— ദീപ്യമാനം
ഹോതാരം, യജിഷ്ഠം	— ദേവാനാമാഹ്വാതാരം യഷ്ട്യതമം
വിശ്വ-ഭരസം	— ആഹുതിദ്വാരാ വൃഷ്ടിപ്രദാനേന വിശ്വസ്യപോഷകം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഗ്നിം അച്ഛ വോചേയ — ത്വാം സ്തൌമി
ഗവാം ഊധഃ ശുചി — ശുദ്ധം പയഃ
ന അത്യണൽ — തവാഹുത്യർത്ഥം യജമാനോ ന ദോഗ്ധി
അംശോഃ — സോമലതാ ഖണ്ഡസ്യ സംബന്ധി
അന്ധഃ പൂതം — രസാഖ്യമന്നം ദശാപവിത്രേണ ശോധിതംസൽ
ന പരി–സിക്തം — ഗ്രഹേഷു ന പ്രക്ഷിപ്തം
(കിംതു അനേന യജമാനേന സ്തുതിരേവ ക്രിയതേ)

അർത്ഥം—അല്ലയോ അഗ്നേ, ഭാസമാനനും ഏററവും യഷ്ടാവും ദേവന്മാരെ വിളിക്കുന്നവനും, ആഹുതികൊണ്ടു മഴ പെയ്യിയ്ക്കുകവഴി ജഗത്തിന്നു പോഷകനുമായ അഗ്നിയായ അവിടുത്തെ ഞാൻ നേരെ സ്തുതിക്കുന്നു. പശുവിൻെറ ശുദ്ധമായ പാൽ അവിടേയ്ക്കു ഹോമിക്കാനായി യജമാനൻ കറക്കുന്നില്ല. സോമലതാ ശകലത്തിൻെറ ചാററായ ഹവിസ്സ് ദശാപവിത്രത്താൽ അരിച്ച് ഗ്രഹങ്ങളിൽ ഒഴിക്കുന്നില്ല. പിന്നെയൊ, യജമാനനായ ഈയുള്ളവനാൽ സ്തുതിമാത്രം ചൊല്ലപ്പെടുന്നു. (ഹോമാദികർമ്മങ്ങളേക്കാരം സ്തോത്രത്തിന്നു കുറവില്ലെന്നു കാണിക്കുന്നു.)

20 വിശ്വേഷാമദിതിര്യജ്ഞിയാനാം
വിശ്വേഷാമതിഥിർമ്മാനുഷാണാം
അഗ്നിർദ്ദേവാനാമവ ആവൃണാന
സ്സുമൃളീകോഭവതുജാതവേദാഃ വ 15

അന്വയം:—

(അയമഗ്നിഃ) വിശ്വേഷാം — സർവ്വേഷാം
യജ്ഞിയാനാം അദിതിഃ — യജ്ഞാർഹാണാം ദേവാനാം മാതൃതുല്യതയാ പോഷകഃ
(തഥാ) വിശ്വേഷാം
മാനുഷാണാം — മനുഷ്യാണാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതിഥിഃ	— അതിഥിവൽ പൂജ്യഃ
ദേവാനാം	— ദേവനശീലാനാം സ്തോതൄണാം
അവഃ ആ-വൃണാനഃ	— അന്നം, ഹവിഃ സംഭജൻ
ജാത-വേദാഃ അഗ്നിഃ	— സർവ്വജ്ഞോഗ്നിഃ
സു-മൃളീകഃ ഭവതു	— സുഖകരോ ഭവതു

അർത്ഥം—ഈ അഗ്നി യജ്ഞാർഹന്മാരായ എല്ലാ ദേവന്മാക്കും അമ്മയ്ക്കു തുല്യമായി പോഷകനാകുന്നു. അതുപോലെ എല്ലാ മനുഷ്യക്കും അതിഥിപോലെ പൂജ്യനാകുന്നു. മന്ത്രസിദ്ധി കൊണ്ട് തെളിവുററ സ്തോതാക്കളുടെ ഹവിരന്നം കൈക്കൊള്ളുന്നവനും സർവ്വജ്ഞനുമായ അഗ്നി സുഖകരനായി ഭവിക്കട്ടെ.

വർഗ്ഗം —16 —17—18 —19.—ത്രിഷ്ടപ്ഛന്ദഃ അഗ്നിർദ്ദേവതാ.

1 യോമർത്ത്യേഷ്വമൃതഋതാവാ

ദേവോദേവേഷ്വരതിർന്നിധായി

ഹോതായജിഷ്ഠോമഹ്നാശുചദ്ധ്യൈ

ഹവ്യൈരഗ്നിർമ്മനുഷഈരയദ്ധ്യൈ

അന്വയം:—

അമൃതഃ യഃ	— മരണ ധർമ്മരഹിതഃ യോഗ്നിഃ
മർത്ത്യേഷു ഋത-വാ	
നി-ധായി	— മനുഷ്യേഷു സത്യവാൻ നിഹിതഃ
ദേവഃ (യഃ) ദേവേഷു	— ഇന്ദ്രാദിഷു
അരതിഃ	— ദേവലോകമഭിഗന്താ നിധായി
(സച) ഹോതാ,	
യജിഷ്ഠഃ അഗ്നിഃ	— ദേവാനാമാഹ്വാതാ, യഷ്ടൃതമോഗ്നിഃ
മഹ്നാ	— സ്വകീയേന മഹതാ തേജസാ
ശുചദ്ധ്യൈ	— ദീപിതുമുത്തരവേദ്യാം നിഹിതഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(കിംച) ഹവ്യൈഃ	—	ഹവനീയൈരാജ്യപുരോഡാശാദിഭിർഹവിർഭിഃ
മനുഷഃ ഈരയധ്യൈ	—	മനുഷ്യസ്യ സ്വർഗ്ഗം പ്രതി പ്രേരണായ നിഹിതഃ

അർത്ഥം—അമരനായ യാതൊരഗ്നി മനുഷ്യരിൽ സത്യവാനായി, യഥാർത്ഥ ഫലപ്രദനായി ആഹിതനാണോ, വെക്കപ്പെട്ടിട്ടുണ്ടോ, ദേവനായ യാതൊരഗ്നി ഇന്ദ്രാദിദേവന്മാരിൽ, ദേവലോകത്തിൽ, പോകുന്നവനായി നിഹിതനാണോ, ദേവന്മാരെ വിളിക്കുന്നവനും ഏററവും യഷ്ടാവുമായ ആ അഗ്നി സ്വന്തം മഹത്തായ തേജസ്സാൽ, ജ്വലിക്കാനായി ഉത്തരവേദിയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. കൂടാതെ ഹോമിക്കേണ്ടുന്ന നെയ്യ് പുരോഡാശം മുതലായ ഹവിസ്സുകളാൽ (അവ സ്വീകരിച്ച് തൃപ്തനായി) മനുഷ്യനെ സ്വർഗ്ഗത്തിലേക്കുയർക്കുന്നതിന്നായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു.

2 ഇഹത്വംസൂനോസഹസോനോ അദ്യ
ജാതോജാതാ്ഉഭയാ്അന്തരഗ്നേ
ദൂതഈയസേയുയുജാനഋഷ്വ
ഋജ്രമുഷ്കാന്വൃഷണശ്ശുക്രാംശ്ച

അന്വയം:—

ഹേ ഋഷ്വ, സഹസഃ സൂനോ, അഗ്നേ	—	ദർശനീയ, ബലസ്യപുത്രാഗ്നേ,
അദ്യ നഃ ഇഹ	—	അസ്മിൻ ദിവസേസ്മദീയേ കർമ്മണി
ജാതഃ	—	ആധാനപവമാനേഷ്ടിഭിസ്സംസ്കൃതഃ
ത്വം ജാതാൻ ഉഭയാൻ അന്തഃ	—	ഉൽപന്നാൻ ദേവമനുഷ്യാൻ, തേഷാമുഭയേഷാം മദ്ധ്യേ
ദൂതഃ ഋജ്ര—മുഷ്കാൻ	—	ദൂതസ്സൻ പ്രസാധകാൻ മാംസളാൻ താൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൃഷണഃ	— രേതസ്സേചനസമത്ഥാൻ
ശുക്രാൻ ച യുയുജാനഃ	— ദീപ്യമാനാനശ്വാൻ സ്വരഥേയോജയൻ
ഈയസേ	— ഹവീംഷിദേവാൻ പ്രാപയിതും ഗച്ഛസി

അത്ഥം—അല്ലയോ ദശ്നീയനും ബലപുത്രനുമായ അഗ്നേ, ഇന്നു ഞങ്ങളുടെ കമ്മത്തിൽ ആധാനപവമാനേഷ്ടികളാൽ സംസ്കൃതനായ അവിടുന്ന് (ദ്യോവിലും ഭൂവിലും) പിറവിപൂണ്ട ദേവന്മാരെയും മനുഷ്യരെയും, അവക്കിടയിൽ ദൂതനായി, വഹനസാമത്ഥ്യമുള്ളവയും മാംസക്കൊഴുപ്പുള്ളവയും യുവപ്രായങ്ങളും പ്രകാശിക്കുന്നവയുമായ കുതിരകളെ സ്വന്തം തേരിൽ പൂട്ടി, ഹവിസ്സ് ദേവന്മാക്കെത്തിക്കുവാൻ പോകുന്നു.

3 അത്യാവൃധസ്നൂരോഹിതാഘൃതസ്നൂ
ഋതസ്യമന്യേമനസാജവിഷ്ഠാ
അന്തരീയസേഅരുഷായുജാനോ
യുഷ്മാംശ്ചദേവാൻവിശആചമത്താൻ

അന്വയം:—

(ഹേ അഗ്നേ,) ഋതസ്യ	— സത്യഭൂതസ്യ തവസംബന്ധിനൌ
മനസാ ജവിഷ്ഠാ	— മനസോപി വേഗവത്തമൌ
വൃധ—സ്നൂ	— വൃധമന്നം, തൽക്ഷരന്തൌ
ഘൃത—സ്നൂ	— ഘൃതമുദകം തൽക്ഷരന്തൌ
രോഹിതാ അത്യാ മന്യേ	— രോഹിതവണ്ണാവശ്വൌസ്തൌമി
അരുഷാ	— ആരോചമാനൌ താവശ്വൌ
യുജാനഃ	— രഥേയുഞ്ജമാനസ്ത്വം
യുഷ്മാൻ	— ദേവേഷ്വഗ്നേരന്തർഭാവാൽ യജനീയരൂപേണകീത്തനം
ദേവാൻ ച	— ഇന്ദ്രാദീംശ്ച

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിശഃ മർത്താൻ ച അന്തഃ
ആ ഈയസേ — പരിചാരകാൻ മനുഷ്യാംശ്ച
തേഷാംമദ്ധ്യേ, സമന്താൽ
സ്വീകർത്തും യജമാനാൻ,
ഗച്ഛസി (ഷഷ്ഠ്യർത്ഥേദ്വിതീയാ)

അർത്ഥം—അല്ലയോ അഗ്നേ, സത്യഭൂതനായ അവിടുത്തെ സംബന്ധിച്ചവയും മനസ്സിനേക്കാൾ എത്രയോ വേഗമുററവയും അന്നവും ജലവും ഒഴുക്കുന്നവയുമായ അവിടുത്തെ ചെങ്കുതിരകളെ ഞാൻ സ്തുതിക്കുന്നു. പ്രകാശമിയന്ന ആ കുതിരകളെ തേരിൽ പൂട്ടിക്കൊണ്ട് അവിടുന്നുൾപ്പെട്ട ദേവന്മാരുടെയും മദ്ധ്യത്തിൽ ഹവിസ്സുമുഴുമൻ സ്വീകരിപ്പാൻ അവിടുന്ന് അവരെ സേവിക്കുന്ന മനുഷ്യരുടേയും യജമാനന്മാരെ പ്രാപിക്കുന്നു.

4 അര്യമണംവരുണംമിത്രമേഷാ
മിന്ദ്രാവിഷ്ണൂമരുതോ അശ്വിനോത
സ്വശ്വോഅഗ്നേസുരഥസ്സുരാധാ
എദുവഹസുഹവിഷേജനായ

അന്വയം:—

ഹേ അഗ്നേ, സു—അശ്വഃ — ശോഭനാശ്വോപേതഃ
സു—രഥഃ, സു—രാധാഃ — ശോഭനരഥഃ ശോഭനധനസ്ത്വം
ഏഷാം — മർത്ത്യാനാം മദ്ധ്യേ
സു—ഹവിഷേ ജനായ — ശോഭനഹവിഷ്കായ യജമാനായ
അര്യമണം, വരുണം, മിത്രം,
ഇന്ദ്രാവിഷ്ണൂ, മരുതഃ ഉത
അശ്വിനാ — അശ്വിനൌ ച യഷ്ടവ്യാൻ
ദേവാൻ
ആ വഹ ഇൽ ഉ — ആവഹൈവ

അർത്ഥം—അല്ലയോ അഗ്നേ, നല്ല കുതിരയോടും നല്ല തേരോടും നല്ല ധനത്തോടും കൂടിയ അവിടുന്ന് മനുഷ്യരുടെ ഇട

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യിൽ നല്ല ഹവിസ്സേകുന്ന യജമാനനുവേണ്ടി യഷ്ടവ്യന്മാരായ അര്യമാവിനേയും വരുണനെയും മിത്രനെയും ഇന്ദ്രവിഷ്ണുക്കളെയും മരുത്തുക്കളെയും പിന്നെ അശ്വികളെയും വിളിക്കുക തന്നെ ചെയ്യാലും.

5 ഗോമാംഅഗ്നേവിമാംഅശ്വീയജ്ഞോ
നൃവൽസഖാസദമിദപ്രമൃഷ്യഃ
ഇളാവാംഏഷോഅസുരപ്രജാവാ
ന്ദീഘോരയിഃപൃഥുബുധ്നസ്സഭാവാൻ വ. 16

അന്വയം:-

ഹേ അസുര, അഗ്നേ, — ബലവന്നഗ്നേ,
ഏഷഃ യജ്ഞഃ — മദീയഃ അയംയജ്ഞഃ
ഗോ—മാൻ, അവി—മാൻ,
അശ്വീ — പശുമാൻ, മേഷവാൻ
അശ്വോപേതഃ
നൃവൽ—സഖാ — നരഃ കർമ്മണാം നേതാരഃ, അധ്വ
ര്യ്വാദയഃ, സഖായഃ, അനുഷ്ഠാ
താരഃ, യജമാനാഃ യസ്യസ:
സദം ഇൽ അപ്ര—മൃഷ്യഃ — സദൈവ തദ്വാൻ
അപ്രധൃഷ്യശ്ചാസ്തു
(തഥാ) ഇളാ—വാൻ — ഹവിർല്ലക്ഷണാന്നവാൻ
പ്രജാ—വാൻ — പുത്രപൌത്രാദിയുക്തശ്ചാസ്തു
ദീഘഃ,രയിഃ — അവിച്ഛിന്നാനുഷ്ഠാനോപേതഃ,
ധനവാൻ
പൃഥു-ബുധ്നഃ — പൃഥൂനി, ബഹൂനി ബുധ്നാ
ദീനി യസ്യസഃ
സഭാ—വാൻ — ഉപദ്രഷ്ട്യരൂപ സഭായുക്തശ്ചാസ്തു

അർത്ഥം:—അല്ലയോ ബലവാനായ അഗ്നേ, എന്റെ ഈ യജ്ഞം പശുവോടും, ആടോടും, കുതിരയോടും കൂടിയതായി, കർമ്മനേതാക്കളായ അധ്വര്യു മുതലായവരോടും അനുഷ്ഠാതാക്ക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ളായ യജമാനന്മാരോടും ചേർന്നതായി, ആരാലും ധർഷിക്കപ്പെടാത്തതായി ഭവിക്കട്ടെ. അതുപോലെ ഹവിരന്നത്തോടു കൂടിയ ഈ യജ്ഞം പുത്രപൌത്രഫലയുക്തമാവട്ടെ. ഇതു്, മുടക്കം കൂടാത്ത അനുഷ്ഠാനം കൊണ്ടു് ധനവത്താകട്ടെ, ധനഫലമാകട്ടെ. ഉൾക്കാഴ്ചയുള്ളവരുടെ സദസ്സോടുകൂടിയതാവട്ടെ.

6 യസ്ത ഇധ്മം ജഭരത്സിഷ്വിദാനോ
മൂർധാനം വാ തതപതേ ത്വായാ
ഭുവസ്തസ്യ സ്വതവാഃ പായുരഗ്നേ
വിശ്വസ്മാത്സീമഘായത ഉരുഷ്യ

അന്വയം:-

ഹേ അഗ്നേ, തേ യഃ — ത്വദർത്ഥം യഃ പുമാൻ
സിഷ്വിദാനഃ — സ്വിദ്യൽഗാത്രസ്സൻ
ഇധ്മം ജഭരത് — ത്വൽസമിന്ധനാർത്ഥം കാഷ്ഠഭാരമാഹരതി
(യഃ) വാ ത്വാ-യാ — ത്വൽ കാമനയാ
മൂർധാനം തതപതേ — സ്വമസ്തകം കാഷ്ഠഭാരേണ താപയതി
തസ്യ സ്വ-തവാൻ ഭുവഃ — ധനവാൻ ഭവസി
പായുഃ — പാലയിതാസി
സീം വിശ്വസ്മാൽ — ഏനം സർവ്വസ്മാൽ
അഘ-യതഃ ഉരുഷ്യ — പാപമിച്ഛതഃ പുരുഷാൽ രക്ഷ

അർത്ഥം—അല്ലയോ അഗ്നേ, അവിടേക്കുവേണ്ടി ഏതൊരാൾ ശരീരം വിയർത്തു്, അവിടുത്തെ പ്രജ്വലിപ്പിക്കാനായി മേലേറി നുറുങ്ങുകൾ സംഭരിക്കുന്നുവോ, അല്ലെങ്കിൽ ഏവൻ അവിടുത്തെ (അനുഗ്രഹം) ഇച്ഛിച്ചു് തലയിൽ നുറുങ്ങുകൾ ചുമന്നു് കഷ്ടപ്പെടുന്നുവോ, അവന്നവിടുന്നു് ധനവാനായി (ധനദാതാവായി) ഭവിക്കുന്നു; രക്ഷിതാവായി ഭവിക്കുന്നു. അവനെ പാപേച്ഛുവായ മുഴുവൻ ദ്രോഹിയിൽ നിന്നു രക്ഷിച്ചാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

7 യസ്തേഭരാദന്നിയതേചിദന്നം

നിശിഷന്മന്ദ്രമതിഥിമുദീരൽ

ആദേവയുരിനധതേദുരോണേ

തസ്മിന്രയിർധ്രുവോഅസ്തുദാസ്വാൻ

അന്വയം:—

(ഹേ അഗ്നേ) യഃ

അന്നി-യതേ	— അന്നമിച്ഛതേ
തേ അന്നം ഭരാൽ	— തുഭ്യം പുരോഡാശാദി ഹവിഃ ദാതും ബിഭ്രയാൽ
ചിൽ (യശ്ച) മന്ദ്രം	— മദകരം സോമം (ചില്ലാർത്ഥേ)
നി–ശിഷൻ	— നിതരാം പ്രയച്ഛതി
(യശ്ച) അതിഥിം	— അതിഥിവൽപൂജ്യം ത്വാം
ഉൽ–ഈരൽ	— ഉത്തരവേദ്യാം പ്രണയതി
ആ (യശ്ച) ദേവ-യുഃ	— അപിച ദേവം ത്വാം കാമയമാനഃ
ദുരോണേ ഇനധതേ	— ഗൃഹേ ത്വാം സമിൽഭി സ്സമിന്ധതേ
തസ്മിൻ രയിഃ	— ഏതസ്മിൽ പുരുഷേ പുത്രഃ
ധ്രുവഃ അസ്തു	— ആസ്തിക്യബുദ്ധ്യാ വൈദിക മാർഗ്ഗേ നിശ്ചലഃ ഭവതു
(തഥാ) ദാസ്വാൻ	— ഔദാര്യോപേതശ്ചാസ്തു

അർത്ഥം—അല്ലയോ അഗ്നേ, ഏവൻ, അന്നമിച്ഛിക്കുന്ന അവിടേയ്ക്കുവേണ്ടി പുരോഡാശാദി ഹവിസ്സു നല്കാൻ ഒരുക്കുന്നുവോ, ഏവൻ ഹർഷകരമായ സോമവും നന്നായി തരുന്നുവോ, ഏവൻ അതിഥിപോലെ വന്ദ്യനായ അവിടുത്തെ ഉത്തരവേദിയിലേയ്ക്കാനയിക്കുന്നുവോ, ഏവൻ ദേവനായ അവിടുത്തെ (അനുഗ്രഹം) കാമിക്കുന്നവനായി, സ്വഗൃഹത്തിൽ ചമതകൾ കൊണ്ടു് പ്രോജ്ജ്വലിപ്പിക്കുന്നുവോ, അവന്റെ പുത്രൻ ആസ്തിക്യബുദ്ധികൊണ്ടു് വൈദികമാർഗ്ഗത്തിൽ ദൃഢമായി ചരിക്കുന്നവനും ഔദാര്യവാനുമാകട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

8 യസ്ത്വാദോഷായഉഷസിപ്രശംസാൽ
പ്രിയംവാത്വാകൃണവതേഹവിഷ്മാൻ
അശ്വോനസ്വേദമേ ആഹേമ്മ്യാവാ
ന്ത്വമംഹസഃപീപരോദാശ്വാംസം

അന്വയം–

(ഹേ അഗ്നേ) യഃ

ദോഷാ ത്വാ	—	ദോഷായാം, രാത്രൌ ത്വാം
പ്ര–ശംസാൽ	—	സംസ്തുയാൽ
യഃ (ച) ഉഷസി	—	(ത്വാം പ്രശംസേൽ)
ഹവിഷ്മാൻ വാ	—	സംഭൃതഹവിഷ്ക്ഃ യോവാ യജമാനഃ
ത്വാ പ്രിയം കൃണവതേ	—	ത്വാം ഹവിർഭിഃ പ്രീതം കുര്യാൽ
ആ ദാശ്വാംസം തം	—	അഥ ഹവിർത്തവന്തം യജമാനം
സ്വേ ദമേ ഹേമ്യാ–വാൻ	—	സ്വകീയേ ഗൃഹേ സുവർണ്ണ നിർമ്മിതകക്ഷ്യാവാൻ
അശ്വഃ ന	—	അശ്വഇവസഞ്ചരംസ്ത്വം
അംഹസഃ പീപരഃ	—	പാപരൂപാദ്ദാരിദ്ര്യാൽ പാരം നയത (തസ്മൈയജമാനായ ബഹുധനം പ്രയച്ഛ)

അത്ഥം–അല്ലയോ അഗ്നേ, ഏവൻ രാത്രിയിൽ അവിടത്തെ സ്തുതിക്കുമോ, ഏവൻ പ്രഭാതത്തിൽ സ്തുതിക്കുമോ, ഹവിസ്സേന്തി ഏതു യജമാനൻ അവിടത്തെ ആ ഹവിസ്സുകളാൽ പ്രീതനാക്കുമോ, ആ ഹവിർദ്ദാതാവായ യജമാനനെ സ്വന്തം ഗൃഹത്തിൽ ഒരു സ്വർണ്ണജീനിയുററ കുതിരപോലെ നടക്കുന്ന അവിടുന്നു്, പാപരൂപമായ ദാരിദ്ര്യത്തിൽ നിന്നു് (ധാരാളം ധനം നല്കി) കരകയററിയാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

9 യസ്തുഭ്യമഗ്നേഅമൃതായദാശ

ദ്ദുവസ്ത്വേകൃണവതേയതസ്രുക്

നസരായാശ്ശശമാനോവിയോഷ

ന്നൈനമംഹഃപരിവരദഘായോഃ

അന്വയം:-

ഹേ അഗ്നേ, യഃ — യജമാനഃ
അമൃതായ തുഭ്യം — മരണധർമ്മരഹിതായതുഭ്യം
ദാശൽ — ഹവീംഷിപ്രയച്ഛേൽ
യത-സ്രുക് ത്വേ — യശ്ച സംയതസ്രുക് ത്വയി
ദുവഃ കൃണവതേ — പരിചര്യാം കരോതി
ശശമാനഃ സഃ — സ്തോത്രം കുർവ്വാണസ്സയജമാനഃ
രായാ ന വി യോഷൽ — ധനേന ന പൃഥക് ഭവേൽ
അഘ-യോഃ — പാപമിച്ഛതോഹിംസകസ്യ സംബന്ധി
അംഹഃ ഏനം ന പരി വരൽ — ആഹനനം പാപം ന പരിവൃണയാൽ, ന സ്പൃശേൽ

അർത്ഥം-അല്ലയോ അഗ്നേ, ഏതു യജമാനൻ അമരനായ അവിടേയ്ക്കുവേണ്ടി ഹവിസ്സുകളേകുമോ, ഏവൻ ഹോമോപകരണമായ സ്രുവമേന്തി അവിടുത്തെ പരിചര്യ ചെയ്യുന്നുവോ, സ്തോത്രം ചൊല്ലുന്ന ആ യജമാനൻ ഒരിക്കലും ധനത്തോട് വേർപിരിയരുത്. പാപേച്ഛുവായ ദ്രോഹിയെസ്സംബന്ധിച്ച അതിക്രമം (പാപപ്രേരണവും) ഏല്ക്കരുത്, സ്പർശിക്കരുത്.

10 യസ്യത്വമഗ്നേഅധ്വരംജുജോഷോ

ദേവോമർത്ത്യസ്യസുധിതംരരാണഃ

പ്രീതേദസദ്ധോത്രാസായവിഷ്ഠാ

സാമയസ്യവിധതോവൃധാസഃ വ. 17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

ഹേ അഗ്നേ, രരാണഃ — രമമാണഃ
ദേവഃ ത്വം യസ്യ
മർത്തസ്യ — മനുഷ്യസ്യ സംബന്ധി
സ്വ-ധിതം — ത്വദർത്ഥം സുഷ്ഠുനിഹിതം
അധ്വരം ജുജോഷഃ — അനുപഹതം ഹവിരന്നം
സേവേഥാഃ, സേവസേ,
ഹേ യവിഷ്ഠ, യസ്യ
വിധതഃ — യുവതമ, അഗ്നിപരിചര്യാം
കുർവ്വതോ യജമാനസ്യ
ഹോത്രാദയഃ
വൃധാസഃ — യജ്ഞസ്യ വർദ്ധയിതാരോ
ഭവന്തി
സാ ഹോത്രാ — സഹോതാ, യജമാനഃ
പ്രീതാ ഇൽ അസൽ — പ്രീത ഏവ ഭവേൽ
അസാമ — തസ്യ യജമാനസ്യ
സംബന്ധിനോ വയം പ്രീതാ
ഭവേമ

അർത്ഥം—അല്ലയോ അഗ്നേ, സന്തുഷ്ടനായി ദേവനായ അവിടുന്ന്, അവിടേക്കുവേണ്ടി നീക്കിവെച്ച ഏതു മനുഷ്യന്റെ കേടററ ഹവിസ്സ് സ്വീകരിക്കുന്നുവോ, അവിടുത്തെ പരിചര്യ ചെയ്യുന്ന ഏതു യജമാനന്റെ ഹോതാവു മുതലായവർ യജ്ഞം വർദ്ധിപ്പിക്കുന്നവരാണോ, അല്ലയോ നിത്യതരുണ, ആ യജമാനൻ സന്തുഷ്ടനായിത്തന്നെ ഭവിക്കണം. ആ യജമാനന്റെ സംബന്ധികളായ ഞങ്ങളും സന്തുഷ്ടന്മാരായി ഭവിക്കാറാവൂ.

11 ചിത്തിമചിത്തിംചിനവദ്വിവിദ്വാൻ
പൃഷ്ഠേവവീതാവൃജിനാചമർത്താൻ
രായേചനസ്വപത്യായദേവ
ദിതിംചരാസ്വാദിതിമുരുഷ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

വിദ്വാൻ	— പ്രാണാനാം പുണ്യപാപ രൂപാണി കമ്മാണി ജാനാനഃ അഗ്നിഃ
ചിത്തിം, അചിത്തിം	— ജ്ഞാനമജ്ഞാനം ച
പൃഷ്ഠാ-ഇവ	— യഥാശ്വപാലാഃ അശ്വാനാം
വീതാ വൃജിനാ	— കാന്താനി ദുർവ്വഹാനി ച പൃഷ്ഠാനി ഹേയോപാദേയത്വേന പൃഥക് കരോതി തദ്വൽ
വി ചിനവൽ	— വിചിനോതു, പൃഥക് കരോതു
(കിംച) മർത്താൻ ച	— പുണ്യകൃതോപുണ്യകൃതശ്ച മനുഷ്യാൻ പൃഥക് കരോതു
ഹേ ദേവ, സു-അപത്യായ	— ശോഭനപുത്രോപേതായ
രായേ നഃ	— ധനായാസ്മാൻ കുരു
ദിതിം ച രാസ്വ	— ദാതാരം ച ദേഹി
അദിതിം	— അദാതുഃ (പഞ്ചമ്യർത്ഥേ ദ്വിതീയാ) സകാശാൽ
ഉരുഷ്യ ച	— രക്ഷ ച

അർത്ഥം-പ്രാണികളുടെ പുണ്യപാപരൂപങ്ങളായ കമ്മങ്ങളറിയുന്ന അഗ്നി ജ്ഞാനത്തെയുമജ്ഞാനത്തെയും ഒരു കുതിരക്കാരൻ, കുതിരയുടെ മുതുകുനോക്കി നല്ലതിനെയും തീയതിനെയും വേർതിരിക്കുന്നപോലെ, വേർതിരിക്കട്ടെ. പുണ്യകൃത്തുക്കളും പാപകൃത്തുക്കളുമായ മനുഷ്യരെ വേർതിരിക്കട്ടെ. അല്ലയോ ദേവ, ഞങ്ങളെ സൽപുത്രരൊത്ത ധനത്തിന്നർഹരാക്കിയാലും. ദാതാവിനെത്തന്നാലും. അദാതാവിൽ നിന്നു് രക്ഷിക്കുകയും ചെയ്താലും.

12 കവിംശശാസുഃകവയോദബ്ധാ
നിധാരയന്തോദര്യാസ്വായോഃ
അതസ്ത്വംദൃശ്യാഅഗ്നഏതാൻ
പഡ്ഭിഃപശ്യേരദ്ഭുതാഅര്യഏവൈഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

ഹേ അഗ്നേ, ആയോഃ

ദുര്യാസു	—	മനുഷ്യസ്യഗൃഹേഷു
അദബ്ധാഃ നി-ധാരയന്തഃ	—	കേനാപ്യതിരസ്കൃതാഃ നിവസന്തഃ
കവയഃ	—	ക്രാന്തദ്രശോദേവാഃ
കവിം ശശാസുഃ	—	മേധാവിനം ത്വാം 'ഹോതാഭവ' ഇതി ശശാസുഃ
അതഃ അര്യഃ ത്വം	—	യജ്ഞസ്യ സ്വാമീത്വം
ദ്രശ്യാൻ അദ്ഭുതാൻ	—	ദർശനീയാൻ ആശ്ചര്യരൂപോപേതാൻ ഇന്ദ്രാദീൻ
ഏതാൻ	—	ദേവാൻ
ഏവൈഃ പട്-ഭിഃ		
പശ്യേഃ	—	ഗമനശീലൈഃ പാദൈഃ, സ്വതേജോഭിഃ ജാനീയാഃ

അർത്ഥം—അല്ലയോ അഗ്നേ, മനുഷ്യന്റെ ഗൃഹങ്ങളിൽ (കർമ്മികളുടെ അഗ്നിഹോത്രൗപാസനാഗാരങ്ങളിൽ) ആരാലും കേടേൽപിക്കപ്പെടാതെ നിവസിക്കുന്ന ക്രാന്തദർശികളായ ദേവന്മാർ മേധാവിയായ അവിടുത്തോട് 'ഹോതാവാവുക' എന്നു പറഞ്ഞു. അക്കാരണത്താൽ യജ്ഞസ്വാമിയായ അവിടുന്ന് ദർശനീയരും അത്ഭുതാകാരന്മാരുമായ ഇന്ദ്രാദിദേവന്മാരെ ഗമനശീലങ്ങളായ പാദങ്ങളാൽ, തേജസ്സുകളാലറിഞ്ഞാലും.

13 ത്വമഗ്നേവാഘതേസുപ്രണീതി
സ്സുതസോമായവിധതേയവിഷ്ഠ
രത്നംഭരശശമാനായഘൃഷ്വേ
പൃഥുശ്ചന്ദ്രമവസേചർഷണിപ്രാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ യവിഷ്ഠ, ഘൃഷ്വേ,	— യുവതമ, ദീപ്തിയുക്ത;
ഹേ അഗ്നേ,	
ചർഷണി–പ്രാഃ	— അപേക്ഷിത ഫലപ്രദാനേന മനുഷ്യാണാം കാമപൂരകഃ
സു–പ്രനീതിഃ	— സുഷ്ഠൂത്തരവേദ്യാം പ്രണയനീയഃ
ത്വം സുത–സോമായ	
വിധതേ	— അഭിഷുത സോമായ തവ പരിചരണം കുർവ്വതേ
ശശമാനായ വാഘതേ	— ത്വാം സ്തുവതേ, യജ്ഞനിർവ്വാഹകായ യജമാനായ
പൃഥു, ചന്ദ്രം	— പ്രഭൂതമാഹ്ളാദകരം
രത്നം അവസേ ഭര	— ഉത്തമം ധനം രക്ഷണായാഹര, പ്രയച്ഛ

അർത്ഥം—ഏററവും യുവാവും ഭാസമാനനുമായ അഗ്നേ, ആഗ്രഹിച്ച ഫലമേകി മനുഷ്യർക്ക് അഭിലാഷം പൂരിപ്പിക്കുന്നവനും നല്ല ഉത്തരവേദിയിലേക്കു നയിക്കപ്പെടേണ്ടവനുമായ അവിടുന്ന് ചതച്ചു സംസ്കരിച്ച സോമമൊത്തവനും, അവിടുത്തെ സേവിക്കുന്നവനും സ്തുതിചെയ്യുന്നവനും യജ്ഞം നിർവ്വഹിക്കുന്നവനുമായ യജമാനന്ന് ഏററവും ആഹ്ളാദകരമായ ഉത്തമധനം രക്ഷക്കായി ധാരാളം കൊടുത്താലും.

14 അധാഹ്യഗ്നേ ഹ്വയമഗ്നേ ത്വായാ

പഡ്ഭിർഹസ്തേഭിശ്ചകൃമാതനൂഭിഃ

രഥംനക്രന്തോഅപസാഭുരിജോ

രൃതംയേമുസ്സുധ്യആശുഷാണാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ അഗ്നേ, അധ ഹ	
വയം	— അഥ ഖലു വയം
ത്വാ–യാ പട്–ഭിഃ	
ഹസ്തേഭിഃ തന്വഭിഃ	— ത്വൽകാമനയാ പാദൈഹ്സ്തൈഃ അന്യൈശ്ചാവയവൈഃ
ചകൃമ യൽ	— യസ്മാൽ കാരണാൽ കമ്മസിദ്ധ്യത്ഥം ത്വാം ഉപപാദയാമഃ തസ്മാൽ
സ്വ–ധ്യഃ, ആശ്രുഷാണാഃ	— സുകമ്മാണഃ കമ്മണി വ്യാപ്ന വന്തസ്സ്വങ്ഗിരസഃ
ഋതം	— സത്യഭൃതം ത്വാം
ഭുരിജോഃ അപസാ	— ബാഹോവാഃ മന്ഥനാഖ്യേന കമ്മണാ
രഥം ന ക്രന്തഃ	— യഥാകാരവഃ, ശില്പിനഃ ഹസ്തയോഃ രഥമുദ്യച്ഛന്തി തദ്വൽ
യേമുഃ	— ഉദ്യച്ഛന്തി

അത്ഥം–അല്ലയോ അഗ്നേ, അവിടത്തെക്കുറിച്ച് ആദരം കൊണ്ട് ഞങ്ങൾ യാതൊരു കാരണത്താൽ കാൽകളാലും കൈകളാലും മററവയവങ്ങളാലും കമ്മസിദ്ധിയ്ക്കായി അവിടത്തെ പ്രാപിക്കുന്നുവോ, ആ കാരണത്താൽ സൽകമ്മവാന്മാരും കമ്മങ്ങളിലേപ്പെട്ടവരുമായ ആ അംഗിരസ്സുകൾ സത്യഭൃതനായ അവിടത്തെ, കടച്ചിലാകുന്ന കമ്മത്താൽ ഒരു തേരിനെ ശില്പി കൈകളാൽ പൊക്കുന്നപോലെ കൈകളാൽ മേല്പോട്ടു കൊണ്ടുവരുന്നു.

15 അധാമാതുരുഷസസ്സപ്തവിപ്രാ
ജായേമഹിപ്രഥമാവേധസോനൄൻ
ദിവസ്പുത്രാഅങ്ഗിരസോഭവേമാ
ദ്രിംരുജേമധനിനംശുചന്തഃ

വ. 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

(വാമദേവഃ അന്യൈഷ്ഷഡ്ഭിരങ്ഗിരോഭിസ്സഹ ബ്രൂതേ)
അധ മാതുഃ ഉഷസഃ — മാതൃഭൂതായാഃ ഉഷസസ്സകാശാൽ
സപ്ത വിപ്രാഃ — സപ്തസംഖ്യാകാഃ പ്രാജ്ഞാവയംസ്മഃ
പ്രഥമാഃ വേധസഃ നൄൻ — ശ്രേഷ്ഠാ വയം അഗ്നേഃ പരിചാരകാൻ, വിധാതൄൻ
ജായേമഹി — ജനയാമഃ
ദിവഃ പുത്രാഃ — ദ്യോതമാനസ്യാദിത്യസ്യ പുത്രാവയം
അങ്ഗിരസഃ ഭവേമ — ഭൂതിമന്തസ്യാമ
ശുചന്തഃ — ദീപ്യമാനാവയം
ധനിനം അദ്രിം രുജേമ — ഉദകധനവന്തംമേഘം വർഷാർത്ഥം ഭിന്ദ്യാമ

അർത്ഥം—(വാമദേവൻ മററാറ് അംഗിരസ്സുകളോടുകൂടി പറയുന്നു.) ഞങ്ങൾ, ഏഴ് പ്രാജ്ഞന്മാർ അമ്മയായ ഉഷസ്സിങ്കൽ നിന്നുളവായവരാണ്. ശ്രേഷ്ഠന്മാരായ (അവിടത്തേപ്പോലുള്ള ദേവന്മാരുടെ പ്രസാദത്താലും തപസ്സിനാലും) ഞങ്ങൾ അഗ്നിയുടെ പരിചാരകന്മാരായ അധ്വര്യു, ഹോതാവു മുതലായ ഋത്വിക്കുകളെ ഉണ്ടാക്കുന്നു. പ്രകാശമാനനായ ആദിത്യന്റെ പുത്രരായ ഞങ്ങൾ ഭൂതിമാന്മാരാകാവൂ. ഭാസ്വത്തുക്കളായ ഞങ്ങൾ ജലധനമേന്തുന്ന മേഘത്തെ മഴപെയ്യാനായി പിളക്കാവൂ. (അംഗിരസ്സുകളുടെ ആദിത്യപുത്രത്വം ഐതരേയബ്രാഹ്മണത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.)

16 അധായഥാനഃ പിതരഃ പരാസഃ
പ്രത്നാസോ അഗ്ന ഋതമാശുഷാണാഃ
ശുചീദയന്ദീധിതിമുക്ഥശാസഃ
ക്ഷാമാഭിന്ദന്തോ അരുണീരപവ്രൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ അഗ്നേ, അധ പരാസഃ,

പ്രത്നാസഃ — അപിച ശ്രേഷ്ഠാഃ, പുരാണാഃ

ഋതം യഥാ ആശുഷാണാഃ — സത്യഭൃതം യജ്ഞം യഥാ-വദശ്നുവാനാഃ

നഃ പിതരഃ — അസ്മാകം പൂർവ്വാഃ അങ്ഗിരസഃ

ശുചി ഇൽ അയൻ — ദീപ്തം സ്ഥാനമേവാഗച്ഛൻ

(തഥാ) ദീധിതിം — തേജശ്ചാഗച്ഛൻ

(കിംച) ഉക്ഥ-ശസഃ — ഉക്ഥാനാം, ശസ്ത്രാണാം ശംസിതാരഃ

ക്ഷാമ ഭിന്ദന്തഃ — ക്ഷയകാരണം തമഃ, പാപം വിനാശയന്തോങ്ഗിരസഃ

അരുണീഃ — അരുണവർണ്ണാ ഉഷസഃ

അപ വ്രൻ — അപാവൃണ്വൻ, പ്രകാശിതവന്തഃ

അർത്ഥം—അല്ലയോ അഗ്നേ, അതിന്നുപുറമെ, ശ്രേഷ്ഠന്മാരും പുരാതനന്മാരും സത്യഭൃതമായ യജ്ഞത്തെ വേണ്ടവിധം പ്രാപിച്ചവരും (അനുഷ്ഠിച്ചവരും) ആയ ഞങ്ങളുടെ കാരണവന്മാരായ അംഗിരസ്സുകൾ, പ്രദീപ്തമായ സ്ഥാനം പൂകി; സ്വയം മഹത്തായ തേജസ്സിനെയും പ്രാപിച്ചു, പിന്നെ ശസ്ത്രമന്ത്രങ്ങൾ ചൊല്ലുന്നവരായി, ക്ഷയകാരണമായ തമസ്സിനെ, പാപത്തെ, അകററുന്ന അവർ ഇളം ചുകപ്പുനിറമുററ ഉഷസ്സുകളെ പ്രകാശിപ്പിച്ചു.

17 സുകർമ്മാണസ്സുരുചോദേവയന്തോ
യോനദേവാജനിമാധമന്തഃ
ശുചന്തോഅഗ്നിംവവൃധന്തഇന്ദ്ര
മൂർവ്വംഗവ്യംപരിഷദന്തോഅഗ്മൻ

അന്വയം:—

സു-കർമ്മാണഃ — സുഷ്ഠ്വനുഷ്ഠിതയാഗാദി കർമ്മാണഃ

സു-രുചഃ — ശോഭനദീപ്തയഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവ–യന്തഃ ദേവാഃ	—	ദേവാൻ കാമയമാനാഃ ദേവനശീലാ സ്തോതാരഃ
ജനിമ	—	സ്വകീയം മാനുഷം ജന്മ
അയഃ ന	—	യഥാ കർമ്മാരാഃ അയഃ ഭസ്ത്രേണ ധമന്തി തഥാ
ധമന്തഃ	—	യാഗാദിലക്ഷണ കർമ്മണാ നിർമ്മലീകുർവ്വന്തഃ
അഗ്നിം ശുചന്തഃ	—	ഹവിർഭിർദ്ദീപയന്തഃ
ഇന്ദ്രം വവൃധന്തഃ	—	സോമേന (സ്തുത്യാ) വർദ്ധയന്തോങ്ഗിരസഃ
പരി–സദന്തഃ	—	പരിതസ്സീദന്തസ്സന്തഃ
ഊർവ്വം ഗവ്യം അഗ്മൻ	—	മഹാന്തം ഗോസംങ്ഘം പ്രാപ്നവൻ

അർത്ഥം-വേണ്ടപോലെ അനുഷ്ഠിച്ച യാഗാദി കർമ്മങ്ങളോടുകൂടിയവരും ഭാസമാനപ്രകാശമുററവരും ദേവന്മാരെ (അവരുടെ അനുഗ്രഹത്തെ) കാമിക്കുന്നവരും സ്വയം പ്രകാശിക്കുന്നവരുമായ സ്തോതാക്കൾ സ്വന്തം മനുഷ്യജന്മത്തെ, ജീവിതത്തെ, കരുവാന്മാർ ഇരുമ്പ് ഉലയാൽ പഴുപ്പിച്ച് ശുദ്ധമാക്കുന്നപോലെ നിർമ്മലമാക്കിയവരായി, അഗ്നിയെ ഹവിസ്സുകളാൽ പ്രോജ്വലിപ്പിക്കുന്നവരായി, ഇന്ദ്രനെ സോമത്താൽ (സ്തുതിയാൽ) വളർത്തുന്നവരായി, (അഗ്നിക്ക്) ചുററുമിരിക്കുന്നവരായി (പണികളാൽ അപഹരിക്കപ്പെട്ട) പശുവൃന്ദത്തെ വീണ്ടും പ്രാപിച്ചു.

18 ആയൂഥേവ്ക്ഷുമതിപശ്വോഅഖ്യ
ദ്ദേവാനാംയജ്ജനിമാന്ത്യുഗ്ര
മർത്താനാംചിദുർവ്വശീരകൃപ്ര
ന്നവൃധേചിദര്യഉപരസ്യായോഃ

അന്വയം:—

ഹേ ഉഗ്ര,	—	തേജസ്വിന്നഗ്നേ
ദേവാനാം യൽ ജനിമ	—	അങ്ഗിരസാം യം ഗോസങ്ഘം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പശ്വഃ യൂഥാ–ഇവ — യഥാപശൂനാം യൂഥാനി
ക്ഷു–മതി — അന്നവത്യാഢ്യഗൃഹേ
വർത്തമാനാൻ പശൂൻ ജനാഃ
യഥാ പശ്യന്തി തഥാ
അന്തി ആ അഖ്യൽ — പർവ്വതസ്യ സമീപേ ആ-
സമന്താദിന്ദ്രോപശ്യൽ
മർത്താനാം ചിൽ — മനുഷ്യാണാം
ഉർവ്വശീഃ — ഉരുഭ്യാമശ്നുവാനാഃ പ്രജാഃ
അകൃപ്രൻ — താഭിരാനീതാഭിർഗ്ഗോഭിഃ
ക്ലൃപ്താസ്സമർത്ഥാ അഭവൻ
ചിൽ അര്യഃ — അപിച സ്വാമീ, ലബ്ധഗോധനഃ
ഉപരസ്യ — ഉത്പന്നസ്യ, നിഷിക്തസ്യാ
പത്യസ്യ
വൃധേ — വർദ്ധനായ സമർത്ഥോ ഭവതി
(തഥാ) ആയോഃ — മനുഷ്യസ്യ പോഷണേ
സമർത്ഥോ ഭവതി

അർത്ഥം—അല്ലയോ തേജസ്വിയായ അഗ്നേ, സ്വപ്രകാശന്മാരായ അംഗിരസ്സുകളുടെ, പണികളാൽ അപഹരിക്കപ്പെട്ട പശുക്കൂട്ടത്തെ, അന്നവത്തായ ഒരു പ്രഭുഗൃഹത്തിൽ നില്ക്കുന്ന പശുക്കൂട്ടത്തെ ജനങ്ങൾ കാണുന്നപോലെ, പർവ്വതപാർശ്വത്തിൽ ഇന്ദ്രൻ നിറഞ്ഞു കണ്ടു. മനുഷ്യരുടെ, അംഗിരസ്സുകളുടെ, ആൾക്കാർ മടങ്ങിവന്നു് ആ പശുക്കളാൽ കഴിവുററവരായി. മടക്കിക്കിട്ടിയ പശുധനത്തോടുകൂടിയ സ്വാമിയാകട്ടെ, (ഓരോ പശുവുടമസ്ഥനും) തങ്ങളുടെ സന്തതിയെയും ഭൃത്യനെയും പുലർത്താൻ കഴിവുററവനായി.

19 അകർമ്മതേസ്വപസോഅഭൂമ
ഋതമവസ്രന്നുഷസോവിഭാതീഃ
അനൂനമഗ്നിംപുരുധാസുശ്ചന്ദ്രം
ദേവസ്യമർമ്മൃജതശ്ചാരുചക്ഷുഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

(ഹേ അഗ്നേ,) തേ
അകമ്മ — തവ പരിചരണം കർമ്മഃ
(തേന കർമ്മണാ)
സ്വ—അപസഃ അഭൂമ — ശോഭന കർമ്മാണോഭവേമ
വി—ഭാതീഃ ഉഷസഃ ഋതം — വ്യുച്ഛന്ത്യഃ ഉഷസഃ തേജഃ
അവസ്രൻ — ആച്ഛാദയന്തി, ധാരയന്തി
(തഥാ താ ഉഷസഃ)
അനൂനം — സമ്പൂർണ്ണം
പുരുധാ സു—ചന്ദ്രം — ബഹുധാ സുഷ്ഠ്വാഹ്ലാദകാരിണം
അഗ്നിം (ധാരയന്തി)
(കിംച) ദേവസ്യ
(തവ) ചാരു — മനോഹരം
ചക്ഷുഃ മർമൃജതഃ — തേജഃ പരിചരന്തോ വയം
സ്വപസോ ഭൂമ

അർത്ഥം —അല്ലയോ അഗ്നേ, അവിടുത്തെ പരിചരിക്കുന്നു. ആ കർമ്മത്താൽ ഞങ്ങൾ സൽക്കർമ്മാക്കളാകാവൂ. തെളിഞ്ഞു വരുന്ന ഉഷസ്സുകൾ തേജസ്സു ധരിക്കുന്നു. ആ ഉഷസ്സുകൾ സമ്പൂർണ്ണനും പലപാടും ആഹ്ലാദകാരിയുമായ അഗ്നിയെ ധരിക്കുന്നു. ദേവനായ അവിടുത്തെ മനോമോഹനമായ തേജസ്സിനെ പരിചരിക്കുന്ന ഞങ്ങൾ സൽക്കർമ്മാക്കളാകാവൂ.

20 ഏതാതേഅഗ്ന ഉചഥാനിവേധോ
വോചാമകവയേതാജുഷസ്വ
ഉച്ഛോചസ്വകൃണുഹിവസ്യസോനോ
മഹോരായഃപുരുവാരപ്രയന്ധി — വ. 19

അന്വയം:—

ഹേ വേധഃ, അഗ്നേ, — വിധാതഃ അഗ്നേ,
കവയേ തേ — മേധാവിനേ തുഭ്യം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏതാ ഉചഥാനി
അവോചാമ — ഏതാന്യുക്ഥാനി, ശസ്ത്രാണി ഉച്ചാരിതവന്തഃ
താ ജുഷസ്വ — താനി ത്വം സേവസ്വ
(കിംചത്വം) ഉൽ
ശോചസ്വ — ഉദ്ദീപ്യസ്വ
നഃ വസ്യസഃ കൃണുഹി — അസ്മാനതിശയേന ധനയുക്താൻ കുരു
ഹേ പുരു–വാര, — പുരുഭിർവ്വരണീയാഗ്നേ,
മഹഃ രായഃ പ്ര യന്ധി — മഹദ്ധനമസ്മഭ്യം പ്രയച്ഛ

അർത്ഥം–അല്ലയോ വിധാതാവായ അഗ്നേ, മേധാവിയായ അവിടേക്കായി ഈ ശസ്ത്രങ്ങൾ ഞങ്ങൾ ചൊല്ലിയിരിക്കുന്നു. അവയെ സ്വീകരിച്ചാലും. പിന്നെ, ഉയൎന്നു കത്തിത്തെളിഞ്ഞാലും. ഞങ്ങളെ ഏററവും ധനവാന്മാരാക്കിയാലും. ഏവരാലും വരേണ്യനായ അഗ്നേ, മഹത്തായ ധനം ഞങ്ങൾക്കു തന്നരുളിയാലും.

വൎഗ്ഗം–20–21–22

1 ആവോരാജാനമധ്വരസ്യരുദ്രം
ഹോതാരംസത്യയജംരോദസ്യോഃ
അഗ്നിംപുരാതനയിത്നോരചിത്താ
ദ്ധിരണ്യരൂപമവസേകൃണുധ്വം

അന്വയം:–

(ഹേ ഋത്വിഗ്യജമാനാഃ,)
അധ്വരസ്യ രാജാനം — യജ്ഞസ്യാധിപതിം
ഹോതാരം — ദേവാനാമാഹ്വാതാരം
രുദ്രം — രോദ്രൂയമാണം, ശത്രൂൻ ദ്രവന്തം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രോദസ്യോഃ സത്യ-യജം	—	ദ്യാവാപൃഥിവ്യോഃ സത്യേന ഹവിഷാ ദേവാൻ യജന്തം
ഹിരണ്യ-രൂപം	—	സുവർണ്ണപ്രഭം
അഗ്നിം വഃ അവസേ	—	യുഷ്മാകം രക്ഷണായ
തനയിത്നോഃ	—	തനയിത്നുരശനിഃ, സ ഹ്യാകസ്മികഃ, തൽസദൃശാൻ
അചിത്താൽ പുരാ	—	നവിദ്യതേ ചിത്തംയസ്മിൻ തദചിത്തം, ചിത്തോപലക്ഷിതസർവ്വേന്ദ്രിയോപസംഹാരഃ മരണം, തസ്മാൽപൂർവ്വം
ആ കൃണുധ്വം	—	യൂയം സമന്താൽ ഹവിർഭിരഗ്നിം ഭജധ്വം

അർത്ഥം-(അല്ലയോ ഋത്വിഗ്യജമാനന്മാരേ,) യജ്ഞാധീശനും, ദേവന്മാരെ വിളിക്കുന്നവനും, ശത്രുക്കളെ ദ്രവിപ്പിക്കുന്നവനും ദ്യാവാപൃഥിവികളിൽ സത്യമായ ഹവിസ്സാൽ യജിക്കുന്നവനും, സ്വർണ്ണാകാരനുമായ അഗ്നിയെ നിങ്ങളുടെ രക്ഷയ്ക്കായി, ഇടിവാളുംപോലെ ഓക്കാപ്പുറത്തുവരുന്ന ചിത്തനാശത്തിന്ന്, മരണത്തിന്ന് മുമ്പ് ഹവിസ്സുകളാൽ ഭജിക്കുക:

2 അയംയോനിശ്ചകൃമായംവയംതേ
ജായേവപത്യഉശതീസുവാസാഃ
അർവ്വാചീനഃ പരിവീതോനിഷീദേ
മാഉതേസ്വപാകപ്രതീചീഃ

അന്വയം:-

(ഹേ അഗ്നേ) തേ യം	—	ത്വദർത്ഥംഉത്തരവേദിലക്ഷണം യം പ്രദേശം
വയം ചകൃമ	—	കർമ്മഃ
അയം യോനിഃ	—	തവസ്ഥാനം
സു-വാസാഃ ജായാ-ഇവ	—	സുവസ്ത്രഭൂഷിതാഭാര്യാഇവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പത്യേ ഉശതീ — പതിംകാമയമാനാ സാ യഥാ സ്വാത്മസമീപേ തസ്യസ്ഥാനം കരോതിതദ്വൽ ഭവതി
ഹേ സു-അപാക — സ്വപസ്സ, സുകർമ്മന്നഗ്നേ, ത്വം
പരി-വീതഃ — യഷ്ടവ്യദേവൈഃ പരിവീതഃ
അർവ്വാചീനഃ — അസ്മദഭിമുഖസ്സൻ
നി സീദ — ഉത്തരവേദ്യാമുപവിശ
(തത്രസ്ഥിതസ്യ) തേ
ഇമാഃ — തവസ്തുതയഃ
പ്രതീചീഃ ഉ — ത്വദഭിമുഖാ ഏവ പ്രവർത്തന്തേ

അർത്ഥം—അല്ലയോ അഗ്നേ, അവിടേയ്ക്കുവേണ്ടി ഞങ്ങൾ ഉത്തരവേദി ഒരുക്കിയിരിക്കുന്നു. ഇതു്, സദാസ്വഭൂഷിതയായ ഭാര്യ ഭർത്താവിനെ കാമിക്കുന്നവളായി തന്റെ സമീപത്തു് ഉറപ്പിച്ച സ്ഥാനം പോലെ, അവിടുത്തെ സ്ഥാനമായി ഭവിക്കുന്നു. അല്ലയോ സൽകർമ്മവാനായ അഗ്നേ, യാജ്യന്മാരായ ദേവന്മാരാൽ ചുററപ്പെട്ടു് ഞങ്ങൾക്കഭിമുഖനായി, ഉത്തരവേദിയിലിരുന്നാലും. അവിടുത്തെക്കുറിച്ചുള്ള ഈ സ്തുതികൾ അവിടേയ്ക്കഭിമുഖമായിത്തന്നെ പ്രവർത്തിക്കുന്നു.

3 ആശൃണ്വതേഅദൃപിതായമന്മ
നൃചക്ഷസേസുമൃളീകായവേധഃ
ദേവായശസ്തിമമൃതായശംസ
ഗ്രാവേവസോതാമധുഷുദ്യമീളേ

അന്വയം:—

ഹേ വേധഃ — സ്തോത്രാണാം കർത്തഃ, സ്തോതഃ
ആ-ശൃണ്വതേ — സ്തോത്രാകർണ്ണനപരായ
അദൃപിതായ നൃ-ചക്ഷസേ — അദൃപ്തായ, അപ്രമത്തായ നൃണാം ദ്രഷ്ടേ
സു-മൃളീകായ അമൃതായ
ദേവായ — സുസുഖായ, മരണധർമ്മ രഹിതായാഗ്നയേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്മ ശസ്ലിം ശംസ	— സ്തോത്രം ശസ്ത്രം ച ഉച്ചാരയ
ഗ്രാവാ–ഇവ സോതാ	— യഥാഗ്രാവാസോമസ്യ അഭിഷവകത്താ തദ്വൽ സോമാഭിഷവം കുവ്വാണോ യജമാനഃ
മധു–സുൽ	— മദകരസ്യ സോമസ്യസോതാ
യം (അഗ്നിം) ഈളേ	— സ്തൌതി, തസ്മൈ ശംസ

അത്ഥം–അല്ലയോ സ്തോത്രകത്താവേ, സ്തോത്രം കോക്കുന്നവനും അപ്രമത്തനും (അവധാനത്തോടു കൂടിയവനും) മനുഷ്യരെ കാണുന്നവനും സുഖകരനും അമരനുമായ ദേവന്നായി അഗ്നിയ്ക്കായി, സ്തോത്രവും ശസ്ത്രവും ഉച്ചരിക്കുക. പിടിക്കല്ല് സോമത്തെ സംസ്കരിക്കുന്ന പോലെ, സോമം സംസ്കരിക്കുന്ന യജമാനൻ ഹഷ്കരമായ സോമത്തിൻെറ സംസ്കാത്താവായി യാതൊരഗ്നിയെ സ്തുതിക്കുന്നുവോ, അവിടേയ്ക്കായി സ്തോത്രശസ്ത്രങ്ങൾ ചൊല്ലുക.

4 ത്വംചിന്നശ്ശമ്യാഅഗ്നേ അസ്യാ
ഋതസ്യബോദ്ധ്യൃതചിൽസ്വാധീഃ
കദാതഉക്ഥാസധമാദ്യാനി
കദാഭവന്തിസഖ്യാഗൃഹേതേ

അന്വയം:—

ഹേ അഗ്നേ, ത്വം ചിൽ	— ത്വമേവ
നഃ അസ്യാഃ ശമ്യൈ	— അസ്മൽ സംബന്ധിനേ കമ്മണേ ദേവതാഭവസി
ഹേ ഋത–ചിൽ	— സത്യജ്ഞാഗ്നേ,
സു–ആധീഃ	— സുകമ്മാ (സുദ്ധ്യാനഃ) ത്വം
ഋതസ്യ ബോധി	— അസ്മദീയം സ്തോത്രം ബുദ്ധ്യസ്വ
തേ സധ– മാദ്യാനി	— തവസഹ മദനിമിത്താനി
ഉക്ഥാ കദാ ഭവന്തി?	— ശസ്ത്രാണികസ്മിൻ കാലേ ഭവിഷ്യന്തി?
(തഥാസ്മദീയേ) ഗൃഹേ തേ	— ത്വയാസഹ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സഖ്യാ കദാ? — സഖ്യാനി കസ്മിൻ കാലേ ഭവിഷ്യന്തി?

അർത്ഥം-അല്ലയോ അഗ്നേ, അവിടുന്നുതന്നെയാണ് ഞങ്ങളെ സംബന്ധിച്ച കർമ്മത്തിന്നു ദേവതയാകുന്നതു്. അല്ലയോ സത്യജ്ഞനായ അഗ്നേ, സൽകർമ്മവാനായ (വിശിഷ്ട ധ്യാന യുക്തനായ) അവിടുന്നു് ഞങ്ങളുടെ സ്തോത്രമറിഞ്ഞാലും. അവിടേയ്ക്കു് ഒപ്പം ഹർഷിയ്ക്കാൻ പററിയ ശസ്ത്രങ്ങളെന്നാണുണ്ടാവുക? അതുപോലെ ഞങ്ങളുടെ ഗൃഹത്തിൽ അവിടുത്തോടു ചങ്ങാതങ്ങൾ എന്നാണുണ്ടാവുക?

5 കഥാഹതദ്വരുണായത്വമഗ്നേ
കഥാദിവേശഹ്സേകന്നആഗഃ
കഥാമിത്രായമീള്ഹുഷേപൃഥിവൈ്യ
ബ്രവഃകദര്യമ്ണേകദ്ഭഗായ വ 20

അന്വയം:-

ഹേ അഗ്നേ, ത്വം

നഃ ആഗഃ — അസ്മദീയം തൽപാപം

വരുണായ കഥാ

ഗർഹസേ ഹ? — കേന ഹേതുനാ ഗർഹാ പൂർവ്വം ആവേദയേഃ?

ദിവേ കഥാ? — ദ്യോതമാനായ സൂര്യായ കഥം തൽപാപമാവേദയേഃ?

തൽ കൽ? — കിമസ്തി?, ത്വൽ പരിചരണാൽ നാസ്തി?

(തഥാ) മീള്ഹുഷേ

മിത്രായ — അഭിമതഫലദാത്രേ മിത്രായ

പൃഥിവൈ്യ (ച) കഥാ

ബ്രവഃ? — കഥമാഗോ ബ്രൂയാഃ?

അര്യമ്ണേ കൽ ഭഗായ

കൽ? — കഥം ബ്രൂയാഃ?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം—അല്ലയോ അഗ്നേ, അവിടുന്നു് ഞങ്ങളുടെ പാപം വരുണനോട് എന്തു കാരണത്താലാണു് നിന്ദയോടുകൂടി പറയുന്നതു്? പ്രകാശമാനനായ ആദിത്യനോടു് എന്തിനാണു് പറയുന്നതു്? അതെന്താണു്? (ഉണ്ടെങ്കിലും) അവിടുത്തെ സേവ കൊണ്ടു് ഇപ്പോഴില്ലല്ലൊ. അഭിമതഫലദായകനായ മിത്രനോടും ഭൂമിയോടും എന്തിന്നു പറയുന്നു.? അര്യമാവിനോടും ഭഗനോടും എന്തിന്നു പറയുന്നു? (കമ്മസാക്ഷിയായ അഗ്നി മനുഷ്യരുടെ പുണ്യപാപകമ്മങ്ങൾ ദേവന്മാരെ അറിയിക്കുന്നു എന്ന സംഗതി ഇവിടെ സൂചിപ്പിച്ചിരിക്കുന്നു.)

6 കദ്ധിഷ്ണ്യാസുവൃധസാനോഅഗ്നേ

കദ്വാതായപ്രതവസേശുഭംയേ

പരിജ്മനേനാസത്യായക്ഷേ

ബ്രവഃകദഗ്നേരുദ്രായനൃഘ്നേ

അന്വയം:—

ഹേ അഗ്നേ, ധിഷ്ണ്യാസു — ആഗ്നീധ്രീയാദി സ്ഥാനേഷു
വൃധസാനഃ — ഘൃതാദ്യാഹുതിഭിർവ്വദ്ധമാനസ്ത്വം
പ്ര-തവസേ — പ്രകൃഷ്ട ബലായ
ശുഭം-യേ — ശുഭസ്യപ്രാപയിത്രേ
പരി-ജ്മനേ — പരിതോഗന്ത്രേ
നാസത്യായ — സത്യസ്യനേത്രേ
വാതായ കൽ? — വായവേകഥം ബ്രൂയാഃ?
ക്ഷേ കൽ? — ക്ഷ്മാ പൃഥിവീ, പൃഥിവ്യൈ കഥം ബ്രൂയാഃ?
ഹേ അഗ്നേ, നൃ-ഘ്നേ — പാപകൃതാം ഹന്ത്രേ
രുദ്രായ കൽ ബ്രവഃ? — കഥം ബ്രൂയാഃ?

അത്ഥം—അല്ലയോ അഗ്നേ, ആഗ്നീധ്രീയം മുതലായ സ്ഥാനങ്ങളിൽ നെയ്യ മുതലായവയുടെ ആഹുതികളാൽ വളന്ന അവിടുന്നു്, പ്രകൃഷ്ടബലനും മംഗളകരനും എങ്ങും ചരിക്കുന്നവനും സത്യത്തെ നയിക്കുന്നവനുമായ വായുവിനോടു് (ഞങ്ങളുടെ പാപം) എന്തിനു പറയുന്നു? ഭൂമിയോടെന്തിന്നു പറയുന്നു?

*33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാപികളുടെ അന്തകനായ രുദ്രനോടെന്തിന്നു പറയുന്നു? (ആഗ്നീധ്രൻ ഒരു ഋത്വിക്ക്, ആ ഋത്വിക്കിൻെറ സ്ഥാനം ആഗ്നീധ്രീയം)

7 കഥാമഹേപുഷ്ടിംഭരായപൂഷ്ണേ
കദ്രുദ്രായസുമഖായഹവിർദ്ദേ
കദ്വിഷ്ണവഉരുഗായായരേതോ
ബ്രവഃകദഗ്നേശരവേബൃഹത്യൈ

അന്വയം:-

ഹേ അഗ്നേ, മഹേ	— മഹതേ
പുഷ്ടിം—ഭരായ പൂഷ്ണേ	
കഥാ?	— കേന ഹേതുനാ പാപം ബ്രവീയാഃ?
സു—മഖായ, ഹവിഃ—ദേ	— സുയജ്ഞായ ഹവിർദ്ദാത്രേ
രുദ്രായ കത്?	— കഥം ബ്രൂയാഃ
(തഥാ) ഉരു-ഗായായ	
വിഷ്ണവേ	— ഉരുഭിഃ, ബഹുഭിഃ ഗീയമാനായ വിഷ്ണവേ
രേതഃ കത്?	— ക്ഷയഹേതു പാപം കഥം വദേഃ?
ബൃഹത്യൈ ശരവേ	— മഹത്യൈ ഹിംസികായൈ നിരൃത്യൈ
കത് ബ്രവഃ	— കഥം പാപം ബ്രൂയാഃ?

അർത്ഥം—അല്ലയോ അഗ്നേ, മഹാനും പുഷ്ടിധരനുമായ പൂഷാവിനോട് എന്തുകാരണത്താൽ ഞങ്ങളുടെപാപം പറയുന്നു? സുയജ്ഞനും ഹവിർദ്ദാതാവുമായ രുദ്രനോട് എന്തിന്നു പറയുന്നു? അതുപോലെ എത്രയോ ഭക്തന്മാരാൽ ഗാനം ചെയ്യപ്പെടുന്ന വിഷ്ണുവിനോട് ഈ നാശഹേതുവായ പാപം എന്തിന്നു പറയുന്നു? പെരിയവളും ഹിംസാശീലമുററവളുമായ നിരൃതിയോടെന്തിന്നു പറയുന്നു.?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

8 കഥാശർധായമരുതാമൃതായ
കഥാസൂരേബൃഹതേപൃച്ഛ്യമാനഃ
പ്രതിബ്രവോദിതയേതുരായ
സാധാദിവോജാതവേദശ്ചികിത്വാൻ

അന്വയം:—

(ഹേ അഗ്നേ,) ഋതായ

ശർധായ മരുതാം	— സത്യഭൃതായ ബലഭൃതായ മരുതാം ഗണായ
കഥാ	— കേന ഹേതുനാസ്മദീയമാഗഃ പ്രതിബ്രൂയാഃ
(തേന) പൃച്ഛ്യമാനഃ	— സൻ, തസ്മൈ
ബൃഹതേ സൂരേ കഥാ	— മഹതേ സൂര്യായ കഥംവദേഃ
(തഥാ) അദിതയേ	— ദേവ്യൈ
തുരായ	— ത്വരിതഗമനായ വായവേച
(കഥം) പ്രതി ബ്രവഃ	— അസ്മദീയമാഗഃ കഥം പ്രതിബ്രൂയാഃ
(യസ്മാ ദേവം തസ്മാൽ)	
ഹേ ജാത–വേദഃ	— അഗ്നേ,
ചികിത്വാൻ	— ഏതൽ സർവ്വം ജാനാനസ്ത്വം
ദിവഃ സാധ	— ദീപ്താൻ ദേവാൻ സാധയ, ഗച്ഛ

അർത്ഥം—അല്ലയോ അഗ്നേ, സത്യഭൃതവും ബലവത്തുമായ മരുൽഗണത്തോട് എന്തിനുവേണ്ടി ഞങ്ങളുടെ പാപം പറയുന്നു.? മഹാനായ സൂര്യനോട് അവിടുന്ന് ചോദിച്ചിട്ടാണോ പറയുന്നത്? അതുപോലെ അദിതീദേവിയോടും ഓട്ടക്കാരനായ വായുവിനോടും എന്തിനു പറയുന്നു.? ഏതായാലും സർവ്വജ്ഞനായ അഗ്നേ എല്ലാമറിയുന്ന അവിടുന്ന് ദീപ്തന്മാരായ ദേവന്മാരെ പ്രാപിച്ചുകൊള്ളുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

9 ഋതേനർതംനിയതമീളആഗോ

രാമാസചാമധുമൽപക്വമഗ്നേ

കൃഷ്ണാസതീരുശതാധാസിനൈഷാ

ജാമര്യേണപയസാപീപായ

അന്വയം:—

ഹേ അഗ്നേ, ഋതേന — സത്യഭൃതേനയജ്ഞേന

നി–യതം ഋതം ഗോഃ

ആ ഈളേ — അനുസ്യൂതം ഉദകം, ധേനോഃ പയഃ ആയാചേ സാംനായ്യാദി ഹവിരർത്ഥം ഗവ്യംപയസ്ഥാം യാചേ

ആമാ മധു–മൽ പക്വം

സചാ — അപക്വാ സാ ഗൌഃ മാധുര്യോപേതം പയഃ സഹ ധാരയതി

കൃഷ്ണാസതീ ഏഷാ രുശതാ — ഗൌഃ ശ്വേതേന

ധാസിനാ — പ്രാണിനാം ധാരകേണ

ജാമര്യേണ — ജായന്തേഇതിജാഃ പ്രജാഃ, താസാം അമര്യേണ, അമരണ നിമിത്തേന തേന

പയസാ പീപായ — പ്രജാഃ പ്യായയതി

(തവൈഷമഹിമാ യദ്രസാൻ പരിണാമയന്നേവം കരോതി)

അർത്ഥം—അല്ലയോ അഗ്നേ, സത്യഭൃതമായ യജ്ഞത്താൽ ഞാൻ ഇടവിടാത്ത ധാരയായി പശുവിൻെറ പാൽ സാംനായ്യാദി ഹവിസ്സിന്നുവേണ്ടി യാചിക്കുന്നു. ഇളം പ്രായമായ പശു മധുരമായ പാൽ ധരിക്കുന്നു. ഈ പശു കറുത്തവളായിട്ടും, പ്രാണികൾക്ക് പോഷകവും ആയുവ്വൃദ്ധികവുമായ വെളുത്ത പാലിനാൽ അവരെ വളർത്തുന്നു. അവിടുത്തെ മഹിമയത്രേ ഈ രസപരിണാമം വരുത്തുന്നതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

10 ഋതേനഹിഷ്മാവൃഷഭശ്ചിദക്തഃ

പുമാംഅഗ്നിഃ പയസാപൃഷ്ഠ്യേന

അസ്പന്ദമാനോ അചരദ്വയോധാ

വൃഷാശുക്രംദുദുഹേപൃശ്നിരൂധഃ വ 21

അന്വയം:—

വൃഷഭഃ പുമാൻ അഗ്നിഃ	—	അഭിമതവർഷകഃ ശ്രേഷ്ഠഃ സോഗ്നിഃ
ഋതേന പൃഷ്ഠ്യേന പയസാ	—	സത്യഭൃതേന ധാരകേണ ജലേന
അക്തഃ ഹി സ്മ	—	സിക്തോഭവതി ഖലു
വയഃ—ധാഃ	—	അന്നദോഗ്നിഃ
അസ്പന്ദമാനഃ ചിൽ	—	ഏകത്രാവസ്ഥിതസ്സന്നവ
അചരൽ	—	സർവ്വത്രതേജസാ ചരതി
(തഥാ) വൃഷാ പൃശ്നിഃ	—	അപാം വർഷകസ്സൂര്യഃ
ശുക്രം ഊധഃ ദുദുഹേ	—	അന്തരിക്ഷം ദോഗ്ധി, അന്തരിക്ഷാജ്ജലം ദോഗ്ധി

അർത്ഥം—അഭീഷ്ടവർഷകനും ശ്രേഷ്ഠനുമായ ആ അഗ്നി സത്യഭൃതമായി ഉള്ളൊതുക്കിയ വെള്ളത്താൽ നനയ്ക്കപ്പെടുന്നുവല്ലൊ. അന്നദാതാവായ അവിടുന്ന് ഒരേ ദിക്കിൽ വർത്തിച്ചുകൊണ്ടു തന്നെ എങ്ങും തേജസ്സാൽ ചരിയ്ക്കുന്നു. അതുപോലെ ജലവർഷകനായ സൂര്യൻ അന്തരിക്ഷത്തിൽ നിന്നു് വെള്ളം കറന്നു തരുന്നു.

11 ഋതേനാദ്രിംവ്യസൻഭിദന്ത

സ്സമങ്ഗിരസോനവന്തഗോഭിഃ

ശുനംനരഃപരിഷദന്നുഷാസ

മാവിസ്വരഭവജ്ജാതേഅഗ്നൌ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

അങ്ഗിരസഃ ഋതേന	— യജ്ഞനഹേതുനാ ഗവാം നിരോധകം
അദ്രിം ഭിന്ദന്തഃ വി അസൻ	പർവ്വതം വിദാരയന്തസ്സന്തഃ വ്യക്ഷിപൻ
(തതസ്തേ) ഗോഭിഃ സം നവന്ത	— സമഗച്ഛന്ത
നരഃ ശുനം	— കർമ്മണാം നേതാരസ്തേ സുഖേന
ഉഷസം പരി സദൻ	— പ്രാപ്നവൻ
(തതഃ) സ്വഃ ആവിഃ അഭവൽ	— സൂര്യോപി ആവിർബ്ബഭൂവ
(സർവ്വദമതൽ) അഗ്നൌ ജാതേ	— ത്വയി മഥനേന നിഷ്പാദിതേ സത്യേവ

അർത്ഥം — മേധാതിഥിപ്രഭൃതികളായ അംഗിരസ്സുകൾ യജ്ഞംകൊണ്ടാണ് പശുക്കളെ തടഞ്ഞുവെച്ച പർവ്വതത്തെ പിളൎന്നു മറിച്ചതു്. പിന്നെ അവർ പശുക്കളോടു കൂടിപ്പോയി. കർമ്മനേതാക്കളായ അവർ സുഖമായി ഉഷസ്സിനെ (ഉഷസ്സിലാചരിക്കേണ്ടും കർമ്മത്തെ) പ്രാപിച്ചു. അതിന്നുശേഷമാണ് സൂര്യൻ ഉദിച്ചു പൊങ്ങിയതു്. ഇതു് എല്ലാം അഗ്നിയായ അവിടുന്നു കടഞ്ഞുണ്ടാക്കപ്പെട്ടപ്പോഴത്രേ ഭവിച്ചതു്.

12 ഋതേനദേവീരമൃതാഅമൃക്താ
അർണ്ണോഭിരാപോമധുമദ്ഭിരഗ്നേ
വാജീനസർഗ്ഗേഷുപ്രസ്തുഭാനഃ
പ്രസദമിൽസ്രവിതവേദധന്യുഃ

അന്വയം:—

ഹേ അഗ്നേ, അമൃതാഃ	— അമരണഹേതവഃ
അമൃക്താഃ	— രക്ഷഃ പ്രഭൃതിഭിരബാധിതാഃ
മധുമൽ—ഭിഃ	— മാധുര്യോപേതൈഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അണ്ണ്ഃ–ഭിഃ — ഉദകൈര്യുക്താഃ
ദേവീഃ — ദേവ്യഃ, നദ്യഃ
ഋതേന ആപഃ — സത്യേനാപ്തവ്യാസ്സന്ത്യഃ
സദം ഇൽ സ്രവിതവേ — സദൈവ സ്രവണായ
വാജീ ന സർഗ്ഗേഷു — യഥാശ്വഃ പ്രേരണേഷു
പ്ര–സ്തുഭാനഃ — പ്രോത്സാഹ്യമാനഃ പ്രഗച്ഛതി തദ്വൽ
പ്ര ധന്യുഃ — പ്രഗച്ഛന്തി

അത്ഥം—അല്ലയോ അഗ്നേ, അമരണഹേതുക്കളും രക്ഷസ്സുകൾ മുതലായവരാൽ ബാധിക്കപ്പെടാത്തവരും മധുര ജലങ്ങളോടു കൂടിയവരുമായ ദേവികളായ നദികൾ യജ്ഞത്താലാണ്, തലോടൽ പുറത്തുതട്ടൽ മുതലായ പ്രേരണങ്ങളാൽ ഉത്സാഹിപ്പിക്കപ്പെട്ട് കുതിര ഓടുന്നപോലെ, എപ്പോഴും ഒഴുകിക്കൊണ്ടിരിക്കാനായി കുതിക്കുന്നതു്.

13 മാകസ്യയക്ഷംസദമിദ്ധുരോഗാ
മാവേശസ്യപ്രമിനതോമാപേഃ
മാഭ്രാതുരഗ്നേഅനൃജോരൃണംവേ
ർമ്മാസഖ്യുർദ്ദക്ഷംരിപോർഭുജേമ

അന്വയം:—

ഹേ അഗ്നേ, ഹുരഃ കസ്യ — ഹിംസകസ്യ കസ്യചിദപി
യക്ഷം സദം ഇൽ മാ ഗാഃ — കദാചിദപി മാ ഗച്ഛ
പ്ര–മിനതഃ വേശസ്യ മാ — ഹിംസകസ്യ പ്രതിവേശസ്യ, സമീപസ്ഥസ്യ യജ്ഞം മാ ഗാഃ
(തഥാ) ആപേഃ മാ — മദ്വ്യതിരിക്തസ്യ ബന്ധോഃ യജ്ഞം മാ ഗച്ഛ
(തഥാ) അനൃജോഃ — കുടില ചിത്തസ്യ
ഭ്രാതുഃ ഋണം — ഋണവദ്ദേയം ഹവിഃ
മാ വേഃ — മാ കാമയേഥാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(വയമപി) സഖ്യുഃ
രിപോഃ — മിത്രസ്യ ശത്രോശ്ച
ദക്ഷം മാ ഭുജേമ — ഭോഗസമർത്ഥം ധനം മാ ഭുജേമഹി
(കിംതു ത്വയാദത്തം ധനമേവ ഭുഞ്ജീമഹി)

അർത്ഥം—അല്ലയോ അഗ്നേ, ദ്രോഹകാരിയായ ആരുടെയും യജ്ഞത്തെ അവിടുന്നൊരിക്കലും പ്രാപിക്കരുത്. ഉപദ്രവകാരിയുടെ സമീപസ്ഥന്റെ യജ്ഞത്തിന്നും പോകരുത്. എന്നിൽ നിന്ന് വേർപെട്ട ബന്ധുവിന്റെ യജ്ഞത്തിന്നെത്തരുത്. അതുപോലെ കുടില ചിത്തനായ സഹോദരൻ, കടം തരുന്നപോലെയേകുന്ന, ഹവിസ്സ് ഇഷ്ടപ്പെടരുത്. ഞങ്ങളാകട്ടെ, ചങ്ങാതിയുടെയും എതിരാളിയുടെയും ഭോഗ്യമായ ധനം അനുഭവിക്കുമാറാകരുത്. അവിടുന്നരുളുന്ന ധനമേ അനുഭവിക്കാവൂ.

14 രക്ഷാണോ അഗ്നേ തവരക്ഷണേഭീ
രാരക്ഷാണസ്സുമഖപ്രീണാനഃ
പ്രതിഷ്ഫുരവിരുജവീഡ്വംഹോ
ജഹിരക്ഷോമഹിചിദ്വാവൃധാനം

അന്വയം:—

സു-മഖ, ഹേ അഗ്നേ,
രരക്ഷാണഃ — സുയജ്ഞാഗ്നേ, ഭൃശമസ്മാകം രക്ഷിതാ
പ്രീണാനഃ — ഹവിർഭിഃ പ്രീതസ്ത്വം
തവ രക്ഷണേഭിഃ
നഃ രക്ഷ — ത്വദീയൈരവനൈരസ്മാൻ പാലയ
പ്രതി സ്ഫുര — അസ്മാൻ പ്രതിദീപ്യസ്വ
വീളു അംഹഃ വി രുജ — ദൃഢം പാപം വിനാശയ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(കിംച) മഹി ചിൽ
വവ്യധാനം — മഹദപി വദ്ധമാനം, ബാധകം
രക്ഷഃ ജഹി — വിനാശയ

അത്ഥം—സുയജ്ഞനായ അഗ്നേ, ഞങ്ങഠംക്ക് തികച്ചും രക്ഷിതാവും ഹവിസ്സുകളാൽ പ്രീതനമായ അവിടുന്ന് അവിടുത്തെ രക്ഷണങ്ങളാൽ ഞങ്ങളെ കാത്താലും, ഞങ്ങഠംക്ക്‌വേണ്ടി കത്തിജ്വലിച്ചാലും. ഞങ്ങളുടെ പാപം കനത്തതെങ്കിലും നശിപ്പിച്ചാലും. ഊക്കനായിട്ട വീണ്ടും വളൻ്റു വരുന്ന രക്ഷസ്സിനെ കൊന്നാലും.

15 ഏഭിർഭവസുമനാ അഗ്നേ അക്കൈ
രിമാന്ഥ്സ്പൃശമന്മഭിശ്ശൂരവാജാൻ
ഉതബ്രഹ്മാണ്യങ്ഗിരോജുഷസ്വ
സംതേശസ്തിർദ്ദേവവാതാജരേത

അന്വയം:—

ഹേ അഗ്നേ, ഏഭിഃ
അക്കൈഃ — മഹനീയൈരച്ചനീയൈശ്ശ്രൈസ്തൈഃ
സു—മനാഃ ഭവ — ശോഭനമനസ്സോഭവ
ഹേ ശൂര, ഇമാൻ വാജാൻ — അസ്മദീയാനിഹവിർല്ലക്ഷണാന്യന്നാനി
മന്മ—ഭിഃ സ്പൃശ — സ്തോത്രൈസ്സഹപ്രതിഗൃഹാണ
ഉത ഹേ അങ്ഗിരഃ,
ബ്രഹ്മാണി ജുഷസ്വ — അപിചാഗ്നേ, മന്ത്രാൻസേവസ്വ
ദേവ—വാതാ ശസ്തിഃ — ദേവാൻ സ്തോതും പ്രാപ്താസ്തുതിഃ
തേ സം ജരേത — ത്വാം സംവദ്ധയതു

അത്ഥം—അല്ലയോ അഗ്നേ, മഹനീയങ്ങളായ ഈ അച്ചനാസ്തോത്രങ്ങളാൽ അവിടുന്ന് തെളിഞ്ഞ മനസ്സൊത്തവനായാലും, അല്ലയോ വീര, ഞങ്ങളുടെ ഈ ഹവിരന്നങ്ങളെ സ്തോത്ര

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

ങ്ങളോടൊപ്പം സ്വീകരിച്ചാലും. കൂടാതെ അഗ്നേ, (ഞങ്ങൾ ചൊല്ലുന്ന) മന്ത്രങ്ങൾ കൈക്കൊണ്ടാലും. ദേവന്മാരെ സ്തുതിക്കുന്ന അവ അവിടത്തെ വർദ്ധിപ്പിക്കട്ടെ.

16 ഏതാവിശ്വാവിദുഷേതുഭ്യംവേധോ
നീഥാന്യഗ്നേനിണ്യാവചാംസി
നിവചനാകവയേകാവ്യാ
ന്യശംസിഷംമതിഭിർവ്വിപ്രഉക്ഥൈഃ വ 22

അന്വയം:—

ഹേ വേധഃ, അഗ്നേ	— വിധാതഃ അഗ്നേ,
വിദുഷേ, കവയേ	— കർമ്മവിഷയജ്ഞാനവതേ, ക്രാന്തദർശിനേ
തുഭ്യം നീഥാനി നിണ്യാ	— പ്രാപകാണിനേയാർത്ഥാനിഗൂഢാനി
നി–വചനാ കാവ്യാനി	— നിതരാം വക്തവ്യാനികവിഭിഃ കൃതാനി
ഏതാ വിശ്വാ വചാംസി	— ഏതാനിസർവ്വാണി വാക്യാനി
മതി–ഭിഃ ഉക്ഥൈഃ	— മനനീയൈയെസ്തോത്രൈശ്ശസ്ത്രൈശ്ചസഹിതഃ
വിപ്രഃ അശംസിഷം	— പ്രാജ്ഞോഹം അവോചം (താനിസേവസ്വ)

അർത്ഥം—സർവ്വവിധാതാവായ അഗ്നേ, കർമ്മജ്ഞനും എല്ലാററിനും അപ്പുറം കാണുന്നവനുമായ അവിടത്തെ പ്രാപിക്കുന്ന അഗാധാർത്ഥങ്ങളും, വിസ്തരിച്ച് വിവരിക്കേണ്ടവയും കവികൃതങ്ങളുമായ ഈ എല്ലാ വാക്യങ്ങളും ധ്യാനയോഗ്യങ്ങളായ സ്തോത്രങ്ങളോടും ശസ്ത്രങ്ങളോടും കൂടിയ വിദ്വാനായ ഞാൻ ചൊല്ലിയല്ലോ. അവയെ സ്വീകരിച്ചാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വർഗ്ഗം 23–24–25 രക്ഷോഹാഗ്നിർദ്ദേവതാ

1 കൃണുഷ്വപാജഃ പ്രസിതിം ന പൃഥ്വീം

യാഹിരാജേവാമവാ ഇഭേന

തൃഷ്വീമനുപ്രസിതിംദ്രൂണാനോ

സ്താസിവിധ്യരക്ഷസസ്തപിഷ്ഠൈഃ

അന്വയം:–

ഹേ അഗ്നേ, പ്ര-സിതിം

ന പൃഥ്വീം	— യഥാമൃഗയുഃ വിസ്തീർണ്ണാം പ്രസിതിം വാഗുരാം പക്ഷി ഗ്രഹണാർത്ഥം സ്രീയതേ, ബധ്യതേ തദ്വൽ
പാജഃ കൃണുഷ്വ	— തേജസ്സങ്ഘം കുരുഷ്വ, വിസ്താരയ
അമ–വാൻ രാജാ–ഇവ	— അമാത്യസഹിതഃ രാജേവ (ഇഭേന യുക്തസ്സൻ) പരബലം പ്രതിഗച്ഛതി തദ്വൽ
ഇഭേന	— ഗതഭയേന തേജസ്സങ്ഘേന യുക്തസ്ത്വം
യാഹി	— രക്ഷാംസി ഹന്തും ഗച്ഛ
(കിംച) തൃഷ്വീം	— ക്ഷിപ്രഗാമിനീം
പ്ര–സിതിം	— പ്രകൃഷ്ടാം സേനാം
അനു ദ്രൂണാനഃ	— അനുഗച്ഛൻ
അസ്താ അസി	— ശത്രൂണാം ക്ഷേപ്താസി
തപിഷ്ഠൈഃ രക്ഷസഃ	
വിധ്യ	— തപ്തതമൈസ്തേജോഭിഃ രാക്ഷസാൻ താഡയ

അർത്ഥം–അല്ലയോ അഗ്നേ, വേടൻ പക്ഷികളെപ്പിടിക്കാൻ പരത്തി വലയെറിയുന്നപോലെ, അവിടത്തെ തേജസ്സമൂഹത്തെ എങ്ങും പരത്തിയാലും. മന്ത്രിസമേതനായ രാജാവ് ആനയോടുകൂടി ശത്രുവിന്നു നേരെ ചെല്ലുന്നപോലെ, അവി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ടുന്നു് നിർഭയമായ തേജസ്സമൂഹമൊത്തവനായി, രക്ഷസ്സുകളെ ഹനിക്കുവാൻ പോയാലും. ഗതിവേഗമുള്ള ഒത്ത സേനയെ അനുഗമിച്ചുകൊണ്ടു് ശത്രുക്കളെ അവിടുന്നു് ത്തെറിയുന്നവനാകുന്നു. ഏററവും ചുടററ തേജസ്സുകളാൽ രക്ഷസ്സുകളെ അമർത്തിയാലും.

2 തവ്ഭ്രമാസആശുയാപത
ന്ത്യനുസ്പൃശധൃഷതാശോശുചാനഃ
തപൂംഷ്യഗ്നേജുഹ്വാപതങ്ഗാ
നസന്ദിതോവിസൃജവിഷ്വഗുൽക്കാഃ

അന്വയം:—

ഹേ അഗ്നേ, തവ ഭ്രമാസഃ	— തവഭ്രാമ്യന്തഃ
ആശു—യാ പതന്തി	— ശീഘ്രഗമനാ രശ്മയഃ പ്രസരന്തി
ശോശുചാനഃ	— ഭൃശം ദീപ്യമാനസ്ത്വം
ധൃഷതാ	— അഭിഭവസമർത്ഥേന തേജസ്സങ്ഘേന ശത്രൂൻ
അനു സ്പൃശ	— അനുക്രമേണ ദഹ
അസം—ദിതഃ	— പരൈരനിരുദ്ധസ്ത്വം
തപൂംഷി	— താപകാനി തേജാംസി
പതങ്ഗാൻ	— പതനശീലാൻ വിസ്ഫുലാങ്ഗാൻ
ഉൽക്കാഃ	— (ച ഇത്യേതൽത്രയം)
ജുഹ്വാ വിഷ്വക് വി സൃജ	— ജ്വാലയാ സർവ്വതഃ പ്രസാരയ

അർത്ഥം—അല്പയോ അഗ്നേ, എങ്ങും ചെല്ലുന്ന, ഗതിവേഗമുള്ള അവിടുത്തെ രശ്മികൾ പടരുന്നു. ഏററവും പ്രകാശമാനനായ അവിടുന്നു് എന്തിനെയും ജയിക്കുന്ന തേജസ്സമൂഹത്താൽ ശത്രുക്കളെ ക്രമത്തിൽ ദഹിപ്പിച്ചാലും. ശത്രുക്കളാൽ തടുക്കപ്പെടാത്ത അവിടുന്നു് ചുടററ തേജസ്സുകളേയും പറക്കുന്ന പൊരികളെയും കൊള്ളിമീനൊത്ത പൊട്ടിത്തെറിക്കലുകളെയും നാലുപാടും വ്യാപിച്ചു്, ജ്വാലയാൽ പടർത്തിയാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

3 പ്രതിസ്പശോവിസൃജതൂൎണ്ണിതമോ
ഭവാപായുൎവ്വിശോഅസ്യാഅദബ്ധഃ
യോനോദൂരേഅഘശംസോയോഅ
ന്ത്യഗ്നേമാകിഷ്ടേവ്യഥിരാദധർഷീൽ

അന്വയം:—

ഹേ അഗ്നേ, തൂൎണ്ണി–തമഃ	—	ത്വരിതതമസ്ത്വം
സ്പശഃ വി സൃജ	—	പരബാധകാൻ രശ്മീൻ സത്യാനൃതവിവേകാൎത്ഥം പ്രേരയ
പ്രതി (വിസൃജ)	—	ശത്രൂൻ പ്രതി വിശേഷേണ പ്രേരയ
അദബ്ധഃ	—	കേനാപ്യഹിംസിതസ്ത്വം
അസ്യാഃ വിശഃ	—	ത്വദീയായാഃ അസ്മദാദികായാഃ പ്രജായാഃ
പായുഃ ഭവ	—	പാലകോഭവ
നഃ ദൂരേ യഃ		
അഘ–ശംസഃ	—	പാപാത്മകം ശംസനം, അഭിലാഷം യസ്യസഃ
യഃ അന്തി	—	യശ്ചാഘശംസഃ സമീപേ തിഷ്ഠതി, തസ്മാദുഭയ വിധാച്ഛത്രോഃ പാലകോഭവ
(കിംച) തേ	—	ത്വൽസംബന്ധിനോസ്മാൻ
മാകിഃ വ്യഥിഃ	—	കശ്ചിദപി ബാധകോ രാക്ഷസഃ മാ
ആ ദധൎഷീൽ	—	ആധർഷയതു

അൎത്ഥം—അല്ലയോ അഗ്നേ, വേഗതമനായ അവിടുന്ന് ശത്രുബാധകങ്ങളായ രശ്മികളെ സത്യാസത്യവിവേചനത്തിന്നായി പടൎത്തിയാലും, ശത്രുക്കളുടെ നേരെ അയച്ചാലും. ആരാലും കേടേൽപിക്കപ്പെടാത്ത അവിടുന്ന്, അവിടുത്തോടു ചേൎന്ന ഞങ്ങളെപ്പോലുള്ള പ്രജകൾക്ക് രക്ഷിതാവായി ഭവിച്ചാലും. ഞങ്ങൾക്ക് ദോഷമിച്ഛിക്കുന്നവനായി ആർ അകലെ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആർ അരികിൽ വർത്തിക്കുന്നുവോ, ആ രണ്ടുവിധം ശത്രുവിങ്കൽ നിന്നും രക്ഷകനായാലും. പിന്നെ അവിടത്തേക്കു ചേർന്ന ഞങ്ങളെ ബാധകനായ ഒരു രാക്ഷസനും ആക്രമിക്കരുത്.

4 ഉദഗ്നേതിഷ്ഠപ്രത്യാതനുഷ്വ
ന്യ ऽ മിത്രാ്ഓഷതാത്തിഗ്മഹേതേ
യോനോഅരാതിംസമിധാനചക്രേ
നീചാതംധക്ഷ്യതസംനശുഷ്കം

അന്വയം:—

തിഗ്മ-ഹേതേ,
ഹേ അഗ്നേ, — തീക്ഷ്ണജ്വാലാഗ്നേ,
ഉൽ തിഷ്ഠ — രക്ഷോഹനനാർത്ഥമുദ്യതോഭവ
(ശത്രൂൻ) പ്രതി ആ
തനുഷ്വ — ജ്വാലാസങ്ഘം വിസ്താരയ
അമിത്രാൻ നി ഓഷതാൽ — ശത്രൂൻ നിതരാംദഹ
ഹേ സം-ഇധാന, — സമിൽഭിർദ്ദീപ്യമാനാഗ്നേ,
യഃ നഃ അരാതിം ചക്രേ — അരാതിത്വം, ശാത്രവം കുരുതേ
തം ശുഷ്കം അതസം ന — അനാർദ്രം കാഷ്ഠമിവ
നീചാ ധക്ഷി — ന്യക്ഭൂതം ദഹ

അർത്ഥം:—അല്ലയോ തീക്ഷ്ണജ്വാലനായ അഗ്നേ, രക്ഷസ്സുകളെ ഹനിക്കുവാൻ എഴുന്നേററാലും. ശത്രുക്കളുടെ നേരെ ജ്വാലാസമൂഹം പടർത്തിയാലും. ശത്രുക്കളെ തികച്ചും കത്തിച്ചുകരിച്ചാലും. ചമതകൾകൊണ്ടു് കത്തിജ്ജ്വലിക്കുന്ന അഗ്നേ, ഏവൻ ഞങ്ങൾക്കു് ശത്രുത്വം ചെയ്യുന്നുവോ, അവനെ ഉണങ്ങിയ വിറകിനെ എന്ന പോലെ നിശ്ശേഷമെരിച്ചാലും.

5 ഊർധ്വോഭവപ്രതിവിധ്യാധ്യസ്മ
ദാവിഷ്കൃണുഷ്വദൈവ്യാന്യഗ്നേ
അവസ്ഥിരാതനുഹിയാതുജൂനാം
ജാമിമജാമിംപ്രമൃണീഹിശത്രൂൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ അഗ്നേ, ഊർധ്വഃ ഭവ — രക്ഷോഹനനാർത്ഥമുദ്യുക്തോ ഭവ
അസ്മൽ അധി — അസ്മത്തഃ അധികാൻ
രാക്ഷസാൻ
പ്രതി വിധ്യ — പ്രത്യേകം താഡയ
ദൈവ്യാനി ആവിഃ
കൃണുഷ്വ — തേജാംസ്യാവിഷ്കുരു
യാതു—ജൂനാം — യാതുധാനാനാം
സ്ഥിരാ അവ തനുഹി — ദൃഢാനി ധനൂംഷി
അവഗതജ്യാനി കുരു
(കിംച) ജാമിം അജാമിം — ബന്ധുമബന്ധും, ഏതാദൃശാൻ
ശത്രൂൻ പ്ര മൃണീഹി — പ്രജഹി

അർത്ഥം—അല്ലയോ അഗ്നേ, രക്ഷസ്സുകളെ ഹനിക്കാൻ ഉയർന്നു വന്നാലും. ഞങ്ങളുടെ അടുക്കൽ നിന്നു് അധികം രാക്ഷസന്മാരെ, ഒരോരുത്തരെയായി, പ്രഹരിച്ചാലും. തേജസ്സുകൾ പുറത്തു കാട്ടിയാലും. രാക്ഷസന്മാരുടെ ഉറപ്പേററ വില്ലുകൾ ഞാണററവയാക്കിയാലും. കൂടാതെ, ബന്ധുവോ, അബന്ധുവോ ആയ ശത്രുക്കളെ ഒടുക്കിയാലും.

6 സതേജാനാതിസുമതിംയവിഷ്ഠ
യഈവതേബ്രഹ്മണേഗാതുമൈരൽ
വിശ്വാന്യസ്മൈസുദിനാനിരായോ
ദ്യുമ്നാന്യര്യോവിദുരോഅഭിദ്യൌൽ

അന്വയം:—

ഹേ യവിഷ്ഠ — യുവതമാഗ്നേ,
യഃ ഈവതേ — കല്ല്യാണഹേതുഭൂതഗമനായ
ബ്രഹ്മണേ ഗാതും ഐരൽ — പരിവൃഢായ തുഭ്യംസ്തോത്രം
പ്രേരയതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സഃ തേ സു-മതിം
ജാനാതി — കല്യാണകരീമനുഗ്രഹാത്മികാ ബുദ്ധിംലഭതേ
അസ്മൈ — സ്തോത്രം കൃതവതേ യജമാനായ
വിശ്വാനി സു-ദിനാനി — സർവ്വാണി ശോഭനാനിദിനാനി
ദ്യുമ്നാനി രായഃ — ദ്യുതിമന്തിധനാനി, രത്നകനകാദീനി
ദുരഃ അഭി — ഗൃഹാനഭിലക്ഷ്യ
അര്യഃ വി ദ്യൌത് — യജ്ഞാനാം സ്വാമീ ത്വം വിശേഷേണ ദ്യോതസ്വ

അർത്ഥം-അല്ലയോ നിത്യയുവാവേ, അഗ്നേ, ഏവൻ മംഗളകാരണമായി ഗമിക്കുന്ന ശ്രേഷ്ഠനായ അവിടേയ്ക്കായി സ്തോത്രമെത്തിക്കുന്നുവോ, അവൻ അവിടുത്തെ ശുഭകാരിയായ അനുഗ്രഹബുദ്ധിയെ അറിഞ്ഞനുഭവിക്കുന്നു, നേടുന്നു. സ്തോത്രം നടത്തുന്ന യജമാനന്നായി എല്ലാ ദിവസങ്ങളും നല്ല ദിവസങ്ങളാക്കി, രത്നമായും സ്വർണ്ണമായും തിളങ്ങുന്ന ധനങ്ങൾ അവൻെറ ഗൃഹങ്ങൾക്കു നേരെ, യജ്ഞാധീശനായ അവിടുന്ന് പ്രകാശിപ്പിച്ചാലും.

7 സേദഗ്നേഅസ്തുസുഭഗസ്സുദാനു
ര്യസ്ത്വാനിത്യേനഹവിഷായഉക്ഥൈഃ
പിപ്രീഷതിസ്വആയുഷിദുരോണേ
വിശ്വേദസ്മൈസുദിനാസാസദിഷ്ടിഃ

അന്വയം:-

ഹേ അഗ്നേ, യഃ
നിത്യേന — യാവജ്ജീവം സങ്കല്പിതേന അഗ്നിഹോത്രാദി സാധന ഭൂതേന
ഹവിഷാ ത്വാ
പിപ്രീഷതി — ത്വാം പ്രീണയിതുമിച്ഛതി
യഃ (ച) ഉക്ഥൈഃ — ശസ്ത്രൈഃ പ്രീണയിതുമിച്ഛതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സഃ ഇൽ — സ ഏവ പുമാൻ
സു–ഭഗഃ, സു–ദാനുഃ അസ്തു — സൌഭാഗ്യവാൻ, ശോഭനേ ദാനോപേതഃ ഭവതു
(കിംച) ദ്ദരോണേ — ദ്ദരവനേ, കൃച്ഛ്റലഭ്യേ
സ്വേ ആയുഷി — ശതവഷാദ്യേ ജീവനേ തിഷ്ഠതു
അസ്മൈ വിശ്വാ ഇൽ
സു–ദിനാ — സവ്വാണി ഏവ ശോഭനാനി ദിനാനി ഭവന്തു
(അസ്യ) സാ ഇഷ്ടിഃ
അസൽ — സയജ്ഞഃ ഫലസാധന സമത്ഥോ ഭവതു

അത്ഥം–അല്ലയോ അഗ്നേ, ഏവൻ ജീവകാലം മുഴവൻ സങ്കല്പിതമായ (മനോനിശ്ചയമുററ) അഗ്നിഹോത്രം മുതലായി കമ്മമാഗ്ഗ്ഭ്രതമായ ഹവിസ്സാൽ അവിടത്തെ പ്രീതിപ്പെടുത്തുവാനിച്ഛിക്കുന്നുവോ, ഏവൻ ശസ്ത്രങ്ങളാൽ പ്രീതിപ്പെടുത്തുവാനിച്ഛിക്കുന്നുവോ, ആ ആൾ മാത്രം സൌഭാഗ്യയുക്തനും നല്ല ദാനമൊത്തവനുമായി ഭവിക്കട്ടെ. പിന്നെ പ്രയാസപ്പെട്ടു ലഭിക്കാവുന്ന തൻെറ നൂറുകൊല്ലം നീണ്ട ആയുസ്സിൽ വർത്തിയ്ക്കട്ടെ. അവന്നു് എല്ലാ ദിവസങ്ങളും നല്ല ദിവസങ്ങളാവട്ടെ. അവൻെറ ആ യജ്ഞം ഫലഭ്രതമാവട്ടെ.

8 അർച്ചാമിതേസുമതിങ്ഘോഷ്യവ്വാക്
സംതേവാവാതാജരതാമിയംഗീഃ
സ്വശ്വാസ്ത്വാസുരഥാമജ്ജയേമാ
സ്മേക്ഷത്രാണിധാരയേരനുദ്യൂൻ

അന്വയം:–
(ഹേ അഗ്നേ) തേ സു–
മതിം — തവാനുഗ്രഹാത്മികാം ശോഭനബുദ്ധിം
അച്ചാമി — പൂജയാമി
വവാതാ — പുനഃ പുനസ്ത്വാം അഭിഗച്ഛന്തീ ഉച്യമാനാ

*34

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇയം ഗീഃ ഘോഷി — വാക് യഥാഘോഷയുക്താ ഭവതി തഥാ
അർവാക് തേ സം ജരതാം — ത്വദഭിമുഖം സ്തൌതു
(വയമപി) സു–അശ്വാഃ
സു–രഥാഃ — ശോഭനാശ്വരഥോപേതാഃ, സപുത്രപൌത്രാസ്സന്തഃ
ത്വാ മർജ്ജയേമ — അലങ്കുര്യാമ, പരിചരേമ
(ത്വം തു) അനു ദ്യൂൻ — അന്വഹം
അസ്മേ ക്ഷത്രാണി
ധാരയേഃ — അസ്മാസു ധനാനി നിധേഹി

അർത്ഥം–അല്ലയോ അഗ്നേ, അവിടത്തെ അനുഗ്രഹാത്മികയായ ശോഭനബുദ്ധിയെ ഞാൻ വന്ദിക്കുന്നു. വീണ്ടും വീണ്ടും അവിടത്തെ നേരെ വരുന്ന ഉച്ചത്തിലുള്ള ഈ വാക്ക് (സ്തുതി) ഘോഷമായ വിധത്തിൽ അവിടത്തെ പുകഴ്ത്തട്ടെ. ഞങ്ങൾ നല്ല കുതിരകളോടും നല്ല തേരുകളോടും (പുത്രപൌത്രന്മാരോടും) കൂടിയവരായി അവിടത്തെ അലങ്കരിക്കാവൂ, പരിചരിചരിയ്ക്കാവൂ. അവിടുന്നാകട്ടെ ദിവസംപ്രതി ഞങ്ങളിൽ ധനങ്ങളുണ്ടാക്കിയാലും.

9 ഇഹത്വാഭൂര്യാചരേദുപത്മ
ന്ദോഷാവസ്തർദ്ദീദിവാംസമനുദ്യൂൻ
ക്രീളന്തസ്ത്വാസുമനസസ്സപേമാ
ഭിദ്യുമ്നാതസ്ഥിവാംസോജനാനാം

അന്വയം:–

(ഹേ അഗ്നേ,) ഇഹ — അസ്മിൻ ലോകേ പുരുഷഃ
ദോഷാ–വസ്തഃ
ദീദി–വാംസം ത്വാ — രാത്രാവഹനിച ദീപ്യമാനം ത്വാം
അനു ദ്യൂൻ ത്മൻ — അന്വഹമാത്മനാ
ഭൂരി ഉപ ആ ചരേൽ — ഭൂയിഷ്ഠം യഥാഭവതി തഥാ പരിചരതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(തസ്മാദദ്വയമപി)

ജനാനാം ദ്യുമ്നാ — ശത്രൂണാം ദ്യുമ്നാനി ധനാനി

അഭി തസ്ഥി-വാംസഃ — ത്വൽ പ്രസാദാൽ ആത്മസാൽ-കൃതവന്തഃ, അത ഏവ

ക്രീളന്തഃ — സ്വേ സ്വേ ഗൃഹേ പുത്രപൌത്രാദിഭിഃ സംക്രീഡമാനാഃ

(തഥാ) സു-മനസഃ ത്വാ — ശോഭനമനസ്കാസ്സന്തസ്ത്വാം

സപേമ — പരിചരേമ

അർത്ഥം—അല്ലയോ അഗ്നേ, ഈ ലോകത്തിൽ (സൽകർമ്മവാനായ) മനുഷ്യൻ രാവും പകലും പ്രകാശിക്കുന്ന അവിടുത്തെ ദിവസംതോറുമാത്മാവിനാൽ സ്വയം ആവർത്തിച്ചാവർത്തിച്ച് പരിചരിക്കുന്നു. ആ പരിചരണത്തോടുകൂടി ഞങ്ങളും ശത്രുജനങ്ങളുടെ ധനങ്ങളെ, അവിടുത്തെ പ്രസാദത്താൽ, സ്വായത്തമാക്കി അവനവൻെറ ഗൃഹത്തിൽ പുത്രപൌത്രാദികളോടുകൂടി ക്രീഡിയ്ക്കുന്നവരായും സന്തുഷ്ടമനസ്കരായും അവിടുത്തെ പരിചരിയ്ക്കാവൂ.

10 യസ്ത്വാസ്വശ്വസ്സുഹിരണ്യോഅഗ്ന
ഉപയാതിവസുമതാരഥേന
തസ്യത്രാതാഽവസിതസ്യസഖാ
യസ്തആതിഥ്യമാനുഷഗ്ജുജോഷൽ വ. 24

അന്വയം:-

ഹേ അഗ്നേ, യഃ

സു-അശ്വഃ — ശോഭനാശ്വോപേതഃ

സു-ഹിരണ്യഃ — യാഗയോഗ്യ ധനോപേതഃ

വസു-മതാ രഥേന — വ്രീഹ്യാദി ധനയുക്തേന രഥേന

ത്വാ ഉപ-യാതി — പരിചരണാർത്ഥം ത്വൽസമീപം ഗച്ഛതി

(ത്വം) തസ്യ ത്രാതാ ഭവസി — സർവ്വദുരിതേഭ്യോ രക്ഷകഃ ഭവസി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യഃ (ച) തേ ആതിത്ഥ്യം — അതിഥിയോഗ്യാം പൂജാം
ആനുഷക് ജുജോഷൽ — അനുക്രമേണ പ്രാപയതി
തസ്യ സഖാ — ഭവസി

അർത്ഥം—അല്ലയോ അഗ്നേ, ഏവൻ നല്ല കുതിരയോടുകൂടി യവനും യാഗയോഗ്യമായ സമ്പത്തോത്തവനുമായി നെല്ലു മുതലായ ധാന്യങ്ങൾ നിറച്ച തേരിനാൽ അവിടുത്തെ പരിചരിക്കാനായി അടുത്തു വരുന്നുവോ, അവിടുന്നവനെ ദുരിതങ്ങളിൽ നിന്നു് രക്ഷിക്കുന്നവനായി ഭവിക്കുന്നു. ഏവൻ അവിടേക്കു് അതിഥിക്കർഹമായ പൂജ, ക്രമമനുസരിച്ചു് ചെയ്യുന്നുവോ അവന്നവിടുന്നു് ചങ്ങാതിയായി ഭവിക്കുന്നു.

11 മഹോരുജാമിബന്ധുതാവചോഭി
സ്തന്മാപിതുർഗ്ഗോതമാദന്വിയായ
ത്വന്നോഅസ്യവചസശ്ചികിദ്ധി
ഹോതര്യവിഷ്ഠസുക്രതോദമൂനാഃ

അന്വയം:—

ഹേ ഹോതഃ, യവിഷ്ഠ,
സു-ക്രതോ — ദേവാനാമാഹ്വാതഃ, യുവതമ, ശോഭനപ്രജ്ഞാഗ്നേ
വചഃ-ഭിഃ — ത്വദുദ്ദേശേനകൃതൈസ്തോത്രൈഃ സമുപജാതായേയം
ബന്ധുതാ — ബന്ധുതയാ, ബന്ധുഭാവേന
മഹഃ രുജാമി — മഹതോ രാക്ഷസാൻ ഭിനദ്മി
തൽ പിതുഃ ഗോതമാൽ — തദ്വചഃ ഉൽപാദയിതുഃ ഗോതമർഷേസ്സകാശാൽ
മാ അനു ഇയായ — വാമദേവം മാം പ്രാപ്തം
ദമൂനാഃ ത്വം — ദാന്തമനാസ്ത്വം
നഃ അസ്യ വചസഃ — അസ്മദീയസ്യ സ്തോത്രാത്മകമേതദ്വാക്യം
ചികിദ്ധി — ജാനീഹി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം—ദേവന്മാരെ വിളിയ്ക്കുന്നവനും ഏററവും യുവാവും ശോഭനപ്രജ്ഞയൊത്തവനുമായ അഗ്നേ, അവിടുത്തെ ഉദ്ദേശിച്ച സ്തോത്രങ്ങളാൽ ഉളവായ ബന്ധുഭാവംകൊണ്ടു ഊക്കനായ രാക്ഷസനെ ഞാൻ പിളക്കുന്നു. അപ്രകാരമുള്ള സ്തോത്രവാക്യം അച്ഛനായ ഗോതമനിൽ നിന്നാണ് വാമദേവനായ എനിക്കു കൈവന്നതു്. ശാന്തമനസ്സനായ അവിടുന്ന് എൻെറ ആ വചസ്സിനെ അറിഞ്ഞാലും.

12 അസ്വപ്നജസ്തരണയസ്സുശേവാ
അതന്ദ്രാസോവൃകാഅശ്രമിഷ്ഠാഃ
തേപായവസ്സധ്ര്യഞ്ചോനിഷദ്യാ
ഗ്നേതവനഃപാന്തപമൂര

അന്വയം:—

അമൂര, ഹേ അഗ്നേ	— അമൂഢ, സർവ്വജ്ഞാഗ്നേ
അസ്വപ്ന-ജഃ	— അസ്വപന്തഃ, ജാഗരൂകാഃ
തരണയഃ സു-ശേവാഃ	— ആപത്ഭ്യസ്താരകാഃ സുസുഖാഃ
അതന്ദ്രാസഃ	— അതന്ദ്രാഃ അനലസാഃ സർവ്വദോദ്യുക്താഃ
അവൃകാഃ, അശ്രമിഷ്ഠാഃ	— അഹിംസകാഃ അശ്രാന്തതമാഃ
സധ്ര്യഞ്ചഃ	— പരസ്പരം സങ്ഗതാഃ
പായവഃ തേ തവ	
നി-സദ്യ	— രക്ഷകാരശ്മയഃ അസ്മദ്യജ്ഞേ നിഷണ്ണാഭൂത്വാ
നഃ പാന്തു	— അസ്മാൻ രക്ഷന്തു

അർത്ഥം—അല്പയോ സർവ്വജ്ഞനായ അഗ്നേ, എപ്പോഴും ഉണർവ്വുററവയും ആപത്തുക്കളിൽനിന്നു് (ഉപാസകരെ) രക്ഷിക്കുന്നവയും സുഖകരങ്ങളും, ഒരിക്കലും ആലസ്യം ബാധിക്കാതെ ഉദ്യുക്തങ്ങളും, (ഉപാസകരെ) ദ്രോഹിക്കാത്തവയും ക്ഷീണിക്കാത്തവയും അന്യോന്യം ഇണങ്ങിയവയും രക്ഷകങ്ങ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ളമായ അവിടത്തെ ആ രശ്മികൾ ഞങ്ങളുടെ യജ്ഞത്തിൽ വർത്തിച്ച്, ഞങ്ങളെ പാലിക്കട്ടെ.

13 യേപായവോമാമതേയന്തേഅഗ്നേ
പശ്യന്തോഅന്ധംദുരിതാദരക്ഷൻ
രരക്ഷതാന്ത്സുകൃതോവിശ്വവേദാ
ദിപ്സന്തഇദ്രിപവോനാഹദേഭുഃ

അന്വയം:-

ഹേ അഗ്നേ, പായവഃ	— രക്ഷകാഃ
പശ്യന്തഃ	— അന്ധോയമിതി കൃപാദൃഷ്ട്യാ പശ്യന്തഃ
തേ യേ മാമതേയം	— തവ യേ രശ്മയഃ മമതായാഃ പുത്രം
അന്ധം ദുഃ-ഇതാൽ	
അരക്ഷൻ	— ചക്ഷുർഹീനം ദീർഘതമസം ആന്ധ്യലക്ഷണാൽ ശാപാൽ ചക്ഷുഷ്പ്രദാനേന അപാലയൻ
വിശ്വ-വേദാഃ	— വിശ്വപ്രജ്ഞോഭവാൻ
സു-കൃതഃ താൻ	— ചക്ഷുഷ്പ്രദാനകർമ്മകൃതവതഃ രശ്മീൻ
രരക്ഷ	— ആദരേണ പരിഗൃഹ്യപാലയതി
ദിഫ്സന്തഃ ഇൽ	— ദംഭിതും, പരിഭവിതുമിച്ഛന്ത ഏവ
രിപവഃ ന അഹ ദേഭുഃ	— ശത്രുവഃ ഏനം നൈവപരി ഭവന്തി ഖലു

അർത്ഥം-(ഇവിടെ മുമ്പു സൂചിപ്പിച്ച ഒരു കഥ വീണ്ടും സൂചിപ്പിക്കുന്നു: ഉചത്ഥ്യൻെറ ഭാര്യ മമതയെ അനുജനായ ബൃഹസ്പതി എന്ന ഋഷി കാമിച്ചു, പ്രാപിച്ചു. രേതസ്സേകസമയത്തു് മമതയുടെ ഗർഭത്തിലുള്ള ശിശു വിലക്കി. ബൃഹസ്പതി രേതസ്സു നിരോധിച്ചുവെങ്കിലും, ക്രുദ്ധനായി ഗർഭസ്ഥശിശു, ജാത്യന്ധനാകട്ടെ എന്നു് ശപിച്ചു. ജാത്യന്ധതകൊണ്ടു് ദീർഘ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തമസ്സെന്ന പേർ വന്ന അദ്ദേഹത്തിന്നു് അഗ്നിയെ ഉപാസിച്ചു കാഴ്ച തിരിച്ചുകിട്ടി.)

അല്ലയോ അഗ്നേ, രക്ഷണശീലങ്ങളും, ഇവൻ അന്ധനാണെന്നു് കൃപാദൃഷ്ടികൊണ്ടു് കണ്ടുപയുമായ അവിടുത്തെ രശ്മികളേവയോ, മമതാപുത്രനായ അന്ധനെ ദുരിതത്തിൽ നിന്നു് കാഴ്ചയില്ലായ്മയുടെ ശാപത്തിൽ നിന്നു്, രക്ഷിച്ചതു്, സർവ്വജ്ഞനായ അവിടുന്നു് ആ സൽകർമ്മം ചെയ്ത രശ്മികളെ ആദരത്തോടുകൂടി കയ്യിൽവെച്ചു് പാലിക്കുന്നുവല്ലൊ. തോല്പിക്കാനിച്ഛിച്ച ശത്രുക്കൾ അദ്ദേഹത്തെ ജയിക്കുന്നില്ലല്ലൊ. (അവിടുത്തെ രശ്മികളുടെ പ്രഭാവത്താൽ)

14 ത്വയാവയംസധന്യ ഽസ്ത്വോതാ

ത്സവപ്രണീത്യശ്യാമവാജാൻ

ഉഭാശംസാസൂദയസത്യതാതേ

നുഷ്ഠുയാകൃണുഹ്യഹ്രയാണ

അന്വയം:–

ഹേ അഹ്രയാണ,	— അലജ്ജിത (അലക്ഷിത) ഗമനാഗ്നേ
വയം ത്വയാ സ–ധന്യഃ	— ത്വൽപ്രസാദാൽ സമാനധനാഃ
ത്വാ–ഊതാഃ	— ത്വയാരക്ഷിതാഃ
തവ പ്ര–നീതീ	— പ്രണീത്യാ, തവ പ്രേരണേന, അനുജ്ഞയാ
വാജാൻ അശ്യാമ	— അന്നാൻ പ്രാപ്നുയാമ
ഹേ സത്യ–താതേ	— സത്യം തനോതീതിസത്യ താതിഃ, താദൃശാഗ്നേ
ശംസാ ഉഭാ സൂദയ	— പാപാനാംശംസിതാരൌ ആസന്നവിപ്രകൃഷ്ടൌശത്രൂ ജഹി
അനുഷ്ഠുയാ കൃണുഹി	— അനുക്രമേണകരു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം–ലജ്ജയോടുകൂടാതെ (കാണപ്പെടാതെ) സഞ്ചരിക്കുന്ന അഗ്നേ, അവിടുത്തെ പ്രസാദത്താൽ, അവിടുത്തോടുതുല്യമായ ധനമൊത്തവരായി, അവിടുന്നാൽ രക്ഷിതരായി, അവിടുന്നു് നയിച്ചവഴിക്കു് ഞങ്ങാം അന്നങ്ങളെ പ്രാപിക്കാവൂ. അല്ലയോ സത്യകർമ്മൻ, അഗ്നേ, ഞങ്ങാംക്കു് ദോഷം വിളിച്ചു പറയുന്ന സമീപസ്ഥരും ദൂരസ്ഥരുമായ രണ്ടുവിധം ശത്രുക്കളെയും നശിപ്പിച്ചാലും. അനുക്രമമായി ഞങ്ങളുടെ അത്ഥിതങ്ങളരുളിയാലും.

15 അയാതേ അഗ്നേസമിധാവിധേമ
പ്രതിസ്തോമംശസ്യമാനംഗൃഭായ
ദഹാശസോരക്ഷസഃ പാഹ്യ/സ്മാ
ൻദ്രുഹോനിദോമിത്രമഹോഅവദ്യാൽ വ 25

അന്വയം:–

ഹേ അഗ്നേ, അയാ
സം–ഇധാ — അനയാദീപ്ത്യാ, സ്തുത്യാ
തേ വിധേമ — ത്വാം പരിചരേമ
(അസ്മാഭിഃ) ശസ്യമാനം
(ഇമം) സ്തോമം — സ്തോത്രം
പ്രതി ഗൃഭായ — പ്രതിഗൃഹാണ
അശസഃ രക്ഷസഃ ദഹ — ശസഃ സ്തോതാരഃ, അശസഃ അസ്തോതാരഃ, നൃശംസാഃ, താൻ ഭസ്മസാൽകുരു
ഹേ മിത്ര–മഹഃ — മിത്രൈഃ പൂജനീയാഗ്നേ
ദ്രുഹഃ, നിദഃ, അവദ്യാൽ — ദ്രോഗ്ധുഃ, നിന്ദകാൽ, പരിവാദാച്ച
അസ്മാൻ പാഹി — രക്ഷ

അത്ഥം–അല്ലയോ അഗ്നേ, ഈ തെളിവുററ സ്തുതിയാൽ അവിടുത്തെ പരിചരിക്കുന്നു. ഞങ്ങളാൽ ചൊല്ലപ്പെടുന്ന ഈ സ്തോത്രത്തെ പ്രതിഗ്രഹിച്ചാലും. അവിടുത്തേയ്ക്കു സ്തുതിചൊല്ലാത്ത ക്രൂരരക്ഷസ്സുകളെ ഭസ്മീകരിച്ചാലും. അല്ലയോ മിത്രങ്ങളാൽ, ഉപാസകരാൽ, പൂജനീയനായ അഗ്നേ, ദ്രോഹിയിൽ നിന്നും, നിന്ദിക്കുന്നവനിൽ നിന്നും, അപവാദത്തിൽ നിന്നും ഞങ്ങളെ രക്ഷിച്ചാലും.

നാലാമധ്യായം സമാപ്തം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായപീഠിക

അഷ്ടകം–3 അധ്യായം–5

1 മുതൽ 14 കൂടി വർഗ്ഗങ്ങളിൽ അഗ്നി ദേവത. 15–16 ൽ സഹദേവപുത്രനായ സോമകനെന്ന രാജാവും അശ്വികളും ദേവതകൾ. 17 മുതൽ 24 കൂടി ഇന്ദ്രൻ ദേവത. 25–26 ൽ മാതൃഗർഭത്തിൽ കിടക്കുന്ന വാമദേവൻ ജ്ഞാനിയായി ഗർഭത്തിൽ നിന്ന് പുറത്തുവരാൻ കൂട്ടാക്കാതെ അമ്മ ഇന്ദ്രനെ ധ്യാനിച്ചതും ഇന്ദ്രനുമദിതിയും ചെന്ന് വാമദേവനായി സംവാദം ചെയ്യുന്നതും വിവരിക്കുന്നു. ഗർഭസ്ഥനായ വാമദേവൻ ആദ്യം വരാൻ മടിക്കുന്നു. ഇന്ദ്രനെ അധിക്ഷേപിക്കുന്നു. അദിതിയുടെ പ്രേരണകൊണ്ട് വാമദേവൻ വഴങ്ങി. ഇന്ദ്രനെ സ്തുതിക്കുന്നതോടെ രംഗം അവസാനിക്കുന്നു.

അഷ്ടകം –3–അധ്യായം –5 –വർഗ്ഗം –1–2–3. വാമദേവഃ ഋഷിഃ ത്രിഷ്ടുപ് ഛന്ദഃ വൈശ്വാനരാഗ്നിർദ്ദേവതാ.

1 വൈശ്വാനരായ മീള്ഹുഷേ സജോഷാഃ
കഥാ ദാശേമാഗ്നയേ ബൃഹദ്ഭാഃ
അനൂനേന ബൃഹതാ വക്ഷഥേനോ
പസ്തുഭായദുപമിന്നരോധഃ

അന്വയം:–

സ–ജോഷാഃ — സജോഷസഃ, സമാനപ്രീതിയുക്താഃ വയമൃത്വിഗ്യജമാനാഃ

വൈശ്വാനരായ — വിശ്വനരസംബന്ധിനേ, ഏതന്നാമകായ

മീള്ഹുഷേ — അഭിമതസേക്ത്രേ

ബൃഹൽ ഭാഃ അഗ്നയേ — ബൃഹതേ, മഹതേ, ഭാസമാനായാഗ്നയേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കഥാ ദാശേമ? — കേനപ്രകാരേണദദ്യാമ?
അന്തൂനേന ബൃഹതാ — അന്യൂനേന, സമ്പൂർണ്ണേന അത ഏവ പ്രവൃദ്ധേന
വക്ഷഥേന — വോഢവ്യേന സ്വശരീരേണ
ഉപ-മിൽ ന രോധഃ — ഉപമിൽ സ്ഥൂണാ, സായഥാ തൃണാച്ഛാദനാനി നിരോധകം വംശാദികം ഉപസ്തഭ്നാതി-യഥാ ഉപമിൽ ഉദകം കൂലമിവ
(ദ്യാം) ഉപ സ്തഭായൽ — ഉപസ്തഭ്നാതി

അത്ഥം-സമാനപ്രീതിയുക്തരായ യജമാനനും ഋത്വിക്കുകളുമായ നമ്മൾ, വൈശ്വാനരനെന്ന് പ്രഖ്യാതനും അഭിമതവർഷകനും മഹത്തായി ഭാസിക്കുന്നവനുമായ അഗ്നിയ്ക്കായി ഏതു പ്രകാരമാണ് ഹവിസ്സു നല്കേണ്ടതു്? അന്യൂനവും അതുകൊണ്ടുതന്നെ മഹത്തുമായ, എന്തും വഹിക്കാൻ കരുത്തുററ സ്വശരീരത്താൽ അവിടുന്ന്, പുൽപ്പടർപ്പുകററുന്ന മുളപോലെ ഉയന്ന് (അല്ലങ്കിൽ ജലങ്ങൾ നദിയുടെ കരയെ എന്നപോലെ) ദ്യോവിനെ സ്തംഭിപ്പിക്കുന്നു, താങ്ങുന്നു.

2 മാനിന്ദതയഇമാംമഹ്യംരാതിം
ദേവോദദൌമർത്യായസ്വധാവാൻ
പാകായഗൃഥ്സോഅമൃതോവിചേതാ
വൈശ്വാനരോനൃതമോയഹ്വോഅഗ്നിഃ

അന്വയം:-

(ഹേ ഹോത്രാദയഃ അമും) — വൈശ്വാനരമഗ്നിം
മാ നിന്ദത — നിന്ദാം മാ കുരു, സ്തുത
യഃ ദേവഃ സ്വധാ-വാൻ — അസ്മദ്ദത്തേന ഹവിർല്ലക്ഷണേന യുക്തസ്സൻ
മർത്യായ, പാകായ — മരണധർമ്മായ, പരിണതപ്രജ്ഞായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

മഹ്യം ഇമാം രാതിം
ദദൌ — യജമാനായമഹ്യം ഇമം ധനം ദത്തവാൻ
(സഃ) ഗൃത്സഃ, അമൃതഃ — മേധാവീ, അമരണസ്വഭാവഃ
വി–ചേതാഃ
വൈശ്വാനരഃ — വിശിഷ്ടപ്രജ്ഞഃ, വിശ്വൈർന്നരൈർന്നീയമാനഃ
നൃ-തമഃ യഹ്വഃ അഗ്നിഃ — നേതൃതമഃ (ഫലാദീനാം) മഹാനഗ്നിഃ (തം സ്തുത)

അർത്ഥം–(യജമാനൻ പറയുന്നു) അല്ലയോ ഹോതാവു മുതലായ ഋത്വിക്കുകളേ, ഈ വൈശ്വാനരാഗ്നിയെ നിന്ദിക്കരുതു്, സ്തുതിച്ചാലും. യാതൊരു ദേവനാണോ നമ്മളാൽ നല്ലപ്പെട്ട ഹവിസ്സോത്തവനായി, മരണധർമ്മിയും പാകംവന്ന ജ്ഞാനത്തോടുകൂടിയവനുമായ യജമാനനായ എനിക്കു് ധനം തന്നരുളിയതു്, അവിടുന്നു് മേധാവിയും, അമരനും, വിശിഷ്ടജ്ഞാനവാനും എല്ലാ മനുഷ്യരാലും അനുനയിക്കപ്പെടാവുന്നവനും, കർമ്മഫലങ്ങളെ നയിക്കുന്നവനും മഹാനുമായ അഗ്നിയാകുന്നു. അവിടത്തെ സ്തുതിക്കുക.

3 സാമദ്വിബർഹാമഹിതിഗ്മഭൃഷ്ടി
സ്സഹസ്രരേതാവൃഷഭസ്തുവിഷ്മാൻ
പദംനഗോരപഗൂള്ഹംവിവിദ്വാ
നഗ്നിർമ്മഹ്യംപ്രേദുവോചന്മനീഷാം

അന്വയം:–
ദ്വി–ബർഹാഃ — ദ്വയോഃ, മധ്യമോത്തമയോഃ പരിവൃഢഃ
തിഗ്മ–ഭൃഷ്ടിഃ — തീക്ഷ്ണതേജാഃ
സഹസ്ര–രേതാഃ — പ്രഭൂതസാരഃ (രേതശ്ശബ്ദ സ്സാരവാചീ)
വൃഷഭഃ, തുവിഷ്മാൻ — കാമാനാം വർഷകഃ, ബഹുധനഃ
അഗ്നിഃ ഗോഃ പദം ന — നഷ്ടായാഗോഃ പദമിവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അപ- ഗ്ഗള്ഹം മനീഷാം — അത്യന്തരഹസ്യം ജ്ഞാതവ്യം
മഹി സാമ — മഹൽ, പൂജ്യം അസ്മദഭിമതം സ്തോത്രം
വിവിദ്വാൻ — വിശേഷേണജാനൻ
മഹ്യം പ്ര ഇൽ ഉ വോചൽ— പ്രൈവബ്രവീതു

അർത്ഥം–മധ്യമോത്തമസ്ഥാനങ്ങളിരണ്ടിലും മുന്തിയവനും തീക്ഷ്ണതേജസ്സും, കണക്കററ സാരങ്ങളുംച്ചേർന്നവനും കാമവർഷകനും ധാരാളം ധനമൊത്തവനുമായ അഗ്നി, കാണാതെ പോയ പശുവിൻെറ കാൽപ്പാടുപോലെ, അതിനിഗൂഢവും അറിയേണ്ടതും മഹത്തും, നമുക്ക് ചൊല്ലാനിഷ്ടവുമായ സ്തോത്രത്തെ നന്നായറിയുന്നവനായി ചൊല്ലിത്തരട്ടെ.

4 പ്രതാ്അഗ്നിർബ്ബഭസേത്തിഗ്മജംഭ

സ്തപിഷ്ഠേനശോചിഷായസ്സുരാധാഃ

പ്രയേമിനന്തിവരുണസ്യധാമ

പ്രിയാമിത്രസ്യചേതതോധ്രുവാണി

അന്വയം:–

യഃ അഗ്നിഃ സു–രാധാഃ — ശോഭനധനഃ
(സഃ) തിഗ്മ–ജംഭഃ — തീക്ഷ്ണദംഷ്ട്രസ്സൻ
തപിഷ്ഠേന ശോചിഷാ — അതിശയേന താപകേന തേജസാ
യേ ചേതതഃ — യേ ഭേഷ്ടാരഃ ജാനതഃ
മിത്രസ്യ വരുണസ്യ
(ച) പ്രിയാ — പ്രിയാണി
ധ്രുവാണി ധാമ — സ്ഥിരാണി ധാമാനി
പ്ര മിനന്തി — പ്രകർഷേണ ഹിംസന്തി
താൻ പ്ര ബഭസൽ — പ്രകഷേ്ണ ഭർത്സയതു ഹേതു

അർത്ഥം–യാതൊരഗ്നി ശോഭനധനനാണോ, അവിടുന്ന് കൂർത്തുമൂർത്ത ദംഷ്ട്രങ്ങളുററവനായി ഏററവും ചൂടുററ തേജസ്സിനാൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശത്രുക്കളേവർ അറിഞ്ഞുകൊണ്ട് മിത്രന്നും വരുണന്നും പ്രിയങ്ങളായ ഉറച്ച ഇരിപ്പിടങ്ങളെ കേടുവരുത്തുന്നുവോ, അവരെ ഭർത്സിയ്ക്കട്ടെ, ദഹിപ്പിക്കട്ടെ.

5 അഭ്രാതരോനയോഷണോവ്യന്തഃ
പതിരിപോനജനയോദുരേവാഃ
പാപാസസ്സന്തോ അനൃതാഅസത്യാ
ഇദംപദമജനതാഗഭീരം വ 1

അന്വയം:—

അഭ്രാതരഃ	—	ഭ്രാത്രാദിബന്ധുരഹിതാഃ
യോഷണഃ ന	—	ഗതഭർത്തൃകായോഷിതഇവ, തായഥാഭർത്തൃഗൃഹാൽ പിതൃഗൃഹം പ്രത്യായന്തിതദ്വൽ
വ്യന്തഃ	—	ഗച്ഛന്തഃ, യജ്ഞാദീനവഹായ അമാർഗ്ഗേണ വർത്തമാനാഃ
(തഥാ) പതി–രിപഃ		
ജനയഃ ന	—	പതിദ്വേഷിണ്യഃ സ്ത്രീയഇവ
ദുഃ–ഏവാഃ	—	ദുഷ്ടഗതയഃ, ദുരാചാരാഃ
(അത ഏവ) പാപാസഃ		
സന്തഃ	—	പാപാസ്സന്തഃ
അനൃതാഃ	—	മാനസസത്യരഹിതാഃ
അസത്യാഃ	—	വാചികസത്യരഹിതാഃ, മനസാവാചാഗനിമഭജമാനാഃ
ഇദം ഗഭീരം പദം	—	പാപിഭിരനുഭൂയമാനം അഗാധം നരകസ്ഥാനം
അജനത	—	അജനയന്ത, ഉൽപാദയന്തി

അർത്ഥം–സഹോദരന്മാർ മുതലായ ബന്ധുക്കളില്ലാത്തവരും ഭർത്താവുമരിച്ചുപോയവരുമായ സ്ത്രീകൾ ഭർത്തൃഗൃഹത്തിൽ നിന്ന് പിതൃഗൃഹത്തിലേയ്ക്ക് മടങ്ങിപ്പോകുന്നപോലെ, യജ്ഞാദികർമ്മങ്ങളെ ഉപേക്ഷിച്ച്, അസന്മാർഗ്ഗത്തിൽ ചരിക്കുന്നവരും ഭർത്തൃദ്വേഷിണികളായ സ്ത്രീകൾപോലെ ദുഷ്ടഗതികളും ദുരാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചാരനിരതരുമായി, പാപംപൂണ്ടവരായി. മാനസികവും വാചികവുമായ സത്യം വെടിഞ്ഞവരാണ് (അഗ്നിയെ മനസ്സുകൊണ്ടും വചസ്സുകൊണ്ടും ഭജിക്കാത്തവരാണ്) പാപികളാൽ അനുഭവിക്കപ്പെടേണ്ട അഗാധമായ നരകസ്ഥാനമുണ്ടാക്കുന്നത്.

6 ഇദംമേഅഗ്നേകിയതേപാവകാ

മിനതേഗുരുംഭാരംനമന്മ

ബൃഹദ്ദധാഥധൃഷതാഗഭീരം

യഹ്വംപൃഷ്ഠംപ്രയസാസപ്തധാതു

അന്വയം:-

ഹേ പാവക, അഗ്നേ, — ശോധകാഗ്നേ,

കിയതേ ഗുരും ഭാരം ന — അത്യല്പായവോഢുമശക്യം ഭാരമിവ, തം യഥാധത്തുമസഹമാനഃ പാതയതി തദ്വൽ

(ത്വദീയം കർമ്മ)

അമിനതേ മേ — അതൃജ്യതേമഹ്യം

ഇദം ബൃഹൽ — പ്രഭൃതം

ധൃഷതാ പ്രയസാ — ശത്രൂണാം ധർഷകേണാന്നേന യുക്തം

ഗഭീരം — അന്യൈരനവഗാഹ്യം

യഹ്വം, പൃഷ്ഠം — മഹൽ, സ്പ്രഷ്ടും യോഗ്യം

സപ്ത-ധാതു — ഗ്രാമ്യാരണ്യഭേദേന സപ്തപ്രകാരം

മന്മ ദധാഥ — മനനീയം പശുധനം ദേഹി

അർത്ഥം--ഇല്ലയോ ശുദ്ധീകരനായ അഗ്നേ, ചെറുകന്നു് താങ്ങാൻ വയ്യാത്ത ഭാരം അവനെ വീഴ്ത്തുന്നപോലെ, വീഴാതെ താങ്ങാവുന്ന വിധം അവിടുത്തെ കുറിച്ച കർമ്മം ഉപേക്ഷിക്കാത്ത എനിക്കു്, ശത്രുക്കളെ അകററാൻ പര്യാപ്തമായ അന്നത്തോടുകൂടിയതും, അന്യക്കറിയാൻ കഴിയാത്തതും, മഹത്തും തൊടാൻ പററുന്നതും, ഗ്രാമ്യവുമരണ്യവുമായി ഏഴുവിധത്തിലുള്ളതുമായ പശുധനം തന്നരുളിയാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

7 തമിന്ന്വ് വസ്സമനാസമാന

മഭിക്രത്വാപുനതീധീതിരശ്യാഃ

സസസ്യചമ്മന്നധിചാരുപൃശ്നേ

രഗ്നേരുപആരുപിതംജബാരു

അന്വയം:-

(അഗ്നിവിദ്യുദാദിത്യസ്ത്രയോപിമതഭേദേന വൈശ്വാനരശബ്ദം ഭിധേയാഃ, ഇഹ ആദിത്യാത്മനാ വൈശ്വാനരസ്തൂയതേ)

തം ഇൽ	— തമേവവൈശ്വാനരം, ദ്യുസ്ഥാനം
സമാനം	— സർവ്വേഷാമേകരൂപം
സമനാ	— സദൃശീ, തദ്യോഗ്യാ
പുനതീ ധീതിഃ	— അസ്മാൻ ശോധയിത്രീ അസ്മദീയാസ്തുതിഃ
ക്രത്വാ ന ഏവ	— തദുചിതേന കർമ്മണാ ക്ഷിപ്രമേവ
അഭി അശ്യാഃ (യസ്യദ്യുസ്ഥാനസ്യ വൈശ്വാനരസ്യ)	— അഭിപ്രാപ്നുയാൽ, ഭജേൽ
ജബാരു ചാരു	— ജവമാനരോഹി, ദീപ്തം മണ്ഡലം
അഗ്രേ രുപഃ	— രുബിതിഭൂമിഃ തസ്യാസ്സകാശാൽ, പുരസ്താൽ, പൂർവ്വസ്യാംദിശി ആരോപയതി
സസസ്യ	— സ്വപത ഇവ നിശ്ചലസ്യ
പൃശ്നേഃ അധി ചർമ്മൻ	— ദ്യുലോകസ്യ ഉപരിചർമ്മണേ, ചരണായ
അരുപിതം	— ദേവൈരാരോപിതം (തം അശ്യാഃ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം—(അഗ്നി, വിദ്യുത്ത്, ആദിത്യൻ എന്നിങ്ങനെ മൂന്നു രൂപങ്ങളിൽ വൈശ്വാനരാഗ്നി പറയപ്പെടുന്നു. ഇവിടെ ആദിത്യാത്മാവായി സ്തുതിക്കപ്പെടുന്നു.)

ദ്യുലോകവർത്തിയായി, ഏവക്കും ഒരേ രൂപമുററവനായ വൈശ്വാനരാഗ്നിയെ അവിടത്തെ യോഗ്യതയ്ക്കു ചേർന്നതും, നമ്മളെ ശുദ്ധീകരിക്കുന്നതുമായ സ്തുതി, അതിന്നുചിതമായ കർമ്മത്തോടുകൂടി വേഗത്തിൽ പ്രാപിക്കട്ടെ. ദ്യുലോകസ്ഥനായ അവിടുന്ന് ഭൂമിയിൽനിന്ന് വേഗം പൊങ്ങി ദീപ്തമായ മണ്ഡലത്തിൽ കിഴക്കേ ദിക്കിൽ സ്വയം സ്ഥിതനാകുന്നു. ഉറങ്ങുന്നവനെന്നപ്പോലെ ഇളകാതെ നില്ക്കുന്ന ദ്യുലോകത്തിന്റെ മുകളിൽ ചരിക്കാനായി അവിടുന്ന് ദേവന്മാരാൽ സ്ഥാപിതനായിരിക്കുന്നു. (അപ്രകാരമുള്ള അവിടത്തെ പ്രാപിക്കാവൂ.)

8 പ്രവാച്യംവചസഃകിംമേഅസ്യ
ഗുഹാഹിതമുപനിണിഗ്വദന്തി
യദുസ്രിയാണാമപവാരിവവ്രൻ
പാതിപ്രിയംരുപോഅഗ്രംപദംവേഃ

അന്വയം:—

മേ അസ്യ വചസഃ	— മദീയസ്യാസ്യ വാക്യസ്യ
കിം പ്ര—വാച്യം	
(അസ്തി) ?	— തത്ഥ്യമേവോച്യതേ
ഉസ്രിയാണാം	— ക്ഷീരാദ്യർത്ഥസ്രാവിണീനാം ഗവാം സംബന്ധി
യത് വാഃ—ഇവ	— ക്ഷീരമുദകമിവ, ഉദകം യഥാ സേകേനാവിഷ്ടവ്വന്തി തഥാ
അപ വ്രൻ	— (ദോഗ്ധാരഃ) അപവൃണന്തി
നിണിക്	— ക്ഷീരം, നിതരാം ശോധയതീതി
ഗുഹാ ഉപ ഹിതം വദന്തി	— വേത്താരഃ ഗുഹായാ മുപഹിതമിതി വദന്തി
വേഃ രുപഃ	— വ്യാപ്തായാഃ ഭൂമ്യാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രിയം അഗ്രം പദം പാതി	—	സർവ്വേഷാമാധാരഭൂതേന പ്രിയഭൂതം ശ്രേഷ്ഠം സ്ഥാനം രക്ഷതി

അർത്ഥം—എന്റെ ഈ വാക്യത്തിന്ന് പ്രശംസനീയമായി എന്തുണ്ട്? അതു് സത്യംമാത്രമത്രേ. പാലൊഴുക്കുന്ന പശുക്കളുടെ കറവുകാർ വെള്ളംപോലെ പാൽ പുറത്തുകൊണ്ടുവരുന്നു. ആ പാൽ വൈശ്വാനരനാൽ ഗൂഢമായി വെക്കപ്പെട്ടതാണെന്ന് അറിവുള്ളവർ പറയുന്നു. അവിടുന്നാണ് പരന്ന ഭൂമിയുടെ, ഏവർക്കും പ്രിയഭൂതവും ശ്രേഷ്ഠവുമായ സ്ഥാനം രക്ഷിക്കുന്നതു്.

9 ഇദമുത്യന്മഹിമഹാമനീകം

യദുസ്രിയാസചനപൂർവ്വ്യംഗൌഃ

ഋതസ്യപദേഅധിദീദ്യാനം

ഗുഹാരഘുഷ്യദ്രഘുയദ്വിവേദ

അന്വയം:—

ഇദം ഉ ത്യൽ മഹി	—	ഇദമേവ പ്രസിദ്ധം മഹൽ
മഹാം അനീകം	—	മഹതാം ദേവാനാം സമൂഹരൂപം സൂര്യമണ്ഡലം വൈശ്വാനര ഏവ
പൂർവ്വ്യം യൽ	—	പൂർവ്വകാലീനം യൽമണ്ഡലം
ഉസ്രിയാ ഗൌഃ സചത	—	അഗ്നിഹോത്രാദ്യർത്ഥം സേവതേ
ഋതസ്യ പദേ	—	ഉദകസ്യസ്ഥാനേ, അന്തരിക്ഷേ
അധി ദീദ്യാനം	—	അധികം ദീപ്യമാനം
ഗുഹാ രഘു–സ്യൽ	—	ഗുഹായാം ശീഘ്രം സ്യന്ദമാനം
രഘു–യൽ വിവേദ	—	ശീഘ്രം ഗച്ഛൽ സൂര്യമണ്ഡലം വൈശ്വാനരമേവേതിജ്ഞാത വാനസ്മി

അർത്ഥം—ഈ പ്രസിദ്ധവും മാഹാത്മ്യമുററതും പെരിയവരായ ദേവന്മാരുടെ സമൂഹരൂപവുമായ സൂര്യമണ്ഡലം വൈശ്വാനരൻ തന്നെയാണു്. സനാതനമായ ആ മണ്ഡലത്തെ കറവ

*35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്പശു അഗ്നിഹോത്രാദിക്കായി സേവിക്കുന്നു. (അതായത് സൂര്യനുദിയ്ക്കുമ്പോൾ അഗ്നിഹോത്രാദിയ്ക്കായി പാൽ ചുരന്നുകൊടുക്കുന്നു.) ജലസ്ഥാനമായ അന്തരിക്ഷത്തിൽ ഏററവും ശോഭമാനവും ഗൂഢമായി വേഗത്തിൽ ചരിയ്ക്കുന്നതും വേഗത്തിൽ പോയിക്കൊണ്ടിരിക്കുന്നതുമായ ആ സൂര്യമണ്ഡലം വൈശ്വാനരനെന്നു് ഞാനറിയുന്നു.

10 അധദ്യുതാനഃപിത്രോസ്സചാസാ
മനുതഗുഹ്യംചാരുപൃശ്നേഃ
മാതുഷ്പദേപരമേഅന്തിഷദ്ഗോ
വൃഷ്ണശ്ശോചിഷഃപ്രയതസ്യജിഹ്വാ വ. 2

അന്വയം:—

അധ ദ്യുതാനഃ	— അഥ ദീപ്യമാനഃ
പിത്രോഃ സചാ	— ദ്യാവാപൃഥിവ്യോസ്സഹ, മദ്ധ്യേ വ്യാപ്തസ്സൻ
പൃശ്നേഃ ചാരു	— ഗോസ്സംബന്ധി രമണീയം
ഗുഹ്യം	— ഊധസി നിഗൂഢം പയഃ
ആസാ അമനുത	— ആസ്യേനപാനായാബുദ്ധ്യത
മാതുഃ ഗോഃ	— ക്ഷീരാദിനിർമ്മാത്ര്യാഃ ഗോഃ
പരമേ പദേ	— ഉൽകൃഷ്ടേസ്ഥാനേ, ഊധസി
അന്തി സൽ	— സമീപേ വിദ്യമാനം ക്ഷീരം
വൃഷ്ണഃ ശോചിഷഃ	— ഫലാനാം വർഷിതുഃ ദീപ്തസ്യ
പ്ര-യതസ്യ	— ആഹവനീയാദിരൂപേണ നിയതസ്യ
ജിഹ്വാ	— (പാതുമിച്ഛതി)

അർത്ഥം—പിന്നെ ഭാസമാനനും ദ്യാവാപൃഥിവികളോടൊത്തു് അവരുടെ മദ്ധ്യത്തിൽ വ്യാപിച്ചവനുമായി അവിടുന്നു് മനോഹരവും അകിട്ടിലൊതുങ്ങിയതുമായ പാൽ മോന്തിക്കുടിക്കാൻ ആലോചിക്കുന്നു. ഉൽകൃഷ്ടമായ അകിടിലുള്ള ആ പാലിനെ, ഫലവർഷകനും ആഹവനീയാദി രൂപത്തിൽ നിഹിതനുമായ അഗ്നിയുടെ നാവു് നക്കിക്കുടിക്കാനിച്ഛിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

11 ഋതംവോചേനമസാപൃച്ഛ്യമാന

സ്തവാശസ്സാജാതവേദോയദീദം

ത്വമസ്യക്ഷയസിയദ്ധവിശ്വം

ദിവിയദ്ദ്രവിണംയൽപൃഥിവ്യാം

അന്വയം:–

(അഹം യജമാനഃ)

നമസാ	— നമസ്കാരേണ സഹ
പൃച്ഛ്യമാനഃ	— അന്യൈരനുയുജ്യമാനസ്സൻ
ഋതം വോചേ	— സത്യം ബ്രവീമി
ഹേ ജാത–വേദഃ,	— സർവ്വവേദിതരഗ്നേ,
തവ ആ–ശസാ	— ത്വൽസ്തുത്യാ സാധനേന
യദി ഇദം	— ധനംലബ്ധമസ്മാഭിസ്യാൽ
അസ്യ (ധനസ്യ) ത്വം ക്ഷയസി	— ത്വമേവേശ്വരോ ഭവസി

(തസ്യ ധനസ്യ യജ്ഞാദിദ്വാരാ അഗ്ന്യർത്ഥത്വാൽ)

യൽ ഹ വിശ്വം ദിവി യൽ ഉ ദ്രവിണം യൽ പൃഥിവ്യാം	— യൽ ഖലു കൃത്സ്നം ധനമസ്തി — ദിവിയദ്ധനം പൃഥിവ്യാം യൽ തസ്യ സർവ്വസ്യ ത്വമീശ്വരോഭവസി

അർത്ഥം–യജമാനനായ ഞാൻ നമസ്കാരത്തോടുകൂടി ഋത്വിഗാദികളോടു ചേർന്നു്, സത്യം പറയുന്നു. അല്ലയോ സർവ്വജ്ഞനായ അഗ്നേ, അവിടുത്തെ സ്തുതികൊണ്ടു് എനിക്കു ധനലബ്ധിയുണ്ടായാൽ ആ ധനത്തിന്നു് അവിടുന്നു് സ്വാമിയാകുന്നു. (ആ ധനം യജ്ഞാനുഷ്ഠാനം വഴി അവിടേക്കു ചേരുമെന്നതുകൊണ്ടു് 'യജ്ഞാർത്ഥം ദ്രവ്യമുൽപന്നം.' എന്ന ശ്രുതി) ദ്യോവിൽ യാതൊരു ധനം (പുണ്യരൂപമായതു്) ഭൂവിൽ യാതൊരു ധനം (ഭോഗരൂപമായതു്) എനിയ്ക്കു ലബ്ധമാകുന്നുവോ, ആ എല്ലാ ധനത്തിന്നും അവിടുന്നു് സ്വാമിയാകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

12 കിന്നോഅസ്യദ്രവിണംകദ്ധരത്നം

വിനോവോചോജാതവേദശ്ചികിത്വാൻ

ഗുഹാധ്വനഃപരമംയന്നോഅസ്യ

രേകുപദംനനിദാനാഅഗന്മ

അന്വയം:—

അസ്യ	— അഗ്നിസ്വാമിത്വാത്മകസ്യ ധനസ്യ
കിം ദ്രവിണം നഃ	— കിം സാധനഭൂതം അസ്മഭ്യം ദാതവ്യമസ്തി
കൽ ഹ രത്നം	— കിം രമണീയം ധനമസ്തി? തദ്ധനം
ഹേ ജാത–വേദഃ	
ചികിത്വാൻ	— ജാതധനാഗ്നേ, ചേതനാവാൻ, അഭിജ്ഞസ്ത്വം
നഃ വി വോചഃ	— അസ്മാകം വിബ്രൂഹി
അസ്യ അധ്വനഃ	— ധനപ്രാപ്തിമാർഗ്ഗസ്യ
യൽ ഗുഹാ	— ഗുഹായാം നിഹിതം, ഗൂഢം
പരമം	— ഉൽകൃഷ്ടം പ്രാപ്തവ്യമസ്തിതദപി
നഃ	— (വിവോചഃ)
(വയം) രേകു പദം	
നിദാനാഃ	— രിക്തം സ്ഥാനം, ഗൃഹാദികം അന്യൈര്നിന്ദ്യമാനാഃ
ന അഗന്മ	— ന പ്രാപ്നുമഃ

അർത്ഥം—അഗ്നിക്കു സ്വാമിത്വമുള്ള ആ ധനത്തിൽ നിന്നു് എന്താണു് ഞങ്ങൾക്കു് നല്കത്തക്കതായുള്ളതു്? അതിൽ രമണീയമായ ധനമുണ്ടോ? ആ ധനം എന്തെന്നു് സർവ്വധനനായ അഗ്നേ, അഭിജ്ഞനായ അവിടുന്നു് ഞങ്ങളോടു് പറഞ്ഞാലും. ആ ധനപ്രാപ്തിമാർഗ്ഗത്തിൽ ഗൂഢമായതെന്തോ, ഉൽകൃഷ്ടവും പ്രാപിക്കേണ്ടതുമായതെന്തോ, അതു് ഞങ്ങളോടു് പറഞ്ഞാലും. അന്യരാൽ നിന്ദിക്കപ്പെടുന്നവരായി ശൂന്യസ്ഥാനങ്ങൾ ഞങ്ങൾ പ്രാപിക്കരുതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

13 കാമര്യാദാവയുനാകദ്ധവാമ

മച്ഛാഗമേമരഘവോനവാജം

കദാനോദേവീരമൃതസ്യപത്നീ

സ്സൂരോവർണ്ണേനതതനന്നുഷാസഃ

അന്വയം:—

കാ മര്യാദാ — കാ പ്രീത്യാദിവ്യവസ്ഥാ
(കാച) വയുനാ — പദാത്ഥവിഷയപ്രജ്ഞാനാനി
കൽ ഹ വാമം — കിഞ്ചവനനീയം പദാത്ഥജാതം
രഘവഃ വാജം ന — ശീഘ്രഗാമിനോശ്വാദയഃ
സങ്ഗ്രാമമിവ
(ഏതൽസവ്വം) അച്ഛ
ഗമേമ — അഭിഗച്ഛേമ
കദാ നഃ ദേവീഃ — കസ്മിൻകാലേ അസ്മാകം
വ്യവഹാരായ ദേവ്യഃ
ദ്യോതമാനാഃ
അമൃതസ്യ പത്നീഃ — അമരണധമ്മസ്യാദിത്യസ്യ
പത്നീസ്ഥാനീയാഃ
(പാലയിത്ര്യഃ)
സൂരഃ ഉഷസഃ — പ്രസവിത്ര്യഃ ഉഷസഃ
വർണ്ണേന തതനൻ — വിസ്തരയേയുഃ?

അത്ഥം—ഏതു സന്തോഷകരമായ സ്ഥിതിവിശേഷത്തെ, ഏതേതു പദാത്ഥവിഷയപ്രജ്ഞാനങ്ങളെ, ഏതു പദാത്ഥസമൂഹത്തെയാണ് ഗതിവേഗമുള്ള കുതിരകൾ യുദ്ധക്കളത്തെയെന്ന പോലെ ഞങ്ങൾ പ്രാപിക്കുക? എപ്പോഴാണ് ഞങ്ങൾക്ക് കമ്മാദികളനുഷ്ഠിപ്പാൻ പ്രകാശവതികളും അമരനായ സൂര്യന്നു പത്നികളെപ്പോലെയുള്ളവരും (പാലയിത്രികളും) പ്രസവിത്രികളും (കമ്മങ്ങളെ പ്രേരിപ്പിക്കുന്നവരും) ആയ ഉഷസ്സുകൾ പരക്കുക?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

14 അനിരേണവചസാഫല്ഗ്വേന
പ്രതീത്ത്യേനകൃധുനാതൃപാസഃ
അധാതേഅഗ്നേകിമിഹാവദ
ന്ത്യനായുധാസഅസതാസചന്താം

അന്വയം:—

അനിരേണ — ഇരാ അന്നം, തദ്രഹിതേന
ഫല്ഗ്വേന പ്രതീത്ത്യേന — തുച്ഛേന പ്രതിഗന്തവ്യേന, ആരോഹ്യേണ
കൃധുനാ, വചസാ
അതൃപാസഃ — ഹസ്വേന, അതൃപ്താജനാഃ
അധ ഇഹ ഹേ അഗ്നേ, — അധുനാസ്മിൻ കാലേഗ്നേ,
തേ കിം വദന്തി? — നിഷ്ഹവിഷ്ക്കേണ വചസാ ന കിം ചിൽ ലഭ്യതേ
(കിംതു) അനായുധാസഃ — ഹവിരാദിസാധനരഹിതാസ്തേ
അസതാ സചന്താം — ദുഃഖേന സങ്ഗച്ഛന്താം

അർത്ഥം—അവിടേയ്ക്കു നല്കാൻ ഹവിസ്സ് (അന്നം) ഇല്ലാതെ തുച്ഛമായി നീട്ടിമടക്കിപ്പൊക്കാവുന്ന കയ്യാലും വാക്കാലും അതൃപ്തരായ ജനങ്ങൾ, അല്ലയോ അഗ്നേ അവിടുത്തോടെന്തു പറയുന്നു.? ഹവിസ്സില്ലാതെ ഒന്നും നേടുന്നില്ല. ഹവിരാദി ഹോമദ്രവ്യങ്ങളില്ലാത്ത അവർ ദുഃഖത്തോടു ചേരുകയേ പററൂ.

15 അസ്യശ്രിയേസമിധാനസ്യവൃഷ്ണോ
വസോരനീകംദമആരുരോച
രുശദ്വസാനസ്സുദൃശീകരൂപഃ
ക്ഷിതിന്നരായാപുരുവാരോഅദ്യൗൽ വ.3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

സം-ഇധാനസ്യ — സമിദ്ധ്യമാനസ്യ
വൃഷ്ണഃ വസോഃ — ഫലസ്യ വഷിതുഃ, വാസയിതുഃ
അസ്യ അനീകം — അഗ്നേസ്തേജസ്സങ്ഘഃ
ദമേ ശ്രിയേ — യാഗഗൃഹേ യജമാനാനാം ശ്രേയസേ
ആ രുരോച — സൎവ്വത്രദീപ്യതേ
(സോഗ്നിഃ) രുശൽ
വസാനഃ — ദീപ്തം തേജആച്ഛാദയൻ
സുദൃശീക-രൂപഃ — സുഷ്ഠുദൎശനീയരൂപഃ
പുരു-വാരഃ — പുരുഭിഃ, ബഹുഭിഃ ഋത്വിഗ്യജമാനൈൎവ്വരണീയസ്സൻ
രായാ ക്ഷിതിഃ ന — അശ്വാദിധനേന രാജാദിരിവ (ക്ഷിതിരിതിമനുഷ്യനാമ)
അദ്യൌൽ — ദ്യോതതേ

അൎത്ഥം-ജാജ്വല്യമാനനും ഫലവഷിതാവും ഏവരെയും അതാതിടത്തു് വസിപ്പിക്കുന്നവനുമായ അഗ്നിയുടെ തേജസ്സമൂഹം യജ്ഞഗൃഹത്തിൽ യജമാനന്മാരുടെ ശ്രേയസ്സിന്നായി എങ്ങും പ്രകാശിക്കുന്നു. ആ അഗ്നി, ഭാസ്വത്തേജസ്സുകൊണ്ടു് മൂടിയവനായി ഏററവും കാണത്തക്ക രൂപത്തോടുകൂടി, എത്രയോ ഋത്വിഗ്യജമാനന്മാരാൽ വരിക്കത്തക്കവനായി, കുതിരകം മുതലായ ധനത്താൽ രാജാക്കന്മാർ മുതലായവർപോലെ ശോഭിക്കുന്നു.

വൎഗ്ഗം 4-5

1 ഊൎധ്വഊഷുണോ അധ്വരസ്യഹോത
രഗ്നേതിഷ്ഠദേവതാതായജീയാൻ
ത്വംഹിവിശ്വമഭ്യസിമന്മ
പ്രവേധസശ്ചിത്തിരസിമനീഷാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

ഹേ അധ്വരസ്യ ഹോതഃ,

അഗ്നേ	— യാഗസംബന്ധിനാം ദേവാനാമാഹ്വാതഃ
യജീയാൻ	— യഷ്ടൃതമസ്ത്വം
ദേവ–താതാ	— ദേവതാതൌ, യജ്ഞേ
നഃ ഊർധ്വഃ ഉ സു തിഷ്ഠ	— ഉന്നതഏവതിഷ്ഠ
ത്വം ഹി വിശ്വം മന്മ	— ത്വമേവശത്രൂണാം മനനീയം ധനം
അഭി അസി	— അഭിഭവസി
(കിംച) വേധസഃ ചിൽ	— സ്തോതുഃ യജമാനാദേഃ
മനീഷാം പ്ര തിരസി	— സ്തുതിം പ്രവർദ്ധയസി

അർത്ഥം–യാഗസംബന്ധികളായ ദേവന്മാരെ വിളിക്കുന്ന അഗ്നേ, ഏററവും യാജ്യനായ അവിടുന്നു് യജ്ഞത്തിൽ ഉയർന്നു തന്നെ നിന്നാലും. അവിടുന്നാണല്ലോ ശത്രുക്കളുടെ ധനത്തെ ജയിച്ചു നേടുന്നതു്. കൂടാതെ, സ്തോതാവു്, യജമാനൻ മുതലായവരുടെ സ്തുതിയെ അവിടുന്നു് വളർത്തുന്നു.

2 അമൂരോഹോതാന്യസാദിവിക്ഷ്വ്
ഗ്നിർമ്മന്ദ്രോവിദഥേഷുപ്രചേതാഃ
ഊർധ്വംഭാനുംസവിതേവാശ്രേ
ന്മേതേവധൂമംസ്തഭായദുപദ്യാം

അന്വയം:-

അമൂരഃ ഹോതാ	— അമൂഢഃ ഹോമനിഷ്പാദകഃ
മന്ദ്രഃ പ്ര–ചേതാഃ	— മാദയിതാ, പ്രകൃഷ്ടജ്ഞാനഃ
അഗ്നിഃ വിക്ഷു	— ഋത്വിഗ്രൂപാസുപ്രജാസുമദ്ധ്യേ
വിദഥേഷു	— യജ്ഞേഷു നിമിത്തഭൂതേഷു
നി അസാദി	— നിതരാം സ്ഥാപിതഃ
(തഥാഭൂതോഗ്നിഃ)	
സവിതാ–ഇവ	— സൂര്യ ഇവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഠാനം ഊർധ്വം അശ്രേൽ — ദീപ്തിം ഊർധ്വമുഖമാശ്രയതി
(ക്രിംച) മേതാ–ഇവ — സ്ഥൂണേവ, സായഥാ സ്വാധി
ഷ്ഠിതം വംശാദികം സ്തഭ്നാതി
തദ്വദയമഗ്നിഃ
(സ്വോതഥിതം) ധൂമം ദ്യാം
ഉപ സ്തഭായൽ — സ്തഭ്നാതി

അത്ഥം–അമൂഢ (ജ്ഞാനവാ) നും ഹോമനിർവ്വാഹകനും വഷ്യിതാവും ഉൽകൃഷ്ടവിജ്ഞാനയുക്തനുമായ അഗ്നി, യജ്ഞങ്ങളിൽ നന്നായി സ്ഥാപിതനത്രേ. അപ്രകാരമുള്ള അഗ്നി, സൂര്യനെന്നപോലെ ദീപ്തിയെ മേൽപ്പോട്ടു വിടുന്നു. തൂണ്, മുകളിൽ മേഞ്ഞ മുള മുതലായവയെ താങ്ങുന്നപോലെ അവിടുന്നാൽ ഉയർത്തപ്പെട്ട പുക ദ്യോവിനെ താങ്ങുന്നു.

3 യതാസ്രുജ്ജൂർണ്ണീരാതിനീഘൃതാചീ
പ്രദക്ഷിണിദ്ദേവതാതിമുരാണഃ
ഉദുസ്വരുർന്നവജാനാക്രഃ
പശ്വോഅനക്തിസുധിതസ്സുമേകഃ

അന്വയം:–

യതാ, സ്രു–ജ്ജൂർണ്ണിഃ — സംയതാ, ശോഭനജവാ
ഘൃതാചീ — ഘൃതമഞ്ചതീതിഘൃതാചീ, ജുഹൂഃ
രാതിനീ — രാതിഃ ധനം ഹവിർല്ലക്ഷണ ധനവതീആജ്യപൂർണ്ണാഭവതി
ദേവ–താതിം ഉരാണഃ — യജ്ഞമുരുകുർവ്വാണഃ അധ്വര്യുഃ
പ്ര–ദക്ഷിണിൽ — പ്രദക്ഷിണഗമനോഭവതി
നവ–ജാഃ സ്വരുഃ ന — നവജാതഃ തദാനീമേവോൽ പാദിതഃ യൂപശ്ച (നകാരസ്സമുച്ചയേ)
ഉൽ ഉ — ഉന്നതോഭവതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(കിംച) അക്രഃ, സു-മേകഃ
സു-ധിതഃ — ആക്രമിതാ, സുദീപ്തഃ
സ്വധിതിഃ
(സോപി) പശ്വഃ
അനക്തി — പശൂൻഗച്ഛതി

അർത്ഥം—ഒരുക്കിപ്പിടിച്ചതും ശോഭനവേഗത്തോടുകൂടിയതുമായ ജുഹു (ഹവിസ്സ് ഹോമിക്കുന്ന ഉപകരണം) ഹവിരന്നമാകുന്ന ധനത്തോടുകൂടി നിറനെയ്യായി വേിക്കുന്നു. യജ്ഞമനുഷ്ഠിക്കുന്ന അധ്വര്യു വലതുഭാഗത്ത് ഗമിക്കുന്നു. പുതുതും അപ്പോഴുണ്ടാക്കിയതുമായ യൂപവും ഉയർന്നുനില്ക്കുന്നു. ആക്രമിച്ച് തിളങ്ങിക്കൊണ്ടുള്ള കത്തി യാഗപശുക്കളെ പ്രാപിക്കുന്നു.

4 സ്തീർണ്ണേബർഹിഷിസമിധാനേ അഗ്നാ
ഊർധ്വോഅധ്വര്യുർജ്ജുജുഷാണോ അസ്ഥാൽ
പര്യഗ്നിഃ പശുപാനഹോതാ
ത്രിവിഷ്ട്യേതിപ്രദിവഉരാണഃ

അന്വയം:—

(വേദ്യാം) ബർഹിഷി
സ്തീർണ്ണേ — ആസ്തൃതേസതി
അഗ്നൗ സം-ഇധാനേ — സമ്യഗിദ്ധമാനേ ച സതി
അധ്വര്യുഃ ജുജുഷാണഃ — അധ്വരസ്യനേതാ ദേവാൻ പ്രീണയൻ
ഊർധ്വഃ അസ്ഥാൽ — തിഷ്ഠതി
ഹോതാ, പ്ര-ദിവഃ — ഹോമനിഷ്പാദകഃ പുരാണഃ
ഉരാണഃ — സ്വല്പമപിഹവിഃ ദേവയോഗ്യത്വ സമ്പാദനേന ഉരുകുർവ്വാണഃ
അഗ്നിഃ പശു-പാഃ ന — പശൂനാം പാലകഃ പശുനിവ
ത്രി-വിഷ്ടി പരി ഏതി — ത്രിരാവൃത്യ പര്യേതി (ത്രിഃപര്യഗ്നിഃ ക്രിയതേ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം—വേദിയിൽ ദർപ്പുൽ വിരിച്ചിരിക്കെ, അഗ്നി നന്നായി ജ്വലിച്ചിരിക്കെ, യജ്ഞനേതാവായ അധ്വര്യുദേവന്മാരെ സന്തോഷിപ്പിക്കുന്നവനായി ഉയൎന്നുനില്ക്കുന്നു. ഹോമനിർവ്വാഹകനും, പുരാതനനും, സ്വല്പമെങ്കിലും ഹവിസ്സ് ദേവയോഗ്യമായി സമ്പാദിക്കുന്നതുകൊണ്ട് വളരെ അധികം ചെയ്യുന്നവനുമായ അഗ്നി, മേപ്പുകാരൻ പൈക്കളെ എന്ന പോലെ (പശു ഹവിസ്സിനെ) മൂന്നു തവണ ചുററുന്നു. (ഏതു ഹവിസ്സും പര്യഗ്നി ചെയ്തിട്ടാണ് ഹോമിക്കുക. ദർപ്പുൽ ഹോമാഗ്നിയിൽ കത്തിച്ച് മൂന്നുവട്ടം ചുററിക്കാട്ടുകയാണ് പര്യഗ്നി.)

5 . പരിത്മനാമിതദ്രുരേതിഹോതാ
ഗ്നിർമ്മന്ദ്രോമധുവചാഋതാവാ
ദ്രവന്ത്യസ്യവാജിനോനശോകാ
ഭയന്തേവിശ്വാഭുവനായദഭ്രാട് വ. 4

അന്വയം:—

(അയം) ഹോതാ മന്ദ്രഃ	—	ഹോമനിഷ്പാദകഃ, മാദനീയഃ
മധു-വചാഃ, ഋത-വാ,	—	മധുരവചനഃ, യജ്ഞവാൻ
അഗ്നിഃ ത്മനാ മിത—ദ്രുഃ	—	സ്വരൂപേണൈവ പരിമിത ഗതിസ്സൻ
പരി ഏതി	—	പശും പരിതോഗച്ഛതി
വാജിനഃ അസ്യ	—	ഹവിഷ്മതഃ അഗ്നേഃ
ശോകാഃ ന ദ്രവന്തി	—	ദീപ്തയോപി (നശബ്ദോപ്യർത്ഥേ) പരിതോഗച്ഛന്തി
യൽ (അയം) അഭ്രാട്	—	യസ്മാൽ ഭ്രാജതേ തസ്മാൽ
വിശ്വാ ഭുവനാ ഭയന്തേ	—	സർവ്വാണി ഭൂതജാതാനി ഭീതാനി ഭവന്തി

അർത്ഥം— ഹോമനിർവ്വാഹകനും ഹർഷിപ്പിക്കത്തക്കവനും മധുരവചനങ്ങളോടു കൂടിയവനും യജ്ഞവാനുമായ അഗ്നി പരിമിതഗതിയായി (പതുക്കെപ്പതുക്കെ) പശുഹവിസ്സിനെ പ്രാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിക്കുന്നു. ഹവിസ്സോടു കൂടിയ അഗ്നിയുടെ ദീപ്തികളും ചുററും വ്യാപിക്കുന്നു. അവിടുന്നു് ജ്വലിക്കുന്നതുകൊണ്ടു് എല്ലാ ഭൂതജാതങ്ങളും ഭയപ്പെടുന്നു.

6 ഭദ്രാതേഅഗ്നേസ്വനീകസംദൃ

ഗ്ഘോരസ്യസതോവിഷുണസ്യചാരുഃ

നയത്തേശോചിസ്തമസാവരന്ത

നധ്വസ്മാനസ്തന്വീരേപആധുഃ

അന്വയം:–

ഹേ സു–അനീക, അഗ്നേ,	— ശോഭനജ്വാലാഗ്നേ
ഘോരസ്യ സതഃ	— ഭീതിജനകസ്യാപി
വിഷുണസ്യ	— വിഷ്വക്, സർവ്വതോവ്യാപ്തസ്യ
തേ ചാരുഃ ഭദ്രാ	— തവ രമണീയാ കല്യാണീമൂർത്തിഃ
സം–ദൃക്	— സമ്യക് ദൃശ്യാ ഭവതി
യത് തേ ശോചിഃ	— യസ്മാത് തവ ദീപ്തിം
തമസാ ന വരന്ത	— അന്ധകാരേണ (നിശാഃ) ന വാരയന്തി
(യസ്മാച്ച) ധ്വസ്മാനഃ	— ധ്വംസകാഃ, രാക്ഷസാദയഃ
(തേ) തന്വി രേപഃ	— തവശരീരേ പാപം
ന ആ ധുഃ	— നദധതി, ന കുർവ്വന്തി (അതഃ സന്ദൃഗിതിസംബന്ധഃ)

അർത്ഥം–ശോഭന ജ്വാലനായ അഗ്നേ, ഭീതിജനകനും എങ്ങും വ്യാപിച്ചവനുമായ അവിടുത്തെ രമണീയവും മംഗളകരവുമായ ശരീരം നന്നായി കാണപ്പെടേണ്ടതായി ഭവിക്കുന്നു. അവിടുത്തെ ദീപ്തിയെ ഇരുട്ടുകൊണ്ടു് രാത്രികാം അകററാത്തതിനാലും ദ്രോഹികളായ രാക്ഷസാദികാം അവിടുത്തെ ശരീരത്തിൽ പാപമേല്പിക്കാത്തതിനാലും അതു് നന്നായി കാണപ്പെടേണ്ടതാകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

7 നയസ്യസാതുർജ്ജനിതോരവാരി

നമാതരാപിതരാനൂചിദിഷ്ടൌ

അധാമിത്രോനസുധിതഃപാവകോഽഽ

ഗ്നിർദ്ദീദായമാനുഷീഷുവിക്ഷു

അന്വയം:—

ജനിതോഃ യസ്യ	— ജനയിതുഃ വൃഷ്ട്യുൽപാദകസ്യ വൈശ്വാനരസ്യ
സാതുഃ ന അവാരി	— ദീപ്തിഃ കേനാപിനവാര്യതേ
(കിംച) മാതരാപിതരാ	— മാതാപിതരൌ, ദ്യാവാപൃഥിവ്യൌ യസ്യ
ഇഷ്ടൌ നൂ ചിൽ ന	— പ്രേഷണേ ക്ഷിപ്രമേവന പ്രഭവതഃ
അധ മിത്രഃ ന സു—ധിതഃ	— അപിച സഖേവ സുതൃപ്തഃ
പാവകഃ അഗ്നിഃ	— ശോധകോഗ്നിഃ
മാനുഷീഷു വിക്ഷു ദീദായ	— മനോസ്സംബന്ധിനീഷു പ്രജാസുദീപ്യതേ

അർത്ഥം—വൃഷ്ടിജലമുൽപാദിപ്പിക്കുന്ന യാതൊരു വൈശ്വാനരാഗ്നിയുടെ ദീപ്തി ആരാലും തടുക്കാൻ പററാത്തതാണോ, മാതാപിതാക്കളായ ദ്യാവാപൃഥിവികൾ യാതൊരഗ്നിയുടെ പ്രേരണയിൽ നിന്നു് അത്രവേഗം വിട്ടുപോകാൻ സമർത്ഥകളല്ലയോ, (അഗ്നി, ദ്യാവാപൃഥിവികൾക്കു് അധീനനും വിധേയനുമല്ല.) എന്നിട്ടും ചങ്ങാതിപോലെ സന്തൃപ്തനും ശുദ്ധികരനുമായ അഗ്നി മനുപ്രഭവരായ ജനങ്ങളിൽ പ്രകാശിക്കുന്നു. (ദ്യാവാപൃഥിവികൾക്കും കീഴ്പെടാത്ത അഗ്നി, തന്നെ ഉപാസിക്കുന്ന മനുഷ്യരിൽ സന്തുഷ്ടനായി വർത്തിക്കുന്നു.)

8 ദ്വിര്യംപഞ്ചജീജനന്ത്സംവസാനാഃ

സ്വസാരോഅഗ്നിമ്മാനുഷീഷുവിക്ഷു

ഉഷർബുധമഥര്യോ ഽഽ നദന്തം

ശുക്രംസ്വാസംപരശുന്നതിഗ്മം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:–

മാനുഷീഷു വിക്ഷു	— മനോസ്സംബന്ധിനീഷു പ്രജാസു
സം–വസാനാഃ	— സങ്ഗച്ഛമാനാഃ
ദ്വിഃ പഞ്ച സ്വസാരഃ	
അഥര്യഃ ന	— ദശാങ്ഗുലയഃ സ്ത്രീയ ഇവ
യം അഗ്നിം ജീജനൻ	— മഥനേനോൽപാദയൻ
(തം) ഉഷഃ–ബുധം	— ഉഷസിബുദ്ധ്യമാനം
ദന്തം, ശുക്രം	— അദന്തം, ഹവിഷാം ഭക്ഷകം, രശ്മിഭിഃ ദീപ്യമാനം
സു–ആസം	— ശോഭനാസ്യം
പരശും ന തിഗ്മം	— പരശുമിവ തീക്ഷ്ണമഗ്നിം സ്തൗമി

അർത്ഥം–മനപ്രഭവരായ ജനങ്ങൾക്കു ചേർന്ന ഈരഞ്ചു സഹോദരിമാർ, കൈവിരലുകൾ, സ്ത്രീകൾപോലെ യാതൊരഗ്നിയെ കടഞ്ഞുണ്ടാക്കിയോ, ഉഷസ്സിലുണരുന്നവനും ഹവിസ്സുകൾക്കൊള്ളുന്നവനും രശ്മികളാൽ പ്രകാശിക്കുന്നവനും, ശോഭനമുഖനും, മഴപോലെ മൂച്ചുയുററവനുമായ ആ അഗ്നിയെ സ്തുതിക്കുന്നു.

9 തവത്യേഅഗ്നേഹരിതോഘൃതസ്നാ
രോഹിതാസഋജ്വഞ്ചസ്സ്വഞ്ചഃ
അരുഷാസോവൃഷണഋജ്ജമുഷ്കാ
ആദേവതാതിമഹ്വന്തദസ്മാഃ

അന്വയം:–

ഹേ അഗ്നേ, ത്യേ	— പ്രസിദ്ധാഃ
ഘൃത–സ്നാഃ	— ഘൃതസ്നുവഃ ബലാതിശയാൽ നാസാപുടാദിസ്ഥാനേഭ്യഃ ഉദകം ക്ഷരന്തഃ
രോഹിതാസഃ	— രോഹിത (ലോഹിത) വർണ്ണാഃ
ഋജു–അഞ്ചഃ, സു–അഞ്ചഃ	— അകുടിലഗതയഃ സുഷ്ഠുഗച്ഛന്തഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അരുഷാസഃ, വൃഷണഃ — ആരോചമാനാഃ യുവാനഃ
ഋജ്ജ-മുഷ്കാഃ ഓസ്ഥാഃ — ഋജ്ജവൃഷണാഃ, ദർശനീയാഃ
തവ ഹരിതഃ — ത്വൽസംബന്ധിനോശ്വാഃ
ദേവ-താതിം — അസ്മദീയംയാഗംപ്രതി
ആ അഹ്വന്ത — ഋത്വിഗ്ഭിരാഹ്വയന്തേ

അത്ഥം—അല്ലയോ അഗ്നേ, പ്രസിദ്ധങ്ങളും, ഊക്കുകൊണ്ടു് മൂക്കിൽ നിന്നും മററും ചീററുന്ന ജലത്തോടുകൂടിയവയും ചുകപ്പു നിറമുററവയും നേരെ പോകുന്നവയും നന്നായി ഓടുന്നവയും പ്രകാശിക്കുന്നവയും ചെറുപ്പമിയന്നവയും വളയാത്ത ജനനേന്ദ്രിയങ്ങളോടുകൂടിയവയും കാണപ്പെടേണ്ടവയുമായ അവിടുത്തെ കുതിരകാം ഞങ്ങളുടെ യജ്ഞത്തെ ഉദ്ദേശിച്ചു് ഋത്വിക്കുകളാൽ വിളിയ്ക്കപ്പെടുന്നു.

10 യേഹത്യേതേസഹമാനാ അയാസ
സ്ത്വേഷാസോഅഗ്നേ അച്ച്യയശ്ചരന്ത
ശ്യേനാസോനദുവസനാസോഅത്ഥം
തുവിഷ്വണസോമാരുതം നശദ്ധഃ

അനചയം:—

ഹേ അഗ്നേ, യേ ഹ ത്യേ — യേ ഖലു തേ, പ്രസിദ്ധാഃ
സഹമാനാഃ, അയാസഃ — ശത്രൂനഭിഭവന്തഃ, ഗമനശീലാഃ
ത്വേഷാസഃ, ദുവസനാസഃ — ദീപ്താഃ, പരിചരണീയാഃ
തേ അച്ച്യയഃ — ത്വദീയാരശ്മയഃ
മാരുതം ശദ്ധഃ ന
തുവി-സ്വനസഃ — മരുൽ സംബന്ധിഗണഇവ തുവിസ്വനാഃ, അധികധ്വനയഃ
ശ്യേനാസഃ ന അത്ഥം
ചരന്തി — അശ്വാഇവഗന്തവ്യം ഗച്ഛന്തി

അത്ഥം—അല്ലയോ അഗ്നേ, ആ പ്രസിദ്ധങ്ങളും ശത്രുജയങ്ങളും ഗമനശീലങ്ങളും ദീപ്തങ്ങളും സേവ്യങ്ങളുമായ അവിടു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തെ രശ്മികരം മരുൽഗണമെന്നപോലെയും മികച്ച ശബ്ദത്തോടുകൂടി കതിരകരംപോലെയും എത്തേണ്ടിടത്തെത്തുന്നു.

11 അകാരിബ്രഹ്മസമിധാനതുഭ്യം
ശംസാത്യുക്ഥംയജതേവ്യുധാഃ
ഹോതാരമഗ്നിം മനുഷോനിഷേദു
ന്നമസ്യന്തഉശിജശ്ശംസമായോഃ ‌‌ വ 5

അന്വയം:—

ഹേ സം–ഇധാന — സമിധ്യമാനാഗ്നേ
തുഭ്യം ബ്രഹ്മ അകാരി — ത്വദർത്ഥം സ്തോത്രംകൃതം
(ഹോതാ) ഉക്ഥം
ശംസാതി — ശസ്ത്രം ശംസതി
(ത്വാം യജമാനഃ)
യജതേ ഉ — പൂജയതിച
(അതഃ അസ്മഭ്യംധനം)
വി ധാഃ — വിധേഹി
ആയോഃ ശംസം — മനുഷ്യസ്യശംസനീയം
ഹോതാരം അഗ്നിം
(ത്വാം) നമസ്യന്തഃ — പൂജയന്തഃ
ഉശിജഃ — പശ്വാദിലക്ഷണം ധനം കാമയമാനാഃ
മനുഷഃ നി സേദുഃ — മനുഷ്യാഃ, ഋത്വിജഃ ഉപവിശൻ സേവന്തേ

അർത്ഥം—കത്തിജ്വലിക്കുന്ന അഗ്നേ, അവിടേയ്ക്കായി സ്തോത്രം ചൊല്ലപ്പെട്ടു. ഹോതാവു് ശസ്ത്രം ചൊല്ലുന്നു. യജമാനൻ അവിടുത്തെ യജിക്കുകയും ചെയ്യുന്നു. അതുകൊണ്ടു് ഞങ്ങൾക്കു് ധനമുണ്ടാക്കിയാലും. മനുഷ്യന്നു് സ്തുത്യനും, ഹോമനിർവ്വാഹകനുമായ അഗ്നിയായ അവിടുത്തെ, പശു മുതലായ ധനമിച്ഛിക്കുന്ന മനുഷ്യർ, ഋത്വിക്കുകരം അടുത്തിരുന്നു് സേവിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വർഗ്ഗം 6–7 ജഗത്യനഷ്ടുപ്ത്രിഷ്ടുഭശ്ഛന്ദാംസി

1 അയമിഹപ്രഥമോധായിധാതൃഭി

ഹോതായജിഷ്ഠോ അധ്വരേഷ്വീഡ്യഃ

യമപ്നവാനോഭൃഗവോവിരുരുചു

വ്വനേഷുചിത്രംവിഭ്വംവിശേവിശേ

അന്വയം:—

ധാതൃ-ഭിഃ ഇഹ	— യജ്ഞാത്ഥം കമ്മകവ്വൽഭിഃ അധ്വര്യുഭിരസ്മിൻ യജ്ഞേ
ഹോതാ, യജിഷ്ഠഃ	— ദേവാനാമാഹ്വാതാ, അതിശയേനയഷ്ടാ
അധ്വരേഷു ഈഡ്യഃ	— യാഗേഷ്വൃത്വിഗ്ഭിസ്തൂയമാനഃ
പ്രഥമഃ	— സവ്വേഷാം ദേവാനാം മുഖ്യഃ
അയം ധായി	— ആഹവനീയാദി സ്ഥാനേഷു പ്രത്യക്ഷേണോപലഭ്യമാനോ ഗ്നിഃ അധായി, നിഹിതഃ
അപ്നവാനഃ	— ഭൃഗുസംബന്ധീകശ്ചിദൃഷിഃ
(അന്യേച) ഭൃഗവഃ	
വനേഷു	— അരണ്യേഷു
ചിത്രം	— ദാവാഗ്നീരൂപേണ ബഹുധാ ദശ്നീയം
വിശേ-വിശേ	— സവ്വസ്യ, വിശഃ, പ്രജായാഃ
വി-ഭ്വം യം	— വിഭും, ഈശ്വരം, ദേവാനാം ഹവിവ്വാഹകത്വേന പ്രസിദ്ധമിമമഗ്നിം
വി-രുരുചുഃ	— ദീപ്തിയുക്തം കുവ്വന്തി

അത്ഥം—യജ്ഞത്തിന്നുവേണ്ടി കമ്മം ചെയ്യുന്ന അധ്വര്യുക്കളാൽ ഈ യജ്ഞത്തിൽ, ദേവന്മാരെ വിളിക്കുന്നവനും ഏററവും യജിക്കുന്നവനും യാഗങ്ങളിൽ ഋത്വിക്കുകളാൽ സ്തുതിക്കപ്പെട്ടുന്നവനും ദേവന്മാരിലൊന്നാമനും ആഹവനീയം മുതലായ സ്ഥാനങ്ങളിൽ പ്രത്യക്ഷമായി കാണപ്പെട്ടുന്നവനുമായ അഗ്നി

*36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്ഥാപിതനായിരിക്കുന്നു. ഭൃഗുകുലജാതനായ അപ്നവാനെന്ന ഋഷിയും മററു ഭൃഗുക്കളും കാട്ടുകളിൽ ദാവാഗ്നിരൂപത്തിൽ, പല പാട്ട ദർശനീയനും എല്ലാ പ്രജകൾക്കും ഈശ്വരനും ദേവന്മാക്ക് ഹവിസ്സെത്തുന്നതുകൊണ്ട് പ്രസിദ്ധനുമായ ഈ അഗ്നിയെ പ്രോജ്വലിപ്പിക്കുന്നു.

2 അഗ്നേകദാത്ആനുഷക്ഭുവദ്ദേവസ്യചേതനം

അധാഹിത്വാജഗൃഭ്രിരേമത്താസോവിക്ഷ്വീഡ്യം

അന്വയം:—

ഹേ അഗ്നേ, ഹി

മത്താസഃ — യസ്മാൽ മനുഷ്യാഃ

വിക്ഷു ഈഡ്യം — വിഡ്ഭിഃ, പ്രജാഭിഃ സ്തുത്യം

ത്വാ ജഗൃഭ്രിരേ — ത്വാം ജഗൃഹിരേ, ഗൃഹ്ണന്തി

അധ ദേവസ്യ — അതഃ ദ്യോതമാനസ്യ

തേ ചേതനം — തവസംബന്ധിതേജഃ

കദാ ആനുഷക് ഭുവൽ? — ആനുഷക്തം ഭവേൽ?

അർത്ഥം—അല്ലയോ അഗ്നേ, പ്രജകളാൽ സ്തുത്യനായ അവിടുത്തെ യാതൊരു കാരണത്താലാണോ മനുഷ്യർ ഗ്രഹിക്കുന്നതു്, സ്വീകരിച്ചിരുത്തുന്നതു്, അക്കാരണത്താൽ പ്രകാശമാനനായ അവിടുത്തെ തേജസ്സ് എപ്പോഴും ഞങ്ങളോട് ചേർന്നതായി ഭവിയ്ക്കും? (ഇപ്പോഴും തന്നെ ചേർന്നതായി ഭവിയ്ക്കട്ടെ).

3 ഋതാവാനം വിചേതസംപശ്യന്തോദ്യാമിവസ്തൃഭിഃ

വിശ്വേഷാമധ്വരാണാംഹസ്കർത്താരംദമേദമേ

അന്വയം:—

ഋത–വാനം വി–ചേതസം — അമായിനം, വിശിഷ്ടജ്ഞാനം

സ്തൃ–ഭിഃ ദ്യാം–ഇവ — നക്ഷത്രൈഃ പരിവൃതം ദ്യാമിവ വിസ്ഫുലിങ്ഗൈസ്സമേതം

വിശേഷാം അധ്വരാണാം

ഹസ്കർത്താരം — സർവ്വേഷാം യജ്ഞാനാം പ്രഭാസകമഗ്നിം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പശ്യന്തഃ ദമേ–ദമേ — ഭൃത്വിഗാദയഃ സർവ്വസ്മിൻ യജ്ഞ ഗൃഹേ ജഗൃഭ്രിരേ

അർത്ഥം– കപടമില്ലാത്തവനും ഉൽകൃഷ്ടജ്ഞാനയുക്തനും നക്ഷത്രങ്ങളാൽ ആകാശമെന്നപോലെ തീപ്പൊരികളോടുകൂടി യവനും എല്ലാ യജ്ഞങ്ങളെയും പ്രഭാസിപ്പിക്കുന്നവനുമായ അഗ്നിയെ കാണുന്ന ഋത്വിക്കുകൾ മുതലായവർ എല്ലാ യജ്ഞ ഗൃഹങ്ങളിലും സ്വീകരിച്ചിരുത്തുന്നു.

4 ആശുംദൂതംവിവസ്വതോവിശ്വായശ്ചർഷണീരഭി

ആജഭ്രുഃകേതുമായവോഭൃഗവാണംവിശേവിശേ

അന്വയം:–

യഃ വിശ്വാഃ ചർഷണീഃ

അഭി — സർവ്വാഃ പ്രജാഃ അഭിഭവതി

ആയവഃ ആശും – മനുഷ്യാഃ ക്ഷിപ്രഗാമിനം

വിവസ്വതഃ ദൂതം, കേതും — മനുഷ്യസ്യ യജമാനസ്യദൂതം, പ്രജ്ഞാപകം

ഭൃഗവാണം — ഭൃഗുവദാചരന്തം, ദീപ്യമാനം

വിശേ–വിശേ ആ ജഭ്രുഃ — സർവ്വസ്യൈപ്രജായൈ ആ ജഹ്രുഃ

അർത്ഥം–ഏവൻ എല്ലാ പ്രജകളെയും കീഴടക്കുന്നുവോ, കർമ്മാനുഷ്ഠാതാവായ യജമാനൻെറ ശീഘ്രഗാമിയായ ദൂതനായി, യജ്ഞം വിളിച്ചറിയിക്കുന്ന കൊടിയായി, പ്രകാശമാനനായ ആ അഗ്നിയെ മനുഷ്യർ, ഋത്വിക്കുകൾ മുതലായവർ, എല്ലാ പ്രജകൾക്കും വേണ്ടിയാണ് ആഹരിച്ചിരിക്കുന്നതു്, കൊണ്ടുവന്നിരിക്കുന്നതു്. (യാഗാനുഷ്ഠാതാവിൻെറ സ്വന്തം ശ്രേയസ്സിന്നുവേണ്ടി മാത്രമല്ല, ലോകക്ഷേമത്തിന്നുകൂടി വേണ്ടിയാണ് യജ്ഞമെന്നു സൂചന.)

5 തമീംഹോതാരമാനുഷക്ചികിത്വാംസംനിഷേദിരേ

രണ്വംപാവകശോചിഷംയജിഷ്ഠംസപ്തധാമഭിഃ വ. 6

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

(ഋത്വിഗാദയോ മനുഷ്യാഃ) ആനുഷക്	—	ആനുപൂർവ്യേണ
ഹോതാരം, ചികിത്വാംസം	—	ദേവാനാമാഹ്വാതാരം, ജാനന്തം
രണ്വം, പാവക— ശോചിഷം	—	രമണീയം, ശോധകദീപ്തിം
യജിഷ്ഠം സപ്ത ധാമ—ഭിഃ	—	യഷ്ടൃതമം, കാളീകരാള്യാദി സപ്തതേജോഭിര്യുക്തം
തം ഈം നി സേദിരേ	—	തമിമമഗ്നിം നിഷാദയന്തിസ്മ

അർത്ഥം—ഋത്വിക്കുകൾ മുതലായ മനുഷ്യർ, മുമ്പുപിമ്പു നോക്കി ദേവന്മാരെ വിളിക്കുന്നവനും, അറിവുററവനും, രമണീയനും ശുദ്ധികരമായ തേജസ്സുററവനും ഏററവും യജിക്കുന്നവനും കാളി, കരാളി മുതലായ ഏഴു ജ്വാലകളോടുകൂടിയവനുമായ ഈ അഗ്നിയെ (യാഗവേദിയിൽ) ഇരുത്തി.

6 തംശശ്വതീഷുമാതൃഷുവനആവീതമശ്രിതം

ചിത്രംസന്തംഗുഹാഹിതംസുവേദംകൂചിദർത്ഥിനം

അന്വയം:—

ശശ്വതീഷു മാതൃഷു	—	ബഹ്വീഷു അപ്സു (സസ്യാദിനിർമ്മാതൃത്വാൽ മാതരഃ)
വനേ ആ സന്തം	—	വൃക്ഷ സമൂഹേ ച (ആകാരശ്ചാർത്ഥേ) വിദ്യമാനം
വീതം അശ്രിതം	—	കാന്തം, പ്രാണിഭിർഭയാദ സേവിതം, ദുരാസദം
ചിത്രം, ഗുഹാ ഹിതം	—	ചായനീയം, ഗുഹായാം നിഹിതം
സു—വേദം	—	സുവിജ്ഞാനം
കൂചിൽ—അർത്ഥിനം	—	ക്വാപി ഹവിഷ്യർത്ഥിനം, ഹവിസ്വീകുർവ്വന്തം
തം	—	(അഗ്നിം നിഷേദിരേ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം–അസംഖ്യകളായ അമ്മമാരായ അപ്പുകളിലും (ജലങ്ങളിലും, സസ്യോൽപാദനത്വാൽ ജലങ്ങൾക്ക് മാതൃത്വം) മരക്കൂട്ടങ്ങളിലും കാണപ്പെടുന്നവനും, പ്രാണികളാൽ ദഹനഭയംകൊണ്ട് അടക്കപ്പെടാത്തവനും ഭംഗിയായി നിഗൂഢമായി വെയ്ക്കപ്പെട്ടവനും നല്ല വിജ്ഞാനത്തോടുകൂടിയവനും ഹവിഷ്ഠാനമായ, ഹവിസ്സ് സ്വീകരിക്കുന്നവനമായ, അഗ്നിയെ ഋത്വിക്കുകൾ മുതലായവർ യാഗവേദിയിലിരുത്തി.

7 സസസ്യയദ്വിയുതാസസ്മിന്നൂധ്
ന്നൃതസ്യധാമന്ന്രണയന്തദേവാഃ
മഹാംഅഗ്നിന്നമസാരാതഹവ്യോ
വേരധ്വരായസദമിദൃതാവാ

അന്വയം:–

യൽ ദേവാഃ	— യമഗ്നിം ദേവനശീലാ സ്തോതാരംഃ
സസസ്യ വി–യുതാ	— സ്വപ്നസ്യ വിയുതേ, വിയോഗേ, ഉഷസി
ഋതസ്യ ധാമൻ	— ഉദകസ്യ ധാമനി, സ്ഥാനേ
സസ്മിൽ ഊധൻ	— സർവ്വസ്മിൻ ഊധനി, യജ്ഞേ
രണയന്ത	— സ്തോത്രൈഃ രമയന്തി
മഹാൻ, നമസാ രാത–ഹവ്യഃ	— പ്രഭൃതഃ, നമസ്കാരേണ ദത്തഹവിഷ്കഃ
ഋത–വാ അഗ്നിഃ	— സത്യവാൻ സോഗ്നിഃ
സദം ഇൽ അധ്വരായ വേഃ	— സദൈവ യജ്ഞായ ഗന്താഭവതി

അർത്ഥം–ഏതഗ്നിയെ മന്ത്രപ്രകാശമുററ സ്തോതാക്കൾ ഉറക്കംവിട്ട ഉഷസ്സിൽ ജലസ്ഥാനത്തിൽ, എല്ലാഫലങ്ങളും കറക്കുന്ന യജ്ഞത്തിൽ സ്തോത്രങ്ങളാൽ രമിപ്പിക്കുന്നുവോ, പ്രവൃദ്ധനും, നമസ്കാരത്തോടുകൂടി ഹവിസ്സേകപ്പെട്ടവനും സത്യവാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നമായ ആ അഗ്നി എപ്പോഴം യജ്ഞത്തിന്ന പോകുന്നവനാകുന്നു.

8 വേരധ്വരസ്യ ദൂത്യാനിവിദ്വാ
നഭേഅന്താരോദസീസംചികിത്വാൻ
ദൂതഈയസേപ്രദിവഉരാണോ
വിദുഷ്ടരോദിവആരോധനാനി

അന്വയം:-

(ഹേ അഗ്നേ) വിദ്വാൻ. — സർവ്വം ജാനംസ്ത്വം
അധ്വരസ്യ ദൂത്യാനി വേഃ — യജ്ഞസംബന്ധീനി ദൂതകർമ്മാണിവേത്സി
ഉഭേ രോദസീ അന്തഃ — ഉഭയോദരോദസ്യോഃ, ദ്യാവാ പൃഥിവ്യോഃ മദ്ധ്യേസ്ഥിത മന്തരിക്ഷം
സം–ചികിത്വാൻ — സമ്യക് ജാനൻ
പ്ര–ദിവഃ, ഉരാണഃ — പുരാണഃ, അല്പേനാപി ഹവിഷാ ബഹുകർവ്വാണഃ
വിദുഃ-തരഃ, ദൂതഃ — വിദ്വത്തരഃ, ദേവാനാം ദൂതസ്ത്വം
ദിവഃ ആ–രോധനാനി
ഈയസേ — സ്വർഗ്ഗസ്യ ആരോഹണാർഹാനി സ്ഥാനാനി ഗച്ഛസി (ദേവാനാം ഹവീംഷ്യപ്പയിതും)

അർത്ഥം—അല്ലയോ അഗ്നേ, എല്ലാമറിയുന്ന അവിടുന്നു യജ്ഞത്തെസ്സംബന്ധിച്ച ദൂതകർമ്മങ്ങളും അറിയുന്നു. ദ്യാവാ പൃഥിവികൾ രണ്ടിൻെറയും മധ്യത്തിലുള്ള അന്തരിക്ഷത്തെ നന്നായറിയുന്ന പുരാതനനും, സ്വല്പം ഹവിസ്സേകിയാലതിന്നു് ധാരാളം ഫലം ചെയ്യുന്നവനും, ജ്ഞാനികളിൽ മുന്തിയവനും ദേവന്മാരുടെ ദൂതനുമായ അവിടുന്നു്, ദേവന്മാൎക്കു് ഹവിസ്സുകൾ സമർപ്പിക്കാനായി സ്വർഗ്ഗത്തിൽ, കയറിയെത്തേണ്ടും സ്ഥാനങ്ങളും പ്രാപിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

9 കൃഷ്ണന്തഏമരുശ്തഃപുരോഭാ

ശ്ചരിഷ്ണ്വ ൃ്ചിർവ്വപുഷാമിദേകം

യദപ്രവീതാദധതേഹഗർഭം

സദ്യശ്ചിജ്ജാതോഭവസീദ്ദൂതഃ

അന്വയം:—

(ഹേ അഗ്നേ) രുശതഃ തേ — രോചമാനസ്യതവസംബന്ധി
ഏമ കൃഷ്ണം — വർത്മ, ഗമനമാർഗ്ഗംകൃഷ്ണവർണ്ണം ഭവതി
ഭാഃ പുരഃ — തവസംബന്ധിനീദീപ്തിഃ പുരസ്താൽ ഭവതി
ചരിഷ്ണു അർച്ചിഃ — സംചരണശീലം തദീയംതേജഃ
വപുഷാം ഏകം ഇൽ — വപുഷ്മതാം, രൂപവതാം, തേജസ്വിനാം മുഖ്യമേവഭവതി
യൽ അപ്ര–വീതാ — യം ത്വാം അനുപഗതാ യജമാനാഃ
ഗർഭം ദധതേ ഹ — ത്വജ്ജനനഹേതുമരണിം ധാരയന്തിഖലു
(സ ത്വം) സദ്യഃ ചിൽ ജാതഃ — സദ്യഏവോൽപന്നസ്സൻ
ദൂതഃ ഭവസി ഇൽ ഊ — യജമാനസ്യദൂതോഭവസ്യേവ

അർത്ഥം–അല്ലയോ അഗ്നേ, പ്രകാശമാനനായ അവിടത്തെ വഴി, ഗമനമാർഗ്ഗം കറുത്ത നിറത്തിലുള്ളതാകുന്നു. അവിടത്തെ ദീപ്തി മുമ്പിലാകുന്നു. സഞ്ചാരശീലമുററ അവിടത്തെ തേജസ്സ് തേജോരൂപന്മാരുടെ ഇടയിൽവെച്ച് മുഖ്യം തന്നെയാകുന്നു. യാതൊരവിടത്തെ ലഭിക്കാത്ത യജമാനന്മാർ, അവിടത്തെ പിറവിക്കുപയുക്തമായ അരണിയെ ധരിക്കുന്നുവോ (ആ അരണി കടയുമ്പോൾ) ആ അവിടുന്ന് ഉടനെ ഉൽപന്നനായി യജമാനൻെറ ദൂതനായിത്തീരുക തന്നെ ചെയ്യുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

10 സദ്യോജാതസ്യ ദദൃശാനമോജോ
യദസ്യ വാതോ അനുവാതി ശോചിഃ
വൃണക്തി തിഗ്മാമതസേഷു ജിഹ്വാം
സ്ഥിരാ ചിദന്നാ ദയതേ വി ജംഭൈഃ

അന്വയം:-

സദ്യഃ ജാതസ്യ	— അരണിനിർമ്മഥനാദുൽപന്നസ്യാഗ്നേഃ
ഓജഃ ദദൃശാനം	— ഋത്വിഗാദിഭിർദൃശ്യമാനം ഭവതി
വാതഃ യൽ അസ്യ	
ശോചിഃ	— വായുര്യദാസ്യ ദീപ്തിം
അനു-വാതി	— ലക്ഷീകൃത്യ ഗച്ഛതി, തദാസോഗ്നിഃ
അതസേഷു തിഗ്മാം	— വൃക്ഷസമൂഹേഷു തീക്ഷ്ണാം
ജിഹ്വാം വൃണക്തി	— ജ്വാലാം സംയോജയതി
സ്ഥിരാ ചിൽ അന്നാ	— സ്ഥിരാണ്യപി അന്നരൂപാണി കാഷ്ഠാനി
ജംഭൈഃ വി ദയതേ	— തേജോഭിഃ വിഖണ്ഡയതി, ഭക്ഷയതി

അർത്ഥം—അരണി കടഞ്ഞു വേഗത്തിൽ ഉൽപന്നനായ അഗ്നിയുടെ തേജസ്സ്, ഋത്വിക്കുകൾ മുതലായവർക്ക് കാണത്തക്കതായി ഭവിക്കുന്നു. എപ്പോൾ വായു അവിടുത്തെ തേജസ്സിന്നുനേരെ വരുന്നുവോ, അപ്പോൾ ആ അഗ്നി വൃക്ഷസമൂഹങ്ങളിൽ ജ്വാലയെ യോജിപ്പിക്കുന്നു. ഉറപ്പുള്ള തീററകളായ വിറകുകളും അവിടുന്ന് തേജസ്സുകളാൽ ഖണ്ഡിക്കുന്നു, ഭക്ഷിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

11 തൃഷ്വയദന്നാതൃഷ്ണാവവക്ഷ

തൃഷ്ടംദൂതംകൃണതേയഹോഅഗ്നിഃ

വാതസ്യമേളിംസചതേനിജൂവ്

ന്നാശുംനവാജയതേഹിന്വേ അവ്വാ വ 7

അന്വയം:-

യൽ തൃഷു അന്നാ — യഃ അഗ്നിഃ ക്ഷിപ്രമേവാന്നാനി കാഷ്ഠാദീനി

തൃഷ്ണാ വവക്ഷ — ക്ഷിപ്രേണരശ്മിസമൂഹേന വഹതി

യഹ്വഃ അഗ്നിഃ തൃഷ്ടം — മഹാനഗ്നിഃ ആത്മാനം

ദൂതം കൃണതേ — യജമാനദൂതം കരോതി

നി-ജൂവ്വൻ — കാഷ്ഠാനി നിശ്ശേഷേണദഹൻ

വാതസ്യ മേളിം — വായോബ്ബലം

ആശും ന സചതേ — അശ്വസാദീ, യഥാശ്വം തഥാ സേവതേ

അവ്വാ വാജയതേ, ഹിന്വേ — ഗമനശീലോഗ്നിഃ സ്വരശ്മിം വാജിനം, ബലവന്തം കുരുതേ, പ്രേരയതി

അർത്ഥം-യാതൊരഗ്നി വേഗത്തിൽ തന്നെ തീററകളായ വിറകു മുതലായവയെ ശീഘ്രഗതിയായ രശ്മിസമൂഹത്താൽ വഹിക്കുന്നുവോ, ദഹിപ്പിക്കുന്നുവോ ആ മഹാനായ അഗ്നിയാണ് തന്നെത്തന്നെ യജമാനൻെറ ദൂതനാക്കുന്നത്. വിറകു മുതലായവയെ നിശ്ശേഷം ദഹിപ്പിക്കുന്ന അവിടുന്ന് വായുവിൻെറ സഖ്യത്തെ, (ബലത്തെ) കുതിരക്കാരൻ കുതിരയെയെന്നപോലെ, സേവിക്കുന്നു. ഗമനശീലനായ അഗ്നി സ്വരശ്മിയെ ബലമുററതാക്കുന്നു, എങ്ങും പടത്തുന്നു.

വർഗ്ഗം—8 —ഗായത്രീച്ഛന്ദഃ

1 ദൂതംവോവിശ്വവേദസംഹവ്യവാഹമമർത്യം

യജിഷ്ഠമൃഞ്ജസേഗിരാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

(ഹേ അഗ്നേ,)
വിശ്വ–വേദസം — സർവ്വധനോപേതം
ഹവ്യ–വാഹം — ദേവേഭ്യോ ഹവിഷാം വോഢാരം
അമർത്യം യജിഷ്ഠം — മരണധർമ്മരഹിതം, അതിശയേന യഷ്ടാരം
ദൂതം വഃ ഗിരാ — ദേവാനാം ദൂതം ത്വാം സ്തുതി രൂപയാ വാചാ
ഋഞ്ജസേ — യജമാനോഹം പ്രസാധയാമി

അർത്ഥം–അല്ലയോ അഗ്നേ, സർവ്വധനോപേതനും ദേവന്മാർക്ക് ഹവിസ്സേന്തുന്നവനും അമരനും ഏററവും യജിക്കുന്നവനും ദേവന്മാരുടെ ദൂതനുമായ അവിടത്തെ സ്തുതിവചനത്താൽ യജമാനനായ ഞാൻ ചമയിക്കുന്നു.

2 സഹിവേദാവസുധിതിംമഹാँആരോധനംദിവഃ

സദേവാँഏഹവക്ഷതി

അന്വയം:–

സഃ ഹി — പ്രസിദ്ധ ഏവാഗ്നിഃ
വസു–ധിതം വേദ — യജമാനാഭീഷ്ട ഫലരൂപ ധനസ്യ ദാനം വേത്തി
മഹാൻ ദിവഃ ആ–രോധനം —ദേവാനാം ആരോഹണാർഹം സ്ഥാനം വേത്തി
സഃ ഇഹ ദേവാൻ ആ വക്ഷതി — അസ്മിൻ യജ്ഞേ ദേവാനാവഹതു

ആർത്ഥം -ആ പ്രസിദ്ധനായ അഗ്നിതന്നെ യജമാനന്ന് അഭീഷ്ടമായ ധനദാനത്തെ അറിയുന്നു. മഹാനായ അവിടുന്ന് കയറിപ്പോകേണ്ടും ദേവന്മാരുടെ സ്ഥാനത്തെ അറിയുന്നു. അവിടുന്ന് ഈ യജ്ഞത്തിൽ ദേവന്മാരെ ആനയിക്കട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

3 സവേദദേവആനമംദേവാഋതായതേദമേ

ദാതിപ്രിയാണിചിദ്വസു

അന്വയം:—

ദേവഃ സഃ — ദ്യോതമാനസ്സോഗ്നിഃ
ആ—നമം — യജമാനാദീനാനമയിതും, നമസ്കാരയിതും
ദേവാൻ വേദ — ഇന്ദ്രാദീൻ വേത്തി
ദമേ ഋത—യതേ — യജ്ഞഗൃഹേ യജ്ഞമിച്ഛതേ യജമാനായ
പ്രിയാണി ചിൽ വസു
ദാതി — അഭീഷ്ടാന്യപിവസൂനി, പശ്വാദീനി ദദാതി

അർത്ഥം—പ്രകാശമാനനായ ആ അഗ്നിക്ക് യജമാനാദികളെ നമസ്കരിപ്പിക്കുവാൻ ദേവന്മാരെ ക്രമത്തിലറിയുന്നു. യജ്ഞഗൃഹത്തിൽ യാഗമിച്ഛിക്കുന്ന യജമാനന്ന് പശു മുതലായ അഭീഷ്ടധനങ്ങളെ അവിടുന്ന് കൊടുക്കുന്നു.

4 സഹോതാസേദ്ദൂത്യംചികിത്വാഅന്തരീയതേ

വിദ്വാആരോധനംദിവഃ

അന്വയം:—

സഃ ഹോതാ — ദേവാനാമാഹ്വാതാ ഭവതി
സഃ ഇൽ ഊദ്ദൂത്യം
ചികിത്വാൻ — സഹവദേവാനാം ദൂതകർമ്മജ്ഞാനൻ
ദിവഃ ആ—രോധനം — ആരോഹണാർഹം ദേവാനാം സ്ഥാനം
വിദ്വാൻ അന്തഃ ഈയതേ — ജാനൻ ദ്യാവാപൃഥിവ്യോർമ്മദ്ധ്യേ ഗച്ഛതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം-അവിടുന്ന് ദേവന്മാരെ വിളിക്കുന്നവനാകുന്നു. അവിടുന്നുതന്നെ ദേവന്മാരുടെ ദൂതകർമ്മം അറിയുന്നവനായി, കയറി എത്തേണ്ടും ദേവന്മാരുടെ സ്ഥാനത്തു് ദ്യാവാപൃഥിവികളുടെ മദ്ധ്യത്തിലൂടെ എത്തുന്നു.

5 തേസ്യാമയേഅഗ്നയേദദാശുർഹവ്യദാതിഭിഃ

യഈംപുഷ്യന്തഇന്ധതേ

അന്വയം:—

യേ (യജമാനാഃ) അഗ്നയേ	— തദർത്ഥം
ഹവ്യദാതി–ഭിഃ ദദാശുഃ	— ഹവിർദ്ദാനൈഃ പ്രീതിംകുർവ്വന്തി
ഈം പുഷ്യന്തഃ	— ഏനമഗ്നിം വർദ്ധയന്തഃ
യേ ഇന്ധതേ	— സമിദ്ഭിർദ്ദീപ്തിയുക്തം കുർവ്വന്തി
തേ സ്യാമ	— തവ യജമാനാഭൂയാമ

അർത്ഥം-യജമാനന്മാരേവർ ഹവിർദ്ദാനങ്ങൾ കൊണ്ടു് അവിടുത്തെ പ്രീതിപ്പെടുത്തുന്നുവോ, ഈ അഗ്നിയെ വർദ്ധിപ്പിക്കുന്നവരായി ചമതകൾകൊണ്ടു് പ്രോജ്വലിപ്പിക്കുന്നുവോ, അവർ അവിടുത്തെ യജമാനന്മാരായി ഭവിക്കാവൂ.

6 തേരായാതേസുവീര്യൈസ്സസവാംസോവിശൃണ്വിരേ

യേഅഗ്നാദധിരേദുവഃ

അന്വയം:—

യേ അഗ്നാ ദുവഃ ദധിരേ	— അഗ്നൌ പരിചര്യാം ധാരയന്തി, കുർവ്വന്തി
തേ സസ–വാംസഃ	— അഗ്നിം സംഭജമാനാഃ
രായാ വി ശൃണ്വിരേ	— ധനേന വിശ്രൂയന്തേ, പ്രഖ്യായന്തേ
തേ സു–വീര്യൈഃ	— ശോഭനവീര്യോപേതൈഃ പുത്രാദിഭിർവ്വിശ്രൂയന്തേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം—ഏവർ അഗ്നിയിൽ പരിചര്യ ചെയ്യുന്നുവോ അവർ അഗ്നിയെ സേവിക്കുന്നവരായി ധനത്താൽ പ്രസിദ്ധന്മാരായിത്തീരുന്നു, അവർ നല്ല വീര്യമുററ പുത്രന്മാരാൽ കേരം വിപ്പെട്ടുന്നു.

7 അസ്മേരായോദിവേദിവേസംചരന്തുപുരുസ്പൃഹഃ

അസ്മേവാജാസഈരതാം

അന്വയം:-

പുരു–സ്പൃഹഃ — സ്തുതിഗാദിഭിഃ അഭിലക്ഷ്യമാണാഃ

രായഃ അസ്മേ — പശ്വാദി ധനാനി അസ്മാസു യജമാനേഷു

ദിവേ–ദിവേ സം ചരന്തു — പ്രതിദിനം പ്രസരന്തു

വാജാസഃ അസ്മേ

ഈരതാം — അന്നാനിചാസ്മാൻ യജ്ഞാത്ഥം പ്രേരയന്തു

അത്ഥം—സ്തുതിക്കുകരം മുതലായവരാൽ ആഗ്രഹിക്കപ്പെടുന്ന പശു മുതലായ ധനങ്ങരം യജമാനരായ നമ്മളിൽ ദിവസംപ്രതി എത്തിച്ചേരട്ടെ. യജ്ഞത്തിന്നുവേണ്ടി അന്നങ്ങളും എത്തട്ടെ.

8 സവിപ്രശ്ചഷ്ണീനാംശവസാമാനുഷാണാം

അതിക്ഷിപ്രേവവിധ്യതി വ. 8

അന്വയം:—

വിപ്രഃ സഃ ശവസാ — മേധാവീസോഗ്നിഃ ബലേന

മാനുഷാണാം

ചഷ്ണീനാം — മനുഷ്യസംബന്ധിനാം പ്രജാനാം

ക്ഷിപ്രാ–ഇവ — ക്ഷിപ്രമേവവിനാശയിത്വ മഹാണി ദുരിതാനി

അതി വിധ്യതി — അതിശയേന നാശയതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം-മേധാവിയായ ആ അഗ്നി സ്വബലംകൊണ്ട് മനുപ്രഭവരായ പ്രജകളുടെ, വേഗത്തിൽ ഒടുക്കാൻ പററിയ ദുരിതങ്ങളെ, തികച്ചും നശിപ്പിക്കട്ടെ.

വർഗ്ഗം-9

1 അഗ്നേമൃളമഹാൻഅസിയഈമാദേവയുംജനം

ഇയേഥബർഹിരാസദം

അന്വയം:-

ഹേ അഗ്നേ, മൃള — അസ്മാൻ സുഖയ
യഃ (ത്വം) ഈം ദേവ-യും — ദേവാനാം കാമയിതാരം
ജനം ബർഹിഃ ആ-സദം — യജമാനം യജ്ഞേദർഭം ആസത്തും
ആ ഇയേഥ — ആഗച്ഛസി
(സഃ ത്വം) മഹാൻ അസി — പ്രഭൃതോ ഭവസി

അർത്ഥം-അല്ലയോ അഗ്നേ, ഞങ്ങളെ സുഖിപ്പിച്ചാലും. യാതൊരവിടുന്ന് ദേവന്മാരെ (അവരുടെ അനുഗ്രഹം) കാമിക്കുന്ന യജമാനന്റെ യാഗത്തിൽ ദർഭവിരിച്ചിരുത്താൻ വരുന്നുവോ, ആ അവിടുന്ന് മഹാനാകുന്നു.

2 സമാനുഷീഷുദൂളഭോവിക്ഷുപ്രാവീരമർത്യഃ

ദൂതോവിശ്വേഷാംഭുവൽ

അന്വയം:-

ദുഃ-ദഭഃ — രാക്ഷസാദിനാദുർഹിംസഃ
മാനുഷീഷു വിക്ഷു — മനുസംബന്ധിനീഷുപ്രജാസു
പ്ര-അവീഃ,
അമർത്യഃ സഃ — പ്രകർഷേണഗന്താ, മരണധർമ്മ രഹിതോഗ്നിഃ
വിശ്വേഷാം ദൂതഃ ഭുവൽ — സർവ്വേഷാം ദേവാനാം ദൂതഃ ഭവതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം—രാക്ഷസാദികളാൽ ദ്രോഹിയ്ക്കപ്പെടാൻ കഴിയാത്തവനും മനുപ്രഭവരായ പ്രജകളിൽ നന്നായെത്തുന്നവനും അമരനുമായ ആ അഗ്നി എല്ലാ ദേവന്മാൎക്കും ദൂതനാവട്ടെ.

3 സസദ്മപരിണീയതേഹോതാമന്ദ്രോദിവിഷ്ടിഷു
ഉതപോതാനിഷീദതി

അന്വയം:—

സഃ സദ്മ പരി നീയതേ— സോഗ്നിഃ യജ്ഞഗൃഹം
ഋത്വിഗ്ഭിഃ പരിതോനീയതേ
(നീയമാനസ്സൻ)
ദിവിഷ്ടിഷു മന്ദ്രഃ — യാഗേഷു മദനീയഃ, സ്തുത്യഃ
ഹോതാ — (ഭവതി)
ഉത പോതാ (സൻ) നി
സീദതി — യജ്ഞഗൃഹേ ഉപവിശതി

അത്ഥം—ആ അഗ്നി യജ്ഞഗൃഹത്തിൽ ഋത്വിക്കുകളാൽ അങ്ങുമിങ്ങും നയിയ്ക്കപ്പെടുന്നു. അങ്ങിനെ നയിയ്ക്കപ്പെടുന്നവനായി, ഹൎഷണീയനായി, സ്തുത്യനായ ആ അഗ്നി ഹോതാവായി ഭവിക്കുന്നു. കൂടാതെ പോതാവായി യജ്ഞഗൃഹത്തിലിരിക്കുന്നു.

4 ഉതഗ്നാഅഗ്നിരധ്വരഉതോഗൃഹപതിർദമേ
ഉതബ്രഹ്മാനിഷീദതി

അന്വയം:—

ഉത അഗ്നിഃ അധ്വരേ ഗ്നാഃ — ദേവപത്നീര്യജതി, യഷ്ടാഭവതി
ഉതോ ദമേ ഗൃഹ—പതിഃ — യജ്ഞഗൃഹേ യജമാനശ്ചഭവതി
ഉത ബ്രഹ്മാ — ബ്രാഹ്മണാച്ഛംസീസൻ
നി സീദതി — ഉപവിശതി

അത്ഥം—കൂടാതെ അഗ്നി ദേവപത്നിമാരെ യജിക്കുന്നു. യാഗശാലയിൽ യജമാനനായി ഭവിക്കുന്നു. പിന്നെ ബ്രാഹ്മണാച്ഛംസി എന്ന ഋത്വിക്കായി ഇരിക്കുന്നു. (ഋത്വിക്കുകളാകു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നതും യജമാനനാകുന്നതും അഗ്നി തന്നെയാണ്. മററുവിധത്തിൽ പറഞ്ഞാൽ ഋത്വിക്കുകളും യജമാനനും അഗ്നിയുടെ പ്രതിരൂപന്മാരാണ്.)

5 വേഷിഹ്യധ്വരീയതാമുപവക്താജനാനാം

ഹവ്യാച മാനുഷാണാം

അന്വയം:-

അധ്വരി-യതാം		
മാനുഷാണാം	—	അധ്വരമിച്ഛതാം മനുസംബന്ധിനാം
ജനാനാം ഹവ്യാ ച	—	ഹവ്യാനി, ഹവീംഷി
(ഹേ അഗ്നേ ത്വം)		
വേഷി ഹി	—	കാമയസേ ഖലു
ഉപ--വക്താ	—	അധ്വര്യു പ്രഭൃതീനാം സർവ്വേഷാം കർമ്മണാം അനുജ്ഞാർത്ഥം ''മാം പ്രണയ'' ഇത്യാദി രൂപസ്യ വാക്യസ്യ വക്താസൻ ബ്രഹ്മാ ഭവതി; കർമ്മണാമവൈകല്യാർത്ഥം ഉപദ്രഷ്ടാ ഭവതി

അർത്ഥം-യാഗാനുഷ്ഠാനേച്ഛുക്കളായ മനുപ്രഭവരായ ജനങ്ങളുടെ ഹവിസ്സുകളെ, അല്ലയോ അഗ്നേ, അവിടുന്നിഷ്ടപ്പെടുന്നവല്ലോ. പിന്നെ അധ്വര്യു മുതലായവരുടെ എല്ലാ കർമ്മങ്ങളുടെയും സമ്മതത്തിന്നായി ''എന്നെക്കൊണ്ടുപോവുക'' മുതലായ വാക്യങ്ങൾകൊണ്ട് ബ്രഹ്മനായും ഭവിക്കുന്നു. കർമ്മങ്ങൾക്ക് ലോപം വരാതെ നോക്കുന്നവനായും ഭവിക്കുന്നു.

6 വേഷീദ്വസ്യ ദൂത്യം യസ്യ ജുജോഷോ അധ്വരം

ഹവ്യം മർത്തസ്യ വോള്ഹവേ

അന്വയം:-

(ഹേ അഗ്നേ, ത്വം)		
മർത്തസ്യ യസ്യ	—	മനുഷ്യസ്യ യസ്യ യജമാനസ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

അധ്വരം ഹവ്യം
വോള്ഹവേ — യാഗംഹവിഃ വോഢം
ജുജോഷഃ — സേവേഥാഃ
അസ്യ ദൂത്യം വേഷി
ഇൽ ഉ — തസ്യ യജമാനസ്യ ദൂതകർമ്മ കാമയസ ഏവ

അർത്ഥം—അല്ലയോ അഗ്നേ, മനുഷ്യനായ യാതൊരു യജമാനൻെറ യാഗത്തിലെ ഹവിസ്സിനെ വഹിക്കാനായി അവിടുന്ന് കൈക്കൊള്ളുന്നുവോ ആ യജമാനൻെറ ദൂതകർമ്മത്തെ അവിടുന്ന് ഇഷ്ടപ്പെട്ടുകതന്നെ ചെയ്യുന്നു.

7 അസ്മാകംജോഷ്യധ്വരമസ്മാകംയജ്ഞമംങ്ഗിരഃ
അസ്മാകംശൃണുധീഹവം

അന്വയം;—

ഹേ അങ്ഗിരഃ, — അഗ്നേ, ത്വം
അസ്മാകം അധ്വരം
ജോഷി — അസ്മദീയം യാഗം സേവസ്വ, സ്വീകുരു
അസ്മാകം യജ്ഞം — യജന സാധനം ഹവിശ്ച ജുഷസ്വ
അസ്മാകം ഹവം ശൃണുധി — ആഹ്വാന രൂപം സ്തോത്രം ശൃണു

അർത്ഥം—അല്ലയോ അംഗിരസ്സേ, (അഗ്നേ,) അവിടുന്ന് ഞങ്ങളുടെ യാഗം സ്വീകരിച്ചാലും. ഞങ്ങളുടെ യജനസാധനമായ ഹവിസ്സ് കൈക്കൊണ്ടാലും. ഞങ്ങളുടെ വിളിയുടെ രൂപത്തിലുള്ള സ്തുതി കേട്ടാലും.

8 പരിതേദൂളഭോരഥോസ്മാംഅശ്നോതുവിശ്വതഃ
യേനരക്ഷസിദാശുഷഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—
(ഹേ അഗ്നേ, ത്വം) യേന
(രഥേന) വിശ്വതഃ — വിശ്വാസു സർവ്വാസു ദിക്ഷു ഗച്ഛൻ
ദാശുഷഃ രക്ഷസി — ഹവിഷ്പ്രദാതൄൻ പാലയസി,
തേ ദുഃ–ദഭഃ (സഃ) രഥഃ — ത്വദീയഃ ദുർഹിംസഃ സരഥഃ
അസ്മാൻ പരി അശ്നോതു — പരിതോ വ്യാപ്നോതു

അർത്ഥം–അല്ലയോ അഗ്നേ, ഏതു തേരിനാൽ അവിടുന്ന് എല്ലാ ദിക്കിലും ചെന്ന് ഹവിർദ്ദാതാക്കളായ യജമാനന്മാരെ പാലിക്കുന്നുവോ, ആക്കും കേടേൽപിക്കാൻ കഴിയാത്ത ആ തേർ ഞങ്ങളെ മുററും പ്രാപിക്കട്ടെ.

വർഗ്ഗം–10–പദപംക്തിർമ്മഹാപദപംക്തിരുഷ്ണിക്ഛന്ദാംസി

1 അഗ്നേതമദ്യാശ്വന്നസ്തോമൈഃ
ക്രതുംനഭദ്രംഹൃദിസ്പൃശം
ഋദ്ധ്യാമാതഓഹൈഃ

അന്വയം:–
ഹേ അഗ്നേ, അദ്യ — അസ്മിന്നഹനി വയമൃത്വിഗാദയഃ
ഓഹൈഃ സ്തോമൈഃ — ഇന്ദ്രാദിപ്രാപകൈഃ സ്തോത്രസമൂഹൈഃ
അശ്വം ന (വോഢാരം) — തഥാഹവിഷാം വോഢകം
ക്രതും ന — കർത്താരം, ഉപകർത്താരം തഥാ
ഭദ്രം, ഹൃദി–സ്പൃശം — ഭജനീയം, ഹൃദയംഗമം, പ്രിയതമം
തം തേ ഋദ്ധ്യാമ — പ്രസിദ്ധം ത്വാം സമർദ്ധയാമഃ

അർത്ഥം:–അല്ലയോ അഗ്നേ, ഇന്ന് ഋത്വിഗാദികളായ ഞങ്ങൾ ഇന്ദ്രാദി ദേവന്മാരെ ചെന്നെത്തുന്ന സ്തോത്രസമൂഹങ്ങളാൽ, കുതിരയെന്നപോലെ (ഹവിസ്സ്) വഹിക്കുന്നവനും, ഉപകാരിയായ സുഹൃത്തിനെപ്പോലെ ഭജനീയനും ഏററവും ഹൃദയപ്രിയനുമായ അഗ്നിയെ സമാരാധിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

2 അധാഹ്യഗ്നേക്രതോർഭ്രസ്യദക്ഷസ്യസാധോഃ

രഥീരൃതസ്യബൃഹതോബഭൂഥ

അന്വയം:—

അധ ഹി അഗ്നേ,	— ഇദാനീമേവാഗ്നേ, ത്വം
ഭദ്രസ്യ, ദക്ഷസ്യ	— ഭജനീയസ്യ, പ്രവൃദ്ധസ്യ
സാധോഃ	— അഭീഷ്ടഫലാനാം സാധകസ്യ
ഋതസ്യ, ബൃഹതഃ	— സത്യഭൂതസ്യ, മഹതഃ
ക്രതോഃ രഥീഃ ബഭൂഥ	— അസ്മദീയസ്യ യാഗസ്യനേതാ ഭവസി

അർത്ഥം—ഇപ്പോഴുംതന്നെ, അല്ലയോ അഗ്നേ, അവിടുന്ന് ഭജനീയവും പ്രവൃദ്ധവും അഭീഷ്ടഫലസാധകവും സത്യഭൂതവും മഹത്തുമായ ഞങ്ങളുടെ യാഗത്തിന്റെ നേതാവായി ഭവിക്കുന്നു.

3 ഏഭിർന്നോഅർക്കൈർഭവാനോഅർവ്വാങ്ക്സ്വ൪ണ്ണജ്യോതിഃ

അഗ്നേവിശ്വേഭിസ്സുമനാഅനീകൈഃ

അന്വയം:—

ഹേ അഗ്നേ, ജ്യോതിഃ

സ്വഃ ന	— ജ്യോതിഷ്മാൻ സൂര്യ ഇവ
വിശ്വേഭിഃ അനീകൈഃ	— സമസ്തൈസ്തേജോഭിഃ
സു—മനാഃ	— ശോഭനമനസ്സ സ്ത്വം
നഃ ഏഭിഃ അർക്കൈഃ	— അസ്മദീയൈരേതൈസ്തോത്രൈഃ
നഃ അർവ്വാങ് ഭവ	— അസ്മാകമഭിമുഖോഭവ

അർത്ഥം—അല്ലയോ അഗ്നേ, ജ്യോതിഷ്മാനായ സൂര്യനെന്നപോലെ എല്ലാ തേജസ്സുകളോടും കൂടിയവനും ശോഭനമനസ്സനുമായ അവിടുന്ന് ഞങ്ങളുടെ ഈ സ്തോത്രങ്ങളാൽ ഞങ്ങൾക്കഭിമുഖനായി ഭവിച്ചാലും.

4 ആഭിഷ്ടേഅദ്യഗീർഭിർഗൃണന്തോഽഗ്നേദാശേമ

പ്രതേദിവോനസ്തനയന്തിശുഷ്മാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

അദ്യ, ഹേ അഗ്നേ,	— അസ്മിൻ ദിവസേ
ആഭിഃ ഗീഃ-ഭിഃ ഗൃണന്തഃ	— സ്തുതിരൂപാഭിർവ്വാഗ്ഭിഃ ത്വാം സ്തുവന്തോവയം, ഋത്വിഗാദയഃ
തേ ദാശേമ	— തുഭ്യം ഹവീംഷി ദദ്യാമ
ദിവഃ ന	— സൂര്യസ്യ രശ്മയ ഇവ
തേ ശുഷ്മാഃ പ്ര സ്വനയന്തി	— തവജ്വാലാഃ പ്രകർഷേണ ശബ്ദയന്തേ

അർത്ഥം—അല്ലയോ അഗ്നേ, ഇന്നു് സ്തുതിരൂപങ്ങളായ വചനങ്ങളാൽ അവിടുത്തെ പുകഴ്ത്തുന്ന ഋത്വിഗാദികളായ ഞങ്ങൾ അവിടേക്കു് ഹവിസ്സുകൾ തന്നുകൊള്ളുന്നു. സൂര്യന്റെ രശ്മികൾ പോലെയുള്ള അവിടുത്തെ ജ്വാലകൾ ഉറക്കെശ്ശബ്ദിക്കുന്നു.

5 തവസ്വാദിഷ്ഠാഗ്നേസംദൃഷ്ടിരിദാചിദഹ്നഇദാചിദക്തോഃ
ശ്രിയേരുക്മോനരോചതഉപാകേ

അന്വയം:—

ഹേ അഗ്നേ, സ്വാദിഷ്ഠാ	— സ്വാദുതമാ, പ്രിയതമാ
തവ സം-ദൃഷ്ടിഃ	— ത്വദീയാദീപ്തിഃ
അഹ്നഃ ഇദാ ചിൽ	— ദിവസസ്യ ഇദാനീം ച
അക്തോഃ ഇദാ ചിൽ	— രാത്രേഃ ഇദാനീം ച
രുക്മഃ ന ശ്രിയേ	— അലങ്കാരഇവ പദാർത്ഥമാശ്രയിതും
ഉപാകേ രോചതേ	— അന്തികേരാജതേ

അർത്ഥം-അല്ലയോ അഗ്നേ, വളരെ സ്വാദുവായ, പ്രിയമായ അവിടുത്തെ നോട്ടം, പ്രകാശം, പകലായ ഇപ്പോഴും രാത്രിയായ ഇപ്പോഴും (പകലും രാവും) വസ്തുവിനെ ആശ്രയിക്കാൻ അലങ്കാരമെന്നപോലെ അരികിൽ ശോഭിക്കുന്നു.

6 ഘൃതം ന പൂതംതനൂരരേപാശ്ശുചിഹിരണ്യം
തത്തേരുക്മോനരോചതസ്വധാവഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

ഹേ സ്വധാ-വഃ	— അന്നവന്നഗ്നേ
പൂതം ഘൃതം ന	— ശോധിതമാജ്യമിവ
തനൂഃ അരേപാഃ	— ത്വദീയാമൂർത്തിഃ പാപരഹിതാ ഭവതി
ശുചി ഹിരണ്യം	— ശുദ്ധം ഹിരണ്മയം
തേ തൽ രുക്മഃ ന	— ത്വദീയം പ്രസിദ്ധംതേജഃ ഭൂഷണമിവ
രോചത	— രോചതേ, ഭാസതേ

അർത്ഥം-അല്ലയോ അന്നവാനായ അഗ്നേ, അരിച്ച വൃത്തിയാക്കിയ നെയ്പോലെ അവിടുത്തെ ശരീരം പാപരഹിതം, മാലിന്യഹീനമാകുന്നു. ശുദ്ധവും സ്വർണ്ണവർണ്ണവുമായ അവിടുത്തെ പ്രസിദ്ധമായ തേജസ്സ് ഒരു അലങ്കാരം (ആഭരണം) പോലെ ഭാസിക്കുന്നു.

7 കൃതംചിദ്ധിദ്വേഷാംസനേമിദ്വേഷോഗ്ന ഇനോഷിമർത്താൽ

ഇത്ഥായജമാനാദൃതാവഃ

അന്വയം:-

ഹേ ഋത-വഃ, അഗ്നേ	— സത്യവന്നഗ്നേ
കൃതം ചിൽ	— യജമാനേനപാപംകൃതമപി
സനേമി ദ്വേഷഃ	— ചിരന്തനം പാപം
മർത്താൽ യജമാനാൽ	— മനുഷ്യാൽ, യജമാനാൽ
ഇത്ഥാ ഇനോഷി ഹി സ്മ	— സത്യം ത്വം പ്രേരയസ്യേവ ഖലു, നാശയസി

അർത്ഥം-സത്യവാനായ അഗ്നേ, യജമാനനാൽ പാപം ചെയ്യപ്പെട്ടാലും നെടുനാൾ നീണ്ടുനിന്ന ആ പാപത്തെ (ശത്രുവെ) അവങ്കൽ നിന്ന് സത്യമായും അവിടുന്നകററുന്നു, നശിപ്പിക്കുന്നു.

8 ശിവാനസ്സഖ്യാസന്തുഭ്രാത്രാഗ്നേദേവേഷ്വയുഷ്മേ

സാനോനാഭിസ്സദനേസസ്മിന്നൂധൻ വ. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ അഗ്നേ, നഃ സഖ്യാ	— അസ്മദീയാനി സഖ്യാനി
ഭ്രാത്രാ	— ഭ്രാതൃസംബന്ധീനി കർമ്മാണി
ദേവേഷു യുഷ്മേ	— ദ്യോതമാനേഷു യുഷ്മാസു
ശിവാ സന്തു	— ശിവാനി, മങ്ഗളാനി ഭവന്തു
സാ സദനേ	— സഖിത്വ ഭ്രാതൃകർമ്മസന്തതിഃ ദേവാനാം സ്ഥാനേ
സസ്മിൻ ഊധൻ	— സർവ്വസ്മിൻ യജ്ഞേ
നഃ നാഭിഃ	— അസ്മാകം ബന്ധനം ഭവതി

അർത്ഥം—അല്ലയോ അഗ്നേ, ഞങ്ങളുടെ സഖ്യങ്ങളും സഹോദരകർമ്മങ്ങളും പ്രകാശമാനന്മാരായ നിങ്ങളിൽ (അവിടുന്നടക്കമുള്ള ദേവന്മാരിൽ) മംഗളങ്ങളായി ഭവിക്കട്ടെ. ആ സഖ്യഭ്രാതൃകർമ്മസമൂഹം ദേവന്മാരുടെ ഇരിപ്പിടമായ എല്ലാ യജ്ഞത്തിലും ഞങ്ങൾക്ക് ബന്ധകമായി ഭവിക്കുന്നു. (ദേവന്മാരെയാണ് ഞങ്ങൾ സഖാക്കളായും ഭ്രാതാക്കളായും കരുതുന്നത്.)

വർഗ്ഗം—11—ത്രിഷ്ടപ്ഛന്ദഃ

1 ഭദ്രംതേഅഗ്നേസഹസിന്നനീക
മുപാകആരോചതേസൂര്യസ്യ
രുശദ്‌ദൃശേദദൃശേനക്തയാചി
ദരൂക്ഷിതംദൃശആരൂപേഅന്നം

അന്വയം:—

ഹേ സഹസിൻ, അഗ്നേ,	— ബലവന്നഗ്നേ,
തേ ഭദ്രം അനീകം	— തവ ഭജനീയം തേജഃ
സൂര്യസ്യ ഉപാകേ	
ആ രോചതേ	— സമീപഭൂതേ ദിവസേ ദീപ്യതേ
രുശൽ ദൃശേ	— രോചമാന ദർശനീയം തേജഃ
നക്ത-യാ ചിൽ ദദൃശേ	— രാത്രാവപിദൃശ്യതേ
ആ അരൂക്ഷിതം ദൃശേ	— കിംചസ്നിഗ്ധം ദർശനീയം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്നം സ്രുപേ — പുരോഡാശാദിരൂപം ഹവിഃ, സ്രുപവതിത്വായി ഋത്വിഗാദിഭിഃ ഹുതം ഭവതി

അൎത്ഥം—അല്ലയോ ഊക്കുററ അഗ്നേ, അവിടുത്തെ ഭജനീയമായ, മംഗളമായ തേജസ്സ്, സൂൎയ്യൻെറ സമീപത്തിൽ, പകൽ പൂൎണ്ണമായിശ്ശോഭിക്കുന്നു. ഭാസ്വത്തും ദർശനീയവുമായ തേജസ്സ് രാത്രിയിലും കാണപ്പെടുന്നു. കാമ്യവും ദർശനീയവുമായ പുരോഡാശാദി ഹവിസ്സ്, മൂൎത്തിമാനായ അവിടുന്നിൽ ഹോമിക്കപ്പെട്ടതായി ഭവിക്കുന്നു.

2 വിഷാഹ്യഗ്നേഗൃണതേമനീഷാം

ഖംവേപസാതുവിജാതസ്തവാനഃ

വിശ്വേഭിര്യദ്വാവനഃശുക്രദേവൈ

സ്തന്നോരാസ്വസുമഹോഭൂരിമന്മ

അന്വയം:—

ഹേ തുവി-ജാത, അഗ്നേ, — മഥനേനാരണിദ്വാരാ യജ്ഞാദി കൎമ്മസു ബഹുജന്മൻ, അഗ്നേ,
സ്തവാനഃ — ഋത്വിഗാദിഭിസ്സ്തൂയമാനസ്ത്വം
വേപസാ — യജ്ഞാദി കൎമ്മണാ
മനീഷാം ഗൃണതേ — സ്തുതിം കുൎവ്വതേ യജമാനായ
ഖം വി സാഹി — യജമാന പ്രാപ്യസ്യ പുണ്ണ്യലോകസ്യദ്വാരം വിഷ്യ, വിമുഞ്ച
ഹേ ശുക്ര, വിശ്വേഭിഃ ദേവൈഃ — ദീപ്യമാനാഗ്നേ, സൎവ്വൈരിന്ദ്രാദിഭിസ്സഹ
യൽ വവനഃ — യദ്ധനം യജമാനേഭ്യഃ പ്രയച്ഛേഃ
ഹേ സു-മഹഃ, — ശോഭനതേജസ്സ്വാഗ്നേ,
ഭൂരി മന്മ തൽ — പ്രഭൂതം മനനീയം തദ്ധനം
നഃ രാസ്വ — അസ്മഭ്യം ദേഹി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം–മഥനംവഴി യജ്ഞാദികമ്മങ്ങളിൽ അസംഖ്യം ജന്മത്തോടുകൂടിയ അഗ്നേ, ഋത്വിഗാദികളാൽ സ്തുതിക്കപ്പെടുന്ന അവിടുന്നു്, യജ്ഞാദികമ്മത്താൽ സ്തുതിക്കുന്ന യജമാനന്നു യാഗകർത്താവിന്നു ചെല്ലാവുന്ന പുണ്യലോകത്തിന്റെ വാതിൽ തുറന്നാലും. അല്ലയോ ഭാസമാനനായ അഗ്നേ, ഇന്ദ്രാദികളായ എല്ലാ ദേവന്മാരോടുംകൂടി യാതൊരു ധനം യജമാനന്മാക്കു് അവിടുന്നു് കൊടുക്കുമോ, അല്ലയോ ശോഭനപ്രകാശ, പ്രവൃദ്ധവും മഹത്തുമായ ആ ധനം ഞങ്ങൾക്കു് തന്നരുളിയാലും.

3 ത്വദ്ഗ്നേകാവ്യാത്വന്മനീഷാ
സ്ത്വദുക്ഥാജായന്തേരാധ്യാനി
ത്വദേതിദ്രവിണം വീരപേശാ
ഇത്ഥാധിയേദാശുഷേമർത്ത്യായ

അന്വയം:–

ഹേ അഗ്നേ, കാവ്യാ	— ഹവിവ്വഹനാദീനികമ്മാണി
ത്വൽ ജായന്തേ	— ത്വത്തഃ ഉൽപ്പദ്യന്തേ
മനീഷാഃ ത്വൽ	— സ്തുതിരൂപാവാചഃ ത്വത്തഏവ ജായന്തേ
രാധ്യാനി ഉക്ഥാ ത്വൽ	— ആരാധ്യം യോഗ്യാനിശസ്ത്രാണി ത്വത്തോജായന്തേ
ഇത്ഥാ–ധിയേ	— സത്യകമ്മണേ
ദാശുഷേ മർത്ത്യായ	— ഹവിർദ്ദത്തവതേ മനുഷ്യായ, യജമാനായ
വീര–പേശാഃ	— വിക്രാന്തരൂപം
ദ്രവിണം ത്വൽ ഏതി	— പശ്വാദിധനം ത്വത്തോനിഗ്ഗച്ഛതി, ഉൽപദ്യതേ

അത്ഥം–അല്ലയോ അഗ്നേ, ദേവന്മാക്കു് ഹവിസ്സെത്തിക്കുക മുതലായ കമ്മങ്ങൾ അവിടുന്നിൽ നിന്നുണ്ടാകുന്നു. സ്തുതിവചനങ്ങൾ അവിടുന്നിൽ നിന്നുളവാകുന്നു. ആരാധ്യങ്ങളായ ശസ്ത്രങ്ങൾ അവിടുന്നിൽ നിന്നു് പിറവിപൂകുന്നു. സത്യ ക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ർമ്മാവും ഹവിസ്സേകിയവനുമായ യജമാനന്നായി വിക്രാന്തരൂപമായ (വീരവിജയ ഫലരൂപമായ) ധനം അവിടുന്നിൽ നിന്നാണ് നിർഗ്ഗമിക്കുന്നതു്, പുറത്തുവരുന്നതു്.

4 ത്വദ്വാജീവാജംഭരോവിഹായാ
അഭിഷ്ടികൃജ്ജായതേസത്യശുഷ്മഃ
ത്വദ്രയിർദ്ദേവജൂതോമയോഭുഃ
ത്വദാശുർജ്ജൂജുവാഅഗ്നേ അർവ്വാ

അന്വയം:–

ഹേ അഗ്നേ, വാജീ — ബലവാൻ
വാജം–ഭരഃ — ഹവിർല്ലക്ഷണാന്നസ്യവാഹകഃ
വി–ഹായാഃ,
അഭിഷ്ടി–കൃൽ — മഹാൻ, യജ്ഞകൃൽ
സത്യ–ശുഷ്മഃ — സത്യബലഃ പുത്രഃ
ത്വൽ ജായതേ — ത്വത്തഃ ഉൽപദ്യതേ
ദേവ–ജൂതഃ, മയഃ–ഭുഃ — ദേവൈഃ പ്രേരിതഃ, സുഖപ്രദഃ
രയിഃ ത്വൽ — ധനം ത്വത്തഃ ജായതേ
ആശുഃ, ജൂജു–വാൻ — അപ്രതിഹതഗമനഃ, വേഗേനഗച്ഛൻ
അർവ്വാ ത്വൽ — അശ്വം ത്വത്തോജായതേ

അർത്ഥം–അല്ലയോ അഗ്നേ, ബലവാനും, ഹവിരന്നം ഭരിക്കുന്ന (വഹിക്കുന്ന) വനും മഹാനായ യജ്ഞകർത്താവും സത്യബലനുമായ പുത്രൻ അവിടുന്നിൽ നിന്നു് (അവിടുത്തെ അനുഗ്രഹംകൊണ്ടു്) പിറക്കുന്നു, ദേവന്മാരാൽ അയയ്ക്കപ്പെട്ടതും സുഖകരവുമായ ധനം അവിടുന്നിൽ നിന്നുണ്ടാവുന്നു. തടുക്കപ്പെടാത്ത ഗതിയുററതും വേഗത്തിലോടുന്നതുമായ കുതിര അവിടുന്നിൽ നിന്നു് ജനിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

5 ത്വാമഗ്നേപ്രഥമംദേവയന്തോ

ദേവംമർത്താഅമൃതമന്ദ്രജിഹ്വം

ദ്വേഷോയുതമാവിവാസന്തിധീഭി

ർദ്ദമൂനസംഗൃഹപതിമമൂരം

അന്വയം:-

ഹേ അമൃത, അഗ്നേ,	—	അമരണശീലാഗ്നേ
ദേവ–യന്തഃ മർത്താഃ	—	ദേവാനിച്ഛന്തോ മനുഷ്യാഃ യജമാനാഃ
പ്രഥമം, ദേവം	—	ദേവാനാമാദ്യം, ദ്യോതമാനം
മന്ദ്ര–ജിഹ്വം	—	ദേവാനാം മാദയിത്രീ ജിഹ്വാ യസ്യ തം
ദ്വേഷഃ–യുതം	—	ദ്വേഷസാം, പാപാനാം പൃഥക് കർത്താരം
ദമൂനസം	—	രക്ഷസാം ദമനകരേണ മനസോപേതം
ഗൃഹ–പതിം	—	ഗൃഹാണാം പാലയിതാരം
അമൂരം, ത്വാം ധീഭിഃ ആ വിവാസന്തി	—	അമൂഢം, പ്രഗത്ഭം ത്വാം സ്തോത്രൈഃ സമന്താൽ പരിചരന്തി

അർത്ഥം—അല്ലയോ അമരനായ അഗ്നേ, ദേവന്മാരെ (അവരുടെ അനുഗ്രഹത്തെ) ഇച്ഛിക്കുന്ന യജമാനന്മാർ ദേവന്മാരിൽ മുമ്പനും പ്രകാശമാനനും ദേവന്മാരെ ഹർഷിപ്പിക്കുന്ന നാവോടുകൂടിയവനും പാപങ്ങളെ വേർപെടുത്തുന്നവനും, രാക്ഷസാദികളെ അടക്കാനുള്ള മനസ്സുററവനും ഗൃഹങ്ങളുടെ രക്ഷകനും പ്രഗത്ഭനമായ അവിടുത്തെ സ്തോത്രങ്ങളെക്കൊണ്ടു് പൂർണ്ണമായി പരിചരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

6 ആരേഅസ്മദമതിമാരേഅംഹ

ആരേവിശ്വാന്ദുമ്മതിംയന്നിപാസി

ദോഷാശിവസ്സഹസസ്സൂനോഅഗ്നേ

യംദേവആചിൽസചസേസ്വസ്തി വ. 11

അന്വയം:-

ഹേ സഹസഃ, സൂനോ
അഗ്നേ — ബലസ്യപുത്ര, അഗ്നേ
ദോഷാ ശിവഃ ദേവഃ — രാത്രൌ ശിവകരഃ ദ്യോതമാനസ്ത്വം
യം സ്വസ്തി ആ സചസേ — യാനസ്മാൻ അവിനാശായ പരിതസ്സേവസേ
യൽ ചിൽ നി–പാസി — യസ്മാൽ കാരണാച്ചയജമാനാൻ നിതരാം പാലയസി
(തേഭ്യഃ) അസ്മൽ
അമതിം — അസ്മത്തഃ പാപരൂപാമശനേച്ഛാം (അശനായാ വൈപാപമാമതിഃ)
ആരേ — ദൂരേ കുരു
ആരേ അംഹഃ — അസ്മത്തോ ദൂരേ പാപം കുരു
ആരേ വിശ്വാം ദുഃ–മതിം — സർവ്വം ദുർമ്മനസ്ത്വം ദൂരേ കുരു

അർത്ഥം—അല്ലയോ ബലപുത്ര, അഗ്നേ, രാത്രിയിൽ മംഗളകരനായിശ്ശോഭിക്കുന്ന അവിടുന്ന് ഞങ്ങളെവരെ അവിനാശ (മംഗള) ത്തിന്നായി എമ്പാടും കാക്കുന്നുവോ, യാതൊരു കാരണത്താൽ യജമാനന്മാരായ ഞങ്ങളെ നന്നായി രക്ഷിച്ചുപോരുന്നുവോ, അക്കാരണത്താൽ ആ ഞങ്ങളിൽ നിന്ന് പാപരൂപമായ ബുഭുക്ഷ (അവിഹിത സാധനം അവിഹിത വിധത്തിൽ അവിഹിതങ്കൽ നിന്ന് ഭക്ഷിക്കാനുള്ള ആശ) യെകലെ അകററിയാലും. (ഭക്ഷണത്തിന്ന്, ഭോഗത്തിന്ന് വേണ്ടിയാണ് പാപബുദ്ധി ഉണ്ടാവുന്നതു്.) പാപത്തെ ഞങ്ങളിൽ നിന്ന്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അകലെ അകററിയാലും. ദുമ്മനസ്സ്വത്തെ (നിരുന്മേഷത, നിരാശത, സവ്വദ്വേഷം മുതലായവ) അകലേയ്ക്കകററിയാലും.

വഗ്ഗം—12—

1 യസ്ത്വാമഗ്ന ഇനധതേയതസ്രുക്
ത്രിസ്തേ അന്നം കൃണവത്സസ്മിന്നഹൻ
സസുദ്യുമ്നൈരഭ്യസ്തുപ്രസക്ഷ
ത്തവക്രത്വാജാതവേദശ്ചികിത്വാൻ

അന്വയം:—

ഹേ അഗ്നേ,

യത–സ്രുക് യഃ	—	സ്രുപാസംബദ്ധഃ യഃ യജമാനഃ
ത്വാം ഇനധതേ	—	ദീപ്തം കുര്യാൽ
സസ്മിൻ അഹൻ തേ ത്രിഃ	—	സവ്വസ്മിന്നഹനി തുഭ്യം ത്രിവാരം, സവനത്രയേ
അന്നം കൃണവൽ	—	ഹവിർല്ലക്ഷണമന്നം കുര്യാൽ
ഹേ ജാത–വേദഃ,	—	സവ്വജ്ഞാഗ്നേ,
തവ ക്രത്വാ	—	ത്വൽതോഷകേണ ഇന്ധനാദി ഹേതുനാ കമ്മണാ
പ്ര–സക്ഷൽ	—	പ്രസഹമാനം ത്വദീയം തേജഃ
ചികിത്വാൻ, സഃ	—	ജാനൻ. സ യജമാനഃ
ദ്യുമ്നൈഃ സു അഭി അസ്തു	—	ധനൈഃ അത്യന്തം ശത്രൂനഭി ഭവതു

അത്ഥം—അല്ലയോ അഗ്നേ, സ്രുക്കോട്ട് (ഹോമോപകരണത്തോട്) കൂടിയ യാതൊരു യജമാനൻ അവിടുത്തെ ദീപ്തനാക്കുമോ, എല്ലാ ദിവസങ്ങളിലും അവിടേക്ക മൂന്നുതവണ മൂന്നു സവനങ്ങളിലായി ഹവിസ്സേകുമോ, അല്ലയോ സവ്വജ്ഞ, അവിടേയ്ക്കു സന്തോഷകരമായ പ്രോജ്വലന കമ്മത്താൽ പ്രബലമായ അവിടുത്തെ തേജസ്സിനെ അറിയുന്നവനാണോ ആ യജമാനൻ ധനങ്ങളെക്കൊണ്ടു് ശത്രുക്കളെ ജയിക്കട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

2 ഇധ്മംയസ്തേജഭരച്ഛശ്രമാണോ
മഹോഅഗ്നേഅനീകമാസപര്യൻ
സഇധാനഃപ്രതിദോഷാമുഷാസം
പുഷ്യന്നയിംസചതേഘ്നന്നമിത്രാൻ

അന്വയം:—

ഹേ അഗ്നേ, യഃ തേ	— യോയജമാനസ്ത്വഭ്യം
ഇധ്മം ജഭരൽ	— ഹോമസാധനം സമിജ്ജാതമാഹരേൽ
ശശ്രമാണഃ	— ഇധ്മാദ്യാഹരണേശ്രാമ്യൻ
മഹഃ ആ അനീകം സപര്യൻ	— മഹതഃ തവതേജശ്ച (ആകാരശ്ചാൎത്ഥേ) പരിചരൻ
ദോഷാം ഉഷസം പ്രതി	— രാത്രിം ച ഉഷഃ കാലം പ്രതിലക്ഷീകൃത്യ (കാലദ്വയേപി)
ഇധാനഃ	— ഇന്ധാനഃ, ത്വാംദീപ്തിയുക്തം കരോതി
പുഷ്യൻ സഃ	— പ്രജാഭിഃ പശുഭിശ്ചപുഷ്ടസ്സൻ സയജമാനഃ
അമിത്രാൻ ഘ്നൻ	— ശത്രൂൻ ഹിംസൻ
രയിം സചതേ	— ധനം സേവതേ, സൎവ്വദാപശ്വാദിധനസമൃദ്ധോഭവതി

അൎത്ഥം—അല്ലയോ അഗ്നേ, ഏതു യജമാനൻ അവിടേയ്ക്കായി ഹോമസാധനമായ ചമതക്കൂട്ടം സംഭരിച്ച്, ആ സംഭാരശ്രമത്തിൽ ക്ഷീണിക്കുന്നുവോ, മഹാനായ അവിടുത്തെ തേജസ്സിനെയും പരിചരിക്കുന്നുവോ, രാവും പകലും അവിടുത്തെ നുറുങ്ങുകൂട്ടി പ്രകാശിപ്പിക്കുന്നുവോ, സന്തതികളാലും പശുക്കളാലും പുഷ്ടിപൂണ്ട ആ യജമാനൻ ശത്രുക്കളെ അമൎത്തി ധനം പൂകുന്നു, പശു മുതലായ ധനത്താൽ എപ്പോഴും സമൃദ്ധനായിത്തീരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

3 അഗ്നിരീശേബൃഹതഃ ക്ഷത്രിയസ്യാ
ഗ്നിർവ്വാജസ്യപരമസ്യരായഃ
ദധാതിരത്നംവിധതേയവിഷ്ഠോ
വ്യാനുഷങ്മർത്ത്യായസ്വധാവാൻ

അന്വയം:—

അഗ്നിഃ ബൃഹതഃ
ക്ഷത്രിയസ്യ ഈശേ — മഹതഃ ബലസ്യഈശ്വരോ ഭവതി
അഗ്നിഃ പരമസ്യ
വാജസ്യ രായഃ — ഉൽകൃഷ്ടസ്യ അന്നസ്യ ധനസ്യ ച ഈശേ
യവിഷ്ഠഃ, സ്വധാ—വാൻ — യുവതമഃ, തേജസ്വീ സഃ
വിധതേ മർത്ത്യായ — പരിചരതേ മനുഷ്യായ, യജമാനായ
രത്നം ആനുഷക്
വി ദധാതി — രമണീയം ധനമനുഷക്തം കരോതി

അർത്ഥം—അഗ്നി മഹത്തായ ബലത്തിന്നു് ഈശനാകുന്നു. ഉൽകൃഷ്ടമായ അന്നത്തിന്നും ധനത്തിന്നും സ്വാമിയാകുന്നു. നിത്യയുവാവും തേജസ്വിയുമായ അവിടുന്നു്, തന്നെസ്സേവിക്കുന്ന മനുഷ്യനായ യജമാനന്നു് രമണീയമായ ധനം ചേർക്കുന്നു.

4 യച്ചിദ്ധിതേപുരുഷത്രായവിഷ്ഠാ
ചിത്തിഭിശ്ചകൃമാകച്ചിദാഗഃ
കൃധീഷ്വ ഽ സ്മാംഅദിതേരനാഗാ
ന്വ്യേനാംസിശിശ്രഥോവിഷ്വഗഗ്നേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ യവിഷ്ഠ, അഗ്നേ, — യുവതമാഗ്നേ,
യൽ ചിൽ ഹി തേ — യദ്യപി ഖലു തവ
പുരുഷ—ത്രാ — പരിചാരകേഷു പുരുഷേഷു
അചിത്തി—ഭിഃ — അജ്ഞാനൈഃ
കൽ ചിൽ ആഗഃ ചകൃമ — കിഞ്ചിദപിപാപംവയം കൃതവന്തഃ തഥാപി
അസ്മാൻ അദിതേഃ — ഭൂമേഃ
അനാഗാൻ സു കൃധി — അനാഗസഃ പാപരഹിതാൻ കുരു
വിഷ്വക് ഏനാംസി — സർവ്വതോ വിദ്യമാനാനി, അസ്മാഭിഃ കൃതാനി പാപാനി
വി ശിശ്രഥഃ — വിശ്ലഥയ, ശിഥിലീകുരു

അർത്ഥം—അല്ലയോ യുവതമനായ അഗ്നേ, അവിടുത്തെ സേവിക്കുന്ന ഞങ്ങൾ അറിവില്ലായ്മകളാൽ എന്തെങ്കിലും പാപം ചെയ്തിട്ടുണ്ടെങ്കിൽ കൂടി, ഞങ്ങളെ ഭൂമിക്കു പാപരഹിതരാക്കിയാലും (പാപികൾ ഭൂമിക്കു ഭാരമാണ്. ആ ഭാരം വരുത്താത്തവരാക്കിയാലും) എങ്ങും അറിയപ്പെടുന്നവയായി ഞങ്ങളാൽ ചെയ്യപ്പെട്ട പാപങ്ങൾ വേർപെടുത്തിയാലും, നശിപ്പിച്ചാലും.

5 മഹശ്ചിദഗ്നഏനസോഅഭീക
ഊർവ്വാദ്ദേവാനാമുതമർത്ത്യാനാം
മാതേസഖായസ്സദമിദ്രിഷാമ
യച്ഛാതോകായതനയായശംയോഃ

അന്വയം:—

ഹേ അഗ്നേ, ദേവാനാം
ഉത മർത്ത്യാനാം — മനുഷ്യാണാം ച
അഭീകേ മഹഃ ചിൽ — അന്തികേസ്മാഭിഃ യൽ പാപം കൃതം, മഹതോപി
ഊർവ്വാൽ ഏനസഃ — വിസ്തൃതാദസ്മാൽ പാപാൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തേ സഖായഃ — ത്വദീയാ മിത്രഭൂതാസ്തോതാരോ വയം

സദം ഇൽ മാ രിഷാമ — സർവ്വദൈവമാഹിംസിതാ ഭൂമ
(ഹേ അഗ്നേ, ത്വം)

തോകായ തനയായ — പുത്രായ പൌത്രായ

ശം യോഃ യച്ഛ — പാപശാന്തിം സുകൃതോപാത്ത സുഖം ച പ്രയച്ഛ, ദേഹി

അർത്ഥം—അല്ലയോ അഗ്നേ ദേവന്മാർക്കും മനുഷ്യർക്കും സമീപത്തിൽ ഞങ്ങളാൽ യാതൊരു പാപം ചെയ്യപ്പെട്ടിട്ടുണ്ടോ, പരന്നുപിടിച്ച ആ പാപം കാരണമായി അവിടുത്തെ മിത്രഭൂതരും സ്തോതാക്കളുമായ ഞങ്ങൾ ഒരിക്കലും ഹിംസിക്കപ്പെടരുതു്. അല്ലയോ അഗ്നേ, ഞങ്ങളുടെ പുത്രനും പൌത്രനും പാപശാന്തിയും സുകൃതോപാത്തമായ സുഖവും തന്നരുളിയാലും.

6 യഥാഹത്യദ്വസവോഗൌര്യംചിൽ
പദിഷിതാമമുഞ്ചതായജത്രാഃ
ഏവോഷ്വ്സ്മന്മുഞ്ചതാവ്യംഹഃ
പ്രതാര്യഗ്നേപ്രതരംനആയുഃ വ. 12

അന്വയം:—

യജത്രാഃ, വസവഃ — പൂജാർഹാഃ, നിവാസയിതാരോഗ്നയഃ

യഥാ ഹ ത്യൽ — യഥൈവ ത്യാം, താം

പദി സിതാം — പദേബദ്ധാം

ഗൌര്യം ചിൽ അമുഞ്ചത — ഗൌരീം ഗാമപി ത്യക്തവന്തോ ഭൂയാസ്ത

ഏവോ അസ്മൽ — ഏവമേവാസ്മത്തഃ

അംഹഃ സു വി മുഞ്ചത — പാപമത്യന്തം വിമുക്തം കുരുത

ഹേ അഗ്നേ, പ്ര—തരം

നഃ ആയുഃ — ത്വയാ പ്രവൃദ്ധമസ്മദീയമായുഃ

പ്ര താരി — പ്രവൃദ്ധം ക്രിയതാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം-യജനാഹ്നന്മാരും ഏവരെയും അതാതിടത്തു് വസിപ്പിക്കുന്നവരുമായ അഗ്നികളേ, (ബഹുവചനം ബഹുമാനവാചി) കാലിൽ കെട്ടിയ പശുവിനെ കെട്ടഴിച്ചു് വിടുന്ന പോലെ, ഞങ്ങളിൽ നിന്നു് പാപത്തെ നിശ്ശേഷം മോചിപ്പിച്ചാലും. (പാപക്കയറഴിച്ചു വിട്ടാലും.) അല്ലയോ അഗ്നേ, അവിടുന്നാൽ വളർത്തപ്പെട്ട ഞങ്ങളുടേ ആയുസ്സ് (വീണ്ടും) വളർത്തിയാലും.

വർഗ്ഗം–13

1 പ്രത്യഗ്നിരുഷസാമഗ്രമഖ്യ

ദ്വിഭാതീനാംസുമനാരത്നധേയം

യാതമശ്വിനാസുകൃതോദുരോണ

മുൽസൂര്യോജ്യോതിഷാദേവഏതി

അന്വയം:–

സു-മനാഃ അഗ്നിഃ	— ശോഭനമനസ്സോഗ്നിഃ
വി-ഭാതീനാം ഉഷസാം	— വ്യുച്ഛന്തീനാമുഷോദേവതാനാം
രത്ന-ധേയം	— രത്നധാനം, ധനപ്രകാശം
അഗ്രം പ്രതി അഖ്യത്	— പൂർവ്വകാലം ലക്ഷീകൃത്യ പ്രവൃദ്ധോഭവതി
ഹേ അശ്വിനാ	— അശ്വിനൌ, യുവാം
സു-കൃതഃ ദുരോണം യാതം	— യജമാനസ്യഗൃഹം ഗച്ഛതം
സൂര്യഃ ദേവഃ	— ഋത്വിഗാദീനാം പ്രേരകോദേവഃ
ജ്യോതിഷാ ഉൽ ഏതി	— സ്വേനതേജസാഉഷഃ കാലേ പ്രാദുർഭവതി

അത്ഥം–നല്ലമനസ്സോടുകൂടിയ അഗ്നി, തെളിഞ്ഞുവരുന്ന ഉഷോദേവിമാരുടെ ധനപ്രകാശത്തെ മുമ്പുതന്നെ ലക്ഷീകരിച്ചു് (ഉഷസ്സ് വിവിധ കാന്തിപ്രകരത്തോടുകൂടി തെളിയും മുമ്പുതന്നെ) പ്രവൃദ്ധനായി, പ്രോജ്വലിതനായി ഭവിക്കുന്നു. (പ്രഭാതത്തിന്നു മുമ്പുതന്നെ അഗ്നിഹോത്രാഗ്നികൾ യജമാനപത്നിമാരാൽ തെളിയിക്കപ്പെടുന്നു.) അല്ലയോ അശ്വികളേ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുണ്യകമ്മാവായ യജമാനൻെറ ഗൃഹത്തെ പ്രാപിച്ചാലും. ഋത്വിഗാദികളായ കമ്മികഠംക്ക് പ്രേരകനായ സൂര്യദേവൻ സ്വതേജസ്സോടുകൂടി ഈ ഉഷഃകാലത്തിലാണല്ലൊ പൊങ്ങി വരുന്നതു്.

2 ഊർധ്വംഭാനും സവിതാദേവോ അശ്രേ

ദ്രഫ്സംദവിധ്വദ്ഗവിഷോനസത്വാ

അനുവ്രതം വരുണോയന്തിമിത്രോ

യൽസൂര്യം ദിവ്യാരോഹയന്തി

അന്വയം:—

സവിതാ ദേവഃ ഊർധ്വം	— ഉന്മുഖം
ഭാനും അശ്രേൽ	— പ്രകാശമാശ്രയതി
യൽ സൂര്യം ദിവി	
ആ—രോഹയന്തി	— യദാദ്യുലോകേ ആരോഹണം കാരയന്തി
(തദാ) വരുണഃ, മിത്രഃ	— (അന്യേദേവാശ്ച)
ദ്രഫ്സം ദവിധ്വൽ	— പാത്ഥിവം രജഃ ധുന്വൻ, വികിരൻ
ഗോ—ഇഷഃ സത്വാ ന	— ഗാ ഇച്ഛൻ വൃഷഭ ഇവ
വ്രതം അനു യന്തി	— തൽസംബന്ധി കമ്മ അനുഗച്ഛന്തി

അത്ഥം—ദേവനായ സവിതാവു് ഉന്മുഖനായി തേജസ്സിനെ ആശ്രയിക്കുന്നു, പ്രാപിക്കുന്നു. എപ്പോഠം സൂര്യനെ ദ്യോവിൽ ഉയത്തുന്നുവോ, അപ്പോഠം വരുണനും, മിത്രനും, മററു ദേവന്മാരും, മണ്ണിൽ പൊടി ചിതറി, പശുകാമനായ മൂരി പോലെ സൂര്യനെസ്സംബന്ധിച്ച കമ്മത്തെ അനുഗമിക്കുന്നു. (കാള പശുവിനെ പിൻ തുടരുന്നപോലെ മററു ദേവന്മാർ സൂര്യനെ പിൻതുടരുന്നു.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

3 യംസീമകൃണ്വന്തമസേവിപൃചേ

ധ്രുവക്ഷേമാഅനവസ്യന്തോഅത്ഥം

തംസൂര്യംഹരിതസ്സപ്തയഹ്വീ

സ്പശംവിശ്വസ്യജഗതോവഹന്തി

അന്വയം:-

ധ്രുവ–ക്ഷേമാഃ	— സ്ഥിരനിവാസാഃ, സൃഷ്ടികര്‍ത്താരോ ദേവാഃ
സീം തമസേ വി–പൃചേ	— സര്‍വ്വതസ്തമസഃ പൃഥക് കരണായ
അത്ഥം അനവ–സ്യന്തഃ	— ജഗല്ലക്ഷണം കാര്യം അവിമുഞ്ചന്തഃ, കുര്‍വ്വന്ത ഏവ
യം അകൃണ്വന്‍	— യം സൂര്യം അസൃജന്‍
യഹ്വീഃ സപ്ത ഹരിതഃ	— മഹത്യഃ സപ്ത സംഖ്യാകാഃ അശ്വാഃ
വിശ്വസ്യ ജഗതഃ	— സമസ്തസ്യ പ്രാണി സമൂഹസ്യ
സ്പശം തം സൂര്യം വഹന്തി	— പ്രേരകത്വേന ജ്ഞാതാരം സൂര്യം ധാരയന്തി

അത്ഥം-സ്ഥിരാസ്ഥാനത്തോടു കൂടിയ സൃഷ്ടികര്‍ത്താക്കൾ, പ്രജാപതി പ്രഭൃതികളായ ദേവന്മാര്‍, ഇരുട്ടെമ്പാടും അകററാനായി പ്രപഞ്ചകാര്യം വിടാതെ നടത്തുന്നവരായി, യാതൊരു സൂര്യനെ സൃഷ്ടിച്ചുവോ, സര്‍വ്വപ്രാണിസമൂഹത്തിന്‍റെയും പ്രേരകത്വം കൊണ്ടു് എല്ലാമറിയുന്ന ആ സൂര്യനെ മഹതികളായ ഏഴ പെണ്‍കുതിരകൾ വഹിക്കുന്നു. (ഏഴ കുതിരകൾ ഏഴ നിറങ്ങളാണെന്നു വിവക്ഷിക്കപ്പെടുന്നു.)

4 വഹിഷ്ഠേഭിര്‍വ്വിഹരന്‍യാസിതന്തു

മവവ്യയന്നസിതംദേവവസ്മ

ദവിധ്വതോരശ്മയസ്സൂര്യസ്യ

ചര്‍മ്മേവാവാധുസ്തമോഅപ്സ്വന്തഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയഃ:—

ഹേ ദേവ,	— ദ്യോതമാന സൂര്യ, ത്വം, ജഗന്നിർവ്വാഹാത്മകസ്യരസസ്യാദാനാത്ഥം
തന്തും വി–ഹരൻ	— രശ്മിസമൂഹം (രശ്മ്യാത്മകം രജ്ജും) വിസ്താരയൻ
അസിതം വസ്മ	— കൃഷ്ണവർണ്ണാം (നക്തഞ്ചരാണാം നിവാസഭൂതാം) രാത്രിം
അവ–വ്യയൻ	— അവാചീനം യഥാഭവതി തഥാ സംവൃണ്വൻ, തിരസ്കുർവ്വൻ
വഹിഷ്ഠേഭിഃ	— വോഢുമത്യന്തം ശക്തൈരശ്വൈഃ
യാസി	— ഗമനമാർഗ്ഗം ഗച്ഛസി
ദവിധ്വതഃ രശ്മയഃ	— സൂര്യസ്യ ധുനാനാഃ കിരണാഃ
അപ്–സു അന്തഃ	— അന്തരിക്ഷേ മദ്ധ്യേ
ചർമ്മ–ഇവ തമഃ	— ചർമ്മവൽസ്ഥിതമന്ധകാരം
അവ അധുഃ	— അവാഞ്ചീനമദധുഃ, തിരസ്കുർവ്വന്തി

അത്ഥം—അല്ലയോ പ്രകാശമാനനായ സൂര്യ, അവിടുന്ന് ജഗത്തു് കൊണ്ടുനടക്കാനുള്ള വെള്ളമുണ്ടാക്കാൻ രശ്മിരൂപമായ നൂൽ (കയർ) എറിയുന്നവനായി, രാക്ഷസന്മാർ കൂത്താടുന്ന കറുത്ത രാത്രിയെപ്പിടിച്ചു് താഴ്ത്തുന്നവനായി, ഏററുകുള്ള കുതിരകളാൽ ഗമനമാർഗ്ഗത്തിൽ വരുന്നു. അന്തരിക്ഷമദ്ധ്യത്തിൽ ഒരു തോൽപോലെ നിന്ന ഇരുട്ടിനെ സൂര്യൻെറ ചിതറിയ രശ്മികൾ താഴ്ത്തിത്തള്ളുന്നു.

5 അനായതോഅനിബദ്ധഃകഥായം
ന്യങ്ങുത്താനോഽവപദ്യതേന
കയായാതിസ്വധയാകോദദർശ
ദിവഃസ്കംഭസ്സമൃതഃപാതിനാകം — വ. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം;–

അനായതഃ	— ആസീനസ്സൻ (ആയതശബ്ദോ ദൂരവാചീ)
അയം	— പ്രത്യക്ഷേണോപലഭ്യമാനോ മണ്ഡലാഭിമാനീസൂര്യഃ
അനി-ബദ്ധഃ	— കേനാപിബദ്ധോനക്രിയതേ
(അപിചായം സൂര്യഃ)	
ന്യങ്	— അവാങ്മുഖസ്സൻ
(കേന ചിൽ) കഥാ ന	
അവ പദ്യതേ?	— കഥം ന ഹിംസ്യതേ?
(കിംചായം) ഉത്താനഃ	— ഊർദ്ധ്വമുഖത്വേനതിഷ്ഠൻ
കയാ സ്വധയാ യാതി?	— കേനബലേന ഗച്ഛതി? (സ്വധാന്നം, തൽ കാര്യം ബലം)
(അപിച) ദിവഃ സ്കംഭഃ	— ദ്യുലോകസ്യ സ്തംഭഃ
സം–ഋതഃ	— നാകേന സമവേതഃ സൂര്യഃ
നാകം പാതി	— സ്വർഗ്ഗം പാലയതി
കഃ ദദർശ?	— തത്വതഃ കഃ പശ്യതി? (നകോപി ജാനാതി)

അർത്ഥം–അടുത്തു് ഇരിപ്പുററവനായി, പ്രത്യക്ഷം കാണ ത്തക്കവനായ മണ്ഡലാഭിമാനദേവനായ സൂര്യൻ ആരാലും ബന്ധിക്കപ്പെടുന്നില്ല. അധോമുഖനാവുമ്പോഴും എങ്ങിനെ ഹിംസിക്കപ്പെടാതിരിക്കുന്നു? ഊർദ്ധ്വമുഖനായി നില്ക്കുമ്പോഴും ഏതു ബലത്തോടു കൂടിയാണു് ഗമിക്കുന്നതു്? കൂടാതെ ദ്യോവിന്നു് തൂണായി സ്വർഗ്ഗത്തോടു ചേർന്നു സൂര്യൻ സ്വർഗ്ഗത്തെ പാലിക്കുന്നു. യഥാർത്ഥത്തിൽ ആർ കണ്ടു? ആർക്കുമറിയില്ല.

വർഗ്ഗം–14

1 പ്രത്യഗ്നിരുഷസോജാതവേദാ

അഖ്യദ്ദേവോരോചമാനാമഹോഭിഃ

ആനാസത്യോരുഗായാരഥേനേ

മംയജ്ഞമുപനോയാതമച്ഛ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:–

ദേവഃ ജാത–വേദാഃ	
അഗ്നിഃ	— സവ്വധനോഗ്നിഃ
മഹഃ–ഭിഃ രോചമാനാഃ	
ഉഷസഃ	— തേജോഭിർദ്ദീപ്യമാനാ ഉഷസഃ
പ്രതി അഖ്യൽ	— ലക്ഷീകൃത്യ പ്രവൃദ്ധോ ഭവതി
ഉരു–ഗായാ ഹേ നാസത്യാ—	പ്രഭൃതഗമനൌ നാസത്യാ വശ്വിനൌ,
രഥേന നഃ ഇമം യജ്ഞം	— അസ്മദീയമിമം യജ്ഞം
അച്ഛ ഉപ ആ യാതം	— അഭിമുഖമുപഗച്ഛതം

അർത്ഥം–ദേവനും സവ്വധനനുമായ അഗ്നി തേജസ്സുകളാൽ ഉഷസ്സുകളെ ലക്ഷ്യമാക്കി വളരുന്നു. മികച്ച ഗമനശീലത്തോടു കൂടിയ, സത്യശീലരായ അശ്വികളേ, നിങ്ങൾ തേരിലേറി ഞങ്ങളുടെ ഈ യജ്ഞത്തിന്നു് അഭിമുഖമായി വന്നാലും.

2 ഊർധ്വംകേതുംസവിതാദേവോഅ്ശ്രേ
ജ്യോതിവ്വിശ്വസ്മൈഭുവനായകൃണ്വൻ
ആപ്രാദ്യാവാപൃഥിവീഅന്തരിക്ഷം
വിസൂര്യോരശ്മിഭിശ്ചേകിതാനഃ

അന്വയം:–

വിശ്വസ്മൈ ഭുവനായ	— സവ്വസ്മൈലോകായ
ജ്യോതിഃ കൃണ്വൻ	— തേജഃ കുവ്വൻ
സവിതാ ദേവഃ ഊർധ്വം	
കേതും	— ഉന്മുഖം പ്രകാശകം ഭാനും
അശ്രേൽ	— ആശ്രയതി
വി ചേകിതാനഃ സൂര്യഃ	— സവ്വം വിശേഷേണപശ്യൻ സൂര്യഃ
രശ്മി–ഭിഃ ദ്യാവാപൃഥിവീ	
അന്തരിക്ഷം	— സ്വകീയൈഃ കിരണൈഃ ദ്യുലോകഭൂലോകാവന്തരിക്ഷം ച
ആ അപ്രാഃ	— സമന്താദാപൂരയൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം–ലോകത്തിന്നു് മുഴവൻ തേജസ്സല്പാദിപ്പിച്ചുകൊണ്ടു് ദേവനായ സവിതാവു്, മേലോട്ടയന്നു്, പ്രകാശിക്കുന്ന രശ്മിയെ പരത്തുന്നു. എല്ലാം കാണുന്നവനായി, സൂര്യൻ സ്വന്തം രശ്മികളാൽ ദ്യാവാപൃഥിവികളെയും അന്തരിക്ഷത്തെയും തികച്ചും നിറച്ചു.

3 ആവഹന്ത്യരുണീർജ്യോതിഷാഗാ

ന്മഹീചിത്രാരശ്മിഭിശ്ചേകിതാനാ

പ്രബോധയന്തീസുവിതായദേ

വ്യു്ഷാഈയതേസുയുജാരഥേന

അന്വയം:–

ആ–വഹന്തീ, അരുണീഃ — ധനാനിധാരയന്തീ, അരുണവർണ്ണാഃ (ദ്വിതീയാബഹുവചനംഛാന്ദസം)
ജ്യോതിഷാ മഹീ — തേജസാമഹതീ
രശ്മി–ഭിഃ ചിത്രാ — ദശ്നീയാ
ചേകിതാനാ ആ അഗാൽ — ജാനതീഉഷാഃ ആഗച്ഛൽ
(കിംച) പ്ര–ബോധയന്തീ — സുപ്താൻ പ്രബുദ്ധാൻ കുർവ്വതീ
ദേവീ ഉഷാഃ സു–യുജാ
രഥേന — ശോഭനയുക്തേനരഥേന
സുവിതായ ഈയതേ — സുഖപ്രാപ്തയേഗച്ഛതി

അത്ഥം–വിവിധ ധനങ്ങരം ആവഹിക്കുന്നവളും (ആനയിക്കുന്നവളും) ഇളം ചുകപ്പുനിറമുററവളും, തേജസ്സുകൊണ്ടു മഹതിയും രശ്മികളാൽ കാണപ്പെടേണ്ടവളും അറിവുററവളുമായ ഉഷസ്സു് അണഞ്ഞിരിക്കുന്നു, ഉറങ്ങുന്നവരെ ഉണത്തുന്ന ദേവിയായ ഉഷസ്സു്, നന്നായി പൂട്ടിയ തേരിൽ സുഖപ്രാപ്തിക്കായി വന്നുചേരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

4 ആവാംവഹിഷ്ഠാഇഹതേവഹന്തു

രഥാഅശ്വാസഉഷസോവ്യുഷ്ടൗ

ഇമേഹിവാംമധുപേയായസോമാ

അസ്മിൻയജ്ഞേവൃഷണാമാദയേഥാം

അന്വയം:-

(ഹേ അശ്വിനൌ,)

ഇഹ	— യജ്ഞേ
വഹിഷ്ഠാഃ തേ രഥാഃ	— വോഢൃതമാഃ പ്രസിദ്ധാരഥാഃ
അശ്വാസഃ വാം	— അശ്വാ യുവാം
ഉഷസഃ വി-ഉഷ്ടൗ	— വ്യുഷ്ടനകാലേ
ആ വഹന്തു	— സമന്താൽ നയന്തു
ഹി ഹേ വൃഷണാ,	— യസ്മാൽ വൃഷണൌ, കാമവഷ്കൌ
ഇമേ സോമാഃ വാം	— യുവാം
മധു-പേയായ	— മധോഃ സോമസ്യ പാനായ
അസ്മിൻ യജ്ഞേ	
മാദയേഥാം	— ഹർഷയേഥാം

അർത്ഥം-അല്ലയോ അശ്വികളേ, ഈ യജ്ഞത്തിൽ ഏററു കളള നിങ്ങളുടെ പ്രസിദ്ധങ്ങളായ തേരുകളും (അവയെ വഹിക്കുന്ന) കുതിരകളും നിങ്ങളെ ഉഷസ്സു തെളിയുമ്പോരം ആനയിക്കട്ടെ. കാരണം, ഈ സോമങ്ങരം, അല്ലയോ കാമവഷ്കരേ ഈ യജ്ഞത്തിൽ പാനത്തിന്നായിനിങ്ങളെ ഹർഷിപ്പിക്കുന്നു.

5 അനായതോഅനിബദ്ധഃകഥായം

ന്യങ്ങുത്താനോവപദ്യതേന

കയയാതിസ്വധയാകോദദർശ

ദിവസ്സംഭസ്സേമൂതഃപാതിനാകം വ. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

(ഇതു് കഴിഞ്ഞ സൂക്തത്തിൽ അഞ്ചാം ഋക്കിൽ വ്യാഖ്യാനി ച്ചിട്ടുണ്ട്.)

വർഗ്ഗം—15—16—ഗായത്രീഛന്ദഃ, സോമകസ്സാഹദേവ്യഃ അ ശ്വിനൌ ദേവതാ.

1 അഗ്നിർഹോതാനോഅധ്വരേവാജീസൻപരിണീയതേ

ദേവോദേവേഷുയജ്ഞിയഃ

അന്വയം:-

ദേവേഷു ദേവഃ	— ദ്യോതമാനേഷുമദ്ധ്യേ ദ്യോതമാനഃ
യജ്ഞിയഃ, ഹോതാ	— യജ്ഞാഹഃ, ദേവാനാമാ ഹ്വാതാ
അഗ്നിഃ നഃ അധ്വരേ	— അസ്മദീയേയാഗേ
വാജീ സൻ	— ശീഘ്രഗാമി, വോഢാശ്വ ഇവ ദേവേഭ്യോഹവിർവ്വാഹ കസ്സൻ
പരി നീയതേ	— പരിതഃ പ്രാപ്യതേ, സമന്താൽ പ്രാപ്യതേ

അർത്ഥം-മിന്നുന്നവരിൽവെച്ച് മിന്നുന്നവനും, യജ്ഞാഹ നും ദേവന്മാരെ വിളിക്കുന്നവനുമായ അഗ്നി, നമ്മുടെ യാഗ ത്തിൽ, ഓട്ടമിടുക്കും ചുമക്കുമിടുക്കുമുററ കതിരപോലെ, ദേവ ന്മാക്കുള്ള ഹവിസ്സേന്തുന്നവനായി എങ്ങും നയിക്കപ്പെടുന്നു.

2 പരിത്രിവിഷ്ട്യധ്വരം യാത്യഗ്നീരഥീരിവ

ആദേവേഷുപ്രയോദധൽ

അന്വയം:—

ദേവേഷു പ്രയഃ ആ ദധൽ	— യജമാനനെേട്ടത്തം ഹവിരന്നം ദ്യോതമാനേഷ്വിന്ദ്രാദിഷു സമന്താദ്ധാരയൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഗ്നിഃ ത്രി–വിഷ്ടി — ത്രിവാരം, സവനത്രയേഷു
രഥീഃ–ഇവ — രഥവാൻ പുരുഷോയഥാതഥാ
പരി അധ്വരം യാതി — പരിതോയജമാനൈഃ കൃതം യാഗംഗച്ഛതി

അർത്ഥം–യജമാനന്മാരാൽ നല്കപ്പെട്ട ഹവിരന്നം ഇന്ദ്രാദി ദേവന്മാരിൽ (അവൎക്കുവേണ്ടി) പൂൎണ്ണമായി ധരിക്കുന്ന അഗ്നി മൂന്നു തവണ, മൂന്നു സവനങ്ങളിൽ, തേരാളിപോലെ യജമാനന്മാരനുഷ്ഠിക്കുന്ന യാഗത്തിന്നെത്തുന്നു.

3 പരിവാജപതിഃ കവി രഗ്നിൎഹവ്യാന്ന്യക്രമീൽ
ദധദ്രത്നാനിദാശുഷേ

അന്വയം:–
വാജ–പതിഃ കവിഃ — വാജസ്യ, അന്നസ്യപാലകഃ, ക്രാന്തദശീ
ദാശുഷേ രത്നാനി ദധൽ — ഹവിൎദ്ദത്തവതേ യജമാനായ രമണീയാനിധനാനിധാരയൻ
അഗ്നിഃ ഹവ്യാനി പരി അക്രമീൽ — ഹവീംഷിപരിതഃ ക്രാമതി, വ്യാപ്നോതി

അർത്ഥം–അന്നത്തിന്നു നാഥനും എല്ലാററിന്നും അപ്പുറം കാണുന്നവനും ഹവിസ്സേകുന്ന യജമാനന്നായി ഉത്തമധനം ധരിക്കുന്നവനുമായ അഗ്നി ഹവിസ്സിന്നുചുററും ചെല്ലുന്നു, വ്യാപിക്കുന്നു.

4 അയംയസ്സൃഞ്ജയേപുരോദൈവവാതേസമിധ്യതേ
ദ്യുമാംഅമിത്രദംഭനഃ

അന്വയം:–
യഃ അയം — പ്രസിദ്ധഃ പ്രത്യക്ഷേണോപലഭ്യമാനോഗ്നിഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദൈവ–വാതേ സൃഞ്ജയേ — ദേവവാതസ്യപുത്രേ സൃഞ്ജയേ (സഃ കശ്ചിൽ സോമയാജീ, തദ്യാഗാത്ഥം)
പുരഃ — പൂവ്വസ്യാം ദിശി സ്ഥിതായാ മുത്തരവേദ്യാം
സം–ഇധ്യതേ — സമ്യക് ദീപ്യതേ
അമിത്ര–ദംഭനഃ — ശത്രൂണാം ഹിംസകസ്സോഗ്നിഃ
ദ്യു–മാൻ — ദീപ്തിമാൻ ഭവതി

അത്ഥം–പ്രസിദ്ധനായ. ഈ കാണപ്പെടുന്ന അഗ്നി, ദേവവാതൻെറ മകനായ സൃഞ്ജയനെന്ന സോമയാജിയിൽ, അദ്ദേഹത്തിൻെറ യാഗത്തിന്നായി കിഴക്കു ദിക്കിലുള്ള ഉത്തരവേദിയിൽ നന്നായിശ്ശോഭിക്കുന്നു. ശത്രുഹന്താവായ ആ അഗ്നി സുപ്രകാശനാകുന്നു.

5 അസ്യഘാവീരഈവതോഗ്നേരീശീതമർത്ത്യഃ
തിഗ്മജംഭസ്യമീള്ഹുഷഃ വ. 15

അന്വയം:–
വീരഃ മർത്ത്യഃ — സ്തുതൌ വിക്രാന്തഃ, മരണധമ്മാ യജമാനഃ
തിഗ്മ–ജംഭസ്യ — തീക്ഷ്ണതേജസഃ
മീള്ഹുഷഃ — അഭിലഷിത ഫലാനാം സേക്തുഃ
ഈവതഃ അസ്യ അഗ്നേഃ
ഈശീത ഘ — ഗമനവതോഗ്നേഃ ഈശ്വരോ ഭവേദ്ധി
(ഏതേന യജമാനഃ ആത്മാഭീഷ്ടഫലം കാരയിതും സമത്ഥോ ഭവതി)

അത്ഥം–സ്തുതിയിൽ അതിനിപുണനായ മരണധമ്മിയായ യജമാനൻ തീക്ഷ്ണപ്രകാശനും അഭിമതവർഷകനും ഗമനശീലനുമായ ഈ അഗ്നിയുടെ സ്വാമിയായി ഭവിക്കുക തന്നെ വേണം. (അതുകൊണ്ടേ സ്വാഭിലാഷം നിറവേററാൻ സമത്ഥനാകൂ. ഭക്തിപൂവ്വമായ ഉപാസനകൊണ്ടു് ഉപാസ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൂർത്തിയെ തനിയ്ക്കുവിധേയനാക്കാമെന്നും അപ്പോഴാണ് അഭിമതസാക്ഷാൽകാരമെന്നും സൂചന.)

6 തമർവ്വന്തംനസാനസിമരുഷന്നദിവശ്ശിശ്രും

മർമ്മൃജ്യന്തേദിവേദിവേ

അന്വയം:-

അർവ്വന്തം ന സാനസിം — ശീഘ്രഗാമിനമശ്വമിവ ഭജനീയം
ദിവഃ ശിശ്രും ന അരുഷം — ദ്യുലോകസ്യ പുത്രഭൂതമിവ ആരോചമാനം
തം (അഗ്നിം)
ദിവേ-ദിവേ — പ്രതിദിനം
മർമ്മൃജ്യന്തേ — ഭൃശം പരിചരണം കുർവ്വന്തി (യജമാനാഃ)

അർത്ഥം - ഓട്ടക്കാരനായ കുതിരപോലെ ഭജനീയനും ദ്യോവിൻെറ പുത്രനെന്നപോലെ ശോഭമാനനുമായ ആ അഗ്നിയെ ദിവസം തോറും യജമാനന്മാർ നന്നായി പരിചരിക്കുന്നു.

7 ബോധദ്യന്മാഹരിഭ്യാംകുമാരസ്സാഹദേവ്യഃ

അച്ഛാനഹൂതഉദരം

അന്വയം:-

സാഹ-ദേവ്യഃ — സഹദേവനാമ്നോരാജ്ഞഃ പുത്രഃ
കുമാരഃ — സോമകാഭിധോരാജാ
ഹരി-ഭ്യാം മാ — അശ്വൌ ദാതും മാം
യൽ ബോധൽ — യദാ ബോധയാമാസ, ''ഇമൌ തവാശ്വൌ'' ഇതി
(തദാഹം) അച്ഛ ഹൂതഃ — ആഭിമുഖ്യേന കുമാരേണ ഹൂതസ്സൻ
ന ഉൽ അരം — താവശ്വാവലബ്ധ്വാ ന നിർഗ്ഗതവാനസ്മി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം—സഹദേവൻ എന്ന പേരായ രാജാവിന്റെ മകൻ സോമകനെന്ന രാജാവ് രണ്ടു കുതിരകളെ ദാനം ചെയ്‌വാനായി, "ഈ രണ്ടു കുതിരകൾ അങ്ങേയ്ക്കുള്ളതാണ്" എന്ന് എന്നെ അറിയിച്ചപ്പോൾ നേരെ രാജപുത്രനാൽ ക്ഷണിക്കപ്പെട്ട ഞാൻ ആ കുതിരകളെ കിട്ടാതെ പോന്നില്ല.

8 ഉതത്യാ൱യജതാഹരീകുമാരാൽസാഹദേവ്യാൽ
പ്രയതാസദ്യആദദേ

അന്വയം:—

ഉത സാഹ—ദേവ്യാൽ

കുമാരാൽ — സഹദേവസ്യ പുത്രാൽ സോമകാൽ

യജതാ പ്ര—യതാ ത്യാ

ഹരീ — പൂജനീയൌ ശിക്ഷിതൌ താവശ്വൌ

സദ്യഃ ആ ദദേ — ആദത്തവാനസ്മി

(ഋഷിഃ അശ്വപ്രാപ്ത്യാകുമാരമഭ്യുപഗമ്യഏതസ്മാദശ്വൌലബ്ധ്വാ പ്രീതോഭവൽ)

അർത്ഥം—സഹദേവന്റെ മകനായ സോമകനിൽ നിന്ന് പൂജാർഹങ്ങളും പാടുപഠിപ്പിക്കപ്പെട്ടവയുമായ ആ കുതിരകളെ ഞാൻ സ്വീകരിച്ചു. (ഋഷി അശ്വലാഭേച്ഛയാൽ രാജകുമാരനെ സമീപിച്ചാണ് കുതിരകളെ നേടിയതെന്ന് സായണൻ എടുത്തുപറയുന്നു. എങ്കിലും അദ്ദേഹം പ്രീതനായി, അനുഗ്രഹിക്കുന്നു.)

9 ഏഷവാം ദേവാവശ്വിനാകുമാരസ്സാഹദേവ്യഃ
ദീർഘായുരസ്തുസോമകഃ

അന്വയം:—

ഹേ ദേവൌ, അശ്വിനാ — ദ്യോതമാനാവശ്വിനൌ

വാം സാഹ—ദേവ്യഃ — യുവാം തർപ്പകഃ സഹദേവസ്യ പുത്രഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

ഏഷഃ കുമാരഃ സോമകഃ —
ദീഘ–ആയുഃ അസ്തു — ശതായുഷ്ഷോ ഭവതു

അർത്ഥം–അല്ലയോ പ്രകാശമാനരായ അശ്വികളേ, നിങ്ങളെ തപ്പിക്കുന്ന സഹദേവപുത്രൻ, ഈ കുമാരനായ സോമകൻ, ദീഘായുസ്സായി ഭവിയ്ക്കട്ടെ.

10 തംയുവംദേവാവശ്വിനാകുമാരംസാഹദേവ്യം
ദീഘായുഷംകൃണോതന — വ. 16

അന്വയം:–
ഹേ ദേവൌ അശ്വിനാ — ദ്യോതമാനാവശ്വിനൌ
യുവം തം സാഹ–ദേവ്യം — യുവാം സഹദേവസ്യ പുത്രം
കുമാരം ദീഘ–ആയുഷം
കൃണോതന — ശതായുഷ്ഷം കുരുത

അർത്ഥം–അല്ലയോ ഭാസമാനന്മാരായ അശ്വികളേ, നിങ്ങൾ ആ സഹദേവപുത്രനായ കുമാരനെ ശതായുസ്സാക്കിയാലും.

വർഗ്ഗം–17–18–19–20 ത്രിഷ്ടുപ്ഛന്ദഃ ഇന്ദ്രോദേവതാ

1 ആസത്യോയാതുമഘവാംഋജീഷീ
ദ്രവന്ത്വസ്യഹരയഉപനഃ
തസ്മാഇദന്ധസ്സുഷുമാസുദക്ഷ
മിഹാഭിപിത്വംകരതേഗൃണാനഃ

അന്വയം:–
ഋജീഷീ — ഋജീഷശബ്ദേന വിഗതസാര
സ്സോമഃ അഭിധീയതേ, തദ്വാൻ
സത്യഃ, മഘ–വാൻ — സത്യവാൻ, ധനവാനിന്ദ്രഃ
നഃ ഉപ ആ യാതു — അസ്മാകം സമീപേ ആഗച്ഛതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(കിംച) അസ്യ ഹരയഃ
ദ്രവന്തു — ഇന്ദ്രസ്യാശ്വാഃ അസ്മാകം
സമീപേ ആഗച്ഛന്തു
(വയം യജമാനാഃ) ഇഹ — അസ്മിൻ യജ്ഞേ
തസ്മൈ സു-ദക്ഷം — ശോഭനഫലം, സാരോപേതം
ഇൽ അന്ധഃ സുസുമ — പ്രത്യക്ഷേണോപലക്ഷ്യമാണം
അന്നരൂപം സോമം അഭിഷുതം
കുര്യാമ
ഗൃണാനഃ — അസ്മാഭിസ്തൂയമാന ഇന്ദ്രഃ
അഭി-പിത്വം കരതേ — അസ്മദഭിമതപ്രാപ്തിം കരോതു

അർത്ഥം – സോമച്ചണ്ടിയോടുകൂടിയവനും സത്യവാനും ധനവാനുമായ ഇന്ദ്രൻ നമുക്ക് സമീപത്തിൽ വന്നെത്തട്ടെ. അവിടുത്തെ കുതിരകളും നമുക്കു സമീപത്തിൽ വന്നെത്തട്ടെ. യജമാനന്മാരായ നമ്മും ഈ യജ്ഞത്തിൽ അവിടേയ്ക്കായി ശോഭനഫലവും സാരഭൂതവുമായ, ഈ അന്നരൂപമായ സോമം സംസ്കരിക്കുന്നു. നമ്മളാൽ സ്തുതിക്കപ്പെടുന്ന ഇന്ദ്രൻ നമുക്ക് അഭിമതപ്രാപ്തിയുണ്ടാക്കട്ടെ (ഋജീഷമെന്നാൽ സോമച്ചണ്ടി യെന്നപോലെ രണ്ടാം സവനം കഴിഞ്ഞു് മൂന്നാം സവനത്തി ലേക്ക് ബാക്കിയാവുന്ന സോമമെന്നും അർത്ഥമുണ്ട്. ഇന്ദ്രന്റെ സോമപ്രിയത്വംകൊണ്ടു് സോമച്ചണ്ടിയിലും ഇഷ്ടമുണ്ടെന്നു് വന്നാൽ തെററില്ല.)

2 അവസ്യശൂരാധ്വനോനാന്തേ
സ്മിന്നോഅദ്യസവനേമന്ദധ്യൈ
ശംസാത്യുക്ഥമുശനേവവേധാ
ശ്ചികിതുഷേഅസുര്യായമന്മ

അന്വയം:–
ഹേ ശൂര, — ശത്രൂണാം അഭിഭവനസമർത്ഥേന്ദ്ര
അദ്യ അസ്മിൻ സവനേ — ഇദാനീം മാധ്യന്ദിനാഖ്യേ
സവനേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

മന്ദയധ്യൈ	— ത്വാം മാദയിതും
അധ്വനഃ അന്തേ ന	— ഗന്തവ്യസ്യമാർഗ്ഗസ്യാവസാനേ അശ്വാൻ മനുഷ്യാ യഥാമുഞ്ചന്തി തദ്വൽ
നഃ അവ സ്യ	— അസ്മാൻ വിമുഞ്ച
ഉശനാ-ഇവ വേധാഃ	— കാവ്യ ഇവ ശംസിതാ യജമാനഃ
(ഹേ ഇന്ദ്ര) ചികിത്വഷേ	— സർവ്വം ജാനതേ
അസുര്യായ	— അസുരാണാം ഹിംസകായതുഭ്യം
മന്മ ഉക്ഥം ശംസാതി	— മനനീയം സ്തോത്രംശംസനം കരോതി

അർത്ഥം:—അല്ലയോ ശത്രുഹന്താവായ ഇന്ദ്ര, ഇപ്പോഠം മാദ്ധ്യന്ദിനമെന്ന സവനത്തിൽ അവിടുത്തെ ഹർഷിപ്പിക്കാനായി, എത്തേണ്ടിടത്തെത്തിയാൽ മനുഷ്യർ കുതിരകളെ വിടുന്നപോലെ, ഞങ്ങളെ വിട്ടാലും. ഉശനസ്സെന്നപോലെ (ശുക്രനെന്നപോലെ) സ്തുതിചൊല്ലുന്ന യജമാനൻ, അല്ലയോ ഇന്ദ്ര, എല്ലാമറിയുന്നവനും അസുരഹന്താവുമായ അവിടേയ്ക്കു് മനോഹരമായ ശസ്ത്രം ചൊല്ലുന്നു. (അങ്ങിനെ ശസ്ത്രം ചൊല്ലി ഹർഷിപ്പിക്കുവാൻ മററു കർമ്മങ്ങളിൽ നിന്നു് ഞങ്ങളെ വിടണമെന്നാണു് ആദ്യമർത്ഥിച്ചതു്.)

3 കവിർന്നനിണ്യംവിദഥാനിസാധ
ന്വൃഷായൽസേകംവിപിപാനോ അർച്ചാൽ
ദിവഇത്ഥാജീജനൽസപ്തകാരൂ
നഹ്നാചിച്ചക്രുർവ്വയുനാഗൃണന്തഃ

അന്വയം:—

കവിഃ നിണ്യം ന	— മേധാവീ അന്തർഹിതം, ഗുഢാത്ഥമിവ
വിദഥാനി സാധൻ	— വേദനീയാനികാമ്യജാതാനി (കർമ്മജാതാനി) സാധയൻ
വൃഷാ	— കാമാനാം വർഷിതേന്ദ്രഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യൽ സേകം
വി-പിപാനഃ — യദാസേചനീയം സോമം അത്യത്ഥം പിബൻ
അച്ഛാൽ — വിശേഷേണാച്ഛതി, സോമ പാനേശ്രദ്ധാം കരോതി
(തദാനീം) ദിവഃ ഇത്ഥാ
സപ്ത കാരൂൻ — ദ്യുലോകാൽ സത്യമേവ സപ്ത സംഖ്യാകാൻ രശ്മീൻ
ജീജനൽ — അജീജനൽ, ജനയതി
ഗൃണന്തഃ വയുനാ — സ്തൂയമാനരശ്മയഃ വയുനാനി, മനുഷ്യാണാം ജ്ഞാനാനി
അഹ്നാ ചിൽ ചക്രുഃ — ദിവസേനാപി കൃതവന്തഃ

അത്ഥം—മേധാവിയും ഒളിഞ്ഞുകിടക്കുന്നഅത്ഥമെന്നപോലെ അറിയേണ്ടും കാര്യങ്ങളെ (കമ്മങ്ങളെ) നേടുന്നവനും കാമവഷിതാവുമായ ഇന്ദ്രൻ എപ്പോഠം തനിക്കു ഒഴിച്ചുതരേണ്ടും സോമം ധാരാളം കുടിക്കുന്നവനായി അതിനെ ആരാധിക്കുന്നുവോ, (സോമപാനത്തിൽ ശ്രദ്ധിക്കുന്നുവോ) അപ്പോഠം ദ്യുലോകത്തിൽ നിന്നു് സത്യമായും ഏഴു രശ്മികളെ ജനിപ്പിക്കുന്നു. (അപ്പോഠം ഇന്ദ്രൻ സൂര്യാത്മാവായി മാറുന്നു.) സ്തുതിയ്ക്കപ്പെടുന്ന ആ രശ്മികളാണു് മനുഷ്യക്കു് അറിവുകഠം ദിവസേന ഉണ്ടാക്കുന്നതു്.

4 സ്വ1്യദ്വേദിസുദൃശീകമക്കൈ-
ർമ്മഹിജ്യോതീരുരുചുര്യദ്ധവസ്തോഃ
അന്ധാതമാംസിദുധിതാവിചക്ഷേ
നൃഭ്യശ്ചകാരനൃതമോ അഭിഷ്ടൗ

അന്വയം:—
യൽ ഹ മഹി ജ്യോതിഃ — യദാ ഖലു പ്രഭൂതം തേജോരൂപം
യൽ സ്വഃ അക്കൈഃ — യഃ ദ്യുലോകഃ രശ്മിഭിഃ
സു-ദൃശീകം വേദി — സുഷ്ഠുദശ്നീയം അവേദി, ജ്ഞായതേ

*39

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(തദാനീം ദേവാസ്തസ്മിൻ സ്വർഗ്ഗേ) വസ്തോഃ രുരുച്യുഃ — നിവാസാത്ഥം ദീപ്തിയുക്താ ബഭൂവുഃ

നൃ–തമഃ — നേതൃതമസ്സൂര്യഃ

അഭിഷ്ടൌ നൃ–ഭ്യഃ

വി–ചക്ഷേ — അഭ്യാഗമേ നൃണാം വിശേഷേണ ദശ്നായ

അന്ധാ തമാംസി — അന്ധകാരരൂപാണി നിബി ഡാനി തമാംസി

ഋധിതാ ചകാര — ഋധിതാനി, നാശിതാനി കൃതവാൻ

അത്ഥം–എപ്പോഴം മികച്ച തേജോരൂപമായ ദ്യുലോകം രശ്മികളാൽ നന്നായി ദശ്നീയമായി അറിയപ്പെടുന്നുവോ, അപ്പോഴാണ് ദേവന്മാർ ആ സ്വർഗ്ഗത്തിൽ നിവസിക്കാനായി പ്രകാശവാന്മാരായി അറിയപ്പെടുന്നത്. ഏററവും നേതാവായ സൂര്യൻ അപ്പോഴം തൻെറ വരവിൽ മനുഷ്യക്ക് നന്നായി കാണാനായി, തിങ്ങി നിന്ന ഇരുട്ടുകളെ നശിപ്പിച്ചു.

5 വവക്ഷഇന്ദ്രോഅമിതമൃജീ
ഷ്യ്ുഭേആപപ്രൌരോദസീമഹിത്വാ
അതശ്ചിദസ്യമഹിമാവിരേ
ച്യഭിയോവിശ്വാഭുവനാബഭൂവ് വ. 17

അന്വയം:–

ഋജീഷീ — ഗതസാര (നിഷ്പിഷ്ട) സോമയുക്തഃ

ഇന്ദ്രഃ അമിതം വവക്ഷേ — ഇയത്താരഹിതം മഹിമാന മുവാഹ

(കിംച) മഹി–ത്വാ — മഹത്വേന, സ്വേനമഹിമ്നാ

ഉഭേ രോദസീ ആ പപ്രൌ — ദ്യാവാപൃഥിവ്യൌ സമന്താദപൂരയൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യഃ വിശ്വാ ഭുവനാ
അഭി ബഭൂവ — സർവ്വാണി ഭുവനാനി
തിരശ്ചകാര
അതഃ ചിൽ — ഏഭ്യോവിശേഷേഭ്യോ ഭുവനേഭ്യഃ
അസ്യ മഹിമാ വി രേചി— ഇന്ദ്രസ്യമഹത്വം അതിരിരിചേ,
അധികോബഭൂവ

അർത്ഥം—സോമപ്പണ്ടിയോടുകൂടിയ ഇന്ദ്രൻ ഇത്രയെന്നു തിട്ടപ്പെടാത്ത മഹിമയെ വഹിച്ചു. സ്വന്തം മഹത്വംകൊണ്ടു് ദ്യാവാപൃഥിവികൾ രണ്ടിനെയും നിറഞ്ഞു വഴിഞ്ഞു. ഏതൊരിന്ദ്രൻ എല്ലാ ഭുവനങ്ങളെയും തള്ളിക്കടന്നു നിന്നുവോ, അതിനാൽ ആ ഭുവനങ്ങളെയുംകാൾ ഇന്ദ്രൻെറ മഹത്വം അധികമായി ഭവിച്ചു.

6 വിശ്വാനിശക്രോനര്യാണിവിദ്വാ

നപോരിരേചസഖിഭിർന്നികാമൈഃ

അശ്മാനഞ്ചിദ്യേബിഭിദുർവ്വചോഭി

ർവ്രജംഗോമന്തമുശിജോവിവവ്രുഃ

അന്വയം:—

വിശ്വാനി നര്യാണി — സമസ്താനി മനുഷ്യാണാം
ഹിതാനി, വൃഷ്ട്യാദീനി
കാര്യാണി
വിദ്വാൻ ശക്രഃ — ജാനൻ സമർത്ഥ ഇന്ദ്രഃ
നി—കാമൈഃ സഖി—ഭിഃ — കാമയമാനേഭ്യഃ മിത്രഭൂതേഭ്യോ
മരുദ്ഭ്യഃ (ചതുർത്ഥ്യർത്ഥേതൃതീയാ)
അപഃ രിരേച — വൃഷ്ടിലക്ഷണാന്യുദകാ
നിരിക്തീചകാര സസ്യാദിഫല
സമൃദ്ധ്യർത്ഥം മേഘസ്ഥാന്യുദകാ
നിമരുദ്ഭ്യോദത്തവാൻ
യേ വചഃ—ഭിഃ — വാഗ്രൂപൈർദ്ധ്വനിഭിഃ
അശ്മാനം ചിൽ ബിഭിദുഃ — പർവ്വതമപി അഭൈത്സുഃ
ഉശിജഃ — കാമയമാനാസ്തേ മരുതഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗോ–മന്തം വ്രജം — ഗോഭിരുപേതം അങ്ഗിരസാം സംബന്ധി ഗോസ്ഥാനം
വി വവ്രുഃ — ആച്ഛാദയാമാസുഃ

അർത്ഥം–മനുഷ്യഹിതങ്ങളായ മഴ മുതലായ എല്ലാ കാര്യങ്ങളുമറിയുന്ന, സമർത്ഥനായ ഇന്ദ്രൻ, ഇഷ്ടപ്പെടത്തക്ക ചങ്ങാതികളായ മരുത്തുക്കൾക്കുവേണ്ടി, മഴവെള്ളത്തെക്കൊടുത്തു. സസ്യാദി ഫലസമൃദ്ധിയ്ക്കുവേണ്ടി മേഘത്തിലിരുന്ന വെള്ളങ്ങളെ കൊടുത്തു. ഏവർ വാഗ്രൂപങ്ങളായ ശബ്ദങ്ങളാൽ പർവ്വതത്തെക്കൂടി പിളർന്നുവോ, (ഉപാസകരെ) ഇഷ്ടപ്പെടുന്ന ആ മരുത്തുക്കളും, അംഗിരസ്സുകളുടെ തൊഴുത്ത് മറച്ചു, പൈക്കളെ കൊണ്ടുമൂടി.

7 അപോവൃത്രംവവ്രിവാംസംപരാഹൻ
പ്രാവത്തേവജ്രംപൃഥിവീസചേതാഃ
പ്രാർണ്ണാംസിസമുദ്രിയാണ്യൈനോഃ
പതിർഭവഞ്ഛവസാശൂരധൃഷ്ണോ

അന്വയം:–
(ഹേ ഇന്ദ്ര,) പ്ര ആവൽ — രാക്ഷസാദിഭ്യഃ പ്രകർഷേണ ലോകാൻ പാലയിത്വ
തേ വജ്രം അപഃ — വൃഷ്ടിലക്ഷണാന്യുദകാനി
വവ്രി–വാംസം വൃത്രം — ആവരകം മേഘം
പരാ അഹൻ — പ്രകർഷേണ പ്രേരയതിസ്മ
പൃഥിവീ സ–ചേതാഃ — ചേതനവതീ ത്വയാസങ്ഗതാ ബഭൂവ
ഹേ ധൃഷ്ണോ, ശൂര, — ധർഷണശീല, വിക്രാന്ത, ഇന്ദ്ര, ത്വം
ശവസാ പതിഃ ഭവൻ — ബലേന ലോകാനാം പാലകസ്സൻ
സമുദ്രിയാണി — സമുദ്രസംബന്ധീനി
അർണ്ണാംസി — നഭസി സ്ഥിതാന്യുദകാനി
പ്ര ഐനോഃ — പ്രേരകഃ അഭൂവഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം—അല്ലയോ ഇന്ദ്ര, രാക്ഷസാദികളിൽ നിന്നു ലോകങ്ങളെ രക്ഷിക്കുന്ന അവിടുത്തെ വജ്രായുധം മഴവെള്ളത്തെ തടഞ്ഞുനിർത്തിയ മേഘത്തെ, വേണ്ടപോലെ തുരത്തിവിട്ടു. ഭൂമി, ചൈതന്യവതിയായി അവിടുത്തോടു ചേർന്നു. അല്ലയോ കുശലറ്റ വീര, ഇന്ദ്ര, അവിടുന്നു് ബലംകൊണ്ടു് ലോകങ്ങളുടെ രക്ഷകനായി, സമുദ്രസംബന്ധിയായി (സമുദ്രത്തിൽ നിന്നു് ആദിത്യൻ രശ്മികളാൽ വലിച്ചെടുത്തു് മേഘരൂപം പൂണ്ട) ആകാശത്തിലുള്ള ജലങ്ങളെ വിട്ടയയ്ക്കുന്നവനായി. (സമുദ്രമെന്നതിന്നു് അന്തരിക്ഷമെന്നും അർത്ഥം പറയാം).

8 അപോയദദ്രിംപുരുഹൂതദർദ്ദ
രാവിർഭുവൽസരമാപൂർവ്വ്യംതേ
സനോനേതാവാജമാദർഷിഭൂരിം
ഗോത്രാരുജന്നങ്ഗിരോഭിർഗൃണാനഃ

അന്വയം:—

ഹേ പുരു—ഹൂത, — ബഹുഭിരാഹൂതേന്ദ്ര,
യൽ അപഃ (പ്രതി) — യദാ വൃഷ്ടിലക്ഷണാന്യുദകാനി ലക്ഷീകൃത്യ
അദ്രിം ദർദ്ദഃ — മേഘം വിദാരിതവാനസി
(തദാ) സരമാ പൂർവ്യം തേ — ദേവശുനീ പുരാതുഭ്യം (പണിഭിരപഹൃതം ഗോധനം)
ആവിഃ ഭുവൽ — പ്രകാശയാമാസ
അങ്ഗിരോഭിഃ ഗൃണാനഃ — ഋഷിഭിസ്തൂയമാനസ്സൻ
ഗോത്രാരുജൻ — ഗോത്രാണി, അഭ്രാണി വിദാരയൻ
നഃ ഭൂരിം വാജം നേതാ — പ്രഭൂതമന്നം പ്രാപയിതാ
സഃ (ത്വം) ആ ദർഷി — ആദരം കൃതവാനസി

അർത്ഥം—എത്രയോ പേരാൽ വിളിയ്ക്കപ്പെടുന്ന ഇന്ദ്ര, എപ്പോഴും മഴവെള്ളത്തെ ഉദ്ദേശിച്ച് അവിടുന്നു് മേഘത്തെ പിളർന്നുവോ, അപ്പോഴാണു് പണ്ടു് ദേവശുനിയായ സരമ (ദേവന്മാരുടെ പെൺനായ) അവിടേയ്ക്കുവേണ്ടി പണികളാൽ അപഹ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രിക്കപ്പെട്ട പശുക്കൂട്ടത്തെ പുറത്തു കൊണ്ടുവന്നതു്. അങ്ഗി രസ്സുകളാൽ സ്തുതിക്കപ്പെടുന്ന അവിടുന്നു്, മേഘങ്ങളെ പിളക്കു ന്നവനായി, ഞങ്ങൾക്കു് ധാരാളമന്നം എത്തിക്കുന്നവനായി ആദരിച്ചുവല്ലൊ.

9 അച്ഛാകവിന്നൃമണോഗാഅഭിഷ്ടൌ
സ്വഷാതാമഘവന്നാധമാനം
ഊതിഭിസ്തമിഷണോദ്യുമ്നഹൂതൌ
നിമായാവാനബ്രഹ്മാദസ്യുരത്ത

അന്വയം:-

ഹേ മഘ-വൻ, — ധനവൻ, ഇന്ദ്ര,
നൃ-മനഃ — നൃഭിഃ, മനുഷ്യൈർമ്മന്യമാനസ്ത്വം
കവിം അച്ഛ ഗാഃ — മേധാവിനം കുത്സം അഭ്യഗാഃ
(കിംച) സ്വഃ-സാതാ — സ്വർദ്ധനം, തസ്യ സാതൌ, ദാനേനിമിത്തേ
അഭിഷ്ടൌ — കവേരഭിഗമനേ സതി
നാധമാനം തം — യുദ്ധാർത്ഥം ത്വാം യാചമാനം കുത്സം
ഊതി-ഭിഃ — ശത്രുകൃതോപദ്രവ പരിഹാര രൂപൈഃ രക്ഷണൈഃ
ഇഷണഃ — പ്രേരിതവാനസി
മായാ-വാൻ അബ്രഹ്മാ — വേദോക്ത കർമ്മസ്വാമ്സികൃ രഹിതഃ
ദസ്യുഃ ദ്യുമ്ന-ഹൂതൌ — ദ്യുമ്നം ധനം, ഹൂതിഃ ആഹ്വാനം, യസ്യാം, യുധി
നഃ അത്ത — വിനഷ്ടോബഭൂവ
(ഇന്ദ്രഃ കുത്സേനാഹൂതസ്സൻ തസ്യ ശത്രും ഹതവാൻ)

അർത്ഥം-അല്ലയോ ധനവാനായ ഇന്ദ്ര, മനുഷ്യരാൽ എ പ്പോഴും ഓക്കപ്പെടുന്ന അവിടുന്നു് മേധാവിയായ കുത്സനെ പ്രാ പിച്ചു. സ്വർഗ്ഗസമ്പത്തു് അദ്ദേഹത്തിന്നു് കൊടുക്കാനായി ചെന്നപ്പോഴും യുദ്ധത്തിന്നായി അവിടുത്തോടു യാചിച്ചു കുത്സ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നെ ശത്രുദ്രോഹപരിഹാരരൂപങ്ങളായ രക്ഷണങ്ങളോടുകൂടി യുദ്ധത്തിന്നയച്ചു. കപടശീലനും വൈദിക കമ്മങ്ങളിൽ വിശ്വാസമില്ലാത്തവനുമായ ദസ്യു കുത്സൻെറ ശത്രു, യുദ്ധത്തിൽ കൊല്ലപ്പെട്ടു. (കുത്സനാൽ വിളിക്കപ്പെട്ട ഇന്ദ്രൻ അദ്ദേഹത്തിൻെറ ശത്രുവിനെ കൊന്നു,)

10 ആദസ്യുഘ്നാമനസായാഹ്യസ്തം

ഭുവത്തേകുത്സസ്സഖ്യേനികാമഃ

സ്വേയോനൌനിഷദതംസരൂപാ

വിവാംചികിത്സദൃതചിദ്ധനാരീ വ 18

അന്വയം:—

(ഹേ ഇന്ദ്ര,) ദസ്യു—ഘ്നാ

മനസാ	— ദസ്യൂനാം, ശത്രൂണാം ഹന്ത്രാ മനസായുക്തസ്ത്വം
അസ്തം ആ യാഹി	— കുത്സസ്യഗൃഹമാഗാഃ
കുത്സഃ തേ സഖ്യേ	
നി—കാമഃ ഭുവൽ	— നിതരാം കാമയമാനഃ അഭവൽ
(തതസ്ത്വൌയുവാം) സ്വേ	
യോനൌ	— സ്വകീയേസ്ഥാനേ
നി സദതം	— ന്യസീദതം, ഉപവിഷ്ടാവഭൂതം
ഋത—ചിൽ നാരീ	— സത്യദശ്നീ, ഇന്ദ്രസ്യ ഭാര്യാ ശചീ
സ—രൂപാ വാം	— സമാനരൂപൌയുവാം
വി ചികിത്സൽ ഹ	— സംശയംചകാര ഏവ

അത്ഥം—(ഇവിടെ ഒരു കഥാസൂചനയുണ്ടു്: രുരു എന്ന രാജഷിയുടെ മകനായ കുത്സനെന്ന രാജഷി ശത്രുക്കളോടു പൊരുതാനിച്ഛിച്ചു്, യുദ്ധത്തിൽ സ്വയം തളന്നു്, ശത്രുജയത്തിന്നു് ഇന്ദ്രനെ വിളിച്ചു. ഇന്ദ്രൻ കുത്സൻെറ ഗൃഹത്തിൽപോയി, അദ്ദേഹത്തിൻെറ ശത്രുക്കളെ കൊന്നു. അതിനെത്തുടന്നു അവർ തമ്മിൽ നല്ല ചങ്ങാതമായി. ഒരിക്കൽ ഇന്ദ്രൻ കുത്സനെ സ്വഗൃഹത്തിലേയ്ക്കു് കൂട്ടിക്കൊണ്ടുപോയി. അവിടെ ഇന്ദ്രപത്നി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യായ ശചി അവർ രണ്ടുപേരെയും തുല്യരൂപരായിക്കണ്ടു് ആരവരിലിന്ദ്രനെന്നു് സംശയിച്ചു)

അല്ലയോ ഇന്ദ്ര, ശത്രുഹനനത്തിങ്കൽ മനസ്സൊത്ത അവിടുന്നു് കുത്സന്റെ ഗൃഹം പൂകിയല്ലോ. കുത്സൻ അവിടുത്തെ ചങ്ങാതത്തിൽ അത്യന്തം ഇച്ഛാലുവായി. പിന്നെ നിങ്ങൾ രണ്ടുപേരും അവിടുത്തെ സ്വന്തം സ്ഥാനത്തിൽ (അടുത്തടുത്തു്) ഇരുന്നു. സത്യദർശനിയായ അവിടുത്തെ പത്നി, ശചി തുല്യരൂപരായ നിങ്ങളെക്കണ്ടു് (ആരാരെന്നു്) സംശയിക്കുകതന്നെ ചെയ്തു. (സഖ്യാത്മകമായ ഭക്തി സാരൂപ്യസിദ്ധികരമെന്നു് ഇവിടെ സൂചിപ്പിക്കുന്നു.)

11 യാസികുത്സേനസരഥമവസ്യു

സ്തോദോവാതസ്യഹര്യോരീശാനഃ

ഋജ്രാവാജംനഗധ്യംയുയൂഷൻ

കവിര്യദഹൻപാര്യായഭൂഷാൽ

അന്വയം:—

(ഹേ ഇന്ദ്ര) അവസ്യുഃ	— കുത്സസ്യസംരക്ഷണമിച്ഛൻ
തോദഃ	— തോദകഃ, ശത്രൂണാം ഹിംസകഃ
വാതസ്യ ഹര്യോഃ ഈശാനഃ	— വായുവേഗവതോഃ അശ്വയോരീശ്വരസ്സൻ
കുത്സേന സ-രഥം യാസി	— സമാനരഥം ഗച്ഛസി
ഗധ്യം വാജം ന	— ഗ്രാഹ്യമന്നമിവ
ഋജ്രാ യുയൂഷൻ	— ഋജുഗാമിനാവശ്വൌ സ്വരഥേ യോജയൻ
കവിഃ യൽ അഹൻ	— പ്രാജ്ഞഃ കുത്സഃ യസ്മിന്നഹനി ദിവസേ
പാര്യായ ഭൂഷാൽ	— പാരണായ, ആപന്നിസ്താരണായ പ്രഭവതേ, തസ്മിന്നേവ ദിനേകുത്സേനസരഥംയാസി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം—അല്ലയോ ഇന്ദ്ര, കുത്സനെ രക്ഷിക്കാനിച്ഛിച്ച്, ശത്രുക്കളെ അമത്തുന്നവനും വായുവേഗമുററ കുതിരകഠംക്ക് സ്വാമിയുമായ അവിടുന്ന് ഒരേ തേരിൽ കുത്സനോടുകൂടി പോവുക എന്നായി. ദേഹത്തോട് അന്നം (ചേരുന്ന) പോലെ, ശീഘ്രഗാമികളായ കുതിരകളെ തേരിൽ പൂട്ടി. പ്രാജ്ഞനായ കുത്സൻ ആപന്നിവാരണത്തിന്ന് പ്രാപ്തനായ ദിവസം തന്നെ, കുത്സനോടുകൂടി ഒരേ തേരിൽ അവിടുന്ന് പോവുകയായി.

12 കുത്സായശുഷ്ണമശുഷന്നിബർഹീഃ

പ്രപിത്വേഅഹ്നഃകുയവംസഹസ്രാ

സദ്യോദസ്യൂൻപ്രമൃണകുത്സ്യേന

പ്രസൂരശ്ചക്രംവൃഹതാദഭീകേ

അന്വയം:—

(''ശുഷ്ണംപിപ്രും'' 1–7–18 ഇത്യസ്യാമൃചിപ്രതിപാദിതോത്ഥഃ അനേന ഋക്ദ്വയേനസ്പഷ്ടീക്രിയതേ)

(ഹേ ഇന്ദ്ര, ത്വം)

കുത്സായ — കുത്സാത്ഥം

അശുഷം ശുഷ്ണം നിബർഹീഃ — ശുഷം സുഖം, തദ്രഹിതം ശുഷ്ണനാമകമസുരം അവധീഃ

(തഥാ) അഹ്നഃ

പ്ര-പിത്വേ — പ്രക്രമേ, പൂർവ്വാഹ്നേ

കുയവം — തന്നാമകമസുരം ഹതവാനസി

(തഥാസത്വം) സഹസ്രാ — സഹസ്രേണ, ബഹുഭിഃ പരിജനൈസ്സഹ

സദ്യഃ — യസ്മിൻകാലേ കുയവമവധീഃ തസ്മിൻ കാലേ ഏവ

കുത്സ്യേന — കുത്സം വജ്രം, കുത്സ്യമേതൽ

ദസ്യൂൻ പ്ര മൃണ — ജഘ്നി, ഹതവാനസി. (ഭൃതാത്ഥലേട്ട്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(തഥാ) സൂരഃ ചക്രം — പ്രേരകസ്യ സൂര്യസ്യായുധം
അഭീകേ പ്ര വൃഹതാൽ — പ്രകർഷേണ ഛിന്നവാനസി

അർത്ഥം-(''ശുഷ്ണം പിപ്രും'' 1-7-18 എന്ന ഋക്കിൽ പ്പറഞ്ഞ സംഗതി ഇതുമുതൽ രണ്ടു ഋക്കുകളിൽ സ്പഷ്ടീകരിക്കു ന്നു.) അല്ലയോ ഇന്ദ്ര, അവിടുന്നു് കുത്സന്നു് വേണ്ടി സുഖര ഹിതനായ (മററുള്ളവരുടെ സമൃദ്ധി കണ്ടു് മനസ്സുഖമില്ലാത്ത) ശുഷ്ണനെന്ന അസുരനെക്കൊന്നു. അതുപോലെ ഒരു പൂർവ്വാഹ ത്തിൽ കുയവനെന്ന അസുരനെ കൊന്നു. അസംഖ്യേയരായ പരിജനങ്ങളോടുകൂടി കുയവനെക്കൊന്ന സമയത്തു തന്നെ മററു ദസ്യുക്കളെയും കൊന്നു. പിന്നെ യുദ്ധത്തിൽ അവിടുന്നു് സൂര്യ ൻെറ ചക്രം മടക്കി. (തൻെറ ഉപാസകനായ ഏതശന്നുവേ ണ്ടി.)

13 ത്വം പിപ്രും മൃഗയം ശൂശുവാംസ

ഋജിശ്വനേ വൈദഥിനായ രന്ധീഃ

പഞ്ചാശൽ കൃഷ്ണാ നി വപഃ സഹ

സ്രാത്കം ന പുരോ ജരിമാ വിദർദഃ

അന്വയം:-

(ഹേ ഇന്ദ്ര,) ത്വം പിപ്രും — ഏതന്നാമകമസുരം
ശൂശു-വാംസം മൃഗയം — പ്രവൃദ്ധം മൃഗയനാമാനമസുരം
വൈദഥിനായ ഋജിശ്വനേ — വിദഥിനഃ പുത്രായ ഋജിശ്വ നാമ്നേ രാജ്ഞേ
രന്ധീഃ — വശമാനയഃ
പഞ്ചാശൽ
സഹസ്രാ കൃഷ്ണാ — പഞ്ചാശൽ സംഖ്യാകാനി സഹസ്രാണി കൃഷ്ണവർണ്ണാനി രക്ഷാംസി
നി വപഃ — ന്യവപഃ, അവധീഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(തഥാ സത്വം) ജരിമാ
അൎകം ന — ജരാ, രൂപ വിശേഷമിവ
പുരഃ വി ദൎദഃ — ശംബരസ്യ നഗരാണി
വിദാരിതവാനസി

അൎത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്ന് 'പിപ്രു' എന്ന അസുരനെയും പെരിയ മൃഗയനെന്ന അസുരനെയും വിദഥിയുടെ പുത്രനായ ഋജിശ്വാവിന്നു് വേണ്ടി കീഴടക്കി. അമ്പതിനായിരം കറുത്ത രാക്ഷസരെ വധിച്ചു. വാൎദ്ധക്യം രൂപസൌഭാഗ്യത്തെ എന്നപോലെ അവിടുന്ന് ശംബരന്റെ നഗരങ്ങളെ പിളൎന്നു. (ഇവിടെ ആക്രമിച്ചുവന്ന വെളുത്ത ആൎയ്യന്മാർ കറുത്ത പൂൎവ്വനിവാസികളെ കൊല്ലുകയും കീഴടക്കുകയും ചെയ്തു എന്ന ചരിത്രത്തിന്റെ ഒരു നിഴൽ കാണാം. ആൎയ്യാക്രമണം ശരിയാണെങ്കിൽ).

14 സൂരഉപാകേതന്വം൧ദധാനോ
വിയത്തേദചേത്യമൃതസ്യവൎപ്പഃ
മൃഗോനഹസ്തീതവിഷീമുഷാണ
സ്സിംഹോനഭീമ ആയുധാനിബിഭ്രൽ

അന്വയം:—

(ഹേ ഇന്ദ്ര) സൂരഃ
ഉപാകേ — സൂൎയ്യസ്യ സമീപേ
തന്വം യൽ ദധാനഃ — ത്വദീയം ശരീരംയദാധാരകോ ഭവഃ, തദാ
അമൃതസ്യ തേ വൎപ്പഃ
വി ചേതി — മരണരഹിതസ്യ തവരൂപം വ്യചേതി
(സൂൎയ്യസ്യസമീപേ സൎവ്വാണിരൂപാണിമലിനീഭവന്തി. തഥേന്ദ്രസ്യ, താനിവിശേഷേണഭാസമാനാനി ഭവന്തി)
(അപിച) ഹസ്തീ മൃഗഃ ന — ഗജവിശേഷാമൃഗഇവ
തവിഷീം ഉഷാണഃ — പരേഷാം ബലം ദഹൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആയുധാനി ബിഭ്രൽ — വജ്രാദീനി ബിഭ്രാണസ്സ്വം
സിംഹഃ ന ഭീമഃ — സിംഹഇവഭയങ്കരഃ

അർത്ഥം—അല്ലയോ ഇന്ദ്ര, സൂര്യന്നസമീപത്തിൽ (ഏതു ശരീരവും മങ്ങിയേ നില്ക്കൂ, മലിനമായേ തോന്നൂ എന്നാൽ) അമരനായ അവിടത്തെ രൂപവിശേഷങ്ങൾ നന്നായി പ്രകാശിക്കുന്നു. കൂടാതെ അവിടന്നു് ആനയെന്ന മൃഗംപോലെ പരന്മാരുടെ ബലത്തെ ദഹിപ്പിക്കുന്നവനും, വജ്രാദ്യായുധങ്ങൾ ഏന്തിയവനായി, സിംഹമെന്നപോലെ ഭീകരനായിരിക്കുന്നു. (ജാത്യാ ശത്രുക്കളായ ആനയോടും സിംഹത്തോടും ഒപ്പം ഉപമിച്ചിരിക്കുന്നു.)

15 ഇന്ദ്രംകാമാവസൂയന്തോ അഗ്മ
ന്ത്സ്വർമ്മീള്ഹേനസവനേചകാനാഃ
ശ്രവസ്യവശ്ശശമാനാസഉക്ഥൈ
രോകോനരണ്വാസുദൃശീവപുഷ്ടിഃ വ. 19

അന്വയം:—
കാമാഃ — രാക്ഷസാദി ഭയനിവാരണാർത്ഥം ഇന്ദ്രം കാമയമാനാഃ
വസൂ-യന്തഃ — പശ്വാദി ധനമിച്ഛന്തഃ
സ്വഃ—മീള്ഹേ ന
സവനേ ചകാനാഃ — യുദ്ധേ ഇവ യജ്ഞേയാചമാനാഃ
ശ്രവസ്യവഃ — അന്നകാമാഃ
ഉക്ഥൈഃ ശശമാനാസഃ — ശസ്ത്രൈശ്ശംസമാനാഃ, സ്തുവന്തഃ, സ്തോതാരഃ
ഇന്ദ്രം അഗ്മൻ — പരമൈശ്വര്യയുക്തം തം അഗമൻ, ഗച്ഛന്തി
(തദാ സോയമിന്ദ്രഃ)
ഓകഃ ന — സ്തോതൄണാമാവാസ ഇവ ഭവതി
രണ്വാ സുദൃശീ—ഇവ
പുഷ്ടിഃ — ശോഭനദർശനാ ലക്ഷ്മീരിവഭവതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം—രാക്ഷസാദികളിൽനിന്നു ഭയമകററാനായി ഇന്ദ്രനെ കാമിക്കുന്നവരും, പശു മുതലായ ധനത്തെ ഇച്ഛിയ്ക്കുന്നവരും, യുദ്ധത്തിലെന്നപോലെ യജ്ഞത്തിൽ (അഭീഷ്ടം) യാചിയ്ക്കുന്നവരും, അന്നേഛുക്കളും ശസ്ത്രങ്ങളാൽ ശംസിക്കുന്നവരുമായ സ്തോതാക്കരം പരമൈശ്വര്യവാനായ ഇന്ദ്രനെ പ്രാപിക്കുന്നു. അപ്പോരം ആ ഇന്ദ്രൻ സ്തോതാക്കരംക്കു് സ്വന്തം ഗൃഹഭൃതൻപോലെയും (മമതാഭാജനവും സ്വാധീനവുമായി) ശോഭനദർശനയായ ലക്ഷ്മിപോലെയും ഭവിക്കുന്നു.

16 തമിദ്വഇന്ദ്രംസുഹവംഹുവേമ
യസ്താചകാരനര്യാപുരൂണി
യോമാവതേജരിത്രേഗധ്യംചി
ന്മക്ഷൂവാജംഭരതിസ്പാർഹരാധാഃ

അന്വയം:—

യഃ നര്യാ പുരൂണി താ	— മനുഷ്യാണാം ഹിതാനി ബഹൂനിതാനി കമ്മാണി
ചകാര	— അകരോൽ
(കിംച) സ്പാർഹ-രാധാഃ	— സ്പൃഹണീയ ധനഃ
യഃ മാ-വതേ ജരിത്രേ	— മൽ സദൃശായ സ്തോത്രേ
ഗധ്യം ചിൽ	— ഗ്രാഹ്യം, സംയോജനീയമപി
വാജം മക്ഷു ഭരതി	— അന്നം ശീഘ്രമാഹരതി
(വയം സ്തോതാരഃ, ഹേ യജമാനാഃ,) വഃ തം	
ഇൽ ഇന്ദ്രം	— തവ സംബന്ധിനം തമേവേന്ദ്രം
സു-ഹവം ഹുവേമ	— യഥാ ശോഭനാഹ്വാനം ഭവതി തഥാ ആഹ്വയാമഃ

അത്ഥം—യാതൊരിന്ദ്രൻ മനുഷ്യഹിതങ്ങളായി വളരെ കമ്മങ്ങരം ചെയ്തിട്ടുണ്ടോ, അഭികാമ്യധനനായ യാതൊരിന്ദ്രൻ എന്നെപ്പോലുള്ള സ്തോതാവിന്നു് യോജിക്കുന്ന അന്നം വേഗത്തിൽ സമ്പാദിക്കുന്നുവോ, അല്ലയോ യജമാനന്മാരേ, സ്തോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

താക്കളായ ഞങ്ങ൦ നിങ്ങളെ സംബന്ധിച്ച ആ ഇന്ദ്രനെത്തന്നെ നല്ല വിളിയോടുചേൎന്നവനാകത്തക്കവിധം വിളിക്കുന്നു.

17 തിഗ്മായദന്തരശനിഃ പതാതി
കസ്മിഞ്ചിച്ഛൂരമുഹുകേജനാനാം
ഘോരായദര്യസമൃതിൎഭവാ
ത്യധസ്മാനസ്തന്വോബോധിഗോപാഃ

അന്വയം:-

ഹേ ശൂര, യൽ കസ്മിൻ
ചിൽ — യദാസർവ്വസ്മിന്നപി
ജനാനാം മുഹുകേ അന്തഃ — യുദ്ധേ അസ്മാകം മദ്ധ്യേ
തിഗ്മാ അശനിഃ
പതാതി — തീക്ഷ്ണാ വിദ്യുൽപതേൽ
ഹേ അര്യ, യൽ, — സ്വാമിന്നിന്ദ്ര, യദാസ്മാകം
ശത്രുഭിസ്സഹ
ഘോരാ സം-ഋതിഃ
ഭവാതി — ഭീമരൂപം യുദ്ധം ഭവേൽ,
അധ നഃ തന്വഃ — തദാനീമസ്മദീയസ്യ ശരീരസ്യ
ഗോപാഃ ബോധി സ്മ — രക്ഷകഃ അബോധി
(ശത്രുഭ്യസ്സകാശാദസ്മാൽ രക്ഷകത്വേന ബുദ്ധവാനസി ഖലു)

അൎത്ഥം—അല്ലയോ വിക്രാന്തനായ ഇന്ദ്ര, ജനങ്ങളുടെ എല്ലാ യുദ്ധത്തിൻെറയും ഇടയിൽ എപ്പോ൦ തീക്ഷ്ണമായ ഇടിമിന്നൽ വീഴുമോ, അല്ലയോ സ്വാമിൻ, എപ്പോ൦ ഞങ്ങളുടെ ശത്രുക്കളോടുകൂടി ഭീമരൂപമായ പോർ ഭവിക്കുമോ, അപ്പോ൦ അവിടുന്നു് ഞങ്ങളുടെ ശരീരത്തിൻെറ രക്ഷകനാവണമെന്നു് ബോധിപ്പാലും. (അവിടുന്നു് ശത്രുക്കളിൽനിന്നു് രക്ഷകഭാവത്തോടുകൂടി ഞങ്ങളെ അറിഞ്ഞവനാണല്ലൊ.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

18 ഭുവോവിതാവാമദേവസ്യധീനാം

ഭുവസ്സഖാവൃകോവാജസാതൌ

ത്വാമനുപ്രമതിമാജഗ

ന്മോരുശംസോജരിത്രേവിശ്വധസ്യാഃ

അന്വയം:—

(ഹേ ഇന്ദ്ര,) വാമ—

ദേവസ്യ ധീനാം	—	വാമദേവാഖ്യസ്യ മന്ത്രദ്രഷ്ടുർമ്മമ സംബന്ധിനീനാം കർമ്മണാം
അവിതാ ഭുവഃ	—	രക്ഷിതാ ഭവ
അവൃകഃ വാജ—സാതൌ	—	അഹിംസകസ്ത്വം യുദ്ധേ
സഖാ ഭുവഃ	—	മമസഖാ സുഹൃൽ ഭവ
(വയം) പ്ര—മതിം		
ത്വാം അനു	—	പ്രകൃഷ്ടജ്ഞാനം ത്വാം ലക്ഷീകൃത്യ
ആ ജഗന്മ	—	ആഗച്ഛാമ
(സത്വം) വിശ്വധ		
ജരിത്രേ	—	സർവ്വദാസ്തോത്രേ
ഉരു—ശംസഃ സ്യാഃ	—	മഹതാശംസനേന യുക്തഃ ഭവേഃ

അർത്ഥം—അല്ലയോ ഇന്ദ്ര, വാമദേവനെന്ന മന്ത്രദ്രഷ്ടാവായ എന്റെ കർമ്മങ്ങൾക്ക് അവിടുന്ന് രക്ഷിതാവായാലും. അഹിംസകനായ (ദയാലുവായ) അവിടുന്ന് യുദ്ധത്തിൽ എന്റെ സുഹൃത്തായാലും. ഞങ്ങൾ പരമജ്ഞാനിയായ അവിടുത്തെ മുൻനിർത്തി (അവിടുത്തെസ്സമീപത്തേയ്ക്ക്) വരാവൂ. അപ്രകാരമുള്ള അവിടുന്ന് എപ്പോഴും സ്തോതാവിന്ന് മഹത്തായ പ്രശംസയോടുകൂടിയവനായി ഭവിക്കണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

19 ഏഭിർന്നൃഭിരിന്ദ്രത്വായുഭിഷ്ട്വാ
മഘവദ്ഭിർമ്മഘവൻവിശ്വആജൌ
ദ്യാവോനദ്യുമ്നൈരഭിസന്തോഅര്യഃ
ക്ഷപോമദേമശരദശ്ചപൂർവ്വീഃ

അന്വയം:—

ഹേ മഘ—വൻ, ഇന്ദ്ര,	— ധനവന്നിന്ദ്ര
വിശ്വേ ആജൌ	— വിശ്വസ്മിൻ, സർവ്വസ്മിൻ സംഗ്രാമേ
ത്വായു–ഭിഃ	— ശത്രുജയാർത്ഥം ത്വാം കാമയമാനൈഃ
മഘവൽ- ഭിഃ	— ത്വദർത്ഥം ദീയമാനഹവിർദ്ധനൈ രുപേതൈഃ
ഏഭിഃ നൃ—ഭിഃ	— പുത്രപൌത്രാദ്യൈഃ പരിജനൈ സ്സഹിതാവയം യജമാനാഃ
ദ്യുമ്നൈഃ ദ്യാവഃ ന	— ധനൈഃ, പ്രകാശമാനാ ധനിനോ യഥാതഥാ
അര്യഃ അഭി സന്തഃ	— അരീൻ അഭിഭവന്തഃ
ക്ഷപഃ, പൂർവ്വീഃ ശരദഃ ച	— സർവ്വാരാത്രീഃ, ബഹ്വസ്സംവത്സരാശ്ച
ത്വാ മദേമ	— ത്വാം സ്തവാമ (യജമാനാഃ സർവ്വേഷു കാലേഷു സ്തോത്രൈരിന്ദ്രം ഹർഷയന്തി.)

അർത്ഥം—അല്ലയോ ധനവാനായ ഇന്ദ്ര, എല്ലാ യുദ്ധത്തിലും ശത്രുജയാർത്ഥം അവിടുത്തെ (അനുഗ്രഹം)ഇച്ഛിക്കുന്നവരും അവിടേയ്ക്കു സമർപ്പിക്കാനുള്ള ഹവിർദ്ധനമേന്തിയവരും പുത്രപൌത്രാദി പരിജനങ്ങളോടൊത്തവരുമായ യജമാനന്മാർ സമ്പത്തുകളെക്കൊണ്ടു പ്രകാശിക്കുന്ന പ്രഭുക്കളെന്നപോലെ ശത്രുക്കളെ കീഴടക്കി, സ്വാസ്ഥ്യത്തോടുകൂടി എല്ലാ രാത്രികളും കണക്കററ കൊല്ലങ്ങളും അവിടുത്തെ സ്തുതിക്കാവൂ. യജമാനന്മാരെല്ലാ കാലത്തും സ്തോത്രങ്ങളെക്കൊണ്ടു് ഇന്ദ്രനെ ഹർഷിപ്പിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

20 ഏവേദിന്ദ്രായവൃഷഭായവൃഷ്ണേ

ബ്രഹ്മാകമ്മ്ഭൃഗവോനരഥം

നൂചിദ്യഥാനസ്സഖ്യാവിയോഷ

ദസന്നഉഗ്രോവിതാതനൂപാഃ

അന്വയം:—

യഥാ (ഇന്ദ്രഃ) നഃ സഖ്യാ	— അസ്മദീയാനി സഖ്യാനി കമ്മാണി
നു ചിൽ വി-യോഷൽ	— ക്ഷിപ്രം ന പൃഥക് കുര്യാൽ
ഉഗ്രഃ തനൂ-പാഃ	— ശരീരാണാം പാലകഃ ഇന്ദ്രോ യഥാ
നഃ അവിതാ അസൽ (തയാവയം യജമാനാഃ)	— അസ്മാൻ രക്ഷിതാസ്യാൽ
ഏവ ഇൽ	— ഏവമേവ, ഉക്തപ്രകാരേണ
വൃഷഭായ, വൃഷ്ണേ	— കാമാനാം വർഷിത്രേ, നിത്യതരുണായ
ഇന്ദ്രായ	
ഭൃഗവഃ രഥം ന	— ദീപ്താസ്തക്ഷാണഃ രഥമിവ
ബ്രഹ്മ അകമ്മ	— സ്തോത്രം അകമ്മ

അത്ഥം—ഇന്ദ്രൻ നമ്മുടെ സഖ്യങ്ങളെ, സഖ്യകമ്മങ്ങളെ പെട്ടെന്നു് വേർപെടുത്തരുതു്. തേജസ്വിയും ശരീരരക്ഷകനുമായ ഇന്ദ്രൻ നമ്മുടെ രക്ഷിതാവാകണം. അപ്രകാരം ആയിട്ടു് യജമാനന്മാരായ നമ്മൾ കാമവർഷിതാവും നിത്യയുവാവുമായ ഇന്ദ്രന്നായി സമത്ഥരായ ശില്പികൾ തേരിനെയെന്നപോലെ സ്തോത്രം നിമ്മിക്കാവൂ,

21 നൂഷ്ടുതഇന്ദ്രനൂഗൃണാന

ഇഷംജരിത്രേനദ്യോ ऽ ऽ നപീപേഃ

അകാരിതേഹരിവോബ്രഹ്മനവ്യം

ധിയാസ്യാമരത്ഥ്യസ്സദാസാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

ഹേ ഇന്ദ്ര, ന സ്തുതഃ	—	ക്ഷിപ്രം പൂർവ്വൈരൃഷിഭിസ്തുതഃ
ന ഗൃണാനഃ	—	അസ്മാഭിഃ ക്ഷിപ്രം സ്തൂയമാനഃ ത്വം
ജരിത്രേ ഇഷം	—	സ്തോത്രേ മഹ്യമന്നം
നദ്യഃ ന പീപേഃ	—	അത്ഭിഃ നദീരിവപ്യായയ, പ്രവൃദ്ധം കുരു
ഹേ ഹരി-വഃ തേ	—	അശ്വോപേതേന്ദ്ര, തുഭ്യം
നവ്യം ബ്രഹ്മ അകാരി	—	നവതരം സ്തോത്രമസ്മാഭിഃ ക്രിയതേ
രഥ്യഃ ധിയാ	—	രഥവന്തോവയം സ്തുത്യാ
സദാ-സാഃ സ്യാമ	—	ത്വാം സർവ്വദാ ഭജമാനാ ഭൂയാസ്മ

അർത്ഥം-അല്ലയോ ഇന്ദ്ര, പൂർവ്വന്മാരായ ഋഷികളാൽ അപ്പപ്പോഗം സ്തുതിക്കപ്പെട്ടവനും, ഞങ്ങളാൽ അപ്പപ്പോഗം സ്തുതിക്കപ്പെടുന്നവനുമായ അവിടുന്ന് സ്തോതാവായ എനിക്കു അന്നം, വെള്ളങ്ങളാൽ നദികളെ എന്ന പോലെ നിറച്ചാലും, വദ്ധിപ്പിച്ചാലും. അല്ലയോ ഹരികളെന്ന കുതിരകളൊത്ത ഇന്ദ്ര, അവിടേക്കു പുതുതായ സ്തോത്രം ഞങ്ങളാലുണ്ടാക്കപ്പെടുന്നു. തേരാളികളായ ഞങ്ങഗം സ്തുതിയാലെന്നും അവിടുത്തെ ഭജിക്കുന്നവരായി ഭവിക്കാവൂ.

വർഗ്ഗം-21-22-23-24 ത്രിഷ്ടുബേകപദാവിരാജൗഛന്ദസീ, ഇന്ദ്രോദേവതാ.

1 ത്വംമഹാഁഇന്ദ്രതുഭ്യംഹക്ഷാ
അനുക്ഷത്രംമംഹനാമന്യതദ്യൗഃ
ത്വംവൃത്രംശവസാജഘന്വാ
ന്ത്സൃജസ്സിന്ധൂരഹിനാജഗ്രസാനാൻ

അന്വയം:-

ഹേ ഇന്ദ്ര, ത്വം മഹാൻ	—	പ്രഭൃതോസി
ക്ഷാഃ മംഹനാ	—	പൃഥിവീ മഹത്വേന യുക്താസതീ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തുഭ്യം ഹ ക്ഷത്രം	— ത്വദർത്ഥമേവ ബലം
അനു മന്യത	— അന്വമന്യത, അനുമതിം ചകാര
ദ്യൗഃ	— (ചത്വദർത്ഥം ബലമന്വമന്യത)
ത്വം ശവസാ വൃത്രം	
ജഘന്വാൻ	— ബലേന ലോകാനാമാവരക മസുരം ഹതവാൻ
(കിംച) അഹിനാ	
ജഗ്രസാനാൻ	— വൃത്രേണ ജഗ്രഹാണാൻ, ഗ്രസ്താൻ
സിന്ധൂൻ സൃജഃ	— അപഃ അസൃജഃ, സൃഷ്ടവാനസി

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്നു പെരിയവനാകുന്നു. അവിടേക്കുവേണ്ടിത്തന്നെയാണ് ഭൂമി ബലത്തെ കരുതിയിരിക്കുന്നത്. ദ്യോവും അവിടേക്കുവേണ്ടി ബലത്തെ കണക്കാക്കിയിരിക്കുന്നു. അവിടുത്തെ ബലത്താൽ ലോകങ്ങളെ മറയ്ക്കുന്ന വൃത്രനെന്ന അസുരനെ അവിടുന്നു കൊന്നു. എന്നിട്ട്, വൃത്രനാൽ പിടിച്ചുനിർത്തപ്പെട്ട വെള്ളങ്ങളെ വിട്ടു.

2 തവ്ത്വിഷോജനിമന്ന്രേജതദ്യൗ
രേജദ്ഭൂമിർഭിയസാസ്വസ്യമന്യോഃ
ഋഘായന്തസുഭ്വഃ പർവ്വതാസ
ആർദന്ധന്വാനിസരയന്തആപഃ

അന്വയം:—

(ഹേ ഇന്ദ്ര,) ത്വിഷഃ തവ ജനിമൻ	— ദീപ്യമാനസ്യ തവ ജന്മനി സതി
ദ്യൗഃ സ്വസ്യ മന്യോഃ	— അന്തരിക്ഷം ത്വദീയാൽ കോപാൽ (പഞ്ചമ്യർത്ഥേ ഷഷ്ഠീ)
ഭിയസാ രേജത	— ജാതഭയേനാരേജത, അകമ്പത
ഭൂമിഃ (ച) രേജത്	— കമ്പമാനാ ബഭൂവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൂ—ഭേഃ പർവ്വതാസഃ — മഹാന്തഃ പർവ്വതാഃ, മേഘാഃ
ഋഘായന്ത — സസ്യാദീനാം വൃഷ്ടി
പ്രദാനാർത്ഥം നിയാമകത്വേന
ത്വയാ ആബദ്ധ്യന്ത
(തഥാ മേഘാഃ) ആർദ്ദൻ — പ്രാണിനാം പിപാസാരൂപാം
പീഡാമഹിംസൻ
(തഥാ) ധന്വാനി — ഉദകരഹിതാൻ ദേശാൻ
ആപഃ സരയന്തേ — ഗമയന്തി

അർത്ഥം—അല്ലയോ ഇന്ദ്ര, പ്രകാശമാനനായ അവിടത്തെ ജനനത്തിൽ അന്തരിക്ഷം അവിടത്തെ കോപത്താൽ പേടി പൂണ്ടു വിറച്ചു. ഭൂമിയും വിറയ്ക്കുന്നവളായി. മഹത്തുക്കളായ മേഘങ്ങൾ സസ്യാദികൾക്ക് വെള്ളമേകാനായി ഇന്നിന്ന കാലത്ത് ഇത്രയിത്രയെന്ന നിയമത്തോടുകൂടി അവിടുന്നാൽ ഏല്പിക്കപ്പെട്ടു. പിന്നെ മേഘങ്ങൾ പ്രാണികളുടെ ദാഹപീഡയെ ഹിംസിച്ചു. (ശമിപ്പിച്ചുപോന്നു.) അതുപോലെ വെള്ളമില്ലാത്തിടങ്ങളിലേക്ക്, മരുപ്രദേശങ്ങളിലേക്കു ജലങ്ങളെ അയച്ചു.

3 ഭിനദ്ഗിരിംശവസാവജ്രമിഷ്ണ
ന്നാവിഷ്കൃണ്വാനസ്സഹസാനഓജഃ
വധീദ്വൃത്രംവജ്രേണമന്ദസാന
സ്സരന്നാപോജവസാഹതവൃഷ്ണീഃ

അന്വയം:—
സഹസാനഃ — ശത്രൂണാമഭിഭവൻ
ഓജഃ ആവിഃ—കൃണ്വാനഃ — തേജഃ ആവിഷ്കുർവ്വന്നിന്ദ്രഃ
വജ്രം ഇഷ്ണൻ — വജ്രം പ്രേരയൻ
ശവസാ ഗിരിം ഭിനൽ — ബലേനപർവ്വതജാതം അഭിനൽ,
ബിഭേദ
(കിംച) മന്ദസാനഃ — സോമേനമോദമാനഃ
വജ്രേണ വൃത്രം വധീൽ — അവധീൽ, ജഘാന
(തതഃ) ആപഃ — വൃത്രേണാവൃതാന്യുദകാനി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹത–വൃഷ്ണീഃ — ഹതോവൃത്രോയാസാം താഃ
വൃത്രവധാനന്തരം നിവാരണ
രഹിതാഃ സത്യഃ

ജവസാ സരൻ — വേഗേന അസരൻ

അത്ഥം–ശത്രുജേതാവും സ്വതേജസ്സ് പ്രകടിപ്പിക്കുന്നവനു മായ ഇന്ദ്രൻ വജ്രത്തെ അയച്ച് ബലത്താൽ പവ്വതക്കൂട്ടത്തെ പിളന്നു. കൂടാതെ സോമപാനംകൊണ്ട് ഹൃഷ്ടനായി, വജ്ര ത്താൽ വൃത്രനെ വധിച്ചു. പിന്നെ വൃത്രനാൽ തടയപ്പെട്ട ജല ങ്ങളും, വൃത്രൻ ഏവയിൽ വീണാണോ കൊല്ലപ്പെട്ടതു്, ആ ജലങ്ങളും, തടവററവയായി വേഗത്തോടുകൂടി ഒഴുകി.

4 സുവീരസ്തേജനിതാമന്യതദ്യൌ
രിന്ദ്രസ്യകത്താസ്വപസ്തമോഭൂൽ
യ ഈംജജാനസ്വര്യംസുവജ്ര
മനപച്യുതം സദസോനഭൂമ

അന്വയം:–

(ഹേ ഇന്ദ്ര) യഃ

(പ്രജാപതിഃ) സ്വര്യം — സ്തുതിഗാദിഭിസ്സ്തുത്യം

സു–വജ്രം — ശോഭനവജ്രോപേതം

സദസഃ അനപ–ച്യുതം ന — സ്വകീയാൽ സ്വർഗ്ഗാദി
സ്ഥാനാൽ വിച്യുതിരഹിതം
ച (ന ഇതിസമുച്ചയേ)

ഭൂമ ഈം ജജാന — ഭൂമ്നാമഹത്വേനയുക്തമേനം
ത്വാം അജീജനൽ

ദ്യൌഃ തേ ജനിതാ — ദ്യോതമാനസ്ത്വജനയിതാസ
പ്രജാപതിഃ

സു–വീരഃ മന്യത — ''ശോഭനപുത്രവാനഹമസ്മീ''
ത്യമന്യത

(കിംച) ഇന്ദ്രസ്യ കത്താ — ജനയിതാ പ്രജാപതിഃ

സ്വപഃ– തമഃ ഭൂൽ — അത്യന്തം ശോഭനകമ്മാഭൂൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം—അല്ലയോ ഇന്ദ്ര, യാതൊരു പ്രജാപതി ഋത്വിഗാദികളാൽ സ്തുത്യനും തിളങ്ങുന്ന വജ്രമൊത്തവനും സ്വസ്ഥാനമായ സ്വഗ്ഗത്തിൽനിന്നു് വീഴ്ചയില്ലാത്തവനും മഹത്വത്തോടു കൂടിയവനുമായ ഈ അവിടുത്തെ ജനിപ്പിച്ചുവോ, ഭാസമാനനായ അവിടുത്തെ ആ അച്ഛൻ, പ്രജാപതി ''ഞാൻ സൽപുത്രവാനാണു്'' എന്നു് സ്വയം വിചാരിച്ചു. മാത്രമല്ല, ഇന്ദ്രന്റെ അച്ഛൻ, കശ്യപപ്രജാപതി അത്യന്തം ശോഭനകർമ്മാവായി ഭവിച്ചു.

5 യഏകഇച്ച്യാവയതിപ്രഭൂമാ
രാജാകൃഷ്ടീനാംപുരുഹൂതഇന്ദ്രഃ
സത്യമേനമനുവിശ്വേമദന്തി
രാതിംദേവസ്യഗൃണതോമഘോനഃ വ. 21

അന്വയം:—

കൃഷ്ടീനാം രാജാ	— സർവ്വാസാം പ്രജാനാം പ്രഭുഃ
പുരു-ഹൂതഃ	— ബഹുഭിരാഹൂതഃ
ഏകഃ ഇൽ യഃ ഇന്ദ്രഃ	— ദേവാനാം മദ്ധ്യേ മുഖ്യഃ യഃ ഇന്ദ്രഃ
ഭൂമ പ്ര ച്യവയതി	— ഭൂതം, നിഷ്പന്നം ശത്രുഭ്യോഭയം പ്രകർഷേണ നാശയതി
വിശ്വേ മഘോനഃ	— സർവ്വേഹവിരന്നയുക്താ യജമാനാഃ
ദേവസ്യ ഗൃണതഃ	— ഇന്ദ്രസമാശ്രയാൽ ദ്യോതമാനസ്യ സ്തോതുഃ
രാതിം ഏനം അനു സത്യം	— ബന്ധുമിന്ദ്രം ലക്ഷീകൃത്യ ഏവ
മദന്തി	— സ്തുവന്തി

അത്ഥം—എല്ലാ പ്രജകളുടെയും പ്രഭുവും ഏവരാലും വിളിയ്ക്കപ്പെടുന്നവനും ദേവന്മാരുടെ ഇടയിൽ മുഖ്യനുമായ യാതൊരിന്ദ്രൻ ശത്രുക്കളിൽ നിന്നുണ്ടായ ഭയത്തെ നശിപ്പിക്കുന്നുവോ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ദ്രാശ്രയത്താൽ പ്രകാശിക്കുന്ന സ്തോതാവിന്നു് ബന്ധുവായ ആ ഇന്ദ്രനെ പുരസ്കരിച്ച് ഹവിസ്സേന്തുന്ന എല്ലാ യജമാനന്മാരും സ്തുതിചൊല്ലുന്നു, ഹർഷിപ്പിക്കുന്നു.

6 സത്രാസോമാഅഭവന്നസ്യവിശ്വേ
സത്രാമദാസോബൃഹതോമദിഷ്ഠാഃ
സത്രാഭവോവസുപതിർവ്വസൂനാം
ദത്രേവിശ്വാഅധിഥാഇന്ദ്രകൃഷ്ടീഃ

അന്വയം:—

വിശ്വേ സോമാഃ	
അസ്യ സത്രാ	— സർവ്വേസോമാഃ ഇന്ദ്രസ്യ സത്യമേവപ്രഭൂതാഃ
(കിംച) മദാസഃ	— മദകരാസ്സോമാഃ
ബൃഹതഃ മദിഷ്ഠാഃ സത്രാ അഭവൻ	— മഹതോസ്യേന്ദ്രസ്യമാദയിതൃതമാസ്സത്യമേവാഭവൻ
ഹേ ഇന്ദ്ര, (ത്വം) വസൂനാം വസു—പതിഃ	— സർവ്വേഷാം പശ്വാദീനാം ധനാനാം പതിഃ
സത്രാ അഭവഃ	— സത്യമേവഭവസി
(ത്വം) ദത്രേ	— ധനേനിമിത്തഭൂതേസതി
വിശ്വാഃ കൃഷ്ടീഃ അധിഥാഃ	— സർവ്വാംസ്തോത്രീഃ പ്രജാഃ ധാരയസി

അർത്ഥം—എല്ലാ സോമങ്ങളും സത്യമായും ഇന്ദ്രന്നായി ഉണ്ടായവയത്രെ. ഹർഷകരങ്ങളായ സോമങ്ങൾ മഹാനായ ഇന്ദ്രന്നു് സത്യമായും അതിഹർഷകരങ്ങളത്രെ. അല്ലയോ ഇന്ദ്ര, അവിടുന്നു് സത്യമായും പശു മുതലായ ധനങ്ങളുടെ സ്വാമിയാകുന്നു. അവിടുന്നു് ധനത്തിന്നു്വേണ്ടി സ്തുതിക്കുന്ന എല്ലാ പ്രജകളെയും ധരിക്കുന്നു. (പോററുന്നു)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

7 ത്വമധപ്രഥമംജായമാനോ

മേവിശ്വാഅധിഥാ ഇന്ദ്രകൃഷ്ടീഃ

ത്വം പ്രതിപ്രവത ആശയാന

മഹിം വജ്രേണമഘവൻവിവൃശ്ചഃ

അന്വയം:—

അധ പ്രഥമം ജായമാനഃ	— അപിചാദൌജായമാനഃ
ത്വം അമേ	— വൃത്രനിമിത്തേഭയേസതി
വിശ്വാഃ കൃഷ്ടീഃ	
അധിഥാഃ	— സർവ്വാഃ പ്രജാഃ രക്ഷകത്വേന ധാരയസി
ഹേ മഘ-വൻ,	
ഇന്ദ്ര, ത്വം	— ധനവന്നിന്ദ്ര, ത്വം
പ്രതി പ്ര-വതഃ	— പ്രതിപ്രവണവതോദേശാൻ ലക്ഷീകൃത്യ
ആ-ശയാനം അഹിം	— അപാം നിരോധകംവൃത്രം
വജ്രേണ വി വൃശ്ചഃ	— വ്യവൃശ്ചഃ, ഛിന്നവാനസി

അർത്ഥം—ആദ്യം ജനിച്ച അവിടുന്നു് വൃത്രൻ കാരണമായ ഭയത്താൽ എല്ലാ പ്രജകളെയും രക്ഷകഭാവത്തിൽ ധരിക്കുന്നു, പോററുന്നു. അല്ലയോ ധനവാനായ ഇന്ദ്ര, താഴ്ന്ന പ്രദേശങ്ങളെ ലക്ഷ്യമാക്കി ഒഴുകുന്ന വെള്ളങ്ങരം തടഞ്ഞുനിർത്തിക്കിടന്നവൃത്രനെ അവിടുന്നു വജ്രത്താൽ ഛേദിച്ചു. (എന്നിട്ടു വെള്ളങ്ങരം വിട്ടു.)

8 സത്രാഹണം ദാധൃഷിംതുമ്രമിന്ദ്രം

മഹാമപാരംവൃഷഭം സുവജ്രം

ഹന്താ യോവൃത്രം സനിതോതവാജം

ദാതാമഘാനിമഘവാസുരാധാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

സത്രാ—ഹനം	— ബഹൂനാം ശത്രൂണാം ഹന്താരം
ധൃഷ്ണിം, തുമ്രം	— അത്യന്തം ധൎഷകം, ശത്രൂണാം പ്രേരകം
മഹാം, അപാരം	— മഹാന്തം, അപരിമാണം, വിനാശരഹിതം
വൃഷഭം സു—വജ്രം	— കാമാനാം വൎഷിതാരം, ശോഭന വജ്രോപേതം
ഇന്ദ്രം	— (വയം സ്തോതാരസ്സ്തുമ)
യഃ വൃത്രം ഹന്താ	— ഹിംസിതാ ഭവതി
ഉത വാജം സനിതാ	— അപിചാന്നം ദാതാഭവതി
സു—രാധാഃ (യഃ)	— ശോഭനധനയുക്തോയഃ
മഘ—വാ മഘാനി ദാതാ	— ധനാനി ദാതാ ഭവതി (തമിന്ദ്രം സ്തുമ)

അൎത്ഥം-വളരെ ശത്രുക്കളുടെ ഹന്താവും അത്യന്തം കുസല റവനും ശത്രുക്കളെ പിന്തിരിച്ചോടിക്കുന്നവനും, മഹാനും അള വററ (നാശമില്ലാത്ത) വനും കാമവർഷിതാവും നല്ല വജ്രായു ധമൊത്തവനുമായ ഇന്ദ്രനെ സ്തോതാക്കളായ ഞങ്ങൾ സ്തുതി ക്കുന്നു. ഏതുവൻ വൃത്രൻെറ ഹന്താവാണോ, ഏതുവൻ അന്നദാതാ വാണോ, ശോഭനധനനായ ഏതു മഘവാവ് (ഇന്ദ്രൻ) ധന ങ്ങളെ ദാനം ചെയ്യുന്നുവോ, ആ ഇന്ദ്രനെ സ്തുതിക്കുന്നു.

9 അയംവൃതശ്ചാതയതേസമീചീ
ര്യആജിഷുമഘവാശൃണ്വഏകഃ
അയംവാജംഭരതിയംസനോത്യ
സ്യപ്രിയാസസ്സഖ്യേസ്യാമ

അന്വയം:—

മഘ—വാ യഃ ആജിഷു	— സങ്ഗ്രാമേഷു
ഏകഃ ശൃണ്വേ	— മുഖ്യ ഏകവശ്രൂയതേ
അയം സം—ഈചീഃ	— സങ്ഗതാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൃതഃ ചാതയതേ — വൃണ്വന്തി, ആച്ഛാദയന്തി ലോകാനിതിവൃതഃ ശത്രു സേനാഃ, താഃ നാശയതി

അയം യം വാജം

സനോതി — യദന്നം യജമാനായദദാതി, തം

ഭരതി — യജമാനസ്യതദന്നംദാതും ബിഭർത്തി

(സ്തോതാരോവയം) അസ്യ — ഏവം ഭൂതസ്യേന്ദ്രസ്യ

സഖ്യേ പ്രിയാസഃ സ്യാമ — പ്രിയാഭവേമ

അർത്ഥം-ധനവാനായ ഏവൻ യുദ്ധങ്ങളിൽ മുഖ്യനായി കേൾക്കപ്പെടുന്നു, വളഞ്ഞണഞ്ഞ ശത്രുസേനകളെ ആ ഇന്ദ്രൻ നശിപ്പിക്കുന്നു. അവിടുന്ന് യാതൊരന്നം യജമാനന്നായി കൊടുക്കുന്നുവോ, ആ അന്നത്തെ കൊടുക്കാനായി കയ്യിലേന്തുന്നുവോ, സ്തോതാക്കളായ ഞങ്ങൾ അപ്രകാരമുള്ള ഇന്ദ്രൻെറ ചങ്ങാതത്തിൽ പ്രിയഭാജനങ്ങളാകാവൂ.

10 അയംശൃണ്വേഅധജയന്നുതഘ്നൻ
ന്നയമുതപ്രകൃണുതേയുധാഗാഃ
യദാസത്യംകൃണുതേമന്യുമിന്ദ്രോ
വിശ്വംദൃള്ഹംഭയതഏജദസ്മാൽ വ. 22

അന്വയം:—

അധ അയം ജയൻ ശൃണ്വേ — അപിചേന്ദ്രഃ ശത്രൂൻ വിജയൻ ശ്രൂയതേ, പ്രഖ്യാതഃ

ഉത ഘ്നൻ — അപിച ശത്രൂൻ ഹിംസൻ ഇതി സർവ്വത്ര ശ്രൂയതേ

ഉത അയം യുധാ — അപിചേന്ദ്രഃ യുദ്ധേന

ഗാഃ പ്ര കൃണുതേ — പശൂൻശത്രുസകാശാദാഹരതി

(കിംച) ഇന്ദ്രഃ യദാ

മന്യും സത്യം കൃണുതേ — കോപം സത്യമേവ ദീപ്തദർത്ഥം കരോതി, തനോതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(തദാനീം) ദ്ദള്ഹം,
ഏജൽ — സ്ഥാവരരൂപം, ജംഗമരൂപം
വിശ്വം അസ്മാൽ ഭയതേ — സമസ്തം ജഗൽ ഇന്ദ്രാൽ ബിഭേതി

അർത്ഥം–കൂടാതെ. ഈ ഇന്ദ്രൻ, ശത്രുക്കളെ ജയിക്കുന്നവനെന്ന് കേൾവിപ്പെട്ടുന്നു, പ്രഖ്യാതനാകുന്നു. ശത്രുക്കളെ അമർത്തുന്നവനെന്ന് കേൾവിപ്പെട്ടുന്നു. മാത്രമല്ല, യുദ്ധത്താൽ (പണികളാലപഹരിക്കപ്പെട്ട) പശുക്കളെ ശത്രുക്കളിൽ നിന്ന് കൊണ്ടുവരുന്നു. പിന്നെ എപ്പോൾ ഇന്ദ്രൻ ശത്രുക്കളെക്കുറിച്ച് കോപിക്കുന്നുവോ, അപ്പോൾ സ്ഥാവരരൂപവും ജംഗമരൂപവുമായ ജഗത്തു് ഇന്ദ്രങ്കൽനിന്ന് ഭയപ്പെടുന്നു.

11 സമിന്ദ്രോഗാഅജയൽസംഹിരണ്യാ
സമശ്വിയാമഘവായോഹപൂർവ്വീഃ
ഏഭിർന്നൃഭിർന്നൃതമോഅസ്യശാകൈ
രായോവിഭക്താസംഭരശ്ചവസ്വഃ

അന്വയം:–

യഃ ഹ മഘ–വാ, ഇന്ദ്രഃ — യഃ ഖലുധനവാനിന്ദ്രഃ
ഗാഃ സം അജയൽ — അസുരേഭ്യഃ സമ്യക്ജിതവാൻ
(കിംച) ഹിരണ്യാ സം — ഹിരണ്യാനി, ശത്രുസംബന്ധീനി ധനാനി സമജയൽ
(തഥാ) അശ്വിയാ സം — അശ്വിയാനി, ശത്രുസംബന്ധിനോശ്വസമൂഹാൻ സമ്യക് ജയതിസ്മ
(തഥാ) പൂർവ്വീഃ — ബഹ്വീശ്ശത്രുസേനാസ്സമജയൽ
(സർവ്വാൻ ശത്രൂൻ ജിത്വാസകലമപിധനമപഹൃതവാൻ)
ശാകൈഃ നൃ–തമഃ — സമർത്ഥൈഃ നേതൃതമഃ
ഏഭിഃ നൃ–ഭിഃ — നേതൃഭിസ്തോതൃഭിസ്തുതസ്സൻ
അസ്യ രായഃ വി-ഭക്താ — സ്തോതൃഭ്യോ ധനസ്യ വിഭാഗസ്യ കർത്താ, ദാതാഭവേതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(കിംച) വസ്വഃ സം-
ഭരഃ ച — ധനസ്യ സംഭർത്താ, ധാരകശ്ചഭവതി

അർത്ഥം--യാതൊരു ധനവാനായ ഇന്ദ്രൻ പണികളിൽ നിന്നു് പശുക്കളെ ജയിച്ചെടുത്തുവോ, ശത്രുസംബന്ധികളായ ധനങ്ങൾ ജയിച്ചു നേടിയോ, അതുപോലെ ശത്രുക്കളുടെ കുതിര ക്കൂട്ടങ്ങളെ നന്നായി ജയിച്ചുവോ, അസംഖ്യേയങ്ങളായ ശത്രു സൈന്യങ്ങളെ കീഴടക്കിയോ, കഴിവുകൾ കൊണ്ടു് നേതാക്കളിൽ മുന്തിയ ആ ഇന്ദ്രൻ, കർമ്മനേതാക്കളായ ഈ സ്തോതാക്കളാൽ സ്തുതിക്കപ്പെട്ടവനായി, ധനത്തെ സ്തോതാക്കൾക്കു് (അർഹതക്കൊത്തവണ്ണം) വിഭജിച്ചു് ദാനം ചെയ്യുന്നവനാകുന്നു. കൂടാതെ സ്വയം ധനം സംഭരിക്കുന്നവനുമാകുന്നു.

12 കിയൽസ്വിദിന്ദ്രോഅധ്യേതിമാതുഃ
കിയൽപിതുർജ്ജനിതുര്യോജജാന
യോഅസ്യശുഷ്മംമുഹുകൈരിയർത്തി
വാതോനജൂതസ്തനയദ്ഭിരഭ്രൈഃ

അന്വയം:-

(യഃ) ഇന്ദ്രഃ മാതുഃ കിയൽ സ്വിൽ അധി — ജനന്യാസ്സകാശാൽ
ഏതി — യാവദ്ബലമധിഗച്ഛതി,
പിതുഃ കിയൽ — പിതുസ്സകാശാൽ യാവദ്ബല മധിഗച്ഛതി,
യഃ ജനിതുഃ — ജനയിതുഃ, യസ്മാൽ പ്രജാപതേഃ സകാശാൽ ഇദം ദൃശ്യമാനം ജഗൽ
ജജാന — അജനയൽ
യഃ (ഇന്ദ്രഃ തസ്മാൽ പ്രജാപതേസ്സകാശാൽ)
അസ്യ ശുഷ്മം — ജഗതഃ യാവദ്ബലം
മുഹുകൈഃ ഇയർത്തി — മുഹുർമ്മുഹുഃ പ്രേരയതി,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്തനയൽ--ഭിഃ അഭ്രൈഃ — ഗർജ്ജദ്ഭിഃ മേഘൈഃ
ജൂതഃ വാതഃ ന — പ്രേരിതോവായുരിവ
(ഹവിഷ്പ്രദാനാത്മാഹൂതോ
ഭവതി)

അത്ഥം—യാതൊരിന്ദ്രൻ അമ്മയിൽനിന്നു് എത്രത്തോളം ബലം പൂകുന്നുവോ, അച്ഛനുകൽനിന്നു് എത്രത്തോളം ബലം നേടുന്നുവോ, ഏവൻ സവ്വസൃഷ്ടികത്താവായ പ്രജാപതിയിൽ നിന്നു് കാണപ്പെടുന്ന ഈ ജഗത്തു് ഉൽപാദിപ്പിച്ചുവോ, ആ പ്രജാപതിയിൽ നിന്നു് ജഗത്തിൻെറ എത്രത്തോളം ബലം വീണ്ടുംവീണ്ടും പുറത്തു വരുത്തുന്നുവോ, അട്ടഹസിക്കുന്ന മേഘങ്ങളാൽ പ്രേരിതനായ വായു എന്നപോലെ സ്ഥിതനായ ആ ഇന്ദ്രൻ ഹവിദ്ദാനത്തിന്നായി, ഹവിസ്വീകരണത്തിന്നായി, ഇതാ വിളിക്കപ്പെട്ടിരിക്കുന്നു. (ഇത്രയെല്ലാം മഹത്വമുള്ള ഇന്ദ്രനെയാണു് മരണധമ്മികളായ മനുഷ്യർ ഹവിസ്വീകാരത്തിന്നായി വിളിക്കുന്നതു്.)

13 ക്ഷിയന്തം ത്വമക്ഷിയന്തം കൃണോതീ
യത്തിരേണംമഘവാസമോഹം
വിഭഞ്ജനുരശനിമാഇവദ്യൌ
രുതസ്തോതാരംമഘവാവസൌധാൽ

അന്വയം:—
മഘ-വാ — ധനവാനിന്ദ്രഃ
ക്ഷിയന്തം ത്വം — ധനരാഹിത്യേന
ക്ഷീയമാണമേകം ജനം
അക്ഷിയന്തം കൃണോതി — ധനേ അക്ഷീയമാണം കരോതി
(അകിഞ്ചനഃ ഇന്ദ്രം സ്തുത്വാ ധനസമൃദ്ധോ ഭവതി)
അശനിമാൻ—ഇവ ദ്യൌഃ — അശനിനായുക്തഃ
അന്തരിക്ഷമിവ
വി-ഭഞ്ജനുഃ — ശത്രൂണാം വിശേഷേണ ഭഞ്ജകഃ
മഘ-വാ സം-ഓഹം
രേണം — സമൂഢം പാപം

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

ഇയർത്തി — സ്തോതുസ്സകാശാൽ പ്രേരയതി

ഉത സ്തോതാരം
വസൌ ധാൽ — അപിചസ്തോതാരം ധനേ നിദധാതി

അർത്ഥം–ഐശ്വര്യവാനായ ഇന്ദ്രൻ ധനമില്ലായ്മകൊണ്ടു ക്ഷീണിക്കുന്ന ഒരുത്തനെ (ഉപാസകനെ) ധനസമൃദ്ധികൊണ്ട് അക്ഷീണനാക്കുന്നു. (ഒന്നുമില്ലാത്തവൻ ഇന്ദ്രനെ ഉപാസിച്ചാൽ സമ്പന്നനാവുന്നു.) ഇടിമിന്നലോടുകൂടിയ അന്തരിക്ഷം പോലെ ശത്രുക്കളെ പിളർക്കുന്ന മഘവാവ് കുട്ടുകൂടിയ പാപത്തെ സ്തോതാവിൽ നിന്നകററുന്നു. മാത്രമല്ല, സ്തോതാവിനെ ധനത്തിൽ സ്ഥാപിക്കുന്നു, ഇരുത്തുന്നു.

14 അയംചക്രമിഷണൽസൂര്യസ്യ
ന്യേതശംരീരമൽസസൃമാണം
ആകൃഷ്ണഈം ജുഹുരാണോജിഘർത്തി
ത്വചോബുധ്നേരജസോഅസ്യയോനൌ

അന്വയം:–

അയം സൂര്യസ്യ ചക്രം
ഇഷണൽ — ഇന്ദ്രഃ സൂര്യസ്യായുധം പ്രൈരയൽ
സസൃമാണം — യുദ്ധാർത്ഥം സരന്തം, ഗച്ഛന്തം
ഏതശം നി രീരമൽ — ഏതന്നാമാനമൃഷിംന്യരീരമൽ നിവാരിതവാൻ
ജുഹുരാണഃ — കടിലം യഥാഭവതി തഥാ സഞ്ചരൻ
കൃഷ്ണഃ — കൃഷ്ണവർണ്ണോമേഘഃ
ത്വചഃ ബുധ്നേ — തേജസഃ മൂലഭൂതേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രജസഃ അസ്യ യോനൌ — ഉദകസ്യ സ്ഥാനേന്തരിക്ഷേ സ്ഥിതം

ഈം ആ ജിഘർത്തി — ഏനമിന്ദ്രം ആസിഞ്ചതി

(ശത്രൂണാം പ്രേരിതാച്ചക്രാദേഃ തം രരക്ഷ)

അൎത്ഥം—ഇവിടെ ഒരു കഥാസൂചന:-സ്വശ്വൻ എന്ന ഒരു രാജാവു് പുത്രനുണ്ടാവാൻ വേണ്ടി സൂര്യനെ ഉപാസിച്ചു. സൂര്യൻ സ്വയം അദ്ദേഹത്തിന്നു പുത്രനായി പിറന്നു് ഏതശൻ എന്ന മഹൎഷിയുമായി യുദ്ധം ചെയ്തു. ആ ഋഷി യുദ്ധജയത്തിന്നുവേണ്ടി ഇന്ദ്രനെ സ്തുതിച്ചു. അവിടുന്നു് സ്വശ്വപുത്രനിൽ നിന്നു് മഹൎഷിയെ രക്ഷിച്ചു. ഇന്ദ്രൻ സൂര്യന്റെ ആയുധത്തെ മടക്കി. പോരിന്നുപോകുന്ന ഏതശനെന്ന ഋഷിയെ യുദ്ധത്തിൽ നിന്നു പിൻമാററി നിൎത്തി. വളഞ്ഞു ചുററുന്ന കരിമുകിൽ സൂര്യകിരണത്തിന്റെ മൂലസ്ഥാനമായ അന്തരിക്ഷത്തിൽ നിന്നുകൊണ്ടു് ഈ ഇന്ദ്രന്നു നനവിയററി. (ഏതശനെ പിൻമാററിയപ്പോഠം സൂര്യന്റെ ചൂടററ ആയുധം ഇന്ദ്രന്റെ നേക്കു വന്നു. ആ സമയത്തു് മേഘം അവിടുത്തെ മേൽ ജലം ചൊരിഞ്ഞു. അങ്ങിനെ ശത്രുവിന്റെ ചക്രത്തിൽനിന്നു ഭീതനായ ഏതശനെ രക്ഷിച്ചു.)

15 അസിക്നന്യാംയജമാനോനഹോതാ വ. 23

അന്വയം:-

(ഏകപദേയമൃക് പൂൎവ്വച്ഛാ ദൃഷ്ടാന്തത്വേന സംബദ്ധ്യതേ)

അസിക്ന്യാം — രാത്രൌ

യജമാനഃ ന ഹോതാ — ഹോതാരം, ആഹ്വാതാരമഗ്നിം സോമേനാസിഞ്ചതി തദ്വൽ മേഘഃ ഇന്ദ്രമാസിഞ്ചതി (ദ്വിതീയാൎത്ഥേ പ്രഥമാ)

അൎത്ഥം—ഏകപാദത്തോടുകൂടിയ ഈ ഋക് മുൻ ഋക്കിനോടു് ഉദാഹരണത്താൽ യോജിക്കുന്നു.

രാത്രിയിൽ യജമാനൻ ദേവന്മാരെ വിളിക്കുന്ന അഗ്നിയെ സോമംകൊണ്ടു് നനസ്സുന്നപോലെ മേഘം ഇന്ദ്രനെ നനസ്സുന്നു, നനച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

16 ഗവ്യന്തഇന്ദ്രംസഖ്യായവിപ്രാ

അശ്വായന്തോവൃഷണം വാജയന്തഃ

ജനീയന്തോജനിദാമക്ഷിതോതി

മാച്യാവയാമോവതേനകോശം

അന്വയം:—

ഗവ്യന്തഃ, അശ്വ–യന്തഃ	—	ഗാ ഇച്ഛന്തഃ, അശ്വാനിച്ഛന്തഃ
വാജ–യന്തഃ	—	വാജം, അന്നമിച്ഛന്തഃ
ജനി–യന്തഃ	—	ജായാമിച്ഛന്തഃ
വിപ്രാഃ സഖ്യായ	—	മേധാവിനസ്സ്തോതാരോ വയം ഇന്ദ്രസംബന്ധിനേ സഖിത്വായ
വൃഷണം, ജനി–ദാം	—	കാമവർഷകം, ജായാപ്രദം
അക്ഷിത–ഊതിം	—	അക്ഷീണരക്ഷണം, സർവ്വദാ രക്ഷകരം
അവതേ കോശം ന	—	കൂപേജലോദ്ധരണപാത്രമിവ, പാത്രം ജലേനപൂരയിതും യഥാ കൂപേ ആച്യാവയതിതഥാ
ഇന്ദ്രം ആ ച്യവയാമഃ	—	ആഗമയാമഃ

അർത്ഥം—പശുക്കളെ ഇച്ഛിക്കുന്നവരും കുതിരകളെ ആഗ്രഹിക്കുന്നവരും അന്നം കാംക്ഷിക്കുന്നവരും, ഭാര്യയെ കാമിക്കുന്നവരുമായ മേധാവികളായ സ്തോതാക്കൾ ഞങ്ങൾ, സഖ്യത്തിന്നായി കാമവർഷിതാവും ഭാര്യയെ കൊടുക്കുന്നവനും എപ്പോഴും തളരാത്ത രക്ഷണത്തോടുകൂടിയവനുമായ ഇന്ദ്രനെ, വെള്ളം കോരാൻ കിണററിലേക്കു് പാത്രമിറക്കുന്നപോലെ, ഇറക്കിക്കൊണ്ടുവരുന്നു.

17 ത്രാതാനോബോധിദദൃശാന ആപി

രഭിഖ്യാതാമർഡിതാസോമ്യാനാം

സഖാപിതാപിതൃതമഃ പിതൄണാം

കർത്തേമുലോകമുശതേവയോധാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

(ഹേ ഇന്ദ്ര) ആപിഃ — ആപ്തഃ
ദദൃശാനഃ — സർവ്വം പാലകത്വേനപശ്യംസ്ത്വം
നഃ ത്രാതാ ബോധി — അസ്മാകം രക്ഷകോഭവ
(കിംച) അഭി-ഖ്യാതാ,
മർഡിതാ — അഭിദ്രഷ്ടാ സുഖയിതാ
സോമ്യാനാം, സഖാ — സോമാർഹാനാം യജമാനാനാം സഖാ
പിതാ — പാലകഃ, ന കേവലം പാലകഃ
പിതൄണാം പിതൃ-തമഃ — പാലകാനാം മദ്ധ്യേ അതിശയേന പാലകഃ
കർത്താ ഈം ഉ — പിതൄണാം സ്രഷ്ടാച ത്വം
ലോകം ഉശതേ — സ്വർഗ്ഗാദിലോകം കാമയമാനസ്യ സ്തോത്രേ
വയഃ-ധാഃ — അന്നപ്രദഃ (ഭവ)

അർത്ഥം-അല്ലയോ ഇന്ദ്ര, ഏററവും അടുപ്പമുററവനും എല്ലാററിനെയും രക്ഷകനായി കാണുന്നവനുമായ അവിടുന്ന് ഞങ്ങൾക്കു രക്ഷകനായി ഭവിച്ചാലും. എല്ലാം നേരിട്ടു കാണുന്നവനും സുഖപ്രദനും സോമാർഹരായ യജമാനന്മാൎക്ക് ചങ്ങാതിയും പാലകനും-പാലകൻ മാത്രമല്ല, പാലകന്മാരിൽ വെച്ച് മികച്ച പാലകനും, പാലകന്മാരുടെ സ്രഷ്ടാവുമായ അവിടുന്ന് സ്വർഗ്ഗാദിലോകങ്ങളെ കാമിക്കുന്ന സ്തോതാവിനു, അന്നപ്രദനായാലും.

18 സഖീയതാമവിതാബോധിസഖാ
ഗൃണാനഇന്ദ്രസ്തുവതേവയോധാഃ
വയംഹ്യാതേചകൃമാസബാധ്
ആഭിശ്ശമീഭിർമ്മഹയന്തഇന്ദ്ര

അന്വയം:-

ഹേ ഇന്ദ്ര, (ത്വം) സഖീയതാം — സഖിത്വമിച്ഛതാമസ്മാകം

*41

CC-0. In Public Domain. Gurukul Kangri Collection, Haridwar

സഖാ, ബോധി — സഖാഭവ

(തഥാ) ഗൃണാനഃ

അവിതാ — സ്തൂയമാനസ്ത്വം രക്ഷകഃ ഭവ

ഹേ ഇന്ദ്ര, സ്തുവതേ

വയഃ ധാഃ — സ്തുതിം കുർവ്വതേമഹ്യം അന്നം
ആധാഃ ദേഹി

സ-ബാധഃ വയം ഹി — ബാധാസഹിതാ വയം ഖലു

ആഭിഃ ശമീഭിഃ മഹയന്തഃ — പ്രത്യക്ഷേണോപലഭ്യമാനൈഃ
കർമ്മഭിഃ (സ്തുതിരൂപൈഃ)
പൂജയന്തഃ

തേ ആ ചകൃമ — ത്വാം ആഹ്വയാമഃ

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്ന് സഖ്യമിച്ഛിക്കുന്ന ഞങ്ങൾക്ക് ചങ്ങാതിയായാലും. അതുപോലെ സ്തുതിക്കപ്പെടുന്ന അവിടുന്ന് ഞങ്ങൾക്ക് രക്ഷകനായാലും. അല്ലയോ ഇന്ദ്ര, സ്തുതി ചൊല്ലുന്ന എനിക്ക് അന്നം നല്കിയാലും, ബാധയേൽക്കുന്ന ഞങ്ങൾ ഈ കാണുന്ന കർമ്മങ്ങളാൽ (സ്തുതിരൂപങ്ങളാൽ) അവിടത്തെ വിളിക്കുന്നു.

19 സ്തുതഇന്ദ്രോമഘവായദ്ധവൃത്രാ
ഭൂരീണ്യേകോഅപ്രതീനിഹന്തി
അസ്യപ്രിയോജരിതായസ്യശർമ്മ
ന്നകിർദ്ദേവാവാരയന്തേനമർത്താഃ

അന്വയം:-

യൽ ഹ മഘ-വാ ഇന്ദ്രഃ

സ്തുതഃ — യദാ ഖലു ധനവാനിന്ദ്രഃ
അസ്മാഭിസ്തുതോഭവതി തദാസഃ

ഏകഃ ഭൂരീണി,

അപ്രതീനി — അസഹായ ഏവ ബഹൂനി
അപ്രതിഗമനാനി (അഭിഗമനയുക്താനി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൃത്രാ ഹന്തി — വൃത്രാണി, ശത്രൂൻ ഹിനസ്തി
യസ്യ ശർമ്മൻ — ശർമ്മണി, ആശ്രയേ വർത്തമാനം സ്തോതാരം
ദേവാഃ നകിഃ വാരയന്തേ — നിവാരണം ന കുർവ്വന്തി
മർത്താഃ ന — മനുഷ്യാശ്ച ന നിവാരയന്തി
അസ്യ ജരിതാ പ്രിയഃ — ഇന്ദ്രസ്യ സ്തോതാ പ്രിയോഭവതി

അർത്ഥം- എപ്പോഴാണോ ധനവാനായ ഇന്ദ്രൻ നമ്മളാൽ സ്തുതിക്കപ്പെട്ടവനായോ, അപ്പോഴവിടുന്ന് ഒററയ്ക്കുതന്നെ നേരെവരുന്ന എതിരററ ശത്രുക്കളെ ഹനിക്കുന്നു. ആരുടെ ആശ്രയത്തിൽ വർത്തിക്കുന്ന സ്തോതാവിനെ ദേവന്മാരും മനുഷ്യരും തടയുന്നില്ലയോ, ആ ഇന്ദ്രന്ന് സ്തോതാവു ഇഷ്ടനാകുന്നു. (ഇന്ദ്രന്നിഷ്ടനായാൽ പിന്നെ ആരും തടയുകയില്ല.)

20 ഏവാനഇന്ദ്രോമഘവാവിരപ്ശീ
കരൽസത്യാചർഷണീധൃദനർവ്വാ
ത്വംരാജാജനുഷാംധേഹ്യസ്മേ
അധിശ്രവോമാഹിനം യജ്ജരിത്രേ

അന്വയം:-
വി-രപ്ശീ — ബഹുവിധ ശബ്ദവാൻ
ചർഷണി-ധൃൽ — സർവ്വാസാം പ്രജാനാം ധാരയിതാ
അനർവ്വാ — അപ്രത്യൃതഃ, കേനാപി പ്രതികൂലേന ന പ്രാപ്തഃ
മഘ-വാ ഇന്ദ്രഃ ഏവ — ധനവാനിന്ദ്രഃ ഏവമസ്മാഭി സ്തുതസ്സൻ
നഃ സത്യാ കരൽ — അസ്മാകം സത്യരൂപാണ്യഭിമതാനി, ഫലാനികരോതു
(ഹേ ഇന്ദ്ര,) ജനുഷാം രാജാ ത്വം — ജന്മവതാം സർവ്വേഷാം പ്രഭുസ്ത്വം
മാഹിനം യൽ ശ്രവഃ — മഹിമ്നോപേതം യൽ യശഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജരിത്രേ — സ്തോത്രേ ദേയം ഭവതി തദ്യശഃ
അസ്മേ അധി ധേഹി — അസ്മാസു അധികത്വേന നിധേഹി

അത്ഥം-പലതരം ശബ്ദങ്ങളോടുകൂടിയവനും എല്ലാ പ്രജകളെയും സ്വയം പോററുന്നവനും ആരാലും പ്രതികൂലം ചെയ്യപ്പെടാത്തവനും, ധനവാനുമായ ഇന്ദ്രൻ നമ്മളാൽ ഇപ്രകാരം സ്തുതിയ്ക്കപ്പെട്ടു്, നമുക്കു് സത്യരൂപങ്ങളായ അഭീഷ്ടഫലങ്ങളെ ഉണ്ടാക്കട്ടെ. അല്ലയോ ഇന്ദ്ര, ലോകത്തിൽ പിറവിപൂണ്ട എല്ലാററിന്നും പ്രഭുവായ അവിടുന്നു്, മഹിമയോടുകൂടിയ യാതൊരു യശസ്സു് സ്തോതാവിന്നു് കൊടുക്കാവതായുണ്ടോ, ആ കീത്തി ഞങ്ങളിൽ ഉണ്ടാക്കിയാലും.

21 നൃഷ്ടുതഇന്ദ്രനൃഗൃണാന
ഇഷംജരിത്രേനദ്യോ൨൨നപീപേഃ
അകാരിതേഹരിവോബ്രഹ്മനവ്യം
ധിയാസ്യാമരത്ഥ്യസ്സദാസാഃ വ. 24

അന്വയം:-
(ഇതു് ഈ അധ്യായത്തിൽ 20-ാം വഗ്ഗത്തിൻെറ ഒടുവിൽ വ്യാഖ്യാനിച്ചിട്ടുണ്ടു്.)

വഗ്ഗം—25 -26. ത്രിഷ്ടുപ്ഛന്ദഃ ഇന്ദ്രാദിതി വാമദേവോ ദേവതാ

1 അയംപന്ഥാഅനുവിത്തഃപുരാണോ
യതോദേവാഉദജായന്തവിശ്വേ
അതശ്ചിദാജനിഷീഷ്ടപ്രവൃദ്ധോ
മാമാതരമമുയാപത്തവേകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

(ഇന്ദ്രാദിതിവാമദേവാനാം സംവാദഃ)

(ഇന്ദ്രവാക്യം) പുരാണഃ	—	അനാദിഃ
അയം പന്ഥാഃ	—	പ്രത്യക്ഷേണോപലഭ്യമാനഃ, യോനിനിർഗ്ഗമനരൂപോമാർഗ്ഗഃ
അനു–വിത്തഃ	—	ആനുപൂർവ്യേണ സർവൈർജ്ഞായമാനൈർല്ലബ്ധഃ
യതഃ വിശ്വേ ദേവാഃ	—	യസ്മാദ്യോനിമാർഗ്ഗാൽ സർവ്വേദേവാഃ
ഉൽ–അജായന്ത	—	ഉൽകർഷേണോൽപന്നാ ഭവന്തി

(തസ്മാദ്യോനിമാർഗ്ഗാൻ മനുഷ്യാഃ ഉൽപന്നാ ഭവന്തി, കിമുവക്തവ്യം?)

അതഃ ചിൽ	—	അസ്മാദ്യോനിമാർഗ്ഗാദേവ
പ്ര–വൃദ്ധഃ	—	ഗർഭേപ്രകർഷേണ വൃദ്ധിംഗതോ വാമദേവഃ
ആ ജനിഷീഷ്ട	—	ആസമന്താൽ ജായതാം
അമുയാ മാതരം	—	അമൂം മാതരം
പത്തവേ മാ കഃ	—	പതനായ, മരണായ മാ കരോതു

അർത്ഥം.—(ഗർഭത്തിൽ തന്നെ ജ്ഞാനിയായ വാമദേവൻ അമ്മയുടെ യോനിമാർഗ്ഗത്തിലൂടെ പുറത്തുവരാനിഷ്ടപ്പെട്ടില്ല. ഇതറിഞ്ഞ അമ്മ ഇന്ദ്രമാതാവായ അദിതിയെ ധ്യാനിച്ചു. വനത്തിലുള്ള അമ്മയുടെ അടുക്കൽ ഇന്ദ്രനോടുകൂടി അദിതി എത്തി. ഇന്ദ്രനുമദിതിയും ഗർഭസ്ഥനായ വാമദേവനും തങ്ങളിൽ സംവാദമുണ്ടായി. ആദ്യം ഇന്ദ്രവാക്യം —

അനാദിയും പ്രത്യക്ഷമായി പ്രാപിയ്ക്കാവുന്നതുമായ ഈ യോനിമാർഗ്ഗത്തിലൂടെയുള്ള പുറത്തുവരവ് ക്രമമായി ജനിയ്ക്കുന്ന എല്ലാവർക്കുമുള്ളതത്രെ. ദേവന്മാർ എല്ലാം യാതൊരു യോനിമാർഗ്ഗത്തിലൂടെ ഉല്പന്നരാണോ, ആ മാർഗ്ഗത്തിലൂടെത്തന്നെയത്രെ മനുഷ്യരും പിറന്നതു്. ഇതിലെന്തു പറയാനുള്ളു? അതുകൊണ്ടു് ഗർഭത്തിൽ വളർച്ച പ്രാപിച്ച വാമദേവൻ ഈ യോനിമാർഗ്ഗത്തിലൂടെത്തന്നെ മുറയ്ക്കു ജനിക്കട്ടെ. ഈ അമ്മയെ മരണത്തിന്നിടയാക്കരുതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

2 നാഹമതോനിരയാദുർഗ്ഗഹൈതത്

ത്തിരശ്ചതാപാർശ്വാന്നിർഗ്ഗമാണി

ബഹൂനിമേഅകൃതാകർത്വാനി

യുധ്യൈത്വേനസന്ത്വേനപൃച്ഛൈ

അന്വയം:—

(വാമദേവഃ ഏവമുക്തവന്തമിന്ദ്രം പ്രത്യാഹ)

അഹം അതഃ ന നിഃ അയ — യോനിമാർഗ്ഗാൽ ന നിരയാണി, ന നിർഗ്ഗച്ഛാനി

ഏതൽ ദുഃ—ഗഹാ — യോനിമാർഗനിർഗ്ഗമരൂപം വർത്മ ദുർഗ്രഹം, ദുഃഖേന ഗ്രാഹ്യം, ന പ്രാപ്യം

(കിംതു) തിരശ്ചതാ

പാർശ്വാൽ — തിരശ്ചീനാൽ പാർശ്വാൽ

നിഃ ഗമാനി — നിർഗ്ഗച്ഛാനി

(യോനിദേശാദനിർഗ്ഗതോഹം പാർശ്വം ഭിത്വാനിർഗ്ഗച്ഛാനി അന്യൈരകൃതമിദമേവ ന കേവലം മയാക്രിയതേ)

(കിന്ത്വന്യൈഃ) അകൃതാ — അകൃതാനി

ബഹൂനി മേ കർത്വാനി — ഭൂരീണി കർമ്മാണി മമ കർത്തവ്യാനി സന്തി

ത്വേന — ഏകേന സപത്നേന വിവാദമാനേന സഹ

യുധ്യൈ — യുദ്ധം കരവാണി

ത്വേന സം പൃച്ഛൈ — ഏകേന ബുഭുത്സുനാ സമ്യക് പൃച്ഛാനി

അർത്ഥം—(വാമദേവൻ ഇന്ദ്രനോടു മറുപടി പറയുന്നു)—ഞാൻ യോനി മാർഗ്ഗത്തിലൂടെ പുറത്തു വരുകയില്ല. ആ മാർഗ്ഗം ഗ്രഹിക്കാൻ പ്രാപിക്കാൻ പ്രയാസമാണ്. എന്നാൽ വിലങ്ങനെയുള്ള വാരിപ്പുറത്തെ ഭേദിച്ച്, പിളർന്ന് ഞാൻ പുറത്തു വരാം. (മററുള്ളവരാൽ ചെയ്യപ്പെടാത്തവ എന്നാൽ മാത്രം ചെയ്യപ്പെടുന്ന എന്നല്ലെ?) മററുള്ളവർ ചെയ്യാത്ത വളരെ കർമ്മ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ങ്ങൾ എനിക്കു ചെയ്യേണ്ടവയായുണ്ട്. വാദിക്കുന്ന ഒരു ശത്രുവിനോട് യുദ്ധം ചെയ്യേണ്ടതായുണ്ട്. ജിജ്ഞാസുവായ ഒരുവനോട് നന്നായി ചോദിക്കാനുണ്ട്.

3 പരായതീംമാതരമന്വചഷ്ട
നനാനുഗാന്യനുഗമാനി
ത്വഷ്ടുർഗൃഹേഅപിബൽസോമമിന്ദ്ര
ശ്ശതധന്യംചമ്വോസ്സുതസ്യ

അന്വയം:—

(മയി ഗർഭസ്ഥിതേസതി ഇന്ദ്രോമദീയാ:)
മാതരം പരാ-യതീം
അനു അചഷ്ട — ജനനീം പരേതാം മ്രിയമാണാം അന്വബ്രവീൽ
(ഏവമപീദാനീം ഗർഭസ്ഥിതോഹം പുരാണം പന്ഥാനം)
ന ന അനു ഗാനി — നാനുഗച്ഛാനീതി ന
(കിംതു) നു അനു ഗമാനി — ക്ഷിപ്രം അനുഗച്ഛാന്യേവ
(വാമദേവഃ സ്വകീയമകൃത്യകാരിത്വം പരിഹൃത്യ, ഇന്ദ്രസ്യാകൃത്യകാരിത്വം ഉത്തരാർദ്ധേന പ്രതിപാദയതി.)
ഇന്ദ്രഃ ചമ്വോഃ സുതസ്യ — സോമാഭിഷവ ഫലകയോഃ സോമമഭിഷുതവതഃ
ത്വഷ്ടുഃ ഗൃഹേ — തത്ര അനുപഹൂതസ്സൻ
ശത-ധന്യം സോമം — ബഹുധനേനക്രീതം സോമം
അപിബൽ — ബലാൽകാരേണ പാനം കൃതവാൻ

അർത്ഥം—ഞാൻ ഗർഭത്തിലിരിക്കേ അമ്മ മരിച്ചേയ്ക്കുമെന്നു പറഞ്ഞുവല്ലൊ. എന്നാലും ഇപ്പോൾ ഗർഭസ്ഥനായ ഞാൻ പഴയവഴി തുടരുന്നില്ലെന്നില്ല. അതുവേഗം തുടരുക തന്നെ ചെയ്യാം. (എനിവാമദേവൻ സ്വന്തം അകൃത്യപ്രവൃത്തിയെ വിട്ട്, ഇന്ദ്രന്റെ അകൃത്യപ്രവൃത്തിയെ ഉത്തരാർദ്ധത്തിൽ പ്രതിപാദിക്കുന്നു, ആക്ഷേപിക്കുന്നു.) സോമം സംസ്കരിക്കുന്ന ഇണത്തോൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സഞ്ചികളിൽ നിന്നു്, സോമം സംസ്കരിക്കുന്ന ത്വഷ്ടാവിൻെറ ഗൃഹത്തിൽ വിളിക്കപ്പെടാതെ, ക്ഷണിക്കപ്പെടാതെ ചെന്നു് എത്രയോ വില കൊടുത്തു വാങ്ങിയ സോമത്തെ (എൻെറ അകൃത്യത്തെപ്പററിപ്പറയുന്ന) ഇന്ദ്രൻ ബലാൽകാരമായി എടുത്തു കുടിച്ചു.

4 കിംസല്ലധക്കൃണവദ്യം സഹസ്രം

മാസോജഭാരശരദശ്ചപൂർവ്വീഃ

നഹീന്ന്വസ്യപ്രതിമാനമസ്ത്യ

ന്തജ്ജാതേഷൂതയേജനിത്വാഃ

അന്വയം:–

(അദിതിഃ) യം സഹസ്രം

മാസഃ — ബഹൂൻ മാസാൻ

പൂർവ്വീഃ ശരദഃ ച — ബഹൂൻ സംവത്സരാംശ്ച

ജഭാര — ബഭാര ഗർഭേസ്ഥിതഇന്ദ്രഃ ബഹുഷുസംവത്സരേഷു അദിതിം ക്ലേശിതവാൻ

(ഏവം ഭൂതഃ) സഃ

കിം ഋധക് — യൽകിമപിവിരുദ്ധം കർമ്മ

കൃണവൽ? — അകരോൽ ?

(ഇന്ദ്രസ്യാക്ഷേപം അസഹമാനാ അദിതിഃ ഏനം പ്രതി ബ്രൂതേ)

(ഹേ വാമദേവ) ജാതേഷു

അന്തഃ — ഉൽപന്നേഷുദേവാദിഷുമദ്ധ്യേ

ന അസ്യ പ്രതി–മാനം

നഹി അസ്തി — ഇദാനീം ഇന്ദ്രസ്യോപമാനം ന വിദ്യതേ ഖലു

ഉത യേ ജനി–ത്വാഃ — ജനയിതവ്യാഃ ജനയിഷ്യമാണാഃ തേഷുമദ്ധ്യേപി ഇന്ദ്രസ്യപ്രതിമാനംനാസ്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം—അദിതി ഏവനെ വളരെ മാസങ്ങളും വളരെ കൊല്ലങ്ങളും ഗഭ്ത്തിലേററിയോ, (ഗഭ്സ്ഥിതനായി വളരെ കൊല്ലങ്ങളോളം അദിതിയെ ക്ലേശിപ്പിച്ച) ഇന്ദ്രൻ അരുതാത്ത കമ്മമല്ലേ ചെയ്തതു്? (ഇന്ദ്രനെപ്പററിയ ആക്ഷേപം പൊറുക്കാതെ അദിതി മറുപടിപറയുന്നു.) അല്ലയോ വാമദേവ, ഉൽപന്നന്മാരായ ദേവന്മാരുടെ ഇടയിൽ ഇപ്പോഠം ഇന്ദ്രന്നുതുല്ല്യനായി ആരുമില്ല. മാത്രമല്ല, എനി ജനിക്കാൻ പോകുന്നവരിലും ഇന്ദ്രന്നു് സമാനനാരുമില്ല.

5 അവദ്യമിവമന്യമാനാഗുഹാക

രിന്ദ്രംമാതാവീര്യേണാന്യൃഷ്ടം

അഥോദസ്ഥാൽസ്വയമൽകംവസാന

ആരോദസീഅപൃണാജ്ജായമാനഃ വ. 25

അന്വയം:—

ഗുഹാ — ഗുഹായാം, ഗഹ്വരരൂപേ സൂതികാഗൃഹേ ജാതം
ഇന്ദ്രം അവദ്യം—ഇവ — ഗഹ്യമിവ
മന്യമാനാ മാതാ — ജാനതീ ഇന്ദ്ര ജനന്യദിതിഃ
വീര്യേണ നി—ഋഷ്ടം
അകഃ — സാമത്ഥ്യേന നിതരാം പ്രാപ്തമകരോഃ
അഥ ജായമാനഃ — അനന്തരമുൽപദ്യമാന ഇന്ദ്രഃ
സ്വയം അൽകം വസാനഃ — തേജഃ ആച്ഛാദകഃ, ധാനസ്സൻ
ഉൽ അസ്ഥാൽ — ഉൽക്കർഷേണാതിഷ്ഠൽ
(കിംച) രോദസീ ആ
അപൃണാൽ — സമന്താൽ പൂരയാമാസ

അത്ഥം—ഗുഹാരൂപമായ പേററുമുറിയിൽ ജനിച്ച ഇന്ദ്രനെ (ഇന്ദ്രനെ അപ്രകാരം പെററതു്) നിന്ദ്യമെന്നപോലെ വിചാരിച്ച അമ്മയായ അദിതി, അവിടുത്തെ സാമത്ഥ്യത്തോടുകൂടി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏററവും തൻേറടത്തോടുചേർന്നവനാക്കി, യോഗ്യനാക്കി. ഉൽപന്നനായ ഇന്ദ്രൻ തേജസ്സുകൊണ്ടു് സ്വയം മൂടി, ഉൽക്കർഷത്തോടുകൂടി വർദ്ധിച്ചു. പിന്നെ ദ്യാവാപൃഥിവികളിൽ സ്വയം നിറഞ്ഞുനിന്നു.

6 ഏതാ അർഷന്ത്യലലാഭവന്തീ
ഋതാവരീരിവസങ്ക്രോശമാനാഃ
ഏതാവിപൃച്ഛകിമിദംഭനന്തി
കമാപോഅദ്രിംപരിധിംരുജന്തി

അന്വയം:–

അലലാ–ഭവന്തീഃ — അലലേത്യേവം രൂപം ശബ്ദം കുർവ്വന്ത്യഃ
ഋതവരീഃ–ഇവ — ഉദകവത്യ ഏവ
ഏതാഃ (നദ്യഃ)
സം–ക്രോശമാനാഃ — ഇന്ദ്രമഹത്വ പ്രതിപാദകോത്ഭൂതേന ഹർഷേണ ബഹുവിധം ശബ്ദായമാനാസ്സത്യഃ
അർഷന്തി — ഗച്ഛന്തി
(ഏവം ഭൂതാനദ്യഃ) ഇദം
കിം ഭനന്തി — ശ്രോത്രഗ്രാഹ്യം ശബ്ദായമാനം കിംവദന്തി? ഇമമർത്ഥം ഹേ ഋഷേ, ത്വം
ഏതാഃ (നദീഃ) വി പൃച്ഛ — വിശേഷേണ പൃഷ്ടവാൻ ഭവ
(വിചാരിതേസതി ഏതച്ഛബ്ദായമാനമിന്ദ്രമാഹാത്മ്യസ്യൈവ വചനം ഭവതി)
(കിംച) ആപഃ
പരി–ധിം — ഉദകാന്യാവരകം
കം അദ്രിം രുജന്തി? — കം മേഘം ഭഞ്ജന്തി?
(ആപഃ കമപി മേഘം ന ഭഞ്ജന്തി; ഇന്ദ്രോമമപുത്രഃ മേഘം ഭങ്ക്ത്വാ ആപഃ പ്രവർത്തയതി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം—'ജലലാ' എന്നിപ്രകാരം ശബ്ദമുണ്ടാക്കുന്ന ജലവതികളായ ഈ നദികൾ തന്നെ ഇന്ദ്രൻെറ മഹത്വത്തെ പ്രതിപാദിച്ചതിലുള്ള ഹർഷംകൊണ്ടാണ് പലതരം ശബ്ദമുണ്ടാക്കി, ഒഴുകിപ്പോകുന്നത്. ഇപ്രകാരമുള്ള നദികൾ ഈ ചെവിയിൽ പതിക്കുന്ന ശബ്ദത്താൽ എന്തർത്ഥത്തെയാണു പറയുന്നതെന്നു, അല്ലയോ ഋഷേ, അങ്ങ് ഈ നദികളോട് നന്നായി ചോദിക്കൂ. (വിചാരിച്ചാൽ ഈ നദീശബ്ദം ഇന്ദ്രമാഹാത്മ്യ വചനമാകുന്നു). ജലങ്ങൾ, അവയെ തടഞ്ഞ ഏതെങ്കിലും മേഘത്തെ പിളന്നിട്ടുണ്ടോ? (പിളന്നിട്ടില്ല); എൻെറ മകനായ ഇന്ദ്രനാണ് മേഘം പിളന്ന് വെള്ളങ്ങൾ വിട്ടതു്.

7 കിമുഷ്വിദസ്മൈനിവിദോഭനന്തേ
ന്ദ്രസ്യാവദ്യംദിധിഷന്തആപഃ
മമൈതാൻപുത്രോമഹതാവധേന
വൃത്രംജഘന്വാ്അസൃജദ്വിസിന്ധൂൻ

അന്വയം:—

(യദേന്ദ്രോ വൃത്രം ഹതവാൻ തദാശാശ്വതീം ബ്രഹ്മഹത്യാം പ്രാപ്തവാനിതി വാമദേവസ്യാഭിപ്രായമുന്നീയ അദിതിരാഹ)

നി—വിദഃ — മരുത്വതീയശസ്ത്രേ ഇന്ദ്രസ്തുതിപ്രതിപാദകാനികാനിചിൽ പദാനി

അസ്മൈ — ഇമം, വൃത്രവധനിമിത്തം ബ്രഹ്മഹത്യാരൂപം പാപം പ്രാപ്പുവന്തമിന്ദ്രം

കിം ഉ സ്വിൽ ഭനന്ത — ഭനന്തി, കിംവദന്തീതിചേൽ

(തർഹി ഇന്ദ്രം പാപരഹിതം മത്വാതം സ്തുവന്തി)

(കഥമിന്ദ്രസ്യ പാപരഹിതത്വം? ഉച്യതേ)

ആപഃ ഇന്ദ്രസ്യ — ഫേനരൂപേണാസ്യ

അവദ്യം ദിധിഷന്തേ — ബ്രഹ്മഹത്യാദിരൂപം പാപം ധാരയന്തി

മമ പുത്രഃ മഹതാ വധേന — വജ്രേണ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൃത്രം ജഘന്വാൻ — ഹതവാൻ
(തതഃ) ഏതാൻ
സിന്ധൂൻ — ഉദകാനി
വി അസൃജൽ — വിശേഷേണ സ്വൈരത്വേന
സത്ത്വം സൃഷ്ടവാൻ
(ഇന്ദ്രേണോൽസൃഷ്ടാ ആപഃ തസ്യപാപം ജഗൃഹുഃ)

അർത്ഥം—(ഇന്ദ്രൻ വൃത്രനെ കൊന്നപ്പോൾ നിത്യമായ ബ്രഹ്മഹത്യാപാപം പ്രാപിച്ചു എന്ന വാമദേവന്റെ അഭിപ്രായമുന്നയിച്ചുകൊണ്ടു്, അദിതി പറയുന്നു) —

മരുത്വദീയശസ്ത്രത്തിൽ ഇന്ദ്രസ്തുതിപരങ്ങളായ ചില പദങ്ങളും, നിവിത്തുക്കളും, ഈ വൃത്രവധഭവമായ ബ്രഹ്മഹത്യാപാപം പ്രാപിച്ച ഇന്ദ്രനെപ്പററി എന്തുപറയുന്നു എന്നോ? ഇന്ദ്രനെ പാപരഹിതനായി സ്തുതിക്കുകയാണു് ചെയ്യുന്നതു്. (എങ്ങിനെ ഇന്ദ്രൻ പാപരഹിതനായി എന്നു് പറയപ്പെടുന്നു.) ജലങ്ങൾ നുരപതകളുടെ രൂപത്തിൽ ഇന്ദ്രന്റെ പാപം ധരിയ്ക്കുന്നു. എന്റെ മകൻ പെരിയ വജ്രായുധത്താൽ. വൃത്രനെക്കൊന്നു. പിന്നെ ഈ ജലങ്ങളെ സ്വൈരമായൊഴുകാൻ വിട്ടു. (ഇന്ദ്രനാൽ വിടപ്പെട്ട ജലങ്ങൾ അദ്ദേഹത്തിന്റെ പാപമേറെറടുത്തു.)

8 മമച്ചനത്വായുവതിഃപരാസ
മമച്ചനത്വാകുഷവാജഗാര
മമച്ചിദാപശ്ശിശവേമമൃഡ്യു
മ്മമച്ചിദിന്ദ്രസ്സഹസോദതിഷ്ഠൽ

അന്വയം:-
(സൂക്തശേഷേണ ഋഷിഃ ഇന്ദ്രം സ്തൌതി)
(ഹേ ഇന്ദ്ര,) മമൽ ചന — മാദൃശ്യേവ, പ്രമത്തൈവ
യുവതിഃ — ത്വദീയാമാതാദിതിഃ
ത്വാ പരാ—ആസ — പരാചിക്ഷേപ
(കിംച) കുഷവാ മമൽ ചന — തന്നാമ്നീ രാക്ഷസീ പ്രമത്തൈവ
ത്വാ ജഗാര — ഗിരതിസ്മ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(ഹേ ഇന്ദ്ര,) മമൽ ചിൽ — പ്രമാദ്യന്ത്യഃ ഏവ
ആപഃ ശിശവേ — ജാതായതുഭ്യം
മമ്ഡ്യുഃ — സുഖയാം ചക്രുഃ
മമൽ ചിൽ — മാദ്യന്നേവ
ഇന്ദ്രഃ സഹസാ ഉൽ
അതിഷ്ഠൽ — സ്വേനവീര്യേണ സൂതികാ
ഗൃഹാൽ രാക്ഷസീംബാധമാന
സ്സൻ പ്രകഷേണതസ്ഥൌ

അർത്ഥം—(ബാക്കി സൂക്തംകൊണ്ടു് ഋഷി ഇന്ദ്രനെ സ്തുതി കുന്നു.) ആനന്ദമത്തയായി അവിടത്തെ മാതാവായ, യുവതിയായ അദിതി അവിടത്തെ പുറത്തുവിട്ടു, പ്രസവിച്ചു. കുഷവാ എന്ന രാക്ഷസി പ്രമത്തയായിത്തന്നെ അവിടത്തെ വിഴുങ്ങി. അല്ലയോ ഇന്ദ്ര, ആനന്ദമത്തകളായിത്തന്നെ ജലങ്ങരം കുട്ടിയായ അവിടത്തെ സുഖിപ്പിച്ചു. ആനന്ദമത്തനായിത്തന്നെ ഇന്ദ്രൻ സ്വവീര്യത്താൽ പേററുമുറിയിൽ നിന്നു് രാക്ഷസിയെ മടക്കി ഉൽക്കഷ്ത്തോടുകൂടി സ്ഥിതിചെയ്തു.

9 മമ്ച്ചനതേമഘവന്ന്വ്യംസോ
നിവിവിധ്വാ് അപഹനൂജഘാന
അധാനിവിദ്ധഉത്തരോബഭൃ്വാ
ഞ്ഛിരോദാസസ്യസംപിണഗ്വധേന

അന്വയം:—

ഹേ മഘ-വൻ — ധനവൻ, ഇന്ദ്ര,
മമൽ ചന — പ്രമാദ്യന്നേവ
വി—അംസഃ — തന്നാമകോരാക്ഷസഃ
നി—വിവിധ്വാൻ — പ്രവിദ്ധ്യൻ
തേ ഹനൂ — ത്വദീയേഹനൂ, മുഖപാർശ്വേ
അപ ജഘാന — അപഘതവാൻ
അധ നി—വിദ്ധഃ — അഥരാക്ഷസേനതാഡിതസ്ത്വം
ഉൽ-തരഃ ബഭൃവാൻ — വ്യംസാദധികബലോഭൃതസ്സൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

ദാസസ്യ ശിരഃ — ക്ഷീണസ്യരാക്ഷസസ്യശിരഃ
വധേന സം പിണക് — വജ്രേണപിഷ്ടവാനസി

അത്ഥം–അല്ലയോ ധനവാനായ ഇന്ദ്ര, പ്രമത്തനായിത്തന്നെ വ്യംസൻ എന്ന രാക്ഷസൻ അടിച്ച്, അവിടത്തെ താടിയെല്ലുകളെല്ലാം ഹനിച്ചു. അപ്പോഠം വ്യംസനാൽ അടിക്കപ്പെട്ട അവിടുന്ന് അവനേക്കാഠം മികച്ച ബലത്തോടുകൂടി ഭവിച്ച് ക്ഷീണിച്ച രാക്ഷസൻെറ തല വജ്രായുധത്താൽ പൊടിച്ചു.

10 ഗൃഷ്ടിസ്സസൂവസ്ഥവിരന്തവാഗാ
മനാധൃഷ്യംവൃഷഭംതുമ്രമിന്ദ്രം
അരീള്ഹംവഥ്സംചരഥായമാതാ
സ്വയംഗാതുംതന്വഇച്ഛമാനം

അന്വയം:—

(യഥാ) ഗൃഷ്ടിഃ വഥ്സം
സസൂവ — കാചിൽഗൌഃ വത്സം സുഷുവേ തഥാ
മാതാ ചരഥായ — ഇന്ദ്ര ജനന്യദിതിഃ സ്വേച്ഛയാ സഞ്ചരണായ
സ്ഥവിരം, തവാഗാം — വയസാ പ്രവൃദ്ധം, പ്രവൃദ്ധബലം
അനാധൃഷ്യം — ശത്രുഭിരനഭിഭാവ്യം, അനഭിഗമ്യം
വൃഷഭം, തുമ്രം — സേചനസമത്ഥം, പ്രേരകം
അരീള്ഹം — ശത്രുഭിരനഭിഭൂതം
സ്വയം ഗാതും — അന്യനിരപേക്ഷഗമനം
തന്വേ ഇച്ഛമാനം ഇന്ദ്രം — സ്വശരീരായ ഇച്ഛന്തം (ഇന്ദ്രാസസൂവ, സുഷുവേ)

അത്ഥം- ഒരു പൈ, കട്ടിയെപ്പെററപോലെ, ഇന്ദ്രൻെറ അമ്മയായ അദിതി സ്വേച്ഛാപ്രകാരം നടക്കുന്നതിന്നായി, വയസ്സുകൊണ്ട് മൂപ്പ ചെന്നവനും മികച്ച ബലമൊത്തവനും ശത്രുക്കഠംക്കടക്കാൻ പററാത്തവനും മഴ പെയ്യിക്കുന്നതിൽ സമ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്ഥനും ഏവരേയും അവരവരുടെ കമ്മങ്ങറംക്ക് പ്രേരിപ്പിക്കുന്നവനും ശത്രുക്കളാൽ അജിതനും ആരുടെയും സഹായം കൂടാതെ ഗമിക്കുന്നവനും തനിക്കു ശരീരമിച്ഛിക്കുന്നവനുമായ (അതായത് സ്വയം ജനിക്കാനിഷ്ടപ്പെട്ട) ഇന്ദ്രനെ പ്രസവിച്ചു.

11 ഉതമാതാമഹിഷമന്വവേന

ദമീത്വാജഹതിപുത്രദേവാഃ

അഥാബ്രവീദ്വൃത്രമിന്ദ്രോഹനിഷ്യ

ന്ഥ്സഖേവിഷ്ണോവിതരം വിക്രമസ്വ

അന്വയം:-

ഉത ഹേ പുത്ര — അപിചമദീയപുത്ര, ഇന്ദ്ര
അമീ ദേവാഃ — അഗ്ന്യാദയഃ
ത്വാ ജഹതി — ത്വാം ത്യജതീത്യുക്തവതീന്ദ്രസ്യ
മാതാ മഹിഷം — അദിതഃ ഇന്ദ്രം മഹാന്തം
അനു അവേനൽ — അയാചത
അഥ ഹേ വിഷ്ണോ, സഖേ — വ്യാപനശീല, മിത്രഭൃത, ഹരേത്വം
വൃത്രം ഹനിഷ്യൻ — ഹന്തുമിച്ഛൻ
വി-തരം വി ക്രമസ്വ — അതിപരാക്രമീഭവ ഇതി
ഇന്ദ്രഃ (വിഷ്ണും)
അബ്രവീൽ — ഉവാച

അത്ഥം- എന്റെ പുത്രനായ ഇന്ദ്ര, ഈ അഗ്നി മുതലായ ദേവന്മാർ നിന്നെ ഉപേക്ഷിയ്ക്കുന്നു എന്നു് പറഞ്ഞു് അമ്മയായ അദിതി ഇന്ദ്രനെ മഹാനാക്കാൻ യാചിച്ചു, (ഈശ്വരനോട്ട് പ്രാത്ഥിച്ചു.) 'അല്ലയോ എങ്ങും വ്യാപിച്ച വിഷ്ണോ, സഖാവേ, അവിടുന്നു് വൃത്രനെ കൊല്ലുവാനിച്ഛിച്ചു് അതിപരാക്രമിയായി ഭവിച്ചാലും' എന്നു് ഇന്ദ്രൻ വിഷ്ണുവിനോട്ട് പറഞ്ഞു. (അതുപ്രകാരം വിഷ്ണുശക്തി ഇന്ദ്രനിൽ സന്നിവേശിച്ചിട്ടാണ് വൃത്രനെ കൊല്ലാൻ സാധിച്ചതെന്നു് ധ്വനി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

12 കസ്തേമാതരംവിധവാമചക്ര

ച്ഛയുംകസ്ത്വാമജിഘാംസച്ചരന്തം

കസ്തേദേവോഅധിമാർഡീകആസീ

ദ്യൽപ്രാക്ഷിണാഃപിതരംപാദഗൃഹ്യ

അന്വയം:—

(ഹേ ഇന്ദ്ര,) യൽ — യസ്മാൽ പിതുസ്സകാശാൽ ജനിഷ്യമാണാൽ ഭീതസ്ത്വം തവദീയം

പിതരം പാദ-ഗൃഹ്യ — പാദേഷുഗൃഹീത്വാ

പ്ര അക്ഷിണാഃ — പ്രകർഷേണാവധീഃ

(തസ്മാൽ) തേ — ത്വത്തോന്യഃ

കഃ മാതരം വിധവാം

അചക്രൽ — സ്വകീയജനനിം പിതൃവധേന പതിരഹിതാമകരോൽ

(ത്വത്തോന്യഃ) കഃ ശയും

ചരന്തം — ശയാനം ജാഗ്രതം വാ

ത്വാം അജിഘാംസൽ — ഹന്തുമൈച്ഛൽ

തേ (ത്വത്തോന്യഃ) കഃ ദേവഃ

മാർഡ്രീകേ അധി

ആസീൽ — പ്രജാനാം സുഖകരണേ അധികഃ ആസീൽ

അർത്ഥം—അല്ലയോ ഇന്ദ്ര, യാതൊരു കാരണത്താൽ പിതാവിങ്കൽ നിന്നു് ജനിക്കുന്നതിൽ പേടിച്ചു്, അവിടുന്നു് സ്വന്തം അച്ഛനെ കാൽകളിൽ പിടിച്ചു് മുറുക്കി കൊന്നുവോ, ആ കാരണത്താൽ അവിടുന്നല്ലാതെ വേറെ ആർ അച്ഛനെ കൊന്നു് അമ്മയെ വിധവയാക്കി? അവിടുന്നല്ലാതെ വേറെ ആർ കിടക്കുന്നവനോ, നടക്കുന്നവനോ ആയ അവിടുത്തെ (തന്നേത്തന്നെ) കൊല്ലാനിച്ഛിച്ചു? അവിടുന്നല്ലാതെ ഏതു ദേവൻ പ്രജകൾക്കു് സുഖമുണ്ടാക്കുന്നതിൽ അധികം സമർത്ഥനായി? (ഇന്ദ്രൻ തന്റെ ജനയിതാവായ അച്ഛനെ കാൽപിടിച്ചുകൊന്നു എന്നതിന്നു്, ജനിച്ചതോടുകൂടി ജന്മബന്ധമുക്തനായി, സ്വത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്ത്രനായി എന്നർത്ഥം. കിടക്കുന്നവനെ കൊന്നു എന്നു പറയുന്നിടത്തു് തന്നെത്തന്നെ കൊന്നു എന്നു് പ്രസ്താവിച്ചിട്ടുള്ളതു് നിരായുധനായ ശത്രുവിനെ (വൃത്രനെ) കൊന്നതു് തന്നേത്തന്നേ ഹനിച്ചപോലെയാണെന്നു് സൂചന. ഇവിടെ വാമദേവൻെറ നിന്ദാസ്തുതിയാണു്.)

13 അവർത്ത്യാശ്ശുനആന്ത്രാണിപേചേ
നദേവേഷുവിവിദേമർഡിതാരം
അപശ്യംജായാമമഹീയമാനാ
മധാമേശ്യേനോമധ്വാജഭാര

വ. 26

അന്വയം:–

(അനയാ വാമദേവഃ സ്വകീയം ദാരിദ്ര്യം സൂചയതി)

(അഹം) അവർത്ത്യാ — ജീവനോപായരാഹിത്യേന
ശുനഃ ആന്ത്രാണി പേചേ — ശുനകസംബന്ധിപുരീതന്തി അപചൽ
ദേവേഷു — ദ്യോതമാനേഷു, അഗ്ന്യാദിഷു മദ്ധ്യേ ഇന്ദ്രാദന്യം
മർഡിതാരം ന വിവിദേ — സുഖയിതാരം നലേഭേ
(കിംച) ജായാം
അമഹീയമാനാം — അശ്ലാഘനീയാം
അപശ്യം — അദ്രാക്ഷം
അധ ശ്യേനഃ — ശ്യേനവച്ഛീഘ്രഗാമീന്ദ്രഃ
മേ മധു ആ ജഭാര — മധുരോപേതമുദകമാജഹാര

അർത്ഥം–(വാമദേവൻ സ്വന്തം ദാരിദ്ര്യം സൂചിപ്പിക്കുന്നു.) ജീവനോപായമില്ലാതെ നായുടെ കുടലുകരം വാമദേവനായ ഞാൻ വേവിച്ചിട്ടുണ്ടു്. അഗ്ന്യാദി ദേവന്മാരുടെ ഇടയിൽ ഇന്ദ്രനെക്കൂടാതെ മററൊരു സുഖദാതാവിനെ ലഭിച്ചില്ല. ഭാര്യയെ ഞാൻ അശ്ലാഘ്യയായി, എൻെറ കഷ്ടപ്പാടറിഞ്ഞു് പരിചരിക്കാത്തവളായി, കണ്ടു. അപ്പോരം പരുന്തിൻെറ വേഗമുററ ഇന്ദ്രൻ മാധുര്യമുററ ജലം കൊണ്ടുവന്നു. (മഴ പെയ്യിച്ചു.)

(അഞ്ചാമധ്യായം സമാപ്തം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായപീഠിക

അഷ്ടകം--3 അധ്യായം--6

വർഗ്ഗം--1 മുതൽ 14 കൂടി ഇന്ദ്രൻ ദേവത. 15ൽ ദേവതവാമദേവനെന്നും ഇന്ദ്രനെന്നും പക്ഷാന്തരമുണ്ട്. ആരായാലും അതിൽ തന്നെ സർവ്വാത്മകനെന്നു പറയുന്നു. ഇതിൽ 6--ം 7--ം മന്ത്രങ്ങൾ സ്വർഗ്ഗത്തിൽനിന്നുള്ള സോമാഹരണം പ്രതിപാദിക്കുന്നു. വർഗ്ഗം 16ൽ ഇന്ദ്രനോ വരുണനോ ദേവത. ഇതിലും സോമഹരണപ്രസ്താവമുണ്ട്. 17ൽ ഇന്ദ്രസോമന്മാർ. 18 മുതൽ 23 കൂടി ഇന്ദ്രനും ഉഷസ്സും ദേവതകൾ. ഇതിൽ 24--ാം മന്ത്രം (ഒടുവിലത്തെ മന്ത്രം) ഏവക്കുമെന്നും പ്രാത്ഥിക്കാനുപയോഗിക്കാവുന്നതാണ്. 24 മുതൽ 30 കൂടി വർഗ്ഗങ്ങൾ ഇന്ദ്രൻ തന്നെ ദേവത.

അഷ്ടകം--3 അധ്യായം--6 വർഗ്ഗം 1-2 വാമദേവഃ ഋഷിഃ ത്രിഷ്ടുപ്ഛന്ദഃ ഇന്ദ്രോദേവതാ.

1 ഏവാത്വാമിന്ദ്രവജ്രിന്നത്ര
വിശ്വേദേവാസസ്സുഹവാസഊമാഃ
മഹാമുഭേരോദസീവൃദ്ധമൃഷ്വം
നിരേകമിദ്വൃണതേവൃത്രഹത്യേ

അന്വയം:--

അത്ര ഹേ വജ്രിൻ, ഇന്ദ്ര — അസ്മിൻ ലോകേവജ്രവന്നിന്ദ്ര
സു--ഹവാസഃ — സുഹവാഃ, ശോഭനാഹ്വാനാഃ
ഊമാഃ വിശ്വേ ദേവാസഃ — രക്ഷകാസ്സർവ്വേദേവാഃ
ഉഭേ രോദസീ — ദ്യാവാപൃഥിവ്യൌ ച
ഏവ മഹാം — ഏവം സ്തൂയമാനം മഹാന്തം
വൃദ്ധം, ഋഷ്വം — ഗുണൈഃ പ്രവൃദ്ധം, ദർശനീയം
ത്വാം ഏകം ഇൽ — ഏകമേവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൃത്ര_ഹത്യേ നിഃ
വൃണതേ — വൃത്രഘ്നനനാത്ഥം നിശ്ശേഷേണ സംഭജന്തേ

അത്ഥം—ഈ ലോകത്തിൽ, അല്പയോ വജ്രായുധനായ ഇന്ദ്ര, ഏവരാലും നന്നായി വിളിക്കപ്പെടുന്ന, രക്ഷകരായ എല്ലാ ദേവന്മാരും ദ്യാവാപൃഥിവികളും, മഹാനും ഗുണങ്ങളാൽ പ്രവൃദ്ധനും ദശ്നീയനുമായ അവിടുന്നേകനെത്തന്നെയാണ് വൃത്രവധത്തിന്നായി തികച്ചും ആശ്രയിക്കുന്നത്.

2 അവ്ാസൃജന്തജിവ്രയോനദേവാ

ഭുവസ്സമ്രാളിന്ദ്രസത്യയോനിഃ

അഹന്നഹിംപരിശയാനമണ്ണഃ

പ്രവത്തനീരരദോവിശ്വധേനാഃ

അന്വയം:—

ഹേ ഇന്ദ്ര, ദേവാഃ
ജിവ്രയഃ ന — ജീണ്ണാഃ പിതരഃ യൂനഃ പുത്രാനിവ
(ത്വാം) അവ അസൃജന്ത — അസുരവധാത്ഥം പ്രൈരയൻ
(തതഃ) സത്യ—യോനിഃ — സത്യനിവാസസ്ഥം
സം—രാട് ഭുവഃ — സവ്വേഷാം ലോകാനാമധീശ്വരഃ അഭവഃ
അണ്ണഃ പരി—ശയാനം — ഉദകം ലക്ഷീകൃത്യ പരിതശ്ശയനം കുവ്വന്തം
അഹിം അഹൻ — വൃത്രാസുരമവധീഃ
വിശ്വ—ധേനാഃ — വിശ്വസ്യപ്രീണയിത്രീഃ
വത്തനീഃ — സവ്വത്രപ്രവത്തികാനദീഃ
പ്ര അരദഃ — പ്രകഷേണവിലേഖനം കൃതവാനസി
(ഇന്ദ്രോവൃത്രം ഹത്വാ തേനാവൃതാന്യുദകാനി പ്രവാഹരൂപേണ പ്രവത്തയതി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം–അല്ലയോ ഇന്ദ്ര, വൃദ്ധരായി ജരബാധിച്ച അച്ഛന്മാർ യുവാക്കളായ മക്കളെ കർമ്മങ്ങൾക്ക് പ്രേരിപ്പിക്കുന്നപോലെ ദേവന്മാർ അവിടുത്തെ അസുരവധത്തിന്നായി പ്രേരിപ്പിച്ചു. അപ്പോൾ സത്യവർത്തിയായ അവിടുന്ന് എല്ലാ ഭുവനങ്ങൾക്കും അധീശ്വരനായി ഭവിച്ചു. വെള്ളത്തെ ഉന്നംവെച്ച് (ജലങ്ങളുടെ ഗതി മുടക്കി) മുററും കിടക്കുന്ന വൃത്രനെ കൊന്നു. ലോകത്തെ പ്രീണിപ്പിക്കുന്നവയും എങ്ങും പ്രവർത്തിക്കുന്നവയുമായ പുഴകളെ അവിടുന്ന് കുഴിച്ചുണ്ടാക്കി. (ഇന്ദ്രൻ വൃത്രനെ കൊന്ന്, തടയപ്പെട്ട ജലങ്ങൾ പ്രവാഹരൂപത്തിലൊഴുക്കി. ഇവിടെ വൃത്രപദംകൊണ്ട് മേഘമെന്നും അർത്ഥമെടുക്കാം.)

3 അതൃപ്ണുവന്തംവിയതമബുധ്യ
മബുധ്യമാനംസുഷുപാണമിന്ദ്ര
സപ്തപ്രതിപ്രവതആശയാന
മഹിംവജ്രേണവിരിണാഅപവ്ൻ

അന്വയം:–

ഹേ ഇന്ദ്ര, (ത്വം)

അതൃപ്ണുവന്തം	— ഭോഗേഷു അതൃപ്യന്തം
വി–യതം, അബുധ്യം	— ശിഥിലാങ്ഗം, ദുർവ്വിജ്ഞാനം
അബുധ്യമാനം,	
സുസുപാനം	— കിമപ്യജാനന്തം, സുപ്തം
സപ്ത പ്ര–വതഃ (അവഃ)	
പ്രതി ആ–ശയാനം	— ആവൃത്യതിഷ്ഠന്തം
അഹിം അപവ്ൻ	— വൃത്രം അപവൃണി, പൌർണ്ണമാസ്യാം
വജ്രേണ വി രിണാഃ	— വ്യരിണാഃ വിശേഷേണ ഹതവാനസി

അർത്ഥം–അല്ലയോ ഇന്ദ്ര, ഭോഗസുഖങ്ങളിൽ തൃപ്തി വരാത്തവനും കുഴഞ്ഞുതളർന്ന അംഗങ്ങളോടു കൂടിയവനും ഒന്നുമറിവാൻ കഴിവററവനും ഒന്നുമറിയാത്തവനും ഏഴു ജലങ്ങളെ മൂടി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കിടക്കുന്നവനുമായ വൃത്രനെ അവിടുന്ന് വെളുത്ത വാവിൻ നാറും വജ്രത്താൽ കൊന്നു.

4 അക്ഷോദയേച്ഛവസാക്ഷാമബുധ്നം

വാണ്ണവാതസ്തവിഷീഭിരിന്ദ്രഃ

ദൃള്ഹാന്യൗഭ്നാദുശമാനഓജോ

വാഭിനൽകകുഭഃപവ്വ്തനാം

അന്വയം:–

ഇന്ദ്രഃ ശവസാ	— പരമൈശ്വര്യയുക്തഃ ബലേന
വാതഃ തവിഷീഭിഃ	
വാഃ ന	— വായുഃ ബലൈരുദകമിവ
ക്ഷാമ ബുധ്നം	— ക്ഷീണോദകമന്തരിക്ഷം
അക്ഷോദയൽ	— സംപിപേഷ
(കിംച) ഓജഃ ഉശമാനഃ	— ബലം കാമയമാന ഇന്ദ്രഃ
ദൃള്ഹാനി	— ദൃഢാനി, സ്ഥിരാണ്യപ്യഭ്രാണി
ഔഭ്നാൽ	— അഭാങ്ക്ഷീൽ
(തഥാ) പവ്വ്തനാം	
കകുഭഃ	— ഗിരീണാം പക്ഷാൻ
അവ അഭിനൽ	— അത്യന്തമഭൈത്സീൽ

അത്ഥം—പരമേശ്വരനായ ഇന്ദ്രൻ സ്വബലത്താൽ, കാററ്, സ്വശക്തികളാൽ വെള്ളത്തെയെന്നപോലെ, വെള്ളം കുറഞ്ഞ അന്തരീക്ഷത്തെ തീരേ വററിച്ചു, നിജ്ജലമാക്കി. പിന്നെ ബലമിച്ഛിക്കുന്ന ഇന്ദ്രൻ ഉറപ്പുററവയെങ്കിലും മേഘങ്ങളെപ്പിളന്നു. അതിന്നുശേഷം മലകളുടെ ചിറകുകറം തീരേ മുറിച്ചു.

5 അഭിപ്രദദ്രുജ്ജനയോനഗഭം

രഥാഇവപ്രയയുസ്സാകമദ്രയഃ

അതപ്പയോവിസൃതഉബ്ജഊമ്മീ

ന്ത്വംവൃതാഅരിണാഇന്ദ്രസിന്ധൂൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

ഹേ ഇന്ദ്ര, അദ്രയഃ — ത്വാം മരുതഃ
ജനയഃ ഗർഭം ന പ്ര
അഭി ദദ്രുഃ — ജനന്യഃ പുത്രമിവാഭിജഗ്മുഃ
(കിംച) രഥാഃ-ഇവ
സാകം പ്ര യയുഃ — രഥാ ഇവ ത്വയാസഹിതം പ്രകർഷേണായാസിഷുഃ
(ഹേ ഇന്ദ്ര, ത്വം) വി-സൃതഃ
അതർപ്പയഃ — വിസരണശീലാനദീഃ അത്ഭിരപൂരയഃ
ഊർമ്മീൻ ഉബ്ജഃ — മേഘാനവധീഃ
(തഥാ) ത്വം വൃതാൻ
സിന്ധൂൻ അരിണാഃ — വൃത്രേണാവൃതാനപഃ പ്രൈരയഃ

അർത്ഥം-അല്ലയോ ഇന്ദ്ര, മരുത്തുക്കരം, അമ്മമാർ പുത്രനെയെന്നപോലെ അവിടത്തെ പ്രാപിച്ചു. തേർകളെന്നപോലെ അവിടത്തോടൊപ്പം വന്നു. അല്ലയോ ഇന്ദ്ര, അവിടുന്ന് ഇളകിയൊഴുകുന്ന നദികളെ ജലങ്ങളാൽ നിറച്ചു. മേഘങ്ങളെ ഭേദിച്ചു. എന്നിട്ട്, വൃത്രനാൽ (മേഘത്താൽ) തടയപ്പെട്ട ജലങ്ങളെ വിട്ടു.

6 ത്വം മഹീമവനിംവിശ്വധേനാം
തുർവ്വീതയേവയ്യായക്ഷരന്തീം
അരമയോനമസൈജദർണ്ണ
സ്സുതരണാംഅകൃണോരിന്ദ്രസിന്ധൂൻ

അന്വയം:-

(ഹേ ഇന്ദ്ര) തുർവ്വീതയേ
വയ്യായ — തുർവ്വീതിനാമ്നേ, വയ്യനാമ്നേ രാജഭ്യോം
മഹീം, വിശ്വ-ധേനാം — മഹതീം വിശ്വസ്യ പ്രീണയിത്രീം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്ഷരന്തീം — അഭീഷ്ടാൻ കാമാൻദുഹതീം
അവനിം നമസാ — ഭൂമിമന്നേന
ഏജൽ അർണ്ണഃ — ഏജതാ, ചലതാഅർണ്ണസാ, ഉദകേന ച
അരമയഃ — രമയസി
(ത്വം പൃഥിവീം അന്നോദകസമൃദ്ധാം കരോഷി)
(കിംച) ഹേ ഇന്ദ്ര,
ത്വം സിന്ധൂൻ — ജലാനി
സു-തരണാൻ അകൃണോഃ — സുഷ്ഠുതീർണ്ണാന്യകാഷീഃ

അർത്ഥം—അല്ലയോ ഇന്ദ്ര, തുർവ്വീതി, വയ്യൻ എന്നീ രാജാക്കന്മാർക്കുവേണ്ടി, മഹതിയും വിശ്വത്തിന്നു് സന്തോഷകർത്രിയും അഭീഷ്ടങ്ങൾ കറന്നുകൊടുക്കുന്നവളുമായ ഭൂമിയെ അന്നംകൊണ്ടും, ഒഴുകിക്കൊണ്ടിരിക്കുന്ന ജലംകൊണ്ടും രമിപ്പിച്ചു. (അവിടുന്നു് അന്നത്താലും ജലത്താലും ഭൂമിയെ സമൃദ്ധമാക്കി.) പിന്നെ അല്ലയോ ഇന്ദ്ര, അവിടുന്നു്, ജലങ്ങളെ ഒഴുകിച്ചു് അകലെ എത്തിച്ചു.

7 പ്രാഗ്രുവോനഭന്വോ൨൨നവകാ
ധ്വസ്രാഅപിന്വദ്യുവതീരൃതജ്ഞാഃ
ധന്വാന്യജ്രാംഅപൃണക്തൃഷാണാം
അധോഗിന്ദ്രസ്സ്തര്യോ൨൨ദംസുപത്നീഃ

അന്വയം:—
(ഇന്ദ്രഃ) നഭന്വഃ — ശത്രൂണാം ഹിംസകാഃ
വകാഃ ന ധ്വസ്രാഃ — സേനാഇവ കൂലാനാംധ്വംസകാഃ
യുവതീഃ — അത്ഭിർമ്മിശ്രിതാഃ
ഋത-ജ്ഞാഃ അഗ്രുവഃ — ഋതസ്യ അന്നസ്യജനയിത്രീഃ, അഗ്രഗാമിനീഃ നദീഃ
പ്ര അപിന്വൽ — പ്രകർഷേണാപൂരയൽ
(തഥാ) ധന്വാനി
അപൃണക് — നിർജ്ജലാനന്നതാൻ ദേശാം-ശ്ചവൃഷ്ട്യാ അപൂരയൽ

CC-0. In Public Domain, Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(തഥാ) അജ്ഞാൻ,
തൃഷാണാൻ — മാർഗ്ഗസ്യഗന്തൄൻ, പീപാസാ
യുക്താൻ അപ്പ്വണക്

(കിംച) ഇന്ദ്രഃ
ദം–സുപതീഃ — ദമനപരാ അസുരാഃ സൂഷ്ഷ
പതയോയാസാം താഃ
സ്വര്യഃ — സ്തരീഃ നിവൃത്തപ്രസവാഗൌഃ,
താഃ
അധോക് — അധുക്ഷൽ
(ഇന്ദ്രോരാക്ഷസകൃതവിരോധാൽ നിവൃത്തപ്രസവാ അപിഗാഃ
വിമുച്യസപ്രസവാശ്ചകാര)

അർത്ഥം–ശത്രുക്കളെ ആക്രമിക്കുന്ന സേനകൾ പോലെ കുലംകത്തികളായി, വെള്ളം ചേർന്നവയായി, അന്നമുൽപാദിപ്പിക്കുന്നവയായി, മുമ്പോട്ടൊഴുകുന്ന നദികളെ ഇന്ദ്രൻ നന്നായി നിറച്ചു. മാത്രമല്ല നിർജ്ജലങ്ങളായ കുന്നിൻ പ്രദേശങ്ങളെയും മഴകൊണ്ട് വെള്ളത്താൽ നിറച്ചു. അതുപോലെ വഴിപോകുന്ന ദാഹാർത്തന്മാരുടെ ദാഹം തീർത്തു. കൂടാതെ അടിച്ചമർത്തുന്ന അസുരന്മാരുടെ കീഴിൽപ്പെട്ട് പ്രസവിക്കാതായിത്തീർന്ന പശുക്കളെ വീണ്ടും പെറുന്നവയാക്കി.

8 പൂർവ്വീരുഷസശ്ശരദശ്ചഗൂർത്താ
വൃത്രംജഘന്വാംഅസൃജദ്വിസിന്ധൂൻ
പരിഷ്ഠിതാഅതൃണദ്ബദ്ബധാനാ
സ്സീരാഇന്ദ്രസ്രവിതവേപൃഥിവ്യാ

അന്വയം:–
വൃത്രം ജഘന്വാൻ — വൃത്രം ഹതവാനിന്ദ്രഃ
ഗൂർത്താഃ പൂർവ്വീഃ ഉഷസഃ
ശരദഃ ച — തമിസ്രയാ ഗീർണ്ണാഃ ബഹ്വീഃ
ഉഷസഃ ബഹ്വൻ സംവത്സരാം ശ്ച
വി അസൃജൽ — വിശേഷേണ സസർജ്ജ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(തഥാ) സിന്ധൂൻ — വൃത്രേണാ വൃതാന്യുദകാനി വ്യസൃജൽ

(കിംച) ഇന്ദ്രഃ

പരി–സ്ഥിതാഃ — മേഘേഷു പരിതസ്ഥിതാഃ

ബദ്ബധാനാഃ — വൃത്രേണ പരിതോബദ്ധ്യമാനാഃ

സീരാഃ പൃഥിവ്യാ — നദീഃ പൃഥിവീ രൂപേണ മാർഗ്ഗേണ

സ്രവിതവേ അതൃണൽ — സ്രവിതും, ഗമനാർത്ഥമവിദ്ധ്യൽ

അർത്ഥം-വൃത്രനെ കൊന്ന ഇന്ദ്രൻ ഇരുട്ടുവിഴുങ്ങിയ ലോകത്തിൽ വെട്ടം പകന്ന കണക്കററ ഉഷസ്സുകളെയും കൊല്ലങ്ങളെയും ഉളവാക്കി. അതുപോലെ വൃത്രനാൽ തടയപ്പെട്ട ജലങ്ങളെ വിട്ടു. പിന്നെ. ഇന്ദ്രൻ മേഘങ്ങളിലങ്ങുമിങ്ങും വർത്തിപ്പവയും വൃത്രനാൽ ബന്ധിക്കപ്പെട്ടവയുമായ ജലങ്ങളെ ഭൂമാർഗ്ഗത്തിലൂടെ ഒഴകാനായി മേഘങ്ങളെ പിളന്നു.

9 വമ്രീഭിഃപുത്രമഗ്രുവോഅദാനം

നിവേശനാദ്ധരിവആജഭർത്ഥ

വ്യ ന്ധോഅഖ്യദഹിമാദദാനോ

നിർഭൂതഖച്ഛിൽസമരന്തപർവ്വ

അന്വയം:–

ഹേ ഹരി–വഃ, — ഹര്യശ്വോപേത, ഇന്ദ്ര, ത്വം

വമ്രീഭിഃ അദാനം — ഉപജിഹ്വികാഭിഃ അദ്യമാനം

അഗ്രുവഃ പുത്രം — അഗ്രൂനാമ കാചിൽ നാരീ തസ്യാഃ പുത്രം

നി–വേശനാൽ ആ ജഭർത്ഥ — വൽമീകാഖ്യാൽ സ്ഥാനാൽ ആഹൃതവാനസി

ആ–ദദാനഃ — ഇന്ദ്രേണാഹ്രിയമാണഃ അഗ്രുവഃ പുത്രഃ

അന്ധഃ അഹിം — പൂർവ്വമന്ധസ്സൻ സർപ്പം

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

വി അഖ്യൽ — വിശേഷേണാപശ്യൽ
(തതഃ) നിഃ ഭ്രൽ — വൽമീകാൽ നിർഗ്ഗതോഭ്രൽ
ഉഖ–ഛരിൽ — വൽമീകാഖ്യായാഃ ഉഖായാഃ
ഛേദകാനി
പർവ്വ സം അരന്ത — പർവ്വാണികാനി
സർവ്വാണ്യങ്ഗാനാം
ശിഥിലാനി പർവ്വാണി
സമധീയന്ത

(ഉപജിഹ്വികാഭിഃ ശിഥിലീകൃതാനി അഗ്രുവഃ പുത്രസ്യ പർവ്വാണി ഇന്ദ്രേണ സമധീയന്ത)

അർത്ഥം–അല്ലയോ ഹരികളെന്ന കതിരകളൊത്ത ഇന്ദ്ര, ഉറുമ്പരിച്ച് തിന്നിരുന്ന, അഗ്രു എന്ന സ്ത്രീയുടെ മകനെ, കിടക്കുന്ന പുററിൽ നിന്നു് അവിടുന്നു് വലിച്ചെടുത്തു. ഇന്ദ്രനാൽ വലിച്ചെടുക്കപ്പെട്ട അഗ്രുവിൻെറ മകൻ മുമ്പു കണ്ണുകാണാത്തവനായിട്ടും പാമ്പിനെക്കണ്ടു. പിന്നെ, അവൻ പുറത്തു വന്നു. പുററാകുന്ന പാത്രമുടച്ച് അവൻെറ വേർപെട്ട ദേഹസന്ധികളെ അവിടുന്നു് കൂട്ടിച്ചേർത്തു.

10 പ്രതേപൂർവ്വാണികരണാനിവിപ്രാ
വിദ്വാൻആഹവിദുഷേകരാംസി
യഥായഥാവൃഷ്ണ്യാനിസ്വഗൂർത്താ
പാംസിരാജന്നര്യാവിവേഷീഃ

അന്വയം:–

ഹേ രാജൻ, — രാജമാനേന്ദ്ര,
വൃഷ്ണ്യാനി സ്വ–ഗൂർത്താ — വർഷണയോഗ്യാനി
സ്വഗൂർത്താനി, സ്വയമുൽ
ഗീർണ്ണാനി
നര്യാ അപാംസി — നര്യാണി, മനുഷ്യഹിതാനി
തൽസംബന്ധീനി കർമ്മാണി
യഥാ–യഥാ
അവിവേഷീഃ — വ്യാപ്തോഃ, അകാർഷീഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

(തഥാ തഥാ) ഹേ വിപ്ര,— പ്രാജ്ഞ, ഇന്ദ്ര,
വിദുഷേ തേ — സർവ്വം ജാനതഃ
തൽസംബന്ധീനി
പൂർവ്വാണി കരണാനി — പുരാതനാനി കർമ്മാണി
ആ-വിദ്വാൻ — ആസമന്താജ്ജാനൻ വാമദേവഃ
കരാംസി പ്ര ആഹ — ത്വദീയാനി കർമ്മാണി
പ്രകർഷേണ ബ്രവീതി

അർത്ഥം—അല്പയോ പ്രകാശമാനനായ ഇന്ദ്ര, ഉപാസകർക്ക് അഭീഷ്ടം വർഷിക്കാൻ യോഗ്യങ്ങളായി, സ്വയം വെളിപ്പെട്ടന്ന മനുഷ്യഹിതങ്ങളായ അവിടുത്തെ കർമ്മങ്ങൾ ഏതേതു പ്രകാരത്തിൽ അവിടുന്ന് ചെയ്യുവോ, അതാതു പ്രകാരത്തിൽ, അല്പയോ പ്രാജ്ഞനായ ഇന്ദ്ര, ആ പുരാതനകർമ്മങ്ങളെ, അവയെല്ലാം മുഴുവനറിയുന്ന വാമദേവൻ നന്നായിപ്പറയുന്നു.

11 നൂഷ്ടുത ഇന്ദ്രനൂഗൃണാന
ഇഷംജരിത്രേനദ്യോ ഽ ഽ നപീപേഃ
അകാരിതേഹരിവോബ്രഹ്മനവ്യം
ധിയാസ്യാമരത്ഥ്യസ്സദാസാഃ വ. 2

അന്വയം:—

(ഇതു് കഴിഞ്ഞ അധ്യായത്തിൽ 20-ാം വർഗ്ഗത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ട്.

വർഗ്ഗം—3-4

1 ആനഇന്ദ്രോദൂരാദാനആസാ
ദഭിഷ്ടികൃദവസേയാസദുഗ്രഃ
ഓജിഷ്ഠേഭിർനൃപതിർവ്വജ്രബാഹു
സ്സംഗേസമൽസുതുർവ്വണിഃപൃതന്യൂൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

അഭിഷ്ടി-കൃൽ — യജമാനസംബന്ധിനാം അഭീഷ്ടാനാം കർത്താ

ഉഗ്രഃ — തേജസ്വീന്ദ്രഃ

സമൽ-സു സം-ഗേ — സങ്ഗ്രാമേഷു ശത്രുഭിസ്സംയോഗേ സതി

പൃതന്യൻ തുർവ്വണിഃ — ശത്രൂൻ ഹിംസൻ

വജ്ര-ബാഹുഃ, നൃ-പതിഃ — വജ്രഹസ്തഃ നൃണാം, മനുഷ്യാണാം പാലകഃ

ഓജിഷ്ഠേഭിഃ — അതിശയേന തേജസ്വിഭിഃ മരുത്ഭിര്യുക്തഃ

ഇന്ദ്രഃ നഃ അവസേ — അസ്മാകം രക്ഷണായ

ദൂരാൽ ആ യാസൽ — ആയാതു, ആഗച്ഛതു

(അപിച) ആസാൽ നഃ ആ — ആസന്നാൽ, അന്തികാച്ച ആഗച്ഛതു

അർത്ഥം—യജമാനന്മാർക്ക് അഭീഷ്ടങ്ങളുടെ കർത്താവും തേജസ്വിയും യുദ്ധങ്ങളിൽ ശത്രുക്കളെ നേരിടുമ്പോൾ ആ ശത്രുക്കളെ അമർത്തുന്നവനും വജ്രായുധം കയ്യിലേന്തിയവനും മനുഷ്യരുടെ രക്ഷകനും അതിപ്രകാശന്മാരായ മരുത്തുക്കളോടു കൂടിയവനുമായ ഇന്ദ്രൻ നമ്മുടെ രക്ഷയ്ക്കായി അകലേ നിന്നുവരട്ടെ, അടുത്തുനിന്നുവരട്ടെ.

2 ആന ഇന്ദ്രോഹരിഭിര്യാതവച്ഛാ
ർവ്വാചീനോവസേരാധസേച
തിഷ്ഠാതിവജ്രീമഘവാവിരപ്ശീ
മംയജ്ഞമനുനോവാജസാതൌ

അന്വയം:—

അർവ്വാചീനഃ ഇന്ദ്രഃ — അസ്മദഭിമുഖഃ സഃ

അവസേ, രാധസേ ച — അസ്മദീയായ രക്ഷണായ ധനായച

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നഃ അച്ഛ — അസ്മാനഭിലക്ഷ്യ
ഹരി–ഭിഃ ആ യാതു — അശ്വൈസ്സഹാഗച്ഛതു
(കിംച) വജ്രീ, മഘ–വാ — വജ്രവാൻ, ധനവാൻ
വി–രപ്ശീ — മഹാൻ, അസ്മദീയസ്യകർമ്മണഃ
ദ്വേഷ്ടൃഭിരസുരൈസ്സഹ
നഃ വാജ–സാതൌ — അസ്മാകം യുദ്ധേപ്രാപ്തേസതി
ഇമം യജ്ഞം അനു
തിഷ്ഠാതി — അസ്മദീയം യാഗമുദ്ദിശ്യതിഷ്ഠതു

അർത്ഥം–നമ്മാക്കഭിമുഖനായ ഇന്ദ്രൻ രക്ഷസ്സും സമ്പത്തി സ്സുമായി നമ്മളെ ലക്ഷീകരിച്ച് ഹരികളെന്ന കുതിരകളോടു കൂടി വരട്ടെ. കൂടാതെ, വജ്രായുധനും ധനവാനും മഹാനുമായ അവിടുന്നു് നമ്മുടെ കർമ്മങ്ങളെ മുടക്കുന്ന അസുരന്മാരായിപോ രുണ്ടാകുമ്പോഴം ഈ യജ്ഞത്തെക്കുറിച്ച് രക്ഷക്കായി നില്ക്കട്ടെ.

3 ഇമംയജ്ഞന്ത്വമസ്മാകമിന്ദ്ര
പുരോദധൽസനിഷ്യസിക്രതും നഃ
ശ്വഘ്നീവവജ്രിന്ത്സനയേധനാനാം
ത്വയാവയമര്യആജിംജയേമ

അന്വയം:—
ഹേ ഇന്ദ്ര, ത്വം നഃ — അസ്മാൻ
പുരഃ ദധൽ — പുരസ്കൃതാൻ കുർവ്വൻ
അസ്മാകം ക്രതും ഇമം
യജ്ഞം — ക്രിയമാണംയാഗം
സനിഷ്യസി — സംഭരിഷ്യസി
(അപിച) ശ്വഘ്നീ–ഇവ — മൃഗയുർമൃഗാനിവ
ഹേ വജ്രിൻ, ത്വയാ
അര്യഃ വയം — അരയഃ, സ്തോതാരോവയം
ധനാനാം സനയേ ആജിം
ജയേമ — ലാഭായേസങ്ഗ്രാമംസഞ്ജീയാസ്മ

അർത്ഥം–അല്ലയോ ഇന്ദ്ര, അവിടുന്നു് ഞങ്ങളെ മുൻനിർത്തി ഇപ്പോഴം ചെയ്തുകൊണ്ടിരിക്കുന്ന ഞങ്ങളുടെ യാഗത്തെ പ്രാപി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കുന്നു, കൂടാതെ അല്ലയോ വജ്രായുധ, വേടൻ മൃഗങ്ങളെയെന്നപോലെ അവിടുത്തേക്കൊണ്ടു് സ്തോതാക്കളായ ഞങ്ങൾ ധനങ്ങളുടെ നേട്ടത്തിന്നായി യുദ്ധം ജയിക്കാവൂ.

4 ഉശന്നുഷ്ണസ്സുമനാഉപാകേ
സോമസ്യനസുഷുതസ്യസ്വധാവഃ
പാഇന്ദ്രപ്രതിഭൃതസ്യമധ്വ
സ്സമന്ധസാമമദഃപൃഷ്ഠ്യേന

അന്വയം:—

ഹേ സ്വധാ-വഃ, ഇന്ദ്ര,	— അന്നവന്നിന്ദ്ര,
സു-മനാഃ ഉപാകേ	— ശോഭനമനസ്സസ്ത്വം സമീപേ
നഃ ഉശൻ ഉ സു	— അസ്മാനത്യന്തം കാമയമാനസ്സൻ
സു-സുതസ്യ	— സുഷ്വഭിഷുതം
പ്രതി-ഭൃതസ്യ മധ്വഃ	
സോമസ്യ	— സംഭൃതം മാദകം സോമം (ദ്വിതീയാർത്ഥേ ഷഷ്ഠീ)
ന പാഃ	— ക്ഷിപ്രമേവ പിബ
പൃഷ്ഠ്യേന	— മാദ്ധ്യന്ദിനസവനേ ഉൽഗാതൃഭിരുൽഗ്ഗീയമാനേന സ്തോത്രേണ
അന്ധസാ സം മമദഃ	— പീതേന സോമേന ച പ്രഹൃഷ്ടോ ഭവ

അർത്ഥം:- അല്ലയോ അന്നവാനായ ഇന്ദ്ര, ശോഭനമനസ്സനായ അവിടുന്നു് സമീപത്തിൽ, ഞങ്ങളെ അത്യന്തമിഷ്ടപ്പെട്ടുകൊണ്ടു്, നന്നായി ചതച്ച സംസ്കരിച്ചതും സംഭരിച്ചതും ഹർഷകരവുമായ സോമത്തെ വേഗത്തിൽ കുടിച്ചാലും. മാദ്ധ്യന്ദിനസവനത്തിൽ ഉൽഗാതാക്കൾ ചൊല്ലുന്ന സ്തോത്രം കൊണ്ടും പാനം ചെയ്ത സോമം കൊണ്ടും നന്നായി ഹൃഷ്ടനായാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

5 വിയോർരരഫ്ശൢഷിഭിന്നവേഭി

വൃക്ഷോനപക്വാസ്സൃണ്യോനജേതാ

മര്യോനയോഷാമഭിമന്യമാനോ

ച്ഛാവിവക്മിപുരുഹൂതമിന്ദ്രം വ. 3

അന്വയം:—

പക്വഃ വൃക്ഷഃ ന	— പക്വഫലഃ വൃക്ഷ ഇവ
സൃണ്യഃ	— സൃണിശബ്ദോങ്കുശവാചീ, അത്ര ആയുധമാത്രം ലക്ഷ്യതേ, ആയുധ കുശലഃ
ജേതാ ന	— ശത്രുവിജയീ വീരപുരുഷ ഇവ
യഃ നവേഭിഃ ഋഷി–ഭിഃ	— നവൈഃ, നൂതനൈരൃഷിഭിഃ
വി രരഫ്ശേ	— വിവിധം സ്തൂയതേ
പുരു–ഹൂതം (തം) ഇന്ദ്രം	— ബഹുഭിരാഹൂതം തം സ്തോതാഹം
അഭി മന്യമാനഃ	— മദീയേയം യോഷിദിതി അഭിജാനൻ
മര്യഃ യോഷാം ന	— മർത്യഃ സ്ത്രീമിവ
അച്ഛ വിവക്മി	— അഭിലക്ഷ്യ, വിശേഷേണവച്മി, സ്തൗമി

അർത്ഥം–പഴുത്ത കായ്കളോടുകൂടിയ മരം പോലെയും, ആയുധകുശലനായി, ശത്രുജയനായ വീരനെന്നപോലെയും, ഏവൻ നൂതനന്മാരായ ഋഷികളാൽ സ്തുതിക്കപ്പെടുന്നുവോ, പലരാലും വിളിക്കപ്പെടുന്ന ആ ഇന്ദ്രനെ സ്തോതാവായ ഞാൻ, 'ഇവളെന്റെയാണ്' എന്ന മമതയോടുകൂടി മനുഷ്യൻ (പുരുഷൻ) സ്ത്രീയെ എന്നപോലെ നേരിട്ട് നന്നായി സ്തുതിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

6 ഗിരിന്നയസ്വതവാ്ഋഷ്വഇന്ദ്ര
സ്സനാദേവസഹസേജാതഉഗ്രഃ
ആദത്താവജ്രംസ്ഥവിരംനഭീമ
ഉദ്നേവകോശംവസുനാന്യൃഷ്ടം

അന്വയം:—

ഗിരിഃ ന സ്വ–തവാൻ	— പർവ്വത ഇവ സ്വയം പ്രവൃദ്ധഃ
ഋഷ്വഃ, ഉഗ്രഃ	— മഹാൻ, ഓജസ്വീ
യഃ ഇന്ദ്രഃ സഹസേ	— ശത്രോരഭിഭവായ
സനാൽ ഏവ ജാതഃ	— ചിരാദേവോൽപന്നഃ,
ഭീമഃ	— ശത്രൂണാം ഭയങ്കരഃ സ ഇന്ദ്രഃ
ഉദ്നാ–ഇവ കോശം	— ഉദകേന പാത്രമിവ
വസുനാ നി–ഋഷ്ടം	— തേജസാ നിഗതം
സ്ഥവിരം വജ്രം ന	— ബൃഹദ്വജ്രം ച (നേതിചാർത്ഥേ)
ആ–ദത്താ	— ആദൃതവാൻ, ആദത്തവാനാസീൽ

അർത്ഥം—പർവ്വതംപോലെ സ്വയം വളർന്നവനും മഹാനും ഓജസ്വിയുമായ യാതൊരിന്ദ്രനാണോ ശത്രുജയത്തിന്നായി പണ്ടേ ജനിച്ചതു്, ശത്രുഭയങ്കരനായ ആ ഇന്ദ്രൻ വെള്ളത്താൽ പാത്രമെന്നപോലെ തേജസ്സാൽ നിറഞ്ഞ പെരിയ വജ്രായുധത്തേയും സ്വീകരിച്ചു.

7 നയസ്യവർത്താജനുഷാന്വസ്തി
നരാധസആമരീതാമഘസ്യ
ഉദ്വാവൃഷാണസ്തവിഷീവഉഗ്രാ
സ്മഭ്യംദധിപുരുഹൂതരായഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

(ഹേ ഇന്ദ്ര,) യസ്യ

ജനുഷാ — കശ്ചിത്തവജന്മനാസ്വത ഏവ

ന വത്താ ന ജ്ഞാസ്തി — നൂനം സത്യം വാരയിതാ ന ഭവതി

രാധസഃ — യജ്ഞാദികർമ്മണാം സാധകസ്യ

മഘസ്യ — ത്വയാദീയമാനസ്യ ധനസ്യ

ആ-മരീതാ ന — നാശയിതാ നാസ്തി

ഹേ തവിഷീ-വഃ ഉഗ്ര-

പുരു-ഹൂത, — ബലവൻ, തേജസ്വിൻ, ബഹുഭിരാഹൂതേന്ദ്ര

ഉൽ-വവൃഷാണഃ — അഭീഷ്ടാൻ വർഷകസ്ത്വം

രായഃ അസ്മഭ്യം ദദ്ധി — പശ്വാദി ധനാനി സ്തോതൃഭ്യോ ദേഹി

അത്ഥം-അല്ലയോ ഇന്ദ്ര, നിസ്സീമമായ അവിടത്തെ സത്യത്തെ, സൽഭാവത്തെ തീർച്ചയായും ആരും തടസ്ഥപ്പെടുത്തുന്നില്ല. യജ്ഞാദികർമ്മങ്ങളെ സാധിപ്പിക്കുന്ന അവിടത്തെ ഐശ്വര്യത്തെ ആരും നശിപ്പിക്കുന്നില്ല. ബലവാനും തേജസ്വിയും പലരാലും വിളിക്കപ്പെടുന്നവനുമായ ഇന്ദ്ര, അഭീഷ്ടവർഷകനായ അവിടുന്ന് സ്തോതാക്കളായ ഞങ്ങൾക്ക് പശു മുതലായ ധനങ്ങളെത്തന്നരുളിയാലും.

8 ഈക്ഷേ രായഃ ക്ഷയസ്യ ചർഷണീനാ

മുത വ്രജമപവർത്താസി ഗോനാം

ശിക്ഷാനരസ്സമിഥേഷു പ്രഹാവാൻ

വസ്വോരാശിമഭിനേതാസി ഭൂരിം

അന്വയം:—

(ഹേ ഇന്ദ്ര, ത്വം)

ചർഷണീനാം — പ്രജാനാം

രായഃ ക്ഷയസ്യ ഈക്ഷേ — ധനസ്യ ഗൃഹസ്യ ച ഈക്ഷസേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉത ഗോനാം വ്രജം — അപിച ഗവാം സമൂഹം
അപ–വർത്താ അസി — നിരോധകേഭ്യോസുരേഭ്യഃ ഗവാം അപവാരകഃ, മോചയിതാ ഭവസി

(കിംച ഹേ ഇന്ദ്ര)
ശിക്ഷാ–നരഃ — ശിക്ഷയാ നേതാ, പ്രജ്ഞാനാം സാധകഃ

സം–ഇഥേഷു
പ്രഹാ–വാൻ — യുദ്ധേഷു പ്രഹരണവാംസ്ത്വം
ഭൂരിം വസ്വഃ രാശിം — പ്രഭൂതം ധനസ്യ സമൂഹം
അഭി–നേതാ അസി — പ്രാപയിതാ ഭവസി

അർത്ഥം–അല്ലയോ ഇന്ദ്ര, അവിടുന്ന് പ്രജകളുടെ ധനത്തെയും ഗൃഹത്തെയും ഈക്ഷിക്കുന്നു, നോക്കുന്നു, കാത്തുപോരുന്നു. കൂടാതെ തടഞ്ഞുനിർത്തുന്ന അസുരന്മാരിൽ നിന്ന് പശുക്കൂട്ടത്തെ വിടുവിക്കുന്നവനാകുന്നു. അല്ലയോ ഇന്ദ്ര, ശിക്ഷകൊണ്ട്, നല്ല അറിവേകുന്നതുവഴി, നേതാവാകുന്നു. യുദ്ധങ്ങളിൽ ശത്രുക്കളെ അടിച്ചമർത്തുന്ന അവിടുന്ന് മികച്ച ധനസമൂഹത്തെ നേടിക്കൊടുക്കുന്നവനാകുന്നു.

9 കയാതച്ഛൃണ്വേശച്യാശചിഷ്ഠോ
യയാകൃണോതിമുഹുകാചിദൃഷ്വഃ
പുരുദാശുഷേവിചയിഷ്ഠോഅംഹോ
ഥാദധാതിദ്രവിണംജരിത്രേ

അന്വയം:–

ഋഷ്വഃ മുഹു — മഹാനിന്ദ്രഃ മുഹുഃ
യയാ കാ ചിൽ കൃണോതി — യയാ പ്രജ്ഞയാകാനി ചിൽ കർമ്മാണി കരോതി
കയാ ശച്യാ ശൃണ്വേ — കയാ പ്രജ്ഞയാശ്രൂയതേ
തൽ ശചിഷ്ഠഃ — അതിശയേന പ്രാജ്ഞ ഇന്ദ്രഃ (തദിതിലിങ്ഗവ്യത്യയഃ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(സഃ) ദാശുഷേ — ഹവിർദ്ദത്തവതേ യജമാനായ
പുരു അംഹഃ
വി-ചയിഷ്ഠഃ — പാപസ്യാതിശയേന നാശകോ ഭവതി
അഥ ജരിത്രേ ദ്രവിണം
ദധാതി — അപിച സ്തോത്രേ പശ്വാദി ധനം ദദാതി

അർത്ഥം-മഹാനായ ഇന്ദ്രൻ വീണ്ടും വീണ്ടും യാതൊരു പ്രജ്ഞകൊണ്ടാണോ ചില കർമ്മങ്ങൾ ചെയ്യുന്നതു്, എന്തു പ്രജ്ഞയാലാണോ പ്രഖ്യാതനാകുന്നതു്, ആ ഇന്ദ്രൻ ഏററവും ജ്ഞാനവാനാകുന്നു. അവിടുന്നു് ഹവിസ്സേകിയ യജമാനന്നു് (വന്നുചേരുന്ന) പെരിയ പാപവും തികച്ചും നശിപ്പിക്കുന്നു. കൂടാതെ സ്തോതാവിന്നു് പശുമുതലായ ധനത്തെ കൊടുക്കുന്നു.

10 മാനോമർധീരാഭരാദദ്ധിതന്നഃ
പ്രദാശുഷേദാതവേഭൂരിയത്തേ
നവ്യേദേഷ്ണേശസ്തേഅസ്മിന്തഉക്ഥേ
പ്രബ്രവാമവയമിന്ദ്രസ്തുവന്തഃ

അന്വയം:—

(ഹേ ഇന്ദ്രഃ ത്വം) നഃ
മാ മർധീഃ — മാഹിംസീഃ
(കിംതു ത്വം) ആ ഭര — പോഷകോ ഭവ
തേ ഭൂരി യൽ — ത്വദീയം ബഹ്വപി ധനം
ദാശുഷേദാതവേ പ്ര — ഹവിർദ്ദത്തവതേ യജമാനായ ദാതും പ്രഭവതി
നഃ തൽ ദധി — അസ്മഭ്യം തദ്ധനമാഹൃത്യ ദേഹി
ഹേ ഇന്ദ്ര, (ത്വാം)
സ്തുവന്തഃ വയം — സ്തോതാരഃ
അസ്മിൻ ഉക്ഥേ — അസ്മിൻ നിഷ്കേവല്ല്യാഖ്യശസ്ത്രേ
തേ നവ്യേ, ശസ്തേ — ത്വദർത്ഥം നൂതനേ, പ്രശസ്തേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേഷ്ണേ — ദാതവ്യേ ഹവിഷി നിമിത്ത ഭൂതേസതീ

പ്ര ബ്രവാമ — പ്രകർഷേണ ത്വാം വദാമ

അർത്ഥം-അല്ലയോ ഇന്ദ്ര, ഞങ്ങളെ ഹിംസിക്കരുതേ, അതിന്നപകരം ഞങ്ങളുടെ പോഷകനായാലും. അവിടത്തെ മികച്ച യാതൊരു ധനം ഹവിസ്സേകിയ യജമാനന്ന് കൊടുക്കാനായി കൂടിയിരിക്കുന്നുണ്ടോ, അതു് ഞങ്ങൾക്ക് തന്നരുളിയാലും. അല്ലയോ ഇന്ദ്ര, അവിടത്തെ സ്തുതിക്കുന്ന ഞങ്ങൾ ഈ നൂതനവും പ്രശസ്തവുമായ നിഷ്കേവല്ല്യശസ്ത്രത്തിൽ അവിടേയ്ക്കേകേണ്ടും ഹവിസ്സു നല്ലേണ്ടതിന്നായി നന്നായി അവിടത്തെ സ്തുതിക്കുന്നു.

11 നൃഷുതഇന്ദ്രനൃഗ്ണാന

ഇഷംജരിത്രേനദ്യോ൸൸നപീപേഃ

അകാരിതേഹരിവോബ്രഹ്മനവ്യം

ധിയാസ്യാമരത്ഥ്യസ്സദാസാഃ

അന്വയം:-

(ഇതു് കഴിഞ്ഞ അധ്യായത്തിൽ 20-ാം വർഗ്ഗത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ടു്).

വർഗ്ഗം-5-6

1 ആയാത്വിന്ദ്രോവസഉപ്ന

ഇഹസ്തുതസ്സധമാദസ്തുശൂരഃ

വാവൃധാനസ്തവിഷീര്യസ്യപൂർവ്വീ

ദ്യൗർന്നക്ഷത്രമഭിഭൂതിപുഷ്യാൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

(യഃ ഇന്ദ്രഃ) ഇഹ സ്തുതഃ — അസ്മിൻ യജ്ഞേസ്തുതഃ
ശൂരഃ, വവൃധാനഃ — വിക്രാന്തഃ, പ്രവൃദ്ധഃ
സധ-മാൽ അസ്മ — അസ്മാഭിസ്സഹ മാദ്യൻഭവതു
യസ്യ തവിഷീഃ പൂർവ്വീഃ — ബലാനി ബഹൂനി സന്തി
(യശ്ചേന്ദ്രഃ) ദ്യൌഃ ന — ദ്യോതമാനസ്സൂര്യഇവ
അഭി-ഭൂതി ക്ഷത്രം
പുഷ്യാൽ — പരകീയം ബലമഭിഭാവുകം
സ്വകീയം ബലം പുഷ്യതു
(സഃ) ഇന്ദ്രഃ നഃ അവസേ — അസ്മാകം രക്ഷണായ
ഉപ ആ യാതു — ഉപാഗച്ഛതു

അർത്ഥം-യാതൊരിന്ദ്രൻ ഈ യജ്ഞത്തിൽ സ്തുതിക്കപ്പെട്ട്, വീക്രാന്തനും പ്രവൃദ്ധനുമായി നമുക്കൊപ്പം ഹർഷിയ്ക്കുന്നവനായി ഭവിയ്ക്കുമോ, യാതൊരിന്ദ്രൻെറ ബലങ്ങൾ നിരവധിയാണൊ, യാതൊരിന്ദ്രൻ പ്രകാശിക്കുന്ന സൂര്യനെന്നപോലെ പരബലത്തെ ജയിക്കുന്ന ബലം, തേജസ്സ് പോഷിപ്പിക്കുമോ, ആ ഇന്ദ്രൻ നമുക്കു രക്ഷയ്ക്കായി അടുത്തണയട്ടെ.

2 തസ്യേദിഹസ്തവഥവൃഷ്ണ്യാനി

തുവിദ്യുമ്നസ്യതുവിരാധസോനൄൻ

യസ്യക്രതുർവ്വിദഥ്യോ ൧ ൧ നസമ്രാട്

ത്സാഹവാന്തരുത്രോഅഭ്യസ്തികൃഷ്ടീഃ

അന്വയം:—

തുവി-ദ്യുമ്നസ്യ,
തുവി-രാധസഃ — ബഹുകീർത്തേഃ, ബഹുധനസ്യ
തസ്യ ഇൽ — തസ്യേന്ദ്രസ്യൈവ
വൃഷ്ണ്യാനി നൄൻ — ബലഭൃതാൻ നേതൄൻ, മരുതഃ
ഇഹ സ്തവഥ — ഹേ സ്തോതാരോയൂയം അസ്മിൻ
യജ്ഞേ സ്തുത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സഹവാൻ, തരുത്രഃ — ശത്രൂൻ അഭിഭാവുകഃ, അസ്മാനാപത്ഭ്യസ്താരകഃ
യസ്യ ക്രതുഃ — യദസ്യേന്ദ്രസ്യ കർമ്മ
വിദഥ്യഃ ന സം-രാട്ട് — വിദഥാർഹഃ യജ്ഞാർഹഃ സകലലോകാനാമധിപതിരിവ
കൃഷ്ടീഃ അഭി അസ്തി — ശത്രുസംബന്ധിനീഃ പ്രജാഃ അഭിഭവതി

അർത്ഥം—ബഹുകീർത്തിമാനും ബഹുധനനുമായ യാതൊരിന്ദ്രൻെറ തന്നെ, ഇന്ദ്രനുതന്നെ ചേർന്ന, ബലമുററ നേതാക്കളായ മരുത്തുക്കളെ, അല്ലയോ സ്തോതാക്കളേ, നിങ്ങൾ ഈ യജ്ഞത്തിൽ സ്തുതിക്കുക. ശത്രുക്കളെ അടക്കുന്നവനും നമ്മളെ ആപത്തുകളിൽനിന്നു കരകയററുന്നവനുമായ യാതൊരിന്ദ്രൻെറ കർമ്മം ശത്രുജനങ്ങളെ യജ്ഞാർഹനായ ചക്രവർത്തിയെന്നപോലെ കീഴടക്കുന്നുവോ, ആ ഇന്ദ്രനു ചേർന്ന മരുത്തുക്കളെ സ്തുതിക്കുക.

3 ആയാത്വിന്ദ്രോഽവസ ഉപ ന ഇഹ സ്തുതഃ

3 ആയാത്വിന്ദ്രോദിവ ആപൃഥിവ്യാ
മക്ഷൂസമുദ്രാദുതവാപുരീഷാൽ
സ്വർണ്ണരാദവസേനോമരുത്വാൻ
പരാവതോവാസദനാദൃതസ്യ

അന്വയം:—
മരുത്വാൻ ഇന്ദ്രഃ — മരുത്ഭിസ്സഹിതഇന്ദ്രഃ
നഃ അവസേ ദിവഃ
ആ യാതു — അസ്മാകം രക്ഷണായ സ്വർഗ്ഗലോകാദാഗച്ഛതു
പൃഥിവ്യാഃ മക്ഷു ആ — ഭൂലോകാച്ച ശീഘ്രമായാതു
ഉത വാ സമുദ്രാൽ — അഥവാ അന്തരിക്ഷാച്ചായാതു
(അഥവാ) പുരീഷാൽ — ജലാച്ചായാതു
സ്വഃ—നരാൽ — സ്വരാദിത്യഃ, നരഃ നേതാ, ആദിത്യലോകാച്ചായാതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരാ—വതഃ വാ — ദൂരാദ്വാ ആയാതു
ഋതസ്യ സദനാൽ — ഉദകസ്യസ്ഥാനാൽ മേഘ
ലോകാദായാതു

അത്ഥം-മരുത്തുക്കളൊത്ത ഇന്ദ്രൻ നമ്മളുടെ രക്ഷസ്സായി സ്വർഗ്ഗലോകത്തിൽ നിന്നു് വരട്ടെ. ഭൂമിയിൽ നിന്നു് വേഗം വരട്ടെ. അല്ലങ്കിൽ അന്തരിക്ഷത്തിൽ നിന്നുവരട്ടെ, അതുമല്ലെങ്കിൽ ജലത്തിൽ നിന്നുവരട്ടെ, ആദിത്യലോകത്തിൽ നിന്നു വരട്ടെ. ദൂരത്തിൽ നിന്നായാലും വരട്ടെ, ജലസ്ഥാനമായ മേഘലോകത്തിൽ നിന്നുവരട്ടെ.

4 സ്ഥൂരസ്യരായോബൃഹതോയ ഈശേ
തമുഷ്ടവാമവിദഥേഷ്വിന്ദ്രം
യോവായുനാജയതിഗോമതീഷു
പ്രധൃഷ്ണയാനയതിവസ്യോഅച്ഛ

അന്വയം:–

യഃ സ്ഥൂരസ്യ ബൃഹതഃ — യഃ ഇന്ദ്രഃ സ്ഥൂലസ്യമഹതഃ
രായഃ ഈശേ — ധനസ്യ ഈഷ്ടേ
യഃ വായുനാ ഗോ—മതീഷു
ജയതി — സേനാസു ശത്രൂൻ വിജയതേ
ധൃഷ്ണ—യാ — ധൃഷ്ണഃ പ്രഗത്ഭഃ യഃ ഇന്ദ്രഃ
സ്തോതൄൻ
വസ്യഃ — വസീയഃ, ശ്രേഷ്ഠം
പശ്വാദിധനം
അച്ഛ പ്ര നയതി — അഭിപ്രാപയതി
തം ഇന്ദ്രം ഉ വിദഥേഷു — തമേവയജ്ഞേഷുവയം
സ്തോതാരഃ
സ്തവാമ — സ്തുമഃ

അത്ഥം- ഏവൻ സ്ഥൂലവും മഹത്തുമായ ധനത്തിന്നീശനാണോ, ഏവൻ വായുവിനാൽ (സ്വശ്വാസംകൊണ്ടു്, ഊത്തു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൊണ്ടു്) സേനകൾ നിരന്ന യുദ്ധത്തിൽ ശത്രുക്കളെ ജയിക്കുന്നുവോ, ഗംഭീരനായ ഏവൻ സ്തോതാക്കൾക്കു് ശ്രേഷ്ഠമായ പശു തൊട്ട ധനം നേരെ എത്തിക്കുന്നുവോ, ആ ഇന്ദ്രനെ യജ്ഞങ്ങളിൽ സ്തോതാക്കളായ നമ്മൾ സ്തുതിക്കുന്നു.

5 ഉപയോനമോനമസിസ്തഭായ

ന്നിയർത്തിവാചംജനയൻയജധ്യൈ

ഋഞ്ജസാനഃപുരുവാരഉക്ഥൈ

രേന്ദ്രംകൃണ്വീതസദനേഷുഹോതാ വ. 5

അന്വയം:-

ഉപ സ്തഭായൻ — ലോകാനവസ്തംഭയൻ
യജധ്യൈ വാചം ജനയൻ — യഷ്ടും ഗർജ്ജിതലക്ഷണം വാചം പ്രജനയൻ
ഋഞ്ജസാനഃ — പ്രസാദ്ധ്യമാനഃ
ഉക്ഥൈഃ പുരു-വാരഃ — ശസ്ത്രൈഃ ബഹുഭിസ്സംഭജനീയഃ
യഃ നമസി — യജമാനൈർദ്ദത്തേ ഹവിഷി
നമഃ ഇയർത്തി — യജമാനേഭ്യോയജ്ഞാദി സാധനമന്നം പ്രേരയതി
(ഇന്ദ്രോഹവിഷാതൃപ്തസ്സൻ വൃഷ്ടിദ്വാരാന്നം പ്രയച്ഛതി തേന ചാന്നേന പുനര്യജ്ഞഃ പ്രജായതേ)
(അസ്മദീയഃ) ഹോതാ
സദനേഷു — യജ്ഞഗൃഹേഷു
(തം) ഇന്ദ്രം ആ കൃണ്വീത — അഭിമുഖീ കരോതു

അർത്ഥം-ലോകങ്ങളെ സ്തംഭിപ്പിച്ചു നിർത്തി, യാഗം ചെയ്വാനായി ഗർജ്ജന സമമായ ശബ്ദമുണ്ടാക്കി കൊണ്ടാടപ്പെടുന്നവനായി, ശസ്ത്രങ്ങളാൽ സേവിക്കപ്പെടുന്നവനായി, യാതൊരിന്ദ്രൻ യജമാനന്മാരാൽ നല്കപ്പെട്ട ഹവിസ്സിൽ യജമാനന്മാർക്കു കൊടുക്കേണ്ടും അന്നമെത്തിക്കുന്നുവോ (അതായതു് ഹവിസ്സാൽ സംതൃപ്തനായി ഇന്ദ്രൻ മഴവഴി അന്നം കൊടുക്കുന്നു. ആ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്നത്താൽ വീണ്ടും യാഗം, ആ യാഗത്താൽ വീണ്ടും മഴവഴി അന്നം) ആ ഇന്ദ്രനെ നമ്മുടെ ഹോതാവു യജ്ഞഗൃഹങ്ങളിൽ അഭിമുഖനാക്കട്ടെ.

6 ധിഷായദിധിഷണ്യന്തസ്സരണ്യാ

നഃ സദന്തോഅദ്രിമൌശിജസ്യഗോഹേ

ആദൂരോഷാഃപാസ്ത്യസ്യഹോതാ

യോനോമഹാന്ഥ്സംവരണേഷുവഹ്നിഃ

അന്വയം:—

ധിഷണ്യന്തഃ	—	(ഇന്ദ്രവിഷയാം) ധിഷണാം, സ്തുതിമിച്ഛന്തഃ
ഔശിജസ്യ	—	ഉശിജഃ കാമയമാനാ ഋത്വിജഃ, തേഷാം സംബന്ധ്യൌശിജോ യജമാനഃ
(തസ്യ) ഗോഹേ സദന്തഃ	—	ഗേഹേ നിഷീദന്തോ ജനാഃ
അദ്രിം ധിഷാ	—	ഇന്ദ്രം സ്തുത്യാ
യദി സരണ്യാൻ ആ (യാതു)	—	യദാ ഉപഗച്ഛേയുഃ തദാസ ഇന്ദ്ര ആഗച്ഛതു
നഃ സം-വരണേഷു വഹ്നിഃ	—	അസ്മാകം ശത്രുസംബന്ധിഷു നിരോധേഷു വോഢാ
പാസ്ത്യസ്യ ഹോതാ	—	പാസ്ത്യേ, ഗൃഹേ വസതാ യജമാനേനാഹ്വാതാ
ദൂരോഷാഃ	—	ദൂരസ്തര ക്രോധഃ
യഃ മഹാൻ	—	യ ഇന്ദ്രഃ പ്രഭൂതോഭവതി സ ആയാതു

അർത്ഥം- ഇന്ദ്രനെ വിഷയീകരിച്ച സ്തുതി ഇഷ്ടപ്പെടുന്ന ഋത്വിക്സംബന്ധിയായ യജമാനനും തൻെറ ഗൃഹത്തിൽ ഇരിക്കുന്ന ജനങ്ങളും എപ്പോഴം യാതൊരിന്ദ്രനെ സ്തുതിയാൽ പ്രാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

പിക്കുന്നുവോ, അപ്പോൾ ആ ഇന്ദ്രൻ വന്നരുളട്ടെ. നമ്മളുടെ ശത്രുക്കളുണ്ടാക്കുന്ന മുടക്കങ്ങളിൽ, ഭാരവാഹിയും ഗൃഹത്തിൽ വസിക്കുന്ന യജമാനൻ വിളിക്കുന്നവനുമായ യാതൊരു മഹാനായ ഇന്ദ്രൻ അടക്കാൻ വയ്യാത്ത കോപമുററവനായി വളരുന്നുവോ, ആ ഇന്ദ്രൻ വന്നരുളട്ടെ.

7 സത്രായദീംഭാർവ്വരസ്യവൃഷ്ണ
സ്സിഷക്തിശുഷ്മസ്തുവതേഭരായ
ഗുഹായദീമൌശിജസ്യഗോഹേ
പ്രയദ്ധിയേപ്രായസേമദായ

അന്വയം:—

ഭാർവ്വരസ്യ — ഭർവ്വരഃ ജഗൽഭർത്താ പ്രജാപതിഃ, തസ്യപുത്രഃ ഭാർവ്വരഃ, തസ്യ
വൃഷ്ണഃ ഈം ശുഷ്മഃ — കാമാനാം വർഷിതുരിന്ദ്രസ്യ ഏതൽ ബലം
സ്തുവതേ സിസക്തി
(ഇതി) യൽ — സ്തോത്രം കുർവ്വതേ യജമാനായ സേവതേ ഇതിയൽ തൽ
സത്രാ — സത്യമേവ
ഈം ഔശിജസ്യ ഭരായ — ഏതൽ ബലം യജമാനസ്യ ഭർത്തും
ഗുഹാ പ്ര യൽ — ഗുഹായാം, ഗുഹാരൂപേ ഹൃദയേ പ്രഭവതീതിയൽ തൽ സത്യം
(യജമാനസ്യ) ഗോഹേ
ധിയേ പ്ര (ഇതി) യൽ — ഗൃഹേ കർമ്മണേ പ്രഭവതീതി യൽ തൽ സത്യം
അയസേ — ഗമനായ, കാമാനാം പ്രാപ്തയേ
മദായ — ഹർഷായ യൽ ബലം ഭവതീതി യൽ തൽ സത്യം
(ഇന്ദ്രസ്യ ബലം യജമാനം സദാ പാലയതി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം-ജഗൽഭർത്താവായ (കശ്യപ) പ്രജാപതിയുടെ പുത്രനായി, കാമവർഷകനായ ഇന്ദ്രൻെറ ഈ ബലം സ്തോത്രം ചെയ്യുന്നവനെ സംഗമിക്കുന്നു എന്നതു് സത്യമത്രെ. ഈ ബലം യജമാനനെ ഭരിക്കാൻ, രക്ഷിക്കാൻ ഗുഹാരൂപമായ ഹൃദയത്തിൽ ഉണ്ടാകുന്നു എന്നതു് സത്യമത്രെ. (ഉപാസക ൻെറ ഹൃദയത്തിൽ ഉപാസ്യനായ ഇന്ദ്രൻ ഉളവാകുമ്പോഴാണു് അവിടുത്തെ ബലം തന്നിൽ പ്രഭവിക്കുന്നതു്) ഈ ബലം യജമാനൻെറ ഗൃഹത്തിൽ കർമ്മത്തിന്നായി നിലക്കൊള്ളുന്നു എന്നതു് സത്യമത്രെ. അഭിലാഷപ്രാപ്തിക്കും ഹർഷത്തിന്നും ഈ ബലംതന്നെയാണു് ഭവിക്കുന്നതു് എന്നതു് സത്യമത്രെ (ഇന്ദ്രൻെറ ബലം യജമാനനെ എപ്പോഴും പാലിക്കുന്നു.)

8 വിയദ്വരാംസിപർവ്വതസ്യവൃണ്വേ
പയോഭിർജിന്വേഅപാംജവാംസി
വിദദ്ഗൌരസ്യഗവയസ്യഗോഹേ
യദീവാജായസുധ്യോ ഽ ഽ വഹന്തി

അന്വയം:—

(ഇന്ദ്രഃ) പർവ്വതസ്യ

വരാംസി	— മേഘസ്യ ദ്വാരാണി
വി വൃണ്വേ യൽ	— വിവൃതാനി കൃതവാൻ ഇതിയൽ തൽ സത്യമേവ
അപാം ജവാംസി	— ഉദകാനാം, നദീനാം വേഗാൻ
പയഃ—ഭിഃ ജിന്വേ	— ജലൈഃ പ്യായയതീതിയൽ തൽസത്യമേവ
യദി സു—ധ്യഃ	— യദാ ശോഭനേ കർമ്മാണോ യജമാനാഃ
വാജായ വഹന്തി	— അന്നായ ഇന്ദ്രം പ്രാപ്നുവന്തി, തദാ

ഗോഹേ ഗൌരസ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗവയസ്യ — ഗേഹേ ഗൌരമൃഗസ്യ,
ഗവയമൃഗസ്യച

വിൽ — തൌ ദ്വൌ പശൂലഭതേ ഇതിയൽ
തൽ സത്യമേവ

അർത്ഥം- ഇന്ദ്രൻ മേഘങ്ങളുടെ ദ്വാരങ്ങളെ തുറന്നു എന്നതു് സത്യമത്രെ. ജലവതികളായ നദികളുടെ വേഗങ്ങളെ (കൂട്ടതൽ) ജലങ്ങളാൽ വദ്ധിപ്പിക്കുന്നു എന്നതു് സത്യമത്രെ. എപ്പോൾ സൽകർമ്മിയായ യജമാനൻ അന്നത്തിന്നായി ഇന്ദ്രനെ പ്രാപിക്കുന്നുവോ, അപ്പോൾ ഗൃഹത്തിൽ ഗൌരമൃഗവും ഗവയമൃഗവും എത്തുന്നു എന്നതു് സത്യമത്രെ. (ഈ മൃഗങ്ങൾ മാൻകൂട്ടത്തിൽ പെട്ടവയാണ്. ഭക്ഷിക്കേണ്ട മൃഗങ്ങളാകകൊണ്ടാണ് അന്നാർത്ഥിയായ യജമാനന്നു് ലഭിക്കുന്നു എന്നു പറയുന്നതു്. വൈദികകാലങ്ങളിൽ മാംസാഹാരം പിൽകാലങ്ങളിലെപ്പോലെ നിഷിദ്ധമായിരുന്നില്ല.)

9 ഭദ്രാതേഹസ്താസുകൃതോതപാണീ
പ്രയന്താരാസ്തുവതേരാധഇന്ദ്ര
കാതേനിഷത്തിഃകിമുനോമമത്സി
കിന്നോദ്ദുഹർഷസേദാതവാഉ

അന്വയം:-

ഹേ ഇന്ദ്ര, തേ ഭദ്രാ,
ഹസ്താ — ത്വദീയൌ കല്യാണൌ ഹസ്തൌ
സു-കൃതാ — ശോഭനകർമ്മാണൌ ഭവതഃ
ഉത പാണീ — ത്വദീയൌ ഹസ്തൌ
സ്തുവതേ രാധഃ
പ്ര-യന്താരാ — സ്തോത്രേ ധനം പ്രയന്താരൌ,
പ്രദാതാരൌ ഭവതഃ
തേ നി-സത്തിഃ കാ? — നിഷദനം, സ്ഥിതിഃ കാ?
(ത്വമസ്മാൻ) കിം ഉ നോ
മമത്സി? — കിമർത്ഥം ന മാദയസി?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കിം ഉൽ—ഉൽ ഉ? — കാമാത്ഥമേവ?
ദാതവൈ ഉ ന ഘഷ്സേ? — അസ്മാകം ധനം ദാതും ഹൃഷ്ടോ ന ഭവസി17

അത്ഥം—അല്ലയോ ഇന്ദ്ര, അവിടുത്തെ മംഗളകരങ്ങളായ കൈകാം സൽകർമ്മങ്ങളോട്ടുകൂടിയവയാണ്. അവിടുത്തെ കൈപ്പടങ്ങാം സ്തോതാവിന്നു് ധനം കൊടുക്കുന്നവയുമാണ്. (എന്നാൽ) അവിടുത്തെ ഇരിപ്പ് (ഇരിപ്പിടം) ഏതാണ്? അവിടുന്നു് എന്തിന്നുവേണ്ടിയാണ്, എന്തുകൊണ്ടാണ്, ഞങ്ങളെ സന്തോഷിപ്പിക്കാത്തതു്? ഞങ്ങാംക്കു് ധനം തരുവാൻ അവിടേക്കു സന്തോഷമല്ലേ.?

10 ഏവാവസ്വഇന്ദ്രസ്സത്യസ്സമ്രാ
സ്റ്റന്താവൃത്രംവരിവഃപൂരവേകഃ
പുരുഷ്ടുതക്രത്വാനശ്ശഗ്ധിരായോ
ഭക്ഷീയതേവസോദൈവ്യസ്യ

അനവയം:—

ഏവ — ഏവം ഉക്ത പ്രകാരേണ സ്തൂയമാനഃ
സത്യഃ: വസ്വഃ സം—രാട് — സത്യവാൻ, ധനസ്യേശ്വരഃ
വൃത്രം ഹന്താ ഇന്ദ്രഃ പൂരവേ — മനുഷ്യായ യജമാനായ
വരിവഃ കഃ — കരോതി ദദാതി
ക്രത്വാ പുരു—സ്തുത — സ്തുതിരുപേണ കർമ്മണാ ബഹുഭിര്യജമാനൈസ്തുത, ഇന്ദ്ര,
നഃ രായഃ ശഗ്ധി — അസ്മഭ്യം ധനം ദേഹി
തേ ദൈവ്യസ്യ അവസഃ — ത്വദീയമാനസ്യ ദേവസംബന്ധിനഃ അന്നസ്യ (കർമ്മണി ഷഷ്ഠീ) അന്നം
ഭക്ഷീയ — ഭജേയ

അത്ഥം—ഇപ്രകാരമെല്ലാം സ്തുതിക്കപ്പെട്ട സത്യവാനും ധനത്തിന്നു് ഈശ്വരനും വൃത്രനെ കൊന്നവനുമായ ഇന്ദ്രൻ മനുഷ്യനായ യജമാനന്നു് ധനമുണ്ടാക്കുന്നു, തന്നുരുന്നു. 'സ്തുതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രൂപമായ കർമ്മത്താൽ വളരെ യജമാനന്മാരാൽ പുകഴ്ത്തപ്പെട്ട ഇന്ദ്ര, ഞങ്ങൾക്ക് ധനം തന്നാലും. അവിടുന്ന് തന്നരുളുന്ന ദേവസംബന്ധിയായ അന്നം ഭുജിക്കാവൂ.

11 നൂഷ്ടുതഇന്ദ്രനൃഗൃണാന
ഇഷംജരിത്രേനദ്യോ൭൭നപീപേഃ
അകാരിതേഹരിവോബ്രഹ്മനവ്യം
ധിയാസ്യാമരത്ഥ്യസ്സദാസാഃ വ 6

അന്വയം:–
(ഇത് കഴിഞ്ഞ അദ്ധ്യായത്തിൽ 20–ാം വർഗ്ഗത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ട്.)

വർഗ്ഗം 7–8

1 യന്നഇന്ദ്രോജുജുഷേയച്ചവഷ്ടി
തന്നോമഹാൻകരതിശുഷ്മ്യാചിൽ
ബ്രഹ്മസ്തോമംമഘവാസോമമുക്ഥാ
യോഅശ്മാനംശവസാബിഭ്രദേതി

അന്വയം:–

ഇന്ദ്രഃ നഃ യൽ ജുജുഷേ — അസ്മാകം ഹവിർല്ലക്ഷണാന്നാദികം സേവതേ
യൽ ച വഷ്ടി — ഹവിരാദികം കാമയതേ
മഹാൻ, ശുഷ്മീ — പ്രഭൃതഃ, ബലവാനിന്ദ്രഃ
ബ്രഹ്മ ചിൽ — ഹവിർല്ലക്ഷണപുരോഡാശാദികമന്നം ച (ചിദിതിചാത്ഥേ)
സ്തോമം, സോമം ഉക്ഥാ — സ്തോത്രസമൂഹം, അഭിഷുതം സോമം, ശസ്ത്രാണിചേത്യേവം ഭൃതം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നഃ തൽ ആ കരതി — അസ്മാകം ബ്രഹ്മാദിചതുഷ്ടയം ആകരോതു സ്വീകരോതു
മഘ–വാ അശ്മാനം
ബിഭ്രൽ — വജ്രം ധാരയൻ
ശവസാ യഃ ഏതി — ബലേനാഗച്ഛതി (സഃ ഇന്ദ്രഃ സ്വീകരോതു)

അർത്ഥം–ഇന്ദ്രൻ നമ്മുടെ ഏതു ഹവിരന്നം കൈക്കൊള്ളുന്നുവോ, ഏതു ഹവിസ്സിഷ്ടപ്പെടുന്നുവോ, മഹാനും ബലവാനുമായ അവിടുന്ന് നമ്മുടെ പുരോഡാശാദി ഹവിസ്സും സ്തോത്രസമൂഹവും ചതച്ച് സംസ്കരിച്ച സോമവും ശസ്ത്രങ്ങളും_ഈ നാലും സ്വീകരിക്കട്ടെ. ധനവാനായ യാതൊരിന്ദ്രൻ വജ്രധാരിയായി ബലത്താൽ എത്തുന്നുവോ ആ ഇന്ദ്രൻ ഹവിസ്സോമസ്തോത്ര ശസ്ത്രങ്ങൾ സ്വീകരിക്കട്ടെ.

2 വൃഷാവൃഷന്ധിംചതുരശ്രിമസ്യ
ന്നുഗ്രോബാഹുഭ്യാം നൃതമശ്ശചീവാൻ
ശ്രിയേപരുഷ്ണീമുഷമാണ ഊർണ്ണാം
യസ്യാഃ പർവ്വാണിസഖ്യായവിവ്യേ

അന്വയം:_

വൃഷന്ധിം — മേഘഭേദനദ്വാരേണ വർഷം കുർവ്വന്തം
ചതുഃ–അശ്രിം — ചതസൃഭിഃ, അശ്രിഭിഃ, ധാരാഭിരുപേതം വജ്രം
ബാഹു–ഭ്യാം അസ്യൻ — ശത്രുഷു പ്രക്ഷിപൻ
വൃഷാ ഉഗ്രഃ നൃ–തമഃ,
ശചീ–വാൻ — കാമവർഷകഃ ഉത്ഗൂർണ്ണബലഃ, നേതൃതമഃ, കർമ്മവാൻ, ഇന്ദ്രഃ
ഊർണ്ണാം പരുഷ്ണീം — ആച്ഛാദികാം പർവ്വവതീംനദീം
ശ്രിയേ ഉഷമാണഃ — ആശ്രയണാർത്ഥം സേവമാനഃ സേചമാനഃ, ഭവതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യസ്യാഃ പര്വാണി — ഭിന്നാൻ ദേശാൻ
സഖ്യായ വിവ്യേ — സഖികർമ്മണേ സംവൃതവാൻ

അർത്ഥം—മേഘം പിളൎന്നു മഴ പെയ്യിക്കുന്നതും നാലു് മുനകളോടു കൂടിയതുമായ വജ്രത്തെ ശത്രുക്കളിലേൽപിച്ചുകൊണ്ടു്, കാമവർഷകനും ഊക്കേററവനും നേതാക്കളിൽ മുന്തിയവനും കർമ്മവാനുമായ ഇന്ദ്രൻ, മറയ്ക്കുന്നതു, മുറിഞ്ഞുകിടക്കുന്നതുമായ പരുഷ്ണീനദിയെ (ചുററുമുള്ള ദേശങ്ങൾക്കു്) ആശ്രയത്തിന്നായി കൂട്ടിച്ചേർത്തു.

3 യോദേവോദേവതമോജായമാനോ
മഹോവാജേഭിർമ്മഹദ്ഭിശ്ചശുഷ്മൈഃ
ദധാനോവജ്രംബാഹോരുശന്തം
ദ്യാമമേനരേജയൽപ്രഭൂമ

അന്വയം:—

ദേവഃ, ദേവ-തമഃ
ജായമാനഃ — ദീപ്യമാനഃ ദാതൃതമഃ
ഉൽപദ്യമാനഃ
യഃ മഹഃ വാജേഭിഃ — ഇന്ദ്രഃ മഹത്ഭിരന്നൈഃ
മഹൽ-ഭിഃ ശുഷ്മൈഃ ച — ബലൈശ്ച (യുക്തഃ)
ഉശന്തം — കാമയമാനം
വജ്രം ബാഹ്വോഃ ദധാനഃ — ഹസ്തയോഃ ധാരയൻ
അമേന ദ്യാം ഭൂമ — ബലേന ദ്യുലോകം ഭൂലോകം ച
പ്ര രേജയൽ — പ്രകമ്പയതിസ്മ

അർത്ഥം—ശോഭമാനനും ദാനശീലരിൽ മികച്ചവനുമായി പിറന്ന ഇന്ദ്രൻ മഹത്തുക്കളായ അന്നങ്ങളോടും പെരിയ ബലങ്ങളോടുമൊത്തവനായി, ശത്രുഹിംസ കാമിക്കുന്ന വജ്രത്തെ കൈകളിലേന്തിയവനായി, സ്വശക്തിയാൽ ദ്യോവിനെയും ഭൂവിനെയും വിറപ്പിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

4 വിശ്വാരോധാംസിപ്രവതശ്ചപൂർവ്വീ
ർദ്യൌരൃഷ്വാജ്ജനിമന്രേജതക്ഷാഃ
ആമാതരാഭരതിശുഷ്മ്യാഗോ
ന്ൃവൽപരിജ്മന്നോനുവന്തവാതാഃ

അന്വയം:—

വിശ്വാ രോധാംസി	— സർവ്വേ ഉന്നതപ്രദേശാഃ പർവ്വതാഃ
പൂർവ്വീഃ പ്ര-വതഃ ച	— ബഹ്വൻ പ്രവണാഃ സമുദ്രാശ്ച
ദ്യൌഃ, ക്ഷാഃ	— ദ്യുലോകശ്ച ഭൂലോകശ്ച
ജനിമൻ	— ഇന്ദ്രസ്യ ജന്മനി സതി
ഋഷ്വാൽ രേജത	— മഹതഃ അസ്മാദിന്ദ്രാൽ അരേജന്ത, അകമ്പന്ത
(കിംച) ശുഷ്മീ ഗോഃ	
മാതരാ	— ഗന്തുഃ സൂര്യസ്യ മാതാപിതരൌ ദ്യാവാപൃഥിവ്യൌ ച
ആ ഭരതി	— ആസമന്താൽ ബിഭർത്തി
നൃ-വൽ വാതാഃ	— മനുഷ്യാ ഇവ പ്രേരിതാവായവഃ
പരി-ജ്മൻ ആ നോനുവന്ത	— അന്തരിക്ഷേ ശബ്ദായന്തേ ച (ആ ഇതി ചാർത്ഥേ)

അർത്ഥം—പർവ്വതാദികളായ എല്ലാ ഉന്നത പ്രദേശങ്ങളും അഗാധങ്ങളായ സമുദ്രങ്ങളും ദ്യോവും ഭൂവും ഇന്ദ്രന്റെ ജനനത്തിൽ, മഹാനായ അവിടുന്നിൽ നിന്നു് പേടിച്ചു വിറച്ചു. ബലവാനായ അവിടുന്നു് സഞ്ചാരിയായ, മാറിമാറി ഉദിച്ചസ്തമിക്കുന്ന, സൂര്യന്റെ അമ്മയച്ഛന്മാരായ ദ്യാവാപൃഥിവികളെ കീഴിൽവെച്ചു ഭരിക്കുന്നു. ഇന്ദ്രനാൽ ഇളക്കപ്പെട്ട കാററുകൾ മനുഷ്യർ പോലെ അന്തരിക്ഷത്തിൽ ശബ്ദിക്കുകയും ചെയ്യുന്നു.

*44

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

5 താളുത്ഇന്ദ്രമഹതോമഹാനി

വിശേഷിൽസവനേഷുപ്രവാച്യാ

യച്ഛൂരധൃഷ്ണോധൃഷതാദധൃഷാ

നഹിംവജ്രേണശവസാവിവേഷീഃ

വ. 7

അന്വയം:-

ഹേ ഇന്ദ്ര, മഹതഃ തേ താ	— പ്രഭൃതസ്യ തവ താനി കർമ്മാണി
തു മഹാനി	— ക്ഷിപ്രം മഹാന്തി ഭവന്തി
വിശേഷു ഇൽ	
സവനേഷു	— സർവ്വേഷ്വേവ, പ്രാതസ്സവനാദി കർമ്മസു താനി
പ്ര-വാച്യാ	— പ്രവാച്യാനി, സ്തോതൃഭിഃ പ്രകർഷേണ വക്തും യോഗ്യാനി ഭവന്തി ഇതി
ഹേ ധൃഷ്ണോ, ശൂര,	— ധർഷക, ശൗര്യോപേതേന്ദ്ര
ദധൃഷാൻ	— പാലകത്വേന ലോകാൻ ധാരയൻ
ശവസാ	— ബലേന യുക്തസ്ത്വം
ധൃഷതാ വജ്രേണ	— ധർഷകേണ വജ്രായുധേന
അഹിം അവിവേഷീഃ	
(ഇതി) യൽ	— വൃത്രം അവധീഃ ഇതി യൽ ഏതദാദീനി കർമ്മാണി മഹാന്തി ഭവന്തി

അർത്ഥം-അല്ലയോ ഇന്ദ്ര, മഹാനായ അവിടത്തെ ആ കർമ്മങ്ങൾ അപ്പപ്പോൾ മഹത്തുക്കളായി ഭവിക്കുന്നു. എല്ലാ പ്രാതസ്സവനാദി കർമ്മങ്ങളിലും അവ സ്തോതാക്കളാൽ സ്തുതിയോഗ്യങ്ങളായി ഭവിക്കുന്നു. അല്ലയോ പ്രഗത്ഭ, വിക്രാന്ത, ഇന്ദ്ര, രക്ഷകഭാവത്തോടെ ലോകങ്ങളെ ധരിക്കുന്ന, താങ്ങുന്ന ബലവാനായ അവിടുന്ന് എതിരററ വജ്രത്താൽ വൃത്രനെകൊന്നു. ഇമ്മാതിരി കർമ്മങ്ങളാണ് മഹത്തുക്കളായിരിക്കുന്നത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

6 താതൂ ത്സത്യാ തുവിനൃമ്ണവിശ്വാ
പ്രധേനവസ്സിസ്രതേവൃഷ്ണഊധ്നഃ
അധാഹത്വദ്വൃഷമണോഭിയാനാഃ
പ്രസിന്ധവോജവസാചക്രമന്ത

അന്വയം:—

ഹേ തുവി–നൃമ്ണ,	— അധികബലേന്ദ്ര
തേ വിശ്വാ താ	— ത്വദീയാനി താനി സർവ്വാണി കർമ്മാണി
തു സത്യാ	— ക്ഷിപ്രം സത്യാനി ഭവന്തി
വൃഷ്ണഃ	— കാമാനാം വർഷിതുസ്തവത്തോ ഭയാൽ
ധേനവഃ ഊധ്നഃ പ്ര സിസ്രതേ	— ഗാവഃ സ്വകീയാദാപീനാൽ ക്ഷീരം ക്ഷരന്തി
അധ ഹേ വൃഷ–മനഃ	— കാമവർഷകമനസ്സേന്ദ്ര.
സിന്ധവഃ ത്വൽ	
ഭിയാനാഃ	— നദ്യഃ ത്വത്തഃ ബിഭ്യത്യസ്സത്യഃ
ജവസാ പ്ര ചക്രമന്ത ഹ	— പ്രകർഷേണ ഗച്ഛന്തി ഖലു

അർത്ഥം-അതിബലനായ ഇന്ദ്ര, അവിടുത്തെ ആ എല്ലാ കർമ്മങ്ങളും വേഗത്തിൽ സത്യങ്ങൾ (സത്യഫലങ്ങൾ) ആയി ഭവിക്കുന്നു. കാമവർഷിതാവായ അവിടുന്നിൽ നിന്നുള്ള ഭയത്താലാണ് പശുക്കൾ അകിടിൽ നിന്ന് പാൽ ചുരത്തുന്നത്. പിന്നെ, അഭീഷ്ടവർഷണമനസ്സനായ ഇന്ദ്ര, അവിടുത്തെ ഭയപ്പെട്ടിട്ടാണ് നദികൾ (ഇത്ര) വേഗത്തോടുകൂടി ഓടുന്നത്. (രണ്ടും വിചിത്രോൽപ്രേക്ഷകൾ.)

7 അത്രാഹതേഹരിവസ്താഉദേവീ
രവോഭിരിന്ദ്രസ്തുവന്തസ്വസാരഃ
യൽസീമനുപ്രമുചോബദ്ബധാനാ
ദീർഘാമനുപ്രസിതിംസ്യന്ദയധ്യൈ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ ഇന്ദ്ര, (ത്വം) യൽ

ബദ്ബധാനാഃ	— യദാവൃത്രേണ ബദ്ധ്യമാനാഃ
സീം അനു	— ഏതാനദീരുദ്ദിശ്യ
ദീഘാം പ്ര-സിതിം	— അത്യധികം ബന്ധനം
അനു സ്യന്ദയധ്യൈ	— യഥാകാമം സ്യന്ദിതും
പ്ര മുചഃ	— പ്രകർഷേണാമോചയഃ
ഹേ ഹരി–വഃ, അത്ര അഹ	— ഹേ ഹരിവൻ, അത്രൈവമോചന വേലായാം
താഃ ഉ ദേവീഃ സ്വസാരഃ	— താ ഏവദ്യോതമാനാനദ്യഃ
അവഃ–ഭിഃ	— ത്വൽകൃതൈ രക്ഷണൈഃ
തേ സ്തവന്ത	— ത്വാം സ്തുവന്തി

അത്ഥം–അല്ലയോ ഇന്ദ്ര, അവിടുന്നു് എപ്പോഠം വൃത്രനാൽ തടയപ്പെട്ട ഈ നദികളുടെ നീണ്ടനിന്ന തടവിനെ ഇഷ്ടംപോലെ ഒഴുകാനായി മോചിപ്പിച്ചുവോ, അല്ലയോ ഹരികളെന്ന കുതിരകളൊത്ത ഇന്ദ്ര, അപ്പോഠം, ആ മോചനവേളയിൽ, ആ പ്രകാശവതികളായ സഹോദരിമാർ (നദികഠം) അവിടുന്നു് ചെയ്ത രക്ഷണങ്ങഠം കാരണമായി അവിടുത്തെ സ്തുതിക്കുന്നു. (നദികളുടെ ഒഴുക്കൊല്ലകഠംസ്തുതികളായി ഉല്ലേഖിക്കുന്നു).

8 പിപീളേഅംശുർമ്മദ്യോനസിന്ധു

രാത്വാശമീശശമാനസ്യശക്തിഃ

അസ്മദ്ര്യക്ച്ഛുശുചാനസ്യയമ്യാ

ആശുന്നരശ്മിംതുവ്യോജസംഗോഃ

അന്വയം:—

(ഹേ ഇന്ദ്ര,) മദ്യഃ അംശുഃ	— മാദയിതാസോമഃ
പിപീളേ	— അപീഡ്യത, അഭ്യസൂയത
ന സിന്ധുഃ	— ഇദാനീംസ്യന്ദമാനസ്സോമഃ (നേതി സംപ്രത്യർത്ഥേ)
ത്വാ ആ യമ്യാഃ	— ത്വാം ആയച്ഛതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശുശുചാനസ്യ
ശശമാനസ്യ — ദീപ്യമാനസ്യ, സ്തുവതഃ സംബന്ധീ
ആശുഃ — ശീഘ്രഗാമീയന്താ
ഗോഃ തുവി-ഓജസം
രശ്മിം ന — ഗന്തുരശ്വസ്യ ബഹുബലം, ദൃഢം ബന്ധനരജ്ജുമിവ
ശമീ ശക്തിഃ — ശമനം സ്തുതികർമ്മ ച
അസ്മദ്ര്യക് — അസ്മദഭിമുഖമായച്ഛതു

അർത്ഥം—അല്ലയോ ഇന്ദ്ര, ഹർഷകരമായ സോമം ചതച്ചിരിക്കുന്നു. ഇപ്പോൾ ഒഴുകിക്കൊണ്ടിരിയ്ക്കുന്ന സോമം അവിടുത്തെ പ്രാപിക്കട്ടെ. പ്രകാശമാനനായ സ്തോതാവിനെസ്സംബന്ധിച്ച ശമനപരമായ സ്തുതികർമ്മം, ഗതിവേഗമുററ കുതിരക്കാരൻ കുതിരയുടെ ഉറപ്പുള്ള കടിഞ്ഞാണിനെ എന്നപോലെ, ഞങ്ങൾക്കുനേരെ വന്നെത്തട്ടെ. അതായതു് ആ സ്തുതികർമ്മം ഞങ്ങൾക്കുള്ളിൽ പിടിച്ചുനില്ക്കട്ടെ.

9 അസ്മേവർഷിഷ്ഠാകൃണുഹിജ്യേഷ്ഠാ
നൃമ്ണാനിസത്രാസഹുരേസഹാംസി
അസ്മഭ്യംവൃത്രാസുഹനാനിരന്ധി
ജഹിവധർവ്വനുഷോമർത്ത്യസ്യ

അന്വയം:—

ഹേ സഹുരേ — സഹനശീലേന്ദ്ര, ത്വം
സത്രാ, സഹാംസി — സർവ്വദാ ശത്രൂനഭിഭാവുകാനി
വർഷിഷ്ഠാ, ജ്യേഷ്ഠാ — വർഷിഷ്ഠാനി, പ്രവൃദ്ധാനി, ജ്യേഷ്ഠാനി, പ്രശസ്താനി
നൃമ്ണാനി അസ്മേ
കൃണുഹി — ബലാന്യസ്മഭ്യം കുരു
അസ്മഭ്യം സു-ഹനാനി
വൃത്രാ രന്ധി — ശോഭനവധാനി വൃത്രാണി, ശത്രൂൻ രന്ധയ, വശംനയ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(കിംച) വനുഷഃ
മർത്യസ്യ — ഹിംസകസ്യമരണധമ്മണഃ ശത്രോസ്സംബന്ധീ
വധഃ ജഹി — ഹനനസാധനായുധം നാശയ

അത്ഥം--അല്ലയോ സഹനശീലനായ ഇന്ദ്ര, അവിടുന്ന് ശത്രുഞ്ജയങ്ങളും പ്രവൃദ്ധങ്ങളും പ്രശസ്തങ്ങളുമായ ശക്തികാം ഞങ്ങാംക്കുണ്ടാക്കിയാലും. ഞങ്ങാംക്കുവേണ്ടി വധസാമത്ഥ്യ മുററ ശത്രുക്കളെ കീഴിൽ വരുത്തിയാലും. പിന്നെ ഹിംസക നായ ശത്രുവിൻെറ വധായുധം നശിപ്പിച്ചാലും.

10 അസ്മാകമിൽസുശൃണുഹിത്വമിന്ദ്രാ
സ്മഭ്യംചിത്രാഉപമാഹിവാജാൻ
അസ്മഭ്യംവിശ്വാഇഷണഃ പുരന്ധീ
രസ്മാകംസുമഘവൻബോധിഗോദാഃ

അന്വയം:-

ഹേ ഇന്ദ്ര, ത്വം അസ്മാകം
ഇൽ — അസ്മദീയാ ഏവസ്തുതീഃ
സു ശൃണുഹി — സുഷ്ഠുശൃണുഹി
(തഥാ) ചിത്രാൻ വാജാൻ — ചായനീയാന്യന്നാനി
അസ്മഭ്യം ഉപ മാഹി — ദേഹി
(കിംച) അസ്മഭ്യം
വിശ്വാഃ — സവ്വാഃ
പുരം-ധീഃ ഇഷണഃ — ബുദ്ധീഃ പ്രേരയ
(അപിച) ഹേ മഘ-വൻ — ധനവന്നിന്ദ്ര, ത്വം
അസ്മാകം ഗോ-ദാഃ
സു ബോധി — ഗവാം ദാതാ സുഷ്ഠു ഭവ

അത്ഥം—അല്ലയോ ഇന്ദ്ര, ഞങ്ങളുടെ തന്നെ സ്തുതികളെ അ വിടുന്നു നന്നായി കേട്ടാലും. പിന്നെ കാമ്യങ്ങളായ അന്ന ങ്ങാം ഞങ്ങാംക്ക് തന്നരുളിയാലും. ഞങ്ങളുടെ എല്ലാ ബുദ്ധി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കളെയും (പലവഴികള പോകുന്ന ബുദ്ധികളെ നേർവഴിക്ക്) പ്രേരിപ്പിച്ചാലും. അല്ലയോ ധനവാനായ ഇന്ദ്ര, അവിടുന്നു ഞങ്ങാംക്ക് പശുക്കളെ തരുന്നവനായി ഭവിച്ചാലും.

11 നൂഷ്ടുതഇന്ദ്രനൂഗൃണാന
ഇഷം ജരിത്രേനദ്യോ ഽ ഽ നപീപേഃ
അകാരിതേഹരിവോബ്രഹ്മനവ്യം
ധിയാസ്യാമരത്ഥ്യസ്സദാസാഃ വ 8

അന്വയം:–
(ഇതു് കഴിഞ്ഞ അധ്യായത്തിൽ 20–ാം വർഗ്ഗത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ട്.)

വർഗ്ഗം 9–10

1 കഥാമഹാമവൃധൽകസ്യഹോതു
ര്യജ്ഞംജുഷാണോ അഭിസോമമൂധഃ
പിബന്നുശാനോജുഷമാണോ അന്ധോ
വവക്ഷ ഋഷ്വഃശ്ശുചതേധനായ

അന്വയം:–

മഹാം — മഹാന്തം, ഗുണൈഃ പ്രവൃദ്ധമിന്ദ്രം
(അസ്മൽ പ്രേരിതാ സ്തുതിഃ)
കഥാ അവൃധൽ? — കഥം, കേനപ്രകാരേണ വദ്ധയേൽ? (തസ്യഅതിമഹത്വാൽ)
(സ ഏവേന്ദ്രഃ) ഹോതുഃ
കസ്യ — ഹോമനിഷ്പാദകസ്യകസ്യ യജമാനസ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യജ്ഞം ജൂഷാണഃ അഭി? — യാഗം പ്രതി പ്രീയമാണസ്സൻ അഭിഗച്ഛതി?

(കിംച) ഊധഃ സോമം — ഉൽഗതം, അതിപ്രവൃദ്ധം സോമം

അന്ധഃ പിബൻ — സോമലക്ഷണമന്നമാസ്വാദയൻ

ഉശാനഃ, ജൂഷമാണഃ — തദേവാന്നം കാമയമാനഃ സേവമാനശ്ച

ഋഷ്വഃ ശുചതേ ധനായ — മഹാനിന്ദ്രഃ പ്രദീപ്തായഹിരണ്യാദി ലക്ഷണായ ധനായ (ദ്വിതീയാർത്ഥേചതുർത്ഥീ) ഉക്തലക്ഷണം ധനം

(കസ്മൈയജമാനായ ദാതും)

വവക്ഷേ? — വഹതി?

അർത്ഥം—ഗുണാധിക്യംകൊണ്ടു മഹാനായ ഇന്ദ്രനെ നമ്മളാൽ ചൊല്ലപ്പെടുന്ന സ്തുതി എങ്ങിനെ വർദ്ധിപ്പിക്കും? (അവിടുത്തെ മഹിമ അത്രപ്രവൃദ്ധമാണല്ലൊ.) അതേ ഇന്ദ്രൻ ഹോമനിർവ്വാഹകനായ ഏതു യജമാനൻെറ യാഗത്തെക്കുറിച്ച് പ്രീതനായി ചെല്ലുന്നു? പിന്നെ, നിറഞ്ഞു മേൽപ്പോട്ടു കുതിക്കുന്ന സോമത്തെ, സോമാന്നത്തെ കുടിച്ചിട്ടു, വീണ്ടും അതുതന്നെ കാമിക്കുന്നവനും കൈക്കൊള്ളുന്നവനും മഹാനുമായ ഇന്ദ്രൻ, മിന്നിത്തിളങ്ങുന്ന സ്വർണ്ണം മുതലായ ധനത്തെ ഏതു യജമാനന്നു് കൊടുക്കാനാണു് വെച്ചിരിക്കുന്നതു്?

2 കോഅസ്യവീരസ്സധമാദമാപ
സമാനംശസുമതിഭിഃകോഅസ്യ
കദസ്യചിത്രംചികിതേകദൂതീ
വൃധേഭുവച്ഛശമാനസ്യയജ്യോഃ

അന്വയം:—

അസ്യ സധ—മാദം — ഇന്ദ്രസ്യസംബന്ധിനം സഹ സോമപാനം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വീരഃ കഃ ആപ — സ്തോത്രാണാം വീരയിതാ, പ്രേരയിതാ കഃ പുമാൻ പ്രാപ്നോതി?

കഃ അസ്യ സുമതി–ഭിഃ — ഇന്ദ്രസ്യ ശോഭനാഭിരനുഗ്രഹ ബുദ്ധിഭിഃ

സം ആനംശ? — സങ്ഗച്ഛതേ?

കൽ അസ്യ ചിത്രം ചികിതേ — കദാ ഇന്ദ്രസ്യ ചായനീയം ധനം പ്രജ്ഞായതേ? (തൽ പ്രദാനസമയം ന കോപി ജാനാതി)

കൽ ശശമാനസ്യ യജ്യോഃ — കദാ സ്തുവതഃ യഷ്ടുഃ

വൃധേ ഊതീ ഭുവൽ — വർദ്ധനായ ഊത്യാ, രക്ഷയാ ഭവേൽ?

അർത്ഥം–ഈ ഇന്ദ്രനോടുകൂടി സോമപാനം സ്തോതാവായ ഏതൊരാം പ്രാപിക്കുന്നു? ഏതൊരാം ഈ ഇന്ദ്രൻെറ തെളിഞ്ഞ അനുഗ്രഹബുദ്ധികളോടു ചേരുന്നു? എപ്പോം ഈ ഇന്ദ്രൻെറ കാമ്യമായ ധനം അറിയപ്പെടുന്നു, അനുഭവപ്പെടുന്നു? (അവിടുന്നു് ധനം തരുന്ന സമയം ആരുമറിയുന്നില്ല). എപ്പോം സ്തോതാവായ യഷ്ടാവിൻെറ, യജമാനൻെറ, അഭിവൃദ്ധിയ്ക്കായി അവിടുന്നു് രക്ഷയോടുകൂടി ഭവിക്കുന്നു?.

3 കഥാശ്രുണോതിഹൂയമാനമിന്ദ്രഃ
കഥാശൃണ്വന്നവസാമസ്യവേദ
കാഅസ്യപൂർവ്വീരുപമാതയോഹ
കഥൈനമാഹുഃപപ്രിരിംജരിത്രേ

അന്വയം:–

ഇന്ദ്രഃ ഹൂയമാനം കഥാ ശൃണോതി? — പരമൈശ്വര്യയുക്തഃ ആഹ്വയന്തം സ്തോതാരം കഥം ശൃണോതി?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(സ്തോത്രാണി) ശൃണ്വൻ
അസ്യ അവസാം — സ്തോതൃസ്സംബന്ധീനി രക്ഷണാനി
കഥാ വേദ? — കഥംവേത്തി?
പൂർവ്വീഃ — പുരാതനാനി
അസ്യ ഉപ-മാതയഃ
കാഃ ഹ? — ഇന്ദ്രസ്യ ദാനാനി കാനി ചിൽ സന്തി?
(താനിദാനാനി) ജരിത്രേ — സ്തോതൃസ്സംബന്ധിനാം കാമാനാം
പപുരിം ഏനം കഥാ
ആഹുഃ? — പൂരയിതാരമിന്ദ്രം ച കഥംവദന്തി?

അർത്ഥം- പരമേശ്വരനായ ഇന്ദ്രൻ, തന്നെ വിളിക്കുന്ന സ്തോതാവിനെ (സ്തോതാവിൻെറ വിളിയെ) എപ്രകാരമാണ് കേൾക്കുന്നതു്? കേട്ടിട്ടു്, അവന്നു വേണ്ടും രക്ഷണങ്ങളെ എങ്ങിനെയറിയുന്നു ? ഈ ഇന്ദ്രൻെറ പുരാതനങ്ങളായ ദാനങ്ങൾ ഏവയാകുന്നു? ആ ദാനങ്ങളെയും, സ്തോതാവിൻെറ കാമങ്ങളെ പൂരിപ്പിക്കുന്ന ഈ ഇന്ദ്രനെയും എപ്രകാരമാണ് ജനങ്ങൾ പറയുന്നതു്.?

4 കഥാസബാധശ്ശശമാനോഅസ്യ
നശദഭിദ്രവിണംദീധ്യാനഃ
ദേവോഭുവന്നവേദാമഋതാനാം
നമോജഗൃഭ്വാഅഭിയജ്ജുജോഷൽ

അന്വയം:—
സ-ബാധഃ — സപത്നാനാം പീഡാസഹിതഃ
ശശമാനഃ, ദീധ്യാനഃ — ഇന്ദ്രവിഷയാം സ്തുതിം കുർവ്വൻ, കർമ്മഭിർദ്ദീപ്യമാനോ യജമാനഃ
അസ്യ ദ്രവിണം — ഇന്ദ്രസ്യ സംബന്ധി പശ്വാദി ധനം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കഥാ അഭി നശൽ? — കഥമഭി പ്രാപ്നോതി?
നമഃ ജഗൃഭാൻ — ഹവിരന്നം ഗൃഹീതവാനിന്ദ്രഃ
യൽ അഭി ജുജോഷൽ — യദാ മാം അഭിസേവേത, തദാ
ദേവഃ മേ ശ്രുതാനാം — ദീപ്യമാന ഇന്ദ്രഃ മദീയാനാം സ്തോത്രാണാം
നവേദാഃ ഭുവൽ — അതിശയേന ജ്ഞാതാ ഭവേൽ (നിപാതസ്ഥാനകാരഃ അതിശയവാചീ)

അർത്ഥം-ശത്രുക്കളുടെ പീഡയോടുകൂടിയവനും ഇന്ദ്രനെ സ്തുതിക്കുന്നവനും കർമ്മങ്ങളാൽകൊണ്ടു തേജസ്സിയന്നവനുമായ യജമാനൻ ഈ ഇന്ദ്രനെസ്സംബന്ധിച്ച പശുമുതലായ ധനത്തെ ഏതുപ്രകാരമാണ് പ്രാപിക്കുക? ഹവിരന്നം സ്വീകരിച്ച ഇന്ദ്രൻ എന്നെ എപ്പോൾ കൈക്കൊള്ളുമോ, അപ്പോൾ ദേവനായ അവിടുന്ന് എൻെറ സ്തോത്രങ്ങളെ നന്നായറിയുന്നവനായി ഭവിക്കണം.

5 കഥാകദസ്യാഉഷസോവ്യുഷ്ടൌ
ദേവാമർത്തസ്യസഖ്യംജ്ജുജോഷ
കഥാകദസ്യസഖ്യംസഖിഭ്യോ
യേഅസ്മിൻകാമംസുയുജംതതസ്രേ
വ. 9

അന്വയം:-

ദേവഃ
അസ്യാഃ ഉഷസഃ — ദ്യോതമാന ഇന്ദ്രഃ
വി-ഉഷ്ടൌ
മർത്തസ്യ സഖ്യം — പ്രഭാതേ
കഥാ കൽ ജുജോഷ? — മനുഷ്യസ്യ, സ്തോതുസ്സഖികർമ്മ
യേ അസ്മിൻ — കഥം കദാ സേവേത?
സു-യുജം കാമം തതസ്രേ — ഇന്ദ്രേ
— സുഷ്ഠു പ്രയുജ്യമാനം കാമനീയം ഹവിഃ സ്തോത്രം ച വിതേനിരേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അസ്യ സഖ്യം — ഇന്ദ്രസ്യ സഖികർമ്മ
സഖി-ഭ്യഃ കഥാ കൽ? — സ്തോതൃഭ്യഃ കഥം കദാചിൽ ഭവേൽ?

അർത്ഥം-പ്രകാശമാനനായ ഇന്ദ്രൻ പ്രഭാതത്തിൽ മനുഷ്യനായ സ്തോതാവിൻെറ ചങ്ങാതം എങ്ങിനെ എപ്പോഠം കൈക്കൊള്ളും? സ്തോതാക്കളേവർ ഈ ഇന്ദ്രനുകൽ നന്നായി ചേരുന്ന ഹവിസ്സും സ്തോത്രവും അപ്പിക്കുന്നുവോ, ആ ഇന്ദ്രൻെറ സഖ്യം ചങ്ങാതികളായ സ്തോതാക്കാംക്കു് എങ്ങിനെ, എപ്പോഴുണ്ടാകും?

6 കിമാദമത്രംസഖ്യംസഖിഭ്യഃ
കദാനുതേഭ്രാത്രംപ്രബ്രവാമ
ശ്രിയേസുദൃശോവപുരസ്യസർഗ്ഗാ
സ്വ ഽ ർണ്ണചിത്രതമമിഷആഗോഃ

അന്വയം:-

(ഹേ ഇന്ദ്ര, വയം യജമാനാഃ തേ)
അമത്രം സഖ്യം — ശത്രൂനഭിഭാവുകം സഖികർമ്മ
സഖി-ഭ്യഃ കിം ആൽ — സ്തോതൃഭ്യഃ കിംസ്വിൽ
പ്ര ബ്രവാമ? — പ്രകർഷേണ വദേമ?
തേ ഭ്രാത്രം കദാ നു? — ഭ്രാതൃകർമ്മ കദാഖലു പ്രബ്രവാമ?
സു-ദൃശഃ അസ്യ — ശോഭനദർശനസ്യേന്ദ്രസ്യ
സർഗ്ഗാഃ ശ്രിയേ — ഉദ്യോഗാഃ സർവ്വേഷാം ശ്രേയസേ ഭവന്തി
സ്വഃ ന — സൂര്യോ യഥാ ദർശനീയസ്തഥാ
ഗോഃ ചിത്ര-തമം വപുഃ — ഗന്തുരിന്ദ്രസ്യ ദർശനീയതമം ശരീരം
ആ ഇഷേ — ആസമന്താൽ സർവ്വൈരിഷ്യതേ

അർത്ഥം-അല്ലയോ ഇന്ദ്ര, യജമാനന്മാരായ ഞങ്ങഠം സ്തോതാക്കളോടുള്ള അവിടുത്തെ ശത്രുഞ്ജയമായ ചങ്ങാതത്തെ എങ്ങി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നെ പ്രശംസിക്കേണ്ടു? അവിടത്തെ സഹോദരകർമ്മത്തെ എപ്പോഴം പ്രശംസിക്കേണ്ടു? (എപ്പോഴം പ്രശംസിക്കേണ്ടതാണ്.) ശോഭന ദർശനനായ അവിടത്തെ വ്യാപാരങ്ങൾ എല്ലാവർക്കും ശ്രേയസ്സിന്നുവേണ്ടിയത്രേ ഭവിക്കുന്നതു്. സൂര്യൻ എന്നപോലെ ഗമിച്ചുകൊണ്ടിരിക്കുന്ന ഇന്ദ്രൻെറ ഏററവും കാണപ്പെടേണ്ടുന്ന ശരീരം എല്ലാവരാലും ആശിക്കപ്പെടുന്നു.

7 ദ്രുഹം ജിഘാംസന്ധ്വരസമനിന്ദ്രാം

തേതിക്തേതിഗ്മാതുജസേഅനീകാ

പ്രണാചിദ്യത്രഹ്രണയാനഉഗ്രോ

ദൂരേഅജ്ഞാതാ ഉഷസോബബാധേ

അന്വയം:-

(അയമിന്ദ്രഃ) ദ്രുഹം,
ധ്വരസം — ദ്രോഹം കുർവ്വതീം, ഹിംസികാം
അനിന്ദ്രാം ജിഘാംസൻ — ഇന്ദ്രമജാനതീം രാക്ഷസീം ഹന്തുമിച്ഛൻ
തിഗ്മാ അനീകാ — പൂർവ്വമേവതീക്ഷ്ണാന്യായുധാനി
തുജസേ തേതിക്തേ — തദ്വധായഅത്യർത്ഥം തീക്ഷ്ണീകരോതി
യത്ര ഹ്രണാ ചിൽ നഃ — യാസൂഷസ്സു, അഹസ്സു, ഹ്രണാന്യപ്യസ്മാൻബാധന്തേ താനി
ഉഷസഃ ഉഗ്രഃ ഹ്രണ-യാഃ — താന്യഹാനിഉൽഗൂർണ്ണ ബലഃ ഹ്രണസ്യഹന്താ യാതി
ദൂരേ അജ്ഞാതാഃ
ബബാധേ — അനനുഭൂതാസ്സതീഃ അപീഡയൽ

അർത്ഥം—ഈ ഇന്ദ്രൻ, ദ്രോഹം ചെയ്യുന്നവളും ഹിംസിക്കുന്നവളും ഇന്ദ്രനെ ഗണിക്കാത്തവളുമായ രാക്ഷസിയെ വധിക്കാനുദ്ദേശിച്ചു്, മുമ്പുതന്നെ മൂർച്ചയുള്ള ആയുധങ്ങളെ, അവളെ കൊല്ലാനായി ഏററവും മൂർച്ചകൂട്ടുന്നു. പകലുകളിൽ കടങ്ങൾ നമ്മെ ബാധിക്കുന്നു. ഊക്കേററ ഇന്ദ്രൻ ആ പകലുകളിൽ ഹ്രണഹന്താ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വായിവന്നു്, അവ അനുഭവപ്പെടാതെ അകററി അകററുന്നു. (ഇവിടെ കടമെന്നു പറയുന്നതു് ദേവന്മാക്കും ഋഷികരംക്കും പിതൃക്കരംക്കുമുള്ള കടത്തെയാണു്. ആ കടങ്ങരം സ്വാധ്യായ വൈശ്വദേവതപ്പ്ണാദി സൽകമ്മാനുഷ്ഠാനങ്ങരം കൊണ്ടുവേണം തീരാൻ. അവയെ ഇന്ദ്രൻ അനുഗ്രഹംകൊണ്ടു തീക്കുന്നു.)

8 ഋതസ്യഹിശുരുധസ്സന്തിപൂവ്വീ
ഋതസ്യധീതിർവൃജിനാനിഹന്തി
ഋതസ്യശ്ലോകോബധിരാതതദ്
കണ്ണാബുധാനശ്ശുചമാനആയോഃ

അന്വയം.—

(അത്ര ഋതശബ്ദേന ഇന്ദ്ര, ആദിത്യഃ, സത്യം, യജ്ഞം വോച്യതേ)

ഋതസ്യ	— സത്യസ്യ സംബന്ധിന്യഃ
പൂവ്വീഃ ശുരുധഃ സന്തി ഹി	— ബഹ്വീഃ ആപഃ ഭവന്തി ഖലു
ഋതസ്യ ധീതിഃ	— തൽസംബന്ധിനീ പ്രജ്ഞാ
വൃജിനാനി ഹന്തി	— വർജ്ജനീയാനി പാപാനി ഹിനസ്തി
ബുധാനഃ ശുചമാനഃ	— ബുദ്ധ്യമാനഃ, ദീപ്യമാനഃ
ഋതസ്യ ശ്ലോകഃ	— തൽസംബന്ധിസ്തുതിരൂപ വാക്പ്രസരഃ
ആയോഃ ബധിരാ കണ്ണാ	— ഗന്തുമ്മനുഷ്യസ്യ ബധിരൌ, പ്രതിബദ്ധൌ കണ്ണൌ
തതദ്	— തൃണന്തി

അത്ഥം—(ഇവിടെ ഋതശബ്ദംകൊണ്ടു് ഇന്ദ്രനോ, ആദിത്യനോ, സത്യമോ, യജ്ഞമോ പറയപ്പെടുന്നു. സത്യമെന്ന സവ്വ വ്യാപകമായ അത്ഥമാണു് ചുവടെ സ്വീകരിക്കുന്നതു്.)

സത്യത്തെസ്സംബന്ധിച്ചാണു് കണക്കററ ജലങ്ങരം ഭവിക്കുന്നതു്. സത്യത്തെ സംബന്ധിച്ച ജ്ഞാനം ഒഴിവാക്കേണ്ടും പാപങ്ങളെ ഒടുക്കുന്നു. മനസ്സിലാക്കേണ്ടതും തിളക്കമുററതുമായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സത്യത്തെസ്സംബന്ധിച്ച സ്തുതിവചനപ്രസരം പ്രപഞ്ചസഞ്ചാരിയായ മനുഷ്യന്റെ അടഞ്ഞ ചെവികൾ തുറക്കുന്നു. (ചെവികളിലൂടെ ഹൃദയം തുറക്കുന്നു.)

9 ഋതസ്യദൃള്ഹാധരുണാനിസന്തി
പുരൂണിചന്ദ്രാവപുഷേവപൂംഷി
ഋതേനദീർഘമിഷണന്തപൃക്ഷ
ഋതേനഗാവഋതമാവിവേശുഃ

അന്വയം:—

വപുഷേ	— വപുഷ്മതഃ (ഷഷ്ഠ്യർത്ഥേചതുർത്ഥീ)
ഋതസ്യ ദൃള്ഹം ധരുണാനി	— സത്യസ്യ ദൃഢാനി ധാരകാണി
ചന്ദ്രാ പുരൂണി വപൂംഷി സന്തി	— ചന്ദ്രാണി, ആഹ്ലാദകാനി ബഹൂനി രൂപാണി ഭവന്തി
ഋതേന ദീർഘം പൃക്ഷഃ	— സത്യേനാത്യധികമന്നം
ഇഷണന്ത	— സ്തോതാരഃ ഇച്ഛന്തി
ഋതേന ഗാവഃ	— സത്യേന ധേനവഃ
ഋതം ആ വിവേശുഃ	— യജ്ഞം ദക്ഷിണാത്വേന പ്രവിശന്തി

അർത്ഥം—മൂർത്തിമത്തായ സത്യത്തിന്നു് ഉറപ്പുററവയും ആഹ്ളാദകങ്ങളുമായ നിരവധി രൂപങ്ങൾ ഭവിക്കുന്നു. (സത്യത്തിന്റെ രൂപങ്ങൾ എപ്പോഴും ആഹ്ളാദകങ്ങളാണു്.) സത്യം കൊണ്ടാണു് അത്യധികമായ (യാഗാദി കർമ്മങ്ങൾക്ക പര്യാപ്തമായ) അന്നത്തെ സ്തോതാക്കൾ ഇച്ഛിക്കുന്നതു്. സത്യം കൊണ്ടത്രേ പശുക്കൾ ദക്ഷിണാ ഭാവത്തോടുകൂടി (ആത്മദാനമനസ്സോടുകൂടി) യജ്ഞത്തെ പ്രാപിക്കുന്നതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

10 ഋതംയേമാനഋതമിദ്വനോ
ത്യൃതസ്യശുഷ്മസ്തുരയാഉഗവ്യുഃ
ഋതായപൃഥ്വീബഹുലേഗഭീരേ
ഋതായധേനൂപരമേദുഹാതേ

അന്വയം:–

ഋതം യേമാനഃ	—	സത്യം നിയച്ഛൻ, സ്തുതിഭിർവ്വ ശീകുർവ്വൻ, സ്തോതാ
ഋതം ഇൽ വനോതി	—	സത്യമേവ സംഭജതേ
ഋതസ്യ ശുഷ്മഃ	—	സത്യസ്യ ബലം
തുര–യാഃ ഗവ്യുഃ ഉ	—	തൂർണ്ണം ജലകാമശ്ച (ഉ ഇതി ചാർത്ഥേ) ഭവതി
ബഹുലേ ഗഭീരേ പൃഥ്വീ	—	വിസ്തീർണ്ണേ ദുരവഗാഹേ ദ്യാവാപൃഥിവ്യൌ
ഋതായ	—	സത്യായ ഭവതഃ
ധേനൂ, പരമേ	—	പ്രീണയിത്ര്യൌ, ഉൽകൃഷ്ടേ ദ്യാവാപൃഥിവ്യൌ
ഋതായ ദുഹാതേ	—	സത്യായൈവ ദോഹനം കുർവ്വാതെ

അർത്ഥം–സ്തുതികളാൽ (ധ്യാനത്താൽ) സത്യത്തെ വശീകരിച്ച സ്തോതാവ് (പിന്നേയും) സത്യത്തെത്തന്നെയാണ് ഭജിക്കുന്നതു്. സത്യത്തിന്റെ ബലം ജലത്തെ (കർമ്മഫലത്തെ) ഇച്ഛപ്പെടുന്നതത്രെ. (കൊടുക്കുന്നതത്രെ.) വിസ്തീർണ്ണകളും അളന്നറിയാൻ കഴിയാത്തവരുമായ ദ്യാവാപൃഥിവികൾ സത്യത്തിന്നായിട്ടാണ് നിലകൊള്ളുന്നതു്. സന്തോഷകാരിണികളും ഉൽകൃഷ്ടകളുമായ ദ്യാവാപൃഥിവികൾ സത്യത്തിന്നായിക്കൊണ്ടുതന്നെയാണ് (പ്രാണികൾക്ക്, ചരാചരങ്ങൾക്ക്, നിലനില്പിന്നുള്ള വിഭവങ്ങൾ) കറന്നു ചൊരിയുന്നതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

11 നൃഷ്ടുതമിന്ദ്രനൃഗൃണാന

ഇഷംജരിത്രേനദ്യോ ന പീപേഃ

അകാരിതേഹരിവോബ്രഹ്മനവ്യം

ധിയാസ്യാമരത്ഥ്യസ്സദാസാഃ വ. 10

അന്വയം:–

(ഇതു് കഴിഞ്ഞ അധ്യായത്തിൽ 20-ാം വർഗ്ഗത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ടു്.)

വർഗ്ഗം–11–12–ത്രിഷ്ടുബനുഷ്ടുഭൗഛന്ദസീ

1 കാസുഷ്ടുതിശ്ശവസസ്സൂനമിന്ദ്ര

മർവ്വാചീനം രാധസആവവത്തൽ

ദദിർഹിവീരോഗൃണതേവസൂനി

സഗോപതിന്നിഷ്ഷിധാന്നോജനാസഃ

അന്വയം:–

കാ സു–സ്തുതിഃ — കീദൃശീ ശോഭനോസ്തുതിഃ
ശവസഃ സൂനും — ബലസ്യ പുത്രം, അതിബലിനം
അർവ്വാചീനം ഇന്ദ്രം — അസ്മദഭിമുഖം പരമൈശ്വര്യ യുക്തം
രാധസേ ആ വവത്തൽ? — അസ്മഭ്യം ധനം ദാതുമാവത്തയേൽ?
ഹേ ജനാസഃ, — ജനാഃ, യജമാനാഃ,
വീരഃ, ഗോ–പതിഃ — വിക്രാന്തഃ, പശ്വാദിധനസ്യ പാലകഃ
സഃ നിഃ–സിധാം വസൂനി — നിഷ്ഷേദ്ധൄണാം, ശത്രൂണാം സംബന്ധീനി ധനാനി
ഗൃണതേ നഃ — ഗൃണത്ഭ്യഃ സ്തോതൃഭ്യഃ
ദദിഃ ഹി — ദാതാഖലു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം-എപ്രകാരമുള്ള നല്ല സ്തുതിയാണ് ബലപുത്രനും (അതിബലനും) അഭിമുഖനും പരമൈശ്വര്യയുക്തൻമായ ഇന്ദ്രന്ന്, നമ്മാംക്ക ധനം നല്കാൻ എത്തിച്ചേണ്ടതു്? അല്ലയോ യജമാനന്മാരേ, വിക്രമിയും പശ്വ മുതലായ ധനങ്ങളുടെ രക്ഷകനുമായ അവിടുന്ന് ശത്രുക്കളുടെ ധനങ്ങാം സ്തോതാക്കളായ നമുക്ക് തരുന്നവനാണല്ലൊ.

2 സവൃത്രഹത്യേഹവ്യസ്സഈഡ്യ

സ്സസുഷ്ടുതഇന്ദ്രസ്സത്യരാധാഃ

സയാമന്നാമഘവാമർത്ത്യായ

ബ്രഹ്മണ്യതേസുഷ്വയേവരിവോധാൽ

അന്വയം:—

സഃ ഇന്ദ്രഃ വൃത്ര-ഹത്യേ — വൃത്രാണാം, ശത്രൂണാംഹത്യേ ഹനനേ നിമിത്തഭൂതേ സതി
യാമൻ ഹവ്യഃ — യാമനി, യുദ്ധേ ആഹ്വാതവ്യോ ഭവതി
സഃ ഈഡ്യഃ — സ്തുത്യോ ഭവതി
സഃ സു-സ്തുതഃ
സത്യ-രാധാഃ — സുഷ്ഠുസ്തുതസ്സൻ യജമാനേഭ്യോ ദാതും സത്യധനഃ ഭവതി,
മഘ-വാ സഃ
ബ്രഹ്മണ്യതേ — ധനവാൻ സഃ സ്തോത്രമിച്ഛതേ
സുസ്വയേ മർത്ത്യായ — സോമം സുന്വതേ മനുഷ്യായ, യജമാനായ
വരിവഃ ആ ധാൽ — ധനമാസമന്താൽദദാതി

അത്ഥം-ആ ഇന്ദ്രൻ ശത്രുക്കളെ അമത്തുന്നതിന്നുവേണ്ടി യുദ്ധത്തിൽ വിളിക്കപ്പെടേണ്ടവനാകുന്നു. അവിടുന്ന് പൂജ്യനാകുന്നു. നന്നായി സ്തുതിക്കപ്പെട്ടവനായി, അവിടുന്ന് യജമാനന്മാക്ക് കൊടുക്കാനുള്ള സത്യമായ (ഫലരൂപമായ) ധന

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

ത്തോടുകൂടിയവനാകുന്നു. ധനവാനായ അവിടുന്നു് സ്തോത്രം ചെയ്യാനിച്ഛിക്കുന്നവനും സോമം ചതച്ച് സംസ്കരിക്കുന്നവനുമായ യജമാനനു് നിറച്ചും ധനം കൊടുക്കുന്നു.

3 തമിന്നരോവിഹ്വയന്തേസമീകേ
രിരികാംസസ്തന്വഃ കൃണ്വതത്രാം
മിഥോയത്ത്യാഗമുഭയാസോഅഗ്മ
ന്നരസ്തോകസ്യതനയസ്യസാതൌ

അന്വയം:—

യത് മിഥഃ ഉഭയാസഃ	— യദാപരസ്പരം സങ്ഗതാഃ യജമാനാസ്തോതാരശ്ച
ത്യാഗം അഗ്മൻ	— ത്യാഗകർത്താരം, ദാതാരമിന്ദ്രമുപഗച്ഛന്തി
(യദാ) നരഃ സം–ഈകേ	— നേതാരഃ മനുഷ്യാഃ യുദ്ധേ
വി ഹ്വയന്തേ	— വിവിധമാഹ്വയന്തി
തന്വഃ രിരികാംസഃ	
തം ഇത്	— ശരീരാണി തപസാ രേചയന്തഃ യജമാനാസ്തമേവേന്ദ്രം
ത്രാം കൃണ്വത	— ത്രാതാരംകൃണ്വതേ, കുർവ്വതേ
(തദാ) നരഃ	— ഉഭയവിധാമനുഷ്യാഃ
തോകസ്യ തനയസ്യ	
സാതൌ	— പുത്രസ്യപൌത്രസ്യലാഭേ നിമിത്തഭൂതേസതി തമേവേന്ദ്രം ത്രാതാരം കുർവ്വന്തി

അർത്ഥം—എപ്പോൾ പരസ്പരം ചേർന്നു് യജമാനന്മാരും സ്തോതാക്കളുമായ ഇരുകൂട്ടരും ദാതാവായ ഇന്ദ്രനെ പ്രാപിക്കുന്നുവോ എപ്പോൾ ജേതാക്കളായ മനുഷ്യർ യുദ്ധത്തിൽ പല വിധത്തിൽ വിളിക്കുന്നുവോ, സ്വശരീരങ്ങൾ തപസ്സാൽ പ്രകാശിപ്പിച്ച യജമാനന്മാർ എപ്പോൾ ആ ഇന്ദ്രനെത്തന്നെ രക്ഷകനാക്കുന്നുവോ, അപ്പോൾ ആ രണ്ടു തരക്കാരും പുത്രൻെറയും പൌ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്രൺെറയും ലാഭത്തിന്നായി ഇന്ദ്രനെത്തന്നെ ശരണീകരിക്കുന്നു. (ഭാനസിദ്ധിക്കും യുദ്ധജയത്തിന്നും രക്ഷയ്ക്കും സന്തതിസൌഭാഗ്യത്തിന്നും ഇന്ദ്രനെ ആശ്രയിക്കുന്നു.)

4 ക്രതൂയന്തിക്ഷിതയോയോഗഉഗ്രാ

ശുഷാണാസോമിഥോഅർണ്ണസാതൌ

സംയദ്വിശോവവൃത്രന്തയുധ്മാ

ആദിന്നേമഇന്ദ്രയന്തേഅഭീകേ

അന്വയം:—

ഹേ ഉഗ്ര, ആശുഷാണാസഃ

ക്ഷിതയഃ	— ഉൽഗൂൺ ബലേന്ദ്ര, വ്യാപ്നുവന്തോ മനുഷ്യാഃ
അർണ്ണ–സാതൌ	— സസ്യാദി ഫലസിദ്ധ്യർത്ഥം ഉദകലാഭേ നിമിത്തഭൂതേ സതി
മിഥഃ യോഗേ	— പരസ്പര സംബന്ധേസതി
ക്രതു-യന്തി	— ക്രതുനി, കർമ്മാണീച്ഛന്തി
യൽ യുധ്മാഃ വിശഃ	— യദായോധയിത്ര്യഃ പ്രജാഃ
അഭീകേ സം അവവൃത്രന്ത	— സംവർത്തന്തേ, പരസ്പരം സങ്ഗച്ഛന്തേ
ആൽ ഇൽ	— തദാനീമേവ
നേമേ ഇന്ദ്രയന്തേ	— കേചനഭാഗ്യവന്തഃ യുദ്ധേ ഇന്ദ്രമിച്ഛന്തി

അർത്ഥം:–അല്ലയോ ഉഗ്രബലനായ ഇന്ദ്ര, ഭൂചരന്മാരായ മനുഷ്യർ സസ്യാദി ഫലസിദ്ധിക്കായി, ജലലാഭത്തിന്നായി കൂടി ചേർന്നു കർമ്മങ്ങൾ ചെയ്യാനിച്ഛിക്കുന്നു. എപ്പോൾ യുദ്ധത്തിലേർപ്പെട്ട പ്രജകൾ അന്യോന്യം കൂടുന്നുവോ, അപ്പോൾ അവരിൽ ചില ഭാഗ്യവാന്മാർ ഇന്ദ്രനെ (അവിടുത്തെ അനുഗ്രഹത്തെ) പ്രാർത്ഥിക്കുന്നു, (ആപത്തിലും സുകൃതികൾക്ക മാത്രമെ ഈശ്വരവിചാരം വരുന്നുള്ളു. അവർ ഭാഗ്യവാന്മാർ.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

5 ആദിദ്ധനേമഇന്ദ്രിയംയജന്ത

ആദിൽപക്തിഃപുരോളാശംരിരിച്യാൽ

ആദിൽസോമോവിപപൃച്യാദസുഷ്വീ

നാദിജ്ജുജോഷവൃഷഭംയജധ്യൈ വ. 11

അന്വയം:—

ആൽ ഇൽ — തദാനീമേവ യുദ്ധകാലേ

നേമേ ഇന്ദ്രിയം യജന്തേ ഹ — അന്യേയോധാഃ ബലവന്തമിന്ദ്രം പൂജയന്തി ഖലു

(കശ്ചിൽ) ആൽ ഇൽ

പുരോളാശം — അനന്തരമേവപിഷ്ടരൂപം ഹവിഃ

പക്തിഃ രിരിച്യാൽ — പചൻ ഇന്ദ്രായ ദദ്യാൽ

ആൽ ഇൽ സോമഃ — അനന്തരമേവാഭിഷുത സോമഃ, യജമാനഃ

അസുസ്വീൻ — അനഭിഷുത സോമാൻ യജമാനാൻ

വി പപൃച്യാൽ — ധനൈഃ പൃഥക് കുര്യാൽ

ആൽ ഇൽ — അനന്തരമേവകശ്ചിൽ

വൃഷഭം യജധ്യൈ ജുജോഷ — കാമാനാം വർഷിതാരമിന്ദ്രം യഷ്ടും സേവതേ

അൎത്ഥം—അപ്പോഠം തന്നെ, യുദ്ധകാലത്തിൽ വേറെ ചില യോദ്ധാക്കൾ ബലവാനായ ഇന്ദ്രനെ പൂജിക്കുന്നുവല്ലൊ. മററൊരാൾ അപ്പോഠം പൊടിയരികൊണ്ടുള്ള പുരോഡാശം വേവിച്ച് ഇന്ദ്രന്നു കൊടുക്കുന്നു. അപ്പോഠം തന്നെ സോമം ചതച്ചു സംസ്കരിച്ച യജമാനൻ, അപ്രകാരം സോമസംസ്കാരം ചെയ്യാത്തവരെ, ധനങ്ങളോടു വേർപെടുത്തുന്നു—(അതായത് ഇന്ദ്രനെ പൂജിയ്ക്കാത്തവരെ പോരിൽ ജയിച്ച് ധനരഹിതരാക്കുന്നു.) പിന്നെ ഒരാൾ അപ്പോഠം തന്നെ ഇന്ദ്രനെ യജിയ്ക്കാനായി ഭജിക്കുന്നു. (യുദ്ധത്തിലേപ്പെട്ട പലവിധക്കാരുടേയും മനോഗതങ്ങളും പ്രവൃത്തികളും ഉദാഹരിച്ചിരിക്കുന്നു.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

6 കൃണോത്യസ്മൈവരിവോയഇത്ഥേ
ന്ദ്രായസോമമുശതേസുനോതി
സധ്രീചീനേനമനസാവിവേന
ന്തമിൽസഖായംകൃണതേസമൽസു

അന്വയം.—

സോമം ഉശതേ	—	സോമം കാമയമാനായ
ഇത്ഥാ ഇന്ദ്രായ	—	അമുത്ര, സ്വർഗ്ഗലോകേ സ്ഥിതായേന്ദ്രായ
യഃ സുനോതി	—	സോമാഭിഷവം കരോതി
(ഇംന്ദ്രാപി) അസ്മൈ		
വരിവഃ കൃണോതി	—	യജമാനായ ധനം കരോതി
സധ്രീചീനേന മനസാ	—	സങ്ഗതേന പ്രവണേന ചിത്തേന
അവി—വേനം	—	വിവേനഃ, വിഗതേച്ഛഃ, തദന്യഃ, ആത്മാനം കാമയമാനം
തം ഇൽ	—	തമേവ സുന്വന്തം യജമാനം
സമൽ—സു സഖായം		
കൃണുതേ	—	സങ്ഗ്രാമേഷ്വിന്ദ്രഃ മിത്രം കരോതി

അർത്ഥം—സോമകാമനും അങ്ങ് സ്വർഗ്ഗത്തിൽ സ്ഥിതനുമായ ഇന്ദ്രന്നായി ആർ സോമം ചതച്ച് സംസ്കരിക്കുന്നുവോ, ഇന്ദ്രനും ആ യജമാനന്നായി ധനമുണ്ടാക്കുന്നു. ഇന്ദ്രനോട് ചേർന്നതും അനുകൂലവുമായ ചിത്തത്തോടുകൂടി ആത്മാവിനെ (ആത്മോന്നതിയെ, ആത്മവത്തയെ) കാംക്ഷിക്കുന്ന ആ സോമസംസ്കർത്താവായ യജമാനനെ, ഇന്ദ്രൻ യുദ്ധങ്ങളിൽ ചങ്ങാതിയാക്കുന്നു. (ചങ്ങാതിയായി കരുതി തുണക്കുന്നു.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

7 യഇന്ദ്രായസുനവൽസോമമദ്യ

പചാൽപക്തീരുതഭൃജ്ജാതിധാനാഃ

പ്രതിമനായോരുചഥാനിഹര്യ

ന്തസ്മിന്ദധദ്വൃഷണംശുഷ്മമിന്ദ്രഃ

അന്വയം:-

അദ്യ യഃ ഇന്ദ്രായ	— അസ്മിൻ ദിവസേ യഃ യജമാനഃ പരമൈശ്വര്യയുക്തായ
സോമം സുനവൽ	— സോമം സുനയാൽ, അഭിഷവം കുര്യാൽ
(തഥായഃ) പക്തീഃ	— പക്തവ്യാശ്ച പുരോഡാശാദീൻ
പചാൽ	— പചേൽ, പചനം കുര്യാൽ
ഉത (യഃ) ധാനാഃ	— ഭർജ്ജനയോഗ്യാൻ യവാൻ
ഭൃജ്ജാതി	— ഭൃജേൽ. ഭർജ്ജനം കുര്യാൽ
ഇന്ദ്രഃ മനായോഃ	— സ്തുതിമിച്ഛതോയജമാനസ്യ
ഉചഥാനി പ്രതി ഹര്യൻ	— സ്തോത്രാണി പ്രതി കാമയമാനഃ
തസ്മിൻ വൃഷണം	— യജമാനേ കാമവഷ്ണസമത്ഥം
ശുഷ്മം ദധൽ	— ബലം ധാരയതി

അത്ഥം—ഇന്നു് ഏതു യജമാനൻ പരമൈശ്വര്യവാനായ ഇന്ദ്രന്നു് സോമഹവിസ്സു് ചതച്ചു് സംസ്കരിക്കുന്നുവോ, അതു പോലെ ഏതു യജമാനൻ വേവിച്ചെട്ടക്കേണ്ടും പുരോഡാശാദികം വേവിക്കുന്നുവോ, പിന്നെ വറുക്കാവുന്ന യവങ്ങരം വറുക്കുന്നുവോ, ആ സ്തുതിപ്രിയനായ യജമാനൻെറ സ്തോത്രങ്ങളെ അങ്ങോട്ടിഷ്ടപ്പെട്ടു്, ആ യജമാനങ്കൽ കാമവഷ്കമായ (അഭീഷ്ടസാധകമായ) ബലം ഇന്ദ്രൻ ധരിക്കുന്നു, ഉണ്ടാക്കുന്നു.

8 യദാസമര്യംവ്യചേദ്ഋഘാവാ

ദീർഘംയദാജിമഭ്യഖ്യദര്യഃ

അചിക്രദദ്വൃഷണംപത്ന്യച്ഛാ

ദുരോണആനിശിതംസോമസുദ്ഭിഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:–

യദാ ഋഘാവാ	—	ശത്രൂണാം ഹിംസകഃ ഇന്ദ്രഃ
സ–മര്യം വി അചേൽ	—	സഹമത്ത്വര്യം, ശത്രും വ്യജ്ഞാസീൽ, വിശേഷേണ ജാനീയാൽ
യൽ അര്യഃ ദീർഘം		
ആജിം	—	യദാ സ്വാമീന്ദ്രഃ അത്യധികം സങ്ഗ്രാമം
അഭി അഖ്യൽ	—	അഭിപശ്യേൽ, തദാ തസ്യേന്ദ്രസ്യ
പത്നീ ദുരോണേ	—	യജ്ഞഗൃഹേ
സോമസുൽ–ഭിഃ		
നി–ശിതം	—	സോമം സുന്വത്ഭിരൃത്വിഭിഃ തീക്ഷ്ണീകൃതം, സോമ പാനേനോത്സാഹവന്തം
വൃഷണം	—	കാമാനാം വർഷിതാരമിന്ദ്രം
അച്ഛ ആ അചിക്രദൽ	—	അഭ്യാക്രന്ദതി, ആഹ്വയതേ

അർത്ഥം–എപ്പോൾ ശത്രുഹന്താവായ ഇന്ദ്രൻ ഉടനെ മരിക്കുന്നവനെന്ന് ശത്രുവിനെ നന്നായറിയുന്നുവോ, എപ്പോൾ സ്വാമിയായ ഇന്ദ്രൻ അത്യുഗ്രമായ യുദ്ധത്തെ കാണുന്നുവോ, അപ്പോൾ സോമം സംസ്കരിക്കുന്നവരാൽ ഉശിരേകപ്പെട്ട സോമപാനത്താൽ ഉത്സാഹം പൂണ്ട് കാമവർഷകനായ ഇന്ദ്രനെ യജ്ഞഗൃഹത്തിൽ നിന്ന് പത്നി നേരെ വിളിക്കുന്നു.

9 ഭൂയസാവസ്നമചരൽകനീയോ
വിക്രീതോ അകാനിഷംപുനര്യൻ
സഭൂയസാകനീയോനാരിരേചീ
ദ്ദീനാദക്ഷാവിദുഹന്തിപ്രവാണം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

(കശ്ചിൽ) ഭൂയസാ	—	ഭൂമ്നാപപണ്യേന, ദ്രവ്യേണ
കനീയഃ വസ്നം	—	അല്പതരം വസ്വ, മൂല്യം, ധനം
അചരൽ	—	പ്രാപ്നോതി
പുനഃ യൻ	—	ക്രേതാരം പുനഗ്ഗ്ച്ഛൻ സവിക്രേതായമത്ഥഃ മയാ
അവി- ക്രീതഃ	—	ഇതിബ്രുവൻ
അകാനിഷം	—	മൂല്യപൂർത്തിം കാമയതേ (വ്യത്യയേനോത്തമപുരുഷഃ)
സഃ ഭൂയസാ കനീയഃ	—	വിക്രേതാ ധനേന അല്പതരം മൂല്യം
ന അരിരേചീൽ	—	ക്രേതുസ്സകാശാൽരിക്തി കരോതി, ന ലഭതേ
ദീനാഃ, ദക്ഷാഃ	—	അസമത്ഥാസ്സമത്ഥാശ്ച
വാണം വി പ്ര ദുഹന്തി	—	വചനം യഥോക്തം ക്രയകാലേ തഥൈവ ലഭന്തേ

അത്ഥം—(വില്ക്കുന്നവനും വാങ്ങുന്നവനും തമ്മിലുള്ള ഒരു കലഹത്തെ ഇവിടെ വിവരിക്കുന്നു:—വില്ക്കുന്നവൻ അധികം സാധനം വാങ്ങുന്നവന്നു് ചുരുക്കം വിലക്കു കൊടുത്തു. പിന്നീട്ട് താനതു വിററിട്ടില്ലെന്നു് പറഞ്ഞു് വില മടക്കിച്ചോദിച്ചു. ആദ്യത്തെ കരാറനുസരിച്ചു് താൻ മടക്കിത്തരേണ്ടതില്ലെന്നും, പോരാത്തവനും പോന്നവനും കരാറുപാലിക്കാൻ ബാദ്ധ്യസ്ഥനാണെന്നും വാങ്ങിയവൻ പറയുന്നു.)

ഒരാൾ വിലപിടിച്ച ദ്രവ്യംകൊടുത്തു് ചുരുക്കം വില പററുന്നു, പിന്നീട്ട് വാങ്ങിയവനെപ്പോയിക്കണ്ടു് വിററ സാധനം തന്നിട്ടില്ല എന്നു പറഞ്ഞു് മുഴവൻ വിലകിട്ടാനിച്ഛിക്കുന്നു. വാങ്ങിയവൻ കൊടുത്ത വില കൂട്ടാൻ സമ്മതിക്കുന്നില്ല; കൂടുതൽ വില വിററവന്നു് കിട്ടുന്നില്ല. പോരാത്തവരായാലും പോന്നവരായാലും വിററ സമയത്തു് കരാറു ചെയ്ത വിലയല്ലാതെ കൂടുതൽ വിററവക്കു് കിട്ടുന്നില്ല. (ഈ ക്രയവിക്രയകാര്യം കമ്മഫലത്തിന്നും ബാധകമാണു്).

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

10 കഇമംദശഭിർമ്മമേ
ന്ദ്രംക്രീണാതിധേനുഭിഃ
യദാവൃത്രാണിജങ്ഘനദ
ഥൈനംമേപുനർദ്ദദൽ

അന്വയം:—

മമ ഇമം ഇന്ദ്രം — മദീയം സ്വഭൃതമിന്ദ്രം
ധേനു–ഭിഃ ദശ–ഭിഃ — പ്രീണയിത്രീഭിഃ ദശസംഖ്യാകാഭിഃ സ്തുതിഭിഃ
കഃ ക്രീണാതി? — കഃ ക്രയം കരോതി?
(തദാനീം ഹേ ക്രേതാരഃ, യുഷ്മാകംമദ്ധ്യേ ഏവമപി സമയഃ ക്രിയതേ)
യദാ (അയമിന്ദ്രഃ)
വൃത്രാണി — തദീയാൻ ശത്രൂൻ
ജങ്ഘനൽ — ഹന്യാൽ
അഥ ഏനം (ഇന്ദ്രം) — അനന്തരമേവ തം
മേ പുനഃ ദദൽ — മഹ്യം പുനർദ്ദദ്യാൽ

അർത്ഥം–എനിക്കു സ്വന്തപ്പെട്ട ഇന്ദ്രനെ സന്തോഷമിയററുന്ന പത്തു സ്തുതികളാൽ ആർ വാങ്ങുന്നു? (അപ്പോഠം വിലയ്ക്കു വാങ്ങുന്നവരേ, നിങ്ങളായി അപ്രകാരം കരാറു ചെയ്യപ്പെടുന്നു. ഇന്ദ്രനെ തരാമെന്നു്.) എപ്പോഠം ഈ ഇന്ദ്രൻ നിങ്ങളുടെ ശത്രുക്കളെകൊന്നു കഴിയുന്നുവോ, അപ്പോഠം തന്നെ എനിക്കു മടക്കി തരണം.

11 നൂഷ്ഠുതഇന്ദ്രനൂഗൃണാന
ഇഷംജരിത്രേനദ്യോ൯നപീപേഃ
അകാരിതേഹരിവോബ്രഹ്മനവ്യം
ധിയാസ്യാമരത്ഥ്യസ്സദാസാഃ വ 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:–

(ഇതു് കഴിഞ്ഞ അധ്യായത്തിൽ 20–ാം വർഗ്ഗത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ടു്.)

വർഗ്ഗം 13–14 ത്രിഷ്ടുപ് ഛന്ദഃ

1 കോ അദ്യനര്യോദേവകാമ

ഉശന്നിന്ദ്രസ്യസഖ്യംജുജോഷ

കോവാമഹേവസേപാര്യായ

സമിദ്ധേഅഗ്നൌസുതസോമഈട്ടേ

അന്വയം:–

അദ്യ നര്യഃ — അസ്മിൻ ദിവസേനൃഭ്യോഹിതഃ
ദേവ–കാമഃ, ഉശൻ — ദേവാനിച്ഛൻ, കാമയമാനഃ
കഃ ഇന്ദ്രസ്യ സഖ്യം
ജുജോഷ? — കോയജമാനഃ തസ്യസഖിത്വം സേവതേ?
കഃ വാ സുത–സോമഃ
അഗ്നൌ സം–ഇദ്ധേ — പ്രജ്വലിതേ സതി
മഹേ പാര്യായ അവസേ — പ്രവൃദ്ധായ, പാരമഹ്തേ തർപ്പണായ (രക്ഷണായ)
ഈട്ടേ? — ഇന്ദ്രം സ്തൌതി?

അർത്ഥം–ഇന്നു് മനുഷ്യഹിതനായി ദേവന്മാരെ (അവരുടെ അനുഗ്രഹം) ഇച്ഛിക്കുന്നവനായി, ഫലം ആഗ്രഹിക്കുന്നവനായി ആർ ഇന്ദ്രന്റെ ചങ്ങാതത്തെ സേവിക്കുന്നു? പിന്നെ ആർ അഗ്നി ആളിക്കത്തവേ, പ്രവൃദ്ധവും അക്കരയെത്തിക്കാൻ പററിയതുമായ ആത്മതൃപ്തിക്കായി, മനസ്സുഖത്തിന്നായി (രക്ഷക്കായി) ഇന്ദ്രനെ സ്തുതിക്കുന്നു?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

2 കോനാനാമവചസാസോമ്യായ

മനായുർവ്വാഭവതിവസ്തഉസ്രാഃ

കഇന്ദ്രസ്യയുജ്യംകസ്സഖിത്വം

കോഭ്രാത്രംവഷ്ടികവയേകഊതീ

അന്വയം:–

കഃ വചസാ — കോയജമാനഃ വാഗ്രൂപയാ സ്തുത്യാ

സോമ്യായ നനാമ? — സോമാർഹായേന്ദ്രായ നമതി, പ്രഹ്വീഭവതി?

(കഃ) വാ മനായുഃ ഭവതി? — സ്തുതികാമോ ഭവതി?

(കഃ) ഉസ്രാഃ വസ്തേ? — ഇന്ദ്രേണ ദത്താഗാഃ ആച്ഛാദയതി ധാരയതി?

കഃ ഇന്ദ്രസ്യ യുജ്യം വഷ്ടി? — സാഹായ്യമിച്ഛതി?

കഃ സഖി–ത്വം, കഃ ഭ്രാത്രം? — സഖ്യം, ഭ്രാതൃഭാവമിച്ഛതി?

കവയേ ഉതീ കഃ? — ക്രാന്തദർശിനേ ഇന്ദ്രായ ഊതയേ തർപ്പണായ, കോഭവതി?

അർത്ഥം–ഏതു യജമാനൻ വാഗ്രൂപയായ സ്തുതിയാൽ സോമാർഹനായ ഇന്ദ്രന്നായി നമസ്കരിക്കുന്നു, കുമ്പിടുന്നു? ആർ ഇന്ദ്രനെ കുറിച്ച് സ്തുതികാമനാകുന്നു? ആർ ഇന്ദ്രനാൽ നല്ലപ്പെട്ട പശുക്കളെ (വെയിലും തണുപ്പും തട്ടാതിരിക്കാനായി) പുതപ്പിക്കുന്നു, രക്ഷിക്കുന്നു? ആർ ഇന്ദ്രൻെറ സാഹായ്യമിച്ഛിക്കുന്നു? ആർ ചങ്ങാതവും സഹോദരഭാവവും ഇച്ഛിക്കുന്നു? എല്ലാററിന്നും അപ്പുറം കാണുന്ന ഇന്ദ്രന്നായി സ്വയം അർപ്പിക്കുന്നവനായി ആർ ഭവിക്കുന്നു.?

3 കോദേവാനാമവോഅദ്യാവൃണീതേ

കആദിത്യാംഅദിതിംജ്യോതിരീട്ടേ

കസ്യാശ്വിനാവിന്ദ്രോഅഗ്നിസ്സുതസ്യാം

ശോഃപിബന്തിമനസാംവിവേനം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയഃ:–

അദ്യ കഃ	— അസ്മിൻ ദിനേ കോ യജമാനഃ
ദേവാനാം അവഃ വൃണീതേ?	— ഇന്ദ്രാദീനാം രക്ഷണം പ്രാൎത്ഥയതേ?
കഃ ആദിത്യാൻ അദിതിം ജ്യോതിഃ ഇട്ടേ?	— അദിതിപുത്രാൻ, ദേവമാതരം ഉദകം ച യാചതേ
അശ്വിനൌ, ഇന്ദ്രഃ, അഗ്നിഃ മനസാ	— സ്തുത്യാ പ്രീതാസ്സന്തഃ
അവി–വേനം	— അവിഗതകാമം, യഥാകാമം
കസ്യ സുതസ്യ	— കസ്യ യജമാനസ്യ അഭിഷുതസ്യ
അംശോഃ പിബന്തി?	— സോമസ്യ, സോമം പാനം കുൎവ്വന്തി?

അൎത്ഥം–ഇന്നു് ഏതു യജമാനൻ ഇന്ദ്രാദിദേവന്മാരുടെ രക്ഷണത്തെ പ്രാൎത്ഥിക്കുന്നു? ആർ അദിതിപുത്രന്മാരോടും മാതാവായ അദിതിയോടും ജലത്തോടും യാചിക്കുന്നു? അശ്വികളും ഇന്ദ്രനും അഗ്നിയും സ്തുതിയാൽ പ്രീതരായി, ഏതു യജമാനന്റെ സംസ്കരിക്കപ്പെട്ട സോമം കുടിക്കുന്നു.?

4 തസ്മാ അഗ്നിർഭാരതഃ ശൎമ്മ യംസ
ജ്ജ്യോക്പശ്യാൽ സൂൎയ്യമുച്ചരന്തം
യ ഇന്ദ്രായ സുനവാമേത്യാഹ
നരേ നൎയ്യായ നൃതമായ നൃണാം

അന്വയം:–

നരേ നൎയ്യായ	— നേത്രേ. നരഹിതായ
നൃണാം നൃ-തമായ	— നേതൄണാം മദ്ധ്യേ നേതൃതമായ
''ഇന്ദ്രായ സുനവാമ'' ഇതി ആഹ	— ''ഇന്ദ്രാൎത്ഥം സോമാഭിഷവം കൎയ്യാം'' ഇതി ബ്രവീതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്മൈ ഭാരതഃ അഗ്നിഃ
ശർമ്മ യംസൽ — ഹവിഷോഭർത്താഗ്നിഃ തസ്മൈ
യജമാനായ സുഖം യച്ഛേൽ
(കിംചായമഗ്നിഃ)
ഉൽ-ചരന്തം — ഉദ്യന്തം
സൂര്യം ജ്യോക് പശ്യാൽ — ചിരകാലം പശ്യേൽ

അർത്ഥം-നയിക്കുന്നവനും മനുഷ്യഹിതനും നേതാക്കളിൽ വെച്ച് ഉൽകൃഷ്ടനേതാവുമായ ഇന്ദ്രന്നായി ''ഞാൻ സോമം സംസ്കരിക്കുന്നു'' എന്നു് ആർ പറയുന്നുവോ ആ യജമാനന്നു് ഹവിസ്സു ഭരിക്കുന്ന അഗ്നി സുഖം നല്കണം. പിന്നെ ആ യജമാനന്നു് ഉദിച്ചുപൊങ്ങുന്ന സൂര്യനെ ചിരകാലം കാണുമാറാക്കണം. (ചിരായുസ്സുണ്ടാക്കണം.)

5 നതംജിനന്തിബഹവോനദഭ്രാ
ഉർവ്വസ്മാഅദിതിശ്ശർമ്മയംസൽ
പ്രിയസ്സുകൃൽപ്രിയഇന്ദ്രേമനായുഃ
പ്രിയസ്സുപ്രാവീഃപ്രിയോഅസ്യസോമീ വ. 13

അന്വയം:—
ദഭ്രാഃ ബഹവഃ ന — അൽപാഃ ബഹവഃ
അപിശത്രവഃ
തം ന ജിനന്തി — തം യജമാനം ന ഹിംസന്തു
അദിതിഃ അസ്മൈ ഉരു
ശർമ്മ യംസൽ — മഹൽ സുഖം യച്ഛതു
(കിംച) ഇന്ദ്രേ സു-കൃൽ
പ്രിയഃ — ഇന്ദ്രായ ശോഭന യാഗാദീനാം
കർത്താ പ്രിയോഭവതി
മനായുഃ പ്രിയഃ — ഇന്ദ്രവിഷയ സ്തുതികാമശ്ച
പ്രിയോ ഭവതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സുപ്ര—അവി: പ്രിയഃ — സുഷ്ഠു ഹവിർഭി: പ്രതർപ്പയിതാ പ്രിയഃ ഭവതി

സോമീ അസ്യ പ്രിയഃ — സോമവാൻ യജമാനഃ പ്രിയഃ ഭവതി

അർത്ഥം—അല്പന്മാരും അസംഖ്യേയരുമായ ശത്രുക്കൾ ആ യജമാനനെ ദ്രോഹിക്കാതിരിക്കട്ടെ. അദിതി അദ്ദേഹത്തിന്നു് സുഖം നല്കട്ടെ. ഇന്ദ്രന്നായി നല്ല യാഗം ചെയ്യുന്ന യജമാനൻ അവിടേക്കു പ്രിയനാകുന്നു. ഇന്ദ്രവിഷയമായ സ്തോത്രം ഇഷ്ടപ്പെടുന്നവൻ പ്രിയനാകുന്നു. നല്ല ഹവിസ്സുകളാൽ തൃപ്തിപ്പെടുത്തുന്നവൻ പ്രിയനാകുന്നു. സോമത്തോടുകൂടിയ യജമാനൻ അവിടേക്കു പ്രിയനാകുന്നു.

6 സുപ്രാവ്യഃപ്രാശുഷാളേഷവീര
സുഷ്വേഃപക്തിംകൃണുതേകേവലേന്ദ്രഃ
നാസുഷ്വേരാപിർനസഖാനജാമി
ർദുഷ്പ്രാവ്യോവഹന്തേദവാചഃ

അന്വയം:—

പ്രാശുഷാട്ട് — ശത്രൂണാം പ്രകർഷേണ ശീഘ്രമഭിഭവിതാ

വീരഃ ഏഷഃ ഇന്ദ്രഃ,

സുപ്ര—അവ്യഃ — ഹവിർഭിസ്സുഷ്ഠു പ്രതർപ്പയിതുഃ

സുസ്വേഃ — സുന്വതോയജമാനസ്യ സംബന്ധിനീം

കേവലാ പക്തിം കൃണുതേ — കേവലാം ശാന്തിം ആത്മനഃ കുരുതേ

(കിംചേന്ദ്രഃ) അസുസ്വേഃ — അസുന്വതഃ, അയജമാനസ്യ

ആപിഃ ന — ആപ്തഃ ന ഭവതി

സഖാ ന — ഭവതി

ജാമിഃ ന — ബന്ധുർന്നഭവതി

ദുഃപ്ര—അവ്യഃ — ദുരുപഗമനസ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവാചഃ — സ്തുതിരഹിതസ്യ പുരുഷസ്യ
അവ–ഹന്താ ഇൽ — ഹിംസിതൈവഭവതി

അർത്ഥം–ശത്രുക്കളെ വേഗത്തിൽ കീഴടക്കുന്നവനും വിക്രമിയുമായ ഈ ഇന്ദ്രൻ, ഹവിസ്സുകളാൽ തൃപ്തിക്കുന്നവനും സോമം സംസ്കരിക്കുന്നവനുമായ യജമാനന്ന് അസാധാരണമായ മനഃപാകം (ആത്മശാന്തി) ഉണ്ടാക്കുന്നു. എന്നാൽ സോമസംസ്കാരം ചെയ്യാത്ത അയഷ്ടാവിന്ന് അവിടുന്ന് അടുപ്പമുള്ളവനാകുന്നില്ല; ചങ്ങാതിയാകുന്നില്ല; ബന്ധുവാകുന്നില്ല. അടക്കാൻ കൊള്ളാത്ത, സ്തുതി ചൊല്ലാത്ത പുരുഷന്ന് ഇന്ദ്രൻ ഹന്താവായി ഭവിക്കുന്നു.

7 നരേവതാപണിനാസഖ്യമിന്ദ്രോ
സുന്വതാസുതപാസ്സംഗൃണീതേ
ആസ്യവേദഃഖിദതിഹന്തിനഗ്നം
വിസുഷ്വയേപക്തയേകേവലോഭൂൽ

അന്വയം:–
സുത–പാഃ ഇന്ദ്രഃ — അഭിഷുതം സോമം പിബന്നിന്ദ്രഃ
രേവതാ പണിനാ — ധനവതാ വണിജാ, ലുബ്ധേന
അസുന്വതാ — സോമാഭിഷവമകുർവ്വതാ
സഖ്യം ന സം ഗൃണീതേ — സഖിത്വം ന അനുമന്യത
(കിംച) അസ്യ നഗ്നം
വേദഃ — നിരർത്ഥകം ധനം (ജ്ഞാനം)
ആ ഖിദതി, ഹന്തി — ഉദ്ധരതി, ഹിനസ്തി
(അപിച) സുസ്വയേ — സോമം സുന്വതേ
പക്തയേ — ഹവീംഷി പചതേ യജമാനായ
കേവലഃ വി ഭൂൽ — അസാധാരണഃ വിഭവതി

അർത്ഥം–ചതച്ച സംസ്കരിച്ച സോമം കുടിക്കുന്ന ഇന്ദ്രൻ പണക്കാരനായ പിശുക്കനോടും സോമം സംസ്കരിക്കാത്തവനോടും കൂടി സഖ്യം ഇഷ്ടപ്പെടുന്നില്ല. മാത്രമല്ല അവന്റെ പ്രയോജനരഹിതമായ ധനം (ജ്ഞാനം) എടുത്തു് നശിപ്പി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കുന്നു. സോമം സംസ്കരിക്കുന്നവനും ഹവിസ്സു പാകം ചെയ്യുന്നവനുമായ (വദാന്യനായ) യജമാനന്നു് അസാധാരണനായി (അനുകൂലനായി) ഭവിക്കുന്നു.

8 ഇന്ദ്രംപരേവരേമധ്യമാസ

ഇന്ദ്രംയാന്തോവസിതാസഇന്ദ്രം

ഇന്ദ്രംക്ഷിയന്തഉതയുധ്യമാനാ

ഇന്ദ്രംനരോവാജയന്തോഹവന്തേ

വ. 14

അന്വയം:—

പരേ അവരേ	— ഉൽകൃഷ്ടാഃ നികൃഷ്ടാശ്ച ജനാഃ
ഇന്ദ്രം ഹവന്തേ	— ആഹ്വയന്തി
മധ്യമാസഃ ഇന്ദ്രം	— മധ്യമാഃ ഇന്ദ്രമേവ ഹവന്തേ
യാന്തഃ	— കാര്യസിദ്ധ്യർത്ഥം ഗച്ഛന്തോ ജനാഃ ഇന്ദ്രം ഹവന്തേ
അവ–സിതാസഃ ഇന്ദ്രം	— നിവിഷ്ടാഃ ഇന്ദ്രമാഹ്വയന്തി
ക്ഷിയന്തഃ ഇന്ദ്രം	— ഗൃഹേ നിവസന്തഃ ഇന്ദ്രമേവ ഹവന്തേ
ഉത യുധ്യമാനാഃ ഇന്ദ്രം	— അപിച യുദ്ധം കുർവ്വാണാഃ ജയാർത്ഥമിന്ദ്രമേവഹവന്തേ
വാജ-യന്തഃ നരഃ	— അന്നമിച്ഛന്തോ നേതാരഃ മനുഷ്യാഃ ഇന്ദ്രം ഹവന്തേ

അർത്ഥം—ഉൽകൃഷ്ടന്മാരും അപകൃഷ്ടന്മാരുമായ ജനങ്ങൾ ഇന്ദ്രനെ വിളിക്കുന്നു. ഇടത്തരക്കാരും ഇന്ദ്രനെത്തന്നെ വിളിക്കുന്നു. കാര്യസിദ്ധിക്കുപോകുന്നവരും നില്ക്കുന്നവരും ഗൃഹത്തിൽ വസിക്കുന്നവരും ഇന്ദ്രനെ വിളിക്കുന്നു. പടപൊരുതുന്നവർ ജയത്തിന്നായി ഇന്ദ്രനെ വിളിക്കുന്നു. അന്നമിച്ഛിക്കുന്ന മനുഷ്യരും ഇന്ദ്രനെത്തന്നെ വിളിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വര്‍ഗ്ഗം–15–വാമദേവഃ ഋഷിഃ ഇന്ദ്രഃ ആത്മാവാശ്യേനോദേവതാ; അഥവാ ഇന്ദ്രഃ ഋഷിഃ പരമാത്മാ ദേവതാ.

1 അഹംമനുരഭവംസൂര്യശ്ചാ
ഹംകക്ഷീവാംൠഷിരസ്മിവിപ്രഃ
അഹംകുത്സമാര്‍ജ്ജുനേയംന്യൃഞ്ജേ
ഹംകവിരുശനാപശ്യതാമാ

അന്വയം:–
(ഇദമാദി മന്ത്രത്രയേണ ഗര്‍ഭേവസന്‍ വാമദേവഃ ഉല്‍പ്പന്ന ത ജ്ഞാനസ്സന്‍ സാര്‍വ്വാത്മ്യം സ്വാനുഭവം മനവാദിരൂപേണ പ്രദര്‍ശയന്നാഹ)
അഹം — വാമദേവഃ ഇന്ദ്രോവാ
മനുഃ അഭവം — സര്‍വ്വസ്യ മന്താ പ്രജാപതിരസ്മി
അഹം സൂര്യഃ ച — സര്‍വ്വസ്യ പ്രേരകസ്സവിതാസ്മി
വിപ്രഃ കക്ഷീവാന്‍
ഋഷിഃ അസ്മി — ദീര്‍ഘതമസഃ പുത്രഃ മേധാവീ അസ്മി
ആര്‍ജ്ജുനേയം കുത്സം — അര്‍ജ്ജുന്യാഃ പുത്രമൃഷിം
അഹം നി ഋഞ്ജേ — നിതരാം പ്രസാധയാമി
കവിഃ ഉശനാ അഹം — ക്രാന്തദര്‍ശീ ഏതദാഖ്യഃ ഋഷിരഹമേവാസ്മി
(പരമാത്മദൃഷ്ട്യാകൃത്സ്നമപ്യഹമേവാസ്മി)
(ഹേ ജനാഃ) മാ പശ്യത — മാം സര്‍വ്വാത്മകം പശ്യത

അര്‍ത്ഥം–(ഇതു മുതല്‍ മൂന്നു് ഋക്കുകളെക്കൊണ്ടു് ഗര്‍ഭസ്ഥനായ വാമദേവന്‍ ഉല്‍പത്തിജ്ഞാനത്തോടുകൂടി സര്‍വ്വവ്യാപ്തമായ സ്വാനുഭവം പ്രദര്‍ശിപ്പിക്കുന്നു. 8–7–, 11–12 ലെ അഹം രുദ്രേഭിഃ എന്ന സൂക്തത്തോടു് ഇതിന്നു് സാദൃശ്യമുണ്ടു്.)

വാമദേവനായ (ഇന്ദ്രനായ) ഞാന്‍ സര്‍വ്വസങ്കല്പനായ മനു പ്രജാപതിയാകുന്നു. ഞാന്‍ സര്‍വ്വപ്രേരകനായ സവിതാവാകുന്നു. ഞാന്‍ തന്നെ ദീര്‍ഘതമസ്സിന്‍റെ പുത്രനായ, ജ്ഞാനി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യായ കക്ഷീവാൻ എന്ന ഋഷിയാകുന്നു. അർജ്ജുനിയുടെ മകനായ കുത്സനെ ഞാനാണ് കൊണ്ടാടുന്നത്. ക്രാന്തദർശിയായ ഉശനസ്സെന്ന (ശുക്രൻ) ഋഷിയും ഞാൻ തന്നെയാകുന്നു. പരമാർത്ഥം പറഞ്ഞാൽ, സമസ്തവും ഞാൻ തന്നെയാകുന്നു. അല്ലയോ ജനങ്ങളേ, എന്നെ സർവ്വാത്മകനായി കാണുക.

2 അഹംഭൂമിമദദാമാര്യാ
യാഹംവൃഷ്ടിംദാശുഷേമർത്ത്യായ
അഹമപോ അനയംവാവശാനാ
മമദേവാസോ അനുകേതമായൻ

അന്വയം:—

അഹം ആര്യായ ഭൂമിം		
അദദാം	—	മനവേഭൂമിം ദത്തവാനസ്മി
ദാശുഷേ മർത്ത്യായ	—	ഹവിർദ്ദത്തവതേ യജമാനായ
വൃഷ്ടിം അഹം	—	അദദാം
അഹം വാവശാനാഃ		
അപഃ	—	ശബ്ദായമാനാന്യുദകാനി
അനയം	—	സർവ്വമപിപ്രദേശമഗമയം
ദേവാസഃ മമ കേതം		
അനു ആയൻ	—	ദേവാഃ മമസങ്കല്പമനുനയന്തി

അർത്ഥം- ഞാനാണ് മനുവിന്ന് ഭൂമി കൊടുത്തത്. ഹവിസ്സേകുന്ന യജമാനന്ന് മഴ കൊടുക്കുന്നതു ഞാനാകുന്നു. മന്ത്രശബ്ദം പുറപ്പെടുവിക്കുന്ന ജലങ്ങളെ ഞാനെങ്ങുമെത്തിക്കുന്നു. ദേവന്മാർ എന്റെ സങ്കല്പത്തെയാണ് അനുസരിക്കുന്നത്.

3 അഹംപുരോമന്ദസാനോവ്യൈരം
നവസാകംനവതീശ്ശംബരസ്യ
ശതതമംവേശ്യംസർവ്വതാതാ
ദിവോദാസമതിഥിഗ്വംയദാവം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

അഹം മന്ദസാനഃ	— വാമദേവഃ ഇന്ദ്രോവാ സോമേനമാദ്യൻ
നവ നവതീഃ	— നവസംഖ്യാകാഃ നവതി സംഖ്യാകാശ്ച
ശംബരസ്യ പുരഃ	— പുരാണി
സാകം വി ഐരം	— യുഗപദേവ അധ്വംസയം
ശത-തമം വേശ്യം	— ശതസംഖ്യാ പൂരണം പുരം ദിവോദാസനാമ്നേ പ്രവേശാഹ മകരവം
സർവ്വ-താതാ	— സർവ്വതാതൌ, യജ്ഞേ
അതിഥി-ഗ്വം,	
ദിവഃ-ദാസം	— അതിഥീനാം ഗന്താരം രാജർഷിം
യൽ ആവം	— യദാ അപാലയം തദാപുരഃ വൈര്യരം

അർത്ഥം-വാമദേവ (ഇന്ദ്ര) നായ ഞാനാണ് സോമപാന ത്താൽ ഹർഷിച്ച് ശംബരൻെറ തൊണ്ണൂററൊമ്പതു നഗരങ്ങളെ നശിപ്പിച്ചത്. നൂറാമത്തെ നഗരത്തെ ദിവോദാസനെന്ന രാജർഷിക്ക് പ്രവേശിപ്പാൻ പററിയതാക്കി. യജ്ഞത്തിൽ അതിഥികളെ അങ്ങോട്ടു ചെന്നാദരിക്കുന്ന ദിവോദാസനെ രക്ഷിച്ചപ്പോഴാണ് നഗരങ്ങൾ തകർത്തത്.

4 പ്രസുഷവിഭ്യോമരുതോവിരസ്തു
പ്രശ്യേനശ്യേനേഭ്യആശുപത്വാ
അചക്രയായൽസ്വധയാസുപർണ്ണോ
ഹവ്യംഭരന്മനവേദേവജുഷ്ടം

അന്വയം:-

(അധൈതദാദിഭിഃ ശ്യേന സ്തുയതേ)

ഹേ മരുതഃ	— വേഗേന മരുൽസദൃശാഃ പക്ഷിണഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സഃ വിഃ വി–ഭ്യഃ	— പ്രസിദ്ധശ്യേനാഖ്യഃ പക്ഷീ, പക്ഷിഭ്യോ യുഷ്മത്തഃ
പ്ര സു അസ്തു	— ബലേന പ്രകൃഷ്ടോ ഭവതു
(കിംച) സു–പർണ്ണഃ യൽ	
അചക്രയാ സ്വധയാ	— ശോഭന പതനഃ ചക്ര വർജ്ജിതയാ രഥേന
ശ്യേനേഭ്യഃ	— ശംസനീയ ഗമനേഭ്യഃ സ്വ സമാനജാതിഭ്യഃ പക്ഷിഭ്യ സ്സകാശാൽ
ആശു–പത്വാ ശ്യേനഃ	— ആശുപതനഃ ശീഘ്രഗാമീ, പ്രകൃഷ്ടോ ഭവതു
ദേവ–ജുഷ്ടം ഹവ്യം	— ദേവൈസ്സേവിതം സോമ ലക്ഷണം ഹവിഃ
മനവേ പ്ര ഭരൽ	— പ്രജാപതയേ ആഹരൽ, ദ്യുലോ ക സകാശാദാഹൃതവാൻ

അർത്ഥം—(ഇതു മുതൽ ശ്യേനമെന്ന പക്ഷി, കൃഷ്ണപ്പരുന്ത് സ്തുതിക്കപ്പെടുന്നു.) അല്ലയോ മരുത്തുക്കളംക്കൊത്ത വേഗമൊത്ത പക്ഷികളേ, പ്രസിദ്ധിപെററ പരുന്തെന്ന പക്ഷി, പക്ഷികളായ നിങ്ങളിൽവെച്ച് ബലത്താൽ ഉത്തമനായി ഭവിക്കട്ടെ. എപ്പോൾ ചക്രമില്ലാത്ത തേരിനാൽ ഭംഗിയുററ പറക്കലോടുകൂടിയ നീ ദേവന്മാരാൽ സേവിക്കപ്പെട്ട സോമാത്മകമായ ഹവിസ്സ് മനുപ്രജാപതിക്ക് (യാഗത്തിന്നായി) സ്വർഗ്ഗത്തിൽ നിന്ന് കൊണ്ടുവരുന്നുവോ, അപ്പോൾ നീ നല്ല ഗമനത്തോടുകൂടിയ സജാതീയ പക്ഷികളേക്കാൾ ശീഘ്രഗാമിയും ഉൽകൃഷ്ടനമാകട്ടെ.

5 ഭരദ്യദിവിരതോവേവിജാനഃ

പഥോരുണാമനോജവാ അസജ്ജി

തൂയംയയൗമധുനാസോമ്യേനോ

തശ്രവോവിവിദേശ്യേനോ അത്ര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:–

യദി വിഃ അതഃ	—	യദാ പക്ഷീ, ശ്യേനഃ അമുഷ്മാൽ ദ്യുലോകാൽ
വേവിജാനഃ	—	സോമപാലകാൻ ഭീഷയൻ
ഭരൽ	—	സോമമഹരൽ, ആഹൃതവാൻ, തദാ
ഉരുണാ പഥാ	—	വിസ്തീർണ്ണേനാന്തരിക്ഷമാർഗ്ഗേണ
മനഃ–ജവാഃ അസർജി	—	മനോവേഗേന സംസൃഷ്ട ആസീൽ
സോമ്യേന മധുനാ	—	സോമമയേനമധുരാന്നേനസഹ
തൂയം യയൌ	—	ക്ഷിപ്രം ജഗാമ
ഉത അത്ര	—	അപിചാസ്മിൻ ലോകേ
ശ്യേനഃ ശ്രവഃ വിവിദേ	—	സോമഹരണനിമിത്തം യശഃ ലേഭേ

അർത്ഥം–എപ്പോൾ പക്ഷിയായ പരുന്ത് മനുപ്രജാപതിക്കു വേണ്ടി സ്വർഗ്ഗത്തിൽ നിന്ന് സ്വാനൻ, ഭ്രാജൻ, അങ്ഘാരി, ജംഭാരി, ഹസ്തൻ, സുഹസ്തൻ, സുഹത്തൻ, കൃശാനു എന്നീ എട്ടു സോമപാലന്മാരെ ഭയപ്പെടുത്തി, സോമം എടുത്തുകൊണ്ടു പോന്നുവോ, അപ്പോൾ വിസ്തീർണ്ണമായ അന്തരിക്ഷമാർഗ്ഗത്തിലൂടെ മനസ്സിന്നൊത്ത വേഗമൊത്തവനായി സ്വയം ഭവിച്ചു. സോമമയമായ മധുരഹവിസ്സോടുകൂടി ദവേഗത്തിൽപോന്നു. ഈ ലോകത്തിൽ സോമംകൊണ്ടുവരൽകൊണ്ട് പരുന്ത് യശസ്സും നേടി.

6 ഋജീപീശ്യേനോദദമാനോഅംശും

പരാവതശ്ശകുനോമന്ദ്രംമദം

സോമംഭരദ്ദാദൃഹാണോദേവാവാ

ന്ദിവോഅമുഷ്മാദുത്തരാദാദായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഋജീപീ — ഋജുഗാമീ
പരാ-വതഃ അംശും — ദൂരാൽസോമം
ദദമാനഃ ശ്യേനഃ — ധാരയൻ ശംസനീയഗമനഃ
ദേവ-വാൻ ശകുനഃ — ദേവൈസ്സഹിതഃ പക്ഷീ
മന്ദ്രം മദം സോമം — മാദനീയം, മദകരം സോമം
ഉൽ-തരാൽ അമുഷ്മാൽ
ദിവഃ — ഉൽഗതതരാൽ ദ്യുലോകാൽ
ആ-ദായ ദദൃഹാണഃ ഭരൽ — സ്വീകൃത്യ ദൃഢീഭവന്നഹരൽ

അർത്ഥം—നേരേ പറക്കുന്ന, ദൂരത്തിൽനിന്നു സോമമേന്തി ഭംഗിയിൽ പറന്നുവരുന്ന, ദേവന്മാരൊത്ത പക്ഷി (ദേവന്മാരും മനുപ്രജാപതിയുടെ യാഗത്തിനു വരുന്നവരാണ്.) ഹർഷകരമായ സോമത്തെ ആ ഉയർന്ന സ്വർഗ്ഗത്തിൽ നിന്ന് എടുത്ത്, സ്വയം ഉറപ്പാർന്നവനായി കൊണ്ടുവന്നു.

7 ആദായശ്യേനോഅഭരൽസോമം
സഹസ്രംസവാംഅയുതംചസാകം
അത്രാപുരന്ധിരജഹാദരാതീ
ർമ്മദേസോമസ്യമൂരാഅമൂരഃ

7974

വ. 15

അന്വയം:—

ശ്യേനഃ സവാൻ സഹസ്രം — ശംസനീയഗമനഃ
പക്ഷീ യജ്ഞാനാം,
സഹസ്രസംഖ്യാകം
അയുതം ച സാകം — അപരിമിതസംഖ്യാകം ച സഹ
സോമം ആ-ദായ — സോമലക്ഷണമന്നമാദാനം
കൃത്വാ
അഭരൽ — അഹരൽ, ആജഹാര
അത്ര — അസ്മിൻ സോമേ ആഹൃതേസതി
പുരം-ധിഃ, അമൂരഃ — ബഹുകർമ്മാ, പ്രാജ്ഞഃ ഇന്ദ്രഃ
സോമസ്യ മദേ — സോമപാന ഹർഷേസതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൂരാഃ അരാതീഃ — മൂഢാൻ ശത്രൂൻ
അജഹാൽ — അത്യജൽ, ജഘാന

അർത്ഥം—നല്ല പറക്കലോടുകൂടിയ പരുന്ത് ആയിരക്കണക്കിലും കണക്കററ മട്ടിലും യജ്ഞങ്ങളോടുകൂടി, സോമാന്നത്തെ സ്വീകരിച്ചുകൊണ്ടുവന്നു. ഈ സോമം കൊണ്ടുവന്നപ്പോഠം ബഹുകർമ്മാവും ജ്ഞാനവാനുമായ ഇന്ദ്രൻ സോമപാനഹർഷത്തിൽ മൂർഖന്മാരായ ശത്രുക്കളെ കൊല്ലുകയായി.

വർഗ്ഗം—16 — ത്രിഷ്ടുപ് ഛന്ദഃ വാമദേവ ഋഷിഃ ശ്യേനഃ ഇന്ദ്രോവാ ദേവതാ

1 ഗർഭേനുസന്നന്വേഷാമവേദ
മഹം ദേവാനാം ജനിമാനി വിശ്വാ
ശതം മാ പുര ആയസീരരക്ഷ
ന്നധശ്യേനോജവസാനിരദീയം

അന്വയം:—

ഗർഭേ നു സൻ — ഗർഭേ ഏവ വിദ്യമാനഃ
അഹം ഏഷാം ദേവാനാം — വാമദേവോഹമിന്ദ്രാദീനാം
വിശ്വാ ജനിമാനി — സർവ്വാണി ജന്മാനി
അനു അവേദം — ആനുപൂർവ്വ്യേണാജ്ഞാസിഷം, പരമാത്മനസ്സകാശാൽ സർവ്വേ ദേവാജാതാഃ ഇത്യവേദിഷം
(ഇതഃ പൂർവ്വം) ശതം
ആയസീഃ പുരഃ — ബഹൂനി അയോമയാനി, അഭേദ്യാനി ശരീരാണി
മാ അരക്ഷൻ — മാം അപാലയൻ
(യഥാഹം ശരീരാദ്വ്യതിരിക്തമാത്മാനം ന ജാനീയാം തഥാ മാമരക്ഷൻ)
അധ ശ്യേനഃ — അധുനാ ശ്യേനവൽസ്ഥിതോഹം
ജവസാ നിഃ അദീയം — വേഗേന ശരീരാൽ നിരഗമം, അനാവരണമാത്മാനം ജാനൻ നിർഗ്ഗതോസ്മി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം— ('ശ്യേനഭാവം സമാസ്ഥായ ഗർഭാദ്യോഗേന നിസ്സൃതഃ
ഋഷിർഗ്ഗർഭേശയാനസ്സൻ ബ്രൂതേഗർഭേനേസന്നിതി')

എന്നിവിടെ ഒരു ശ്ലോകം ഉദ്ധരിയ്ക്കപ്പെടുന്നു. വാമദേവൻ പക്ഷിരൂപനായി ഗർഭത്തിൽ നിന്നു് യോഗശക്തിയാൽ പുറത്തുകടന്നു. ഗർഭത്തിൽ കിടന്നുകൊണ്ടാണു് ഈ ഋക്കു് പറയുന്നതു്).

ഗർഭത്തിൽ തന്നെയെന്നറിയപ്പെടുന്ന വാമദേവനായ ഞാൻ എല്ലാ ദേവന്മാരുടേയും ഉൽപത്തികളെ അറിഞ്ഞിരിക്കുന്നു. പരമാത്മാവിങ്കൽ നിന്നാണു് എല്ലാ ദേവന്മാരും ഉണ്ടായതെന്നറിയുന്നു. ഇതിന്നുമുമ്പു് നൂറുകണക്കിൽ ഇരുമ്പുകോട്ടകം പോലെ പിളക്കാൻ വയ്യാത്ത ശരീരങ്ങൾ എന്നെ രക്ഷിച്ചിട്ടുണ്ടു്. ശരീരത്തിൽ നിന്നു് വ്യത്യസ്തമായി ആത്മാവിനെ അറിയാത്തവിധം (അത്ര ശരീരാഭിമാനം ഉളവാക്കികൊണ്ടു്) രക്ഷിച്ചിട്ടുണ്ടു്. ഇപ്പോൾ പക്ഷിരൂപത്തിൽ നില്ക്കുന്ന ഞാൻ ശരീരത്തിൽ നിന്നു് പുറത്തുവന്നിരിക്കുന്നു. ആത്മാവിനെ മൂടലില്ലാത്ത നിലയിൽ കണ്ടു് പുറത്തുവന്നിരിക്കുന്നു.

2 നഘാസമാമപജോഷംജഭാര
ഭീമാസത്വക്ഷസാവീര്യേണ
ഈമ്മാപുരന്ധിരജഹാദരാതീ
രുതവാതാംഅതരച്ഛൂശുവാനഃ

അന്വയം:—

സഃ മാം ജോഷം ന ഘ	— ഗർഭഃ വാമദേവം മാംപര്യാപ്തം നൈവ
അപ ജഭാര	— അപജഹാര, ഗർഭേപി വസതോ മേ മോഹോനാഭൂൽ
(അഹം തു) ഈം	— ഇദം ഗർഭസ്ഥംദുഃഖം
ത്വക്ഷസാ വീര്യേണ	— തീക്ഷ്ണേന ജ്ഞാന സാമർത്ഥ്യേന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഭി ആസ	— അഭ്യഭവം
ഈമ്മാ പുരം–ധിഃ	— സർവ്വസ്യപ്രേരകഃ, പുരാം ധാരകഃ പരമാത്മാ
അരാതീഃ അജഹാൽ	— ഗർഭസംശ്രിതാൻ ശത്രൂൻ അത്യജൽ, ജഘാന
ഉത ശുശുവാനഃ	— അപിച വർദ്ധമാനഃ, പരിപൂർണ്ണഃ പരമാത്മാ
വാതാൻ അതരൽ	— ഗർഭക്ലേശകാരാൻ വായൂൻ അതാരീൽ

അർത്ഥം—ആ ഗർഭം എന്നെ കീഴടക്കിയില്ല, എനിക്കു വത്തിക്കാൻ പോരാ. എനിക്കു മോഹം, ജ്ഞാനഭ്രംശം സംഭവിച്ചില്ല. ഞാനാകട്ടെ, ഈ ഗർഭവാസദുഃഖത്തെ മൂച്ചയേറിയ ജ്ഞാനസാമർത്ഥ്യംകൊണ്ടു് ജയിച്ചു. എല്ലാവക്കും ആന്തരപ്രേരകനും ദേഹിയുമായ പരമാത്മാവു് ഗർഭത്തിലുറംപുക്ക ശത്രുക്കളെ ഹനിച്ചു, എന്നിട്ടു്, പരിപൂർണ്ണനായ പരമാത്മാവു് ഗർഭക്ലേശകരങ്ങളായ വായുക്കളെ തട്ടിക്കടന്നു.

3 അവയച്ഛ്യേനോ അസ്വനീദധദ്യോ
വ്വിയദ്യദിവാതഊഹുഃ പുരന്ധിം
സൃജദ്യദസ്മാഅവഹക്ഷിപജ്ജ്യാം
കൃശാനുരസ്താമനസാഭുരണ്യൻ

അന്വയം:—

അധ യൽ ശ്യേനഃ	— തദാനീം, സോമഹരണകാലേ യദാപക്ഷീ
ദ്യോഃ അവ അസ്വനീൽ	— ദ്യുലോകാദവാങ്മുഖം ശബ്ദമകരോൽ
യദി വാ യൽ പുരം–ധിം	— യദാച യം സോമം (വേതിചാത്ഥേ)
അതഃ വി ഊഹുഃ	— അസ്മാച്ഛ്യേനാൽ സോമപാലാ വിക്ഷിപ്തവന്തഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യൽ അസ്ലാ	—	യദാ ശരാണാം ക്ഷേപ്താ
മനസാ ഭുരണ്യൻ	—	മനോവേഗേന ഗന്തുമിച്ഛൻ
കൃശാനുഃ	—	ഏതന്നാമകസ്സോമപാലഃ
ജ്യാം ക്ഷിപൽ ഹ	—	ധനുഷഃ കോടൌമൌർവ്വീം ചിക്ഷേപ ഖലു
അസ്മൈ അവ സൃജൽ	—	ശ്യേനായശരം ത്യക്തവാൻ

അർത്ഥം—സോമഹരണകാലത്തു് പരുന്തു് എപ്പോഠ സ്വർഗ്ഗത്തിൽ നിന്നു് കീഴ്മുഖമായി ശബ്ദമുണ്ടാക്കിയോ, എപ്പോഠ സോമം പരുന്തിങ്കൽ നിന്ന സോമപാലന്മാർ തെറിപ്പിച്ചുവോ, എപ്പോഠ അമ്പെയ്യുന്ന, മനോവേഗത്തിൽ എത്താനിച്ഛിക്കുന്ന കൃശാനു എന്ന സോമപാലൻ ഞാൺ വലിച്ചു് അമ്പു തറപ്പിച്ചുവെച്ചു് പരുന്തിന്റെ നേരെ വിട്ടുവോ,

4 ഋജിപ്യഈമിന്ദ്രാവതോനഭുജ്യം

ശ്യേനോജഭാരബൃഹതോഅധിഷ്ണോഃ

അന്തഃപതൽപതത്ര്യസ്യപർണ്ണ

മധയാമനിപ്രസിതസ്യതദ്വേഃ

അന്വയം:—

ഋജിപ്യഃ ശ്യേനഃ	—	ഋജുഗാമീ പക്ഷീ
ഇന്ദ്ര-വതഃ	—	ഇന്ദ്രോരക്ഷകോയസ്യ തസ്യ
ബൃഹതഃ അധി സ്നോഃ	—	മഹതഃ ഉപരിസ്ഥിതാൽ ദ്യുലോകാൽ
ഈം ഭുജ്യം ന	—	തം രാജാനം യഥാശ്വിനാ വാജഹ്രുതുഃ തഥാ
ജഭാര	—	ഏനം സോമമാജഹാര
അധ യാമനി		
പ്ര-സിതസ്യ	—	യദ്ധേ കൃശാനോരസ്ത്രൈർബ്ബദ്ധസ്യ
വേഃ അസ്യ	—	ഗന്തുശ്യേനസ്യ
അന്തഃ പതത്രി	—	മദ്ധ്യേസ്ഥിതം പതനശീലം
തൽ പർണ്ണം പതൽ	—	പർണ്ണമപതൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം–വേഗവാനായ പരുന്ത്, ഇന്ദ്രൻ രക്ഷിക്കുന്ന മഹത്തും ഉപരിസ്ഥാനത്തുള്ളതുമായ സ്വർഗ്ഗത്തിൽ നിന്ന്, ഈ സോമത്തെ, അശ്വികൾ, ഭുജ്യു എന്ന രാജകുമാരനെ കടൽനടുക്കിൽനിന്നെടുത്തു പൊക്കിയപോലെ, എടുത്തുകൊണ്ടുപോന്നു. അപ്പോൾ യുദ്ധത്തിൽ കൃശാനു എന്ന സോമപാലൻെറ അസ്ത്രങ്ങളേററ്, ആ പറവയുടെ മദ്ധ്യഭാഗത്തുള്ള, പറക്കാൻ പററിയ ചിറക് മുറിഞ്ഞുവീണു. (ഇതും മുമ്പത്തെ ഋക്കും കൂടിയാണന്വയം) (യുഗ്മകം)

5 അധശ്വേതംകലശംഗോഭിരക്ത

മാപിപ്യാനംമഘവാശുക്രമന്ധഃ

അധ്വര്യുഭിഃപ്രയതംമധ്വോഅഗ്ര

മിന്ദ്രോമദായപ്രതിധൽപിബധ്യൈ

ശൂരോമദായപ്രതിധൽ പിബധ്യൈ വ. 16

അന്വയം:–

അധ ശൂരഃ മഘ–വാ	— അധുനാ വിക്രാന്തഃ, ധനവാൻ
ഇന്ദ്രഃ ശ്വേതം കലശം	— കലശേസ്ഥിതം
ഗോഭിഃ അക്തം	— ഗവ്യേന, പയസാസിക്തം
ആ–പിപ്യാനം ശുക്രം	— ആപ്യായയന്തം, സാരോപേതം
അധ്വര്യു–ഭിഃ പ്ര–യതം	
അന്ധഃ	— തൈത്ത്രം സോമലക്ഷണമന്നം
മധ്വഃ അഗ്രം മദായ	— മധുരസ്യ സോമരസസ്യ ഹർഷായ
പിബധ്യൈ പ്രതി ധൽ	— പാതും പ്രതിദധാതു
മദായ പിബധ്യൈ	
പ്രതി ധൽ	— പ്രതിദധാതു (പുനരുക്തി രാദരാർത്ഥാ)

അർത്ഥം–അപ്പോൾ വിക്രമിയും ധനവാനുമായ ഇന്ദ്രൻ വെൺപാനിയിലുള്ളതും പാൽ ചേർത്തതും സ്വയം വദ്ധിക്കുന്നതും പിഴിഞ്ഞ ചാറോടു കൂടിയതും അധ്വര്യു മുതലായവരാൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നല്ലപ്പെട്ടതുമായ സോമാന്നത്തെ, മധുരമായ സോമരസത്തി ന്റെ അഗ്രത്തെ, ഹഷ്ത്തിന്നുവേണ്ടി കടിപ്പാൻ കൈക്കൊള്ള ട്ടെ. ഹഷ്ത്തിന്നുവേണ്ടി കടിപ്പാൻ കൈക്കൊള്ളട്ടെ. (രണ്ടു പ്രാവശ്യം പറയുന്നതു് ആദരാതിശയത്താൽ.)

വർഗ്ഗം-17—ത്രിഷ്ടുപ്ഛന്ദഃ ഇന്ദ്രാസോമൌദേവതാ

1 ത്വായുജാതവതൽസോമസഖ്യ

ഇന്ദ്രോഅപോമനവേസസ്രുതസ്കഃ

അഹന്നഹിമരിണാൽസപ്തസിന്ധൂ

നപാവൃണോദപിഹിതേവഖാനി

അന്വയം:-

ഹേ സോമ, തവ

തൽ സഖ്യേ — ത്വദീയേ തസ്മിൻ സഖിത്വേ സതി

ത്വാ യുജാ ഇന്ദ്രഃ — ത്വയാ സഹായേനേന്ദ്രഃ

സ-സ്രുതഃ അപഃ — സരണശീലാനി വൃഷ്ട്യുദകാനി

മനവേ കഃ — മനുഷ്യേഭ്യഃ അകരോൽ

(കിംച) അഹിം അഹൻ — വൃത്രം ഹതവാൻ

സപ്ത സിന്ധൂൻ

അരിണാൽ — സപ്പ്ണശീലാ ആപഃ പ്രൈരയൽ

അപിഹിതാ-ഇവ — വൃത്രേണാപിഹിതാനി, തിരോ ഹിതാനി ച (ഇവചാത്ഥേ)

ഖാനി അപ അവൃണോൽ — സ്രോതസാം ദ്വാരാണി ഉൽഘാടിതവാൻ

അത്ഥം-അല്ലയോ സോമ, അവിടുന്നുമായുള്ള ആ സഖ്യ ത്തിൽ അവിടത്തെ സഹായത്താലാണ് ഇന്ദ്രൻ ഒഴുകുന്ന ശീല മുററ മഴവെള്ളങ്ങളെ മനുഷ്യക്കായി ഉണ്ടാക്കിയതു്. വൃത്രനെ ക്കൊന്നു്, ഒലിക്കൽ ശീലമുള്ള ജലങ്ങളെ വിട്ടു. വൃത്രനാൽ തടയപ്പെട്ട ജലദ്വാരങ്ങളെ തുറന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

2 ത്വായുജാനിഖിദൽസൂര്യ

സ്യേന്ദ്രശ്ചക്രംസഹസാസദ്യഇന്ദോ

അധിഷ്ണനാബൃഹതാവൎത്തമാനം

മഹോദ്രുഹോഅപവിശ്വായുധായി

അന്വയം:—

ഹേ ഇന്ദോ, ഇന്ദ്രഃ സദ്യഃ	— ഹേ സോമ, ഇന്ദ്രസ്സപദി
ത്വാ യുജാ,	— ത്വയാസഹായേന
സൂര്യസ്യ അധി സ്നുനാ	— പ്രേരകസ്യ സവിതുഃ ഉപരി സ്ഥിതേന
ബൃഹതാ	— മഹതാ അന്തരിക്ഷേണ
വൎത്തമാനം ചക്രം	— ദ്വിചക്രസ്യ രഥസ്യൈകം ചക്രം
സഹസാ നി ഖിദൽ	— അഭിഭാവുകേന ബലേന ആച്ഛിനൽ
(കിംച) മഹഃ ദ്രുഹഃ	— മഹതഃ ദ്രോഗ്ധുഃ, സൂര്യസ്യ സംബന്ധി
വിശ്വ–ആയു	— സൎവ്വതോഗന്തൃചക്രം, നിത്യം
അപ ധായി	— ഇന്ദ്രേണ അപാഹാരി

അൎത്ഥം—അല്ലയോ സോമ, ഇന്ദ്രൻ ഉടനെ അവിടുത്തെ സഹായത്തോടുകൂടി സൎവ്വപ്രേരകനായ സവിതാവിന്റെ, മുകളിൽ നില്ക്കുന്നതും മഹത്തായ അന്തരിക്ഷത്തോട് ചേൎന്ന് വൎത്തിക്കുന്നതുമായ ഇരു ചക്രങ്ങളുള്ള തേരിന്റെ ഒരു ചക്രത്തെ, കീഴടക്കുന്ന ബലത്തോടുകൂടി മുറിച്ചു. മഹാനും ദ്രോഹിയുമായ (തനിക്കു തൽക്കാലം ദ്രോഹം ചെയ്യുന്ന) സൂൎയ്യന്റെ എങ്ങുമുരുളുന്ന നിത്യമായ ചക്രം ഇന്ദ്രനാൽ കയ്യടക്കപ്പെട്ടു.

3 അഹന്നിന്ദ്രോഅദഹദഗ്നിരിന്ദോ

പുരാദസ്യൂന്മധ്യന്ദിനാദഭീകേ

ദുൎഗ്ഗേദുരോണേക്രത്വാനയാതാം

പുരുസഹസ്രാശൎവ്വാനിബൎഹീൽ

CC-0. In Public Domain: Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ ഇന്ദ്രാ, മധ്യന്ദിനാൽ

പുരാ	— മധ്യാഹ്നാൽ പൂർവ്വം; പൂർവ്വാഹ്നേ തവപാനാൽ ലബ്ധബലഃ
അഭീകേ ദസ്യൂൻ	— സങ്ഗ്രാമേശത്രൂൻ
ഇന്ദ്രഃ അഹൻ	— അവധീൽ
അഗ്നിഃ അദഹൽ	— കാംശ്ചിച്ഛത്രൂൻ അഗ്നിർദ്ദാഹ
യാതാം	— ഗച്ഛതാമസുരാണാം
പുരു സഹസ്രാ ശർവ്വാ	— പുരൂണി, സഹസ്രാണി, അപരിമിതാനിസർവ്വാണി നിരവശേഷാണി
ദുരോണേ, ദുഃ-ഗേ	— ദുരവനേ, രക്ഷിതുമശക്യേ, ദുരവാഗാഹേ ദേശേ
ക്രത്വാ ന	— കർമ്മണാസ്വകീയം കാര്യമുദ്ദിശ്യഗച്ഛതഃ പഥികാൻ യഥാ ധനലോലുപശ്ചോരോഹന്തീതദ്വൽ
നി ബർഹീൽ	— ന്യബർഹീൽ, ഇന്ദ്രഃ അവധീൽ

അർത്ഥം—അല്പയോ സോമ, മദ്ധ്യാഹ്നത്തിന്നു് മുമ്പ്, പൂർവ്വാഹ്നത്തിൽ, അവിടത്തെ പാനംകൊണ്ടു് ബലം നേടിയ ഇന്ദ്രൻ യുദ്ധത്തിൽ ശത്രുക്കളെ കൊന്നു. ചില ശത്രുക്കളെ അഗ്നി ദഹിപ്പിച്ചു. തോറേറാടുന്ന അസുരന്മാരെ ആയിരക്കണക്കിൽ, ഒരാളെയും ബാക്കിവയ്ക്കാതെ, രക്ഷയററദുഷ്പ്രദേശത്തു്, സ്വന്തം കാര്യത്തിന്നു് പോകുന്ന വഴിപോക്കരെ ധനലോഭിയായ കള്ളൻ കൊല്ലുന്നപോലെ, ഇന്ദ്രൻ കൊന്നു.

4 വിശ്വസ്മാൽസീമധമാഁഇന്ദ്രദസ്യൂൻ

വിശോദാസീരകൃണോരപ്രശസ്താഃ

അബാധേഥാമമൃണതം നിശത്രൂ

നവിന്ദേഥാമപചിതിംവധത്രൈഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

ഹേ ഇന്ദ്ര, (ത്വം) സീം — ഏതാൻ
ദസ്യൂൻ വിശ്വസ്മാൽ — സർവ്വസ്മാൽ ഗുണാൽ
അധമാൻ അകൃണോഃ — ഹീനാനകരോഃ
(കിംച) ദാസീഃ വിശഃ — കർമ്മഹീനാഃ പ്രജാഃ
അപ്ര-ശസ്താഃ — ഗർഹിതാഃ അകൃണോഃ
(ഹേ ഇന്ദ്രാസോമൌ
യുവാം) ശത്രൂൻ
അബാധേഥാം — ബാധിതവന്തൌ
നി അമൃണതം — നിതരാം ഹിംസിതവന്തൌ
വധത്രൈഃ — ശത്രൂണാം പ്രഹാരൈഃ
അപ-ചിതിം
അവിന്ദേഥാം — ജനേഭ്യഃ പൂജാം അലഭേഥാം

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്ന് ഈ ശത്രുക്കളെ (ദസ്യു ക്കളെ) എല്ലാവിധ ഗുണങ്ങളിൽ നിന്നും താഴ്ന്നവരാക്കി, ഗുണഹീനരാക്കി. പിന്നെ കർമ്മഹീനരായ ജനങ്ങളെ നിന്ദി തരാക്കി. അല്ലയോ ഇന്ദ്രസോമന്മാരേ, നിങ്ങൾ ശത്രുക്കളെ ബാധിച്ചു, അവരെ തികച്ചും ഒടുക്കി. ശത്രുപ്രഹരങ്ങളാൽ ജനങ്ങളിൽ നിന്നു് പൂജയേററു.

5 ഏവാസത്യംമഘവാനായുവന്ത
മിന്ദ്രശ്ചസോമോർവ്വമശ്വ്യംഗോഃ
ആദർദൃതമപിഹിതാന്യശ്നാ
രിരിചഥുഃക്ഷാശ്ചിത്തതൃദാനാ — വ. 17

അന്വയം:-

ഹേ സോമ, (ത്വം)
ഇന്ദ്രഃ ച — യുവാമുഭൌ
ഊർവ്വം അശ്വ്യം ഗോഃ — മഹാന്തമശ്വസമൂഹം ഗവാം സമൂഹം ച
ആ അദർദൃതം — ആദരയതം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അപി-ഹിതാനി — പണിഭിരപഹൃതാനി ഗവാം വൃന്ദാനി
ക്ഷാഃ ചിൽ — പണീനാം ഭൂമിശ്ച
അശ്നാ രിരിചഥുഃ — അശനപരേണ ബലേന രേചിതവന്തൌ
ഹേ മഘ-വാനാ — മഘവാനൌ, ധനവന്താവിന്ദ്രാ സോമൌ
തരുദാനാ യുവം — ശത്രൂണാം ഹിംസകൌ യുവാം
ഏവ — ഏവമുക്തപ്രകാരേണ യൽ കൃതവന്തൌ
തൽ സത്യം — തൽ സർവ്വം സത്യമേവ

അത്ഥം—അല്ലയോ സോമ, അവിടുന്നും ഇന്ദ്രനും, നിങ്ങൾ രണ്ടുപേരും, മഹത്തായ കുതിരക്കൂട്ടത്തെയും പശുക്കൂട്ടത്തെയും കൊണ്ടാടിയാലും. പണികളൽ അപഹരിക്കപ്പെട്ട പശുക്കൂട്ടവും, അവരുടെ ഭൂമിയും ഭക്ഷകമായ ശക്തിയാൽ മോചിപ്പിയ്ക്കപ്പെട്ടു. അല്ലയോ ധനവാന്മാരായ ഇന്ദ്രസോമന്മാരേ, ശത്രുഹന്താക്കളായ നിങ്ങൾ ഇപ്രകാരം യാതൊന്നു് ചെയ്യുവോ, അതു് സത്യമത്രെ.

വർഗ്ഗം-18

1 ആനസ്തുതഉപവാജേഭിരൂതീ
ഇന്ദ്രയാഹിഹരിഭിർമ്മന്ദസാനഃ
തിരശ്ചിദര്യസ്സവനാപുരൂണ്യാ
ങ്ഗൂഷേഭിർഗൃണാനസ്സത്യാരധാഃ

അന്വയം:—

ഹേ ഇന്ദ്ര, സ്തുതഃ (ത്വം)
വാജേഭിഃ — വാജൈരന്നൈസ്സഹ
തിരഃ ചിൽ പുരൂണി
സവനാ — പ്രാപ്താനി പൂർണ്ണാനി സവനാനി

*47

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നഃ ഉപ ഊതീ — അസ്മദീയാൻ യജ്ഞാൻപ്രതി ഊത്യൈ, രക്ഷണാത്ഥം
മന്ദസാനഃ, അര്യഃ — മോദമാനഃ, സ്വാമീ
ആങ്ഗൂഷേഭിഃ ഗൃണാനഃ — സ്തോത്രൈസ്തൂയമാനഃ
സത്യ–രാധാഃ — സത്യധനഃ
ഹരി–ഭിഃ ആ യാഹി — ആഗച്ഛ

അത്ഥം–അല്ലയോ ഇന്ദ്ര, ഞങ്ങളാൽ സ്തുതിക്കപ്പെട്ട അവിടുന്ന് അന്നങ്ങളോടുകൂടിപ്രാപിക്കപ്പെട്ട പൂണ്ണങ്ങളായ സവനങ്ങളെ, ഞങ്ങളുടെ യജ്ഞങ്ങൾക്ക് രക്ഷയ്ക്കായി, ഹർഷവാനായും, സ്വാമിയായും സ്തോത്രങ്ങളാൽ സ്തുതിക്കപ്പെടുന്നവനായും സത്യമായ ഐശ്വര്യമൊത്തവനായും ഹരികളെന്ന കുതിരകളോടുകൂടി പ്രാപിച്ചാലും.

2 ആഹിഷ്മായാതിനര്യശ്ചികിത്വാ
ന്ഹൂയമാനസ്സോതൃഭിരുപയജ്ഞം
സ്വശ്വോയോഅഭീരുമ്മന്യമാന
സ്സുഷ്വാണേഭിമ്മദതിസംഹവീരൈഃ

അന്വയം:-
സു–അശ്വഃ അഭീരുഃ — ശോഭനാശ്വോപേതഃ, നിർഭയശീലഃ
സുസ്വാനേഭിഃ മന്യമാനഃ — സുനവത്ഭിര്യജമാനൈസ്തൂയമാനഃ
യഃ (ഇന്ദ്രഃ) — മരുത്ഭിസ്സഹ
സം മദതി ഹ — സഹമാദ്യത്യേവ
നര്യഃ, ചികിത്വാൻ — നൃഭ്യോഹിതഃ, സർവ്വംജാനൻ
വീരൈഃ സോതൃ–ഭിഃ
ഹൂയമാനഃ — സ്തുതിമീരയത്ഭിഃ സോമമഭിഷുണ്വത്ഭിരാഹൂയമാനഃ സഃ ഇന്ദ്രഃ
(അസ്മദീയം) യജ്ഞം ഉപ
ആ യാതി ഹി സ്മ — ആഗച്ഛതേ്യവഖലു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം—നല്ല കുതിരയോടുകൂടിയവനും അഭയശീലനും, സോമസംസ്കൃത്താക്കളായ യജമാനന്മാരാൽ സ്തുതിക്കപ്പെടുന്നവനുമായ യാതൊരിന്ദ്രൻ മരുത്തുക്കളോടൊത്തു് തികച്ചും ഹഷിക്കുന്നുവോ, മനുഷ്യഹിതനും എല്ലാമറിയുന്നവനുമായ ആ ഇന്ദ്രൻ സ്തുതിചൊല്ലി, സോമം സംസ്കരിക്കുന്നവരാൽ വിളിക്കപ്പെട്ടുന്നവനായി നമ്മുടെ യജ്ഞത്തിന്നു് തീച്ചയായും വരുകതന്നെ ചെയ്യട്ടെ.

3 ശ്രാവയേദസ്യകണ്ണാവാജയധ്യൈ
ജുഷ്ടാമനുപ്രദിശംമന്ദയധ്യൈ
ഉദ്വാവൃഷാണോരാധസേതുവിഷ്മാൻ
കരന്നഇന്ദ്രസ്സുതീത്ഥാഭയംച

അന്വയം:—

(ഹേ സ്തോതഃ ത്വം) അസ്യ

കണ്ണാ	— ഇന്ദ്രസ്യകണ്ണൌ
വാജയധ്യൈ	— തം ബലിനംകത്തും
ജുഷ്ടാം അനു ദിശം	— സേവിതാസുസവ്വാസുദിക്ഷു
പ്ര മന്ദയധ്യൈ	— പ്രകഷേണമാദയിതും ച
ശ്രാവയ ഇൽ	— സ്തോത്രാണിശ്രാവയ ഏവ
ഉൽ—വവൃഷാണഃ	— സോമേനോത്സിച്യമാനഃ
തുവിഷ്മാൻ ഇന്ദ്രഃ	— ബലവാൻ സഃ
നഃ രാധസേ	— അസ്മാകം ധനാത്ഥം
സു—തീത്ഥാ അഭയം ച കരൽ	— ശോഭനാനിതീത്ഥാനി ഭയരാഹിത്യംച കരോതു

അത്ഥം—അല്ലയോ സ്തോതാവേ, അങ്ങ് ഇന്ദ്രനെ ബലവാനാക്കാനും അവിടുന്നെഴുന്നള്ളുന്ന എല്ലാടങ്ങളിലും നന്നായി ഹഷിപ്പിക്കാനും അവിടുത്തെ ചെവികളിൽ 'സ്തോത്രങ്ങൾ കേൾപ്പിക്കുക തന്നെ ചെയ്യുക. സോമത്താൽ നനവേററവനും

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

ബലവാനുമായ ഇന്ദ്രൻ നമുക്കു ധനത്തിന്നായി നല്ല തീർത്ഥങ്ങളും നിർഭയത്വവും ഉളവാക്കട്ടെ.

4 അച്ഛായോഗന്താനാധമാനമൂതീ

ഇത്ഥാവിപ്രംഹവമാനംഗൃണന്തം

ഉപത്മനിദധാനോധുര്യാശൂ

ന്ത്സഹസ്രാണിശതാനിവജ്രബാഹുഃ

അന്വയം:–

വജ്ര-ബാഹുഃ യഃ ത്മനി — ആത്മനിസ്ഥിതാൻ, ആത്മവശ്യാൻ

സഹസ്രാണി, ശതാനി — സഹസ്രസംഖ്യാകാൻ, ശതസംഖ്യാകാൻ

ആശൂൻ — ശീഘ്രഗാമിനോശ്വാൻ

ധുരി ഉപ ദധാനഃ — രഥവഹനപ്രദേശേ സംസ്ഥാപയൻ

ഊതീ നാധമാനം വിപ്രം — രക്ഷണാർത്ഥം യാചമാനം മേധാവിനം

ഹവമാനം ഇത്ഥാ ഗൃണന്തം — ആഹ്വയന്തം, ഇത്ഥം, അനേന പ്രകാരേണ സ്തുവന്തം യജമാനം

അച്ഛ ഗന്താ — ആഭിമുഖ്യേന ഗമനശീലോ ഭവതി

(സഃ ഇന്ദ്രഃ സുതീർത്ഥാനി അഭയം ച കരോതു)

അർത്ഥം–വജ്രായുധമേന്തിയ യാതൊരിന്ദ്രൻ തനിക്കു വശവർത്തികളും ഗതിവേഗമുററവയുമായ ആയിരവും നൂറും കണക്കിൽ കുതിരകളെ നുകത്തങ്ങിൽ പൂട്ടി, രക്ഷയ്ക്കായി യാചിക്കുന്നവനും മേധാവിയും, ഇപ്രകാരം സ്തുതിക്കുന്നവനുമായ യജമാനന്നു് നേരെ ചെല്ലുന്നുവോ, ആ ഇന്ദ്രൻ നല്ല തീർത്ഥങ്ങളും നിർഭയത്വവും ഉളവാക്കട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

5 ത്വോതാസോമഘവന്നിന്ദ്രവിപ്രാ

വയംതേസ്യാമസൂരയോഗൃണന്തഃ

ഭേജാനാസോബൃഹദ്ദിവസ്യരായ

ആകായ്യസ്യദാവനേപുരുക്ഷോഃ വ. 18

അന്വയം:—

ഹേ മഘ-വൻ, ഇന്ദ്ര,	— ധനവൻ, ഇന്ദ്ര
ത്വാ—ഊതാസഃ വിപ്രാഃ	— ത്വയാരക്ഷിതാ മേധാവിനഃ
ഗൃണന്തഃ സൂരയഃ വയം	— ത്വാം സ്തുവന്തസ്സ്തോതാരോ വയം
ബൃഹൽ—ദിവസ്യ ആ—കായ്യസ്യ	— മഹൽദീപ്തേഃ, ആസമന്താൽ സ്തുത്യസ്യ
പുരു—ക്ഷോഃ തേ രായഃ	— ബഹ്വന്നസ്യ ത്വദീയസ്യ ധനസ്യ
ദാവനേ ഭേജാനാസഃ സ്യാമ	— ദാനേനിമിത്തേസതി ത്വാം ഭജമാനാ ഭവേമ

അർത്ഥം—അല്ലയോ ഐശ്വര്യവാനായ ഇന്ദ്ര, അവിടുന്നാൽ രക്ഷിതരും മേധാവികളും അവിടുത്തെ പുകഴ്ത്തുന്നവരുമായ സ്തോതാക്കളായ ഞങ്ങരം അതിപ്രകാശനും തികച്ചും സ്തുത്യഹ്നം ധാരാളം അന്നത്തോടു കൂടിയവനുമായ അവിടുത്തെ ധനത്തിൻെറ ദാനത്തിന്നുവേണ്ടി അവിടുത്തെ ഭജിക്കുന്നവരാകാവൂ, ആശ്രയിക്കുന്നവരാകാവൂ.

വർഗ്ഗം—19–20–21–22–23 —ഗായത്ര്യനുഷ്ടുഭൌഷ്ണിദസീ, ഇന്ദ്രോഷസൌദേവതാ

1 നകിരിന്ദ്രത്വദുത്തരോനജ്ജ്യായാഁഅസ്തിവൃത്രഹൻ

നകിരേവായഥാത്വം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം;—

ഹേ വൃത്ര-ഹൻ, ഇന്ദ്ര, — വൃത്രനാശകേന്ദ്ര,
(ലോകേ ഏകോപി)
ത്വൽ ഉൽ-തരഃ — ത്വത്തഃ ഉൽകൃഷ്ടതരഃ
നകിഃ അസ്തി — ന ഭവതി
(ത്വത്തഃ) ജ്യായാൻ ന — പ്രശസ്തതരഃ ഏകോപിനാസ്തി
ത്വം (ലോകേ) യഥാ
(പ്രസിദ്ധോഭവതി തഥാ
വിധ ഏകോപി) നകിഃ
ഏവ — നൈവഭവതി
(കശ്ചിദപി ലോകേ ഇന്ദ്രസദൃശോനാസ്തി)

അർത്ഥം—അല്ലയോ വൃത്രഹന്താവായ ഇന്ദ്ര, ലോകത്തിൽ ഒരുവനും അവിടുത്തേക്കാൾ മേന്മയുള്ളവനായില്ല. അവിടുത്തേക്കാൾ പ്രശസ്തികൂടിയവനാരുമില്ല. അവിടുന്ന് ലോകത്തിൽ പ്രസിദ്ധനായപോലെ മററാരുമില്ല. അവിടേയ്ക്കു തുല്ല്യനായാരുമില്ല.

2 സത്രാതേഅനുകൃഷ്ടയോവിശ്വാചക്രേവവാവൃതുഃ
സത്രാമഹാംഅസിശ്രുതഃ

അന്വയം:—

(ഹേ ഇന്ദ്ര) കൃഷ്ടയഃ
തേ അനു — പ്രജാഃ ത്വാം ലക്ഷീകൃത്യ
വിശ്വാ ചക്രാ-ഇവ — യഥാ വ്യാപ്താനി ചക്രാണി
ശകടമനുവർത്തന്തേ തദ്വൽ
സത്രാ വവൃതുഃ — സത്യമേവ വർത്തന്തേ
മഹാൻ (ത്വം) സത്രാ
ശ്രുതഃ അസി — സത്യമേവ വിശ്രുതോ ഭവസി

അർത്ഥം—അല്ലയോ ഇന്ദ്ര, പ്രജകൾ അവിടുത്തെ മുൻനിർത്തിയാണ്, വണ്ടിയെ അതിൽ പിടിപ്പിച്ച ചക്രങ്ങൾ അനുവർത്തിക്കുന്നപോലെ, സത്യമായും വർത്തിക്കുന്നതു്. മഹാനായ അവിടുന്ന് സത്യമായും കീർത്തിമാനാകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

3 വിശ്വേചനേദനാത്വാദേവാസ്ഇന്ദ്രയുയുധുഃ

യദഹാനക്തമാതിരഃ

അന്വയം:-

ഹേ ഇന്ദ്ര, ചന ഇൽ

വിശ്വേ ദേവാസഃ	— സർവ്വേ ഏവ അസുരാൻ വിജിഗീഷവോ ദേവാഃ
അനാ ത്വാ	— പ്രാണരൂപേണ ത്വാം സഹായം ലബ്ധ്വാ
യുയുധുഃ	— അസുരൈസ്സഹ യുദ്ധം ചക്രുഃ
യൽ അഹാ നക്തം	— യസ്മാൽ കാരണാൽ അഹസ്സു രാത്രിഷു ച
ആ അതിരഃ	— ആസമന്താൽ ശത്രൂനവധീഃ

അർത്ഥം-അല്ലയോ ഇന്ദ്ര, അസുരന്മാരെ ജയിക്കാനിച്ഛിക്കുന്ന എല്ലാ ദേവന്മാരുംതന്നെ പ്രാണരൂപത്തിൽ അവിടുത്തെ സഹായനായി കിട്ടീട്ടാണ് അവരുമായി യുദ്ധം ചെയ്തത്. അതുകൊണ്ടാണവർ പകലുകളിലും രാവുകളിലും ശത്രുക്കളെ നിറച്ചും കൊന്നത്.

4 യത്രോതബാധിതേഭ്യശ്ചക്രംകുത്സായയുധ്യതേ

മുഷായഇന്ദ്രസൂര്യം

അന്വയം:-

ഹേ ഇന്ദ്ര, യത്ര	— യസ്മിൻയുദ്ധേ
ഉത (ത്വം) ബാധിതേഭ്യഃ	— അപിച കുത്സസഹായേഭ്യഃ
യുധ്യതേ കുത്സായ	— യുദ്ധം കുർവ്വതേ കുത്സായ ച
സൂര്യം ചക്രം മുഷായ	— സൂര്യസംബന്ധി രഥചക്രം അമുഷ്ണാഃ, അപഹൃതവാനസി

അർത്ഥം-അല്ലയോ ഇന്ദ്ര, യാതൊരു യുദ്ധത്തിൽ അവിടുന്ന് ഉപദ്രവിക്കപ്പെട്ട കുത്സൻെറ സഹായികൾക്കും യുദ്ധംചെയ്യുന്ന കുത്സനും വേണ്ടി, സൂര്യൻെറ തേർചക്രം അപഹരിച്ചുവോ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

5 യത്രദേവാംഋഘായതോവിശ്വാംഅയുധ്യഏകഇൽ

ത്വമിന്ദ്രവന്നൂരഹൻ

വ. 19

അന്വയം:—

ഹേ ഇന്ദ്ര, ത്വം ഏകഃ ഇൽ — അസഹായ ഏവ
യത്ര ദേവാൻ ഋഘായതഃ — യസ്മിൻ യുദ്ധേ ദേവാൻ ബാധമാനാൻ
വിശ്വാൻ അയുധ്യഃ — സർവ്വാൻ രാക്ഷസാദീൻ യുദ്ധമകരോഃ
(തഥാ) വന്നൂൻ അഹൻ — ഹിംസകാനവധീഃ

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടന്നൊററക്ക് ഏതു യുദ്ധത്തിൽ ദേവദ്രോഹികളായ എല്ലാ രാക്ഷസാദികളോടും പൊരുതിയോ, അതുപോലെ ഹിംസകന്മാരെ കൊന്നുവോ,

6 യത്രോതമർത്ത്യായകമരിണാഇന്ദ്രസൂര്യം

പ്രാവശ്ശചീഭിരേതശം

അന്വയം:—

ഹേ ഇന്ദ്ര, യത്ര ഉത
മർത്ത്യായ — യസ്മിൻ സങ്ഗ്രാമേ അപിചത്വം മനുഷ്യായ, ഏതശാഖ്യായ ഋഷയേ
കം സൂര്യം അമിണാഃ — പരമാത്മാനം സൂര്യം അഹിംസീഃ
(തദാനീം) ശചീഭിഃ — യുദ്ധകർമ്മഭിഃ
ഏതശം പ്ര ആവഃ — ഏതൽസംജ്ഞകമൃഷിം പ്രകർഷേണാരക്ഷഃ

അർത്ഥം—അല്ലയോ ഇന്ദ്ര, ഏതു യുദ്ധത്തിലവിടുന്ന് മനുഷ്യനായ ഏതശൻ എന്ന ഋഷിക്കുവേണ്ടി പരമാത്മാവായ സൂര്യനെ തടഞ്ഞുവോ, അപ്പോഠം യുദ്ധകർമ്മങ്ങളിൽ ആ ഋഷിയെ, ഏതശനെ നന്നായി രക്ഷിച്ചു. (4-ം, 5-ം, 6-ം, ഋക്കുകഠം ഒന്നിച്ചന്വയം, കുളകം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

7 കിമാദുതാസിവൃത്രഹൻ മഘവൻമന്യുമത്തമഃ

അത്രാഹദാനുമാതിരഃ

അന്വയം:—

ഹേ വൃത്ര-ഹൻ, മഘ-വൻ — വൃത്രാണാം, ആവരകാണാം തമസാംഹന്തഃ ധനവൻ, ഇന്ദ്ര
ആൽ ഉത കിം
മന്യുമൽ-തമഃ അസി? — അതിശയേന ക്രോധവാനസി?
അത്ര അഹ ദാനും ആ
അതിരഃ — അസ്മിന്നന്തരിക്ഷേ ഏവ ദനോഃ പുത്രം വൃത്രം ആസമന്താദ ഹിംസീഃ

അത്ഥം—മറവിയററുന്ന ഇരുട്ടുകളുടെ ഹന്താവും ധനവാനുമായ ഇന്ദ്ര, അപ്പോഴവിടുന്നെന്തേ വല്ലാതെ ക്രോധവാനായതു്? ഈ അന്തരിക്ഷത്തിൽവെച്ചുതന്നെയാണല്ലൊ ദനുവിൻെറ മകനായ വൃത്രനെ അവിടുന്നു് വല്ലാതെ ഹിംസിച്ചതു്.

8 ഏതദ്ഘേദുതവീര്യ൱ മിന്ദ്രചകത്ഥപൌംസ്യം

സ്ത്രീയംയദ്ദുർഹണായുവം വധീർദുഹിതരംദിവഃ

അന്വയം:—

ഹേ ഇന്ദ്ര, ഉത യൽ — അപിചയസ്ത്വം
ഏതൽ പൌംസ്യം വീര്യം
ചകത്ഥ ഘ — ഉപലക്ഷിതം ബലം സാമത്ഥ്യാപേതം കൃതവാനേവാസി
(സഃ ത്വം) ദുഃ-ഹനായുവം — ദുഷ്ടം ഹനനമിച്ഛന്തീം
ദിവഃ ദുഹിതരം — ദ്യുലോകസകാശാദുൽപന്നാം
സ്ത്രീയം ഇൽ വധീഃ — ഉഷസം അവധീഃ

അത്ഥം—അല്ലയോ ഇന്ദ്ര, യാതൊരവിടുന്നു് ഈ ബലം സാമത്ഥ്യത്തോടുകൂടിത്തന്നെ പ്രവത്തിച്ചുവോ, ആ അവിടുന്നു് ദുഷ്ടവധമിച്ഛിക്കുന്ന ദ്യുലോകപുത്രിയായ സ്ത്രീയെ, ഉഷസ്സിനെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൊന്നു. (സൂര്യാത്മാവായി ഇന്ദ്രൻ തെളിഞ്ഞു പൊങ്ങുമ്പോൾ ഉഷസ്സ് വധിക്കപ്പെടുന്നു.)

9 ദിവശ്ചിദ്ഘാദുഹിതരംമഹാൻമഹീയമാനാം
ഉഷാസമിന്ദ്രസംപിണക്

അന്വയം:—

ഹേ ഇന്ദ്ര, മഹാൻ (ത്വം)
ദിവഃ ദുഹിതരം — ദ്യുലോകസ്യ പുത്രീം
മഹീയമാനാം ഉഷസം — പൂജ്യമാനാം താം
സം പിണക് ചിത് ഘ — സംപിഷ്ടവാനസി ഖലു

അർത്ഥം—അല്ലയോ ഇന്ദ്ര, മഹാനായ അവിടുന്ന് ദ്യുലോകത്തിന്റെ പുത്രിയും പൂജ്യമാനയുമായ ഉഷസ്സിനെ ചതച്ചരച്ചുവല്ലോ.

10 അപോഷാ അനസസ്സരൽ സംപിഷ്ടാദഹബിഭ്യുഷീ
നിയൽസീംശിശ്നഥദ്വൃഷാ
വ. 20

അന്വയം:—

വൃഷാ യൽ സീം — കാമവർഷക ഇന്ദ്രഃ യദാ ഉഷസസ്സംബന്ധി ഏതൽശകടം
നി ശിശ്നഥൽ — ന്യവധീൽ, തദാ
ഉഷാഃ ബിഭ്യുഷീ — ഇന്ദ്രസകാശാൽ ഭീതാസതീ
സം-പിഷ്ടാൽ അനസഃ — ഇന്ദ്രേണ സഞ്ചൂർണ്ണിതാൽ ശകടാൽ
അപ സരൽ അഹ — അപാസരൽ, അപജഗാമ ഖലു

അർത്ഥം-കാമവർഷകനായ ഇന്ദ്രൻ ഉഷസ്സിന്റെ വണ്ടി മറിച്ചിട്ടപ്പോൾ ഉഷസ്സ് ഇന്ദ്രങ്കൽനിന്നു ഭയപ്പെട്ടവളായി, ഇന്ദ്രനാൽ തവിടുപൊടിയാക്കപ്പെട്ട വണ്ടിയിൽനിന്നിറങ്ങിപ്പോയല്ലോ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

11 ഏതദസ്യാഅനശ്ശയേസുസംപിഷ്ടംവിപാശ്യാ
സസാരസീംപരാവതഃ

അന്വയം:-

സു-സംപിഷ്ടം	— ഇന്ദ്രേണ സുഷ്ടു സംചൂർണ്ണിതം
അസ്യാഃ ഏതൽ അനഃ	— ഉഷസശ്ശകടം
വി-പാശി	— വിപാഡാഖ്യായാം നദ്യാം
ആ ശയേ	— ആസമന്താൽ ശേതേ, അശേതേ
സീം	— ശകടേഭഗ്നേസതി ഇയമുഷോ ദേവതാ
പരാ-വതഃ സസാര	— ദൂരദേശാൽ അപസസാര

അർത്ഥം-ഇന്ദ്രനാൽ തികച്ചും പൊടിക്കപ്പെട്ട ഉഷസ്സിന്റെ വണ്ടി വിപാട്ട് എന്ന നദിയിൽ കിടന്നു. വണ്ടി തകൻ പാടെ, ഈ ഉഷസ്സ് ദൂരദേശത്തുനിന്നും വിട്ടുപോയി (സമീപ ദേശത്തുനിന്നുമാത്രമല്ല.)

12 ഉതസിന്ധുംവിബാല്ല്യംവിതസ്ഥാനാമധിക്ഷമി
പരിഷ്ഠാഇന്ദ്രമായയാ

അന്വയം:-

ഹേ ഇന്ദ്ര, ഉത വി ബാല്ല്യം	— അപിച വിഗതബാല്ല്യാവസ്ഥാം സംപൂർണ്ണജലാം
വി-തസ്ഥാനാം	— വിതിഷ്ഠമാനാം
സിന്ധും അധി ക്ഷമി	— നദീം ക്ഷമായാം
മായയാ പരി സ്ഥാഃ	— പ്രജ്ഞയാ പര്യസ്ഥാഃ, സർവ്വത സ്ഥാപനം കൃതവാനസി

അർത്ഥം-അല്ലയോ ഇന്ദ്ര, ബാല്ല്യം കടന്നു വളന്നതും (നിറവെള്ളത്തോടുകൂടി) ഒഴുകനിന്നതുമായ നദിയെ സങ്കല്പത്താലവിടുന്നു ഭൂമിയിൽ നിൎത്തി, എങ്ങും പടത്തി. (8-ാം ഋക്കമുതൽ 12-ാം ഋക്കു കൂടി സർവ്വോൽപ്പാദകാരിയായ ഉഷസ്സിനെ പലവിധത്തിൽ ഹനിച്ച പ്രസ്താവമാണല്ലൊ. ഇതു ഒരന്യാപ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേശമായി എടുക്കേണ്ടതുണ്ട്. ശരിക്കധികാരി വന്നെത്തുംമുമ്പ് ആ അധികാരിയുടെ ബലശകലംകൊണ്ട് ഊക്കുകാട്ടുന്ന ഒരു അധികാരവിനിയോജകൻെറ അതിക്രമത്തെയാണിവിടെ അന്യാപദേശം ചെയ്തിരിക്കുന്നതു്).

13 ഉതശുഷ്ണസ്യധൃഷ്ണയാപ്രമൃക്ഷോഅഭിവേദനം

പുരോയദസ്യസംപിണക്

അന്വയം:–

(ഹേ ഇന്ദ്ര) ഉത ധൃഷ്ണ–യാ	— ധൃഷ്ണഃ, ധർഷകസ്ത്വം
ശുഷ്ണസ്യ വേദനം	— ശുഷ്ണനാമ്നോസുരസ്യവിത്തം
അഭി പ്ര മൃക്ഷഃ	— അഭിതഃ, സർവ്വതഃ പ്രകർഷേണാ ബാധഥാഃ
യൽ അസ്യ പുരഃ	— യദാ ശുഷ്ണസ്യ പുരാണി
സം–പിണക്	— സംപിഷ്ടവാനസി, തദാ പ്രമൃക്ഷഃ

അർത്ഥം-അല്ലയോ ഇന്ദ്ര, കൂടാതെ കുസലററ അവിടുന്ന് ശുഷ്ണനെന്ന അസുരൻെറ ധനത്തെ എമ്പാടും ബാധിച്ചു, പിടിച്ചുപററി. ശുഷ്ണൻെറ നഗരങ്ങൾ തകർത്തപ്പോഴാണങ്ങിനെ ചെയ്തതു്.

14 ഉതദാസംകൗലിതരംബൃഹതഃപർവ്വതാദധി

അവാഹന്നിന്ദ്രശംബരം

അന്വയം:–

ഉത ഹേ ഇന്ദ്ര, (ത്വം)

ദാസം	— ഉപക്ഷയിതാരം
കൗലി–തരം	— കുലിതരനാമ്നോപത്യം
ശംബരം	— തന്നാമകമസുരം
ബൃഹതഃ പർവ്വതാൽ അധി	— മഹതഃ അദ്രേരുപരി
അവ അഹൻ	— അവാചീനം കൃത്വാ ഹതവാനസി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം—മാത്രമല്ല അല്ലയോ ഇന്ദ്ര, ദ്രോഹിയായ കലിതര നെന്ന അസുരന്റെ പുത്രൻ ശംബരനെന്ന അസുരനെ പെരിയ മലയുടെ മുകളിൽ കിഴക്കാംതൂക്കാക്കി അവിടുന്നു് കൊന്നു.

15 ഉതദാസസ്യവർച്ചിനഃ സഹസ്രാണിശതാവധീഃ

അധിപഞ്ചപ്രധീ॑രിവ വ 21

അന്വയം:—

ഉത (ഹേ ഇന്ദ്ര, ത്വം)

പ്രധീൻ–ഇവ	—	ചക്രസ്യപരിതസ്ഥിതാൻ ശങ്കുനിവഹിംസകാൻ
പഞ്ച ശതാ സഹസ്രാണി	—	പഞ്ചശതസംഖ്യാകാൻ സഹസ്രസംഖ്യാകാൻ
ദാസസ്യ വർച്ചിനഃ	—	ഉപക്ഷയിതുഃ വർചിനാമകാ സുരസ്യസംബന്ധിനഃ അനു ചരാൻ പുരുഷാൻ
അധി അവധീഃ	—	അധികം ഹതവാനസി

അത്ഥം—അത്രയുമല്ല, അല്ലയോ ഇന്ദ്ര, അവിടുന്നു്, ചക്ര ത്തിന്നു ചുററുമുള്ള ആണികാംപോലെ, അഞ്ചുലക്ഷം വരുന്ന വർച്ചി എന്ന ദ്രോഹിയായ അസുരന്റെ അനുചരന്മാരെ മുഴു വൻ വധിച്ചു. (ഇന്ത്യയിലെ പൂവ്വനിവാസികളെ. വന്നുചേന്ന ആര്യന്മാർ ഒടുക്കി എന്ന ചരിത്രപ്രസ്താവത്തെ സൂചിപ്പിക്കുക യാവാം ഇതു്.)

16 ഉതത്യം പുത്രമഗ്രുവഃ പരാ॑വൃക്തംശതക്രതുഃ

ഉക്ഥേഷ്വിന്ദ്ര ആഭജൽ

അന്വയം:—

ഉത ശത–ക്രതുഃ ഇന്ദ്രഃ	—	ശതകമ്മാഇന്ദ്രഃ
ത്യം അഗ്രുവഃ പുത്രം	—	തം പ്രസിദ്ധം ഏതന്നാമ്ന്യാഃ പുത്രം
പരാ–വൃക്തം	—	ഏതന്നാമകം
ഉക്ഥേഷു ആ അഭജൽ	—	സ്തോത്രേഷുഭാജിനം കൃതവാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

അൎത്ഥം–ബഹുകൎമ്മാവായ ഇന്ദ്രൻ, അഗ്രു എന്നവളുടെ പ്രസിദ്ധനായ പുത്രൻ, പരാവൃക്തനെ സ്തോത്രങ്ങളിൽ ഭാഗഭാക്കാക്കി.

17 ഉതത്യാത്തുൎവ്വശായദ്ദ അസ്നാതാരാശചീപതിഃ

ഇന്ദ്രോവിദ്വാംഅപാരയൽ

അന്വയം:–

ഉത അസ്നാതാരാ — അസ്നാതാരൌ, യയാതിശാപാദനഭിഷിക്തൌ

ത്യാ തുൎവ്വശാ യദ്ദ — തൌ, പ്രസിദ്ധൌ തുൎവ്വശനാമാനം യദുനാമകം ച രാജാനൌ

ശചീ//–പതിഃ — കൎമ്മണാം പാലകഃ

വിദ്വാൻ ഇന്ദ്രഃ

അപാരയൽ — അഭിഷേകാൎഹാവകരോൽ

അൎത്ഥം–ഇതിന്നുപുറമെ യയാതിയുടെ ശാപത്താൽ രാജ്യാഭിഷേകം നിഷേധിക്കപ്പെട്ട പ്രസിദ്ധരായ തുൎവ്വശനെയും യദുവിനെയും കൎമ്മപാലകനും വിദ്വാനുമായ ഇന്ദ്രൻ (ആ ഹീനതയിൽ നിന്നു്) കരകയററി, രാജ്യാഭിഷേകാൎഹരാക്കി.

18 ഉതത്യാസദ്യആൎയ്യാസരയോരിന്ദ്രപാരതഃ

അൎണ്ണാചിത്രരഥാവധീഃ

അന്വയം:–

ഉത സദ്യഃ ഹേ ഇന്ദ്ര, — അപിച സപദിത്വം

ത്യാ ആൎയ്യാ — തൌ ആൎയ്യൌ, ആൎയ്യത്വാഭിമാനിനൌ സന്താവപി ഇന്ദ്രവിഷയഭക്തിശ്രദ്ധാരഹിതൌ

സരയോഃ പാരതഃ — നദ്യാസ്സരയ്വാഃ പാരേ, തീരേ വസന്തൌ

അൎണ്ണാചിത്രരഥാ — അൎണ്ണനാമകം ചിത്രരഥനാമകം ച രാജാനൌ

അവധീഃ — അഹിംസീഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം—ഇതിന്നും പുറമെ അല്ലയോ ഇന്ദ്ര, പെട്ടെന്നവിടുന്നു് ആര്യന്മാരെന്നഭിമാനമുള്ളവരെങ്കിലും അവിടുത്തെ പേരിൽ ഭക്തിയും ശ്രദ്ധയുമില്ലാത്തവരും, സരയൂനദിയുടെ തീരത്തിൽ വസിക്കുന്നവരുമായ അണ്ണൻ, ചിത്രരഥൻ എന്നീ രണ്ടു രാജാക്കന്മാരെ വധിച്ചു. (ചരിത്രദൃഷ്ട്യാ ഇന്ദ്രൻ ആര്യന്മാരുടെ നായകനായിരുന്നുവെന്നും തന്നോടു് കൂറു് പുലത്താത്ത ആര്യന്മാരെയും ഒടുക്കിയിരുന്നുവെന്നും ഇവിടെ സ്പഷ്ടമാകുന്നു.)

19 അനുദ്വാജഹിതാനയോന്ധംശ്രോണംച്വൃത്രഹൻ
നതത്തേസുമ്നമഷ്ടവേ

അന്വയം:—

ഹേ വൃത്ര—ഹൻ,	— വൃത്രഹന്തസ്ത്വം
ജഹിതാ	— ജഹിതൌ സവ്വൈർബന്ധുഭിസ്ത്യക്തൌ
അന്ധം. ശ്രോണം ച	— ചക്ഷുർഹീനമേകം, പങ്ഗും ചാപരം
ദ്വാ അനു നയഃ	— ഏതൌദ്വൌ അന്ധത്വപങ്ഗുത്വ പരിഹാരേണ അനുനീതവാനസി
(ഹേ ഇന്ദ്ര,) തേ തൽ	— ത്വയാമത്തം തൽ
സുമ്നം അഷ്ടവേ ന	— സുഖം വ്യാപ്തും കോപിന പ്രഭവതി

അത്ഥം—അല്ലയോ വൃത്രഹന്താവേ, അവിടുന്നു്, എല്ലാ ബന്ധുക്കളാലും കയ്യൊഴിക്കപ്പെട്ട ഒരു കണ്ണുപൊട്ടനെയും മററൊരു മുടന്തനെയും കാണായ്മയും നടക്കാൻ വയ്യായ്മയും നീക്കി, കൊണ്ടു നടത്തി. അല്ലയോ ഇന്ദ്ര, അവിടുന്നേകിയ ആ സുഖം പ്രാപിക്കാൻ ആരും ശക്തരാകുന്നില്ല. (അവിടുത്തെ കൃപകൊണ്ടുതന്നെ വേണം അതു നേടാൻ.)

20 ശതമശ്മന്മയീനാംപുരാമിന്ദ്രോവ്യാസ്യൽ
ദിവോദാസായദാശുഷേ വ. 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

ഇന്ദ്രഃ അശ്മൻ-മയീനാം — പാഷാണൈർന്നിർമ്മിതാനാം
പുരാം ശതം — ശംബരസ്യ നഗരാണാം ശതസംഖ്യാകം
ദാശുഷേ ദിവഃ-ദാസായ
വി ആസ്യൽ — ഹവിർദ്ദത്തവതേ ഏതന്നാമകായ രാജർഷയേ വ്യക്ഷിപൽ

അർത്ഥം-ഇന്ദ്രൻ, കരിങ്കൽ കൊണ്ടു പണിത ശംബരന്റെ നൂറു നഗരങ്ങളെ ഹവിസ്സേകുന്ന ദിവോദാസനെന്ന രാജർഷിയ്ക്കു ഏല്പിച്ചുകൊടുത്തു.

21 അസ്വാപയദ്ദഭീതയേസഹസ്രാത്രിംശതംഹതൈഃ
ദാസാനാമിന്ദ്രോമായയാ

അന്വയം:-

ഇന്ദ്രഃ മായയാ — സ്വകീയയാശക്ത്യാ
ദാസാനാം — ലോകാനാമുപക്ഷയിതൄണാം രാക്ഷസാദീനാം
ത്രിംശതം സഹസ്രാ — ത്രിംശൽ സംഖ്യാകാനി സഹസ്രാണി
ദഭീതയേ — ദഭീതിനാമകസ്യാര്യായ
ഹതൈഃ അസ്വാപയൽ — ഹനനസാധനൈരായുധൈഃ അവധീൽ

അർത്ഥം-ഇന്ദ്രൻ സ്വശക്തികൊണ്ടു് മുപ്പതിനായിരം രാക്ഷസാദികളെ ദഭീതി എന്ന ആര്യന്നു് വേണ്ടി വധായുധങ്ങളാൽ എന്നെന്നേയ്ക്കുമുറക്കി, കൊന്നു. (ചരിത്രദൃഷ്ട്യാ ഇവിടെയും ഭാരതത്തിലെ പൂർവ്വനിവാസികളെ ആര്യന്മാർ ഒടുക്കിയ സൂചനയാവാം)

22 സഘേദുതാസിവൃത്രഹന്ത്സമാനഇന്ദ്രഗോപതിഃ
യസ്താവിശ്വാനിചിച്യുഷേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

ഉത ഹേ ഇന്ദ്ര, യഃ (ത്വം)

താ വിശ്വാനി	— താനി സമസ്താന്യമിത്രാണി
ചിച്യുഷേ	— പ്രാച്യാവയഃ
ഹേ വൃത്ര ഹൻ,	— വൃത്രഹന്തഃ, ഇന്ദ്ര
ഗോ-പതിഃ സഃ	— ഗവാം പാലകസ്സത്വം
സമാനഃ ഇൽ അസി ഘ	— സർവ്വേഷാം യജമാനാനാം സമ ഏവസൻ, പ്രഖ്യാതഃ ഖലു

അർത്ഥം-പിന്നെ അല്ലയോ ഇന്ദ്ര, യാതൊരവിടുന്നു് എല്ലാ ശത്രുക്കളെയും വീഴ്ത്തിയോ, അല്ലയോ വൃത്രഹന്താവേ, പശുരക്ഷകനായ ആ അവിടുന്നു് എല്ലാ യജമാനന്മാർക്കും തുല്യൻ തന്നെ എന്നു് പ്രസിദ്ധനാണല്ലൊ.

23 ഉതനൂനംയദിന്ദ്രിയംകരിഷ്യാഇന്ദ്രപൌംസ്യം
അദ്യാനകിഷ്ടദാമിനൽ

അന്വയം:-

ഉത ഹേ ഇന്ദ്ര, യൽ

പൌംസ്യം	— ത്വദീയം ബലം
ഇന്ദ്രിയം നൂനം കരിഷ്യാഃ	— സാമർത്ഥ്യാപേതം കൃതവാനസി ഖലു
അദ്യ തൽ നകിഃ ആ മിനൽ	— അദ്യതനഃ കശ്ചിൽ തൽബലം നഹിംസ്യാൽ

അർത്ഥം-കൂടാതെ, അല്ലയോ ഇന്ദ്ര, അവിടുത്തെ യാതൊരു ബലം സാമർത്ഥ്യത്തോടുകൂടി ഉപയോഗിച്ചുവോ, ആ ബലത്തെ ഇന്നുള്ള ആരും തന്നെ തടുക്കുകയില്ല. (അതിന്നു് കരുത്തുള്ളവരില്ല).

24 വാമംവാമന്തആദുരേദേവോദദാത്വര്യമാ
വാമംപൂഷാവാമംഭഗോവാമംദേവഃകരുളതീ വ. 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ ആ–ദൃരേ, — ശത്രൂണാം ആദാരയിതഃ ഇന്ദ്ര
തേ വാമം–വാമം — യദ്യദ്വനനീയം, സംഭജനീയം ധനമസ്തി തൽ തൽ
അര്യമാ ദേവഃ വാമം
ദദാതു — പ്രയച്ഛതു
(തഥാ) കരുളതീ പൂഷാ
ദേവഃ വാമം കൃത്തദന്തഃ പൂഷാ തൽധനം ദദാതു
ഭഗഃ (ദേവഃ) വാമം — ധനം ദദാതു

അത്ഥം– ശത്രുക്കളെ എമ്പാടും പിളക്കുന്ന (അല്ലെങ്കിൽ അവരുടെ ധനം കയ്യടക്കുന്ന) ഇന്ദ്ര, അവിടുത്തേക്കു് എന്തെന്തു് നല്ല ധനമുണ്ടോ അതതു് അര്യമാവെന്ന ദേവൻ തന്നരുളട്ടെ. പല്ലു പോയ പൂഷാവ് ആ ധനം തന്നരുളട്ടെ. ദേവനായ ഭഗൻ ആ ധനം തന്നരുളട്ടെ. (അര്യമാവും പൂഷാവും ഭഗനും ഇന്ദ്രനോടൊപ്പം പന്ത്രണ്ടാദിത്യന്മാരിൽ പെട്ടവരത്രെ, കൂട്ടുകാരത്രെ.)

വര്ഗ്ഗം- 24–25–26 - ഗായത്രീച്ഛന്ദഃ

1 കയാനശ്ചിത്രആഭുവദൂതീസദാവൃധസ്സഖാ
കയാശചിഷ്ഠയാവൃതാ

അന്വയം:—

സദാ–വൃധഃ — സദാ വദ്ധമാനഃ
ചിത്രഃ സഖാ — ചായനീയഃ, പൂജനീയഃ, മിത്രഭൂതഃ, ഇന്ദ്രഃ
കയാ ഊതീ — ഊത്യാ, തപ്പണേന
നഃ ആ ഭുവൽ — അസ്മാൻ ആഭിമുഖ്യേന ഭവേൽ
ശചിഷ്ഠയാ — പ്രജ്ഞാവത്തമയാ, പ്രജ്ഞാസഹിതമനുഷ്ഠീയമാനേന
കയാ വൃതാ — വത്തമാനേന കമ്മണാ (ച അഭിമുഖോ ഭവേൽ)

അത്ഥം–എപ്പോഴും വദ്ധിച്ചുകൊണ്ടിരിക്കുന്നവനും പൂജനീയനും (പ്രസാദിച്ചാൽ) ചങ്ങാതിയുമായ ഇന്ദ്രൻ എങ്ങിനെയു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ള്ള തൃപ്തിപ്പെടുത്തൽ കൊണ്ടാണ് നമുക്കഭിമുഖനായി ഭവിയ്ക്കുക? പ്രജ്ഞയോടുകൂടി അനുഷ്ഠിക്കപ്പെടേണ്ടും ഏതുവിധകർമ്മംകൊണ്ടാണ് അവിടുന്ന് നമുക്കഭിമുഖനായി ഭവിക്കുക?

2 കസ്ത്വാസത്യോമദാനാംമംഹിഷ്ഠോമത്സദന്ധസഃ

ദൃള്ഹാചിദാരുജേവസു

അന്വയം:—

(ഹേ ഇന്ദ്ര) മംഹിഷ്ഠഃ,

സത്യഃ	— പൂജനീയഃ സത്യഭൃതഃ
മദാനാം	— മാദയിതൄണാം മദ്ധ്യേ
കഃ അന്ധസഃ	— സോമസ്യ കഃ മദകരഃ രസഃ
ദൃള്ഹാ ചിൽ വസു	— ദൃഢാന്യപി വസൂനി, ശത്രൂണാം ധനാനി
ആ-രുജേ	— ആസമന്താൽ ഭങ്ക്തും
ത്വാ മത്സൽ?	— ത്വാം മാദയേൽ?

അർത്ഥം-അല്ലയോ ഇന്ദ്ര, ഹർഷപ്രദങ്ങളായ പദാർത്ഥങ്ങളുടെ ഇടയിൽ പൂജനീയമായി (പരിശുദ്ധമായി) സത്യഭൃതമായി (യഥാർത്ഥമായി) ഹർഷകരമായ ഏതു സോമരസം ശത്രുക്കളുടെ (അടക്കമുള്ള) എല്ലാ ധനങ്ങളും ഭോഗയോഗ്യമാകാൻവേണ്ടി അവിടുത്തെ മുഴക്കെ ഹർഷിപ്പിക്കും?

3 അഭീഷുണസ്സഖീനാ മവിതാജരിതൄണാം

ശതംഭവാസ്യൂതിഭിഃ

അന്വയം:—

(ഹേ ഇന്ദ്ര) സഖീനാം

ജരിതൄണാം	— സമാനഖ്യാനാനാം സ്തോതൄണാം
അവിതാ (ത്വം)	— രക്ഷിതാത്വം
ശതം ഊതി-ഭിഃ	— ബഹ്വീഭിഃ രക്ഷാഭിഃ
നഃ സു അഭി ഭവാസി	— അസ്മാകം സുഷ്ഠ്വഭിമുഖോഭവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം–അല്ലയോ ഇന്ദ്ര, ചങ്ങാതികളായ സ്തോതാക്കളുടെ രക്ഷിതാവായ അവിടുന്ന് എണ്ണമററ രക്ഷകളോടുകൂടി ഞങ്ങൾക്ക നന്നായഭിമുഖനായി ഭവിച്ചാലും.

4 അഭീനആവവൃഥ്സ്വ ചക്രംനവൃത്തമർവ്വതഃ

നിയുദ്ഭിശ്ചർഷ്ണീനാം

അന്വയം:–

(ഹേ ഇന്ദ്ര, ത്വം) വൃത്തം
ചക്രം ന — വർത്തമാനം ചക്രമിവ
അർവ്വതഃ നഃ — ഉപഗന്തൄനസ്മാൻ
ചർഷണീനാം
നിയുൽ–ഭിഃ — മനുഷ്യാണാം സ്തുതിഭിഃ
അഭി ആ വവൃഥ്സ്വ — അഭ്യാവർത്തസ്വ

അർത്ഥം–അല്ലയോ ഇന്ദ്ര, അവിടുന്ന്, ഉരുളുന്നചക്രംപോലെ സമീപത്തു വരുന്ന ഞങ്ങൾക്ക് മനുഷ്യരുടെ (ഞങ്ങളുടെ) സ്തുതികളാൽ (പ്രീതനായി) നേരെ തിരിഞ്ഞുവന്നാലും.

5 പ്രവതാഹിക്രതൂനാമാഹാപദേവഗച്ഛസി

അഭക്ഷിസൂര്യേസചാ

വ. 24

അന്വയം:–

(ഹേ ഇന്ദ്ര, ത്വം) ക്രതൂനാം— കർമ്മണാം യജമാനാനാമസ്മദീയാനാം സംബന്ധിനഃ
പ്ര–വതാ ഹി — പ്രവണാൻ ദേശാനേവ
പദാ–ഇവ — പദാനി, സ്വകീയാനി സ്ഥാനാനീവ
ആ ഗച്ഛസി ഹ — ആഗതോ ഭവസി ഖലു
(ത്വാമഹം) സൂര്യേ
സചാ അഭക്ഷി — സൂര്യേണ സഹഭജേ

അർത്ഥം–അല്ലയോ ഇന്ദ്ര, അവിടുന്ന് കർമ്മാനുഷ്ഠാതാക്കളായ ഞങ്ങളെസ്സംബന്ധിച്ച നീരൊഴുക്കററ പ്രദേശങ്ങളെത്ത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നെ സ്വന്തം സ്ഥാനങ്ങളെയെന്നപോലെ പ്രാപിക്കുന്നുവല്ലൊ. അവിടുത്തെ സൂര്യനോടൊപ്പം ഞാൻ ഭജിക്കുന്നു.

6 സംയത്തഇന്ദ്രമന്യവസ്സംചക്രാണിദധന്വിരേ

അധത്വേഅധസൂര്യേ

അന്വയം:–

ഹേ ഇന്ദ്ര, ത്വേ മന്യവഃ	— ത്വദർത്ഥാ സ്തുതയഃ
യൽ സം ദധന്വിരേ	— യദാസ്മാഭിഃ സമ്യഗനുമന്യന്തേ
ചക്രാണി സം	— ചംക്രമണാനി കർമ്മാണി ച സംദധന്വിരേ
അധ ത്വേ	— തദാനീം താ സ്തുതയഃ, താനി കർമ്മാണി ച ത്വയി ഭവന്തി
അധ സൂര്യേ	— അനന്തരം സൂര്യേ ച ഭവന്തി

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുത്തെ ഉദ്ദേശിച്ച സ്തുതികളും ആവർത്തനാത്മകങ്ങളായ കർമ്മങ്ങളും എപ്പോഴം ചൊല്ലപ്പെടുന്നുവോ, ചെയ്യപ്പെടുന്നുവോ, അപ്പോഴം ആ സ്തുതികളും കർമ്മങ്ങളും അവിടുന്നിലെത്തുന്നു. പിന്നെ അതു് സൂര്യങ്കലെത്തുന്നു.

7 ഉതസ്മാഹിത്വാമാഹുരിന്മഘവാനംശചീപതേ

ദാതാരമവിദീധയും

അന്വയം:–

ഹേ ശചീ–പതേ,	— കർമ്മപാലകേന്ദ്ര,
ഉത മഘ–വാനം,	
ദാതാരം	— ധനവന്തം, സ്തോതൃഭ്യോഭീഷ്ടപ്രദം
ത്വാം അവി–ദീധയും	
ഇൽ	— വിദീധയുഃ അദീപ്യമാനഃ, അവിദീധയും ദീപ്യമാനഃ താദൃശമേവ
ആഹുഃ ഹി സ്മ	— പ്രവദന്തി ഖലു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം—അല്ലയോ കമ്മരക്ഷകനായ ഇന്ദ്ര, ധനവാനും സ്തോതാക്കാംക്കഭീഷ്ടമരുളുന്നവനുമായ അവിടുത്തെ പ്രകാശമാനനെന്നു തന്നെ (ഉപാസകർ) പറയുന്നുവല്ലൊ.

8 ഉതസ്മാസദ്യഇൽപരി ശശമാനായസുന്വതേ
പുരുചിന്മംഹസേവസു

അന്വയം:—

ഉത (ഹേ ഇന്ദ്ര ത്വം)
സദ്യഃ ഇൽ — സദ്യഏവ
ശശമാനായ — സ്തുതിം കുവ്വതേ
സുന്വതേ — സോമാഭിഷവം കുവ്വതേ യജമാനായ
പുരു ചിൽ വസു — ബഹ്വന്യപിധനാനി
പരി മംഹസേ സ്മ — പരിതഃ പ്രയച്ഛസി ഖലു

അർത്ഥം—കൂടാതെ, അല്ലയോ ഇന്ദ്ര, ഉടനെത്തന്നെ, വേഗത്തിൽ തന്നെ, സ്തുതിക്കുന്നവനും സോമം ചതച്ച് സംസ്കരിക്കുന്നവനുമായ യജമാനന്ന് ധാരാളം ധനങ്ങാം അവിടുന്ന് എമ്പാടും കൊടുക്കുന്നുവല്ലൊ

9 നഹിഷ്മാതേശതംചന രാധോവരന്തആമുരഃ
നച്യൌത്നാനികരിഷ്യതഃ

അന്വയം:—

(ഹേ ഇന്ദ്ര) ആ-മുരഃ — ബാധകാരാക്ഷസാദയഃ
തേ ശതം ചന — ത്വദീയം ശതപരിമിതമപി
രാധഃ നഹി വരന്തേ സ്മ — ന വാരയന്തിഖലു
(കിംച ശത്രൂണാം
ഹിംസനം) കരിഷ്യതഃ — തവ
ച്യൌത്നാനി ന — ബലാനി ന വാരയന്തി

അർത്ഥം—അല്ലയോ ഇന്ദ്ര, ദ്രോഹികളായ രാക്ഷസാദികാം അവിടുത്തെ അപരിമിതമായ ധനസമൂഹത്തിൽ നിന്നു് നൂറെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണ്ണം പോലും തടഞ്ഞുവെയ്ക്കുന്നില്ലല്ലൊ. പിന്നെ, ശത്രുഹന്താവായ അവിടുത്തെ ബലങ്ങളും അവർ തടയുന്നില്ല.

10 അസ്മാ്ംഅവന്തുതേശത മസ്മാന്ഥ്സഹസ്രമൂതയഃ
അസ്മാൻ വിശ്വാഅഭിഷ്ടയഃ വ 25

അന്വയം:—

(ഹേ ഇന്ദ്ര,) തേ ശതം

ഊതയഃ — ത്വദീയാശ്ശത സംഖ്യാകാരക്ഷാഃ

അസ്മാൻ അവന്തു — രക്ഷന്തു

അസ്മാൻ സഹസ്രം

(അവന്തു) — സഹസ്രസംഖ്യാകാ രക്ഷാരക്ഷന്തു

വിശ്വാഃ അഭിഷ്ടയഃ

അസ്മാൻ — ത്വദീയാനി സർവ്വാണ്യഭി ഗമനാനി രക്ഷന്തു

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുത്തെ നൂറുകണക്കിലുള്ള രക്ഷകൾ ഞങ്ങളെ കാക്കട്ടെ. ആയിരക്കണക്കിലുള്ള രക്ഷകൾ ഞങ്ങളെ കാക്കട്ടെ. ഞങ്ങൾക്കു നേരെയുള്ള അവിടുത്തെ എല്ലാ വരവുകളും ഞങ്ങളെ കാക്കട്ടെ.

11 അസ്മാ്ംഇഹാവൃണീഷ്വസഖ്യായസ്വസ്തയേ
മഹോരായേദിവിത്മതേ

അന്വയം:—

(ഹേ ഇന്ദ്ര, ത്വം) ഇഹ — അസ്മിൻ യജ്ഞേ

അസ്മാൻ സഖ്യായ

സ്വസ്തയേ — യജമാനാൻ, സഖിഭാവായ അവിനാശായച

മഹഃ ദിവിത്മതേ രായേ — മഹതേ ദീപ്തിമതേ ധനായ ച

വൃണീഷ്വ — സംഭജസ്വ

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്നു് ഈ യജ്ഞത്തിൽ യജമാനന്മാരായ ഞങ്ങളെ ചങ്ങാതത്തിന്നായും ക്ഷേമത്തിന്നാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യും മഹത്തും പ്രകാശമാനവുമായ ധനത്തിന്നായും പ്രാപി ച്ചാലും.

12 അസ്മാँഅവിഡ്ഢിവിശ്വഹേന്ദ്രരായാപരീണസാ

അസ്മാൻവിശ്വാഭിരൂതിഭിഃ

അന്വയം:—

ഹേ ഇന്ദ്ര, (ത്വം)
വിശ്വഹാ — സർവ്വേഷ്വഹസ്സു
പരീണസാ രായാ — മഹതാധനേന
അസ്മാൻ അവിഡ്ഢി — യജമാനാൻ രക്ഷ
(കിംച) വിശ്വാഭിഃ
ഊതി-ഭിഃ അസ്മാൻ — സർവ്വാഭീരക്ഷാഭിഃ (അവിഡ്ഢി)

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്നു് എല്ലാ ദിവസങ്ങളിലും മഹത്തായ ധനത്തോടുകൂടി, യജമാനന്മാരായ ഞങ്ങളെ രക്ഷിച്ചാലും. കൂടാതെ, എല്ലാവിധരക്ഷകളാലും ഞങ്ങളെ കാത്താലും.

13 അസ്മഭ്യംതാँഅപാവൃധിവ്രജാँഅസ്തേവഗോമതഃ

നവാഭിരിന്ദ്രോതിഭിഃ

അന്വയം:—

ഹേ ഇന്ദ്ര, (ത്വം) നവാഭിഃ
ഊതി-ഭിഃ — നൂതനാഭീരക്ഷാഭിഃ
അസ്താ-ഇവ — അസ്ത്രസ്യക്ഷേപ്താ, ശൂര ഇവ
ഗോ-മതഃ താൻ വ്രജാൻ — ഗോഭിര്യുക്താൻ പ്രസിദ്ധാൻ ഗോനിവാസാൻ
അസ്മഭ്യം അപ വൃധി — ഉൽഘാടയ, ഉൽപാദയ

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്നു് പുതുപുതുരക്ഷകളാൽ, അമ്പെയ്യുന്ന ശൂരഭടനെന്നപോലെ, (എയ്ത്തുകാരൻ അമ്പെയ്തു്, അടവുകൾ നീക്കി തുറക്കുംപോലെ) പൈക്കൾ നിറഞ്ഞ തൊഴുത്തുകൾ ഞങ്ങൾക്കു് തുറന്നുതന്നാലും, ഉണ്ടാക്കിയാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

14 അസ്മാകംധൃഷ്ണുയാരഥോദ്യുമാഇന്ദ്രാനപച്യുതഃ

ഗവ്യുരശ്വയുരീയതേ

അന്വയം:—

ഹേ ഇന്ദ്ര, ധൃഷ്ണു-യാ ദ്യു-മാൻ
അനപ-ച്യുതഃ — ദീപ്തിമാൻ, വിനാശരഹിതഃ
ഗവ്യുഃ അശ്വ-യുഃ — ഗോമാൻ, അശ്വവാൻ
അസ്മാകം രഥഃ ഈയതേ — അസ്മൽസംബന്ധി രഥഃ
സർവ്വത്ര ഗച്ഛതു

അർത്ഥം—അല്ലയോ ഇന്ദ്ര, ശത്രുക്കളെ കൂസാത്തതും പ്രകാശിക്കുന്നതും കേടുവരാത്തതും പശുക്കളോടു കൂടിയതും കുതിരകളൊത്തതുമായ ഞങ്ങളുടെ തേർ (ജീവിതരഥം) എങ്ങും ഗമിക്കട്ടെ.

15 അസ്മാകമുത്തമംകൃധിശ്രവോദേവേഷുസൂര്യ

വർഷിഷ്ഠംദ്യാമിവോപരി വ. 26

അന്വയം:—

ഹേ സൂര്യ, — സർവ്വസ്യപ്രേരക, സൂര്യാത്മൻ,
ഇന്ദ്ര, ത്വം
ദേവേഷു അസ്മാകം ശ്രവഃ — തേഷ്വസ്മൽസംബന്ധിയശഃ
വർഷിഷ്ഠം ദ്യാം-ഇവ — അതിശയേന പ്രവൃദ്ധം ദ്യുലോകം
യഥാ സർവ്വേഷാം ലോകാനാം
ഉപരി — സ്ഥിതം, ഉൽകൃഷ്ടമകരോഃ
തഥാ
ഉൽ-തമം കൃധി — ഉൽകൃഷ്ടം കുരു

അർത്ഥം—അല്ലയോ സൂര്യാത്മാവായ ഇന്ദ്ര, സർവ്വപ്രേരക, അവിടുന്നു് ദേവന്മാരുടെ മദ്ധ്യത്തിൽ ഞങ്ങളുടെ കീർത്തി, ഏററവും പ്രവൃദ്ധമായ ദ്യുലോകം മററു ലോകങ്ങളുടെ മുകളിൽ നിർത്തി ഉൽകൃഷ്ടമാക്കിയപോലെ, ഉൽകൃഷ്ടമാക്കിയാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വർഗ്ഗം — 27 — 28 — 29 — 30

1 ആതൂന ഇന്ദ്ര വൃത്രഹന്നസ്മാകമർദ്ധമാഗഹി

മഹാൻമഹീഭിരൂതിഭിഃ

അന്വയം:—

ഹേ വൃത്ര—ഹൻ, ഇന്ദ്ര,
(ത്വം) നഃ — അസ്മാൻ പ്രതി
തു ആ — ക്ഷിപ്രമാഗച്ഛ
മഹാൻമഹീഭിഃഊതി—ഭിഃ — പ്രവൃദ്ധസ്ത്വം മഹതീഭീരക്ഷാഭിഃ
അസ്മാകം അർദ്ധം
ആ ഗഹി — അസ്മൽ സമീപമാഗച്ഛ

അർത്ഥം—അല്ലയോ ശത്രുഹന്താവായ ഇന്ദ്ര, അവിടുന്ന് ഞങ്ങളെ ഉദ്ദേശിച്ച് വേഗം വന്നാലും. മഹാനായ അവിടുന്ന് പെരിയ രക്ഷകളോടുകൂടി ഞങ്ങൾക്ക് സമീപമണഞ്ഞാലും.

2 ഭൃമിശ്ചിദ്ഘാസി തൂതുജിരാ ചിത്ര ചിത്രിണീഷ്വാ

ചിത്രം കൃണോഷ്യൂതയേ

അന്വയം:—

ഹേ ചിത്ര, — ചായനീയ, ത്വം
ഭൃമിഃ ചിൽ തൂതുജിഃ
ആ ഘ അസി — ഭ്രമണശീലോപി അസ്മദഭീഷ്ട ദാതാ ച ഭവതി
ചിത്രിണീഷു ചിത്രം — ചിത്രകർമ്മയുക്താസു അസ്മദ്രൂപാസു പ്രജാസു ചായനീയം ധനം (ആകാരശ്ചാർത്ഥേ)
ഊതയേ ആ കൃണോഷി — ആസമന്താൽ രക്ഷണായ കരോഷി

അർത്ഥം:—അല്ലയോ പൂജ്യനായ ഇന്ദ്ര, അവിടുന്നെങ്ങും ചരിക്കുന്നവനെങ്കിലും ഞങ്ങൾക്ക് അഭീഷ്ടദാതാവുമാണ്. വിവിധകർമ്മാക്കളായ പ്രജകളായ ഞങ്ങളിൽ കാമ്യമായ ധനം രക്ഷക്കായി അവിടുന്നുളവാക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

8 ദഭ്രേഭിശ്ചിച്ഛശീയാംസംഹംസിവ്രാധന്തമോജസാ

സഖിഭിര്യേത്വേസചാ

അന്വയം:—

(ഹേ ഇന്ദ്ര, ത്വം)

ദഭ്രേഭിഃ ചിൽ	— അൽപൈരപി
യേ ത്വേ സചാ	— യേ യജമാനാഃ ത്വയിസങ്ഗതാഃ
(തൈഃ) സഖി—ഭിഃ	— യജമാനൈസ്സഹ
ശശീയാംസം, വ്രാധന്തം	— ഉൽപ്ലവമാനം, മഹാന്തമപി ശത്രും
ഓജസാ ഹംസി	— ബലേന നാശയസി

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്ന് അല്പന്മാരെങ്കിലും ഏവർ അവിടുന്നിൽ സംഗമിച്ചുവോ, (മനസ്സുകൊണ്ട് സ്വയമർപ്പിച്ചുവോ) ആ ചങ്ങാതികളായ യജമാനന്മാരോടുകൂടി, ചാടിക്കയറിവരുന്ന പെരിയ ശത്രുവിനെയും ബലത്താൽ നശിപ്പിക്കുന്നു.

4 വയമിന്ദ്രത്വേസചാവയംത്വാഭിനോനുമഃ

അസ്മാംഅസ്മാംഇദുദവ

അന്വയം:—

ഹേ ഇന്ദ്ര, വയം ത്വേ

സചാ	— യജമാനാഃ ത്വയിസങ്ഗതാസ്മഃ
വയം ത്വാ അഭി നോനുമഃ	— അതിശയേനാഭിഷ്ടുമഃ
(ത്വം) അസ്മാൻ—അസ്മാൻ	
ഇൽ ഉൽ അവ	— സർവ്വാനസ്മാനേവ ഉൽക്കർഷേണ രക്ഷ

അർത്ഥം—അല്ലയോ ഇന്ദ്ര, യജമാനന്മാരായ ഞങ്ങൾ അവിടുന്നിൽ ചേർന്നവരത്രെ. ഞങ്ങളവിടുത്തെ അത്യധികം സ്തുതിക്കുന്നു. ഞങ്ങളെല്ലാവരെയുംതന്നെ ഉൽക്കർഷത്തോടുകൂടി രക്ഷിച്ചാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

5 സന്നശ്ചിത്രാഭിരദ്രിവോനവദ്യാഭിരൂതിഭിഃ

അനാധൃഷ്ടാഭിരാഗഹി

വ. 27

അന്വയം:—

ഹേ അദ്രി–വഃ, സഃ — വജ്രവന്നിന്ദ്ര, സ ത്വം
ചിത്രാഭിഃ അനവദ്യാഭിഃ — ചായനീയാഭിഃ അനിന്ദിതാഭിഃ
അനാധൃഷ്ടാഭിഃ — ശത്രുഭിരപ്രധൃഷ്ടാഭിഃ
ഊതി–ഭിഃ നഃ ആ ഗഹി — രക്ഷാഭിസ്സഹിതസ്സൻ അസ്മാനാഗച്ഛ

അത്ഥം—അല്ലയോ വജ്രായുധനായ ഇന്ദ്ര, പ്രസിദ്ധനായ അവിടുന്നു് കാമ്യങ്ങളും അനിന്ദിതങ്ങളും ശത്രുക്കളാൽ ബാധിക്കപ്പെടാത്തവയുമായ രക്ഷകളോടുകൂടി ഞങ്ങളെ പ്രാപിച്ചാലും.

6 ഭൂയാമമോഷുത്വാവതസ്സഖായഇന്ദ്രഗോമതഃ

യുജോവാജായഘൃഷ്വയേ

അന്വയം:—

ഹേ ഇന്ദ്ര, ത്വാ–വതഃ — ത്വൽ സദൃശസ്യ
ഗോ–മതഃ — ഗോഭിര്യുക്തസ്യ ദേവസ്യ
സഖായഃ — സ്തോതാരോവയം
ഘൃഷ്വയേ വാജായ — മഹതേ അന്നായ
യുജഃ സു ഭൂയാമ — സംയുക്താസ്സുഷ്ഠു ഭവാമൈവ

അത്ഥം—അല്ലയോ ഇന്ദ്ര, അവിടുത്തെപ്പോലെയുള്ള, പശുക്കളോടുകൂടിയ ഒരു ദേവന്റെ സ്തോതാക്കളായ ഞങ്ങൾ മഹത്തായ അന്നത്തിന്നായി അവിടുത്തോടു നന്നായിച്ചേർന്നവരായിത്തന്നെ ഭവിയ്ക്കാവൂ.

7 ത്വംഹ്യേകഈശിഷഇന്ദ്രവാജസ്യഗോമതഃ

സനോയന്ധിമഹീമിഷം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ ഇന്ദ്ര, ഹി — യസ്മാൽ കാരണാൽ
ത്വം ഏകഃ (ഏവ)
ഗോ–മതഃ — ഗോഭിര്യുക്തസ്യ
വാജസ്യ ഈശിഷേ — അന്നസ്യ ഈശ്വരോ ഭവസി
(അതഃ കാരണാൽ) സഃ
(ത്വം) നഃ — അസ്മഭ്യം
മഹീം ഇഷം യന്ധി — മഹദന്നം പ്രയച്ഛ

അർത്ഥം–അല്ലയോ ഇന്ദ്ര, എന്തു കാരണത്താൽ അവിടുന്നേകൻ മാത്രം, പശുക്കളോടുകൂടിയ അന്നത്തിന്നു് (പുഷ്ടിക്കു്) ഈശനാണോ, അക്കാരണത്താൽ ആ അവിടുന്നു് ഞങ്ങൾക്കു് മഹത്തായ അന്നം തന്നാലും.

8 നത്വാവരന്തേഅന്യഥായദ്ദിത്സസിസ്തുതോമഘം

സ്തോതൃഭ്യഇന്ദ്രഗിർവ്വണഃ

അന്വയം:—

ഹേ ഇന്ദ്ര, ഗിർവ്വണഃ — ഗിരാം സ്തുതീനാം സംഭക്താ
സ്തുതഃ യൽ — സ്തുതസ്ത്വം യദാ
സ്തോതൃ–ഭ്യഃ മഘം
ദിത്സസി — ധനം ദാതുമിച്ഛസി, തദാ
ത്വാ അന്യഥാ ന വരന്തേ — ത്വാം പ്രകാരാന്തരേണ ന നിവാരയന്തി, സർവ്വേപ്യനുകൂലാ ഏവ ഭവന്തി

അർത്ഥം–അല്ലയോ ഇന്ദ്ര, സ്തുതികളെ കൈക്കൊള്ളുന്നവനും സ്തുതിക്കപ്പെട്ടവനുമായ അവിടുന്നു് എപ്പോൾ, സ്തോതാക്കൾക്കു് ധനമേകാനിച്ഛിക്കുന്നുവോ, അപ്പോൾ അവിടുത്തെ ആരും മുടക്കുന്നില്ല, എല്ലാവരും അനുകൂലന്മാരായിത്തന്നെ ഭവിക്കുന്നു.

9 അഭിത്വാഗോതമാഗിരാനൂഷതപ്രദാവനേ

ഇന്ദ്രവാജായഘൃഷ്വയേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

ഹേ ഇന്ദ്ര, ത്വാ അഭി — ത്വാം ലക്ഷീകൃത്യ
ഗോതമാഃ ഗിരാ — ഏതന്നാമകാ ഋഷയഃ സ്തുതി രൂപയാ വാചാ
ദാവനേ, ഘൃഷ്വയേ
വാജായ — ധനദാനാത്ഥം, മഹതേ അന്നായ ച
പ്ര അനൂഷത — പ്രകഷേ്ണ സ്തുവന്തി

അത്ഥം—അല്ലയോ ഇന്ദ്ര, അവിടത്തെ മുൻനിത്തി, ഗോതമന്മാരെന്ന ഋഷികരം സ്തുതിവചനത്താൽ ധനദാനത്തിന്നായും മഹത്തായ അന്നത്തിന്നായും നന്നായി സ്തുതിക്കുന്നു.

10 പ്രതേവോചാമവീര്യാ / / യാമന്ദസാനആരുജഃ
പുരോദാസീരഭീത്യ
വ. 28

അന്വയം:-

(ഹേ ഇന്ദ്ര,) മന്ദസാനഃ — സോമേന മോദമാനസ്ത്വം
ദാസീഃ യാഃ പുരഃ — ക്ഷേപ്തുരസുരസ്യ സ്വഭൂതാ യാഃ പുരീഃ
അഭി–ഇത്യ ആ അരുജഃ — അഭിഗത്യ സമന്താദഭാങ്ക്ഷീഃ
തേ വീര്യാ — ത്വദീയാനിതത്രത്യാനി വീര്യാണി
പ്ര വോചാമ — വയം സ്തോതാരഃ പ്രകഷേ്ണവദാമ

അത്ഥം—അല്ലയോ ഇന്ദ്ര, സോമപാനത്താൽ ഹർഷം പൂണ്ട അവിടുന്നു് ദ്രോഹിയായ അസുരൻെറ സ്വന്തം നഗരങ്ങളെ വയെ തികച്ചും തകത്തുവോ, അവിടുന്നവിടെ കാണിച്ച ആ പരാക്രമങ്ങളെ സ്തോതാക്കളായ ഞങ്ങരം സ്തുതിക്കാവൂ.

11 താതേഗൃണന്തിവേധസോയാനിചകത്ഥപൌംസ്യാ
സുതേഷ്വിന്ദ്രഗിവ്വണഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ ഇന്ദ്ര, ഗിർവ്വണഃ	— സ്തുതീരൂപാണാം ഗിരാം സംഭക്താതഃ
യാനി പൌംസ്യാ ചകൎത്ഥ	— ബലാനി കൃതവാനസി
വേധസഃ സുതേഷു	— പ്രാജ്ഞാഃ അഭിഷുതേഷു സോമേഷു
തേ താ ഗൃണന്തി	— ത്വദീയാനി താനി പൌംസ്യാനി, ബലാനി കീൎത്തയന്തി

അൎത്ഥം—അല്ലയോ ഇന്ദ്ര, സ്തുതിവചനങ്ങൾ കൈക്കൊള്ളുന്ന അവിടുന്ന് എന്തെല്ലാം ഊക്കുകൾ കാട്ടിയോ, ചതച്ചുസംസ്കരിച്ച സോമങ്ങളോടുകൂടിയ അഭിജ്ഞന്മാരായ സ്തോതാക്കൾ ആ ഊക്കുകളെ നന്നായി പ്രശംസിക്കുന്നു.

12 അവീവൃധന്തഗോതമാഇന്ദ്രത്വേസ്തോമവാഹസഃ

ഐഷുധാവീരവദ്യശഃ

അന്വയം:—

സ്തോമ-വാഹസഃ	— സ്തോമാനാം, സ്തോത്രാണാം വോഢാരഃ
ഹേ ഇന്ദ്ര, ഗോതമാഃ ത്വേ	— ത്വാം
അവീവൃധന്ത	— സ്തോത്രൈർവ്വൎദ്ധയന്തി
(ത്വം) ഏഷു വീര-വൽ യശഃ	— ഗോതമേഷു പുത്രപൌത്രാദി യുക്തമന്നം
ആ ധാഃ	— നിധേഹി

അൎത്ഥം—സ്തോത്രവാഹകരായ ഗോതമന്മാർ, അല്ലയോ ഇന്ദ്ര, അവിടുത്തെ സ്തുതികളാൽ വളൎത്തുന്നു. അവിടുന്ന് അവരിൽ പുത്രപൌത്രാദികളോടുകൂടിയ അന്നമുണ്ടാക്കിയാലും.

13 യച്ചിദ്ധിശശ്വതാമസീന്ദ്രസാധാരണസ്ത്വം

തംത്വാവയംഹവാമഹേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:–

ഹേ ഇന്ദ്ര, ത്വം യൽ
ചിൽ ഹി — യദ്യപി ഖലു
ശശ്വതാം — ബഹൂനാം യജമാനാനാം
സാധാരണഃ അസി — സാമാന്യോ ഭവസി
(തഥാപി) തം (ഏവ)
ത്വാ — ത്വാം
വയം ഹവാമഹേ — സ്തോതാരഃ ആഹ്വയാമഃ

അർത്ഥം–അല്ലയോ ഇന്ദ്ര, വളരെ അധികം യജമാനന്മാക്കു് അവിടുന്നു് ഒരുപോലെയാണു്, ഒരുപോലെ ഭജനീയനാണു്, ഒരുപോലെ പ്രീതികരനാണു്. എന്നാലും അതേ അവിടുത്തെ സ്തോതാക്കളായ ഞങ്ങൾ വിളിക്കുന്നു.

14 അർവ്വാചീനോവസോഭവാസ്മേസുമത്സ്വാന്ധസഃ
സോമാനാമിന്ദ്രസോമപാഃ

അന്വയം:–

ഹേ വസോ, — യജ്ഞനിവാസക, ഇന്ദ്രം ത്വം
അസ്മേ അർവ്വാചീനഃ ഭവ — അസ്മാസ്വഭിമുഖോ ഭവ
(തഥാ) ഹേ സോമ-പാഃ,
ഇന്ദ്ര, — സോമാനാം പാതരിന്ദ്ര ത്വം
സോമാനാം അന്ധസഃ — സോമാന്നേന (തൃതീയാർത്ഥേ ഷഷ്ഠീ)
സു മത്സ്വ — സുഷ്ഠു മാദ്യ

അർത്ഥം–യജ്ഞവാസിയായ ഇന്ദ്ര. അവിടുന്നു് ഞങ്ങളിൽ അഭിമുഖനായി ഭവിച്ചാലും. അല്ലയോ സോമപാനശീല, ഇന്ദ്ര, അവിടുന്നു് സോമാന്നത്താൽ നന്നായി ഹർഷിച്ചാലും.

15 അസ്മാകന്ത്വാമതീനാമാസ്തോമഇന്ദ്രയച്ഛതു
അർവ്വാഗാവർത്തയാഹരീ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം;—

മതീനാം അസ്മാകം
സ്തോമഃ — സ്തോതൄണാമസ്മാകം സ്തോത്രം
ഹേ ഇന്ദ്ര, ത്വാ ആ യച്ഛതു — ത്വാം അസ്മാസു നിയച്ഛതു
(ത്വമപി) ഹരീ അർവ്വാക്
ആ വർത്തയ — ത്വദീയാവശ്വൌ അസ്മദഭിമുഖം യഥാഭവതിതഥാപരിവർത്തനം കുരു

അർത്ഥം—സ്തോതാക്കളായ ഞങ്ങളുടെ സ്തോത്രം അവിടുത്തെ ഞങ്ങളിലേയ്ക്കു നയിക്കട്ടെ. അവിടുന്നും സ്വന്തം കുതിരകളെ ഞങ്ങൾക്കുനേരെയാകത്തക്കവിധം തിരിച്ചാലും.

16 പുരോളാശംചനോഘസോജോഷയാസേഗിരശ്ചനഃ
വധൂയുരിവയോഷണാം
വ. 29

അന്വയം:—

(ഹേ ഇന്ദ്ര, ത്വം) നഃ
പുരോളാശം ച — അസ്മദീയം പുരോഡാശരൂപം ഹവിഃ
ഘസഃ — അദ്ധി
(തഥാ) നഃ ഗിരഃ ച — അസ്മദീയാസ്തുതിരൂപാവാചശ്ച
വധൂയുഃ—ഇവ യോഷണാം — സ്ത്രീകാമഃ, യഥാസ്ത്രീണാംഗിരഃ സേവതേ തദ്വൽ
ജോഷയാസേ — സേവസ്വ

അർത്ഥം—അല്ലയോ ഇന്ദ്ര, ഞങ്ങളുടെ പുരോഡാശരൂപമായ ഹവിസ്സ് ഭക്ഷിച്ചാലും. പിന്നെ കാമുകൻ കാമുകിയുടെ വാക്കുകളെയെന്നപോലെ ഞങ്ങളുടെ സ്തുതിവചനങ്ങളെ സ്വീകരിച്ചാലും.

17 സഹസ്രം വ്യതീനാം യുക്താനാമിന്ദ്രമീമഹേ
ശതം സോമസ്യഖാര്യഃ

*49

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

(വയം സ്തോതാരഃ) ഇന്ദ്രം — പരമൈശ്വര്യയുക്തം
യുക്താനാം വ്യതീനാം — ശിക്ഷിതാനാം ഗമനവതാ മശ്വാനാം
സഹസ്രം ഈമഹേ — സഹസ്രസംഖ്യാകം യാചാമഹേ
സോമസ്യ ശതം ഖാര്യഃ — ശതസംഖ്യാകാഃ സോമസ്യ ഖാരീഃ, ദ്രോണകലശാൻ ഈമഹേ, ബഹ്വൻയജ്ഞാൻ യാചാമഹേ

അർത്ഥം—സ്തോതാക്കളായ ഞങ്ങൾ പരമേശ്വരനായ ഇന്ദ്രനോട് പാട്ടപഠിപ്പിക്കപ്പെട്ട ആയിരം കുതിരകളെ യാചിക്കുന്നു. അതുപോലെ നൂറ് ദ്രോണകലശങ്ങളെ (നൂറ് ദ്രോണകലശങ്ങളുടെ ഉപയോഗത്തോടുകൂടിയ യജ്ഞങ്ങളെ) യാചിക്കുന്നു.

18 സഹസ്രാതേശതാവയം ഗവാമാച്യാവയാമസി
അസ്മത്രാരാധഏത്തുതേ

അന്വയം:—

(ഹേ ഇന്ദ്ര,) തേ ഗവാം
സഹസ്രാ — ത്വദീയാനി ഗവാം സഹസ്രസംഖ്യാകാനി
ശതാ — ഗവാം ശതസംഖ്യാകാനി ച
വയം ആ ച്യവയാമസി — ആച്യാവയാമഃ, അസ്മദഭിമുഖം കുർമ്മഃ
അസ്മ—ത്രാ — അസ്മാസു ത്വദീയം
രാധഃ തേ ഏത്തു — ധനം ത്വത്തഃ ആഗച്ഛതു

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുത്തേയ്ക്കു ചേർന്ന ആയിരവും നൂറും പശുക്കളെ ഞങ്ങൾ അഭിമുഖമാക്കി ചെയ്യുന്നു. അവിടുന്നിൽ നിന്നു് ധനം ഞങ്ങളിൽ വന്നു ചേരട്ടെ.

19 ദശതേകലശാനാംഹിരണ്യാനാമധീമഹി
ഭൂരിദാഅസിവൃത്രഹൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

(ഹേ ഇന്ദ്ര,) തേ — ത്വത്തഃ
കലശാനാം — കുംഭാനാം, കുംഭപരിമിതാനാം
ഹിരണ്യാനാം — ഹിതരമണീയാനാം ധനാനാം
ദശ അധീമഹി — ദശസംഖ്യാകാനാം ധാരയാമഃ
ഹേ വൃത്ര-ഹൻ, — ശത്രുഹിംസകേന്ദ്ര, ത്വം
ഭൂരി-ദാഃ അസി — ബഹുപ്രദോ ഭവസി

അർത്ഥം:—അല്ലയോ ഇന്ദ്ര, അവിടുന്നിൽ നിന്നു് സ്വർണ്ണം നിറച്ച പത്തു കുടങ്ങൾ ഞങ്ങൾ ധരിക്കുമാറാകട്ടെ. അല്ലയോ വൃത്രഹന്താവേ, അവിടുന്നു് ധാരാളം കൊടുക്കുന്നവനാണല്ലൊ.

20 ഭൂരിദാഭൂരിദേഹിനോമാദഭ്രംഭൂര്യാഭര

ഭൂരിഘേദിന്ദ്രദിത്സസി

അന്വയം:—

ഹേ ഇന്ദ്ര, ഭൂരി-ദാഃ — ബഹുപ്രദസ്ത്വം
ഭൂരി നഃ ദേഹി — ബഹുധനമസ്മഭ്യം പ്രയച്ഛ
(കിംതു) ദഭ്രം മാ — അല്പം ധനം മാ പ്രയച്ഛ
ഭൂരി ആ ഭര — ബഹുലം ധനമസ്മഭ്യമാഹര
(കിംച) ഭൂരി ഇൽ — അദഭ്രമേവധനം
ദിത്സസി ഘ — അസ്മഭ്യം ദാതുമിച്ഛസിഖലു

അർത്ഥം—അല്ലയോ ഇന്ദ്ര, ധാരാളം കൊടുക്കുന്ന അവിടുന്നു് ഞങ്ങൾക്കു് ധാരാളം ധനം തന്നരുളിയാലും. കുറച്ചായി തരരുതു്. ധാരാളം കൊണ്ടുതന്നരുളിയാലും. അവിടുന്നു് അനല്പമായ ധനമാണല്ലൊ കൊടുക്കാനിച്ഛിക്കുന്നതു്.

21 ഭൂരിദാഹ്യസിശ്രുതഃപുരുത്രാശൂരവൃത്രഹൻ

ആനോഭജസ്വരാധസി

അന്വയം:—

ഹേ വൃത്ര-ഹൻ, ശൂര — വൃത്രസ്യഹന്തഃ വിക്രാന്ത
ഭൂരി-ദാഃ — ബഹുപ്രദസ്ത്വം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുരു–ത്രാ — പുരുഷു, ബഹുഷു യജമാനേഷു
ശ്രുതഃ അസി ഹി — വിഖ്യാതോഭവസി ഖലു
രാധസി നഃ ആ ഭജസ്വ — ധനേ അസ്മാൻ ആസമന്താൽ ഭാഗിനഃ കുരു

അർത്ഥം:– അല്ലയോ വൃത്രഹന്താവേ, വിക്രമശീല, ധാരാളം കൊടുക്കുന്ന അവിടുന്ന് കണക്കററ യജമാനന്മാരുടെ ഇടയിൽ പ്രസിദ്ധനാകുന്നു. ധനത്തിൽ ഞങ്ങളെ ഭാഗഭാക്കുകൾ (അനുഭവിക്കുന്നവർ) ആക്കിയാലും.

22 പ്രതേബഭ്രൂവിചക്ഷണശംസാമിഗോഷണോനപാൽ

മാഭ്യാംഗാഅനുശിശ്രഥഃ

അന്വയം:–

ഹേ വി–ചക്ഷണ, — പ്രാജ്ഞേന്ദ്ര,
തേ ബഭ്രൂ പ്ര ശംസാമി — ബഭ്രുവർണ്ണാശ്വൌ പ്രകർഷേണ സ്തൌമി
ഹേ ഗോ–സനഃ, — ഗവാം സനിതഃ, ദാതഃ,
ഹേ നപാൽ, — നപാതയിതഃ, സ്തോതൃണാമവിനാശയിതഃ, പാലയിതഃ,
ആഭ്യാം ഗാഃ അനു — താഭ്യാമശ്വാഭ്യാം അസ്മദീയാ ഗാലക്ഷീകൃത്യ
മാ ശിശ്രഥഃ — വിനഷ്ടാമാകാർഷീഃ
(ഗാവോശ്വദർശനാൽ വിശ്ലിഷ്യന്തേ, തന്മാഭൂൽ)

അർത്ഥം–അല്ലയോ പ്രാജ്ഞനായ ഇന്ദ്ര, അവിടുത്തെ കാവി നിറത്തിലുള്ള കുതിരകളെ ഞങ്ങൾ നന്നായി സ്തുതിക്കുന്നു. അല്ലയോ ഗോദാതാവേ, സ്തോതാക്കളെ ഒരിക്കലും വീഴ്ത്താതെ, നാശമേല്പിക്കാതെ പാലിക്കുന്ന ഇന്ദ്ര, ആ കുതിരകൾ ഞങ്ങളുടെ പശുക്കൾക്കു നേരെ വന്ന്, അവയെ അങ്ങുമിങ്ങുമോട്ടി നഷ്ടപ്പെടുത്തരുതേ. (കുതിരകളെക്കണ്ടാൽ പശുക്കൾ വിറളിയെടുക്കുന്നു. അപ്രകാരം വരുത്തരുതേ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

23 കനീനകേവവിദ്രധേനവേദ്രുപദേഅർഭകേ

ബ്രഭ്രൂയാമേഷുശോഭേതേ

അന്വയം:–

വിദ്രധേ	— വിദൃഢേ വൃഢേ
നവേ അർഭകേ ദ്രു–പദേ	— നവജാതേ അല്പകേ, ദ്രുമാഖ്യ സ്ഥാനേ സ്ഥിതേ
കനീകകാ–ഇവ	— ശാലഭഞ്ജികേ ഇവ
ബഭ്രൂ	— ബഭ്രുവർണ്ണൌ തദീയാവശ്വൌ
യാമേഷു ശോഭേതേ	— യജ്ഞേഷു കാന്തിയുക്തൌ ഭവതഃ

അർത്ഥം-വേരുറച്ച (പാരിജാത) വൃക്ഷത്തിൻെറ സ്ഥാനത്തു് നില്ക്കുന്നവയും പുതുതായി പിറന്നു് ചെറുപ്പമുററവയുമായ രണ്ടു് കന്യകകളുടെ കൊത്തുപ്രതിമകറംപോലെ, അവിടുത്തെ കാവിനിറമിയന്ന കുതിരകറം യജ്ഞങ്ങളിൽ ശോഭിക്കുന്നു.

24 അരംമ ഉസ്രയാമ്ണേ രമനസ്രയാമ്ണേ

ബഭ്രൂയാമേഷ്വസ്രിധാ വ 30

അന്വയം:–

(ഹേ ഇന്ദ്ര,) അസ്രിധാ	— അസ്രിധൌ, അഹിംസകൌ
ബഭ്രൂ	— ബഭ്രുവർണ്ണൌതദീയാവശ്വൌ
യാമേഷു	— ഗമനേഷു, യജ്ഞേഷുപ്രാപ്തേഷു സൽസു
ഉസ്ര–യാമ്നേ	— ഉസ്രാഭ്യാം, അനഡുദ്ഭ്യാം യുക്തേന രഥേന യാതീത്യുസ്ര യാമാ തസ്മൈ
മേ അരം	— മഹ്യം അലം, പര്യാപ്തകാരിണൌഭവേതാം
അനസ്ര–യാമ്നേ	— പദ്ഭ്യാമേവഗച്ഛതേമഹ്യം
അരം	— പര്യാപ്തകാരിണൌഭവതാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം—അല്ലയോ ഇന്ദ്ര, ഉപദ്രവിക്കാത്ത അവിടുത്തെ കാവിനിറമുററ കുതിരകരം, യാത്രകളിൽ (യജ്ഞങ്ങളിൽ) കാളപ്പൂട്ടിയ തേരിൽ പോകുന്ന എനിക്കു് ധാരാളം പര്യാപ്തമാവട്ടെ. കാലാൽ തന്നെ പോകുന്ന എനിക്കു് ധാരാളം മതിയാവട്ടെ. (അതായതു് കാളത്തേരിൽ പോകുമ്പോഴും നടന്നുപോകുമ്പോഴും എന്റെ കൂടെവരട്ടെ.)

(ആറാമധ്യായം സമാപ്തം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായപീഠിക

അഷ്ടകം–3 അധ്യായം–7

1–മുതൽ 10 കൂടി വർഗ്ഗങ്ങളിൽ ഋഭുക്കൾ ദേവത. 11 മുതൽ 14 കൂടി ദ്യാവാപൃഥിവികളും ദധിക്രാവും ദേവത. ദധിക്രാവെന്നാൽ അശ്വരൂപനായ അഗ്നിയാണ്. 14–ാം വർഗ്ഗത്തിൽ 5–ാം മന്ത്രം സൌരമന്ത്രങ്ങളിൽ പെട്ടതും സർവ്വവ്യാപിയായ പരമാത്മാവിനെ ആദിത്യരൂപനായി വർണ്ണിക്കുന്നതുമാണ്. 15–16 ഇന്ദ്രവരുണന്മാർ ദേവത. 17–18 ത്രസദസ്യു എന്ന രാജർഷി സ്വയം പരമാത്മാവായി ഭാവിച്ച് സർവ്വേശ്വരത്വം പ്രതിപാദിക്കുന്നു. ഇതിൽ ആത്മാവാണ് ദേവത. ഒടുവിൽ ഇന്ദ്രവരുണന്മാരും. 19 മുതൽ 21 കൂടി അശ്വികൾ ദേവത. 22 മുതൽ 24 കൂടി ഇന്ദ്രവായുക്കൾ. 25 മുതൽ 27 കൂടി ഇന്ദ്രബൃഹസ്പതികൾ.

അഷ്ടകം–3 അധ്യായം 7 വർഗ്ഗം 1–2 വാമദേവഃ ഋഷിഃ ത്രിഷ്ടുപ്ഛന്ദഃ ഋഭവോദേവതാ

1 പ്രഋഭുഭ്യോദൂതമിവവാചമിഷ്യ
ഉപസ്തിരേശ്വൈതരീം ധേനുമീളേ
യേവാതജൂതാസ്തരണിഭിരേവൈഃ
പരിദ്യാംസദ്യോ അപസോബഭൂവുഃ

അന്വയം:–

(അഹം യജമാനഃ) ഋഭു–ഭ്യഃ — ഉരുഭാസമാനേഭ്യഃ ഏതന്നാമകേഭ്യോദേവേഭ്യഃ

ദൂതം–ഇവ വാചം

പ്ര ഇഷ്യേ — യഥാദൂതം സ്തുതിവാചം ദേവേഭ്യഃ സ്വകാര്യം പ്രതി പ്രേഷയന്തിതദ്വൽ പ്രേരയാമി

(കിംച) ഉപ–സ്തിരേ — സോമോപസ്തരണായ

ശ്വൈതരീം ധേനും ഈളേ — പയോയുക്താം ഗാം യാചാമി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യേ വാത-ജൂതാഃ — വാതസമാനഗതയഃ
അപസഃ — ജഗദുപകാരി കമ്മണസ്സന്തഃ
തരണി-ഭിഃ ഏവൈഃ — താരകൈർഗ്ഗമനശീലൈരശ്വൈഃ
ദ്യാം സദ്യഃ പരി ബഭൂവുഃ — അന്തരിക്ഷം തദാനീമേവപരി
ഭവന്തി, സർവ്വതോവ്യാപ്നുവന്തി
(കേചന ഋഭവഃ സൂര്യരശ്മയഇത്യാചക്ഷതേ)

അർത്ഥം-യജമാനനായ ഞാൻ ഭാസമാനന്മാരായ ഋഭുക്കൾ എന്ന ദേവന്മാർക്ക്, ഒരു കാര്യത്തിന്നുവേണ്ടി ദൂതനെ അയയ്ക്കുന്നപോലെ സ്തുതിവചനത്തെ എത്തിക്കുന്നു. സോമത്തിൽ ഉപസ്തരിക്കാനായി പാൽ കറവുള്ള പശുവിനെ ഞാൻ യാചിക്കുന്നു. എത്തേണ്ടിടത്ത് എത്തിക്കുന്ന ഗമനശീലങ്ങളായ കുതിരകളോടുകൂടി, വായുവേഗമുററവരും ലോകോപകാരകർമ്മാക്കളുമായ അവർ അന്തരിക്ഷത്തിൽ പെട്ടെന്ന് എങ്ങും വ്യാപിക്കുന്നു. (ഋഭുക്കൾ എന്നാൽ സൂര്യരശ്മികൾ എന്ന് ചിലർ പറയുന്നു. അന്തരിക്ഷവ്യാപനം സൂര്യരശ്മികൾക്കുമുണ്ടല്ലോ.)

2 യദാരമക്രന്നൃഭവഃപിതൃഭ്യാം
പരിവിഷ്ടീവേഷണാദംസനാഭിഃ
ആദിദ്ദേവാനാമുപസഖ്യമായ
ന്ധീരാസഃപുഷ്ടിമവഹന്മനായൈ

അന്വയം:-

യദാ ഋഭവഃ — യസ്മിൻകാലേ തേ
പിതൃ-ഭ്യാം പരി-വിഷ്ടീ — മാതാപിതൃഭ്യാം പരിവേഷണേന, പരിചര്യയാ
വേഷണാ — വേഷണേന വ്യാപ്ത്യാ
ദംസനാഭിഃ — സ്വകർമ്മസാമർത്ഥ്യേശ്ച
അരം അക്രൻ — അത്യർത്ഥം കൃതവന്തഃ
ആൽ ഇൽ ദേവാനാം — അനന്തരമേവ ഇന്ദ്രാദീനാം
സഖ്യം ഉപ ആയൻ — സഖിത്വം, ദേവത്വം ഉപാഗമൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(കിംച) ധീരാസഃ — ധീരാഃ, ബുദ്ധിമന്തഃ തേഷാം ഗവാദിവിഷയാം

പുഷ്ടിം മനായൈ — പോഷം പ്രകൃഷ്ടമനസ്കത്വായ

അവഹൻ — വഹന്തി, ധാരയന്തി

അൎത്ഥം–എപ്പോഴാ ഋഭുക്കൾ മാതാപിതാക്കൾക്ക് പരിചര്യയാലും തങ്ങളുടെ വ്യാപ്തികൊണ്ടും സ്വകൎമ്മസാമൎത്ഥ്യങ്ങളാലും ഏററവും പ്രവൎത്തിച്ചുവോ, അതിനുശേഷം മാത്രമാണ് ഇന്ദ്രാദിദേവന്മാരുടെ ചങ്ങാതത്തെ, ദേവത്വത്തെ പ്രാപിച്ചത്. ബുദ്ധിമാന്മാരായ അവർ അവരുടെ പശു മുതലായ ധനങ്ങളുടെ പുഷ്ടിയെ ഉൽകൃഷ്ടചിത്തതയ്ക്കുവേണ്ടിയാണ് (പാപം തീണ്ടാത്ത മനോവൃത്തിക്കുവേണ്ടിയാണ്) വഹിക്കുന്നത്, ധരിക്കുന്നത്. (ധനപുഷ്ടിയെ സുഖത്തിനുവേണ്ടിയല്ല, ആത്മോന്നതിയ്ക്കുവേണ്ടിയാണ് പാലിക്കുന്നത്).

3 പുനൎയ്യേ ചക്രുഃ പിതരാ യുവാനാ

സനാ യൂപേവ ജരണാ ശയാനാ

തേ വാജോ വിഭ്വാ ഋഭുരിന്ദ്രവന്തോ

മധുപ്സരസോ നോ വന്തു യജ്ഞം

അന്വയം:–

യേ പിതരാ — മാതാപിതരൌ

യൂപാ–ഇവ ജരണാ ശയാനാ — ഛിന്നസ്ഥാണൂ ഇവ ജീൎണ്ണൌ ശയാനൌ

പുനഃ സനാ യുവാനാ ചക്രുഃ — സദായുവാനൌ അകുൎവ്വൻ

തേ വാജഃ വി–ഭ്വാ ഋഭുഃ — ഏതന്നാമകാസ്ത്രയഃ സുധന്വനഃ പുത്രാഃ

ഇന്ദ്ര–വന്തഃ — അനുഗ്രാഹകേണേന്ദ്രേണ തദ്വന്തഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മധു-ഫ്സരസഃ — മധുരസ്യ സോമരസസ്യ ഭക്ഷയിതാരഃ

നഃ യജ്ഞം അവന്തു — അസ്മദീയം യാഗം രക്ഷന്തു

അർത്ഥം—ഏവർ മരക്കുററിപോലെ വീണ ജീർണ്ണിച്ചു കിടപ്പായ മാതാപിതാക്കളെ വീണ്ടും നിത്യയുവാക്കളാക്കിയോ, ആ വാജനും വിഭ്വാവും ഋഭുവും, അങ്ഗിരസനായ സുധന്വാവിൻെറ മക്കൾ, അനുഗ്രഹശീലനായ ഇന്ദ്രനൊത്തവരായി, (ഇന്ദ്രൻെറ സഹകാരികളായി) മധുരമായ സോമരസം കുടിക്കുന്നവരായി, നമ്മുടെ യജ്ഞത്തെ രക്ഷിക്കട്ടെ.

4 യൽസംവഥ്സമ്ഭവോഗാമരക്ഷൻ
യൽസംവഥ്സമ്ഭവോമാഅപിംശൻ
യൽസംവഥ്സമഭരൻഭാസോഅസ്യാ
സ്താഭിശ്ശമീഭിരമൃതത്വമാശുഃ

അന്വയം:—

സം-വഥ്സം — സംവസന്തി ഭൂതാന്യസ്മിന്നിതി സംവഥ്സഃ സംവത്സരഃ, സംവത്സരപര്യന്തം

ഋഭവഃ (മൃതാം) ഗാം

അരക്ഷൻ (ഇതി) യൽ, — അപാലയൻ ഇതിയൽ, ഇതിയദേതൽ കർമ്മാസ്തി

(തഥാ) സം-വഥ്സം

ഋഭവഃ മാഃ — തസ്യാ ഏവമാംസം

അപിംശൻ (ഇതി) യൽ — അവയവാനകുർവ്വൻ ഇതി യദേതൽ കർമ്മാസ്തി

(കിംച) സം-വഥ്സം

അസ്യാഃ ഭാസഃ അഭരൻ — ദീപ്തിഃ, അവയവശോഭാഃ അകുർവ്വൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(ഇതി) യൽ, താഭിഃ
ശമീഭിഃ — മൃതായാഃ ഗോഃ നവീകരണ വിഷയൈഃ കർമ്മഭിഃ
അമൃത-ത്വം ആശുഃ — ദേവത്വം പ്രാപ്താഃ

അർത്ഥം- ഒരു കൊല്ലമായി ചത്ത പശുവിനെ ഋഭുക്കൾ രക്ഷിച്ചു എന്നതും ഒരുകൊല്ലം പഴക്കം ചെന്ന മാംസം അവയവങ്ങളോടുകൂടി നിർത്തി എന്നതും ഒരു കൊല്ലമായി ചത്ത അതിന്നു് അവയവ ശോഭകൾ നിലനിർത്തി എന്നതുമായി ചത്ത പശുവിനെ പുനർജ്ജീവിപ്പിച്ച കർമ്മങ്ങളാൽ ഋഭുക്കൾ അമൃതത്വം, ദേവത്വം നേടി.

5 ജ്യേഷ്ഠആഹചമസാദ്വാകരേതി
കനീയാന്ത്രീൻകൃണവാമേത്യാഹ
കനിഷ്ഠആഹചതുരസ്കരേതി
ത്വഷ്ടഋഭവസ്തത്പനയദ്വചോവഃ
വ. 1

അന്വയം:-('ഏകം ചമസം ചതുരഃ കൃണോതന' (2-3-4) ഇതിയദാദേവദൂതോഗ്നിഃ ഋഭൂനാഹ, തദാദേവേഷു മദ്ധ്യേ ദേവത്വ പ്രാപ്ത്യുൽകഃ ഏകഃ)
ജ്യേഷ്ഠഃ ആഹ — ഋഭുരിതരൌ ആഹ
'ചമസാ ദ്വാ കര' ഇതി — ഏകമേവ ചമസംദ്വൌ കൃണവാമേതി
കനീയാൻ — തദനന്തരഃ, വിഭ്വാ
'ത്രീൻ കൃണവാമ' ഇതി
ആഹ — ത്രീൻ കരവാമ ഇത്യുക്തവാൻ
കനിഷ്ഠഃ (വാജഃ) 'ചതുരഃ
കര' ഇതി ആഹ — ചതുർദ്ധാ കരവാമ ഇത്യുക്തവാൻ
ഹേ ഋഭവഃ, തൽ ത്വഷ്ടാ — യുഷ്മൽ ഗുരുഃ
വഃ വചഃ പനയൽ — അസ്തൌൽ, അങ്ഗീചകാര

അർത്ഥം-'ഒരു ചമസത്തെ നാലാക്കുക' എന്നു് ദേവദൂതനായ അഗ്നി ഋഭുക്കളോടു പറഞ്ഞപ്പോൾ അവരിൽ ദേവത്വപ്രാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്പി ആശിച്ച ജ്യേഷ്ഠൻ, ഋഭു മററിരുവരോടു പറഞ്ഞു: 'ഒരു ചമസത്തെ ഞാൻ രണ്ടാക്കുന്നു' എന്നു്. അപ്പോൾ എളിയവൻ, വിഭ്വാവ് 'ഞാൻ മൂന്നാക്കുന്നു' എന്നു പറഞ്ഞു. മൂന്നാമൻ, വാജൻ 'ഞാൻ നാലാക്കുന്നു' എന്നു് പറഞ്ഞു. അല്ലയോ ഋഭുക്കളേ, ആ വചനത്തെ നിങ്ങളുടെ ഗുരുവായ ത്വഷ്ടാവ് അഭിനന്ദിച്ചു, അങ്ഗീകരിച്ചു. (ചമസമെന്നതു് യജ്ഞത്തിന്നു് ഉപലക്ഷണമായി വിചാരിക്കാം. യജ്ഞത്തെ നാലാക്കുക എന്നുവെച്ചാൽ ധർമ്മാർത്ഥകാമമോക്ഷങ്ങളാകുന്ന നാലു പുരുഷാർത്ഥങ്ങൾക്കും ഉപയുക്തമാക്കുക എന്നർത്ഥമെടുക്കാം.)

6 സത്യമൂചുർനരഏവാഹിചക്രു
രനുസ്വധാമൃഭവോജഗ്മുരേതാം
വിഭ്രാജമാനാശ്ചമസാँഅഹേവാ
വേനത്ത്വഷ്ടാചതുരോദദൃശ്വാൻ

അന്വയം:-

നരഃ സത്യം ഊചുഃ — മനുഷ്യരൂപാ ഋഭവഃ സത്യമേവാബ്രുവൻ
ഹി ഏവ ചക്രുഃ — യസ്മാദേതേ ഏവം ചതുരഃ അകുർവ്വൻ
(യഥോക്തം തഥൈവ കൃതത്വാൽ)
അനു — ചതുർദ്ധാകരണാനന്തരം
ഏതാം സ്വധാം — തൃതീയ സവനഗതം സോമാഖ്യമമൃതം
ഋഭവഃ ജഗ്മുഃ — പ്രാപുഃ (''സാകം ദേവൈര്യജ്ഞിയാസോ ഭവിഷ്യഥ'' (2-8-4) ഇതിശ്രുതത്വാൽ)
(അഥ) ത്വഷ്ടാ
അഹാ-ഇവ — അഹാനീവ
വി-ഭ്രാജമാനാൻ
ചമസാൻ — ദീപ്യമാനാൻ ചമസാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചതുരഃ മട്ടശ്വാൻ — ദൃഷ്ടവാൻ സൻ
അവേനൽ — ഋഭുൻ അകാമയിത
അങ്ഗീചകാര

അത്ഥം-മനുഷ്യപുത്രരായ ഋഭുക്കരം സത്യംതന്നെയാണ് പറഞ്ഞതു്. അവർ ചമസത്തെ നാലാക്കിയതിന്നുശേഷം മൂന്നാം സവനത്തിലെ സോമമെന്ന അമൃതത്തെ പ്രാപിച്ചു. ('നിങ്ങരം ദേവന്മാരോടൊപ്പം യജനാർഹരായി ഭവിക്കുന്നു' എന്ന വചനപ്രകാരം) പിന്നെ, ത്വഷ്ടാവു് പകലുകരംപോലെ തെളിഞ്ഞ ചമസങ്ങളെ നാലായികണ്ടിട്ടു്, ഋഭുക്കളെ ഇഷ്ടപ്പെട്ടു, അങ്ഗീകരിച്ചു.

7 ദ്വാദശദ്യൂൻയദഗോഹ്യസ്യാ
തിത്ഥ്യേരണന്നൃഭവസ്സസന്തഃ
സുക്ഷേത്രാകൃണ്വന്നനയന്തസിന്ധൂ
ന്ധന്വാതിഷ്ഠന്നോഷധീന്നിമ്നമാപഃ

അന്വയം:-
(സൂര്യരശ്മയ ഏവ ഋഭവഃ ഇത്യുക്തത്വാൽ തദ്രൂപേണാത്ര സ്തൂയന്തേ)
യൽ ദ്വാദശ ദ്യൂൻ — യദാ ദ്വാദശദിവസാൻ, ആർദ്രാദിദ്വാദശവൃഷ്ടിനക്ഷത്രാണി
അഗോഹ്യസ്യ — അഗോപ്യസ്യാദിത്യസ്യഗൃഹേ
ആതിത്ഥ്യേ — അതിത്ഥ്യുചിതേ സൽകാരരൂപേകമ്മണി, തദത്ഥം
സസന്തഃ ഋഭവഃ രണൻ — സ്വപന്തഃ, സുഖേനനിവസന്തഃ രമന്തേ
(തദാനീം) സു—ക്ഷേത്രാ
അകൃണ്വൻ — അകൃഷ്ടാനി, ശൂന്യാനി, ക്ഷേത്രാണി, വൃഷ്ട്യാ സസ്യാദി സമൃദ്ധാന്യകുവ്വൻ
സിന്ധൂൻ അനയന്ത — പ്രൈരയൻ
(തസ്മിൻകാലേ) ഓഷധീഃ — ഓഷധയഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധന്വ ആ അതിഷ്ഠൻ — നിരുദകം സ്ഥാനമാശ്രിത്യ തിഷ്ഠന്തി
നിമ്നം ആപഃ — അതിഷ്ഠൻ

അർത്ഥം–(ഋഭുക്കൾ സൂര്യരശ്മികളാണെന്ന അഭിപ്രായപ്രകാരം ആ രൂപത്തിലാണിവിടെ സ്തുതിക്കപ്പെടുന്നതു്.) എപ്പോൾ തിരുവാതിരമുതൽക്കുള്ള പന്ത്രണ്ടു് മഴനാളുകളിൽ, മറയ്ക്കപ്പെടാൻ കഴിയാത്ത ആദിത്യന്റെ ഗൃഹത്തിൽ (സൂര്യമണ്ഡലത്തിൽ) അതിഥി സൽകാരത്തോടുകൂടി നിദ്രാലസന്മാരായി സുഖമായി വസിക്കുന്നവരായി ഋഭുക്കൾ രമിക്കുന്നുവോ, അപ്പോഴാണു് കൃഷി ചെയ്യാത്ത ശൂന്യങ്ങളായ വയലുകളെ സസ്യാദി സമൃദ്ധങ്ങളാക്കി മാററുന്നതു്. അക്കാലത്തു് സസ്യാദികൾ വെള്ളമില്ലാത്തിടങ്ങളെ ആശ്രയിച്ചു നില്ക്കുന്നു. താഴത്തു വെള്ളങ്ങളും നില്ക്കുന്നു. (മഴനാളുകൾ എന്നു പറയുന്നതു് തിരുവാതിര മുതൽക്കു് അനിഴം വരേയുള്ള ഞാററുവേലകളെയാണു്. പടിഞ്ഞാറനും കിഴക്കനും മഴകൾ തുടങ്ങി അവസാനിച്ചു് ഒഴിയുന്നതു് ആ കാലങ്ങളിലാണല്ലൊ. അതിഥികൾ മേഘങ്ങൾ, അവരെ സൽക്കരിക്കൽ, കൊണ്ടോടി വേണ്ടിടത്തു് വേണ്ടപോലെ മഴ പെയ്യാൻ പ്രേരിപ്പിക്കൽ. വർഷകാലങ്ങളിൽ സൂര്യരശ്മികൾക്കു് ഉറക്കംകൊണ്ടു് അലസന്മാരാവാൻ, സുഖമായിരിക്കാൻ സൌകര്യമുണ്ടു്. വെള്ളം വലിച്ചെടുത്തു് കൊണ്ടുപോകേണ്ട ഭാരമില്ല. ഇവിടെ ഋഭുക്കളെ സൂര്യരശ്മികളല്ലാതെയും വ്യവഹരിക്കാം.)

8 രഥംയേചക്രുസ്സുവൃതംനരേഷ്ഠാം
യേധേനുംവിശ്വജുവംവിശ്വരൂപാം
തആതക്ഷന്ത്വൃഭവോരയിന്ന
സ്വവസസ്സ്വപസസ്സുഹസ്താഃ

അന്വയം:–

യേ സു–വൃതം — സുഷ്ഠുവർത്തമാനം
നരേ–സ്ഥാം രഥം ചക്രുഃ — നേതരി ചക്രേ വർത്തമാനം നിർമ്മിതവന്തഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

യേ (പ്ര) വിശ്വ-ജ്ജുവം	—	വിശ്വസ്യ പ്രേരയിത്രീം
വിശ്വ-രൂപാം ധേനും	—	ബഹുരൂപാം ഏതന്നാമികാം ഗാം ചക്രുഃ
തേ സു-അപസഃ	—	ശോഭനകർമ്മാണഃ
സു-അവസഃ	—	ശോഭനാന്നാഃ ശോഭനരക്ഷണാഃ,
സു-ഹസ്താഃ ഋഭവഃ	—	ശോഭനഹസ്താസ്തേ
നഃ രയിം ആ തക്ഷന്തു	—	അസ്മാകം ധനം സർവ്വതോ നിഷ്പാദയന്തു

അർത്ഥം—ഏവർ നന്നായി പ്രവർത്തിക്കുന്നതും ചക്രം ആണി വട്ടിൽ ഉറച്ചു നില്ക്കുന്നതുമായ തേരുണ്ടാക്കിയോ, ഏവർ എല്ലാവരെയും ആകർഷിക്കുന്ന വിശ്വരൂപ എന്ന നാനാരൂപയായ പശുവിനെ ഉണ്ടാക്കിയോ, നല്ല കർമ്മങ്ങളോടും നല്ല അന്നങ്ങളോടും (രക്ഷണങ്ങളോടും) കൂടിയവരും നല്ല (ദാനശീലങ്ങളായ) കൈകളോടുകൂടിയവരുമായ ആ ഋഭുക്കൾ നമ്മൾക്ക് ധനമെമ്പാടുമുണ്ടാക്കട്ടെ.

9 അപോഹ്യേഷാമജുഷന്തദേവാ
അഭിക്രത്വാമനസാദീധ്യാനാഃ
വാജോദേവാനാമഭവൽസുകർമ്മേ
ന്ദ്രസ്യഋഭുക്ഷാവരുണസ്യവിഭ്വാ

അന്വയം:—

ഏഷാം അപഃ	—	ഋഭൂണാം അശ്വരഥ നിർമ്മാണാദി രൂപം കർമ്മ
ദേവാഃ അജുഷന്ത	—	ഇന്ദ്രാദയഃ അസേവന്ത, സ്വീകൃതവന്തഃ
അഭി ക്രത്വാ	—	ആഭിമുഖ്യേന വരപ്രദാന രൂപേണ കർമ്മണാ
മനസാ ദീധ്യാനാഃ ഹി	—	അനുഗ്രഹയുക്തേന ചിത്തേന ദീപ്യമാനാഃ ഏവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

(തേഷാം മധ്യേ ദേവാനാ
മനുഗ്രഹേണ) സു–കമ്മാ
വാജഃ — ശോഭനവ്യാപാരഃ കനീയാൻ
ദേവാനാം അഭവൽ — ദേവസംബന്ധീ ബഭൂവ
(തഥാ) ഋഭുക്ഷാഃ ഇന്ദ്രസ്യ — ഋഭുജ്യേഷ്ഠഃ ഇന്ദ്രസ്യ സംബന്ധീ അഭവൽ
(മധ്യമഃ) വി–ഭ്വാ
വരുണസ്യ — തൽസംബന്ധീ അഭവൽ

അർത്ഥം–ആ ഋഭുക്കളുടെ, കുതിര, തേർ ഇവയുടെ നിമ്മാണം മുതലായ കമ്മത്തെ ഇന്ദ്രാദിദേവന്മാർ കൊണ്ടാടി, കൈക്കൊണ്ടു. ദേവന്മാരുടെ നേരിട്ട വരദാനം മുതലായ കമ്മത്താലും അനുഗ്രാഹകമായ മനസ്സിനാലും ശോഭനന്മാർ തന്നെയായ അവരിൽ സൽകമ്മവാനായ അനുജൻ, വാജൻ ദേവന്മാക്ക് പൊതുവേ ചേൻവനായി ഭവിച്ചു. അതുപോലെ ഋഭു, ജ്യേഷ്ഠൻ ഇന്ദ്രനു ചേൻവനായി. മധ്യമനായ വിഭാവ് വരുണനു ചേൻവനായി,

10 യേഹരീമേധയോക്ഥാമദന്ത
ഇന്ദ്രായചക്രുസ്സുയുജായേഅശ്വാ
തേരായസ്പോഷംദ്രവിണാന്യസ്മേ
ധത്തഋഭവഃക്ഷേമയന്തോനമിത്രം

അന്വയം:–

യേ ഹരീ മേധയാ — അശ്വൌ പ്രജ്ഞയാ
ഉക്ഥാ മദന്തഃ ചക്രുഃ — സ്തുതിഭിഃ ഹർഷയന്തഃ കൃതവന്തഃ
യേ (തൌ) സു–യുജാ
അശ്വാ — സുയുജൌ, സുയോജനാവശ്വൌ
ഇന്ദ്രായ — ചക്രുഃ, അകുവ്വൻ
ഹേ ഋഭവഃ, തേ — യൂയം
രായഃ പോഷം,
ദ്രവിണാനി — ധനപുഷ്ടിം ഗവാദി സുഖാനിച

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്ഷേമ-യന്തഃ മിത്രം ന — ക്ഷേമമിച്ഛന്തഃ മിത്രമിവ (വചനവ്യത്യയഃ)
അസ്മേ ധത്ത — ധാരയത

അത്ഥം-ഏവർ സ്വപ്രജ്ഞകൊണ്ടു് ഹരികളെന്ന കുതിരകളെ സ്തുതികൾ കൊണ്ടു് സന്തോഷമുററവരാക്കിയോ, ഏവർ അവയെ നല്ലപോലെ തേരിൽ പൂട്ടുമാറാക്കിയോ, അല്ലയോ ഋഭുക്കളേ, ആ നിങ്ങൾ ധനപുഷ്ടിയും പശു മുതലായ ഗൃഹസുഖവും, ക്ഷേമകാംക്ഷിയായ സുഹൃത്തെന്നപോലെ, ഞങ്ങൾക്കുണ്ടാക്കിയാലും. (ഋഭുക്കൾ എന്നതുകൊണ്ടു മൂന്നുപേരേയും ഇവിടെ വിവക്ഷിക്കുന്നു).

11 ഇദാഹ്നഃ പീതിമുതവോമദംധു
ന്ന്ലൃതേശ്രാന്തസ്യസഖ്യായദേവാഃ
തേന്യനമസ്മേലൃഭവോ വസൂനി
തൃതീയേഅസ്മിന്ത്സവനേദധാത

വ 2

അന്വയം:—

ഹേ ഋഭവഃ, ഇദാ — ഇദാനീം, ചമസാദി നിർമ്മാണാനന്തരം
അഹ്നഃ — സുത്യാഹസംബന്ധിനഃ തൃതീയേ സവനേ
പീതിം ഉത മദം — സോമപാനം സവനേ അപിചതജ്ജന്യം ഹർഷം
വഃ ധുഃ — യുഷ്മാകം ദേവാഃ ദദുഃ
ശ്രാന്തസ്യ ഋതേ — ശ്രാന്താൽ തപോയുക്താദൃതേ
സഖ്യായ ദേവാഃ ന — സഖ്യത്വായദേവാഃ നഭവന്തി
തേ നൂനം — മഹാന്തോയൂയം നിശ്ചയം
അസ്മേ അസ്മിൻ തൃതീയേ സവനേ — അസ്മാസുതൃതീയേസവനേ
വസൂനി ദധാത — ധനാനി ധാരയത

അത്ഥം-അല്ലയോ ഋഭുക്കളേ, ഇപ്പോൾ, ചമസവിഭജനത്തിന്നുശേഷം, സവനത്തിൽ സോമപാനവും അതുകൊണ്ടുള്ള

*50

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹർഷവും നിങ്ങൾക്ക് ദേവന്മാർ തന്നു. തപസ്സുകൂടാതെ ദേവന്മാർ സഖ്യത്തിന്നുണ്ടാവില്ല. മഹാന്മാരായ നിങ്ങൾ നിശ്ചയമായും ഞങ്ങളിൽ ഈ മൂന്നാം സവത്തിൽ ധനങ്ങൾ ധരിച്ചാലും, തന്നരുളിയാലും.

വർഗ്ഗം 3–4

1 ഋഭുർവ്വിഭ്വാവാജഇന്ദ്രോനോ അച്ഛേ

മംയജ്ഞംരത്നധേയോപയാത

ഇദാഹിവോധിഷണാദേവ്യഹ്നാ

മധാൽപീതിംസംമദാ അഗ്മതാവഃ

അന്വയം:–

ഋഭുഃ വി-ഭ്വാ വാജഃ ഇന്ദ്രഃ — ഏതേദേവാഃ യൂയം
നഃ ഇമം യജ്ഞം അച്ഛ — അസ്മദ്യജ്ഞമഭിമുഖം
രത്ന–ധേയാ — അസ്മഭ്യം രത്നധാനായ
ഉപ യാത — ഉപാഗച്ഛത
ഇദാ ഹി വഃ ധിഷണാ — ഇദാനീം ഖലുയുഷ്മാകീവാക്
ദേവീ — പ്രജാപതേസ്സംബന്ധിനീ
അഹ്നാം പീതിം അധാൽ — സോമാഭിഷവ സംബന്ധി
സോമപാനം ധാരയതി
മദാഃ (ച) വഃ സം
അഗമ്ത — ഹർഷാശ്ച യുഷ്മാൻ സങ്ഗതാഃ

അർത്ഥം–ഋഭുവും വിഭ്വാവും വാജനും ഇന്ദ്രനുമായ നിങ്ങൾ ഞങ്ങളുടെ ഈ യജ്ഞത്തിന്നഭിമുഖമായി രത്നം–ഉത്തമധനം തരാനായി വന്നുചേർന്നാലും. ഇപ്പോഴാണല്ലൊ നിങ്ങളുടെ വാക്ക് പ്രജാപതിയെസ്സംബന്ധിച്ച സോമത്തിന്റെ പാനം ധരിക്കുന്നത്. അതുകൊണ്ടുള്ള ഹർഷങ്ങളും നിങ്ങൾക്ക വന്നു ചേർന്നിരിക്കുന്നു.

2 വിദാനാസോജന്മനോവാജരത്നാ

ഉതഋതുഭിരൃഭവോമാദയധ്വം

സംവോമദാഅഗ്മതസംപുരന്ധി

സ്സുവീരാമസ്മേരയിമേരയധ്വം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:–

ഹേ വാജ–രത്നാഃ, ഋഭവഃ, — സോമലക്ഷണേനാന്നേന രാജമാനാഃ യൂയം
ഉത ജന്മനഃ വിദാനാസഃ — ദേവലക്ഷണസ്യ ജന്മസ്യ, ദേവത്വ പ്രാപ്തിം ജാനന്തശ്ച (ഉതശബ്ദശ്ചാർത്ഥേ)
ഋതു–ഭിഃ സം മാദയധ്വം — ദേവൈസ്സഹ സമ്യക് ഹർഷയധ്വം
വഃ മദാഃ സം അഗ്മത — സോമപാന ജനിതാഹർഷാഃ സങ്ഗതാഃ
പുരം–ധിഃ — സ്തുതിരപി സം അഗ്മത
(തേ യൂയം) അസ്മേ
സു–വീരാം — ശോഭനൈപുത്രൈരുപേതാം
രയിം ആ ഈരയധ്വം — പ്രേരയത

ഇത്ഥം–സോമാന്നത്താൽ പ്രകാശിക്കുന്ന ഋഭുക്കളേ, നിങ്ങൾ ദേവത്വപ്രാപ്തിയുമറിയുന്നവരായി ദേവന്മാരോടുകൂടി നന്നായി ഹർഷിച്ചാലും. സോമപാനത്താലുണ്ടായ ഹർഷങ്ങൾ നിങ്ങൾക്ക വന്നുചേർന്നിരിക്കുന്നു. സ്തുതിയും നിങ്ങളോടു ചേർന്നിരിക്കുന്നു. ആ നിങ്ങൾ സൽപുത്രന്മാരോടുകൂടിയ ധനം ഞങ്ങൾക്ക മുററുമെത്തിച്ചാലും.

3 അയംവോയജ്ഞഋഭവോകാരി
യമാമനുഷ്വൽപ്രദിവോദധിധ്വേ
പ്രവോച്ഛാജുജുഷാണാസോഅസ്ഥു
രഭൂതവിശ്വേഅഗ്രിയോതവാജാഃ

അന്വയം:–

ഹേ ഋഭവഃ, വഃ — യുഷ്മദർത്ഥം
അയം യജ്ഞഃ അകാരി — അനുഷ്ഠിതഃ
യം മനുഷ്വൽ — യം യജ്ഞം മനുഷ്യവൽ
പ്ര–ദിവഃ ആ ദധിധ്വേ — പ്രകർഷേണ ദ്യോതമാനാസ്സന്തഃ, ജഠരേ ധാരയത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(തദർത്ഥം) വഃ അച്ഛ
ജുജുഷാണാസഃ — യുഷ്മാനാഭിമുഖ്യേന സേവമാനാ സ്സോമാഃ
പ്ര അസ്ഥുഃ — പ്രതിഷ്ഠന്തേ
ഉത, ഹേ വാജാഃ, — ഋഭവഃ,
വിശേ അഗ്രിയാ അഭൃത — യൂയം അഗ്രാഹ്യാ ഭവഥ

അർത്ഥം-അല്ലയോ ഋഭുക്കളേ, നിങ്ങൾക്കുവേണ്ടിയാണ് ഈ യജ്ഞം അനുഷ്ഠിക്കപ്പെടുന്നത്. യാതൊരു യജ്ഞത്തെ മനുഷ്യരേപ്പോലെ ഏററവും ഭാസമാനന്മാരായി നിങ്ങൾ വയററിൽ ധരിക്കുന്നുവോ, അതിന്നുവേണ്ടി നിങ്ങൾക്കു നേരെ, നീങ്ങളെ പരിചരിക്കുന്ന സോമങ്ങൾ ഇതാ ഇരിക്കുന്നു. (യജ്ഞകുക്ഷികളായ ഋഭുക്കളുടെ വയററിലേക്ക് വഴികാത്ത് ഇരിക്കുന്നു.) അല്ലയോ വാജന്മാരേ, (ഋഭുവിൻെറ പേരോട് ബഹുവചനം ചേർത്ത് ഋഭുക്കളെന്നു പറയുംപോലെ വാജ ശബ്ദത്തോടും ബഹുവചനം ചേർത്തു. ഋഭുക്കളെന്നുതന്നെ അർത്ഥം) നിങ്ങളെല്ലാവരും മാന്യസ്ഥാനമർഹിക്കുന്നവരാണല്ലൊ.

4 അഭൂദുവോവിധതേരത്നധേയ
മിദാനരോദാശുഷേമർത്ത്യായ
പിബതവാജാഋഭവോദദേവോ
മഹിതൃതീയംസവനംമദായ

അന്വയം:-
ഹേ നരഃ, വഃ — നേതാരഃ യുഷ്മദനുഗ്രഹാൽ
ഇദാ രത്ന-ധേയം — ഇദാനീം തൃതീയ സവനേ ദാതവ്യം ധനം
വിധതേ — സ്തുത്യാപരിചരതേ
ദാശുഷേ മാർത്ത്യായ
അഭൂൽ ഉ — ഹവിർദ്ദത്തവതേ യജമാനായ മഹ്യം ഭവതേവ
(തദർത്ഥം) ഹേ വാജാഃ,
ഋഭവഃ പിബത — സോമം പാത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മഹി തൃതീയം സവനം

വഃ മദായ ദദേ — മഹത്തൃതീയ സവനസംബന്ധി സോമം ഹർഷായ ദദേ

അർത്ഥം—അല്ലയോ നേതാക്കളേ, നിങ്ങളുടെ അനുഗ്രഹത്താൽ, ഈ മൂന്നാം സവനത്തിൽ സ്തുതികൊണ്ടു് പരിചരിക്കുന്നവനും ഹവിസ്സേകുന്ന യജമാനനുമായ എനിക്കു തന്നരുളാവുന്ന ധനമുണ്ടാവട്ടെ, അതിന്നുവേണ്ടി ഋഭുവിഭ്വവാജന്മാരേ, നിങ്ങൾ സോമം കുടിച്ചാലും. മൂന്നാ സവനം സംബന്ധിച്ച മഹത്തായ സോമം നിങ്ങളുടെ ഹർഷത്തിന്നായി തന്നുകൊള്ളുന്നു.

5 ആവാജായാതോപനഋഭുക്ഷാ

മഹോനരോദ്രവിണസോഗൃണാനാഃ

ആവഃപീതയോഭിപിത്വേഅഹ്നാം

ഇമാഅസ്തംനവസ്വഇവഗ്മൻ വ. 3

അന്വയം:—

ഹേ വാജാഃ,

ഋഭുക്ഷാഃ നരഃ — നേതാരോയൂയം

മഹഃ ദ്രവിണസഃ

ഗൃണാനാഃ — മഹതഃ ധനസ്യ സ്തുതവന്തഃ (കർമ്മണി ഷഷ്ഠീ)

നഃ ഉപ ആ യാത — അസ്മാനുപാഗച്ഛത

അഹ്നാം അഭി-പിത്വേ — അഭിപതനേ, സമാപ്തൌ തൃതീയേ സവനേ

അസ്തം നവസ്വഃ-ഇവ — നവപ്രസവാഗാവഃ ഗൃഹമിവ

വഃ ഇമാഃ പീതയഃ — പാനാനി

ആ ഗ്മൻ — ആഗച്ഛന്തി

അർത്ഥം—അല്ലയോ ഋഭുക്കളേ, നേതാക്കളേ, നിങ്ങൾ മഹത്തായ ധനത്തെ പ്രശംസിച്ചുകൊണ്ടു് ഞങ്ങളുടെ അടുക്കൽ വന്നാലും. ഉച്ചതിരിഞ്ഞ മൂന്നാംസവനത്തിൽ ഈ പാനീയ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ങ്ങൾ (സോമങ്ങൾ) പെററ പശു വീടിനെയെന്നപോലെ നിങ്ങളെ പ്രാപിക്കുന്നു.

6 ആനപാതശ്ശവസോയാതനോപേ
മംയജ്ഞംനമസാഹൂയമാനാഃ
സജോഷസസ്സൂരയോയസ്യചസ്ഥ
മധ്വഃപാതരത്നധാഇന്ദ്രവന്തഃ

അന്വയം:–

ഹേ ശവസഃ, നപാതഃ — ബലസ്യ പുത്രാഃ
നമസാ ഹൂയമാനാഃ — ആകാരിതാസ്സന്തഃ
സ–ജോഷസഃ സൂരയഃ — ഇന്ദ്രേണ സഹപ്രീതാഃ മേധാവിനോയൂയം
ഇമം നഃ യജ്ഞം ഉപ ആ യാതന — ആഗച്ഛത
യസ്യ ച സ്ഥ — (ചേതിപ്രസിദ്ധൌ) യസ്യേന്ദ്രസ്യ സംബന്ധിനോയൂയം ഭവഥ. തദുചിതാശ്വ നിർമ്മാണാൽ;
ഇന്ദ്ര-വന്തഃ — പ്രീതേനേന്ദ്രേണ, തദ്വന്തഃ
രത്ന–ധാഃ — രമണീയധനാനാം ദാതാരോ യൂയം
മധ്വഃ പാത — മധുരം സോമം പിബത

അർത്ഥം—അല്ലയോ ബലപുത്രന്മാരേ, നമസ്കാരത്തോടുകൂടി വിളിയ്ക്കപ്പെട്ടു്, ഇന്ദ്രനോടൊപ്പം പ്രീതരായി മേധാവികളായ നിങ്ങൾ ഞങ്ങളുടെ ഈ യജ്ഞത്തിന്നു് വന്നുചേർന്നാലും. ഇന്ദ്രന്നു് പററിയ കുതിരകളുണ്ടാക്കിയ കർമ്മത്താൽ സന്തുഷ്ടനായ ഇന്ദ്രനോടു ചേർന്നവരായി, ഉത്തമധനം നല്കുന്നവരായ നിങ്ങൾ ഞങ്ങളേകുന്ന മധുരമായ സോമം കുടിച്ചാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

7 സജോഷാഇന്ദ്രവരുണേനസോമം
സജോഷാഃപാഹിഗിർവ്വണോമരുദ്ഭിഃ
അഗ്രേപാഭിരൃതുപാഭിസ്സജോഷാ
ഗ്നാസ്പത്നീഭീരത്നധാഭിസ്സജോഷാഃ

അന്വയം:–

ഹേ ഇന്ദ്ര, (ത്വം)	
വരുണേന	രാത്ര്യഭിമാനി ദേവേന
സ–ജോഷാഃ സോമം	
പാഹി	— സമാനപ്രീതസ്സൻ സോമം പിബ
ഹേ ഗിർവ്വണഃ,	— ഗീർഭിർവ്വനനീയ, സംഭജനീയ, ത്വം
മരുൽ–ഭിഃ സ–ജോഷാഃ	— സങ്ഗതസ്സൻ സോമം പിബ
(കിംച) അഗ്രേ–പാഭിഃ	— പ്രഥമപാതൃഭിഃ
ഋതു–പാഭിഃ	— ഋതുയാജദേവൈശ്ച
ഗ്നാഃ–പത്നീഭിഃ	
സ–ജോഷാഃ	— സ്ത്രീണാം പാലയിത്ര്യോദേവ്യഃ താഭിഃ സംഗതാസ്സോമം പിബ
രത്ന–ധാഭിഃ	— രമണീയധനദാതൃഭിഃ ഋഭുഭിഃ
സ–ജോഷാഃ	— സങ്ഗതാസ്സോമം പിബ

അർത്ഥം—അല്ലയോ ഇന്ദ്ര, അവിടുന്ന് രാത്രിയുടെ അഭിമാനദേവനായ വരുണനോടൊപ്പം സന്തുഷ്ടനായി സോമം കുടിച്ചാലും. സ്തുതികളാൽ പ്രാപ്യനായ ഇന്ദ്ര, അവിടുന്ന് മരുത്തുക്കളോടൊത്ത് സോമം കുടിച്ചാലും. കൂടാതെ, ആദ്യം കുടിക്കുന്ന ഋതുയാജന്മാരെന്ന ദേവന്മാരോടു ചേർന്ന് സന്തുഷ്ടനായി സോമം കുടിച്ചാലും. സ്ത്രീകളുടെ രക്ഷിത്രികളായ ദേവിമാരോടും (ദേവപത്നിമാരോടും) ഉത്തമധനം നല്കുന്നവരായ ഋഭുക്കളോടും സമാനപ്രീതരായി സോമം കുടിച്ചാലും. (ഇന്ദ്രസ്തുതി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

8 സജോഷസ ആദിത്യൈർമ്മാദയധ്വം
സജോഷസൠഭവഃ പർവ്വതേഭിഃ
സജോഷസോദൈവ്യേനാസവിത്രാ
സജോഷസസ്സിന്ധുഭീരത്നധേഭിഃ

അന്വയം:—

ഹേ ഋഭവഃ, ആദിത്യൈഃ	
സ–ജോഷസഃ	— സങ്ഗതായൂയം
മാദയധ്വം	— ഹർഷയധ്വം
(തഥാ) പർവ്വതേഭിഃ	— പർവ്വണ്യർച്ച്യമാനൈഃ ദേവ വിശേഷൈഃ
സ–ജോഷസഃ	— സമാനപ്രീതയോമാദയധ്വം
(തഥാച) ദൈവ്യേന	— ദേവേഭ്യോഹിതേന
സവിത്രാ സ–ജോഷസഃ	— സങ്ഗതാഃ
രത്ന-ധേഭിഃ സിന്ധു-ഭിഃ	— രത്നദാത്രീഭിഃ നദീഭിഃ
സ–ജോഷസഃ	— സങ്ഗതാമാദയധ്വം

അർത്ഥം–അല്ലയോ ഋഭുക്കളെ, അദിതിപുത്രന്മാരോടുകൂടി സമാനപ്രീതരായി ഹർഷിച്ചാലും. അതുപോലെ വാവും പ്രതിപദവും കൂടുന്ന സന്ധ്യയായ പർവ്വതത്തിൽ സേവിക്കേണ്ടും ദേവന്മാരോടുകൂടി സമാനപ്രീതരായി ഹർഷിച്ചാലും. ദേവന്മാർക്ക് ഹിതനായ സവിതാവിനോടുകൂടിയും ഉത്തമധനങ്ങൾ വിളയിക്കുന്ന സിന്ധുക്കളോടുകൂടിയും ഹർഷിച്ചാലും.

9 യേഅശ്വിനായേ പിതരായഊതീ
ധേനും തതക്ഷുരൃഭവോയേഅശ്വാ
യേഅംസത്രായഋധഗ്രോദസീയേ
വിഭ്വോനരസ്വപത്യാനിചക്രുഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

യേ ഋഭവഃ അശ്വിനാ	— അശ്വിനൌ
ഊതീ	— ഊത്യാ, രഥനിർമ്മാണരൂപയാ അപ്രീണയൻ
യേ പിതരാ തതക്ഷുഃ	— തക്ഷണേനസമപാദയൻ, ജീർണ്ണൌസന്തൌ ഊത്യാ യുവാനൌ
ചക്രുഃ	— അകുർവ്വൻ
യേ ധേനും	— മൃതായാഃ പുനർന്നവീകരണേന തതക്ഷുഃ
യേ (ച) അശ്വാ	— അശ്വൌ തതക്ഷുഃ
യേ (ച) അംസത്രാ	— അംസത്രാണി, കവചാനി ദേവേഭ്യശ്ചക്രുഃ
യേ (ച) രോദസീ ഋധക് (ച ക്രുഃ)	— ദ്യാവാപൃഥിവ്യൌ പൃഥക് ചക്രുഃ
(ഏവമുക്തപ്രകാരേണ)	
യേ വി- ഭ്വഃ	— വ്യാപ്താഃ ഋഭവഃ
നരഃ സു–അപത്യാനി	— സ്വപതനസാധനാനി കർമ്മാണി ചക്രുഃ, തേ അഗ്രേപാഃ ഇത്യുത്ത രത്രസംബന്ധഃ

അർത്ഥം—ഏവരായ ഋഭുക്കൾ തേരുണ്ടാക്കുന്ന രൂപത്തിലുള്ള രക്ഷയാൽ അശ്വികളെ സന്തോഷിപ്പിച്ചുവോ, ഏവർ വൃദ്ധരായി ജീർണ്ണിച്ച അച്ഛനമ്മമാരെ രക്ഷണത്താൽ യുവാക്കളാക്കിയോ, ഏവർ ചത്ത പശുവിനെ വീണ്ടും ജീവിപ്പിച്ച് നവീകരിച്ചുവോ, ഏവർ (ഇന്ദ്രന്നുവേണ്ടി) കുതിരകളെ ഉണ്ടാക്കിയോ, ഏവർ ദേവന്മാർക്ക് ചുമലിന്ന് കവചങ്ങളുണ്ടാക്കിയോ, ഏവർ ദ്യാവാപൃഥിവികളെ വേർപെടുത്തിയോ, എങ്ങും വ്യാപിച്ച് നേതാക്കളായി, തങ്ങൾക്ക് വീഴ്ച പററാത്തവിധം കർമ്മങ്ങൾ ചെയ്തുവോ, (അടുത്ത ഋക്കിലാണ് അന്വയം അവസാനിക്കുന്നത്),

10 യേഗോമന്തംവാജവന്തംസുവീരം

രയിംധത്ഥവസുമന്തംപുരുക്ഷും

തേഅഗ്രേപാഋഭവോമന്ദസാനാ

അസ്മേധത്തയേചരാതിംഗൃണന്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:–

ഹേ ഋഭവഃ യേ (യൂയം)

ഗോ–മന്തം	—	ഗോഭിസ്സഹിതം
വാജ–വന്തം, സു–വീരം	—	അന്നവന്തം, ശോഭനപുത്രോപേതം
വസു–മന്തം	—	നിവാസയോഗ്യഗൃഹാദിധനോപേതം
പുരു–ക്ഷും രയിം	—	ബഹ്വന്നം ധനം
ധത്ഥ	—	മഹ്യം ദാതും ധാരയഥ
തേ അഗ്രേ–പാഃ	—	തേയൂയംപ്രഥമപാതാരഃ
മന്ദസാനാഃ	—	മാദ്യന്തസ്സന്തഃ
അസ്മേ ധത്ത	—	രയിം ദത്ത
യേ ച രാതിം ഗൃണന്തി	—	യൂയംദാനം സ്തുവന്തി

അർത്ഥം.–അല്ലയോ ഋഭുക്കളേ നിങ്ങളേവർ പശുക്കളോടു കൂടിയതും അന്നവത്തും സൽപുത്രയുക്തവും താമസിക്കാൻ പററിയ വീടു മുതലായ ധനമൊത്തതും ധാരാളമന്നമൊത്തതുമായ ധനം എനിക്കു തരാനായി ധരിച്ചിരിക്കുന്നുവോ ആ നിങ്ങൾ ആദ്യം സോമം കുടിക്കുന്നവരായി, ഹർഷിക്കുന്നവരായി, ആ ധനമെനിക്കു തന്നരുളിയാലും. നിങ്ങൾ ദാനത്തെ പ്രശംസിക്കുന്നവരാണല്ലൊ. (യുഗ്മകം)

11 നാപാഭൂതനവോതീതൃഷാമാ
നിശ്ശസ്താഋഭവോയജ്ഞേഅസ്മിൻ
സമിന്ദ്രേണമദഥസംമരുദ്ഭി
സ്സംരാജഭിരത്നധേയായദേവാഃ
വ 4

അന്വയം:–

ഹേ ഋഭവഃ, (യൂയം) ന

അപ ഭൂത	—	നാപഗച്ഛത
(വയം ച) വഃ ന		
അതീതൃഷാമ	—	അത്യന്തം തൃഷിതാൻ മാകരവാമ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ ദേവാഃ അന്നിഃ–
ശസ്താഃ — അനിന്ദിതാസ്സന്തഃ
അസ്മിൻ യജ്ഞേ ഇന്ദ്രേണ
സം മദഥ — ഇന്ദ്രേണ സഹ സം മദഥ
മരുൽ–ഭിഃ സം — സം മദഥ
രത്ന–ധേയായ — രമണീയായ ധനദാനായ
രാജ–ഭിഃ സം — രാജമാനൈരന്യൈർദ്ദേവൈഃ
സം മദഥ

അർത്ഥം–അല്ലയോ ഋഭുക്കളേ, നിങ്ങൾ പോകരുത്. ഞങ്ങൾ നിങ്ങളെ അധികം ദാഹബാധിതരാക്കുകയില്ല. (സോമം തന്ന് ദാഹം തീർക്കും) അല്ലയോ ദേവന്മാരേ, അനിന്ദിതന്മാരായി നിങ്ങൾ ഈ യജ്ഞത്തിൽ ഇന്ദ്രനോടൊത്ത് നന്നായി ഹർഷിക്കുന്നു. മരുത്തുക്കളോടൊത്ത് നന്നായി ഹർഷിക്കുന്നു. രമണീയമായ ധനത്തിൻെറ ദാനത്തിന്നായി പ്രകാശമാനന്മാരായ മററു ദേവന്മാരോടൊത്തും ഹർഷിക്കുന്നു, തൃപ്തിപൂകുന്നു.

വർഗ്ഗം 5-6

1 ഇഹോപയാതശവസോനപാത
സ്സൌധന്വനാഋഭവോമാപഭൂത
അസ്മിന്ഹിവസ്സവനേരത്നധേയം
ഗമന്ത്വിന്ദ്രമനുവോമദാസഃ

അന്വയം:–
ഹേ ശവസഃ, നപാതഃ — ബലസ്യ പുത്രാഃ
ഹേ സൌധന്വനാഃ ഋഭവഃ — സുധന്വനഃ പുത്രാഃ ഋഭവഃ
(യൂയം) ഇഹ ഉപ യാത — അസ്മിൻ തൃതീയസവനേ
ഉപാഗച്ഛത
മാ അപഭൂത ഹി — അപഗതാന ഭവത ഖലു
അസ്മിൻ സവനേ വഃ
രത്ന–ധേയം — രമണീയ ധനസ്യ ദാതാരം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ദ്രം അനു — അനുസൃത്യ
വഃ മദാസഃ ഗമന്തു — യുഷ്മാൻ മദകരാസ്സോമാഗച്ഛന്തു

അർത്ഥം—അല്പയോ ബലപുത്രന്മാരേ, സുധന്വസുതന്മാരായ ഋഭുക്കളേ, നിങ്ങൾ ഈ മൂന്നാം സവനത്തിൽ വന്നുചേർന്നാലും. വിട്ടുപോവുകതന്നെ അരുതു്. ഈ സവനത്തിൽ ഉത്തമ ധനമേകുന്ന ഇന്ദ്രനെ പിന്തുടർന്നു് ഹർഷകരങ്ങളായ സോമങ്ങൾ നിങ്ങളെ എത്തട്ടെ, പ്രാപിക്കട്ടെ.

2 ആഗന്നൃഭൂണാമിഹരത്നധേയ
മഭൂൽസോമസ്യസുഷുതസ്യപീതിഃ
സുകൃത്യയായൽസ്വപസ്യയാച
ഏകംവിചക്രചമസംചതുർദ്ധാ

അന്വയം:—

ഋഭൂണാം ഇഹ
രത്ന—ധേയം — യുഷ്മാകം തൃതീയസവനേ രത്നദാനം
ആ അഗൻ — മഹ്യമാഗച്ഛതു
(യസ്മാൽ) സു-സുതസ്യ
സോമസ്യ പീതിഃ — പാനം
അഭൂൽ — പ്രജാപതിനാലബ്ധം
യൽ സു—കൃത്യയാ — യസ്മാൽ ശോഭനേ ഹസ്ത വ്യാപാരേണ
സു—അപസ്യയാ ച — ശോഭനരഥ നിർമ്മാണാദി കർമ്മേച്ഛയാ ച
ഏകം ചമസം ചതുഃ—ധാ
വി—ചക്ര — കൃതവന്തഃ

അർത്ഥം—ഋഭുക്കളായ നിങ്ങളുടെ, ഈ സവനത്തിൽ ഉത്തമ ധനത്തിൻെറ ദാനം എന്നെ പ്രാപിക്കട്ടെ. യാതൊരു കാരണത്താൽ നിങ്ങളുടെ ശോഭനമായ കൈവിരുതുകൊണ്ടു് നല്ല

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രഥം നിമ്മിക്കുക മുതലായവയിൽ ഉള്ളൂന്നി ഒരു ചമസത്തെ നാലാക്കിത്തീത്തുവോ, ആ കാരണത്താൽ സംസ്കരിച്ച സോമത്തിൻെറ പാനം നിങ്ങൾക്ക് പ്രജാപതിയിൽ നിന്നു് ലബ്ധമായി.

3 വ്യകൃണോതചമസംചതുർധാ
സഖേവിശിക്ഷേത്യബ്രവീത
അഥൈതവാജാഅമൃതസ്യപന്ഥാം
ഗണംദേവാനാമൃഭവസ്സുഹസ്താഃ

അന്വയം:–

ഹേ ഋഭവഃ — യൂയം
ചമസം ചതുഃ–ധാ — ചതുസ്സംഖ്യാകാൻ
വി അകൃണോത — വ്യകുരുത
(കൃത്വാ ച) ''ഹേ സഖേ, — സഖീഭൂതാഗ്നേ,
വി ശിക്ഷ,'' — സോമപാനമനുഗൃഹാണ
ഇതി അബ്രവീത — യൂയം അവദത
അഥ (സോഗ്നിഃ യുഷ്മാൻ അവദീൽ ഖലു)
''ഹേ വാജാഃ,
സു–ഹസ്താഃ, — ഋഭവഃ, കുശലഹസ്തായൂയം
അമൃതസ്യ പന്ഥാം — അമരണസ്യ ധമ്മസ്യ പന്ഥാനം
ദേവാനാം ഗണം ഐത'' — ഇന്ദ്രാദീനാം സങ്ഘാതം ഗച്ഛത

അത്ഥം–അല്ലയോ ഋഭുക്കളേ, നിങ്ങൾ ചമസത്തെ നാലാക്കിയല്ലൊ. അതു ചെയ്തിട്ട്, 'അല്ലയോ സഖാവേ, അഗ്നേ, ഞങ്ങൾക്ക് സോമപാനം അനുഗ്രഹിച്ചരുളുക'' എന്നു് നിങ്ങൾ (അഗ്നിയോട്) പറഞ്ഞു. അപ്പോൾ അഗ്നി നിങ്ങളോട് പറഞ്ഞു. ''ഋഭുക്കളേ, കരകൌശലമുള്ള നിങ്ങൾ അമരത്വത്തിൻെറ മാഗ്ഗത്തെ, ഇന്ദ്രാദിദേവന്മാരുടെ കൂട്ടത്തെ പ്രാപിക്കുക''

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

4 കിംമയഃസ്വിച്ചമസഏഷആസ

യംകാവ്യേനചതുരോവിചക്ര

അഥാസുനുധ്വംസവനംമദായ

പാതഋഭവോമധുനഃസോമ്യസ്യ

അന്വയം:—

യം കാവ്യേന — ചമസമേകം സന്തം കവീനാം, മേധാവിനാം കമ്മണാ കൌശലേന

കിം—മയഃ സ്വിൽ — കിമാത്മകഃ

ഏഷഃ ചമസഃ ആസ? — അഭൂൽ? (സ്വിൽ പ്രശ്നേ)

ചതുരഃ വി—ചക്ര — ചതുർധാകൃതവന്തഃ

അഥ സവനം — അധുനാ സോമം

(ഹേ ഋത്വിജഃ,) മദായ

സുനുധ്വം — ഹർഷായാഭിഷവം കുരുത

ഹേ ഋഭവഃ, സോമ്യസ്യ

മധുനഃ പാത — സോമസംബന്ധിനം മധുരരസം പിബത

അർത്ഥം—യാതൊരു കവിക്രിയകൊണ്ടു്, കൌശലത്താൽ ഈ ചമസം നിങ്ങളാൽ ഏതു രൂപമാക്കപ്പെട്ടു? നാലാക്കപ്പെട്ടു. എന്നി അല്ലയോ ഋത്വിക്കുകളെ, ഹർഷത്തിന്നായി സോമം സംസ്കരിക്കുക. അല്ലയോ ഋഭുക്കളേ, ഈ സോമസംബന്ധിയായ മധുരം നുകന്നാലും.

5 ശച്യാകർത്തപിതരായുവാനാ

ശച്യാകർത്തചമസംദേവപാനം

ശച്യാഹരീധനുതരാവതഷ്ട

ഋഭുവാഹാവൃഭവോവാജരത്നാഃ

വ. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ വാജ–രത്നാഃ, ഋഭവഃ, — ഉത്തമസോമാന്നാഃ, ഋഭവഃ
(യൂയം) ശച്യാ പിതരാ — കർമ്മണാ മാതാപിതരൌ
യുവാനാ അകർത്ത — യുവാനൌ അകുരുത
(തഥാ) ശച്യാ ചമസം
ദേവ–പാനം — ദേവപാനാർഹം
അകർത്ത — ചതുർദ്ധാ കുരുത
ശച്യാ ഹരീ ധനു–തരൌ — ശീഘ്രഗന്തൃതരൌ
ഇന്ദ്ര–വാഹൌ അതഷ്ട — ഇന്ദ്രവോഢാരൌ
സമ്പാദിതവന്തഃ

അർത്ഥം—അല്ലയോ ഉത്തമ സോമാന്നത്തോടുകൂടിയ ഋഭുക്കളേ, നിങ്ങൾ കർമ്മത്താൽ (വൃദ്ധരായ) അച്ഛനമ്മമാരെ യുവാക്കളാക്കി. കർമ്മത്താൽ ചമസത്തെ ദേവന്മാർക്ക് കുടിക്കാൻ തക്കവണ്ണം നാലാക്കി. കർമ്മം കൊണ്ട് ഹരികളെന്ന കുതിരകളെ ഗതിവേഗമുററവയും ഇന്ദ്രനെ വഹിക്കുന്നവയുമാക്കി.

6 യോവസ്സുനോത്യഭിപിത്വേഅഹ്നാം
തീവ്രംവാജാസസ്സവനംമദായ
തസ്മൈരയിമൃഭവസ്സർവ്വവീര
മാതക്ഷതവൃഷണോമന്ദസാനാഃ

അന്വയം:—

ഹേ ഋഭവഃ വാജാസഃ വഃ — അന്നവൽഭ്യോം യുഷ്മഭ്യം
യഃ അഹ്നാം
അഭി–പിത്വേ — അഭിപതനേ, തൃതീയസവനേ
തീവ്രം സവനം — രസവത്തരം സോമം
മദായ സുനോതി — ഹർഷായാഭിഷുണോതി
ഹേ വൃഷണഃ, തസ്മൈ — ഫലവർഷിതാരഃ, യജമാനായ
സർവ്വ–വീരം രയിം — ബഹുപുത്രോപേതം ധനം
മന്ദസാനാഃ ആ തക്ഷത — മോദമാനാസ്സന്തസ്സമ്പാദയത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം-അല്ലയോ ഋഭുക്കളേ, അന്നവാന്മാരായ നിങ്ങൾക്കായി ഏവൻ ദിവസാന്ത്യത്തിൽ, മൂന്നാം സവനത്തിൽ, ഏററവും രസവത്തായ സോമം നിങ്ങളുടെ ഹർഷത്തിന്നായി സംസ്കരിക്കുന്നുവോ, അല്ലയോ ഫലവർഷകന്മാരേ, ആ യജമാനന്നു ധാരാളം പുത്രന്മാരോടുകൂടിയ ധനം സന്തുഷ്ടന്മാരായി ഉണ്ടാക്കിയാലും.

7 പ്രാതസ്സുതമപിബോഹര്യശ്വ

മാധ്യന്ദിനം സവനം കേവലം തേ

സമൃഭുഭിഃ പിബസ്വരത്നധേഭി

സ്സഖീംര്യാ ഇന്ദ്രചകൃഷേസുകൃത്യാ

അന്വയം:—

ഹേ ഹരി-അശ്വ	— ഹരിതവർണ്ണാശ്വോപേതേന്ദ്ര
പ്രാതഃ സുതം അപിബഃ	— പ്രാതസ്സവനേഭിഷുതം സോമം പിബസ്വ
മാധ്യന്ദിനം സവനം	
കേവലം തേ	— പരംതവൈവ, നാന്യേഷാം
ഹേ ഇന്ദ്ര, യാൻ	
സു-കൃത്യാ	— ശോഭനകർമ്മണാ
(തൃതീയസവനേ)	
രത്ന-ധേഭിഃ	— രമണീയദാനൈഃ
സഖീൻ ചകൃഷേ	— അകരോഃ
(തൈഃ) ഋഭു-ഭിഃ സം	
പിബസ്വ	— തൈസ്സഹിതഃ പിബ

അർത്ഥം—അല്ലയോ ഹരികളെന്ന പച്ചക്കുതിരകളോടുകൂടിയ ഇന്ദ്ര, രാവിലത്തെ സവനത്തിൽ സംസ്കരിച്ച സോമം കുടിച്ചാലും. മാദ്ധ്യന്ദിനസവനം അവിടേക്കു മാത്രമുള്ളതത്രേ, മററാക്കുമുള്ളതല്ല. അല്ലയോ ഇന്ദ്ര, മൂന്നാം സവനത്തിൽ ഏവരെ അവിടുന്നു നല്ല കർമ്മം കാരണമായി ചങ്ങാതികളാക്കീട്ടുണ്ടോ ആ ഋഭുക്കളൊത്തു (സോമം) കുടിച്ചാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

8 യേദേവാസോ അഭവതാസുകൃത്യാ

ശ്യേനാഇവേദധിദിവിനിഷേദ

തേരത്നംധാതശവസോനപാത

സ്സൌധന്വനാഅഭവതാമൃതാസഃ

അന്വയം:—

(ഹേ ഋഭവഃ,) യേ (യൂയം)

സു–കൃത്യാ	—	ശോഭനകമ്മണാ
ദേവാസഃ അഭവത	—	ദേവാ അഭൂത
ശ്യേനാഃ–ഇവ ഇൽ	—	ശംസനീയഗതയഃ ഗൃദ്ധ്രാ ഇവൈവ
ദിവി അധി നി–സേദ	—	ദ്യുലോകേ അധിനിഷണ്ണാഃ
ഹേ ശവസഃ നപാതഃ	—	ബലപുത്രാഃ
തേ (യൂയം) രത്നം ധാത	—	ധനം പ്രയച്ഛത
ഹേ സൌധന്വനാഃ,	—	സുധന്വനഃ പുത്രാഃ
അമൃതാസഃ അഭവത	—	ദേവാഃ അഭൂത

അത്ഥം-അല്ലയോ ഋഭുക്കളേ, നിങ്ങളവർ സൽകമ്മം കൊണ്ടു് ദേവന്മാരായി ഭവിച്ചവോ, പ്രശസ്യഗതികളായ പരുന്തുകറംപോലെ ദ്യുലോകത്തിൽ വത്തിക്കുന്നുവോ, അല്ലയോ ബലപുത്രന്മാരേ, ആ നിങ്ങറം ഉത്തമധനം തന്നരുളിയാലും. സുധന്വാവിൻെറ പുത്രന്മാരേ, നിങ്ങറം ദേവന്മാരായി ഭവിച്ചവല്ലൊ. (അതുകൊണ്ടാണിപ്രകാരമത്ഥിക്കുന്നതു്).

9 യത്തൃതീയംസവനംരത്നധേയ

മകൃണുധ്വംസ്വപസ്യാസുഹസ്താഃ

തദൃഭവഃപരിഷിക്തംവഏതൽ

സംമദേഭിരിന്ദ്രിയേഭിഃപിബധ്വം വ. 6

*51

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

യേ സു–ഹസ്താഃ ഋഭവഃ — ശോഭനഹസ്താ ഋഭവഃ
രത്ന–ധേയം — രമണീയ സോമദാനവൽ
യൽ തൃതീയം സവനം
അകൃണുധ്വം — പ്രസാധിതവന്തഃ
സു–അപസ്യാ — ശോഭനകർമ്മേച്ഛയാ
തൽ ഏതൽ — സവനം, സവനഗതം സോമദ്രവ്യം
പരി–സിക്തം — പരിഷേചനവൽ
വഃ മദേഭിഃ — യുഷ്മാകം സംബന്ധിഭിഃ മാദ്യൽഭിഃ
ഇന്ദ്രിയേഭിഃ സം
പിബധ്വം — ഇന്ദ്രിയൈഃ സമ്യക് പിബത

അർത്ഥം—കർമ്മകുശലങ്ങളായ നല്ല കൈകളോടുകൂടിയ ഋഭുക്കളേ, ഉത്തമമായ സോമധനത്തിൻെറ ദാനമൊത്ത ഏതു മൂന്നാം സവനം ഒരുക്കീട്ടുണ്ടോ, ശോഭനകർമ്മേച്ഛകൊണ്ടു്, ആ സവനത്തെ, സവനത്തിലെ സോമദ്രവ്യത്തെ, നാലുപാടും തളിച്ചുകൊണ്ടു്, നിങ്ങരം ഹർഷിക്കുന്ന ഇന്ദ്രിയങ്ങളാൽ പാനം ചെയ്യാലും. (ഇന്ദ്രിയങ്ങരം എന്നുപറഞ്ഞതുകൊണ്ടു് ദർശനശ്രവണാദികളായ മററിന്ദ്രിയങ്ങരംക്കും ഹർഷകരങ്ങളെന്നു് സൂചന.)

വർഗ്ഗം - 7—8—ജഗതീത്രിഷ്ടുഭൗ ഛന്ദസീ

1 അനശ്വോജാതോഅനഭീശുരുക്ഥ്യോ൨ ൨
രഥസ്ത്രിചക്രഃപരിവർത്തതേരജഃ
മഹത്തദ്വോദേവ്യസ്യപ്രവാചനം
ദ്യാമൃഭവഃപൃഥിവീംയച്ചപുഷ്യഥ

അന്വയം:—

ഹേ ഋഭവഃ, — (അശ്വിനോസ്സംബന്ധി യുഷ്മദ്ദത്തം)
രഥഃ അനശ്വഃ ജാതഃ — വാഹനാശ്വ നിരപേക്ഷസ്സമ്പന്നഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(തഥാ) അനഭീശുഃ — പ്രഗ്രഹരഹിതഃ
ഉക്ഥ്യഃ, ത്രി-ചക്രഃ — സ്തുത്യഃ, ചക്രത്രയയുക്തസ്സൻ
രജഃ പരി വർത്തതേ — അന്തരിക്ഷം പരിഭ്രമതി
യൽ (ച) ദ്യാം പൃഥിവീം
ച പുഷ്യഥ — യേന കർമ്മണാ ദ്യുലോകം ഭൂലോകം ച പുഷ്ടം കുരുഥ
മഹൽ തൽ — പ്രഭൃതം രഥനിർമ്മാണാഖ്യകർമ്മ
വഃ ദേവ്യസ്യ — യുഷ്മാകം ദേവത്വസ്യ
പ്ര-വാചനം — പ്രവക്തൃ, പ്രഖ്യാപകം ഭവതി

അർത്ഥം—അല്ലയോ ഋഭുക്കളേ, അശ്വികൾക്ക് നിങ്ങളാൽ കൊടുക്കപ്പെട്ട തേർ, കുതിരയോട്ടുകൂടാതെ, വാഹനാപേക്ഷയില്ലാതെ സ്തുത്യമായി മൂന്നു ചക്രങ്ങളുററതായി അന്തരിക്ഷത്തിൽ ചുററുന്നു. ദ്യോവിനെയും ഭൂവിനെയും യാതൊരു കർമ്മത്താൽ നിങ്ങൾ പോഷിപ്പിക്കുന്നുവോ, നിങ്ങളുടെ ആ മഹത്തായ കർമ്മം (രഥ നിർമ്മാണകർമ്മം) നിങ്ങളുടെ ദേവത്വത്തെ പ്രവചിക്കുന്നതു്, പ്രഖ്യാപിക്കുന്നതത്രെ.

2 രഥംയേചക്രുസ്സുവൃതംസുചേതസോ
വിഹ്വരന്തംമനസസ്പരിധ്യയാ
താँഊന്വ്സ്യസവനസ്യപീതയ
ആവോവാജാഋഭവോവേദയാമസി

അന്വയം:-

സു-ചേതസഃ യേ — ശോഭനചിത്താ ഋഭവഃ
സു-വൃതം അവി-
ഹ്വരന്തം രഥം — സുവർത്തനചക്രം അകുടിലം രഥം
മനസഃ പരി ധ്യയാ — മനസോധ്യാനേന അപ്രയത്നേന
ന ചക്രുഃ — ക്ഷിപ്രം കൃതവന്തഃ
താൻ ഉ അസ്യ സവനസ്യ
പീതയേ — താനേവ ഏതം സോമം പാതും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ വാജാഃ, ഋഭവഃ, വഃ — യുഷ്മാൻ
ആ വേദയാമസി — ആവേദയാമഃ

അർത്ഥം–സന്മനസ്കരായ ഋഭുക്കളേവർ നന്നായി പ്രവർത്തിക്കുന്ന ചക്രങ്ങളോടുകൂടിയതും നേരെ നടക്കുന്നതുമായ തേർ മനസ്സിന്റെ ധ്യാനത്താൽ അയത്നമായിട്ടാണ് വേഗമുണ്ടാക്കിയതു്, അല്ലയോ വാജന്മാരേ ഋഭുക്കളേ, ആ നിങ്ങളെത്തന്നെയാണ് ഈ സവനത്തിലെ സോമം പാനം ചെയ്‌വാൻ ക്ഷണിക്കുന്നതു്.

3 തദ്വോവാജാഋഭവസ്സുപ്രവാചനം
ദേവേഷ്വവിഭോഅഭവന്മഹിത്വനം
ജിവ്രീയൽസന്താപിതരാസനാജുരാ
പുനര്യുവാനാചരഥായതക്ഷഥ

അന്വയം:–

ഹേ വാജാഃ, ഋഭവഃ,
വി–ഭഃ, — ഋഭവഃ, വിഭവഃ
(ഇതരാപേക്ഷയാ പരസ്പരം ബഹുവചനം)
യൽ ജിവ്രീ സന്താ — വൃദ്ധൌ സന്തൌ
സനാ–ജുരാ പിതരാ — സദാജീർണ്ണൗ സന്തൗ പിതരൌ
പുനഃ യുവാനാ — നിത്യതരുണൌ
ചരഥായ തക്ഷഥ — യഥേഷ്ടം സഞ്ചരണായ സമ്പാദിതവന്തഃ
വഃ തൽ മഹി-ത്വനം — യുഷ്മാകം മഹത്വം (മാഹാത്മ്യം
ദേവേഷു സു–പ്രവാചനം
അഭവൽ — ദേവേഷുമദ്ധ്യേ പ്രവാച്യമഭൂൽ

അർത്ഥം–അല്ലയോ വാജന്മാരേ, ഋഭുക്കളേ, വിഭുക്കളേ, (അന്യോന്യാപേക്ഷകൊണ്ടു് ഓരോ പേരിന്നും ബഹുവചനം) നിങ്ങൾ, വയസ്സന്മാരായി സ്ഥിരമായി ജീർണ്ണിച്ചമാതാപിതാക്കളെ വീണ്ടും നിത്യതരുണന്മാരാക്കി, ഇഷ്ടംപോലെ നടക്കാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

റാക്കിയല്ലൊ. നിങ്ങളുടെ ആ മഹത്വം, യോഗ്യത ദേവന്മാരുടെ ഇടയിൽ പ്രശംസനീയമായി ഭവിച്ചു.

4 ഏകം വി ചക്ര ചമസം ചതുർവ്വയം
നിശ്ചർമ്മണോഗാമരിണീതധീതിഭിഃ
അഥാദേവേഷ്വമൃതത്വമാനശ
ശ്രുഷ്ടീവാജാഋഭവസ്തദ്വഉക്ഥ്യം

അന്വയം:—

(ഹേ ഋഭവഃ) ഏകം
ചമസം — ഏകമേവപാനസാധനം
ചതുഃ-വയം വി ചക്ര — ചതുശ്ശാഖം, ചതുരവയവം വ്യകുരുത
(തഥാ) ധീതി-ഭിഃ — കർമ്മഭിഃ
ചർമ്മണഃ ഗാം നിഃ
അരിണീത — നൂതനാം ഗാം സമസ്കുരുത
അഥ ദേവേഷു അമൃത-ത്വം
ആനശ — അതഃ കാരണാൽ ദേവേഷു മദ്ധ്യേ ദേവത്വംപ്രാപ്നുത
ഹേ വാജാഃ ഋഭവഃ,
തത് വഃ — യുഷ്മാകം കർമ്മ
ശ്രുഷ്ടീ ഉക്ഥ്യം — ക്ഷിപ്രം സ്തുത്യംഭവതി

അർത്ഥം—അല്ലയോ ഋഭുക്കളേ, ഒററച്ചമസത്തെ നിങ്ങൾ നാലവയവങ്ങളുള്ളതാക്കി. അതുപോലെ നിങ്ങളുടെ കൌശലങ്ങളാൽ ചത്ത പയ്യിൻെറ തോലിൽ നിന്നു് ചാടിക്കളിക്കുന്ന പശുവിനെ ഉണ്ടാക്കി. അക്കാരണത്താൽ ദേവന്മാരുടെ ഇടയിൽ അമരത്വം പ്രാപിച്ചു. അല്ലയോ ഋഭുക്കളേ, വാജന്മാരെ നിങ്ങളുടെ ആ കർമ്മം ഉടനെത്തന്നെ പ്രകീർത്തിക്കത്തക്കതായി ഭവിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

5 ഋഭുതോരയിഃ പ്രഥമശ്രവസ്തമോ
വാജശ്രുതാസോയമജീജനന്നരഃ
വിഭ്വതഷ്ടോവിദഥേഷുപ്രവാച്യോ
യംദേവാസോവഥാസവിചർഷണിഃ വ 7

അന്വയം:—

വാജ-ശ്രുതാസഃ നരഃ	— വാജൈഃ, അന്നൈഃ വിഖ്യാതാഃ നേതാരഃ ഋഭവഃ
യം അജീജനൽ	— ഉൽപാദിതവന്തഃ
ഋഭുതഃ	— ഋഭൂണാം സകാശാൽ
പ്രഥമശ്രവഃ-തമഃ രയിഃ	— പ്രഥമം മുഖ്യം, അതിശയിതം ശ്രവഃ, അന്നം യസ്യ ധനസ്യ, തൽധനമസ്മാകം ഭവതു
വിഭ്വ-തഷ്ടഃ	— വിഭ്വഭിഃ ഋഭുഭിഃ തഷ്ടഃ ചമസഃ
വിദഥേഷു പ്ര-വാച്യഃ	— യജ്ഞേഷു പ്രസ്തുത്യഃ
ഹേ ദേവാസഃ, യം അവഥ	— ദ്യോതമാനായൂയം യം ചമസം രക്ഷഥ
സഃ വി-ചർഷണിഃ	— ദ്രഷ്ടാ, ദ്രഷ്ടവ്യോ ഭവതി

അർത്ഥം—അന്നങ്ങളാൽ പ്രഖ്യാതനേതാക്കളായ ഋഭുക്കൾ ഏതു ധനത്തെ ഉണ്ടാക്കിയോ, ഋഭുക്കളിൽ നിന്നു് മുഖ്യമായി അത്യന്തം അന്നയുക്തമായ ആ ധനം ഞങ്ങൾക്കുണ്ടാവട്ടെ. ഋഭുക്കളാൽ ചമയ്ക്കപ്പെട്ട ചമസം യജ്ഞങ്ങളിൽ വിശേഷിച്ചും പ്രകീർത്തിക്കപ്പെട്ടിരിക്കുന്നു. അല്ലയോ പ്രകാശവാന്മാരേ, നിങ്ങൾ രക്ഷിക്കുന്ന ആ ചമസം ദർശനീയമായി ഭവിക്കുന്നു.

6 സവാജ്യർവ്വാസഋഷിർവ്വചസ്യയാ
സശൂരോഅസ്താപൃതനാസുദുഷ്ടരഃ
സരായസ്പോഷംസസുവീര്യംദധേ
യംവാജോവിഭ്വാँഋഭവോയമാവിഷുഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം :–

യം യം വാജഃ വി–ഭ്വാ

ഋഭവഃ ആവിഷുഃ — അരക്ഷൻ

സഃ വാജീ — വേജനവാൻ, ബലവാൻ

അർവ്വാ — അരണ്യകുശലഃ ഭവതി

സഃ ഋഷിഃ വചസ്യയാ — അതീന്ദ്രിയജ്ഞാനീസൻ സ്തുത്യായുക്തോ ഭവതി

സഃ ശൂരഃ അസ്താ — വിക്രാന്തസ്സൻ ശത്രൂണാം ക്ഷേപ്താഭവതി

(സ്വയം ച) പൃതനാസു

ദുസ്തരഃ — സങ്ഗ്രാമേഷു നാഭിഭവ്യോ ഭവതി

സഃ രായഃ പോഷം ദധേ — ധനപുഷ്ടിം ധത്തേ

സഃ സു–വീര്യം — ദധേ

അർത്ഥം—ആരെയാരെ വാജനും വിഭ്വാവും ഋഭുവും രക്ഷിച്ചുവോ, അവൻ ബലവാനായി നടകൊള്ളുവാൻ സമർത്ഥനാകുന്നു. അവൻ അതീന്ദ്രിയ ജ്ഞാനിയായി സ്തുതിക്കപ്പെടുന്നു. അവൻ വിക്രമിയായി ശത്രുക്കൾക്കെതിരെ അമ്പെയ്യുന്ന വനായി ഭവിക്കുന്നു. തന്നെത്താൻ യുദ്ധങ്ങളിൽ അജയ്യനായിത്തീരുന്നു. അവൻ തന്നെ ധനപുഷ്ടിയെ പ്രാപിക്കുന്നു. അവൻ സൽപുത്രത്വം നേടുന്നു.

7 ശ്രേഷ്ഠംവഃപേശോഅധിധായിദർശതം
സ്തോമോവാജാഋഭവസ്തംജുജുഷ്ടന
ധീരാസോഹിഷ്ഠാകവയോവിപശ്ചിത
സ്താൻവഏനാബ്രഹ്മണാവേദയാമസി

അന്വയം:–

ശ്രേഷ്ഠം, ദർശതം — അത്യുൽകൃഷ്ടം, അതഏവ ദർശനീയം

വഃ പേശഃ അധി ധായി — യുഷ്മാകം രൂപമധിനിഹിതം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(അതസ്മദ്രചിതഃ യഃ)
സ്തോമഃ — സ്തോത്രമസ്മൽ കൃതമസ്തി
ഹേ വാജാഃ, ഋഭവഃ, തം
ജുജുഷ്ടന — സ്തോത്രം സേവധ്വം
(യേ യൂയം) ധീരാസഃ ഹി — ധീമന്തഃ, പ്രസിദ്ധാഃ
കവയഃ, വിപഃ-ചിതഃ
സ്ഥ — മേധാവിനഃ, ജ്ഞാനവന്തഃ ഭവത
താൻ വഃ — താൻ യുഷ്മാൻ സ്തുമഃ,
ഏനാ ബ്രഹ്മണാ — ഏതേന ശസ്ത്രാത്മകേന മന്ത്രേണ
ആ വേദയാമസി — പ്രജ്ഞാപയാമഃ,

അത്ഥം-അത്യുൽകൃഷ്ടവും അതുകൊണ്ടുതന്നെ ദശ്നീയവുമായിട്ടാണ് നിങ്ങളുടെ രൂപം ഉണ്ടാക്കപ്പെട്ടിട്ടുള്ളത്, അക്കാരണത്താൽ അതിന്നു യോജിച്ച സ്തോത്രം ഞങ്ങളാൽ ഉണ്ടാക്കപ്പെട്ടു. അല്ലയോ വാജന്മാരേ, ഋഭുക്കളേ, ആ സ്തോത്രം സ്വീകാര്യമായി ഭവിക്കുമാറാകണം. നിങ്ങളുവർ ധീമാന്മാരെന്നും പ്രസിദ്ധന്മാരും മേധാവികളും വിദ്വാന്മാരുമാണോ ആ നിങ്ങളെ ഞങ്ങൾ സ്തുതിക്കുന്നു. ഈ ശസ്ത്രാത്മക മന്ത്രത്താൽ ഞങ്ങൾ നിങ്ങളെ പരക്കെ അറിയിക്കുന്നു.

8 യൂയമസ്മഭ്യംധിഷണാഭ്യസ്പരി
വിദ്വാംസോവിശ്വാനര്യാണിഭോജനാ
ദ്യുമന്തംവാജംവൃഷശുഷ്മമുത്തമ
മാനോരയിമൃഭവസ്തക്ഷതാവയഃ

അന്വയം:-

ഹേ ഋഭവഃ യൂയം
അസ്മഭ്യം
ധിഷണാഭ്യഃ പരി — സ്തുതിഭ്യോനിമിത്ത ഭൂതാഭ്യഃ (പരീതിപഞ്ചമ്യത്ഥേ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നര്യാണി വിശ്വാ
ഭോജനാ — നരേഭ്യോഹിതാനി സർവാണി
ഭോഗ്യാനി
വിദ്വാംസഃ ആ തക്ഷത — ജാനന്തസ്സന്തഃ സമ്പാദയത
(കിംച) ദ്യു-മന്തം, വാജം — ദീപ്തിമന്തം, ഹിരണ്യാദിരൂപം,
ബലവന്തം
വൃഷ-ശുഷ്മം — സേക്തൄണാം, ബലവതാം
ശോഷകം
ഉൽ-തമം രയിം നഃ — ഉൽകൃഷ്ടം ധനമസ്മാകം
വയഃ ആ — അന്നം ച ആതക്ഷത

അർത്ഥം—അല്ലയോ ഋഭുക്കളേ, ഞങ്ങളുടെ സ്തുതികളാൽ, മനുഷ്യഹിതങ്ങളായ (സന്മാർഗ്ഗത്തിലൂടെ സംപ്രാപ്യങ്ങളായ) എല്ലാ ഭോഗങ്ങളെയും, അറിവുററവരായി നിങ്ങൾ ഉണ്ടാക്കി ത്തന്നാലും. കൂടാതെ, സ്വർണ്ണാദിരൂപത്തിൽ ഭാസമാനവും ബലമുററതും ശത്രുക്കളെ ക്ഷീണിപ്പിക്കുന്നതുമായ ഉൽകൃഷ്ട ധനവും, അന്നവും ഞങ്ങൾക്കുണ്ടാക്കിത്തന്നാലും.

9 ഇഹപ്രജാമിഹരയിംരരാണാ
ഇഹശ്രവോവീരവത്തക്ഷതാനഃ
യേനവയംചിതയേമാത്യന്യാ
ന്തംവാജംചിത്രമൃഭവോദദാനഃ വ. 8

അന്വയം:—
നഃ ഇഹ രരാണാഃ — അസ്മാകമസ്മിൻ യജ്ഞേ
രമമാണാഃ
പ്ര-ജാം തക്ഷത — പുത്രപൌത്രാദിരൂപാം പ്രജാം
സമ്പാദയത
ഇഹ രയിം — യജ്ഞേ ഏവധനം ച തക്ഷത
ഇഹ വീര-വൽ ശ്രവഃ — വീരൈർഭൃത്യാദിഭിരുപേതം
യശഃ യജ്ഞേ ഏവ തക്ഷത
(കിംച) വയം യേന — യേന വാജേന

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

അന്യാൻ അതി
ചിതയേമ — അസ്മൽസമാനാൻ
അതിക്രമ്യജ്ഞായേമഹി
തം ചിത്രം വാജം — ചായനീയമന്നം
ഹേ ഋഭവഃ, നഃ ദദ — അസ്മഭ്യം ദത്ത

അർത്ഥം—ഞങ്ങളുടെ ഈ യജ്ഞത്തിൽ ഇണങ്ങിസ്സന്തോഷിച്ച്, പുത്രപൌത്രാദിസന്തതിയെ ഉണ്ടാക്കിയാലും. ഈ യജ്ഞത്തിൽത്തന്നെ ധനമുണ്ടാക്കിയാലും. വീരരായ പരിജനങ്ങളോടുകൂടിയ യശസ്സ് ഈ യജ്ഞത്തിൽത്തന്നെയുണ്ടാക്കിയാലും. കൂടാതെ യാതൊരന്നത്താൽ (ബലത്താൽ) ഞങ്ങൾക്കു തുല്യരെ ഞങ്ങൾ കവച്ചുവെയ്ക്കുമോ ആ ശോഭനമായ അന്നം, (ബലം) അല്ലയോ ഋഭുക്കളേ, ഞങ്ങൾക്കു തന്നരുളിയാലും.

വർഗ്ഗം—9 – 10—ത്രിഷ്ടുബനുഷ്ടുഭൌച്ഛന്ദസീ

1 ഉപനോവാജാഅധ്വരമൃഭുക്ഷാ
ദേവായാതപഥിഭിർദ്ദേവയാനൈഃ
യഥായജ്ഞംമനുഷോവിക്ഷ്വാ ꣳ സു
ദധിധ്വേരണ്വാസ്സുദിനേഷ്വഹ്നാം

അന്വയം:—

ഹേ വാജാഃ, ഋഭുക്ഷാഃ,
ദേവാഃ, — ഋഭവഃ ദേവാഃ
നഃ അധ്വരം ഉപ യാത — യാഗമുപഗച്ഛത
ദേവ—യാനൈഃ
പഥി—ഭിഃ — ദേവൈർഗ്ഗന്തവ്യൈർമ്മാർഗ്ഗൈഃ
ഹേ രണ്വാഃ, — രമണീയാഃ ഋഭവഃ, യൂയം
യഥാ മനുഷഃ ആസു വിക്ഷു — യേനപ്രകാരേണ മനോസ്സംബന്ധിനീഷു പ്രജാസു,
യജമാനേഷു മദ്ധ്യേ
അഹ്നാം സു—ദിനേഷു — സുദിനത്വ നിമിത്തേഷു
യജ്ഞം ദധിധ്വേ — യജ്ഞം ധാരയഥ തഥായാത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം-അല്ലയോ വാജന്മാരേ, ഋഭുക്കളേ, ദേവന്മാരേ, ഞങ്ങളുടെ യജ്ഞത്തിന്നു് വന്നുചേൻ്നാലും. ദേവന്മാരാൽ വ രേണ്ടും വഴികളിലൂടെ, അല്ലയോ നല്ലവരായ ഋഭുക്കളേ, മനു പ്രഭവരായ യജമാനന്മാക്കിടയിൽ ദിവസങ്ങളുടെ നന്മക്കു വേ ണ്ടി, (സുദിനത്വത്തിന്നുവേണ്ടി, നിങ്ങൾ വന്നുചേൻ്നാൽ അ തു് സുദിനമായി) എപ്രകാരമായാൽ നിങ്ങൾ യജ്ഞം സ്വീക രിക്കുമോ ആപ്രകാരം വന്നാലും.

2 ഭേവോഹൃദേമനസേസന്തുയജ്ഞാ

ജുഷ്ടാസോഅദ്യഘൃതനിൎണ്ണിജോഗുഃ

പ്രവസ്സുതാസോഹരയന്തപൂൎണ്ണാഃ

ക്രത്വേദക്ഷായ ഹർഷയന്തപീതാഃ

അന്വയം:—

അദ്യ തേ (ഏതേ) യജ്ഞാഃ — അസ്മിൻ യാഗദിനേ യാഗസാധനാസ്സോമാഃ

വഃ ഹൃദേ മനസേ സന്തു — യുഷ്മദ്ധൃദയായ മനസേ ച പ്രീതികരാഭവന്തു

(അദ്യ) ജുഷ്ടാസഃ — പര്യാപ്താസ്സോമാഃ

ഘൃത—നിൎണ്ണിജഃ ഗുഃ — മിശ്രണദ്രവ്യേണ ദീപ്തരൂപാഃ യുഷ്മദ്ധൃദയംഗച്ഛന്തു

സുതാസഃ പൂൎണ്ണാഃ — അഭിഷുതാസ്സോമാഃ ചമസേഷുപൂൎണ്ണാഃ

വഃ പ്ര ഹരയന്ത — യുഷ്മാൻ കാമയന്തേ

ക്രത്വേ ദക്ഷായ — ക്രതവേ, കമ്മണേ ഉത്സാഹായ

പീതാഃ ഹർഷയന്ത — ഹർഷയന്തു

അത്ഥം- ഞങ്ങളുടെ ഈ യാഗദിനത്തിൽ യാഗസാധനങ്ങ ളായ സോമങ്ങൾ നിങ്ങളുടെ ഹൃദയത്തിന്നും മനസ്സിന്നും പ്രീ തികരങ്ങളാവട്ടെ. ഇപ്പോൾ നിങ്ങൾക്കു് കുടിക്കാൻ തികയു ന്ന സോമങ്ങൾ, നെയ് മുതലായി ചേക്കേണ്ടതു ചേത്തു് പ്രകാ ശരൂപങ്ങളായി നിങ്ങളുടെ ഹൃദയങ്ങളെ പ്രാപിക്കട്ടെ. സംസ്ക രിച്ച സോമങ്ങൾ ചമസങ്ങളിൽ നിറഞ്ഞതു് നിങ്ങളെ (നി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ങ്ങളും കുടിക്കാൻ) കാമിക്കുന്നു. കർമ്മത്തിന്നു് ഊർജ്ജിതത്വമു ണ്ടാകാൻവേണ്ടി അവ, നിങ്ങളാൽ കുടിക്കപ്പെട്ടു്, നിങ്ങളെ ഹർഷിപ്പിക്കട്ടെ.

3 ത്ര്യുദായംദേവഹിതംയഥാവ

സ്തോമോവാജാഋഭുക്ഷണോദദേവഃ

ജുഹ്വേമനുഷ്വദുപരാസുവിക്ഷു

യുഷ്മേസചാബൃഹദ്ദിവേഷുസോമം

അന്വയം:-

ത്രി-ഉദായം — ത്ര്യുദയം, സവനത്രയഗമനോ പേതം

ദേവ-ഹിതം — ദേവേഭ്യോഹിതം സോമാന്നം, തൃതീയസവനസ്ഥം

യഥാ വഃ ദദേ — യുഷ്മാൻ ധാരയതി

ഹേ വാജാഃ ഋഭുക്ഷണഃ,

സ്തോമഃ വഃ — ഋഭവഃ യഥാ സ്തോത്രം വഃ ദദേ

ഉപരാസു വിക്ഷു — ഉപ, ദേവയജ്ഞസമീപേ രമന്തേ ഇത്യുപരാഃ, താസുപ്രജാസു

ബൃഹൽ-ദിവേഷു

മനുഷ്വൽ — പ്രഭൂതദീപ്തിഷു ദേവേഷു മദ്ധ്യേ മനുരിവ

യുഷ്മേ സചാ — യുഷ്മദർത്ഥം സഹ, അനേക ഗ്രഹേഷു പ്രസ്ഥിതം

സോമം ജുഹ്വേ — ജുഹോമി

അർത്ഥം—മൂന്നുദയങ്ങളോടുകൂടിയ, അതായതു് മൂന്നു് സവന ങ്ങളിൽ ഉണ്ടാവുന്ന ദേവഹിതമായ സോമഹവിസ്സു്, മൂന്നാം സവനത്തിൽ വെച്ചതു് നിങ്ങളെ എപ്രകാരം ധരിക്കുന്നുവോ, താങ്ങുന്നുവോ, അല്ലയോ വാജന്മാരേ, ഋഭുക്കളേ, സ്തോത്രവും നിങ്ങളെ അതുപോലെ താങ്ങുന്നു. യജ്ഞത്തിൽ അടുത്തിരുന്നു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സന്തോഷിക്കുന്ന പ്രജകളിൽപെട്ട ഞാൻ അത്യന്തദീപ്തരായ ദേവന്മാരിൽ മനു എന്നപോലെ നിങ്ങൾക്കുവേണ്ടി അനേകം കുണ്ഡൻമരികകളിലൊഴിച്ച് സോമം ഹോമിയ്ക്കുന്നു.

4 പീവോഅശ്വാശ്ശുചദ്രഥാഹിഭൂതാ

യശ്ശിപ്രാവാജിനസ്സനിഷ്കാഃ

ഇന്ദ്രസ്യസൂനോശവസോനപാതോ

നുവശ്ചേത്യഗ്രിയംമദായ

അന്വയം:—

ഹേ വാജിനഃ, പീവഃ—

അശ്വാഃ	— ഋഭവഃ, പീവാനോശ്വാ യേഷാം തേ
(തഥാ) ശുചൽ–രഥാഃ	— ദീപ്തരഥാഃ
അയഃ–ശിപ്രാഃ	— അയോവൽ സാരഭൂത ഹനവഃ
സു–നിഷ്കാഃ ഭൂത ഹി	— ശോഭനധനാശ്ച ഭവതൈവ
ഹേ ഇന്ദ്രസ്യ സൂനോ,	— സൂനവഃ, പുത്രവദ്രക്ഷണീയാഃ (വചനവ്യത്യയഃ)
ഹേ ശവസഃ, നപാതഃ,	— ബലസ്യപുത്രാഃ
വഃ മദായ അഗ്രിയം അനു ചേതി	— യുഷ്മദ്യം ദേവേഷ്വഗ്രേ ഭവം ഹർഷായ അനുജ്ഞായി

അർത്ഥം—അല്പയോ ഋഭുക്കളേ, തടിച്ച കുതിരകളോടും തിളങ്ങുന്ന തേരുകളോടും ഇരുമ്പുപോലെ ഉറപ്പുററ താടിയെല്ലുകളോടും കൂടിയ നിങ്ങൾ ശോഭനധനന്മാരായി ഭവിക്കുക തന്നെ ചെയ്യുക. ഇന്ദ്രന്നു് മക്കളെപ്പോലെയുള്ളവരും ബലത്തിൻെറ പുത്രന്മാരുമായ ഋഭുക്കളേ, ദേവന്മാരുടെ മദ്ധ്യത്തിൽ വെച്ച് ഈ സോമത്തിൻെറ മേൽഭാഗം നിങ്ങളുടെ ഹർഷത്തിന്നുള്ളതെന്നറിയപ്പെടുന്നു.

5 ഋഭുമൃഭുക്ഷണോരയിംവാജേവാജിന്തമംയുജം

ഇന്ദ്രസ്വന്തംഹവാമഹേസദാസാതമമശ്വിനം വ. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ ഋഭുക്ഷണഃ, — ഋഭവഃ
ഋഭും രയിം — ഉരുഭാസമാനം ധനരൂപം, തദ്ധേതുഭൂതം
വാജേ വാജിൻ-തമം യുജം — സങ്ഗ്രാമേ അത്യന്തം ബലവന്തം, പരസ്പരയോഗോപേതം
ഇന്ദ്രസ്വന്തം — ഇന്ദ്രവന്തം, ഇന്ദ്രിയവന്തം
സദാ-സാതമം — സർവ്വദാ ദാതൃതമം
അശ്വിനം ഹവാമഹേ — അശ്വവന്തം ഭവതാം ഗണമാഹ്വയാമി

അർത്ഥം—അല്ലയോ ഋഭുക്കളേ,ഏററവും പ്രകാശിക്കുന്ന ധനത്തിൻെറ രൂപമുററതും (ധനകാരണഭൂതവും) യുദ്ധത്തിലത്യന്തം ബലവത്തും അന്യോന്യം ഇണങ്ങിയതും ഇന്ദ്രനോടുകൂടിയതും എപ്പോഴും ദാനശീലമിയന്നതും കുതിരകളൊത്തതുമായ നിങ്ങളുടെ ഗണത്തെ ഋഭുക്കൾ മൂന്നുപേരുടെയും സമൂഹത്തെ, ഞാൻ വിളിക്കുന്നു.

6 സേദൃഭവോയമവഥയൂയമിന്ദ്രശ്ചമർത്യം
സധീഭിരസ്തുസനിതാമേധസാതാസോഅർവ്വതാ

അന്വയം:—

ഹേ ഋഭവഃ, യൂയം ഇന്ദ്രഃ ച
യം മർത്യം അവഥ — രക്ഷഥ
സഃ ഇൽ അസ്തു — സ ഏവശ്രേഷ്ഠോ ഭവതു നാന്യഃ
മേധ-സാതാ — മേധസാതൌ, യജ്ഞേ
സഃ ധീഭിഃ സനിതാ — കർമ്മഭിഃ സംഭക്താ ഭവതു
സഃ അർവ്വതാ — ഝരണവതാശ്വേനയുക്തോ ഭവതു

അർത്ഥം-അല്ലയോ ഋഭുക്കളേ, നിങ്ങളുമിന്ദ്രനും ഏതു മനുഷ്യനെ രക്ഷിക്കുന്നുവോ അവൻ തന്നെ ശ്രേഷ്ഠനാകട്ടെ. മററാരുമല്ല. യജ്ഞത്തിൽ അവൻ തന്നെ ശ്രേഷ്ഠത പ്രാപിക്കട്ടെ. ഓട്ടമിടുക്കുള്ള കുതിരയൊത്തവനാകട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

7 വിനോവാജാഋഭുക്ഷണഃപഥശ്ചിതനയഷ്ടവേ

അസ്മഭ്യംസൂരയസ്സുതാവിശ്വാആശാസ്തരീഷണി

അന്വയം:–

ഹേ വാജാഃ, ഋഭുക്ഷണഃ, — ഋഭവഃ
നഃ പഥഃ യഷ്ടവേ — അസ്മാകം മാർഗ്ഗാൻ യഷ്ടും
വി ചിതന — വിചേതയത
ഹേ സൂരയഃ, സ്തുതാഃ
അസ്മഭ്യം — മേധാവിനോയൂയം സ്തുതാസ്സന്തഃ അസ്മഭ്യം
വിശ്വാഃ ആശാഃ — സർവ്വാദിശഃ
തരീഷണി — തരീതും സാമർത്ഥ്യം വിതരത

അർത്ഥം–അല്ലയോ വാജന്മാരേ, ഋഭുക്കളേ, ഞങ്ങളുടെ മാർഗ്ഗങ്ങളെ യജിക്കാനുള്ളവയായി, യജ്ഞമാർഗ്ഗങ്ങളായി, ബോധിപ്പിച്ചാലും. അല്ലയോ മേധാവികളേ, നിങ്ങൾ സ്തുതിക്കപ്പെട്ടവരായി, ഞങ്ങൾക്ക് എല്ലാദിക്കുകളെയും (എവിടെയുമുള്ള വിഷമങ്ങളെയും) കടന്നുപോകാനുള്ള കഴിവു തന്നരുളിയാലും.

8 തന്നോവാജാഋഭുക്ഷണഇന്ദ്രനാസത്യാരയിം

സമശ്വംചർഷണിഭ്യ ആപുരുശസ്തമഘത്തയേ വ. 10

അന്വയം:–

ഹേ വാജാഃ, ഋഭുക്ഷണഃ — ഋഭവഃ
ഹേ ഇന്ദ്ര. ഹേ നാസത്യാ — സത്യശീലാവശ്വിനൌ, യൂയം
നഃ ചർഷണി–ഭ്യഃ — സ്തോതൃഭ്യഃ
തം പുരു രയിം — പ്രഭൂതം ധനം
അശ്വം (ച) മഘത്തയേ — ധനദാനായ
സം ആ ശസ്ത — സമ്യഗാശസനം കുരുത

അർത്ഥം–അല്ലയോ വാജന്മാരേ, ഋഭുക്കളേ, അല്ലയോ ഇന്ദ്ര, സത്യശീലരായ അശ്വികളേ, നിങ്ങളെല്ലാം സ്തോതാക്കളായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഞങ്ങൾക്ക് ദാനകമ്മത്തിന്നായി ധാരാളം ധനവും കുതിരയും വേണ്ടപോലെ ആശംസിച്ചാലും. (ഉണ്ടാവാനനുഗ്രഹിച്ചാലും.)

വർഗ്ഗം 11–12 ത്രിഷ്ടുപ് ഛന്ദഃ ദ്യാവാപൃഥിവീദധിക്രാദേവതാ.

1 ഉതോഹിവാംദാത്രാസന്തിപൂർവ്വാ

യാപൂരുഭ്യസ്ത്രസദസ്യുർന്നിതോശേ

ക്ഷേത്രാസാംദദഥുരുർവ്വരാസാം

ഘനംദസ്യുഭ്യോ അഭിഭൂതിമുഗ്രം

അന്വയം:–

(ഹേ ദ്യാവാപൃഥിവ്യൌ)

ഉതോ ഹി വാം	— യുവാഭ്യാമേവസകാശാൽ
ദാത്രാ	— ദാനകർത്താപൌരുകുത്സേനത്ര സദസ്യുനാലബ്ധാനി
പൂർവ്വാ സന്തി	— പുരാതനാനിധനാനിസന്തി
യാ പൂരു–ഭ്യഃ	— യാന്യർത്ഥിഭ്യോമനുഷ്യേഭ്യഃ
ത്രസദസ്യുഃ നി–തോശേ	— ന്യദതോശൽ, ദത്തവാൻ
ക്ഷേത്ര–സാം	— ക്ഷേത്രാണി സർവ്വാംഭൂമീഃ സനോതീതി ക്ഷേത്രസാഃ അശ്വഃ, തം
ദദഥുഃ	— ദത്തവാൻ
(തഥാ) ഉർവ്വരാ–സാം	— ഉർവ്വരാസർവ്വസസ്യാഢ്യാഭൂഃ, താം സനോതീതി ഉർവ്വരാസഃ പുത്രഃ തം
അഭി–ഭൂതിം ഉഗ്രം	— അഭിഭവിതാരം തം ദദഥുഃ
ഘനം ദസ്യു–ഭ്യഃ	— ഹനനാഹമായുധം ശത്രുഭ്യഃ വധാർത്ഥംച ദദഥുഃ

അർത്ഥം–അല്ലയോ ദ്യാവാപൃഥിവികളേ, നിങ്ങളിൽ നിന്ന് ദാനശീലനായ പുരുകുത്സപുത്രൻ, ത്രസദസ്യുവിനാൽ മുമ്പ ലഭിച്ച ധനങ്ങൾ അർത്ഥികളായ എത്രയോ മനുഷ്യക്ക് അദ്ദേഹം കൊടുത്തുവല്ലൊ. ഭൂവിലെങ്ങുമെത്തുന്ന കുതിരയെ കൊ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ടുത്തു. സസ്യാഢ്യയായ ഭൂമിയെ ദാനം കൊടുക്കുന്നവനും ശത്രുക്കളെ ജയിക്കുന്നവനുമായ ഊക്കററ പുത്രനെ കൊടുത്തു. ശത്രുവധത്തിന്നു പററിയ ആയുധവും കൊടുത്തു.

2 ഉതവാജിനംപുരുനിഷ്ഷിദ്ധ്വാനം

ദധിക്രാമുദദഥുർവ്വിശ്വകൃഷ്ടിം

ഋജിപ്യംശ്യേനംപ്രുഷിതപ്സുമാശും

ചർകൃത്യമര്യോനൃപതിംനശൂരം

അന്വയം:—

ഉത വാജിനം	—	അശ്വരൂപം (അഗ്നേരശ്വരൂപസ്യ ദധിക്രാഖ്യത്വാൽ)
പുരുനിഃ— സിദ്ധ്വാനം	—	പുരൂണാം, ബഹൂനാം, ശത്രൂണാം നിഷ്ഷേദ്ധാരം
ദധി–ക്രാം	—	തന്നാമകം ദേവം
വിശ്വ–കൃഷ്ടിം	—	വിശ്വാഃ കൃഷ്ടയഃ രക്ഷണീയാഃ യസ്യതം
ഋജിപ്യം	—	യഃ ഋജു ആപ്നോതി, ഗച്ഛതി തം
ശ്യേനം പ്രുഷിത–പ്സും	—	ശംസനീയഗമനം, ദീപ്തരൂപം
ആശും, അര്യഃ ചർകൃത്യം	—	ശീഘ്രഗമനം, അരേഃ കർത്തനശീലം
ശൂരം നൃ–പതിം ന	—	രാജാനമിവസ്ഥിതം ദേവം
ദദഥുഃ ഉ	—	ധാരയതഃ ഖലു

അത്ഥം - (കുതിരയുടെ ആകൃതിയോടുകൂടിയ അഗ്നിയാണ് ദധിക്രാവെന്നു് പ്രഖ്യാതനായ ദേവൻ)

കുതിരയുടെ ആകൃതിയുള്ളവനും വളരെ ശത്രുക്കളെ തള്ളിമാററുന്നവനും ആയ ദധിക്രാവെന്ന ദേവനെ, അല്ലയോ ദ്യാവാപൃഥിവികളേ, നിങ്ങളാണല്ലൊ തന്നതു്, ധരിക്കുന്നതു്. എല്ലാ പ്രാണികളും ആരാൽ രക്ഷിക്കപ്പെടേണ്ടവരോ, ആർ നേരേ പോകുന്നവോ, ആർ പ്രശംസനീയമായ ഗതിയോത്തവനും

* 52

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രകാശമുററ രൂപമൊത്തവനും ശീഘ്രഗാമിയും, ശത്രുക്കളെ അറക്കുന്നവനുമാണോ, വീരനായ രാജാവിനെപ്പോലെ നില കൊള്ളുന്ന ആ ദധിക്രാവിനെ നിങ്ങളാണ് ധരിക്കുന്നത്.

3 യംസീമനുപ്രവതേവദ്രവന്തം
വിശ്വഃപൂരുർമ്മദതിഹർഷമാണഃ
പഡ്ഭിർഗൃധ്യന്തംമേധയുംനശൂരം
രഥതുരംവാതമിവധ്രജന്തം

അന്വയം:-

സീം പ്രവതാ-ഇവ
അനു ദ്രവന്തം — സർവ്വതഃ പ്രവണവതാ നിമ്നേന മാർഗ്ഗേണാനുക്രമേണ ഗച്ഛന്തം
മേധ-യും ന ശൂരം — സങ്ഗ്രാമേച്ഛും ശൂരമിവ
പഡ്-ഭിഃ ഗൃദ്ധ്യന്തം — ദിശോലങ്ഘിതും പാദൈഃ അഭികാംക്ഷന്തം
രഥ-തുരം — രഥേന ഗച്ഛന്തം
വാതം- ഇവ ധ്രജന്തം — വായുമിവ ശീഘ്രഗം
യം വിശ്വഃ പൂരുഃ — സർവ്വോപി മനുഷ്യഃ
ഹർഷമാണഃ മദതി — ഹൃഷ്യൻ സ്തൗതി
(തം ദേവം ദധിക്രാം ദ്യാവാപൃഥിവ്യൌ ദധേഃ)

അർത്ഥം-എങ്ങും താഴ്ന്ന പ്രദേശങ്ങളിലേയ്ക്ക് തടസ്സപ്പെടാതെ ക്രമത്തിലൊഴുകുന്ന വെള്ളം പോലെ ഗമിക്കുന്നവനും യുദ്ധമിച്ഛിക്കുന്ന ശൂരനെപ്പോലെ കാൽകളാൽ ദിക്കുകളെ പിടിച്ചടക്കാൻ കാംക്ഷിക്കുന്നവനും തേരിൽ സഞ്ചരിക്കുന്നവനും വായുവിനെപ്പോലെ ശീഘ്രഗാമിയുമായ യാതൊരു ദധിക്രാവിനെ എല്ലാ മനുഷ്യരും ഹർഷിച്ച് സ്തുതിക്കുന്നുവോ ആ ദേവനെ ദ്യാവാപൃഥിവികളാണ് തന്നത്, ധരിക്കുന്നത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

4 യസ്സാരുന്ധാനോഗധ്യാസമൽസു
സന്തരശ്ചരതിഗോഷുഗച്ഛൻ
ആവിരൃജീകോവിദഥാനിചിക്യ
ത്തിരോഅരതിംപര്യാപആയോഃ

അന്വയം:—

യഃ സ്മ — യഃ ഖലു ദേവഃ
ഗദ്ധ്യാ — മിശ്രയിതവ്യാനി ഫലാനി
സമൽ–സു ആ–രുന്ധാനഃ — സങ്ഗ്രാമേഷു സർവ്വതോ നിരോധയൻ
സനു–തരഃ — സംഭക്തൃതരഃ
ഗോഷു ഗച്ഛൻ — സർവ്വാസു ദിക്ഷു ഗച്ഛൻ
ആവിഃ—ഋജീകഃ — ആവിർഭൂതസാധനഃ
വിദഥാ നി–ചിക്യൽ — വിദഥാനി ജ്ഞാതവ്യാനി ജാനൻ
ആപഃ ആയോഃ — ആപ്തസ്യ, സ്തോതുർമ്മനുഷ്യസ്യ, യജമാനസ്യ
അരതിം — അരമണം, ദുഃഖമഭിഗന്താരമരിം
പരി തിരഃ ചരന്തി — സർവ്വതഃ തിരസ്കരോതി
(തം ദധിക്രാം ദ്യാവാപൃഥിവ്യൌ ദദഥുഃ)

അർത്ഥം– ഏതുദേവൻ യുദ്ധങ്ങളിൽ മിശ്രങ്ങളായി വരാവുന്ന ഫലങ്ങളെ (പ്രതികൂലഫലങ്ങളെ) തടഞ്ഞു്, അവയിലിറങ്ങി, എല്ലാടങ്ങളിലുമെത്തി വേണ്ടിടങ്ങളിൽ തേർ, തേരാളി, ധനം മുതലായതുണ്ടാക്കി, അറിയേണ്ടവയറിഞ്ഞ്, സ്തോതാവായ യജമാനനു ക്ലേശകാരിയായ ശത്രുവിനെ എന്നും മടക്കുന്നുവോ ആ ദധിക്രാവിനെ ദ്യാവാപൃഥിവികളാണ് തന്നതു്.

5 ഉതസ്മൈനംവസ്ത്രമഥിംനതായു
മനുക്രോശന്തിക്ഷിതയോഭരേഷു
നീചായമാനംജസുരിംനശ്യേനം
ശ്രവശ്ചാച്ഛാപശുമച്ചയൂഥം വ. 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:–

ഉത സ്മ ഏനം — അപി ഖലു ദധിക്രാം
ഭരേഷു — സംഗ്രാമേഷു
വസ്ത്ര-മഥിം തായും ന — വസ്ത്രമാഥിനം തസ്കരമിവ
ക്ഷിതയഃ അനു ക്രോശന്തി — മനുഷ്യാഃ യഥാ തദ്വൽ
വൈരിണഃ അനുക്രോശന്തി
(കിംച) നീചാ
അയമാനം — നീചൈർഗ്ഗച്ഛന്തം
ജസുരിം ന ശ്യേനം — ക്ഷുധിതം ശ്യേനം പക്ഷിണ
മിവ തം യഥാ ദൃഷ്ട്വാ പക്ഷിണഃ
പലായതേ തദ്വൽ
ശ്രവഃ ച പശ്വ–മൽ യൂഥം
ച അച്ഛ — അഭിലക്ഷ്യ ഗച്ഛന്തം ഏന
മനുക്രോശന്തീതി

അർത്ഥം–പിന്നെ വസ്ത്രം പിടിച്ചു പറിക്കുന്ന കള്ളനെക്കുറിച്ച് മനുഷ്യർ നിലവിളിയ്ക്കുന്നപോലെ, ദധിക്രാവിനെ (കണ്ടാൽ) ശത്രുക്കൾ നിലവിളിക്കുട്ടുന്നു. പിന്നെ താഴ്ന്നു പറന്നുവരുന്ന വിശപ്പുററ പരുന്തിനെക്കണ്ടു് മററു പക്ഷികൾ പേടിച്ചകലുന്നപോലെ, അന്നത്തെയും പശുക്കൂട്ടത്തെയും അഭിമുഖീകരിച്ചു വരുന്ന അവിടുത്തെക്കുറിച്ച് ശത്രുക്കൾ നിലവിളിക്കുന്നു.

6 ഉതസ്മാസുപ്രഥമസ്സരിഷ്യ
ന്നിവേവേതിശ്രേണിഭീരഥാനാം
സ്രജം കൃണ്വാനോജന്യോനശുഭ്വാ
രേണുംരേരിഹൽകിരണംദദശ്വാൻ

അന്വയം:–

ഉത സ്മ ആസു — അപിച ഖലു അസുരസേനാസു
സരിഷ്യൻ, പ്രഥമഃ — സത്ത്വമിച്ഛൻ, പ്രതമഃ,
ഉൽകൃഷ്ടതമസ്സൻ
രഥാനാം ശ്രേണി–ഭിഃ — രാജിഭിരുക്തസ്സൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്രജം കൃണ്വാനഃ	—	അലങ്കൃതിം കുർവ്വാണഃ
ജന്യഃ ന ശുഭ്വോ	—	ജനേഭ്യോ ഹിതോശ്വഃ ഇവ സുഭ്വോ, ശോഭമാനഃ
കിരണം ദദശ്വാൻ	—	ആസ്യഗതം ഖലീനം ദശൻ
നി വേവേതി	—	നിതരാം ഗച്ഛതി, ഇതസ്തതോധാവതി
രേണും രേരിഹൽ	—	സ്വപാദഘാത ജനിതം രജഃ ലേലിഹൽ, ഭൃശം ലേഢി

അർത്ഥം—മാത്രമല്ല, അസുരസേനകളിൽ ഇറങ്ങാനിച്ഛിക്കുന്നവനും അത്യന്തം ഉൽകൃഷ്ടനായി തേർനിരകളോടുകൂടിയവനുമായി, അവിടുന്ന് കോപ്പണിഞ്ഞു് ജനങ്ങൾക്കിണങ്ങിയവനും ശോഭമാനനുമായി, തന്റെ വായിൽ പെട്ട കടിഞ്ഞാൺ കടിച്ചുകൊണ്ടു്, തന്റെ കാൽ പൊടി നക്കുന്നവനായി (കുതിരപോലെ) അങ്ങുമിങ്ങുമോടുന്നു.

7 ഉത സ്യ വാജീ സഹുരിരൃതാവാ
ശുശ്രൂഷമാണസ്തന്വാ സമര്യേ
തുരം യതീഷു തുരയന്നൃജിപ്യോ
ധിഭ്രുവോഃ കിരതേ രേണുമൃഞ്ജൻ

അന്വയം:—

ഉത സ്യഃ വാജീ	—	അപി ച സഃ വേജനവാൻ, ഗമനശീലഃ
സ—മര്യേ സഹുരിഃ	—	സമരണേ ശത്രൂണാം സഹനശീലഃ
ഋത—വാ	—	അന്നവാൻ
തന്വാ ശുശ്രൂഷമാണഃ	—	സ്വാവയവേന സ്വതനും ശുശ്രൂഷമാണഃ
തുരം യതീഷു തുരയൻ	—	ത്വരഗാമിനീഷ്വസുരസേനാസു ത്വരയൻ
ഋജിപ്യഃ രേണും ഋഞ്ജൻ	—	ഋജുഗാമീ ധൂളിം പ്രസാധയൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(തമേവ രേണും) ഭ്രുവോഃ
അധി കിരതേ — ഉപരിവിക്ഷിപതി

അർത്ഥം–മാത്രമല്ല വേഗവാനായ, അവിടുന്ന് യുദ്ധത്തിൽ ശത്രുക്കളെ പൊറുക്കുന്നവനായി, അന്നവാനായി സ്വന്തം അവയവത്താൽ സ്വശരീരത്തെ താലോലിക്കുന്നവനായി (കുളമ്പ്, വാൽ മുതലായവയാൽ) പെട്ടെന്നു വരുന്ന അസുരസേനകളിൽ പെട്ടെന്നു ചെല്ലുന്നവനായി, പൊടി പറപ്പിച്ചു കൊണ്ട് ആ പൊടിയെത്തന്നെ മേൽഭാഗത്തു പരത്തുന്നു.

8 ഉതസ്മാസ്യതന്യതോരിവദ്യോ
ഋഘായതോഅഭിയുജോഭയന്തേ
യദാസഹസ്രമഭിഷീമയോധീ
ദുർവ്വർത്തുസ്മാഭവതിഭീമഋഞ്ജൻ

അന്വയം:–

ഉത സ്മ ദ്യോഃ — അപിച ഖലു ദീപ്യമാനാൻ
തന്യതോഃ–ഇവ
ഋഘായതഃ — ശബ്ദയിതുരശനേരിവ ഹിംസതഃ
അസ്യ അഭി–യുജഃ — അസ്മാൽ ദേവാൽ അഭിയോക്താരോസുരാഃ
ഭയന്തേ — ബിഭ്യതി
യദാ സീം — സർവ്വതഃ
സഹസ്രം അഭി
അയോധീൽ — സംപ്രഹരേൽ
(തദാ) ഋഞ്ജൻ — ആത്മാനം പ്രസാധയൻ
ഭീമഃ ദുഃ–വർത്തുഃ ഭവതി സ്മ — ഭയഹേതുഃ ദുർവ്വാരശ്ച ഭവതി ഖലു

അർത്ഥം–അത്രമാത്രമല്ല ഭാസമാനനും വെട്ടുന്ന ഇടിപോലെ ഹിംസിക്കുന്നവനുമായ ഈ ദേവനെ (ദധിക്രാവിനെ) യുദ്ധത്തിന്നൊരുങ്ങി നേരിടുന്ന അസുരന്മാർ ഭയപ്പെടുന്നു. എ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്പോഠം ആയിരക്കണക്കിൽ ശത്രുക്കാം നേരെ ആഞ്ഞടിക്കുമോ, അപ്പോഠം സ്വയം രക്ഷിച്ചുകൊണ്ടു് ഭയങ്കരനും തടുക്കാൻ വയ്യാത്തവനുമായി തീരുകതന്നെ ചെയ്യുന്നു.

9 ഉതസ്മാസ്യപനയന്തിജനാ

ജൂതിംകൃഷ്ടിപ്രോഅഭിഭൂതിമാശോഃ

ഉതൈനമാഹുസ്സമിഥേവിയന്തഃ

പരാദധിക്രാഅസരൽസഹസ്രൈഃ

അന്വയം:—

ഉത സ്മ കൃഷ്ടി—പ്രഃ	— കൃഷ്ടീനാം മനുഷ്യാണാം പൂരകസ്യ
ആശോഃ അസ്യ	— വ്യാപ്തസ്യ തസ്യ ദധിക്രാവ്ണഃ
അഭി—ഭൂതിം ജൂതിം	— അഭിഭവിത്രീം പരാഭിഭൂതിം
ജനാഃ പനയന്തി	— സ്തുവന്തി
ഉത ഏനം സം—ഇഥേ	— സങ്ഗ്രാമേ
വി—യന്തഃ	— വിവിധം ഗച്ഛന്തോ ജനാഃ
(അയം) 'ദധി—ക്രാഃ	
സഹസ്രൈഃ	— തൽസംഖ്യാകൈരനുചരൈഃ പരിവൃതഃ
പരാ അസരൽ'	— അസ്മാൻ വിഹായാന്യാൻ ഹന്തും ഗതഃ ഇതി
ആഹുഃ	— വദന്തി

അത്ഥം—അത്രയുമല്ല മനുഷ്യക്ക് അഭിലാഷപൂത്തി വരുത്തുന്നവനും എങ്ങും വ്യാപിച്ചവനുമായ ഈ ദധിക്രാവു് ജയശീലത്തോടുകൂടി ശത്രുക്കളെ കീഴടക്കുന്നതിനെ ജനങ്ങഠം പുകഴ്ത്തുന്നു. ഇപ്രകാരം ശത്രുക്കളെ കീഴടക്കിയ ശേഷം 'ഈ ദധിക്രാവു് ആയിരക്കണക്കിൽ അനുചരന്മാരാൽ ചുററപ്പെട്ടവനായി, നമ്മളെ വിട്ടു് അന്യരെ ഹനിക്കാൻ പോയി' എന്നു് യുദ്ധത്തിന്നു് പലപാടും പോകുന്ന ജനങ്ങഠം പറയുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

10 ആദധിക്രാശ്ശവസാപഞ്ചകൃഷ്ടീ
സ്സൂര്യഇവജ്യോതിഷാപസ്തതാന
സഹസ്രസാശ്ശതസാവാജ്യർവ്വാ
പൃണക്തുമധ്വാസമിമാവചാംസി വ. 12

അന്വയം:—

(യഃ) ദധി-ക്രാഃ ശവസാ
പഞ്ച കൃഷ്ടീഃ — ബലേന പഞ്ചജനാൻ, ദേവ മനുഷ്യാസുരരക്ഷഃ പിതൃസംജ്ഞകാൻ
സൂര്യഃ-ഇവ ജ്യോതിഷാ — തേജസായഥാ ജഗദാവൃണോതി തദ്വൽ
അപഃ ആ തതാന — ഉദകാനി ആതനോതി
സഹസ്ര-സാഃ ശത-സാഃ — സഹസ്രാണാം ശതാനാം ദാതാ
വാജീ, അർവ്വാ — വേഗവാൻ, അരണകുശലസ്സഃ
മധ്വാ ഇമാ വചാംസി
സം പൃണക്തു — മധുരരസേന ഫലേന ഇമാന്യുക്താനി സ്തുതിവചനാനി സംയോജയതു

അർത്ഥം—യാതൊരു ദധിക്രാവ്, സ്വബലത്താൽ ദേവമനുഷ്യാസുരരക്ഷഃ പിതൃക്കളായ പഞ്ചജനങ്ങൾക്ക്, സൂര്യൻ തേജസ്സുകൊണ്ട് ജഗത്തു മൂടുന്നപോലെ, ജലങ്ങളുണ്ടാക്കിക്കൊടുക്കുന്നുവോ, ആയിരക്കണക്കിലും നൂറുകണക്കിലും ദാനം ചെയ്യുന്നവനും വേഗവാനും ഗമനകുശലനുമായ അവിടുന്ന് മധുരരസമായ ഫലത്തോട് നമ്മുടെ ഈ സ്തുതിവചസ്സുകളെ യോജിപ്പിക്കട്ടെ. (നമ്മുടെ സ്തുതികൾക്ക് അഭീഷ്ടഫലമരുളട്ടെ.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വർഗ്ഗം—13–ത്രിഷ്ടുബനുഷ്ടുഭൗഛന്ദസീ.

1 ആശ്രും ദധിക്രാംതമുനഷ്ടവാമ
ദിവസ്പൃഥിവ്യാഉതച്ക്കിരാമ
ഉച്ഛന്തീമ്മാമുഷസസ്സൂദയ
ന്ത്വതിവിശ്വാനിദുരിതാനിപഷൻ

അന്വയം:–

ആശ്രും തം ഉ ദധി–ക്രാം — വേഗവന്തം തമേവ ദധിക്രാം
നസ്സവാമ — ക്ഷിപ്രം സ്തവാമ
ഉത ദിവഃ പൃഥിവ്യാഃ — അപിച തദ്ഭ്യാം സകാശാൽ അസ്യഘാസം
ച്ക്കിരാമ — വിക്ഷിപാമ
ഉച്ഛന്തീഃ ഉഷസഃ — തമോവിവാസയന്തീഃ ഉഷസഃ
മാം (പ്രതി) സൂദയന്തു — ഫലാനി രക്ഷന്തു
വിശ്വാനി ദുഃ–ഇതാനി
അതി പഷൻ — അതിപാരയന്തു

അത്ഥം–ശീഘ്രഗാമിയായ ആ ദധിക്രാവിനെ ഇതാ വേഗം സ്തുതിക്കുന്നേൻ. കൂടാതെ ദ്യോവിൽ നിന്നും ഭൂവിൽ നിന്നും അവിടേയ്ക്കുവേണ്ട ഭക്ഷണം എറിഞ്ഞു കൊടുക്കുന്നു. ഇരുളകററുന്ന ഉഷസ്സുകൾ എൻെറ കമ്മഫലങ്ങളെ രക്ഷിക്കട്ടെ. എല്ലാ ദുരിതങ്ങളെയും അക്കരെപററിക്കട്ടെ.

2 മഹശ്ചക്മ്മ്യൎവ്വതഃക്രതുപ്രാ
ദധിക്രാവ്ണഃപുരുവാരസ്യവൃഷ്ണഃ
യംപൂരുഭ്യോദീദിവാംസംനാഗ്നിം
ദദഥുമ്മിത്രാവരുണാതതുരിം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

ഹേ മിത്രാവരുണാ, — മിത്രാവരുണൌ, യുവാം
തത്തുരിം യം — താരകം യം
ദീദി-വാസം അഗ്നിം ന — ദീപ്യമാനമഗ്നിമിവസ്ഥിതം
പൂരു-ഭ്യഃ ദധഥുഃ — ബഹുഭ്യോ മനുഷ്യേഭ്യഃ
ഉപകാരായ ധാരയഥഃ
മഹഃ അർവ്വതഃ — മഹതഃ അരണവതഃ
പുരു-വാരസ്യ — പുരുഭിഃ, ബഹുഭിർവ്വരണീയസ്യ
വൃഷ്ണഃ ദധി-ക്രാവ്ണഃ — വർഷകസ്യ തസ്യസ്തുതിം
ക്രതു-പ്രാഃ ചക്കർമ്മി — കർമ്മണാം പൂരകോഹമത്യർത്ഥം
കരോമി

അർത്ഥം—അല്ലയോ മിത്രവരുണന്മാരേ, നിങ്ങൾ, ദുരിതത്തിൽ നിന്ന് കരകയററുന്നവനും പ്രകാശമാനനായ അഗ്നിപോലെ സ്ഥിതനുമായ ഏവനെ, എത്രയോ മനുഷ്യർക്കുപകാരത്തിന്നായി ധരിക്കുന്നുവോ, മഹാനും ഗമനശീലനും, വളരെപേരാൽ വരിക്കത്തക്കവനും ഫലവർഷകനുമായ ദധിക്രാവിനെ കർമ്മം മുഴുമിക്കുന്നവനായി ഞാൻ ഏററവും സ്തുതിക്കുന്നു.

3 യോ അശ്വസ്യദധിക്രാവ്ണോഅകാരീൽ
സമിദ്ധേഅഗ്നാഉഷസോവ്യുഷ്ടൌ
അനാഗസംതമദിതിഃകൃണോതു
സമിത്രേണവരുണേനാസജോഷാഃ

അന്വയം:-

യഃ അശ്വസ്യ
ദധി-ക്രാവ്ണഃ — അശ്വരൂപസ്യ തസ്യ സ്തുതിം
ഉഷസഃ വി-ഉഷ്ടൌ — പ്രഭാതേസതി
അഗ്നൌ സം-ഇദ്ധേ
(സതി) അകാരീൽ — അകാർഷീൽ
മിത്രേണ വരുണേന
സ-ജോഷാഃ — സമാനപ്രീതിഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സഃ അദിതിഃ — അഖണ്ഡനീയഃ ദധിക്രാ
തം അനാഗസം കൃണോതു — യജമാനം പാപരഹിതം കരോതു

അര്ത്ഥം—ഏവന് അശ്വരൂപനായ (അല്ലങ്കില് വ്യാപ്തനായ) ദധിക്രാവിന്റെ സ്തുതി പ്രഭാതത്തില് അഗ്നി ജ്വലിക്കത്തവേ ചെയ്യുന്നുവോ, മിത്രനോടും വരുണനോടുംകൂടി സമാനപ്രീതനും പൂര്ണ്ണനുമായ ആ ദധിക്രാവ് ആ യജമാനനെ പാപരഹിതനാക്കട്ടെ.

4 ദധിക്രാവ്ണ്ണഇഷഊര്ജ്ജോമഹോയ
ദമന്മഹിമരുതാംനാമഭദ്രം
സ്വസ്തയേവരുണംമിത്രമഗ്നിം
ഹവാമഹഇന്ദ്രംവജ്രബാഹും

അന്വയം:-

ഇഷഃ ഊര്ജ്ജഃ മഹഃ
ദധി-ക്രാവ്ണഃ — അന്നസാധകസ്യ, ബലസാധകസ്യ മഹതസ്തസ്യ
മരുതാം ഭദ്രം — സ്തോതൃണാം കല്യാണം
നാമ യത് അമന്മഹി — നാമരൂപം യദസ്തി തത് സ്തുമഃ
വരുണം മിത്രം അഗ്നിം
വജ്ര-ബാഹും — വജ്രഹസ്തം
ഇന്ദ്രം സ്വസ്തയേ
ഹവാമഹേ — ക്ഷേമായാഹ്വയാമഃ

അര്ത്ഥം—അന്നംനേടിത്തരുന്നവനും ബലമുണ്ടാക്കിത്തരുന്നവനും ആയ ദധിക്രാവിന്ന്, സ്തോതാക്കള്ക്ക് മംഗളമിയററുന്ന നാമരൂപം യാതൊന്നുണ്ടോ, അതിനെ സ്തുതിക്കുന്നു. വരുണനെയും മിത്രനെയും വജ്രം കയ്യിലേന്തിയ ഇന്ദ്രനെയും ക്ഷേമത്തിന്നായി വിളിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

5 ഇന്ദ്രമിവേദുഭയേവിഹ്വയന്ത

ഉദീരാണായജ്ഞമുപപ്രയന്തഃ

ദധിക്രാമുസൂദനംമർത്യായ

ദദഥുർമ്മിത്രാവരുണാനോ അശ്വം

അന്വയം:-

(യം) മർത്യായ സൂദനം — മർത്യസ്യ പ്രേരകം
അശ്വം ദധി-ക്രാം ഉ — അശ്വരൂപം ദധിക്രാമേവ
ഹേ മിത്രാവരുണാ,
നഃ ദദഥുഃ — മിത്രാവരുണൌ അസ്മദർത്ഥം ധാരയഥഃ
ഇന്ദ്രം—ഇവ — തമിവ ഏനം ദധിക്രാം
ഉൽ-ഈരാണാഃ — യുദ്ധായ ഉദ്യോഗം കുർവ്വന്തഃ
യജ്ഞം ഉപ-പ്രയന്തഃ — ഉപക്രമ്യ വർത്തമാനാശ്ച
ഉഭയേ ഇൽ വി ഹ്വയന്തേ — ആഹ്വയന്തി

അർത്ഥം-യാതൊരു അശ്വരൂപനായ ദധിക്രാവിനെത്തന്നെ അല്ലയോ മിത്രവരുണന്മാരേ, നിങ്ങൾ ഞങ്ങൾക്കുവേണ്ടി ധരിക്കുന്നുവോ ഇന്ദ്രനെപ്പോലെ ആ ദധിക്രാവിനെ പോരിന്നു പുറപ്പെട്ടുന്നവരും യജ്ഞമാരംഭിച്ചു നടത്തുന്നവരും രണ്ടു കൂട്ടരും വിളിക്കുന്നു.

6 ദധിക്രാവ്ണോഅകാരിഷംജിഷ്ണോരശ്വസ്യവാജിനഃ

സുരഭിനോമുഖാകരൽപ്രണആയൂംഷിതാരിഷൽ വ.13

അന്വയം:—

ജിഷ്ണോഃ അശ്വസ്യ — ജയശീലസ്യ വ്യാപകസ്യ
വാജിനഃ ദധി-ക്രാവ്ണഃ
അകാരിഷം — സ്തുതിം കരവാണി
(സഃ) നഃ മുഖാ — മുഖാനി, ചക്ഷുരാദീന്ദ്രിയാണി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സുരഭി കരൽ — സുരഭീണി കരോതു
നഃ ആയൂംഷി പ്ര
താരിഷൽ — പ്രവദ്ധയതു

അത്ഥം—ജയശീലനും എങ്ങും വ്യാപിച്ചവനും വേഗവാനുമായ ദധിക്രാവു് നമ്മുടെ കണ്ണു് മുതലായ ഇന്ദ്രിയങ്ങളെ സുരഭികരം (ആരോഗ്യവത്തുക്കരം) ആക്കട്ടെ. നമുക്കു് ആയുസ്സുകരം വദ്ധിപ്പിക്കട്ടെ.

വർഗ്ഗം–14–ത്രിഷ്ടുബ്ജഗത്യൗഛന്ദസീ

1 ദധിക്രാവ്ണഇദുനചക്കിരാമ
വിശ്വാഇന്മാമുഷസ്സൂദയന്തു
അപാമഗ്നേരുഷസസ്സൂര്യസ്യ
ബൃഹസ്പതേരാങ്ഗിരസസ്യജിഷ്ണോഃ

അന്വയം:—

ദധി–ക്രാവ്ണഃ ഇൽ ഉ — തസ്യൈവ സ്തുതിഃ
ന ചക്കിരാമ — ക്ഷിപ്രം ഭൃശം കരവാമ
മാം വിശ്വാഃ ഇൽ ഉഷസഃ — സർവ്വാ അപ്യുഷസഃ
സൂദയന്തു — കമ്മസു പ്രേരയന്തു
അപാം ആങ്ഗിരസസ്യ
അഗ്നേഃ, ഉഷസഃ, ജിഷ്ണോഃ
സൂര്യസ്യ, ബൃഹസ്പതേഃ, — ഏതേഷാം ദേവാനാം സ്തുതിം കരവാണി

അത്ഥം—ദധിക്രാവിൻെറ തന്നെ സ്തുതി ഇതാ വേഗം ചൊല്ലുന്നു. എല്ലാ പ്രഭാതങ്ങളും തന്നെ എന്നെ കമ്മത്തിൽ പ്രേരിപ്പിക്കട്ടെ. [ജലങ്ങരംക്കും, ആങ്ഗിരസനായ അഗ്നിക്കും, ഉഷസ്സിന്നും ജയശീലനായ സൂര്യന്നും ബൃഹസ്പതിക്കും സ്തുതിചൊല്ലുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

2 സത്വാഭരിഷോഗവിഷോദുവന്യസ

ച്ഛ്രവസ്യാദിഷഉഷസസ്തുരണ്യസൽ

സത്യോദ്രവോദ്രവരഃപതങ്ഗരോ

ദധിക്രാവേഷമൂർജംസ്വർജ്ജനൽ

അന്വയം:-

സത്വാ, ഭരിഷഃ	— ഗന്താ, ഭരണകുശലഃ
ഗോ-ഇഷഃ	— ഗവാം പ്രേരകഃ
ദുവന്യ-സൽ	— ദുവഃ. പരിചരണമിച്ഛന്തഃ തേഷുസീദതീതി
ഇഷഃ ഉഷസഃ	— ഇഷ്യമാണായാഃ ഉഷസ സ്സംബന്ധിനികാലേ
ശ്രവസ്യാൽ	— ശ്രവസ്യേൽ, അന്നമിച്ഛേൽ
(കിംച) തുരണ്യ-സൽ	— ത്വരയാസീദതീതി തുരണ്യസൽ
സത്യഃ, ദ്രവഃ	— സത്സു തായമാനഃ, സ്തൂയമാനഃ, ഗന്താ
ദ്രവരഃ പതങ്ഗരഃ	— ഉൽകൃഷ്ടവേഗവാൻ, ഉത്പ്ലവന പതനവാൻ
ദധി-ക്രാവാഇഷം ഊർജ്ജം	— ദധിക്രാ അന്നം ബലം
സ്വഃ ജനൽ	— സ്വർഗ്ഗം ച ജനയേൽ ഉല്പാദയേൽ

അർത്ഥം—സഞ്ചരിച്ചുകൊണ്ടിരിക്കുന്നവനും ഏവരെയും കീഴടക്കി ഭരിക്കുന്നവനും പശുക്കളുടെ പാൽ ചുരത്തിക്കുന്നവനും തന്നെ പരിചരിക്കുന്നവരിൽ വർത്തിക്കുന്നവനും ആയ ദധിക്രാവ് കർമ്മപ്രേരകമായ പ്രഭാതകാലത്ത് നമുക്കന്നമിച്ഛിക്കട്ടെ. പിന്നെ ത്വരയോടുകൂടി ഇരിക്കുന്നവനും സത്യത്തിൽ സ്തുതിക്കപ്പെടുന്നവനും നടപ്പും ഓട്ടവും ചാട്ടവുമാർന്നവനുമായ ദധിക്രാവ് അന്നവും ബലവും സ്വർഗ്ഗവും നമുക്കുണ്ടാക്കട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

3 ഉതസ്മാസ്യദ്രവതസ്തുരണ്യതഃ

പർണ്ണംനവേരനുവാതിപ്രഗർദ്ധിനഃ

ശ്യേനസ്യേവ ധ്രജതോഅങ്കസംപരി

ദധിക്രാവ്ണസ്സഹോർജ്ജാതരിത്രതഃ

അന്വയം:—

ഉത സ്മ ദ്രവതഃ	— അപിച ഖലു ഗച്ഛതഃ
തുരണ്യതഃ പ്ര—ഗർദ്ധിനഃ	— ത്വരമാണസ്യ, പ്രകർഷേണാഭികാംക്ഷതഃ
അസ്യ ദധി—ക്രാവ്ണഃ	
വേഃ	— ഗന്തുഃ പക്ഷിണഃ ഗതിം
പർണ്ണം ന അനു വാതി	— പത്രം യഥാ പാന്തി അന്യേ പക്ഷിണസ്തദ്വൽ (സർവ്വേഷാമപി ശീഘ്രഗാമീ)
(കിംച) ധ്രജതഃ,	
തരിത്രതഃ	— ഗച്ഛതഃ, അന്യാൻ താരയതഃ
ശ്യേനസ്യ—ഇവ	
അങ്കസം	— പാദാധാരം
പരി ഊർജ്ജാ	— പരിതോബലേന നിമിത്തേന
സഹ	— ഏകീഭൂയ സംഘേന ഗച്ഛന്തി

അർത്ഥം—മാത്രമല്ല നടക്കുന്നവനും വേഗവാനും സോമാദി ഹവിസ്സ് നന്നായി കാംക്ഷിക്കുന്നവനുമായ ദധിക്രാവിന്റെ ഗതി, പറക്കുന്ന പക്ഷിയുടെ ചിറകടി മററു പക്ഷികളെ വീശുന്നപോലെ വീശുന്നു. (എല്ലാററിനേക്കാളും ശീഘ്രഗാമിയായിരിക്കുന്നു.) കൂടാതെ സഞ്ചരിക്കുന്നവനും അന്യരെ കടന്നുപോകുന്നവനും പരുന്തിന്റെ പോലെ കാൽക്കട (ഉരസ്സ്) മററിയ ബലംകൊണ്ട് യോജിച്ചുചേന്ന് അവിടുന്ന് ഗമിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

4 ഉതസ്യവാജീക്ഷിപണിംതുരണ്യതി
ഗ്രീവായാംബദ്ധോഅപികക്ഷആസനി
ക്രതുംദധിക്രാഅനുസംതവീത്വൽ
പഥാമങ്കാംസ്യന്വാപനീഫണൽ

അന്വയം:-

ഉത സ്യഃ വാജീ — സഃ വേഗവാനശ്വരൂപോദേവഃ
ഗ്രീവായാം അപി-കക്ഷേ
ആസനി ബദ്ധഃ — കണ്ഠേ, കക്ഷപ്രദേശേ ആസ്യേ ച ബദ്ധഃ
ക്ഷിപണിം — ക്ഷേപണം
അനു തുരണ്യതി — ഗന്തും ത്വരയതി
(കിംചായം) ദധി-ക്രാഃ
ക്രതും — കർമ്മ
അനു സം- തവീത്വൽ — അനുസൃത്യപ്രവൃദ്ധബലവാൻ സൻ
പഥാം അങ്കാംസി — മാർഗ്ഗാണാം കുടിലാനി
ആ-പനീഫണൽ — സർവ്വതോഭൃശംഗച്ഛതി

അർത്ഥം—അതിന്നു പുറമേ വേഗവാനും അശ്വരൂപനുമായ ആ ദേവൻ കഴുത്തിലും കക്ഷത്തിലും മുഖത്തും കെട്ടപ്പെട്ട് തെളിക്കപ്പെട്ടു പോകാൻ ബദ്ധപ്പെടുന്നു. പിന്നെ ഈ ദധിക്രാവ് കർമ്മമനുസരിച്ച് വർദ്ധിച്ച ബലമുള്ളവനായി വഴിയിലെ വളവുകളെയെല്ലാം കടന്നുപോകുന്നു.

5 ഹംസശ്ശുചിഷദ്വസുരന്തരിക്ഷസ
ദ്ധോതാവേദിഷദതിഥിർദുരോണസൽ
നൃഷദ്വരസദൃതസദ്വ്യോമസ
ദബ്ജാഗോജാഋതജാഅദ്രിജാഋതം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

(ആദിത്യഃ) ഹംസഃ — സവ്വത്ര സവ്വദാ ഗന്താ
ശുചി-സൽ — ശുചൌ, ദീപ്തേദ്യുലോകേ സീദതീതി, ദ്യുസ്ഥാനഃ
വസുഃ — സവ്വസ്യവാസയിതാ, മധ്യസ്ഥാനോവായുഃ
അന്തരിക്ഷ-സൽ — അന്തരിക്ഷസഞ്ചാരീ
ഹോതാ — ക്ഷിതിസ്ഥാനേ വൈദികാഗ്നി രൂപതയാഽഽഹ്വാതാ, ഹോമനിഷ്പാദകഃ
വേദി-സൽ — വേദ്യാം ഗാഹ്പത്യാദിരൂപേണ സ്ഥിതഃ
അതിഥിഃ — അതിഥിവൽപൂജ്യഃ, അഗ്നിഃ
ദുരോണ- സൽ — ഗൃഹേ പാകാദിസാധനത്വേന സ്ഥിതഃ
നൃ-സൽ — മനുഷ്യേഷുചൈതന്യരൂപേണ സ്ഥിതഃ
വര-സൽ — വരണീയേ മണ്ഡലേസ്ഥിതഃ
വ്യോമ-സൽ — വായുരൂപേണസ്ഥിതഃ
ഋത- സൽ — ഋതേ, സത്യേ, ബ്രഹ്മണി, യജ്ഞേവാ സ്ഥിതഃ
(സച) അപ്-ജാഃ, ഗോ-ജാഃ — ഉദകേഷുജാതഃ, ഗോഷു, രശ്മിഷുജാതഃ
ഋത-ജാഃ — സത്യജാതഃ, പ്രത്യക്ഷദൃശ്യഃ
അദ്രി-ജാഃ — ഉദയാചലജാതഃ
(സച) ഋതം — സത്യം, സവ്വാധിഷ്ഠാനം ബ്രഹ്മതത്വം

അത്ഥം-ആദിത്യനെവിടെയും എപ്പോഴും എത്തുന്നവനാകുന്നു. ശുചിയായ, ദീപ്തമായ ദ്യോവിൽ സ്ഥിതിചെയ്യുന്നവനാകുന്നു. അവിടുന്നു് തന്നെ എല്ലാവരെയും അതാതിടത്തു് നിവസിപ്പിക്കുന്നവനും മദ്ധ്യസ്ഥാനവായുവുമാകുന്നു. അവിടുന്നു് തന്നെ അന്തരിക്ഷചാരിയാകുന്നു. അവിടുന്നു് തന്നെ വേദിയിൽ ഗാഹ്പത്യാദ്യഗ്നിരൂപനായി സ്ഥിതിചെയ്യുന്നു. അവി-

*53

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ടുന്നു് അതിഥിപോലെ പൂജ്യനായ അഗ്നിയാകുന്നു. അവിടുന്നുതന്നെ ഗൃഹങ്ങളിൻ പാചനസാധനമായ തീയാകുന്നു. ആവിടുന്നുതന്നെ മനുഷ്യരിൽ ചൈതന്യ രൂപത്തിൽ, പ്രാണരൂപത്തിൽ സ്ഥിതിചെയ്യുന്നു. വരണീയമണ്ഡലത്തിൽ വർത്തിക്കുന്നു, വായുരൂപനാകുന്നു. ഋതത്തിൽ, സത്യമായ ബ്രഹ്മത്തിൽ, യജ്ഞത്തിൽ സ്ഥിതിചെയ്യുന്നു. അവിടുന്നുതന്നെ ഉദകജാതനും രശ്മിജാതനും സത്യജാതനും (പ്രത്യക്ഷദൃശ്യനും) ഉദയാചലജാതനുമാകുന്നു. അവിടുന്നുതന്നെയാണു് സർവ്വാധിഷ്ഠാന ബ്രഹ്മതത്വമായ സത്യം. (യാഗാഗ്നികളിൽ പടിഞ്ഞാറുള്ളതു് ഗാർഹപത്യാഗ്നിയും, കിഴക്കു് ആഹവനീയാഗ്നിയും തെക്കു് അന്വാഹാര്യാഗ്നിയും (ദാക്ഷിണാഗ്നിയും) ആകുന്നു.)

വർഗ്ഗം–15–16 ത്രിഷ്ടുപ്ഛന്ദഃ ഇന്ദ്രാവരുണൌ ദേവതാ.

1 ഇന്ദ്രാകോവാംവരുണാസുമ്നമാപ
സ്തോമോഹവിഷ്മാ അമൃതോനഹോതാ
യോവാംഹൃദിക്രതുമാ അസ്മദുക്തഃ
പസ്പർശദിന്ദ്രാവരുണാനമസ്വാൻ

അന്വയം:–

ഹേ ഇന്ദ്രാ, ഹേ വരുണാ,	—	ഇന്ദ്രൌ, വരുണൌ, ഇന്ദ്രാവരുണൌ (പരസ്പരാപേക്ഷയാദ്വിവചനം)
വാം ഹൃദി യഃ സ്തോമഃ	—	യുവയോഃ ഹൃദയേ യം സ്തോത്രം
ക്രതു–മാൻ	—	പ്രജ്ഞോപേതഃ
അസ്മൽ ഉക്തഃ	—	അസ്മൽ സകാശാദുദിതഃ
നമസ്വാൻ	—	നമസ്കാരോപേതഃ
പസ്പർശൽ	—	സ്പൃശേൽ, ഹൃദയങ്ഗമോഭവേൽ
വാം സുമ്നം കഃ (സ്തോമഃ)	—	സുഖം കതമം സ്തോത്രം
ആപ	—	ഫലകരത്വേന പ്രാപ്നുയാൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹവിഷ്മാൻ, അമൃതഃ,
ഹോതാ ന — ഹവിരുപേതഃ,
അമരണലക്ഷണഃ സ്വർഗ്ഗ
സാധനഃ അഗ്നിരിവ
ഹേ ഇന്ദ്രാവരുണാ. — ഇന്ദ്രാവരുണൌ, സ കസ്തോമഃ?

അർത്ഥം—അല്ലയോ ഇന്ദ്രവരുണന്മാരേ, ഹവിസ്സോത്തവനം അമരനും സ്വർഗ്ഗസാധകനും ഹോമനിർവ്വാഹകനുമായ അഗ്നിയെന്നപോലെ ജ്ഞാനയുക്തമായി ഞങ്ങളിൽനിന്നുദിച്ച നമസ്കാരപൂർവ്വമായ യാതൊരു സ്തോത്രം നിങ്ങളുടെ ഹൃദയത്തെ സ്പർശിക്കുന്നുവോ, നിങ്ങൾക്ക് ഹൃദയങ്ഗമമാകുന്നുവോ, നിങ്ങൾക്ക് സുഖകരമായി ഫലം പ്രാപിപ്പിക്കുന്നുവോ, അല്ലയോ ഇന്ദ്രവരുണന്മാരേ, ആ സ്തോത്രം ഏതാണ്?

2 ഇന്ദ്രാഹയോവരുണാചക്രആപീ
ദേവൌമർത്തസ്സഖ്യായപ്രയസ്വാൻ
സഹന്തിവൃത്രാസമിഥേഷുശത്രൂ
നവോഭിർവ്വാമഹദ്ഭിസ്സപ്രശൃണ്വേ

അന്വയം:—
ഹേ ഇന്ദ്രാ, വരുണാ,
ദേവൌ, — ഇന്ദ്രാവരുണൌ ദേവൌ
യഃ മർത്തഃ പ്രയസ്വാൻ — മരണധർമ്മാ, ഹവിർല്ലക്ഷണ
വാൻ സൻ
സഖ്യായ ആപീ ചക്രേ — സഖിത്വായ ബന്ധൂ കരോതി
സഃ വൃത്രാ ഹന്തി — ആവരകാണി പാപാനി ഹന്തി
(തഥാ) സം-ഇഥേഷു
ശത്രൂൻ — സങ്ഗ്രാമേഷു ശത്രൂൻ ഹന്തി
മഹൽ–ഭിഃ അവഃ–ഭിഃ വാ — രക്ഷണൈശ്ച
(വാശബ്ദശ്ചാർത്ഥേ)
സഃ പ്ര ശൃണ്വേ ഹ — പ്രകൃഷ്ടം ശ്രൂയതേ, പ്രഖ്യാതോ
ഭവതി ഹി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം—അല്ലയോ ഇന്ദ്രവരുണന്മാരേ, ദേവന്മാരേ, മരണധർമ്മിയായ ഏതു മനുഷ്യൻ ഹവിസ്സേന്തുന്നവനായി നിങ്ങളുടെ സഖ്യത്തിന്നായി നിങ്ങളെ ബന്ധുക്കളാക്കുന്നുവോ, അവൻ സൽകർമ്മഫലം തടയുന്ന പാപങ്ങളെ നശിപ്പിക്കുന്നു. അതുപോലെ യുദ്ധങ്ങളിൽ ശത്രുക്കളെ ഹനിക്കുന്നു. പെരിയ രക്ഷണങ്ങളാലും അവൻ ഏററവും കേൾവിപ്പെട്ടകർമ്മന്ന ചെയ്യുന്നു.

3 ഇന്ദ്രാഹരത്നംവരുണാധേഷ്ഠേ
ത്ഥാനൃഭ്യശ്ശശമാനേഭ്യസ്താ
യദീസഖായാസഖ്യായസോമൈ
സ്സുതേഭിസ്സുപ്രയസാമാദയൈതേ

അന്വയം:—

ഹേ ഇന്ദ്രാ, വരുണാ, താ	—	ഇന്ദ്രാവരുണൌ തൌ ദേവൌ യുവാം
ഇത്ഥാ ഹ നൃ-ഭ്യഃ	—	ഇത്ഥാ ഖലു മനുഷ്യേഭ്യഃ
ശശമാനേഭ്യഃ	—	ശംസമാനേഭ്യഃ, സ്തോതൃഭ്യഃ അസ്മഭ്യം
രത്നം ധേഷ്ഠാ	—	ധനം ദാതൃതമൌ ഭവതഃ
യദി സഖായാ സഖ്യായ	—	സഖീഭൂതൌ സഖിത്വായ
സുതേഭിഃ സോമൈഃ	—	അഭിഷുതൈസ്സോമൈഃ
സു—പ്രയസാ	—	ശോഭനസോമാന്നവതഃ
മാദയൈതേ	—	മാദ്യേതാം (തർഹി രത്നാനാം ദാതാരൌ ഭവതഃ)

അർത്ഥം—അല്ലയോ ഇന്ദ്രവരുണന്മാരേ, ദേവന്മാരായ ആ നിങ്ങൾ ഇപ്രകാരം തന്നെ മനുഷ്യരും സ്തോതാക്കളുമായ ഞങ്ങൾക്ക് ഏററവും ധനദാതാക്കളായി ഭവിച്ചാലും. സഖീഭൂതരായ നിങ്ങൾ, ചങ്ങാതത്തിന്നായി, നല്ല സോമഹവിസ്സേന്തിയ ഞങ്ങൾ സംസ്കരിച്ച സോമങ്ങളാൽ സന്തോഷിപ്പിക്കപ്പെടുന്നുവെങ്കിൽ അപ്പോൾ നിങ്ങൾ ധനദാതാക്കളായി ഭവിച്ചാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

4 ഇന്ദ്രായുവംവരുണാദിദ്യുമസ്മി

ന്നോജിഷ്ഠമുഗ്രാനിവധിഷ്ടംവജ്രം

യോനോദൂരേവോവൃകതിർഭീതി

സ്മസ്മിന്മിമാഥാമഭിഭൂത്യോജഃ

അന്വയം:—

ഹേ ഇന്ദ്രാ, വരുണാ,
ഉഗ്രാ, — ഇന്ദ്രാവരുണൌ, ഉഗ്രബലൌ
അസ്മിൻ ദിദ്യും — അസ്മിൻശത്രൌ ദീപ്തം
ഓജിഷ്ഠം വജ്രം — അതിശയേന തേജോവദായുധം
നി വധിഷ്ടം — വധാത്ഥം പ്രേരയതം
യഃ നഃ ദൂഃ—ഏവഃ — യശ്ശത്രുരസ്മാകം ദുഷ്പ്രാപഃ
വൃകതിഃ, ഭീതിഃ — അതിശയേനാദാതാ, ഹിംസകഃ
തസ്മിൻ അഭി-ഭൂതി ഓജഃ – അഭിഭാവുകം ബലം
യുവം മിമാഥാം — യുവാം കുരുതം

അത്ഥം-അല്ലയോ ഇന്ദ്രവരുണന്മാരേ, പ്രബലന്മാരേ, ഈ ശത്രുവിങ്കൽ മിന്നുന്നതും തിളങ്ങുന്നതുമായ വജ്രായുധം വധത്തിന്നായി പ്രയോഗിച്ചാലും. ഏതു ശത്രു ഞങ്ങാംക്കു് അപ്രാപ്യനാണോ, ഏററവും അപഹാരിയാണോ, ഹിംസകനാണോ, അവങ്കൽ ജയകരമായ ബലം നിങ്ങാം പ്രയോഗിച്ചാലും.

5 ഇന്ദ്രായുവംവരുണാഭൂതമസ്യാ

ധിയഃപ്രേതാരാവൃഷഭേവധേനോഃ

സാനോദുഹീയദ്യവസേവഗത്വീ

സഹസ്രധാരാപയസാമഹീഗൌഃ വ. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ ഇന്ദ്രാ, വരുണാ,
യുവം — ഇന്ദ്രാവരുണൌ യുവാം
അസ്യാഃ ധിയഃ — സ്തുത്യാഃ
വൃഷഭാ—ഇവ ധേനോഃ — സേക്താരൌ വൃഷഭൌ ധേനോരിവ
പ്രേതാരാ ഭൂതം — പ്രീണയിതാരൌ ഭവതം
യവസാ-ഇവ ഗത്വീ — തൃണാദിഘാസേനഗത്വാ
പയസാസഹസ്ര-ധാരാ
മഹീ ഗൌഃ — ക്ഷീരേണ സഹസ്രധാരായുക്താ മഹതീഗൌരിവ
സാ നഃ ദുഹീയൽ — സ്തുതിരൂപാധേനുരസ്മാകം ദുഹ്യേൽ, കാമാൻ പൂരയേൽ

അർത്ഥം—അല്ലയോ ഇന്ദ്രവരുണന്മാരേ, കാള പശുവിനെന്ന പോലെ നിങ്ങൾ ഈ സ്തുതിക്ക സന്തോഷദാതാക്കളായി ഭവിച്ചാലും. പുല്ലുണ്ടകളെ പ്രാപിക്കുന്നതിന്നനുസരിച്ച് പാൽ അമിതമായി, ആയിരക്കണക്കിൽ ധാരകളോടു കൂടി ഒഴുകുന്ന പശുപോലെ, സ്തുതിരൂപയായ പശു ഞങ്ങൾക്ക് കാമങ്ങൾ കറന്നുതരട്ടെ, അഭീഷ്ടങ്ങൾ പൂരിപ്പിക്കട്ടെ.

6 തോകേഹിതേതനയഉർവ്വരാസു
സൂരോദൃശീകേവൃഷണശ്ചപൌംസ്യേ
ഇന്ദ്രാനോഅത്രവരുണാസ്യാതാ
മവോഭിർദ്ദസ്മാപരിതക്മ്യായാം

അന്വയം:—

ഹേ ഇന്ദ്രാ, വരുണാ — ഇന്ദ്രാവരുണൌ, നഃ
ഹിതേ തോകേ തനയേ — പുത്രേ, തൽപുത്രേ ച
ഉർവ്വരാസു — സസ്യാഢ്യാസു ഭൂമിഷു നിമിത്തഭൂതാസു
സൂരഃ ദൃശീകേ — സൂര്യസ്യ ചിരകാലദർശനായ, ചിരജീവനായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(തഥാ) അത്ര വൃഷണഃ
പൌംസ്യേ ച — ഇഹ സേക്തുമ്മമപുംസ്ത്വായ ച
ദസ്രാ — ശത്രൂണാം ഹിംസകൌ സന്തൌ
നഃ അവഃ–ഭിഃ — അസ്മാകം രക്ഷണൈസ്സഹ
പരി–തക്മ്യായാം
സ്യാതാം — പരിതകനേ, നിമിത്തഭൂതേ
ഭവേതാം

അർത്ഥം—അല്ലയോ ഇന്ദ്രവരുണന്മാരേ, എൻെറ പുത്രങ്കലും പൌത്രങ്കലും സസ്യാഢ്യയായ ഭൂവിലെ സുഖഭോഗത്തിന്നുതകുംവിധം സൂര്യൻെറ ചിരകാലദർശനത്തിന്നും, (ചിരജീവനത്തിന്നും) യുവാവായ എനിക്കു പുരുഷത്വത്തിന്നും (വീണ്ടും സന്തതിയുണ്ടാകുന്നതിന്നും) രക്ഷണങ്ങളോടുകൂടി, അസ്വസ്ഥതകളുണ്ടാകുമ്പോൾ, ശത്രുഹിംസകരായി ഭവിച്ചാലും, കാത്താലും.

7 യുവാമിദ്ധ്യവസേപൂർവ്യായ
പരിപ്രഭൂതീഗവിഷസ്വാപീ
വൃണീമഹേസഖ്യായപ്രിയായ
ശൂരാമംഹിഷ്ഠാപിതരേവശംഭൂ

അന്വയം:—

(ഹേ ഇന്ദ്രാ വരുണൌ,)
ഗോ–ഇഷഃ യുവാം ഇൽ — ഗാഃ ഇച്ഛന്തോവയം യുവാമേവ
പൂർവ്യായ അവസേ — പുരാതനായ രക്ഷണായ
വൃണീമഹേ ഹി — പ്രാർത്ഥയാമഹ ഏവ
പ്ര–ഭൂതീ സു–ആപീ — പ്രഭവന്തൌ ശോഭനബന്ധു
ഭൂതൌ
ശൂരാ, മംഹിഷ്ഠാ — വിക്രാന്തൌ, അതിശയേന
പൂജ്യൌ യുവാം
സഖ്യായ പ്രിയായ — സമാനഖ്യാനായ പ്രിയായച
ശം–ഭൂ പിതരാ–ഇവ — സുഖസ്യ ഭാവയിതാരൌ
പിതരൌ പുത്രായേവ
പരി — പരിതോ വൃണീമഹേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം—അല്ലയോ ഇന്ദ്രവരുണന്മാരേ, പശുക്കളെ ഇച്ഛിക്കുന്ന ഞങ്ങൾ പുരാതനമായ രക്ഷണത്തിന്നായി നിങ്ങളെത്തന്നെ വരിക്കുന്നു, നിങ്ങളോട് പ്രാർത്ഥിക്കുന്നു. പ്രഭാവമൊത്തവരും നല്ല ബന്ധുക്കളായിത്തീർന്നവരും വിക്രമികളും ഏററവും പൂജ്യന്മാരുമായ നിങ്ങളോട് ചങ്ങാതത്തിന്നും ഇഷ്ടത്തിന്നും വേണ്ടി സുഖദായകരായ അച്ഛനമ്മമാർ പുത്രനെന്നപോലെ അഭീഷ്ടമരുളുവാൻ പലപാടും പ്രാർത്ഥിക്കുന്നു.

8 താവാംധിയോവ്സേവാജയന്തീ
രാജിന്നജഗ്മുര്യുവയൂസ്സുദാനൂ
ശ്രിയേനഗാവഉപസോമമസ്ഥു
രിന്ദ്രംഗിരോവരുണംമേമനീഷാഃ

അന്വയം: –

ഹേ സു-ദാനൂ, വാം	— ശോഭനഫലദാതാരൌ യുവാം
വാജ–യന്തീഃ താഃ ധിയഃ	— രത്നമിച്ഛന്ത്യഃ സ്തുതയഃ
യുവ–യൂഃ	— യുവാം കാമയമാനാഃ പദാതയഃ
അവസേ ആജിം ന	— രക്ഷണായ സങ്ഗ്രാമമിവ
ജഗ്മുഃ	— ഗച്ഛന്തി
(കിംച) ശ്രിയേ ഗാവഃ	
സോമം ന	— ദദ്ധ്യാദി ശ്രയണായ സോമമിവ
ഇന്ദ്രം, വരുണം (ച) മേ	
മനീഷാഃ	— മനസഃ ഈഷാഃ
ഗിരഃ ഉപ അസ്ഥുഃ	— സ്തുതയസ്തിഷ്ഠന്തി, പ്രീണയന്തി

അർത്ഥം—ശോഭനഫലദാതാക്കളേ, ഉത്തമധനമിച്ഛിക്കുന്ന സ്തുതികൾ നിങ്ങളെ (നിങ്ങളുടെ അനുഗ്രഹം) കാംക്ഷിക്കുന്ന കാലാൾപടയാളികൾ രക്ഷണത്തിന്നായി യുദ്ധത്തെ എന്നപോലെ, നിങ്ങളെ പ്രാപിക്കുന്നു. പിന്നെ തൈർ മുതലായ ദ്രവ്യത്തിൽ ചേരാൻ പശുക്കൾ സോമത്തെ കാമിക്കുന്നപോലെ, എന്റെ മനസ്സിൽ നിന്നുതിരുന്ന സ്തുതികൾ ഇന്ദ്രന്റെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യും വരുണൻെറയും അടുക്കൽ സ്ഥിതിചെയ്യുന്നു. അവരെ കാമിച്ച് സന്തോഷിപ്പിക്കുന്നു.

9 ഇമാഇന്ദ്രംവരുണംമേമനീഷാ

അഗ്മന്നുപദ്രവിണമിച്ഛമാനാഃ

ഉപേമസ്ഥുർജ്ജോഷ്ടാരഇവവസ്വോ

രഘ്വീരിവശ്രവസോഭിക്ഷമാണാഃ

അന്വയം:-

ഇന്ദ്രം, വരുണം, (ച) മേ

ഇമാഃ മനീഷാഃ	—	സ്തുതയഃ
ദ്രവിണം ഇച്ഛമാനാഃ	—	ധനകാമാസ്സ്തുത്യഃ
ജോഷ്ടാരഃ-ഇവ വസ്വഃ	—	സേവകാഃ ധനസ്യ സ്വാമിനമിവ
ഉപ അഗ്മൻ	—	ഉപഗച്ഛന്തി
രഘ്വീഃ-ഇവ	—	ലഘ്വ്യഃ ഇവ, ശീഘ്രഗാമിന്യ ഇവ
ശ്രവസഃ ഭിക്ഷമാണാഃ	—	അന്നം യാചമാനാഃ, ഏ നമിന്ദ്രം വരുണം ച
ഈം ഉപ അസ്ഥുഃ	—	ഉപതിഷ്ഠന്തേ

അത്ഥം-എൻെറ സ്തുതികൾ ധനകാമത്തോടുകൂടിയവയായി, സേവകന്മാർ പ്രഭുവിനെയെന്നപോലെ, ഇന്ദ്രനെയും വരുണനെയും അണഞ്ഞു പ്രാപിക്കുന്നു. വേഗം നടന്നുപോകുന്ന അന്നാത്ഥിനികളായ സ്ത്രീകൾ എന്നപോലെ ഈ ഇന്ദ്രനെയും വരുണനെയും ആ സ്തുതികൾ പ്രാപിക്കുന്നു.

10 അശ്വ്യസ്യത്മനാരത്ഥ്യസ്യപുഷ്ടേ

ന്നിത്യസ്യരായഃ പതയസ്യാമ

താചക്രാണാഊതിഭിന്നവ്യസീഭി

രസ്മത്രാരായോനിയുത്സ്സചന്താം

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:–

അശ്വ്യസ്യ രത്ഥ്യസ്യ പുഷ്ടേഃ	—	അശ്വസമൂഹസ്യ രഥാർഹസ്യ പോഷസ്യ
നിത്യസ്യ രായഃ	—	അവിചലിതസ്യ ധനസ്യ
ത്മനാ പതയഃ സ്യാമ	—	സ്വയമേവസ്വാമിനോ ഭവേമ
താ ചക്രാണൌ	—	തൌ ദേവൌ ചങ്ക്രമമാണൌ, ഗന്താരൌ ഭവതം
നവ്യസീഭിഃ ഊതി–ഭിഃ	—	നൂതനാഭീ രക്ഷാഭിഃ
അസ്മ–ത്രാ നി–യുതഃ രായഃ സചന്താം	—	അസ്മാസു അശ്വാഃ ധനാനി ച സേവന്താം

അത്ഥം–അശ്വസമൂഹത്തോടു കൂടിയതും തേരിന്നു് അർഹമായതും സമൃദ്ധിയ്ക്കു് ഇളക്കം വരാത്തതും, സ്ഥിരവുമായ ധനത്തിന്നു് തനിയേ ഞങ്ങൾ സ്വാമികളാകാവൂ. ആ ദേവന്മാരിരുപേർ, ഇന്ദ്രവരുണന്മാർ നമുക്കടുക്കൽ വരുന്നവരാവണം. പുതിയ രക്ഷകളാൽ നമ്മളിൽ കുതിരകളും ധനങ്ങളുമൊത്തു ചേരട്ടെ.

11 ആനോബൃഹന്താബൃഹതീഭിരൂതീ
ഇന്ദ്രയാതംവരുണവാജസാതൌ
യദ്ദിദ്യവഃപൃതനാസുപ്രക്രീളാ
ന്തസ്യവാംസ്യാമസനിതാരആജേഃ

വ. 16

അന്വയം:–

ഹേ ബൃഹന്താ, ഇന്ദ്ര, വരുണ,	—	മഹാന്താവിന്ദ്രാവരുണൌ,
ബൃഹതീഭിഃ ഊതീ	—	മഹതീഭിരൂതിഭിഃ, രക്ഷാഭിസ്സഹ
വാജ–സാതൌ നഃ ആ യാതം	—	സംങ്ഗ്രാമേ അസ്മാനാം ഗച്ഛതം
യൽ പൃതനാസു ദിദ്യവഃ	—	യസ്മിന്നാജൌ, സേനാസു, ശത്രൂണാമായുധാനി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്ര–ക്രീളാൻ — പ്രക്രീഡന്തേ
വാം തസ്യ ആജേഃ — യുവയോരനുഗ്രഹാൽ, താദൃശസ്യ യുദ്ധസ്യ
സനിതാരഃ സ്യാമ — സംഭക്താരോ ഭവേമ

അർത്ഥം–മഹാന്മാരായ, ഇന്ദ്ര, വരുണ, പെരിയ രക്ഷണങ്ങളോടുകൂടി യുദ്ധത്തിൽ വന്നുചേർന്നാലും. ഏതു യുദ്ധത്തിൽ ശത്രുക്കളുടെ ആയുധങ്ങൾ കളിച്ചു പുളയ്ക്കുന്നുവോ, അപ്രകാരമുള്ള യുദ്ധത്തെ നിങ്ങളുടെ അനുഗ്രഹത്താൽ ഞങ്ങൾ പ്രാപിയ്ക്കാവൂ. (അപ്രകാരം കടുത്ത യുദ്ധം ജയിക്കാവൂ.)

വർഗ്ഗം–17–18 ത്രസദസ്യുഃ ഋഷിഃ ത്രിഷ്ടുപ് ഛന്ദഃ ആത്മാ, ഇന്ദ്രാവരുണൌ ദേവതാ

1 മമദ്വിതാരാഷ്ട്രംക്ഷത്രിയസ്യ
വിശ്വായോർവ്വിശ്വേഅമൃതായഥാനഃ
ക്രതുംസചന്തേവരുണസ്യദേവാ
രാജാമികൃഷ്ടേരുപമസ്യവവ്രേഃ

അന്വയം:–
ക്ഷത്രിയസ്യ — ക്ഷത്രിയകുലോൽപന്നസ്യ
വിശ്വ–ആയോഃ — കൃത്സ്നമനുഷ്യാധീശസ്യ മമ
ദ്വിതാ രാഷ്ട്രം — ക്ഷിതിസ്വർഗ്ഗഭേദേന ദ്വിത്വാപന്നം രാഷ്ട്രം
മമ വിശ്വേ അമൃതാഃ — സർവ്വേ ദേവാഃ
യഥാ നഃ (ഭവന്തി തഥാ രാഷ്ട്രം പ്രജാശ്ച)
വരുണസ്യ കൃഷ്ടേഃ — വാരകസ്യ മനുഷ്യസ്യ
ഉപ–മസ്യ വവ്രേഃ — സർവ്വേഷാമന്തികതമസ്യ രൂപവതഃ മമ
ക്രതും ദേവാഃ സചന്തേ — സർവ്വേപി സേവന്തേ
(അഹം ച) രാജാമി — സർവ്വേശ്വരഃ ഭവാമി

അർത്ഥം–ക്ഷത്രിയ കുലത്തിൽ പിറന്നു് എല്ലാ മനുഷ്യരുടെയും അധീശനായ എനിക്കു ഭൂമി, സ്വർഗ്ഗം എന്നീ ഭേദത്തോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ടെ ഇരട്ട രാഷ്ട്രമുണ്ട്. എല്ലാ ദേവന്മാരും എനിക്ക് നമ്മുടെ വർപോലെ ഭവിക്കുന്നു. അതുപോലെ രാഷ്ട്രവും പ്രജകളും. പാപനിവാരകനായമനുഷ്യനും എല്ലാവരെയുംകാൾ അങ്ങേ അററം (ഈശ്വര) രൂപവാനുമായ എൻെറ കർമ്മത്തെ എല്ലാ ദേവന്മാരും കൈക്കൊള്ളുന്നു. ഞാനാകട്ടെ സർവ്വേശ്വരനാകുന്നു.

2 അഹംരാജാവരുണോമഹ്യംതാ

ന്യസുര്യാണിപ്രഥമാധാരയന്ത

ക്രതുംസചന്തേവരുണസ്യദേവാ

രാജാമികൃഷ്ടേരുപമസ്യവവ്രേഃ

അന്വയം:-

അഹം (ഏവ) രാജാ വരുണഃ (ഭവാമി)
മഹ്യം പ്രഥമാ — മദർത്ഥമേവപ്രഥമാനി, മുഖ്യാനി
താനി അസുര്യാണി
ധാരയന്ത — പ്രസിദ്ധാനി ബലാനി ദേവാഃ അധാരയൻ
വരുണസ്യ കൃഷ്ടേഃ — വാരകസ്യ മനുഷ്യസ്യ
ഉപ-മസ്യ വവ്രേഃ — സർവ്വേഷാമന്തികതമസ്യ രൂപവതഃ മമ
ക്രതും ദേവാഃ സചന്തേ — സർവ്വേപി സേവന്തേ
(അഹം ച) രാജാമി — സർവ്വേശ്വരോഭവാമി

അർത്ഥം—ഞാൻ തന്നെയാണ് രാജാവായ വരുണനായി ഭവിക്കുന്നതു്. എനിക്കുവേണ്ടിയാണ് മുഖ്യങ്ങളായ ബലങ്ങൾ ആ ദേവന്മാർ ധരിച്ചിട്ടുള്ളതു്. പാപനിവാരകനായ മനുഷ്യനും എല്ലാവരെയും കാൾ അങ്ങേ അററം (ഈശ്വര) രൂപവാനുമായ എൻെറ കർമ്മത്തെ എല്ലാ ദേവന്മാരും കൈക്കൊള്ളുന്നു. ഞാനാകട്ടെ സർവ്വേശ്വരനാകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

3 അഹമിന്ദ്രോവരുണസ്തേമഹിത്വോ

ർവ്വീഗഭീരേരജസീസുമേകേ

ത്വഷ്ടേവവിശ്വാഭുവനാനിവിദ്വാ

ന്ത്സമൈരയംരോദസീധാരയം ച

അന്വയം:—

അഹം ഇന്ദ്രഃ വരുണഃ (ച)

മഹി-ത്വാ ഉർവ്വീ, ഗഭീരേ — മഹത്വേനവിസ്തീർണ്ണേദുരവ ഗാഹേ (അവകാശവത്യൌ)

സു-മേകേ രജസീ തേ — സുരൂപേ ദ്യാവാപൃഥിവ്യൌ, തേ അപ്യഹമേവ

വിദ്വാൻ ത്വഷ്ടാ-ഇവ — ജാനന്നഹം പ്രജാപതിരിവ

വിശ്വാ ഭുവനാനി സം

ഐരയം — സർവ്വാണിഭൂതജാതാനി സംപ്രൈരയം

രോദസീ ധാരയം ച — ദ്യാവാപൃഥിവ്യൌധൃതവാനസ്മി

അർത്ഥം—ഞാൻ ഇന്ദ്രനാകുന്നു, വരുണനാകുന്നു. മഹത്വം കൊണ്ടു് വിസ്തീർണ്ണകളും അളവററവരും (ഒഴിവിയന്നവരും) സുന്ദരികളുമായ ദ്യാവാപൃഥിവികളുണ്ടല്ലൊ, അവരും ഞാൻ തന്നെ. എല്ലാമറിയുന്ന ഞാൻ പ്രജാപതിപോലെ എല്ലാ ചരാചരങ്ങളെയും പ്രേരിപ്പിക്കുന്നു, പ്രവൃത്തിപ്പിക്കുന്നു. ദ്യാവാപൃഥിവികളെ ധരിച്ചവനാകുന്നു.

4 അഹമപോ അപിന്വമുക്ഷമാണാ

ധാരയന്ദിവംസദനഋതസ്യ

ഋതേന്പുത്രോഅദിതേരൃതാവോ

തത്രിധാതുപ്രഥയദ്വിഭൂമ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

അഹം (ഏവ) ഉക്ഷമാണാഃ

അപഃ — സിഞ്ചന്തോജലാൻ

അപിന്വം — അസേചയഃ

(തഥാ) ഋതസ്യ സദനേ — ആദിത്യസ്ഥാനേ നിമിത്തഭൂതേ സതി

ദിവം ധാരയം — ദ്യുലോകം ധൃതവാനസ്മി

(അഹമേവ) ഋതേന

അദിതേഃ പുത്രഃ ഋത-വാ— ഉദകേന നിമിത്തഭൂതേന യജ്ഞവാനിന്ദ്രഃ അഭൂവം

ഉത ഭൂമ ത്രി—ധാതു — വ്യാപ്തമാകാശം ത്രിപ്രകാരം

വി പ്രഥയൽ — വിശേഷേണ പ്രഥയൽ

(മദർത്ഥമേവ ക്ഷിത്യാദി ത്രിലോകം പരമേശ്വരഃ അകാർഷീൽ)

അർത്ഥം—ഞാൻ തന്നെയാണ് ഒലിക്കുന്ന ജലങ്ങളെ വീഴ്ത്തുന്നത്. അതുപോലെ ആദിത്യന്റെ ഇരിപ്പിടമായ ദ്യോവിനെ ധരിച്ചതും ഞാൻ തന്നെ. ഞാൻ തന്നെയാണ് ജലത്തിന്നു വേണ്ടി അദിതിപുത്രനും യജ്ഞവാനുമായ ഇന്ദ്രനായതു്. കൂടാതെ വ്യാപ്തമായ ആകാശത്തെ മൂന്നു പ്രകാരത്തിൽ (ദ്യോവും അന്തരിക്ഷവും ഭൂമിയുമായി) നന്നായി ഞാനാണ് വിസ്തരിച്ചതു്. (പരത്തിയതു്) (എനിക്കു വേണ്ടിയാണ് ഭൂമി മുതൽ മൂന്നു ലോകങ്ങളെ സർവ്വേശ്വരൻ തീർത്തതു്.)

5 മാംനരസ്വശ്വാവാജയന്തോ
മാംവൃതാസ്സമരണേഹവന്തേ
കൃണോമ്യാജിംമഘവാഹമിന്ദ്ര
ഇയർമ്മിരേണുമഭിഭൂത്യോജാഃ

വ. 17

അന്വയം:—

മാം സു-അശ്വാഃ — മാമേവ ശോഭനാശ്വാഃ

വാജയന്തഃ നരഃ — സങ്ഗ്രാമമിച്ഛന്തോനരാഃ, നേതാരഃ, ഭടാഃ അനുഗച്ഛന്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാം വൃതാഃ — മാമേവ വൃതാസ്സന്തഃ
സം–അരണേ ഹവന്തേ — സങ്ഗ്രാമേ യുദ്ധാത്ഥ
മാഹ്വയന്തി
മഘ–വാ അഹം ഇന്ദ്രഃ
ആജിം കൃണോമി — രണം കരോമി
അഭിഭൂതി–ഓജാഃ — പരേഷാം അഭിഭാവിബലോഹം
രേണും ഇയമ്മി — ധൂളിം പ്രേരയാമി

അത്ഥം—എന്നെത്തന്നെയാണ് നല്ല കുതിരകളൊത്തു യുദ്ധ മിച്ഛിക്കുന്ന നേതാക്കളം, ഭടന്മാർ പിന്തുടരുന്നത്. എന്നെ ചുററിപ്പററിയാണ് അവർ പോർ വിളിക്കുന്നത്. ധനവാനായ ഞാൻ ഇന്ദ്രനായി ഭവിച്ച്, യുദ്ധം ചെയ്യുന്നു. ശത്രുക്കളെ ജയിക്കുന്ന ഊക്കോടുകൂടിയ ഞാൻ പോർക്കളത്തിൽ പൊടി പറപ്പിക്കുന്നു.

6 അഹംതാവിശ്വാചകരംനകിമ്മാ
ദൈവ്യംസഹോവരതേഅപ്രതീതം
യന്മാസോമാസോമമദൻയദുക്ഥോ
ഭേയേതേരജസീഅപാരേ

അന്വയം:—

അഹം താ വിശ്വാ ചകരം — താനിപ്രസിദ്ധാനി
സർവ്വാണ്യകാഷം
അപ്രതി-ഇതം മാ — അപ്രതിഗതം മാം
ദൈവ്യം സഹഃ നകിഃ
വരതേ — ദേവസംബന്ധിബലം നൈവ
വാരയതി
യൽ സോമാസഃ മാ
മമദൻ — യസ്മാൽ സോമാഃ മാം അമദയൻ
യൽ ഉക്ഥാ — യസ്മാൽ ശസ്ത്രാണ്യപി മമദൻ
(തസ്മാൽ മത്തഃ) അപാരേ — ദൂരപാരേ
ഉഭേ രജസീ ഭയേതേ — ദ്യാവാപൃഥിവ്യൌ ബിഭ്യതഃ,
ചലതഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം–ഞാനാണ് പ്രസിദ്ധങ്ങളായ എല്ലാററിനെയും ഉണ്ടാക്കിയതു്. എതിരില്ലാത്ത എന്നെ ദേവസംബന്ധിയായ ബലം തടുക്കുന്നതേ ഇല്ല, സോമങ്ങളെന്നെ ഹർഷിപ്പിക്കുന്നതുകൊണ്ടും ശസ്ത്രങ്ങളെന്നെസ്സന്തോഷിപ്പിക്കുന്നതുകൊണ്ടും അകന്ന അതിരുകളോടു കൂടിയ ദ്യാവാപൃഥിവികൾ എന്നിൽനിന്നു് ഭയപ്പെടുന്നു, വിറക്കുന്നു. (8–7–11–12 ൽ ദേവീസൂക്തത്തിൽ ഋഷിക. താൻ തന്നെയാണ് ഇക്കണ്ട ദേവമനുഷ്യാദികളും ചരാചരങ്ങളുമെന്ന് സ്വയം സർവ്വേശ്വരിയായി ഭാവിച്ചു് പറയുന്നുണ്ടു്. അതുപോലെ ഇവിടെ ജ്ഞാനിയായ ത്രസദസ്യു ജീവാത്മാവിൽ പരമാത്മത്വം ആരോപിച്ചു് എല്ലാം താനാണ് (സോഹം) എന്നു് പ്രഖ്യാപിക്കുകയാണ്.)

7 വിദുഷ്ടേവിശ്വാഭുവനാനിതസ്യ
താപ്രബ്രവീഷിവരുണായവേധഃ
ത്വംവൃത്രാണിശൃണ്വിഷേജഘന്വാ
ന്ത്വംവൃതാ്അരിണാഇന്ദ്രസിന്ധൂൻ

അന്വയം:–

(ഇതഃ പരം ഇന്ദ്രാവരുണയോസ്തുതിഃ)

(ഹേ വരുണ) തസ്യ തേ — തം ത്വാം (കർമ്മണി ഷഷ്ഠീ)
വിശ്വാ താ ഭുവനാനി
വിദുഃ — സർവ്വാണിതാനി ഭൂതജാതാനി ജാനന്തി
ഹേ വേധഃ, വരുണായ
പ്ര ബ്രവീഷി — സ്തോതഃ വരുണം സ്തൗഷി
ഹേ ഇന്ദ്ര, ത്വം വൃത്രാണി — വൈരിണഃ
ജഘന്വാൻ (ഇതി)
ശൃണ്വിഷേ — ഹതവാനിതി ശ്രൂയസേ
(കിംച ഹേ ഇന്ദ്ര,) ത്വം
വൃതാൻ സിന്ധൂൻ — ആച്ഛന്നാൻ സ്യന്ദനസ്വഭാവാൻ അപ്സംഘാൻ
അരിണാഃ — അഗമയഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അൎത്ഥം.–(ഇവിടുന്നങ്ങോട്ട് ഇന്ദ്രവരുണന്മാൎക്ക് സ്തുതി)

അല്ലയോ വരുണ, അപ്രകാരമെല്ലാമുള്ള അവിടുത്തെ, എല്ലാ ഭൂതജാതങ്ങളുമറിയുന്നു. അല്ലയോ സ്തോതാവേ, വരുണനെ സ്തുതിച്ചാലും. അല്ലയോ ഇന്ദ്ര, അവിടുന്ന് ശത്രുക്കളെ കൊന്നവനെന്ന് കേൾവിപ്പെടുന്നു. പിന്നെ ഇന്ദ്ര, അവിടുന്ന് മൂടക്കപ്പെട്ട ഒഴുക്കുജല സമൂഹങ്ങളെ തുറന്നൊഴുകാൻ വിട്ടു

8 അസ്മാകമത്രപിതരസ്തആസ

ന്ഥ്സപ്തൠഷയോദൌൎഗ്ഗഹേബദ്ധ്യമാനേ

തആയജന്തത്രസദസ്യുമസ്യാ

ഇന്ദ്രംനവൃത്രതുരമൎദ്ധദേവം

അന്വയം:–

അസ്മാകം അത്ര	—	അസ്മിന്നരാജകേ ദേശേ
പിതരഃ തേ സപ്ത		
ൠഷയഃ ആസൻ	—	പാലയിതാരഃ
		പ്രസിദ്ധാസ്സപ്തൎഷയഃ അഭവൻ
ദൌഃ–ഗഹേ ബദ്ധ്യമാനേ	–	ദൎഗ്ഗഹസ്യ പുത്രേ പാശൈഃ
		ദൃഢം ബന്ധനസ്ഥിതേ
തേ അസ്യാഃ	—	അസ്യൈ പുരുകുത്സാന്യൈ
വൃത്ര-തുരം അൎദ്ധ-ദേവം	—	വൃത്രഹന്താരം, ദേവാനമൎദ്ധഭൂതം
ഇന്ദ്രം ന	—	(സ്ഥിതം പുത്രം)
ത്രസദസ്യും ആ അയജന്ത	–	ഇന്ദ്രാവരുണയോരനുഗ്രഹാൽ
		പ്രാദുഃ

അൎത്ഥം–ഒരു കഥാസൂചന:– ദൎഗ്ഗഹന്റെ പുത്രനായ പുരുകുത്സൻ ശത്രുക്കളാൽ കയറിട്ടു ബന്ധനസ്ഥനാക്കപ്പെട്ടു. അദ്ദേഹത്തിന്റെ പട്ടമഹിഷി അരാജകത്വ പീഡിതയായി സപ്തൎഷികളോട് പുത്രസിദ്ധിയ്ക്കായി പ്രാൎത്ഥിച്ചു. അവരവളോട് ഇന്ദ്രവരുണന്മാരെ ഭജിക്കാൻ പറഞ്ഞു. അപ്രകാരം ചെയ്തു, ഇന്ദ്രവരുണന്മാരുടെ അനുഗ്രഹത്താൽ ത്രസദസ്യു ജനിച്ചു.

*54

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ അരാജകമായ ദേശത്തിൽ ദുർഗ്ഗഹപുത്രനായ പുരുകുത്സൻ ബന്ധനസ്ഥിതനാകെ, അദ്ദേഹത്തിൻെറ ഭാര്യക്കുവേണ്ടി, ഭാര്യയുടെ പ്രാർത്ഥന പ്രകാരം, പ്രസിദ്ധരായ സപ്തർഷികരം, ശത്രുഹന്താവും ദേവന്മാരുടെ അർദ്ധഭൂതനുമായ ഇന്ദ്രനെപ്പോലെയുള്ളവനുമായ പുത്രൻ ത്രസദസ്യുവിനെ, ഇന്ദ്രവരുണന്മാരുടെ അനുഗ്രഹത്താൽ, ജനിപ്പിച്ചു. (ഇന്ദ്രനെപ്പോലെ അർദ്ധദേവൻ എന്നു പറഞ്ഞതിന്നു് പ്രത്യേകം അർത്ഥമുണ്ടു്. ഓരോ ദേവൻെറയും പകുതിബലം ഇന്ദ്രനുകലാണു് എന്നു് ശ്രുതി. ത്രസദസ്യു തന്നെയാണു് തൻെറ ജനനത്തെപ്പററി ഇപ്രകാരം പറയുന്നതു്. തൻെറ ആത്മധ്യാനത്തിൽ നിന്നു് ഉണർന്നപ്പോരം, അതുകൊണ്ടാണു് ഇന്ദ്രവരുണന്മാരെ സ്തുതിക്കുന്നതും.)

9 പുരുകുത്സാനീഹിവാമദാശ

ദ്ധവ്യേഭിരിന്ദ്രാവരുണാനമോഭിഃ

അഥാരാജാനംത്രസദസ്യുമസ്യാ

വൃത്രഹണംദദഥുരർദ്ധദേവം

അന്വയം:—

ഹേ ഇന്ദ്രാവരുണാ,

പുരു—കുത്സാനീ — ഇന്ദ്രാവരുണൌ, പുരുകുത്സസ്യ പത്നീ, ഋഷിപ്രേരിതാ

ഹവ്യേഭിഃ, നമഃ—ഭിഃ — ഹവിർഭിസ്തുതിഭിശ്ച

വാം അദാശത് ഹി — യുവാം അപ്രീണയത് ഖലു

അഥ രാജാനം ത്രസദസ്യും

വൃത്ര-ഹനം അർദ്ധ-ദേവം — വൃത്രഹന്താരം അർദ്ധദേവഭൂതമിന്ദ്രമിവസ്ഥിതം പുത്രം

അസ്യാഃ ദദഥുഃ — അസ്യൈ ദത്തവന്തൌ

അർത്ഥം—അല്ലയോ ഇന്ദ്രവരുണന്മാരേ, പുരുകുത്സൻെറ പത്നി സപ്തർഷികളാൽ ഉപദേശിക്കപ്പെട്ടു്, ഹവിസ്സുകളാലും സ്തുതികളാലും നിങ്ങളെ പ്രീതിപ്പെടുത്തിയല്ലൊ. അപ്പോരം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവരാക്കു് വൃത്രഹന്താവും അർദ്ധദേവഭ്രതനുമായ രാജാവു് ത്രസദസ്യു എന്ന പുത്രനെ നിങ്ങരാം കൊടുത്തു.

10 രായാവയംസസവാംസോമദേവ

ഹവ്യേനദേവായവസേനഗാവഃ

താംധേനുമിന്ദ്രാവരുണായുവന്നോ

വിശ്വാഹാധത്തമനപസ്ഫുരന്തീം വ. 18

അന്വയം:—

സസ—വാംസഃ — യുവാം സംഭക്താരഃ

വയം രായാ മദേമ — ധനേന മദേമ

ദേവാഃ ഹവ്യേന — ഹവിഷാ മോദന്തു

ഗാവഃ യവസേന — തൃണാദിനാമോദന്തു

ഇന്ദ്രാവരുണാ അനപ—

സ്ഫുരന്തീം — അനപഹിംസിതാം

താം ധേനും — പ്രീണയിത്രീം

വിശ്വാഹാ യുവം നഃ

ധത്തം — സർവ്വദായുവാമസ്മാകം ദത്തം

അർത്ഥം—നിങ്ങളെ ഭജിക്കുന്ന ഞങ്ങരാം ധനത്താൽ മോദിക്കാവൂ. ദേവന്മാർ ഹവിസ്സുകൊണ്ടു് മോദിക്കട്ടെ. പശുക്കരാം പുല്ലുകൊണ്ടു മോദിക്കട്ടെ. അല്ലയോ ഇന്ദ്രവരുണന്മാരേ, ദ്രോഹിക്കപ്പെടാത്തവളും പ്രീതികാരിണിയുമായ ആ ധേനുവിനെ എപ്പോഴും ഞങ്ങരാക്കരുളിയാലും.

വർഗ്ഗം—19—സുഹോത്ര പുത്രൌ പുരുമീള്ഹാജമീള്ഹാവൃഷീ ത്രിഷ്ടുപ്ഛന്ദഃ അശ്വിനൌ ദേവതാ.

1 കഉശ്രുവൽകതമോയജ്ഞിയാനാം

വന്ദാരുദേവഃകതമോജുഷാതേ

കസ്യേമാംദേവീമമൃതേഷുപ്രേഷ്ഠാം

ഹൃദിശ്രേഷാമസുഷ്ടുതിംസുഹവ്യാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

യജ്ഞിയാനാം	— യജ്ഞാർഹാണാം ദേവാനാം മദ്ധ്യേ
കഃ ഉ ദേവഃ ശ്രവൽ?	— സ്തുതിം ശൃണുയാൽ ഖലു?
കതമഃ വന്ദ രു?	— വന്ദനശീലം സ്തോത്രം ശൃണുയാൽ?
കതമഃ ദേവഃ ജുഷാതേ?	— സേവതേ?
കസ്യ ഹൃദി ഇമാം	
പ്രേഷ്ഠാം	— പ്രിയതരാം
ദേവീം, സു–ഹവ്യാം,	
സു–സ്തുതിം	— ദ്യോതമാനാം, ശോഭനൈഹ്വിർഭിര്യുക്താം, ശോഭനാം സ്തുതിം
അമൃതേഷു ശ്രേഷ്ഠാമ	— ദേവേഷുമദ്ധ്യേ ശ്രേഷ്ഠയേമ?

(അശ്വിനാ വന്തരേണ കോദേവഃ സ്തുതേഃ സ്വാമീഭവേൽ?)

അത്ഥം—യജ്ഞാർഹരായ ദേവന്മാരുടെ ഇടയിൽ ഏതു ദേവൻ തന്നെയാണ് സ്തുതി കേൾക്കുക? ഏതു ദേവനാണ് വന്ദനരൂപമായ സ്തോത്രത്തെ കേൾക്കുക? ഏതു ദേവനാണത്ത് സ്വീകരിക്കുക? പ്രീതി ചേർക്കുന്നതും പ്രകാശമുററതും ഹവിസ്സോടൊത്തതുമായ ആ സൽസ്തോത്രത്തെ ദേവന്മാരിൽ ആരുടെ ഹൃദയത്തിൽ ചേർക്കേണ്ടു? (അശ്വികരം ഒഴിച്ച് സ്തുതിക്ക് മററേതു ദേവൻ സ്വാമിയാകും? എന്ന് ധ്വനി).

2 കോമ്മളാതികതമആഗമിഷ്ഠോ
ദേവാനാമുകതമശ്ശംഭവിഷ്ഠഃ
രഥംകമാഹുർദ്രവദശ്വമാശും
യംസൂര്യസ്യദുഹിതാവൃണീത

അന്വയം:—

കഃ മൃളാതി?	— കഃ ദേവഃ അസ്മാൻ സുഖയേൽ?
കതമഃ ആ–ഗമിഷ്ഠഃ	— അസ്മദ്യജ്ഞം പ്രതി ആഗന്തൃതമഃ?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവാനാം ഉ കതമഃ
ശം–ഭവിഷ്ഠഃ? — തേഷാം മദ്ധ്യേ കഃ സുഖസ്യ ഭാവയിതൃതമഃ?
(അശ്വിനാവന്തരേണനകോപി)
യം സൂര്യസ്യ ദുഹിതാ
അവൃണീത — സൂര്യസ്യ പത്നീ സമഭജൽ
കം രഥം ദ്രവൽ–അശ്വം
ആശും ആഹുഃ? — ശീഘ്രഗമാശ്വോപേതം, വേഗവന്തം ബ്രുവതേ?

അർത്ഥം–ഏതു ദേവൻ നമ്മളെ സുഖിപ്പിക്കും? ഏതു ദേവൻ നമ്മുടെ യജ്ഞമുദ്ദേശിച്ച് എപ്പോഴും വന്നുചേരും? ദേവന്മാരുടെ ഇടയിൽ ഏവൻ ഏററവും സുഖദാതാവാകുന്നു? (അശ്വികളല്ലാതെ അപ്രകാരമാരുമില്ല.) യാതൊരു തേർ സൂര്യൻെറ പത്നി വരിച്ചുവോ, പ്രാപിച്ചുവോ? ഓട്ടക്കുതിരകളൊത്തതും സ്വയം വേഗവത്തുമായതെന്ന് ഏതു തേരിനെയാണ് ജനം പറയുന്നതു്?

3 മക്ഷൂഹിഷ്മാഗച്ഛതഈവതോദ്യൂ
നിന്ദ്രോനശക്തിംപരിതക്മ്യായാം
ദിവആജാതാദിവ്യാസുപർണ്ണാ
കയാശചീനാംഭവഥശ്ശചിഷ്ഠാ

അന്വയം:–
(ഹേ അശ്വിനൌ,)
ഈവതഃ ദ്യൂൻ — ആഗാമിനഃ ദിവസാൻ (സുത്യാസംബന്ധിനഃ പ്രതി)
പരി–തക്മ്യായാം — രാത്രാവതീതായാം, ഉഷസി, സുത്യാഹനി
ഇന്ദ്രഃ ശക്തിം ന മക്ഷു ഗച്ഛഥഃ — ഇന്ദ്രഃ ഗച്ഛൻ സ്വകീയാം ശക്തിം പ്രദർശയതി തദ്വൽ, ശീഘ്രം ഗച്ഛതം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദിവഃ ആ–ജാതാ ഹി സ്ഥ — ദ്യുലോകാദാഗതൌ ഖലു
ദിവ്യാ, സു–പർണ്ണാ — ദിവിഭവൌ ശോഭനഗമനൌ യുവാം
ശചീനാം — യുഷ്മൽ സംബന്ധിനാം കർമ്മണാം മദ്ധ്യേ
കയാ (ശച്യാ) ശചിഷ്ഠാ ഭവഥഃ? — കേന കർമ്മണാ ശോഭനേ കർമ്മവന്തൌ ഭവഥഃ?

അർത്ഥം–അല്ലയോ അശ്വികളേ, യജ്ഞാങ്ഗമായ സുത്യ എന്ന ക്രിയ സംബന്ധിച്ച ദിവസങ്ങളിൽ വന്നുചേരുന്നവരായ നിങ്ങൾ രാത്രി കഴിയവേ, ഉഷസ്സിൽ, സുത്യാദിവസം, ഇന്ദ്രൻ വന്ന് സ്വന്തം ശക്തി പ്രദർശിപ്പിക്കുന്നപോലെ, വേഗത്തിൽ വന്നാലും. നിങ്ങൾ ദ്യോവിൽ നിന്ന് വന്നവരാണല്ലോ. ദ്യോവിലുണ്ടായവരും ശോഭനഗതികളുമായ നിങ്ങൾ നിങ്ങളുടെ കർമ്മങ്ങൾക്കിടയിൽ എന്തു കർമ്മംകൊണ്ടാണ് സൽകർമ്മാക്കളാവുന്നത്?

4 കാവാംഭൂദുപമാതിഃകയാന
ആശ്വിനാഗമഥോഹൂയമാനാ
കോവാംമഹശ്ചിത്ത്യജസോഅഭീക
ഉരുഷ്യതംമാധ്വീദസ്രാനഊതീ

അന്വയം:–

ഹേ അശ്വിനാ വാം കാ
ഉപ–മാതിഃ ഭൂൽ? — അശ്വിനൌ കാ, യുവയോ സ്തുതിർഭവേൽ?
കയാ ഹൂയമാനാ — കയാ സ്തുത്യാ ആഹൂയമാനൌ സന്തൌ
നഃ ആ ഗമഥഃ? — അസ്മാനാഗച്ഛഥഃ?
വാം അഭീകേ — യുവയോരാസന്നപ്രദേശേ
മഹഃ ചിൽ ത്യജസഃ കഃ? — മഹതഃ ക്രോധസ്യ സോഢാദകാ ഭവേൽ?

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

(സവ്വൈന്സ്യ്യജ്യതേ ഇതിത്യജഃ ക്രോധഃ)

ഹേ മാധ്വീ, — മധുരരസസ്യോദകസ്യ സ്രഷ്ടാരൌ,

ഹേ ദസ്രാ, — ശത്രൂണാമുപക്ഷയിതാരാ വശ്വിനൌ,

നഃ ഊതീ ഉരുഷ്യതം — അസ്മാന്യത്യാ, രക്ഷയാ, പാലയതം

അത്ഥം—അല്ലയോ അശ്വികളേ, നിങ്ങാംക്ക് ഏതു സ്തുതിയാണ്' (ഇഷ്ടപ്പെട്ടതായി) ഭവിക്കുന്നതു്? ഏതു സ്തുതിയാൽ വിളിക്കപ്പെട്ടവരായിട്ടാണ്' ഞങ്ങളെ പ്രാപിക്കുന്നതു്? നിങ്ങളുടെ മഹത്തായ ക്രോധം സഹിക്കുവാൻ ആക്കുകഴിയും? അല്ലയോ മധുരജലസ്രഷ്ടാക്കളേ, ശത്രുഹന്താക്കളേ, അശ്വികളേ, ഞങ്ങളെ രക്ഷണത്താൽ കാത്താലും.

5 ഉരുവാംരഥഃപരിനക്ഷതിദ്യാ
മായൽസമുദ്രാദഭിവത്തതേവാം
മധ്വാമാധ്വീമധുവാംപ്രുഷായൻ
യൽസീംവാംപൃക്ഷോഭുരജന്തപക്വാഃ

അന്വയം:—

(ഹേ അശ്വിനൌ,)

വാം രഥഃ — യുവയോ രഥഃ

ദ്യാം പരി ഉരു നക്ഷതി — ദ്യുലോകാൽ പരിതഃ പ്രഭൃതം ഗച്ഛതി

യൽ ആ സമുദ്രാൽ — യസ്മാദന്തരിക്ഷാൽ

വാം അഭി വത്തതേ — യുവാം ആഭിമുഖ്യേന ഗച്ഛതി

ഹേ മാധ്വീ, — മധുരസ്യോദകസ്യ സ്രഷ്ടാരൌ,

വാം മധ്വാ മധു പ്രുഷായൻ — യുവയോഃ മധുരേണ പയസാ മധുരം സോമരസം അധ്വര്യവസ്സിഞ്ചന്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യൽ സീം വാം പൃക്ഷഃ — യസ്മാൽ സവ്വതഃ യുവയോസ്സോമം

പക്വാഃ ഭുരജന്ത — പക്വായവാഃ പ്രാപ്നുവന്തി

അത്ഥം--അല്ലയോ അശ്വികളേ, നിങ്ങളുടെ തേർ ദ്യുലോകത്തിലങ്ങിങ്ങ് നിറഞ്ഞു ചുററുന്നു. അന്തരിക്ഷത്തിൽ നിന്നു് (നിങ്ങൾക്കു് യാത്രാസമയമായെന്നു് മനസ്സിലാക്കി) നിങ്ങളുടെ നേരെവരുന്നതുകൊണ്ടു്, അല്ലയോ മധുരജലസ്രഷ്ടാക്കളേ, മധുരമായ പാലോടുകൂടിയ മധുരമായ സോമച്ചാർ അധ്വര്യുക്കരം നിങ്ങൾക്കൊഴിച്ചു തരുന്നു. നിങ്ങളുടെ സോമത്തെ വേവു ചെന്ന യവാന്നങ്ങളും പ്രാപിക്കുന്നു.

6 സിസ്ധുഹ്വാംരസയാസിഞ്ചദശ്വാൻ
ഘൃണാവയോരുഷാസഃപരിഗ്മൻ
തദ്ദൂഷുവാമജിരംചേതിയാനം
യേനപതീഭവഥസ്സൂര്യായാഃ

അന്വയം:—

വാം അശ്വാൻ സിസ്ധുഃ — സ്യന്ദമാനാമേഘഃ

രസയാ സിഞ്ചൽ ഹ — രസേന അസേചയദ്ധി

ഘൃണാ വയഃ — ദീപ്ത്യാപക്ഷിസദൃശാഃ വേതാരഃ, ഗന്താരഃ

അരുഷാസഃ പരി ഗ്മൻ — ആരോചമാനാഃ പരിതോ ഗച്ഛന്തി

വാം തൽ യാനം — ഗമനസാധനഃ പ്രസിദ്ധോരഥഃ

അജിരം സു ചേതി ഉ — ക്ഷിപ്രം സുഷ്ഠുജ്ഞായതേ ഹി

യേന സൂര്യായാഃ

പതീ ഭവഥഃ — പാലയിതാരൌ, വോഢാരൌ ഭവഥഃ (സരഥശ്ചേതി)

അത്ഥം--നിങ്ങളുടെ കുതിരകളെ ആകാശത്തിലെ മേഘങ്ങരം ജലത്താൽ കഴുകുന്നു, കുളിപ്പിക്കുന്നു. പ്രകാശംകൊണ്ടു് പക്ഷികരംപോലെയുള്ള നിങ്ങളുടെ കുതിരകരം ഭാസമാനങ്ങ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ളായി അങ്ങുമിങ്ങും നടക്കുന്നു. നിങ്ങളുടെ യാത്രാസാധനമായ പുകഴ്ന്ന തേർ വേഗത്തിൽ തിരിച്ചറിയപ്പെടുന്നു. ഏതു തേരി നാൽ നിങ്ങൾ സൂര്യസ്യ പതികളായോ, രക്ഷിതാക്കളായി വ ഹിച്ചുവോ, ആ തേർ തിരിച്ചറിയപ്പെടുന്നു.

7 ഇഹേഹയദ്വാം സമനാപപൃക്ഷേ

സേയമസ്മേ സുമതിർവ്വാജരത്നാ

ഉരുഷ്യതം ജരിതാരം യുവം ഹ

ശ്രിതഃ കാമോനാസത്യായുവദ്രിക് വ 19

അന്വയം:—

ഹേ വാജ—രത്നാ,

നാസത്യാ — രമണീയാന്നൌ, സത്യശീലാ വശ്വിനൌ,

യൽ ഇഹ—ഇഹ — യസ്മാൽ, യയാവസുമത്യാ അസ്മിന്നേവയജ്ഞേ

സമനാ — സമാനമനസ്സൌ, സദൃശൌ, തൌ

വാം പപൃക്ഷേ — യുവാം സുമത്യാസംയോജയാമി

സാ ഇയം സു—മതിഃ — ഇദാനീംക്രിയമാണാ ശോഭനാസ്തുതിഃ

അസ്മേ — (ഫലവതീഭവതു)

യുവം ജരിതാരം

ഉരുഷ്യതം — യുവാം സ്തോതാരം മാം രക്ഷതം

കാമഃ യുവദ്രിക് ഹ ശ്രിതഃ — അസ്മദീയോഭിലാഷഃ യുവാമേവ പ്രാപ്തഃ

അർത്ഥം—അല്ലയോ അശ്വികളേ, ഈ യജ്ഞത്തിൽത്തന്നെ സമാനമനസ്സരും തുല്യരൂപരുമായ ആ നിങ്ങളെ ഞാൻ സ്തുതി യോടു യോജിപ്പിക്കുന്നതുകൊണ്ട്, ഇപ്പോൾ ചൊല്ലപ്പെടുന്ന ആ സ്തുതി ഫലവതിയാവട്ടെ. നിങ്ങൾ സ്തോതാവായ എന്നെ രക്ഷിച്ചാലും. എന്റെ അഭികാമം നിങ്ങളെത്തന്നെ പ്രാപി ച്ച്, ആശ്രയിച്ചിരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വർഗ്ഗം—20

1 തംവാംരഥംവയമദ്യാഹുവേമ

പൃഥുജ്രയമശ്വിനാസങ്ഗതിംഗോഃ

യസ്സൂര്യാംവഹതിവന്ധുരായു

ർഗ്ഗിർവ്വാഹസംപുരുതമംവസൂയും

അന്വയം:—

ഹേ അശ്വിനാ, യഃ

സൂര്യാം വഹതി	— അശ്വിനൌ, താം ധാരയതി
(യഃ) വന്ധുര-യുഃ	— യസ്മിന്നിവാസാ ധാരഭ്രുതഃ കാഷ്ഠഃ ഭവതി സഃ
പൃഥു-ജ്രയം	— പ്രഥിതവേഗം
ഗോഃ സം-ഗതിം	— സങ്ഗമയിതാരം
ഗിർവ്വാഹസം പുരു-തമം	— ഗിരാം, സ്തുതീനാം വോഢാരം, പ്രഭൃതതമം
വസൂ-യും തം വാം രഥം	— വസുമന്തം യുവയോ രഥം
വയം അദ്യ ഹുവേമ	— സ്തോതാരഃ സുത്യാഹനി ആഹ്വയാമഃ

അർത്ഥം—അല്ലയോ അശ്വികളേ, ഏതു തേർ സൂര്യയെ വഹിയ്ക്കുന്നുവോ, ഏതു തേരിൽ ഇരിക്കാനുള്ള മുട്ടിയുണ്ടോ, പ്രസിദ്ധമായ വേഗത്തോടുകൂടിയതും പശുക്കളോടു് (കുതിരകളോടു്) കൂടിച്ചേർന്നതും സ്തുതികളെ വഹിയ്ക്കുന്നതും മഹത്തമവും ധനയുക്തവുമായ നിങ്ങളുടെ ആ തേരിനെ ഈ സുത്യാഹസ്സിൽ ഞങ്ങൾ വിളിക്കുന്നു.

2 യുവംശ്രിയമശ്വിനാദേവതാതാം

ദിവോനപാതാവനഥശ്ശചീഭിഃ

യുവോർവ്വപുരഭിപൃക്ഷസ്സചന്തേ

വഹന്തിയൽകകുഹാസോരഥേവാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ ദിവഃ നപാതാ

അശ്വിനാ, — ദ്യുലോകസ്യ പുത്രസ്ഥാനീയാ വശ്വിനൌ,

ദേവതാ യുവം — ദേവതേ യുവാം

താം ശ്രിയം ശചീഭിഃ

വനഥഃ — പ്രസിദ്ധാംശ്രിയം കമ്മഭിസ്സംഭജേഥേ

യൽ രഥേ വാം കകുഹാസഃ

വഹന്തി — യദായുവാം സ്തുതയോ വഹന്തി

(തദാ) യുവോഃ വപുഃ — യുവയോശ്ശരീരഃ

പൃക്ഷഃ അഭി സചന്തേ — സോമലക്ഷണാന്യന്നാനി പ്രാപ്നുവന്തി

അത്ഥം—ദ്യോവിന്റെ പുത്രസ്ഥാനത്തുള്ള അശ്വികളേ, ദേവതമാരായ നിങ്ങൾ പ്രസിദ്ധമായ ശ്രീയെ, ഐശ്വര്യത്തെ, ശോഭാതിശയത്തെ, കമ്മങ്ങൾകൊണ്ട് പ്രാപിക്കുന്നു. എപ്പോൾ സ്തുതികളാകുന്ന കുതിരകൾ നിങ്ങളെ തേരിൽ വഹിക്കുന്നുവോ, അപ്പോൾ നിങ്ങളുടെ ശരീരം സോമഹവിസ്സുകളെ പ്രാപിക്കുന്നു.

3 കോവാമദ്യാകരതേരാതഹവ്യ

ഊതയേവാസുതപേയായവാക്കൈഃ

ഋതസ്യവാവനുഷേപൂവ്വ്യായ

നമോയേമാനോഅശ്വിനാവവത്തൽ

അന്വയം:—

കഃ അദ്യ വാം കരതേ? — കഃ യജമാനഃ സ്തുതിം കര്യാൽ?

അക്കൈഃ രാത—ഹവ്യഃ — മന്ത്രൈസ്സ്തത്തസ്സോമം

ഊതയേ വാ സുത—

പേയായ വാ — രക്ഷണായ സോമപാനായ വാ

ഋതസ്യ വാ — യജ്ഞസ്യ വാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പൂർവ്വ്യായ വന്ദഷേ — പുരാതനായ സംഭജനായ
ഹേ അശ്വിനാ, നമഃ
യേമാനഃ — അശ്വിനൌ നമസ്കാരം കുർവ്വാണഃ
(കഃ) ആ വവൎത്തൽ? — ആവൎത്തയേൽ?

അൎത്ഥം—ഏതു യജമാനൻ ഇപ്പോഠം നിങ്ങഠംക്കു് സ്തുതി ചൊല്ലും? മന്ത്രപൂർവ്വം നല്ലപ്പെട്ട സോമം രക്ഷക്ക വേണ്ടിയോ, പാനത്തിന്നായോ, യജ്ഞത്തിൻെറ പുരാതനമായ രൂപത്തി ലുള്ള പ്രാപ്തിക്കവേണ്ടിയോ, അല്ലയോ അശ്വികളേ, ആർ നമസ്കരിച്ചുകൊണ്ടു് എത്തിക്കുന്നു?

4 ഹിരണ്യയേനപുരുഭൂരഥേനേ
മംയജ്ഞംനാസത്യോപയാതം
പിബാഥഇന്മധുനസ്സോമ്യസ്യ
ദധഥോരത്നംവിധതേജനായ

അന്വയം:—

ഹേ പുരു—ഭൂ, നാസത്യാ — ബഹുഭവന്തൌസത്യശീലാ വശ്വിനൌ,
ഇമം യജ്ഞം ഹിരണ്യയേന
രഥേന ഉപ യാതം — ഉപാഗച്ഛതം
സോമസ്യ മധുനഃ ഇൽ
പിബാഥഃ —സോമസംബന്ധിനഃ മധുരരസ്യസ രസമേവപിബഥഃ
വിധതേ ജനായ രത്നം
ദധഥഃ — പരിചരതേമഹ്യം രമണീയം ധനം ധാരയഥഃ

അൎത്ഥം—വിവിധരൂപരും സത്യശീലരുമായ അശ്വികളേ, ഈ യജ്ഞത്തിന്നു് നിങ്ങളുടെ സ്വർണ്ണത്തേരിൽ വന്നാലും. സോമത്തിൻെറ മധുരച്ചാർ തന്നെ കുടിച്ചാലും. പരിചരിക്ക ന്ന എനിക്കവേണ്ടി ഉത്തമധനം ധരിച്ചാലും, തന്നാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

5 ആനോയാതംദിവോഅച്ഛാപൃഥിവ്യാ

ഹിരണ്യയേനസുവൃതാരഥേന

മാവാമന്യേനിയമന്ദേവയന്ത

സ്സംയദ്ദദേനാഭിഃപൂർവ്വ്യാവാം

അന്വയം:—

നഃ അച്ഛ — അസ്മാനഭിപ്രാപ്തും
ദിവഃ പൃഥിവ്യാഃ — (വാ സകാശാൽ)
ഹിരണ്യയേന സു-വൃതാ
രഥേന — ഹിരണ്മയേന ശോഭനേ
വർത്തനേനരഥേന
ആ യാതം — ആഗച്ഛതം
യൽ പൂർവ്വ്യാ നാഭിഃ — യസ്മാൽ ഇതരയഷ്ടൃഭ്യഃ പൂർവ്വ
ഭാവിനീ ബന്ധികാസ്തുതിഃ
വാം സം ദദേ — സംബധ്നാതി
(തസ്മാൽ) അന്യേ
ദേവ-യന്തഃ — ദേവൌ യുവാമിച്ഛന്തോ
യജമാനാഃ
മാ വാം നി യമൻ — നിയമനം മാ കുർവ്വൻ

അർത്ഥം—ഞങ്ങൾക്ക് നേരെ എത്തുവാൻ ദ്യോവിൽ നിന്നോ, ഭുവിൽ നിന്നോ (അടുത്തുനിന്നോ) സ്വർണ്ണമയവും നന്നായി പ്രവർത്തിക്കുന്നതുമായ തേരിൽ വന്നാലും. മററു യഷ്ടാക്കൾക്കുമുമ്പുതന്നെ, ഞങ്ങൾ നിങ്ങളെ, സ്തുതിയാൽ ബന്ധിയ്ക്കുന്നതുകൊണ്ട്, ദേവകാമന്മാരായ മററു യജമാനന്മാർ നിങ്ങളെ തടുത്തുനിർത്തരുത്.

6 നൂനോരയിംപുരുവീരംബൃഹന്തം

ദസ്രാമിമാഥാമുഭയേഷ്വസ്മേ

നരോയദ്വാമശ്വിനാസ്തോമമാവ

ന്ത്സധസ്തുതിമാജമീള്ഹാസോഅഗ്മൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ന നഃ പുരു-വീരം	— ക്ഷിപ്രമസ്മാകം ബഹുപുത്രോപേതം
ബൃഹന്തം രയിം	— മഹാന്തം ധനം
ഹേ ദസ്രാ അശ്വിനാ	
മിമാഥാം	— ശത്രൂണാമുപക്ഷയിതാരാ വശ്വിനൌ, കുരുതം
യൽ ഉഭയേഷു അസ്മേ	— യദാ പുരുമീള്ഹാജമീള്ഹേഷ്വസ്മാസു
നരഃ വാം സ്തോമം ആവൻ	— നേതാരഃ ഋത്വിജഃ സ്തോത്രം അഗമൻ
(തഥാ) ആജ-മീള്ഹാസഃ	
സധ-സ്തുതിം അഗ്മൻ	— അജമീള്ഹസംബന്ധിനോപി സഹസ്തുതിംതൈസ്സഹ അഗമൻ

അർത്ഥം-വേഗത്തിൽ ഞങ്ങൾക്ക് വളരെ പുത്രന്മാരോടു കൂടിയതും മഹത്തുമായ ധനം, അല്ലയോ ശത്രുഘ്നാക്കളായ അശ്വികളേ, ഉണ്ടാക്കിയാലും. നേതാക്കളായ ഋത്വിക്കുകൾ പുരുമീഢാജമീഢന്മാരായ ഞങ്ങളിൽ (ഞങ്ങൾക്കുവേണ്ടി) നിങ്ങളെക്കുറിച്ച സ്തോത്രം എത്തിക്കുന്നപോലെ അജമീഢസംബന്ധികളും അതോടൊപ്പം നിങ്ങൾക്ക് കൂട്ടുസ്തുതി എത്തിച്ചിരിക്കുന്നു.

7 ഇഹേഹയദ്വാംസമനാപപൃക്ഷേ
സേയമസ്മേസുമതിർവ്വാജരത്നാ
ഉരുഷ്യതംജരിതാരംയുവംഹ
ശ്രിതഃ കാമോനാസത്യായുവദ്രിക് വ 20

അന്വയം:—

(ഇതു് 19—ാം വർഗ്ഗത്തിൽ ഒടുവിലത്തെ ഋക്കിൽ വ്യാഖ്യാനിച്ചിട്ടുണ്ടു്.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വർഗ്ഗം—21 ജഗതീത്രിഷ്ടുഭൗഛന്ദസീ

1 ഏഷസ്യഭാനരുദിയർത്തിയുജ്യതേ

രഥഃ പരിജ്മാദിവോ അസ്യസാനവി

പൃക്ഷാസോഅസ്മിൻമിഥുനാ അധിത്രയോ

ദൃതിസ്തുരീയോമധുനോവിരപ്ശതേ

അന്വയം:—

ഏഷഃ സ്യഃ ഭാനുഃ ഉത് ഇയർത്തി	— സഃ ആദിത്യഃ ഊർധ്വം ഗച്ഛതി
(യുവയോഃ) രഥഃ	
പരി-ജ്മാ	— പരിതോഗന്താ
അസ്യ ദിവഃ സാനവി യുജ്യതേ	— ദ്യോതമാനസ്യാദിത്യസ്യ സാനൌ, സമുച്ഛ്രിതപ്രദേശേ യുക്തഉദിയർത്തി
അസ്മിൻ അധി മിഥുനാഃ	— അസ്മിൻ രഥേ ഉപരിഭാഗേ മിഥുനീഭൃതാഃ
ത്രയഃ പൃക്ഷാസഃ	— ത്രിധാവിഹിതാന്യന്നാനി, അശനപാനഖാദയോഗ്യാനി (ത്രിഷ്വപിമിഥുനശബ്ദഃ ദൃശ്യതേ)
ദൃതിഃ തുരീയഃ	— രസദ്രവ്യാധാരഃ ചർമ്മമയോദൃതിഃ സോമരസസ്യ സംബന്ധീ മധുപൂർണ്ണശ്ചതുർത്ഥഃ
മധുനഃ വി രപ്ശതേ	— സോമരസ സംബന്ധീമധുപൂർണ്ണഃ വിവിധം രാജതേ.

അർത്ഥം—മുമ്പിൽ കാണപ്പെടുന്ന ആ പ്രകാശമാനനായ ആദിത്യൻ മുകളിൽ പോകുന്നു. മുമ്പിൽ നിങ്ങളുടെ തേർ എമ്പാടും ചുററിക്കൊണ്ടു് ആദിത്യന്നടുക്കൽ ഉയർന്ന പ്രദേശത്തു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചേരുന്നു. ഈ തേരിന്റെ മുകൾഭാഗത്ത് മിഥുനങ്ങളായി മൂന്നു വിധം അന്നങ്ങളും (കടിക്കാതെ ഇറക്കാനും, കടിക്കാനും കുടിക്കാനും പററിയവ) നാലാമത്ത് സോമം നിറച്ച തോൽസഞ്ചിയും പ്രശോഭിക്കുന്നു. (രണ്ടെണ്ണത്തിനെന്നപോലെ മൂന്നെണ്ണത്തിനും മിഥുനശബ്ദം പ്രയോഗമുണ്ട്.)

2 ഉദ്വാം പൃക്ഷാസോ മധുമന്ത ഈരതേ

രഥാ അശ്വാസ ഉഷസോ വ്യുഷ്ടിഷു

അപോർണ്ണുവന്തസ്തമ ആ പരീവൃതം

സ്വ൧ർണ്ണ ശുക്രം തന്വന്ത ആ രജഃ

അന്വയം:–

പൃക്ഷാസഃ	— ത്രിവിധാന്നവന്തഃ
മധു- മന്തഃ അശ്വാസഃ	— സോമരസോപേതാഃ അശ്വയുക്താഃ
വാം രഥാഃ ഉഷസഃ വി– ഉഷ്ടിഷു	— യുവയോരഥാഃ പ്രഭാതേഷു സൽസു
പരി–വൃതം തമഃ	— വ്യാപ്തമന്ധകാരം
ആ അപ–ഊർണ്ണുവന്തഃ	— സർവ്വതഃ അപാകുർവ്വന്തഃ
സ്വഃ ന ശുക്രം രജഃ ആ തന്വന്തഃ	— ആദിത്യ ഇവ ദീപ്തം തേജശ്ച ഉല്പാദയന്തഃ (ആകാരശ്ചാർത്ഥേ)
ഉൽ ഈരതേ	— ഉന്മുഖം ഗച്ഛതി

അർത്ഥം– മൂന്നുവിധം അന്നങ്ങളോടുകൂടിയവയും സോമരസമൊത്തവയും കുതിരകളെ പൂട്ടിയവയുമായ നിങ്ങളുടെ തേരുകൾ പ്രഭാതങ്ങളിൽ എങ്ങും വ്യാപിച്ച് ഇരുട്ടിനെ തീരെ അകററിക്കൊണ്ട്, സൂര്യനെന്നപോലെ ഭാസമാനമായ തേജസ്സുമുണ്ടാക്കിക്കൊണ്ട് മേൽപ്പോട്ടുയർന്നുവരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

3 മധ്വഃപിബതംമധുപേഭിരാസഭി

രുതപ്രിയംമധുനേയുഞ്ജാഥാംരഥം

ആവർത്തനിംമധുനാജിന്വഥസ്പഥോ

ദൃതിംവഹേഥേമധുമന്തമശ്വിനാ

അന്വയം:–

ഹേ അശ്വിനാ, — അശ്വിനൌ,
മധ്വഃ മധു–പേഭിഃ
ആസ–ഭിഃ പിബതം — മധുരം സോമരസം സോമ പാനാഹൈരാസ്യൈഃ പാതം
ഉത പ്രിയം രഥം മധുനേ
യുഞ്ജാഥാം — മധുലാഭായ അശ്വൈരശ്വയുക്തം കുരുതം
വർത്തനിം ആ — യജമാനഗൃഹം ആഗച്ഛതം
പഥഃ മധുനാ ജിന്വഥഃ — ഗമനമാർഗ്ഗാൻ സോമബിന്ദുനാ പ്രീണയതം
മധു–മന്തം ദൃതിം
വഹേഥേ — സോമപൂർണ്ണം ചർമ്മമയം ദൃതിം ധാരയഥഃ

അത്ഥം–അല്ലയോ അശ്വികളേ, മധുരമായ സോമച്ചാറിനെ സോമപാനാർഹങ്ങളായ മുഖങ്ങളാൽ കുടിച്ചാലും. പിന്നെ പ്രിയപ്പെട്ട തേരിൽ സോമലാഭത്തിന്നായി കുതിരകളെ പൂട്ടിയാലും. യജമാനൻെറ ഗൃഹത്തെ പ്രാപിച്ചാലും. പോകുന്ന വഴികളെ സോമത്തുള്ളികൾകൊണ്ട് സന്തോഷിപ്പിച്ചാലും. സോമം നിറച്ച തോൽസഞ്ചി ധരിച്ചാലും.

4 ഹംസാസോയേവാംമധുമന്തോഅസ്രിധോ

ഹിരണ്യപർണ്ണാഉഹുവഉഷർബുധഃ

ഉദപ്രുതോമന്ദിനോമന്ദിനിസ്പൃശോ

മധ്വോനമക്ഷസ്സവനാനിഗച്ഛഥഃ

*55

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹംസാസഃ — അധ്വനി ശീഘ്രം ഗന്താരഃ
മധു-മന്തഃ, അസ്രിധഃ — മാധുര്യോപേതാഃ, അദ്രോഗ്ധാരഃ
ഹിരണ്യ-പർണ്ണാഃ — ഹിതരമണീയ പർണ്ണാഃ
ഉദ്രുവഃ, ഉഷഃ-ബുധഃ — വോഢാരഃ, ഉഷസി ബുദ്ധ്യമാനാഃ
ഉദ-പ്രുതഃ — ഉദകസ്യ പ്ലാവയിതാരഃ
മന്ദിനഃ,
മന്ദി-നിസ്പൃശഃ — ഹർഷയിതാരഃ, മന്ദിനം, സോമം സ്പൃശന്തഃ
(അശ്വാഃ) വാം യേ (സന്തി, തൈരശ്വൈഃ)
മധ്വഃ ന മക്ഷഃ — മധ്വിവ മക്ഷികാഃ
സവനാനി ഗച്ഛഥഃ — അസ്മദീയാനി സവനാനി ഗച്ഛഥഃ

അർത്ഥം—വഴി വേഗം താണ്ടുന്നവയും മാധുര്യമുററവയും ആരെയും ദ്രോഹിക്കാത്തവയും സ്വർണ്ണനിറത്തിലുള്ള കഞ്ചിരോമമുററവയും ഭാരമേററുന്നവയും ഉഷസ്സിലുണരുന്നവയും വെള്ളത്തിൽ ചാടിക്കളിക്കുന്നവയും ഏവരെയും സന്തോഷിപ്പിക്കുന്നേയും സോമം സ്പർശിക്കുന്നവയുമായ കുതിരകളേവ നിങ്ങൾക്കുണ്ടോ, അവയാൽ, തേനിനെ ഈച്ചയെന്നപോലെ, ഞങ്ങളുടെ സവനങ്ങളെ പ്രാപിച്ചാലും.

5 സ്വധ്വരാസോമധുമന്തോ അഗ്നയ
ഉസ്രാജരന്തേപ്രതിവസ്തോരശ്വിനാ
യന്നിക്തഹസ്തസ്തരണിർവിചക്ഷണ
സ്സോമം സുഷാവമധുമന്തമദ്രിഭിഃ

അന്വയം:—

യൽ നിക്ത-ഹസ്തഃ — യദാസ്മദാന്ത്രണോദകേന ശോധിത ഹസ്തഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തരണിഃ, വി–ചക്ഷണഃ — കമ്മണസ്താരയിതാ, വിവിധം ദ്രഷ്ടാ അധ്വര്യുഃ
മധു–മന്തം സോമം — മാധുര്യോപേതം സോമം
അദ്രി–ഭിഃ സുസാവ — ഗ്രാവഭിഃ അഭിഷുതവാൻ
(തദാ) സു-അധ്വരാസഃ — ശോഭനേയാഗസാധനാഃ
മധു–മന്തഃ അഗ്നയഃ — ഹോതവ്യ സോമവന്തഃ ഗാർഹപത്യാദയഃ
ഉസ്രാ അശ്വിനാ — സഹനിവസന്താവശ്വിനൌ
പ്രതി വസ്തോഃ ജരന്തേ — അനുഹമുഷഃകാലേ സ്തുവന്തി

അർത്ഥം–എപ്പോറം മന്ത്രശുദ്ധമായ ജലം കൊണ്ടു കഴകിയ കൈകളോടുകൂടിയവനും കമ്മരക്ഷകനും എല്ലാം കാണുന്നവനു മായ അധ്വര്യു, മധുരമായ സോമത്തെ പിടിക്കല്ലുകളാൽ സംസ്കരിച്ചുവോ, അപ്പോറം നല്ല യാഗങ്ങറം സാധിപ്പിക്കുന്നവരും ഹോമിക്കേണ്ടും സോമങ്ങളോടുകൂടിയവരുമായ ഗാർഹപത്യാദ്യഗ്നികറം എപ്പോഴും കൂടി നില്ക്കുന്ന അശ്വികളെ ദിവസം തോറും പ്രാതഃകാലത്തിൽ സ്തുതിക്കുന്നു.

6 ആകേനിപാസോഅഹഭിർദ്ദവിധ്വത
സ്വ്വ്ണ്ണശുക്രംതനവന്തആരജഃ
സൂരശ്ചിദശ്വാൻയുയുജാനഈയതേ
വിശ്വാഅനുസ്വധയാചേതഥസ്പഥഃ

അന്വയം:–
ആകേ-നിപാസഃ — ആകേ അന്തികേ നിപതന്തീതി, രശ്മയഃ
അഹ–ഭിഃ ദവിധ്വതഃ — അഹോഭിഃ കമ്പയന്തഃ തമാംസി ധ്വംസയന്തഃ
(അശ്വിനോരശ്വാഃ)
സ്വഃ ന — ആദിത്യ ഇവ
ശുക്രം രജഃ ആ തനവന്തഃ — ദീപ്തംരേണുമുൽപാദയന്തഃ
സൂരഃ ചിൽ — സൂര്യശ്ച

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അശ്വാൻ യുയുജാനഃ

ഈയതേ — യോജയൻ ഗച്ഛതി

വിശ്വാൻ പഥഃ അനു — ആഗമനമാർഗ്ഗാനനുക്രമേണ യുവാം

സ്വധയാ ചേതഥഃ — സോമാന്നേന ചേതയഥഃ, പ്രജ്ഞാപയഥഃ

അർത്ഥം— തങ്ങളുടെ രശ്മികൾ പകലുകളാൽ ഇളകുന്നവയായി, ഇരുട്ടകററുന്നവയായി, അശ്വികളുടെ കുതിരകൾ ആദിത്യനെന്നപോലെ പ്രകാശകമായ രജസ്സ് (പൊടി) ഉണ്ടാക്കുന്നു. സൂര്യനാകട്ടെ തൻെറ കുതിരകളെ പൂട്ടിവരുന്നു. (അല്ലയോ അശ്വികളേ) നിങ്ങൾ എല്ലാ വഴികളെയും ക്രമത്തിൽ സോമാന്നത്താൽ അറിയിപ്പിക്കുന്നു.

7 പ്രവാമവോചമശ്വിനാധിയന്ധാ
രഥസ്വശ്വോഅജരോയോഅസ്തി
യേനസദ്യഃപരിരജാംസിയാഥോ
ഹവിഷ്മന്തംതരണിംഭോജമച്ഛ — വ. 21

അന്വയം:—

ധിയം—ധാഃ — കർമ്മണാം ധാരകോഹം

ഹേ അശ്വിനാ, വാം പ്ര

അവോചം — അശ്വിനൌ, യുവാം പ്ര ബ്രവീമി, സ്തൌമി

സു—അശ്വഃ അജരഃ രഥഃ

യഃ അസ്തി — അജീർണ്ണഃ നിത്യനൂതനഃ യോ രഥോസ്തി

യേന സദ്യഃ — യേനരഥേന തദാനീമേവ

ജരാംസി പരി യാഥഃ — ലോകാൻ പരിഗച്ഛഥഃ

(തേന രഥേന)

ഹവിഷ്മന്തം, തരണിം,

ഭോജം അച്ഛ — ഭോജയിതാരം പാപതാരകമസ്മദ്യാഗം പ്രാപ്തും ആഭിമുഖ്യേന ഗച്ഛതം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം—കമ്മമനുഷ്ഠിക്കുന്ന ഞാൻ, അല്ലയോ അശ്വികളേ, നിങ്ങളെ നന്നായി സ്തുതിക്കുന്നു. നല്ല കുതിരകളോടുകൂടിയതും കേടുപാടില്ലാത്തതും എന്നും പുത്തനുമായ നിങ്ങളുടെ തേർ ഏതോ, ഏതു തേരിനാൽ വേഗത്തിൽ ലോകങ്ങളെ നിങ്ങൾ ചുററുന്നുവോ, അതിലേറി ഹവിസ്സോത്തതും പാപത്തിൽ നിന്നു രക്ഷിക്കുന്നതും ഭോഗസുഖമിയററുന്നതുമായ ഞങ്ങളുടെ യാഗത്തെ പ്രാപിക്കുവാൻ നേരെ വന്നാലും.

വഗ്ഗം—22—ഗായത്രീഛന്ദഃ ഇന്ദ്രവായൂ ദേവതാ.

1 അഗ്രംപിബാമധൂനാംസുതംവായോദിവിഷ്ടിഷു

തംഹിപൂവ്വപാഅസി

അന്വയം:—

ഹേ വായോ, (ത്വം)

അഗ്രം — ഇന്ദ്രാദിഭ്യഃ പൂവ്വം

ദിവിഷ്ടിഷു — ദിവഃ, സ്വഗ്ഗസ്യ പ്രാപകേഷു യജ്ഞേഷു

മധൂനാം സുതം പിബ — മധുരരസാനാം സോമാനാം അഭിഷുതം രസം പിബ

ത്വം ഹി പൂവ്വ—പാഃ അസി — പൂവ്വപായീ ഭവസി

അത്ഥം—അല്ലയോ വായോ, ഇന്ദ്രാദിദേവന്മാക്കു് മുമ്പു്, സ്വർഗ്ഗപ്രദങ്ങളായ യജ്ഞങ്ങളിൽ മധുരരസങ്ങളായ സോമങ്ങളുടെ ചതച്ചുസംസ്കരിച്ച ചാർ കുടിച്ചാലും. അവിടുന്നാണു് മുമ്പു് കുടിക്കുന്നവൻ.

2 ശതേനാനോഅഭിഷ്ടിഭിന്നിയുത്വാഇന്ദ്രസാരഥിഃ

വായോസുതസ്യ തൃമ്പതം

അന്വയം:—

ഹേ വായോ,

നിയുത്വാൻ — നിയുൽഭിര്യുക്തഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ദ്ര–സാരഥിഃ — ഇന്ദ്രസഹായസ്സൻ ത്വം
ശതേന അഭിഷ്ടി–ഭിഃ — അപരിമിതൈഃ അഭിതഃ
ഏഷണീയൈഃ കാമൈഃ
(ആഗച്ഛ)
(ആഗത്യ ച) സുതസ്യ
നഃ — അഭിഷുതമസ്മദീയം സോമം
(ത്വം ഇന്ദ്രശ്ച) തൃമ്പതം — പിബതം

അത്ഥം–അല്ലയോ വായോ, നിയുത്തുക്കളെന്ന കുതിരകളോടൊത്തു് ഇന്ദ്രസഹായനായി അവിടുന്നു് കണക്കററ വിധം അടുത്തു സാധിക്കേണ്ടും കാമങ്ങളോടുകൂടി (കാമങ്ങൾ അടുത്തു സാധിപ്പിച്ചുകൊണ്ടു്) വന്നുചേന്നാലും. വന്നിട്ടു്, സംസ്കരിച്ച ഞങ്ങളുടെ സോമം അവിടുന്നും ഇന്ദ്രനും കുടിച്ചു് തൃപ്തിപൂണ്ടാലും.

3 ആ വാം സഹസ്രം ഹരയ ഇന്ദ്രവായൂ അഭി പ്രയഃ
വഹന്തു സോമപീതയേ

അന്വയം:–

ഹേ ഇന്ദ്രവായൂ, വാം — യുവാം
സഹസ്രം ഹരയഃ — തൽസംഖ്യാകാ അശ്വാഃ
(ഹരിശബ്ദോശ്വ
സാമാന്യവചനഃ)
പ്രയഃ അഭി — ഹവിരന്നം പ്രതി
ത്വരയന്തസ്സന്തി
(തേ) സോമ–പീതയേ
ആ വഹന്തു — സോമപാനായാനയന്തു

അത്ഥം–അല്ലയോ ഇന്ദ്രവായുക്കളേ, നിങ്ങൾ ആയിരം കുതിരകളെ, ഹവിരന്നമുദ്ദേശിച്ചു് ബദ്ധപ്പെടുവിച്ചു് ഓട്ടുന്നു. (ഹരിശബ്ദം കുതിരകൾക്കു് സാമാന്യമായിട്ടാണിവിടെ പറഞ്ഞിട്ടുള്ളതു്) അവ നിങ്ങളെ സോമപാനത്തിന്നാനയിക്കട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

4 രഥംഹിരണ്യവന്ധുരമിന്ദ്രവായൂസ്വധ്വരം

ആഹിസ്ഥാഥോദിവിസ്പൃശം

അന്വയം:—

ഹേ ഇന്ദ്രവായൂ, ഹിരണ്യ—

വന്ധുരം	—	ഹിരണ്മയനിവാസാധാരകാഷ്ഠോപേതം
ദിവി–സ്പൃശം	—	ദ്യുലോകസ്പർശിനം
സു–അധ്വരം രഥം	—	ശോഭനാധ്വരവന്തം രഥം
ആ സ്ഥാഥഃ ഹി	—	ആസ്ഥിതൌ ഖലു (തസ്മാദാഗച്ഛതം)

അത്ഥം—അല്ലയോ ഇന്ദ്രവായുക്കളേ, സ്വൎണ്ണമയമായ ഇരുപ്പുമുട്ടിയോടുകൂടിയതും നല്ല യജ്ഞത്തോടു് (യജ്ഞസാന്നിദ്ധ്യത്തോടു്) കൂടിയതുമായ തേരിൽ നിങ്ങൾ ഇരിക്കുന്നുവല്ലൊ. എന്നി വന്നുചേൎന്നാലും.

5 രഥേനപൃഥുപാജസാദാശ്വാംസമുപഗച്ഛതം

ഇന്ദ്രവായൂഇഹാഗതം

അന്വയം:—

ഹേ ഇന്ദ്രവായൂ, പൃഥു—

പാജസാ രഥേന	—	പ്രഭൂതബലേന രഥേന
ദാശ്വാംസം ഉപ ഗച്ഛതം	—	ഹവിൎദ്ദാതാരം യജമാനം ഉപാഗച്ഛതം
(തദത്ഥം) ഇഹ ആ ഗതം	—	അസ്മിൻ യജ്ഞേ ആഗച്ഛതം

അത്ഥം—അല്ലയോ ഇന്ദ്രവായുക്കളേ, അതിബലമാൎന്ന തേരിൽ ഹവിൎദ്ദാതാവായ യജമാനന്റെ അടുക്കൽ വന്നാലും. അതിന്നുവേണ്ടി ഈ യജ്ഞത്തിൽ എത്തിയാലും.

6 ഇന്ദ്രവായൂഅയംസുതസ്തംദേവേഭിസ്സജോഷസാ

പിബതംദാശുഷോഗൃഹേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ ഇന്ദ്രവായൂ, അയം
(സോമഃ) സുതഃ — അഭിഷുതഃ
ദേവേഭിഃ സ-ജോഷസാ — ദേവൈസ്സമാനപ്രീതൌസന്തൌ
രാശ്ശുഷഃ ഗൃഹേ തം
പിബതം — ഹവിർദ്ദാതുര്യജമാനസ്യയാഗ ശാലായാം തം പിബതം

അത്ഥം—അല്ലയോ ഇന്ദ്രവായുക്കളേ, ഈ സോമം സംസ്കരിച്ചതാകുന്നു. ദേവന്മാരോട്ടുകൂടി തുല്യപ്രീതരായി ഹവിസ്സേകുന്ന യജമാനൻെറ യാഗശാലയിൽ അതു കുടിച്ചാലും.

7 ഇഹപ്രയാണമസ്തുവാ മിന്ദ്രവായൂവിമോചനം
ഇഹവാംസോമപീതയേ വ 22

അന്വയം:—

ഹേ ഇന്ദ്രവായൂ, വാം — യുവയോഃ
ഇഹ പ്ര-യാനം അസ്തു — അസ്മിൻ യജ്ഞേഗമനംഭവതു
ഇഹ വാം
സോമ-പീതയേ — അസ്മിന്നേവയജ്ഞേ സോമപാനായ
(അശ്വാനാം)
വി-മോചനം — (അസ്തു)

അത്ഥം—അല്ലയോ ഇന്ദ്രവായുക്കളേ, നിങ്ങളുടെ വരവ് ഈ യജ്ഞത്തിൽ ഭവിക്കട്ടെ. ഇവിടെത്തന്നെ സോമപാനത്തിന്നായി കുതിരകളുടെ അഴിച്ചുവിടൽ നടക്കട്ടെ.

വർഗ്ഗം 23 അനുഷ്ടുപ് ഛന്ദഃ

1 വായോശുക്രോഅയാമിതേ
മധ്വോഅഗ്രം ദിവിഷ്ടിഷു
ആയാഹിസോമപീതയേ സ്പാർഹോദേവനിയുത്വതാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

ഹേ വായോ, തേ — തുഭ്യം
ശുക്രഃ മധ്വഃ — വ്രതചര്യാദിനാദീപ്തം മധുരം സോമരസം (കമ്മണിഷഷ്ഠീ)
ദിവിഷ്ടിഷു — ദ്യുലോകസ്യേഷണേഷു യജ്ഞേഷു
അഗ്രം അയാമി — ഇതരേഭ്യഃ പൂവ്വംആയയാമി
ഹേ ദേവ, സ്പാർഹഃ — സ്പൃഹണീയസ്ത്വം
നിയുത്വതാ — നിയുൽഭിഃ യോജിതേനരഥേന
സോമ-പീതയേ ആ
യാഹി — സോമപാനാത്ഥമാഗച്ഛ

അത്ഥം—അല്ലയോ വായോ, അവിടേയ്ക്കുവേണ്ടി, വ്രതചര്യാദികളാൽ പ്രകാശമാനവും മധുരവുമായ സോമച്ചാർ, സ്വർഗ്ഗപ്രദങ്ങളായ യജ്ഞങ്ങളിൽ മററുള്ളവക്കുള്ളതിലും മുമ്പ് എത്തിക്കുന്നു. അല്ലയോ ദേവ, എല്ലവരാലും ഇഷ്ടപ്പെടത്തക്കവനായ അവിടുന്ന് നിയുത്തുക്കളെന്ന കുതിരകളെപ്പൂട്ടിയ തേരിൽ സോമപാനത്തിന്നായി വന്നുചേന്നാലും.

2 ഇന്ദ്രശ്ചവായവേഷാംസോമാനാംപീതിമഹ്ഥഃ
യുവാംഹിയന്തീന്ദവോനിമ്നമാപോനസധ്ര്യക്

അന്വയം:-

ഹേ വായോ, (ത്വം)
ഇന്ദ്രഃ ച — ഉഭൌ
ഏഷാം സോമാനാം — ഗൃഹീതാനാം സോമാനാം
പീതിം അഹ്ഥഃ — പാനമഹ്ഥഃ
ഇന്ദവഃ നിമ്നം ആപഃ ന
സധ്ര്യക് — സോമാഃ ഖാതപ്രദേശം യഥാ ഉദകാനി സഹൈവഗച്ഛതി തദ്വൽ
യുവാം ഹി യന്തി — യുവാം ഖലു പ്രാപ്നുവന്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം—അല്ലയോ വായോ, അവിടുന്നുമിന്ദ്രനും കയ്യിലേന്തിയ ഈ സോമങ്ങളുടെ പാനമർഹിക്കുന്നു. കുണ്ടിലേക്ക് ജലങ്ങൾ കൂട്ടത്തോടെ ഒഴുകുന്നപോലെ, സോമങ്ങൾ നിങ്ങളെയാണല്ലൊ പ്രാപിക്കുന്നതു്.

3 വായവിന്ദ്രശ്ചശുഷ്മിണാസരഥംശവസസ്പതീ

നിയുത്വന്താനഊതയആയാതംസോമപീതയേ

അന്വയം:—

ഹേ വായോ, (ത്വം)

ഇന്ദ്രഃ ച — ഉഭൌ

ശവസഃ പതീ, ശുഷ്മിണാ — ബലസ്യ സ്വാമിനൌ, ബലവന്തൌ

നിയുത്വന്താ — നിയുൽസംജ്ഞകാശ്വവന്തൌ

സ-രഥം നഃ ഊതയേ — സമാനമേവ രഥമാരുഹ്യ അസ്മാകം രക്ഷണായ

സോമ-പീതയേ — സോമപാനായ ചാത്ര

ആ യാതം — ആഗച്ഛതം

അർത്ഥം—അല്ലയോ വായോ, അവിടുന്നും ഇന്ദ്രനും ബലത്തിന്നു് ഈശന്മാരായി, ശക്തന്മാരായി, നിയുത്തുക്കളെന്ന കുതിരകളൊത്തവരായി, ഒരേ തേരിൽ കയറി ഞങ്ങളുടെ രക്ഷയ്ക്കായും സോമപാനത്തിന്നായും ഇവിടെ വന്നാലും.

4 യാവാംസന്തിപുരുസ്പൃഹോനിയുതോദാശുഷേനരാ

അസ്മേതായജ്ഞവാഹസേന്ദ്രവായൂനിയച്ഛതം വ. 23

അന്വയം:—

ഹേ നരാ,

യജ്ഞ-വാഹസാ — നേതാരൌ യജ്ഞവാഹകൌ

ഹേ ഇന്ദ്രവായൂ, യാഃ

പുരു-സ്പൃഹഃ നി-യുതഃ

സന്തി — പുരുഭിഃ,ബഹുഭിഃ സ്പൃഹണീയാ അശ്വാഃ സന്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അസ്മേ ദാശുഷേ — ഹവിർത്തവതേ യജമാനായ, മദർത്ഥം
വാം താഃ നി യച്ഛതം — യുവാം നിയുതഃ പ്രേരയതം

അർത്ഥം–അല്ലയോ നേതാക്കളേ, യജ്ഞം വഹിക്കുന്ന ഇന്ദ്രവായുക്കളേ, വളരെപ്പേരാൽ ഇഷ്ടപ്പെട്ട നിയുത്തുക്കളെന്ന കുതിരകളുണ്ടല്ലൊ, അവയെ ഹവിസ്സേകുന്ന യജമാനനായ എനിക്കുവേണ്ടി (ഈ യജ്ഞത്തിലെത്താൻ) തെളിച്ചാലും.

വർഗ്ഗം —24 —

1 വിഹിഹോത്രാഅവീതാവിപോനരയോഅര്യഃ
വായവാചന്ദ്രേണരഥേനയാഹിസുതസ്യപീതയേ

അന്വയം:—

ഹേ വായോ, ഹോത്രാഃ — ഹോമനിഷ്പാദികാഃ സോമാഹുതീഃ
അവീതാഃ — അന്യൈരഭക്ഷിതാഃ
വിപഃ ന വിഹി — ശത്രൂണാം വേപയിതാ രാജേവ വീഹി, ഭക്ഷയ
(കിംച) അര്യഃ രായഃ — സ്തോതുർമ്മ ധനാനി സമ്പാദയത
ചന്ദ്രേണ രഥേന — ആഹ്ലാദകേനരഥേന
സുതസ്യ പീതയേ
ആ യാഹി — അഭിഷുതസ്യ സോമസ്യപാനായാഗച്ഛ

അർത്ഥം–അല്ലയോ വായോ, ഹോമം നിർവ്വഹിക്കുന്ന സോമാഹുതികളെ, ആരാലും മുമ്പു ഭക്ഷിക്കപ്പെടാത്തവ, ശത്രുക്കളെ വിറപ്പിക്കുന്ന രാജാവുപോലെ, ഭക്ഷിച്ചാലും. (അഭീകനായി ഭക്ഷിച്ചാലും) പിന്നെ സ്തോതാവായ എനിക്കു ധനങ്ങളുണ്ടാക്കിയാലും. ആഹ്ലാദകമായ തേരിൽ സംസ്കരിച്ച സോമത്തിന്റെ പാനത്തിന്നായി വന്നാലും.

2 നിര്യുവാണോഅശസ്തീർന്നിയുത്വാഁഇന്ദ്രസാരഥിഃ
വായവാചന്ദ്രേണരഥേനയാഹിസുതസ്യപീതയേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ വായോ, (ത്വം)

അശസ്തീഃ	— അഭിശസ്തീഃ
നിഃ–യുവാനഃ	— നിശ്ശേഷേണ നിയോജയൻ
നിയുത്വാൻ	— നിയുൽ സംജ്ഞകാശ്വവാൻ
ഇന്ദ്ര-സാരഥിഃ	— ഇന്ദ്രസഹായസ്സൻ
ചന്ദ്രേണ രഥേന സുതസ്യ	
പീതയേ ആ യാഹി	— ആഹ്ലാദകേന രഥേനാഭിഷുതസ്യ സോമസ്യ പാനായാഗച്ഛ

അർത്ഥം—അല്ലയോ വായോ, അവിടുന്നു് നിന്ദകളെ തീരേ അകററി, നിയുത്തുക്കളെന്ന കുതിരകളൊത്തു്, ഇന്ദ്രസഹായനായി, ആഹ്ലാദകമായ തേരിൽ സംസ്കരിച്ച സോമത്തിൻെറ പാനത്തിന്നായി വന്നാലും.

3 അനുകൃഷ്ണേവസുധിതീയേമാതേവിശ്വപേശസാ

വായവാചന്ദ്രേണരഥേനയാഹിസുതസ്യപീതയേ

അന്വയം:—

ഹേ വായോ, കൃഷ്ണേ,

വസു–ധിതീ	— കൃഷ്ണവർണ്ണേ, വസൂനാം ധാത്ര്യൗ
വിശ്വ–പേശസാ	— വിശ്വരൂപേ ദ്യാവാപൃഥിവ്യൗ
(ത്വാം) അനു യേമാതേ	— അനുഗച്ഛതഃ
ചന്ദ്രേണ രഥേന സുതസ്യ	
പീതയേ ആ യാഹി	— ആഹ്ലാദകേന രഥേനാഭിഷുതസ്യ സോമസ്യ പാനായാഗച്ഛ

അർത്ഥം—അല്ലയോ വായോ, കറുത്ത നിറമുററവരും സമ്പത്തുകൾക്കു് വളർത്തമ്മമാരും വിശ്വരൂപകളുമായ ദ്യാവാപൃഥിവികൾ അവിടുത്തെ പിന്തുടരുന്നു. ആഹ്ലാദകമായ തേരിൽ സംസ്കരിച്ച സോമത്തിൻെറ പാനത്തിന്നായി വന്നാലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

4 വഹന്തുത്വാമനോയുജോ യുക്താസോനവതിന്നവ്

വായവാചന്ദ്രേണരഥേന യാഹിസുതസ്യപീതയേ

അന്വയം:—

ഹേ വായോ, ത്വാ

മനഃ- യുജഃ	— ത്വാം മനസ്സമാനഗതയഃ
യുക്താസഃ	— പരസ്പരം സംയുക്താഃ നിയുതഃ
നവതിഃ നവ വഹന്തു	— തൽ സംഖ്യാകാഃ വഹന്തു
ചന്ദ്രേണ രഥേന സുതസ്യ	
പീതയേ ആ യാഹി	— ആഹ്ളാദകേനരഥേനാഭിഷുതസ്യസോമസ്യപാനായാഗച്ഛ

അർത്ഥം—അല്ലയോവായോ, മനസ്സിന്നൊത്ത വേഗമുററവയും തമ്മിൽത്തമ്മിൽ ചേർന്നവയുമായ തൊണ്ണൂററൊമ്പതു കുതിരകളും അവിടുത്തെ വഹിക്കട്ടെ. ആഹ്ളാദകമായ തേരിൽ സംസ്കരിച്ച സോമത്തിൻെറ പാനത്തിന്നായി വന്നാലും.

5 വായോശതംഹരീണാം യുവസ്വപോഷ്യാണാം

ഉതവാതേസഹസ്രിണോ രഥആയാതുപാജസാ വ 24

അന്വയം:—

ഹേ വായോ, (ത്വം)

പോഷ്യാണാം	— പോഷണീയാനാം
ഹരീണാം ശതം യുവസ്വ	— ശതസംഖ്യാകാൻ ഹരീൻ രഥേയോജയ
ഉത വാ തേ സഹസ്രിണഃ	— സഹസ്രസംഖ്യാകൈരശ്വൈര്യുക്തഃ
രഥഃ പാജസാ ആ യാതു	— ബലേനാഗച്ഛതു

അർത്ഥം—അല്ലയോ വായോ, വളർത്തപ്പെടേണ്ടും നൂറു കുതിരകളെ തേരിൽ പൂട്ടിയാലും. അല്ലെങ്കിലോ, ആയിരം കുതിരകളെ പൂട്ടിയ തേർ ഊക്കോടുകൂടിവരട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വർഗ്ഗം-25 ഗായത്രീഛന്ദഃ ഇന്ദ്രാബൃഹസ്പതീദേവതാ

1 ഇദം വാമാസ്യേഹവിഃ പ്രിയമിന്ദ്രാബൃഹസ്പതീ

ഉക്ഥംമദശ്ചശസ്യതേ

അന്വയം:—

ഹേ ഇന്ദ്രാബൃഹസ്പതീ,

വാം ആസ്യേ	— യുഷ്മദീയേമുഖേ
ഇദം പ്രിയം ഹവിഃ	— സോമരൂപം ഹവിഃ പ്രക്ഷിപാമി
ഉക്ഥം ച മദഃ	— ശസ്ത്രം ച മദജനകം
ശസ്യതേ	— ശംസനം ക്രിയതേ

അർത്ഥം—അല്ലയോ ഇന്ദ്രബൃഹസ്പതിമാരേ, നിങ്ങളുടെ വായിൽ ഈ പ്രിയമായ സോമഹവിസ്സൊഴിക്കുന്നു. ശസ്ത്രവും മദകരമായി ചൊല്ലപ്പെടുന്നു.

2 അയംവാംപരിഷിച്യതേസോമഇന്ദ്രാബൃഹസ്പതീ

ചാരുർമ്മദായപീതയേ

അന്വയം:—

ഹേ ഇന്ദ്രാബൃഹസ്പതീ,

വാം	— യുവയോരാസ്യേ
മദായ പീതയേ	— ഹർഷായ പാനായ ച
ചാരുഃ അയം സോമഃ	— ശോഭനസ്സോമഃ
പരി സിച്യതേ	— പരിതോദീയതേ

അർത്ഥം—അല്ലയോ ഇന്ദ്രബൃഹസ്പതിമാരേ, നിങ്ങളുടെ വായിൽ ഹർഷത്തിന്നും പാനത്തിന്നും വേണ്ടി ശോഭനമായ ഈ സോമം എമ്പാടും വീഴ്ത്തപ്പെടുന്നു.

3 ആന ഇന്ദ്രാബൃഹസ്പതീഗൃഹമിന്ദ്രശ്ചഗച്ഛതം

സോമപാസോമപീതയേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:–
ഹേ ഇന്ദ്രാബൃഹസ്പതീ,
(ഹേ ബൃഹസ്പതേ ത്വം)
ഇന്ദ്രഃ ച സോമ–പാ — സോമപൌ
സോമ–പീതയേ നഃ
ഗൃഹം ആ ഗച്ഛതം യുവാം — യജ്ഞഗൃഹം പ്രാപ്നുതം

അർത്ഥം–അല്ലയോ ഇന്ദ്രബൃഹസ്പതിമാരേ, അല്ലയോ ബൃഹസ്പതേ, സോമപായികളായ അവിടുന്നും ഇന്ദ്രനും സോമപാനത്തിന്നായി ഞങ്ങളുടെ യാഗശാലയെപ്പൂകിയാലും.

4 അസ്മേഇന്ദ്രാബൃഹസ്പതീരയിംധത്തംശതഗ്വിനം
അശ്വാവന്തംസഹസ്രിണം

അന്വയം:–
ഹേ ഇന്ദ്രാബൃഹസ്പതീ,
അസ്മേ — അസ്മഭ്യം
ശത–ഗ്വിനം — ശതസംഖ്യാകാഭിർഗ്ഗോഭിര്യുക്തം
അശ്വ–വന്തം — അശ്വൈര്യുക്തം
സഹസ്രിണം രയിം
ധത്തം — സഹസ്രസംഖ്യായുക്തം ധനം ദത്തം

അർത്ഥം–അല്ലയോ ഇന്ദ്രബൃഹസ്പതിമാരേ, ഞങ്ങൾക്ക് നൂറുകണക്കിൽ പശുക്കളൊത്തതും കുതിരകളോടുകൂടിയതും ആയിരക്കണക്കിലുള്ള ധനവും തന്നാലും.

5 ഇന്ദ്രാബൃഹസ്പതീവയംസുതേഗീർഭിര്ഹവാമഹേ
അസ്യസോമസ്യപീതയേ

അന്വയം:–
ഹേ ഇന്ദ്രാബൃഹസ്പതീ,
സുതേ — സോമേഭിഷുതേ
അസ്യ സോമസ്യ
പീതയേ — പാനായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വയം ഗീഃ-ഭിഃ
ഹവാമഹേ — സ്തുതിഭിരാഹ്വയാമഃ

അർത്ഥം-അല്ലയോ ഇന്ദ്രബൃഹസ്പതിമാരേ, സോമം സംസ്കരിക്കപ്പെട്ടിരിക്കെ, ആ സോമത്തിന്റെ പാനത്തിന്നായി സ്തുതികളാൽ ഞങ്ങൾ വിളിക്കുന്നു.

6 സോമമിന്ദ്രാബൃഹസ്പതീപിബതംദാശുഷോഗൃഹേ
മാദയേഥാംതദോകസാ വ. 25

അന്വയം:—
ഹേ ഇന്ദ്രാബൃഹസ്പതീ, — യുവാം
ദാശുഷഃ ഗൃഹേ തൽ-
ഓകസാ — ഹവിർദ്ദാതുര്യജമാനസ്യഗൃഹേ,
തൽഗൃഹം ഓകഃ നിവാസ
സ്ഥാനം യയോഃ തൌ
താദൃശൗസന്തൌ
സോമം പിബതം
മാദയേഥാം — ഹർഷം പ്രാപ്നുതം

അർത്ഥം-അല്ലയോ ഇന്ദ്രബൃഹസ്പതിമാരേ, നിങ്ങൾ ഹവിസ്സേകുന്ന യജമാനന്റെ ഗൃഹത്തിൽ, ആ ഗൃഹം സ്വന്തം വാസസ്ഥാനമാക്കിയവരായി, സോമം കുടിച്ചാലും, ഹർഷിച്ചാലും.

വർഗ്ഗം-26. 27-ത്രിഷ്ടുബ് ജഗത്യൗഛന്ദസീ ബൃഹസ്പതിഃ ഇന്ദ്രാബൃഹസ്പതീ ദേവതാ.

1 യസ്തസ്തംഭസഹസാവിജ്മോഅന്താൻ
ബൃഹസ്പതിസ്ത്രിഷധസ്ഥോരവേണ
തംപ്രത്നാസഋഷയോദീധ്യാനാഃ
പുരോവിപ്രാദധിരേമന്ദ്രജിഹ്വം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:–

ത്രി–സധസ്ഥഃ യഃ

ബൃഹസ്പതിഃ	— ത്രിഷുസ്ഥാനേഷു വർത്തമാനഃ ബൃഹതോദേവസ്യ പാലയിതാ ദേവഃ
സഹസാ ജ്മഃ അന്താൻ	— ബലേന പൃഥിവ്യാഃ അന്താൻ, ദശദിശഃ
രവേണ	— ഏവം തിഷ്ഠതേത്യനേന ശബ്ദേന
വി തസ്തംഭ	— വിവിധം സ്തംഭിതവാൻ, നിയമിതവാൻ
മന്ദ്ര–ജിഹ്വം തം	— മോദനജിഹ്വം ദേവം
പ്രത്നാസഃ ഋഷയഃ	— പുരാണാഃ അതീന്ദ്രിയാർത്ഥ ദ്രഷ്ടാരഃ
ദീധ്യാനാഃ വിപ്രാഃ	— ദീപ്യമാനാ മേധാവിനോ യജമാനാദയഃ
പുരഃ ദധിരേ	— സ്തുത്യാദിനാപുരസ്താൽ സ്ഥാപിതവന്തഃ

അർത്ഥം-മൂന്നു സ്ഥാനങ്ങളിൽ, ദ്യോവിലും അന്തരിക്ഷത്തിലും ഭുവിലും വർത്തിക്കുന്ന യാതൊരു ബൃഹസ്പതി, മഹാന്മാരായ ദേവന്മാരുടെ പാലയിതാവായ ദേവൻ, സ്വബലത്താൽ ഭൂമിയുടെ അററങ്ങളെ, പത്തു ദിക്കുകളെ 'ഇങ്ങിനെ നില്ക്ക' എന്ന (ശാസനാ) ശബ്ദത്താൽ പലവിധത്തിൽ സ്തംഭിപ്പിച്ചു, നിയന്ത്രിച്ചുനിർത്തിയോ, മധുരവചനനായ ആ ദേവനെ പുരാതനന്മാരും ഇന്ദ്രിയങ്ങൾക്കപ്പുറം കാണുന്നവരും തപസ്സുകൊണ്ടു് പ്രകാശമാനന്മാരും മേധാവികളുമായ കർമ്മാനുഷ്ഠാതാക്കൾ സ്തുതിമുതലായ ഉപാസനയാൽ മുമ്പിൽ സ്ഥാപിച്ചു.

2 ധുനേതയസ്സുപ്രകേതം മദന്തോ

ബൃഹസ്പതേ അഭിയേനസ്തതസ്രേ

പൃഷന്തം സൃപ്രമദബ്ധമൂർവ്വം

ബൃഹസ്പതേരക്ഷതാദസ്യയോനിം

*56

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

ഹേ ബൃഹസ്പതേ,
ധുന-ഇതയഃ — ധുനാ, ശത്രൂണാം കമ്പയിത്രീ ഗതിഃ യേഷാം തേ
സു-പ്രകേതം — ശോഭനയജ്ഞം (പ്രജ്ഞം ത്വാം)
മദന്തഃ — മാദയന്തഃ
നഃ യേ (ഋത്വിജഃ) അഭി
തതസ്രേ — ആത്മാനമുപക്ഷിപന്തി സ്തുവന്തി
ഹേ ബൃഹസ്പതേ,
പൃഷന്തം, സൃപ്രം — ഫലാനി സിഞ്ചന്തം, സപ്പ്ണസ്വഭാവം
അദബ്ധം, ഊർവ്വം — അഹിംസിതം, ഉരും
അസ്യ യോനിം — ഏഷാം കാരണം യജ്ഞം
രക്ഷതാൽ — രക്ഷ

അർത്ഥം—അല്ലയോ ബൃഹസ്പതേ, ശബ്ദംകൊണ്ട് ശത്രുക്കളെ വിറപ്പിക്കുന്ന ഗതിയോടുകൂടിയവരും ശോഭനയജ്ഞനായ (മഹാജ്ഞാനിയായ) അവിടുത്തെ ഹർഷിപ്പിക്കുന്നവരുമായ ഞങ്ങളുടെ ഋത്വിക്കുകളേവർ അവിടുത്തെ നേരെ സ്തുതിക്കുന്നുവോ, അല്ലയോ ബൃഹസ്പതേ, ഫലം വർഷിക്കുന്നതും, എങ്ങും ചലിക്കുന്നതും കേടേല്ക്കാത്തതും മഹത്തുമായ അവരുടെ വൈഭവം കാരണമായ (ആത്മശക്തിക്കു കാരണഭൂതമായ) യജ്ഞത്തെ രക്ഷിച്ചാലും. (ഹുങ്കാരംകൊണ്ട് ശത്രുക്കളെ വീഴ്ത്താൻ കെല്പുററവരെങ്കിലും ആശ്രയം പൂണ്ട് അവിടുത്തെ സ്തുതിക്കുന്നു. അവരുടെ ഈ സിദ്ധിക്കു കാരണം യജ്ഞമത്രെ. ആ യജ്ഞത്തെ രക്ഷിച്ചാലും.)

3 ബൃഹസ്പതേയാപരമാപരാവ
തെആതഋതസ്പൃശോനിഷേദുഃ
തുഭ്യംഖാതാഅവതാഅദ്രിദുഗ്ധാ
മധ്വശ്ചോതന്ത്യഭിതോവിരപ്ശം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:–

ഹേ ബൃഹസ്പതേ,

യാ പരമാ	— പ്രസിദ്ധാ ഉൽകൃഷ്ടാ
പരാ–വൽ	— അത്യന്തം ദൂരഭൂതാ ഭവതിഃ, സ്വർഗ്ഗാഖ്യാ
അതഃ ആ	— അർവ്വാക്, അധസ്താൽ
തേ ഋത–സ്പൃശഃ	
നി സേദുഃ	— യജ്ഞം സ്പൃശന്തോശ്വാഃ നിഷണ്ണാ ഭവന്തി
(യഥാ) ഖാതാഃ, അവതാഃ	— അവതാഃ, കൂപാഃ
അഭിതഃ ശ്ചോതന്തി	— ശബ്ദയന്തി തദ്വൽ
അദ്രി–ദുഗ്ധാഃ	— ഗ്രാവഭിരഭിഷുതാസ്സോമാഃ
വി–രപ്ശം	— വിശേഷേണ ശബ്ദേന സ്തോത്രം യഥാ ഭവതി തഥാ
ത്സ്യം മധ്വഃ	— മധുരരസം ത്വദർത്ഥം ശ്ചോതന്തി, സ്രവന്തി

അർത്ഥം–അല്ലയോ ബൃഹസ്പതേ, പ്രസിദ്ധവും ഉൽകൃഷ്ടവും അത്യന്തം ദൂരത്തിലുള്ളതുമായ സ്വർഗ്ഗമെന്ന വസതിയുണ്ടല്ലൊ. അതിന്നു് നേരെ താഴെ യജ്ഞസ്പർശികളായ അവിടത്തെ കുതിരകൾ നില്ക്കുന്നു. എപ്രകാരം കണ്ടെററ കിണറുകളിൽ ഉറവുകൾ ശബ്ദിക്കുന്നുവോ, അതുപോലെ പിടികല്ലുകളാൽ സംസ്കരിച്ച സോമങ്ങൾ പ്രത്യേക ശബ്ദത്താൽ സ്തോത്രമെന്നപോലെ അവിടേയ്ക്കുവേണ്ടി മധുരരസം ഒലിപ്പിക്കുന്നു.

4 ബൃഹസ്പതിഃ പ്രഥമംജായമാനോ

മഹോജ്യോതിഷഃ പരമേവ്യോമൻ

സപ്താസ്യസ്തുവിജാതോരവേണ

വിസപ്തരശ്മിരധമത്തമാംസി

അന്വയം:–

(അയം) ബൃഹസ്പതിഃ	— മന്ത്രാഭിമാനീദേവഃ
മഹഃ ജ്യോതിഷഃ	— മഹതഃ ആദിത്യസ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരമേ വി–ഓമൻ	—	നിരതിശയേവ്യോമനി
പ്രഥമം ജായമാനഃ	—	ആദൌപ്രാദുർഭവൻ,
സപ്ത–ആസ്യഃ	—	സപ്തച്ഛന്ദോമയമുഖഃ
തുവി–ജാതഃ	—	ബഹുപ്രകാരം സംഭൃതഃ
രവേണ സപ്ത–രശ്മിഃ	—	ശബ്ദേനസർപ്പണസ്വഭാവതേജോയുക്തഃ
തമാംസി വി അധമൽ	—	വിവിധം നാശയതി

അർത്ഥം–മന്ത്രങ്ങളുടെ അഭിമാനദേവനായ ഈ ബൃഹസ്പതി മഹാനായ ആദിത്യൻെറ നിരതിശയമായ വ്യോമത്തിൽ ആദ്യം ജനിച്ചവനത്രേ. ഗായത്രി മുതലായി ഏഴ് ഛന്ദസ്സുകളാകുന്ന മുഖത്തോടുകൂടിയവനും പല പ്രകാരങ്ങളിലുളവായവനും, ശബ്ദത്തോടുകൂടി അങ്ങുമിങ്ങും പ്രസരിക്കുന്ന തേജസ്സോടുകൂടിയവനും (വാഗ്രൂപേണ പുറത്തുവരുന്ന പരമജ്ഞാനങ്ങളോടുകൂടിയവനും) ആയ അവിടുന്ന് ഇരുട്ടുകളെ (തമസ്സുകളെ, അജ്ഞാനങ്ങളെ) നശിപ്പിക്കുന്നു.

5 സസുഷ്ടുഭാസ ഋക്വതാഗണേന
വലംരുരോജഫലിഗംരവേണ
ബൃഹസ്പതിരുസ്രിയാഹവ്യസൂദഃ
കനിക്രദദ്വാവശതീരുദാജൽ
വ 26

അന്വയം:–

സഃ ബൃഹസ്പതിഃ സു–സ്തുഭാ	—	ശോഭനസ്തുതിമതാ
ഋക്വതാ ഗണേന	—	ദീപ്തിമതാ അങ്ഗിരസാം സമൂഹേന
രവേണ ഫലി–ഗം	—	ശബ്ദേനചസഹ, ഫലിഃ ഭേദഃ തേനഗച്ഛന്തം
വലം രുരോജ	—	തന്നാമാനമസുരം ബഭഞ്ജ
സഃ (ഏവ) ഉസ്രിയാഃ	—	ഭോഗാനാമുൽസ്രാവിണീഃ
ഹവ്യ–സൂദഃ	—	ക്ഷീരാദി ഹവിഃപ്രേരികാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാവശതീഃ	—	വാവശ്യമാനാഗാഃ
കനിക്രദൽ ഉൽ ആജൽ	—	ശബ്ദം കുർവ്വൻ ഉൽഘാടയതിസ്മ

അർത്ഥം–ആ ബൃഹസ്പതി ശോഭനസ്തുതിയുററവരും ദീപ്തന്മാരുമായ അങ്ഗിരസ്സുകളുടെ ഗണത്തോടൊത്ത ശബ്ദം കൊണ്ട് വഴിമാറിപ്പോയ വലനെന്ന അസുരനെ തകർത്തു. അവിടുന്നുതന്നെ ഭോഗസുഖമേകുന്നവയും പാൽ മുതലായവ ചുരത്തുന്നവയുമായി ഇമ്പാ ശബ്ദമുണ്ടാക്കുന്ന പശുക്കളെ സ്വയം ശബ്ദിച്ചുകൊണ്ട്, മന്ത്രം ചൊല്ലിക്കൊണ്ട്, തുറന്നുവിട്ടു. (പണികളാൽ അപഹരിക്കപ്പെട്ട പശുക്കളെപ്പററിയാണിവിടെ പറയുന്നത്.)

6 ഏവാപിത്രേവിശ്വദേവായവൃഷ്ണേ
യജ്ഞൈർവ്വിധേമനമസാഹവിർഭിഃ
ബൃഹസ്പതേസുപ്രജാവീരവന്തോ
വയംസ്യാമപതയോരയീണാം

അന്വയം:–

പിത്രേ വിശ്വ–ദേവായ	—	പാലകായ സർവ്വദേവതാരൂപായ
വൃഷ്ണേ ഏവ	—	കാമാനാം വർഷകായ ബൃഹസ്പതയേ ഏവ
യജ്ഞൈഃ ഹവിഃ–ഭിഃ	—	യജ്ഞസാധനൈ രാജ്യചർവ്വാദിഭിഃ
നമസാ വിധേമ	—	സ്തുത്യാ പരിചരേമ
ഹേ ബൃഹസ്പതേ,		
സു–പ്രജാഃ	—	ശോഭന പുത്രാഃ
വീര–വന്തഃ	—	വീരൈ്യാപേതാഃ
വയം രയീണാം പതയഃ സ്യാമ	—	ധനാനാം സ്വാമിനോഭവേമ

അർത്ഥം–ലോകങ്ങളുടെ പാലകനും സർവ്വ ദേവതാരൂപനും (മന്ത്രാഭിമാനിത്വം കൊണ്ട് സർവ്വദേവതാത്വം) അഭീഷ്ടവർഷ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കനമായ ബൃഹസ്പതിയെത്തന്നെ യജ്ഞസാധനങ്ങളായ നെയ്, ചരു മുതലായ ഹവിസ്സുകളാലും സ്തുതിയാലും പരിചരിക്കുന്നേൻ, അല്ലയോ ബൃഹസ്പതേ, സൽസന്താനങ്ങളോടു കൂടിയവരും വീര്യവാന്മാരുമായ ഞങ്ങൾ ധനങ്ങൾക്കധീശരാകാവൂ.

7 സഇദ്രാജാപ്രതിജന്യാനിവിശ്വാ

ശുഷ്മേണതസ്ഥാവഭിവീര്യേണ

ബൃഹസ്പതിംയസ്സുഭൃതംബിഭർത്തി

വല്ഗൂയതിവന്ദതേപൂർവ്വഭാജം

അന്വയം:-

യഃ ബൃഹസ്പതിം	—	ബൃഹതാം, മഹതാം പാലയിതാരം
സു-ഭൃതം ബിഭർത്തി	—	ഹവിരാദിനാഭരതി
വല്ഗൂ-യതി, വന്ദതേ	—	സ്തൌതി, നമസ്കരോതിച
(തം) പൂർവ്വ-ഭാജം	—	ഇതരേഭ്യഃ പ്രഥമം സംഭക്താരം കൃത്വാ
സഃ ഇൽ രാജാ	—	സ ഏവ രാജമാനഃ
പ്രതി-ജന്യാനി വിശ്വാ	—	ജന്യം യുദ്ധം പ്രതിബലാനി സർവ്വാണി
ശുഷ്മേണ അഭി തസ്ഥൌ വീര്യേണ,	—	ബലേന, ശരീരസാമർത്ഥ്യേന അഭിഗമ്യതിഷ്ഠതി

അർത്ഥം—സുകൃതികളുടെ പാലകനായ ബൃഹസ്പതിയെ ഏവൻ ഹവിസ്സുകൾ മുതലായവയോടുകൂടി സ്തുതിക്കുന്നു, നമസ്കരിക്കുന്നു, അവനെ മററുള്ളവരേക്കാൾ മുമ്പു പ്രാപിപ്പിച്ച്, അവൻ തന്നെ പ്രകാശമാനനായി യുദ്ധത്തിന്നുവേണ്ടും ബലങ്ങളെയെല്ലാം ഊക്കിനാലും ശരീരശക്തിയാലും പ്രാപിച്ച് ശത്രുക്കളെ ആക്രമിച്ചു നിലക്കൊള്ളുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

8 സഇൽക്ഷേതിസുധിതഓകസിസ്വേ

തസ്മാഇളാപിന്വതേവിശ്വദാനീം

തസ്മൈവിശസ്വയമേവാനമന്തേ

യസ്മിൻബ്രഹ്മാരാജനിപൂർവ്വഏതി

അന്വയം:–

സഃ ഇൽ സു–ധിതഃ — പൂർവ്വോക്തഃ സുഷ്ഠുതൃപ്തസ്സൻ
സ്വേ ഓകസി — സ്വകീയേ ഏവ സദനേ
ക്ഷേതി — സമൃദ്ധഃ, നിർബ്ബാധസ്സൻ സുഖേനാസ്തേ
യസ്മിൻ രാജനി ബ്രഹ്മാ
പൂർവ്വഃ ഏതി — പ്രഥമം പൂജ്യസ്സൻ ഗച്ഛതി
തസ്മൈ ഇളാ വിശ്വ–
ദാനീം പിന്വതേ — ഭൂമിഃ സർവ്വകാലം വർദ്ധതേ
തസ്മൈ വിശഃ സ്വയം
ഏവ നമന്തേ — പ്രജാഃ സ്വയമേവ പ്രണതാ ഭവന്തി

അർത്ഥം–മുൻപറഞ്ഞ ബൃഹസ്പതിയുടെ ഉപാസകൻ നന്നായി തൃപ്തിപൂണ്ട് സ്വന്തം വസതിയിൽ സമൃദ്ധനായി, നിർബ്ബാധനായി സുഖമായിരിക്കുന്നു. ഏതു രാജാവിങ്കൽ ബൃഹസ്പതി ആദ്യം പൂജ്യനായെത്തുന്നുവോ അവന്നു് ഭൂമി എന്നും വർദ്ധിക്കുന്നു. അവന്നു് പ്രജകൾ സ്വയം കീഴടങ്ങുന്നു. (ദണ്ഡനം കൂടാതെ അനുസരിക്കുന്നു.)

9 അപ്രതീതോജയതിസംധനാനി

പ്രതിജന്യാന്യുതയാസജന്യാ

അവസ്യവേയോവരിവഃകൃണോതി

ബ്രഹ്മണേരാജാതമവന്തിദേവാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:–

യഃ രാജാ അവസ്യവേ — അവസീയസേ, ധനരഹിതായ, രക്ഷണമിച്ഛതേ
ബ്രഹ്മണേ — ബ്രാഹ്മണായ (പ്രീണനമിച്ഛതേ ബൃഹസ്പതയേ വാ)
വരിവഃ കൃണോതി — ധനം കരോതി, ദദാതി
(സഃ ഏവ) അപ്രതി–ഇതഃ — അന്യൈരപ്രതിഗതസ്സൻ
പ്രതി–ജന്യാനി യാ — പ്രതിസ്പർധി ജന സംബന്ധീനിയാനിതാനി
ഉത സ–ജന്യാ ധനാനി
സം ജയതി — സ്വജനസംബന്ധീനി ച ധനാനി ലഭതേ
തം (ഏവ) ദേവാഃ
അവന്തി — രക്ഷന്തി

അർത്ഥം- ഏതു രാജാവ്, ദരിദ്രനായി രക്ഷതേടുന്ന ബ്രാഹ്മണന്ന് ധനം ദാനംചെയ്യുന്നുവോ, (അല്ലെങ്കിൽ ബൃഹസ്പതിക്ക ധനവ്യയം ചെയ്ത് ഉപാസനാദികൾ ചെയ്യുന്നുവോ) അവൻതന്നെ അന്യരാൽ എതിരിടപ്പെടാതെ, ശത്രുജനങ്ങളുടെ ധനങ്ങളേവയുണ്ടോ, അവയും സ്വജനങ്ങളുടെ ധനങ്ങളും നേടുന്നു. അവനെത്തന്നെ ദേവന്മാർ രക്ഷിക്കുന്നു.

10 ഇന്ദ്രശ്ചസോമംപിബതംബൃഹസ്പതേ
സ്മിൻയജ്ഞേമന്ദസാനാവൃഷണ്വസൂ
ആവാംവിശന്ത്വിന്ദവസ്വാഭുവോ
സ്മേരയിംസർവ്വവീരംനിയച്ഛതം

അന്വയം:–

ഹേ ബൃഹസ്പതേ, അസ്മിൻ യജ്ഞേ
(ത്വം) ഇന്ദ്രഃ ച മന്ദസാനാ— മന്ദസാനൌ, ഹൃഷ്യന്തൌ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൃഷൺ-വസൂ സോമം	
പിബതം	— വർഷിതൃധനൌ, യജമാനേഭ്യോദീയമാന ധനൌ സോമം പാതം
വാം സു-ആഭുവഃ	— യുവാം സുഷ്ഠുസർവ്വതോ ഭവന്തഃ കൃത്സ്നശരീരവ്യാപന സമർത്ഥാഃ
ഇന്ദവഃ ആ വിശന്തു	— സോമാഃ യുവയോശ്ശരീരം പ്രവിശന്തു
അഭസ്മേ സർവ്വ-വീരം രയിം	
നി യച്ഛതം	— സർവ്വപുത്രാദ്യുപേതം ധനം ദത്തം

അർത്ഥം-അല്ലയോ ബൃഹസ്പതേ, അവിടന്നും ഇന്ദ്രനുമുണ്ടല്ലൊ, വർഷശീലരും, യജമാനന്മാക്ക് കൊടുക്കാനുള്ള ധനത്തോടുകൂടിയവരുമായ നിങ്ങൾ സോമം കുടിച്ചാലും. ശരീരം മുഴക്കെ വ്യാപിക്കാൻ കഴിവുള്ള സോമങ്ങൾ നിങ്ങളുടെ മെയ്യിനെ പ്രവേശിക്കട്ടെ. ഞങ്ങൾക്ക് എല്ലാ പുത്രാദികളോടുംകൂടിയ (പുത്രനാശം വരാത്ത) ധനം തന്നരുളിയാലും.

11 ബൃഹസ്പതഇന്ദ്രവർദ്ധതം ന
സ്സചാസാവാം സുമതിർഭൂത്വസ്മേ
അവിഷ്ടം ധിയോജിഗൃതംപുരന്ധീ
ർജജസ്തമര്യോവനുഷാമരാതീഃ
വ 27

അന്വയം:-

ഹേ ബൃഹസ്പതേ,	
ഹേ ഇന്ദ്ര	— (യുവാം)
നഃ വർദ്ധതം	— അസ്മാൻ പ്രവൃദ്ധാൻ കുരുതം
വാം സാ സു-മതിഃ	— യുവയോരനുഗ്രഹബുദ്ധിഃ
അസ്മേ സചാ ഭൂതു	— അസ്മാസുസഹഭവതു
ധിയഃ അവിഷ്ടം	— കർമ്മാണിരക്ഷതം
പുരം-ധീഃ ജിഗൃതം	— സ്തുതീഃ പ്രബുദ്ധ്യതം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വനുഷാം അര്യഃ അരാതീഃ — സംഭക്തൄണാമസ്മാനഭിഗന്തൄൻ ശത്രൂൻ
ജജസ്തം — യുദ്ധ്യതം, ക്ഷപയതം

അർത്ഥം—അല്ലയോ ബൃഹസ്പതേ, ഇന്ദ്ര, നിങ്ങൾ ഞങ്ങളെ പ്രവൃദ്ധരാക്കിയാലും. നിങ്ങളുടെ ആ അനുഗ്രഹബുദ്ധി ഞങ്ങളിൽ ഒപ്പം ഭവിക്കട്ടെ. ഞങ്ങളുടെ യാഗാദി കർമ്മങ്ങളെ രക്ഷിച്ചാലും. സ്തുതികൾ ഉൾക്കൊണ്ടാലും. നിങ്ങളെ ആശ്രയിച്ച, ഞങ്ങളുടെ നേരെ വരുന്ന ശത്രുക്കളോട് പൊരുതിയാലും. അവരെ നശിപ്പിച്ചാലും.

ഏഴാമധ്യായം സമാപ്തം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായപീഠിക

അഷ്ടകം–3 അധ്യായം–8

1 മുതൽ 3 കൂടി ഉഷസ്സ ദേവത. അതു വളരെ സുന്ദരമാണ്. 4–5ം വർഗ്ഗങ്ങൾക്ക് സവിതാവ്. 5–ാം വർഗ്ഗത്തിൽ 3–ാം മന്ത്രം അത്യന്തം പ്രധാനം. ഈ വർഗ്ഗങ്ങൾ പ്രസിദ്ധമായ സൌരത്തിൽ പെട്ടുകാണുന്നില്ല. 6–7 വർഗ്ഗം വിശ്വദേവകൾ ദേവത. 8 ദ്യാവാപൃഥിവികൾ. 9–ാം വർഗ്ഗത്തിൽ ക്ഷേത്രപതിയും ശുനാസീരന്മാരും (വായ്വിന്ദ്രന്മാരും) സീതയും (ഉഴവുചാലും) ദേവതകൾ. വൈദികകാലത്തെ കൃഷിസമ്പ്രദായത്തിന്റെ ചിത്രം ഇതിൽ കാണാം. 10–11 അഗ്നിസൂര്യന്മാർ. 12 മുതൽ 19 കൂടി അഗ്നിതന്നെ ദേവത. 20–21–ആപ്രീസൂക്തം. 22 മുതൽ 26 കൂടി അഗ്നിദേവതാകം. 10–ാം വർഗ്ഗത്തിൽ 3–ാം മന്ത്രം വിചിത്രാർത്ഥത്തോടു കൂടിയതും, പലവിധത്തിൽ വ്യാഖ്യാനിക്കപ്പെടുന്നതുമാണ്. അതിൽ 5, 11 മന്ത്രങ്ങളിൽ ജലവൈദ്യുതിയെപ്പററി പറയുന്നു.

അഷ്ടകം–3 അധ്യായം–8 വർഗ്ഗം–1, 2 –വാമദേവഃ ഋഷിഃ
ത്രിഷ്ടുപ് ഛന്ദഃ ഉഷോദേവതാ

1 ഇദമുത്യൽപുരുതമംപുരസ്താ
ജ്യോതിസ്തമസോവയുനാവദസ്ഥാൽ
നൂനംദിവോദുഹിതരോവിഭാതീ
ർഗ്ഗാതുംകൃണവന്നുഷസോജനായ

അന്വയം:–

ഇദം ഉ — പുരതോദൃശ്യമാനമിദമേവ
ത്യൽ പുരു–തമം ജ്യോതിഃ — തൽപ്രസിദ്ധം അത്യന്തം പ്രഭൂതം തേജഃ
വയുന–വൽ പുരസ്താൽ — പ്രകൃഷ്ടകാന്തിമൽ, പൂർവ്വസ്യാം ദിശി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തമസഃ അസ്ഥാൽ — തൽസകാശാദുദതിഷ്ഠൽ
(ഏവം സതി) നൂനം
ദിവഃ ദുഹിതരഃ — സത്യമാദിത്യസ്യ ദുഹിതൃസ്ഥാനീയാഃ
വി-ഭാതീഃ ഉഷസഃ — വിഭാനം കുവ്വതീഃ ഉഷസഃ
ജനായ ഗാതും — ഗമനാദിവ്യാപാരസാമത്ഥ്യം
കൃണവൻ — അകുവ്വൻ

അത്ഥം—മുമ്പിൽ കാണുന്ന ഈ പ്രസിദ്ധവും മഹത്തുമായ തേജസ്സ്, അത്യന്തപ്രകാശത്തോടുകൂടി, കിഴക്കേദിക്കിൽ ഇരുട്ടിൽനിന്നു് പൊങ്ങിവന്നിരിക്കുന്നു. അപ്രകാരമിരിക്കേ, നിശ്ചയമായും സൂര്യൻെറ പെൺമക്കളുടെ സ്ഥാനത്തുള്ള, വെളിച്ചം വീശുന്ന ഉഷസ്സുകൾ ജനങ്ങൾക്കു് പോക്കുവരവുകൾ മുതലായ പ്രവൃത്തികൾക്കു് കഴിവുണ്ടാക്കിയിരിക്കുന്നു.

2 അസ്ഥുരുചിത്രാഉഷസഃപുരസ്താ
ന്മിതാഇവസ്വരവോധ്വരേഷു
വ്യൂവ്രജസ്യതമസോദ്വാരോ
ച്ഛന്തീരവ്രഞ്ഛുചയഃപാവകാഃ

അന്വയം:-
ചിത്രാഃ ഉഷസഃ — ചായനീയാഃ, ശ്ലാഘനീയാഃ ഉഷസഃ
പുരസ്താൽ — പൂവ്വസ്യാം ദിശി
അധ്വരേഷു മിതാഃ-ഇവ
സ്വരവഃ അസ്ഥുഃ ഉ — ഖാതായൂപാഇവതിഷ്ഠന്തി, വ്യാപ്താഃ
(താഃ) വ്രജസ്യ തമസഃ
ദ്വാരാ — വാരകസ്യാന്ധകാരസ്യ ദ്വാരാണി
വി ഉച്ഛന്തീഃ ഉ — വിവാസയന്ത്യഃ ഏവ
ശുചയഃ പാവകാഃ അവ്രൻ — ദീപ്താശ്ശോധികാഃ വ്യാവൃണ്വൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം-ശ്ലാഘ്യകളായ ഉഷസ്സുകൾ കിഴക്കുദിക്കിൽ, യജ്ഞങ്ങളിൽ കുഴിച്ചിട്ട യൂപങ്ങൾ പോലെ സ്ഥിതിചെയ്യുന്നു, വത്തിക്കുന്നു. (യൂപങ്ങൾ യാഗത്തെ വിളിച്ചോതുന്നപോലെ ഉഷസ്സുകൾ ഇരവ്'റുതി പ്രജ്ഞാപനം ചെയ്യുന്നു.) അവർ മറവി യററുന്ന ഇരുട്ടിന്റെ ദ്വാരങ്ങളെ തെളിയിച്ചുകൊണ്ടുതന്നെ പ്രകാശവതികളായും, ശുദ്ധികാരിണികളായും എല്ലാടങ്ങളും തുറന്നിരിക്കുന്നു.

3 ഉച്ഛന്തീരദ്യചിതയന്തഭോജാ

ന്രാധോദേയായോഷസോമഘോനീഃ

അചിത്രേഅന്തഃപണയസ്സസ

ന്ത്വബുദ്ധ്യമാനാസ്തമസോവിമധ്യേ

അന്വയം:–

അദ്യ ഉച്ഛന്തീഃ	—	അസ്മിൻ ദിനേതമോവിവാസയന്ത്യഃ
മഘോനീഃ ഉഷസഃ	—	ധനവത്യഃ ഉഷസഃ
ഭോജാൻ	—	ഭോജയിതൄൻ യജമാനാൻ
(തേഷാം) രാധഃ-ദേയായ	—	സോമാദിധനദാനായ
അന്തഃ ചിതയന്ത	—	പ്രജ്ഞാപയന്തി
അചിത്രേ തമസഃ വി-മധ്യേ	—	അചായനീയേ അത്യന്തഗാഢാന്ധകാരേ
പണയഃ അബുദ്ധ്യമാനാഃ സസന്തു	—	വണിജഃ, അദാതാരഃ സ്വപന്തു

അത്ഥം-ഇപ്പോൾ ഇരുട്ടകററുന്ന ധനവതികളായ ഉഷസ്സുകൾ അന്നദാതാക്കളായ യജമാനന്മാരെ, അവരുടെ സോമഹവിസ്സുകളപ്പിക്കാനായി ഉള്ളുണത്തുന്നു. നിന്ദ്യമായ, മുഴുക്കുരിരുട്ടിന്റെ നടുവിൽ പണികളുറങ്ങട്ടെ. (പണികൾ എന്ന വാക്കുകൊണ്ട് പിശുക്കന്മാർ, കൊടുക്കാത്തവർ, കൂടുതൽ പലിശ വാങ്ങുന്നവർ എന്നിവരെയുദ്ദേശിക്കുന്നു. അവർ പ്രഭാതമായതറിയാതെ അലസന്മാരായി ഉറങ്ങിക്കൊള്ളട്ടെ എന്നു ഭാവം.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

4 കുവിൽസദേവീസ്സനയോനവോവാ

യാമോബഭ്രൂയാദുഷസോവോഅദ്യ

യേനാനവഗ്വേഅങ്ഗിരേദശഗ്വേ

സപ്താസ്യേരേവതീരേവദൂഷ

അന്വയം:—

ഹേ ദേവീഃ, ഉഷസഃ, വഃ	— യുഷ്മാൻ
സനയഃ നവഃ വാ	— പുരാണോ നൂതനോവാ
യാമഃ സഃ	— ഗമനസാധനോ രഥഃ
അദ്യ കുവിൽ ബഭ്രൂയാൽ	— അസ്മിൻ യാഗദിനേ ബഹുവാരംഭവേൽ, ഗച്ഛേൽ
യേന ഹേ രേവതീഃ	— ധനവത്യഃ, യൂയം
നവ–ഗ്വേ, ദശ–ഗ്വേ, സപ്ത–ആസ്യേ	
അങ്ഗിരേ	— സപ്തച്ഛന്ദോയുക്തമുഖേ അങ്ഗിരോഗണേ
രേവൽ ഊഷ	— ധനവൽ യഥാഭവതി തഥാ വിഭാതം കൃതവത്യഃ

അർത്ഥം—അല്ലയോ പ്രകാശവതികളായ ഉഷസ്സുകളേ, നിങ്ങളെ പഴയതോ പുതിയതോ ആയ വാഹനം, തേർ ഈ യാഗദിനത്തിൽ പലതവണ ഇവിടെ കൊണ്ടുവരട്ടെ. അല്ലയോ ധനവതികളേ, ആ തേരിനാലാണല്ലൊ നിങ്ങൾ നവഗ്വന്മാരും ദശഗ്വന്മാരും, ഗായത്രീ മുതലായ ഏഴ് ഛന്ദസ്സുകൾ ചേർന്ന മുഖത്തോടുകൂടിയവരുമായ അങ്ഗിരസ്സുകളുടെ സമൂഹത്തിൽ യാഗത്തെ ധനവത്തും (ഫലവത്തും) ആയ വിധം തെളിയിച്ചതു്. (നവഗ്വന്മാർ ഒമ്പതുമാസംകൊണ്ടു തീരുന്ന സത്രവും ദശഗ്വന്മാർ പത്തുമാസംകൊണ്ടു തീരുന്ന സത്രവും അനുഷ്ഠിച്ചവർ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

5 യൂയംഹിദേവീരൃതയുഗ്ഭിരശ്വൈഃ

പരിപ്രയാഥഭുവനാനിസദ്യഃ

പ്രബോധയന്തീരുഷസസ്സസന്തം

ദ്വിപാച്ചതുഷ്പാച്ചരഥായജീവം വ. 1

അന്വയം:—

ഹേ ദേവീഃ ഉഷസഃ,

യൂയം ഹി	— ഖലു
ഋതയുക്-ഭിഃ അശ്വൈഃ	— യജ്ഞഗാമിഭിരശ്വൈഃ
സസന്തം ദ്വി—പാൽ	
ചതുഃ—പാൽ	— സ്വപന്തം മനുഷ്യഗവാദി ലക്ഷണം
ജീവം ചരഥായ	— ചരണായ, ഗമനാദി വ്യാപാരായ
പ്ര-ബോധയന്തീഃ	— പ്രബോധയന്ത്യസ്സത്യഃ
ഭുവനാനി സദ്യഃ പരി— പ്രയാഥ	— ഭൂതജാതാനി അദ്യൈവ പരിതഃ പ്രകൃഷ്ടം ഗച്ഛഥ

അർത്ഥം—അല്ലയോ പ്രകാശവതികളായ ഉഷസ്സുകളേ, നിങ്ങളാണല്ലൊ യജ്ഞഗാമികളായ കുതിരകളോടുകൂടി ഉറങ്ങുന്ന ഇരുകാലി—നാല്ക്കാലി (മനുഷ്യൻ, പശു മുതലായ) ജീവിയെ ഇളകിയും നടന്നുമുള്ള പ്രവൎത്തനങ്ങൾക്കായി, നന്നായുണൎത്തിക്കൊണ്ടു്, ഭൂതജാതങ്ങളെ ഇപ്പോൾ തന്നെ പ്രാപിക്കുന്നതു്. (ഉഷസ്സുകളുദിക്കുന്നതു് യാഗാദി സൽകൎമ്മങ്ങൾക്കുവേണ്ടിയാണു്. അപ്പോൾ ജീവജാലങ്ങളെയും ഉണൎത്തുന്നു എന്നു മാത്രം.)

6 ക്വസ്വിദാസാം കതമാപുരാണീ

യയാവിധാനാവിദധുരൃഭൂണാം

ശുഭം യച്ഛുഭ്രാഉഷസശ്ചരന്തി

നവിജ്ഞായന്തേസദൃശീരജൂര്യാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

ആസാം കഃ സ്വിൽ — ഉഷസാംമദ്ധ്യേ
കതമാ പുരാണീ? — കാപുരാതനീ അഭൂൽ?
യയാ ഋഭൂണാം
വി-ധാനാ — ചമസാദി നിർമ്മാണാനി
വി-ദധുഃ — ഋഭവഃ അകുർവ്വൻ
യൽ ഉഷസഃ ശുഭ്രാഃ
ശുഭം ചരന്തി — യാശ്ചഉഷസഃ ദീപ്താഃ ശോഭാം കുർവ്വന്തി
(താഃ) അജുര്യാഃ ന വി
ജ്ഞായന്തേ — അശീർണ്ണാഃ, നിത്യനൂതനാഇവ പ്രജ്ഞായന്തേ
(യതഃ) സ-ദൃശീഃ — സദൃശ്യഃ, ഏകരൂപാഭവന്തി അതഃ, ഏതാഃ പുരാണ്യഃ ഇതിനജ്ഞായന്തേ

അർത്ഥം—ഈ ഉഷസ്സുകളുടെ ഇടയിൽ ആർ പുരാതനിയായി ഭവിച്ചു? ഏതുഷസ്സിലാണോ ഋഭുക്കൾ ചമസവിഭജനം നടത്തിയതു്, ഏതേതുഷസ്സുകൾ പ്രകാശവതികളായി ശോഭയുണ്ടാക്കുന്നുവോ, ആ ഉഷസ്സുകൾ ജീർണ്ണിക്കാതെ നിത്യനൂതനകളെന്നപോലെ അറിയപ്പെടുന്നു. എല്ലാ ഉഷസ്സുകളും ഏകരൂപകളാകയാൽ അവ പഴയവയെന്നു് (പുതിയവയെന്നും) അറിയപ്പെടുന്നില്ല.

7 താഘാതാഭദ്രാഉഷസഃ പുരാസു
രഭിഷ്ടിദ്യുമ്നാ ഋതജാതസത്യാഃ
യാസ്വീജാനശ്ശശമാനഉക്ഥൈ
സ്തുവഞ്ഛംസന്ദ്രവിണംസദ്യആപ

അന്വയം:-

യാസു ഈജാനഃ — ഉഷസ്സുയാഗം കുർവ്വാണഃ
ഉക്ഥൈഃ ശശമാനഃ — ശസ്ത്രൈശ്ശംസമാനഃ
സ്തുവൻ, ശംസൻ — സാമഭിഃ സ്തോത്രം നിഷ്പാദയൻ, ശസ്ത്രാണി കുർവ്വൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്രവിണം സദ്യഃ ആപ	— ധനം ക്ഷണേന പ്രാപ്നോതി
താഃ ഘ ഭദ്രാഃ	— പ്രസിദ്ധാഃ, ഖല്വുപകാരിണ്യഃ, കല്ല്യാണ്യഃ
ഉഷസഃ പുരാ ആസുഃ	— അഭവൽ
താഃ അഭിഷ്ടി—ദ്യുമ്നാഃ	— അഭിഗമനമാത്രേണ ദ്യുമ്നം, ധനം യാസാം താഃ
ഋതജാത—സത്യാഃ	— ഋതാത്ഥം യജ്ഞാത്ഥം ജാതാഃ, സത്യഫലാശ്ച

അത്ഥം—ഏതേതുഷസ്സുകളിൽ യാഗാനുഷ്ഠാതാവും ശസ്ത്രം ചൊല്ലുന്നവനും സോമങ്ങളാൽ സ്തുതിക്കുന്നവനും വീണ്ടും ശസ്ത്ര ങ്ങരം ചൊല്ലുവനും ക്ഷണത്തിൽ ധനം നേടുന്നുവോ, ആ വിളി പ്പെട്ട, ഉപകാരിണികളായ ഉഷസ്സുകരം മങ്ഗളകാരിണിക ളായി പണ്ടേ ഉള്ളവായവരത്രേ. ആ ഉഷസ്സുകരം യാഗത്തിന്നെ ത്തുന്നതുകൊണ്ടുതന്നെ ധനം കൊടുക്കുന്നവരും, യജ്ഞത്തിന്നാ യി ഉൽഭവിച്ച് സത്യഫലങ്ങരം വർഷിക്കുന്നവരുമത്രേ.

8 താആചരന്തിസമനാപുരസ്താൽ

സമാനതസ്സമനാപപ്രഥാനാഃ

ഋതസ്യദേവീസ്സദസോബുധാനാ

ഗവാംനസഗ്ഗാഉഷസോജരന്തേ

അന്വയം:—

ദേവീഃ താഃ സമനാ	— ദ്യോതമാനാഃ ഉഷസഃ സവ്വതസ്സമാനാഃ
പുരസ്താൽ സമാനതഃ സമനാ	— പൂവ്വസ്യാം ദിശി സമാനാ ദ്ദേശാൽ, അന്തരിക്ഷാൽ സവ്വതസ്സമാനാഃ
പപ്രഥാനാഃ ആ ചരന്തി	— പ്രഥമാനാഃ സവ്വതഃ ചരന്തി
ഋതസ്യ സദസഃ	— സദഃ തത്രത്യം ഋത്വിക് ഹവിരാദികം

*57

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബുധാനാഃ ഉഷസഃ — ബോധയന്ത്യഃ, ഏവം മഹാനുഭാവാസ്താഃ
ഗവാം സർഗ്ഗാഃ ന — ഗവാം സൃഷ്ടയഃ, താ യഥാ സർവ്വത്ര ഉപകാരത്വാൽ സ്തൂയന്തേ തദ്വൽ
ജരന്തേ — സ്തൂയന്തേ

അർത്ഥം-പ്രകാശവതികളായ ആ ഉഷസ്സുകൾ എങ്ങും തുല്യരൂപകളായി കിഴക്കു ദിക്കിൽ ഒരേ ഇടത്തുനിന്നു്, അന്തരിക്ഷത്തിൽ നിന്നു്, ഒരുപോലെ പരക്കുന്നവരായി, എമ്പാടും സഞ്ചരിക്കുന്നു. യജ്ഞസ്ഥാനത്തെ അതായതു് അവിടെയുള്ള ഋത്വിക്കുകളെയും ഹവിസ്സു മുതലായവയെയും വേർതിരിച്ചു് അറിയിക്കുന്നവരായി, മഹാനുഭാവകളായ ഉഷസ്സുകൾ പൈക്കളുടെ സൃഷ്ടികൾ എന്നപോലെ (പാൽ, തൈർ, നൈ മുതലായവപോലെ) സ്തുതിക്കപ്പെടുന്നു, കൊണ്ടാടപ്പെടുന്നു.

9 താ ഇന്ന്വേ൩വ സമനാ സമാനീ
രമീതവർണ്ണാ ഉഷസശ്ചരന്തി
ഗൂഹന്തീരഭ്വമസിതം രുശദ്ഭി
ശ്ശുക്രാസ്തനൂഭിശ്ശുചയോ രുചാനാഃ

അന്വയം:—

അഭ്വം, അസിതം — മഹൽ, കൃഷ്ണരൂപം
ഗൂഹന്തീഃ — ഗോപയന്ത്യഃ
രുശൽ-ഭിഃ തനൂഭിഃ — രോചമാനൈസ്സ്വശരീരൈഃ
ശുക്രാഃ, ശുചയഃ,
രുചാനാഃ — ദീപ്താശ്ശുദ്ധാരോചമാനാഃ
താഃ ഉഷസഃ ഇൽ
സമനാ ഏവ — താ ഉഷസഃ ഏവ ഏകദൈവ
സമാനീഃ — ഏകരൂപാഃ
അമീത-വർണ്ണാഃ നു
ചരന്തി — അപരിമിതവർണ്ണാഃ സർവ്വതഃ ക്ഷിപ്രം ചരന്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം-പെരുത്തുകറുത്ത രൂപത്തെ, ഇരുട്ടിനെ, മറച്ചു കൊണ്ടു്, മാററി നീക്കിക്കൊണ്ടു്, ശോഭമാനങ്ങളായ സ്വ ശരീരങ്ങളാൽ ദീപ്തകളും ശുദ്ധകളും ഭാസമാനകളുമായി, ആ ഉഷസ്സുകൾ ഒരേസമയത്തു് ഒരേ വിധത്തിൽ ഒരേരൂപത്തിൽ കണക്കററ നിറങ്ങളോടുകൂടി എങ്ങും വേഗത്തിൽ ചരിക്കുന്നു.

10 രയിംദിവോദുഹിതരോവിഭാതീഃ
പ്രജാവന്തംയച്ഛതാസ്മാസുദേവീഃ
സ്യോനാദാവഃപ്രതിബുധ്യമാനാ
സ്സുവീര്യസ്യപതയസ്സ്യാമ

അന്വയം:—

ഹേ ദിവഃ ദുഹിതരഃ	— ദ്യോതമാനസ്യാദിത്യസ്യ ദുഹിതൃസ്ഥാനീയാഃ
ഹേ വി–ഭാതീഃ,	— വിശേഷേണ ഭാനം കുർവ്വത്യഃ,
അസ്മാസു പ്രജാ–വന്തം	
രയിം ആ യച്ഛത	— പുത്രാദ്യുപേതം ധനം ആഭിമുഖ്യേന ദത്തം
ഹേ ദേവീഃ, സ്യോനാൽ	– ദേവ്യഃ, സുഖാൽ നിമിത്തഭൂതാൽ
വഃ പ്രതി–ബുധ്യമാനാഃ	– യുഷ്മാൻ പ്രതിബോധയന്തോ വയം
സു–വീര്യസ്യ പതയഃ	
സ്യാമ	— പുത്രാദിസഹിതസ്യധനസ്യ പാലകാഭവേമ

അത്ഥം-പ്രകാശവാനായ സൂര്യൻെറ പുത്രിമാരുടെ സ്ഥാനത്തുള്ളവരും നന്നായി ഭാസിക്കുന്നവരുമായ ഉഷസ്സുകളേ, ഞങ്ങൾക്കു് പുത്രാദികളോടുകൂടിയ സമ്പത്തി നേരെ തന്നരുളിയാലും. അല്ലയോ ദേവിമാരേ, സുഖമുദ്ദേശിച്ചു് അർത്ഥിതങ്ങൾ ബോധിപ്പിക്കുന്ന ഞങ്ങൾ, നിങ്ങളെ ഉപാസിക്കുന്ന ഞങ്ങൾ, സൽസന്തതിയോടുകൂടിയ ഐശ്വര്യത്തിൻെറ ഉടമകളാകുവു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

11 തദ്വോദിവോദുഹിതരാവിഭാതീ

രുപബ്രുവഉഷസോയജ്ഞകേതുഃ

വയംസ്യാമയശസോജനേഷു

തദ്ദ്യൌശ്ചധത്താം പൃഥിവീചദേവീ വ 2

അന്വയം:–

ഹേ ദിവഃ ദുഹിതരഃ,

ഉഷസഃ വി-ഭാതീഃ	—	സൂര്യസ്യപുത്ര്യഃ വിശേഷേണ ഭാനം കുർവ്വത്യഃ
വഃ തൽ	—	യുഷ്മാൻ ഉത്തരാർദ്ധേന വക്ഷ്യമാണം
യജ്ഞ–കേതുഃ	—	യജ്ഞഏവയസ്യപ്രജ്ഞാപകഃ തദ്ദശോഹം
ഉപ ബ്രുവേ	—	ഉപേത്യബ്രവീമി
വയം ജനേഷു യശസഃ		
സ്യാമ	—	അസ്മൽ സമാനേഷു കീർത്തേഃ സ്വാമിനോഭവേമ
തൽ ദ്യൌഃ ച ദേവീ		
പൃഥിവീ ച ധത്താം	—	ധാരയതം

അർത്ഥം—ദ്യോതമാനനായ ആദിത്യൻെറ പുത്രിമാരേ, ഉഷസ്സുകളേ, ഭാസമാനകളേ, നിങ്ങളോട് യജ്ഞമാകുന്ന അടയാളത്തോടുകൂടിയ ഞാൻ അടുത്തുവന്ന് ഇതു പറയുന്നു: ഞങ്ങൾ സമാനന്മാരിൽ കീർത്തിയുടെ സ്വാമികളാകാവൂ. (കൂടുതൽ കീർത്തിമാന്മാരാകാവൂ.) ആ യശസ്സ് ദ്യോവും ദേവിയായ ഭൂമിയും ധരിക്കട്ടെ. (അതായത്–ഞങ്ങളുടെ യശസ്സ് ദ്യോവിലും ഭൂവിലും അനശ്വരമാവട്ടെ.)

വർഗ്ഗം–3 ഗായത്രീഛന്ദഃ

1 പ്രതിഷ്യാസൂനരീജനീ വ്യുച്ഛന്തീപരിസ്വസുഃ

ദിവോഅദർശിദുഹിതാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

സ്യാ സൂനരീ ജനീ — സാ, സംസ്തൂയമാനാ, സൃഷ്ടപ്രാണിനാം നേത്രീ, ഫലാനാം ജനയിത്രീ

സ്വസുഃ പരി — സ്വസൃസ്ഥാനീയായാഃ രാത്രേഃ, ഉപരിഭാഗേ രാത്രിപര്യവസാനകാലേ

വി– ഉച്ഛന്തീ — തമോവിവാസയന്തീ

ദിവഃ ദുഹിതാ പ്രതി

അദശി — ആദിത്യപുത്രീ ഉഷാഃ സവ്വൈഃ പ്രതിദൃശ്യതേ

അത്ഥം–ആ പുകഴ്ത്തപ്പെടുന്നവളും പ്രാണികളെ നന്നായി നയിയ്ക്കുന്നവളും കമ്മങ്ങാംക്ക് ഫലങ്ങളുളവാക്കുന്നവളും, സഹോദരീസ്ഥാനത്തുള്ള രാത്രിയുടെ പര്യവസാനത്തിൽ ഇരുട്ടകററുന്നവളുമായ ആദിത്യപുത്രി, ഉഷസ്സ്, ഇതാ എല്ലാവരാലും കാണപ്പെടുന്നു.

2 അശ്വേവചിത്രാരുഷീമാതാഗവാമൃതാവരീ

സഖാഭൂദശ്വിനോരുഷാഃ

അന്വയം:—

അശ്വാ–ഇവ ചിത്രാ;

അരുഷീ — ചായനീയാ, രോചമാനാ

ഗവാം മാതാ — രശ്മീനാം നിമ്മാത്രീ

ഋത–വരീ ഉഷാഃ — യജ്ഞവതീ സാ

അശ്വിനോഃ സഖാ

അഭൂൽ — സഹസ്തൂയമാനാ ഭവതി

(അശ്വിനോഃ ഉഷസാ സഹസ്തൂയമാനത്വാൽ സഖിത്വം)

അത്ഥം–പെൺകുതിരപോലെ അഴകററവളും പ്രകാശമാനയും രശ്മികരം നിമ്മിക്കുന്നവളും യജ്ഞവതിയുമായ ഉഷസ്സ് അശ്വികരംക്ക് ചങ്ങാതമിയററി, ഒപ്പം സ്തുതിക്കപ്പെടുന്നവളായി ഭവിക്കുന്നു. (അശ്വികരംക്ക് സ്തോത്രം ഉഷസ്സിലാകയാൽ തമ്മിൽ സഖിത്വം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

3 ഉതസഖാസ്യശ്വിനോരുതമാതാഗവാമസി

ഉതോഷോവസ്വഈശിഷേ

അന്വയം:–

ഉത അശ്വിനോഃ സഖാ

അസി — സഖ്യസി

ഉത ഗവാം മാതാ അസി — രശ്മീനാം നിർമ്മാത്രീഭവസി

ഉത ഹേ ഉഷഃ വസ്വഃ

ഈശിഷേ — ധനസ്യേശ്വരീഭവസി

അർത്ഥം–മാത്രമല്ല, അവിടുന്ന് അശ്വികൾക്ക് സഖിയാകുന്നു. രശ്മികളുണ്ടാക്കുന്നവളാകുന്നു. അല്ലയോ ഉഷസ്സേ, അവിടുന്ന് ധനത്തിന്നധീശയാകുന്നു.

4 യാവയദ്വേഷസംത്വാചികിത്വിൽസൂനൃതാവരീ

പ്രതിസ്തോമൈരഭുത്സ്മഹി

അന്വയം:–

യവയൽ–ദ്വേഷസം — യവയന്തഃ, വിയുജ്യമാനാഃ, ദ്വേഷാംസി, ദ്വേഷ്ടാരഃ യസ്യാഃ താദൃശീ

ചികിത്വിൽ ത്വാ — ജ്ഞാപയന്തീം ത്വാം

ഹേ സൂനൃതാ–വരി, — സത്യപ്രിയവാഗ്വതീ

സ്തോമൈഃ പ്രതി

അഭുത്സ്മഹി — സ്തുതിഭിഃ പ്രതിബോധയാമഃ, സ്മഃ

അർത്ഥം–ദ്വേഷ്ടാക്കളെ, തമ്മിലിടഞ്ഞവരെ വേർപ്പെടുത്തുന്നവളും (രാത്രി കലഹിച്ചവർ പ്രഭാതത്തിൽ ശാന്തരായി ദ്വേഷം വിടുന്നു; ഉപദ്രവിക്കാൻ വരുന്ന ദ്വേഷികൾ പ്രഭാതത്തിൽ ഓടിപ്പോകുന്നു) എല്ലാമറിയുന്നവളുമായ അവിടുത്തെ, അല്ലയോ സത്യപ്രിയവചനേ, സ്തുതികളാൽ പ്രതിബോധിപ്പിക്കുന്നു, തിരുമനസ്സുണർത്തുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

5 പ്രതിഭദ്രാഅദൃക്ഷതഗവാംസർഗ്ഗാനരശ്മയഃ

ഓഷാഅപ്രാഉരുജ്രയഃ

അന്വയം:–
ഭദ്രാഃ രശ്മയഃ പ്രതി
അദൃക്ഷത — സ്തുത്യാരശ്മയഃ പ്രതി ദൃശ്യന്തേ
ഗവാം സർഗ്ഗാഃ ന — ഉദകാനാം സർഗ്ഗധാരാ ഇവ
ഉഷാഃ ഉരു ജ്രയഃ ആ
അപ്രാഃ — മഹത്തേജഃ ആപൂരയൽ

അർത്ഥം–ഭംഗിയുള്ള രശ്മികൾ കാണപ്പെടുന്നു. വർഷജലധാരകൾ പോലെ ഉഷസ്സ് മഹത്തായ തേജസ്സ് എങ്ങും നിറച്ചിരിക്കുന്നു.

6 ആപപ്രുഷീവിഭാവരിവ്യാവർജ്യോതിഷാതമഃ

ഉഷോഅനുസ്വധാമവ

അന്വയം:–
ഹേ വിഭാ–വരി, ഉഷഃ, — വിഭാവതി, ഉഷഃ, ത്വം
ആ–പപ്രുഷീ — തേജസാ ജഗദാപൂരയന്തീ
ജ്യോതിഷാ തമഃ വി
ആവഃ — വ്യാവൃണോഃ
(കിംച) അനു
സ്വധാം അവ — പശ്ചാൽ ഹവിരന്നം രക്ഷ

അർത്ഥം–അല്ലയോ പ്രഭാവതിയായ ഉഷസ്സേ. അവിടുന്ന് തേജസ്സാൽ ജഗത്തിനെ നിറച്ച്, അതുകൊണ്ട് ഇരുട്ടിനെ മറച്ച്, ഇല്ലാതാക്കി. എന്നി ഹവിരന്നത്തെ രക്ഷിച്ചാലും.

7 ആദ്യാന്തനോഷീരശ്മിഭിരാന്തരിക്ഷമുരുപ്രിയം

ഉഷശ്ശുക്രേണശോചിഷാ

വ. 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-
ഹേ ഉഷഃ, രശ്മി-ഭിഃ
ദ്യാം ആ തനോഷി — ദിവം പ്രകാശയസി
ഉരു പ്രിയം അന്തരിക്ഷം — വിസ്തീർണ്ണം പ്രീണയിതാര മന്തരിക്ഷം
ശുക്രേണ ശോചിഷാ — ദീപ്തേന പ്രകാശേന യുക്താ
(രശ്മി-ഭിഃ) ആ (തനോഷി)

അർത്ഥം—അല്ലയോ ഉഷസ്സേ, രശ്മികളാൽ അവിടുന്ന് ദ്യോവിനെ മുഴുവൻ പ്രകാശിപ്പിക്കുന്നു. വിസ്തീർണ്ണവും സുഖദായകവുമായ അന്തരിക്ഷത്തെ തെളിച്ചമുററ വെളിച്ചത്താൽ മുഴുവൻ പ്രകാശിപ്പിക്കുന്നു. (ഭൂമിയെയും അതുപോലെ പ്രകാശിപ്പിക്കുന്നു എന്ന് ധ്വനി.)

വർഗ്ഗം 4 - ജഗതീച്ഛന്ദഃ സവിതാ ദേവതാ

1 തദ്ദേവസ്യസവിതുർവ്വാര്യംമഹ
ദ്വൃണീമഹേഅസുരസ്യപ്രചേതസഃ
ഛർദ്ദിര്യേനദാശുഷേയച്ഛതിത്മനാ
തന്നോമഹാംഉദയാന്ദേവോഅക്തുഭിഃ

അന്വയം:-
അസുരസ്യ, പ്ര-ചേതസഃ — ബലവതഃ, പ്രകൃഷ്ടമതേഃ
സവിതുഃ ദേവസ്യ — പ്രേരകസ്യാദിത്യസ്യ
വാര്യം മഹൽ തൽ
വൃണീമഹേ — വരണീയം മഹദ്ധനം പ്രാർത്ഥയാമഃ
യേന ഛർദിഃ — യേന യുക്തസ്സൻ ഗൃഹം, ഗൃഹോപലക്ഷിതം ധനജാതം
ദാശുഷേ ത്മനാ യച്ഛതി — ഹവിർദ്ദത്തവതേ യജമാനായ ആത്മനൈവപ്രയച്ഛതി
തൽ മഹാൻ ദേവഃ — ഗൃഹം സവിതാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അക്ത്തു–ഭിഃ നഃ ഉൽ
അയാൻ — രാത്രിഭിഃ (ഏതദഹനാമപ്യപലക്ഷണം) സർവൈർദിവസൈഃ, സർവേഷു ദിവസേഷു, ഉദ്യച്ഛന്തു, കരോതു

അർത്ഥം– ബലവാനും ഉൽകൃഷ്ടചിത്തനുമായ സവിതാവെന്ന സർവ്വപ്രേരകനായ ദേവൻെറ വരണീയവും മഹത്തുമായ ധനത്തെ, അനുഗ്രഹത്തെ നാം പ്രാർത്ഥിക്കുന്നു. യാതൊരു അനുഗ്രഹത്തോടുകൂടി ഗൃഹത്തെ, ഗൃഹമടക്കമുള്ള ധനസഞ്ചയത്തെ, ഹവിസ്സേകുന്ന യജമാനന്ന് സ്വയം കൊടുക്കുന്നുവോ, ആ ഗൃഹത്തെ മഹാനായ ദേവൻ എല്ലാ രാത്രികളിലും (ദിവസങ്ങളിലും) ഉണ്ടാക്കിത്തരട്ടെ. (ദിവസങ്ങൾക്ക് പകരം രാത്രികൾ പറയാൻ കാരണം കർമ്മത്തിലേർപ്പെട്ടവർക്ക് രാത്രി കിടന്നുറങ്ങാനാണ് ഗൃഹത്തിൻെറ ആവശ്യം എന്നതുതന്നെ)

2 ദിവോധർത്താഭുവനസ്യപ്രജാപതിഃ
പിശങ്ഗംദ്രാപിംപ്രതിമുഞ്ചതേകവിഃ
വിചക്ഷണഃപ്രഥയന്നാപൃണന്നു
ർവ്വജീജനൽസവിതാസുമ്നമുക്ഥ്യം

അന്വയം:–

ദിവഃ ധർത്താ — ദ്യുലോകസ്യ ധാരകഃ
(ന കേവലം
ദ്യുലോകസ്യതു) ഭുവനസ്യ — ധർത്താ, കൃത്സ്നസ്യ ലോകസ്യ ധാരകഃ
പ്രജാ–പതിഃ — പ്രജാനാം പ്രകാശ വൃഷ്ട്യാദിനാ പാലയിതാ
കവിഃ പിശങ്ഗം
ദ്രാപിം — പ്രാജ്ഞഃ ഹിരണ്മയം കവചം
പ്രതി മുഞ്ചതേ — പ്രത്യുദയമാച്ഛാദയതി
വി–ചക്ഷണഃ സവിതാ — വിവിധം ദ്രഷ്ടാ, സ ഏവദേവഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രഥയൻ, ആ—പൃണൻ — തേജഃ പ്രഖ്യാപയൻ, പരിതഃ ആപൂരയൻ
ഉരു ഉക്ഥ്യം സുഖം
അജീജനൽ — പ്രഭൂതം സ്തുത്യം സുഖമുല്പാദയതി

അർത്ഥം—ദ്യുലോകം മാത്രമല്ല ജഗത്തു മുഴുവൻ ധരിയ്ക്കുന്നവനും വെളിച്ചവും മഴയും കൊണ്ട് പ്രജകൾക്ക് രക്ഷിതാവും പ്രാജ്ഞനുമായ അവിടുന്ന് സ്വർണ്ണമയമായ കവചം ഉദയം തോറുമണിയുന്നു. എല്ലാം പലവിധത്തിൽ നോക്കിക്കാണുന്ന ആ ദേവൻ തേജസ്സുപരത്തി എങ്ങും നിറച്ചുകൊണ്ട് മഹത്തും സ്തുത്യവുമായ സുഖമുണ്ടാക്കുന്നു.

3 ആപ്രാരജാംസിദിവ്യാനിപാർത്ഥിവാ
ശ്ലോകംദേവഃകൃണുതേസ്വായധർമ്മണേ
പ്രബാഹൂഅസ്രാക്സവിതാസവീമനി
നിവേശയൻപ്രസുവന്നക്തുഭിർജ്ജഗൽ

അന്വയം:—

(അയം) ദേവഃ ദിവ്യാനി — ദ്യുസംബന്ധീനി
പാർത്ഥിവാ — പൃഥിവ്യാനി, പൃഥിവീ സംബന്ധീനി
രജാംസി ആ അപ്രാഃ — ലോകാൻ സ്വാഭിർഭാഭിഃ ആ പൂരയതി
സ്വായ ധർമ്മണേ — സ്വകീയായ ധാരണായ
ശ്ലോകം കൃണുതേ — പ്രശസ്തിം കരോതി
അക്തു—ഭിഃ ജഗൽ
നി—വേശയൻ — കാന്തിഭിഃ സ്വസ്വകാര്യേ സ്ഥാപയൻ
പ്ര—സുവൻ — പ്രേരയൻ
സവിതാ സവീമനി — പ്രസവേ അനുജ്ഞായാം നിമിത്തായാം
ബാഹൂ പ്ര അസ്രാക് — പ്രസൃജതി, പ്രസാരയതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം—ഈ ദേവൻ ദിവ്യങ്ങളും ഭൌമങ്ങളുമായ ലോകങ്ങളെ സ്വപ്രകാശങ്ങളാൽ നിറക്കുന്നു. സ്വന്തമായി അവയെ ധരിക്കാൻ (ധരിക്കാനുള്ള ശക്തി കിട്ടാൻ) സ്തുതിയെ ഉണ്ടാക്കുന്നു. (ഉപാസകരിൽ ഉദ്ദീപിപ്പിക്കുന്നു.) കാന്തികളാൽ ജഗത്തിനെ അതാതു കാര്യങ്ങളിലേപ്പെടുത്തി, അവരവരുടെ കാര്യങ്ങൾക്കു് പ്രേരിപ്പിച്ചുകൊണ്ടു്, ആ പ്രേരണ പ്രകാരം പ്രവർത്തിപ്പിക്കുന്നതിന്നുവേണ്ടി, സ്വകരങ്ങളെ, രശ്മികളെ പ്രസരിപ്പിക്കുന്നു, പരത്തുന്നു. (സൂര്യന്റെ രശ്മികൾ ഏല്ക്കുന്നതിന്നനുസരിച്ചാണു് ജീവികളുടെ അന്തഃപ്രേരണകൾ. അവ ഓരോരുത്തരിൽ, ഓരോ ജീവിയിൽ, ഓരോവിധം ചെല്ലുന്നു എന്നുമാത്രം.)

4 അദാഭ്യോഭുവനാനിപ്രചാകശ
ദ്വ്രതാനിദേവസ്സവിതാഭിരക്ഷതേ
പ്രാസ്രാഗ്ബാഹൂഭുവനസ്യപ്രജാഭ്യോ
ധൃതവ്രതോമഹോഅജ്മസ്യരാജതി

അന്വയം:—

സവിതാ ദേവഃ അദാഭ്യഃ — അന്യൈരഹിംസിതഃ
ഭുവനാനി പ്ര-ചാകശൽ — ദീപയൻ
വ്രതാനി അഭി രക്ഷതേ — പ്രാണിനാം കർമ്മാണി പാലയതി
ഭുവനസ്യ പ്ര-ജാഭ്യഃ — തത്രത്യാഭ്യഃ
ബാഹൂ പ്ര അസ്രാക് — പ്രസാരയതി, സ്വസ്വകർമ്മണേ അനുജാനാതി
ധൃത-വ്രതഃ — ധൃതകർമ്മാ സതഥാ കുർവ്വൻ
മഹഃ അജ്മസ്യ രാജതി — മഹതഃ ജഗതഃ ഈശ്വരോഭവതി

അർത്ഥം—ദേവനായ സവിതാവു് ആരാലും കേടേല്പിക്കപ്പെടാതെ ഭുവനങ്ങളെ പ്രകാശിപ്പിച്ചുകൊണ്ടു്, പ്രാണികളുടെ കർമ്മങ്ങളെ രക്ഷിക്കുന്നു. ഭുവനത്തിലെ പ്രജകൾക്കു് (സൂര്യന്നു് പ്രാണികളെല്ലാം പ്രജകൾ) കർമ്മത്തിന്നനുജ്ഞ നല്കുന്നു. (സവിതാവൈ പ്രസവാനാമീശഃ—എല്ലാ പ്രേരണകൾക്കും ഈശ്വരൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സവിതാവാണ് എന്ന് ശ്രുതി.) അപ്രകാരം കർമ്മങ്ങൾ ധരിക്കുന്ന അവിടുന്ന് ജഗത്തിന്ന് മുഴുവൻ ഈശ്വരനാകുന്നു.

5 ത്രിരന്തരിക്ഷംസവിതാമഹിത്വനാ
ത്രീരജാംസിപരിഭൂസ്ത്രീണിരോചനാ
തിസ്രോദിവഃപൃഥിവീസ്തിസ്രഇന്വതി
ത്രിഭിർവ്രതൈരഭിനോരക്ഷതിത്മനാ

അന്വയം:–

(അയം) സവിതാ ത്രിഃ

അന്തരിക്ഷം — ത്രിഭേദം വായുവിദ്യുദ്വരുണലോകാത്മകാൻ അന്തരിക്ഷഭേദാൻ

പരി–ഭൂഃ — പരിതോ ഭവിതാസൻ

മഹി–ത്വനാ ഇന്വതി — മഹത്ത്വേന വ്യാപ്നോതി

ത്രീ രജാംസി — രഞ്ജനാത്മകാൻക്ഷിത്യന്തരിക്ഷദ്യുലക്ഷണാൻ ത്രീൻ ലോകാൻ ഇന്വതി

ത്രീണി രോചനാ — രോചനാനി, അഗ്നിവായ്വാദിത്യാത്മകാനി, ഉക്തസ്ഥാനത്രയസ്വാമിത്വേന ഇന്വതി

തിസ്രഃ ദിവഃ — ഇന്ദ്രപ്രജാപതിസത്യാഖ്യാൻ ത്രീൻ ലോകാൻ

(തഥാ) തിസ്രഃ പൃഥിവീഃ — ക്ഷിത്യവാന്തരഭേദാൻ ഇന്വതി

(ഏവം സർവ്വത്ര വ്യാപ്തോ ദേവഃ) ത്രി–ഭിഃ വ്രതൈഃ — കർമ്മഭിഃ, ഉഷ്ണവർഷഹിമാദ്യൈഃ

ത്മനാ നഃ അഭി രക്ഷതി — ആത്മനൈവാസ്മാൻ അഭിരക്ഷതു, പരിപാലയതു

അർത്ഥം.–ഈ സവിതാവ് മൂന്നുവിധത്തിലുള്ള അന്തരിക്ഷലോകങ്ങളെ, (വായുലോകം, വിദ്യുല്ലോകം, വരുണലോകം എന്നീ അന്തരിക്ഷസ്ഥങ്ങളായ ലോകങ്ങളെ) എമ്പാടും പൂകി,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തന്റെ പെരുമയാൽ വ്യാപിക്കുന്നു. ഭൂമി, അന്തരിക്ഷം, ദ്യോവ് എന്നീ മൂന്നുലോകങ്ങളെ വ്യാപിക്കുന്നു. ആ ലോകങ്ങൾക്ക് അധീശരായ അഗ്നി, (ഭൂമിക്ക്) വായു, (അന്തരിക്ഷത്തിന്ന്) ആദിത്യൻ, (ദ്യോവിന്ന്) എന്നിവരെയും വ്യാപിക്കുന്നു. (ഇവിടെ ആദിത്യനെ സവിതാവു വ്യാപിക്കുന്നു എന്നതുകൊണ്ട് ആദിത്യമണ്ഡലത്തെ എന്നേ അർത്ഥം വരുന്നുള്ളു.) പിന്നെ ദ്യോവിലെ മൂന്നു ലോകങ്ങളെ (ഇന്ദ്രലോകം, പ്രജാപതിലോകം, സത്യലോകം എന്നിവയെ) വ്യാപിക്കുന്നു. ഭൂമിയിലെയും മൂന്ന് അവാന്തരലോകങ്ങളെ (സമതലം, പർവ്വതം, സമുദ്രപ്രദേശം) വ്യാപിക്കുന്നു. ഇപ്രകാരമെങ്ങും വ്യാപിച്ച ദേവൻ ചൂട്, മഴ, മഞ്ഞ് എന്നിവ നിർമ്മിക്കുന്ന കർമ്മങ്ങളാൽ സ്വയം നമ്മളെ (സർവ്വപ്രാണിസമൂഹത്തെയും ചരാചരജാതത്തെയും) നേരെ രക്ഷിക്കട്ടെ.

6 ബൃഹൽസുമ്നഃ പ്രസവീതാനിവേശനോ
ജഗതസ്ഥാതുരുഭയസ്യയോവശീ
സനോദേവസ്സവിതാശർമ്മയച്ഛ
ത്വസ്മേക്ഷയായത്രിവരൂഥമംഹസഃ

അന്വയം:–

യഃ ബൃഹൽ–സുമ്നഃ	— പ്രഭൂതധനഃ (പ്രഭൂതസുഖഃ)
പ്ര–സവിതാ	— കർമ്മണാം പ്രകർഷേണാനുജ്ഞാതാ, പ്രേരകഃ
നി–വേശനഃ	— സർവ്വേഷ്ടന്തവ്യഃ
ജഗതഃ സ്ഥാതുഃ ഉഭയസ്യ	— ജങ്ഗമസ്യസ്ഥാവരസ്യ
വശീ സഃ സവിതാ	— മഹാൻ സഃ
ദേവഃ നഃ ത്രി–വരൂഥം	— അസ്മാകം ത്രീണിവരൂഥാനി ഗൃഹാണി, ക്ഷിത്യാദീനി സ്ഥാനാനിയസ്യതത്താദൃശം
ശർമ്മ യച്ഛതു	— സുഖം പ്രയച്ഛതു
(സഃ) അസ്മേ അംഹസഃ ക്ഷയായ	— പാപസ്യനാശായഭവതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം- മഹത്തായ ധനത്തോടുകൂടിയവനും (മഹത്തായ, ശാശ്വതമായ സുഖമുണ്ടാക്കുന്നവനും) എല്ലാ പ്രാണികൾക്കും സ്വസ്വകർമ്മങ്ങൾക്ക് അനുജ്ഞാതാവും (ആന്തരപ്രേരകനും) എല്ലാവർക്കും അഭിഗമ്യനും (ദർശനീയനും) ചരങ്ങളും അചരങ്ങളുമായ രണ്ടു വിധം ഭൂതസമൂഹവും തന്റെ വശത്തിലുള്ളവനുമായ ആ സവിതാവെന്ന ദേവൻ, ഭൂമി, അന്തരിക്ഷം, ദ്യോവ് എന്നീ സ്ഥാനങ്ങളിൽ ഉളവാകുന്ന സുഖം, ക്ഷേമം തന്നരുളട്ടെ. അവിടുന്നു നമ്മൾക്ക് പാപനാശത്തിന്നായി ഭവിക്കട്ടെ, അനുഗ്രഹിക്കട്ടെ.

7 ആഗന്ദേവ ഋതുഭിർവ്വർദ്ധതു ക്ഷയം
ദധാതു നസ്സവിതാ സുപ്രജാമിഷം
സനഃ ക്ഷപാഭിരഹഭിശ്ച ജിന്വതു
പ്രജാവന്തം രയിമസ്മേ സമിന്വതു വ 4

അന്വയം:-

ദേവഃ സവിതാ ഋതു-ഭിഃ
ആ അഗൻ — സഹാഗച്ഛതു
(കിംച) ക്ഷയം വർദ്ധതു — ഗൃഹം വർദ്ധയതു
നഃ സു-പ്രജാം ഇഷം
ദധാതു — ശോഭനപുത്രാദ്യുപേതമന്നം ദദാതു
സഃ നഃ ക്ഷപാഭിഃ അഹ-
ഭിഃ ച — സർവ്വേഷു ദിവസേഷു
ജിന്വതു — ധനാദിഭിഃ പ്രീണയതു
അസ്മേ പ്രജാ-വന്തം
രയിം — പുത്രാദ്യുപേതം ധനം
സം ഇന്വതു — വ്യാപ്നോതു, വ്യാപയതു

അർത്ഥം- ദേവനായ സവിതാവ് ഋതുക്കളോടുകൂടി വന്നുചേരട്ടെ. (ഋതുക്കളുണ്ടാക്കുന്നതു് സൂര്യനത്രെ) അവിടുന്ന് ഗൃഹം സമൃദ്ധമാക്കട്ടെ. സൽപുത്ര സമ്പത്തോടുകൂടിയ അന്നം തന്നരുളട്ടെ. എല്ലാ ദിവസങ്ങളിലും ധനാദികളാൽ നമ്മളെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രീതിപ്പെടുത്തട്ടെ. പുത്രപൌത്രാദിയോടുകൂടിയ ധനം നമുക്ക് പ്രാപിപ്പിക്കട്ടെ.

വർഗ്ഗം-5-ത്രിഷ്ടുബ് ജഗത്യൗഛന്ദസീ

1 അഭൂദ്ദേവസ്സവിതാവന്ദ്യോനുന

ഇദാനീമഹ്നഉപവാച്യോനൃഭിഃ

വിയോരത്നാഭജതിമാനവേഭ്യ

ശ്രേഷ്ഠംനോഅത്രദ്രവിണംയഥാദധൽ

അന്വയം:—

(സഃ) സവിതാ ദേവഃ,

അഭൂൽ	— പ്രാദുരാസീൽ
യഃ മാനവേഭ്യഃ	— മനോരപത്യേഭ്യഃ യജമാനേഭ്യഃ, തേഷാമർത്ഥായ
രത്നാ വി ഭജതി	— രമണീയാനി ധനാനി പ്രാപയതി
(സഃ ദേവഃ) ശ്രേഷ്ഠം	
ദ്രവിണം	— പ്രശസ്തം ഗവാദിലക്ഷണം ധനം
നഃ അത്ര യഥാ ദധൽ	— അസ്മഭ്യമസ്മിൻ കർമ്മണി യഥാ ദദ്യാൽ തഥാ
നു നഃ വന്ദ്യഃ	— ക്ഷിപ്രമേവാസ്മാകം വന്ദനീയഃ
ഇദാനീം അഹ്നഃ	— യാഗകാലേ തൃതീയസവനേ
നൃ-ഭിഃ ഉപ-വാച്യഃ	— അസ്മദീയൈഃ ഹോതൃഭിസ്തുത്യോ ഭവതി

അർത്ഥം:—ആ സവിതാവായ ദേവൻ ഇതാ ഉദിച്ചുവന്നു. ഏതു ദേവൻ മനുപ്രഭവന്മാരായ യജമാനന്മാർക്കുവേണ്ടി ഉത്തമധനങ്ങളെത്തിക്കുന്നുവോ, എപ്രകാരമായാൽ ആ ദേവൻ പ്രശസ്തമായ ധനം (പശു മുതലായവ) നമുക്ക് തന്നരുളുമോ, അപ്രകാരം ഏററവും വേഗത്തിൽ വന്ദിക്കപ്പെടേണ്ടവനാകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇപ്പോഴം യാഗകാലത്തിലെ മൂന്നാം സവനത്തിൽ നമ്മുടെ ഹോതാക്കളാൽ സ്തുതിക്കപ്പെടേണ്ടവനാകുന്നു.

2 ദേവേഭ്യോഹിപ്രഥമംയജ്ഞിയേഭ്യോ
മൃതത്വംസുവസിഭാഗമുത്തമം
ആദിദ്ദാമാനംസവിതർവ്യൂർണുഷേ
നൂചീനാജീവിതാമാനുഷേഭ്യഃ

അന്വയം:—

പ്രഥമം യജ്ഞിയേഭ്യഃ

ദേവേഭ്യഃ ഹി	— യജ്ഞാർഹേഭ്യോ ദേവേഭ്യഃ ഖലു
അമൃത–ത്വം	— അമരണത്വം, ശാശ്വതത്വം
ഉൽ–തമം ഭാഗം സുവസി	— ഉൽകൃഷ്ടതമം സോമാദിലക്ഷണം ഹവിർഭാഗം, ത്വമനു ജാനാസി
ആൽ ഇൽ ദാമാനം	— അനന്തരമേവഹവിഷാം ദാതാരം
ഹേ സവിതഃ, വി	
ഊർണ്ണുഷേ	— ത്വം പ്രകാശയസി
മാനുഷേഭ്യഃ ജീവിതാ	— യജമാനേഭ്യഃ ജീവിതാനി
അനൂചീനാ	— പിതൃപുത്രപൌത്രമാർഗ്ഗേണ അനുക്രമയുക്താനി പശ്ചാൽ വ്യൂർണുഷേ

അർത്ഥം–യജ്ഞാർഹന്മാരായ ദേവന്മാർക്ക് ആദ്യമായി അമരത്വം, നിത്യത്വം ലഭിക്കുന്നുവല്ലൊ. അവർക്ക് ഉൽകൃഷ്ടതമമായ സോമാദിഹവിസ്സുകളുടെ ഭാഗം അനുഭവിക്കുന്നു. അല്ലയോ സവിതാവേ, അതിനുശേഷം മാത്രം ഹവിസ്സേകുന്ന യജമാനനെ അവിടുന്ന് പ്രകാശിപ്പിക്കുന്നു. മനുഷ്യർക്ക്, യജമാനന്മാർക്ക് ജീവിതങ്ങൾ പിതൃപുത്രപൌത്രമാർഗ്ഗത്തിലൂടെ അനുക്രമത്തോടുകൂടി പരമ്പരയായി പ്രകാശിപ്പിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

3 അചിത്തീയച്ചകൃമാദൈവ്യേജനേ

ദീനൈർദ്ദക്ഷൈഃപ്രഭൂതീപൂരുഷത്വതാ

ദേവേഷുചസവിതർമ്മാനുഷേഷുച

ത്വന്നോഅത്രസുവതാദനാഗസഃ

അന്വയം:—

ഹേ സവിതഃ, അചിത്തീ — വയം അപ്രജ്ഞയാ
ദൈവ്യേ ജനേ — ദേവേ ത്വയി
ദീനൈഃ — ദുർബ്ബലൈഃ പുത്രാദിഭിഃ
(തഥാ) ദക്ഷൈഃ — പ്രവൃദ്ധൈർവ്വാ
പ്ര- ഭൂതീ — പ്രഭൂത്യാ, ഐശ്വര്യമദേന
പുരുഷത്വതാ — പുരുഷവത്തയാച
യൽ (ആഗഃ) ചകൃമ — പാപം കൃതവന്തഃ
(ന കേവലം ത്വയ്യേവകൃതം, അപിതു അന്യേഷു)
ദേവേഷു ച
മാനുഷേഷു ച — അജ്ഞാനാദിഭിഃ യച്ചകൃമ
നഃ ത്വം അത്ര — ഏവം കൃതവതോസ്മാൻ
അസ്മിൻ കർമ്മണി
അനാഗസഃ സുവതാൽ — അപാപാൻ അനുജാനീഹി

അർത്ഥം—അല്ലയോ സവിതാവേ, ഞങ്ങൾ അറിവില്ലായ്മയാൽ ദേവനായ അവിടേയ്ക്കു (നേരിട്ടോ) ദുർബ്ബലന്മാരോ സമർത്ഥന്മാരോ ആയ പുത്രാദികൾ വഴിക്കോ, ഐശ്വര്യത്തിലുള്ള മദംകൊണ്ടോ, മനുഷ്യത്വത്തിൻെറ ചാപല്യം കൊണ്ടോ യാതോരു പാപം ചെയ്തുവോ (അവിടത്തോടു മാത്രമല്ല) മററു ദേവന്മാർക്കും മനുഷ്യർക്കും അറിവില്ലായ്മയാൽ എന്തു പാപം ചെയ്തുവോ, അപ്രകാരമെല്ലാം ചെയ്ത ഞങ്ങളെ ഈ കർമ്മത്തിൽ അപാപരായറിഞ്ഞാലും, അപാപരാക്കിത്തീർത്താലും.

4 നപ്രമിയേസവിതുർദ്ദൈവ്യസ്യത

ദ്യഥാവിശ്വംഭുവനം ധാരയിഷ്യതി

യൽപൃഥിവ്യാവരിമന്നാസ്വംങ്ഗുരി

ർവ്വർഷ്മന്ദിവസ്സുവതിസത്യമസ്യതൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

സവിതുഃ ദൈവ്യസ്യ തൽ	—	ദേവസ്യ കർമ്മ
യഥാ വിശ്വം ഭുവനം	—	സർവ്വം ജഗൽ
ധാരയിഷ്യതി	—	ധാരയതി വിശ്വധാരണരൂപം യൽ കർമ്മാസ്തി
(തഥാ) സു-അങ്ഗുരിഃ	—	ശോഭനാങ്ഗുല്യുപലക്ഷിത ഹസ്തഃ
ന പ്ര-മിയേ	—	നപ്രമീയതേ, ഹിംസ്യതേ
യൽ പൃഥിവ്യാഃ		
വരിമൻ ആ	—	യഃ ഭൂമ്യാഃ ഉരുത്വേ ച (ആകാരശ്ചാർത്ഥേ)
ദിവഃ വർഷ്മൻ സുവതി	—	ദ്യുലോകസ്യ ഉരുത്വേ ച പ്രേരയതി
അസ്യ തൽ സത്യം	—	സവിതുഃ ഉക്തം കർമ്മ അദാഭ്യം

അർത്ഥം-സവിതാവായ ദേവൻെറ ആ കർമ്മം സർവ്വജഗത്തിനെയും ധരിക്കുന്നു എന്ന കർമ്മം അപ്രകാരം കർമ്മം ചെയ്യുന്ന നല്ല വിരലുകളിയന്ന കയ്യോടുകൂടിയ അവിടുന്ന് ഒരിക്കലും കേടേല്പിക്കപ്പെടുന്നില്ല. ആർ ഭൂമിയുടെ മഹത്വത്തിലും ദ്യോവിൻെറ മഹത്വത്തിലും പ്രേരണ ചെലുത്തുന്നുവോ, അവിടുത്തെ ആ കർമ്മം സത്യമാകുന്നു, ആരാലും ബാധിക്കപ്പെടാത്തതാകുന്നു.

5 ഇന്ദ്രജ്യേഷ്ഠാൻബൃഹദ്ഭ്യഃ പർവ്വതേഭ്യഃ
ക്ഷയാँഏഭ്യസ്സുവസിപസ്ത്യാവതഃ
യഥായഥാപതയന്തോവിയേമിര
ഏവൈവതസ്ഥുസ്സവിതസ്സവായതേ

അന്വയം:-

ഹേ സവിതഃ,

ഇന്ദ്ര-ജ്യേഷ്ഠാൻ	—	ഇന്ദ്രഃ ജ്യേഷ്ഠഃ, ജ്യായാൻ യേഷാം തേ, താനസ്മാൻ, പരമൈശ്വര്യയുക്തസ്ത്വം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബൃഹൽ–ഭ്യഃ പർവ്വതേഭ്യഃ
സുവസി — തേഭ്യോധികാൻ പ്രേരയസി
(കിംച) ഏഭ്യഃ
പസ്ത്യ–വതഃ — യജമാനേഭ്യഃ ഗൃഹവതഃ
ക്ഷയാൻ — നിവാസാൻ, ഗ്രാമനഗരാദീൻ സുവസി
യഥാ–യഥാ പതയന്തഃ — ഗച്ഛന്തഃ പ്രാണിനഃ
(ത്വാം) വി–യേമിരേ — ത്വയാവിനിയമ്യന്തേ
തേ സവായ ഏവ ഏവ
തസ്ഥുഃ — തവ അനുജ്ഞായൈഏവമേവം നിയമനമനതിക്രമ്യതസ്ഥുഃ

അർത്ഥം–അല്ലയോ സവിതാവേ, ഇന്ദ്രൻ ഏവക്കു് എല്ലാവരേക്കാരം മേലെയാണോ, അപ്രകാരമുള്ള ഞങ്ങളെ, (ഇന്ദ്രന്റെ മേൽകോയ്മയോടുകൂടിയ ഞങ്ങളെ) പരമൈശ്വര്യയുക്തനായ അവിടുന്നു് പെരിയ മലകളേക്കാരം അധികം ഉന്നതന്മാരാക്കുന്നു. കൂടാതെ യജമാനന്മാരായ ഞങ്ങരംക്കു് ഗൃഹത്തോടുകൂടിയ നിവാസസ്ഥാനങ്ങളും ഗ്രാമനഗരങ്ങളും ഉണ്ടാക്കുന്നു. ഏതേതുപ്രകാരം പ്രാണികരം അവിടുന്നാൽ നിയമിതങ്ങളാണോ (ഇന്ന പ്രാണിക്കു് ഇന്ന വിധം വ്യാപാരമെന്നു് ചിട്ടപ്പെടുത്തപ്പെട്ടിട്ടുണ്ടോ) അവയെല്ലാം അവിടുത്തെ അനുജ്ഞയായി, നിയമം ലങ്ഘിക്കാതെ, നിലകൊള്ളുന്നു.

6 യേതേത്രിരഹന്നു് സവിതസ്സവാസോ
ദിവേദിവേസൌഭഗമാസുവന്തി
ഇന്ദ്രോദ്യാവാപൃഥിവീസിന്ധുരദ്ഭി
രാദിത്യൈർന്നോ അദിതിശ്ശർമ്മയംസൽ വ 5

അന്വയം:–

ഹേ സവിതഃ, യേ തേ — യേ യജമാനാസ്ത്വദർത്ഥം
സവാസഃ — സവാഃ, സോമാഃ (ദ്വിതീയാർത്ഥേപ്രഥമാ) സോമാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്രിഃ അഹൻ	—	പ്രാതരാദീനിസവനാനിപ്രതി
ദിവേ–ദിവേ സൌഭഗം		
ആ–സുവന്തി	—	പ്രതിദിനം സൌഭാഗ്യ ജനകമഭിഷുണ്വന്തി
(തേഭ്യഃ) നഃ ഇന്ദ്രഃ ശർമ്മ		
യംസൽ	—	അസ്മഭ്യം സുഖം യച്ഛതു
ദ്യാവാപൃഥിവീ (ച)	—	സുഖം യച്ഛതാം
അൽ–ഭിഃ സിന്ധുഃ,		
ആദിത്യൈഃ അദിതിഃ	—	ച ശർമ്മ യംസൽ

അർത്ഥം–അല്ലയോ സവിതാവേ, യജമാനന്മാരേവർ അവിടേയ്ക്കു വേണ്ടി സോമങ്ങളെ പ്രാതഃകാലം തൊട്ട മൂന്ന സവനങ്ങളിൽ ദിനംതോറും ഭംഗിയോടെ ചതച്ച സംസ്കരിക്കുന്നുവോ, ആ ഞങ്ങൾക്ക് ഇന്ദ്രൻ സുഖം തരട്ടെ. ദ്യാവാപൃഥിവികൾ സുഖം തരട്ടെ. ജലങ്ങളാൽ സിന്ധു സുഖമേകട്ടെ. ആദിത്യന്മാരോടുകൂടി അദിതി സുഖം നല്കട്ടെ.

വർഗ്ഗം—6—7 ത്രിഷ്ടുബ് ഗായത്ര്യൌ ഛന്ദസീ, വിശ്വേ ദേവാ ദേവതാ.

1 കോവസ്ത്രാതാവസവഃ കോവരൂതാ
ദ്യാവാഭൂമീഅദിതേത്രാസീഥാന്നഃ
സഹീയസോവരുണമിത്രമർത്താൽ
കോവോധ്വരേവരിവോധാതിദേവാഃ

അന്വയം:–

ഹേ വസവഃ,	—	സർവ്വസ്യവാസയിതാരോ ദേവാഃ,
വഃ കഃ ത്രാതാ?	—	യുഷ്മാകം മദ്ധ്യേ ത്രാതാകഃ?
കഃ വരൂതാ?	—	ദുഃഖാനാം വാരയിതാ?
ഹേ അദിതേ, ദ്യാവാഭൂമീ	—	അഖണ്ഡനീയേ ദ്യാവാപൃഥിവ്യൌ (വചനവ്യത്യയഃ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നഃ ത്രാസീഥാം	— രക്ഷതം
ഹേ വരുണ,	
ഹേ മിത്ര,	— യുവാം
സഹീയസഃ മർത്താൽ	— അഭിഭവിതുഃ മനുഷ്യാൽ നഃ ത്രാസീഥാം
ഹേ ദേവാഃ വഃ	— യുഷ്മാകം മധ്യേ
അധ്വരേ കഃ വരിവഃ	
ധാതി?	— യജ്ഞേ ധനം ദദാതി?

അർത്ഥം-ഏവരെയും അതാതിടത്ത് വസിപ്പിക്കുന്ന ദേവന്മാരേ, നിങ്ങളുടെ ഇടയിൽ ആരാണ് രക്ഷകൻ? ആരാണ് ദുഃഖങ്ങളെ നിവാരണം ചെയ്യുന്നവൻ? അല്ലയോ പൂർണ്ണകളായ ദ്യാവാപൃഥിവികളേ, ഞങ്ങളെ രക്ഷിച്ചാലും. അല്ലയോ വരുണ, മിത്ര, കീഴടക്കുന്ന മനുഷ്യനിൽ നിന്ന് ഞങ്ങളെ രക്ഷിച്ചാലും. അല്ലയോ ദേവന്മാരേ, നിങ്ങളുടെയിടയിൽ ആർ യാഗത്തിൽ ധനം കൊടുക്കുന്നു?

2 പ്രയേധാമാനിപൂർവ്വ്യാണ്യർച്ചാൻ

വിയദുച്ഛാൻവിയോതാരോഅമൂരാഃ

വിധാതാരോവിതേദധുരജസ്രാ

ഋതധീതയോരുരുചന്തദസ്മാഃ

അന്വയം:-

യേ (ദേവാഃ) പൂർവ്വ്യാണി ധാമാനി	— പുരാതനാനി സ്ഥാനാനി
പ്ര അർച്ചാൻ	— അർച്ചന്തി, സ്തോതൃഭ്യഃ പ്രയച്ഛന്തി
യൽ വി-യോതാരഃ	— യേച ദുഃഖാനാമമിശ്രയിതാരഃ
അമൂരാഃ വി ഉച്ഛാൻ	— അമൂഢാഃ വ്യുച്ഛന്തി, തമോവിവാസയന്തി
(തേ) വി-ധാതാരഃ	— ഫലാനാം കർത്താരോ ദേവാഃ
അജസ്രാഃ വി ദധുഃ	— നിത്യാഃ അഭിമതം കുർവ്വന്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(കിംച) ഋത-ധീതയഃ,
ദസ്മാഃ — സത്യകർമ്മാണഃ, ദർശനീയാഃ
തേ രുരുചന്ത — രോചന്തേ

അത്ഥം-ദേവന്മാരേവർ സ്തോതാക്കൾക്ക് പുരാതനങ്ങളായ (പരമ്പരാഗതങ്ങളായ) സ്ഥാനങ്ങൾ കൊടുത്തരുളുന്നവോ, ഏവർ ദുഃഖങ്ങളെ അകററുന്നവരും പ്രാജ്ഞന്മാരുമായി തമസ്സു (അജ്ഞാനം) ദൂരീകരിക്കുന്നുവോ, ഫലകർത്താക്കളായ ആ ദേവന്മാർ നിത്യന്മാരായി അഭിമതമേകുന്നു. സത്യകർമ്മാക്കളും ദർശനീയരുമായ അവർ ശോഭയേന്തുന്നു.

3 പ്രപസ്ത്യാ൨൨മദിതിംസിന്ധുമക്കൈ
സ്വസ്തിമീളേസഖ്യായദേവീം.
ഉഭേയഥാനോഅഹനീനിപാത
ഉഷാസാനക്താകരതാമദബ്ധേ

അന്വയം:-

പസ്ത്യാം അദിതിം — സർവൈശ്വര്യവ്യാം ദേവമാതരം
ദേവീം സിന്ധും — സ്യന്ദനശീലാം നദ്യഭിമാനിനീം ദേവീം
സ്വസ്തിം — സുഖനിവാസാം ഏതന്നാമികാം ദേവീം
സഖ്യായ അക്കൈഃ
പ്ര ഈളേ — ആനുകൂല്യായമന്ത്രൈഃ പ്രസ്തൌമി
ഉഭേ അഹനീ — ദ്യാവ്യാപൃഥിവ്യൌ
യഥാ നഃ നി-പാതഃ — യഥാനിതരാം പാതഃ തഥാസ്തൌമി
ഹേ ഉഷസാനക്താ — അഹോരാത്രാഭിമാനിദേവതേ
ഹേ അദബ്ധേ, കരതാം — അദംഭനീയേ, അഭിമതം കരുതാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം—ഏവക്കും ഗൃഹംപോലെ അഭിഗമ്യയായ, ദേവമാതാവായ അദിതിയെയും നദിയുടെ അഭിമാനദേവതയായ സിന്ധുവിനെയും സുഖനിവാസയായ (ക്ഷേമരൂപയായ) സ്വസ്തി എന്ന ദേവിയെയും ആനുകൂല്യത്തിന്നായി അനുഗ്രഹത്തിന്നായി ഞാൻ നന്നായി സ്തുതിക്കുന്നു. ദ്യാവാപൃഥിവികൾ രണ്ടുപേരെയും, എപ്രകാരം സ്തുതിച്ചാൽ നല്ലപോലെ രക്ഷിക്കുമോ അപ്രകാരം സ്തുതിക്കുന്നു. ഒരിക്കലും കേടേല്പിക്കപ്പെടാത്ത പകലിരവുകളുടെ ദേവതമാരും അഭിമതമരുളട്ടെ.

4 വ്യര്യമാവരുണശ്ചേതിപന്ഥാ
മിഷസ്പതിസ്സുവിതംഗാതുമഗ്നിഃ
ഇന്ദ്രാവിഷ്ണൂനൃവദുഷുസ്തവാനാ
ശർമ്മനോയന്തമമവദ്വരൂഥം

അന്വയം:—

അര്യമാ പന്ഥാം വിചേതി	— അസ്മാകം യജ്ഞാദിമാർഗ്ഗം ജ്ഞാപയതി
(തഥാ) വരുണഃ	— വിചേതി
ഇഷഃ പതിഃ അഗ്നിഃ	— ഹവിരന്നസ്യപാലകോഗ്നിഃ
സുവിതം ഗാതും	— സുഖകരം മാർഗ്ഗംവിചേതി
ഇന്ദ്രാവിഷ്ണൂ സുസ്തവാനാ	— സ്തൂയമാനൌ
നൃ—വത്	— മനുഷ്യവത്, മനുഷ്യോപേതം
വരൂഥം, അമ—വത്	— വരണീയം, ബലോപേതം
ശർമ്മ നഃ യന്തം ഉ	— ഗൃഹമസ്മാകം യച്ഛതം ഹി

അത്ഥം—അര്യമാവ് നമുക്ക് യജ്ഞാദിമാർഗ്ഗങ്ങളെ ബോധിപ്പിക്കുന്നു, അറിയിപ്പിക്കുന്നു. അതുപോലെ വരുണനും ബോധിപ്പിക്കുന്നു. ഹവിരന്നത്തിന്റെ രക്ഷകനായ അഗ്നി സുഖകരമായ മാർഗ്ഗം ബോധിപ്പിക്കുന്നു. ഇന്ദ്രവിഷ്ണുക്കൾ സ്തുതിക്കപ്പെടുന്നവരായി, പുത്രപൌത്രാദികളൊത്തതും ശ്രേഷ്ഠവും ബലവത്തുമായ ഗൃഹം തന്നരുളണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

5 ആപൎവ്വതസ്യമരുതാമവാംസി

ദേവസ്യത്രാതുരവ്രിഭഗസ്യ

പാൽപതിൎജ്ജന്യാദംഹസോനോ

മിത്രോമിത്രിയാദുതനഉരുഷ്യേൽ വ 6

അന്വയം:–

പൎവ്വതസ്യ ദേവസ്യ,

മരുതാം	— ഇന്ദ്രസഖസ്യ തന്നാമകസ്യ ദേവസ്യ മരുതാം ച
ത്രാതുഃ ഭഗസ്യ അവാംസി	— പാലകസ്യതസ്യ ച രക്ഷണാനി
ആ അവ്രി	— ആവൃണേ
(കിംച) പതിഃ ജന്യാൽ	— വരുണഃ ജനസംബന്ധാൽ
അംഹസഃ നഃ പാൽ	— പാപാദസ്മാൻ രക്ഷതു
ഉത മിത്രഃ മിത്രിയാൽ	— മിത്രഭാവേന
നഃ ഉരുഷ്യേൽ	— അസ്മാൻ രക്ഷതു

അൎത്ഥം—ഇന്ദ്രൻെറ സഖാവായ പൎവ്വതനെന്ന ദേവൻെറയും മരുത്തുക്കളുടെയും പാലകനായ ഭഗൻെറയും രക്ഷണങ്ങളെ ഞാൻ വരിക്കുന്നു, പ്രാൎത്ഥിക്കുന്നു. പിന്നെ വരുണൻ, ജനങ്ങളോടുചെയ്ത പാപത്തിൽ നിന്നു എന്നെ രക്ഷിയ്ക്കട്ടെ. മിത്രൻ സുഹൃൽഭാവത്തോടുകൂടി എന്നെ രക്ഷിക്കട്ടെ.

6 നൂരോദസീഅഹിനാബുധ്ന്യേന

സ്തുവീതദേവീഅപ്യേഭിരിഷ്ടൈഃ

സമുദ്രന്നസഞ്ചരണേസനിഷ്യവോ

ഘൎമ്മസ്വരസോനദ്യോ ൨ ൨ അപവ്രൻ

അന്വയം:–

ഹേ ദേവീ, രോദസീ,	— ദേവ്യൗ ദ്യാവാപൃഥിവ്യൗ, യുവാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഹിനാ ബുധ്ന്യേന — അഹിർബുധ്ന്യ നാമകേന ദേവേന സഹ
സനിഷ്യവഃ — ധനാനാം സംകേ്ത്തുമിച്ഛന്തഃ
സം–ചരണേ — സഞ്ചാരായ, സമുദ്രമധ്യഗമനായ
സമുദ്രം ന — സമുദ്രമിവ തം യഥാ സ്തുവന്തി തദ്വൽ
അപ്യേഭിഃ ഇഷ്ടൈഃ — ആപനീയൈഃ കാമൈരന്നിമിത്ത ഭൂതൈഃ
ന സ്തുവീത — ക്ഷിപ്രംസ്തുവേ
(ഏതേദേവാഃ) ഘർമ്മ–
സ്വരസഃ നദ്യഃ — ദീപ്തധ്വനീഃ നദീഃ
അപ വ്രൻ — അപവൃണ്വന്തു

അർത്ഥം—അല്ലയോ ദേവികളായ ദ്യാവാപൃഥിവികളേ, നിങ്ങളെ അഹിർബുധ്ന്യനെന്ന ദേവനോടൊപ്പം ധനസമ്പാദനാർത്ഥം സമുദ്രസഞ്ചാരത്തിന്ന് (പുറപ്പെടുന്നവൻ) സമുദ്രത്തെ സ്തുതിക്കുന്നപോലെ, പ്രാപിക്കാവുന്ന അഭീഷ്ടങ്ങൾക്കുവേണ്ടി വേഗത്തിൽ സ്തുതിക്കുന്നു. തെളിഞ്ഞ ശബ്ദങ്ങളോടുകൂടിയ നദികളെ ആ ദേവന്മാർ തുറന്നുവിടട്ടെ. (ഇതു് അഭീഷ്ടങ്ങളിലൊന്നാണു്.)

7 ദേവൈർന്നോദേവ്യദിതിർന്നിപാതു
ദേവസ്ത്രാതാത്രായതാമപ്രയുച്ഛൻ
നഹിമിത്രസ്യവരുണസ്യധാസി
മർഹാമസിപ്രമിയംസാന്വഗ്നേഃ

അന്വയം:—
അദിതിഃ ദേവീ, — ദേവമാതാ
ദേവൈഃ നഃ നി പാതു — മിത്രാദിഭിസ്സഹാസ്മാൻ രക്ഷതു
(തഥാ) ത്രാതാ ദേവഃ — ഇന്ദ്രഃ
അപ്ര–യുച്ഛൻ ത്രായതാം — അപ്രമാദ്യൻ രക്ഷതു
(വയം ച) മിത്രസ്യ
വരുണസ്യ അഗ്നേഃ — തേഷാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാനു ധാസിം — സമുച്ഛ്രിതം
സോമലക്ഷണമന്നം
പ്ര–മിയം നഹി
അഹ്ാമസി — ഹിംസിതും നഹി അഹ്ാമഃ
(അനുഷ്ഠാനേന സംവദ്ധിതുമഹ്ാമഃ)

അത്ഥം–ദേവമാതാവായ ദേവി, അദിതി മിത്രാദി ദേവന്മാരോടു കൂടി നമ്മെ രക്ഷിക്കട്ടെ. അതുപോലെ രക്ഷകനായ ഇന്ദ്രൻ വീഴ്ചവരാതെ രക്ഷിക്കട്ടെ. നമ്മളാകട്ടെ, മിത്രനും വരുണനും അഗ്നിക്കുമുള്ള ശ്രേഷ്ഠമായ സോമഹവിസ്സ് ക്ഷയിപ്പിക്കുകയില്ല. അനുഷ്ഠാനം കൊണ്ടു് അതു് വദ്ധിപ്പിക്കുകയേ ഉള്ളൂ.

8 അഗ്നിരീശേവസവ്യസ്യാഗ്നിമ്മഹസ്സൌഭഗസ്യ
താന്യസ്മഭ്യംരാസതേ

അന്വയം:–
അഗ്നിഃ വസവ്യസ്യ
ഈശേ — ധനസമൂഹസ്യ ഈഷ്ടേ
(തഥാ) അഗ്നിഃ മഹഃ
സൌഭഗസ്യ — മഹതസ്സുഭഗത്വസ്യ ഇശേ
(അതഃ) താനി അസ്മഭ്യം
രാസതേ — ധനാനി സൌഭാഗ്യം ച ദദാതു

അത്ഥം–അഗ്നി, ധനസഞ്ചയത്തിന്നു് ഈശനാകുന്നു. അതുപോലെ അഗ്നി ശോഭനമായ ഭാഗ്യത്തിന്നും ഈശനാകുന്നു. അതിനാൽ ആ ധനങ്ങളും സൌഭാഗ്യവും നമുക്കു തന്നരുളട്ടെ.

9 ഉഷോമഘോന്യാവഹസൂനൃതേവാര്യാപുരു
അസ്മഭ്യംവാജിനീവതി

അന്വയം:–
ഹേ ഉഷഃ, ഹേ
മഘോനി, — ധനവതി,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ സൂനൃതേ, ഹേ
വാജിനീ–വതി — പ്രിയസത്യരൂപ
വാഗഭിമാനിനി, അന്നവതി
അസ്മഭ്യം വാര്യാ പുരു
ആ വഹ — വരണീയാനി പുരൂണി ധനാനി
പ്രാപയ

അർത്ഥം–അല്ലയോ ഉഷസ്സേ, ധനവതി, പ്രിയവും സത്യവുമായ വാക്കിൻെറ അഭിമാനദേവതേ, അന്നവതി, ഞങ്ങൾക്ക ശ്രേഷ്ഠങ്ങളായ ധനങ്ങൾ ധാരാളമെത്തിച്ചാലും. (ധനവതി, അന്നവതി എന്നിങ്ങനെ ഉഷസ്സിനെ വിശേഷിപ്പിക്കുന്നതു് ഉഷസ്സാണു് അന്നധനോൽപാദനങ്ങൾക്കു് ഹേതുഭൂതയെന്നതുകൊണ്ടാണു്. പ്രിയവും സത്യവുമായ വാക്കിൻെറ അഭിമാനദേവതയാകുന്നതു്, സത്യാത്മകങ്ങളും അതുകൊണ്ടു തന്നെ പ്രിയങ്ങളുമായ ഉപാസനാമന്ത്രങ്ങളെ ഉൽബോധിപ്പിക്കുന്നതു കൊണ്ടും, ഉൽപ്പാദിപ്പിക്കുന്നതുകൊണ്ടുമാണു്.)

10 തൽസുനസ്സവിതാഭഗോവരുണോമിത്രോഅര്യമാ
ഇന്ദ്രോനോരാധസാഗമൽ വ. 7

അന്വയം:–

(യേന) രാധസാ — ധനേനസഹ
സവിതാ, ഭഗഃ, വരുണഃ
മിത്രഃ, അര്യമാ, ഇന്ദ്രഃ
നഃ ആ ഗമൽ — പ്രത്യേകം യജ്ഞമാഗച്ഛതി
തൽ നഃ സു — തദ്രാധഃ, ധനമസ്മഭ്യം സുഷ്ഠു
പ്രയച്ഛതു

അർത്ഥം-ഏതു ധനത്തോടുകൂടി സവിതാവും ഭഗനും വരുണനും മിത്രനും അര്യമാവും ഇന്ദ്രനും ഓരോരുത്തരായി യജ്ഞത്തിന്നു് വരുന്നുവോ, ആ ധനം നമുക്കു് ഓരോരുത്തനും നന്നായി തന്നരുളട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വർഗ്ഗം-8 ത്രിഷ്ടുബ്ഗായത്ര്യൌഛന്ദസീ ദ്യാവാപൃഥിവ്യൌ ദേവതാ.

1 മഹീദ്യാവാപൃഥിവീഇഹജ്യേഷ്ഠേ
രുചാഭവതാംശുചയദ്ഭിരർക്കൈഃ
യൽസീംവരിഷ്ഠേബൃഹതീവിമിന്വ
ന്നുവദ്ധോക്ഷാപപ്രഥാനേഭിരേവൈഃ

അന്വയം:-

യൽ സീം വരിഷ്ഠേ,	—	യസ്മാൽ സർവ്വതഃ ഉരുതരേ,
ബൃഹതീ ദ്യാവാപൃഥിവീ	—	മഹത്യൌ ദ്യാവാപൃഥിവ്യൌ
വി-മിന്വൻ	—	പരിഛിന്ദൻ സ്ഥാപയൻ
ഉക്ഷാ	—	സേക്താ, പർജ്ജന്യഃ
പപ്രഥാനേഭിഃ ഏവൈഃ	—	പ്രഥമാനൈഃ ഗമന ശീലൈർമ്മരുത്ഭിഃ
രുവൽ ഹ	—	രൌതി, ശബ്ദം കരോതിഹി
ഇഹ മഹീ	—	അസ്മിൻ യജ്ഞേ മഹത്യൌ
ജ്യേഷ്ഠേ	—	പ്രശസ്യേ തേ
രുചാ ശുചയൽ-ഭിഃ	—	ദീപ്ത്യായുക്തേ ദീപയൽഭിഃ
അർക്കൈഃ ഭവതാം	—	മന്ത്രൈര്യുക്തേ ഭവതാം

അർത്ഥം—യാതൊന്നുകൊണ്ടു് ഏവരേക്കാളും വിസ്തീർണ്ണകളും മഹതികളുമായ ദ്യാവാപൃഥിവികളെ അളന്നുമുറിച്ച സ്ഥാനങ്ങളിൽ നിർത്തി മരുത്തുക്കളോടൊത്തു മഴപെയ്യിക്കുന്ന പർജ്ജന്യൻ ശബ്ദമുണ്ടാക്കുന്നുവോ, അക്കാരണത്താൽ ഈ യജ്ഞത്തിൽ മഹതികളും സ്തുത്യകളുമായ അവർ പ്രകാശവതികളായി ഭാസമാനങ്ങളായ മന്ത്രങ്ങളൊത്തവരായി ഭവിയ്ക്കട്ടെ. (മഴയുടെ സന്തോഷംകൊണ്ടു ചൊല്ലുന്ന മന്ത്രങ്ങളും ദ്യാവാപൃഥിവികളും ഏല്ക്കട്ടെ.)

2 ദേവീദേവേഭിര്യജതേയജത്രൈ
രമിനതീതസ്ഥതുരുക്ഷമാണേ
ഋതാവരീഅദ്രുഹാദേവപുത്രേ
യജ്ഞസ്യനേത്രീശുചയദ്ഭിരർക്കൈഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ദേവീ, യജതേ, — ദേവ്യൌ, യഷ്ടവ്യേ
അമിനതീ, ഉക്ഷമാണേ — അഹിംസത്യൌ, സിഞ്ചന്ത്യൌ
ഋത—വരീ, അദ്രുഹാ — ഋതവത്യൌ, സത്യവത്യൌ ദ്രോഹമകുർവ്വന്ത്യൌ
ദേവ_പുത്രേ യജ്ഞസ്യ
നേത്രീ — ദേവോൽപാദയിത്ര്യൌ, നിർവ്വാഹയിത്ര്യൌ, ദ്യാവാപൃഥിവ്യൌ
യജത്രൈഃ ദേവേഭിഃ — യഷ്ടവ്യൈർദ്ദേവൈസ്സഹിതേ
ശുചയൽ—ഭിഃ അർക്കൈഃ — ദീപയദ്ഭിർമ്മന്ത്രൈഃ
തസ്ഥതുഃ — തിഷ്ഠതഃ, സ്യാതാം

അർത്ഥം—ദേവിമാരും യജനാർഹകളും ആരെയും ഹിംസിക്കാത്തവരും ജലം പൊഴിക്കുന്നവരും (ദ്യോവ് മഴ വഴിയും ഭൂമി ഉറവുകൾ വഴിയും) സത്യവതികളും ദ്രോഹശീലമില്ലാത്തവരും ദേവന്മാരെ ഉൽപാദിപ്പിക്കുന്നവരും യജ്ഞം നിർവ്വഹിപ്പിക്കുന്നവരുമായ ദ്യാവാപൃഥിവികൾ, യജിക്കപ്പെടേണ്ടും ദേവന്മാരോടുകൂടി ഭാസമാനങ്ങളായ മന്ത്രങ്ങളൊത്തുവരാവട്ടെ. (ഞങ്ങളുടെ മന്ത്രങ്ങൾ അവർ ഏല്ക്കട്ടെ.)

3 സഇൽസ്വപാഭുവനേഷ്വാസ
യ ഇമേദ്യാവാപൃഥിവീജജാന
ഉർവ്വീഗഭീരേരജസീസുമേകേ
അവംശേധീരശ്ശച്യാസമൈരൽ

അന്വയം:—

യഃ ഇമേ, ദ്യാവാപൃഥിവീ
ജജാന — ദ്യാവാപൃഥിവ്യാവുൽപാദിതവാൻ
(യശ്ച) ഉർവ്വീ, ഗഭീരേ — ഉർവ്യൌ, വിസ്തീർണ്ണേ, അവിചലേ,
രജസീ — ഭുവനേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സു-മേകേ, അവംശേ	—	ശോഭനരൂപേ, ഉൽപ്പത്തി രഹിതേ, നിരാധാരേ, അന്തരിക്ഷേ
ശച്യാ സം ഐരൽ	—	കുശലകർമ്മണാ സമ്യക് പ്രേരിതവാൻ
ധീരഃ സഃ ഇൽ സു-അപാഃ	—	ധീമാൻ സഃ പ്രജാപതിരേവ ശോഭനകർമ്മാസൻ
ഭുവനേഷു ആസ	—	ആസ്തേ

അർത്ഥം—ഏവൻ ഈ ദ്യാവാപൃഥിവികളെ ഉൽപാദിപ്പിച്ചുവോ, ഏവൻ വിസ്തീർണ്ണകളും അവിചലകളും ലോകാത്മികകളുമായ അവരെ ശോഭനരൂപകളും ഉൽപത്തിരഹിതകളും നിരാധാരകളുമായി, അന്തരിക്ഷത്തിൽ സ്വന്തം കർമ്മസാമർത്ഥ്യത്താൽ നിർത്തിയോ, ധീമാനായ ആ പ്രജാപതി മാത്രമാണ് പ്രശസ്ത കർമ്മാവായി ഭുവനങ്ങളിലുള്ളത്. (സർവ്വേശ്വരൻ മാത്രമാണ് യഥാർത്ഥമായിട്ടുള്ളത്. മററുള്ളതെല്ലാം അയഥാർത്ഥമാണ്, മായയാണ്).

4 നൂരോദസീബൃഹദ്ഭിന്നോവരൂഥൈഃ
പത്നീവദ്ഭിരിഷയന്തീസജോഷാഃ
ഉരൂചീവിശ്വേയജതേനിപാതം
ധിയാസ്യാമരഥ്യസ്സദാസാഃ

അന്വയം:—

ഹേ രോദസീ, നു	—	ദ്യാവാപൃഥിവ്യൌ, ക്ഷിപ്രം
പത്നീവൽ-ഭിഃ ബൃഹൽ-ഭിഃ	—	പത്നീസഹിതൈർമ്മഹൽഭിഃ
വരൂഥൈഃ	—	ഗൃഹൈഃ
ഇഷയന്തീ	—	അസ്മാകമന്നമിച്ഛന്ത്യൌ
സ-ജോഷാഃ, ഉരൂചീ	—	പരസ്പരം സംഗതേ, ഉർവ്വഞ്ചനേ
വിശ്വേ, യജതേ	—	വ്യാപ്തേ, യഷ്ടവ്യേ സത്യൌ
നഃ നി പാതം	—	അസ്മാൻ നിതരാം രക്ഷതം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(വയം) രത്ഥ്യഃ — രഥവന്തഃ
ധിയാ സദാ-സാഃ — സ്തുത്യാ യുവാം സർവ്വദാ ഭജമാനാഃ
സ്യാമ — ഭൂയാസ്മ

അത്ഥം—അല്ലയോ ദ്യാവാപൃഥിവികളേ. നിങ്ങരം വേഗത്തിൽ ഞങ്ങരംക്കനമിച്ചീകുന്നവരായി, അന്യോന്യം ചേർന്നു പരന്ന ഗമനത്തോടുകൂടി എങ്ങും വ്യാപിച്ചവരായി, യജിക്കപ്പെടേണ്ടവരായി പത്നീസമേതങ്ങളായ ഗൃഹങ്ങളോടുകൂടി ഞങ്ങളെ നന്നായി രക്ഷിച്ചാലും. ഞങ്ങരം തേരുററവരായി നിങ്ങളെ സ്തുതികളാൽ പ്രാപിക്കുന്നവരായി ഭവിക്കാവൂ.

5 പ്രവാംമഹിദ്യവീഅഭ്യുപസ്തുതിംഭരാമഹേ

ശുചീഉപപ്രശസ്തയേ

അന്വയം:—

(ഹേ ദ്യാവാപൃഥിവ്യൌ,)
ദ്യവീ, — ദ്യോതമാനേ,
വാം ഉപ-സ്തുതിം — യുവാഭ്യാം സ്തോത്രം
മഹി, അഭി പ്ര ഭരാമഹേ — മഹൽ, പ്രഭൃതം പ്രകർഷേണ സമ്പാദയാമഃ
ശുചീ പ്ര-ശസ്തയേ ഉപ — ശുദ്ധേയുവാം പ്രശംസിതും ഉപഗച്ഛാമഃ

അത്ഥം—അല്ലയോ ദ്യാവാപൃഥിവികളേ, പ്രകാശവതികളേ, നിങ്ങരംക്കുള്ള സ്തോത്രം പെരിമയോടുകൂടി നന്നായി ഒരുക്കുന്നു. ശുദ്ധകളായ നിങ്ങളെ സ്തുതിക്കാൻ വേണ്ടി ഞങ്ങരം അടുത്തുവരുന്നു.

6 പുനാനേതന്വാമിഥസ്സ്വേനദക്ഷേണരാജഥഃ

ഊഹ്യാഥേസനാദൃതം

അന്വയം:—

(ഹേ ദേവ്യൌ,) തന്വാ — സ്വകീയയാ മൂർത്ത്യാ
സ്വേന ദക്ഷേണ — സ്വകീയേന ബലേന ച

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മിഥഃ പുനാനേ — പ്രത്യേകം ശോധയിത്ര്യൌ യുവാം
രാജഥഃ — ഈശാനേ ഭവഥഃ
സനാൽ ഋതം ഊഹ്യാഥേ — സദാകാലം യജ്ഞം വഹഥഃ

അർത്ഥം-അല്പയോ ദേവികളേ, സ്വന്തം ശരീരത്താലും ബലത്താലും അന്യോന്യം പരിശുദ്ധി ചേർക്കുന്നവരായി നിങ്ങൾ ഈശ്വരീകളായി ഭവിക്കുന്നു. എന്നും യജ്ഞത്തെ നിങ്ങൾ വഹിക്കുന്നു.

7 മഹീമിത്രസ്യസാധഥസ്തരന്തീപിപ്രതീഋതം
പരിയജ്ഞംനിഷേദഥുഃ വ. 8

അന്വയം:-
മഹീ — മഹത്യൌ ദ്യാവാപൃഥിവ്യൌ
മിത്രസ്യ സാധഥഃ — മിത്രഭൂതസ്യ സ്തോതുരഭിമതം സാധയഥഃ
ഋതം തരന്തീ, പിപ്രതീ — അന്നം താരയന്ത്യൌ, പൂരയന്ത്യൌ
യജ്ഞം പരി നി ഷേദഥുഃ — പരിതഃ ആശ്രയഥഃ

അർത്ഥം-മഹതികളായ ദ്യാവാപൃഥിവികൾ ചങ്ങാതിയായിത്തീർന്ന സ്തോതാവിൻെറ അഭിമതം സാധിപ്പിക്കുന്നു. അന്നം രക്ഷിക്കുന്നവരും പൂരിപ്പിക്കുന്ന (വദ്ധിപ്പിക്കുന്ന) വരുമായി യജ്ഞത്തെ മുററുമാശ്രയിക്കുന്നു,

വർഗ്ഗം- 9 – അനുഷ്ടുപ് പുരഉഷ്ണിക് ത്രിഷ്ടുഭശ്ഛന്ദാംസി ക്ഷേത്രപതിശ്ശുനാസീരൌ സീതാ ച ദേവതാ.

1 ക്ഷേത്രസ്യപതിനാവയംഹിതേനേവജയാമസി
ഗാമശ്വംപോഷയിത്ന്വാസനോമൃളാതീദൃശേ

അന്വയം:-
വയം ക്ഷേത്രസ്യ പതിനാ— യജമാനാഃ വയം ക്ഷേത്രസ്യ പതിനാ ഏതന്നാമകേന ദേവേന (രുദ്രമഗ്നിം വാ ക്ഷേത്രപതീരിത്യാഹുഃ സ്വതന്ത്രം ദേവം വാ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹിതേന ഇവ ജയാമസി — മിത്രേണേവ ക്ഷേത്രം ജയാമഃ
(സഃ) ഗാം അശ്വം
പോഷയിത്നു ആ — പോഷയിതൃഗവാശ്വലക്ഷണം ധനം ആഹരന്തു
സഃ ഈദൃശേ — ഉക്തലക്ഷണേ ധനേ ദാതവ്യേ സതി
നഃ മൃളാതി — അസ്മാൻ സുഖയതി

അർത്ഥം—(ക്ഷേത്രപതി രുദ്രനാണെന്നും അഗ്നിയാണെന്നും സ്വതന്ത്രനായ ഒരു ദേവനാണെന്നും പലവിധം പറയുന്നു.) യജമാനന്മാരായ നമ്മൾ ക്ഷേത്രത്തിൻെറ പതിയായ ദേവനെ ക്കൊണ്ട്, ഹിതകാരിയായ ഒരു ചങ്ങാതിയെക്കൊണ്ടെന്ന പോലെ, ക്ഷേത്രത്തെ (വയലിനെ) ജയിക്കുന്നു. അവിടുന്ന് പുഷ്ടിയുണ്ടാക്കുന്ന പൈക്കുതിരസ്സമ്പത്തിയെ ഉണ്ടാക്കിത്തരട്ടെ. അവിടത്തെ മേൽപറഞ്ഞ ധനം ഉപാസകക്ക് കൊടുക്കാനുള്ളതായിരിക്കെ, (അതിനാൽ) നമ്മളെ സുഖിപ്പിക്കുന്നു.

2 ക്ഷേത്രസ്യപതേമധുമന്തമൂർമ്മിം
ധേനുരിവപയോഅസ്മാസുധുക്ഷ്വ
മധുശ്ചുതംഘൃതമിവസുപൂത
മൃതസ്യനഃപതയോമൃളയന്തു

അന്വയം:—

ഹേ ക്ഷേത്രസ്യ പതേ,
മധു-മന്തം — ത്വം മാധുര്യോപേതം
ധേനുഃ-ഇവ പയഃ — സായമാക്ഷീരം ദുഗ്ധേ തഥാ
ഊർമ്മിം അസ്മാസു ധുക്ഷ്വ — പ്രവൃദ്ധമുദകമസ്മാസു സിഞ്ച
മധു- ശ്ചുതം ഘൃതം- ഇവ
സു-പൂതം — മധുസ്രാവി, ആജ്യവൽ ശോധകം ജലം
ഋതസ്യ പതയഃ നഃ — യജ്ഞസ്യ സ്വാമിനഃ അസ്മാൻ
മൃളയന്തു — സുഖയന്തു

*59

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം—അല്ലയോ ക്ഷേത്രപതേ, അവിടുന്നു്, പശു പാൽ ചുരത്തുന്നപോലെ, മാധുര്യമുററ, സമൃദ്ധമായ ജലത്തെ ഞങ്ങളിൽ ചൊരിഞ്ഞാലും. തേനൊലിപ്പിക്കുന്നതും നൈ പോലെ ശുദ്ധികരവുമായ ജലത്തെ ചൊരിഞ്ഞാലും. യജ്ഞപതികളായ ദേവന്മാർ ഞങ്ങളെ സുഖിപ്പിക്കട്ടെ.

3 മധുമതീരോഷധീർദ്യാവആപോ
മധുമന്നോഭവത്വന്തരിക്ഷം
ക്ഷേത്രസ്യപതിമ്മധുമാന്നോ അസ്ത്വ
രിഷ്യന്തോഅന്വേനം ചരേമ

അന്വയം:—

ഓഷധീഃ	— ഓഷധ്യഃ, വ്രീഹി പ്രിയങ്ഗ്വാദയഃ
(നഃ) മധു—മതീഃ	— അസ്മഭ്യം മധുമത്യഃ ഭവന്തി
(തഥാ) ദ്യാവഃ	— തിസ്രോദിവഃ
(ഇന്ദ്രലോകസ്സൂര്യലോകസ്സത്യലോകശ്ച)	
(തഥാ) ആപഃ അന്തരിക്ഷം	
നഃ മധു—മത് ഭവതു	— ആപഃ മധുമത്യൌ അന്തരിക്ഷം മധുമച്ചഭവതു
(കിംച) ക്ഷേത്രസ്യ പതിഃ	
നഃ മധു—മാൻ അസ്തു	— ഭവതു
അരിഷ്യന്തഃ	— അന്യൈരഹിംസിതാവയം
ഏനം അനു ചരേമ	— ക്ഷേത്രസ്യപതിമനുസൃത്യ സുഖേനസഞ്ചരേമ

അത്ഥം—നെല്ലു്, തിന മുതലായ സസ്യങ്ങൾ ഞങ്ങൾക്കു് തേനൊലിക്കുന്നവയാവട്ടെ. (മധുരങ്ങളാവട്ടെ) അതുപോലെ ഇന്ദ്രലോകം, സൂര്യലോകം സത്യലോകം എന്നീ മൂന്നു ദ്യോവുകളും ജലങ്ങളും അന്തരിക്ഷവും തേനൊലിപ്പിക്കുന്നവയാവട്ടെ. പിന്നെ ക്ഷേത്രപതി നമുക്കു് തേനൊലിപ്പിക്കുന്നവനാവട്ടെ. അന്യരാൽ ദ്രോഹിക്കപ്പെടാതെ നമ്മൾ ക്ഷേത്രപതിയെ അനുസരിച്ചു സുഖമായി സഞ്ചരിക്കാവൂ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

4 ശുനംവാഹാശ്ശുനം നര
ശ്ശുനംകൃഷതുലാങ്ഗലം
ശുനംവരത്രാബധ്യന്താംശുനമഷ്ട്രാമുദിങ്ഗയ

അന്വയം:—

വാഹാഃ ശുനം — ബലീവർദ്ദാഃ സുഖം യഥാഭവേതി തഥാവഹന്തു
നരഃ ശുനം — നേതാരഃ സുഖം യഥാ തഥാ കുർവ്വന്തു
(തഥാ) ലാങ്ഗലം
ശുനം കൃഷതു — യഥാസുഖം തഥാ കൃഷതു
വരത്രാഃ ശുനം ബധ്യന്താം — പ്രഗ്രഹാഃ യഥാസുഖം തഥാ ബദ്ധ്യന്താം
അഷ്ട്രാം ശുനം ഉൽ
ഇങ്ഗയ — പ്രതോദം യഥാസുഖം തഥാ പ്രേരയഃ

അർത്ഥം—(വയലിൽ പൂട്ടുന്ന) കാളകൾ സുഖമാംവണ്ണം പ്രവർത്തിക്കട്ടെ. കലപ്പ സുഖമാംവണ്ണം ഉഴതട്ടെ. കടിഞ്ഞാൺ കയറുകൾ നന്നായി ബന്ധിക്കപ്പെടട്ടെ. കരിക്കോൽ നന്നായി തെളിയ്ക്കട്ടെ. (ശുനൻ എന്നാൽ ഇന്ദ്രവായുക്കളിൽ സുഖകൃത്തായ ഒരു ദേവനെന്നു് പക്ഷമുണ്ടു്).

5 ശുനാസീരാവിമാംവാചംജുഷേഥാം
യദ്ദിവിചക്രഥുഃപയഃ
തേനേമാമുപസിഞ്ചതം

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ ശുനാസീരൌ, — ശുനഃ വായുഃ, സീരഃ ഇന്ദ്രഃ
തൌ ദേവൌ യുവാം
ഇമാം വാചം ജുഷേഥാം — മദീയം വാചം സേവേഥാം
യൽ പയഃ ദിവി ചക്രഥുഃ — യുദുദകം ദിവി ഉല്പാദിതവന്തൌ
തേന ഇമാം ഉപ
സിഞ്ചതം — ഭൂമിം സിഞ്ചതം

അർത്ഥം—അല്ലയോ ശുനാസീരന്മാരേ, വായ്‌വിന്ദ്രന്മാരേ, നിങ്ങളെന്റെ ഈ വാക്കു് കൈക്കൊണ്ടാലും. ഏതു ജലം ദ്യോവിലുണ്ടാക്കിയോ, അതിനാൽ ഈ ഭൂമിയെ നനച്ചാലും.

6 അർവാചീസുഭഗേഭവസീതേവന്ദാമഹേത്വാ
യഥാനസ്സുഭഗാസസിയഥാനസ്സുഫലാസസി

അന്വയം:—

ഹേ സു—ഭഗേ, സീതേ,
അർവ്വാചീ ഭവ — അർവ്വാഗഞ്ജനാഭവ
യഥാ നഃ സു—ഭഗാ
അസസി — ഭവസി
യഥാ നഃ സു—ഫലാ
അസസി — ഭവസി
(തഥാ) ത്വാ വന്ദാമഹേ — ത്വാം സ്തുവീമഹി

അർത്ഥം—അല്ലയോ സുഭഗയായ സീതേ, (ഉഴവുചാലേ) നീ ഞങ്ങൾക്കുനേരെ വരുക. നീ എപ്രകാരമായാൽ സുഭഗയാവുമോ, എപ്രകാരമായാൽ സുഫലയാവുമോ, അപ്രകാരം ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

7 ഇന്ദ്രസ്സീതാംനിഗൃഹ്ണാതുതാംപൂഷാനുയച്ഛതു
സാനഃപയസ്വതീദുഹാമുത്തരാമുത്തരാംസമാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഇന്ദ്രഃ സീതാം നി

ഗൃഹ്ണാതു — സീതാധാരകാഷ്ഠം ധാരയതു

താം പൂഷാ അനു യച്ഛതു — നിയച്ഛതു നിയമയതു

സാ നഃ ഉത്തരാം—ഉത്തരാം

സമാം — ദ്യൌഃ ഉത്തരമുത്തരം സംവത്സരം അസ്മദത്ഥം

പയസ്വതീ ദുഹാം — ദുഹ്യാൽ

അത്ഥം—ഇന്ദ്രൻ ഉഴവുചാലിന്നാസ്പദമായ കലപ്പ പിടിക്കട്ടെ. അതിനെ പൂഷാവു നിയമിക്കട്ടെ, ഉറപ്പിക്കട്ടെ. ആ ദ്യോവ് മേല്പോട്ടു മേല്പോട്ടു കൊല്ലത്തിൽ ജലവതിയായി വെള്ളം കറന്നു തരട്ടെ.

8 ശുനംനഃഫലാവികൃഷന്തുഭൂമിം

ശുനംകീനാശാഅഭിയന്തുവാഹൈഃ

ശുനംപജ്ജന്യോമധുനാപയോഭി

ശുനാസീരാശുനമസ്മാസുധത്തം വ, 9

അന്വയം:—

നഃ ഭൂമിം ഫാലാഃ — ഭൂമിവിദാരകകാഷ്ഠാഃ

ശുനം വി കൃഷന്തു — സുഖം വിശേഷേണകൃഷന്തു

ശുനം കീനാശാഃ — സുഖം ബലീവദ്ദ്രക്ഷകാഃ

വാഹൈഃ അഭി യന്തു — തൈരഭിഗച്ഛന്തു

ശുനം പജ്ജന്യഃ മധുനാ

പയഃ—ഭിഃ — സുഖം യഥാതഥാമധുരൈരുദകൈഃ സിഞ്ചതു

ഹേ ശുനാസീരാ — ശുനാസീരൌ, വായവിന്ദ്രൌ

ശുനം അസ്മാസു ധത്തം — സുഖം ധാരയതം

അത്ഥം—നമ്മുടെ ഭൂമിയെ കരികറം സുഖമാംവണ്ണം ഉഴുതുമറിക്കട്ടെ. മേപ്പുകാർ സുഖമാംവണ്ണം കാളകളെ പൂട്ടട്ടെ. സുഖമാംവണ്ണം പജ്ജന്യൻ മധുരജലങ്ങളാൽ ഭൂമിയെ നനയ്ക്കട്ടെ. അ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ല്പ്പയോ വായ്‌വിന്ദ്രന്മാരേ. ഞങ്ങളിൽ സുഖമുണ്ടാക്കിയാലും.
വർഗ്ഗം 10–11 ത്രിഷ്ടുബ്ജഗത്യൗഛന്ദസീ, അഗ്നിസൂര്യൗ ദേവതാ

1 സമുദ്രാദൂർമ്മിർമ്മധുമാംഉദാര
ദുപാംശുനാസമമൃതത്വമാനട്
ഘൃതസ്യനാമഗുഹ്യംയദസ്തി
ജിഹ്വാദേവാനാമമൃതസ്യനാഭിഃ

അന്വയം:–

സമുദ്രാൽ	— സമ്മോദന്തേസ്മിൻ യജമാനാഃ ഇതിസമുദ്രാഗ്നിഃ, തസ്മാൽഃ
ഊർമ്മിഃ	— ഊർമ്മിവദുപര്യുപര്യുത്ഭൃത
മധു-മാൻ ഉൽ ആരൽ	— മാധുര്യോപേതഫലസമൂഹഃ ഉൽഗച്ഛതി
അംശുനാ അമൃത–ത്വം	
ഉപ സം ആനട്	— ദീപ്ത്യാമോക്ഷം നരഃ പ്രാപ്നോതി
ഘൃതസ്യ ഗുഹ്യം നാമ	— ദീപ്തസ്യഗോപനീയം നമന സാധനം
യൽ അസ്തി (തൽ)	
ദേവാനാം ജിഹ്വാ	— ആസ്വാദകജിഹ്വാസ്ഥാനീയം ഭവതി
(തദേവ) അമൃതസ്യ നാഭിഃ	– ബന്ധകം ഭവതി

അർത്ഥം–യജമാനന്മാർ ഏവനിൽ സന്തോഷിക്കുന്നുവോ ആ അഗ്നിയിൽ നിന്നു് തിരമാലപോലെ മേൽക്കുമേലുയന്നു് മാധുര്യമുററ ഫലസമൂഹം പൊന്തിവരുന്നു. (അഗ്നിയുടെ ഉയരുന്ന ജ്വാലകൾ കണ്ടാൽ കർമ്മഫലം ഉയന്നു വരുകയാണെന്നു തോന്നും.) ആ ദീപ്തിയാൽ കർമ്മാനുഷ്ഠാതാവായ യജമാനൻ അമരത്വം പ്രാപിക്കുന്നു. പ്രകാശമാനമായി സൂക്ഷിച്ചുമറച്ചു വെയ്ക്കേണ്ടതായി യാതൊരു ഉപാസനാസാധനമുണ്ടോ, അതു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(അഗ്നിയിൽ ഹോമിക്കുന്ന നൈ) ദേവന്മാരുടെ നാവിൻെറ സ്ഥാനത്തു് ഭവിക്കുന്നു. അതു തന്നെയാണു് അനുഷ്ഠാതാവിനെ അമരത്വത്തോട് ബന്ധിക്കുന്നതു്.

2 വയംനാമപ്രബ്രവാമാഘൃതസ്യാ

സ്മിൻയജ്ഞേധാരയാമാനമോഭിഃ

ഉപബ്രഹ്മാശൃണവച്ഛസ്യമാനം

ചതുശ്ശൃങ്ഗോവമീദ്ഗൌരഏതൽ

അന്വയം:—

വയം ഘൃതസ്യ നാമ പ്ര ബ്രവാമ	—	യജമാനാഃ തൽസ്തമഃ
അസ്മിൻ യജ്ഞേ നമഃ- ഭിഃ ധാരയാമ	—	നമസ്കാരൈഃ ധാരയാമ
ബ്രഹ്മാ ശസ്യമാനം ഉപ ശൃണവൽ	—	പരിവൃഢോദേവഃ സ്തൂയമാനമിദം ശൃണയാൽ
ചതുഃ-ശൃങ്ഗഃ	—	വേദ ചതുഷ്ടയ രൂപാണി ചത്വാരിശൃങ്ഗാഃ യസ്യസഃ
ഗൌരഃ ഏതൽ അവമീൽ	—	അരുണവർണ്ണഃ ജഗൽ ഉൽഗിരതി, നിർവ്വഹതി

അർത്ഥം—യജമാനന്മാരായ നാം നെയ്യിൻെറ നാമത്തെ സ്തുതിക്കുന്നു. ഈ യജ്ഞത്തിൽ നമസ്കാരങ്ങളോടുകൂടി ധരിക്കുകയും ചെയ്യുന്നു. ശ്രേഷ്ഠദേവനായ ബ്രഹ്മാവു് (അഗ്നി) ഈ സ്തുതിക്കുന്നതു് കേൾക്കട്ടെ. നാലു വേദങ്ങളാകുന്ന കൊമ്പുകൾ ചേർന്നു് വെൺനിറമററ അവിടുന്നു് ജഗൽകാര്യം നിർവ്വഹിക്കുന്നു.

3 ചത്വാരിശൃങ്ഗാത്രയോഅസ്യപാദാ

ദേശീർഷേസപ്തഹസ്താസോഅസ്യ

ത്രിധാബദ്ധോവൃഷഭോരോരവീതി

മഹോദേവോമർത്ത്യാംആവിവേശ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

അസ്യ	—	യജ്ഞാത്മകസ്യാഗ്നേഃ
ചത്വാരി ശൃങ്ഗാ	—	ചത്വാരോവേദാഃ ശൃങ്ഗസ്ഥാനീയാഃ
ത്രയഃ അസ്യ പാദാഃ	—	ത്രീണി സവനാനി തസ്യപാദാഃ
ദ്വേ ശീർഷേ	—	ബ്രഹ്മൌദനം പ്രവർഗ്ഗ്യശ്ച
സപ്ത ഹസ്താസഃ	—	സപ്തച്ഛന്ദാംസി
ത്രിധാ ബദ്ധഃ	—	മന്ത്രബ്രാഹ്മണകല്പൈഃ ത്രിപ്രകാരംബദ്ധഃ
വൃഷഭഃ രോരവീതി	—	ഫലാനാം വർഷകഃ ഭൃശം ശബ്ദയതേ; ഋഗ്യജുസ്സാമാന്തർഗ്ഗതൈഃ ശസ്ത്രസ്തോത്രൈഃ രൌതി
(ഏവം) മഹഃ ദേവഃ		
മർത്ത്യാൻ ആ വിവേശ	—	മഹാനഗ്നിഃ മർത്ത്യേഷു പ്രവിഷ്ടവാൻ

(അഥവാ ആദിത്യപക്ഷേ)

ചത്വാരി ശൃങ്ഗാണിചതസ്രോദിശഃ; ത്രയഃ പാദാഃ ത്രയോവേദാഃ; ദ്വേ ശീർഷേ അഹശ്ചരാത്രിശ്ച; സപ്തഹസ്താഃ സപ്തരശ്മയഃ; ത്രിധാബദ്ധഃ ക്ഷിത്യാദിഷു ത്രിഷു സ്ഥാനേഷു അഗ്നിസൂര്യവായ്വാത്മകത്വേന സംബദ്ധഃ; വൃഷഭഃ വർഷിതാ; രോരവീതി വൃഷ്ടിദ്വാരാ ശബ്ദം കരോതി; ഏവം മഹഃ ദേവഃ മർത്ത്യാനാവിവേശ.

അർത്ഥം - യജ്ഞാത്മകനായ അഗ്നിക്ക് വേദങ്ങളാകുന്ന നാലു കൊമ്പുകളുണ്ട്. സവനങ്ങളാകുന്ന മൂന്ന് കാലുകളുണ്ട്. ഹവിരന്നം പ്രവർഗ്ഗ്യം എന്ന രണ്ടു തലകളുണ്ട്. ഗായത്രി മുതൽ ഛന്ദസ്സുകളാകുന്ന ഏഴ് കൈകളുണ്ട്. മന്ത്ര (വേദ) ബ്രാഹ്മണ കല്പങ്ങളാകുന്ന മൂന്നെണ്ണത്താൽ അവിടുന്ന് ബന്ധിക്കപ്പെട്ടിരിക്കുന്നു. ഫലവർഷിയായ അവിടുന്ന് ഋഗ്യജുസ്സാമങ്ങളുടെക്കൊണ്ടു ശസ്ത്രസ്തോത്രാദികളാൽ ഹോതാവു മുതലായവരുടെ ഘോഷങ്ങളിലൂടെ ശബ്ദിക്കുന്നു. അപ്രകാരം മഹാനായ അഗ്നിയാണ് യജ്ഞാർത്ഥമായും പാചനാർത്ഥമായും ദീപനാർത്ഥമായും മനുഷ്യരിൽ പ്രവേശിച്ചിട്ടുള്ളത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(ഈ മന്ത്രം തന്നെ ആദിത്യപക്ഷത്തിൽ വ്യാഖ്യാനിയ്ക്കപ്പെടുന്നു),

നാലു ദിക്കുകളാകുന്ന കൊമ്പുകളോടും മൂന്നു വേദങ്ങളാകുന്ന കാലുകളോടും പകലിരവുകളാകുന്ന രണ്ടു തലകളോടും രശ്മികളാകുന്ന ഏഴു കൈകളോടും കൂടിയ ആദിത്യൻ അഗ്നി, താൻ, സൂര്യൻ, വായു എന്നിങ്ങനെ മൂന്നു തേജസ്സുകളാൽ ബദ്ധനായി മഴപെയ്യിക്കുന്നവനായി, ശബ്ദിക്കുന്നു. മഹാനായ ആ ദേവനാണ് മനുഷ്യരിൽ, പ്രാണികളിൽ, പ്രേരകത്വരൂപത്തിൽ പ്രവേശിച്ചിട്ടുള്ളത്,

ഇതു കൂടാതെ വൈദികകാലത്തുതന്നെ ദേവാലയങ്ങളുണ്ടായിരുന്നു എന്ന് സ്ഥാപിക്കാൻ ഈ മന്ത്രത്തെ ചില നവീനപണ്ഡിതന്മാർ തൽപരമായും വ്യാഖ്യാനിക്കുന്നുണ്ട്.—നാലു ശൃങ്ഗങ്ങൾ ഗോപുരങ്ങളായും മൂന്നു പാദങ്ങൾ കർമ്മോപാസനാജ്ഞാനങ്ങളായും രണ്ടു തലകൾ സഗുണനിർഗ്ഗുണരൂപങ്ങളായും ഏഴു കൈകൾ ചതുർവ്വേദ ബ്രാഹ്മണകല്പോപനിഷത്തുക്കളായും മൂന്നു ബന്ധനങ്ങൾ സത്വരജസ്തമോഗുണങ്ങളായും പ്രതിഷ്ഠിതനായ ദേവൻ ധർമ്മം പ്രഖ്യാപിച്ചുകൊണ്ട്, മനുഷ്യരിൽ പ്രവേശിച്ചിരിക്കുന്നു എന്നാണതിൻെറ പൊരുൾ—ഇതിന്നു പുറമേ വ്യാകരണസംബന്ധമായും ഇതിന്ന് വ്യാഖ്യാനമുണ്ട്.

ഭാഗവതം അഷ്ടമസ്കന്ധം—16-ാം അദ്ധ്യായം. ശ്ലോകം 31

''നമോദ്വിശീർഷ്ണേത്രിപദേ
ചതുശ്ശൃംഗായതന്തവേ
സപ്തഹസ്തായയജ്ഞായ
ത്രയീവിദ്യാത്മനേ നമഃ''

മേൽ എഴുതിയ ശ്ലോകം ഇതേ ആശയംതന്നെയാണ് പ്രകടമാക്കുന്നതു്.

4 ത്രിധാഹിതംപണിഭിർഗ്ഗുഹ്യമാനം
ഗവിദേവാസോഘൃതമന്വവിന്ദൻ
ഇന്ദ്രഏകംസൂര്യഏകംജജാന
വേനാദേകംസ്വധയാനിഷ്ടതക്ഷുഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

പണി-ഭിഃ ഗവി — അസുരൈഃ ഗോഷു

ത്രിധാ ഹിതം ഗുഹ്യമാനം

ഘൃതം — ക്ഷീരദധ്യാജ്യഭേദേന നിഹിതം ഗോപിതം ദീപ്തം ദ്രവ്യം

ദേവാസഃ അന്വ അവിന്ദൻ — അലഭന്ത

(തത്ര) ഇന്ദ്രഃ ഏകം ജജാന — ക്ഷീരം ഉദപാദയൽ

സൂര്യഃ ഏകം — ദധി ഉദപാദയൽ

വേനാൽ — കാന്തിമതഃ അഗ്നേഃ

ഏകം സ്വധയാ നിഃ

തതക്ഷുഃ — ഘൃതമന്നേന നിമിത്തേന ദേവാഃ നിരപാദയൽ

അർത്ഥം—പണികളെന്ന അസുരന്മാരാൽ അപഹരിക്കപ്പെട്ട പശുക്കളിൽ ഗോപ്യമായ പാൽ, തയിർ, നൈ എന്നീ ഭേദങ്ങളോടുകൂടിയ പ്രകാശമുററ ദ്രവ്യത്തെ ദേവന്മാർ നേടി. അതിൽ പാൽ ഉൽപ്പാദിപ്പിച്ചതു് ഇന്ദ്രനാണു്. സൂര്യൻ തൈർ ഉൽപാദിപ്പിച്ചു. കാന്തിമാനായ അഗ്നിക്കു അന്നത്തിന്നു് (ഹവിസ്സിന്നു്) വേണ്ടി ദേവന്മാർ നൈ ഉൽപാദിപ്പിച്ചു.

5 ഏതാ അർഷന്തിഹൃദ്യാൽസമുദ്രാ
ച്ഛതവ്രജാരിപുണാനാവചക്ഷേ
ഘൃതസ്യധാരാഅഭിചാകശീമി
ഹിരണ്യയോവേതസോമധ്യആസാം വ. 10

അന്വയം:—

ഏതാഃ ശത—വ്രജാഃ — ആപഃ അപരിമിതഗതയസ്സത്യഃ

ഹൃദ്യാൽ സമുദ്രാൽ — ഹൃദയങ്ഗമാദന്തരിക്ഷാൽ

രിപുണാ — ശത്രുണാ

(ജലമോകപ്രതിബന്ധകാരിണാ ശത്രുണാ, വൃത്രേണ, മേഘേന)

ന അവ—ചക്ഷേ — ന അവദർശനായ, യഥാദൃഷ്ടം ഭവതി തഥാ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഷന്തി	— അധഃപതന്തി
ആസാം മധ്യേ	
ഹിരണ്യയഃ	— അപാംമദ്ധ്യേ ഹിരണ്മയഃ
വേതസഃ	— അപ്സംഭവഃ വൈദ്യുതോഗ്നിഃ വൎത്തതേ
ഘൃതസ്യ ധാരാഃ	— ജലസ്യ അധഃപ്രവാഹാഃ
അഭി ചാകശീമി	— അഭിപശ്യാമി

അൎത്ഥം—ഈ ജലങ്ങൾ കണക്കററ ഗതികളോടുകൂടി ജലമോചനം തടയുന്ന ശത്രുവായ വൃത്രനാൽ, മേഘത്താൽ മറയ്ക്കപ്പെടാതെ, കാണത്തക്ക നിലയിൽ കീഴോട്ടു വീഴുന്നു. ആ ജലങ്ങളുടെ മദ്ധ്യത്തിൽ സ്വൎണ്ണവൎണ്ണമുററ, ജലത്തിൽനിന്നുമുത്ഭവിച്ച, വൈദ്യുതാഗ്നി വൎത്തിക്കുന്നു. ജലത്തിന്റെ താഴോട്ടുള്ള പ്രവാഹത്തെ ഞാനിതാ നേരെ കാണുന്നു.

6 സമ്യക്സ്രവന്തിസരിതോനധേനാ

അന്തർഹൃദാമനസാപൂയമാനാഃ

ഏതേഅൎഷന്ത്യൂൎമ്മയോഘൃതസ്യ

മൃഗാഇവക്ഷിപണോരീഷമാണാഃ

അന്വയം:—

(ഘൃതസ്യ ധാരാഃ)	
സരിതഃ ന ധേനാഃ	— നദ്യ ഇവ പ്രീണയിത്ര്യഃ
അന്തഃ ഹൃദാ മനസാ	— ഹൃദയമധ്യഗതേന ചിത്തേന
(അസ്യാഗ്നേരുപരി)	
സമ്യക് സ്രവന്തി	— ക്ഷരന്തി
(തേന) പൂയമാനാഃ	— ശുദ്ധീകൃതാഃ
ഏതേ ഘൃതസ്യ ഊൎമ്മയഃ	— രസാഃ
ക്ഷിപണോഃ	
ഈഷമാണാഃ	— ക്ഷേപകാൽ, വ്യാധാൽ പലായമാനാഃ
മൃഗാഃ-ഇവ അഷന്തി	— തേയഥാകക്ഷം ഗച്ഛന്തി തദ്വൽ ശീഘ്രംഗച്ഛന്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം—ഈ ജലങ്ങൾ നെയ്ധാരകളായി, സന്തോഷദാത്രികളായ നദികൾ പോലെ, ഹൃദയമദ്ധ്യഗതമായ ചിത്തത്തോടുകൂടി, ധ്യാനനിഷ്ഠമായ മനസ്സോടുകൂടി ആ അഗ്നിയിൽ വേണ്ട പോലെ ഒഴുകി വീഴുന്നു. (സ്രുവത്താൽ ഹോമിക്കപ്പെടുന്നു.) അതിനാൽ ശുദ്ധീകരിക്കപ്പെട്ട നെയ്യിന്റെ രസങ്ങൾ, വേടനെപ്പേടിച്ചോടുന്ന മാനുകൾ പൊന്തകളെയെന്നപോലെ, അഗ്നിയിൽ വേഗത്തിൽച്ചെന്നെത്തുന്നു.

7 സിന്ധോരിവപ്രാധ്വനേശൂഘനാസോ
വാതപ്രമിയഃ പതയന്തിയഹ്വാഃ
ഘൃതസ്യധാരാഅരുഷോനവാജീ
കാഷ്ഠാഭിന്ദന്നൂമ്മിഭിഃ പിന്വമാനഃ

അന്വയം–

സിന്ധോഃ–ഇവ	— സ്യന്ദമാനായാനദ്യാസ്സകാശാദുദകാനീവ
പ്ര-അധ്വനേ ശൂഘനാസഃ	— പ്രവണവതിദേശേ ആശുഗന്ത്ര്യഃ
വാത–പ്രമിയഃ	— വായുവൽപ്രകൃഷ്ടവേഗാഃ
യഹ്വാഃ ഘൃതസ്യ ധാരാഃ	— മഹത്യഃ താഃ
പതയന്തി	— അഗ്നേരുപരിഗച്ഛന്തി
(കിംച ഘൃതസ്യ സംസ്ത്യായഃ) കാഷ്ഠാഃ	— മര്യാദാഭൂതാൻ പരിധീൻ
അരുഷഃ ന വാജീ	— ആരോചമാനഃ ഗമനശീലോശ്വ ഇവ
ഭിന്ദൻ, ഊമ്മി–ഭിഃ പിന്വമാനഃ	— രസൈഃ വദ്ധമാനഃ ഭവതി

അത്ഥം–ഒഴുകുന്ന നദികളിൽ നിന്നു് വെള്ളങ്ങൾ താഴ്ന്ന പ്രദേശത്തേയ്ക്കു വേഗത്തിൽ ഗമിക്കുന്നപോലെ, വായുപോലെ ഉൽക്കടവേഗമുള്ളവയും മഹതികളുമായ നെയ്ധാരകൾ, അഗ്നിയുടെ മുകളിൽ വീഴുന്നു. ഘനീഭവിച്ച നെ അഗ്നിക്കു ചുററും വിരിച്ച പരിധികളെ പ്രകാശിക്കുന്നവയും, ഗമനശീലങ്ങളുമാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യ കതിരകരംപോലെ, തള്ളിനീക്കി, അതിന്റെ രസങ്ങളാൽ അഗ്നി പ്രവൃദ്ധനായി ഭവിക്കുന്നു.

8 അഭിപ്രവന്തസമനേവയോഷാഃ

കല്ല്യാണ്യ സ്മയമാനാസോ അഗ്നിം

ഘൃതസ്യധാരാസ്സമിധോനസന്ത

താജ്ജുഷാണോഹര്യതി ജാതവേദാഃ

അന്വയം:—

കല്ല്യാണ്യഃ സമനാ—ഇവ യോഷാഃ	— ഭദ്രരൂപാഃ സമാനമനസ്സായോഷിതഃ
സ്മയമാനാസഃ	— ഹസന്ത്യഃ പതിമിവ
ഘൃതസ്യ ധാരാഃ അഗ്നിം അഭി പ്രവന്ത	— അഭിനമയന്തി, നിമഗ്നം കുർവ്വന്തി
(കിംചതാഃ) സം—ഇധഃ	— സമ്യക്ദീപയിത്ര്യസ്സത്യഃ
നസന്ത	— പ്രാപ്നുവന്തി
താഃ ജുഷാണഃ	— പ്രീയമാണഃ സേവമാനഃ
(അയം) ജാത—വേദാഃ ഹര്യതി	— അഗ്നിഃ കാമയതേ

അർത്ഥം—മങ്ഗളാംഗികളും തുല്ല്യമനസ്കകളുമായ സ്ത്രീകരം ഭർത്താവിനെയെന്നപോലെ, നൈധാരകരം ഈ അഗ്നിയെ കുനിയിക്കുന്നു, തങ്ങളിൽ മുക്കുന്നു. ആ നൈധാരകരം നന്നായി പ്രകാശിച്ചുകൊണ്ട് അവിടുത്തെ പ്രാപിക്കുന്നു. അവയെ പ്രിയത്തോടുകൂടി സ്വീകരിച്ചുകൊണ്ടു എല്ലാമറിയുന്ന അഗ്നി ഇഷ്ടം പൂകുന്നു.

9 കന്യാഇവവഹതുമേതവാഉ

അഞ്ജ്യഞ്ജാനാഅഭിചാകശീമി

യത്രസോമസ്സൂയതേയത്രയജ്ഞോ

ഘൃതസ്യധാരാഅഭിതൽപവന്തേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

കന്യാഃ–ഇവ	— അനൂഢാബാലികാ ഇവ
വഹത്തും ഏതവൈ ഉ	— ഉദ്വാഹം പ്രാപ്തും, പതിം ഏത്തും ഗന്തും
അഞ്ജി അഞ്ജാനാഃ	— അഞ്ജനം, ആഭരണം, വ്യഞ്ജയന്ത്യഃ
(സ്വഭർത്തൃഭൂതമധ്വരം)	
ഘൃതസ്യ ധാരാഃ	— ആജ്യപ്രവാഹാഃ
അഭി ചാകശീമി	— അഭിപശ്യാമി
(കിംചതാധാരാഃ) യത്ര	
സോമഃ സൂയതേ	— അഭിഷൂയതേ
യത്ര യജ്ഞഃ	— തായതേ
തൽ അഭി പവന്തേ	— തദ്യജ്ഞമഭിലക്ഷ്യഗച്ഛന്തി ഖലു

അർത്ഥം—അവിവാഹിതകളായ പെൺകിടാങ്ങൾ വിവാഹം പ്രാപിക്കാൻ, ഭർത്താവിനെപ്പൂകാൻ ആഭരണമണിയുന്ന പോലെ, സ്വഭർത്താവായ യജ്ഞത്തെ (അലങ്കൃതകളെപ്പോലെ ശോഭമാനകളായി) നെയ്ധാരകൾ പ്രാപിക്കുന്നതു ഞാൻ കാണുന്നു. കൂടാതെ എവിടെ സോമം സംസ്കരിക്കപ്പെടുന്നുവോ, യജ്ഞമനുഷ്ഠിക്കപ്പെടുന്നുവോ, അവിടെ, ആ യജ്ഞത്തെ ഉന്നം വെച്ച് ആ ധാരകൾ ചെന്നെത്തുന്നു.

10 അഭ്യർഷതസുഷ്ടുതിംഗവ്യമാജി
മസ്മാസുഭദ്രാദ്രവിണാനിധത്ത
ഇമംയജ്ഞംനയതദേവതാനോ
ഘൃതസ്യധാരാമധുമൽപവന്തേ

അന്വയം:—

(ഹേ മദീയാ ഋത്വിജഃ)	
ഗവ്യം ആജിം	— ഗോസമൂഹരൂപം സങ്ഘാതം
അഭി അർഷത	— അഭിഗച്ഛത
സു–സ്തുതിം	— (വോചത)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അസ്മാസു ഭദ്രാ
ദ്രവിണാനി ധത്ത — സ്തുത്യാ ഫലഭൂതാനി ധനാനി, ധാരയത
(കിംച) നഃ ഇമം യജ്ഞം
ദേവതാ നയത — ദേവാൻ പ്രാപയത
ഘൃതസ്യ ധാരാഃ മധു-മത്
പവന്തേ — മധുരം യഥാതഥാഗച്ഛന്തി

അർത്ഥം—അല്പയോ എൻെറ ഋത്വിക്കുകളേ, പശുക്കൂട്ടത്തിന്നുനേരെ ചെല്ലുവിൻ, നല്ല സ്തുതി ചൊല്ലുവിൻ. ഞങ്ങളിൽ നല്ലധനങ്ങരം സ്തുതിഫലമായി ഉണ്ടാക്കുവിൻ. പിന്നെ ഈ യജ്ഞത്തിൽ ദേവന്മാരെ എത്തിക്കുവിൻ. നെയ്യിൻെറ ധാരകരം മധുരമാംവണ്ണം ഇതാ വന്നുചേരുന്നു.

11 ധാമന്തേവിശ്വംഭുവനമധിശ്രിത
മന്തസ്സമുദ്രേഹൃദ്യ്ന്തരായുഷി
അപാമനീകേസമിഥേയആഭൃത
സ്തമശ്യാമമധുമന്തംതഊർമ്മിം

വ. 11

അന്വയം:—

(ഹേ അഗ്നേ,) തേ ധാമൻ — ത്വദീയേ ധാമനി, തേജസ്ഥാനേ
വിശ്വം ഭുവനം
അധി ശ്രിതം — സർവ്വം ഭൂതജാതമധിനിഹിതം
അന്തഃ സമുദ്രേ — ബഡവാഗ്നിതേ്വന
ഹൃദി അന്തഃ — സർവ്വപ്രാണിനാം ഹൃദയേവൈശ്വാനരതേ്വന
ആയുഷി — സർവ്വപ്രാണിനാമാഹാരതേ്വന
അപാം അനീകേ — ഉദകസംസ്ഥായേ വൈദ്യുതാഗ്നിതേ്വന
സം-ഇഥേ — സങ്ഗ്രാമേശൌര്യാഗ്നിതേ്വന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(ഏവം സർവ്വസ്മിൻ ധാമനി)

യഃ ആ—ഭൃതഃ — സ്ഥാപിതഃ

തേ തം മധു—മന്തം

ഊർമ്മിം അശ്യാമ — തദീയം തം രസം മാധുര്യോ
പേതം പ്രാപ്നുയാമ

അർത്ഥം—അല്ലയോ അഗ്നേ, അവിടുത്തെ തേജസ്ഥാനത്തിലാണ് ഭുവനം മുഴുവൻ നിലനില്ക്കുന്നതു്. സമുദ്രത്തിന്നുള്ളിൽ ബഡവാഗ്നിരൂപനായും എല്ലാ പ്രാണികളുടേയും ഉള്ളിൽ (ജാഠര) വൈശ്വാനരരൂപനായും അന്നങ്ങളിൽ ആഹാരരൂപനായും ജലപ്രവാഹത്തിൽ വൈദ്യുതരൂപനായും യുദ്ധത്തിൽ ശൗര്യാഗ്നിരൂപനായും എല്ലാടത്തുമുള്ള അവിടുത്തെ തേജസ്ഥാനത്തിൽ ഏതു രസമുണ്ടോ, മാധുര്യോപേതമായ അതു് പ്രാപിക്കാവൂ.

(നാലാം മണ്ഡലം സമാപ്തം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മണ്ഡലം-അഞ്ച്

വർഗ്ഗം-12-13 ബുധഗവിഷ്ഠിരാവൃഷീ, ത്രിഷ്ടുപ്ഛന്ദഃ അഗ്നിർദ്ദേവതാ.

1 അബോധ്യഗ്നിസ്സമിധാജനാനാം
പ്രതിധേനുമിവായതീമുഷാസം
യഹ്വാഇവപ്രവയാമുജ്ജിഹാനാഃ
പ്രഭാനവസ്സിസ്രതേനാകമച്ഛ

അന്വയം:-

(അയം) അഗ്നിഃ ജനാനാം — അധ്വര്യ്വാദീനാം
സം-ഇധാ ധേനും-ഇവ — സമിദ്ഭിഃ അഗ്നിഹോത്രാർത്ഥം ധേനും യഥാ പ്രാതർബ്ബുധ്യതേ തദ്വൽ
ആ-യതീം ഉഷസം — ഉഷസം പ്രതി ഉഷഃകാലേ
പ്രതി അബോധി — പ്രബുദ്ധോഭൂൽ
(പ്രബുദ്ധസ്യാഗ്നേഃ)
ഭാനവഃ യഹ്വാഃ-ഇവ — ജ്വാലാഃ മഹാന്തഃ
വയാം പ്ര ഉൽ-ജിഹാനാഃ — ശാഖാം പ്രോൽഗമയന്തോ വൃക്ഷാ ഇവ
(സ്വാധിഷ്ഠാനം ത്യജന്തഃ)
നാകം — അന്തരിക്ഷം
അച്ഛ പ്ര സിസ്രതേ — അഭിപ്രസരന്തി

അർത്ഥം-ഈ അഗ്നി ജനങ്ങളുടെ അധ്വര്യ്വാദികളുടെ ചമതകളാൽ, അഗ്നിഹോത്രത്തിന്നുള്ള പശു, ഉഷസ്സിൽ ഉണർത്തപ്പെടുന്നപോലെ, ഉണർത്തപ്പെട്ടു. അങ്ങിനെ ഉണർത്തപ്പെട്ട അഗ്നിയുടെ ജ്വാലകൾ മഹത്തുക്കളായി, വൃക്ഷങ്ങൾക്ക് കൊമ്പുകൾ പടരുന്നപോലെ, സ്വസ്ഥാനം വിട്ട്, അന്തരിക്ഷത്തിനുനേരെ പ്രസരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

2 അബോധിഹോതായജഥായദേവാ

നൂർധ്വോഅഗ്നിസ്സുമനാഃപ്രാതരസ്ഥാൽ

സമിദ്ധസ്യരുശദദശിപാജോ

മഹാന്ദേവസ്തമസോനിരമോചി

അന്വയം:–

(അയം) ഹോതാ അഗ്നിഃ — ഹോമനിഷ്പാദകോഗ്നിഃ
ദേവാൻ യജഥായ
അബോധി — യഷ്ടവ്യാൻയഷ്ടും ബുദ്ധ്യതേ
പ്രാതഃ സു–മനാഃ — പ്രാതഃകാലേ ശോഭനമനസ്സഃ
യജമാനാനുഗ്രഹ ബുദ്ധിസ്സൻ
ഊർധ്വഃ അസ്ഥാൽ — ഉത്തിഷ്ഠതി
സം–ഇദ്ധസ്യ (അസ്യ)
രുശൽ പാജഃ — രോചമാനം ജ്വാലാലക്ഷണം
ബലം
അദശി — ദൃശ്യതേ
മഹാൻ ദേവഃ തമസഃ — അന്ധകാരാൽ
നിഃ അമോചി — നിർമ്മുക്തോഭൂൽ

അർത്ഥം–ഹോമനിർവ്വാഹകനായ ഈ അഗ്നി യാജ്യന്മാരായ ദേവന്മാരെ യജിക്കാൻവേണ്ടി ഉണർത്തപ്പെടുന്നു. അവിടുന്ന് പ്രഭാതത്തിൽ സന്മനസ്സനായി, യജമാനങ്കൽ അനുഗ്രഹ ബുദ്ധിയാർന്നവനായി, ഉയർന്നുനില്ക്കുന്നു. ആളിക്കത്തിക്കപ്പെട്ട അവിടുത്തെ ഭാസമാനവും ജ്വാലാരൂപവുമായ ബലമിതാ കാണപ്പെടുന്നു. മഹാനായ ആ ദേവൻ ഇരുട്ടിൽ നിന്ന് തികച്ചും മുക്തനായിരിക്കുന്നു.

3 യദീംഗണസ്യരശനാമജീഗ

ശ്ശുചിരങ്ക്തേശുചിഭിർഗ്ഗോഭിരഗ്നിഃ

ആദ്ദക്ഷിണായുജ്യതേവാജയ

ന്ത്യുത്താനാമൂർധ്വോ അധയജ്ജുഹൂഭിഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം;-

യൽ ഈം ഗണസ്യ — അയമഗ്നിഃ യദാസങ്ഘാതാത്മകസ്യജഗതഃ

രശനാം — രജ്ജുരിവവ്യാപാരപ്രതിബന്ധകം തമഃ

അജീഗഃ — ഗിരതി, ഗൃഹ്ണാതി, സമിദ്ധോഭവതി

(തദാ) ശുചിഃ അഗ്നിഃ

ശുചി-ഭിഃ — ദീപ്തോഗ്നിഃ ദീപ്തൈഃ

ഗോഭിഃ അങ്ക്തേ — രശ്മിഭിഃ വിശം ജഗൽവ്യനക്തി

ആൽ ദക്ഷിണാ — അനന്തരമേപ്രവൃദ്ധാ

വാജ-യന്തീ യുജ്യതേ — അന്നമിച്ഛന്തീആജ്യധാരായുക്താഭവതി

(താം ധാരാം) ഉത്താനാം — ഊർധ്വതാനാം. ഉപരിവിസ്തൃതാം

ഊർധ്വഃ ജുഹൂഭിഃ

അധയൽ — ഉന്നതസ്സൻ ജുഹ്വാപിബതി

അർത്ഥം-എപ്പോഠ ഈ അഗ്നി, കൂടിനില്ക്കുന്ന ജഗത്തിന്നു് കെട്ടുപിണഞ്ഞ കയർപോലെ കർമ്മപ്രതിബന്ധകമായ ഇരുട്ടിനെ പിടിച്ചുനിർത്തി കത്തിവരുന്നുവോ, അപ്പോഠ ദീപ്തനായ അഗ്നി ഭാസമാനങ്ങളായ രശ്മികളാൽ മുഴുവൻ ജഗത്തും തെളിയിക്കുന്നു. പിന്നീട് വളർന്നു വന്നു് അന്നമിച്ഛിക്കുന്ന നെയ്ധാര അവിടുത്തോടു ചേരുന്നു ആ മുകളിൽ പടർന്നു നെയ്ധാരയെ ഉയർന്നുനിന്നു്, ജുഹൂക്കളെക്കൊണ്ടു് (ഹോമോപകരണങ്ങളെക്കൊണ്ടു്) കുടിക്കുന്നു.

4 അഗ്നിമച്ഛാദേവയതാംമനാംസി

ചക്ഷൂംഷീവസൂര്യേസംചരന്തി

യദീംസുവാതേഉഷസാവിരൂപേ

ശ്വേതോവാജീജായതേഅഗ്രേഅഹ്നാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:–

അഗ്നിം അച്ഛ ദേവ–യതാം
മനാംസി — ആഭിമുഖ്യേന ദേവാനാമാത്മന
ഇച്ഛതാം യജമാനാനാം
മനാംസി
ചക്ഷൂംഷി–ഇവ സൂര്യേ
സം ചരന്തി — സർവ്വേഷാം പ്രാണിനാം ചക്ഷൂം
ഷിയഥാസൂര്യേ സഞ്ചരന്തി
തദ്വൽ യഷ്ടവ്യേഭ്യഃ ദേവേഭ്യഃ
കദായം വർദ്ധിഷ്യതീതി
ധ്യായന്തി
യൽ ഈം ഉഷസാ — യദാ ഏനമഗ്നിം ഉഷസാസഹ
വി–രൂപേ സുവാതേ — വിവിധരൂപേദ്യാവാപൃഥിവ്യൗ
ജനയതഃ
(തദാനീം) ശ്വേതഃ വാജീ — പ്രകൃഷ്ടവർണ്ണോപേതഃ
വേജനവാനഗ്നിഃ
അഹ്നാം അഗ്രേ ജായതേ — ദിവസാരംഭേ ഉദയകാലേ
പ്രവർദ്ധതേ

അർത്ഥം–നേരെ ദേവന്മാരെ (അവരുടെ അനുഗ്രഹം) ഇച്ഛിക്കുന്ന യജമാനന്മാരുടെ മനസ്സുകളും, എല്ലാ പ്രാണികളുടെയും കണ്ണുകളും, സൂര്യങ്കൽ ചരിക്കുന്നപോലെ, അഗ്നിയിലെത്തുന്നു. യാജ്യന്മാരായ ദേവന്മാർക്കുവേണ്ടി (ദേവന്മാർക്കുവേണ്ടി യാഗാദികർമ്മങ്ങളാരംഭിക്കാൻ) എപ്പോഴാണവിടുന്ന് വളരുന്നതെന്ന് മനസ്സിൽ അവർ ധ്യാനിച്ചാണിരിക്കുന്നത്. എപ്പോൾ ഈ അഗ്നിയെ ഉഷസ്സിനോടൊത്ത് വിവിധാകാരകളായ ദ്യാവാപൃഥിവികൾ ഉൽപാദിപ്പിക്കുന്നുവോ, അപ്പോൾ തെളിവുററ നിറത്തോടുകൂടി വേഗവാനായ അഗ്നി പകലിന്റെ മുമ്പിൽ, ഉദയകാലത്ത് വർദ്ധിക്കുന്നു.

5 ജനിഷ്ടഹിജേന്യോഅഗ്രേഅഹ്നാം
ഹിതോഹിതേഷ്വരുഷോവനേഷു
ദമേദമേസപ്തരത്നാദധാനോ
ഗ്നിർഹോതാനിഷസാദായജീയാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

(അയമഗ്നിഃ) ജേന്യഃ	–	ഉൽപാദനീയഃ
അഹ്നാം അഗ്രേ ജനിഷ്ട	—	ഉദയകാലേ പ്രാദുരഭൂൽ
(പശ്ചാൽ) ഹിതേഷു		
വനേഷു	–	വനോത്ഭേഷുകാഷ്ഠേഷു
അരുഷഃ ഹിതഃ ഹി	—	ആരോചമാനസ്സൻ സ്ഥാപിതഃ ഹി
(പശ്ചാൽ) ദമേ-ദമേ	—	തത്തദ്യാഗഗൃഹേ
സപ്ത രത്നാ ദധാനഃ	—	രമണീയസ്സപ്ത ജ്വാലാധാരയമാണഃ
അഗ്നിഃ ഹോതാ	—	ഹോമനിഷ്പാദകസ്സൻ
യജീയാൻ നി സസാദ	—	യഷ്ടവ്യസ്സൻ നിഷണ്ണോ ഭവതി

അർത്ഥം—ഈ അഗ്നി ഉൽപാദിപ്പിക്കത്തക്കവനായി പകലിൻെറ മുമ്പിൽ, ഉദയകാലത്തിൽ ഉണ്ടാവുന്നു. (തലേദിവസം ഉമിയിട്ടുമൂടിയ അഗ്നി, കാലത്തു് ചകരി മുതലായവയാൽ പിടിപ്പിക്കപ്പെട്ടു് പ്രകാശിക്കുന്നു.) പിന്നെ ഇഷ്ടങ്ങളായ വിറകുമുട്ടികളിൽ പ്രകാശമാനനായി സ്ഥാപിതനാവുന്നുവല്ലോ. അനന്തരം അതാതു യാഗഗൃഹങ്ങളിൽ രമണീയങ്ങളായ, ഏഴു് രത്നസമാനങ്ങളായ ജ്വാലകളെ ധരിച്ചു്, അഗ്നി ഹോമനിർവ്വാഹകനായി, യജിക്കപ്പെടേണ്ടവനായി ഇരിക്കുന്നു.

6 അഗ്നിർഹോതാന്യസീദദ്യജീയാ
നുപസ്ഥേമാതുസ്സുരഭാഉലോകേ
യുവാകവിഃപുരുനിഷ്ഠൃതാവാ
ധർത്താകൃഷ്ടീനാമുതമധ്യഇദ്ധഃ
വ. 12

അന്വയം:-

(അയം) അഗ്നിഃ ഹോതാ		
യജീയാൻ	—	ഹോമനിഷ്പാദകഃ യഷ്ടവ്യസ്സൻ
മാതുഃ ഉപ–സ്ഥേ	—	സർവ്വസ്യനിർമ്മാത്ര്യാഃ ഭൂമ്യാ ഉൽസംഗേ
(തത്രാപി) സുരഭൗ	—	ആജ്യാദി സൌരഭയുക്തേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലോകേ ഉ നി അസീദൽ — സർവ്വദ്രഷ്ടവ്യേ വേദിലക്ഷണേ സ്ഥാനേ ഹി നിഷസാദ
ഉത യുവാ, കവിഃ — അപിച നിത്യതരുണഃ, മേധാവീ
പുരുനിഃ—സ്ഥ', ഋത-വാ — ബഹുസ്ഥാനഃ, യജ്ഞവാൻ
ധർത്താ — സർവ്വസ്യ ധാരകസ്സൻ
കൃഷ്ടീനാം മധ്യേ ഇദ്ധഃ — ഋത്വിഗ്യജമാനാനാം മദ്ധ്യേ സമിദ്ധസ്സൻ വർത്തതേ

അർത്ഥം—ഈ അഗ്നി ഹോമനിർവ്വാഹകനായി, യജിക്കപ്പെടേണ്ടവനായി, എല്ലാം നിർമ്മിക്കുന്ന ഭൂമിയുടെ മടിയിൽ, (അവിടെത്തന്നെ) നെയ് മുതലായ ദ്രവ്യങ്ങളുടെ സുഗന്ധത്തോടുകൂടിയ ദർശനീയമായ വേദിസ്ഥാനത്ത് ഇരുന്നു. പിന്നെ നിത്യതരുണനും മേധാവിയും വളരെ ഇരിപ്പിടങ്ങളൊത്തവനും യജ്ഞവാനും എല്ലാം സ്വയം ധരിക്കുന്നവനുമായി, ഋത്വിഗ്യജമാനന്മാരുടെ നടുവിൽ ആളിക്കത്തി വർത്തിക്കുന്നു.

7 പ്രണുത്യംവിപ്രമധ്വരേഷുസാധു
മഗ്നിംഹോതാരമീളതേനമോഭിഃ
ആയസ്തതാനരോദസീഋതേന
നിത്യംമൃജന്തിവാജിനംഘൃതേന

അന്വയം:—
വിപ്രം, അധ്വരേഷു സാധും — മേധാവിനം, ഫലസാധകം
ഹോതാരം ത്യം അഗ്നിം — ഹോമനിഷ്പാദകം തമഗ്നിം
നമഃ-ഭിഃ നു പ്ര ഈളതേ — സ്തുതിഭിഃ ഋത്വിജഃ ക്ഷിപ്രം സ്തുവന്തി
യഃ രോദസീ ഋതേന ആ തതാന — ദ്യാവാപൃഥിവ്യൌ ഉദകേന വിസ്താരിതവാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

വാജിനം നിത്യം	—	അന്നവന്തം സനാതനം തം ദേവം യജമാനഃ
ഘൃതേന മൃജന്തി	—	ആജ്യേന പരിചരന്തി

അത്ഥം-മേധാവിയും യജ്ഞങ്ങളിൽ ഫലം നേടിക്കൊടുക്കുന്നവനും ഹോമനിർവ്വാഹകനുമായ ആ അഗ്നിയെ സ്തോത്രങ്ങളാൽ സ്തുതിക്കുകം വേഗത്തിൽ നന്നായി സ്തുതിക്കുന്നു. ഏവൻ ദ്യാവാപൃഥിവികളെ ജലത്താൽ നിറച്ചുവോ, അന്നവാനും സനാതനനുമായ ആ ദേവനെ യജമാനന്മാർ നെയ്യാൽ പരിചരിക്കുന്നു, ശുശ്രൂഷിക്കുന്നു.

8 മാജ്ജാല്യോ മൃജ്യതേസ്വേ ദമൂനാഃ
കവിപ്രശസ്തോ അതിഥിശ്ശിവോനഃ
സഹസ്രശൃങ്ഗോ വൃഷഭസ്തദോജാ
വിശ്വാം അഗ്നേ സഹസാ പ്രാസ്യന്യാൻ

അന്വയം:-

ദമൂനാഃ കവി–പ്രശസ്തഃ	—	ദാനമനാഃ, കവിഭിഃ, മേധാവിഭിഃ സ്തുതഃ
നഃ അതിഥിഃ	—	അസ്മാകമതിഥിവൽ പൂജ്യഃ
ശിവഃ, സഹസ്ര–ശൃങ്ഗഃ, വൃഷഭഃ	—	സുഖകരഃ, അപരിമിതജ്വാലഃ, ഫലാനാം വഷിതാ
തൽ–ഓജാഃ	—	യൽ പ്രസിദ്ധം ബലമസ്തിതദോജോ യസ്യസഃ, സർവ്വബലസ്വരൂപഃ
മാജ്ജാല്യഃ സ്വേ മൃജ്യതേ	—	സമ്മാജ്ജനീയോഗ്നിഃ സ്വകീയേ സ്ഥാനേ പരിചര്യതേ
ഹേ അഗ്നേ, വിശ്വാൻ അന്യാൻ	—	സർവ്വാൻ സ്വവ്യതിരിക്താൻ, ശത്രൂൻ
സഹസാം പ്ര അസി	—	ബലേന പരാഭവേസി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം—ദാനമനസ്സനും മേധാവികളാൽ ഏററവും സ്തുതിക്കപ്പെട്ടവനും നമുക്ക് അതിഥിപോലെ അഭിവന്ദ്യനും, സുഖദായകനും കണക്കററ ജ്വാലകളോടുകൂടിയവനും ഫലം വർഷിക്കുന്നവനും സർവ്വബലസ്വരൂപനും പരിചരിക്കപ്പെടേണ്ടവനുമായ അഗ്നി സ്വന്തം സ്ഥാനത്തു് ശുശ്രൂഷിക്കപ്പെടുന്നു. അല്ലയോ അഗ്നേ, അവിടുന്നു് അവിടുത്തേതല്ലാത്തവരെയെല്ലാം, ശത്രുക്കളെ ബലത്താൽ കീഴടക്കുന്നു.

9 പ്രസദ്യോഅഗ്നേഅത്യേഷ്യന്യാ

നാവിര്യസ്മൈചാരുതമോബഭൂഥ

ഇളേന്യോവപുഷ്യോവിഭാവാ

പ്രിയോവിശാമതിഥിർമാനുഷീണാം

അന്വയം:—

ഹേ അഗ്നേ, (ത്വം)

യസ്മൈ — യജ്ഞായ

ചാരു-തമഃ ആവിഃ പ്ര

ബഭൂഥ — മനോഹരസ്സൻ ആവിർഭൂതവാൻ

സദ്യഃ അന്യാൻ അതി

ഏഷി — തദാനീമേവസ്വസമാനാനതിക്രാമസി

(കിംചത്വം) ഇളേന്യഃ,

വപുഷ്യഃ — സ്തുത്യഃ, വപുഷ്മഃ

വിഭാ- വാ വിശാം

പ്രിയഃ — വിശിഷ്ടദീപ്തിമാൻ, സർവ്വേഷാം പ്രാണിനാം പ്രിയഃ

(തഥാ) മാനുഷീണാം

അതിഥിഃ — പ്രജാനാമതിഥിവൽപൂജ്യോഭവസി

അർത്ഥം—അല്ലയോ അഗ്നേ, അവിടുന്നു് യാതൊരു യജ്ഞത്തിന്നായി ഭംഗി പൂണ്ടാവിർഭവിച്ചുവോ, അപ്പോംത്തന്നെ തനിയ്ക്കു തുല്യന്മാരെ അതിക്രമിക്കുന്നു. കൂടാതെ സ്തുത്യനായി,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തേജസ്സാകുന്ന ശരീരമുണ്ടാക്കുന്നവനായി, വിശിഷ്ടപ്രകാശനായി, എല്ലാ പ്രാണികൾക്കും പ്രിയനും മനുഷ്യക്ക് അതിഥി പോലെ പൂജ്യനുമായി ഭവിക്കുന്നു.

10 തുഭ്യംഭരന്തിക്ഷിതയോയവിഷ്ഠ

ബലിമഗ്നേഅന്തിതഓതദൂരാൽ

ആഭന്ദിഷ്ഠസ്യസുമതിംചികിദ്ധി

ബൃഹത്തേഅഗ്നേമഹിശർമ്മഭദ്രം

അന്വയം:–

ഹേ യവിഷ്ഠ, അഗ്നേ,
ക്ഷിതയഃ അന്തിതഃ ഉത
ദൂരാൽ ആ — മനുഷ്യാഃ സമീപാദ്ദൂരാച്ച (ആകാരശ്ചാർത്ഥേ)
തുഭ്യം ബലിം ഭരന്തി — പൂജാം, ഹവിരന്നം സമ്പാദയന്തി
(കിംച) ഭന്ദിഷ്ഠസ്യ
സു-മതിം — അതിശയേന സ്തോതുഃ സ്തുതിം
ആ ചികിദ്ധി — ആജാനീഹി
ഹേ അഗ്നേ, തേ ശർമ്മ — അസ്മഭ്യം ദാതവ്യം സുഖം
മഹി, ബൃഹൽ ഭദ്രം — മഹൽ അപാരം സ്തുത്യം ച

അർത്ഥം-അല്ലയോ നിത്യയുവാവായ അഗ്നേ, മനുഷ്യർ, ജയമാനന്മാർ അടുത്തുനിന്നും അകലെ നിന്നും അവിടേയ്ക്കായി പൂജ ഹവിരന്നമൊരുക്കുന്നു. ഏററവും സ്തുതിക്കുന്ന സ്തോതാവിൻെറ സ്തോത്രം പൂർണ്ണമായറിഞ്ഞാലും. അല്ലയോ അഗ്നേ, ഞങ്ങൾക്ക് തരാനുള്ള അവിടുത്തെ സുഖം (അനുഗ്രഹം) മഹത്തും അളവററതും മങ്ഗളകരവുമാകുന്നു.

11 ആദ്യരഥം ഭാനുമോഭാനുമന്ത

മഗ്നേതിഷ്ഠയജതേഭിസ്സമന്തം

വിദ്വാൻപഥീനാമുർവ്വന്തരിക്ഷ

മേഹദേവാൻഹവിരദ്യായവക്ഷി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:–

ഹേ ഭാന–മഃ, അഗ്നേ — ദീപ്തിമന്നഗ്നേ
അദ്യ ഭാന–മന്തം — അസ്മിൻ യജ്ഞേദീപ്തിമന്തം
സം–അന്തം — സമീചീനപ്രാന്തോപേതം
രഥം യജതേഭിഃ ആ തിഷ്ഠ — യഷ്ടവ്യൈർദ്ദേവൈഃസ്സഹാരോഹ
വിദ്വാൻ — യഷ്ടവ്യദേവപരിജ്ഞാനവാൻ ത്വം
പഥീനാം — ദേവയജനമാർഗ്ഗാൻപ്രതി (ദ്വിതീയാർത്ഥേഷഷ്ഠീ)
ഉരു അന്തരിക്ഷം — പ്രഭൂതേന്തരിക്ഷേ
ദേവാൻ ഹവിഃ–അദ്യായ — യഷ്ടവ്യദേവാൻ ഹവിർഭക്ഷണായ
ഇഹ ആ വക്ഷി — അസ്മിൻയജ്ഞേ ആവഹസി

അർത്ഥം–അല്ലയോ ദീപ്തിമാനായ അഗ്നേ, ഈ യജ്ഞത്തിൽ (വരുമാനായി) പ്രകാശമാനവും ചേച്ച്യററ അററങ്ങളോടുകൂടിയതുമായ തേരിൽ യജിയ്ക്കപ്പെടേണ്ടും ദേവന്മാരോടുകൂടി കയറിയാലും. അപ്രകാരമുള്ള ദേവന്മാരെ തിരിച്ചറിയുന്ന അവിടുന്നു് ദേവയജനമാർഗ്ഗങ്ങളെ ഉന്നംവെച്ചു് പെരിയ അന്തരിക്ഷത്തിൽ നിന്നു് ദേവന്മാരെ ഹവിസ്സുറംക്കൊള്ളാനായി ഈ യജ്ഞത്തിലേയ്ക്കു് ആനയിക്കുന്നു.

12 അവോചാമകവയേമേധ്യായ
വചോവന്ദാരുവൃഷഭായവൃഷ്ണേ
ഗവിഷ്ഠിരോനമസാസ്തോമമഗ്നൌ
ദിവീവരുക്മമുരുവ്യഞ്ചമശ്രേൽ
വ 13

അന്വയം:–

(വയം ആത്രേയാഃ) കവയേ,
മേധ്യായ — മേധാവിനേ, മേധാർഹായ, പൂജ്യായ
വൃഷഭായ, വൃഷ്ണേ — ഫലാനാം വർഷകായ, സേക്ത്രേതയുനേ അഗ്നയേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വന്ദാരു വചഃ
അവോചാമ — വന്ദനശീലം സ്തോത്രം കുമ്മഃ,
(ഋഷിരാത്മാനം പരോക്ഷേണൈവ നിർദ്ദിശ്യസ്തുതിം ഉപസംഹരതി)
ഗവിഷ്ഠിരഃ നമസാ — അയമൃഷിഃ നമസ്കാരേണ യുക്തം
ദിവി–ഇവ രുക്മം
ഉരു–വ്യഞ്ചം — രോചമാനം ഉരുഗമനശീല മാദിത്യമിവ
അഗ്നൗ സ്തോമം അശ്രേൽ — സ്തോത്രമഗ്നൗശ്രയതിസ്മ

അർത്ഥം ആത്രേയരായ ഞങ്ങൾ മേധാവിയും പൂജാർഹനും ഫലവർഷകനും യുവാവുമായ അഗ്നിക്കായി വന്ദനാത്മകമായ സ്തോത്രം ചൊല്ലുന്നു. (എന്നി ഋഷി തന്നെപ്പററി പരോക്ഷമിയി പറഞ്ഞു സ്തുതി മുഴമിക്കുന്നു.) ഗവിഷ്ഠിരനെന്ന ഋഷി നമസ്കാരത്തോടുകൂടിയ സ്തോത്രം, ഭാസമാനനായി, ഗമനശീലനായ ആദിത്യനെന്നപോലെ, അഗ്നിയിൽ അർപ്പിച്ചിരിക്കുന്നു. (ആദിത്യനെ ഗമനശീലനെന്നു പറയുന്നത് ഗമനശീലനെന്ന് തോന്നപ്പെടുന്നവൻ എന്നർത്ഥത്തിലാണ്.)

വർഗ്ഗം —14 – 15 —ആത്രേയഃ കുമാരഃ ജാനോ വൃശഃ ഋഷീ ത്രിഷ്ടുപ്ശകപര്യൗ ഛന്ദസീ, അഗ്നിർദ്ദേവതാ.

1 കുമാരംമാതായുവതിസ്സമുബ്ധം
ഗുഹാബിഭർത്തിനദദാതിപിത്രേ
അനീകമസ്യനമിനജ്ജനാസഃ
പുരഃപശ്യന്തിനിഹിതമരതൗ

അന്വയം:–

മാതാ — കുമാരസ്യോൽപാദയിത്രീ, സർവ്വസ്യനിർമ്മാത്രീ പൃഥിവീ വാ
യുവതിഃ — യൌവ്വനോപേതാ മിശ്രയിത്രീവാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കുമാരം	—	പഥിസഞ്ചരന്തം ബാലം അഗ്നിം വാ
സം–ഉബ്ധം	—	ചക്രേണഹതം, നിഗൂഢം വാ
ഗുഹാ ബിഭർത്തി	—	ഗുഹായാം ധാരയതി
ന പിത്രേ ദദാതി	—	ജനകായ ന ദദാതി
അസ്യ അനീകം	—	കുമാരസ്യ, അഗ്നേർവ്വാ രൂപം
മിനത് ജനാസഃ ന പശ്യന്തി	—	ഹിംസിതം ജനാഃ ന പശ്യന്തി
(കിംതു) അരതൌ നി–ഹിതം	—	അരമണേ ദേശേ അരണ്യോർവ്വാ ഹിതം
പുരഃ	—	പുരോദേശേ പശ്യന്തി

അർത്ഥം—ഇവിടേ ശാട്യായന ബ്രാഹ്മണത്തിലെ ഒരു കഥ സൂചിതമാണ്: ഇക്ഷ്വാകു വംശത്തിൽ 'ത്ര്യരുണൻ' എന്ന രാജകുമാരനുണ്ടായിരുന്നു. അദ്ദേഹം വൃശനെന്ന പുരോഹിതനൊത്ത് തേരിൽ പോയി. വൃശനാണ് തേർ തെളിച്ചത്. വഴിയിൽ തേർച്ചക്രംതട്ടി ഒരു ബ്രാഹ്മണകുമാരൻ കൊല്ലപ്പെട്ടു. ത്ര്യരുണനൊ, വൃശനൊ കുമാരഹന്താവെന്ന് തമ്മിൽ വാദമായി. ഇക്ഷ്വാകുരാജസഭയിൽ പോയി ചോദിച്ചതിൽ തേർ തെളിച്ച വൃശനാണ്, തേരുടമയായ ത്ര്യരുണനല്ല കുമാരഹന്താവെന്ന് വിധിയായി. ത്രസദസ്യുവായിരുന്നു അന്ന് രാജാവ്. നിയമപ്രകാരം തേരുടമയായിരുന്നു കുററക്കാരൻ. പക്ഷപാതം കൊണ്ടാണ് വൃശൻ കുററക്കാരനാക്കപ്പെട്ടത്. അന്നു മുതൽ രാജഗൃഹത്തിൽ തീയില്ലാതായി. ബ്രഹ്മഹത്യാപിശാചി അഗ്നിയെ നീക്കി അവിടെ കിടക്ക വിരിച്ചു. രാജധാനിയിൽ ചിന്തയായി. വൃശനെ കുററക്കാരനെന്നു വിധിച്ചതാണ് കാരണമെന്നവരാലോചിച്ചറിഞ്ഞു. വൃശനെ ക്ഷണിച്ചുവരുത്തി ആദരിച്ചു. അദ്ദേഹം സാമമന്ത്രജപത്താൽ ബ്രഹ്മഹത്യാപിശാചിയെ അകററി, അഗ്നി വീണ്ടുമുണ്ടാക്കി. ആ മരിച്ച കുമാരനെയും സാമമന്ത്രജപത്താൽ ജീവിപ്പിച്ചു. കുമാരപദത്തിന്ന് അരണിയിൽ നിന്നു് പിറന്ന കുട്ടി എന്ന നിലയിൽ അഗ്നിയെന്നും അർത്ഥാന്തരം പറയുന്നു.

കുമാരൻെറ അമ്മ (അല്ലെങ്കിലെല്ലാം നിർമ്മിക്കുന്ന ഭൂമി) യുവതിയായി (അരണിയിൽ ചേർന്നവളായി, അരണിരൂപ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യായി) വഴിയിൽ നടക്കുന്ന ബാലനെ (എങ്ങുമെത്തുന്ന അഗ്നിയെ) തേർച്ചക്രത്താൽ ഹതനായവനെ (നിഗൂഢസ്ഥിതനായവനെ) ഒളിച്ചുവെക്കുന്ന (അന്തർഹിതമായി ധരിക്കുന്ന) അച്ഛന്ന് (ദ്യോവിന്ന്) കാണിച്ചു കൊടുക്കുന്നില്ല. കുമാരന്റെ (അഗ്നിയുടെ) രൂപം കേടുപററിയതായി ജനങ്ങൾ കാണുന്നില്ല. പിന്നെയോ, അത് അസന്തോഷകരമായ സ്ഥലത്ത് (അരണിയിൽ) സ്ഥാപിതമായി മുമ്പിൽ കാണുന്നു. (കുമാരന്റെ ശരീരം വൃശൻ പുനജ്ജീവിപ്പിക്കുംവരെ കേടുകൂടാതെ അമ്മ സൂക്ഷിച്ചു എന്നും അതുകൊണ്ടാരും കണ്ടില്ലെന്നും പിന്നെ പുനജ്ജീവിപ്പിച്ച് അസന്തോഷകരമായ സ്ഥലത്ത് കണ്ടു എന്ന് അത്ഥം.)

2 കമേതംത്വംയുവതേകുമാരം

പേഷീബിഭർഷിമഹിഷീജജാന

പൂർവ്വീർഹിഗർഭശ്ശരദോവവർദ്ധാ

പശ്യംജാതംയദസൂതമാതാ

അന്വയം:—

ഹേ യുവതേ, ത്വം കം

ഏതാ കുമാരം പേഷീ?	—	ഹിംസികാപിശാചികാസതീ കം കുമാരം?
ബിഭർഷി	—	ധാരയസി
മഹിഷീ ജജാന	—	മഹതീ (പൂജനീയാരണിഃ) ഏനം അജനയൽ
ഗർഭഃ		ഗിരോർഗ്രാഹകഃ (അരണ്യോസ്സംബന്ധീ ഗർഭഃ)
ഹി പൂർവ്വീഃ ശരദഃ വവർദ്ധ	—	യസ്മാൽ ഗതാനനേകാൻ സംവത്സരാൻ വവൃധേ
യൽ മാതാ അസൂത (അഹം ച തതഃ) ജാതം	—	യസ്മാൽ അരണിഃ ഉദപാദയൽ
അപശ്യം	—	ജായമാനം ദൃഷ്ടവാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർത്ഥം—അല്പദയാ തരുണി, ദ്രോഹകാരിണിയായ പിശാചിയായ നീ കയ്യിൽവെച്ചിരിക്കുന്നത് ഏതു കുമാരനെയാണ്? മഹതിയായ ഒരുവളല്ലേ? (അരണിയല്ലേ) ഈ കുമാരനെ പെററതു്? ഗർഭം (അരണ്യന്തസ്ഥിതനായ അഗ്നി) അനേക വർഷങ്ങൾ പിന്നിട്ടാണല്ലൊ വളന്നതു്. മാതാവു് (അരണി) പ്രസവിക്കുന്നതു് (അരണിയിൽ നിന്നു് പൊരിയായി പുറത്തു വരുന്നതു്) ഞാൻ കണ്ടു.

3 ഹിരണ്യദന്തംശുചിവണ്ണമാരാൽ
ക്ഷേത്രാദപശ്യമായുധാമിമാനം
ദദാനോഅസ്മാഅമൃതംവിപൃക്വൽ
കിംമാമനിന്ദ്രാഃകൃണവന്നനുക്ഥാഃ

അന്വയം:—

ഹിരണ്യ—ദന്തം — ഹിരണ്യസദൃശദന്തസ്ഥാനീയ ജ്വാലോപേതം
ശുചി-വണ്ണം — പ്രദീപ്തവണ്ണം
ആയുധാ മിമാനം — ആയുധസ്ഥാനീയാൻ സ്ഫുലിങ്ഗാൻ, ജ്വാലാവ്വാ, നിമ്മിമാണമഗ്നിം
ആരാൽ ക്ഷേത്രാൽ
അപശ്യം — സമീപേ ദേശേ പശ്യേയം
(അഹം) അസ്മൈ അമൃതം
വിപൃക്വൽ ദദാനഃ — അഗ്നയേ അവിനാശ്യം സർവ്വതോ വ്യാപ്തം ഹവിഃ ദാതാസ്മി
മാം അനിന്ദ്രാഃ — ഇന്ദ്രഃ പരമേശ്വരഃ അഗ്നിഃ തം അയജന്തഃ
അനുക്ഥാഃ കിം കൃണവൻ? — അസ്തുതയഃ, അസ്തുവന്തഃ കിം കര്യുഃ?

അർത്ഥം—പല്ലിൻെറ സ്ഥാനത്തു് സ്വർണ്ണവർണ്ണങ്ങളായ ജ്വാലകളോടുകൂടിയവനും പ്രകാശമുററ നിറമിയന്നവനും ആയുധങ്ങളുടെ സ്ഥാനത്തു് പൊരിചീതറി ജ്വാലകളുണ്ടാക്കുന്നവന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായ അഗ്നിയെ സമീപസ്ഥലത്ത് എനിക്കു കാണണം. ആ അഗ്നിക്കു അനശ്വരവും എങ്ങും വ്യാപിച്ചതുമായ ഹവിസ്സു ഞാൻ നല്കുന്നു. പരമേശ്വരനായ അഗ്നിയെ യജിക്കാത്തവരും സ്തുതിക്കാത്തവരും (യാഗവിരോധികൾ) എന്നോടെന്തു ചെയ്യാനാണ്? (എന്നോടവരുടെ അടവുകൾ പററുകയില്ല.)

4 ക്ഷേത്രാദപശ്യംസനുതശ്ചരന്തം

സുമദ്യൂഥം ന പുരുശോഭമാനം

നതാഅഗൃഭ്രന്നജനിഷ്ടഹിഷഃ

പലിക്നീരിദ്യുവതയോഭവന്തി

അന്വയം:-

(അഹം വൃശഃ) ക്ഷേത്രാൽ
സനുതഃ ചരന്തം — ക്ഷേത്രേനിഗൂഢേ അരണ്യാം സ്ഥിതം
യൂഥം ന — പണിഭിരപഹൃതാനാം ഗവാം സമൂഹമിവ
സു-മൽ പുരു ശോഭമാനം
അപശ്യം — സ്വയമേവപ്രകാശമാനം പശ്യാമി
(പുരാ) താഃ — ജ്വാലാഃ, നിർവീര്യാഃ
ന അഗൃഭ്രൻ — നരാഃ ന അഗൃഹ്ണന്ത
(ഇദാനീം) സഃ
അജനിഷ്ട ഹി — അഗ്നിഃ ജാതഃ ഖലു
(അതഃ) പലിക്നീഃ ഇൽ — പലിതാഃ ജീർണ്ണാഃ ജ്വാലാഃ
യുവതയഃ ഭവന്തി — വർദ്ധമാനാഭവന്തി

അർത്ഥം-വൃശനായ ഞാൻ ഇവിടെ ക്ഷേത്രത്തിൽ, മറഞ്ഞ് അരണിയിൽ, പണികളാൽ അപഹരിക്കപ്പെട്ട പശുക്കൂട്ടം പോലെ, ഒളിഞ്ഞ അഗ്നിയെ ഏററവും പ്രകാശമാനനായി കാണുന്നു. മുമ്പ് ആ ജ്വാലകൾ നിർവീര്യങ്ങളായിരുന്നു. മനുഷ്യർ അതിനെ ഗ്രഹിച്ചിരുന്നില്ല. ഇപ്പോൾ അവിടുന്ന് ആവിർ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭൂതനായി. മുമ്പ് മങ്ങിയിരുന്ന ജ്വാലകൾ ഇപ്പോൾ യുവതികൾ (വളർച്ചമുററിയവ) ആയി ഭവിക്കുന്നു.

5 കേമേമര്യകംവിയവന്തഗോഭി

ന്നയേഷാംഗോപാഅരണശ്ചിദാസ

യഈംജഗൃഭുരവതേസൃജ

ന്ത്വാജാതിപശ്വഉപനശ്ചികിത്വാൻ

അന്വയം:—

കേ മേ മര്യകം	— മദീയം മർത്ത്യസങ്ഘം,
ഗോഭിഃ വി യവന്ത	— വിയുക്തമകുർവ്വൻ ഗാഃ ഭൃത്യാംശ്ച വ്യയോജയൻ
യേഷാം ഗോപാഃ	— അസ്മാകം ഗോപയിതാ
അരണഃ ചിൽ ന ആസ	— അഭിഗന്താ ന ബഭൂവ
(സോയമഗ്നിഃ) യേ ഈം ജഗൃഭുഃ	— യേ ദ്വേഷിണഃ ഏനം ഗൃഹ്ണന്തി
തേ അവ സൃജന്തു	— നശ്യന്തു
(കിംച) ചികിത്വാൻ	— ചേതനാവാൻ, അസ്മദഭിപ്രായജ്ഞാനവാനഗ്നിഃ
നഃ പശ്വഃ ഉപ ആ അജാതി	— പശൂൻ ഉപപ്രാപയതി

അർത്ഥം-എന്റെ കൂട്ടുകാരേ, പശുക്കളെയും മേയ്പുകാരെയും വേർപെടുത്തിയവർ (മേയ്പുകാരെ ഗണിക്കാതെ പശുക്കളെ കൊണ്ടുപോയവർ) ആരൊക്കെയാണ്? അവയെ മേയ്ക്കുന്നവൻ ഉണ്ടായിട്ടും എതിർത്തില്ല. ദ്വേഷികളേവർ ഇതിനെ (പശുക്കൂട്ടത്തെ) പിടിക്കുന്നുവോ, അവർ നശിക്കട്ടെ. പിന്നെ നമ്മുടെ കാര്യങ്ങളൊക്കെ അറിയുന്ന അഗ്നി നമുക്ക് പശുക്കളെ അടുപ്പിച്ചു തരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

6 വസാംരാജാനംവസതിംജനാനാ

മരാതയോനിദധുമ്മർത്ത്യേഷു

ബ്രഹ്മാണ്യത്രേരവതംസൃജന്തു

നിന്ദിതാരോനിന്ദ്യാസോഭവന്തു വ. 14

അന്വയം:-

വസാം രാജാനം	— വസതാം പ്രാണിനാം സ്വാമിനം
ജനാനാം വസതിം	— പ്രാണിനാമാവാസഭൂതം അഗ്നിം
അരാതയഃ മർത്ത്യേഷു നിദധുഃ	— മർത്ത്യേഷുമദ്ധ്യേ അഗോപയൻ
അത്രേഃ ബ്രഹ്മാണി	— അത്രിഗോത്രസ്യ വൃശസ്യ മന്ത്രാണി
തം അവ സൃജന്തു	— അഗ്നിം വി സൃജന്തു
നിന്ദിതാരഃ നിന്ദ്യാസഃ ഭവന്തു	— അസ്മന്നിന്ദകാഃ സർവ്വേനിന്ദ്യാ ഭവന്തു

അർത്ഥം-ഭുവനത്തിൽ വസിക്കുന്ന പ്രാണികൾക്കെല്ലാം സ്വാമിയും ആശ്രയസ്ഥാനവുമായ അഗ്നിയെ വിദ്വേഷികൾ (ശത്രുക്കളായ) മനുഷ്യർക്ക് മദ്ധ്യത്തിൽ മറച്ചിരിക്കുന്നു. അത്രി ഗോത്രത്തിൽ ജനിച്ച വൃശനായ എൻെറ മന്ത്രങ്ങൾ അഗ്നിയെ ഉണ്ടാക്കട്ടെ. നമ്മളെ നിന്ദിക്കുന്നവർ ഏവരും നിന്ദ്യരാവട്ടെ.

7 ശുനശ്ചിച്ഛേപംനിദിതംസഹസ്രാ

ദ്യൂപാദമുഞ്ചോഅശമിഷ്ടഹിഷഃ

ഏവാസ്മദഗ്നേവിമുമുഗ്ധിപാശാന്-

ഹോതശ്ചികിത്വഇഹതൂനിഷദ്യ

*61

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:-

(ഹേ അഗ്നേ.) നി-ദിതം — നിതരാം ബദ്ധം
ശുനശ്ശേപം സഹസ്രാൽ
ചിൽ — ഋഷിം അനേകാദപി
യൂപാൽ അമുഞ്ചഃ — അമോചയഃ
സഃ അശമിഷ്ട ഹി — ഋഷിഃ ശാന്തവാൻ ഖലു
ഏവ അസ്മൽ പാശാൻ — ഏവമസ്മത്തഃ പാശാൻ
വി മമുഗ്ധി — വിമോചയ
ഹേ ഹോതഃ, ചികിത്വഃ,— ദേവാനാമാഹ്വാതഃ,
ചേതനാവൻ,
അഗ്നേ, ഇഹ തു നി-സദ്യ — വേദ്യാം അവസ്ഥായ

അർത്ഥം-അല്ലയോ അഗ്നേ, മുറുക്കെ കെട്ടപ്പെട്ട, ആയിരക്കണക്കിൽ കെട്ടുകളുള്ള, യൂപത്തിൽനിന്നു് അവിടുന്നു് ശുനശ്ശേപനെ മോചിപ്പിച്ചു. (ശുനശ്ശേപൻ എന്ന പദത്തിന്നു് നടുവിൽ ചിൽ ഉണ്ടെങ്കിലും പദം ശുനശ്ശേപൻ എന്നത്രെ. ഈ വ്യത്യയം ആർഷം.) ആ ഋഷി ശാന്തനായല്ലൊ. അതുപോലെ ഞങ്ങളിൽ നിന്നും (സംസാര) പാശങ്ങളെ വേർപെടുത്തിയാലും. ദേവന്മാരെ വിളിക്കുന്നവനും ചേതനായുക്തനുമായ അഗ്നേ, ഇവിടെ വേദിയിൽ വന്നിരുന്നാലും (യാഗാദികർമ്മങ്ങളുടെ ഉദ്ദേശം സംസാരബന്ധമോക്ഷമാണെന്നു് ഇവിടെ സൂചിപ്പിക്കുന്നു.)

8 ഹൃണീയമാനോഅപഹിമദൈയേഃ
പ്രമേദേവാനാംവ്രതപാഉവാച
ഇന്ദ്രോവിദ്വാഅനുഹിത്വാചചക്ഷ
തേനാഹമഗ്നേഅനുശിഷ്ടആഗാം

അന്വയം:-

(ഹേ അഗ്നേ,) ഹൃണീയമാനഃ
മൽ അപ ഐയേഃ ഹി — മത്തഃ അപാഗാഃ ഖലു
ദേവാനം വ്രത-പാഃ — കർമ്മണഃ പാലകഃ
ഇന്ദ്രഃ മേ പ്ര ഉവാച ഹി — മാം പ്രോക്തവാൻ ഖലു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(സഃ ഏവ) വിദ്വാൻ ത്വാ
അനു ചലക്ഷ — ത്വാം ദദശ്
ഹേ അഗ്നേ, തേന
അനു-ശിഷ്ടഃ — അനുശാസിതഃ
അഹം ആ അഗാം — ത്വാം ആഗച്ഛാമി

അർത്ഥം—അല്ലയോ അഗ്നേ, ക്രോധിച്ച അവിടുന്ന് എന്നിൽ നിന്നകലെപ്പോയല്ലോ. ദേവന്മാരുടെ കർമ്മപാലകനായ ഇന്ദ്രൻ എന്നോടിതു പറഞ്ഞു അവിടുന്ന് തന്നെ (ഇന്ദ്രൻ) എല്ലാമറിയുന്നവനായി അവിടത്തെ (അഗ്നിയെ) കണ്ടു. അവിടുന്ന് (ഇന്ദ്രൻ) അനുശാസിച്ചിട്ടാണ് ഞാനവിടത്തെ (അഗ്നിയെ) പ്രാപിക്കുന്നത്.

9 വിജ്യോതിഷാബൃഹതാഭാത്യഗ്നി
രാവിർവ്വിശ്വാനികൃണുതേമഹിത്വാ
പ്രാദേവീർമ്മായാസ്സഹതേദുരേവാ
ശ്ശിശീതേശൃങ്ഗേരക്ഷസേവിനിക്ഷേ

അന്വയം:—

(അയം) അഗ്നിഃ ബൃഹതാ — മഹതാ
ജ്യോതിഷാ വി ഭാതി — തേജസാ വിശേഷേണ ദീപ്യതേ,
(തഥാഭൂതസ്സൻ)
മഹി-ത്വാ — മഹത്വേന
വിശ്വാനി ആവിഃ
കൃണുതേ — സർവ്വാണി പദാർത്ഥജാതാനി പ്രകടീകരോതി
(ഏവം പ്രവൃദ്ധോഽഗ്നിഃ)
അദേവീഃ — അദേവനശീലാഃ, അസുരീഃ
മായാഃ ദുഃ-ഏവാഃ — ദുഃഖഗമനാഃ
പ്ര സഹതേ — അഭിഭവതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(കിംച) രക്ഷസേ
വി-നിക്ഷേ — രക്ഷസോ നാശായ
ശൃങ്ഗേ ശിശീതേ — ശൃങ്ഗാണി തീക്ഷ്ണീ കരോതി

അർത്ഥം—അഗ്നി പെരിയ തേജസ്സാൽ വിഭാസിക്കുന്നു. അപ്രകാരമുള്ളവനായി മഹത്വത്താൽ എല്ലാ ഭൂതപദാർത്ഥ ജാതങ്ങളെയും വെളിവാക്കുന്നു, തെളിയിക്കുന്നു. അപ്രകാരം വളന്ന അഗ്നി ആസുരികളായ ദുർഗ്ഗമ മായകളെ ജയിക്കുന്നു, കീഴടക്കുന്നു. രക്ഷസ്സുകളുടെ നാശത്തിന്നായി തന്റെ കൊമ്പുകരംക്കു്, ജ്വാലകരംക്കു് മൂച്ച് കൂട്ടുന്നു.

10 ഉതസ്വാനാസോദിവിഷന്ത്വഗ്നേ
സ്തിഗ്മായുധാരക്ഷസേഹന്തവാഉ
മദേചിദസ്യപ്രരുജന്തിഭാമാ
നവരന്തേപരിബാധോഅദേവീഃ

അന്വയം:—
ഉത തിഗ്മ-ആയുധാഃ
അഗ്നേഃ സ്വാനാസഃ — അപിചാഗ്നേശ്ശബ്ദം കുർവ്വാണാഃ തീക്ഷ്ണായുധസ്ഥാനീയാഃ ജ്വാലാഃ
ദിവി സന്തു — ദ്യുലോകേ പ്രാദുർഭവന്തു
രക്ഷസേ ഹന്തവൈ ഉ — രക്ഷസോ ഹനനായ ഖലു
മദേ ചിൽ അസ്യ — ഹർഷേസതി അഗ്നേഃ
ഭാമാഃ പ്ര രുജന്തി — ദീപ്തയഃ പ്രകർഷേണ രക്ഷാംസി പീഡയന്തി
പരി-ബാധഃ അദേവീഃ — പരിതോബാധികാഃ ആസുര്യഃ സേനാഃ
(ഏനം) ന വരന്തേ — ന വാരയന്തി

അർത്ഥം—കൂടാതെ, മൂച്ചയേറിയ ആയുധങ്ങളുടെ സ്ഥാനത്തുള്ള ജ്വാലകരം രക്ഷസ്സുകളെ ഹനിയ്ക്കാനായി ദ്യുലോകത്തിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

പൊങ്ങട്ടെ. (ഇടിയേയും മിന്നലിനേയുമാണിവിടെ ഉദ്ദേശി ക്കുന്നതു്.) സന്തോഷത്തിലും അഗ്നിയുടെ പ്രകാശങ്ങൾ രക്ഷ സ്സുകളെ ഏററവും പീഡിപ്പിക്കുന്നു. എമ്പാടും ബാധിക്കുന്ന ആസുരികളായ സേനകൾ അവിടുത്തെ തടുക്കുകയില്ല.

11 ഏതംതേസ്തോമംതുവിജാതവിപ്രോ

രഥംനധീരസ്വപാഅതക്ഷം

യദീദഗ്നേപ്രതിത്വംദേവഹര്യാ

സ്സ്വർവ്വതീരപഏനാജയേമ

അന്വയം:—

ഹേ തുവി–ജാത — ബഹുഭാവമാപന്നാഗ്നേ,
തേ ഏതം സ്തോമം — ത്വദത്ഥമേതൽസ്തോത്രം
വിപ്രഃ ധീരഃ സു–അപാഃ — സ്തോതാധീമാൻ ശോഭന കമ്മാഹം
രഥം ന അതക്ഷം — രഥമിവസമപാദയം
ഹേ അഗ്നേ, ദേവ, ത്വം യദി ഇൽ
പ്രതി ഹര്യാഃ — ഏനം സ്തോമം പ്രതികാമയേഥാഃ
(തർഹി) സ്വഃ–വതീഃ — സ്വരണവതീഃ, വ്യാപ്തിമതീഃ
അപഃ ഏന ജയേമ — ഉദകാദന്യേതേന ജയേമ

അത്ഥം–വിവിധ ഭാവനായ അഗ്നേ, അവിടേയ്ക്കുവേണ്ടി ഈ സ്തോത്രം, സ്തോതാവും ധീമാനും സൽകമ്മവാനുമായ ഞാൻ, തേർപോലെ (തേരിൻെറ വേഗംപോലെ വേഗമോടെ) ഉണ്ടാക്കി ചൊല്ലി. അല്ലയോ അഗ്നേ, ദേവ, അവിടുന്നു് ഈ സ്തോത്രം ഇഷ്ടപ്പെടുന്നുവെങ്കിൽ, എങ്ങും വ്യാപിച്ച ജലങ്ങളെ (ആവശ്യാനുകൂലമായ മഴയെ) അതിനാൽ ഞാൻ നേടാവു.

12 തുവിഗ്രീവോവൃഷഭോവാവൃധാനോ

ശത്രൂ/ര്യസ്സമജാതിവേദഃ

ഇതീമമഗ്നിമമൃതാഅവോചൻ

ബർഹിഷ്മതേമനവേശമ്മയംസ

ഢവിഷ്മതേമനവേശമ്മയംസൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

തുവി–ഗ്രീവഃ, വൃഷഭഃ,	— ബഹുജ്വാലഃ, കാമാനാം വർഷിതാ,
വവൃധാനഃ	— വദ്ധമാനോഗ്നിഃ
അര്യഃ വേദഃ	— അരേഃ ധനം
അശത്രു സം ഭജാതി	— അകണ്ടകം സംയോജയതി
ഇതി ഇമം അഗ്നിം	
അമൃതാഃ അവോചൻ	— അന്യേദേവാഃ ഉക്തവന്തഃ
(യസ്മാദേവം തസ്മാൽ)	
ബർഹിഷ്മതേ	— യാഗവതേ
മനവേ ശർമ്മ യംസൽ	— മനുഷ്യായ സുഖം യച്ഛതു
ഹവിഷ്മതേ മനവേ	
ശർമ്മ യംസൽ	— ഹവിർദ്ദാത്രേ മനുഷ്യായ സുഖം യച്ഛതു

അർത്ഥം—ബഹുജ്വാലകളൊത്തവനും കാമവർഷകനും വദ്ധിച്ചവനുമായ അഗ്നി ശത്രുവിൻെറ ധനത്തെ, ശത്രു ഇല്ലാത്ത മട്ടിൽ നിഷ്പ്രയാസം സ്വന്തമാക്കുന്നു, തന്നോടു ചേക്കുന്നു. ഇപ്രകാരമാണ് അഗ്നിയെക്കുറിച്ച് മററു ദേവന്മാർ പറഞ്ഞിരിക്കുന്നതു്. അതിനാൽ യാഗമനുഷ്ഠിച്ച മനുഷ്യന്നു്, യജമാനന്നു് അവിടുന്നു് സുഖമരുളട്ടെ. ഹവിസ്സേകുന്ന മനുഷ്യന്നു് (യജമാനന്നു്) സുഖമരുളട്ടെ.

വർഗ്ഗം–16–17–ആത്രേയോവസുശ്രുതഃ ഋഷിഃ ത്രിഷ്ടുപ്ഛന്ദഃ

1 ത്വമഗ്നേവരുണോജായസേയ

ത്വംമിത്രോഭവസിയൽസമിദ്ധഃ

ത്വേവിശ്വേസഹസസ്പുത്രദേവാ

സ്ത്വമിന്ദ്രോദാശുഷേമർത്ത്യായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം:—

ഹേ അഗ്നേ, യൽ ത്വം
വരുണഃ ജായസേ — യദാ തമസാം വാരകഃ
പാപാനാമപഹർത്താ, രാത്ര്യ
ഭിമാനിദേവഃ ജായസേ

യൽ സം—ഇദ്ധഃ ത്വം മിത്രഃ
ഭവസി — യദാപ്രദീപ്തഃ അഹരഭിമാനീ
ദേവഃ പ്രമീതേസ്ത്രാതാഭവസി
(ത്വമുൽപന്നമാത്രസ്സൻതമോനിവാരയസി പ്രവൃദ്ധസ്സൻ ഹിത
കാരീഭവസി)
ത്വേ വിശ്വേ ദേവാഃ — ത്വയിസർവ്വേദേവാവർത്തന്തേ;
ത്വദ്ദത്തേനഹവിഷാതേഷാം
ജീവനാൽ
ഹേ സഹസഃ പുത്ര, — ബലേനമത്ഥ്യമാനത്വാൽ
തസ്യപുത്ര
ത്വം ദാശുഷേ മർത്ത്യായ
ഇന്ദ്രഃ — ഹവിർദ്ദാത്രേയജമാനായസ്വാമീ

അർത്ഥം—അല്ലയോ അഗ്നേ, അവിടുന്നു് ജനിക്കുമ്പോഠം തമസ്സു്, (പാപം) അകറ്റുന്ന രാത്ര്യഭിമാനി ദേവനായ വരുണ നാകുന്നു. വർദ്ധിച്ചു പ്രകാശിക്കുമ്പോഠം പകലിന്റെ അഭിമാന ദേവനും ഹിതകാരിയും, നാശത്തിൽ നിന്നു് രക്ഷിക്കുന്നവനു മായ മിത്രനാകുന്നു. അവിടുന്നിലാണു്, അവിടുന്നേകുന്ന ഹ വിസ്സു ജീവനമായിട്ടാണു്, എല്ലാ ദേവന്മാരും നിലക്കൊള്ളു ന്നതു്. അല്ലയോ ബലപുത്ര, (ബലത്താൽ കടഞ്ഞുണ്ടാവുന്നതു കൊണ്ടു്) ഹവിസ്സേകുന്ന യജമാനന്നു് അവിടുന്നു് ഈശ്വരനാ കുന്നു.

2 ത്വമര്യമാഭവസിയൽ കനീനാം
നാമസ്വധാവൻഗുഹ്യം ബിഭർഷി
അഞ്ജന്തിമിത്രംസുധിതംനഗോഭി
ര്യദ്ദമ്പതീസമനസാകൃണോഷി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം;–

(ഹേ അഗ്നേ) യൽ
കനീനാം — യദാത്വം കന്യകാനാം സംബന്ധ്യസി
(തദാ) ത്വം അര്യമാ
ഭവസി — സർവ്വേഷാം നിയമിതാസി
(കിംച) ഹേ സ്വധാ–വൻ — ഹവിരന്നവൻ, ത്വം
ഗുഹ്യം നാമ ബിഭർഷി — വൈശ്വാനര ഇതിനാമ ധാരയസി
യൽ ദം–പതീ സ–മനസാ
കൃണോഷി — യസ്മാൽ ജായാപതീസമാന മനസ്സൌകരോഷി
(തസ്മാൽ) സു–ധിതം
മിത്രം ന — സുഷ്ഠനിഹിതം മിത്രമിവ ത്വാം
ഗോഭിഃ അഞ്ജന്തി — ഗോവികാരൈഃ ക്ഷീരാദിഭിഃ സംയോജയന്തി (വികാരേ പ്രകൃതിശബ്ദഃ)

അർത്ഥം–അല്ലയോ അഗ്നേ, എപ്പോൾ അവിടുന്നു് കന്യകകളെസ്സംബന്ധിച്ചവനാണോ, അപ്പോൾ എല്ലാം നിയമിക്കുന്ന അര്യമാവായി ഭവിക്കുന്നു. അല്ലയോ ഹവിരന്നത്തോടുകൂടിയ അഗ്നേ, അവിടുന്നു് നിഗൂഢമായ പേർ (ജാഠരരൂപനായി വൈശ്വാനരൻ എന്നപേർ) ധരിക്കുന്നു. (പ്രാണികളുടെ ജഠരത്തിൽ സ്ഥിതനാകയാൽ ദൃശ്യനല്ല, അതിനാൽ ഗൂഢൻ–അതുകൊണ്ടു് നാമവും ഗൂഢമെന്നു കല്പന.) അവിടുന്നു് ഭാര്യാഭർത്താക്കന്മാരെ ഏകമനസ്കരാക്കുന്നതുകൊണ്ടു് (ഗൃഹസ്ഥന്മാർ) അവിടേയ്ക്കു പാൽ മുതലായ ഗവ്യങ്ങൾ അർപ്പിക്കുന്നു, ഹോമിക്കുന്നു. (അഗ്നിസാക്ഷിയായിട്ടാണല്ലൊ വിവാഹം, ദമ്പതീ മനസ്സുകൾ ഏകീകരിക്കാൻ അഗ്നിക്കു ശക്തിയുണ്ടു്. മുതിന്നു പെൺകിടാങ്ങളുടെ രക്ഷാകർത്തൃത്വം അഗ്നിക്കാണു്, അതുകൊണ്ടാണു് കന്യകകളെസ്സംബന്ധിച്ചവൻ എന്നു് പറഞ്ഞിട്ടുള്ളതു്. നിയന്താവായ അര്യാമാവാകുന്നു എന്നു പറഞ്ഞിട്ടുള്ളതിന്നു്, അഗ്നിയാണു് പെൺകിടാങ്ങളെ അപഥത്തിൽ വീഴാതെ നിയന്ത്രിച്ചു് രക്ഷിക്കുന്നതു് എന്നും അർത്ഥം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

3 തവശ്രീയേമരുതോമജ്ജയന്ത

രുദ്രയത്തേജനിമചാരുചിത്രം

പദംയദ്വിഷ്ണോരുപമം നിധായി

തേനപാസിഗുഹ്യംനാമഗോനാം

അന്വയം:-

(അനയാഅഗ്നേർമ്മാദ്ധ്യമികീ മൂർത്തിരുച്യതേ)

(ഹേ അഗ്നേ,)

തവ ശ്രീയേ	— ശ്രയണായ
മരുതഃ മജ്ജയന്ത	— ആന്തരീക്ഷ്യാഃ മരുതഃ മാജ്ജയന്തി
ഹേ രുദ്ര,	— രുദ്രവദ്വർദ്ധയിതരഗ്നേ,
തേ യൽ ജനിമ	— തവയൽ വൈദ്യുതലക്ഷണം ജന്മ
ചാരു, ചിത്രം,	— ചരണീയം, ചായനീയം ച
വിഷ്ണോഃ ഉപ-മം	— വ്യാപനശീലസ്യ ദേവസ്യ സദൃശം
ഗുഹ്യം യൽ പദം	
നി-ധായി	— അഗമ്മ്യം പദം അന്തരിക്ഷേ നിഹിതം
തേന ഗോനാം (ഗുഹ്യം)	
നാമ പാസി	— ഉദകാനാം നാമാനി രക്ഷസി

അർത്ഥം—(അഗ്നിയുടെ മാധ്യമിക രൂപത്തെ പറയുന്നു.) അല്ലയോ അഗ്നേ, അന്തരിക്ഷവർത്തികളായ മരുത്തുക്കൾ അവിടേയ്ക്കാശ്രയിക്കാനായി (ഇരുന്നരുളാനായി) അന്തരിക്ഷത്തെ അടിച്ചുവാരുന്നു. രുദ്രനെന്നപോലെ വൃദ്ധികരനായ അഗ്നേ, അവിടുത്തെ വൈദ്യുതരൂപത്തിലുള്ള ജനനം വ്യാപനശീലവും ഭംഗിയുള്ളതുമാകുന്നു. എങ്ങും വ്യാപിച്ച ദേവന്റെ (വിഷ്ണുവിന്റെ) പരമനിഗൂഢവും അഗമ്മ്യവുമായ കാലടി എവിടെ വെയ്ക്കപ്പെട്ടുവോ, ആ അന്തരിക്ഷത്തിൽ ആ കാലടിയാൽ ജലങ്ങളുടെ ഗൂഢനാമങ്ങളെ (അതായതു് ജലങ്ങളെ) അവിടുന്നു് രക്ഷിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

